*Courtesy: Quranmalayalam.com*

# ഇമാം ബുഖാരി, ഇമാം മുസ്‌ലിം, ഇമാം അബൂദാവൂദ്, തിർമിദി, ഇബ്നുമാജ, നസാഈ മുതലായ ഹദീസ് പണ്ഡിതർ റിപ്പോർട്ട് ചെയ്ത മൂവായിരത്തോളം സ്വഹീഹായ ഹദീസുകൾ

## വിഷയവിവരങ്ങൾ


1. ദിവ്യസന്ദേശത്തിന്റെ ആരംഭം
2. സത്യവിശ്വാസം
3. വിജ്ഞാനം
4. ശുദ്ധി
5. വുളൂഅ്
6. കുളി
7. ആർത്തവം
8. തയമ്മും
9. ഇമാം
10. നമസ്ക്കാരം
11. ഖുനൂത്ത്
12. നമസ്ക്കാരസമയങ്ങൾ
13. പള്ളി
14. ബാങ്കും ഇഖാമത്തും
15. നബി(സ)യുടെ പേരിൽ സ്വലാത്ത് ചൊല്ലൽ
16. ദിക്റിന്റെ മാഹാത്മ്യം
17. ജുമുഅ
18. ഭയം
19. രണ്ടു പെരുന്നാൾ
20. വിത്ർ
21. മഴക്കു വേണ്ടിയുള്ള നമസ്കാരം
22. ഗ്രഹണനമസ്കാരം
23. ഖുർആൻ പാരായണത്തിനുള്ള
52. അടിമത്ത മോചനം
53. പാരിതോഷികം – അതിന്റെ ശ്രേഷ്ഠത, അതിനുള്ള പ്രേരണ
54. സാക്ഷികൾ
55. യോജിപ്പ് (സന്ധി)
56. നിബന്ധനകൾ
57. വസ്വിയ്യത്ത്
58. ധർമ്മയുദ്ധം
59. അഞ്ചിൽ ഒന്ന് നിർബന്ധം
60. സൃഷ്ടിയുടെ ആരംഭം
61. നബിമാരുടെ വർത്തമാനങ്ങൾ
62. സവിശേഷതകൾ .
63. സഹാബിമാരുടെ മഹത്വം
64. നബി(സ)യുടെ രോഗവും മരണവും
65. ഖുർആൻ വ്യാഖ്യാനം
66. ഖുർആനിന്റെ ശ്രേഷ്ഠത
67. വിവാഹം
68. വിവാഹമോചനം
69. ചിലവ് ചെയ്യൽ
70. ആഹാരങ്ങൾ
71. മുടികളയൽ
72. അറുക്കലും വേട്ടയാടലും
73. ഉള്ഹിയ്യത്ത്

മാഹാത്മ്യം

24. ഖുർആന്റെ സുജൂദുകൾ
25. ചുരുക്കി നമസ്കരിക്കൽ
26. തഹജ്ജുദ്
27. മക്കയിലേയും മദീനയിലേയും പള്ളികളിൽ നമസ്കരിക്കുന്നതിന്റെ ശ്രേഷ്ഠത
28. നമസ്കാരത്തിൽ ചെയ്യാവുന്ന സൽപ്രവൃത്തികൾ
29. മറവി
30. മയ്യിത്തു സംസ്കരണം
31. സക്കാത്ത്
32. ഹജ്ജ്
33. ഉംറ
34. ഹജ്ജിനോ ഉംറക്കോ പോകുന്നവരെ തടയൽ
35. മദീനയുടെ മഹത്വം
36. നോമ്പ്
37. തറാവീഹ് നമസ്കാരം
38. ലൈലത്തുൽ ഖദ്റിന്റെ മഹത്വം
39. ഇഅ്ത്തികാഫ്
40. കച്ചവടം
41. കൂലിക്ക് കൊടുക്കൽ
42. ഉത്തരവാദിത്തം ഏറ്റെടുക്കൽ
43. കാര്യനിർവ്വഹണത്തിന് മറ്റൊരാളെ ഏൽപ്പിക്കൽ
44. കൃഷി ചെയ്യലും കൃഷിസ്ഥലം പാട്ടത്തിന് മറ്റുള്ളവരെ ഏൽപ്പിച്ചു കൊടുക്കലും
45. ജലദാനം
46. കടത്തിന്റെ ഇടപാടുകൾ, അവകാശം തടയൽ, പാപ്പരാകൽ

74. പാനീയങ്ങൾ
75. രോഗികൾ
76. ചികിത്സ
77. വസ്ത്രധാരണം
78. മര്യാദകൾ
79. സമ്മതം ചോദിക്കൽ
80. പ്രാർത്ഥനകൾ
81. ലളിതമായ ആശയങ്ങൾ
82. വിധി
83. പ്രതിജ്ഞകളും നേർച്ചകളും
84. പ്രതിജ്ഞക്കുള്ള പ്രായശ്ചിത്തങ്ങൾ
85. അനന്തരാവകാശം
86. ശിക്ഷാവിധികൾ
87. നഷ്ടപരിഹാരം
88. സ്വപ്നവ്യാഖ്യാനം
89. കുഴപ്പങ്ങൾ
90. ഖുർആനും സുന്നത്തും മുറുകെ പിടിക്കൽ
91. തൗഹീദ് (ഏകദൈവവിശ്വാസം)
92. ഭരണം
93. പശ്ചാത്താപം
94. സ്വഭാവഗുണങ്ങൾ
95. വിവിധ സൽക്കർമ്മങ്ങൾ
96. സ്ത്രീകൾക്ക് ഭർത്താവിനോടുള്ള കടമ
97. സ്ത്രീകളെക്കുറിച്ചുള്ള വസ്വിയ്യത്ത്
98. മാതാപിതാക്കളോടുള്ള കർത്തവ്യവും ചാർച്ചയെ ചേർക്കലും
99. അനാഡംബരജീവിതത്തിന്റെ മേന്മ

| | |
|---|---|
| 47. വഴക്കുകൾ | 100. വിശപ്പിന്റെ വിശേഷത |
| 48. വീണുകിട്ടിയ വസ്തു | 101. സലാം പറയൽ |
| 49. അക്രമവും അപഹരണവും | 102. നിഷിദ്ധങ്ങൾ |
| 50. പങ്കുചേരൽ | 103. വിവിധ വിഷയങ്ങൾ |
| 51. പണയം വെക്കൽ | |


**Reference books :**


1. Saheehul Bukhari translation by A. Abdussalam Sullami
2. Riyalu swaliheen translation (Imam Navavi) by A.K. Usman Moulavi
3. Al-Hadeeths translation by K. Muhammadali.


All Bukari hadeeths are from saheehul bukhari tranaslation and remaining hadeeths (Muslim, Thirmidi, Abu Dawood, Nasaee, Ibn Maja etc.) are from the other two books.

## – ഭാഗം 1 (ഹദീസ് നമ്പർ 1 മുതൽ 959 വരെ)

## 1. ദിവ്യസന്ദേശത്തിന്റെ ആരംഭം

1. അൽഖമ(റ) നിവേദനം ചെയ്യുന്നു: ഉമർബ്നുൽ ഖത്താബ്(റ) മിമ്പറിൻമേൽ വെച്ച് പ്രസംഗിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. അദ്ദേഹം പറഞ്ഞു: തിരുമേനി(സ) ഇപ്രകാരം അരുളുന്നത് ഞാൻ കേട്ടിട്ടുണ്ട്. പ്രവർത്തനങ്ങൾക്ക് പ്രതിഫലം നൽകുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക. ഒരാൾ പാലായനം ചെയ്യുന്നത് താൻ നേടാനുദ്ദേശിക്കുന്ന ഐഹികക്ഷേമത്തെയോ വിവാഹം ചെയ്യാനുദ്ദേശിക്കുന്ന സ്ത്രീയേയോ ലക്ഷ്യമാക്കിയാണെങ്കിൽ അവനു ലഭിക്കുന്ന നേട്ടവും അതു മാത്രമായിരിക്കും. (ബുഖാരി. 1. 1. 1)
2. ആയിശ:(റ) നിവേദനം: ഹിശാമിന്റെ മകൻ ഹാരീസ് ഒരിക്കൽ നബി തിരുമേനി(സ) യോട് ചോദിക്കുകയുണ്ടായി. അല്ലാഹുവിന്റെ പ്രവാചകരേ! താങ്കൾക്ക് ദൈവീകസന്ദേശം വന്നുകിട്ടുന്നതെങ്ങനെയാണ്? തിരുമേനി(സ) അരുളി: മണിനാദം മുഴങ്ങുന്നതുപോലെ ചിലപ്പോൾഎനിക്ക് ദിവ്യസന്ദേശം ലഭിക്കും. ഇതാണ് എനിക്ക് താങ്ങാൻ ഏററവും പ്രയാസമായിട്ടുള്ളത്. പിന്നീട് അത് നിലക്കുമ്പോഴേക്കും ആ സന്ദേശവാഹകൻ പറഞ്ഞത് ഞാൻ ശരിക്കും ഹൃദിസ്ഥമാക്കിക്കഴിഞ്ഞിട്ടുണ്ടാവും. മററുചിലപ്പോൾ പുരുഷരൂപത്തിൽ മലക്ക് എന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ട് സംസാരിക്കും. മലക്ക് പറഞ്ഞതെല്ലാം ഞാൻ ഹൃദിസ്ഥമാക്കുകയും ചെയ്യുന്നു. ആയിശ(റ) പറയുന്നു: കഠിനശൈത്യമുള്ള ദിവസം തിരുമേനിക്ക് ദിവ്യസന്ദേശം

കിട്ടുന്നത് ഞാൻ കണ്ടിട്ടുണ്ട്. അതിൽ നിന്ന് വിരമിച്ച് കഴിയുമ്പോൾ അവിടുത്തെ നെററിത്തടം വിയർത്തൊലിക്കുന്നുണ്ടാവും. (ബുഖാരി. 1. 1. 2)

3. നബി(സ)ക്ക് ദിവ്യസന്ദേശം നിലച്ചുപോയ നാളുകളുടെ സമാപ്തിയെക്കുറിച്ച് ജാബിർ സംസാരിക്കുകയായിരുന്നു. തിരുമേനി പറഞ്ഞു: ഞാൻ നടന്നുപോകുമ്പോൾ ഉപരിഭാഗത്തു നിന്ന് ഒരു ശബ്ദം കേട്ടു. മേൽപ്പോട്ട് നോക്കിയപ്പോൾ ഹിറാഗുഹയിൽ വെച്ച് എന്റെ അടുക്കൽ വന്ന മലക്ക് ആകാശത്തിനും ഭൂമിക്കുമിടയിൽ ഒരു കസേരയിൽ അതാ ഇരിക്കുന്നു. എനിക്ക് ഭയം തോന്നി. വീട്ടിലേക്ക് മടങ്ങി. 'എനിക്ക് പുതച്ചുതരിക' എന്ന് അഭ്യർത്ഥിച്ചു. അപ്പോൾ 'ഓ! പുതച്ചു മൂടിയവനേ! എഴുന്നേൽക്കുക! (ജനങ്ങളെ) താക്കീത് നൽകുക' എന്നതു മുതൽ മ്ലേച്ഛങ്ങളെ വർജ്ജിക്കുക' എന്ന് വരെയുള്ള സൂക്തങ്ങൾ അല്ലാഹു അവതരിപ്പിച്ചു. പിന്നീട് ദിവ്യസന്ദേശാവതരണം ചൂടുപിടിച്ചു. തുടർച്ചയായും ധാരാളമായും അവ വന്നുകൊണ്ടിരുന്നു. (ബുഖാരി. 1. 1. 3)

4. ഇബ്നുഅബ്ബാസ്(റ) നിവേദനം: തിരുമേനി(സ) മനുഷ്യരിൽ ഏററവും ധർമ്മിഷ്ഠനായിരുന്നു. ജിബ്രീൽ തിരുമേനി(സ)യെ സന്ദർശിക്കാറുള്ള റമളാൻ മാസത്തിലാണ് അവിടുന്ന് ഏററവുമധികം ഉദാരനാവുക. ജിബ്രീൽ റമളാനിലെ എല്ലാ രാത്രിയും തിരുമേനിയെ വന്നു കണ്ട് ഖുർആൻ പഠിപ്പിക്കാറുണ്ട്. അന്നാളുകളിൽ അല്ലാഹുവിന്റെ ദൂതൻ ഇടതടവില്ലാതെ അടിച്ചു വീശുന്ന കാററിനേക്കാൾ ദാനശീലനായിരിക്കും. (ബുഖാരി. 1. 1. 5)

## 2. സത്യവിശ്വാസം

5. ഇബ്നുഉമർ(റ) നിവേദനം: തിരുമേനി(സ) അരുളി: ഇസ്ലാം (ആകുന്ന സൗധം) അഞ്ച് തൂണുകളിന്മേൽ നിർമ്മിതമാണ്. (അവ) അല്ലാഹു അല്ലാതെ മറെറാരു ആരാധ്യനില്ലെന്നും നിശ്ചയം മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യം വഹിക്കുക, നമസ്കാരം ക്രമപ്രകാരം അനുഷ്ഠിക്കുക, സകാത്ത് കൊടുക്കുക, ഹജ്ജ് ചെയ്യുക, റമദാൻ മാസത്തിൽ വ്രതമനുഷ്ഠിക്കുക എന്നിവയാണ് അവ. (ബുഖാരി. 1. 2. 7)

6. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: സത്യവിശ്വാസത്തിന് അറുപതിൽപ്പരം ശാഖകളുണ്ട്. ലജ്ജ സത്യവിശ്വാസത്തിന്റെ ഒരു ശാഖയാണ്. (ബുഖാരി. 1. 2. 8)

7. അബ്ദുല്ലാഹിബ്നു അംറ്(റ) നിവേദനം: തിരുമേനി(സ) അരുളി: ആരുടെ നാവിൽ നിന്നും മുസ്ലിംകൾ സുരക്ഷിതരായിരിക്കുന്നുണ്ടോ, അവനാണ് യഥാർത്ഥ മുസ്ലിം. അല്ലാഹു വിരോധിച്ചത് ആര് വെടിയുന്നുണ്ടോ അവനാണ് യഥാർത്ഥ മുഹാജിർ (സ്വദേശത്യാഗം ചെയ്തവൻ). (ബുഖാരി. 1. 2. 9)

8. അബൂമൂസാ(റ) നിവേദനം: അനുചരന്മാർ ഒരിക്കൽ നബി(സ) യോട് ചോദിച്ചു. ദൈവദൂതരേ! ഇസ്ലാമിലെ ഏത് കർമ്മമാണ് കൂടുതൽ ഉൽകൃഷ്ടം? തിരുമേനി(സ) അരുളി: ആരുടെ നാവിൽ നിന്നും കയ്യിൽ നിന്നും മുസ്ലിംകൾ സുരക്ഷിതരാകുന്നുവോ അവനാണ് (അവന്റെ നടപടിയാണ്) ഏററവും ഉൽകൃഷ്ടൻ. (ബുഖാരി. 1. 2. 10)

9. അബ്ദുല്ലാഹിബ്നു അംറ്(റ) നിവേദനം: ഇസ്ലാമിന്റെ നടപടികളിൽ ഏതാണ് ഉത്തമമെന്ന്ഒരാൾ ചോദിച്ചു. തിരുമേനി(സ) അരുളി: അന്നദാനം ചെയ്യലും പരിചയമുള്ളവർക്കും പരിചയമില്ലാത്തവർക്കും സലാം പറയലും. (ബുഖാരി. 1. 2. 11)

10. അനസ്(റ) നിവേദനം: തിരുമേനി(സ) അരുളി: തനിക്കിഷ്ടപ്പെടുന്നത് തന്റെ സഹോദരനുവേണ്ടിയും ഇഷ്ടപ്പെടുന്നതുവരെ നിങ്ങളിലൊരാളും സത്യവിശ്വാസിയാവുകയില്ല. (ബുഖാരി. 1. 2. 12)

11. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവനാണ് സത്യം. സ്വന്തം പിതാവിനോടും സന്താനങ്ങളോടും ഉള്ളതിനേക്കാൾ പ്രിയം എന്നോടായിരിക്കുന്നതുവരെ നിങ്ങളിലാരും സത്യവിശ്വാസി ആവുകയില്ല. (ബുഖാരി. 1. 2. 13)

12. അനസ്(റ) നിവേദനം: തിരുമേനി(സ) അരുളി: സ്വന്തം പിതാവിനേക്കാളും സന്താനങ്ങളേക്കാളും സർവ്വജനങ്ങളേക്കാളും പ്രിയപ്പെട്ടവൻ ഞാനാകുന്നത് വരെ നിങ്ങളിലാരും സത്യവിശ്വാസി ആവുകയില്ല. (ബുഖാരി. 1. 2. 14)

13. അനസ്(റ) നിവേദനം: തിരുമേനി(സ) അരുളി: ഒരാളിൽ മൂന്ന് ഗുണവിശേഷങ്ങൾ ഉണ്ടെങ്കിൽ അയാൾ സത്യവിശ്വാസത്തിന്റെ മാധുര്യം ആസ്വദിച്ചിരിക്കുന്നു. 1. മററാരോടുമുള്ളതിനേക്കാൾ പ്രിയം അല്ലാഹുവിനോടും അവന്റെ ദൂതനോടും ഉണ്ടായിരിക്കുക, 2. മനുഷ്യനെ അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ചു കൊണ്ട് മാത്രം സ്നേഹിക്കുക, 3. ദൈവനിഷേധത്തിലേക്ക് മടങ്ങുന്നതിനെ നരകത്തിലേക്ക് തള്ളപ്പെടുന്നതിനെയെന്ന പോലെ വെറുക്കുക. (ബുഖാരി. 1. 2. 15)

14. അനസ്(റ) നിവേദനം: തിരുമേനി(സ) അരുളി: അൻസാരികളോടുള്ള സ്നേഹം സത്യവിശ്വാസത്തിന്റെ ലക്ഷണമാണ്. അൻസാരികളോടുള്ള കോപം കാപട്യത്തിന്റെയും. (ബുഖാരി. 1. 2. 16)

15. അബൂസഇദിൽ ഖുദ്‌രി(റ) നിവേദനം: തിരുമേനി(സ) അരുളി: സ്വർഗ്ഗവാസികൾ സ്വർഗ്ഗത്തിലും നരകവാസികൾ നരകത്തിലും പ്രവേശിക്കും. പിന്നീട് അല്ലാഹു കൽപ്പിക്കും: കടുകുമണിയോളമെങ്കിലും വിശ്വാസം ഹൃദയത്തിലുള്ളവരെ നരകത്തിൽ നിന്നു കരകയററുവീൻ. അങ്ങനെ അവർ നരകത്തിൽ നിന്ന് മുക്തരാകും. അവർ കറുത്തിരുണ്ടു പോയിട്ടുണ്ടാകും. അനന്തരം അവരെ ജീവിതനദിയിൽ ഇടും. അപ്പോൾ മലവെള്ളച്ചാലുകളുടെ ഓരങ്ങളിൽ കിടക്കുന്ന വിത്ത് മുളക്കുന്നതുപോലെ അവരുടെ ശരീരം കൊഴുത്തുവളരും. മഞ്ഞനിറത്തിൽ ഒട്ടിച്ചേർന്ന ദളങ്ങളോടുകൂടി അവ മുളച്ചു വരുന്നത് നീ കണ്ടിട്ടില്ലേ? (ബുഖാരി. 1. 2. 21)

16. അബൂസഈദിൽ ഖുദ്‌രി(റ) നിവേദനം: തിരുമേനി(സ) അരുളി: ഞാനൊരിക്കൽ നിദ്രയിലായിരിക്കുമ്പോൾ കുപ്പായം ധരിപ്പിച്ച് ചില മനുഷ്യരെ എന്റെ മുമ്പിൽ പ്രദർശിപ്പിച്ചതു ഞാൻ കണ്ടു. ചിലരുടെ കുപ്പായം മുലവരെ എത്തിയിട്ടുണ്ട്. ചിലരുടേത് അത്രയും ഇറക്കമില്ല. അക്കൂട്ടത്തിൽ ഉമറുബ്നു ഖത്താബും എന്റെ മുമ്പിൽ പ്രദർശിപ്പിക്കപ്പെട്ടു. അദ്ദേഹം ധരിച്ച കുപ്പായം നിലത്ത് ഇഴഞ്ഞു കിടന്നിരുന്നു. (ഇത് കേട്ട്) അവർ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരെ! ഈ സ്വപ്നത്തിന് അവിടുന്നു നൽകുന്ന വ്യാഖ്യാനമെന്ത്? തിരുമേനി(സ) അരുളി: അത് മതനിഷ്ഠയാണ്. (ബുഖാരി. 1. 2. 22)

17. ഇബ്നുഉമർ(റ) നിവേദനം: തിരുമേനി(സ) അൻസാരികളിൽ പെട്ട ഒരാളുടെ അരികിലൂടെ നടന്നുപോയി. അദ്ദേഹം തന്റെ സഹോദരന്റെ ലജ്ജയെക്കുറിച്ച് ഗുണദോഷിക്കുകയായിരുന്നു. അപ്പോൾ തിരുമേനി(സ) അരുളി: അവനെ വിട്ടേക്കുക. ലജ്ജ സത്യവിശ്വാസത്തിന്റെ ഒരു ശാഖയാണ്. (ബുഖാരി. 1. 2. 23)

18. ഇബ്നുഉമർ(റ) നിവേദനം: തിരുമേനി(സ) അരുളി: (മുസ്ലിംകളോട് യുദ്ധം പ്രഖ്യാപിച്ചിരിക്കുന്ന) ആ ജനങ്ങൾ അല്ലാഹുവല്ലാതെ മറെറാരു ആരാധ്യനില്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യം വഹിച്ച് നമസ്കാരം മുറപ്രകാരം അനുഷ്ഠിക്കുകയും സക്കാത്തു നൽകുകയും ചെയ്യുന്നതുവരെ അവരോട് യുദ്ധം ചെയ്യുവാൻ എന്നോട് കൽപ്പിച്ചിരിക്കുന്നു. അതവർ നിർവ്വഹിച്ചു കഴിഞ്ഞാൽ തങ്ങളുടെ രക്തത്തേയും ധനത്തേയും എന്റെ പിടുത്തത്തിൽ നിന്ന് അവർ രക്ഷിച്ചു കഴിഞ്ഞു. പക്ഷെ, ഇസ്ലാം ചുമത്തിയ ബാധ്യതകൾക്ക് വേണ്ടി അവരുടെ മേൽ

കൈവെക്കാം. അവരെ വിചാരണ ചെയ്യുന്നത് അല്ലാഹുവായിരിക്കും. (ബുഖാരി. 1. 2. 24)

19. അബൂഹുറൈറ(റ) നിവേദനം: ഏത് കർമ്മമാണ് കൂടുതൽ ശ്രേഷ്ഠമായതെന്ന് തിരുമേനി(സ) യോട് ഒരാൾ ചോദിച്ചു. അപ്പോൾ തിരുമേനി(സ) പറഞ്ഞു: അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കൽ. അയാൾ വീണ്ടും ചോദിച്ചു. പിന്നെ ഏതാണ്. തിരുമേനി(സ) പറഞ്ഞു: അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നടത്തുന്ന ത്യാഗം. പിന്നെ ഏതാണെന്ന് വീണ്ടും ചോദിക്കപ്പെട്ടു. നബി(സ) ഉത്തരം നൽകി. സ്വീകാര്യയോഗ്യമായ നിലക്ക് നിർവ്വഹിച്ച ഹജ്ജ്. (ബുഖാരി. 1. 2. 25)

20. സഅദ്ബ്നു അബീവഖാസ്(റ) നിവേദനം: തിരുമേനി(സ) ഒരിക്കൽ ഒരു സംഘത്തിന് എന്തോ ധർമ്മം കൊടുക്കുമ്പോൾ ഞാനവിടെ ഇരിക്കുകയായിരുന്നു. ആ കൂട്ടത്തിൽ എനിക്കേററവും ഇഷ്ടപ്പെട്ട ഒരാളെ നബി(സ) ഉപേക്ഷിച്ചു. അപ്പോൾ ഞാൻ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ! എന്തുകൊണ്ടാണ് അവിടുന്ന് ഇയാളെ ഒഴിവാക്കിക്കളഞ്ഞത്. തീർച്ചയായും ഇയാളെ ഒരു മുഅ്മിനായിട്ടാണ് ഞാൻ കാണുന്നത്. അപ്പോൾ നബി(സ) പറഞ്ഞു: അല്ലെങ്കിൽ മുസ്ലിം (എന്നു കൂടി പറയുക) അനന്തരം കുറച്ച് സമയം ഞാൻ മൗനം ദീക്ഷിച്ചു. എന്നാൽ അയാളെ സംബന്ധിച്ചുള്ള അറിവിന്റെ പ്രേരണയാൽ ആ വാക്കു തന്നെ ഞാൻ വീണ്ടും പറഞ്ഞു: അല്ലാഹുവിന്റെ ദൂതരെ! എന്തുകൊണ്ടാണ് അവിടുന്ന് ഇയാളെ ഒഴിവാക്കിക്കളഞ്ഞത്. തീർച്ചയായും ഇയാൾ ഒരു മുഅ്മിനായിട്ടാണ് ഞാൻ കാണുന്നത്. അപ്പോൾ തിരുമേനി(സ) അരുളി: അല്ലെങ്കിൽ മുസ്ലിം. അപ്പോഴും ഞാൻ അൽപസമയം മൗനം പാലിച്ചു. വീണ്ടും അദ്ദേഹത്തെ സംബന്ധിച്ചുള്ള അറിവ് പ്രേരിപ്പിച്ചതനുസരിച്ച് ഞാൻ അതാവർത്തിച്ചു. നബി(സ)യും തന്റെ മുൻ മറുപടി ആവർത്തിച്ചു. പിന്നെ നബി(സ) പറഞ്ഞു: സഅദ്! ചിലപ്പോൾ എനിക്ക് ഏററവും ഇഷ്ടപ്പെട്ട ചിലരെ ഒഴിച്ചു നിർത്തി മററു ചിലർക്ക് ഞാൻ കൊടുക്കും. അവർക്ക് കൊടുക്കാതിരിക്കുന്നത് അല്ലാഹു അവരെ നരകത്തിൽ വീഴ്ത്താൻ ഇടയാകുമെന്ന് ഭയന്നിട്ടാണ് അങ്ങനെ ചെയ്യുന്നത്. (ബുഖാരി. 1. 2. 26)

21. അബ്ദുല്ലാഹിബ്നുൽ അംറ്(റ) നിവേദനം: ഒരു മനുഷ്യൻ തിരുമേനി(സ) യോട് ചോദിച്ചു. ശ്രേഷ്ഠമായ ഇസ്ലാമിക കർമ്മമേതാണ്? നബി(സ) അരുളി: ഭക്ഷണം നൽകലും പരിചിതർക്കും അപരിചിതർക്കും സലാം പറയലും. (ബുഖാരി. 1. 2. 27)

22. ഇബ്നുഅബ്ബാസ്(റ) നിവേദനം: തിരുമേനി(സ) അരുളി: എനിക്ക് ഒരിക്കൽ നരകം കാണിക്കപ്പെട്ടു. അപ്പോൾ അതിൽ അധികവും സ്ത്രീകളാണ്. കാരണം അവർ നിഷേധിക്കുന്നു. അനുചരന്മാർ ചോദിച്ചു. അവർ അല്ലാഹുവിനെ നിഷേധിക്കുകയാണോ? നബി(സ) പറഞ്ഞു: അല്ല അവർ ഭർത്താക്കന്മാരെ (അവരുടെ അനുഗ്രഹങ്ങളെ) നിഷേധിക്കുന്നു. ആ ഔദാര്യങ്ങളോട് നന്ദി കാണിക്കുകയില്ല. ജീവിതകാലം മുഴുവനും നീ ഒരു സ്ത്രീക്ക് പല നന്മകളും ചെയ്തുകൊടുത്തു. എന്നിട്ട് അവളുടെ ഹിതത്തിന് യോജിക്കാത്ത വല്ലതും നീ പ്രവർത്തിച്ചതായി അവൾ കണ്ടാൽ അവൾ പറയും: നിങ്ങൾ എനിക്ക് ഒരു നന്മയും ഇന്നുവരെയും ചെയ്തുതന്നിട്ടില്ല എന്ന്. (ബുഖാരി. 1. 2. 28)

23. മിഅ്റൂർ(റ) നിവേദനം: അദ്ദേഹം പറയുന്നു; ഞാനൊരിക്കൽ 'റബ്ദ' എന്ന സ്ഥലത്തുവെച്ച് അബൂദർറിനെ കാണുകയുണ്ടായി. അദ്ദേഹം ഒരു പുതുവസ്ത്രം ധരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ അടിമയും അതേതരം പുതുവസ്ത്രം ധരിച്ചിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് ഞാനദ്ദേഹത്തോട് ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു. ഞാൻ ഒരാളെ ശകാരിച്ചു. അവന്റെ ഉമ്മയെ ചൂണ്ടിക്കാട്ടിക്കൊണ്ട് ഞാൻ അയാളെ വഷളാക്കി. അന്നേരം നബി(സ) എന്നോട് പറഞ്ഞു. ഓ! അബൂദർറ്. നീ അയാളുടെ ഉമ്മയെ ചൂണ്ടിക്കാട്ടിക്കൊണ്ട് പരിഹസിച്ച് കളഞ്ഞല്ലോ. അജ്ഞാനകാലത്തെ ചില ദുർഗുണങ്ങൾ നിന്നിൽ അവശഷിച്ചിട്ടുണ്ട്. നിങ്ങളുടെ ഭൃത്യന്മാർ നിങ്ങളുടെ

സഹോദരന്മാരാണ്. അല്ലാഹു അവരെ നിങ്ങളുടെ നിയന്ത്രണത്തിലാക്കിയിരിക്കുന്നു എന്നേയുള്ളൂ. അതുകൊണ്ട് വല്ലവന്റെയും സഹോദരൻ അവന്റെ നിയന്ത്രണത്തിൻ കീഴിൽ ജീവിക്കുന്നുവെങ്കിൽ താൻ ഭക്ഷിക്കുന്നതിൽ നിന്നു തന്നെ അവനു ഭക്ഷിക്കാൻ കൊടുക്കുക, താൻ ധരിക്കുന്ന അതേ വസ്ത്രം അവനും ധരിക്കാൻ കൊടുക്കുക., അവർക്ക് അസാദ്ധ്യമായ ജോലികളൊന്നും അവനെ ഏല്പിക്കരുത്. വിഷമമേറിയ എന്തെങ്കിലും ജോലികൾ അവനെ ഏല്പിക്കേണ്ടി വന്നാൽ നിങ്ങൾ അവനെ സഹായിക്കണം. (ബുഖാരി. 1. 2. 29)

24. അഹ്നഫ്(റ) നിവേദനം: അദ്ദേഹം പറയുന്നു: (ജമൽ യുദ്ധം നടക്കുമ്പോൾ) ഞാൻ ഈ മനുഷ്യനെ (അലിയ്യിനെ) സഹായിക്കാൻ വേണ്ടി പുറപ്പെട്ടു. അപ്പോൾ അബൂബക്കറത്ത് എന്നെ അഭിമുഖീകരിച്ചു. അദ്ദേഹം ചോദിച്ചു. നീ എവിടെ പോകുന്നു? ഞാൻ പറഞ്ഞു. ഈ മനുഷ്യനെ (അലിയെ) സഹായിക്കാൻ പോവുകയാണ്. ഉടനെ അദ്ദേഹം പറഞ്ഞു. (പാടില്ല) നീ മടങ്ങുക. രണ്ടു മുസ്ലീംകൾ വാളെടുത്തു പരസ്പരം യുദ്ധം ചെയ്താൽ വധിച്ചവനും വധിക്കപ്പെട്ടവനും നരകത്തിലായിരിക്കും എന്ന് നബി(സ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. അന്നേരം ഞാൻ ചോദിച്ചു. ദൈവദൂതരെ! ഘാതകന്റെ കാര്യം ശരി തന്നെ. കൊല്ലപ്പെട്ടവൻ എന്തു കുററം ചെയ്തു? തിരുമേനി(സ) അരുളി: തന്റെ സഹോദരനെ കൊല്ലാൻ അവൻ കിണഞ്ഞു പരിശ്രമിക്കയായിരുന്നുവല്ലോ? അത്യാഗ്രഹത്തോടുകൂടി. (ബുഖാരി. 1. 2. 30)

25. അബ്ദുല്ലാഹിബ്നുമസ്ഊദ്(റ) നിവേദനം: 'വിശ്വസിക്കുകയും എന്നിട്ടു തങ്ങളുടെ വിശ്വാസത്തോട് അക്രമം കൂട്ടിച്ചേർക്കാതിരിക്കുകയും ചെയ്തവർക്ക് സമാധാനമുണ്ട്. അവർ തന്നെയാണ് സന്മാർഗ്ഗം പ്രാപിച്ചവർ' എന്ന ആയത്ത് അവതരിച്ചപ്പോൾ തിരുമേനി(സ)യുടെ അനുചരന്മാർ ചോദിച്ചു (നബിയേ) ഞങ്ങളിൽ സ്വശരീരത്തോടു അക്രമം പ്രവർത്തിക്കാത്തവരാണ്? അപ്പോഴാണ് അല്ലാഹുവിന് പങ്കുകാരെ വെച്ച് പൂലർത്തലാണ് വലിയ അക്രമം എന്ന ആയത്തുഅല്ലാഹു അവതരിപ്പിച്ചത്. (ബുഖാരി. 1. 2. 31)

26. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: കപടവിശ്വാസിയുടെ അടയാളം മൂന്നെണ്ണമാണ്. 1. സംസാരിച്ചാൽ കള്ളം പറയുക, 2. വാഗ്ദാനം ചെയ്താൽ ലംഘിക്കുക, 3. വിശ്വസിച്ചാൽ ചതിക്കുക. (ബുഖാരി. 1. 2. 32)

27. അബ്ദുല്ലാഹിബ്നുഅംറ്(റ) നിവേദനം: നിശ്ചയം തിരുമേനി(സ) അരുളി: നാല് ലക്ഷണങ്ങൾ ഒരാളിൽ സമ്മേളിച്ചാൽ അവൻ കറയററ കപടവിശ്വാസിയാണ്. അവയിൽ ഏതെങ്കിലുംഒരു ലക്ഷണം ഒരാളിലുണ്ടെങ്കിൽ അത് വർജ്ജിക്കും വരേക്കും അവനിൽ കപടവിശ്വാസത്തിന്റെ ഒരു ലക്ഷണമുണ്ടെന്നും വരും. 1. വിശ്വസിച്ചാൽ ചതിക്കുക, 2. സംസാരിച്ചാൽ കളവ് പറയുക, 3. കരാർ ചെയ്താൽ വഞ്ചിക്കുക, 4. പിണങ്ങിയാൽ അസഭ്യം പറയുക. (ബുഖാരി. 1. 2. 33)

28. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: ആരെങ്കിലും ശരിയായ വിശ്വാസത്തോടും പ്രതിഫലേച്ഛയോടും കൂടി ലൈലത്തുൽ ഖദ്റിൽ നമസ്കരിക്കുകയാണെങ്കിൽ അവൻ ചെയ്ത പാപങ്ങളിൽ നിന്ന് പൊറുക്കപ്പെടുന്നതാണ്. (ബുഖാരി. 1. 2. 34)

29. അബൂഹുറൈറ(റ) നിവേദനം ചെയ്യുന്നു: തിരുമേനി(സ) അരുളി: ഒരാൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരത്തിന്നിറങ്ങുന്നു. എന്നിലുള്ള വിശ്വാസവും എന്റെ ദൂതന്മാരിലുള്ള വിശ്വാസവും മാത്രമാണ് അയാളെ അതിന് പ്രേരിപ്പിച്ചിരിക്കുന്നത്. ഇങ്ങനെയുള്ള ഒരാളെ എന്റെ അടുക്കൽ നിന്നുള്ള പ്രതിഫലമോ ശത്രുപക്ഷത്തു നിന്ന് പിടിച്ചെടുത്ത ധനമോ രണ്ടിലൊന്ന് നേടിക്കൊടുത്തിട്ടല്ലാതെ തിരിച്ചയക്കുകയില്ലെന്ന കാര്യം അല്ലാഹു ഉത്തരവാദിത്തമായി ഏറെറടുത്തിരിക്കുന്നു. മാത്രമല്ല, അവനെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുമെന്നും എന്റെ സമുദായത്തിന്

ക്ലേശമാകുമെന്നു ഞാൻ വിചാരിച്ചിരുന്നില്ലെങ്കിൽ യുദ്ധത്തിനയക്കുന്ന ഒരു സൈന്യത്തിൽ നിന്നും ഞാൻ പിന്തി നിൽക്കുമായിരുന്നില്ല. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഞാൻ വധിക്കപ്പെടുകയുംപിന്നീട് ജീവിപ്പിക്കപ്പെടുകയും വീണ്ടും വധിക്കപ്പെടുകയും ജീവിക്കപ്പെടുകയും വീണ്ടും വധിക്കപ്പെടുകയും ചെയ്തിരിക്കുന്നുവെങ്കിൽ എന്നാണ് ഞാൻ ആശിച്ചു പോകുന്നത്. (ബുഖാരി. 1. 2. 35)

30. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: വിശ്വാസത്തോടും പ്രതിഫലേച്ഛയോടും കൂടി വല്ലവനും റമളാൻ രാത്രിയിലെ ഐച്ഛിക നമസ്കാരം (തറാവീഹ്) നിർവ്വഹിച്ചാൽ അവൻ മുമ്പ് ചെയ്ത തെററുകളിൽ നിന്നും അവന് പൊറുത്തു കൊടുക്കും. (ബുഖാരി. 1. 2. 36)

31. അബൂഹുറൈറ(റ) നിവേദനം: തിരുമേനി അരുളി: വിശ്വാസത്തോടും പ്രതിഫലം ആശിച്ചുകൊണ്ടും ആരെങ്കിലും റമളാൻ വ്രതം അനുഷ്ഠിച്ചാൽ അവന്റെ മുൻകഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്. (ബുഖാരി. 1. 2. 37)

32. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: നിശ്ചയം മതം ലളിതമാണ്. മതത്തിൽ അമിതത്വം പാലിക്കാൻ ആര് മുതിർന്നാലും അവസാനം അവൻ പരാജയപ്പെടാതിരിക്കുകയില്ല. അതുകൊണ്ട് നേരെയുള്ള വഴിയും മധ്യമാർഗ്ഗവും കൈക്കൊള്ളുക. അങ്ങനെ അപ്പോഴും നിങ്ങൾ സന്തോഷിക്കുകയും പ്രഭാതത്തിലും സായാഹ്നത്തിലും രാവിന്റെ ഒരാംശത്തിലും (നമസ്കാരം മുഖേന) സഹായം അഭ്യർത്ഥിക്കുകയും ചെയ്യുക. (ബുഖാരി. 1. 2. 38)

33. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) ഇപ്രകാരം പറയുന്നതായി അദ്ദേഹം കേട്ടിട്ടുണ്ട്. ഒരാൾ ഇസ്ലാം മതം സ്വീകരിക്കുകയും നല്ല നിലക്ക് ഇസ്ലാമിക നടപടികളെല്ലാം പാലിച്ചു പോരുകയും ചെയ്താൽ അയാൾ മുമ്പ് ചെയ്ത എല്ലാ കുററങ്ങളും അല്ലാഹു മായ്ച്ചുകളയുന്നതാണ്. അതിന് ശേഷം (ചെയ്യുന്ന തെററുകൾക്ക്) ആണ് ശിക്ഷാനടപടി. നന്മക്കുള്ള പ്രതിഫലം 10 ഇരട്ടി മുതൽ 700 ഇരട്ടി വരെയാണ്. തെററുകൾക്ക് തത്തുല്യമായ ശിക്ഷ മാത്രമെ നൽകുകയുള്ളു (ഇരട്ടിപ്പിക്കൽ ഇല്ല) അതു തന്നെ അല്ലാഹു അവന് പൊറുത്തു കൊടുക്കുന്നില്ലെങ്കിൽ മാത്രം. (ബുഖാരി. 1. 2. 40)

34. ആയിശ(റ) നിവേദനം: ഒരിക്കൽ നബി(സ) അവരുടെ മുറിയിൽ കടന്നുചെന്നു. അപ്പോൾ ഒരു സ്ത്രീ അവരുടെ അടുക്കൽ ഇരിക്കുന്നുണ്ടായിരുന്നു. ഇതാരെന്നു നബി(സ) ചോദിച്ചു. ഇന്ന സ്ത്രീ എന്നുത്തരം പറഞ്ഞശേഷം അവർ അവളുടെ നമസ്കാരത്തിന്റെ വണ്ണവും വലിപ്പവും പ്രശംസിച്ചു പറയാൻ തുടങ്ങി. ഉടനെ തിരുമേനി(സ) അരുളി: വർണ്ണന നിർത്തുക, നിങ്ങൾക്ക് നിത്യവും അനുഷ്ഠിക്കാൻ സാധിക്കുന്നത്ര നിങ്ങൾ അനുഷ്ഠിക്കുവിൻ. അല്ലാഹു സത്യം, നിങ്ങൾക്ക് മുഷിച്ചിൽ തോന്നും വരേക്കും അല്ലാഹുവിന് മുഷിച്ചിൽ തോന്നുകയില്ല. ഒരാൾ നിത്യേന നിർവിഘ്നം അനുഷ്ഠിക്കുന്ന മതനടപടികളാണ് അല്ലാഹുവിന് കൂടുതൽ ഇഷ്ടപ്പെട്ടത്. (ബുഖാരി. 1. 2. 41)

35. അനസ്(റ) നിവേദനം: തിരുമേനി(സ) അരുളി: ഹൃദയത്തിൽ ഒരു ബാർലിമണിത്തൂക്കമെങ്കിലും നന്മ ഉണ്ടായിരിക്കുകയും അതൊടൊപ്പം 'ലാ ഇലാഹ ഇല്ലല്ലാഹു' എന്ന് പ്രഖ്യാപിക്കുകയും ചെയ്തവരെയെല്ലാം നരകത്തിൽ നിന്ന് മുക്തരാക്കും. ഹൃദയത്തിൽ ഒരു ഗോതമ്പ് മണിത്തൂക്കം നന്മ ഉണ്ടായിരിക്കുകയും 'ലാ ഇലാഹ ഇല്ലല്ലാഹു' എന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്ന എല്ലാ മനുഷ്യരേയും നരകത്തിൽ നിന്ന് മോചിപ്പിക്കും. ഹൃദയത്തിൽ ഒരണുതൂക്കം നന്മ ഉണ്ടായിരിക്കുകയും 'ലാ ഇലാഹ ഇല്ലല്ലാഹു എന്ന് പ്രഖ്യാപിക്കുകയും ചെയ്തവരേയും നരകത്തിൽ നിന്ന് മുക്തരാക്കും. (ബുഖാരി. 1. 2. 42)

36. ഉമർ(റ) നിവേദനം: നിശ്ചയം ഒരു ജൂതൻ അദ്ദേഹത്തോട് പറയുകയുണ്ടായി: അല്ലയോ അമീറുൽമുഅ്മിനീൻ! നിങ്ങളുടെ ഗ്രന്ഥത്തിൽ നിങ്ങൾ പാരായണം ചെയ്യാറുള്ള ഒരായത്തുണ്ട്. അത് ജൂതന്മാരായ ഞങ്ങൾക്കാണ് അവതരിച്ചുകിട്ടിയിരുന്നെങ്കിൽ ആ ദിനം ഞങ്ങളൊരു പെരുന്നാളായി ആഘോഷിക്കുമായിരുന്നു. ഉമർ(റ) ചോദിച്ചു. ഏത് ആയത്താണത്? ജൂതൻ പറഞ്ഞു. 'ഇന്നത്തെ ദിവസം നിങ്ങളുടെ മതത്തെ ഞാൻ നിങ്ങൾക്ക് പൂർത്തിയാക്കിത്തന്നിരിക്കുന്നു. അതു വഴി എന്റെ അനുഗ്രഹത്തെ നിങ്ങൾക്ക് ഞാൻ പൂർത്തിയാക്കിത്തരികയും ഇസ്ലാമിനെ മതമായി നിങ്ങൾക്ക് തൃപ്തിപ്പെടുത്തുകയും ചെയ്തിരിക്കുന്നു (5:3) എന്ന വാക്യം തന്നെ. ഉമർ(റ) പറഞ്ഞു: ആ വാക്യം അവതരിച്ച ദിവസവും അവതരിച്ച സ്ഥലവും ഞങ്ങൾക്ക് നല്ലപോലെ അറിവുണ്ട്. തിരുമേനി(സ) വെള്ളിയാഴ്ച ദിവസം അറഫായിൽ സമ്മേളിച്ചിരുന്ന ഘട്ടത്തിലാണ് അത് അവതരിച്ചത്. (ബുഖാരി. 1. 2. 43)

37. ത്വൽഹ(റ) നിവേദനം: അദ്ദേഹം പറയുന്നു: നജ്ദ് നിവാസികളിൽപെട്ട ഒരു മനുഷ്യൻ തിരുമേനി(സ)യുടെ അടുത്തുവന്നു. അയാളുടെ മുടിയെല്ലാം ചിതറിപ്പാറിയിരുന്നു. അയാളുടെ നേരിയ ശബ്ദം (ദൂരെ നിന്നു തന്നെ) കേൾക്കാമായിരുന്നുവെങ്കിലും അടുത്തെത്തുന്നതുവരെ അയാൾ പറയുന്നതെന്തെന്ന് ഞങ്ങൾക്ക് മനസ്സിലായില്ല. അങ്ങനെ അയാൾ ഇസ്ലാമിനെക്കുറിച്ച്ചോദിച്ചു: നബി(സ) അരുളി: ഒരു പകലും രാത്രിയും കൂടി അഞ്ചു പ്രാവശ്യം നമസ്കരിക്കൽ, അപ്പോൾ ഇതല്ലാതെ മററു വല്ല ബാധ്യതയും എന്റെ പേരിലുണ്ടോ എന്ന് അയാൾ ചോദിച്ചു: ഇല്ല, നീ സുന്നത്തു നമസ്കരിക്കുകയാണെങ്കിൽ അതു ഒഴികെ, പിന്നീട് നബി(സ) അരുളി: റമദാൻ മാസത്തിൽ നോമ്പ് അനുഷ്ഠിക്കേണ്ടതാണ്. അദ്ദേഹം ചോദിച്ചു. : അതല്ലാതെ മററു വല്ലനോമ്പും എന്റെ ബാധ്യതയിലുണ്ടോ? തിരുമേനി(സ) അരുളി: ഇല്ല. നീ സ്വേച്ഛയനുസരിച്ചു നോമ്പ് അനുഷ്ഠിച്ചെങ്കിൽ മാത്രം. ശേഷം തിരുമേനി(സ) അയാളോട് സകാത്തിനെക്കുറിച്ച് പറഞ്ഞു. അപ്പോഴും അദ്ദേഹം ചോദിച്ചു. ഇതല്ലാതെ മററു വല്ല സാമ്പത്തിക ബാധ്യതയും എനിക്കുണ്ടോ? തിരുമേനി(സ) അരുളി: ഇല്ല. ഔദാര്യമായി നീ വല്ലതും നൽകുകയാണെങ്കിൽ മാത്രം. ഈ സംഭാഷണം കഴിഞ്ഞശേഷം അയാൾ അവിടം വിട്ടു. സ്ഥലം വിടുമ്പോൾ അദ്ദേഹം പറയുന്നുണ്ടായിരുന്നു, അല്ലാഹു സത്യം, ഞാൻ ഇതിൽ വർദ്ധിപ്പിക്കുകയോ കുറക്കുകയോഇല്ല. തിരുമേനി അരുളി: അയാൾ പറഞ്ഞത് സത്യമാണെങ്കിൽ അയാൾ വിജയിച്ചുകഴിഞ്ഞു. (ബുഖാരി. 1. 2. 44)

38. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: ആരെങ്കിലും വിശ്വാസത്തോടും പ്രതിഫലേച്ഛയോടും കൂടി ഒരു മുസ്ലിമിന്റെ മയ്യിത്തിനെ അനുഗമിക്കുകയും നമസ്കാരവും ഖബറടക്കവും കഴിയുന്നതുവരെ കൂടെയുണ്ടാവുകയും ചെയ്താൽ അയാൾ ഒരു ഖീറാത്തു പ്രതിഫലവും കൊണ്ടാണ് തിരിച്ചുവരിക. (ബുഖാരി. 1. 2. 45)

39. അബ്ദുല്ല(റ) നിവേദനം: തിരുമേനി(സ) അരുളി: മുസ്ലിമിനെ ശകാരിക്കുന്നത് ദുർമാർഗ്ഗവും അവനോട് യുദ്ധം ചെയ്യുന്നത് സത്യനിഷേധവുമാണ്. ഉബാദത്ത്ബ്നുസ്സാമിത്ത്(റ) നിവേദനം: തിരുമേനി(സ) ലൈലത്തുൽ ഖദ്റിനെക്കുറിച്ച് വിവരമറിയിക്കാൻ വേണ്ടി രണ്ടുപേർ പരസ്പരം ശണ്ഠകൂടുന്നത് അവിടുന്നു കണ്ടു. അതു കാരണം ലൈലത്തുൽ ഖദ്റിനെക്കുറിച്ചുള്ള ജ്ഞാനം എന്റെ മനസ്സിൽ നിന്ന് ഉയർത്തപ്പെട്ടു. ഒരു പക്ഷെ, അത് നിങ്ങൾക്ക് നന്മയായിപരിണമിച്ചേക്കാം. ലൈലത്തുൽ ഖദ്റിനെ, 27, 29, 25 മുതലായ രാവുകളിൽ നിങ്ങൾ അന്വേഷിക്കുവീൻ. (ബുഖാരി. 1. 2. 46)

40. ഇബ്നുഅബ്ബാസ്(റ) നിവേദനം: അബൂസുഫ്യാൻ എന്നോട് പറയുകയുണ്ടായി. ഹിർഖൽ (ഹെർക്കുലീസ്) രാജാവ് അദ്ദേഹത്തോട് പറഞ്ഞു: നബിയുടെ അനുയായികൾ വർദ്ധിക്കുകയാണോ അതോ കുറയുകയാണോ എന്ന് ഞാൻ

താങ്കളോട് ചോദിച്ചപ്പോൾ അവർ വർദ്ധിക്കുകയാണ് എന്നാണല്ലോ താങ്കളുടെ മറുപടി അങ്ങനെയാണ് സത്യവിശ്വാസം, അത് പൂർത്തിയാവുന്നതുവരെ. ആ മതം സ്വീകരിച്ചശേഷം അതിനെ വെറുത്ത് ആരെങ്കിലും പിന്മാറുന്നുണ്ടോ എന്ന് ചോദിച്ചപ്പോഴും ഇല്ല എന്നാണ് താങ്കൾ മറുപടി പറഞ്ഞത്. അങ്ങനെതന്നെയാണ് സത്യവിശ്വാസം. അതിന്റെ പ്രസന്നത മനസ്സുമായി കലർന്നാൽ ആരും അതിനെ വെറുക്കുകയില്ല. (ബുഖാരി. 1. 2. 48)

41. നുഅ്മാൻ(റ) നിവേദനം: തിരുമേനി(സ) ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്. അനുവദനീയ കാര്യങ്ങൾ വ്യക്തമാണ്. നിഷിദ്ധമായ കാര്യങ്ങളും വ്യക്തമാണ്. എന്നാൽ അവ രണ്ടിനുമിടയിൽ പരസ്പരം സാദൃശ്യമായ ചില കാര്യങ്ങളുണ്ട്. മനുഷ്യരിൽ അധികമാളുകൾക്കും അവ ഗ്രഹിക്കാൻ കഴിയുകയില്ല. അതുകൊണ്ട് ഒരാൾ പരസ്പരം സദൃശമായ കാര്യങ്ങൾ പ്രവർത്തിക്കാതെ സൂക്ഷ്മത കൈക്കൊണ്ടാൽ അയാൾ തന്റെ മതത്തേയും അഭിമാനത്തേയും കാത്തു സൂക്ഷിച്ചു. എന്നാൽ വല്ലവനും സാദൃശ്യമായ കാര്യങ്ങളിൽ ചെന്നുവീണുപോയാൽ അവന്റെ സ്ഥിതി സംരക്ഷിച്ചു നിറുത്തിയ (നിരോധിത) മേച്ചിൽ സ്ഥലത്തിന്റെ അതിർത്തികളിൽ നാൽക്കാലികളെ മേക്കുന്ന ഇടയനെ പോലെയാണ്. അവരതിൽ ചാടിപ്പോകാൻ എളുപ്പമാണ്. അറിഞ്ഞുകൊള്ളുവീൻ! എല്ലാ രാജാക്കന്മാർക്കും ഓരോ മേച്ചിൽ സ്ഥലങ്ങളുണ്ട്. ഭൂമിയിൽ അല്ലാഹുവിന്റെ നിരോധിത മേച്ചിൽ സ്ഥലം അവൻ നിഷിദ്ധമാക്കിയ കാര്യങ്ങളാണ്. അറിയുക! ശരീരത്തിൽ ഒരു മാംസക്കഷണമുണ്ട്. അതു നന്നായാൽ മനുഷ്യശരീരം മുഴുവൻ നന്നായി. അതു ദുഷിച്ചാൽ ശരീരം മുഴുവനും ദുഷിച്ചതുതന്നെ. അറിയുക! അതത്രെ ഹൃദയം. (ബുഖാരി. 1. 2. 49)

42. ഉമർ(റ) നിവേദനം: തിരുമേനി(സ) അരുളി: കർമ്മങ്ങൾക്ക് (പ്രതിഫലം) ഉദ്ദേശ്യമനുസരിച്ചാണ്. ഓരോ മനുഷ്യനും അവൻ ഉദ്ദേശിച്ചതാണ് ലഭിക്കുക. അപ്പോൾ വല്ലവനും അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും പ്രീതിയുദ്ദേശിച്ച് ഹിജ്റ പുറപ്പെട്ടാൽ അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും പ്രീതി അവന് ലഭിക്കും. വല്ലവനും ഭൗതികനേട്ടം ഉദ്ദേശിച്ചു അല്ലെങ്കിൽ ഒരു സ്ത്രീയെ വിവാഹം കഴിക്കുവാനുദ്ദേശിച്ച് ഹിജ്റ പുറപ്പെട്ടാൽ അവൻ ഉദ്ദേശിച്ചതാണ് അവന് ലഭിക്കുക. (ബുഖാരി. 1. 2. 51)

43. ഇബ്നുമസ്ഊദ്(റ) നിവേദനം: തിരുമേനി(സ) അരുളി: ഒരു മനുഷ്യൻ തന്റെ കുടുംബത്തിന് വേണ്ടി വല്ലതും ചെലവ് ചെയ്തു. അല്ലാഹുവിന്റെ പ്രതിഫലമാണ് അവനുദ്ദേശിച്ചത് എന്നാൽ അതവനു ഒരു ദാനധർമ്മമാണ്. (ബുഖാരി. 1. 2. 52)

44. സഅ്ദ്ബ്നു അബീവഖാസ്(റ) നിവേദനം: നിശ്ചയം തിരുമേനി(സ) അരുളി: നീ അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ചുകൊണ്ട് ചെയ്യുന്ന ഏത് ധനവ്യയത്തിനും പ്രതിഫലം ലഭിക്കാതിരിക്കുകയില്ല. നിന്റെ ഭാര്യയുടെ വായിൽ വെച്ചു കൊടുക്കുന്നതുവരെ. (ബുഖാരി. 1. 2. 53)

45. ജരീർ(റ) നിവേദനം: അദ്ദേഹം പറയുന്നു. നമസ്കാരം മുറപ്രകാരം നിർവ്വഹിക്കുവാനും സകാത്തു കൊടുക്കുവാനും എല്ലാ മുസ്ലിംകൾക്കും ഗുണം കാംക്ഷിക്കുവാനും വേണ്ടി നബി(സ) യോട് ഞാൻ പ്രതിജ്ഞ ചെയ്തിട്ടുണ്ട്. (ബുഖാരി. 1. 2. 54)

46. സിയാദ്ബ്നു ഇലാഖ(റ) നിവേദനം: മുഗീറത്തുബ്നു ശുഅ്ബ(റ) മരിച്ച ദിവസം ജരീർജബ്നു അബ്ദുല്ല പറയുന്നത് ഞാൻ കേട്ടു. അദ്ദേഹം എഴുന്നേററ് നിന്ന് അല്ലാഹുവിനെ സ്തുതിക്കുകയും പ്രശംസിക്കുകയും ചെയ്തശേഷം ഇങ്ങനെ പറഞ്ഞു. ഏകനായ അല്ലാഹുവിനെ നിങ്ങൾ സൂക്ഷിക്കുവീൻ. അവന് പങ്കാളികളില്ല. പുതിയ അമീർ വരുന്നതുവരെ സമാധാനവും ശാന്തിയും കൈക്കൊള്ളണം.

അദ്ദേഹമിതാ ഇപ്പോൾ തന്നെ എത്തിച്ചേരുന്നതാണ്. തുടർന്ന് അദ്ദേഹം പറഞ്ഞു. നിങ്ങളുടെ നിര്യാതനായ അമീറിനുവേണ്ടി മാപ്പിനപേക്ഷിക്കുവീൻ. അദ്ദേഹം വിട്ടുവീഴ്ച ഇഷ്ടപ്പെടുന്നവനായിരുന്നു. പിന്നെ അദ്ദേഹം പറഞ്ഞു. ഒരിക്കൽ ഞാൻ നബി(സ)യുടെ അടുക്കൽ ചെന്നു പറഞ്ഞു: ഇസ്ലാം അനുസരിച്ച് ജീവിക്കാമെന്ന് ഞാൻ താങ്കളോട് പ്രതിജ്ഞ ചെയ്യുന്നു. അപ്പോൾ എല്ലാ മുസ്ലിംകൾക്കും ഗുണം കാംക്ഷിക്കണമെന്ന ഉപാധിയും കൂടി അദ്ദേഹം വെച്ചു. അപ്പോൾ അക്കാര്യവും ഞാൻ പ്രതിജ്ഞ ചെയ്തു. ഈ പള്ളിയുടെ നാഥനാണ് സത്യം. ഞാൻ നിങ്ങൾക്ക് ഗുണം കാംക്ഷിക്കുന്നവനാണ്. ശേഷം പാപമോചനത്തിൽ നിന്ന് പ്രാർത്ഥിച്ചുകൊണ്ട് അദ്ദേഹം പ്രസംഗപീഠത്തിൽ നിന്ന് ഇറങ്ങി. (ബുഖാരി. 1. 2. 55)

47. ഉസ്മാൻ(റ) നിവേദനം: അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: അല്ലാഹു അല്ലാതെ മററു ദൈവമില്ല എന്ന അറിവോടു കൂടി മരിക്കുന്ന ഏതൊരുവനും സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നു. (മുസ്ലിം)

## 3. വിജ്ഞാനം

48. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) ഒരു സദസ്സിൽ ജനങ്ങളുമായി സംസാരിച്ചു കൊണ്ടിരിക്കേ ഒരു ഗ്രാമീണൻ കടന്നു വന്ന് എപ്പോഴാണ് അന്ത്യസമയം എന്ന് ചോദിച്ചു: (ഇതു കേട്ട ഭാവം നടിക്കാതെ) തിരുമേനി(സ) സംസാരം തുടർന്നു. അപ്പോൾ ചിലർ പറഞ്ഞു: അയാൾ ചോദിച്ചത് തിരുമേനി കേട്ടിട്ടുണ്ട്. പക്ഷെ ആ ചോദ്യം തിരുമേനിക്ക് ഇഷ്ടമായിട്ടില്ല. ചിലർ പറഞ്ഞു. തിരുമേനി അതു കേട്ടിട്ടേയില്ല. പിന്നീട് സംസാരത്തിൽ നിന്ന് വിരമിച്ചപ്പോൾ നബി(സ) ചോദിച്ചു: എവിടെ? (നിവേദകൻ പറയുന്നു) നബി അന്വേഷിച്ചത് അന്ത്യദിനത്തെക്കുറിച്ച് ചോദിച്ചയാളെയാണെന്ന് ഞാൻ വിചാരിക്കുന്നു. അല്ലാഹുവിന്റെ ദൂതരെ! ഞാനിതാ ഇവിടെയുണ്ട്. എന്ന് അയാൾ പറഞ്ഞു. അപ്പോൾ തിരുമേനി(സ) അരുളി: അമാനത്തു (വിശ്വസ്തത) ദുരുപയോഗപ്പെടുത്തുന്നത് കണ്ടാൽ നീ അന്ത്യദിനത്തെ പ്രതീക്ഷിച്ചുകൊള്ളുക. അയാൾ ചോദിച്ചു എങ്ങിനെയാണത് ദുരുപയോഗിപ്പെടുത്തുക? തിരുമേനി(സ) അരുളി: അനർഹർക്ക് അധികാരം നൽകുമ്പോൾ അന്ത്യദിനം പ്രതീക്ഷിച്ചുകൊള്ളുക. (ബുഖാരി. 1. 3. 56)

49. അബ്ദുല്ലാഹിബ്നു അംറ്(റ) നിവേദനം: അദ്ദേഹം പറയുന്നു: ഒരു യാത്രയിൽ നബി(സ) ഞങ്ങളുടെ കുറെ പിന്നിലായിപ്പോയി. പിന്നീട് അവിടുന്ന് ഞങ്ങളുടെ അടുക്കലെത്തിയപ്പോൾ നമസ്കാരസമയം അതിക്രമിച്ചിരുന്നു. ഞങ്ങൾ വുളു ചെയ്തു കൊണ്ടിരിക്കുകയായിരുന്നു. ഞങ്ങൾ കൈകാലുകൾ തടവാൻ തുടങ്ങി. അന്നേരം അവിടുന്ന് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു: മടമ്പുകാലുകൾക്ക് വമ്പിച്ച നരകശിക്ഷ. രണ്ടോ മൂന്നോ പ്രാവശ്യം തിരുമേനി ഇങ്ങനെ വിളിച്ചു പറഞ്ഞു. (ബുഖാരി. 1. 3. 57)

50. ഇബ്നുഉമർ(റ) നിവേദനം: തിരുമേനി(സ) അരുളി: വൃക്ഷങ്ങളുടെ കൂട്ടത്തിൽ ഇല പൊഴിക്കാത്ത ഒരു വൃക്ഷമുണ്ട്. മുസ്ലിമിനെപ്പോലെയാണ് അത്. ഏതാണ് ആ വൃക്ഷം എന്നു പറയുവിൻ. അപ്പോൾ സദസ്യരുടെ ചിന്ത മലഞ്ചെരുവിലെ വൃക്ഷങ്ങളിലേക്ക് പതിച്ചു. അബ്ദുല്ല(റ) പറയുന്നു. അതു ഈത്തപ്പനയാണെന്ന് എനിക്ക് തോന്നിയെങ്കിലും (പറയാൻ) ലജ്ജതോന്നി. അപ്പോൾ ആളുകൾ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരെ, അതേതാണെന്ന് അങ്ങ് തന്നെ പറഞ്ഞു തന്നാലും, തിരുമേനി പറഞ്ഞു. ഈത്തപ്പനയാണ്. (ബുഖാരി. 1. 3. 58)

51. ഇബ്നുഅബ്ബാസ്(റ) നിവേദനം: തിരുമേനി(സ) തന്റെ ഒരെഴുത്ത് ബഹ്റൈനിലെ രാജാവിന് കൊടുക്കാൻ കൽപ്പിച്ചുകൊണ്ട് ഒരാളെ അയച്ചു. ബഹ്റൈനിലെ രാജാവ് അത് കിസ്രാചക്രവർത്തിക്ക് നൽകി. അദ്ദേഹം അത് വായിച്ചപ്പോൾ പിച്ചിച്ചീന്തിക്കളഞ്ഞു. ഇബ്നുഅബ്ബാസ്(റ) പറയുന്നു: അപ്പോൾ

കിസ്രാചക്രവർത്തിക്കെതിരായി തിരുമേനി(സ) പ്രാർത്ഥിച്ചു. അവരുടെ സംഘടിതശക്തി തകർന്ന് പോകട്ടെയെന്ന്. (ബുഖാരി. 1. 3. 64)

52. അബുവാഖിദ്(റ) നിവേദനം: തിരുമേനി(സ) ഒരിക്കൽ പള്ളിയിൽ ഇരിക്കുകയായിരുന്നു. അനുചരന്മാർ അദ്ദേഹത്തിന്റെ കൂടെയുണ്ട്. അപ്പോൾ മൂന്നുപേർ അവിടെ വന്നു. രണ്ടു പേർ നബി(സ)യുടെ അടുക്കലേക്ക് വരികയും ഒരാൾ തിരിഞ്ഞുപോവുകയും ചെയ്തു. നിവേദകൻ പറയുന്നു. അതായത് രണ്ടാളുകൾ നബി(സ)യുടെ അടുക്കൽ വന്നു. ഒരാൾ സദസ്സിൽ ഒരു ഒഴിവ് കണ്ട് അവിടെയിരുന്നു. മറെറയാൾ എല്ലാവരുടെയും പിന്നിൽ ഇരുന്നു. മൂന്നാമത്തെയാൾ പിൻതിരിഞ്ഞുപോയി. നബി(സ) സംസാരത്തിൽ നിന്ന് വിരമിച്ചപ്പോൾ ഇപ്രകാരം അരുളി: മൂന്ന് ആളുകളെ സംബന്ധിച്ച് ഞാൻ പറയാം. ഒരാൾ അല്ലാഹുവിലേക്ക് അഭയം തേടി. അപ്പോൾ അല്ലാഹു അയാൾക്ക് അഭയം നല്കി. മറെറാരാൾ ലജ്ജിച്ചു. അപ്പോൾ അല്ലാഹു അയാളോടും ലജ്ജ കാണിച്ചു. മൂന്നാമത്തെയാളാകട്ടെ പിന്തിരിഞ്ഞു. അതിനാൽ അവനിൽ നിന്ന് അല്ലാഹുവും പിന്തിരിഞ്ഞു കളഞ്ഞു. (ബുഖാരി. 1. 3. 66)

53. ഇബ്നുമസ്ഊദ്(റ) നിവേദനം. : ഞങ്ങൾക്ക് മടുപ്പ് വരുന്നത് അനിഷ്ടമായി ക്കരുതിയിരുന്നതുകൊണ്ട് സന്ദർഭം നോക്കി ഇടക്കിടെയായിരുന്നു തിരുമേനി(സ) ഞങ്ങൾക്ക് പൊതു ഉപദേശങ്ങൾ നൽകിയിരുന്നത്. (ബുഖാരി. 1. 3. 68)

54. അനസ്(റ) നിവേദനം: തിരുമേനി(സ) അരുളി: നിങ്ങൾ (മതനടപടികളിൽ മനുഷ്യർക്ക്) എളുപ്പമാക്കിക്കൊടുക്കുക. അവരെ ഞെരുക്കരുത്. അവരെ സന്തുഷ്ടരാക്കുക, അവരുടെ മനസ്സ് വെറുപ്പിക്കരുത്. (ബുഖാരി. 1. 3. 69)

55. മുആവിയ(റ)യിൽ നിന്ന് നിവേദനം: തിരുമേനി(സ) അരുളിയതായി ഞാൻ കേട്ടിട്ടുണ്ട്. വല്ലവനും അല്ലാഹു നന്മ ചെയ്യാനുദ്ദേശിച്ചാൽ മതത്തിൽ അവനെ പണ്ഡിതനാക്കും. നിശ്ചയം ഞാൻ പങ്കിട്ടുകൊടുക്കുന്നവൻ മാത്രമാണ്. യഥാർത്ഥ ദാതാവ് അല്ലാഹുവാണ്. ഈ സമുദായം (ഒരു ന്യൂനപക്ഷം) അന്ത്യദിനം വരെ അല്ലാഹുവിന്റെ ആജ്ഞ ശിരസാവഹിച്ചുകൊണ്ട് ഉറച്ചു നിൽക്കും. എതിരാളികൾക്ക് അവരെ ദ്രോഹിക്കാൻ കഴിയുകയില്ല. (ബുഖാരി. 1. 3. 71)

56. അബ്ദുല്ലാഹുബ്നുമസ് ഊദ്(റ) നിവേദനം: തിരുമേനി(സ) അരുളി: രണ്ട് കാര്യങ്ങളിലേ അസൂയ പാടുള്ളൂ. ഒരാൾക്ക് അല്ലാഹു ധനം നൽകുകയും ആ ധനം സത്യമാർഗ്ഗത്തിൽ ചെലവു ചെയ്യാൻ അയാൾ നീക്കി വെക്കുകയും ചെയ്യുന്നു. (ഇയാളോട് അസൂയയാവാം) മറെറാരാൾക്ക് അല്ലാഹു വിദ്യ നൽകുകയും ആ വിദ്യകൊണ്ട് അയാൾ (മനുഷ്യർക്കിടയിൽ) വിധി കൽപ്പിക്കുകയും മനുഷ്യർക്കത് പഠിപ്പിച്ച് കൊടുക്കുകയും ചെയ്യുന്നു (ഇയാളിലും അസൂയയാവാം). (ബുഖാരി. 1. 3. 73)

57. ഇബ്നുഅബ്ബാസ്(റ) നിവേദനം: അദ്ദേഹം പറയുന്നു: നബി(സ) ഒരിക്കൽ എന്നെ ആലിംഗനം ചെയ്തിട്ട് പ്രാർത്ഥിച്ചു. അല്ലാഹുവേ! ഇവന്ന് നീ ഖുർആനിക ജ്ഞാനം നൽകേണമേ. (ബുഖാരി. 1. 3. 75)

58. ഇബ്നുഅബ്ബാസ്(റ) നിവേദനം: ഒരിക്കൽ ഞാൻ ഒരു പെൺകഴുതപ്പുറത്ത് പുറപ്പെട്ടു. അന്നെനിക്ക് പ്രായപൂർത്തിയാകാനടുത്തിരുന്നു. തിരുമേനി(സ) മിനായിൽ വെച്ച് ഒരു തുറന്ന സ്ഥലത്ത് നമസ്കരിക്കുകയാണ്. മതിലിന്റെ മറയില്ലാതെ. അപ്പോൾ കഴുതയെ മേയാൻ വിട്ടയച്ചിട്ട് ഞാൻ (നമസ്കരിക്കുന്ന) അണികളുടെ മുമ്പിലൂടെ നടന്നു ചെന്ന് അവരുടെ അണിയിൽ പ്രവേശിച്ചു. അതിനെ ആരും എതിർത്തില്ല. (ബുഖാരി. 1. 3. 76)

59. അബൂമൂസാ(റ)യിൽ നിന്ന് നിവേദനം: തിരുമേനി(സ) അരുളി: അല്ലാഹു ഏതൊരു സന്മാർഗ്ഗ ദർശനവും വിജ്ഞാനവുമായിട്ടാണോ എന്നെ നിയോഗിച്ചിട്ടുള്ളത്, അതിന്റെ ഉപമ ഘോരമായ ഒരു മഴപോലെയാണ്. അത് ഭൂമിയിൽ വർഷിച്ചു. അതിൽ

(ഭൂമിയിൽ) നല്ല ചില പ്രദേശങ്ങളുണ്ട്. അവ വെള്ളത്തെ തടഞ്ഞു നിർത്തി. എന്നിട്ട് അത് മുഖേന അല്ലാഹു മനുഷ്യർക്ക് പ്രയോജനം നൽകി. അവർ കുടിച്ചു, കുടിക്കാൻ കൊടുത്തു. കൃഷിയും ചെയ്തു. മഴയുടെ ഒരു ഭാഗം പെയ്തത് വരണ്ട ഭൂമിയിലാണ്. അതിന് വെള്ളത്തെ തടഞ്ഞു നിർത്താൻ സാധിക്കുകയില്ല. പുല്ലിനെ അത് മുളപ്പിക്കുകയുമില്ല. അല്ലാഹുവിന്റെ ദീനിനെ ഗ്രഹിക്കുകയും എന്നെ അല്ലാഹു നിയോഗിച്ചു മാർഗ്ഗദർശനം മുഖേന പ്രയോജനം ലഭിക്കുകയും പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തവന്റെയും ഞാൻ കൊണ്ട് വന്ന സന്മാർഗ്ഗം സ്വീകരിക്കുകയോ അതിനെക്കുറിച്ച് ശ്രദ്ധിക്കുകയോ ചെയ്യാത്തവന്റെയും ഉദാഹരണം ഇവയാണ്. അബൂഅബ്ദില്ല (ബുഖാരി) പറയുന്നു. ഇസ്ഹാഖ് പറഞ്ഞു : അതിൽ (ഭൂമിയിൽ) ഒരു ഭാഗമുണ്ട്. അത് വെള്ളം വലിച്ചെടുത്തു. ഖാഅ് എന്നു പറഞ്ഞാൽ മുകളിൽ വെള്ളം പരന്നു നിൽക്കുന്ന പ്രദേശം എന്നാണ്. സഫ്സഫ് എന്നാൽ നിരന്നു കിടക്കുന്ന പ്രദേശം എന്നും. (ബുഖാരി. 1. 3. 79)

60. അനസ്(റ) നിവേദനം: തിരുമേനി(സ) അരുളി: നിശ്ചയം വിജ്ഞാനം നഷ്ടപ്പെടലും അജ്ഞത സ്ഥിരപ്പെടലും മദ്യപാനവും പരസ്യമായ വ്യഭിചാരവും അന്ത്യദിനത്തിന്റെ അടയാളങ്ങളാകുന്നു. (ബുഖാരി. 1. 3. 80)

61. അനസ്(റ) നിവേദനം: അദ്ദേഹം പറഞ്ഞു. ഞാൻ ഒരു വാർത്ത നിങ്ങളെ കേൾപ്പിക്കും. എനിക്കു പുറമെ മററാരും നിങ്ങളെ ആ വാർത്ത അറിയിക്കുകയില്ല. തിരുമേനി(സ) പറയുന്നതായി ഞാൻ കേട്ടിട്ടു ണ്ട് 50 സ്ത്രീകൾക്ക് ഒരു പുരുഷൻ എന്ന നിലവരും. (ബുഖാരി. 1. 3. 81)

62. ഇബ്നുഉമർ(റ) നിവേദനം: തിരുമേനി(സ) അരുളിയതായി ഞാൻ കേട്ടിട്ടുണ്ട്. ഞാൻ ഉറങ്ങിക്കിടക്കുമ്പോൾ ഒരു കോപ്പ പാൽ എനിക്ക് കൊണ്ടുവരപ്പെടുകയും ഞാനത് കുടിക്കുകയും ചെയ്തു. അപ്പോൾ എന്റെ നഖത്തിൽകൂടി ദാഹം തീർന്ന കുളിർമ്മ പുറത്ത്പോകുന്നത് ഞാൻ കണ്ടു. അവസാനം ഞാൻ എന്റെ ബാക്കി ഉമറ്ബ്നുൽ ഖത്താബിന് കൊടുത്തു. അവർ ചോദിച്ചു. അല്ലാഹുവിന്റെ ദൂതരെ! ഈ സ്വപ്നത്തിന് താങ്കൾ എന്തു വ്യാഖ്യാനമാണ് നൽകുന്നത്. തിരുമേനി(സ) അരുളി: വിജ്ഞാനം. (ബുഖാരി. 1. 3. 82)

63. ഇബ്നുഅബ്ബാസ്(റ) നിവേദനം: നബി(സ) ഹജ്ജ് ചെയ്യുമ്പോൾ ഒരാൾ ഞാൻ എറിയുന്നതിനു മുമ്പായി അറുത്തു. (അതിന് കുററമുണ്ടോ) എന്ന് ചോദിച്ചു, തിരുമേനി(സ) കൈകൊണ്ട് ആംഗ്യം മുഖേന കുററമില്ല എന്നു പറഞ്ഞു. മറെറാരാൾ അറുക്കുന്നതിനുമുമ്പായി മുടി കളഞ്ഞു എന്നു പറഞ്ഞു. അപ്പോഴും നബി(സ) കൈകൊണ്ട് ആംഗ്യം മുഖേന കുററമില്ല എന്നു പറഞ്ഞു. (ബുഖാരി. 1. 3. 84)

64. സാലിം നിവേദനം: അബൂഹുറൈറ(റ) നബി(സ) യിൽ നിന്ന് ഉദ്ധരിക്കുന്നതായി ഞാൻ കേട്ടിട്ടുണ്ട്. തിരുമേനി(സ) അരുളി: ജ്ഞാനം ജനങ്ങളിൽ നിന്ന് നഷ്ടപ്പെടും. അജ്ഞതയും കുഴപ്പങ്ങളും പ്രത്യക്ഷപ്പെടും. ഹറജ് വർദ്ധിക്കും. അപ്പോൾ ഒരാൾ ചോദിച്ചു. അല്ലാഹുവിന്റെ ദൂതരെ! എന്താണ് ഹറജ്? നബി(സ) കൈ അനക്കിയിട്ട് ഇങ്ങനെ ആംഗ്യം കാണിച്ചു. അത് കണ്ടപ്പോൾ തിരുമേനി കൊലയെയാണ് ഉദ്ദേശിക്കുന്നതെന്ന് തോന്നി. (ബുഖാരി. 1. 3. 85)

65. ഉഖ്ബത്തുബ്നുൽ ഹാരിസിൽ നിന്ന് നിവേദനം: അദ്ദേഹം അബു ഇഹാബിന്റെ ഒരു മകളെ വിവാഹം കഴിച്ചു. ഉടനെ ഒരു സ്ത്രീ അദ്ദേഹത്തിന്റെ അടുക്കൽ വന്നു പറഞ്ഞു; നിശ്ചയം ഞാൻ ഉഖ്ബത്തിനും അദ്ദേഹം വിവാഹം ചെയ്ത സ്ത്രീക്കും മുലകൊടുത്തിട്ടുണ്ട്. അപ്പോൾ ഉഖ്ബത്ത് അവളോട് പറഞ്ഞു: നീ എനിക്ക് മുലപ്പാൽ തന്നതായി എനിക്കറിയില്ല. ആ വിവരം നീ എന്നെ അറിയിച്ചിട്ടുമില്ല. ശേഷം അദ്ദേഹം മദീനയിൽ നബി(സ)യുടെ അടുക്കലേക്ക് യാത്രചെയ്യുകയും ഇതിനെക്കുറിച്ച് തിരുമേനിയോട് ചോദിക്കുകയും ചെയ്തു. അപ്പോൾ അവിടുന്ന് അരുളി. അവർ ഇങ്ങനെയെല്ലാം പറയുന്ന സ്ഥിതിക്ക് എങ്ങനെയാണ് നിങ്ങൾ ഭാര്യാഭർത്താക്കളായി

ജീവിക്കുക. ഉടനെ ഉബ്വത്ത് അവളെ പിരിച്ചയച്ചു. അവളെ വേറെ ഒരാൾ വിവാഹം ചെയ്യുകയും ചെയ്തു. (ബുഖാരി. 1. 3. 88)

66. ഉമർ(റ) നിവേദനം: ഞാനും അൻസാരിയായ എന്റെ ഒരയൽവാസി (ഉത്ത്ബാൻ) യും ബനൂ ഉമയ്യ ഗോത്രത്തിന്നിടയിലാണ് താമസിച്ചിരുന്നത്. അത് മേലെ മദീനാപ്രദേശത്തുള്ള ഒരു ഗ്രാമമായിരുന്നു. ഞങ്ങൾ ഊഴമിട്ടാണ് തിരുമേനിയുടെ അടുക്കലേക്ക് ഇറങ്ങിച്ചെല്ലുക. ഒരു ദിവസം അദ്ദേഹം ഇറങ്ങിച്ചെല്ലും. മററൊരു ദിവസം ഞാനും. ഞാനാണ് പോകുന്നതെങ്കിൽ അന്നുണ്ടായ ദിവ്യസന്ദേശവും മററുവിവരങ്ങളും ഞാൻ അദ്ദേഹത്തിന് എത്തിച്ചുകൊടുക്കും. അദ്ദേഹം പോകുമ്പോഴും ഇതേ പ്രകാരം ചെയ്യും. ഒരു ദിവസം അൻസാരിയായ എന്റെ സ്നേഹിതൻ തന്റെ ഊഴമനുസരിച്ച് തിരുമേനിയുടെ അടുക്കലേക്ക് പോയി തിരിച്ചുവന്ന് എന്റെ വാതിലിന് ശക്തിയായി മുട്ടി. അദ്ദേഹം ഇവിടെയുണ്ടോ എന്ന് ചോദിച്ചുകൊണ്ടിരുന്നു. ഞാൻ ബേജാറ് പൂണ്ട് പുറത്തേക്ക് വന്നു. ഉടനെ അദ്ദേഹം പറഞ്ഞു; ഗൗരവമേറിയ ഒരു സംഭവം നടന്നിട്ടുണ്ട്. ഉടനെ ഞാൻ പുറപ്പെട്ടു ഹഫ്സയുടെ അടുക്കൽ പ്രവേശിച്ചു അവൾ കരയുകയാണ്. ഞാൻ ചോദിച്ചു. പ്രവാചകൻ നിങ്ങളെയെല്ലാം വിവാഹമോചനം ചെയ്തുവോ? അവർ പറഞ്ഞു. എനിക്കറിയില്ല. അപ്പോൾ ഞാൻ നബിയുടെ അടുക്കൽ ചെന്ന് അല്ലാഹുവിന്റെ ദൂതരെ, അങ്ങ് ഭാര്യമാരെയെല്ലാം വിവാഹമോചനം ചെയ്തുവോ എന്നു ചോദിച്ചു. നബി(സ) പറഞ്ഞു. ഇല്ല. അപ്പോൾ ഞാൻ പറഞ്ഞു: അല്ലാഹു ഏററവും മഹാൻ! (ബുഖാരി. 1. 3. 89)

67. അബൂമസ്ഊദുൽ അൻസാരി(റ) നിവേദനം: ഒരിക്കൽ ഒരാൾ വന്നു തിരുമേനിയോട് പറഞ്ഞു; അല്ലാഹുവിന്റെ ദൂതരെ! ഇന്ന മനുഷ്യൻ നമസ്കാരം ദീർഘിപ്പിക്കുന്നത് കൊണ്ട് എനിക്ക് നമസ്കരിക്കാൻ സാധിക്കുന്നില്ല. അബൂമസ്ഊദ്(റ) പറയുന്നു. ജനങ്ങളെ ഉപദേശിക്കുമ്പോൾ നബി(സ) അന്നത്തെക്കാൾ കഠിനമായി കോപിച്ചത് ഞാൻ കണ്ടിട്ടില്ല. അങ്ങനെ നബി(സ) പറഞ്ഞു. ഹേ മനുഷ്യരേ, നിങ്ങൾ ജനങ്ങളെ വെറുപ്പിക്കുന്നവരാണ്. വല്ലവനും ജനങ്ങൾക്ക് ഇമാമായി നമസ്കരിക്കുകയാണെങ്കിൽ അയാൾ നമസ്കാരം ലഘൂകരിക്കേണ്ടതാണ്. (കാരണം) അവരിൽ രോഗികളും ബലഹീനരും ആവശ്യക്കാരുമെല്ലാം ഉണ്ടായിരിക്കും. (ബുഖാരി. 1. 3. 90)

68. സെയ്ദ്ബ്നു ഖാലിദ്(റ) നിവേദനം: ഒരു മനുഷ്യൻ വന്ന് നബി(സ) യോട്, വീണുകിട്ടുന്ന സാധത്തെ കുറിച്ച് ചോദിച്ചു. തിരുമേനി(സ) അരുളി: നീ അതിന്റെ കെട്ട് അല്ലെങ്കിൽ പാത്രവും മൂടിയും (സഞ്ചിയും) സൂക്ഷിച്ചു മനസ്സിലാക്കുക. എന്നിട്ട് ഒരു കൊല്ലം അതു പരസ്യപ്പെടുത്തുക. (എന്നിട്ടും ഉടമസ്ഥൻ വന്നില്ലെങ്കിൽ) നിനക്കത് ഉപയോഗിക്കാം. പിന്നീട് ഉടമസ്ഥൻ വന്നാലോ അപ്പോൾ അതയാൾക്ക് വിട്ടു കൊടുക്കുക. അപ്പോൾ അയാൾ നബിയോട് ചോദിച്ചു: ഒട്ടകമാണ് കളഞ്ഞു കിട്ടിയതെങ്കിലോ? ഇതു കേട്ട് തിരുമേനിക്ക് കോപം വന്നു. അവിടുത്തെ രണ്ടു കവിൾത്തടങ്ങളും അല്ലെങ്കിൽ മുഖം ചുവന്നു തുടുത്തു. തിരുമേനി അരുളി: നിനക്കെന്താണ് (അതിനെ പിടിക്കേണ്ട കാര്യം) അതിന്റെ വെള്ള പാത്രവും അതിന്റെ ചെരിപ്പും അതിനോട് കൂടെത്തന്നെയുണ്ടല്ലോ. അതു ജലാശയത്തിങ്കൽ ചെല്ലുകയും ചെടികൾ മേഞ്ഞു തിന്നുകയും ചെയ്തുകൊള്ളും. അതിനാൽ നീ അതിനെ വിട്ടേക്കുക. അതിനെ ഉടമസ്ഥൻ അന്വേഷിച്ച് പിടിച്ചുകൊള്ളും. ആ മനുഷ്യൻ ചോദിച്ചു. ഒരാടിനെയാണ് കളഞ്ഞുകിട്ടിയതെങ്കിലോ? ആട് നിനക്കോ നിന്റെ സഹോദരനോ അല്ലെങ്കിൽ ചെന്നായ്ക്കോ ഉള്ളതാണ് (അതിനാൽ നീ എടുത്തുകൊള്ളുക) (ബുഖാരി. 1. 3. 91)

69. അബൂമൂസ(റ) നിവേദനം: അദ്ദേഹം പറയുന്നു: കുറെ കാര്യങ്ങളെക്കുറിച്ച് തിരുമേനിയോടു ചോദിക്കപ്പെട്ടു. തിരുമേനിക്കത് ഇഷ്ടമായില്ല. ചോദ്യം വളരെ അധികമായപ്പോൾ തിരുമേനി(സ)ക്ക് കോപം വന്നു. എന്നിട്ട് ജനങ്ങളോടരുളി;

നിങ്ങൾ ഇഷ്ടമുള്ളതെല്ലാം ചോദിച്ചുകൊള്ളുക. അപ്പോൾ ഒരാൾ ചോദിച്ചു. എന്റെ പിതാവാരാണ്? തിരുമേനി അരുളി: നിന്റെ പിതാവ് ഹുദാഫത്താണ്. അപ്പോൾ വേറൊരാൾ എഴുന്നേററു നിന്ന് ചോദിച്ചു: ദൈവദൂതരേ! എന്റെ പിതാവ് ആരാണ്? തിരുമേനി അരുളി! നിന്റെ പിതാവ് സാലിമാണ്. ശൈബത്തിന്റെ മോചിതനായ അടിമ. ഒടുവിൽ തിരുമേനിയുടെ മുഖത്ത് പ്രത്യക്ഷപ്പെട്ട കോപം കണ്ടിട്ട് ഉമർ(റ) പറഞ്ഞു: ദൈവദൂതരേ! ഞങ്ങൾ അല്ലാഹുവിങ്കലേക്ക് പശ്ചാത്തപിച്ചു മടങ്ങുന്നു. (ബുഖാരി. 1. 3. 92)

70. അന്സ്ബ്നു മാലിക്(റ) നിവേദനം: ഒരിക്കൽ നബി(സ) പുറത്തുവന്നു. അപ്പോൾ അബ്ദുല്ലാഹിബ്നു ഹുദാഫ: എഴുന്നേററു നിന്ന് ചോദിച്ചു. എന്റെ പിതാവാരാണ്? നബി(സ) പറഞ്ഞു. നിന്റെ പിതാവ് ഹുദാഫയാണ്. പിന്നീട് നിങ്ങൾ ചോദിച്ചുകൊള്ളുവീൻ എന്നു പറയത്തക്ക വിധം ചോദ്യങ്ങൾ വർദ്ധിച്ചു. അപ്പോൾ ഉമർ(റ) മുട്ടുകുത്തിക്കൊണ്ട് പറഞ്ഞു: അല്ലാഹുവിനെ റബ്ബായും ഇസ്ലാമിനെ മതമായും മുഹമ്മദിനെ നബിയായും ഞങ്ങളിതാ തൃപ്തിപ്പെട്ടിരിക്കുന്നു. എന്നിട്ടദ്ദേഹം നിശബ്ദനായി. (ബുഖാരി. 1. 3. 93)

71. അനസ്(റ) നിവേദനം: നബി(സ) സലാം പറയുമ്പോൾ മൂന്ന് പ്രാവശ്യം ആവർത്തിക്കും. എന്തെങ്കിലും സംസാരിച്ചാൽ മൂന്ന് പ്രാവശ്യം അതിനെ മടക്കിപ്പറയും. (ബുഖാരി. 1. 3. 94)

72. അനസ്(റ) നിവേദനം: തിരുമേനി(സ) ഒരു വാക്ക് സംസാരിച്ചാൽ അത് മൂന്ന് പ്രാവശ്യം ആവർത്തിച്ചു പറയും. ജനങ്ങൾ അത് ശരിക്കും ഗ്രഹിക്കുന്നതുവരെ, ഒരു കൂട്ടം ആളുകളുടെ അടുക്കൽ ചെന്നിട്ട് അവർക്ക് സലാം പറയുമ്പോൾ മൂന്ന് പ്രാവശ്യം സലാം പറയുകയും ചെയ്തിരുന്നു. (ബുഖാരി. 1. 3. 95)

73. അബൂമൂസാ(റ) നിവേദനം: തിരുമേനി(സ) അരുളി: മൂന്ന് വിഭാഗം ആളുകൾക്ക് ഇരട്ടി പ്രതിഫലം ലഭിക്കും. പൂർവ്വവേദക്കാരിൽപെട്ട ഒരു മനുഷ്യൻ. അയാൾ തന്റെ നബിയിൽ വിശ്വസിച്ചു. ശേഷം മുഹമ്മദ് നബിയിലും വിശ്വസിച്ചു. അല്ലാഹുവിനോട് കടപ്പാടുകളും യജമാനനോടുള്ള ബാദ്ധ്യതകളും നിർവ്വഹിച്ച അടിമ, തന്റെ അധീനത്തിൽ ഒരു അടിമ സ്ത്രീയുണ്ട്. അവൾക്കവൻ ശരിക്കുള്ള സാംസ്കാരിക പരിശീലനം നൽകി. മാത്രമല്ല, അവൾക്ക് വിദ്യാഭ്യാസം നൽകി. നല്ല നിലക്ക് വിദ്യ അഭ്യസിപ്പിച്ചു. ശേഷം അവളെ അടിമത്വത്തിൽ നിന്ന് മോചിപ്പിക്കുകയും അവളെ അവൻ തന്നെ വിവാഹം ചെയ്യുകയും ചെയ്തു. അവനും ഇരട്ടി പ്രതിഫലമുണ്ട്. അമീർ പറയുന്നു: നിനക്ക് യാതൊരു വിഷമവും ഇല്ലാതെ ഈ ഹദീസ് ഞാൻ അറിയിച്ചു തരുന്നു. ഇതിനേക്കാൾ നിസ്സാരമായ കാര്യങ്ങൾക്ക് വേണ്ടി അദ്ദേഹം മദീനയിലേക്ക് യാത്ര ചെയ്യാറുണ്ടായിരുന്നു. (ബുഖാരി. 1. 3. 97)

74. ഇബ്നുഅബ്ബാസ്(റ) നിവേദനം: അദ്ദേഹം പറയുന്നു: ഞാൻ തിരുമേനി(സ)യുടെ ഒരു നടപടിക്ക് സാക്ഷ്യം വഹിക്കുന്നു. ഒരിക്കൽ നബി(സ) പെരുന്നാൾ ഖുതുബഃയിൽ നിന്ന് വിരമിച്ച ഉടനെ സ്ത്രീകളുടെ ഭാഗത്തേക്ക് പുറപ്പെട്ടു. കൂടെ ബിലാൽ(റ) യും ഉണ്ടായിരുന്നു. സ്ത്രീകൾ പ്രസംഗം ശരിക്കും കേട്ടിട്ടുണ്ടായിരിക്കുകയില്ലെന്ന് നബി(സ)ക്ക് തോന്നി. തന്നിമിത്തം തിരുമേനി(സ) അവരെ (വീണ്ടും) ഉപദേശിക്കുകയും അവരോടു ധർമ്മം ചെയ്യാൻ കൽപ്പിക്കുകയും ചെയ്തു. അപ്പോൾ സ്ത്രീകൾ കമ്മൽ, മോതിരം എന്നിവ ഊരി എടുത്തു സംഭാവന ചെയ്യാൻതുടങ്ങി. ഹസ്രത്ത് ബിലാൽ തുണിയുടെ തല കാണിച്ച് അതിൽ അതു വാങ്ങിക്കൊണ്ടിരുന്നു. (ബുഖാരി. 1. 3. 97)

75. അബൂഹുറൈറ(റ) നിവേദനം: അദ്ദേഹം പറയുന്നു. അല്ലാഹുവിന്റെ ദൂതരെ! പുനരുത്ഥാന ദിവസം അങ്ങയുടെ ശുപാർശ മുഖേന വിജയം കരസ്ഥമാക്കാൻ കൂടുതൽ ഭാഗ്യം സിദ്ധിക്കുന്നത് ആർക്കായിരിക്കുമെന്ന് ചോദിക്കപ്പെട്ടു. തിരുമേനി(സ) അരുളി: ഹേ! അബൂഹുറൈറ! ഈ വാർത്തയെക്കുറിച്ച് നിനക്ക് മുമ്പ്

ആരും എന്നോട് ചോദിക്കുകയില്ലെന്ന് ഞാൻ ഊഹിച്ചിരുന്നു. ഹദീസ് പഠിക്കുവാനുള്ള നിന്റെ അത്യാഗ്രഹം കണ്ടപ്പോൾ. പുനരുത്ഥാനദിവസം എന്റെ ശുപാർശ മുഖേന ഏററവും സൗഭാഗ്യം സിദ്ധിക്കുന്നവൻ അല്ലാഹു ഒഴികെ യാതൊരു ആരാധ്യനുമില്ലെന്ന് നിഷ്ക്കളങ്കമായി പറഞ്ഞവനാണ്. (ബുഖാരി. 1. 3. 98)

76. അബ്ദുല്ലാഹിബ്നു അംറ്(റ) നിവേദനം: തിരുമേനി(സ) അരുളുന്നത് ഞാൻ കേട്ടിട്ടുണ്ട്. അല്ലാഹു ജ്ഞാനത്തെ ഒററയടിക്ക് മനുഷ്യരിൽ നിന്ന് ഊരിയെടുക്കുകയില്ല. എന്നാൽ പണ്ഡിതന്മാരുടെ മരണം മുഖേന വിദ്യയെ അല്ലാഹു മനുഷ്യരിൽ നിന്ന് ക്രമേണയായി പിടിച്ചെടുക്കും. അവസാനം ഭൂമുഖത്തു ഒരു പണ്ഡിതനും അവശേഷിക്കാത്ത ഘട്ടം വരുമ്പോൾ ചില മൂഢന്മാരെ മനുഷ്യർ നേതാക്കളാക്കി വെക്കും. എന്നിട്ടു അവരോട് മതകാര്യങ്ങൾ ചോദിക്കുകയും അപ്പോൾ അവർ അറിവില്ലാതെ വിധികൊടുക്കുകയും അവസാനം അവർ സ്വയം വഴി തെററുകയും മററുള്ളവരെ തെററിക്കുകയും ചെയ്യും. (ബുഖാരി. 1. 3. 100)

77. അബൂസഇദുൽഖുദിരി(റ) നിവേദനം: അദ്ദേഹം പറയുന്നു: സ്ത്രീകൾ ഒരിക്കൽ നബി(സ) യോട് പറഞ്ഞു: താങ്കളെ സമീപിക്കുന്നതിൽ പുരുഷന്മാർ ഞങ്ങളെ പരാജയപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ട് താങ്കൾ ഞങ്ങൾക്ക് (വിജ്ഞാനം നൽകാൻ) പ്രത്യേകമായി ഒരു ദിവസം നിശ്ചയിച്ചുതന്നാലും. അപ്പോൾ നബി(സ) അവർക്ക് ദിവസം നിശ്ചയിച്ചുകൊടുക്കുകയും അന്ന് അവരുടെ അടുക്കൽ ചെല്ലുകയും അവർക്ക് ഉപദേശം കൊടുക്കുകയും അവരോട് കൽപ്പിക്കുകയും ചെയ്തു. അങ്ങനെ തിരുമേനി(സ) അവരെ ഉപദേശിച്ച കൂട്ടത്തിൽ ഇങ്ങനെ അരുളുകയുണ്ടായി. മൂന്ന് സന്താനങ്ങളെ തനിക്ക് മുമ്പ് തന്നെ പരലോകത്തേക്കയക്കുന്ന ഏത് സ്ത്രീക്കും, നരകത്തിനും ആ സ്ത്രീകൾക്കും ഇടയിൽ ആ സന്താനങ്ങൾ ഒരു മറയായി നിലകൊള്ളാതിരിക്കില്ല. അപ്പോൾ ഒരു സ്ത്രീ ചോദിച്ചു : രണ്ടു സന്താനങ്ങളെ നഷ്ടപ്പെടുത്തിയവളോ? തിരുമേനി(സ) അരുളി : രണ്ടു സന്താനങ്ങളെ അയച്ചാലും അങ്ങനെതന്നെ. (ബുഖാരി. 1. 3. 101)

78. ആയിശ(റ) നിവേദനം: അവർക്ക് മനസ്സിലാകാത്ത എന്തു കേൾക്കുമ്പോഴും അത് മനസ്സിലാകുന്നത് വരെ അവർ വിശദീകരണം ആവശ്യപ്പെട്ടിരുന്നു. നബി(സ) ഒരിക്കൽ പറഞ്ഞു: വല്ലവനും വിചാരണ ചെയ്യപ്പെട്ടാൽ ശിക്ഷിക്കപ്പെട്ടത് തന്നെ. ആയിശ(റ) പറയുന്നു: അപ്പോൾ ഞാൻ ചോദിച്ചു; ആരുടെ ഏടുകൾ അവന്റെ വലതുകയ്യിൽ നൽകപ്പെടുന്നുണ്ടോ അവന് ലഘുവായ നിലക്കുള്ള കണക്കുനോക്കൽ മാത്രമേ അഭിമുഖീകരിക്കേണ്ടി വരികയുള്ളൂ എന്ന് അല്ലാഹു പറയുന്നില്ലേ? തിരുമേനി(സ) അരുളി: മനുഷ്യരുടെ പ്രവർത്തനങ്ങൾ പരിശോധിക്കാൻ വേണ്ടി അല്ലാഹുവിന്റെ മുമ്പിൽ അവതരിപ്പിക്കുന്നതിനെക്കുറിച്ചാണ് അപ്പറഞ്ഞത്. എന്നാൽ വല്ലവന്റെയും വിചാരണ നിഷ്കൃഷ്ടമായി പരിശോധിച്ചുകഴിഞ്ഞാൽ അവൻ നശിച്ചതുതന്നെ. (ബുഖാരി. 1. 3. 103)

79. അലി(റ) നിവേദനം: തിരുമേനി(സ) അരുളുന്നതായി ഞാൻ കേട്ടു. നിങ്ങൾ എന്റെ പേരിൽ കള്ളം പറയരുത്. വല്ലവനും എന്റെ പേരിൽ കള്ളം പറഞ്ഞാൽ അവൻ നരകത്തിൽ പ്രവേശിച്ചു. (ബുഖാരി. 1. 3. 106)

80. അബ്ദുല്ലാഹിബ്നു സുബൈർ(റ) നിവേദനം: അദ്ദേഹം പറയുന്നു: ഞാനൊരിക്കൽ സുബൈർ(റ)നോട് ചോദിച്ചു. ഇന്നിന്ന ആളുകൾ നബിയിൽ നിന്ന് ഉദ്ധരിക്കുന്നതുപോലെ നിങ്ങൾ നബിയിൽ നിന്ന് ഉദ്ധരിക്കുന്നത് ഞാൻ കേൾക്കുന്നില്ലല്ലോ? അദ്ദേഹം പറഞ്ഞു. ഞാൻ നബി(സ)യെ പിരിയാറുണ്ടായിരുന്നില്ല. എന്നാൽ നബി(സ) പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്.. എന്റെ പേരിൽ വല്ലവനും കളവ് പറഞ്ഞാൽ അവന്റെ സീററ് അവൻ നരകത്തിൽ ഒരുക്കിവെച്ചുകൊള്ളട്ടെ. (ബുഖാരി. 1. 3. 107)

81. അനസ്(റ) നിവേദനം: അദ്ദേഹം പറയുന്നു: നിശ്ചയം നിങ്ങളോട് കൂടുതൽ ഹദീസുകൾ ഉദ്ധരിക്കാൻ എന്നെ തടയുന്നത് എന്റെ പേരിൽ വല്ലവനും മനഃപൂർവ്വം കളവ് പറയുന്നുവെങ്കിൽ അവന്റെ ഇരിപ്പിടം നരകത്തിൽ ഒരുക്കിവെച്ചുകൊള്ളട്ടെ എന്ന നബി(സ)യുടെ പ്രസ്താവനയാണ്. (ബുഖാരി. 1. 3. 108)

82. അബൂഹുറൈറ(റ)യിൽ നിന്ന് നിവേദനം: അദ്ദേഹം പറയുകയാണ്. നബി(സ) യിൽ നിന്ന് എന്നെക്കാൾ കൂടുതൽ ഹദീസ് നിവേദനം ചെയ്തവരായി സഹാബികളിൽ ആരും തന്നെയില്ല. എന്നാൽ അബ്ദുല്ലാഹിബ്നു അംറ് നിവേദനം ചെയ്ത ഹദീസുകളിൽ ഒഴികെ അദ്ദേഹത്തിന്നെഴുത്തറിയാമായിരുന്നു. എനിക്കെഴുതാൻ അറിയുകയില്ല. (ബുഖാരി. 1. 3. 113)

83. ഇബ്നുഅബ്ബാസ്(റ) നിവേദനം: തിരുമേനി രോഗശയ്യയിലായിരിക്കുമ്പോൾ വേദന കഠിനമായി അപ്പോൾ അവിടുന്നു പറഞ്ഞു. എഴുതാനുള്ള ഉപകരണങ്ങൾ എനിക്ക് നിങ്ങൾ കൊണ്ട്വരിക. ഞാൻ നിങ്ങൾക്ക് ചിലത് എഴുതിത്തരാം. അതിന് ശേഷം നിങ്ങൾ വഴി പിഴച്ചുപോവുകയില്ല. ഹസ്രത്ത് ഉമർ പറഞ്ഞു. തിരുമേനി(സ) വേദനമൂലം അവശനായിരിക്കുകയാണ്. നമ്മുടെ അടുക്കൽ അല്ലാഹുവിന്റെ കിതാബ് ഉണ്ട്. നമുക്കതുമതി. അന്നേരം അനുചരന്മാർക്കിടയിൽ അഭിപ്രായഭിന്നതകൾ ഉൽഭവിച്ചു. ബഹളം അധികമാവുകയും ചെയ്തു. നബി(സ) പറഞ്ഞു: നിങ്ങൾ എന്റെ അടുക്കൽ നിന്ന് എഴുന്നേററ് പോകുവീൻ, എന്റെ അടുക്കൽ വെച്ച് ഇങ്ങനെ ഭിന്നിക്കാൻ പാടില്ല. ഉടനെ ഇബ്നുഅബ്ബാസ് പുറത്തുവന്ന് ഇപ്രകാരം പറഞ്ഞു. നിശ്ചയം നാശം അതെ! സർവ്വവിധ നാശങ്ങളും നബി(സ) എഴുതിത്തരുന്നതിന് പ്രതിബന്ധമുണ്ടാക്കിയതാണ്. (ബുഖാരി. 1. 3. 114)

84. ഉമ്മുസലമ(റ)യിൽ നിന്ന് നിവേദനം: അവൻ പറയുന്നു; ഒരു രാത്രിയിൽ തിരുമേനി(സ) ഉറക്കിൽ നിന്ന് അവിടുന്ന് അരുളി: അല്ലാഹു പരിശുദ്ധൻ. ഈ രാത്രി എന്തെല്ലാം കുഴപ്പങ്ങളാണ് ഇറക്കപ്പെട്ടിരിക്കുന്നത്! എത്രയെത്ര ഖജനാവുകളാണ് തുറക്കപ്പെട്ടിരിക്കുന്നത്! റൂമുകളിൽ ഉറങ്ങിക്കൊണ്ടിരിക്കുന്ന സ്ത്രീകളെ നിങ്ങൾ വേഗം ഉണർത്തിക്കൊള്ളുവീൻ. ഇഹലോകത്തുവെച്ച് വസ്ത്രം ധരിച്ച എത്ര സ്ത്രീകളാണ് പരലോകത്ത് നഗ്നരായിരിക്കാൻ പോകുന്നത്. (ബുഖാരി. 1. 3. 115)

85. അബ്ദുല്ലാഹിബ്നു ഉമർ(റ) നിവേദനം: തന്റെ ജീവിതത്തിലെ അവസാനഘട്ടത്തിൽ തിരുമേനി(സ) ഒരിക്കൽ ഞങ്ങളെയും കൊണ്ട് ഇശാനമസ്കരിച്ചു. സലാം വീട്ടിയപ്പോൾ അവിടുന്ന് എഴുന്നേററ് നിന്നുകൊണ്ട് ചോദിച്ചു. നിങ്ങളുടെ ഈ രാത്രിയെക്കുറിച്ച് നിങ്ങൾക്ക് വല്ല അറിവുമുണ്ടോ? നിങ്ങൾ മനസ്സിലാക്കണം. ഈ രാത്രി മുതൽ നൂറ് വർഷം തികയുമ്പോൾ ഇപ്പോൾഭൂമുഖത്തു ജീവിക്കുന്ന ഒരാളും അവശേഷിക്കുകയില്ല. (ബുഖാരി. 1. 3. 116)

86. ഇബ്നുഅബ്ബാസ്(റ) നിവേദനം: തിരുമേനി(സ)യുടെ ഭാര്യയും ഹർസിന്റെ മകളും എന്റെ മാതൃസഹോദരിയുമായ മൈമൂനയുടെ വീട്ടിൽ താമസിച്ചു. ആ രാത്രി നബി(സ) അവരുടെ അടുക്കലായിരുന്നു. അങ്ങനെ നബി(സ) ഇശാ നമസ്ക്കരിച്ചു. ശേഷം വീട്ടിലേക്ക് വന്നു. അനന്തരം നാല് റക്അത്തു നമസ്ക്കരിച്ചു. പിന്നീട് അൽപം ഉറങ്ങി. ശേഷം എഴുന്നേററു. എന്നിട്ട് കുട്ടി ഉറങ്ങുകയാണോ എന്ന് ചോദിച്ചു – അല്ലെങ്കിൽ അതുപോലെയുള്ളൊരു വാക്കു പറഞ്ഞു. പിന്നീട് തിരുമേനി(സ) നമസ്ക്കരിക്കുവാൻ നിന്നു. അപ്പോൾ ഞാൻ തിരുമേനി(സ)യുടെ ഇടതുഭാഗത്ത്നിന്നു. നബി(സ) എന്നെ പിടിച്ച് വലത്ത് ഭാഗത്തേക്ക് മാററി. അവിടുന്ന് അഞ്ച് റക്അത്തു നമസ്ക്കരിച്ചു. പിന്നീട് രണ്ടറക്അത്തും. എന്നിട്ട് തിരുമേനി ഉറങ്ങി. അന്നേരം അവിടുന്ന് കൂർക്കം വലിക്കുന്നത് ഞാൻ കേട്ടു. അനന്തരം സുബ്ഹ് നമസ്ക്കാരത്തിനുവേണ്ടി തിരുമേനി(സ) പള്ളിയിലേക്ക് പോയി. (ബുഖാരി. 1. 3. 117)

87. അബൂഹുറൈറ(റ) നിവേദനം: അദ്ദേഹം പറയുന്നു: അബൂഹുറൈറ(റ) നബി(സ)യുടെ ഹദീസുകൾ വളരെയധികം ഉദ്ധരിക്കുന്നുവെന്ന് ജനങ്ങളതാ പറയുന്നു. അല്ലാഹുവിന്റെ കിതാബിൽ രണ്ടു വാക്യങ്ങൾ ഉണ്ടായിരുന്നില്ലെങ്കിൽ ഞാൻ ഒരൊററ ഹദീസും നിവേദനം ചെയ്യുമായിരുന്നില്ല. അതു പറഞ്ഞിട്ട്, മനുഷ്യർക്ക് നാം വെളിപ്പെടുത്തിക്കൊടുത്തശേഷം നാം അവതരിപ്പിച്ച സന്മാർഗ്ഗവും വ്യക്തമായ സിദ്ധാന്തങ്ങളും മറച്ചു വെക്കുന്നവർ അവരെ അല്ലാഹു ശപിക്കും എന്നു മുതൽ കരുണാനിധി എന്നതുവരെ അദ്ദേഹം പാരായണം ചെയ്തു. നിശ്ചയം മുഹാജിറുകളായ ഞങ്ങളുടെ സഹോദരന്മാർ അങ്ങാടിയിൽ കച്ചവടം ചെയ്യുന്നവരായിരുന്നു. അൻസാരികളായ ഞങ്ങളുടെ സഹോദരന്മാർ അവരുടെ സമ്പത്തിൽ ജോലി ചെയ്യുന്നവരുമായിരുന്നു. എന്നാൽ അബൂഹുറൈറ: തന്റെ വിശപ്പ് മാത്രം മാററി വിട്ടുപിരിയാതെ തിരുമേനിയോടൊപ്പം ഇരിക്കുകയും അൻസാരികളും മുഹാജിറുകളും ഹാജരാവാത്ത രംഗങ്ങളിൽ ഹാജരാവുകയും അവർ ഹൃദിസ്ഥമാക്കാത്തത് ഹൃദിസ്ഥമാക്കുകയുമാണ് ചെയ്തിരുന്നത്. (ബുഖാരി. 1. 3. 118)

88. അബൂഹുറൈറ(റ) നിവേദനം: അദ്ദേഹം പറയുന്നു: അല്ലാഹുവിന്റെ ദൂതരെ! ഞാൻ അങ്ങയിൽ നിന്ന് ധാരാളം ഹദീസുകൾ കേൾക്കുന്നു. എന്നാൽ ഞാനതു ശേഷം മറന്നുപോകുന്നു. തിരുമേനി(സ) അരുളി: നീ നിന്റെ രണ്ടാം മുണ്ട് വിരിക്കുക. അപ്പോൾ ഞാനത് വിരിച്ചു. ഉടനെ തിരുമേനി(സ) തന്റെ കൈ കൊണ്ട് അതിൽ വാരി ഇട്ടു. എന്നിട്ട് അവിടുന്ന് അരുളി: നീ അത് ചേർത്ത് പിടിക്കുക. അപ്പോൾ ഞാനതു ചേർത്തുപിടിച്ചു. പിന്നീട് ഞാനൊന്നും മറന്നിട്ടില്ല. (ബുഖാരി. 1. 3. 119)

89. അബൂഹുറൈറ(റ) നിവേദനം: അദ്ദേഹം പറയുന്നു; രണ്ടു പാത്രം അറിവ് ഞാൻ നബി(സ) യിൽ നിന്ന് ഹൃദിസ്ഥമാക്കിയിട്ടുണ്ട്. അതിലൊന്ന് ഞാൻ തുറന്നു കാണിച്ചു. എന്നാൽ മറേറതു ഞാൻ തുറന്നു കാട്ടിയെങ്കിൽ ഈ അന്നനാളത്തെ മനുഷ്യർ മുറിച്ചുകളയുമായിരുന്നു. (ബുഖാരി. 1. 3. 121)

90. ജരീർ(റ) നിവേദനം: നിശ്ചയം തിരുമേനി ഹജ്ജത്തുൽ വദാഅ് ദിവസം നീ ജനങ്ങളോട് അടങ്ങിയിരിക്കാൻ പറയുക എന്നു അദ്ദേഹത്തോട് പറഞ്ഞു. ശേഷം നബി(സ) അരുളി: എനിക്ക് ശേഷം നിങ്ങൾ പരസ്പരം കഴുത്തറുക്കുന്ന അവിശ്വാസികളായി പരിണമിക്കരുത്. (ബുഖാരി. 1. 3. 122)

91. അബൂമൂസ(റ) നിവേദനം: ഒരു മനുഷ്യൻ നബി(സ)യുടെ അടുക്കൽ വന്നു ചോദിച്ചു. അല്ലാഹുവിന്റെ ദൂതരെ! അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള ധർമ്മസമരം ഏതാണ്? ഞങ്ങളിൽ ചിലർ കോപം ശമിപ്പിക്കുവാൻ യുദ്ധം ചെയ്യാറുണ്ട്. ചിലർ അഭിമാനസംരക്ഷണത്തിനും. അപ്പോൾ നബി(സ) അദ്ദേഹത്തിന്റെ നേരെ തല ഉയർത്തി നോക്കി. നിവേദകൻ പറയുന്നു: അവർ നിൽക്കുകയായിരുന്നതുകൊണ്ടാണ് അവിടുന്നു തല ഉയർത്തിയത്. എന്നിട്ട് അവിടുന്ന് അരുളി: അല്ലാഹുവിന്റെ മുദ്രാവാക്യം ഉയർന്നു നില്ക്കുവാൻ വേണ്ടി വല്ലവനും യുദ്ധം ചെയ്താൽ അതുതന്നെയാണ് ദൈവമാർഗ്ഗത്തിനുള്ള യുദ്ധം. (ബുഖാരി. 1. 3. 125)

92. അബ്ദുല്ല(റ) നിവേദനം: ഞാൻ ഒരിക്കൽ തിരുമേനിയോടൊപ്പം മദീനയിലെ വിജനമായ പ്രദേശത്തുകൂടെ നടന്നു കൊണ്ടിരിക്കുകയായിരുന്നു. അവിടുന്നു തന്റെ കൂടെയുള്ള ഈത്തപ്പനപ്പട്ടയുടെ ഒരു വടി നിലത്ത് ഊന്നിക്കൊണ്ടാണ് നടന്നിരുന്നത്. അങ്ങനെ തിരുമേനി(സ) ഒരു സംഘം ജൂതന്മാരുടെ മുമ്പിലെത്തി. അപ്പോൾ അവർ പരസ്പരം പറഞ്ഞു: നിങ്ങൾ അവനോട് ആത്മാവിനെക്കുറിച്ച് ചോദിച്ചു നോക്കുവിൻ. ചിലർ പറഞ്ഞു: ചോദിക്കരുത്. ചോദിച്ചാൽ നമുക്ക് അനിഷ്ടകരമായ എന്തെങ്കിലും അവൻ കൊണ്ടുവരും. മററു ചിലർ പറഞ്ഞു. നിശ്ചയം ഞങ്ങൾ ചോദിക്കുക തന്നെ ചെയ്യും. അങ്ങനെ അവരിൽ ഒരാൾ എഴുന്നേററ് നിന്ന് പറഞ്ഞു: ഓ! അബുഖാസിം എന്താണ് ആത്മാവ്! അവിടുന്ന് മൗനം

ദീക്ഷിച്ചു. അപ്പോൾ ഞാൻ പറഞ്ഞു: നിശ്ചയം നബി(സ)ക്ക് ദിവ്യസന്ദേശം ലഭിക്കുകയാണ്. എന്നിട്ട് ഞാൻ അവിടെതന്നെ നിന്നു. അങ്ങനെ ആ പ്രത്യേക പരിതസ്ഥിതി തിരുമേനിയെ വിട്ട് മാറിയപ്പോൾ അവിടുന്ന് ഇപ്രകാരം പാരായണം ചെയ്തു. 'ആത്മാവിനെക്കുറിച്ച് അവർ നിന്നോട് ചോദിക്കുന്നു. നീ പറയുക; ആത്മാവ് എന്റെ രക്ഷിതാവിന്റെ മാത്രം അറിവിൽ സ്ഥിതിചെയ്യുന്ന കാര്യങ്ങളിൽ പെട്ടതാണ്. വളരെ കുറഞ്ഞ വിജ്ഞാനം മാത്രമേ അവർക്ക് (മനുഷ്യർക്ക്) നല്കപ്പെട്ടിട്ടുള്ളൂ. ' (ബുഖാരി. 1. 3. 127)

93. അസ്വദ്(റ) നിവേദനം: അദ്ദേഹം പറയുന്നു: ഇബ്നുസുബൈർ ഒരിക്കൽ എന്നോട് ചോദിക്കുകയുണ്ടായി ആയിശ(റ) താങ്കളോട് ധാരാളം രഹസ്യം പറയാറുണ്ടായിരുന്നുവല്ലോ. കഅ്ബയെ സംബന്ധിച്ച് അവർ എന്താണ് നിന്നോട് പറഞ്ഞിട്ടുള്ളത്? ഞാൻ പറഞ്ഞു: അവർ എന്നോട് പറഞ്ഞു: തിരുമേനി(സ) ഒരിക്കൽ അരുളി: ഹേ! ആയിശാ! നിന്റെ ജനത സത്യനിഷേധവുമായി അടുത്ത കാലക്കാരായിരുന്നില്ലെങ്കിൽ കഅ്ബ. ഞാൻ പൊളിക്കുകയും എന്നിട്ട് അതിന് രണ്ടു വാതിലുകളുണ്ടാക്കുകയും ചെയ്യുമായിരുന്നു. ജനങ്ങൾക്ക് പ്രവേശിക്കുവാൻ ഒരു വാതിലും പുറത്തുകടക്കാൻ ഒരു വാതിലും. അതിനാൽ ഇബ്നുസുബൈർ അതു ചെയ്യുകയുണ്ടായി. (ബുഖാരി. 1. 3. 128)

94. അബൂതുഫൈൽ(റ) നിവേദനം: അലി(റ) അരുളി: ജനങ്ങളോട് അവർക്ക് മനസ്സിലാകുന്ന ശൈലിയിൽ നിങ്ങൾ സംസാരിക്കുവിൻ, അല്ലാഹുവും അവന്റെ ദൂതനും കളവാക്കപ്പെടുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ? (ബുഖാരി. 1. 3. 129)

95. അനസ്(റ) നിവേദനം: മുആദ് തിരുമേനി(സ)യുടെ കൂടെ ഒരൊട്ടകപ്പുറത്ത് യാത്ര ചെയ്യുകയായിരുന്നു. മുആദ് പിന്നിലാണിരുന്നത്. അന്നേരം തിരുമേനി(സ) ഓ! മുആദ്, എന്ന് വിളിച്ചു. അല്ലാഹുവിന്റെ ദൂതരേ! ഞാനിതാ ഹാജരായിരിക്കുന്നുവെന്ന് മുആദ് മറുപടി നല്കി. ഓ മുആദ് എന്ന് തിരുമേനി(സ) വീണ്ടും വിളിച്ചു. ഞാനിതാ മറുപടി നല്കുന്നുവെന്ന് മുആദ് പറഞ്ഞു. മൂന്ന് പ്രാവശ്യം ഇപ്രകാരം ആവർത്തിക്കപ്പെട്ടു. തിരുമേനി(സ) അരുളി: വല്ലവനും അല്ലാഹുവല്ലാതെ മറെറാരു ആരാധ്യനില്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്നും സത്യസന്ധമായ മനസ്സോടെ സാക്ഷ്യം വഹിച്ചാലോ അവന് അല്ലാഹു നരകം നിഷിദ്ധമാക്കപ്പെടും. ഇതു കേട്ടപ്പോൾ അല്ലാഹുവിന്റെ ദൂതരേ! ഈ സിദ്ധാന്തം ജനങ്ങളെ ഞാൻ അറിയിക്കട്ടെയോ എന്ന് മുആദ് ചോദിച്ചു. മനുഷ്യർക്ക് സന്തുഷ്ടരും സമാധാനചിത്തരുമായിരിക്കാമല്ലോ എന്നാണ് മുആദ് അതിനു കാരണം പറഞ്ഞത്. തിരുമേനി അരുളി; അങ്ങനെ നീ അറിയിച്ചാൽ അതിന്മേലവർ ചവിട്ടിപ്പിടിച്ചുനിൽക്കും. പിന്നീട് തന്റെ മരണവേളയിൽ മാത്രമാണ് മുആദ് ഇക്കാര്യം വെളിപ്പെടുത്തിയത്. നബി(സ)യുടെ ഹദീസ് മറച്ചുവെച്ചുവെന്ന കുററത്തിൽ നിന്ന് ഒഴിവാകാൻ വേണ്ടി. (ബുഖാരി. 1. 3. 130)

96. അനസ്(റ) നിവേദനം: എന്നോട് പറയപ്പെട്ടു: തിരുമേനി(സ) മുആദിനോട് പറഞ്ഞു: വല്ലവനും അല്ലാഹുവിൽ യാതൊന്നും പങ്ക് ചേർക്കാതെ അവനെ കണ്ടുമുട്ടിയാൽ സ്വർഗ്ഗത്തിൽ പ്രവേശിക്കും. അപ്പോൾ അദ്ദേഹം ചോദിച്ചു; ഞാൻ ജനങ്ങളെ ഈ സന്തോഷവാർത്ത അറിയിക്കട്ടെയോ? അവിടുന്ന് അരുളി: വേണ്ട, ജനങ്ങൾ അതിന്മേൽ മാത്രം അവലംബിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു. (ബുഖാരി. 1. 3. 131)

97. ഉമ്മു സലമ(റ) നിവേദനം: ഉമ്മു സുലൈം നബിയുടെ അടുക്കൽ വന്നിട്ട് ചോദിച്ചു. അല്ലാഹുവിന്റെ ദൂതരെ! അല്ലാഹു സത്യം അന്വേഷിക്കുന്നതിൽ ലജ്ജിക്കുകയില്ല. സ്ത്രീക്ക് സ്വപ്ന സ്ഖലനമുണ്ടായാൽ കുളിക്കേണ്ടതുണ്ടോ? നബി(സ) പറഞ്ഞു: അതെ, അവൾ ഇന്ദ്രിയം കണ്ടാൽ കുളിക്കണം. അപ്പോൾ ഉമ്മു സലമ(റ) അവരുടെ മുഖം മറക്കുകയും അല്ലാഹുവിന്റെ ദൂതരേ! സ്ത്രീക്ക് ഇന്ദ്രീയസ്ഖലനമുണ്ടാകുമോ? എന്ന് ചോദിക്കുകയും ചെയ്തു. നബി(സ) പറഞ്ഞു:

അതെ ഉണ്ടാകും. നീ എന്താണ് ചോദിക്കുന്നത്? അവൾക്ക് ഇന്ദ്രിയമില്ലെങ്കിൽ അവളുടെ സന്താനം അവളുടെ ആകൃതിയിൽ ജനിക്കുന്നതെങ്ങനെ? (ബുഖാരി. 1. 3. 132)

98. അലി(റ) നിവേദനം: (കാമവികാര സന്ദർഭത്തിൽ) മദിയ്യ് അധികമുള്ള ഒരാളായിരുന്നു ഞാൻ. തന്നിമിത്തം നബി(സ) യോട് അതിനെപ്പററി ചോദിക്കാൻ മിക്ദാദിനോട് ഞാൻ ആവശ്യപ്പട്ടു. അദ്ദേഹം നബി(സ) യോട് ചോദിച്ചു. അപ്പോൾ തിരുമേനി(സ) അരുളി: അങ്ങനെ യുണ്ടാവുമ്പോൾ വുളു ചെയ്താൽ മതി. കുളിക്കേണ്ടതില്ല. (ബുഖാരി. 1. 3. 134)

99. ഇബ്നുഉമർ(റ) നിവേദനം: ഹജ്ജിൽ പ്രവേശിച്ചവൻ എന്തു വസ്ത്രമാണ് ധരിക്കേണ്ടതെന്ന് ഒരാൾ നബി(സ) യോട് ചോദിച്ചു. അവിടുന്ന് അരുളി: കുപ്പായം, തലപ്പാവ്, പൈജാമ, തൊപ്പി, വർസോ അല്ലെങ്കിൽ കുങ്കുമമോപൂശിയ വസ്ത്രം ഇവയൊന്നും ധരിക്കരുത്. അവന്നു ചെരിപ്പില്ലെങ്കിൽ ബൂട്ട്സ് ധരിച്ചുകൊള്ളട്ടെ. അവ രണ്ടിനെയും നെരിയാണിയുടെ താഴ്ഭാഗത്തുവെച്ച് അവൻ മുറിച്ചുകളയട്ടെ. (ബുഖാരി. 1. 3. 136)

100. അബൂഹുറയ്റാ(റ) നിവേദനം ചെയ്തു. അൻസാരികളിൽ നിന്ന് ഒരാൾ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരെ, എന്നെ വളരെക്കൂടുതൽ സന്തോഷിപ്പിച്ച ഒരു ഹദീസ് ഞാൻ അങ്ങയിൽ നിന്നു കേൾക്കുന്നു. എന്നാൽ എനിക്കതു ഓർമ്മയിൽ വെക്കുവാൻ സാദ്ധ്യമല്ല'. അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: 'താങ്കളുടെ വലത്തുകൈയുടെ സഹായം തേടുക. ' അവിടുന്നു എഴുതുവാൻ കൈകൊണ്ട് ആംഗ്യം കാണിച്ചു. (തിർമിദി)

101. അബൂഹുറയ്റാ(റ) പറഞ്ഞു, അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: ജനങ്ങൾ, സ്വർണ്ണത്തിന്റേയും വെള്ളിയുടേയും ഖനികൾപോലെ, ഖനികളാണ്. അവരിൽ അജ്ഞാനകാലത്തു ശ്രേഷ്ഠനായവൻ, അറിവു സമ്പാദിക്കുമ്പോൾ ഇസ്ലാമിലും കൂടുതൽ ശ്രേഷ്ഠനായിത്തീരുന്നു. (മുസ്ലിം)

102. അബൂഹുറയ്റാ(റ) പറഞ്ഞു, അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: വിജ്ഞാനമുള്ള വാക്കു വിശ്വാസിയുടെ കളഞ്ഞുപോയ സ്വത്താണ്. അതിനാൽ അതെവിടെ കണ്ടാലും അതിന്മേൽ അവന് കൂടുതൽ അവകാശമുണ്ട്. (തിർമിദി)

103. അനസ്(റ) പറഞ്ഞു, അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: വിജ്ഞാനം തേടി പുറപ്പെട്ടുപോകുന്നവൻ തിരികെ വരുന്നതുവരെ അല്ലാഹുവിന്റെ മാർഗ്ഗത്തിലാകുന്നു. (തിർമിദി)

104. അനസ്(റ) പറഞ്ഞു, അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: ജ്ഞാനസമ്പാദനം എല്ലാ മുസ്ലീംകളുടേയും കർത്തവ്യമാണ്. (ബൈഹഖി)

105. അനസി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: വിദ്യ അഭ്യസിപ്പിക്കാൻ വേണ്ടി പുറപ്പെട്ടവൻ അതിൽ നിന്ന് വിരമിക്കുന്നതുവരെ അല്ലാഹുവിന്റെ മാർഗ്ഗത്തിലാണ്. (തിർമിദി)

106. അബൂസഈദിൽ ഖുദ്രിയ്യി(റ)ൽ നിന്ന് നിവേദനം: ഒരു സത്യവിശ്വാസിയും നന്മകൊണ്ട് വയറ് നിറക്കുകയില്ല – അവന്റെ അന്ത്യം സ്വർഗ്ഗമാകുന്നതുവരെ (എത്ര നന്മ ലഭിച്ചാലും അവൻ അതുകൊണ്ട്മതിയായവനാകുകയില്ല) (തിർമിദി)

107. അബൂഉമാമ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) അരുൾ ചെയ്തു: ഭക്തനേക്കാൾ പണ്ഡിതന്റെ മഹത്വം നിങ്ങളിൽ താഴ്ന്നവരേക്കാൾ എനിക്കുള്ള മാഹാത്മ്യം പോലെയാണ്. എന്നിട്ട് റസൂൽ(സ) പറഞ്ഞു: നിശ്ചയം, അല്ലാഹുവിന്റെ മലക്കുകളും ആകാശഭൂമിയിലുള്ളവരും മാളത്തിലെ ഉറുമ്പും മത്സ്യവും കൂടി ജനങ്ങൾക്ക് നല്ലത്

പഠിപ്പിച്ച് കൊടുക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കുന്നതാണ്. അല്ലാഹു അവർക്ക് അനുഗ്രഹം ചൊരിയുന്നു. (തിർമിദി)

108. അബുദ്ദർദാഇ(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു: മതവിദ്യ അഭ്യസിക്കാൻ ആരെങ്കിലും വല്ല വഴിയിലും പ്രവേശിച്ചാൽ സ്വർഗ്ഗത്തിലേക്കുള്ള മാർഗ്ഗം അവന് അല്ലാഹു എളുപ്പമാക്കിക്കൊടുക്കും. നിശ്ചയം, മലക്കുകൾ മതവിദ്യാർത്ഥിക്ക് അവരുടെ പ്രവൃത്തിയിലുള്ള സന്തോഷം കാരണം ചിറക് താഴ്ത്തിക്കൊടുക്കുന്നതാണ്. ആകാശഭൂമികളിലുള്ളവർ– വെള്ളത്തിലെ മത്സ്യവും കൂടി – പണ്ഡിതന്റെ പാപമോചനത്തിനുവേണ്ടി പ്രാർത്ഥിക്കും. (വിവരമില്ലാത്ത) ആബിദിനേക്കാൾ വിവരമുള്ള ആബിദിനുള്ള ശ്രേഷ്ഠത നക്ഷത്രങ്ങളേക്കാൾ ചന്ദ്രനുള്ള ശ്രേഷ്ഠത പോലെയാണ്. മാത്രമല്ല, പണ്ഡിതന്മാരാണ് നബി(സ)യുടെ അനന്തരാവകാശികൾ. നബിമാരാകട്ടെ, സ്വർണ്ണവും വെള്ളിയും അനന്തരസ്വത്തായി ഉപേക്ഷിച്ചിട്ടില്ല. മതവിദ്യയാണ് അവർ അനന്തരമായി വിട്ടേച്ചു പോയത്. അതുകൊണ്ട് അതാരെങ്കിലും കരസ്ഥമാക്കിയാൽ ഒരു മഹാഭാഗ്യമാണവൻ കരസ്ഥമാക്കിയത്. (അബൂദാവൂദ്, തിർമിദി)

109. ഇബ്നുമസ്ഊദി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു. നമ്മുടെ പക്കൽ നിന്ന് കേട്ടുപഠിക്കുകയും കേട്ടതുപോലെത്തന്നെ പ്രബോധനം ചെയ്യുകയും ചെയ്ത വ്യക്തിയെ അല്ലാഹു പ്രകാശിപ്പിക്കട്ടെ. (അനുഗ്രഹിക്കട്ടെ) എത്ര മുബല്ലഗാണ് (പഠിച്ചവരിൽ നിന്ന് കേട്ട് മനസ്സിലാക്കിയവൻ) നേരിൽ കേട്ട് മനസ്സിലാക്കിയവരേക്കാൾ നന്നായി പഠിച്ചിട്ടുള്ളവൻ (തിർമിദി)

110. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: ആരെങ്കിലും ഒരുകാര്യത്തെ സംബന്ധിച്ചു ചോദിക്കപ്പെട്ടു. എന്നിട്ടവനത് മറച്ചുവെച്ചു. എങ്കിൽ അന്ത്യദിനത്തിൽ അവന്ന് തീയാലുള്ള കടിഞ്ഞാണിടപ്പെടും. (അബൂദാവൂദ്, തിർമിദി) (മതകാര്യങ്ങളിൽ വിവരമുള്ളത് മറച്ച് വെക്കാൻ പാടുള്ളതല്ല)

111. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) അരുൾ ചെയ്തു: അല്ലാഹുവിന്റെ പ്രീതി നേടാനുതകുന്ന ജ്ഞാനം വല്ലവനും പഠിച്ചു. അവനത് പഠിച്ചതോ ഐഹിക നന്മ ഉദ്ദേശിച്ചുകൊണ്ട് മാത്രമാണുതാനും. എങ്കിൽ അന്ത്യദിനത്തിൽ അവൻ സ്വർഗ്ഗത്തിന്റെ വാസനപോലും എത്തിക്കുകയില്ല. (അഥവാ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല) (അബൂദാവൂദ്)

112. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: ഇസ്റാഇന്റെ രാത്രിയിൽ നബി(സ)യുടെ അടുത്ത് പാലും കള്ളും നിറക്കപ്പെട്ട രണ്ട് കപ്പ് വെക്കപ്പെട്ടു. അവ രണ്ടിലേക്കും അവിടുന്ന് നോക്കിയിട്ട് പാല് എടുത്തപ്പോൾ ജിബ്രീൽ (അ) പറഞ്ഞു: പരിശുദ്ധ ഇസ്ലാമിലേക്ക് അങ്ങയെ മാർഗ്ഗദർശനം ചെയ്ത അല്ലാഹുവിനാണ് സർവ്വസ്തുതിയും. കള്ളാണ് അങ്ങ് എടുത്തതെങ്കിൽ അങ്ങയുടെ അനുയായികൾ വഴിതെററിയവരാകുമായിരുന്നു. (മുസ്ലിം)

## 4. ശുദ്ധി

113. അബുമാലിക്കു(റ) പറഞ്ഞു, അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: ശുദ്ധി, വിശ്വാസത്തിന്റെ നേർപകുതിയാകുന്നു. (മുസ്ലിം)

114. ജാബിർ(റ) പറഞ്ഞു, ദൈവദൂതൻ(സ) പറഞ്ഞു: സ്വർഗ്ഗത്തിന്റെ താക്കോൽ നമസ്കാരവും നമസ്കാരത്തിന്റെ താക്കോൽ ശുദ്ധീകരണവും ആകുന്നു. (അഹ്മദ്)

115. ആയിശ(റ) പറഞ്ഞു, അല്ലാഹുവിന്റെ പ്രവാചകൻ(സ) പറഞ്ഞു: നിങ്ങളിൽ ആരെങ്കിലും വിസർജ്ജനത്തിന് പോകുമ്പോൾ, ശുദ്ധീകരണത്തിനായി അയാൾ മൂന്ന് കല്ല് കൊണ്ട് പോകട്ടെ. എന്തുകൊണ്ടെന്നാൽ ഇവ അവനു മതിയാകുന്നതാണ്. (അബൂദാവൂദ്)

116. ജാബിർ(റ) പറഞ്ഞു, വിസർജ്ജനത്തിനു ആവശ്യമായപ്പോൾ പ്രവാചകൻ(സ) അദ്ദേഹത്തെ ആർക്കും കാണാതാകുന്നതുവരെ (ദൂരസ്ഥലത്തേക്ക്) പോയി. (അബൂദാവൂദ്)

117. അബുമൂസാ(റ) നിവേദനം ചെയ്തു, പ്രവാചകൻ(സ) പറഞ്ഞു: നിങ്ങളിൽ ആരെങ്കിലും മൂത്രവിസർജ്ജനത്തിനുള്ള സ്ഥലം ആരാഞ്ഞുകൊള്ളട്ടെ. (അബൂദാവൂദ്)

118. ആയിശ(റ) പറഞ്ഞു, അല്ലാഹുവിന്റെ ദൂതന്റെ(സ) വലതു കൈ തന്റെ വുസുവിനും തന്റെ ആഹാരത്തിനും ആയിരുന്നു; ഇടതു കൈ, വിസർജ്ജനത്തിന് ശേഷം ശുദ്ധീകരിക്കുന്നതിനും വൃത്തിഹീനമായ സാധനങ്ങൾ നീക്കം ചെയ്യുന്നതിനും ആയിരുന്നു. (അബൂദാവൂദ്)

119. മുആദു(റ) പറഞ്ഞു, അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: ശപിക്കപ്പെട്ട മുന്നു കാര്യങ്ങളിൽനിന്നു പിൻമാറുക: ഉറവുകൾക്കു സമീപവും, വഴിയിലും, (മനുഷ്യൻ വിശ്രമിക്കുന്ന) തണലിലും വിസർജ്ജിക്കുന്നത്. (അബൂദാവൂദ്)

120. അബൂഹുറയ്റാ(റ) പറഞ്ഞു: പ്രവാചകൻ(സ) കക്കൂസിലേക്ക് പോയപ്പോൾ, ഞാൻ അവിടുന്നിനു ഒരു ചെറുപാത്രത്തിലോ തോൽസഞ്ചിയിലോ വെള്ളം കൊണ്ടുവരികയും, അവിടുന്ന് വെള്ളം ശുദ്ധീകരണത്തിനായി ഉപയോഗിക്കുകയും, പിന്നീട് കന്റെ കയ്യ് മണ്ണിൽ തേക്കുകയും പിന്നീട് ഞാൻ അവിടുന്നിന് മറെറാരു പാത്രം വെള്ളം കൊണ്ടുവരികയും അവിടുന്നു വുസു ഉണ്ടാക്കുകയും ചെയ്തു (അബൂദാവൂദ്)

121. ആയിശ(റ) പറഞ്ഞു: പ്രവാചകൻ(സ) കക്കൂസിൽ നിന്ന് പുറത്ത് വരുമ്പോൾ പറയുക പതിവായിരുന്നു: നിന്റെ (രക്ഷിതാവിന്റെ) പാപമോചനത്തെ ഞാൻ തേടുന്നു. (തിർമിദി)

122. അനസ്(റ) പറഞ്ഞു: പ്രവാചകൻ(സ) കക്കൂസിൽ നിന്ന് പുറത്ത് വന്നപ്പോൾ അവിടുന്നു പറയുക പതിവായിരുന്നു. എന്നിൽ നിന്ന് മാലിന്യത്തെ നീക്കം ചെയ്കയും എനിക്ക് ആരോഗ്യത്തെ പ്രദാനം ചെയ്കയും ചെയ്ത അല്ലാഹുവിനാകുന്നു സർവ്വസ്തോത്രങ്ങളും. (ഇബ്നുമാജാ)

123. ആയിശ(റ) പറഞ്ഞു: രാത്രിയിലോ പകലോ പ്രവാചകൻ(സ) ഉണർന്നെഴുന്നേററാൽ മിസ്വാക്ക് (ദന്തധാവിനി) ഉപയോഗിക്കുന്നതിനു മുമ്പായി വുസു ചെയ്യാറില്ല. (അബൂദാവൂദ്)

124. ശുറൈഹിബ്നുഹാനി(റ) പറഞ്ഞു: ഞാൻ ആയിശയോടു ചോദിച്ചു: അല്ലാഹുവിന്റെ ദൂതൻ(സ) സ്വഗൃഹത്തിൽ പ്രവേശിച്ചുകഴിഞ്ഞാൽ ഒന്നാമതായി ചെയ്തതെന്തായിരുന്നു? അവർ പറഞ്ഞു: പല്ലുതേയ്ക്കൽ (മുസ്ലിം)

125. ആയിശ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ)ക്ക് ബ്രഷും ശുചീകരിക്കാനുള്ള വെള്ളവും ഞങ്ങൾ ഒരുക്കി വെക്കുമായിരുന്നു. രാത്രി ഉണർത്താനുദ്ദേശിക്കുന്ന സമയത്ത് അല്ലാഹു അദ്ദേഹത്തെ ഉണർത്തും. അനന്തരം അവിടുന്ന് ബ്രഷ് ചെയ്യുകയും വുളു എടുക്കുകയും നമസ്കരിക്കുകയും ചെയ്തിരുന്നു. (മുസ്ലിം)

126. ശുറൈഹി(റ)ൽ നിന്ന് നിവേദനം: ഞാൻ ആയിശ(റ) യോടു ചോദിച്ചു. നബി(സ) വീട്ടിൽ കയറിയാൽ ആദ്യമായി തുടങ്ങുന്നതെന്തായിരുന്നു? ബ്രഷ് ചെയ്യലാണെന്ന് അവർ മറുപടി പറഞ്ഞു, (മുസ്ലിം)

127. ആയിശ(റ)യിൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു: ബ്രഷ് ചെയ്യൽ വായയുടെ ശുദ്ധീകരണവും അല്ലാഹുവിന് ഇഷ്ടപ്പെട്ടതുമാകുന്നു. (നസാഈ)

128. ആയിശ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പ്രഖ്യാപിച്ചു. പത്തുകാര്യം നബിമാരുടെ ചര്യകളിൽ പെട്ടതാകുന്നു. മീശ വെട്ടുക. 2 താടി വളർത്തുക, ബ്രഷ് ചെയ്യുക. 4. (വുളുവിൽ) മൂക്കിൽ വെള്ളം കയററുക, 5 നഖം വെട്ടുക, ബറാജിം (വിരൽമടക്കുകൾ) കഴുകുക, 7 കക്ഷം പറിക്കുക. 8 ആനത്ത് (ഗുഹ്യഭാഗത്തെ രോമങ്ങൾ ) കളയുക, ശൗചം ചെയ്യുക. റിപ്പോർട്ടർ പറയുന്നു: പത്താമത്തേത് ഞാൻ മറന്നുപോയി. അത് വായ കഴുകലായേക്കാം. (മുസ്ലിം)

## 5. വുളുഅ്

129. ഹമ്മാമ്(റ) നിവേദനം: അബൂഹുറൈറ(റ) പറയുന്നതായി അദ്ദേഹം കേട്ടു. തിരുമേനി(സ) അരുളി: വുളു എടുക്കുന്നതുവരെ ചെറിയ അശുദ്ധിയുള്ളവന്റെ നമസ്ക്കാരം സ്വീകരിക്കപ്പെടുകയില്ല. അപ്പോൾ ഒരു ഹളറമൗത്തുകാരൻ ഹസ്രത്ത് അബൂഹുറൈറ(റ) യോട് ചോദിച്ചു: ഓ!അബുഹുറൈറ! എങ്ങിനെയാണ് ചെറിയ അശുദ്ധിയുണ്ടാവുക? അദ്ദേഹം പറഞ്ഞു: ശബ്ദത്തോട് കൂടിയോ അല്ലാതെയോ വായു പുറത്തുപോവുക. (ബുഖാരി. 1. 4. 137)

130. നുഐം(റ) നിവേദനം: അബൂഹുറൈറ(റ)യുടെ കൂടെ ഞാനൊരിക്കൽ പള്ളിയുടെ മുകളിൽ കയറി. വുളു എടുത്തശേഷം അദ്ദേഹം പറഞ്ഞു: തിരുമേനി(സ) അരുളുന്നത് ഞാൻ കേട്ടിട്ടുണ്ട്. നിശ്ചയം എന്റെ സമുദായം പുനുരുത്ഥാന ദിവസം (അല്ലാഹുവിന്റെ സന്നിധിയിലേക്ക്) വിളിക്കപ്പെടുമ്പോൾ വുളുവിന്റെ അടയാളം കാരണം അവരുടെ മുഖവും കൈകാലുകളും പ്രകാശിച്ചിരിക്കും. (അബൂഹുറൈറ പറയുന്നു) അതുകൊണ്ട് നിങ്ങളിൽ ആർക്കെങ്കിലും മുഖത്തിന്റെശോഭ വ്യാപിപ്പിക്കാൻ സാധിക്കുമെങ്കിൽ അവനതു ചെയ്യട്ടെ. (ബുഖാരി. 1. 4. 138)

131. ഉബാദ്ബ്നു തമീമ് തന്റെ പിതൃവ്യനിൽ നിന്ന് നിവേദനം ചെയ്യുന്നു. അദ്ദേഹം നബിയോട് ചോദിച്ചു: നമസ്ക്കാരത്തിൽ വുളു മുറിയുന്ന എന്തെങ്കിലും ഉണ്ടായി എന്നു തോന്നുന്ന മനുഷ്യൻ എന്തു ചെയ്യണം? തിരുമേനി(സ) അരുളി: ശബ്ദം കേൾക്കുകയോ മണം അനുഭവപ്പെടുകയോ ചെയ്യുന്നത് വരെ നമസ്ക്കാരം വിട്ടു തിരിഞ്ഞു പോകേണ്ടതില്ല. (ബുഖാരി. 1. 4. 139)

132. ഇബ്നുഅബ്ബാസ്(റ) നിവേദനം: ആദ്ദേഹം പറയുന്നു: എന്റെ മാതൃസഹോദരിയുടെ അടുക്കൽ ഞാനൊരു രാത്രി താമസിച്ചു. ആ രാത്രിയിൽ നബി(സ) (പതിവുപോലെ) രാത്രി നമസ്ക്കാരം നിർവ്വഹിക്കുകയുണ്ടായി. അതായതു രാത്രി കുറച്ചു കഴിഞ്ഞപ്പോൾ അവിടുന്നു എഴുന്നേററു കെട്ടി തൂക്കിയിരുന്ന ഒരു പാത്രത്തിൽ നിന്ന് ലഘുവായ നിലക്ക് വുളു എടുത്തു. അംറ് (നിവേദകൻ) അതിനെ ലഘുവാക്കികൊണ്ട് കാണിച്ചു. അനന്തരം തിരുമേനി(സ) നമസ്ക്കരിക്കാൻ നിന്നു. അപ്പോൾ തിരുമേനി വുളു എടുത്തതുപോലെ ഞാനും വുളു എടുത്തു. എന്നിട്ട് അവിടുത്തെ ഇടതുഭാഗത്തു ചെന്നു നിന്നു. (സൂഫ്യാൻ (മറെറാരു നിവേദകൻ) ചിലപ്പോൾ പറഞ്ഞത് ശിമാൽഎന്നാണ്) അപ്പോൾ തിരുമേനി(സ) എന്നെ വലതുഭാഗത്തേക്കാക്കുകയും എന്നിട്ട് കുറച്ച് നമസ്കരിക്കുകയും ചെയ്തു. ശേഷം അവിടുന്ന് ചെരിഞ്ഞു കിടന്നു. കൂർക്കം വലിക്കുന്നതുവരെ ഉറങ്ങി. പിന്നീട് ബാങ്കു വിളിക്കാരൻ വന്നു നമസ്കാരത്തിന് ബാങ്ക് വിളിച്ചു. അപ്പോൾ അവിടുന്നു നമസ്കരിക്കുവാൻ അയാളുടെ കൂടെ പുറപ്പെട്ടു. (പുതിയ) വുളു എടുക്കാതെ നമസ്ക്കരിക്കുകയും ചെയ്തു. അംറിനോട് ഞങ്ങൾ പറഞ്ഞു. ചില ആളുകൾ പറയുന്നു: അല്ലാഹുവിന്റെ ദൂതന്റെ കണ്ണു ഉറങ്ങുന്നു, എന്നാൽ ഹൃദയം ഉറങ്ങുന്നില്ല. അംറ് പറഞ്ഞു: ഉബൈദുല്ല പറയുന്നത് ഞാൻ കേട്ടിരിക്കുന്നു. പ്രവാചകന്മാരുടെ സ്വപ്നം ദിവ്യസന്ദേശമാണ്. എന്നിട്ട് അദ്ദേഹം പാരായണം ചെയ്തു. നിശ്ചയം നിന്നെ അറുക്കുന്നവനായി ഞാനിതാ സ്വപ്നത്തിൽ കാണുന്നു. (ബുഖാരി. 1. 4. 140)

133. ഉസാമത്ബ്നു സൈദ്(റ) നിവേദനം: തിരുമേനി(സ) അറഫയിൽ നിന്ന് പുറപ്പെട്ടു. അങ്ങനെ വഴിയിലുള്ള മലയിടുക്കിൽ എത്തിയപ്പോൾ വാഹനത്തിൽ നിന്നിറങ്ങി മൂത്രമൊഴിച്ചു. ശേഷം വുളു എടുത്തു. പക്ഷെ വുളു പൂർത്തിയാക്കിയില്ല. അപ്പോൾ ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ? നമസ്കാരത്തിന്റെ സമയമാണല്ലോ. അവിടുന്നു പറഞ്ഞു: നമസ്കാരം നിന്റെ മുമ്പിലാണ്. (കുറച്ചു പോയിട്ട് നമസ്ക്കരിക്കാം. അങ്ങനെ മുസ്ദലിഫയിലെത്തിയപ്പോൾ അവിടെയിറങ്ങി വുളുചെയ്തു. വുളു പൂർണ്ണമാക്കുകയും ചെയ്തു. പിന്നെ ഇഖാമത്ത് കൊടുത്തപ്പോൾ അവിടുന്ന് മഗ്രിബ് നമസ്ക്കരിച്ചു. ശേഷം എല്ലാവരും അവരുടെ ഒട്ടകങ്ങളെ അവരുടെ താവളങ്ങളിലേക്ക് കൊണ്ട്പോയി വിട്ടു. പിന്നെ ഇശാ നമസ്ക്കാരത്തിന് ഇഖാമത്ത് കൊടുത്തപ്പോൾ അവിടുന്ന് ഇശാ നമസ്ക്കരിച്ചു. അവയ്ക്കിടയിൽ വേറെ യാതൊന്നും നമസ്ക്കരിച്ചില്ല. (ബുഖാരി. 1. 4. 141)

134. ഇബ്നു അബ്ബാസ്(റ) നിവേദനം: അദ്ദേഹം ഒരിക്കൽ വുളു എടുത്തു. ഒരു കൈ കൊണ്ട് ഒരു കോരൽ വെള്ളമെടുത്ത് കുലുക്കുഴിയുകയും മൂക്കിൽ കയററുകയും ചെയ്തു. പിന്നീട് ഒരു കോരൽ വെള്ളമെടുത്ത് മറേറ കൈയോട് ചേർത്ത് രണ്ടു കൈകൊണ്ടും കൂടി മുഖം കഴുകി. പിന്നെ ഒരു കോരൽ വെള്ളമെടുത്ത് വലതുകൈ കഴുകി. ഒരു കോരൽ വെള്ളമെടുത്ത് ഇടതുകൈയും കഴുകി. അനന്തരം തല തടവി. പിന്നെ ഒരു കോരൽ വെള്ളമെടുത്ത് വലതുകാലിന്മേൽ കുടഞ്ഞു. അതു കഴുകി. എന്നിട്ട് മററൊരു കോരൽ വെള്ളമെടുത്ത് ഇടതുകാലും കഴുകി ശേഷം അദ്ദേഹം പ്രസ്താവിച്ചു. നബി(സ) ഇപ്രകാരം വുളു ചെയ്യുന്നത് ഞാൻ കണ്ടിട്ടുണ്ട്. (ബുഖാരി. 1. 4. 142)

135. ഇബ്നുഅബ്ബാസ്(റ) നിവേദനം: തിരുമേനി(സ) അരുൾ ചെയ്തിരിക്കുന്നു. നിങ്ങളിൽ ആരെങ്കിലും തന്റെ ഭാര്യയെ സമീപിക്കുമ്പോൾ അല്ലാഹുവിന്റെ നാമത്തിൽ അല്ലാഹുവേ! ഞങ്ങളിൽ നിന്നും ഞങ്ങൾക്ക് നീ പ്രദാനം ചെയ്യുന്നതിൽ നിന്നും പിശാചിനെ അകറേറണമേ! എന്നു പ്രാർത്ഥിക്കുകയും അങ്ങനെ അവർക്ക് ഒരു സന്താനം വിധിക്കപ്പെടുകയും ചെയ്താൽ അതിനെ പിശാച് ദ്രോഹിക്കുകയില്ല. ( (ബുഖാരി. 1. 4. 143)

136. അനസ്(റ) നിവേദനം: തിരുമേനി(സ) മലമൂത്ര വിസർജ്ജന സ്ഥലത്ത് പ്രവേശിക്കുമ്പോൾ, അല്ലാഹുവേ! അല്ലാതരം ആൺ, പെൺ മലിനവസ്തുക്കളിൽ നിന്ന് ഞാൻ നിന്നോട് അഭയം പ്രാപിക്കുന്നു എന്നു പ്രാർത്ഥിക്കാറുണ്ട്. (ബുഖാരി. 1. 4. 144)

137. ഇബ്നുഅബ്ബാസ്(റ) നിവേദനം: ഒരിക്കൽ നബി(സ) മലമൂത്ര വിസർജ്ജനസ്ഥലത്തു പ്രവേശിച്ചപ്പോൾ ഞാൻ ശുദ്ധിയാക്കുവാനുള്ള വെള്ളം കൊണ്ടു പോയി വെച്ചുകൊടുത്തു. അവിടുന്നു ചോദിച്ചു; ആരാണിത് കൊണ്ടുവെച്ചത്? ഇബ്നുഅബ്ബാസാണെന്ന് ആരോപറഞ്ഞു: അപ്പോൾ അവിടുന്ന് പ്രാർത്ഥിച്ചു. അല്ലാഹുവെ! നീ അവന് മതത്തിൽ വിജ്ഞാനം നൽകേണമേ. (ബുഖാരി. 1. 4. 145)

138. അബു ആയ്യൂബിൽ അൻസാരി(റ) നിവേദനം: തിരുമേനി(സ) അരുളി: നിങ്ങളിൽ വല്ലവനും മലമൂത്രവിസർജ്ജനസ്ഥലത്തു ചെന്നാൽ ഖിബ്ലക്ക് അഭിമുഖമായിട്ടോ പുറം തിരിഞ്ഞോ ഇരിക്കരുത്. നിങ്ങൾ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിഞ്ഞിരിക്കുക. (ബുഖാരി. 1. 4. 146)

139. അബ്ദുല്ലാഹിബ്നു ഉമർ(റ) നിവേദനം: അദ്ദേഹം പറയാറുണ്ടായിരുന്നു. ചില മനുഷ്യരിതാ പറയുന്നു: നീ മലമൂത്ര വിസർജ്ജനത്തിനിരുന്നാൽ കഅ്ബ:യുടെ നേരെയോ ബൈത്തുൽ മുഖദ്ദസിന്റെ നേരെയോ തിരിഞ്ഞിരിക്കരുത്. ഒരു ദിവസം ഞാൻ ഞങ്ങളുടെ ഒരു വീടിന്റെ മുകളിൽ കയറിയപ്പോൾ ബൈത്തുൽ മുഖദ്ദസിന്റെ നേരെ തിരിഞ്ഞു രണ്ടു ഇഷ്ടികയിന്മേൽ ഇരു

ന്നുകൊണ്ട് നബി(സ) മലമൂത്രവിസർജ്ജനം ചെയ്യുന്നത് ഞാൻ കണ്ടിരുന്നു. (ബുഖാരി. 1. 4. 147)

140. ആയിശ(റ) നിവേദനം: തിരുമേനിയുടെ പത്നിമാർ മലമൂത്രവിസർജ്ജനത്തിനു വേണ്ടി രാത്രിയിൽ മനാസ്വിഅ്ലേക്ക് പോകാറുണ്ടായിരുന്നു. തുറന്ന് കിടക്കുന്ന വിശാലമായ മൈതാനമാണത്. ഉമർ(റ) നബിയോട് പറയാറുണ്ട്. അങ്ങയുടെ പത്നിമാർക്ക് താങ്കൾ മറ സ്വീകരിക്കുക. എന്നാൽ നബി(സ) അതു ചെയ്യാറുണ്ടായിരുന്നില്ല. അങ്ങനെ ഒരു ദിവസം ഇശാ സമയത്ത് സംഅയുടെ പുത്രിയും നബി(സ)യുടെ ഭാര്യയുമായ സൗദ മലമൂത്ര വിസർജ്ജനത്തിന് പുറപ്പെടുകയുണ്ടായി. അവർ ഒരു പൊക്കമുള്ള സ്ത്രീയായിരുന്നു. തന്നിമിത്തം ഉമർ(റ) വഴിക്ക് വെച്ച് അവരെ വിളിക്കുകയും ഹേ! സൗദാ! ഞങ്ങൾ നിങ്ങളെ അറിഞ്ഞിരിക്കുന്നു എന്നു പറയുകയും ചെയ്തു. മറയുടെ നിയമം ഇറങ്ങുവാൻ ആഗ്രഹിച്ചുകൊണ്ടായിരുന്നു. ഉമർ(റ) ഇപ്രകാരം വിളിച്ചുപറഞ്ഞത്. അപ്പോൾ അല്ലാഹു മറയുടെ കല്പന അവതരിപ്പിച്ചു. (ബുഖാരി. 1. 4. 148)

141. ആയിശ(റ) നിവേദനം: തിരുമേനി(സ) അരുളി: നിങ്ങളുടെ ആവശ്യത്തിന് നിങ്ങൾക്ക് പുറത്തുപോകുവാൻ അനുവാദം തന്നിരിക്കുന്നു. ഹിശ്ശാമ് പറയുന്നു. അതായത് മലമൂത്രവിസർജ്ജനത്തിന്. (ബുഖാരി. 1. 4. 149)

142. ഇബ്നുഉമർ(റ) നിവേദനം: എന്റെ ചില ആവശ്യത്തിനുവേണ്ടി ഹഫ്സ(റ)യുടെ വീട്ടിന് മുകളിൽ ഞാൻ കയറി. അപ്പോൾ തിരുമേനി(സ) ഖിബ്ലക്ക് പിന്നിട്ടു ശാമിന്റെ നേരെ തിരിഞ്ഞു മലമൂത്രവിസർജ്ജനം ചെയ്യുന്നത് ഞാൻ കണ്ടു. (ബുഖാരി. 1. 4. 150)

143. അനസ്(റ) നിവേദനം: അല്ലാഹുവിന്റെ ദൂതൻ മലമൂത്ര വിസർജ്ജനത്തിനു പോയാൽ ഞാനും ഞങ്ങളുടെ കൂടെയുണ്ടായിരുന്ന ഒരു ബാലനും തിരുമേനിക്ക് വെള്ളം കൊണ്ടുപോയി വെച്ചുകൊടുക്കാറുണ്ട്. മററൊരു നിവേദനത്തിൽ വെള്ളവും ഒരു വടിയും എന്നു പറയുന്നു. അങ്ങനെ ആ വെള്ളം കൊണ്ടുതിരുമേനി(സ) ശൗച്യം ചെയ്യും. (ബുഖാരി. 1. 4. 152)

144. അബൂഖതാദ(റ) നിവേദനം: തിരുമേനി(സ) അരുളി: നിങ്ങളിൽ ആരെങ്കിലും കുടിക്കുമ്പോൾ ആ പാത്രത്തിലേക്ക് ശ്വാസം വിടാതിരിക്കട്ടെ. മലമൂത്ര വിസർജ്ജനസമയത്ത് ചെന്നാൽ വലം കൈകൊണ്ട് ശുചീകരിക്കുകയോ വലം കൈ കൊണ്ട് ലിംഗത്തെ തൊടുകയോ ചെയ്യരുത്. (ബുഖാരി. 1. 4. 155)

145. അബൂഖതാദ(റ) നിവേദനം: നബി(സ) അരുളി: നിങ്ങളിൽ ആരെങ്കിലും മൂത്രിക്കുകയാണെങ്കിൽ വലം കൈ കൊണ്ട് ശൗച്യം ചെയ്യുകയോപാത്രത്തിൽ ശ്വാസം വിടുകയോ ചെയ്യരുത്. (ബുഖാരി. 1. 4. 156)

146. അബൂഹുറൈറ(റ) നിവേദനം: ഒരിക്കൽ തിരുമേനി(സ) മലമൂത്ര വിസർജ്ജനത്തിനു പുറപ്പെട്ടപ്പോൾ പിന്നാലെ ഞാനും പോയി. തിരുമേനി തിരിഞ്ഞു നോക്കിയിരുന്നില്ല. അങ്ങനെ ഞാൻ അടുത്തെത്തിയപ്പോൾ അവിടുന്ന് അരുളി: എനിക്ക് ശുദ്ധീകരിക്കാൻ കുറച്ച് കല്ല് അന്വേഷിച്ച് നോക്കിക്കൊണ്ടു വരൂ. അല്ലെങ്കിൽ അതുപോലെയുള്ളൊരു വാക്കു പറഞ്ഞു. പക്ഷെ, എല്ലോ കാഷ്ഠമോ കൊണ്ടു വരരുത്. അങ്ങനെ എന്റെ വസ്ത്രത്തിന്റെ ഒരററത്ത് കുറച്ച് കല്ലുകൾ പെറുക്കിയിട്ട് കൊണ്ടുവന്നിട്ട് തിരുമേനി ഇരിക്കുന്നതിന്റെ ഒരു ഭാഗത്ത് വെച്ചിട്ട് ഞാൻ പിന്മാറിക്കളഞ്ഞു. മലമൂത്ര വിസർജ്ജനം ചെയ്തു കഴിഞ്ഞപ്പോൾ ആ കല്ലുകളുപയോഗിച്ച് അവിടുന്നു ശുചീകരിച്ചു. (ബുഖാരി. 1. 4. 157)

147. ഇബ്നുമസ്ഊദ്(റ) നിവേദനം: തിരുമേനി(സ) മലമൂത്ര വിസർജ്ജനത്തിന് പുറപ്പെട്ടപ്പോൾ എന്നോട് മൂന്ന് കല്ല് കൊണ്ടു വരാൻ നിർദ്ദേശിച്ചു. എനിക്ക് രണ്ടു കല്ല് കിട്ടി. മൂന്നാമത്തെ കല്ല് ഞാൻ അന്വേഷിച്ചുവെങ്കിലും അതു ലഭിച്ചില്ല. അപ്പോൾ

ഒരു മൃഗത്തിന്റെ കാഷ്ഠം എടുത്തിട്ട് അതുകൊണ്ട് തിരുമേനിയുടെ അടുക്കൽ ഞാൻ ചെന്നു. തിരുമേനി(സ) ആ രണ്ട് കല്ല് എടുത്തിട്ട് അശുദ്ധമെന്നു പറഞ്ഞു കാഷ്ഠം എറിഞ്ഞു കളഞ്ഞു. (ബുഖാരി. 1. 4. 158)

148. ഇബ്നുഅബ്ബാസ്(റ) നിവേദനം: തിരുമേനി(സ) വുളുവിന്റെ അവയവങ്ങൾ ഓരോ പ്രാവശ്യം വീതം കഴുകിയിട്ടുണ്ട്. (ബുഖാരി. 1. 4. 159)

149. അബ്ദുല്ലാഹിബ്നു സെയ്ദ്(റ) നിവേദനം: തിരുമേനി(സ) വുളുവിന്റെ കർമ്മങ്ങൾ രണ്ട് പ്രാവശ്യം വീതം നിർവ്വഹിച്ചിട്ടുണ്ട്. (ബുഖാരി. 1. 4. 160)

150. ഉസ്മാനുബ്നു അഫാൻ(റ) നിവേദനം: അദ്ദേഹം ഒരിക്കൽ ഒരു പാത്രം (വെള്ളം) കൊണ്ടു വരാൻ ആവശ്യപ്പെട്ടു. എന്നിട്ട് ആ വെള്ളം ഒഴിച്ച് മൂന്ന് പ്രാവശ്യം അദ്ദേഹം തന്റെ രണ്ടു കൈപടങ്ങളും കഴുകി. ശേഷം തന്റെ വലം കൈ പാത്രത്തിൽ ഇട്ട് വെള്ളമെടുത്ത് കുലുക്കുഴിയുകയും മൂക്ക് പിഴിഞ്ഞു കളയുകയും ചെയ്തു. അനന്തരം മുഖവും മുട്ടു വരെ രണ്ടു കയ്യും മൂന്നു പ്രാവശ്യം വീതം കഴുകി. ശേഷം അദ്ദേഹം പറഞ്ഞു. തിരുമേനി(സ) അരുളി : ഏതൊരാൾ ഞാൻ ചെയ്ത് കാണിച്ച ഇതേ പ്രകാരം വുളുചെയ്തു. എന്നിട്ടു രണ്ടു രണ്ടു റക്അത്തു നമസ്കരിച്ചു. ആ നമസ്കാരത്തിനിടയിൽ തന്റെ മനസ്സിൽ മററു ചിന്തകൾക്കൊന്നും പ്രവേശനം നൽകിയില്ല. എന്നാൽ അവൻ മുമ്പ് ചെയ്ത കുററങ്ങളിൽ നിന്ന് അല്ലാഹു അവന് പൊറുത്തുകൊടുക്കും. (ബുഖാരി. 1. 4. 161)

151. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: വല്ലവനും വുളു ചെയ്താൽ വെള്ളം മൂക്കിൽ കയററി അവൻ ചീററട്ടെ. വല്ലവനും കല്ല് കൊണ്ട് ശൗച്യം ചെയ്യുന്ന പക്ഷം അവൻ അതിനെ ഒററയാക്കുകയും ചെയ്യട്ടെ. (ബുഖാരി. 1. 4. 162)

152. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: നിങ്ങളിൽ ആരെങ്കിലും വുളു എടുക്കുകയാണെങ്കിൽ അവൻ മൂക്കിൽ അൽപം വെള്ളം ചേർത്ത് ചീററട്ടെ. കല്ലുകൊണ്ട് ശൗച്യം ചെയ്യുന്നപക്ഷം അവൻ ഒററയാക്കട്ടെ. വല്ലവനും ഉറക്കിൽ നിന്നു ഉണർന്നെഴുന്നേററാൽ വുളുവിന്റെ വെള്ളത്തിൽ കൈ ഇടും മുമ്പ് തന്റെ കൈ അവൻ കഴുകട്ടെ. കാരണം രാത്രി തന്റെ കൈ എവിടെയാണ് വെച്ചിരുന്നതെന്ന് നിങ്ങളിൽ ആർക്കും അറിയുവാൻ കഴിയുകയില്ല. (ബുഖാരി. 1. 4. 163)

153. മഹമ്മദ്ബ്നു സിയാദ് നിവേദനം: ഒരു പാത്രത്തിൽ നിന്ന് ജനങ്ങൾ വുളു എടുക്കുന്ന സന്ദർഭത്തിൽ അബൂഹുറൈറ(റ) ഞങ്ങളുടെ അടുത്തുകൂടി നടന്നു പോവുകയായിരുന്നു. അപ്പോൾ അദ്ദേഹം പറയുന്നതായി ഞാൻ കേട്ടു. നിങ്ങൾ വുളു പൂർത്തിയാക്കുവീൻ. നിശ്ചയം അബുൽഖാസിം (നബി) പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്. മടമ്പിൻ കാലുകൾക്ക് നരകത്തിൽ നിന്ന് ശിക്ഷയുണ്ട്. (ബുഖാരി. 1. 4. 166)

154. ഉമ്മു അതിയ്യ(റ) നിവേദനം: തിരുമേനി(സ)യുടെ മകളെ (മയ്യിത്ത്) കുളിപ്പിക്കുന്ന സന്ദർഭത്തിൽ അവിടുന്നു അവരോട് പറഞ്ഞു. അവളുടെ വലഭാഗവും വുളുവിന്റെ സ്ഥലങ്ങളും കൊണ്ട് നിങ്ങൾ ആരംഭിക്കുവീൻ. (ബുഖാരി. 1. 4. 168)

155. ആയിശ(റ) നിവേദനം: കാലിൽ ചെരിപ്പ് ധരിക്കുക. മുടി വാർന്നു വെക്കുക, വെള്ളം കൊണ്ട് ശുദ്ധീകരിക്കുക എന്നുവേണ്ട തന്റെ എല്ലാ കാര്യങ്ങളും വലതുഭാഗം കൊണ്ട് തുടങ്ങുന്നതിനെ നബി(സ) ഇഷ്ടപ്പെട്ടിരുന്നു. (ബുഖാരി. 1. 4. 169)

156. അനസ്(റ) നിവേദനം: ഞാനൊരിക്കൽ തിരുമേനി(സ)യെ ഈ സ്ഥിതിയിൽ കണ്ടു. അസർ നമസ്കാരം അടുത്തിരിക്കുന്നു. ആളുകൾ വെള്ളമന്വേഷിക്കുവാൻ തുടങ്ങി. എന്നിട്ടവർക്ക് ലഭിച്ചില്ല. അന്നേരം തിരുമേനിയുടെ അടുക്കൽ ഒരു പാത്രത്തിൽ വുളുവിനുള്ള വെള്ളം കൊണ്ടു വരപ്പെട്ടു. തിരുമേനി(സ) തന്റെ കൈ ആ പാത്രത്തിലിട്ടു. എന്നിട്ട് അതിൽ നിന്ന് വെള്ളമെടുത്തു വുളു ഉണ്ടാക്കാൻ

ജനങ്ങളോട് കൽപ്പിച്ചു. അനസ്(റ) പറയുന്നു. അന്നേരം തിരുമേനി(സ)യുടെ വിരലുകളുടെ താഴ്ഭാഗത്ത് നിന്ന് വെള്ളം ഉൽഭവിക്കുന്നത് ഞാൻ കണ്ടു. അങ്ങനെ അവരെല്ലാം വുളു ചെയ്തു. (ബുഖാരി. 1. 4. 170)

157. അനസ്(റ) നിവേദനം: തിരുമേനി തന്റെ മുടി (ഹജ്ജത്തുൽ വദാഇൽ) കളഞ്ഞപ്പോൾ അബൂത്വൽഹയാണ് തിരുമേനിയുടെ മുടിയിൽ നിന്ന് ആദ്യമായി അൽപമെടുത്തത്. (ബുഖാരി. 1. 4. 172)

158. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: നിങ്ങളിൽ ആരുടെയെങ്കിലും പാത്രത്തിൽ നിന്ന് നായ കുടിച്ചാൽ ആ പാത്രം അവൻ ഏഴ് പ്രാവശ്യം കഴുകട്ടെ. (ബുഖാരി. 1. 4. 173)

159. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: ഒരു നായ ദാഹം കാരണം നനഞ്ഞ മണ്ണ് തിന്നുന്നത് ഒരു മനുഷ്യൻ കണ്ടു. ഉടനെ ആ മനുഷ്യൻ തന്റെ ഷൂ എടുത്തു വെള്ളം കോരിയിട്ട് ആ നായക്ക് ദാഹം മാറുന്നതുവരെ കുടിക്കാൻ കൊടുത്തു. അക്കാരണത്താൽ അല്ലാഹു അവനോട് നന്ദികാണിക്കുകയും അവനെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്തു. (ബുഖാരി. 1. 4. 174)

160. അദിയ്യ്(റ) നിവേദനം: ഞാനൊരിക്കൽ തിരുമേനി(സ) യോട് (വേട്ടനായയെക്കുറിച്ച്) ചോദിച്ചു. അപ്പോൾ അവിടുന്നു അരുളി: പരിശീലനം നൽകിയ നിന്റെ നായയെ നീ വേട്ടക്ക് ഊരിവിടുകയും എന്നിട്ട് അത് ജീവിയെ വധിക്കുകയും ചെയ്താൽ നീ അതു ഭക്ഷിക്കുക. ആ നായ അതിൽ നിന്ന് ഭക്ഷിച്ചാൽ നീ അതു ഭക്ഷിക്കരുത്. കാരണം അതിന് തിന്നാൻ വേണ്ടിയാണത് പിടിച്ചിരിക്കുന്നത്. ഞാൻ ചോദിച്ചു; ഞാനെന്റെ നായയെ അയക്കും. എന്നിട്ട് അതിന്റെ കൂടെ മറ്റൊരു നായയെ ചിലപ്പോൾ ഞാൻ കാണാറുണ്ട്. അവിടുന്നു പറഞ്ഞു. നീ അതു ഭക്ഷിക്കരുത്. കാരണം നിന്റെ നായയെ മാത്രമാണ് നീ ബിസ്മി ചൊല്ലി അയച്ചിട്ടുള്ളത്. മറ്റെ നായയെ നീ ബിസ്മി ചൊല്ലി അയച്ചിട്ടില്ല. (ബുഖാരി. 1. 4. 175)

161. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: നമസ്കാരം പ്രതീക്ഷിച്ചുകൊണ്ട് പള്ളിയിൽ തന്നെ ഒരാൾ കഴിച്ചുകൂട്ടുകയാണെങ്കിൽ അവൻ നസ്കാരത്തിൽ തന്നെയാണ്. അവന്റെ വുളു മുറിയാത്ത പക്ഷം. അപ്പോൾ ഒരു അനറബിയായ മനുഷ്യൻ ചോദിച്ചു. ഹേ! അബൂഹുറൈറാ, എന്താണ് വുളു മുറിയിക്കൽ? അദ്ദേഹം പറഞ്ഞു. ശബ്ദം അഥവാ അപശബ്ദം. (ബുഖാരി. 1. 4. 176)

162. അബ്ബാദ്ബ്നുതമീമ് തന്റെ പിതൃവ്യനിൽ നിന്ന് നിവേദനം ചെയ്യുന്നു. തിരുമേനി(സ) അരുളി: ശബ്ദം കേൾക്കുകയോ അല്ലെങ്കിൽ വാസന അനുഭവപ്പെടുകയോ ചെയ്യുന്നതുവരെ അവൻ പിരിഞ്ഞുപോകരുത്. (ബുഖാരി. 1. 4. 177)

163. സെയ്ദിബ്നുഖാലിദ്(റ) നിവേദനം: അദ്ദേഹം ഒരിക്കൽ ഉസ്മാനുബ്നുഅഫാൻ(റ)നോട് ചോദിച്ചു. ഒരാൾ സംയോഗം ചെയ്തിട്ട് ഇന്ദ്രിയം പുറപ്പെട്ടില്ലെങ്കിൽ അവൻ കുളിക്കേണ്ടതുണ്ടോ? നിങ്ങളുടെ അഭിപ്രായമെന്താണ്? ഉസ്മാൻ(റ) പറഞ്ഞു. അവൻ നമസ്കാരത്തിനു വേണ്ടി വുളു എടുക്കുന്നതു പോലെ വുളു എടുക്കുകയും ലിംഗം കഴുകുകയും ചെയ്യുക. (കുളിക്കേണ്ടതില്ല). ഉസ്മാൻ(റ) പറയുന്നു. ഇതു ഞാൻ നബി(സ) യിൽ നിന്ന് കേട്ടതാണ്. സെയ്ദ്ബ്നുഖാലിദ് പറയുന്നു. ഇതിനെക്കുറിച്ച് ഞാൻ അലി, സുബൈർ, ത്വൽഹ: ഉബയ്യ്ബ്നു കഅ്ബ എന്നിവരോട് ചോദിച്ചു. അപ്പോൾ അവരും അതു തന്നെയാണ് കൽപ്പിച്ചത്. (ബുഖാരി. 1. 4. 179)

164. അബൂസഈദുൽഖുദ്രി(റ) നിവേദനം: തിരുമേനി(സ) ഒരിക്കൽ ഒരു അൻസാരിയുടെ അടുക്കലേക്ക് ഒരാളെ അയച്ചു. ഉടനെ അദ്ദേഹം വന്നു. അദ്ദേഹത്തിന്റെ തലയിൽ നിന്ന് വെള്ളം ഉററി വീഴുന്നുണ്ടായിരുന്നു. അപ്പോൾ നബി(സ) പറഞ്ഞു. നാം നിന്നെ ധൃതിപ്പെടുത്തിയെന്ന് തോന്നുന്നു. അദ്ദേഹം പറഞ്ഞു. അതെ. അന്നേരം

നബി(സ) പറഞ്ഞു. നീ ധൃതിപ്പെട്ടാൽ അല്ലെങ്കിൽ ഇന്ദ്രിയം സ്ഖലിക്കുന്നതിനു മുമ്പായി വിരമിച്ചാൽ നീ വുളു എടുക്കലാണ് നിനക്ക് നിർബന്ധം. (ബുഖാരി. 1. 4. 180)

165. ഉസാമത്ബ്നു സെയ്ദ്(റ) നിവേദനം: തിരുമേനി(സ) അറഫായിൽ നിന്ന് മടങ്ങിയപ്പോൾ ഒരു മലയുടെ ചെരിവിലേക്ക് മാറി മലമൂത്രവിസർജ്ജനം ചെയ്തു. ഉസാമ(റ) പറയുന്നു ശേഷം നബി(സ) വുളു എടുക്കാൻ തുടങ്ങി. ഞാൻ വെള്ളം ചൊരിഞ്ഞു കൊണ്ടിരുന്നു. ഞാൻ ചോദിച്ചു. അല്ലാഹുവിന്റെ ദൂതരെ! അങ്ങു നമസ്കരിക്കുന്നുവോ? അവിടുന്നു അരുളി: നമസ്കാരം നിന്റെ മുമ്പിലാണ്. (ബുഖാരി. 1. 4. 181)

166. മുഗീറ(റ) നിവേദനം: അദ്ദേഹം ഒരു യാത്രയിൽ തിരുമേനി(സ) യോടൊപ്പമുണ്ടായിരുന്നു. തിരുമേനി(സ) മലമൂത്ര വിസർജ്ജനാവശ്യത്തിനു വേണ്ടി പുറപ്പെട്ടു. തിരുമേനി(സ) തിരിച്ചു വന്നു. വുളു ചെയ്യാൻ ആരംഭിച്ചപ്പോൾ മുഗീറ തിരുമേനിക്ക് വെള്ളമൊഴിച്ചു കൊടുക്കാൻ തുടങ്ങി. അങ്ങനെ അവിടുന്ന് മുഖവും രണ്ടു കയ്യും കഴുകി. തല തടവി. ബൂട്ട്സിന്മേലും കൈകൊണ്ടു തടവി. (ബുഖാരി. 1. 4. 182)

167. അംറ്ബ്നു അബീഹസൻ(റ) നിന്ന് നിവേദനം: അദ്ദേഹം ഒരിക്കൽ അബ്ദുല്ലാഹിബ്നു സെയ്ദിനോട് തിരുമേനി(സ)യുടെ വുളുവിനെ സംബന്ധിച്ച് ചോദിക്കുകയുണ്ടായി. അപ്പോൾ അബ്ദുല്ലാഹിബ്നു സെയ്ദ് ചെറിയ ഒരു ഭരണി വെള്ളം കൊണ്ടു വരാൻ ആവശ്യപ്പെട്ടു. എന്നിട്ട് നബി(സ) വുളു എടുത്തിരുന്നതുപോലെ അവർക്ക് വുളു എടുത്തു കാണിച്ചു കൊടുക്കുകയും ചെയ്തു. അതായത് ആ ഭരണിയിൽ നിന്ന് വെള്ളം ചൊരിഞ്ഞു മൂന്നു പ്രാവശ്യം മുൻകൈകൾ കഴുകി. എന്നിട്ട് ഒരു കൈ ആ ഭരണിയിൽ ഇട്ടു മൂന്നു പ്രാവശ്യം കുലുക്കുഴിയുകയും മൂക്കിൽ വെള്ളം കയററുകയും പീഞ്ഞു കളയുകയും ചെയ്തു. പിന്നീട് ഒരു കൈ ഇട്ട് മൂന്നു പ്രാവശ്യം മുഖം കഴുകി. പിന്നീട് ഒരു കൈ ഇട്ട് കൈകൾ മുട്ടുവരെ രണ്ടു പ്രാവശ്യം വീതം കഴുകി. പിന്നീട് ഒരു കൈ ഇട്ട് രണ്ടു കൈ കൊണ്ട് തല തടവി. അതായത് രണ്ടു കൈകൊണ്ടു മുന്നോട്ടും പിന്നോട്ടും ഒരു പ്രാവശ്യം തടവി. പിന്നീട് കാലുകൾ നെരിയാണി വരെ കഴുകി. (ബുഖാരി. 1. 4. 186)

168. അബൂജൂഹൈഫ:(റ) നിവേദനം: തിരുമേനി(സ) ഒരിക്കൽ ഉച്ചസമയത്ത് ഞങ്ങളുടെ അടുക്കൽ വരികയുണ്ടായി അന്നേരം അവിടുത്തേക്ക് വുളു എടുക്കുവാൻ വെള്ളം കൊണ്ടു വരപ്പെട്ടു. അപ്പോൾ അവിടുന്നു വുളു ചെയ്തു. അപ്പോൾ ജനങ്ങൾ അവിടുത്തെ വുളുവിന്റെ ബാക്കി വെള്ളം എടുക്കുവാനും അതു കൊണ്ടു തടവാനും തുടങ്ങി. എന്നിട്ട് നബി(സ) ളുഹ്റും അസറും ഈ രണ്ടു റക്അത്തു വീതം നമസ്കരിച്ചു. അവിടുത്തെ മുമ്പിൽ ഒരു വടിയുണ്ടായിരുന്നു. (ബുഖാരി. 1. 4. 187)

169. അബൂമൂസാ(റ) പറയുന്നു. തിരുമേനി ഒരു കോപ്പ വെള്ളം കൊണ്ടു വരാൻ ആവശ്യപ്പെടുകയും എന്നിട്ട് കൈകളും മുഖവും കഴുകുകയും അതിൽ തുപ്പുകയും ചെയ്തു. അനന്തരം പറഞ്ഞു. നിങ്ങൾ രണ്ടു പേരും ഇതിൽ നിന്ന് കുടിക്കുകയും നിങ്ങളുടെ മുഖത്തും നെഞ്ചിലും ഒഴിക്കുകയും ചെയ്യുവീൻ. (ബുഖാരി. 1. 4. 187)

170. മിസ്വർ(റ) നിവേദനം ചെയ്യുന്നു. തിരുമേനി(സ) വുളു ചെയ്താൽ അവിടുത്തെ വുളുവിന്റെ വെള്ളം ലഭിക്കുവാൻ വേണ്ടി അനുചരന്മാർ സമരം ചെയ്യാറുണ്ടായിരുന്നു. (ബുഖാരി. 1. 4. 188)

171. സാഇദ്ബ്നു യസീദ്(റ) നിവേദനം: എന്റെ മാതൃസഹോദരി എന്നെയും കൊണ്ടു തിരുമേനി(സ)യുടെ അടുക്കൽ ചെന്നു. എന്നിട്ടവർ പറഞ്ഞു. ദൈവദൂതരേ! എന്റെ

സഹോദരി പുത്രന് കാലിൽ വലിയ വേദനയുണ്ട്. അപ്പോൾ തിരുമേനി എന്റെ തല തടവുകയും എനിക്ക് നന്മയുണ്ടാകുവാൻ വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. പിന്നീട് തിരുമേനി(സ) വുളു ചെയ്തു. അപ്പോൾ തിരുമേനി(സ) വുളു ചെയ്തു അവശേഷിച്ച വെള്ളത്തിൽ നിന്ന് അല്പമെടുത്ത് ഞാൻ കുടിച്ചു. എന്നിട്ട് തിരുമേനിയുടെ പിന്നിൽ നിന്നു. അന്നേരം പ്രവാചകത്വത്തിൽ സീൽ തിരുമേനിയുടെ ഇരു കൈപലകകൾക്കിടയിൽ പതിഞ്ഞിരിക്കുന്നത് ഞാൻ കണ്ടു. പ്രാവിന്റെ മുട്ടപോലെ. (ബുഖാരി. 1. 4. 189)

172. ജാബിർ(റ) നിവേദനം: ഞാൻ അബോധാവസ്ഥയിൽ രോഗിയായി കിടക്കുമ്പോൾ തിരുമേനി(സ) എന്നെ സന്ദർശിക്കുവാൻ വന്നു. എന്നിട്ട് അവിടുന്ന് വുളു എടുക്കുകയും അവിടുത്തെ വുളുവിന്റെ വെള്ളത്തിൽ നിന്ന് എന്റെ മേൽ ഒഴിക്കുകയും ചെയ്തു. അപ്പോൾ എനിക്ക് ബോധം വന്നു. അന്നേരം ഞാൻ ചോദിച്ചു. അല്ലാഹുവിന്റെ ദൂതരെ! ആർക്കാണ് എന്റെ അനന്തരസ്വത്ത്? മാതാപിതാക്കളും സന്താനങ്ങളും ഒഴികെയുള്ളവരാണ് എന്റെ അവകാശികൾ. ആ സന്ദർഭത്തിൽ അനന്തരാവകാശനിയമം സംബന്ധിച്ചുള്ള ആയത്തു അവതരിപ്പിച്ചു. (ബുഖാരി. 1. 4. 193)

173. അനസ്(റ) നിവേദനം: ഒരിക്കൽ നമസ്കാരസമയം ആസന്നമായി. അപ്പോൾ പള്ളിക്കടുത്തു താമസിക്കുന്നവരെല്ലാം അവരവരുടെ വീടുകളിലേക്ക് പോയി. കുറച്ചാളുകൾ അവശേഷിച്ചു. അപ്പോൾ തിരുമേനി(സ)യുടെ അടുക്കൽ കല്ലിന്റെ ഒരു പാത്രത്തിൽ വെള്ളം കൊണ്ടു വന്നു. കൈ അതിലിട്ടു കഴുകാൻ മാത്രം ആ പാത്രം വലിപ്പമുണ്ടായിരുന്നില്ല. എന്നിട്ടു അവരെല്ലാം അതുകൊണ്ട് വുളു ചെയ്തു. നിങ്ങൾ എത്ര പേരുണ്ടായിരുന്നുവെന്ന് അനസിനോട് ചോദിക്കപ്പെട്ടു. എൺപതിൽപരം ആളുകളുണ്ടായിരുന്നുവെന്നു അദ്ദേഹം മറുപടി പറഞ്ഞു. (ബുഖാരി. 1. 4. 194)

174. അബ്ദുല്ലാഹിബ്നു സെയ്ദ്(റ) നിവേദനം: നബി(സ) ഒരിക്കൽ ഞങ്ങളുടെ അടുക്കൽ വന്നു. ഞങ്ങൾ ചെമ്പുകൊണ്ടുള്ള ഒരു ചെറിയ ഭരണിയിൽ കുറച്ചു വെള്ളം എടുത്തു കൊടുത്തു. അപ്പോൾ അവിടുന്നു വുളു എടുത്തു മുഖം മൂന്നു പ്രാവശ്യം കഴുകുകയും തല മുന്നോട്ടും പിന്നോട്ടും തടവുകയും കാലുകൾ തടവുകയും ചെയ്തു. (ബുഖാരി. 1. 4. 196)

175. അനസ്(റ) നിവേദനം: തിരുമേനി(സ) ഒരു സ്വാഅ് മുതൽ അഞ്ച് മുദ്ദ് വരെയുള്ള വെള്ളം കൊണ്ട് കുളിക്കുകയും ഒരു മുദ്ദ് വെള്ളം കൊണ്ട് വുളു എടുക്കുകയും ചെയ്തിരുന്നു. (ബുഖാരി. 1. 4. 200)

176. സഅ്ദ്ബ്നു അബീ വഖാസ്(റ) നിവേദനം: തിരുമേനി(സ) (വുളു എടുക്കുമ്പോൾ കാൽ കഴുകുന്നതിന് പകരം) രണ്ടു ഷൂവിന്മേൽ തടവി. നിശ്ചയം ഇബ്നുഉമർ(റ) ഇതിനെ സംബന്ധിച്ച് ഉമർ(റ) വിനോട് ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു. അതെ, നബി(സ) അപ്രകാരം തടവിയിട്ടുണ്ട്. സഅ്ദ് നബിയെ സംബന്ധിച്ച് നിന്നോട് എന്തെങ്കിലും നിവേദനം ചെയ്താൽ അതിനെക്കുറിച്ച് മററാരോടും നീ ചോദിക്കരുത്. (ബുഖാരി. 1. 4. 201)

177. മുഗീറ(റ) നിവേദനം: നബി(സ) ഒരിക്കൽ മലമൂത്ര വിസർജ്ജനത്തിന് പോയപ്പോൾ മുഗീറ: ഒരു പാത്രം വെള്ളവുമായി അദ്ദേഹത്തെ പിന്തുടർന്നു. തിരുമേനി(സ) മലമൂത്രവിസർജ്ജനം കഴിഞ്ഞുവന്നപ്പോൾ അദ്ദേഹം വെള്ളം ഒഴിച്ചുകൊടുക്കുകയും അവിടുന്നു വുളു എടുക്കുകയും രണ്ടു ബൂട്ട്സിന്മേൽ തടവുകയും ചെയ്തു. (ബുഖാരി. 1. 4. 202)

178. അംറ്ബ്നു ഉമയ്യ:(റ) നിവേദനം: തിരുമേനി(സ) രണ്ടു ഷൂവിന്മേൽ തടവുന്നത് അദ്ദേഹം കണ്ടു. (ബുഖാരി. 1. 4. 203)

179. ജഅ്ഫർ(റ) തന്റെ പിതാവിൽ നിന്ന് ഉദ്ധരിക്കുന്നു. തിരുമേനി(സ) തന്റെ തലപ്പാവിൻ മേലും ബൂട്ട്സിന്മേലും തടവുന്നത് ഞാൻ കണ്ടിട്ടുണ്ട്. (ബുഖാരി. 1. 4. 204)

180. ഉർവത്ത്(റ) തന്റെ പിതാവ് മുഗീറയിൽ നിന്ന് നിവേദനം ചെയ്യുന്നു. ഞാനൊരിക്കൽ തിരുമേനി(സ)യുടെ കൂടെ ഒരു യാത്രയിലായിരുന്നു. തിരുമേനി(സ) വുളു എടുത്തപ്പോൾ അവിടുത്തെ ബൂട്ട്സ് അഴിക്കാൻ വേണ്ടി ഞാൻ കൈ നീട്ടി. അപ്പോൾ അവിടുന്നു. അരുളി, അത് രണ്ടും അവിടെ (കാലിൽ തന്നെ) കിടക്കട്ടെ, ശുദ്ധിയാക്കിയ ശേഷമാണ് ഞാൻ അവ കാലിൽ അണിഞ്ഞിരിക്കുന്നത്. ശേഷം തിരുമേനി(സ) അതു രണ്ടിന്മേലും തടവി. (ബുഖാരി. 1. 4. 205)

181. അബ്ദുല്ലാഹിബ്നു അബ്ബാസ്(റ) നിവേദനം: തിരുമേനി(സ) ഒരിക്കൽ ഒരാടിന്റെ കൈപ്പലക തിന്നുകയും ശേഷം നമസ്കരിക്കുകയും ചെയ്തു. അവിടുന്ന് വുളു എടുത്തിരുന്നില്ല. (ബുഖാരി. 1. 4. 206)

182. അംറ്ബ്നു ഉമയ്യ:(റ) നിവേദനം: ഒരിക്കൽ തിരുമേനി(സ) ഒരാടിന്റെ കൈപ്പലക മുറിച്ച് തിന്നുകൊണ്ടിരിക്കെ അപ്പോൾ നമസ്കാരത്തിന് ബാങ്ക് വിളിക്കുകയും ഉടനെ അവിടുന്ന് കത്തി താഴെ വെച്ച് വുളു എടുക്കാതെ നമസ്കരിക്കുകയും ചെയ്തത് അദ്ദേഹം കണ്ടിട്ടുണ്ട്. (ബുഖാരി. 1. 4. 207)

183. സുവൈദ്ബ്നു നുഅ്മാൻ(റ) നിവേദനം: അദ്ദേഹം തിരുമേനി(സ) യോടൊപ്പം ഖൈബർ ജയിച്ചടക്കിയ കൊല്ലം പുറപ്പെട്ടു. സഹ്ബാഇലെത്തിയപ്പോൾ – ഖൈബറിനടുത്തുള്ള ഒരു സ്ഥലമാണത് – തിരുമേനി(സ) അസർ നമസ്കരിച്ചു. എന്നിട്ട് ആഹാരം കൊണ്ടുവരാൻ ആവശ്യപ്പെട്ടു. ഗോതമ്പ് മാവല്ലാതെ മററു യാതൊന്നും ആരും കൊണ്ടുവന്നില്ല. തിരുമേനി(സ)യുടെ നിർദ്ദേശമനുസരിച്ച് അതു വെള്ളം പകർന്നു പൊതിർത്തു. തിരുമേനി(സ)യും ഞങ്ങളും അതു കഴിച്ചു. പിന്നീട് തിരുമേനി(സ) മഗ്രിബ് നമസ്കരിക്കാനൊരുങ്ങി. അപ്പോൾ അവിടുന്നു കുലുക്കുഴിഞ്ഞു നമസ്കരിച്ചു. വുളുചെയ്തില്ല. (ബുഖാരി. 1. 4. 208)

184. മൈമൂന(റ) നിവേദനം: തിരുമേനി(സ) അവരുടെ അടുക്കൽ വെച്ച് ഒരാടിന്റെ കൈക്കുറക് തിന്നു. ശേഷം അവിടുന്ന് നമസ്കരിച്ചു. വുളു എടുത്തില്ല. (ബുഖാരി. 1. 4. 209)

185. ഇബ്നുഅബ്ബാസ്(റ) നിവേദനം: തിരുമേനി(സ) ഒരിക്കൽ പാൽ കുലുക്കുഴിഞ്ഞശേഷം പറഞ്ഞു നിശ്ചയം പാലിന് കൊഴുപ്പുണ്ട്. (ബുഖാരി. 1. 4. 210)

186. ആയിശ(റ) നിവേദനം: തിരുമേനി(സ) അരുളി: നിങ്ങളിൽ ആരെങ്കിലും നമസ്കാരത്തിൽ ഉറങ്ങിത്തൂങ്ങിപ്പോയാൽ ഉറക്കസമയം പററെ വിട്ടു പോകും വരേക്കും അയാൾ ഉറങ്ങട്ടെ. കാരണം ഉറക്കം തൂങ്ങിക്കൊണ്ടു നമസ്കരിക്കുന്ന പക്ഷം അല്ലാഹുവിനോട് പാപമോചനത്തിനു വേണ്ടിയാണോ അതല്ല തനിക്കെതിരായിട്ടാണോ പ്രാർത്ഥിക്കുന്നതെന്ന് അറിയാൻ കഴിയില്ല. (ബുഖാരി. 1. 4. 211)

187. അനസ്(റ) നിവേദനം: തിരുമേനി(സ) അരുളി: നിങ്ങളിൽ ആരെങ്കിലും നമസ്കാരത്തിൽ ഉറക്കം തൂങ്ങിയാൽ താനോതുന്നതെന്തെന്ന് തനിക്ക് ശരിക്കും ബോധം വരും വരേക്കും അവൻ പോയി ഉറങ്ങട്ടെ. (ബുഖാരി. 1. 4. 212)

188. അനസ്(റ)നെ ഉദ്ധരിച്ച് അംറുബ്നു ആമിൽ നിവേദനം ചെയ്യുന്നു. അദ്ദേഹം (അനസ്) പറഞ്ഞു തിരുമേനി(സ) ഓരോ നമസ്കാരത്തിനും വുളു എടുത്തിരുന്നു. ഞാൻ ചോദിച്ചു. നിങ്ങളെങ്ങനെയായിരുന്നു? അദ്ദേഹം പറഞ്ഞു. വുളു മുറിയാതിരിക്കുവോളം ഞങ്ങൾക്ക് ഉളള വുളു കൊണ്ടു തന്നെ നമസ്കരിക്കും. (ബുഖാരി. 1. 4. 213)

189. ഇബ്നുഅബ്ബാസ്(റ) നിവേദനം: തിരുമേനി(സ) ഒരിക്കൽ മദീനയിലെ അല്ലെങ്കിൽ മക്കയിലെ ഒരു തോട്ടത്തിന്റെ സമീപത്തുകൂടി നടന്നു പോകുമ്പോൾ ഖബറുകളിൽ വെച്ച് ശിക്ഷയേററു കൊണ്ടിരിക്കുന്ന രണ്ടു മനുഷ്യരുടെ ശബ്ദം കേട്ടു. അപ്പോൾ നബി(സ) പറഞ്ഞു. അവർ രണ്ടു പേരും ശിക്ഷിക്കപ്പെടുകയാണ്. വൻകുററത്തിന്റെ പേരിലൊന്നുമല്ല. അവരിൽ ഒരാൾ മൂത്രിക്കുമ്പോൾ മറ സ്വീകരിച്ചിരുന്നില്ല. മറേറയാൾ ഏഷണിക്കാരനായിരുന്നു. അനന്തരം അവിടുന്ന് ഒരു ഈത്തപ്പന മടൽ കൊണ്ടുവരാൻ പറഞ്ഞു. എന്നിട്ട് അതു രണ്ടു കഷ്ണമാക്കി മുറിച്ച് ഓരോന്നും ഓരോ ഖബറിന്മേൽ നട്ടു. അല്ലാഹുവിന്റെ ദൂതരേ! അവിടുന്ന് എന്തിനാണിതു ചെയ്തത് എന്നു ചോദിച്ചപ്പോൾ നബി(സ) പറഞ്ഞു. ഇവ ഉണങ്ങാതിരിക്കുന്നത് വരെ അവരുടെ ശിക്ഷ ലഘൂകരിക്കപ്പെട്ടേക്കാം. (ബുഖാരി. 1. 4. 215)

190. അനസ്(റ) നിവേദനം: തിരുമേനി(സ) മലമൂത്രവിസർജ്ജനത്തിന് പോകുമ്പോൾ ഞാൻ വെള്ളം കൊണ്ടുപോയി കൊടുക്കുകയും അവിടുന്ന് അതുകൊണ്ട് കഴുകി വൃത്തിയാക്കുകയും ചെയ്യും. (ബുഖാരി. 1. 4. 216)

191. അനസ്(റ) നിവേദനം: ഒരു ഗ്രാമീണൻ പള്ളിയിൽ മൂത്രിക്കുന്നത് തിരുമേനി(സ) കണ്ടു. അപ്പോൾ അവിടുന്ന് പറഞ്ഞു. നിങ്ങൾ അവനെ ഉപദ്രവിക്കാതെ വിടുക. അയാൾ മൂത്രമൊഴിച്ചു കഴിഞ്ഞപ്പോൾ അവിടുന്നു കുറച്ച് വെള്ളം കൊണ്ടുവരാൻ ആവശ്യപ്പെടുകയും അത് മൂത്രത്തിൽ ഒഴിക്കുകയും ചെയ്തു. (ബുഖാരി. 1. 4. 218)

192. അബൂഹുറൈറ(റ) നിവേദനം: ഒരിക്കൽ ഒരു ഗ്രാമീണൻ പള്ളിയിൽ എഴുന്നേററ് നിന്നു മൂത്രിച്ചു. സഹാബികൾ അവനെ വിരട്ടാൻ തുനിഞ്ഞു. അപ്പോൾ നബി(സ) പറഞ്ഞു. അവനെ വിടുക അവൻ മൂത്രിച്ചതിൽ ഒരു ബക്കററ് വെള്ളം ഒഴിക്കുക. ജനങ്ങൾക്ക് സൗകര്യമുണ്ടാക്കാനാണ് പ്രയാസമുണ്ടാക്കാനല്ല നിങ്ങൾ നിയോഗിക്കപ്പെട്ടിട്ടുള്ളത്. (ബുഖാരി. 1. 4. 219)

193. ആയിശ(റ) നിവേദനം: ഒരിക്കൽ തിരുമേനി(സ)യുടെ അടുക്കൽ ഒരു കുട്ടിയെ കൊണ്ടുവരപ്പെട്ടു. ആ കുട്ടി തിരുമേനി(സ)യുടെ വസ്ത്രത്തിൽ മൂത്രിച്ചു. അവിടുന്നു കുറച്ച് വെള്ളം കൊണ്ടുവരുവാൻ പറയുകയും എന്നിട്ട് അത് തെറിപ്പിക്കുകയും ചെയ്തു. അതിനെ
പിൻതുടർത്തി. (ബുഖാരി. 1. 4. 222)

194. ഉമ്മുഖൈസ്(റ) നിവേദനം: അവർ ഒരിക്കൽ ഭക്ഷണം കഴിച്ചു തുടങ്ങിയിട്ടില്ലാത്ത അവരുടെ ചെറിയ പുത്രനെയും കൊണ്ട് നബി(സ)യുടെ അടുക്കൽ വന്നു. നബി(സ) അവനെ മടിയിൽ ഇരുത്തി. കുട്ടി അവിടുത്തെ വസ്ത്രത്തിൽ മൂത്രിച്ചു. തിരുമേനി(സ) കുറച്ച് വെള്ളം കൊണ്ടു വരാൻ ആവശ്യപ്പെടുകയും എന്നിട്ട് അത് വസ്ത്രത്തിൽ തെറിപ്പിക്കുകയും ചെയ്തു. അതു കഴുകിയില്ല. (ബുഖാരി. 1. 4. 223)

195. ഹുദൈഫ(റ) നിവേദനം: തിരുമേനി(സ) ഒരു ജനതയുടെ കുപ്പയിൽ പോടി നിന്നുകൊണ്ടു മൂത്രിച്ചു. എന്നിട്ടു കുറച്ച് വെള്ളം ആവശ്യപ്പെട്ടു. ഞാൻ വെള്ളം കൊണ്ടുകൊടുത്തു. അപ്പോൾ അവിടുന്നു വുളു എടുത്തു. (ബുഖാരി. 1. 4. 224)

196. ഹുദൈഫ(റ) നിവേദനം: ഒരിക്കൽ നബി(സ)യും ഞാനും ഒരു സമൂഹത്തിന്റെ കുപ്പയിലൂടെ നടന്നുപോകുമ്പോൾ അവിടുന്ന് ഒരു മതിലിന് പിന്നിലായി നിങ്ങളിൽ ഒരാൾ നിൽക്കുന്നതുപോലെ ശരിക്കും നിന്നു കൊണ്ട് മൂത്രിച്ചു. ഞാൻ അൽപം അകന്നു നിന്നു. അപ്പോൾ അടുത്തു ചെല്ലാൻ അവിടുന്ന് എന്നോട് ആംഗ്യം കാണിച്ചു. അവിടുന്ന് വിരമിക്കുന്നതുവരെ അവിടുത്തെ മടമ്പിൽ കാലിന്റെ അടുത്തുചെന്ന് ഞാൻ നിൽക്കുകയും ചെയ്തു. (ബുഖാരി. 1. 4. 225)

197. അസ്മാഅ്(റ) നിവേദനം: അവർ പറയുന്നു. ഒരു സ്ത്രീ ഒരിക്കൽ നബി(സ)യുടെ അടുക്കൽ വന്ന് ചോദിച്ചു. ഞങ്ങളിൽ ആരുടെയെങ്കിലും വസ്ത്രത്തിൽ ആർത്തവരക്തമായാൽ എങ്ങിനെ വൃത്തിയാക്കണമെന്നാണ് താങ്കൾ പറയുന്നത്?

അവിടുന്ന് അരുളി: അത് തിരുമ്മി ഉടച്ചു കളയണം. എന്നിട്ട് വെള്ളമൊഴിച്ച് അതിന്റെ അവശിഷ്ടമെല്ലാം നീക്കി ശുചീകരിക്കണം. പിന്നെ അതേ വസ്ത്രം ധരിച്ച് നമസ്കരിക്കാം. (ബുഖാരി. 1. 4. 227)

198. ആയിശ(റ) നിവേദനം: അബീഹുബൈശിന്റെ മകൾ ഫാത്തിമ ഒരിക്കൽ തിരുമേനി(സ)യുടെ അടുക്കൽ വന്നിട്ട് ചോദിച്ചു. അല്ലാഹുവിന്റെ ദൂതരെ! നിത്യേന രക്തം പോയിക്കൊണ്ടിരിക്കുന്ന ഒരു സ്ത്രീയാണ് ഞാൻ. ശുചിത്വം പാലിക്കുവാൻ എനിക്കു സാധിക്കുന്നില്ല. അതുകൊണ്ട് നമസ്കാരം ഉപേക്ഷിക്കണോ? തിരുമേനി(സ) അരുളി: വേണ്ട. അത് ആർത്തവമല്ല. ഞരമ്പ് സംബന്ധമായ ഒരു രോഗമാണ്. അതുകൊണ്ട് ആർത്തവദിനങ്ങൾ വന്നാൽ നമസ്കാരം വിട്ടു കളയുക. ആ ദിവസങ്ങൾ പിന്നിട്ടുകഴിഞ്ഞാൽ രക്തം കഴുകി ശുചീകരിച്ചു നമസ്കരിക്കുക. അങ്ങനെ അടുത്ത മാസം വീണ്ടും ആർത്തവദിനങ്ങൾ വരുന്നതുവരെ ഒരോ നമസ്കാരത്തിനും പ്രത്യേകം പ്രത്യേകം വുളു ചെയ്യുക. (ബുഖാരി. 1. 4. 228)

199. ആയിശ(റ) നിവേദനം: തിരുമേനി(സ)യുടെ വസ്ത്രത്തിൽ നിന്ന് ഞാൻ ശുക്ലം കഴുകിക്കളയുകയും അവിടുന്ന് ആ വസ്ത്രം ധരിച്ചുകൊണ്ട് നമസ്കരിക്കാൻ പോവുകയും ചെയ്യാറുണ്ടായിരുന്നു. ആ വെള്ളം നനഞ്ഞ അടയാളം അവിടുത്തെ വസ്ത്രത്തിൽ അവശേഷിക്കുന്നുണ്ടായിരിക്കും. (ബുഖാരി. 1. 4. 229)

200. ആയിശ(റ) നിവേദനം: വസ്ത്രത്തിൽ ശുക്ലമായാൽ എന്തുചെയ്യണമെന്ന് സുലൈമാൻ ചോദിച്ചപ്പോൾ അവർ പറഞ്ഞു. അല്ലാഹുവിന്റെ ദൂതന്റെ വസ്ത്രത്തിൽ നിന്ന് ഞാനതു കഴുകാറുണ്ട് അവിടുന്ന് നമസ്കരിക്കാൻ പുറപ്പെടും. വെള്ളത്തിന്റെ കഴുകിയ അടയാളം അവിടുത്തെ വസ്ത്രത്തിൽ അവശേഷിച്ചിട്ടുണ്ടായിരിക്കും. (ബുഖാരി. 1. 4. 230)

201. ആയിശ(റ) നിവേദനം: അവർ തിരുമേനി(സ)യുടെ വസ്ത്രത്തിൽ നിന്ന് ശുക്ലം കഴുകാറുണ്ട്. ശേഷം അതിൽ അടയാളം ഞാൻ കണ്ടിരുന്നു. (ബുഖാരി. 1. 4. 231)

202. അനസ്(റ) നിവേദനം: പള്ളി നിർമ്മിക്കും മുമ്പ് തിരുമേനി(സ) ആടുകളെ കെട്ടിയിടുന്ന ആലയിൽ വെച്ച് നമസ്കരിക്കാറുണ്ടായിരുന്നു. (ബുഖാരി. 1. 4. 235)

203. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഒരു മുസ്ലിമിന് പററുന്ന എല്ലാ മുറിവും ആ മുറിവ് പററിയ അതേ രൂപത്തിൽ തന്നെയാണ് പുനരുത്ഥാനദിവസം കാണപ്പെടുക. രക്തം ഒലിച്ചു കൊണ്ടേയിരിക്കും, നിറം രക്തത്തിന്റെ നിറം തന്നെ. പക്ഷെ മണം കസ്തൂരിയുടെ മണമായിരിക്കും. (ബുഖാരി. 1. 4. 238)

204. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: നാം അവസാനത്തവരും ആദ്യത്തവരുമാണ്. തിരുമേനി(സ) അരുളി: അതിനാൽ നിങ്ങളിൽ ആരും തന്നെ ഒലിക്കാതെ കെട്ടിനിൽക്കുന്ന വെള്ളത്തിൽ മൂത്രിക്കുകയും എന്നിട്ട് അതിൽ കുളിക്കുകയും ചെയ്യരുത്. (ബുഖാരി. 239)

205. ആയിശ(റ) നിവേദനം: തിരുമേനി(സ) അരുളി: ലഹരിയുണ്ടാക്കുന്ന എല്ലാപാനീയവും നിഷിദ്ധമാണ്. (ബുഖാരി. 1. 4. 243)

206. സഹ്ല്(റ) നിവേദനം: തിരുമേനി(സ)ക്ക് പററിയ മുറിവിന്ന് എങ്ങിനെയാണ് ചികിൽസിച്ചതെന്ന് ജനങ്ങൾ അദ്ദേഹത്തോട് ഞാൻ തൊട്ടടുത്ത് നിൽക്കുമ്പോൾ ചോദിക്കുകയുണ്ടായി. അപ്പോൾ അതിനെക്കുറിച്ച് എന്നെക്കാൾ കൂടുതൽ ജ്ഞാനമുള്ളവരാരും ഇന്നു ജീവിച്ചിരിക്കുന്നില്ല എന്നുണർത്തിയിട്ട് അദ്ദേഹം പറഞ്ഞു. അലി(റ) തന്റെ പരിചയിൽ വെള്ളമെടുത്ത് കൊണ്ടുവന്നു. ഫാത്തിമ(റ) ആ വെള്ളം കൊണ്ട് തിരുമേനിയുടെ മുഖം കഴുകി ചോര നീക്കം ചെയ്തു. എന്നിട്ട്

പായ എടുത്ത് ചുട്ട് കരിച്ച് (അതിന്റെ വെണ്ണീർ) ആ മുറിവിൽ നിറക്കുകയും ചെയ്തു. (ബുഖാരി. 1. 4. 244)

207. അബൂബുർദ: തന്റെ പിതാവിൽ നിന്ന് നിവേദനം: അദ്ദേഹം പറയുന്നു. ഞാനൊരിക്കൽ നബി(സ)യുടെ അടുക്കൽ ചെല്ലുകയുണ്ടായി. അപ്പോൾ അവിടുന്നു കയ്യിൽ ഉള്ള മിസ്‌വാക്ക് വായിൽ ഇരിക്കവെ അവിടുന്നു ഛർദ്ദിക്കാൻ വരും പോലെ ഊ ഊ എന്നു പയുന്നുണ്ട്. (ബുഖാരി. 1. 4. 245)

208. ഹുദൈഫ(റ) നിവേദനം: തിരുമേനി(സ) രാത്രി ഉറക്കിൽ നിന്ന് എഴുന്നേൽക്കുമ്പോൾ ബ്രഷ് കൊണ്ട് വായ് ശുദ്ധീകരിക്കാറുണ്ട്. (ബുഖാരി. 1. 4. 246)

209. സഈദിബ്നു സൈദു(റ) പറഞ്ഞു. അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: അല്ലാഹുവിനെ സ്മരിക്കാതെ അതു (വുസു) ചെയ്യുന്ന ആ മനുഷ്യൻ വുസു ചെയ്തിട്ടില്ല. (തിർമിദി)

210. ഉസ്മാനി(റ)ൽ നിന്ന് നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. അദ്ദേഹം മഖായിദിൽ വുസുചെയ്യുമ്പോൾ ഇപ്രകാരം പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ(സ) വുസു ചെയ്തതു ഞാൻ കാണിച്ചുതരട്ടെയോ? പിന്നീടു അദ്ദേഹം (ഓരോ ഭാഗവും) മൂന്നു പ്രാവശ്യം കഴുകിക്കൊണ്ട് വുസു ചെയ്തു. (മുസ്ലിം)

211. അബുഹുറയ്റാ(റ) പറഞ്ഞു. അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: നിങ്ങൾ വസ്ത്രം ധരിക്കുമ്പോഴും വുസു ചെയ്യുമ്പോഴും വലത്തുഭാഗം മുതൽ ആരംഭിക്കുക (അബൂദാവൂദ്)

212. ഇബ്നു അബ്ബാസ്(റ) നിവേദനം ചെയ്തു: പ്രവാചകൻ(സ) തല തടവുകയും, രണ്ടു ചെവിയും അവയുടെ ഉൾഭാഗം രണ്ടു ചൂണ്ടാണിവിരലുകളെക്കൊണ്ടും അവയുടെ പുറഭാഗം തന്റെ രണ്ടു പെരുവിരലുകളെക്കൊണ്ടും (തടവുകയും) ചെയ്തു. (നസാഈ)

213. മുഗീറ:(റ) പറഞ്ഞു: പ്രവാചകൻ(സ) വുസു ചെയ്കയും, തന്റെ കൈകൾ കൊണ്ടു സോക്സിന്റേയും ഷൂസിന്റെയും പുറമെ തടവുകയും ചെയ്തു. (അബൂദാവൂദ്)

214. അബുബക്രഃ(റ) പ്രവാചക(സ) രിൽ നിന്ന് നിവേദനം ചെയ്തു. : യാത്രചെയ്യുന്ന ഒരാൾക്കു മൂന്നുപകലും രാത്രിയും, യാത്രയിലല്ലാത്ത ഒരാൾക്ക്, ഒരു പകലും രാത്രിയും, അവൻ ശുദ്ധമായിരുന്നപ്പോൾ ഇട്ടതാണെങ്കിൽ അവന്റെ ബൂട്ട്സ് തടവാൻ (കാലു കഴുകുന്നതിനുപകരം) അവിടുന്നു അനുവദിച്ചു. (ദാ. ഖു)

215. അനസ്(റ) പറഞ്ഞു: പ്രവാചക(സ) ന്റെ അനുയായികൾ, രാത്രിപ്രാർത്ഥനയ്ക്കു (ഇശാ) അവരുടെ തലകൾ ഉറക്കംകൊണ്ടു തൂങ്ങുന്നതുവരെ താമസിക്കുക പതിവായിരുന്നു. പിന്നീട് അവർ വുസുചെയ്യാതെ നമസ്കരിക്കുകയും ചെയ്തു. (അബൂദാവൂദ്)

216. ഇബ്നു അബ്ബാസ്(റ) പറഞ്ഞു. അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: ചാരിയിരുന്നു ഉറങ്ങുന്നവന് വുസു ആവശ്യമാണ്. എന്തുകൊണ്ടെന്നാൽ, അവൻ ചാരിയിരിക്കുമ്പോൾ, അവന്റെ സന്ധി ബന്ധനങ്ങൾ അയഞ്ഞുപോകുന്നു. (തിർമിദി)

217. അബുദ്ദർദാഅ്(റ) നിവേദനം ചെയ്തു: അല്ലാഹുവിന്റെ ദൂതൻ(സ) ഛർദ്ദിച്ചു: പിന്നീട് വുസു ചെയ്തു. (തിർമിദി)

218. ഉമർ(റ) പറഞ്ഞു, അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: ആരൊരുവൻ വുസു ചെയ്കയും അതു ഏററവും കൃത്യമായി ചെയ്യുകയും, പിന്നീട് അല്ലാഹുവല്ലാതെ മറെറാരു ദൈവവുമില്ലെന്നു ഞാൻ സാക്ഷ്യം വഹിക്കുന്നു: അവൻ ഏകനാണ്: അവനു പങ്കുകാരില്ല. മുഹമ്മദ് അവന്റെ ദാസനും അവന്റെ ദൂതനും ആകുന്നു. അല്ലാഹുവെ, പശ്ചാത്തപിക്കുന്നവരിലും ശുദ്ധമാക്കുന്നവരിലും നീ എന്നെ

ആക്കേണമേ എന്നു പറകയും ചെയ്യുന്നുവോ, അവന് സ്വർഗ്ഗത്തിന്റെ എട്ടു വാതിലും തുറക്കപ്പെട്ടിരിക്കുന്നു. അവൻ തനിക്കിഷ്ടമുള്ള വാതിലിലൂടെ അതിൽ പ്രവേശിക്കുന്നു. (തിർമിദി)

219. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: എന്റെ ഖലീലായ നബി(സ) പറയുന്നത് ഞാൻ കേട്ടു. വുളുവിന്റെ വെള്ളം തട്ടുന്നേടത്തെല്ലാം സത്യവിശ്വാസി ആഭരണമണിയിക്കപ്പെടും. (മുസ്ലിം)

220. ഉസ്മാനി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: വല്ലവനും നല്ലവണ്ണം വുളു ചെയ്യുന്നപക്ഷം നഖത്തിന്റെ താഴ്ഭാഗത്തിലൂടെ അവന്റെ ചെറിയ പാപങ്ങൾ പുറപ്പെട്ടു പോകുന്നതാണ്. (മുസ്ലിം)

221. ഉസ്മാനി(റ)ൽ നിന്ന് നിവേദനം: എന്റെ ഈ വുളുപോലെ റസൂൽ(സ) വുളു ചെയ്തതായി ഞാൻ കണ്ടു. എന്നിട്ട് അവിടുന്ന് പറഞ്ഞു: ഇപ്രകാരം വല്ലവനും വുളു ചെയ്താൽ മുൻകഴിഞ്ഞ പാപങ്ങളെല്ലാം അവന് പൊറുക്കപ്പെടും. അവന്റെ നമസ്കാരവും പള്ളിയിലേക്കുള്ള നടത്തവും മിച്ചമായിത്തീരും. (മുസ്ലിം)

222. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: ഒരിക്കൽ റസൂൽ(സ) (മദീനയിലെ) ഖബർസ്ഥാനി (ബഖീഹ്) ൽ ചെന്നിട്ട് പറഞ്ഞു: സത്യവിശ്വാസികളായ ഭവനവാസികളേ! നിങ്ങളിൽ രക്ഷ വർഷിക്കുമാറാകട്ടെ. ഇൻശാഅല്ലാ! അടുത്തുതന്നെ ഞങ്ങളും നിങ്ങളോട് ചേരുന്നതാണ്. നമ്മുടെ ഇഖ്വാനിനെ നമ്മൾ കാണാനാഗ്രഹിക്കുന്നു. സഹാബികൾ ചോദിച്ചു: പ്രവാചകരേ! ഞങ്ങൾ അങ്ങയുടെ ഇഖ്വാനല്ലയോ? അവിടുന്ന് പറഞ്ഞു: (അല്ല) നിങ്ങളെന്റെ അസ്ഹാബികളാണ്. ഇതേവരെയും ജനിക്കാത്തവരാണ് നമ്മുടെ ഇഖ്വാൻ. അവർ ചോദിച്ചു. പ്രവാചകരേ! അങ്ങയുടെ പ്രജകളിൽ നിന്ന് ഇതേവരെയും ജനിക്കാത്തവരെ അങ്ങയ്ക്ക് എങ്ങനെ പരിചയപ്പെടാൻ കഴിയും? നബി(സ) പറഞ്ഞു: നീ പറയൂ! നിശ്ചയം കറുത്ത കുതിരകൾക്കിടയിൽ ഒരാൾക്ക് കൈകാൽ വെളുത്ത കുതിരകളുണ്ടാകുന്ന പക്ഷം, തന്റെ കുതിരയെ തനിക്ക് തിരിച്ചറിയാൻ കഴിയുമോ? അവർ പറഞ്ഞു: അതെ, പ്രവാചകരേ! നബി(സ) പറഞ്ഞു: എന്നാൽ വുളുകാരണം കൈകാൽ വെളുത്തുകൊണ്ടാണ് അവർ (പിൻഗാമികൾ) വരിക. (അക്കാരണത്താൽ എനിക്കവരെ തിരിച്ചറിയുവാൻ കഴിയും) ഹൗസുൽകൗസറിന്റെ സമീപത്ത് ആതിഥേയനായി ഞാനവരെ കാത്തുനിൽക്കും. (മുസ്ലിം).

223. ഉമറി(റ)ൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു: നിങ്ങളാരും വുളു പൂർണ്ണമായി എടുത്തിട്ട് അല്ലാഹുവല്ലാതെ മററാരാദ്ധ്യനില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. അവൻ ഏകനാണ്. അവന്നൊരു പങ്കാളിയുമില്ല. മുഹമ്മദ്(സ) അന്റെ ദാസനും പ്രവാചകനുമാകുന്നു. എന്നവൻ പറയുകയില്ല – സ്വർഗ്ഗത്തിന്റെ എട്ടു കവാടങ്ങളും അവന് തുറക്കപ്പെട്ടിട്ടല്ലാതെ. അവയിൽ നിന്ന് അവനുദ്ദേശിച്ച കവാടത്തിലൂടെ സ്വർഗ്ഗത്തിൽ അവന് പ്രവേശിക്കാൻ കഴിയും. (മുസ്ലിം) തിർമിദി കൂടുതൽ റിപ്പോർട്ടു ചെയ്തിരിക്കുന്നു: അല്ലാഹുവേ! പശ്ചാത്തപിച്ച് മടങ്ങുന്നവരുടെ കൂട്ടത്തിലും പാപരഹിതരുടെ കൂട്ടത്തിലും എന്നെ നീ അകപ്പെടുത്തേണമേ!.

## 6. കുളി

224. ആയിശ(റ) നിവേദനം: തിരുമേനി(സ) ജനാബത്തു കുളിക്കുമ്പോൾ ആദ്യം രണ്ടു കയ്യും കഴുകും അനന്തരം നമസ്കാരത്തിന് വേണ്ടിയെന്ന പോലെ വുളു എടുക്കും. പിന്നീട് തന്റെ കൈവിരലുകൾ വെള്ളത്തിൽ മുക്കി ആ വിരലുകൾ തല മുടിയിൽ കടത്തിയിട്ട് ആ മുടിയുടെ ജട തീർക്കും. ശേഷം മൂന്നു പ്രാവശ്യം ഇരു കൈകൊണ്ടും വെള്ളമെടുത്തു തലയിലൊഴിക്കും. അനന്തരം ചർമ്മം മുഴുവൻ വെള്ളമൊഴിക്കും. (ബുഖാരി. 1. 5. 248)

225. മൈമൂന(റ) നിവേദനം: തിരുമേനി(സ) കുളിക്ക് മുമ്പ് നമസ്കാരത്തിന് എന്നതുപോലെ വുളു എടുക്കും. എന്നാൽ രണ്ടു കാലും കഴുകുകയില്ല. തന്റെ ഗുഹ്യസ്ഥാനം കഴുകും. അശുദ്ധിയായ ഭാഗങ്ങളും. എന്നിട്ട് ശരീരത്തിലാകമാനം വെള്ളമൊഴിക്കും. അനന്തരം അല്പം മാറി നിന്ന് രണ്ടു കാലും കഴുകും. ഇങ്ങനെയായിരുന്നു അവിടുത്തെ ജനാബത്തു കുളി. (ബുഖാരി. 1. 5. 249)

226. ആയിശ(റ) നിവേദനം: ഞാനും തിരുമേനി(സ)യും ഒരൊററ പാത്രത്തിൽ നിന്ന് (ഒരേ സമയം) കുളിക്കാറുണ്ട്. ഫറക്ക് എന്നാണ് അതു വിളിക്കപ്പെടാറുള്ളത്. (ബുഖാരി. 1. 5. 250)

227. അബൂസലമ പറയുന്നു: ഞാനും ആയിശയുടെ ഒരു സഹോദരനും കൂടി ആയിശയുടെ അടുത്തു പ്രവേശിച്ചു. അവരുടെ സഹോദരൻ സബി(സ)യുടെ കുളിയെ സംബന്ധിച്ച് അവരോട് ചോദിച്ചു. അപ്പോൾ ഏതാണ്ട് ഒരു സ്വാഅ് വെള്ളം കൊള്ളുന്ന ഒരു പാത്രത്തിൽ അവർ വെള്ളം വരുത്തി. അതും കൊണ്ട് അവർ കുളിച്ചു. തലയിലാണ് അവർ വെള്ളമൊഴിച്ചത്. ഞങ്ങളുടെയും അവരുടെയും ഇടയിൽ അന്നേരം ഒരു മറയുണ്ടായിരുന്നു. (ബുഖാരി. 1. 5. 251)

228. ജാബിറുബ്നു അബ്ദില്ല(റ) നിവേദനം: അദ്ദേഹത്തോട് ഒരാൾ (കുളിക്ക് എത്ര വെള്ളം വേണമെന്നതിനെപ്പററി) ചോദിച്ചു. നിനക്ക് കുളിക്കാൻ ഒരു സ്വാഅ് വെള്ളം മതിയെന്ന് ജാബിർ(റ) മറുപടി പറഞ്ഞു. എനിക്കത് മതിയാവുകയില്ലെന്ന് ചോദ്യകർത്താവ് പ്രത്യുത്തരം നൽകി. ജാബിർ(റ) പറഞ്ഞു. നിന്നെക്കാൾ കൂടുതൽ മുടിയും ഉന്നതസ്ഥാനവുമുള്ള ഒരാൾക്ക് (നബിക്ക്) കുളിക്കാൻ അത്രയും വെള്ളം മതിയായിരുന്നു. (എന്നിട്ട് നീ അതിന്ന് വെറുപ്പ് കാണിക്കുകയോ) ശേഷം ഒരൊററ വസ്ത്രം ധരിച്ച് ഞങ്ങൾക്ക് ഇമാമായി നിന്ന് കൊണ്ട് ജാബിർ(റ) നമസ്കരിച്ചു. (ബുഖാരി. 1. 5. 252)

229. ഇബ്നുഅബ്ബാസ്(റ) നിവേദനം: നബി(സ)യും മൈമൂനയും ഒരേ പാത്രത്തിൽ നിന്നും കുളിക്കാറുണ്ട്. ശുഅ്ബ പറയുന്നു. ഒരു സ്വാഅ് അളവുള്ള പാത്രത്തിൽ നിന്നും. (ബുഖാരി. 1. 5. 253)

230. ജുബൈർറ്ബ്നു മുത്ഇം(റ) നിവേദനം: തിരുമേനി(സ) അരുളി: എന്നാൽ ഞാൻ കുളിക്കുമ്പോൾ മൂന്ന് പ്രാവശ്യം എന്റെ തലയിൽ വെള്ളം ഒഴിക്കും. ഇത് പറഞ്ഞ് തിരുമേനി(സ) തന്റെ രണ്ടു കൈകൊണ്ട് ആംഗ്യം കാണിച്ചു. (ബുഖാരി. 1. 5. 254)

231. ജാബിർ(റ) നിവേദനം: തിരുമേനി(സ) അവിടുത്തെ ശിരസ്സിനുമുകളിൽ മൂന്ന് പ്രാവശ്യം കോരി ഒഴിക്കും. (ബുഖാരി. 1. 5. 255)

232. മൈമൂന(റ) നിവേദനം: ഞാൻ ഒരിക്കൽ നബി(സ)ക്ക് കുളിക്കുവാനായി വെള്ളം തയ്യാർ ചെയ്തുകൊടുത്തു. എന്നിട്ട് അവിടുന്ന് രണ്ടോ മൂന്നോ പ്രാവശ്യം കൈപടം കഴുകി. പിന്നീട് ഇടതു കൈകൊണ്ട് തന്റെ ജനനേന്ദ്രിയം വെള്ളം ഒഴിച്ചുകൊണ്ട് കഴുകി. ശേഷം തന്റെ കൈ നിലത്തുരച്ച് കഴുകി. ശേഷം വായിലും മൂക്കിലും വെള്ളം കയററി ചീററിക്കളഞ്ഞു. തുടർന്നു മുഖവും കൈകൾ (മുട്ടുവരെയും) കഴുകി. അനന്തരം ശരീരം മുഴുവൻ വെള്ളം ഒരു പ്രാവശ്യം കോരി ഒഴിച്ചു. അവിടെനിന്നും മാറിനിന്ന് ഇരുകാലുകളും കഴുകി. (ബുഖാരി. 1. 5. 257)

233. ആയിശ(റ) നിവേദനം: തിരുമേനി(സ) ജനാബത്തു കുളിക്കാനൊരുങ്ങിയാൽ ഹിലാബ് പോലെയുള്ള വല്ല വസ്തുവും കൊണ്ടു വരാൻ ആവശ്യപ്പെടും. എന്നിട്ട് അതു കയ്യിലെടുത്തു ആദ്യം തലയുടെ വലഭാഗവും പിന്നീട് ഇടഭാഗവും തേക്കും. അനന്തരം തലയുടെ മധ്യഭാഗവും. (ബുഖാരി. 1. 5. 258)

234. മൈമൂന:(റ) നിവേദനം: തിരുമേനി(സ) ജനാബത്തു കുളി നിർവ്വഹിച്ചപ്പോൾ അവിടുത്തെ ഗുഹ്യസ്ഥാനം കഴുകുകയും ശേഷം കൈ ചുമരിൽ തടവുകയും

പിന്നീട് കഴുകുകയും ചെയ്തു. അനന്തരം നമസ്കാരത്തിന് എന്നതുപോലെ വുളു എടുത്തു. കുളിയിൽ നിന്ന് വിരമിച്ചപ്പോൾ തന്റെ ഇരു കാലുകളും കഴുകി. (ബുഖാരി. 1. 5. 260)

235. ആയിശ(റ) നിവേദനം: ഞാനും നബി(സ)യും ഒരേ പാത്രത്തിൽ നിന്നും കുളിക്കാറുണ്ടായിരുന്നു. ഞങ്ങളുടെ കൈകൾ മാറി മാറി വെള്ളം മുക്കി എടുക്കും. (ബുഖാരി. 1. 5. 261)

236. ആയിശ(റ) നിവേദനം: തിരുമേനി(സ) വലിയ അശുദ്ധിയുടെ കുളി നിർവ്വഹിക്കുമ്പോൾ തന്റെ കൈകൾ കഴുകാറുണ്ടായിരുന്നു. (ബുഖാരി. 1. 5. 262)

237. അനസ്ബ്നു മാലിക്(റ) നിവേദനം: തിരുമേനി(സ)യും അവിടുത്തെ ഭാര്യമാരിൽ ഒരുത്തിയും ഒരേ പാത്രത്തിൽ നിന്നും കുളിക്കാറുണ്ടായിരുന്നു. ശുഅ്ബ:(റ) പറയുന്നു. വലിയഅശുദ്ധിയോടു കൂടി. (ബുഖാരി. 1. 5. 264)

238. മൈമൂന:(റ) നിവേദനം: ഞാൻ ഒരിക്കൽ തിരുമേനി(സ)ക്ക് കുളിക്കുവാൻ വേണ്ടോ മൂന്നോ പ്രാവശ്യം കൈ കഴുകി. പിന്നീട് വലം കൈകൊണ്ട് ഇടം കയ്യിന്മേൽ വെള്ളം ഒഴുക്കി. തന്റെ ഗുഹ്യസ്ഥാനം കഴുകി. അനന്തരം കൈ മണ്ണിൽ തുടച്ചു. ശേഷം കുലുക്കുഴിയുകയും മൂക്കിൽ വെള്ളം കയററുകയും ചെയ്തു. തന്റെ മുഖവും കൈകളും കഴുകി. മൂന്ന് കോരൽ വെള്ളം എടുത്തു തല കഴുകി. പിന്നീട് ശരീരത്തിൽ വെള്ളം ഒഴിച്ചു. അവിടെ നിന്നും മാറി നിന്ന് ഇരുകാലുകളും കഴുകുകയും ചെയ്തു. (ബുഖാരി. 1. 5. 265)

239. ആയിശ(റ) നിവേദനം: അബൂഅബ്ദി റഹ്മാന് അല്ലാഹു അനുഗ്രഹം ചെയ്യട്ടെ. ഞാൻ തിരുമേനി(സ)ക്ക് സുഗന്ധദ്രവ്യങ്ങൾ പൂശിക്കൊടുക്കുകയും എന്നിട്ട് തിരുമേനി(സ) തന്റെ പത്നിമാരെയെല്ലാം സന്ദർശിക്കുകയും ചെയ്യാറുണ്ടായിരുന്നു. പിന്നീട് പ്രഭാതത്തിൽ തിരുമേനി(സ) ഇഹ്റാം കെട്ടും. അന്നേരം തിരുമേനി(സ)യുടെ ശരീരത്തിൽ നിന്ന് സുഗന്ധം അടിച്ചുവീശിക്കൊണ്ടിരിക്കും. (ബുഖാരി. 1. 5. 267)

240. ആയിശ(റ) നിവേദനം: തിരുമേനി(സ) മുടി വാർന്നുവെച്ചിട്ട് തലയുടെ മധ്യത്തിൽ നീണ്ടുകിടക്കുന്ന ആ വരയിൽ പൂശിയ സുഗന്ധദ്രവ്യം മിന്നിതിളങ്ങുന്നതു ഇതാ ഇപ്പോഴും ഞാൻ ദർശിക്കുന്നു. അന്നേരം തിരുമേനി(സ) ഇഹ്റാം കെട്ടിയിരിക്കയായിരുന്നു. (ബുഖാരി. 1. 5. 271)

241. ആയിശ(റ) നിവേദനം: തിരുമേനി(സ) ജനാബത്തു കുളിക്കാനൊരുങ്ങിയാൽ രണ്ടു കയ്യും കഴുകും. നമസ്കാരത്തിനെന്ന പോലെ വുളുചെയ്യും. പിന്നീട് കുളിയിൽ പ്രവേശിക്കും. തന്റെ രണ്ടു കൈകൊണ്ടും ജടനീക്കും. മുടിയുടെ അടിഭാഗത്തിന്റെ ഉഷ്ണം ശമിച്ചുവെന്ന് കണ്ടാൽ മൂന്നു പ്രാവശ്യം അതിൻമേൽ വെള്ളമൊഴിക്കും ശേഷം ശരീരത്തിലെ ബാക്കി ഭാഗങ്ങൾ കഴുകും. (ബുഖാരി. 1. 5. 272)

242. അബൂഹുറൈറ(റ) നിവേദനം: ഒരിക്കൽ നമസ്ക്കാരത്തിന് ഇഖാമത്ത് വിളിക്കപ്പെട്ടു. അണികളെല്ലാം വളവില്ലാതെ നീണ്ടു നിന്നു. അനന്തരം തിരുമേനി(സ) ഞങ്ങളുടെ അടുക്കലേക്ക് കടന്നുവന്നു. തന്റെ നമസ്ക്കാര സ്ഥലത്തുനിന്ന് കഴിഞ്ഞപ്പോഴാണ് ജനാബത്തു കുളിക്കാനുള്ള കാര്യം അവിടുന്ന് ഓർത്തത്. ഉടനെ അവിടെ തന്നെ നിൽക്കുക എന്നു പറഞ്ഞിട്ട് തിരിച്ചുപോയി. വേഗം കുളിച്ച് ഞങ്ങളുടെ അടുക്കലേക്കുതന്നെ മടങ്ങി വന്നു. അന്നേരം തിരുമേനി(സ)യുടെ ഇററിവീഴുന്നുണ്ടായിരുന്നു. അങ്ങനെ തിരുമേനി തക്ബീർ ചൊല്ലി നമസ്ക്കാരത്തിൽ പ്രവേശിച്ചു. ഞങ്ങൾ കൂടെ നമസ്ക്കരിച്ചു. (ബുഖാരി. 1. 5. 274)

243. ആയിശ:(റ) നിവേദനം: അവർ പറയുന്നു: ഞങ്ങളിൽ ജനാബത്തുണ്ടായാൽ രണ്ടുകൈകൊണ്ടും വെള്ളം കോരിയെടുത്തു മൂന്ന്പ്രാവശ്യം തലയിൽ ഒഴുക്കും ശേഷം വെള്ളമെടുത്തു അവളുടെ വലതുഭാഗത്തും ഒഴുക്കും. (ബുഖാരി. 1. 5. 276)

244. അബൂഹുറൈറ നിവേദനം: തിരുമേനി(സ) അരുളി: ഇസ്രായീല്യർ നഗ്നരായിട്ടാണ് കുളിച്ചിരുന്നത്. ചിലർ ചിലരുടെ നഗ്നതയിലേക്ക് നോക്കികൊണ്ടും. എന്നാൽ മൂസാ (അ) (മററുള്ളവരുടെ കൂട്ടത്തിൽ ചേരാതെ) ഏകനായികൊണ്ടാണ് കുളിച്ചിരുന്നത്. അപ്പോൾ മൂസക്കു ആന്ത്രവീക്കം (പാനി) ഉണ്ടെന്നും അതുകൊണ്ടാണ് അദ്ദേഹം നമ്മോടൊപ്പം കുളിക്കാത്തതെന്നും അവർ പറഞ്ഞു. പിന്നീടൊരിക്കൽ മൂസ കുളിക്കാൻ പോയി. തന്റെ വസ്ത്രം ഒരു കല്ലിന്മേൽ വെച്ചു. ഉടനെ ആ കല്ല് വസ്ത്രവും കൊണ്ടോടി. മൂസ അതിന്റെ പിന്നാലെ കല്ലേ എന്റെ വസ്ത്രം എന്ന് പറഞ്ഞുകൊണ്ടോടി. ഇസ്രായീല്യർ എല്ലാവരും അങ്ങനെ മൂസയുടെ നഗ്നത നോക്കി കണ്ടു. അപ്പോൾ അവർ പറഞ്ഞു: അല്ലാഹു സത്യം മൂസക്ക് യാതൊരു കുഴപ്പവുമില്ല. മൂസ തന്റെ വസ്ത്രം എടുത്തു. എന്നിട്ട് കല്ലിനെ അടിക്കാൻ തുടങ്ങി. അബൂഹുറൈറ പറയുന്നു. മൂസ അടിച്ചതിന്റെ ആറോ ഏഴോ അടയാളം ആ കല്ലിൽ അവശേഷിച്ചിട്ടുണ്ട്. (ബുഖാരി. 1. 5. 277)

245. അബൂഹുറൈറ(റ) നിവേദനം: അയ്യൂബ് നബി (അ) ഒരിക്കൽ നഗ്നനായികൊണ്ട് കുളിക്കുകയാ യിരുന്നു. അന്നേരം അദ്ദേഹത്തിന്റെ അടുത്ത് സ്വർണ്ണത്തിന്റെ വെട്ടുകിളികൾ വന്നു വീഴാൻ തുടങ്ങി. അയ്യൂബ്നബി (അ) ആ വെട്ടുകിളികളെയെല്ലാം പിടിച്ചു തന്റെ വസ്ത്രത്തിലിട്ടു. അപ്പോൾ അദ്ദേഹത്തിന്റെ രക്ഷിതാവ് വിളിച്ചുപറഞ്ഞു. ഓ! അയ്യൂബ്! ഈ സ്വർണ്ണത്തിന്റെ വെട്ടുകിളികളെ കൂടാതെത്തന്നെ സ്വയം പര്യാപ്തനായി ജീവിക്കുവാനുള്ള പരിതസ്ഥിതി നിനക്ക് ഞാൻ കൈവരുത്തിതന്നിട്ടല്ലേ? അയ്യൂബ് നബി (അ) പറഞ്ഞു. അതെ നിന്റെ പ്രതാപത്തെക്കൊണ്ടു സത്യം. ആ പരിതസ്ഥിതി നീ ഉണ്ടാക്കിയിട്ടുണ്ട്. പക്ഷെ നിന്റെ പക്കൽനിന്നുള്ള ബറക്കത്തിനെ ആശ്രയിക്കാതെ എനിക്ക് ജീവിക്കാൻ കഴിയുകയില്ല. (ബുഖാരി. 1. 5. 277)

246. ഉമ്മുഹാനിഅ്(റ) നിവേദനം: തിരുമേനി(സ)യുടെ അടുക്കലേക്ക് മക്ക ജയിച്ചടക്കിയവർഷം ഞാൻ ചെന്നു. അപ്പോൾ അവിടുന്നു കുളിക്കുന്നതായി ഞാൻ കണ്ടു. ഫാത്തിമ(റ) തിരുമേനി(സ)ക്ക് മറപിടിച്ചുകൊണ്ടു നിൽക്കുന്നുമുണ്ട്. ആരാണെന്ന് തിരുമേനി(സ) ചോദിച്ചു. ഞാൻ ഉമ്മുഹാനിഅ് ആണെന്ന് മറുപടി പറഞ്ഞു. (ബുഖാരി. 1. 5. 278)

247. അബൂഹുറൈറ(റ) നിവേദനം: മദീനയിലെ ചില വഴിയിൽ വെച്ച് തിരുമേനി(സ) അദ്ദേഹത്തെ കണ്ടു. അന്നേരം അബൂഹുറൈറയിൽ ജനാബത്തു കുളി അവശേഷിച്ചിരുന്നു. അബൂഹുറൈറ(റ) പറയുന്നു. ഞാൻ അന്നേരം തിരുമേനി(സ) യിൽ നിന്ന് ഒഴിഞ്ഞുമാറിക്കളഞ്ഞു. എന്നിട്ട് ഞാൻ പോയി കുളിച്ചുതിരിച്ചുവന്നു. അപ്പോൾ അബൂഹുറൈറ! നീ എവിടെ പോയിരുന്നുവെന്ന് തിരുമേനി ചോദിച്ചു. ഞാൻ ജനാബത്തുകാരനായിരുന്നു. അശുദ്ധനായികൊണ്ട് അങ്ങയോടൊപ്പം ഇരിക്കുന്നതിൽ വെറുപ്പുതോന്നി എന്ന് അബൂഹുറൈറ: പറഞ്ഞു. തിരുമേനി(സ) അരുളി : സുബ്ഹാനല്ലാഹു. സത്യവിശ്വാസി ഒരിക്കലും അശുദ്ധനാവുകയില്ല. (ബുഖാരി. 1. 5. 281)

248. അബൂസലമ(റ) പറയുന്നു: ഞാൻ ആയിശ(റ) യോടു ചോദിച്ചു. നബി(സ) ജനാബത്തുകാരനായി ഉറങ്ങാറുണ്ടോ? അവർ പറഞ്ഞു. അതെ, അവിടുന്നു വുളു എടുക്കും. (ബുഖാരി. 1. 5. 284)

249. ഉമർ(റ) നിവേദനം: ഞങ്ങളിൽ വല്ലവരിലും ജനാബത്തുകുളി അവശേഷിച്ചാൽ ഉറങ്ങാൻ പാടുണ്ടോ? എന്ന് തിരുമേനി(സ) യോടു അദ്ദേഹം ചോദിച്ചു. അതെ നിങ്ങളിൽ ജനാബത്തുകുളി അവശേഷിച്ചിട്ടുണ്ടെങ്കിൽ വുളു ചെയ്തിട്ടു ഉറങ്ങാം എന്നു അവിടുന്ന് മറുപടി നൽകി. (ബുഖാരി. 1. 5. 286)

250. ആയിശ(റ) നിവേദനം: തിരുമേനി(സ) ജനാബത്തുകാരനായി ഉറങ്ങാൻ ഉദ്ദേശിച്ചാൽ ഗുഹ്യസ്ഥാനം കഴുകി വുളു എടുക്കും. നമസ്ക്കാരത്തിന് എന്നതു പോലെ. (ബുഖാരി. 1. 5. 287)

251. ഉമർ(റ) നിവേദനം: അദ്ദേഹത്തിന് രാത്രിയിൽ വലിയ അശുദ്ധിയുണ്ടാവും. അപ്പോൾ നബി(സ) അദ്ദേഹത്തോട് പറഞ്ഞു. നീ നിന്റെ ലിംഗം കഴുകിയ ശേഷം ഉറങ്ങുക. (ബുഖാരി. 1. 5. 288)

252. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: പുരുഷൻ സ്ത്രീയുടെ നാല് ശാഖകൾക്കിടയിൽ ഇരിക്കുകയും എന്നിട്ട് അവളെ ബുദ്ധിമുട്ടിക്കുകയും ചെയ്താൽ കുളി നിർബന്ധമായി. (ബുഖാരി. 1. 5. 290)

253. ഉസ്മാൻ(റ) നിവേദനം: ഒരാൾ തന്റെ ഭാര്യയുമായി ലൈംഗിക ബന്ധം സ്ഥാപിക്കുകയും ഇന്ദ്രിയസ്ഖലനം ഉണ്ടാവുന്നതിന് മുമ്പ് തന്നെ വിരമിക്കുകയും ചെയ്താൽ അവൻ കുളിക്കേണ്ടതുണ്ടോ എന്ന് സെയ്ദ്ബ്നുഖാലിദ് അദ്ദേഹത്തോടു ചോദിച്ചു. അപ്പോൾ ഉസ്മാൻ(റ) പറഞ്ഞു. നമസ്ക്കാരത്തിന് വുളു എടുക്കുന്നത് പോലെ വുളു എടുക്കുകയും ജനനേന്ദ്രിയം കഴുകുകയും ചെയ്താൽ മാത്രം മതി. ഞാനത് നബി(സ) യിൽ നിന്ന് കേട്ടിട്ടുണ്ട്. അപ്പോൾ ഞാൻ ഈ വിഷയത്തെക്കുറിച്ച് അലി(റ) സുബൈർ(റ) ത്വൽഹ:(റ) ഉബയ്യ്(റ) എന്നിവരോട് ചോദിച്ചു. അവരും ഉസ്മാൻ(റ) പറഞ്ഞതുപോലെ കുളിക്കേണ്ടതില്ലാ എന്ന് പറഞ്ഞു. അബൂഅയ്യൂബും(റ) ഇതു നബി(സ) യിൽ നിന്ന് കേട്ടിട്ടുണ്ട്. (ബുഖാരി. 1. 5. 291)

254. ഉബയ്യ്ബ്നുകഅ്ബ്(റ) നിവേദനം: അല്ലാഹുവിന്റെ ദൂതരേ! ഒരാൾ തന്റെ ഭാര്യയുമായി സംയോഗം ചെയ്തു സ്ഖലനം ഉണ്ടാവുന്നതിന് മുമ്പ് വിരമിച്ചാൽ അയാൾ കുളിക്കേണ്ടതുണ്ടോ എന്ന് ചോദിച്ചു തിരുമേനി(സ) അരുളി : സ്ത്രീയിൽ നിന്നും സ്പർശിച്ച ലിംഗം കഴുകുകയും അനന്തരം വുളു എടുക്കുകയും ചെയ്തുകൊണ്ട് അവൻ നമസ്ക്കരിക്കട്ടെ. അബൂഅബ്ദില്ല (ബുഖാരി) പറയുന്നു. കുളിക്കുന്നതാണ് ഏററവും സൂക്ഷ്മത. അതാണ് അവസാനത്തേത്. അവരുടെ ഭിന്നത വിവരിക്കാനാണ് ഇത്രയും വിവരിച്ചത്. (ബുഖാരി. 1. 5. 292)

255. അബുഹുറൈറ(റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: മൃതശരീരം കുളിപ്പിക്കുന്നയാൾ കുളിക്കേണ്ടതാണ്. (ഇബ്നുമാജാ)

256. ഖയിസ്ബ്നു ആസിം(റ) നിവേദനം ചെയ്തു: അദ്ദേഹം ഇസ്ലാംമതം സ്വീകരിച്ചു. അപ്പോൾ പ്രവാചകൻ(സ) അദ്ദേഹത്തോടു വെള്ളം കൊണ്ടും സിദിർ (ലോട്ടുവൃക്ഷത്തിന്റെ ഇല) കൊണ്ടും കുളിക്കുവാൻ ആജ്ഞാപിച്ചു. (തിർമിദി)

257. ആയിശ(റ) നിവേദനം ചെയ്തു: നാലവസരത്തിൽ പ്രവാചകൻ(സ) കുളിക്കുമായിരുന്നു. : ജനാബത്തു കാരണത്താലും, വെള്ളിയാഴ്ചകളിലും, (കൊമ്പുവച്ച്) രക്തമെടുക്കുന്നതിനാലും, മൃതശരീരം കുളിപ്പിച്ചതിനാലും. (അബൂദാവൂദ്)

258. അനസ്(റ) പറഞ്ഞു: യഹൂദ സ്ത്രീ ഋതുമതിയായിരിക്കുമ്പോൾ, അവർ അവളുമായി ഭക്ഷിക്കുകയോ ഒരേ മുറിയിൽ അവളുമായി ഇരിക്കുകയോ ചെയ്യുന്നില്ല. അതുകൊണ്ട് സഹചാരികൾ പ്രവാചകനോട് ചോദിക്കുകയും, അല്ലാഹു അവിടുന്നിന് ദിവ്യോദ്ബോധനം നൽകുകയും ചെയ്തു: ആർത്തവത്തെ ക്കുറിച്ച് അവർ നിന്നോട് ചോദിക്കുന്നു. (ഖു. 2: 222). അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു. സംഭോഗമൊഴിച്ച് മററെല്ലാ കാര്യവും ചെയ്യുക. (മുസ്ലിം)

259. ആയിശ(റ) പറഞ്ഞു: പ്രവാചകൻ(സ) കുളിക്കുശേഷം വുസു ചെയ്തിട്ടില്ല. (തിർമിദി)

260. യഅ്ലാ(റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ(സ) ഒരു ദിവസം ഒരാൾ (നഗ്നനായി) ഒരുതുറന്ന സ്ഥലത്തുനിന്നു കുളിക്കുന്നതു കണ്ടു. അവിടുന്നു പീഠത്തിൽ കയറി അല്ലാഹുവിനെ സ്തുതിക്കയും സ്തോത്രം ചെയ്യുകയും ചെയ്ത ശേഷം പറഞ്ഞു: അല്ലാഹു ലജ്ജയുള്ളവനും കുററങ്ങളെ മറയ്ക്കുന്നവനും ആകുന്നു. അവൻ ലജ്ജയെയും ലജ്ജയുള്ളതേതോ അതു മറയ്ക്കുന്നതിനേയും ഇഷ്ടപ്പെടുന്നു. അതുകൊണ്ട് നിങ്ങളിൽ ആരാണെങ്കിലും, കുളിക്കുമ്പോൾ മറയ്ക്കട്ടെ. (അബൂദാവൂദ്)

261. അബീദർറു(റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു; പത്തുകൊല്ലത്തേയ്ക്കു വെള്ളം കിട്ടിയില്ലെങ്കിലും, ശുദ്ധമായ മണ്ണുകൊണ്ട്, ഒരു മുസ്ലീമിന്റെ വുസു നിർവ്വഹിക്കാവുന്നതാണ്. വെള്ളം കിട്ടുമ്പോൾ ശരീരം അതുകൊണ്ട് കഴുകാവുന്നതാണ്. അതാണ് നല്ലത്. (അബൂദാവൂദ്)

262. ജാബിർ(റ) പറഞ്ഞു: ഞങ്ങൾ ഒരു യാത്ര തിരിച്ചു. ഞങ്ങളിൽ ഒരാൾക്ക് കല്ല് തട്ടുകയും, തലപൊട്ടുകയും രാത്രി ഇന്ദ്രീയ സ്ഖലനമുണ്ടാകുകയും ചെയ്തു. പ്രവാചകൻ പറഞ്ഞു: തയമ്മും ചെയ്കയും മുറിവുണ്ടായിരുന്ന സ്ഥലത്ത് കെട്ടുകയും അതിൽ തുടയ്ക്കുകയും ശരീരത്തിന്റെ ബാക്കി ഭാഗങ്ങൾ കഴുകുകയും ചെയ്തെങ്കിൽ മതിയാകുമായിരുന്നു. (അബൂദാവൂദ്)

## 7. ആർത്തവം

263. ആയിശ(റ) നിവേദനം: ഞങ്ങൾ പുറപ്പെട്ടു. ഹജ്ജ് മാത്രമായിരുന്നു ഞങ്ങളുടെ ഉദ്ദേശ്യം. തിരുമേനി(സ) എന്റെയടുക്കൽ കടന്നുവന്നു. ഞാൻ കരയുകയാണ്. അവിടുന്ന് ചോദിച്ചു. നിനക്കെന്തു സംഭവിച്ചു? ആർത്തവം തുടങ്ങിയോ? അതെ എന്നു ഞാൻ ഉത്തരം നൽകി. തിരുമേനി(സ) അരുളി: ആദമിന്റെ പെൺമക്കൾക്ക് അല്ലാഹു നിശ്ചയിച്ച കാര്യമാണത്. അതുകൊണ്ട് മററു ഹാജിമാർ ചെയ്യുന്നതുപോലെ നീയും ചെയ്യുക. എന്നാൽ കഅ്ബയെ പ്രദക്ഷിണം ചെയ്യരുത്. ആയിശ(റ) പറഞ്ഞു. നബി(സ) പത്നിമാർക്ക് വേണ്ടി പശുക്കളെയാണ് അന്ന് ബലികഴിച്ചത്. (ബുഖാരി. 1. 6. 293)

264. ആയിശ(റ) നിവേദനം: ഞാൻ ആർത്തവക്കാരിയായിരിക്കുമ്പോൾ തിരുമേനി(സ)യുടെ മുടി വാർന്ന് കൊടുക്കാറുണ്ടായിരുന്നു. (ബുഖാരി. 1. 6. 294)

265. ഉർവ്വ(റ) നിവേദനം: ഭാര്യ ആർത്തവക്കാരിയായിരിക്കുമ്പോൾ അവൾ എനിക്ക് ശുശ്രൂഷ ചെയ്യാമോ, അവൾ ജനാബത്തുകാരി യായിരിക്കുമ്പോൾ എന്നെ സമീപിക്കാമോ എന്ന് അദ്ദേഹത്തോട് ചോദിക്കപ്പെട്ടു. അപ്പോൾ ഉർവ്വ(റ) പറഞ്ഞു. ഇവയെല്ലാം നിസ്സാര പ്രശ്നമാണ്. അവരെല്ലാം എന്നെ ശുശ്രൂഷിക്കുകയും എനിക്ക് സേവനം ചെയ്യുകയും ചെയ്യാറുണ്ട്. ആരുടെ മേലിലും ഇതിന്ന് വിരോധമില്ല. ആയിശ(റ) ആർത്തവഘട്ടത്തിലായിരിക്കുമ്പോൾ നബി(സ)യുടെ മുടി ചീകികൊടുക്കാറുണ്ടെന്ന് അവർ എന്നോട് പറയുകയുണ്ടായി. നബി(സ) പള്ളിയിൽ ഭജനമിരിക്കുകയായിരിക്കും. തല അവരുടെ അടുക്കലേക്ക് നീട്ടിക്കൊടുക്കും. ആയിശ(റ) അവരുടെ മുറിയിലായിരിക്കും. അങ്ങനെ അവർ ആർത്തവഘട്ടത്തിലായിരിക്കവേ അവിടുത്തെ മുടി വാർന്നു കൊടുക്കും. (ബുഖാരി. 1. 6. 295)

266. ആയിശ(റ) നിവേദനം: തിരുമേനി(സ) എന്റെ മടിയിലേക്ക് ചാരികിടന്നിട്ട് ഖുർആൻ ഓതാറുണ്ട്. ഞാൻ ആർത്തവ ഘട്ടത്തിലായിരിക്കും. (ബുഖാരി. 1. 6. 296)

267. ഉമ്മുസൽമ(റ) നിവേദനം: ഒരു ദിവസം ഞാൻ ഒരു പുതപ്പിൽ തിരുമേനി(സ) യോടൊപ്പം കിടന്നുറങ്ങുകയായിരുന്നു. അതിന്നിടക്ക് എനിക്ക് ആർത്തവം ആരംഭിച്ചു. ഞാൻ പതുക്കെ അവിടെ നിന്നും എഴുന്നേററു. എന്നിട്ട്

ആർത്തവസമയത്ത് ധരിക്കാറുള്ള വസ്ത്രം എടുത്തു. അപ്പോൾ തിരുമേനി ചോദിച്ചു. നിനക്ക് നിഫാസ് ആരംഭിച്ചുവോ? അതെ, ഞാൻ മറുപടി പറഞ്ഞു. തിരുമേനി(സ) എന്നെ വിളിച്ചു. എന്നിട്ട് തിരുമേനി(സ) യോടൊപ്പം ഒരേ പുതപ്പിൽ ഞാൻ കിടന്നു. (ബുഖാരി. 1. 6. 297)

268. ആയിശ(റ) നിവേദനം: ഞാനും നബി(സ)യും ഒരേ പാത്രത്തിൽനിന്നും കുളിക്കാറുണ്ട്. ഞങ്ങൾ രണ്ടു പേർക്കും വലിയ അശുദ്ധിയുണ്ടായിരിക്കേ. ആയിശ(റ) നിവേദനം: അവിടുന്ന് ഭജനമിരിക്കുമ്പോൾ തല എനിക്ക് നീട്ടിതരും. ഞാൻ അവിടുത്തെ തല കഴുകിക്കൊടുക്കും. ഞാൻ ഋതുമതി ആയിരിക്കവെ. (ബുഖാരി. 1. 6. 298) (ബുഖാരി. 1. 6. 298)

269. ആയിശ(റ) നിവേദനം: ചിലപ്പോൾ ആർത്തവഘട്ടത്തിൽ എന്നോട് വസ്ത്രം ധരിക്കാൻ തിരുമേനി(സ) നിർദ്ദേശിക്കും. എന്നിട്ട് അവിടുന്ന് എന്നോട് ചേർന്ന് കിടക്കും. ഞാൻ ആർത്തവ ഘട്ടത്തിലായിരിക്കും. (ബുഖാരി. 1. 6. 300)

270. ആയിശ(റ) നിവേദനം: ഞങ്ങളിൽ വല്ലവർക്കും ആർത്തവമുണ്ടായി അവളോടൊപ്പം കിടക്കാൻ തിരുമേനി(സ) ഉദ്ദേശിച്ചു. എങ്കിൽ അവളുടെ ശക്തിയായ ആർത്തവത്തിന്റെ ഘട്ടത്തിൽ വസ്ത്രം (അടിയിൽ) ധരിക്കാൻ ഉപദേശിക്കും. ശേഷം അവളോടൊപ്പം കിടക്കാം. ആയിശ(റ) പറയുന്നു. തിരുമേനി(സ)ക്ക് കഴിഞ്ഞിരുന്നതുപോലെ കാമവികാരങ്ങളെ നിയന്ത്രിച്ചു നിർത്താൻ ആർക്കെങ്കിലും കഴിയുമോ? (ബുഖാരി. 1. 6. 299)

271. മൈമൂന(റ) നിവേദനം: തിരുമേനി(സ) ഋതുമതിയായ തന്റെ ഭാര്യയുമായി സഹവസിക്കാൻ ഉദ്ദേശിച്ചാൽ അവളുടെ തുണി ഉടുക്കുവാൻ നിർദ്ദേശിക്കും. (ബുഖാരി. 1. 6. 300)

272. അബൂസഈദുൽഖുദ്‌രി(റ) നിവേദനം: ഒരിക്കൽ തിരുമേനി(സ) വലിയ പെരുന്നാൾ ദിവസം നമസ്ക്കാരമൈതാനത്തേക്ക് പുറപ്പെട്ടു. തിരുമേനി(സ) സ്ത്രീകളുടെ അടുക്കലേക്ക് ചെന്നു. അവിടുന്നു അരുളി: സ്ത്രീ സമൂഹമേ! നിങ്ങൾ ദാനധർമ്മങ്ങൾ ചെയ്യുക. നരകവാസികളിൽ അധികമാളുകളേയും സ്ത്രീകളായിട്ടാണ് ഞാൻ കണ്ടിരിക്കുന്നത്. അപ്പോൾ സ്ത്രീകൾ ചോദിച്ചു. അല്ലാഹുവിന്റെ പ്രവാചകരെ! എന്താണിങ്ങനെ സംഭവിക്കാൻ കാരണം? തിരുമേനി(സ) പ്രത്യുത്തരം നൽകി. അവർ ശപിക്കൽ വർദ്ധിപ്പിക്കും. സഹവാസത്തെ നിഷേധിക്കും, ദൃഢചിത്തരായ പുരുഷന്മാരുടെ ഹൃദയങ്ങളെ ഇളക്കുവാൻ ബുദ്ധിയും ദീനും കുറഞ്ഞ നിങ്ങളേക്കാൾ കഴിവുള്ളവരെ ഞാൻ വേറെ കണ്ടിട്ടില്ല. സ്ത്രീകൾ ചോദിച്ചു. പ്രവാചകരേ! ബുദ്ധിയിലും മതത്തിലും ഞങ്ങൾക്കെന്താണ് കുറവ്? അവിടുന്ന് അരുളി. സ്ത്രീയുടെ സാക്ഷ്യത്തിനു പുരുഷന്റെ പകുതി സാക്ഷ്യത്തിന്റെ സ്ഥാനമല്ലേ കൽപ്പിക്കുന്നുള്ളൂ? അവർ പറഞ്ഞു. അതെ. തിരുമേനി അരുളി :അതാണ് അവർക്ക് ബുദ്ധി കുറവാണെന്നതിന്റെ ലക്ഷണം. ആർത്തവമുണ്ടായാൽ സ്ത്രീ നമസ്ക്കാരവും നോമ്പും ഉപേക്ഷിക്കുന്നില്ലേ? അവർ പറഞ്ഞു. അതെ തിരുമേനി(സ) അരുളി: മതം കുറവായതിന്റെ ലക്ഷണങ്ങളാണത്. (ബുഖാരി. 1. 6. 301)

273. ആയിശ(റ) പറയുന്നു: അബൂഹുബൈശിന്റെ മകൾ ഫാത്തിമ ഒരിക്കൽ നബി(സ)യുടെ അടുക്കൽ വന്നു പറഞ്ഞു: അല്ലാഹുവിന്റെ ദൂതരെ! ഞാൻ ശുദ്ധിയാവാത്ത ഒരു സ്ത്രീയാണ്. അതുകൊണ്ട് ഞാൻ നമസ്ക്കാരം ഉപേക്ഷിക്കട്ടെയോ? തിരുമേനി(സ) അരുളി : നിശ്ചയമായും അതു ഒരു ഞരമ്പുരോഗമാണ്. ആർത്തവമല്ല. അതുകൊണ്ട് ആർത്തവം ആസന്നമായാൽ നീ നമസ്ക്കാരം ഉപേക്ഷിക്കണം. അതിന്റെ അവധി അവസാനിച്ചാൽ രക്തം കഴുകി നീ നമസ്ക്കരിക്കണം. (ബുഖാരി. 1. 6. 303)

274. ആയിശ(റ) നിവേദനം: ഞങ്ങളിൽ ഒരുവൾക്ക് ആർത്തവം ഉണ്ടായാൽ ശുദ്ധിയാക്കുമ്പോൾ കൈവിരലിന്റെ അററം കൊണ്ടു വസ്ത്രത്തിൽ നിന്നും രക്തം കഴുകും. പിന്നീട് വെള്ളം ചേർത്ത് ബാക്കി സ്ഥലം കഴുകും. എന്നിട്ട് അതിൽ നമസ്ക്കരിക്കും. (ബുഖാരി. 1. 6. 305)

275. ആയിശ(റ) നിവേദനം: തിരുമേനി(സ) യോടൊപ്പം സ്വപത്നികളിൽ ചിലർ ഇഅ്ത്തികാഫ് ഇരുന്നു. അവൾക്ക് അമിതമായി രക്തം പോകുന്ന രോഗമുണ്ടായിരുന്നു. രക്തം കാരണം ചിലപ്പോൾ താഴെ താലം (പാത്രം) വെക്കുകയാണ് അവർ ചെയ്തിരുന്നത്. മഞ്ഞ നിറമുള്ള ദ്രാവകം ആയിശ(റ) ദർശിച്ചിരുന്നു. ഇന്നവൾ ഈ രീതിയിലുള്ള രക്തമാണ് കണ്ടിരുന്നതെന്ന് അവൾ പറയാറുണ്ട്. (ബുഖാരി. 1. 6. 306)

276. ആയിശ(റ) നിവേദനം: തിരുമേനി(സ)യുടെ കൂടെ അവിടുത്തെ ഒരു ഭാര്യ ഭജനമിരുന്നു. അവൾ മഞ്ഞകലർന്ന നിറമുള്ള രക്തം ദർശിക്കാറുണ്ട്. അവൾ നമസ്ക്കരിക്കുമ്പോൾ താലം അവളുടെ ചുവട്ടിൽ ഉണ്ടായിരിക്കും. (ബുഖാരി. 1. 6. 307)

277. ആയിശ(റ) നിവേദനം: സത്യവിശ്വാസികളുടെ ഉമ്മമാരിൽപെട്ട ചിലർ രക്തസ്രാവമുള്ള ഘട്ടത്തിൽ ഭജനമിരിക്കാറുണ്ട്. (ബുഖാരി. 1. 6. 308)

278. ആയിശ(റ) നിവേദനം: ഞങ്ങൾക്ക് ആർത്തവം ഉണ്ടാവുന്ന ആ ഏക വസ്ത്രമല്ലാതെ മറെറാന്നും ചിലപ്പോൾ ഉണ്ടാവാറില്ല. ആർത്തവരക്തം അതിൽ ബാധിച്ചാൽ ഉമിനീർ നഖത്തിലാക്കിക്കൊണ്ട് അതിനെ ഉരസികളയാറുണ്ട്. (ബുഖാരി. 1. 6. 309)

279. ഉമ്മഅത്വിയ്യ(റ) നിവേദനം: ഒരാൾ മരിച്ചാൽ മൂന്ന് ദിവസത്തിലധികം ദുഃഖമാചരിക്കുന്നത് ഞങ്ങളോട് വിരോധിച്ചിരുന്നു. ഭർത്താവ് ഒഴികെ. അദ്ദേഹത്തിന്റെ മേൽ നാല്മാസവും പത്തു ദിവസവും കൽപ്പിച്ചിരുന്നു. ആ ഘട്ടത്തിൽ സുറുമയിടരുത്, സുഗന്ധദ്രവ്യം ഉപയോഗിക്കരുത്, ചായം പിടിപ്പിച്ച നൂലുകൊണ്ട് നെയ്ത വസ്ത്രമല്ലാതെ ചായം പൂശിയ വസ്ത്രം ധരിക്കരുത് എന്നും ഞങ്ങളോട് കൽപ്പിച്ചിരുന്നു. ആർത്തവം നിന്ന് ഞങ്ങൾ കുളിച്ച് ശുദ്ധീകരിക്കുമ്പോൾ അൽപം സുഗന്ധമുള്ള വസ്തു (കസ്ത്അള്ഫൗ) ഉപയോഗിക്കാൻ ഞങ്ങളെ അനുവദിച്ചിരുന്നു. മയ്യത്തിനെ അനുഗമിക്കുന്നതും ഞങ്ങളോട് വിരോധിച്ചിരുന്നു. (ബുഖാരി. 1. 6. 310)

280. ആയിശ(റ) നിവേദനം: ആർത്തവം നിന്ന ശേഷം കുളിക്കുന്നതിനെക്കുറിച്ച് ഒരു സ്ത്രീ തിരുമേനി(സ) യോട് ചോദിച്ചു.
കുളിക്കേണ്ടതെങ്ങിനെയെന്നുപദേശിച്ചുകൊണ്ട് തിരുമേനി(സ) അരുളി : നീ ഒരു കഷ്ണം കസ്തൂരിയെടുത്തു അതുകൊണ്ട് ശുദ്ധീകരിക്കുക. അവൾ ചോദിച്ചു. കസ്തൂരികൊണ്ടു ഞാൻ ശുദ്ധീകരിക്കേണ്ടതെങ്ങിനെയാണ്. തിരുമേനി(സ) അരുളി: നീ അതു അതുകൊണ്ട് ശൂദ്ധീകരിക്കുക. അവൾ വീണ്ടും ചോദിച്ചു. എങ്ങിനെ? തിരുമേനി(സ) അരുളി: സുബ്ഹാനല്ലാ! നീ ശുദ്ധീകരിച്ചു. കൊള്ളുക. ആയിശ(റ) പറയുന്നു. അന്നേരം അവളെ എന്റെ അടുക്കലേക്ക് പിടിച്ചുവലിച്ചു ഞാൻ പറഞ്ഞു ആ കസ്തൂരിയുടെ കഷ്ണം രക്തം തട്ടിയ സ്ഥലങ്ങളിൽ ഉപയോഗിക്കുക. (ബുഖാരി. 1. 6. 311)

281. ആയിശ(റ) നിവേദനം: അൻസാരികളിൽ പെട്ട ഒരു സ്ത്രീ തിരുമേനി(സ) യോടു ചോദിച്ചു. ഞാൻ ആർത്തവത്തിൽ നിന്ന് ശുദ്ധിയാകുമ്പോൾ എങ്ങിനെ കുളിക്കണം? നീ കൈകൊണ്ട് ഒരു കഷ്ണം സുഗന്ധം എടുത്തു വൃത്തിയാക്കുക. എങ്ങിനെയെന്ന് അവൾ മൂന്നു പ്രാവശ്യം ആവർത്തിച്ചു. ശേഷം നബി(സ) ലജ്ജിക്കുകയും മുഖം തിരിക്കുകയും ചെയ്തു. അപ്പോൾ ഞാൻ അവളെ പിടിച്ചു

വലിച്ചു. ശേഷം നബി(സ) ഉദ്ദേശിച്ച സ്ഥലം ഞാൻ അവൾക്ക് പറഞ്ഞുകൊടുത്തു. (ബുഖാരി. 1. 6. 312)

282. ആയിശ(റ) നിവേദനം : ഹജ്ജത്തുൽ വിദാഇൽ തിരുമേനി(സ) യോടൊപ്പം ഞാൻ ഇഹ്റാം കെട്ടി. ബലിമൃഗങ്ങളെ കൊണ്ടുപോകാത്തവരുടെയും ഹജ്ജിനു മുമ്പ് ഉംറക്കുവേണ്ടി മാത്രം ഇഹ്റാം കെട്ടിയവരുടെയും വിഭാഗത്തിലായിരുന്നു ഞാൻ. അവർ പറയുന്നു. അവർക്ക് ആർത്തവമാരംഭിച്ചു. അറഫ രാത്രി വന്നെത്തും വരേക്കും ശുദ്ധിയായില്ല. അപ്പോൾ അവർ പറഞ്ഞു. അല്ലാഹുവിന്റെ ദൂതരെ! ഇത് അറഫാ ദിനത്തിന്റെ രാത്രിയാണ്. ഞാൻ ഉംറക്ക് മാത്രം ഇഹ്റാം കെട്ടിയവളാണ്. തിരുമേനി(സ) അവരോട് പറഞ്ഞു. നീ നിന്റെ മുടിയുടെ കെട്ടഴിക്കുക. മുടി വാർന്നു കൊള്ളുക. ഉംറയുടെ നടപടികൾ നിറുത്തിവെക്കുക. ആയിശ പറയുന്നു. ഞാൻ അങ്ങനെ ചെയ്തു. ഹജ്ജിൽ പ്രവേശിച്ചു. അതു നിർവ്വഹിച്ചു കഴിഞ്ഞപ്പോൾ ഞാൻ മുമ്പ് പ്രവേശിച്ചു കഴിഞ്ഞിരുന്ന ഉംറക്ക് പകരം തൻഈമിൽ നിന്ന് എന്നെ ഉംറക്ക് ഇഹ്റാം കെട്ടിച്ചുകൊണ്ടുവരാൻ അബ്ദുറഹ്മാനോട് ഹസ്ബായുടെ രാവിൽ തിരുമേനി നിർദ്ദേശിച്ചു. (ബുഖാരി. 1. 6. 313)

283. ആയിശ(റ) നിവേദനം : ദുൽഹജ്ജ് മാസപ്പിറവി കണ്ട ഉടനെ ഞങ്ങൾ (ഹജ്ജിന്ന്) പുറപ്പെട്ടു. തിരുമേനി(സ) അരുളി: ഉംറക്ക് മാത്രം ഇഹ്റാം കെട്ടാൻ ഉദ്ദേശിക്കുന്നവർ അങ്ങനെ ചെയ്തുകൊള്ളുക. ബലിമൃഗങ്ങളെ കൊണ്ടുവന്നിരുന്നില്ലെങ്കിൽ ഞാനും ഉംറക്കു മാത്രെ ഇഹ്റാം കെട്ടുമായിരുന്നുള്ളു. അങ്ങനെ ഞങ്ങളിൽ ചലർ ഉംറക്ക് മാത്രമായും ചിലർ ഹജ്ജിനുമാത്രമായും ഇഹ്റാം കെട്ടി. ഞാൻ ഉംറക്ക് മാത്രമായി ഇഹ്റാം കെട്ടിയവരുടെ കൂട്ടത്തിലായിരുന്നു. അങ്ങനെ ഞാൻ ഋതുമതിയായിരിക്കെ അറഫാ: ദിവസം ആഗതമായി. ഞാൻ നബി(സ) യോട് ആവലാതിപ്പെട്ടു. അവിടുന്നു അരുളി : നീ ഉംറ: ഉപേക്ഷിക്കുക. മുടി കെട്ടഴിച്ച് വാർന്നുകൊള്ളുക. ഹജ്ജിന് ഇഹ്റാം കെട്ടുക. ഞാനത് അനുഷ്ഠിച്ചു. ഹസ്ബായുടെ രാത്രിയിൽ എന്റെ സഹോദരൻ അബ്ദുറഹ്മാനെ എന്റെ കൂടെ തൻഈമിലേക്ക് അയച്ചു. അങ്ങനെ ഞാൻ ഉംറക്ക് പകരം വീണ്ടും ഉംറക്ക് വേണ്ടി ഇഹ്റാം കെട്ടി. ഹിശ്ശാമ് പറയുന്നു. അതിലൊന്നും ബലി കഴിക്കുകയോ നോമ്പു നോൽക്കുകയോ ദാനം ചെയ്യുകയോ ചെയ്യേണ്ടിവന്നില്ല. (ബുഖാരി. 1. 6. 314)

284. അനസ്(റ) നിവേദനം : തിരുമേനി(സ) അരുളി: അല്ലാഹു ഗർഭപാത്രത്തിൽ ഒരു മലക്കിനെ നിയമിച്ചിട്ടുണ്ട്. ആ മലക്ക് വിളിച്ചു പറയും. എന്റെ രക്ഷിതാവേ! ഇപ്പോൾ ഭ്രൂണമായി. എന്റെ രക്ഷിതാവേ! ഇപ്പോൾ രക്തപിണ്ഡമായി. എന്റെ രക്ഷിതാവേ! ഇപ്പോൾ മാംസക്കഷ്ണമായി, അങ്ങനെ അതിന്റെ സൃഷ്ടിപ്പ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുമ്പോൾ പറയും. ആണോ പെണ്ണോ? നിർഭാഗ്യവാനോ? സൗഭാഗ്യവാനോ? ആഹാരം എന്ത്? അവധി എത്ര? അങ്ങനെ അവന്റെ മാതാവിന്റെ ഗർഭപ്രാതത്തിൽ വെച്ച് തന്നെ എഴുതപ്പെടും. (ബുഖാരി. 1. 6. 315)

285. ആയിശ(റ) നിവേദനം: ഹുബൈശിന്റെ പുത്രിക്ക് രക്തസ്രാവമുണ്ടായിരുന്നു. ഇതിനെക്കുറിച്ച് അവർ നബി(സ) യോട് അന്വേഷിച്ചു. അപ്പോൾ തിരുമേനി(സ) അരുളി, അതു ഒരു ഞരമ്പ് രോഗമാണ് ആർത്തവ ദിവസമായാൽ നീ നമസ്കാരം ഉപേക്ഷിക്കുക. അതു പിന്നിട്ടാൽ കുളിച്ചു നമസ്കരിക്കുക. (ബുഖാരി. 1. 6. 317)

286. ആയിശ(റ) നിവേദനം: സ്ത്രീ ആർത്തവമില്ലാതെ ശുദ്ധിയായിരിക്കുമ്പോൾ മാത്രം നമസ്കരിച്ചാൽ മതിയാകുമോ എന്ന് ഒരു സ്ത്രീ അവരോട് ചോദിച്ചു. അപ്പോൾ ആയിശ(റ) പറഞ്ഞു. നീ ഹറൂരിയ്യ സംഘത്തിൽ പെട്ടവളാണോ? നബി(സ) യോടൊപ്പം താമസിക്കുമ്പോൾ ഞങ്ങൾക്ക് ആർത്തവം ഉണ്ടായിരുന്നു. പക്ഷെ ഞങ്ങളോട് നമസ്കാരം നഷ്ടപ്പെട്ടത് നിർവ്വഹിക്കുവാൻ തിരുമേനി(സ)

കൽപ്പിക്കാറുണ്ടായിരുന്നില്ല. അല്ലെങ്കിൽ ആയിശ(റ) പറഞ്ഞത് ഞങ്ങൾ അപ്രകാരം ചെയ്യാറുണ്ടായിരുന്നില്ല എന്നാണ്. (ബുഖാരി. 1. 6. 318)

287. ഹഫ്സ: പറയുന്നു: യുവതികൾ രണ്ടു പെരുന്നാളിന് പുറത്തു പോകുന്നത് ഞങ്ങൾ തടഞ്ഞിരുന്നു. അങ്ങനെ ഒരു സ്ത്രീ ബസറയിലുള്ള ബനൂഖലഫിന്റെ എടുപ്പിൽ വന്നിറങ്ങി. നബി(സ)യൊന്നിച്ച് പന്ത്രണ്ടു യുദ്ധത്തിൽ പങ്കെടുത്ത ഭർത്താവോടൊപ്പം ആറെണ്ണത്തിലും കൂടെയുണ്ടായിരുന്ന സഹോദരിയിൽ നിന്ന് അവർ ഹദീസ് റിപ്പോർട്ട് ചെയ്യുന്നു. സഹോദരി പറഞ്ഞു. ഞങ്ങൾ യുദ്ധത്തിൽ മുറിവേററവരെ ചികിത്സിക്കുകയും രോഗികളെ ശുശ്രൂഷിക്കുകയും ചെയ്തിരുന്നു. എന്റെ സഹോദരി നബി(സ) യോട് ചോദിച്ചു. ഞങ്ങളിൽ ഒരാൾക്ക് പർദ്ദയില്ലെങ്കിൽ വരാതിരിക്കുന്നതിൽ തെററുണ്ടോ? പർദ്ദയില്ലാത്തവർക്ക് കൂട്ടുകാരി നൽകണം. പുണ്യത്തിലും സത്യവിശ്വാസികളുടെ പ്രാർത്ഥനയിലും അവളും പങ്കെടുക്കട്ടെ എന്ന് നബി(സ) പ്രത്യുത്തരം നൽകി. ഉമ്മു അത്വിയ്യ(റ) വന്നപ്പോൾ ഞാൻ അവരോടും ചോദിച്ചു. നബി(സ) ഇപ്രകാരം അരുളിയതു നിങ്ങൾ കേട്ടിട്ടുണ്ടോ? അവർ പറഞ്ഞു. അതെ! കേട്ടിട്ടുണ്ട്. എന്റെ പിതാവ് പ്രായശ്ചിത്തമാണ്. അവർ നബി(സ)യെക്കുറിച്ച് ഓർമ്മിപ്പിക്കുമ്പോൾ എന്റെ പിതാവ് പ്രായശ്ചിത്തമാണ് എന്ന് പറയാതിരിക്കാറില്ല – അവർ പറയുന്നു. യുവതികളും വീട്ടിൽ അന്തഃപുരത്ത് ഇരിക്കുന്ന സ്ത്രീകളും ആർത്തവമുള്ള സ്ത്രീകളുമെല്ലാം പെരുന്നാൾ മൈതാനത്തേക്ക് വരണം, നന്മയുടെയും മുസ്ലിംകളുടെ പ്രാർത്ഥനയുടെയും രംഗങ്ങളിൽ അവർ ഹാജറാവട്ടെ, നമസ്കാരസ്ഥലത്ത് നിന്ന് ആർത്തവകാരികൾ ഒഴിഞ്ഞിരിക്കുകയും ചെയ്യട്ടെ, ഇപ്രകാരം നബി(സ) അരുളുന്നതായി ഞാൻ കേട്ടിട്ടുണ്ട്. ഹഫ്സ: പറഞ്ഞു എന്ത്! ആർത്തവമുള്ള സ്ത്രീകളെ? ഉമ്മു അത്വിയ്യ(റ) പറഞ്ഞു. അതെ അവർ അറഫായിൽ പങ്കെടുക്കുന്നില്ലേ? അതിനു പുറമെ ഇന്നിന്ന രംഗങ്ങളിലും പങ്കെടുക്കുന്നില്ലേ? (ബുഖാരി. 1. 6. 321)

288. ഉമ്മുഅത്വിയ്യ(റ) നിവേദനം: മഞ്ഞനിറമോ കലർപ്പോ ഉള്ള വല്ലതും ജനനേന്ദ്രിയത്തിൽ നിന്നും പുറത്തുവന്നാൽ അതു ആർത്തവമായി ഞങ്ങൾ പരിഗണിക്കാറില്ല. (ബുഖാരി. 1. 6. 323)

289. ആയിശ(റ) നിവേദനം: അവർ (ഹജ്ജ് സന്ദർഭത്തിൽ) തിരുമേനി(സ) യോട് പറഞ്ഞു. സഫിയ്യക്ക് ആർത്തവം ആരംഭിച്ചിരിക്കുന്നു. നബി(സ) അരുളി. അവൾ നമ്മുടെ യാത്ര തടഞ്ഞേക്കാം. അവർ നിങ്ങളോടൊപ്പം ഇഫാളത്തിന്റെ ത്വവാഫ് ചെയ്തില്ലേ എന്ന് തിരുമേനി(സ) ചോദിച്ചു. അതെ, എന്നവർ ഉത്തരം നൽകി. എന്നാൽ യാത്ര പുറപ്പെട്ടുകൊൾകയെന്ന് തിരുമേനി(സ) അരുളി. (ബുഖാരി. 1. 6. 325)

290. ഇബ്നുഅബ്ബാസ(റ) നിവേദനം: ആർത്തവകാരിക്ക് (ത്വവാഫുൽ വദാഅ് നിർവ്വഹിക്കാതെ തന്നെ) പുറപ്പെടാൻ അനുമതി നൽകിയിട്ടുണ്ട്. (ബുഖാരി. 1. 6. 326)

291. സമുറത്ത്(റ) നിവേദനം: ഒരു സ്ത്രീ പ്രസവ സംബന്ധമായ ഒരു രോഗത്തിൽ മരണമടഞ്ഞു. എന്നിട്ട് തിരുമേനി(സ) അവളുടെ പേരിൽ മയ്യിത്ത് നമസ്കാരം നടത്തിയപ്പോൾ മയ്യിത്തിന്റെ നടുവിലാണ് തിരുമേനി(സ) നിന്നത്. (ബുഖാരി. 1. 6. 328)

292. മൈമൂന:(റ) നിവേദനം: അവർക്ക് ആർത്തവം ആരംഭിച്ചു കഴിഞ്ഞാൽ അവർ നമസ്കരിക്കാറില്ല. തിരുമേനി(സ) നമസ്കരിക്കുന്ന സ്ഥലത്തിന്റെ നേരെ വിരിപ്പ് വിരിച്ച് അവർ കിടക്കും. തിരുമേനി(സ) തന്റെ നമസ്കാരപ്പായ വിരിച്ച് അതിൽ നിന്നുകൊണ്ട് നമസ്കരിക്കും. തിരുമേനി(സ) സുജൂദ് ചെയ്യുമ്പോൾ തിരുമേനി(സ)യുടെ വസ്ത്രം അവരുടെ ശരീരത്തിൽ തട്ടും. (ബുഖാരി. 1. 6. 329)

## 8. തയമ്മും

293. ആയിശ(റ) നിവേദനം: ഞങ്ങൾ തിരുമേനി(സ) യോടൊപ്പം അവിടുത്തെ ഒരു യാത്രയിൽ പുറപ്പെട്ടു. ബൈദാഇൽ അല്ലെങ്കിൽ താത്തുൽ ജൈശിൽ എത്തിയപ്പോൾ എന്റെ മാല അററു വീണുപോയി. തിരുമേനി(സ) അതു തിരഞ്ഞു പിടിക്കാൻ വേണ്ടി അവിടെ നിന്നു. ജനങ്ങളും തിരുമേനി(സ) യോടൊപ്പം നിന്നു. അവരുടെ കൂടെ വെള്ളമുണ്ടായിരുന്നില്ല. അവസാനം ജനങ്ങൾ അബൂബക്കർ(റ)ന്റെ അടുക്കൽ വന്നിട്ട് ആയിശ(റ) ചെയ്തതു ഇവിടുന്നു കാണുന്നില്ലേ? തിരുമേനി(സ)യുടെ യാത്ര അവർ തടസ്സപ്പെടുത്തി. ജനങ്ങളുടേതും. ആളുകൾക്കാണെങ്കിൽ വെള്ളം കിട്ടാനില്ല. അവർ കൂടെ വെള്ളം കൊണ്ടുവന്നിട്ടുമില്ല എന്നു പറഞ്ഞു. ഉടനെ അബൂബക്കർ(റ) വന്നു. തിരുമേനി(സ) എന്റെ മടിയിൽ തലയും വെച്ച് കിടന്നുറങ്ങിക്കഴിഞ്ഞിരുന്നു. അബൂബക്കർ(റ) പറഞ്ഞു. തിരുമേനി(സ)യുടെയും ജനങ്ങളുടെയും യാത്ര നീ തടസ്സപ്പെടുത്തി. ആളുകൾ വെള്ള ഉള്ള സ്ഥലത്തല്ല ഉള്ളത്. അവർ വെള്ളം കൂടെ കൊണ്ടുവന്നിട്ടുമില്ല. ആയിശ(റ) പറയുന്നു. അബൂബക്കർ(റ) എന്തൊക്കെയോ പറഞ്ഞു എന്നെ കുററപ്പെടുത്തി. മാത്രമല്ല. എന്റെ വാരിയെല്ലുകളുടെ താഴെ കൈകൊണ്ട് കുത്താൻ തുടങ്ങി. തിരുമേനി(സ) എന്റെ കാൽ തുടയിന്മേൽ തല വെച്ചു ഉറങ്ങിയിരുന്നതാണ് എന്നെ ചലനത്തിൽ നിന്നും തടഞ്ഞത് (വേദനയുണ്ടായിട്ടും അവിടുത്തെ ഉറക്കത്തെ തടസ്സപ്പെടുത്തരുതെന്ന ചിന്ത) അങ്ങനെ നേരം പുലർന്നപ്പോൾ തിരുമേനി(സ) നില കൊണ്ടിരുന്നത് വെള്ളമില്ലാത്തൊരു സ്ഥലത്തായിരുന്നു. അപ്പോൾ അല്ലാഹു തയമ്മും ചെയ്യുവാനുള്ള ആയത്തുകൾ അവതരിപ്പിച്ചു. അങ്ങനെ എല്ലാവരും തയമ്മും ചെയ്തു ഹുസൈദ്ബ്നുഹുളൈർ പറഞ്ഞു. അബൂബക്കറിന്റെ കുടുംബമേ! ഇതു നിങ്ങളുടെ ഒന്നാമത്തെ ബറക്കത്തല്ല. ആയിശ(റ) പറയുന്നു. അവസാനം ഞാൻ യാത്ര ചെയ്തിരുന്ന ഒട്ടകത്തെ ഞങ്ങൾ എഴുന്നേൽപ്പിച്ചു കഴിഞ്ഞപ്പോൾ അതിനിടയിൽ നിന്ന് മാല കണ്ടു കിട്ടി. (ബുഖാരി. 1. 7. 330)

294. ജാബിർ(റ) നിവേദനം: തിരുമേനി(സ) അരുളി: എനിക്ക് മുമ്പുള്ളവർക്ക് നൽകാത്ത അഞ്ചു കാര്യങ്ങൾ എനിക്ക് അല്ലാഹു നൽകിയിരിക്കുന്നു. ഒരു മാസത്തെ വഴി ദൂരത്തെ ഭയം കൊണ്ട് ഞാൻ സഹായിക്കപ്പെട്ടു. ഭൂമിയെ (സർവ്വവും) എനിക്ക് സാഷ്ടാംഗം ചെയ്യാനുള്ള സ്ഥലമായും ശുചീകരിക്കാനുള്ള ഒരു വസ്തുവായും അല്ലാഹു അംഗീകരിച്ചു തന്നു. എന്റെ അനുയായികൾ ഏതെങ്കിലും ഒരാൾക്ക് നമസ്കാരസമയം എത്തിയാൽ (പള്ളിയും വെള്ളവുമില്ലെങ്കിലും) അവിടെ വെച്ച് അവൻ നമസ്കരിക്കട്ടെ. ശത്രുക്കളുമായുള്ള യുദ്ധത്തിൽ പിടിച്ചെടുക്കുന്ന ധനം ഉപയോഗിക്കുവാൻ എനിക്ക് അനുമതി നൽകിയിരിക്കുന്നു. എനിക്ക് മുമ്പ് ആർക്കും അതനുവദിച്ചുകൊടുത്തിരുന്നില്ല. ശുപാർശ എനിക്ക് അനുവദിച്ചു തന്നു. നബിമാരെ അവരവരുടെ ജനതയിലേക്ക് മാത്രമാണ് മുമ്പ് നിയോഗിച്ചയച്ചിരുന്നത്. എന്നെ നിയോഗിച്ചയച്ചിരിക്കുന്നതാവട്ടെ മനുഷ്യരാശിയിലേക്കാകമാനവും. (ബുഖാരി. 1. 7. 331)

295. അബൂജുഹൈം(റ) നിവേദനം: തിരുമേനി(സ) ഒരിക്കൽ ബിഅ്റുജമലിന്റെ ഭാഗത്ത് നിന്ന് വരുമ്പോൾ ഒരാൾ നബി(സ)യെ കണ്ടുമുട്ടി. സലാം പറഞ്ഞു. പക്ഷെ തിരുമേനി(സ) സലാം മടക്കിയില്ല. വേഗം ഒരു മതിലിനെ അഭിമുഖീകരിച്ചു അതിന്മേൽ കൈ വെച്ചെടുത്തു തന്റെ മുഖവും രണ്ടു കയ്യും തടവി. ശേഷം സലാം മടക്കി. (ബുഖാരി. 1. 7. 333)

296. സഈദ്(റ) തന്റെ പിതാവിൽ നിന്ന് നിവേദനം: ഒരാൾ ഉമർ(റ)ന്റെ അടുത്തുവന്നു ചോദിച്ചു. എനിക്ക് വലിയ അശുദ്ധിയുണ്ടാവുകയും വെള്ളം ലഭിക്കാതിരിക്കുകയും ചെയ്യാറുണ്ട്. (അപ്പോൾ ഞാൻ എന്തുചെയ്യണം) ഉടനെ അമ്മാർ(റ) ഉമർ(റ)നോട് പറഞ്ഞു. താങ്കൾ ഓർക്കുന്നില്ലേ? ഞാനും താങ്കളും ഒരിക്കൽ സഹയാത്രികനായിരുന്നുവല്ലോ. എന്നിട്ട് എനിക്കും താങ്കൾക്കും ജനാബത്തു കുളിക്കേണ്ടി വന്നു. അവസാനം താങ്കൾ നമസ്കരിച്ചില്ല. ഞാൻ ശരീരം മുഴുവൻ

മണ്ണിൽ പുരണ്ടിട്ട് നമസ്കരിക്കുകയും ചെയ്തു. താങ്കൾ അതിനെക്കുറിച്ച് തിരുമേനി(സ) യോട് ചോദിച്ചു. ഉടനെ നബി(സ) രണ്ടു കയ്യും ഭൂമിയിൽ വെച്ചെടുത്തശേഷം അതിന്മേൽ ഊതിയശേഷം അതുകൊണ്ട് മുഖവും രണ്ടു മുൻകൈയും തടവി. എന്നിട്ട് നിനക്ക് ഇങ്ങിനെ ചെയ്താൽ മതിയായിരുന്നല്ലോയെന്ന് അരുളുകയും ചെയ്തു. (ബുഖാരി. 1. 7. 335)

297. അമ്മാറി(റ)ന്റെ ഹദീസിൽ ശുഅ്ബ(റ) പറയുന്നു. ഭൂമിയിൽ രണ്ടു കൈ വെച്ച് തന്റെ വായിലേക്ക് അടുപ്പിച്ചു. അനന്തരം മുഖവും ഇരു കൈപടങ്ങളും തടവി. (ബുഖാരി. 1. 7. 336)

298. അമ്മാർ(റ) നിവേദനം: അദ്ദേഹം ഉമർ(റ) ന് സാക്ഷി നിന്നുകൊണ്ട് പറഞ്ഞു. നാം ഒരു യാത്ര ചെയ്യുകയും നമുക്ക് വലിയ അശുദ്ധിയുണ്ടാവുകയും ചെയ്തത് താങ്കൾക്ക് ഓർമ്മയില്ലേ? അങ്ങനെ ഇരു കൈപടം തടവി. (ബുഖാരി. 1. 7. 337)

299. അബൂമൂസ:(റ) നിവേദനം: അദ്ദേഹം അബ്ദുല്ലാഹിബ്നു മസ്ഊദിനോട് പറഞ്ഞു. ഒരാൾ വെള്ളം കണ്ടില്ലെങ്കിൽ നമസ്ക്കരിക്കരുത്. അബ്ദുല്ല പറഞ്ഞു അതെ, അവർക്ക് ഇതിന് അനുമതി നൽകിയാൽ (അല്പം) തണുപ്പ് ഉണ്ടായാലും അവർ തയമ്മും ചെയ്യും. അമ്മാർ(റ) ഉമർ(റ)നോട് പറഞ്ഞ സംഭവത്തെക്കുറിച്ച് നീ എന്തുപറയുന്നു. എന്നു അബൂമൂസ: വീണ്ടും ചോദിച്ചപ്പോൾ ഉമർ(റ) അതുകൊണ്ട് തൃപ്തിപ്പെട്ടതായി ഞാൻ ദർശിക്കുന്നില്ലാ എന്ന് അബ്ദുല്ല മറുപടി പറഞ്ഞു. (ബുഖാരി. 1. 7. 341)

300. ശഖീഖ്: നിവേദനം: ഞാനൊരിക്കൽ അബ്ദുല്ല, അബൂമൂസ എന്നിവരുടെ അടുക്കലായിരുന്നു. അപ്പോൾ അബൂമൂസ അബ്ദുല്ലയോട് പറഞ്ഞു. അബ്ദുറഹ്മാൻ! ഒരാൾക്ക് ജനാബത്തു ഉണ്ടാവുകയും വെള്ളം ലഭിക്കാതിരിക്കുകയും ചെയ്താൽ എന്തു ചെയ്യണം? അബ്ദുല്ല പറഞ്ഞു വെള്ളം ലഭിക്കുന്നത് വരെ അവൻ നമസ്ക്കരിക്കരുത്. ഉടനെ, അബൂമൂസ പറഞ്ഞു: അമ്മാർ(റ) ഉമർ(റ) നോടു പറഞ്ഞ സംഭവത്തെക്കുറിച്ച് താങ്കൾ എന്തു പറയുന്നു? നബി(സ) അദ്ദേഹത്തോട് തയമ്മും മതിയെന്ന് പറഞ്ഞില്ലേ? അബ്ദുല്ല(റ) പറഞ്ഞു ഉമർ(റ) അതിനെ തൃപ്തിപ്പെട്ടില്ലാ എന്ന് നീ ദർശിക്കുന്നില്ലേ? അപ്പോൾ അബൂമൂസ(റ) പറഞ്ഞു എന്നാൽ അമ്മാറിന്റെ വാക്ക് നമുക്ക് ഉപേക്ഷിക്കാം. അല്ലാഹുവിന്റെ ആയത്തിനെ താങ്കൾ എന്തു ചെയ്യും. അതിന് അബ്ദുല്ല എന്തു മറുപടി നൽകിയെന്ന് അറിയുകയില്ല. നാം അനുമതി നൽകിയാൽ അൽപം തണുപ്പുണ്ടായാൽ പോലും അവർ തയമ്മും ചെയ്യും. ശഖീഖിനോട് ഞാൻ ചോദിച്ചു. ഈ ഒരു കാരണത്താലാണോ അബ്ദുല്ല: ജനാബത്തുകാരൻ തയമ്മും ചെയ്യുന്നതിനെ വെറുത്തത്? അതെയെന്ന് അദ്ദേഹം മറുപടി നൽകി. (ബുഖാരി. 1. 7. 342)

301. ഇംറാൻ(റ) നിവേദനം: തിരുമേനി(സ) നമസ്ക്കരിക്കാതെ അകന്നു നിൽക്കുന്ന ഒരു മനുഷ്യനെ കണ്ടു. അവിടുന്നു ചോദിച്ചു. ഇന്നവനെ! ഞങ്ങളുടെ കൂടെ നീ എന്തുകൊണ്ടു നമസ്ക്കരിച്ചില്ല. അദ്ദേഹം പറഞ്ഞു. അല്ലാഹുവിന്റെ ദൂതരെ! എനിക്ക് ജനാബത്തു ബാധിച്ചിരിക്കുന്നു. വെള്ളമില്ലതാനും. തിരുമേനി(സ) അരുളി: നീ ഉപരിതലത്തെ ഉദ്ദേശിക്കുക. നിശ്ചയം നിനക്കതുമതി. (ബുഖാരി. 1. 7. 344)

## 9. ഇമാം

302. അബു മസ്ഊദ്(റ) പറഞ്ഞു. അല്ലാഹുവിന്റ ദൂതൻ(സ) പറഞ്ഞു: അല്ലാഹുവിന്റെ ഗ്രന്ഥം കൂടുതൽ അറിയുന്നയാൾ ആണ് ജനങ്ങളുടെ ഇമാമത്ത് (നേതൃത്വം) വഹിക്കേണ്ടത്. വി. ഖുർആനെ കുറിച്ചുള്ള ജ്ഞാനം സമമായിട്ടുള്ളവരാണെങ്കിൽ സുന്നത്തിൽ കൂടുതൽ ജ്ഞാനമുള്ളവൻ: സുന്നയിലുള്ള ജ്ഞാനത്തിൽ സമന്മാരാണെങ്കിൽ ഹിജറയിൽ മുമ്പൻ. ഹിജറയിൽ സമന്മാരാണെങ്കിൽ, പ്രായത്തിൽ കൂടിയ ആൾ. ഒരാളുടെ അധികാരത്തിൽപെട്ട സ്ഥലത്ത്, മററൊരാൾപ്രാർത്ഥന

നയിക്കുവാൻ പാടില്ല. യാതൊരാളും മററൊരാളുടെ വീട്ടിലെ മാന്യസ്ഥാനത്തു അയാളുടെ അനുവാദം കൂടാതെ ഇരിക്കാനും പാടില്ല. (മുസ്‌ലിം)

303. ഇബ്നുഅബ്ബാസ്(റ) പറഞ്ഞു; അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: നിങ്ങളിൽ ഏററവും സദ്‌വൃത്തനായ ആൾ അസാൻ കൊടുക്കേണ്ടതും, ഖുർആനിൽ ഏററവും കൂടുതൽ ജ്ഞാനമുള്ളയാൾ ഇമാം സ്ഥാനംവഹിക്കേണ്ടതുമാകുന്നു. (അബൂദാവൂദ്)

304. അബുഹുറയ്റാ(റ) പറഞ്ഞു, അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: ഏത് അമീറിന്റെ കീഴിലും ജിഹാദ് നിങ്ങൾക്കു നിർബന്ധമാണ്; അദ്ദേഹം സദ് വൃത്തനാകട്ടെ, മഹാപാപം ചെയ്ത കുററക്കാരനാവട്ടെ. നമസ്കാരം നിങ്ങൾക്കു ഓരോ മുസ്ലീമിന്റെയും പിന്നിൽ നിർന്ധമാണ്; അയാൾ സദ് വൃത്തനാകട്ടെ, ദുർവൃത്തനാകട്ടെ, മഹാപാപം ചെയ്ത കുററക്കാരനാകട്ടെ. ഓരോ മുസ്ലീമിനുവേണ്ടിയും മയ്യിത്തുനമസ്കാരം നിങ്ങൾക്കു നിർബന്ധമാണ്; അയാൾ (മരിച്ചയാൾ) സദ്‌വൃത്തനാകട്ടെ, ദുർവൃത്തനാകട്ടെ, മഹാപാപം ചെയ്ത കുററക്കാരനാകട്ടെ. (അബൂദാവൂദ്)

305. അനസ്(റ) നിവേദനം ചെയ്തു: പ്രവാചകൻ(സ) ജനങ്ങളുടെ ഇമാമായി ഇബ്നു ഉമ്മിമക്തൂമിനെ നിയോഗിച്ചു; അദ്ദേഹം കുരുടനായിരുന്നു. (അബൂദാവൂദ്)

306. ഖുർആൻ ഹൃദിസ്ഥമായിരുന്ന ഉമ്മു വറഖഃയെക്കുറിച്ചു നിവേദനം ചെയ്യപ്പെട്ടു. അവരുടെ വീട്ടിലെ ആളുകളുടെ ഇമാം അവർ ആയിരിക്കണമെന്നു അവരോടു പ്രവാചകൻ(സ) കൽപിച്ചു. അവർക്കു ഒരു മുഅസ്സിൻ ഉണ്ടായിരുന്നു. അവർ ആ വീട്ടിലെ ആളുകളുടെ ഇമാം ആയി നമസ്കരിക്കയും ചെയ്തിരുന്നു. (അഹ്മദ്)

307. അബുഹുറയ്റാ(റ) പറഞ്ഞു, ദൈവദൂതൻ(സ) പറഞ്ഞു: നിങ്ങൾ നമസ്കാരത്തിനു വരുമ്പോൾ ഞങ്ങൾ സുജൂദിലാണെങ്കിൽ നിങ്ങളും സുജുദുചെയ്യുകയും അത് ഒന്നായിട്ട് കണക്കാക്കാതിരിക്കയും ചെയ്യുക. ഒരു റകഅത്തിൽ ചേരുന്നവൻ നമസ്കാരത്തിൽ ചേർന്നു. (അബൂദാവൂദ്)

308. സമുറഃ പറഞ്ഞു: ഞങ്ങൾ മൂന്നുപേരാകുമ്പോൾ ഒരാൾ മുൻപിൽ നിൽക്കണമെന്ന് ദൈവദൂതൻ(സ) കല്പിച്ചു. (തിർമിദി)

309. അബുഹുറയ്റാ(റ) പറഞ്ഞു, അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: ഇമാമിനെ മദ്ധ്യത്തിലാക്കയും, ഇടനികത്തുകയും ചെയ്യുക. (അബൂദാവൂദ്)

## 10. നമസ്ക്കാരം

310. ഉമ്മുഅത്ത്വിയ(റ) നിവേദനം: അന്തഃപുരത്തു ഇരിക്കുന്ന സ്ത്രീകളേയും ആർത്തവകാരികളായ സ്ത്രീകളേയും പെരുന്നാൾ മൈതാനത്തേക്ക് കൊണ്ടുവരാൻ നബി(സ) ഞങ്ങളോട് കല്പിച്ചിരുന്നു. അവർ മുസ്ലിങ്ങളുടെ ജമാഅത്തിലും പ്രാർത്ഥനയിലും പങ്കെടുക്കും. ഋതുമതികൾ നമസ്കാരസ്ഥലത്ത് നിന്ന് അകന്നു നിൽക്കും. ഒരു സ്ത്രീ ചോദിച്ചു. അല്ലാഹുവിന്റെ ദൂതരെ! ഞങ്ങളിൽ ഒരുവൾക്ക് വസ്ത്രമില്ലെങ്കിലോ? അവിടുന്നു പറഞ്ഞു അവളുടെ സഹോദരി തന്റെ വസ്ത്രത്തിൽ നിന്ന് അവളെ ധരിപ്പിക്കട്ടെ. (ബുഖാരി. 1. 8. 347)

311. മുഹമ്മദ്ബ്നുമുൻകദിർ പറയുന്നു. ഒരിക്കൽ ജാബിർ തന്റെ തുണി പിരടിയിൽബന്ധിച്ച് നമസ്കരിച്ച് തന്റെ തട്ടം വസ്ത്രം തൂക്കിയിടുന്ന വടിയിൽ വെച്ചിട്ടുണ്ട്. അപ്പോൾ ഒരാൾ ചോദിച്ചു. തട്ടമുണ്ടായിട്ടും താങ്കൾ ഒരു വസ്ത്രം ധരിച്ച് നമസ്ക്കരിക്കുകയാണോ? ഉടനെ അദ്ദേഹം മറുപടി പറഞ്ഞു. അതെ, ഞാനിത് ചെയ്തത് നിന്നെപ്പോലെയുള്ള വിഡ്ഢികൾ എന്നെ കണ്ടു പഠിക്കുവാനാണ്. നബി(സ)യുടെ കാലത്തു ഞങ്ങളിൽ ആർക്കാണ് രണ്ടു വസ്ത്രം ഉണ്ടായിരുന്നത്. (ബുഖാരി. 1. 8. 348)

312. മുഹമ്മദ് പറയുന്നു: ജാബിർ(റ) ഒരു വസ്ത്രം മാത്രം ധരിച്ചു കൊണ്ടു നമസ്ക്കരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. എന്നിട്ട് അദ്ദേഹം പറയും. തിരുമേനി(സ) ഒരു വസ്ത്രം ധരിച്ച് നമസ്ക്കരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. (ബുഖാരി. 1. 8. 349)

313. ഉമറുബ്നു അബീസലമ:(റ) നിവേദനം: തിരുമേനി(സ) ഒരൊററ വസ്ത്രം ധരിച്ചുകൊണ്ട് നമസ്കരിച്ചു. അന്നേരം അതിന്റെ രണ്ടു തലയും രണ്ടു കൈചട്ടകളുടെ മുകളിലേക്ക് ഇടത്തോട്ടും വിപരീതമായി ഇട്ടിരിക്കയായിരുന്നു. (ബുഖാരി. 1. 8. 350)

314. ഉമര്ബ്നു അബീസലമ:(റ) നിവേദനം: ഉമ്മുസലമ: യുടെ വീട്ടിൽ വെച്ച് ഒരു വസ്ത്രം മാത്രം ധരിച്ചു കൊണ്ട് തിരുമേനി(സ) നമസ്കരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. അതിന്റെ രണ്ടററവും അവിടുത്തെ ഇരു ചുമലിലും ഇട്ടിട്ടുണ്ട്. (ബുഖാരി. 1. 8. 351)

315. ഉമര്ബ്നുഅബീസലമ:(റ) നിവേദനം: തിരുമേനി(സ) ഒരു വസ്ത്രം ചുററിപ്പുതച്ച് ഉമ്മുസലമ: യുടെ വീട്ടിൽ വച്ച് നമസ്കരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. അതിന്റെ രണ്ടററവും തന്റെരണ്ട് ചുമലിലും ഇട്ടിട്ടുണ്ട്. (ബുഖാരി. 356)

316. ഉമ്മുഹാനിഅ്(റ) നിവേദനം: മക്കാവിജയ വർഷം തിരുമേനി(സ)യുടെ അടുത്ത് ഞാൻ ചെന്നു. അവിടുന്നു കുളിക്കുന്നതായി ഞാൻ കണ്ടു. ഫാത്വിമ: ഒരു മറ നബി(സ)ക്ക് പിടിച്ച്കൊണ്ടിരിക്കുന്നു. ഞാൻ നബി(സ)ക്ക് സലാം പറഞ്ഞു. ഇതാരെന്ന് നബി(സ) ചോദിച്ചു. അബൂത്വാലിബിന്റെ മകൾ ഉമ്മുഹാനിഅ ആണെന്ന് ഞാൻ മറുപടി പറഞ്ഞു. ഉമ്മുഹാനിഅക്ക് സ്വാഗതം എന്ന് നബി(സ) അരുളി: അവിടുന്ന് കുളിയിൽ നിന്ന് വിരമിച്ചപ്പോൾ എട്ട് റക്അത്തു നിന്ന് നമസ്കരിച്ചു. ഒരു വസ്ത്രം മാത്രം ചുററി പുതച്ച്കൊണ്ട് നമസ്കാരത്തിൽ നിന്ന് വിരമിച്ചപ്പോൾ ഞാൻ പറഞ്ഞു. അല്ലാഹുവിന്റെ ദൂതരേ! ഞാൻ അഭയം നല്കിയിരിക്കുന്ന ഇന്ന ആളെ കൊന്ന്കളയുമെന്ന് എന്റെ സഹോദരൻ അലി ഭീഷണിപ്പെടുത്തുന്നുവെന്ന്. അപ്പോൾ തിരുമേനി(സ) അരുളി: ഓ ഉമ്മു ഹാനിഅ്! നീ അഭയം നല്കിയവന് ഞാനും അഭയം നല്കിയിരിക്കുന്നു ഉമ്മു ഹാനിഅ് പറയുന്നു. അതു ളുഹാ നമസ്കാരമായിരുന്നു. (ബുഖാരി. 1. 8. 353)

317. അബൂഹുറൈറ(റ) നിവേദനം: ഒരു വസ്ത്രം ധരിച്ചുകൊണ്ട് നമസ്കരിക്കുന്നതിനെക്കുറിച്ച് ഒരാൾ നബി(സ) യോട് ചോദിച്ചു. അപ്പോൾ അല്ലാഹുവിന്റെ ദൂതൻ പറഞ്ഞു. നിങ്ങളെല്ലാവർക്കും ഈ രണ്ടു വസ്ത്രമുണ്ടോ? (ബുഖാരി. 1. 8. 354)

318. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: പിരടിയിൽ ഒന്നുമില്ലാതെ ഒരൊററ വസ്ത്രം ധരിച്ചുകൊണ്ട് നിങ്ങളാരും നമസ്കരിക്കരുത്. (ബുഖാരി. 1. 8. 355)

319. സഈദ് പറയുന്നു. ഒരു വസ്ത്രം ധരിച്ചുകൊണ്ട് നമസ്കരിക്കുന്നതിനെ സംബന്ധിച്ച് ജാബിറി(റ)നോട് ഞങ്ങൾ ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു. ഞാൻ നബി(സ)യുടെ കൂടെ ഒരു യാത്രയിൽ പുറപ്പെട്ടു. എന്നിട്ട് ഒരിക്കൽ എന്റെ ഒരാവശ്യത്തിന് രാത്രിയിൽ തിരുമേനി(സ)യുടെ അടുത്തുവന്നു. തിരുമേനി(സ) നമസ്കരിക്കുന്നതായി ഞാൻ കണ്ടു. എന്റെ ശരീരത്തിൽ ഒരൊററ വസ്ത്രമാണ് ഉണ്ടായിരുന്നത്. ഞാനാ വസ്ത്രം ചുററിപ്പുതച്ച് തിരുമേനി(സ)യുടെ ഒരു ഭാഗത്ത് നിന്ന് നമസ്കരിച്ചു. നമസ്കാരത്തിൽ നിന്നു വിരമിച്ചപ്പോൾ തിരുമേനി(സ) ചോദിച്ചു. ജാബിർ! എന്തിനാണീ രാത്രിയിൽ വന്നത്? അപ്പോൾ എന്റെ ആവശ്യം തിരുമേനി(സ)യെ ഉണർത്തി. ഞാൻ വിരമിച്ചപ്പോൾ തിരുമേനി(സ) ചോദിച്ചു. ഞാൻ കാണുന്ന ഈ ചുററിപ്പുതക്കലെന്താണ്? ഞാൻ പറഞ്ഞു. വസ്ത്രം ഇടുങ്ങിയതാണ്. തിരുമേനി(സ) അരുളി: വസ്ത്രം വീതിയുള്ളതാണെങ്കിൽ അത് ചുററിപ്പുതച്ചുകൊള്ളുക. വീതിയില്ലാത്തതാണെങ്കിൽ അത് ഉടുക്കുകയും ചെയ്യുക. (ബുഖാരി. 1. 8. 357)

320. സഹ്ല്(റ) നിവേദനം: കുട്ടികൾ ചെയ്യാറുള്ളത് പോലെ തങ്ങളുടെ തുണിയുടെ തലപിരടിയിൽ കെട്ടിക്കൊണ്ടു ചില ആളുകൾ തിരുമേനി(സ) യോടൊപ്പം നമസ്ക്കരിക്കാറുണ്ടായിരുന്നു. അപ്പോൾ പുരുഷന്മാർ സുജൂദിൽ നിന്നും എഴുന്നേററ് ഇരിക്കും മുമ്പ് സ്ത്രീകൾ സുജൂദിൽ നിന്നും തല ഉയർത്തരുതെന്ന് തിരുമേനി(സ) സ്ത്രീകളോട് കൽപ്പിച്ചു. (ബുഖാരി. 1. 8. 358)

321. മുഗീറ(റ) നിവേദനം: ഞാനൊരിക്കൽ ഒരു യാത്രയിൽ തിരുമേനി(സ)യുടെ കൂടെയുണ്ടായിരുന്നു. മുഗീറ! നി വെള്ളപാത്രമെടുക്കൂ എന്ന് തിരുമേനി(സ) അരുളി: അപ്പോൾ ഞാൻ വെള്ളപാത്രമെടുത്തു കൊടുത്തു. തിരുമേനി(സ) അതു കൊണ്ടുപോയി എന്റെ ദൃഷ്ടിയിൽ നിന്ന് മറയുന്നതുവരെ. എന്നിട്ട് അവിടുന്നു മലമൂത്രവിസർജനം ചെയ്തു. അന്നേരം ഒരു ശാമിജുബ്ബ അവിടുന്ന് ശരീരത്തിൽ ധരിച്ചിരുന്നു ആ ജുബ്ബയുടെ കൈ മേൽപ്പോട്ടുകയററാൻ തിരുമേനി(സ) ശ്രമിച്ചപ്പോൾ കഴിഞ്ഞില്ല. അതിന്റെ കൈ വളരെ ഇടുങ്ങിയിരുന്നു. അതിനാൽ തന്റെ കൈ തിരുമേനി(സ) ഉള്ളിലേക്ക് ഊരിയെടുത്തു. ഞാൻ നബി(സ)ക്ക് വെള്ളമൊഴിച്ചുകൊടുത്തു. നമസ്കാരത്തിന് എന്നതുപോലെ അവിടുന്നു വുളു എടുത്തു. ഇരുകാലുകളും രണ്ട് ബൂട്ട്സിന്മേലായി തടവി. ശേഷം അവിടുന്നു നമസ്കരിച്ചു. (ബുഖാരി. 1. 8. 359)

322. ജാബിർ(റ) നിവേദനം: തിരുമേനി(സ) ഖുറൈശികളോടൊപ്പം കഅ്ബ: പുനരുദ്ധരിക്കാൻ കല്ല് ചുമന്നു കൊണ്ടുപോവുകയായിരുന്നു. ഒരു ഉടുതുണി മാത്രമേ തിരുമേനി(സ)യുടെ ശരീരത്തിലുണ്ടായിരുന്നുള്ളൂ. അന്നേരം പിതൃവ്യൻ അബ്ബാസ് തിരുമേനി(സ) യോടു പറഞ്ഞു: സഹോദരപുത്രാ! നീ നിന്റെ വസ്ത്രമഴിച്ച് ചുരുട്ടി ചുമലിൽ വെച്ച് അതിന്മേൽ കല്ല് വെച്ചുകൊണ്ട് പോന്നാൽ നന്നായിരുന്നു. ജാബിർ പറയുന്നു. ഉടനെ നബി(സ) വസ്ത്രമഴിച്ച് ചുമലിൽ വെച്ചു. താമസിയാതെതന്നെ ബോധം കെട്ടുവീഴുകയും ചെയ്തു. അതിനുശേഷം തിരുമേനി(സ)യെ നഗ്നനായി ഒരിക്കലും കണ്ടിട്ടില്ല. (ബുഖാരി. 1. 8. 360)

323. അബൂഹുറൈറ(റ) നിവേദനം: ഒരാൾ എഴുന്നേററു നിന്നുകൊണ്ട് ഒരു വസ്ത്രം മാത്രം ധരിച്ചുകൊണ്ട് നമസ്കരിക്കാമോ എന്ന് നബി(സ) യോട് ചോദിച്ചു. അവിടുന്ന് അരുളി: നിങ്ങളിൽ എല്ലാവർക്കും രണ്ടു വസ്ത്രം ലഭിക്കുമോ? പിന്നീട് ഉമർ(റ)നോട് (അദ്ദേഹത്തിന്റെ ഭരണകാലത്ത്) ഒരാൾ ഇതിനെ സംബന്ധിച്ച് ചോദിച്ചു. അപ്പോൾ ഉമർ(റ) പറഞ്ഞു. അല്ലാഹു നിങ്ങൾക്ക് വിശാലമാക്കിയാൽ നിങ്ങളും വിശാലമാക്കുവീൻ. തന്റെ വസ്ത്രം ഒരാൾ ശേഖരിച്ച് നമസ്കരിക്കട്ടെ, തുണിയും തട്ടവും, തുണിയും കുപ്പായവും, തുണിയും നീളക്കുപ്പായവും, പാന്റ്സും കുപ്പായവും പാന്റ്സും നീളക്കുപ്പായവും, കാലുറയും നീളക്കുപ്പായവും കാലുറയും കുപ്പായവും കാലുറയും തട്ടവും, ധരിച്ച് നമസ്ക്കരിക്കട്ടെ. (ബുഖാരി. 1. 8. 361)

324. അബൂസഈദുൽഖുദ്‌രി(റ) നിവേദനം: നെഞ്ചും കൈകളുമെല്ലാം ഉള്ളിലാക്കി ഒരൊററ വസ്ത്രം കൊണ്ട് മൂടിപ്പുതക്കുക. അപ്രകാരം തന്നെ, കണങ്കാലുകൾ കുത്തി നിറുത്തിയിട്ട് ചന്തി നിലത്തൂന്നിക്കൊണ്ടിരിക്കുകയും ഗുഹ്യസ്ഥാനത്ത് വസ്ത്രത്തിൽ നിന്നും ഒന്നുമില്ലാതെ ഒരൊററ വസ്ത്രം കൊണ്ട് ശരീരം മൂടിപ്പുതച്ചിരിക്കുകയും ചെയ്യുക. ഇവ രണ്ടും തിരുമേനി(സ) വിരോധിച്ചിരിക്കുന്നു. (ബുഖാരി. 1. 8. 363)

325. അബൂഹുറൈറ(റ) നിവേദനം: തിരുമേനി രണ്ടു തരം കച്ചവടത്തെ വിരോധിച്ചിരിക്കുന്നു. ഇന്നതിന്മേൽ തൊട്ടാൽ ആ തൊട്ട ആൾക്കു ആ സാധനം കിട്ടുമെന്ന് വ്യവസ്ഥ ചെയ്യുന്ന കച്ചവടം, ഇന്ന സാധനം ഇന്നവിധത്തിൽ എറിഞ്ഞാൽ ആ സാധനം ലഭിക്കുമെന്ന് വ്യവസ്ഥ ചെയ്യുന്ന കച്ചവടം, ഇപ്രകാരം തന്നെ നെഞ്ചും കൈകളുമെല്ലാം ഉള്ളിലാക്കി ഒരൊററ വസ്ത്രം കൊണ്ടു മൂടിപ്പുതപ്പിക്കുക, കണങ്കാലുകൾ കുത്തിനിറുത്തിയിട്ട് ചന്തി നിലത്തൂന്നി ഗുഹ്യസ്ഥാനം മറക്കാതെ

ഒരൊററ വസ്ത്രവും കൊണ്ട് ശരീരം മൂടിപ്പുതച്ചിരിക്കുക എന്നീ വസ്ത്ര രീതിയും തിരുമേനി(സ) വിരോധിച്ചിരിക്കുന്നു. (ബുഖാരി. 1. 8. 364)

326. അബൂഹുറൈറ(റ) നിവേദനം: (അബൂബക്കർ(റ)നെ നേതാവായി നിയോഗിച്ചിരുന്ന) ആ ഹജ്ജിൽ ബലിയുടെ ദിവസം മിനായിൽ വെച്ച് വിളിച്ചുപറയാൻ നിയോഗിച്ചയച്ചിരുന്നവരുടെ കൂട്ടത്തിൽ അബൂബക്കർ(റ) എന്നെയും അയച്ചിരുന്നു. ഇക്കൊല്ലത്തിനുശേഷം ഒരു ബഹുദൈവവിശ്വാസിയും ഹജ്ജ് ചെയ്യാൻ പാടില്ല. നഗ്നരായിക്കൊണ്ട് ആരും കഅ്ബയെ പ്രദക്ഷിണം വെക്കാനും പാടില്ല എന്ന് പരസ്യമായി വിളിച്ചു പറയാൻ ഹുമൈദ്(റ) പറയുന്നു. പിന്നീട് ഖുർആനിലെ ബറാഅത്തു സൂറത്തു വിളംബരം ചെയ്യാൻ പിന്നാലെ അലി(റ)നെയും തിരുമേനി(സ) അയച്ചു. അബൂഹുറൈറ(റ) പറയുന്നു. അങ്ങനെ അലി(റ) യും മിനായിലെ ജനക്കൂട്ടത്തിനിടയിൽ നിന്നുകൊണ്ട് ഞങ്ങളുടെ കൂടെ വിളിച്ചു പറഞ്ഞു. ഇക്കൊല്ലത്തിന് ശേഷം ഒരു ബഹുദൈവവിശ്വാസിയും ഹജ്ജ് ചെയ്യരുത്. ഒരാളും നഗ്നരായിക്കൊണ്ട് കഅ്ബയെ പ്രദക്ഷിണം ചെയ്യരുത്. (ബുഖാരി. 1. 8. 365)

327. മുഹമ്മദ്ബ്നുമുൻകദർ നിവേദനം: ഞാൻ ജാബിർ(റ)ന്റെ അടുക്കൽ ഒരിക്കൽ പ്രവേശിച്ചു. അദ്ദേഹം തന്റെ ഒരു വസ്ത്രം ചുററിപ്പുതച്ച് നമസ്കരിക്കുകയാണ്. മേൽമുണ്ട് വസ്ത്രം തൂക്കിയിടുന്ന വടിമേൽ വെച്ചിട്ടുണ്ട്. അദ്ദേഹം നമസ്കാരത്തിൽ നിന്ന് വിരമിച്ചപ്പോൾ ഞങ്ങൾ പറഞ്ഞു: അബൂഅബ്ദില്ലാ! താങ്കൾ മേൽമുണ്ട് ഉപയോഗിക്കാതെ നമസ്കരിക്കുകയാണോ? അദ്ദേഹം പറഞ്ഞു. അതെ, നിന്നെപ്പോലെയുള്ള വിഡ്ഢികൾ ഇതു കാണും ഞാൻ ആഗ്രഹിച്ചു. തിരുമേനി(സ) ഇപ്രകാരം നമസ്കരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. (ബുഖാരി. 1. 8. 366)

328. ആയിശ(റ) നിവേദനം: തിരുമേനി(സ) സുബ്ഹി നമസ്കാരം നിർവ്വഹിക്കുമ്പോൾ സത്യവിശ്വാസികളായ സ്ത്രീകളും വസ്ത്രം മൂടിപ്പുതച്ചുകൊണ്ട് പള്ളിയിൽ ഹാജറാവാറുണ്ടായിരുന്നു. പിന്നീട് സ്വഗൃഹങ്ങളിലേക്ക് അവർ തിരിച്ചുപോകുമ്പോൾ ആർക്കും അവരെ (ഇരുട്ടുകാരണം) മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. (ബുഖാരി. 1. 8. 368)

329. ആയിശ(റ) നിവേദനം: തിരുമേനി(സ) ഒരിക്കൽ ഒരു വിരിപ്പിൽ നമസ്കരിച്ചു. അതിൽ ചില ചിത്രപ്പണികളുണ്ടായിരുന്നു. തിരുമേനി(സ)യുടെ ദൃഷ്ടി അതിൽ പതിഞ്ഞു. നമസ്കാരത്തിൽ നിന്ന് വിരമിച്ചപ്പോൾ അവിടുന്ന് അരുളി: എന്റെ ഈ വിരിപ്പ് അബൂജഹ്മിന് കൊടുത്തിട്ട് അബൂജഹ്മിന്റെ അംബിജാനിയ്യ: വിരിപ്പ് എനിക്ക് നിങ്ങൾ കൊണ്ടുവരൂ. നിശ്ചയം. ഇത് ഇപ്പോൾ എന്റെ ശ്രദ്ധയെ തിരിച്ചുകളഞ്ഞു നമസ്കാരത്തിൽ നിന്നും. (ബുഖാരി. 1. 8. 369)

330. അനസ്(റ) നിവേദനം: ആയിശയുടെ അടുക്കൽ ഒരു വിരിയുണ്ടായിരുന്നു. അവരുടെ വീട്ടിന്റെ ഒരു ഭാഗം അതുകൊണ്ടവർ മറച്ചിരുന്നു. തിരുമേനി(സ) അരുളി: നീ ഞങ്ങളുടെ മുമ്പിൽ നിന്ന് നിന്റെ ഈ വിരി നീക്കം ചെയ്യുക. അതിലെ ചിത്രങ്ങൾ നമസ്ക്കാരവേളയിൽ എന്റെ മുമ്പാകെ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുകയാണ്. (ബുഖാരി. 1. 8. 371)

331. ഉഖ്ബത്തു(റ) നിവേദനം: തിരുമേനി(സ)ക്ക് പട്ടിന്റെ ഒരു ജുബ്ബ ചിലർ സമ്മാനിച്ചു. അവിടുന്ന് അത് ധരിച്ച് നമസ്ക്കരിച്ചു. നമസ്ക്കാരത്തിൽ നിന്ന് വിരമിച്ചുകഴിഞ്ഞ ശേഷം വെറുത്തിട്ടെന്നവണ്ണം വളരെ ശക്തിയോടെ അത് ഊരിയിട്ട് തിരുമേനി(സ) അരുളി: ഭയഭക്തന്മാർക്ക് ഇത് യോജിക്കുകയില്ല. (ബുഖാരി. 1. 8. 372)

332. അബൂജുഹൈഫ(റ) നിവേദനം: തിരുമേനി തോലിന്റെ ഒരു ചുമന്ന കൂടാരത്തിൽ ഇരിക്കുന്നതായി ഞാൻ കണ്ടു. ബിലാലിനെ ഞാൻ കണ്ടതു തിരുമേനി(സ)ക്ക് വുളു എടുക്കുവാനുള്ള വെള്ളം കയ്യിൽ പിടിച്ചു നിൽക്കുന്ന അവസ്ഥയിലാണ്. ആ വുളുവിന്റെ അവശേഷിച്ച വെള്ളം കരസ്ഥമാക്കുവാൻ വേണ്ടി ആളുകൾ ധൃതി

കാണിക്കുന്നവരായും ഞാൻ കണ്ടു. എന്നിട്ട് അതിൽ നിന്ന് അല്പം വെള്ളം കിട്ടിയവൻ ആ വെള്ളം ശരീരത്തിൽ തടവി. തീരെ ലഭിക്കാത്തവൻ തന്റെ സ്നേഹിതന്റെ കയ്യിലെ നനവ് തൊട്ടിട്ടു അത് സ്വശരീരത്തിൽ തടവാൻ തുടങ്ങി. പിന്നീട് ബിലാൽ ഒരു ചെറിയ കുന്തം എടുത്തിട്ട് അത് നിലത്തു നാട്ടുന്നതായി ഞാൻ കണ്ടു. തിരുമേനി(സ) കണങ്കാലിന് മുകളിൽ ഒരു ചുവന്ന വസ്ത്രം ധരിച്ചുകൊണ്ടു പുറത്തുവന്നിട്ട് ആ കുന്തത്തിന്റെ നേരെ തിരിഞ്ഞു ജനങ്ങളുടെ ഇമാമായി നിന്നുകൊണ്ട് രണ്ട് റക്അത്തു നമസ്ക്കരിച്ചു. മനുഷ്യരും മൃഗങ്ങളുമെല്ലാം ആ കുന്തത്തിന്റെ മുമ്പിലൂടെ നടക്കുന്നതു ഞാൻ കണ്ടു. (ബുഖാരി. 1. 8. 373)

333. അബൂഹാസിം(റ) നിവേദനം: സഹ്ല്ബ്നു സഅ്ദ്(റ)നോട് നബി(സ)യുടെ മിമ്പറ എന്തുകൊണ്ടായിരുന്നുവെന്ന് അവർ ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു. അതിനെക്കുറിച്ച് എന്നെക്കാൾ അറിവുള്ളവരാരും ഇന്ന് ജീവിച്ചിരിക്കുന്നില്ല. ഗാബ എന്ന സ്ഥലത്തെ അസൽ മരം കൊണ്ടാണതുണ്ടാക്കിയത് തിരുമേനി(സ)ക്ക് വേണ്ടി അത് പണിതതാവട്ടെ ഇന്ന സ്ത്രീയുടെ കൈക്ക് സ്വാതന്ത്ര്യം നേടിയ അടിമ ഇന്നവനുമാണ്. അങ്ങനെ അത് പണിത് അതിന്റെ സ്ഥാനത്തുകൊണ്ടുവന്നു വെച്ച് കഴിഞ്ഞപ്പോൾ തിരുമേനി(സ) അതിന്മേൽ കയറിയിട്ട് ഖിബ്ലയുടെ നേരെ തിരിഞ്ഞ് നിന്നു. എന്നിട്ട് അവിടുന്ന് തക്ബീർ ചൊല്ലി. ജനങ്ങൾ പിന്നിലും നിന്നു. അങ്ങനെ അവിടുന്നു ഓതി. റുകൂഅ് ചെയ്തപ്പോൾ ജനങ്ങളും റുകൂഅ് ചെയ്തു. പിന്നീട് തിരുമേനി(സ) തല ഉയർത്തി. അനന്തരം തിരുമേനി(സ) കാൽ പിന്നോട്ടുവെച്ചുകൊണ്ട് താഴെ ഇറങ്ങി ഭൂമിയിൽ സുജൂദ് ചെയ്തു. അനന്തരം മിമ്പറിലേക്ക് തന്നെ മടങ്ങി. പിന്നീട് റുകൂഅ് ചെയ്തു. അവിടുത്തെ തല ഉയർത്തി. അനന്തരം കാൽ പിന്നോട്ട് വെച്ചുകൊണ്ട് കീഴ്പോട്ടിറങ്ങി. ഭൂമിയിൽ സുജൂദ് ചെയ്തു. ഇതാണ് മിമ്പറിന്റെ പ്രശ്നം. അബൂഅബ്ദില്ല പറയുന്നു. അലിയ്യ്ബ്നു അബ്ദില്ല(റ) പറഞ്ഞു. ഈ ഹദീസിനെക്കുറിച്ച് അഹമദ്ബ്നുഹമ്പൽ എന്നോട് ചോദിച്ചു. ഞാൻ പറഞ്ഞു നബി(സ) ജനങ്ങളേക്കാൾ ഉയർന്ന സ്ഥലത്തായിരുന്നു എന്ന് ഞാൻ ഇതുകൊണ്ട് ഉദ്ദേശിക്കുന്നു. അതിനാൽ ഇമാമ് ജനങ്ങളെക്കാൾ ഉയർന്നു നിൽക്കുന്നതിന് വിരോധമില്ല. അലി, അഹമ്മദിനോട് പറഞ്ഞു. സുഫ്യാൻ ഇതിനെക്കുറിച്ച് ചോദിക്കപ്പെടാറുണ്ട്. താങ്കൾ ഇതു അദ്ദേഹത്തിൽ നിന്ന് കേട്ടിട്ടില്ലേ? അഹമ്മദ്(റ) പറഞ്ഞു. ഇല്ല. (ബുഖാരി. 1. 8. 374)

334. അനസ്(റ) നിവേദനം: തിരുമേനി(സ) ഒരിക്കൽ തന്റെ കുതിരപ്പുറത്തുനിന്നു വീഴുകയും അവിടുത്തെ കാല് അല്ലെങ്കിൽ ചുമല് ചതഞ്ഞു. അതിനാൽ ഒരു മാസം ഭാര്യമാരിൽ നിന്നും അകന്ന് ജീവിക്കാൻ തീരുമാനിച്ചു. അനന്തരം തന്റെ ഉയർന്ന മുറിയിൽ കയറി ഇരുന്നു. ഈത്തപ്പനതടികൊണ്ടുള്ളതായിരുന്നു അതിന്റെ ചവിട്ടുപടികൾ. അവിടുത്തെ അനുയായികൾ സന്ദർശിക്കുവാൻ വന്ന സന്ദർഭത്തിൽ ഇരുന്നു കൊണ്ട് അവർക്ക് ഇമാമായി നമസ്കരിച്ചു. അവർ നിന്നുകൊണ്ട് പിൻതുടർന്നു. തിരുമേനി(സ) നമസ്കാരത്തിൽ നിന്നും സലാം വീട്ടിയപ്പോൾ പറഞ്ഞു. നിശ്ചയം ഇമാമ് നിശ്ചയിക്കപ്പെടുന്നത് അദ്ദേഹത്തെ പിൻതുടരുവാൻ വേണ്ടിയാണ്. അതിനാൽ അദ്ദേഹം തക്ബീർ ചൊല്ലിയാൽ നിങ്ങളും തക്ബീർ ചൊല്ലുവീൻ. റുകൂഅ് ചെയ്താൽ നിങ്ങളും റുകൂഅ് ചെയ്യുവീൻ, സുജൂദ് ചെയ്താൽ നിങ്ങളും സുജൂദ് ചെയ്യുവീൻ. അദ്ദേഹം നിന്നു നമസ്കരിച്ചാൽ നിങ്ങളും നിന്നു നമസ്കരിക്കുവീൻ മാസം 29 ദിവസം കഴിച്ചപ്പോൾ നബി(സ) ഇറങ്ങി. അപ്പോൾ അവർ പറഞ്ഞു. അല്ലാഹുവിന്റെ ദൂതരെ! താങ്കൾ ഒരു മാസം അകലുവാനാണ് തീരുമാനിച്ചത്. തിരുമേനി(സ) അരുളി: നിശ്ചയം മാസം 29 ദിവസമാണ്. (ബുഖാരി. 1. 8. 375)

335. മൈമൂന(റ) നിവേദനം: അല്ലാഹുവിന്റെ ദൂതൻ(സ) നമസ്കരിക്കുമ്പോൾ ഞാൻ ആർത്തവക്കാരിയായി ക്കൊണ്ട് അവിടുത്തെ വിലങ്ങ് കിടക്കും. ചിലപ്പോൾ അവിടുത്തെ വസ്ത്രം എന്റെ ശരീരത്തിൽ സുജൂദ് ചെയ്യുമ്പോൾ സ്പർശിക്കാറുണ്ട്.

മൈമൂന(റ) പറയുന്നു. തിരുമേനി(സ) വിരിപ്പിൽ നമസ്കരിക്കാറുണ്ട്. (ബുഖാരി. 1. 8. 376)

336. അനസ്(റ) നിവേദനം: അദ്ദേഹത്തിന്റെ ഉമ്മൂമ്മ മുലൈക്കത്തു, തിരുമേനി(സ)ക്ക് വേണ്ടി ഒരു വിരുന്നു ഒരുക്കിയിട്ട് വിളിച്ചു. എന്നിട്ട് അൽപം ആഹാരം തിരുമേനി(സ) കഴിച്ചു. ശേഷം അവിടുന്നു അരുളി: എഴുന്നേൽക്കുവീൻ. ഞാൻ നിങ്ങളെയും കൊണ്ട് നമസ്കരിക്കാം. അനസ്(റ) പറയുന്നു. അന്നേരം ദീർഘകാലത്തെ ഉപയോഗം കാരണം കറുത്തുപോയിരുന്ന ഞങ്ങളുടെ ഒരു പായ എടുക്കാൻ ഞാൻ എഴുന്നേററു. അങ്ങനെ ഞാൻ അതിൽ വെള്ളം തളിച്ചു. തിരുമേനി(സ) എഴുന്നേററു നിന്നു. ഞാനും ഒരനാഥക്കുട്ടിയും തിരുമേനി(സ)യുടെ പിന്നിൽ ഒരു വരിയിൽ നിന്നു. കിഴവി ഞങ്ങളുടെ പിന്നിലും അങ്ങനെ തിരുമേനി(സ) ഞങ്ങളെയും കൂട്ടിയിട്ട് രണ്ട് റക്അത്തു നമസ്കരിച്ചു. അനന്തരം പിരിഞ്ഞുപോയി. (ബുഖാരി. 1. 8. 377)

337. മൈമൂന(റ) നിവേദനം: തിരുമേനി(സ) പരമ്പിൽ നമസ്കരിക്കാറുണ്ട്. (ബുഖാരി. 1. 8. 378)

338. ആയിശ(റ) നിവേദനം: ഞാൻ തിരുമേനി(സ)യുടെ മുമ്പിൽ കിടന്നുറങ്ങാറുണ്ട്. എന്റെ രണ്ടു കാലും തിരുമേനി(സ)യുടെ മുമ്പിൽ വീണു കിടക്കും. എന്നിട്ട് തിരുമേനി(സ) സുജൂദ് ചെയ്യുമ്പോൾ എന്റെ കാൽ പിടിച്ച് പിച്ചും. അന്നേരം എന്റെ കാൽ ഞാൻ ഒതുക്കിവെക്കും. തിരുമേനി(സ) സുജൂദിൽ നിന്നെഴുന്നേററു കഴിഞ്ഞാലോ ഞാൻ പിന്നേയും കാൽ നീട്ടും. ആയിശ(റ) പറയുന്നു. അന്നു വീടുകളിൽ വിളക്കുണ്ടായിരുന്നില്ല. (ബുഖാരി. 382)

339. ആയിശ(റ) നിവേദനം: തിരുമേനി(സ) രാത്രി നമസ്കരിക്കുമ്പോൾ തിരുമേനി(സ)യുടെ വീട്ടുകാരുടെ വിരിപ്പിൽ നിന്നുകൊണ്ട് തന്നെയാണ് നമസ്കരിച്ചിരുന്നത്. അന്നേരം അവർ നബി(സ) ക്കും ഖിബ്ലക്കുമിടയിൽ മയ്യത്തിനെ കിടത്തിയത് പോലെ കിടക്കും. (ബുഖാരി. 1. 8. 380)

340. ഉർവ്വ(റ) നിവേദനം: തിരുമേനി(സ) നമസ്കരിക്കുമ്പോൾ ആയിശ(റ) ഖിബ്ലക്കും തിരുമേനി(സ) ക്കും ഇടയിലായി അവർ രണ്ടുപേരും കിടന്നുറങ്ങാറുള്ള വിരിപ്പിൽ കിടക്കാറുണ്ട്. (ബുഖാരി. 1. 8. 381)

341. അനസ്(റ) നിവേദനം: ഞങ്ങൾ തിരുമേനി(സ) യോടൊപ്പം നമസ്കരിക്കുമ്പോൾ ഞങ്ങളിൽ ചിലർ ഉഷ്ണത്തിന്റെ കാഠിന്യം നിമിത്തം സുജൂദിന്റെ സ്ഥലത്ത് ഞങ്ങൾ ധരിച്ച വസ്ത്രത്തിന്റെ ഒരററം വിരിച്ചിട്ട് അതിൽ സുജൂദ് ചെയ്യാറുണ്ടായിരുന്നു. (ബുഖാരി. 1. 8. 382)

342. സഈദ് നിവേദനം: തിരുമേനി(സ) ചെരിപ്പ് ധരിച്ച് നമസ്കരിക്കാറുണ്ടോ എന്ന് ഞാൻ അനസ്(റ)നോട് ചോദിച്ചു. അപ്പോൾ അതെയെന്ന് അദ്ദേഹം മറപടി നല്കി. (ബുഖാരി. 1. 8. 383)

343. ഹമ്മാമ്(റ) നിവേദനം: ജരീർ(റ) ഒരിക്കൽ മൂത്രിക്കുകയും ശേഷം വുളു എടുക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ രണ്ടു ബൂട്സിന്മേൻ തടവി. അനന്തരം എഴുന്നേററു നിന്ന് രണ്ടു റക്അത്തു നമസ്കരിച്ചു. അപ്പോൾ അതിനെപ്പററി അദ്ദേഹത്തോട് ചിലർ ചോദിച്ചു. തിരുമേനി(സ) ഇങ്ങനെ ചെയ്യുന്നത് ഞാൻ കണ്ടിട്ടുണ്ടെന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ഇബ്രാഹിം പറയുന്നു. ആളുകളെ ഈ ഹദീസ് തൃപ്തിപ്പെടുത്തിയിരുന്നു. കാരണം തിരുമേനിയുടെ ജീവിതത്തിന്റെ അന്ത്യഘട്ടത്തിൽ ഇസ്ലാം മതം സ്വീകരിച്ചവരിൽ ഒരാളായിരുന്നു ജരീർ(റ). (ബുഖാരി. 1. 8. 384)

344. മുഗീറ:(റ) നിവേദനം: തിരുമേനി(സ) വുളു എടുക്കുകയും അങ്ങനെ ബൂട്സിന്മേൽ തടവി നമസ്കരിക്കുകയും ചെയ്തു. (ബുഖാരി. 1. 8. 385)

345. അബ്ദുല്ലാഹിബ്നു മാലിക്(റ) നിവേദനം: തിരുമേനി(സ) നമസ്കരിക്കുമ്പോൾ (സുജൂദിൽ) തന്റെ രണ്ടു കയ്യും (പാർശ്വങ്ങളിൽ നിന്ന്) വിടുത്തി വെക്കാറുണ്ടായിരുന്നു. അവിടുത്തെ കക്ഷത്തിലെ വെളുപ്പ് വ്യക്തമാകുന്നതുവരെ. (ബുഖാരി. 1. 8. 385)

346. അനസ്(റ) നിവേദനം: അല്ലാഹുവിന്റെ ദൂതൻ പറഞ്ഞു: നാം നമസ്കരിക്കുന്നതുപോലെ നമസ്കരിക്കുകയും നമ്മുടെ ഖിബ്ല: യെ ഖിബ്ലയാക്കുകയും നാം അറുത്തത് ഭക്ഷിക്കുകയും ചെയ്യുന്നവനാരോ അവനത്രേ മുസ്ലീം. അവന്ന് അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും സംരക്ഷണ ബാധ്യതയുണ്ട്. അതുകൊണ്ട് അല്ലാഹുവിന്റെ സംരക്ഷണ ബാധ്യതയിൽ നിങ്ങൾ ലംഘനം പ്രവർത്തിക്കരുത്. (ബുഖാരി. 1. 8. 386)

347. അനസ്(റ) നിവേദനം: തിരുമേനി(സ) അരുളി: ജനങ്ങൾ അല്ലാഹു അല്ലാതെ ആരാധ്യനില്ലെന്നു പ്രഖ്യാപിക്കുന്നത് വരെ അവരോട് യുദ്ധം ചെയ്യാൻ എന്നോട് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. അവരതു പ്രഖ്യാപിക്കുകയും നാം നമസ്കരിക്കുന്നതുപോലെ നമസ്കരിക്കുകയും നമ്മുടെ ഖിബ്ലയെ അഭിമുഖീകരിക്കുകയും നാം അറുത്തത് ഭക്ഷിക്കുകയും ചെയ്താൽ അവരുടെ രക്തവും ധനവും എന്റെ മേൽ നിഷിദ്ധമാണ്. അവകാശത്തിനല്ലാതെ, അവരുടെ വിചാരണ അല്ലാഹുവിങ്കലാണ്. (ബുഖാരി. 1. 8. 387)

348. അനസ്(റ) നിവേദനം: ഒരു മനുഷ്യന്റെ രക്തവും ധനവും നിഷിദ്ധമാക്കുന്നത് എന്താണെന്ന് അദ്ദേഹത്തോട് ചോദിക്കപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു: ലാഇലാഹ ഇല്ലല്ലാഹു എന്നതിന് വല്ലവനും സാക്ഷി നിൽക്കുകയും നമ്മുടെ ഖിബ്ല: യെ അഭീമുഖീകരിക്കുകയും നാം നമസ്കരിച്ചത് പോലെ നമസ്കരിക്കയും നാം അറുത്തത് ഭക്ഷിക്കയും ചെയ്താൽ അവൻ മുസ്ലീമാണ്. മുസ്ലീമിന്ന് ലഭിക്കുന്ന അവകാശങ്ങൾ അവനുണ്ട്. ബാധ്യതകളും ഉണ്ട്. (ബുഖാരി. 1. 8. 387)

349. അബൂഅയ്യൂബ്(റ) നിവേദനം: തിരുമേനി(സ) അരുളി: നിങ്ങൾ മലമൂത്രവിസർജ്ജനത്തിന് പുറപ്പെട്ടാൽ ഖിബ്ലയെ അഭീമുഖീകരിക്കയോ പിന്നിടുകയോ ചെയ്യരുത്. എന്നാൽ നിങ്ങൾ കിഴക്കോട്ടോ, പടിഞ്ഞാറോട്ടോ തിരിയുക. അബൂഅയ്യൂബ്(റ) പറയുന്നു: ഞങ്ങൾ ശാമിൽ ചെന്നപ്പോൾ പരിഷ്കൃത കക്കൂസുകൾ ഖിബ്ലക്ക് അഭിമുഖമായി നിർമ്മിച്ചതു കണ്ടു. ഞങ്ങൾ തെററിയിരിക്കുകയും അല്ലാഹുവിനോട് പാപമോചനം തേടുകയും ചെയ്യും. (ബുഖാരി. 1. 8. 388)

350. അനസ്(റ) നിവേദനം: ഉമർ(റ) പറഞ്ഞു: മൂന്ന് പ്രശ്നങ്ങളിൽ എന്റെ രക്ഷിതാവിനോട് എന്റെ അഭിപ്രായം യോജിക്കുകയുണ്ടായി. ഞാൻ പറഞ്ഞു അല്ലാഹുവിന്റെ ദൂതരെ! മഖാമുഇബ്രാഹിമിനെ നാം നമസ്കാരസ്ഥലമാക്കിയിരുന്നുവെങ്കിൽ നന്നായിരുന്നു. അപ്പോൾ അല്ലാഹു അവതരിപ്പിച്ചു. മഖാമു ഇബ്രാഹിമിനെ നിങ്ങൾ നമസ്കാരസ്ഥലമാക്കി വെക്കുവീൻ, പർദ്ദയുടെ ആയത്തിലും യോജിച്ചു. ഞാൻ പറഞ്ഞു. അല്ലാഹുവിന്റെ ദൂതരെ അങ്ങയുടെ പത്നിമാരോട് ജനദൃഷ്ടിയിൽ നിന്ന് മറഞ്ഞിരിക്കാൻ അങ്ങുന്നു കൽപിച്ചെങ്കിൽ നന്നായിരുന്നു. കാരണം അവരോട് ഇന്ന് ദുഷ്ടനും നല്ലവനും സംസാരിക്കുന്നു. അപ്പോൾ പർദ്ദയുടെ ആയത്തു അവതരിപ്പിച്ചു. തിരുമേനി(സ)യുടെ പത്നിമാർ തിരുമേനി(സ) ക്കെതിരിൽ ഞങ്ങളുടെ അഭിമാനം പൊക്കിപ്പിടിച്ചുകൊണ്ട് സംഘടിച്ചു. അപ്പോൾ തിരുമേനി(സ) നിങ്ങളെ വിവാഹമുക്തരാക്കുന്ന പക്ഷം നിങ്ങളേക്കാൾ ഉത്തമരായ പത്നിമാരെ അല്ലാഹു അദ്ദേഹത്തിന് പകരം നൽകുമെന്ന്

ഞാൻ അവരോട് പറഞ്ഞു. അപ്പോൾ ഇപ്രകാരം തന്നെ ആയത്തു അവതരിപ്പിച്ചു. (ബുഖാരി. 1. 8. 395)

351. ഇബ്നുഉമർ(റ) നിവേദനം: ഖുബാഇൽ ജനങ്ങൾ സുബ്ഹ് നമസ്കരിച്ച്കൊണ്ടിരിക്കുമ്പോൾ അവരുടെ അടുത്തു ഒരാൾ വന്നു പറഞ്ഞു: നിശ്ചയം ഇന്നു രാത്രിയിൽ തിരുമേനി(സ)ക്ക് ഖുർആൻ അവതരിപ്പിച്ചപ്പോൾ കഅ്ബാലയത്തെ ഖിബ്ല: യാക്കുവാൻ നിർദ്ദേശിച്ചിരുന്നു. അപ്പോൾ അവർ (നമസ്കാരത്തിൽ തന്നെ) അതിന്റെ നേരെ തിരിഞ്ഞു. ആദ്യം അവർ ശാമിന്റെ നേരെ തിരിഞ്ഞാണ് നമസ്കരിച്ചിരുന്നത്. അങ്ങനെ അവർ കഅ്ബയുടെ നേരെ ചുററിത്തിരിഞ്ഞു. (ബുഖാരി. 1. 8. 397)

352. അബ്ദുല്ല(റ) നിവേദനം: തിരുമേനി ഒരിക്കൽ ളുഹ്ർ അഞ്ച് റക്അത്തു നമസ്കരിച്ചു. അപ്പോൾ സഹാബി വര്യന്മാർ പറഞ്ഞു. നമസ്കാരത്തിൽ (റക്അ്ത്ത്) വർദ്ധിപ്പിക്കപ്പെട്ടുവോ? അവിടുന്ന് ചോദിച്ചു: എന്താണത്? അവർ പറഞ്ഞു: താങ്കൾ അഞ്ച് റകഅത്ത് നമസ്കരിച്ചു. ഉടനെതിരുമേനി തന്റെ ഇരുകാലുകളും ചുരുട്ടിവെച്ച് രണ്ടു സുജൂദ് ചെയ്തു. (ബുഖാരി. 1. 8. 308)

353. അനസ്(റ) നിവേദനം: തിരുമേനി(സ) ഒരിക്കൽ ഖിബ്ലയുടെ ഭാഗത്ത് അൽപം കഫം കണ്ടു. തിരുമേനി(സ) ക്കത് അസുഖകരമായിത്തോന്നി. അതിന്റെ ലക്ഷണം അവിടുത്തെ മുഖത്ത് പ്രത്യക്ഷപ്പെട്ടു. ഉടനെ തിരുമേനി(സ) എഴുന്നേററ് സ്വന്തം കൈകൊണ്ട് അതവിടെ നിന്ന് നീക്കം ചെയ്തു എന്നിട്ട് അവിടുന്ന് അരുളി: നിങ്ങളിൽ വല്ലവനും നമസ്കരിക്കാൻ നിന്നാൽ അവൻ തന്റെ നാഥനോട് രഹസ്യസംഭാഷണം നടത്തുകയാണ്. അല്ലെങ്കിൽ അവന്റെ നാഥൻ അവന്റെയും ഖിബ്ലയുടെയും ഇടയിലുണ്ട്. അതുകൊണ്ട് നിങ്ങളിൽ ആരും തന്നെ തന്റെ ഖിബ്ലയുടെ നേരെ തുപ്പിപ്പോകരുത്. എന്നാൽ ഇടതുഭാഗത്തേക്ക് തുപ്പട്ടെ. അല്ലെങ്കിൽ കാലിന്റെ താഴ്ഭാഗത്തേക്ക്. ഇത് പറഞ്ഞിട്ട് തിരുമേനി തന്റെ തട്ടമെടുത്തു അതിൽ അൽപം തുപ്പി. അനന്തരം അതിന്റെ ഒരു ഭാഗം മറേറ ഭാഗത്തിന്മേൽ പിടിച്ചമർത്തി. എന്നിട്ട് അല്ലെങ്കിൽ അവൻ ഇങ്ങനെ ചെയ്യട്ടെ എന്നരുളി. (ബുഖാരി. 1. 8. 399)

354. ഇബ്നുഉമർ(റ) നിവേദനം: തിരുമേനി(സ) ഖിബ്ലയുടെ ചുമരിൽ ആരോ തുപ്പിയതുകണ്ടു. അവിടുന്ന് അത് നീക്കം ചെയ്തു. ശേഷം ജനങ്ങളെ അഭിമുഖീകരിച്ച്കൊണ്ട് പറഞ്ഞു: നിങ്ങളിൽ ആരെങ്കിലും നമസ്കരിക്കുകയാണെങ്കിൽ അവന്റെ മുഖത്തിന് നേരെ അവൻ തുപ്പരുത്. കാരണം അവൻ നമസ്കരിക്കുമ്പോൾ അല്ലാഹു അവന് അഭിമുഖമായിട്ടുണ്ട്. (ബുഖാരി. 1. 8. 400)

355. ആയിശ:(റ) നിവേദനം: തിരുമേനി(സ) ഖിബ്ലയുടെ ചുമരിൽ കഫമോ അല്ലങ്കിൽ തുപ്പലോ അല്ലെങ്കിൽ മൂക്ക് കറന്നതോ കണ്ടു. അപ്പോൾ അവിടുന്ന് അത് നീക്കിക്കളഞ്ഞു. (ബുഖാരി. 1. 8. 401)

356. അബ്ഹുറൈറ(റ) യും അബൂസഈദുൽഖുദ്രി(റ) യും നിവേദനം ചെയ്യുന്നു: തിരുമേനി(സ) പള്ളിയിലെ ചുമരിൽ ഒരു കഫം കണ്ടു. അവിടുന്ന് ഒരു കല്ലുകൊണ്ട് അത് നീക്കം ചെയ്തു. എന്നിട്ട് അവിടുന്ന് അരുളി: നിങ്ങളിൽ ആരെങ്കിലും തുപ്പിയാൽ തന്റെ മുഖത്തിന് നേരെ തുപ്പരുത്. അതു പോലെ വലതുഭാഗത്തേക്കും. എന്നാൽ ഇടതുഭാഗത്തേക്കോ തന്റെ ഇടതുകാലിന്റെ ചുവട്ടിലേക്കോ തുപ്പട്ടെ. (ബുഖാരി. 1. 8. 402)

357. അനസ്(റ) നിവേദനം: തിരുമേനി(സ) അരുളി: നിങ്ങളിൽ ആരും തന്നെ തന്റെ മുമ്പിലേക്കും വലതുഭാഗത്തേക്കും തുപ്പരുത്. എന്നാൽ തന്റെ ഇടതുഭാഗത്തേക്കോ കാലിന് താഴ്ഭാഗത്തേക്കോ തുപ്പട്ടെ. (ബുഖാരി. 1. 8. 404)

358. അനസ്(റ) നിവേദനം: തിരുമേനി(സ) അരുളി: പള്ളിയിൽ തുപ്പുന്നത് ഒരു കുററമാണ്. എന്നാൽ അതിന്റെ പ്രായശ്ചിത്തം അതു പള്ളിയിൽ കുഴിച്ചുമൂടുന്നതാണ് (ബുഖാരി. 1. 8. 407)

359. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: എന്റെ ശ്രദ്ധ ഞാൻ ഇങ്ങോട്ടു മാത്രം തിരിച്ചിരിക്കുകയാണെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ? അല്ലാഹു സത്യം. നിങ്ങളുടെ ഭയഭക്തിയും നിങ്ങളുടെ റുക്കൂഉം എനിക്ക് ഗോപ്യമാകുന്നില്ല. എന്റെ പിൻഭാഗത്ത് നിന്ന് തന്നെ നിങ്ങളെ എനിക്ക് കാണാൻ കഴിയും. (ബുഖാരി. 1. 8. 410)

360. ഇബ്നുഉമർ(റ) നിവേദനം: ശരീരം മെലിയിച്ച് പാകപ്പെടുത്തിയ ചില കുതിരകളെ സംഘടിപ്പിച്ചിട്ട് ഒരിക്കൽ തിരുമേനി(സ) ഒരു പന്തയം നടത്തി. ഓട്ടമാരംഭിച്ചത് ഹൈഫായിൽ നിന്നാണ്. ഓട്ടം അവസാനിപ്പിക്കേണ്ടത് സനിയ്യത്തുൽ വദാഅ് ആയിരുന്നു. ഇപ്രകാരം തന്നെ ശരീരം മെലിയിച്ചിട്ടില്ലാത്ത ചില കുതിരകളെ സംഘടിപ്പിച്ചും അവിടുന്നു പന്തയം നടത്തി. സനിയ്യത്തുൽ വദാഇൽ നിന്ന് മസ്ജിദുമ്പനീസുറൈക്ക് (ബനൂസുറൈഖിന്റെ പള്ളി) വരേയായിരുന്നു ഓട്ടത്തിന്റെ അതിരു നിശ്ചയിച്ചിരുന്നത്. ഇബ്നുഉമറും ആ കുതിരപ്പന്തയത്തിൽ പങ്കെടുത്തിരുന്നു. (ബുഖാരി. 1. 8. 412)

361. അനസ്(റ) നിവേദനം: തിരുമേനി(സ) ഒരു സംഘം ആളുകളുടെ കൂടെ പള്ളിയിൽ ഇരിക്കുന്നത് ഞാൻ കണ്ടു. അപ്പോൾ ഞാൻ അദ്ദേഹത്തെ സമീപിച്ചു. തിരുമേനി(സ) എന്നോട് ചോദിച്ചു. അബൂത്വൽഹ: നിന്നെ അയച്ചതാണോ? അതെയെന്ന് ഞാൻ മറുപടി നൽകി. തിരുമേനി(സ) : ഭക്ഷണത്തിന് ക്ഷണിക്കുവാനാണോ? അതെയെന്ന് ഞാൻ മറുപടി നൽകി. ഉടനെ തിരുമേനി(സ) തന്റെ കൂടെയുള്ളവരോട് പറഞ്ഞു: എഴുന്നേൽക്കുവീൻ. അങ്ങനെ നബി(സ) പുറപ്പെട്ടു. ഞാൻ മുമ്പിലായി നടന്നു. (ബുഖാരി. 1. 8. 414)

362. സഹ്ല്(റ) നിവേദനം: ഒരു മനുഷ്യൻ തിരുമേനി(സ) യോട് ചോദിച്ചു. അല്ലാഹുവിന്റെ പ്രവാചകരേ! ഒരാൾ തന്റെ ഭാര്യയുടെ കൂടെ മറെറാരു പുരുഷനെ കണ്ടാൽ അവനെ വധിക്കട്ടെയോ? അങ്ങനെ അവർ പള്ളിയിൽ വെച്ച് ശാപ പ്രാർത്ഥന നടത്തി. ഞാൻ അതിന്ന് സാക്ഷിയായിരുന്നു. (ബുഖാരി. 1. 8. 415)

363. ഇത്ബാൻ(റ) നിവേദനം: തിരുമേനി(സ) അദ്ദേഹത്തിന്റെ വീട്ടിൽ വന്നു. എന്നിട്ട് ചോദിച്ചു. നിന്റെ വീട്ടിൽ എവിടെ വെച്ച് നമസ്കരിക്കുവാനാണ് നീ ഉദ്ദേശിക്കുന്നത്. അദ്ദേഹം പറയുന്നു: അപ്പോൾ ഒരു സ്ഥലം ഞാൻ ചൂണ്ടിക്കാണിച്ചു. ഉടനെ തിരുമേനി(സ) തക്ബീർ ചൊല്ലി നമസ്കാരത്തിൽ പ്രവേശിച്ചു. ഞങ്ങൾ അദ്ദേഹത്തിന്റെ പിന്നിൽ അണിനിന്നു. അവിടുന്നു രണ്ടു റക്അത്ത് നമസ്കരിച്ചു. (ബുഖാരി. 1. 8. 416)

364. ആയിശ(റ) നിവേദനം: നബി(സ)യുടെ മിക്ക പ്രശ്നങ്ങളിലും വലതുഭാഗത്തെ മുന്തിപ്പിക്കുന്നതിനെ ഇഷ്ടപ്പെട്ടിരുന്നു. അവിടുത്തെ ശുദ്ധീകരണം, മുടി ചീകൽ, ചെരുപ്പ് ധരിക്കൽ മുതലായവയിൽ (ബുഖാരി. 1. 8. 418)

365. ആയിശ(റ) നിവേദനം: അബ്സീനിയായിലെ കനീസയിൽ ഉമ്മു ഹബീബയും ഉമ്മു സലമ:(റ) യും കണ്ട ചില രൂപങ്ങളെക്കുറിച്ച് അവർ തിരുമേനി(സ) അരുളി: അക്കൂട്ടരിൽപ്പെട്ട ഒരു നല്ല മനുഷ്യൻ മൃതിയടഞ്ഞാൽ അയാളുടെ ഖബറിന്മൽ അവർ പള്ളി പണിയും. എന്നിട്ട് അതിൽ ആ രൂപങ്ങൾ നിർമ്മിക്കും. അന്ത്യദിനത്തിൽ അല്ലാഹുവിന്റെ അടുത്ത് ഏററവും ദുഷ്ടന്മാർ ഇവരത്രെ. (ബുഖാരി. 1. 8. 419)

366. അനസ്(റ) നിവേദനം: പള്ളി നിർമ്മിക്കുന്നതിന് മുമ്പ് തിരുമേനി(സ) ആടുകളെ കെട്ടിയിടുന്ന സ്ഥലത്ത് നമസ്കരിക്കാറുണ്ട്. (ബുഖാരി. 1. 8. 421)

367. നാഫിഅ്(റ) നിവേദനം: ഇബ്നുഉമർ(റ) തന്റെ ഒട്ടകത്തിന്റെ നേരെ തിരിഞ്ഞു നിന്നിട്ട് നമസ്കരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. തിരുമേനി(സ) അങ്ങനെ ചെയ്യുന്നത് ഞാൻ കണ്ടിട്ടുണ്ടെന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു. (ബുഖാരി. 1. 8. 422)

368. ഇബ്നു അബ്ബാസ്(റ) നിവേദനം: ഒരിക്കൽ സൂര്യനു ഗ്രഹണം ബാധിച്ചു. അപ്പോൾ തിരുമേനി(സ) നമസ്കരിച്ചു. ശേഷം അവിടുന്നു പറഞ്ഞു. അഗ്നി എനിക്ക് ദർശിപ്പിക്കപ്പെട്ടു. മുമ്പ് ഇതുപോലെ വികൃതമായ ഒരു കാഴ്ച ഞാൻ കണ്ടിട്ടില്ല. (ബുഖാരി. 1. 8. 423)

369. അബ്ദുല്ല(റ) നിവേദനം: തിരുമേനി(സ) അരുളി: കരഞ്ഞും കൊണ്ട് അല്ലാതെ ശിക്ഷ ഇറക്കപ്പെട്ട സ്ഥലത്ത് നിങ്ങൾ പ്രവേശിക്കരുത്. നിങ്ങൾ കരയുന്നില്ലെങ്കിൽ അവിടെ പ്രവേശിക്കരുത്. അല്ലാഹുവിന്റെ ശിക്ഷ നിങ്ങൾക്കും അവർക്ക് ബാധിച്ചതുപോലെ ബാധിക്കാതിരിക്കുവാൻ. (ബുഖാരി. 1. 8. 425)

370. ആയിശ(റ) യും ഇബ്നുഅബ്ബാസും(റ) നിവേദനം: അവർ രണ്ടുപേരും പറയുന്നു: തിരുമേനി(സ)ക്ക് മരണരോഗം ആരംഭിച്ചപ്പോൾ തന്റെ തട്ടം തിരുമേനി(സ) മുഖത്തിന്മേൽ ഇട്ടുകൊണ്ടിരുന്നു. കുറെ കഴിഞ്ഞു വിഷമം അതു മൂലം തോന്നിയാൽ മുഖത്ത് നിന്ന് അത് നീക്കം ചെയ്യും. അന്നേരം തിരുമേനി(സ) ഇങ്ങനെ പറഞ്ഞിരുന്നു. ജൂതന്മാരെയും ക്രിസ്ത്യാനികളെയും അല്ലാഹു ശപിക്കട്ടെ. അവർ തങ്ങളുടെ നബിമാരുടെ ഖബറുകളെ പ്രാർത്ഥനാ കേന്ദ്രങ്ങളാക്കി വെച്ചുകളഞ്ഞു. അവരുടെ പ്രവർത്തനങ്ങളെ അനുകരിക്കരുതെന്ന് സ്വന്തം അനുയായികളെ താക്കീതു ചെയ്യുകയായിരുന്നു. തിരുമേനി(സ)യുടെ ഉദ്ദേശ്യം. (അല്ലാതെ അവരെ ശപിക്കൽ മാത്രമായിരുന്നില്ല) (ബുഖാരി. 1. 8. 427)

371. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: ജൂതന്മാരെ അല്ലാഹു ശപിക്കട്ടെ. അവർ അവരുടെ പ്രാവാചകന്മാരുടെ ഖബറുകൾ പള്ളികളാക്കി. (ബുഖാരി. 1. 8. 428)

372. ആയിശ(റ) നിവേദനം: ഒരറബിക്കുടുംബത്തിന് ഒരു നീഗ്രോ അടിമപ്പെണ്ണുണ്ടായിരുന്നു. അവളെ ആ കുടുംബം സ്വതന്ത്രയാക്കി. എന്നിട്ടും അവൾ അവരുടെ കൂടെ താമസിച്ചു. അവൾ പറയുന്നു. ആ കുടുംബത്തിലെ ഒരു പെൺകുട്ടി ഒരിക്കൽ വീട്ടിൽ നിന്ന് പുറത്തുപോയി. അവളുടെ ശരീരത്തിൽ രത്നം പതിച്ചതും തോലുകൊണ്ടുണ്ടാക്കിയതുമായ ഒരു ചുകന്ന ഏത്താപ്പുപട്ടയുണ്ടായിരുന്നു. ആ കുട്ടി ആ ഏത്താപ്പുപട്ട സ്വയം ഊരി നിലത്തിട്ടു. അല്ലെങ്കിൽ കുട്ടിയുടെ പക്കൽ നിന്ന് അത് താഴെ വീണു പോയി. ഉടനെ അതിനടുത്തുകൂടി ഒരു പരുന്ത് വട്ടമിട്ട് പാറിവന്നു. മാംസമെന്ന് ധരിച്ചിട്ട് പരുന്ത് അത് റാഞ്ചിയെടുത്തുകൊണ്ടുപോയി. ആ സ്ത്രീ പറയുന്നു: എന്നിട്ടും ആ കുടുംബം ആ ഏത്താപ്പുപട്ട അന്വേഷിച്ചു. അവർക്കത് കിട്ടിയില്ല. അപ്പോൾ എന്നെ അവർ തെററിദ്ധരിച്ചു. എന്നിട്ട് അവളുടെ ശരീരം ആകമാനം പരിശോധിച്ചു. ജനനേന്ദ്രിയം പോലും അവർ പരിശോധിച്ചു നോക്കാതിരുന്നില്ല. അവൾ പറയുന്നു: അല്ലാഹുസത്യം! ഞാൻ അവരോടൊപ്പം നിൽക്കുകയായിരുന്നു. അന്നേരം ആ പരുന്ത് അതിലെ പാറിവന്നു. ആ ഏത്താപ്പ് പട്ട പരുന്ത് താഴെയിട്ടു. അപ്പോൾ ഞാൻ പറഞ്ഞു. ഇതാ നിങ്ങൾ എന്നെ തെററിദ്ധരിക്കാനിടവരുത്തിയ മാല. നിങ്ങൾ എന്റെ പേരിൽ കുററം ചുമത്തി. ഞാൻ ഒരപരാധവും ചെയ്തിട്ടില്ല. ഇപ്പോൾ ആ മാല ഇതാ. ആയിശ(റ) പറയുന്നു: പിന്നീട് അവൾ തിരുമേനി(സ)യുടെ മുമ്പിൽ വന്നു ഇസ്ലാം സ്വീകരിച്ചു. അവൾക്ക് പള്ളിയിൽ ഒരു കൂടാരം അല്ലെങ്കിൽ മറച്ചുകെട്ടിയ ചെറിയൊരു മുറിയുണ്ടായിരുന്നു. അവൾ എന്റെ അടുക്കൽ വന്നിട്ട് സാധാരണ വർത്തമാനം പറയാറുണ്ടായിരുന്നു. എപ്പോൾ വന്നിരുന്നാലും ഈ ഒരു വരി പാട്ട് അവൾ പാടാതിരിക്കുകയില്ല. ഏത്താപ്പുപട്ടയുടെ (രഹസ്യം പുലർന്ന) ദിവസം നമ്മുടെ രക്ഷിതാവിന്റെ അത്ഭുതങ്ങളിലൊന്നാണ്. നിങ്ങളോർക്കണം, സത്യനിഷേധികളുടെ നാട്ടിൽ നിന്ന് എന്നെ മോചിപ്പിച്ചത്

അവനാണ്. ആയിശ(റ) പറയുന്നു. ഒരിക്കൽ ഞാനവളോട് ചോദിച്ചു. എന്താണ് നിന്റെ ചരിത്രം? നീയെന്റെ കൂടെ ഇരിക്കുന്ന ഒരവസരത്തിലും ഇത് പാടാതിരുന്നിട്ടില്ലല്ലോ. ആയിശ(റ) പറയുന്നു: അന്നേരം ഈ സംഭവങ്ങളെല്ലാം അവൾ എനിക്ക് വിശദീകരിച്ചുതന്നു. (ബുഖാരി. 1. 8. 430)

373. അബ്ദുല്ല(റ) നിവേദനം: അദ്ദേഹം യുവാവും അവിവാഹിതനുമായിരുന്ന കാലത്ത് നബി(സ)യുടെ പള്ളയിലാണ് കിടന്നുറങ്ങാറുള്ളത്. (ബുഖാരി. 1. 8. 431)

374. സഹ്ല്(റ) നിവേദനം: ഒരിക്കൽ തിരുമേനി(സ) ഫാത്തിമ: യുടെ വീട്ടിൽ വന്നു. അപ്പോൾ അലി(റ) യെ തിരുമേനി(സ) ചോദിച്ചു. നിന്റെ പിതൃവ്യപുത്രനെവിടെ? അവർ പറഞ്ഞു. എനിക്കും അദ്ദേഹത്തിനുമിടയിൽ ഒരു ചെറിയ വഴക്കുണ്ടായി. എന്നിട്ട് എന്നോട് കോപിച്ച് അദ്ദേഹം പുറത്തു പോയിക്കളഞ്ഞു. എന്റെ കൂടെ അദ്ദേഹം ഉച്ചക്ക് ഉറങ്ങിയിട്ടില്ല. അന്നേരം ഒരു മനുഷ്യനോട് തിരുമേനി(സ) അരുളി: അലി എവിടെയുണ്ടെന്ന് നീ അന്വേഷിക്കുക. അയാൾ തിരിച്ചുവന്നു പറഞ്ഞു. അല്ലാഹുവിന്റെ ദൂതരേ! അദ്ദേഹം പള്ളിയിൽ ഉറങ്ങിക്കിടക്കുകയാണ്. ഉടനെ തിരുമേനി(സ) അവിടെ വന്നു. അദ്ദേഹം കിടക്കുകയാണ്. ശരീരത്തിൽ നിന്ന് തട്ടം താഴെ വീണുപോയിട്ടുണ്ട്. ശരീരത്തിൽ മണ്ണു ബാധിച്ചിട്ടുമുണ്ട്. തിരുമേനി(സ) അദ്ദേഹത്തിന്റെ ശരീരത്തിലെ മണ്ണ് തട്ടിനീക്കിക്കൊണ്ട് അബാതുറാബ് (മണ്ണിന്റെ പിതാവേ!) എഴുന്നേൽക്കൂ എന്ന് ആവർത്തിച്ചു പറയാൻ തുടങ്ങി. (ബുഖാരി. 1. 8. 432)

375. അബൂഹുറൈറ(റ) നിവേദനം: പള്ളിയിലെ മൂലയിൽ താമസിച്ചവരായ എഴുപതിൽ അധികം പേരെ ഞാൻ കണ്ടിട്ടുണ്ട്. അവരിൽ ആർക്കും തന്നെ തട്ടമുണ്ടായിരുന്നില്ല. ചിലർക്ക് തുണിമാത്രവും മററുചിലർക്ക് പിരടിയിൽ ബന്ധിച്ച പുതപ്പ് മാത്രവും ഉണ്ടായിരുന്നുള്ളു. ചിലത് കാൽതണ്ടിന്റെ പകുതി വരെ എത്തുന്നതും ചിലത് നെരിയാണി വരെ എത്തുന്നതുമായിരുന്നു. നഗ്നത വെളിവാക്കാതിരിക്കുവാൻ വേണ്ടി അവരുടെ കൈ കൊണ്ട് അത് ചേർത്തിപ്പിടിക്കാറുണ്ട്. (ബുഖാരി. 1. 8. 433)

376. ജാബിർ(റ) നിവേദനം: തിരുമേനി(സ) പള്ളിയിലിരിക്കവേ, അവിടുത്തെ സന്നിധിയിൽ ഞാൻ പ്രവേശിച്ചു. തിരുമേനി(സ) അരുളി: നീ രണ്ടു റക്അത്തു നമസ്കരിക്കുക. തിരുമേനി(സ) എനിക്ക് കടം തരാനുണ്ടായിരുന്നു. അവിടുന്ന് അത് വർദ്ധിപ്പിച്ചുതന്നു. (ബുഖാരി. 1. 8. 434)

377. അബൂഖത്താദ(റ) നിവേദനം: തിരുമേനി(സ) അരുളി: നിങ്ങളിൽ ആരെങ്കിലും പള്ളിയിൽ പ്രവേശിച്ചാൽ അവൻ ഇരിക്കുന്നതിന് മുമ്പായി രണ്ട് റക്അത്തു നമസ്കരിക്കട്ടെ. (ബുഖാരി. 1. 8. 435)

378. അബൂഹുറൈറ(റ) നിവേദനം: വുളു മുറിയാത്ത അവസ്ഥയിൽ ഒരാൾ താൻ നമസ്കരിച്ചസ്ഥലത്തുതന്നെ ഇരിക്കുന്ന സമയത്ത് മലക്കുകൾ അവനുവേണ്ടി പാപമോചനത്തിന് തേടുന്നതാണ്. അവർ പറയും. അല്ലാഹുവേ, ഇവന് നീ പൊറുത്തു കൊടുക്കേണമേ, അല്ലാഹുവേ, ഇവന് നീ പൊറുത്തുകൊടുക്കേണമേ. (ബുഖാരി. 1. 8. 436)

379. ഇബ്നുഉമർ(റ) നിവേദനം: (മദീന: ) പള്ളി തിരുമേനി(സ)യുടെ കാലത്ത് ചുടാത്ത ഇഷ്ടികകൊണ്ടാണ് നിർമ്മിച്ചിരുന്നത്. അതിന്റെ മേൽപ്പുര ഈത്തപ്പനപട്ട കൊണ്ടും തൂണുകൾ ഈത്തപ്പനയുടെ താഴ്ത്തടികൊണ്ടും നിർമ്മിക്കപ്പെട്ടതായിരുന്നു. പിന്നീട് അബൂബക്കർ(റ)ന്റെ കാലത്ത് അതിലൊന്നും കൂട്ടിച്ചേർത്തില്ല. ഹ: ഉമർ(റ)ന്റെ ഭരണകാലത്ത് അതിൽ കുറച്ചൊക്കെ കൂട്ടിച്ചർത്തു. തിരുമേനി(സ)യുടെ കാലത്തുണ്ടായിരുന്ന തറയിന്മേൽത്തന്നെ ചുടാത്ത ഇഷ്ടികയും ഈത്തപ്പനപട്ടയുംകൊണ്ട് അദ്ദേഹം പള്ളി പുതുക്കിപ്പണിതു. അന്നേരം തൂണുകൾ

മാത്രം മരത്തിന്റേതാക്കി. പിന്നീട് ഉസ്മാൻ(റ) അതിൽ വലിയ മാററങ്ങൾ വരുത്തി അത് വിപുലീകരിച്ചു. പള്ളിയുടെ ചുമർ ചിത്രപണികളുള്ള കരിങ്കല്ലുകൾകൊണ്ടും കുമ്മായംകൊണ്ടും കെട്ടി. തൂണുകൾ കെട്ടിയതും, ചിത്രപണികളോടുകൂടിയ കരിങ്കല്ലുകൾ കൊണ്ടാണ്. മേൽപ്പുര തേക്കുകൊണ്ടും. (ബുഖാരി. 1. 8. 437)

380. ഇക്‌രിമ(റ) നിവേദനം: ഇബ്നുഅബ്ബാസ്(റ) എന്നോടും അദ്ദേഹത്തിന്റെ പുത്രനോടും പറഞ്ഞു: നിങ്ങൾ അബൂസഈദുൽഖുദ്‌രി(റ)യുടെ അടുക്കൽ പോയി അദ്ദേഹത്തിന്റെ ഹദീസുകൾ പഠിക്കുവിൻ. അങ്ങനെ ഞങ്ങൾ പുറപ്പെട്ടു. അപ്പോൾ അദ്ദേഹം ഒരു തോട്ടത്തിൽ അതു നനച്ചുകൊണ്ടിരിക്കയായിരുന്നു. ഉടനെ തന്റെ വസ്ത്രം എടുത്തു ശരീരം ചുററിപ്പൊതിഞ്ഞു. അനന്തരം ഞങ്ങളോട് ഹദീസ് പറയുവാൻ തുടങ്ങി. അങ്ങനെ പള്ളിയുടെ നിർമ്മാണത്തെക്കുറിച്ച് പരാമർശിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. ഞങ്ങൾ ഓരോ ഇഷ്ടിക മാത്രമേ ചുമന്നുകൊണ്ടുപോയിരുന്നുള്ളു. അമ്മാർ ഈരണ്ട് ഇഷ്ടികകളാണ് ചുമന്നുകൊണ്ട് പോയിരുന്നത്. അതുകണ്ടപ്പോൾ അമ്മാറിന്റെ ശരീരത്തിലെ മണ്ണ് തുടച്ചുനീക്കിക്കൊടുത്തിട്ട് തിരുമേനി(സ) അരുളി: ഹാ! അമ്മാർ അതിക്രമികളായ ഒരു സംഘക്കാർ അവനെ വധിച്ചുകളയും. അവൻ അവരെ സ്വർഗ്ഗത്തിലേക്കാണ് വിളിക്കുക. അവർ അവനെ നരകത്തിലേക്കും. ഇക്‌രിമ(റ) പറയുന്നു: അമ്മാർ(റ) പറയാറുണ്ട്. കുഴപ്പത്തിൽ നിന്ന് അല്ലാഹുവിനോട് ഞാൻ രക്ഷതേടുന്നു. (ബുഖാരി. 1. 8. 438)

381. സഹ്‌ല്(റ) നിവേദനം: തിരുമേനി(സ) ഒരു സ്ത്രീയുടെ അടുക്കലേക്ക് നീ നിന്റെ അടിമയായ ആശാരിയോടു എനിക്കു ഇരിക്കുവാൻ പടികൾ ഉള്ള മിമ്പറ നിർമ്മിക്കാൻ നിർദ്ദേശിക്കുക എന്നു ആവശ്യപ്പെട്ടുകൊണ്ട് ഒരാളെ നിയോഗിച്ചയച്ചു. (ബുഖാരി. 1. 8. 439)

382. ജാബിർ(റ) നിവേദനം: നിശ്ചയം ഒരു സ്ത്രീ പറഞ്ഞു. അല്ലാഹുവിന്റെ ദൂതരേ! താങ്കൾക്ക് ഇരിക്കുവാൻ ഞാൻ എന്തെങ്കിലും നിർമ്മിക്കട്ടെയൊ? എനിക്ക് ആശാരിയായ ഒരടിമയുണ്ട്. തിരുമേനി(സ) അരുളി: നീ ഉദ്ദേശിക്കുന്നുവെങ്കിൽ അപ്രകാരം ചെയ്തുകൊള്ളുക. അങ്ങനെ അവൾ മിമ്പറ നിർമ്മിച്ചു. (ബുഖാരി. 1. 8. 440)

383. ഉസ്മാൻ(റ) നിവേദനം: മസ്ജിദുന്നബവി പുതുക്കിപ്പണിതപ്പോൾ മനുഷ്യർ (സഹാബിമാർ) അതിനെക്കുറിച്ച് സംസാരിക്കാൻ തുടങ്ങി. അവസാനം അദ്ദേഹം പറഞ്ഞു. നിങ്ങൾ എന്നെ വളരെയധികം വിമർശിച്ചു. നിശ്ചയം. തിരുമേനി(സ) അരുളിയതായി ഞാൻ കേട്ടിട്ടുണ്ട്. വല്ലവനും അല്ലാഹുവിന്റെ മാത്രം പ്രീതി ഉദ്ദേശിച്ചുകൊണ്ട് ഒരു പള്ളി പണിതാൽ തത്തുല്യമായൊരു മന്ദിരം അല്ലാഹു അവന്ന് വേണ്ടി സ്വർഗ്ഗത്തിൽ പണിതുകൊടുക്കും. (ബുഖാരി. 1. 8. 441)

384. ജാബിർ(റ) നിവേദനം: ഒരാൾ പള്ളിയിലൂടെ നടക്കുമ്പോൾ അയാളുടെ കയ്യിൽ അമ്പുകൾ ഉണ്ടായിരുന്നു. അന്നേരം തിരുമേനി(സ) അയാളോട് അരുളി: നീ അവയുടെ മുനകൾ കൂട്ടി പിടിക്കുക. (ബുഖാരി. 1. 8. 442)

385. അബൂബർദ(റ) തന്റെ പിതാവിൽ നിന്ന് നിവേദനം ചെയ്യുന്നു; തിരുമേനി(സ) അരുളി: നമ്മുടെ ഏതെങ്കിലും പള്ളിയിലൂടെയോ അല്ലെങ്കിൽ അങ്ങാടിയിലൂടെയോ വല്ലവനും അമ്പും കയ്യിൽ പിടിച്ചുകൊണ്ട് നടക്കുന്ന പക്ഷം അവയുടെ മുനകളിന്മേൽ അവൻ കൈവെക്കട്ടെ. തന്റെ കൈകൊണ്ട് ഒരു മുസ്ലിമിനെ മുറിപ്പെടുത്താൻ ഇട വരാതിരിക്കട്ടെ. (ബുഖാരി. 1. 8. 443)

386. ഹസ്സാനുബ്നുസാബിത്ത്(റ) നിവേദനം: അദ്ദേഹം അബൂഹുറൈറ(റ)നോട് സാക്ഷ്യം വഹിക്കുവാനാവശ്യപ്പെട്ടുകൊണ്ട് പറഞ്ഞു. അല്ലാഹുവിനെ മുൻ നിറുത്തിക്കൊണ്ട് ഞാനിതാ നിങ്ങളോട് ചോദിക്കുന്നു. ഹസ്സൻ! നീ ദൈവദൂതന്റെ പക്ഷത്തുനിന്ന്

ഇസ്ലാമിന്റെ ശത്രുക്കൾക്ക് മറുപടി നൽകുക. (കവിത ചൊല്ലിക്കൊണ്ട്) അല്ലാഹുവേ! പരിശുദ്ധാത്മാവിനെക്കൊണ്ട് നീ ഹസ്സനു പിൻബലം നൽകേണമേയെന്നു തിരുമേനി(സ) അരുളുന്നത് നിങ്ങൾ കേട്ടിട്ടില്ലേ? അപ്പോൾ അതെ എന്ന് അബൂഹുറൈറ(റ) മറുപടി നൽകുക. (ബുഖാരി. 1. 8. 444)

387. ആയിശ(റ) നിവേദനം: ഒരു ദിവസം തിരുമേനി(സ) എന്റെ മുറിയുടെ വാതിൽക്കൽ നിൽക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. അബ്സീനിയക്കാർ അന്നേരം പള്ളിയിൽ ആയുധാഭ്യാസപ്രദർശനം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. തിരുമേനി(സ) തന്റെ തട്ടവും കൊണ്ട് എന്നെ മറച്ചിരുന്നു. ഞാൻ അവരുടെ ആയുധാഭ്യാസ പ്രദർശനം നോക്കിക്കൊണ്ടുമിരുന്നു. (ബുഖാരി. 1. 8. 445)

388. ആയിശ(റ) നിവേദനം: ഹിറാബ് (കുന്തം പോലെ ഒരു ആയുധം) കൊണ്ട് അബ്സീനിയക്കാർ കളിക്കുമ്പോൾ നബി(സ) അവ നോക്കി നിൽക്കുന്നത് ഞാൻ കണ്ടു. (ബുഖാരി. 1. 8. 445)

389. ആയിശ(റ) നിവേദനം: ബറീറ എന്ന പെൺകുട്ടി തന്നെ അടിമത്തത്തിൽ നിന്ന് മോചിപ്പിക്കുവാൻ മോചനപത്രം എഴുതിക്കൊടുക്കുവാൻ വേണ്ടി ആയിശ(റ) യോട് ആവശ്യപ്പെട്ടു. അപ്പോൾ ആയിശ(റ) പറഞ്ഞു. നീ ഉദ്ദേശിക്കുന്നുവെങ്കിൽ നിന്റെ യജമാനന് ഞാൻ അതിനുള്ള സംഖ്യ നൽകാം. എന്നാൽ വലാഅ് എനിക്കായിരിക്കും. ബറീറയുടെ യജമാനൻ പറഞ്ഞു. ആയിശ(റ) ഉദ്ദേശിക്കുന്നുവെങ്കിൽ നിന്നെ അവൾ മോചിപ്പിച്ചുകൊള്ളട്ടെ എന്നാൽ വലാഅ് ഞങ്ങൾക്ക് തന്നെയായിരിക്കും. തിരുമേനി(സ) വന്നപ്പോൾ ആയിശ(റ) ഈ വിഷയം അദ്ദേഹത്തോട് പറഞ്ഞു. ഉടനെ തിരുമേനി(സ) അരുളി: നീ അവളെ വില കൊടുത്തുവാങ്ങി മോചിപ്പിച്ചുകൊള്ളുക. നിശ്ചയം വലാഅ് അടിമയെ മോചിപ്പിക്കുന്നവർക്കുള്ളതാണ്. അനന്തരം നബി(സ) മിമ്പറന്മേൽ കയറി ഇപ്രകാരം പ്രസംഗിച്ചു. എന്താണ് ചില മനുഷ്യരുടെ അവസ്ഥ? അല്ലാഹുവിന്റെ മതത്തിൽ ഇല്ലാത്ത നിബന്ധനകൾ അവർ ഉണ്ടാക്കുകയാണോ? വല്ലവനും അല്ലാഹുവിന്റെ കിതാബിൽ ഇല്ലാത്ത നിയമങ്ങൾ ഉണ്ടാക്കിയാൽ അതവന് ലഭിക്കുകയില്ല നൂറ് നിബന്ധനകൾ അവൻ ഉണ്ടാക്കിയാലും. (ബുഖാരി. 1. 8. 446)

390. കഅ്ബ്(റ) നിവേദനം: ഇബ്നു അബീഹദ്റദ് കടം വാങ്ങിയ സംഖ്യ പള്ളിയിൽ വെച്ച് അദ്ദേഹം ആവശ്യപ്പെട്ടു. അങ്ങനെ രണ്ടു പേരും ശബ്ദം ഉയർത്തി സംസാരിച്ചു. തിരുമേനി(സ) അവരുടെ സംസാരം കേൾക്കുന്നതുവരെ അവിടുന്നു തന്റെ വീട്ടിലായിരുന്നു. ഉടനെ തിരുമേനി(സ) തന്റെ മുറിയുടെ മറ പൊക്കിയിട്ട് പുറത്ത് വന്നു. എന്നിട്ട് കഅ്ബിനെ വിളിച്ചു. ഉടനെ അല്ലാഹുവിന്റെ ദൂതരെ, ഞാനിതാ ഹാജർ എന്ന് കഅ്ബ് പറഞ്ഞു. തിരുമേനി(സ) ആംഗ്യം കാണിച്ചുകൊണ്ട് നിന്റെ കടത്തിൽ നിന്ന് പകുതി വീട്ടിക്കൊടുക്കുക എന്ന് കഅ്ബിനോട് പറഞ്ഞു. ഉടനെ കഅ്ബിനുമാലിക്ക്(റ) പറഞ്ഞു. പ്രവാചകരേ, ഞാനിതാ വിട്ടുകൊടുത്തിരിക്കുന്നു. ഉടനെ ഇബ്നുഅബീഹദ്റദിനോട് തിരുമേനി(സ) അരുളി: വേഗം പോയി അദ്ദേഹത്തിന്റെ കടം നീ വീട്ടുക. (ബുഖാരി. 1. 8. 447)

391. അബൂഹുറൈറ(റ) നിവേദനം: നീഗ്രോ വംശജനായ ഒരു പുരുഷൻ അല്ലെങ്കിൽ സ്ത്രീ തിരുമേനി(സ)യുടെ കാലത്ത് പള്ളി അടിച്ചുവാരി വൃത്തിയാക്കാറുണ്ടായിരുന്നു. അതിനിടക്ക് അയാൾ മരിച്ചു. (കാണാതായപ്പോൾ) അയാളെക്കുറിച്ച് തിരുമേനി(സ) ചോദിച്ചു. അയാൾ മരിച്ചുപോയെന്ന് അവർ പറഞ്ഞു. അവിടുന്നു പറഞ്ഞു. നിങ്ങൾക്ക് എന്നെ മരണവാർത്ത അറിയിക്കാമായിരുന്നില്ലേ? ശരി, ഇനി അയാളുടെ ഖബർ അല്ലെങ്കിൽ അവളുടെ ഖബർ നിങ്ങൾ എനിക്ക് കാണിച്ചു തരിക. അങ്ങനെ തിരുമേനി(സ) അയാളുടെ ഖബറിന്റെ അടുക്കൽ ചെന്നു മയ്യിത്ത് നമസ്കരിച്ചു. (ബുഖാരി. 1. 8. 448)

392. ആയിശ:(റ) നിവേദനം: അൽബഖറ: യിലെ പലിശ സംബന്ധിച്ചുള്ള വാക്യങ്ങൾ അവതരിപ്പിച്ചപ്പോൾ തിരുമേനി(സ) പള്ളിയിലേക്ക് പുറപ്പെട്ടു. എന്നിട്ട് ആ കൽപ്പനകൾ ഓതിക്കേൾപ്പിച്ചു. പിന്നീട് പള്ളിയിൽവെച്ച് തന്നെ മദ്യവ്യാപാരം നിഷിദ്ധമാക്കിക്കൊണ്ട് പ്രഖ്യാപിക്കുകയും ചെയ്തു. (ബുഖാരി. 1. 8. 449)

393. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: ജിന്നുകളിൽ പെട്ട ഒരു മല്ലൻ ഇന്നലെ രാത്രി എന്റെ മുമ്പിൽ വന്നു ചാടി – അല്ലെങ്കിൽ അതുപോലെ ഒരു വാക്കാണ് നബി(സ) അരുളിയത് – എന്റെ നമസ്കാരം മുറിച്ചുകളയാനാണ് അവനങ്ങനെ ചെയ്തത്. എനിക്ക് അവനെ പിടികൂടാൻ അല്ലാഹു സൗകര്യം ചെയ്തുതന്നു. എന്നിട്ട് പള്ളിയിലെ ഒരു തൂണിന്മേൽ അവനെ പിടിച്ചുകെട്ടാൻ ഞാനുദ്ദേശിച്ചു. എന്നാൽ നിങ്ങളെല്ലാവർക്കും പ്രഭാതത്തിൽ അവനെ കാണാൻ കഴിയുമായിരുന്നു. പക്ഷെ, എന്റെ സഹോദരൻ സുലൈമാൻ നബി (അ) യുടെ പ്രാർത്ഥന ഞാൻ ഓർമ്മിച്ചുപോയി. രക്ഷിതാവേ! എനിക്കു ശേഷം മററാർക്കും പിടിച്ചടക്കുക ക്ഷിപ്രസാധ്യമല്ലാത്ത ഒരാധിപത്യം എനിക്ക് നീ പ്രദാനം ചെയ്യേണമേ (38:35) എന്നത്. അതിനാൽ ഞാനവനെ ആട്ടി ഓടിച്ചു കൊണ്ട് വിട്ടയച്ചു. (ബുഖാരി. 1. 8. 450)

394. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) നജ്ദിന്റെ നേരെ ഒരു കുതിരപട്ടാളത്തെ നിയോഗിച്ചു. ബനൂഹനീഫ ഗോത്രത്തിൽപെട്ട സുമാമത്തുബ്നുഅസാൽ എന്നൊരു മനുഷ്യനെ അവർ പിടിച്ചുകൊണ്ടുവന്നു. എന്നിട്ട് അവനെ പള്ളിയിലെ ഒരു തൂണിന്മേൽ ബന്ധിച്ചു. തിരുമേനി(സ) അവന്റെ അടുത്തു പ്രവേശിച്ചു. എന്നിട്ട് സുമാമത്തിനെ നിങ്ങൾ മോചിപ്പിക്കുവിൻ എന്ന് അരുളി. അനന്തരം സുമാമത്തു ഒരു ചെറിയ കുളത്തിന്റെ നേരെ പുറപ്പെട്ടു. അതിൽ നിന്ന് കുളിച്ച് പള്ളിയിൽ പ്രവേശിച്ചു. എന്നിട്ട് ലാഇലാഹ ഇല്ലല്ലാഹു വഅന്നമുഹമ്മദൻ റസൂലില്ലാഹി എന്ന് സാക്ഷ്യം വഹിച്ചു. (ബുഖാരി. 1. 8. 451)

395. ആയിശ:(റ) നിവേദനം: ഖന്തക്ക് യുദ്ധത്തിൽ സഅ്ദുബ്നു മുആദ്(റ) ന്ന് കൈക്ക് മുറിവ് പററി. കയ്യിലെ പ്രധാന രക്തധമനി അററു. അപ്പോൾ തന്റെ അടുത്തുതന്നെ കിടത്തിയിട്ട് രോഗശുശ്രൂഷയുടെ മേൽനോട്ടം വഹിക്കുവാൻ വേണ്ടി തിരുമേനി(സ) പള്ളിയിൽ തന്നെ ഒരു തമ്പ് കെട്ടി അദ്ദേഹത്തെ അതിൽ കിടത്തി. മറെറാരു തമ്പും ബനൂഗിഫാർ ഗോത്രത്തിന്റെ വകയായി പള്ളിയിലുണ്ടായിരുന്നു. സഅ്ദിന്റെ ശരീരത്തിൽ നിന്ന് ഒലിച്ചുകൊണ്ടിരുന്ന രക്തം ആ തമ്പിലേക്ക് പെട്ടെന്ന് ഒഴുകിചെന്നത് കണ്ടപ്പോൾ മാത്രമാണ് അവർ പരിഭ്രമിച്ചത്. അങ്ങനെ ഞെട്ടിയിട്ട് അവർ വിളിച്ചുചോദിച്ചു. തമ്പിലുള്ളവരേ! നിങ്ങളുടെ ഭാഗത്ത് നിന്ന് ഞങ്ങളുടെ അടുക്കലേക്ക് ഈ ഒഴുകിക്കൊണ്ടിരിക്കുന്നതെന്താണ്? നോക്കുമ്പോൾ സഅ്ദിന്റെ മുറിവിൽ നിന്ന് രക്തമതാ ശക്തിയായി ഒഴുകിക്കൊണ്ടിരിക്കുന്നു. അങ്ങനെ അതിൽ അദ്ദേഹം മരണപ്പെട്ടു. (ബുഖാരി. 1. 8. 452)

396. ഉമ്മുസലമ(റ) നിവേദനം: എനിക്കു ദേഹസുഖമില്ലെന്നു ഞാൻ നബി(സ) യോട് ആവലാതിപ്പെട്ടു. തിരുമേനി(സ) അരുളി: നീ ജനങ്ങളുടെ പിന്നിൽ വാഹനത്തിലിരുന്നു കൊണ്ടു ത്വവാഫ് ചെയ്തുകൊള്ളുക. അങ്ങനെ തന്നെ ഞാൻ ത്വവാഫ് ചെയ്തു. തിരുമേനി(സ) വത്തൂരി വകിതാബിമ്മസ്ത്തൂർ എന്ന സൂറത്ത് ഓതിക്കൊണ്ട് കഅ്ബയുടെ ഒരു ഭാഗത്തുനിന്ന് നമസ്കരിക്കുകയായിരുന്നു. (ബുഖാരി. 1. 8. 453)

397. അനസ്(റ) നിവേദനം: തിരുമേനി(സ)യുടെ ശിഷ്യന്മാരിൽ രണ്ടുപേർ ഒരു ഇരുൾ മുററിയ രാവിൽ തിരുമേനി(സ)യുടെ അടുക്കൽ നിന്നു പുറപ്പെട്ടു. മുമ്പിലേക്ക് വെളിച്ചം കാണിക്കാൻ ഉതകുന്ന വിളക്കുപോലെയുള്ള രണ്ടു സാധനങ്ങൾ അവരുടെ കൂടെയുണ്ടായിരുന്നു. അവസാനം അവർ രണ്ടുപേരും

പിരിഞ്ഞുപോയപ്പോൾ കുടുംബത്തിലെത്തും വരേക്കും ഓരോരുത്തരോടൊപ്പവും ഓരോ വിളക്കുണ്ടായിരുന്നു. (ബുഖാരി. 1. 8. 454)

398. ഇബ്നു ഉമർ(റ) നിവേദനം: തിരുമേനി(സ) മക്കയിൽ പ്രവേശിച്ചപ്പോൾ ഉസ്മാനുബ്നു ത്വൽഹയെ വിളിച്ച് കഅ്ബയുടെ വാതിൽ തുറന്നു. അനന്തരം തിരുമേനി, ബിലാൽ, ഉസാമ: ഉസ്മാനുബ്നുത്വൽഹ എന്നിവർ അതിൽ പ്രവേശിച്ചു. ശേഷം വാതിലടച്ചു ഒരു മണിക്കൂർ നേരം അവിടെ താമസിച്ചു പുറത്തു കടന്നു. ഇബ്നുഉമർ(റ) പറയുന്നു. ഞാൻ ധൃതിപ്പെട്ടു ബിലാലിനെ സമീപിച്ചുകൊണ്ട് നബി(സ) നമസ്കരിച്ചുവോ? എന്നു ചോദിച്ചു. അതെ എന്ന് അദ്ദേഹം മറുപടി നൽകി. എവിടെ വെച്ച് എന്ന് ഞാൻ വീണ്ടും ചോദിച്ചപ്പോൾ രണ്ടു തൂണുകൾക്കിടയിൽ എന്ന് ബിലാൽ പ്രത്യുത്തരം നൽകി. ഇബ്നുഉമർ(റ) പറയുന്നു; എത്ര നമസ്കരിച്ചുവെന്ന് ചോദിക്കാൻ ഞാൻ മറന്നുപോയി. (ബുഖാരി. 1. 8. 457)

399. സാത്തുബ്(റ) നിവേദനം: ഞാൻ പള്ളിയിൽ നിൽക്കുമ്പോൾ ഒരാൾ എന്നെ ഒരു ചെറിയ കല്ല് കൊണ്ട് എറിഞ്ഞു. ഞാൻ തിരിഞ്ഞ് നോക്കിയപ്പോൾ അതു ഉമർ(റ) ആയിരുന്നു. അപ്പോൾ അദ്ദേഹം എന്നോട് പറഞ്ഞു: നീ പോയി ഈരണ്ടു പുരുഷൻമാരെ വിളിച്ചുകൊണ്ടുവരിക. അങ്ങനെ ഞാൻ അവരെയുമായി ഉമർ(റ)ന്റെ അടുത്തുവന്നു. ഉമർ(റ) ചോദിച്ചു. നിങ്ങൾ എവിടെനിന്ന് വരുന്നു? അവർ പറഞ്ഞു: ത്വാഇഫിൽ നിന്ന്, ഉമർ(റ) പറഞ്ഞു: നിങ്ങൾ ഈ നാട്ടിലെ നിവാസികൾ ആയിരുന്നുവെങ്കിൽ നിങ്ങളെ ഞാൻ വേദനിപ്പിക്കുമായിരുന്നു. നബി(സ)യുടെ പള്ളിയിൽ വെച്ച് നിങ്ങൾ ശബ്ദം ഉയർത്തുകയോ? (ബുഖാരി. 1. 8. 459)

400. ഇബ്നുഉമർ(റ) നിവേദനം: തിരുമേനി(സ) മിമ്പറിന്മേൽ നിൽക്കുമ്പോൾ തിരുമേനി(സ)യോട് ഒരാൾ ചോദിച്ചു. രാത്രി നമസ്കാരത്തെക്കുറിച്ച് അങ്ങയുടെ നിർദ്ദേശമെന്താണ്? തിരുമേനി(സ) അരുളി: ഈരണ്ട് റക്ക്അത്ത് നമസ്കരിക്കണം. പിന്നീട് പ്രഭാതത്തെക്കുറിച്ച് സംശയം തോന്നിയാൽ അവസാനം ഒരൊററ റക്ക്അത്ത് നമസ്കരിച്ച് ഇതുവരെ നമസ്കരിച്ചതിനെ നീ വിത്റാക്കുക. രാത്രിയുടെ അവസാനം നീ വിത്റാക്കുക എന്ന് നബി പറഞ്ഞതിനാൽ ഇബ്നുഉമർ(റ) പറയാറുണ്ട്. (ബുഖാരി. 1. 8. 462)

401. ഉബാദ്(റ) തന്റെ പിതൃവ്യനിൽ നിന്ന് ഉദ്ധരിക്കുന്നു. ഒരു കാൽ മറേറ കാലിന്മേൽ വെച്ചുകൊണ്ട് തിരുമേനി(സ) പള്ളിയിൽ മലർന്ന് കിടക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. ഉമർ(റ), ഉസ്മാൻ(റ) എന്നിവരും ഇപ്രകാരം ചെയ്യാറുണ്ടെന്ന് സഈദ്ബ്നു മുസൈയ്യബ്(റ) പറയുന്നു. (ബുഖാരി. 1. 8. 464)

402. ആയിശ(റ) നിവേദനം: എനിക്ക് ബുദ്ധി ഉറച്ചത് മുതൽ ഇസ്ലാം മതം അനുഷ്ഠിക്കുന്നവരായിട്ടല്ലാതെ എന്റെ മാതാപിതാക്കളെ (അബൂബക്കർ, ഉമ്മുറുമ്മാൻ) ഞാൻ കണ്ടിട്ടില്ല. എല്ലാപകലിന്റെയും രണ്ടററമായ പ്രഭാതത്തിലും വൈകുന്നേരവും നബി(സ) ഞങ്ങളുടെ വീട്ടിൽ വരാറുണ്ടായിരുന്നു അനന്തരം വീട്ടിന്റെ മുററത്ത് ഒരു പള്ളി നിർമ്മിക്കാൻ അബൂബക്കർ തീരുമാനിച്ചു. അദ്ദേഹം ഖുർആൻ ഉറക്കെ ഓതിക്കൊണ്ട് അതിൽ വെച്ച് നമസ്കരിക്കും. അബൂബക്കറിനെ വീക്ഷിച്ചുകൊണ്ടും പാരായണം ആകർഷിച്ചുകൊണ്ടും മുശ്രിക്കുകളുടെ സ്ത്രീകളും കുട്ടികളും അവിടെ ഒരുമിച്ച് കൂടും. ഖുർആൻ ഓതുമ്പോൾ തന്റെ ഇരുനേത്രങ്ങളേയും നിയന്ത്രിക്കാൻ സാധിക്കാതെ കൂടുതൽ കരയുന്ന പ്രകൃതിയായിരുന്നു അബൂബക്കറിന്റേത്. മുശ്രിക്കുകളായ ഖുറൈശീ നേതാക്കന്മാരെ ഇത് പരിഭ്രമിപ്പിച്ചു. (ബുഖാരി. 1. 8. 465)

403. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: സ്വന്തം വീട്ടിൽ വെച്ചോ അങ്ങാടിയിൽ വെച്ചോ നമസ്കരിക്കുന്നതിനേക്കാൾ ഇരുപത്തഞ്ചിരട്ടി പുണ്യമുണ്ട്, പള്ളിയിൽ വെച്ചുള്ള ജമാഅത്തിന്. നിങ്ങളിലാരെങ്കിലും നന്നായി വുളു ചെയ്തു എന്നിട്ടവൻ പള്ളിയിൽ വന്നു നമസ്കാരമല്ലാതെ മററൊരു ഉദ്ദേശവും

അവനില്ലതാനും – എന്നാൽ അവൻ മുമ്പോട്ട് വെക്കുന്ന ഓരോ ചവിട്ടടിയുടെയും എണ്ണം കണ്ടു ഓരോപടി അല്ലാഹു അവനെ ഉയർത്താതിരിക്കുകയില്ല. അപ്രകാരം തന്നെ ഓരോ കുററവും അവനു പൊറുത്തു കൊടുക്കാതിരിക്കുകയുമില്ല. പള്ളിയിൽ പ്രവേശിക്കും വരേക്കും ആ അവസ്ഥ തുടരുന്നതാണ്. പള്ളിയിൽ അവൻ പ്രവേശിച്ച് കഴിഞ്ഞാലോ നമസ്കാരത്തെ കാത്തിരിക്കുന്ന സമയമത്രയും അവൻ പ്രതിഫലത്തിൽ നമസ്കാരത്തിൽ തന്നെയായിരിക്കും. നമസ്കാരത്തിന് വേണ്ടി ചെന്നിരിക്കുന്ന ആ സദസ്സിൽ അവനുണ്ടായിരിക്കുന്ന സമയമത്രയും മലക്കുകൾ അവന്ന് വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കും. 'അല്ലാഹുവേ! അവന്ന് നീ പൊറുത്തുകൊടുക്കണമേ, അല്ലാഹുവേ! അവന് നീ കൃപ ചെയ്യേണമേ, ' എന്ന് മലക്കുകൾ പ്രാർത്ഥിച്ച് കൊണ്ടിരിക്കും. അവന്റെ വുളു ദുർബ്ബലപ്പെടുത്താതിരിക്കുന്ന സമയമത്രയും ആ നിലപാട് തുടർന്നു കൊണ്ടിരിക്കും. (ബുഖാരി. 1. 8. 466)

404. അബ്ദുല്ല(റ) നിവേദനം: തിരുമേനി(സ) അരുളി: അബ്ദുല്ല! ജനങ്ങളുടെ ഇടയിലുള്ള ചികളുടെ കൂട്ടത്തിൽ നീ (ഇടകലർന്നു) ജീവിക്കുമ്പോൾ നിന്റെ അവസ്ഥ എങ്ങിനെയായിരിക്കും? തുടർന്ന് അവിടുന്ന് വിരലുകൾ കോർത്തുപിടിച്ചു. (ബുഖാരി. 1. 8. 467)

405. അബൂമൂസാ(റ) നിവേദനം: തിരുമേനി(സ) അരുളി: ഒരു സത്യവിശ്വാസിക്ക് മറേറ സത്യവിശ്വാസിയുമായുള്ള ബന്ധം ഒരു കെട്ടിടം പോലെയാണ്. അതിന്റെ ഒരു വശത്തിന്ന് മറേറ വശം പിൻബലം നൽകുന്നു. ശേഷം തിരുമേനി(സ) തന്റെ വിരലുകളെ തമ്മിൽ കോർത്തു. (ബുഖാരി. 1. 8. 468)

406. മൂസ(റ) നിവേദനം: ഇബ്നുഉമർ(റ)ന്റെ പുത്രൻ സാലിമ്(റ) വഴിയിൽ ചില സ്ഥലത്തുവെച്ച് നമസ്കരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ പിതാവ് ഈ സ്ഥലങ്ങളിൽ നമസ്കരിച്ചിരുന്നുവെന്ന് അദ്ദേഹം പറയാറുണ്ട്. പിതാവ് നബി(സ) പ്രസ്തുത സ്ഥലത്തു നമസ്കരിച്ചിരുന്നത് ഞാൻ കണ്ടിട്ടുണ്ടെന്ന് പറയാറുണ്ട്. നാഫിഅ്(റ) ഇബ്നുഉമർ(റ) നിന്നും പ്രസ്തുത സ്ഥലങ്ങളിൽ നമസ്കരിച്ചതായി നിവേദനം ചെയ്യുന്നുണ്ട്. സാലിമും നാഫിഇൗ എല്ലാ സ്ഥലത്തിന്റെയും പ്രശ്നത്തിൽ യോജിക്കാനും ശറഫുൽ റൗഹാഇൗലെ പള്ളിയുടെ പ്രശ്നത്തിൽ മാത്രമാണ് അവർ പരസ്പരം ഭിന്നിക്കുന്നത്. (ബുഖാരി. 1. 8. 470)

407. ഇബ്നു ഉമർ(റ) നിവേദനം: തിരുമേനി(സ) ഉംറക്കും അവിടുന്ന് നിർവ്വഹിച്ച് ഹജ്ജിനും പുറപ്പെട്ടു പോയപ്പോൾ ദുൽഹുലൈഫായിൽ ഇന്നു സ്ഥിതിചെയ്യുന്ന പള്ളിയുടെ സ്ഥാനത്തുള്ള സമുറ മരത്തിന്റെ ചുവട്ടിൽ ഇറങ്ങാറുണ്ടായിരുന്നു. അപ്രകാരം തന്നെ തിരുമേനി(സ) ഒരു യുദ്ധം കഴിഞ്ഞു മടങ്ങി എന്നിട്ടു ആ വഴിക്കു വന്നു. എന്നാൽ താഴ്വരയുടെ അടിയിൽ തിരുമേനി(സ) വന്നിറങ്ങും. പിന്നീട് താഴ്വരയുടെ അടിയിൽ നിന്ന് മേല്പോട്ട് കയറിയാലോ, ആ താഴ്വരയുടെ കിഴക്കേ വക്കിലുള്ള വിശാലമായ ചരൽ പ്രദേശത്ത് തിരുമേനി(സ) ഒട്ടകങ്ങളെ നിറുത്തി വാഹനത്തിൽ നിന്ന് ഇറങ്ങും. എന്നിട്ട് രാവിന്റെ അന്ത്യദശയിൽ പ്രഭാതം വരേക്കും അവിടെ ഒന്നു വിശ്രമിക്കും. കൽകൂട്ടത്തിന്മേൽ ഇന്നു സ്ഥിതി ചെയ്യുന്ന പള്ളിയുടെ അടുത്തല്ല തിരുമേനി(സ) ഇറങ്ങിയിരുന്ന ആ സ്ഥലം. അപ്രകാരം തന്നെ ഇന്നു പള്ളി നിലകൊള്ളുന്ന ആ കുന്നിന്മേലുമായിരുന്നില്ല. അവിടെ ഒരു ചോല (അരുവി) ഉണ്ടായിരുന്നു. അതിനടുത്തു വച്ച് ഇബ്നുഉമർ(റ) നമസ്കരിക്കാറുണ്ടായിരുന്നു. ആ ചോലയിൽ ചില മണൽ കൂമ്പാരങ്ങളുണ്ടായിരുന്നു. തിരുമേനി(സ) അവിടെ വച്ച് നമസ്കരിക്കാറുണ്ടായിരുന്നു. പിന്നീട് മലവെള്ളം വന്നപ്പോൾ അവിടെ ചരക്കല്ലുകൾ വന്നു നിറഞ്ഞു. എന്നിട്ട് ഇബ്നുഉമർ നമസ്കരിച്ചിരുന്ന ആ സ്ഥലത്തെ ചരക്കല്ലുകൾ മൂടിക്കളഞ്ഞു. (ബുഖാരി. 1. 8. 472)

408. ഇബ്നുഉമർ(റ) തുടരുന്നു: രൗഹായിലെ ഉയർന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന പള്ളിക്കടുത്ത് നിലകൊള്ളുന്ന ചെറിയ പള്ളി നില്ക്കുന്ന സ്ഥലത്ത് വച്ച് തിരുമേനി(സ) നമസ്കരിക്കാറുണ്ടായിരുന്നു. തിരുമേനി(സ) നമസ്കരിക്കാറുണ്ടായിരുന്ന സ്ഥലങ്ങളെക്കുറിച്ച് ഇബ്നുഉമർ(റ) അറിവുള്ളവനായിരുന്നു. നീ പള്ളിയിൽ നിന്നുകൊണ്ട് നമസ്കരിക്കുമ്പോൾ ആ സ്ഥലം നിന്റെ വലതുഭാഗത്തായിരിക്കും. നീ മക്കത്തേക്കു പോകുമ്പോൾ ആ പള്ളി വഴിയുടെ വലത്തെ ഓരത്തു സ്ഥിതിചെയ്യുന്നത് കാണാം. അതിനും വലിയ പള്ളിക്കുമിടയിൽ ഒരു കല്ലെടുത്തെറിഞ്ഞാൽ എത്തുന്ന ദൂരമേ ഉള്ളൂ. അതുപോലെയുള്ള ദൂരം. (ബുഖാരി. 1. 8. 472)

409. ഇബ്നുഉമർ(റ) നാഫിഇനോട് പറയുന്നു: തിരുമേനി(സ) ഒരു വലിയ മരത്തിന്റെ ചുവട്ടിൽ ഇറങ്ങാറുണ്ടായിരുന്നു. റുവൈസത്തിന്റെ അടുത്താണ് ആ സ്ഥലം. വഴിയുടെ വലതുഭാഗത്തും വഴിയുടെ മുമ്പിലുമായി വിശാലമായിക്കിടക്കുന്ന ഒരു മണൽപ്രദേശമാണത്. ദുവൈസത്തിന്റെ രണ്ടു മൈൽ അടുത്തുള്ള കുന്ന് തിരുമേനി(സ) കടന്ന് പോകും മുമ്പുള്ള സ്ഥലമാണിത്. ആ മരത്തിന്റെ തല പോട്ടിയിട്ടുണ്ട്. അത് ആ മരത്തിന്റെ ഉള്ളിലേക്ക് ചുരുണ്ട് നില്ക്കുകയാണ്. തായ്ത്തടി മാത്രമായിക്കൊണ്ട് ആ മരം നില്ക്കുന്നു. അതിന്റെ താഴ്ഭാഗത്ത് അനവധി മണൽകൂമ്പാരങ്ങളുണ്ട്. (ബുഖാരി. 1. 8. 472)

410. ഇബ്നുഉമർ(റ) നാഫിഇൗ(റ)നോട് പറയുന്നു: തിരുമേനി(സ) ഒരു കുന്നിന്റെ ഓരത്ത് നിന്നുകൊണ്ട് നമസ്കരിച്ചുകൊണ്ട് നീഹള്ബായിലേക്ക് പോകുമ്പോൾ അത് അറിജിന്റെ അപ്പുറത്തായിരിക്കും. ആ പള്ളിയുടെ അടുത്ത് രണ്ടോ മൂന്നോ ഖബറുകളുണ്ട്. അവയിന്മേൽ വലിയ കല്ലുകൾ വെച്ചിട്ടുമുണ്ട്. അവ വഴിയുടെ വല ഭാഗത്താണ്. വഴിയിലെ കല്ലുകൾക്കടുത്ത് ആ കല്ലുകൾക്കിടയിലൂടെ ഉച്ചനേരത്ത് സൂര്യൻ ആകാശമധ്യത്തിൽ നിന്നും തെററിയശേഷം അബ്ദുല്ല യാത്ര പുറപ്പെടും. എന്നിട്ട് ളുഹ്റ് ആ പള്ളിയിൽവെച്ച് നമസ്കരിക്കും. (ബുഖാരി. 1. 8. 472)

411. ഇബ്നുഉമർ(റ) നാഫിഇൗ(റ)നോട് പറയുന്നു: ബഹർശക്കടുത്തുള്ള വെള്ളച്ചാലിൽ വഴിയുടെ ഇടതുഭാഗത്ത് സ്ഥിതിചെയ്യുന്ന വൃക്ഷങ്ങൾക്കടുത്ത് തിരുമേനി(സ) ഇറങ്ങാറുണ്ടായിരുന്നു. ആ വെള്ളച്ചാൽ ഹർശയുടെ ഓരത്തോട് ചേർന്നാണ് കിടക്കുന്നത്. ആ വെള്ളച്ചാലിനും വഴിക്കുമിടയിൽ ഏതാണ്ട് ഒരമ്പെയ്താൽ എത്തുന്ന ദൂരമേയുള്ളു. അപ്രകാരം തന്നെ വഴിയിലേക്ക് കൂടുതൽ അടുത്തു നിൽക്കുന്ന ഒരു മരത്തിന്റെ നേരെ തിരിഞ്ഞ് നിന്നുകൊണ്ടും ഇബ്നു ഉമർ(റ) നമസ്കരിക്കാറുണ്ട്. അവിടുത്തെ ഏററവും വലിയ മരം അതായിരുന്നു. (ബുഖാരി. 1. 8. 472)

412. ഇബ്നുഉമർ(റ) നാഫി ഇനോട് പറയുന്നു: മർറുള്ളഹ്റാന്റെ താഴ്ഭാഗത്തുള്ള വെള്ളച്ചാലിൽ തിരുമേനി(സ) ഇറങ്ങാറുണ്ടായിരുന്നു. നീ സഫറാവാത്തിൽ നിന്ന് ഇറങ്ങി വരുമ്പോൾ മദീനയുടെ ഭാഗത്ത് ആ സ്ഥലം സ്ഥിതിചെയ്യുന്നതായി കാണാം. വെള്ളച്ചാലിന്റെ കേന്ദ്രത്തിൽ തിരുമേനി(സ) ഇറങ്ങാറുണ്ടായിരുന്നു. വഴിയുടെ ഇടഭാഗത്താണത്. നീ മക്കയിലേക്ക് പോകുമ്പോൾ തിരുമേനി(സ)യുടെ താവളത്തിനും വഴിക്കുമിടയിൽ കല്ലേറിലെത്തുന്ന ദൂരം മാത്രമേ ഉണ്ടായിരുന്നുള്ളു. (ബുഖാരി. 1. 8. 472)

413. ഇബ്നുഉമർ(റ) നാഫിഇൗ(റ)നോട് പറയുന്നു: തിരുമേനി(സ) മക്കയിലേക്ക് വരുമ്പോൾ ദീത്തുവായിൽ ഇറങ്ങി രാത്രി താമസിക്കും. പ്രഭാതം വരെ. എന്നിട്ട് സുബ്ഹി നമസ്കരിക്കും. തിരുമേനി(സ) നമസ്കരിച്ച സ്ഥലം കല്ലുകളാൽ നിറയപ്പെട്ട ഒരു കുന്നിന്മേലാണ്. അല്ലാതെ അവിടെ എടുക്കപ്പെട്ടുകാണുന്ന പള്ളിയില്ല. ആ പള്ളിയുടെ താഴെ കല്ലുകൾ നിറഞ്ഞ ആ കുന്നിന്മേലാണ്. (ബുഖാരി. 1. 8. 472)

414. ഇബ്നുഉമർ(റ) നാഫിഇൗ(റ)നോട് പറഞ്ഞു: തിരുമേനി(സ) ക്കും വളരെ ഉയർന്നു നിൽക്കുന്ന പർവ്വതത്തിനുമിടയിൽ സ്ഥിതിചെയ്യുന്ന മലകളുടെ രണ്ടു ശിഖരങ്ങളുടെ നേരെയും അതെയവസരത്തിൽ കഅ്ബത്തിന്നഭിമുഖമായും തിരിഞ്ഞു നിന്നുകൊണ്ട് അവിടുന്ന് നമസ്കരിച്ചിട്ടുണ്ട്. എന്നിട്ട് ഇബ്നു ഉമർ(റ) നമസ്കരിച്ചപ്പോൾ അവിടെ നിർമ്മിച്ച പള്ളി കുന്നിന്റെ അററത്തിലുള്ള പള്ളിയുടെ ഇടതുഭാഗത്താക്കിക്കൊണ്ട് നിന്നു. തിരുമേനി(സ) നമസ്കരിച്ച സ്ഥലമാവട്ടെ അതിന് താഴെയായി. ആ കറുത്ത കുന്നിന്മേലാണ് കഅ്ബത്തിനും നിനക്കുമിടയിൽ സ്ഥിതിചെയ്യുന്ന മലയുടെ രണ്ടു ശിഖരങ്ങളുടെ നേരെ തിരിഞ്ഞുനിന്നുകൊണ്ട് നീ നമസ്കരിക്കുമ്പോൾ പത്തുമുഴമോ അല്ലെങ്കിൽ ഏതാണ് അത്രയും അകലമോ കുന്നിൽ നിന്ന് വിട്ടിട്ട് നീ നിൽക്കുന്ന പക്ഷം അതുതന്നെയാണ് തിരുമേനി(സ) നമസ്കരിച്ച സ്ഥലം. (ബുഖാരി. 1. 8. 472)

415. ഇബ്നുഉമർ(റ) നിവേദനം: തിരുമേനി(സ) പെരുന്നാൾ ദിവസം (മൈതാനത്തേക്ക് പുറപ്പെടുമ്പോൾ ഒരു ചെറിയ കുന്തം കൊണ്ട് വരാൻ കൽപിക്കും. അങ്ങനെ അത് തിരുമേനി(സ)യുടെ മുമ്പിൽ നാട്ടും. എന്നിട്ട് തിരുമേനി(സ) അതിലേക്ക് തിരിഞ്ഞു നിന്ന് നമസ്കരിക്കും. ആളുകൾ തിരുമേനി(സ)ക്ക് പിന്നിലും, യാത്രയിലും തിരുമേനി(സ) അങ്ങനെ ചെയ്യാറുണ്ടായിരുന്നു. അക്കാരണം കൊണ്ടാണ് ഭരണമേധാവികൾ ചെറിയ കുന്തം കൊണ്ട് പോകൽ പതിവാക്കിയത്. (ബുഖാരി. 1. 8. 473)

416. അബീജുഹൈഫ(റ) നിവേദനം: തിരുമേനി(സ) സഹാബികളെയും കൊണ്ട് മക്കയിലെ ബത്ത്ഹാഇൽ വെച്ച് നമസ്കരിച്ചു. തിരുമേനി(സ)യുടെ മുമ്പിൽ ഒരു വടി നാട്ടിയിരുന്നു. ളുഹ്റും അസറും ഈ രണ്ട് റക്ക്അത്തുകളായിട്ടാണ് അവിടുന്ന് നമസ്കരിച്ചത്. ആ വഴിയുടെ മറുവശത്ത്കൂടി സ്ത്രീകളും കഴുതയും നടക്കുന്നുണ്ടായിരുന്നു. (ബുഖാരി. 1. 8. 474)

417. സഹ്ല്(റ) നിവേദനം: തിരുമേനി(സ) നമസ്കരിക്കാൻ നിൽക്കുന്ന സ്ഥലത്തിനും ചുമരിന്നുമിടയിൽ ഒരാടിന് നടന്നുപോകാൻ ഒഴിവുണ്ടായിരുന്നു. (ബുഖാരി. 1. 8. 475)

418. സലമ:(റ) നിവേദനം: മിമ്പറയുടെ അടുത്തുള്ള പള്ളിയുടെ ചുമര് ഒരു ആടിന് കടന്നുപോകുവാൻ മാത്രം ഒഴിവുണ്ടായിരുന്നു. (ബുഖാരി. 1. 8. 476)

419. അബ്ദുല്ല(റ) നിവേദനം: നബി(സ) ക്കുവേണ്ടി ചെറിയ കുന്തം തറക്കപ്പെടുകയും ശേഷം അവിടുന്ന് അതിന്റെ നേരെ തിരിഞ്ഞു നമസ്കരിക്കുകയും ചെയ്യും. (ബുഖാരി. 1. 8. 477)

420. അനസ്(റ) നിവേദനം: തിരുമേനി(സ) മലമൂത്രവിസർജ്ജനത്തിന് പോകുമ്പോൾ ഞാനും ഒരു ചെറിയ കുട്ടിയും തിരുമേനി(സ)യുടെ പിന്നാലെ പോകും. ഞങ്ങളുടെ കൂടെ ഒരു സാധാരണ വടിയോ അല്ലെങ്കിൽ കുന്തമോ ഉണ്ടായിരിക്കും. ഒരു വെള്ളപ്പാത്രവും. അങ്ങനെ തിരുമേനി(സ) മലമൂത്രവിസർജ്ജനം നിർവ്വഹിച്ചു കഴിഞ്ഞാൽ വെള്ളപ്പാത്രം തിരുമേനി(സ)ക്ക് ഞങ്ങൾനൽകും. (ബുഖാരി. 1. 8. 479)

421. സലമ:(റ) നിവേദനം: മുസ്ഹഫ് സൂക്ഷിച്ച പെട്ടിയുടെ അടുത്തുള്ള തൂണിന്റെ നേരെ നിന്നുകൊണ്ട് അദ്ദേഹം നമസ്കരിക്കാറുണ്ടായിരുന്നു. അപ്പോൾ ചിലർ അദ്ദേഹത്തോട് ചോദിച്ചു: അബൂമുസ്ലിം! നിങ്ങൾ തൂണിന്നടുത്ത് നിന്നുകൊണ്ട് നമസ്കരിക്കാൻ ശ്രദ്ധിക്കുന്നുണ്ടല്ലോ? അദ്ദേഹം പറഞ്ഞു: തിരുമേനി(സ) ഈ തൂണിന്നടുത്തുനിന്നു കൊണ്ട് നമസ്കരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. (ബുഖാരി. 1. 8. 481)

422. അനസ്(റ) നിവേദനം: മഗ്രിബ് നമസ്കാരത്തിനു മുമ്പ് സുന്നത്ത് നമസ്കരിക്കുവാൻ വേണ്ടി സഹാബിവര്യന്മാരിൽ പ്രഗൽഭന്മാർ തൂണുകൾക്ക് നേരെ ധൃതിപ്പെടുന്നത്

ഞാൻ കണ്ടിട്ടുണ്ട്. മറെറാരു നിവേദനത്തിൽ നബി(സ) വരുന്നത് വരെ എന്നു ഉദ്ധരിക്കുന്നു. (ബുഖാരി. 1. 8. 482)

423. ഇബ്നു ഉമർ(റ) നിവേദനം: തിരുമേനി(സ), ഉസാമബിലാൽ, ഉസ്മാൻ(റ) മുതലായവർ കഅ്ബയിൽ പ്രവേശിച്ചു. എന്നിട്ട് അതിന്റെ വാതിലടച്ചു. അതിൽ കുറച്ചു സമയം കഴിച്ചുകൂട്ടി. ബിലാൽ പുറത്തുവന്നപ്പോൾ ഞാൻ അദ്ദേഹത്തോടു ചോദിച്ചു. എന്താണ് നബി(സ) അവിടെ ചെയ്തത്? അദ്ദേഹം പറഞ്ഞു: ചില തൂണുകളെ വലതുഭാഗത്തും ചില തൂണുകളെ ഇടതു ഭാഗത്തും ചില തൂണുകളെ പിൻഭാഗത്തും ആക്കികൊണ്ട് തിരുമേനി നമസ്കരിച്ചു. അന്ന് കഅ്ബ:ക്ക് ആറു തൂണുകളാണുണ്ടായിരുന്നത്. ഒരു റിവായത്തിൽ രണ്ടു തൂണുകളെ വലതുഭാഗത്താക്കിക്കൊണ്ട് നമസ്കരിച്ചുവെന്നും പറയുന്നു. (ബുഖാരി. 504)

424. ഇബ്നുഉമർ(റ) നിവേദനം: അദ്ദേഹം കഅ്ബ:യിൽ പ്രവേശിച്ചാൽ തന്റെ മുന്നിലേക്ക് നടന്ന് വാതിലിനെ തന്റെ പിന്നിലേക്കാക്കും. ചുമരിന്റെയും അദ്ദേഹത്തിന്റെയും ഇടയിൽ മൂന്നു മുഴം അകലം ഉണ്ടാവും. നബി(സ) നമസ്കരിച്ചുവെന്ന് ബിലാൽ പ്രസ്താവിച്ച സ്ഥലത്തെ അദ്ദേഹം പ്രത്യേകം ശ്രദ്ധിക്കാറുണ്ട്. അദ്ദേഹം പറയും. കഅ്ബയുടെ ഏതു ഭാഗത്തേക്ക് തിരിഞ്ഞു നമസ്കരിക്കുന്നതിനും വിരോധമില്ല. (ബുഖാരി. 1. 8. 483)

425. ഇബ്നുഉമർ(റ) നിവേദനം: തിരുമേനി(സ) തന്റെ വാഹനത്തെ വിലങ്ങിൽ കിടത്തിയിട്ട് അതിന്റെ നേരെ തിരിഞ്ഞുകൊണ്ട് നമസ്കരിക്കാറുണ്ട്. അന്നേരം ആ വാഹനം എഴുന്നേററുകളഞ്ഞെങ്കിലോ എന്ന് ഞാൻ (നിവേദകൻ) ചോദിച്ചു. അന്നേരം അദ്ദേഹം പറഞ്ഞു. തിരുമേനി(സ) ഒട്ടകകട്ടിൽ പിടിച്ച് തിരിക്കും. എന്നിട്ട് അതിന്റെ പിൻഭാഗത്തേക്ക് തിരിഞ്ഞു നിന്നു നമസ്കരിക്കും. ഇബ്നു ഉമർ(റ) അങ്ങനെ തന്നെയാണ് ചെയ്യാറുണ്ടായിരുന്നത്. (ബുഖാരി. 1. 8. 485)

426. ആയിശ(റ) നിവേദനം: അവർ ഒരിക്കൽ ചോദിച്ചു. എന്ത്? നിങ്ങൾ ഞങ്ങളെ നായ്ക്കളോടും കഴുതകളോടും തുല്യപ്പെടുത്തുകയോ? ഞാൻ ഒരു സംഭവം ഓർക്കുന്നുണ്ട്. ഞാൻ കട്ടിലിന്മേൽ കിടക്കുന്നുണ്ടായിരിക്കും. അന്നേരം തിരുമേനി(സ) വന്നിട്ട് കട്ടിലിന്റെ നടുവിലേക്ക് തിരിഞ്ഞുനിന്നു കൊണ്ട് നമസ്കരിക്കും. അന്നേരം തിരുമേനി(സ)യുടെ മുമ്പിൽ കിടക്കാൻ ഞാൻ മടിക്കും. ഉടനെ കട്ടിലിന്റെ രണ്ടു കാലുകളുടെ ഭാഗത്തേക്ക് ഞാൻ മെല്ലെ നീങ്ങും. ഒടുവിൽ എന്റെ പുതപ്പിൽ നിന്ന് പൂർണ്ണമായും ഞാൻ പുറത്തുവന്നിട്ടുണ്ടായിരിക്കും. (ബുഖാരി. 1. 8. 486)

427. അബൂസഈദ്(റ) നിവേദനം: വെള്ളിയാഴ്ച ദിവസം മനുഷ്യരിൽ നിന്ന് തന്നെ മറക്കുന്ന ഒരു മറയുടെ നേരെ തിരിഞ്ഞു നിന്നുകൊണ്ട് അദ്ദേഹം നമസ്കരിക്കുകയായിരുന്നു. അപ്പോൾ അബൂമുഐത്ത് കുടുംബത്തിലെ ഒരു യുവാവ് തന്റെ മുമ്പിലൂടെ കടന്നുപോകാനുദ്ദേശിച്ചു. അബൂസഈദ് ഉടനെ ആ യുവാവിന്റെ നെഞ്ചിൽ കൈ വെച്ച് കൊണ്ട് യുവാവിനെ തട്ടിനീക്കി. അവസാനം യുവാവ് നോക്കുമ്പോൾ അബൂസഈദുൽ ഖുദ്രിയുടെ മുമ്പിലൂടെയല്ലാതെ കടന്നുപോകാൻ യാതൊരു മാർഗ്ഗവും കാണുന്നില്ല. ആ യുവാവ് അതേ വഴിക്ക് തന്നെ കടന്നുപോകാനുദ്ദേശിച്ചുകൊണ്ട് തിരിച്ചു വന്നു. അബൂസഈദ് ആദ്യത്തെക്കാൾ കൂടുതൽ ഊക്കോടെ യുവാവിനെ തള്ളി നീക്കി. അന്നേരം യുവാവ് അബൂസഈദിനെ ശകാരിച്ചു. അനന്തരം മർവാന്റെ അടുക്കൽ ചെന്നിട്ട് അബൂസഈദിൽ നിന്നുണ്ടായ അനുഭവത്തെക്കുറിച്ച് ആവലാതിപ്പെട്ടു. പിന്നാലെ അബൂസഈദും ചെന്ന് മർവാന്റെ അടുത്ത് പ്രവേശിച്ചു. മർവാൻ ചോദിച്ചു: അബൂസഈദ്! നിങ്ങൾക്കും നിങ്ങളുടെ സഹോദരപുത്രനും തമ്മിലെന്താണ് വഴക്ക്? അബൂസഈദ്(റ) പറഞ്ഞു തിരുമേനി(സ) ഇങ്ങനെ അരുളുന്നത് ഞാൻ കേട്ടിട്ടുണ്ട്. നിങ്ങളിലാരെങ്കിലും മനുഷ്യരിൽ നിന്ന് തന്നെ മറക്കുന്ന ഒരു മറയുടെ നേരെ

തിരിഞ്ഞു നിന്നുകൊണ്ട് നമസ്കരിച്ചിട്ടും അന്നേരം അവന്റെ മുമ്പിലൂടെ കടന്നുപോകാൻ ഒരാൾ ഉദ്ദേശിച്ചു. എന്നാൽ അവനെ നമസ്കരി ക്കുന്നവൻ തടയട്ടെ. അവൻ തിരസ്കരിക്കുകയാണെങ്കിലോ അവനുമായി പൊരുതട്ടെ. നിശ്ചയം അവൻ ശൈത്താനാണ്. (ബുഖാരി. 1. 8. 488)

428. അബൂജഹ്മ്(റ) നിവേദനം: നമസ്കരിക്കുന്നവന്റെ മുമ്പിലൂടെ ഒരാൾ നടന്നാൽ അവനെക്കുറിച്ച് തിരുമേനി(സ) പ്രസ്താവിച്ചത് എന്താണെന്ന് അന്വേഷിച്ചു കൊണ്ട് അദ്ദേഹത്തോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു. തിരുമേനി(സ) അരുളി: നമസ്കരിക്കുന്നവന്റെ മുമ്പിലൂടെ നടക്കുന്നവന്റെ പേരിലുള്ള കുററമെന്തെന്ന് അവൻ ഗ്രഹിച്ചിരുന്നെങ്കിൽ നമസ്കരിക്കുന്നവന്റെ മുമ്പിലൂടെ നടക്കുന്നതിനേക്കാൾ അവിടെ നാൽപത് നിൽക്കുന്നതാണ് അവന് ഉത്തമമാക്കുക. അബൂൽനള്റ് പറയുന്നു. നാൽപത് ദിവസമാണോ അതല്ല നാൽപത് മാസമാണോ അതല്ല നാൽപത് കൊല്ലമാണോ തിരുമേനി(സ) പറഞ്ഞതെന്ന് എനിക്കുമറിയുകയില്ല. (ബുഖാരി. 1. 8. 489)

429. ആയിശ(റ) നിവേദനം: നായ, കഴുത, സ്ത്രീകൾ എന്നിവ നമസ്കാരത്തെ മുറിക്കുമെന്ന് ആയിശ(റ)യുടെ അടുത്തുവെച്ച് ചിലർ പറഞ്ഞു. അപ്പോൾ ആയിശ(റ) അരുളി: നിശ്ചയം ഈ അഭിപ്രായം പ്രകടിപ്പിച്ച് നിങ്ങൾ ഞങ്ങളെ പട്ടികളാക്കിയിരിക്കുന്നു. നിശ്ചയം നബി(സ) നമസ്കരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. ഞാൻ അദ്ദേഹത്തിനും ഖിബ്ലക്കും മധ്യത്തിലായി തന്നെ കട്ടിലിന്മേൽ കിടക്കാറുണ്ട്. എനിക്ക് പുറത്തുപോവേണ്ട ആവശ്യം നേരിടും. അപ്പോൾ അവിടുത്തെ മുമ്പിലൂടെ അഭിമുഖീകരിക്കുന്നതിനെ ഞാൻ വെറുക്കും. അതിനാൽ ഞാൻ മെല്ലെ നീങ്ങും. (ബുഖാരി. 1. 8. 490)

430. ആയിശ(റ) നിവേദനം: തിരുമേനി(സ)യുടെ വിരിപ്പിൽ ഞാൻ ഉറങ്ങിക്കിടക്കുമ്പോൾ അതിന്റെ നടുവിലേക്ക് തിരിഞ്ഞു നിന്നുകൊണ്ട് തിരുമേനി(സ) നമസ്കരിക്കാറുണ്ടായിരുന്നു. അവസാനം തിരുമേനി(സ) വിത്ത്ർ നമസ്ക്കരിക്കാനൊരുങ്ങിയാൽ എന്നെ ഉണർത്തും എന്നിട്ട് ഞാൻ തിരുമേനി(സ) യോടൊപ്പം വിത്ത്ർ നമസ്ക്കരിക്കും. (ബുഖാരി. 1. 8. 491)

431. ആയിശ(റ) നിവേദനം: ഖിബ്ല:യുടെ നേരെ എന്റെ രണ്ടു കാലുകളും നീട്ടിക്കൊണ്ടു നബി(സ) നമസ്കരിക്കുമ്പോൾ ഞാൻ കിടക്കാറുണ്ട്. അവിടുന്നു സുജൂദ് ചെയ്യുമ്പോൾ എന്നെ പിച്ചും. അപ്പോൾ ഞാൻ കാൽ ചുരുട്ടും. അവിടുന്ന് എഴുന്നേററാൽ വീണ്ടും ഞാൻ കാല് നീട്ടിവെക്കും. അന്നു വീടുകളിൽ വിളക്ക് കത്തിക്കാറുണ്ടായിരുന്നില്ല. (ബുഖാരി. 1. 8. 492)

432. അബൂഖത്താദ(റ) നിവേദനം: നിശ്ചയം തിരുമേനി(സ) തന്റെ പുത്രി സൈനബ:യുടെ മകൾ ഉമാമത്തിനെ ചുമന്നുകൊണ്ട് നമസ്കരിക്കാറുണ്ടായിരുന്നു. അബുൽആസ്വിക്ക് സൈനബ:യിൽ ജനിച്ച കുട്ടിയായിരുന്നു അത്. എന്നിട്ടു തിരുമേനി(സ) സുജൂദ് ചെയ്യുമ്പോൾ കുട്ടിയെ താഴെ വെക്കും. എഴുന്നേററ് നിന്നാൽ കുട്ടിയെ വഹിക്കുകയും ചെയ്യും. (ബുഖാരി. 515)

433. മൈമൂന(റ) നിവേദനം: എന്റെ വിരിപ്പ് ചിലപ്പോൾ നബി(സ)യുടെ നമസ്കാര സ്ഥലത്തിന്റെ പാർശ്വഭാഗത്തായിരിക്കും. അവിടുത്തെ വസ്ത്രം ചില സന്ദർഭത്തിൽ എന്റെ ശരീരത്തിൽ വീഴാറുണ്ട്. ഞാൻ എന്റെ വിരിപ്പിൽ കിടക്കുകയായിരിക്കും. (ബുഖാരി. 516)

434. മൈമൂന(റ) നിവേദനം: നബി(സ) നമസ്കരിക്കുമ്പോൾ അശുദ്ധിയുള്ളവളായി ഞാൻ അവിടുത്തെ അടുത്തുതന്നെ കിടന്നുറങ്ങാറുണ്ട്. സുജൂദ് ചെയ്യുമ്പോൾ അവിടുത്തെ വസ്ത്രം എന്റെ ശരീരത്തിൽ സ്പർശിക്കാറുണ്ട്. (ബുഖാരി. 517)

435. ആയിശ:(റ) നിവേദനം: അവർ പറഞ്ഞു: പട്ടിയുടെയും കഴുതയുടെയും വിഭാഗത്തിൽ ഞങ്ങളെയും ഉൾപ്പെടുത്തി എത്ര ചീത്ത തുലനപ്പെടുത്തലാണ് സ്ത്രീകൾക്ക് നിങ്ങൾ നൽകുന്നത്? നബി(സ) നമസ്ക്കരിക്കുമ്പോൾ ഞാൻ അദ്ദേഹത്തിന്റെയും ഖിബ്‌ലയുടെയും മധ്യത്തിൽ കിടക്കുകയും സുജൂദ് ചെയ്യാൻ ഉദ്ദേശിച്ചാൽ എന്നെ പിച്ചുകയും ചെയ്യാറുണ്ട് അപ്പോൾ ഞാൻ എന്റെ ഇരുകാലുകളും വലിക്കും. (ബുഖാരി. 518)

436. അബീദർദാഅ്(റ) പറഞ്ഞു. അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: പട്ടണത്തിലോ മരുഭൂമിയിലോ കൂട്ടമായി പ്രാർത്ഥന നടത്താത്ത മൂന്നുപേരുണ്ടെങ്കിൽ പിശാച് അവരെ ജയിച്ചടക്കാതിരിക്കയില്ല. അതുകൊണ്ട് ജമാഅത്തിനെ മുറുകെപ്പിടിക്കുക: പററത്തിൽനിന്നും വേർതിരിഞ്ഞതിനെയാണ് ചെന്നായ ഭക്ഷിക്കുന്നത്. (അബൂദാവൂദ്)

437. അനസ്(റ) പറഞ്ഞു. അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: ഒന്നാമത്തെ നിര (സഫഫ്) പൂർത്തിയാക്കുക: പിന്നീട്, അതിനടുത്ത നിര; തികയാതെവരുന്നതേതോ, അത് അവസാനത്തെ നിരയിൽ ആയിക്കൊള്ളട്ടെ. (അബൂദാവൂദ്)

438. ഫസാല(റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ(സ) എന്നെ പഠിപ്പിച്ചു. അവിടുന്നു പഠിപ്പിച്ചതിൽ (ഈ കല്പന) ഉണ്ടായിരുന്നു. അഞ്ചു നമസ്കാരത്തെക്കുറിച്ചു ജാഗ്രതയുണ്ടായിരിക്കുക. ഞാൻ പറഞ്ഞു (മററു) ജോലികളിൽ ശ്രദ്ധിക്കുവാനുള്ള സമയങ്ങളാണല്ലോ ഇവ. അതിനാൽ, ഞാനതു ചെയ്തുകഴിഞ്ഞാൽ അതുകൊണ്ടു മതിയാവുന്ന വിധത്തിൽ വ്യാപകമായ ഏതെങ്കിലും എന്നോടാജ്ഞാപിച്ചാലും അവിടുന്നു പറഞ്ഞു. രണ്ടു അസർ നമസ്കാരങ്ങളിൽ ജാഗ്രതയുണ്ടായിരിക്കുക. ഇതു ഞങ്ങളുടെ ഭാഷാ ശൈലിയിൽ അറിയപ്പെട്ടിരുന്നില്ല. അതുകൊണ്ടു ഞാൻ പറഞ്ഞു രണ്ടു അസർ നമസ്കാരങ്ങൾ ഏതാണ്? അവിടുന്നു പറഞ്ഞു: സൂര്യൻ ഉദിക്കുന്നതിനു മുമ്പുള്ള ഒരു നമസ്കാരവും, അസ്തമിക്കുന്നതിന് മുമ്പുള്ള ഒരു നമസ്കാരവും (അബൂദാവൂദ്)

439. ഇബ്നു ഉമർ(റ) പറഞ്ഞു: ഞാൻ അല്ലാഹുവിന്റെ ദൂത(സ) നൊന്നിച്ചു വീട്ടിൽ താമസിക്കുമ്പോഴും യാത്രയിലും നമസ്കരിച്ചു. വീട്ടിൽ താമസിക്കുമ്പോൾ, അവിടുന്നു ളുഹ്ർ നമസ്കാരം നാലു റകഅത്തും അതിന് പിറകെ രണ്ടു റകഅത്തും, അസർ നമസ്കാരം നാലു റകഅത്തും നമസ്കരിക്കയും അതിന് പുറകെ ഒന്നുമില്ലാതിരിക്കയും, അവിടന്നു മഗരിബ് നമസ്കാരം മൂന്നു റകഅത്തു നമസ്കരിക്കയും അതിന് പുറകെ രണ്ടു റകഅത്തും, ഇഷാ നമസ്കാരം നാല് റകഅത്തു നമസ്കരിക്കയും;യാത്രയിൽ ളുഹ്ർ നമസ്കാരം രണ്ടു റകഅത്തും അതിന് പിറകെരണ്ട് റകഅത്തും, അസർ രണ്ട് റകഅത്തും അതിന് പുറകെ ഒന്നുമില്ലാതിരിക്കയും, മഗരിബ്മൂന്ന് റകഅത്തും, അതിന് പുറകെ രണ്ട് റകഅത്തും, ഇഷാ രണ്ടു റകഅത്തും അതിന് പിറകെ രണ്ടു റകഅത്തും നമസ്കരിച്ചു. (അഹ്മദ്)

440. അബുഹുറയ്റ(റ) പറഞ്ഞു. അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: തന്റെ നാഥനോട് ദാസൻ ഏററവും അടുത്തിരിക്കുന്നത്, അവൻ സുജൂദിലായിരിക്കുമ്പോഴാണ്: അതുകൊണ്ട്, ഏററവും കൂടുതൽ അർത്ഥനകൾ (സുജൂദിൽ) ചെയ്യുക. (മുസ്‌ലിം)

441. ഇബ്നു അബ്ബാസ്(റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ(സ) രണ്ട് സൂജൂദിനിടയിൽ പറയാറുണ്ടായിരുന്നു: അല്ലാഹുവെ, എനിക്ക് മാപ്പു തന്നാലും, എന്നിൽ കരുണയുണ്ടായാലും, എനിക്ക് മാർഗ്ഗദർശനം തന്നാലും, എനിക്ക് ആരോഗ്യം നൽകിയാലും, എനിക്കു ആഹാരം നൽകിയാലും. (അബൂദാവൂദ്)

442. അബ്ദുല്ലാഇബ്നു മസ്ഊദ്(റ) പറഞ്ഞു: ഞാൻ നമസ്കരിക്കയായിരുന്നു. പ്രവാചകൻ(സ) സന്നിഹിതനായിരുന്നു. അവിടുത്തെ കൂടെ അബൂബക്കറും ഉമറും ഉണ്ടായിരുന്നു. ഞാൻ ഇരുപ്പ് പ്രാപിച്ചപ്പോൾ ഞാൻ അല്ലാഹുവിന് സ്തോത്രം

ചെയ്യുകയും പിന്നീട് പ്രവാചകനു വേണ്ടി പ്രാർത്ഥിക്കയും ചെയ്തു. പ്രവാചകൻ പറഞ്ഞു: ചോദിക്കുക. നൽകപ്പെടും. ചോദിക്കുക, നൽകപ്പെടും. (തിർമിദി)

443. അബ്ദുല്ലാ(റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ(സ) തന്റെ വലത്തെ കവിളിന്റെ വെള്ളനിറം കാണുന്നതുവരെ വലഭാഗം (തിരിഞ്ഞു) തസ്‌ലിം പറഞ്ഞിരുന്നു നിങ്ങളിൽ സമാധാനവും, അല്ലാഹുവിന്റെ കാരുണ്യവും ഉണ്ടാകട്ടെ. അവിടുന്നു തന്റെ ഇടത്തെ കവിളിന്റെ വെള്ളനിറം കാണുന്നതുവരെ ഇടഭാഗം (തിരിഞ്ഞു) തസ്‌ലിം പറഞ്ഞിരുന്നു. നിങ്ങളിൽ സമാധാനവും, അല്ലാഹുവിന്റെ കാരുണ്യവും ഉണ്ടാകട്ടെ. (അബൂദാവൂദ്)

444. സൗബാൻ(റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ(സ) നമസ്കാരത്തിൽ നിന്ന് മാറുമ്പോൾ, മൂന്ന് പ്രാവശ്യം ഇസ്തിഗിഫാർ ചെയ്തു പറഞ്ഞു: അല്ലാഹുവെ, നീ സമാധാനത്തിന്റെ നാഥൻ, നിന്നിൽ നിന്നാകുന്നു സമാധാനം. മഹത്വത്തിന്റെയും ബഹുമാന്യതയുടെയും നാഥാ, നീ പരിശുദ്ധനാകുന്നു. (അബൂദാവൂദ്)

445. അബുസഈദ്(റ) പറഞ്ഞു. അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: നിങ്ങളിൽ ഒരാൾക്ക് തന്റെ നമസ്കാരത്തിൽ സംശയമുണ്ടാകുകയും താൻ എത്ര റകഅത്തു – മൂന്നോ നാലോ –കഴിഞ്ഞുവെന്ന് സംശയമുണ്ടാകുകയും ചെയ്താൽ അവൻ സംശയത്തെ ത്യജിച്ച് നിസ്സംശയമായതിൽ തുടരുകയും അതിന് ശേഷം തസ്‌ലിം പറയുന്നതിന് മുമ്പ് രണ്ട് സുജൂദ് ചെയ്കയും ചെയ്തു കെള്ളട്ടെ. (മുസ്‌ലിം)

446. ഉസ്മാനി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു: വല്ല മുസ്ലീമിനും ഫർള് നമസ്കാരം ആസന്നമായി. എന്നിട്ടവൻ അതിന്റെ വുളു, ഖുശുഅ്, റുകൂഅ് എന്നിവ നല്ല വിധത്തിൽ നിറവേററി. വൻപാപങ്ങൾക്ക് ആ നമസ്കാരം പരിഹാരമാകാതിരിക്കയില്ല. എക്കാലത്തും ഇത് ബാധകമാണ്. (മുസ്‌ലിം) (ഒരു പ്രത്യേക സമയത്തോ ദിവസത്തിലോ മാത്രമല്ല. ഏതു കാലത്തും നമസ്കാരം ചെറുപാപങ്ങളെ പൊറുപ്പിക്കാതിരിക്കുകയില്ല)

447. അബുസുഹൈരി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു. സൂര്യോദയത്തിനുമുമ്പും അസ്തമനത്തിനുമുമ്പും നമസ്കരിക്കുന്നവരാരും നരകത്തിൽ പ്രവേശിക്കേണ്ടിവരികയില്ല. സുബ്ഹിയും അസറും ആണ് അതുകൊണ്ട് നബി(സ) വിവക്ഷിച്ചിട്ടുള്ളത്. (മുസ്‌ലിം)

448. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: നബി(സ) ശഠിച്ചു പറഞ്ഞു. വല്ലവനും തന്റെ വീട്ടിൽ വെച്ച് വുളുചെയ്തുകൊണ്ട് അല്ലാഹുവിന്റെ ഭവനങ്ങളിൽപെട്ട ഒരു ഭവനത്തിൽ ഫർളുനിർവ്വഹിക്കാൻ വേണ്ടി ചെന്നുവെങ്കിൽ തന്റെ ചവിട്ടടികളിൽ ഒന്ന് ഒരു പാപമകററുന്നതും മറേറത് ഒരു പദവി ഉയർത്തുന്നതുമാകുന്നു. (മുസ്‌ലിം)

449. ബുറൈദ(റ)യിൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു: (ജമാഅത്തായി നമസ്കരിക്കുമ്പോൾ) പള്ളികളിലേക്ക് കൂരിരുട്ടിൽ നടന്നുപോകുന്നവർക്ക് അന്ത്യദിനത്തിൽ പരിപൂർണ്ണമായ പ്രകാശം ലഭിക്കുമെന്ന് നിങ്ങൾ സന്തോഷവാർത്ത അറിയിക്കുക. (അബൂദാവൂദ്, തിർമിദി)

450. അബൂസഈദി(റ)ൽ നിന്ന് നിവേദനം: നബി(സ) അരുൾചെയ്തു: പതിവായി പള്ളിയിൽ പോകുന്നവരെ നിങ്ങൾ കണ്ടുമുട്ടിയാൽ അവന് ഈമാനുണ്ടെന്ന് നിങ്ങൾ സാക്ഷ്യം വഹിച്ചുകൊള്ളു.! അല്ലാഹു പറഞ്ഞിട്ടുണ്ട്. നിശ്ചയം, അല്ലാഹുവിനും അന്ത്യദിനത്തിലും വിശ്വാസമുള്ളവരേ അല്ലാഹുവിന്റെ പള്ളി പരിപാലിക്കുകയുള്ളു. (തിർമിദി)

451. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ)യുടെ അടുത്ത് ഒരു അന്ധൻ വന്നുകൊണ്ട് പറഞ്ഞു. പ്രവാചകരേ! പള്ളിയിലേക്ക് കൊണ്ടുപോകുവാൻ ഒരു വഴികാട്ടി എനിക്കില്ല. അങ്ങനെ സ്വന്തം വീട്ടിൽവെച്ച് നമസ്കരിക്കാനുള്ള വിട്ടുവീഴ്ച

റസൂൽ(സ) യോട് അദ്ദേഹം ആവശ്യപ്പെട്ടു. റസൂൽ(സ) അദ്ദേഹത്തിന് വിട്ടുവീഴ്ച നല്കിയെങ്കിലും അദ്ദേഹം പിന്തിരിഞ്ഞുപോയപ്പോൾ, അയാളെ വിളിച്ചു ചോദിച്ചു. നീ ബാങ്ക് കേൾക്കാറുണ്ടോ? അതെ എന്നയാൾ പറഞ്ഞപ്പോൾ അവിടുന്ന് പറഞ്ഞു: നീ അതിനുത്തരം ചെയ്യണം. (മുസ്‌ലിം)

452. അബ്ദുല്ല(റ)യിൽ നിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു: പ്രവാചകരേ! നിശ്ചയം വന്യമൃഗങ്ങളും ദുഷ്ടജന്തുക്കളും ധാരാളമുള്ള സ്ഥലമാണ് മദീന. (അതുകൊണ്ട് ജമാഅത്തിന് പങ്കെടുക്കാതെ എന്റെ വീട്ടിൽവെച്ച് നമസ്കരിക്കാനുള്ള അനുവാദം അവിടുന്ന് നൽകിയാലും) നബി(സ) ചോദിച്ചു. നമസ്കാരത്തിലേക്ക് വരൂ! വിജയത്തിലേക്ക് വരൂ! എന്ന് നീ കേൾക്കാറുണ്ടോ? എന്നാൽ നീ ഇവിടെ വരിക തന്നെ വേണം. (അബൂദാവൂദ്) (അതാണ് നിനക്കുത്തമം)

453. ഇബ്നു മസ്ഊദി(റ)ൽ നിന്ന് നിവേദനം: യഥാർത്ഥ മുസ്ലീമായിക്കൊണ്ട നാളെ അല്ലാഹുവിനെ സമീപിക്കുവാൻ വല്ലവനും ഇഷ്ടപ്പെടുന്നുവെങ്കിൽ ബാങ്ക് വിളിക്കുന്ന സ്ഥലത്തുവെച്ച് അവൻ പതിവായി നമസ്കരിച്ചുകൊള്ളട്ടെ. നിശ്ചയം, നിങ്ങളുടെ പ്രവാചകന് സന്മാർഗ്ഗപന്ഥാവ് അല്ലാഹു കാണിച്ചുകൊടുത്തിരിക്കുന്നു. ഇവ (നമസ്ക്കാരങ്ങൾ ) ആ സന്മാർഗ്ഗപന്ഥാവിൽ പെട്ടതാകുന്നു. നിശ്ചയം, ജമാഅത്തിൽ പങ്കെടുക്കാത്ത ഇവൻ തന്റെ വീട്ടിൽ വെച്ച് ഒററക്ക് നമസ്കരിക്കുംപോലെ നിങ്ങളും സ്വന്തം ഭവനങ്ങളിൽ വെച്ച് നമസ്കരിക്കുന്നപക്ഷം നബി(സ)യുടെ മാതൃക നിങ്ങൾ കൈവെടിഞ്ഞു. നബി(സ)യുടെ മാതൃക കൈവെടിഞ്ഞാൽ നിശ്ചയം, നിങ്ങൾ വഴിപിഴച്ചവരായിത്തീരും. നിശ്ചയം. ഞങ്ങളെ എനിക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്. കലവറയില്ലാത്ത മുനാഫിഖുകളല്ലാതെ ജമാഅത്തിൽ പങ്കെടുക്കാതെ പിന്തിനില്ക്കാറില്ല. ചില ആളുകൾ രണ്ടാളുകളുടെ (ചുമലിൽ) നയിക്കപ്പെട്ട് കൊണ്ട് വന്ന് നമസ്കാരത്തിന്റെ സഫിൽ നിർത്തപ്പെടാറുണ്ടായിരുന്നു. (മുസ്‌ലിം) മറെറാരു റിപ്പോർട്ടിലുണ്ട്: നിശ്ചയം, റസൂൽ(സ) സന്മാർഗ്ഗപന്ഥാവ് ഞങ്ങളെ പഠിപ്പിച്ചു. ബാങ്കുകൊടുക്കുന്ന പള്ളിയിൽവെച്ച് ജമാഅത്തായുള്ള നമസ്കാരം അവയിൽപ്പെട്ടതാണ്.

454. അബുദ്ദർദാഇ(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു. : നമസ്കാരം ജമാഅത്തായി നിർവ്വഹിക്കാതെ ഗ്രാമത്തിലോ കുഗ്രാമത്തിലോ മൂന്നാളുകൾ ഉണ്ടാവുകയില്ല –പിശാച് അവരെ ജയിച്ചടക്കിയിട്ടല്ലാതെ, അതുകൊണ്ട് നിങ്ങൾ ജമാഅത്ത് നിലനിർത്തണം. നിശ്ചയം, ആടുകളിൽ നിന്ന് ഒററപ്പെട്ടുപോയ ആടുകളെയാണ് ചെന്നായ തിന്നുക. (അതുകൊണ്ട് നമസ്കാരത്തിലും മററും ജമാഅത്ത് കൈകൊള്ളണം) (അബൂദാവൂദ്)

455. ഉസ്മാനി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു. വല്ലവനും ഇശാ ജമാഅത്തായി നിർവ്വഹിച്ചാൽ (ഫലത്തിൽ) രാത്രി പകുതിവരെ നമസ്ക്കരിച്ചതുപോലെയാണ്. സുബ്ഹി ജമാഅത്തായി നിർവ്വഹിച്ചാൽ (ഫലത്തിൽ) രാത്രി മുഴുവൻ നമസ്കരിച്ചതുപോലെയാണ്. (മുസ്‌ലിം). (സുബ്ഹിയും ഇശായും ജമാഅത്തായി നമസ്കരിക്കുന്നവന് രാത്രി മുഴുവൻ സുന്നത്ത് നമസ്കരിച്ചവന്റെ പ്രതിഫലം ലഭിക്കുന്നതാണ്) തിർമിദിയുടെ റിപ്പോർട്ടിലുണ്ട് ഉസ്മാൻ(റ) നിവേദനം ചെയ്തു: റസൂൽ(സ) പറഞ്ഞു: ഇശായുടെ ജമാഅത്തിൽ വല്ലവരും പങ്കെടുക്കുന്നപക്ഷം ഫലത്തിൽ രാത്രിയുടെ പകുതി സുന്നത്ത് നമസ്കരിച്ചവന്റെ പ്രതിഫലം അവന് ലഭിക്കും. ഇശായും സുബ്ഹിയും വല്ലവനും ജമാഅത്തായി നമസ്കരിച്ചാൽ രാത്രി മുഴുവൻ സുന്നത്ത് നമസ്കരിച്ച പ്രതിഫലം അവന് ലഭിക്കും (തിർമിദി)

456. ജാബിറി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു: നിശ്ചയം, ഒരാളുടെ സത്യവിശ്വാസത്തിന്റെയും സത്യനിഷേധത്തിന്റെയും ഇടയിലുള്ള അന്തരം നമസ്കാരം ഉപേക്ഷിക്കൽ മാത്രമാണ്. (മുസ്‌ലിം)

457. ബുറൈദ(റ)യിൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു: നമ്മുടേയും അവരുടേയും (മുനാഫിഖുകളുടേയും) ഇടയിലുള്ള ബന്ധം നമസ്കാരം കൊണ്ട് മാത്രമാണ്. അവരാരെങ്കിലും അത് കൈവെടിഞ്ഞാൽ അവൻ സത്യനിഷേധിയത്രെ. (തിർമിദി) (കാഫിറുകളും മുനാഫിഖുകളും തമ്മിലുള്ള വ്യത്യാസം നമസ്കാരം മാത്രമാണ്. നമസ്കാരംകൊണ്ട് മുസ്ലീംകൾക്കുള്ള ആനുകൂല്യങ്ങൾ അവർക്കും ലഭിക്കും. അത്തരം കാര്യങ്ങൾ അവർ കൈക്കൊള്ളുന്നില്ലെങ്കിൽ അവരും കാഫിറുകളും തമ്മിൽ യാതൊരു വ്യത്യാസവും ഉണ്ടായിരിക്കയില്ല)

458. ഷഖീഖി(റ)ൽ നിന്ന് നിവേദനം: നമസ്കാരമല്ലാതെ കൈവെടിഞ്ഞാൽ കാഫിറാകുന്ന യാതൊരു ഇബാദത്തും മുഹമ്മദ് നബി(സ)യുടെ സന്തത സഹചാരികൾ കണ്ടിരുന്നില്ല. (തിർമിദി)

459. അബുഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: ഒരടിമയുടെ ഇബാദത്തുകളിൽ അന്ത്യദിനത്തിൽ ആദ്യമായി ചോദ്യം ചെയ്യപ്പെടുന്നത് നമസ്ക്കാരത്തെകുറിച്ചാണ്. അത് നന്നായിട്ടുണ്ടെങ്കിൽ അവൻ വിജയിയും അത് ഫാസിദായിട്ടുണ്ടെങ്കിൽ അവൻ പരാജിതനുമത്രെ! ഇനിയൊരാൾ ഫർള് നിർവ്വഹിച്ചതിൽ വല്ല വീഴ്ചയും വരുത്തീട്ടുണ്ടെങ്കിൽ (മലക്കുകളോട്) അല്ലാഹു പറയും: അവൻ വല്ല സുന്നത്തും നിർവ്വഹിച്ചിട്ടുണ്ടോ? നിങ്ങൾ ഒന്നു നോക്കൂ! അങ്ങനെ വല്ലതും ഉണ്ടെങ്കിൽ ഫർളിലെ ന്യൂനത അതുകൊണ്ട് പരിഹരിക്കപ്പെടും. പിന്നീട് മററ് അമലുകളുടെയും നില ഇതു തന്നെ. (തിർമിദി) (ഫർളിലെ വീഴ്ച സുന്നത്തുകൊണ്ട് പരിഹരിക്കപ്പെടും)

460. ജാബിറി(റ)ൽ നിന്ന് നിവേദനം: ഒരിക്കൽ റസൂൽ(സ) ഞങ്ങളുടെ അടുത്ത് പുറപ്പെട്ടുവന്നുകൊണ്ട് ചോദിച്ചു. മലക്കുകൾ റബ്ബിന്റെ അടുക്കൽ അണിയായി നില്ക്കുംപോലെ നമസ്കാരത്തിൽ നിങ്ങൾക്കും അണിയായി നിന്നുകൂടെ? ഞങ്ങൾ ചോദിച്ചു: പ്രവാചകരെ! മലക്കുകൾ റബ്ബിന്റെ അടുത്ത് എങ്ങനെയാണ് അണിയായി നില്ക്കുന്നത്? അവിടുന്ന് പറഞ്ഞു: ആദ്യമാദ്യം അണികളെ അവർ പൂർത്തീകരിക്കും. അണികളെ അവർ നേരെയാക്കുകയും ചെയ്യും. (മുസ്ലിം)

461. അബുഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: പുരുഷന്മാരുടെ അണികളിൽ ആദ്യത്തേതാണുത്തമം. അവസാനത്തേത് ശർറുമാകുന്നു. (ഇമാമിന്റെ ഖിറാഅത്ത് കേൾക്കാനും അദ്ദേഹത്തിന്റെ സ്ഥിതിഗതികൾ നേരിൽ മനസ്സിലാക്കാനും കഴിയുന്നതുകൊണ്ടും അല്ലാഹുവിന്റെയും മലക്കുകളുടെയും സ്വലാത്തിന് അർഹനായിത്തീരുന്നതുകൊണ്ടും ആദ്യത്തെ അണിയാണുത്തമം) സ്ത്രീകളുടെ അണികളിൽ അവസാനത്തേതാണുത്തമം. ആദ്യത്തേത് ശർറുമാകുന്നു. (മുസ്ലിം) (ആദ്യമാദ്യമുള്ള സഫ്ഫുകളിലെ പുരുഷന്മാരുമായുള്ള സാമീപ്യം കാരണം സ്ത്രീക്ക് ഏററവും നല്ലത് പിൻസഫ്ഫുകളിൽ നിൽക്കലാകുന്നു)

462. അബുസഈദി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) ഒരിക്കൽ അവിടുത്തെ സന്തതസഹചാരികൾ സഫ്ഫുകളിൽ പിന്തിനിൽക്കുന്നത് കാണാനിടയായി. അന്നേരം നബി(സ) അവരോട് പറഞ്ഞു. നിങ്ങൾ മുന്തുകയും എന്നോട് തുടരുകയും ചെയ്യണം. നിങ്ങൾക്ക് ശേഷമുള്ളവർ നിങ്ങളോടും തുടരട്ടെ. (നിങ്ങളുടെ പ്രവർത്തനങ്ങളും ചലനങ്ങളും അവർ കണ്ടു മനസ്സിലാക്കട്ടെ) ചില ആളുകൾ അണികളിൽ പിന്തിക്കൊണ്ടിരിക്കും. അവസാനം അല്ലാഹു അവരെ അനുഗ്രഹത്തിൽ നിന്ന് പിന്തിക്കും. (മുസ്ലിം)

463. ബറാഇ(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) ഞങ്ങളുടെ നെഞ്ചുകളും ചുമലുകളും ശരിയാക്കി ഒരു ഭാഗത്തുനിന്ന് മറെറാരു ഭാഗം വരെ സഫ്ഫുകൾക്കിടയിലൂടെ നടന്നുകൊണ്ടു പറഞ്ഞിരുന്നു. നിങ്ങൾ ഛിന്നഭിന്നമാകരുത്. (ചിലർ മുന്തിയും മററുചിലർ പിന്തിയും നില്ക്കരുത്) അങ്ങനെ വരുമ്പോൾ നിങ്ങളുടെ ഹൃദയങ്ങൾ വിഭിന്നമാകും. മാത്രമല്ല, അവിടുന്ന് പറയാറുണ്ട്: നിശ്ചയം, അല്ലാഹു

ആദ്യസഫ്ഫുകളുടെമേൽ അനുഗ്രഹം ചൊരിയുന്നു. മലക്കുകൾ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. (അബൂദാവൂദ്)

464. ഇബ്നുമറി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) ശഠിച്ചുപറഞ്ഞു: നിങ്ങൾ അണി ശരിയാക്കുകയും ചുമലുകൾ നേരെയാക്കുകയും വിടവുകൾ അടയ്ക്കുകയും നിങ്ങളുടെ സഹോദരന്മാരുടെ കൈക്ക് വഴങ്ങിക്കൊടുക്കുകയും ചെയ്യുക. (സഫ്ഫുകളിൽ അണിനിരക്കുമ്പോഴും പുറത്തുപോകുമ്പോഴും നിങ്ങൾ മർക്കടമുഷ്ടി കൈവെടിയണം) പിശാചിന് നിങ്ങൾ വിടവുകളുപേക്ഷിച്ചിടരുത്. (തിങ്ങിനിൽക്കേണ്ടതാണ്) അണി ചേർക്കുന്നവനെ അല്ലാഹു ചേർക്കുകയും അണി മുറിക്കുന്നവനെ അല്ലാഹു മുറിക്കുകയും ചെയ്യട്ടെ.! (അബൂദാവൂദ്)

465. അനസി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: നിങ്ങൾ അണികൾ ചേർക്കണം (വിടവുണ്ടാക്കരുത്. ഏകദേശം 3 മുഴം മാത്രം അകലെ) അവയ്ക്കിടയിൽ ചേർന്ന് നിൽക്കുകയും പിരടികൾ സമമാക്കുകയും ചെയ്യേണ്ടതാണ്. എന്റെ ആത്മാവ് നിയന്ത്രിച്ചുകൊണ്ടിരിക്കുന്നവനെ ക്കൊണ്ട് സത്യം! നിശ്ചയം അണികളുടെ ഇടയിൽ കറുത്ത ആട്ടിൻകുട്ടികളെപ്പോലെ പിശാച് കടന്നുവരുന്നത് ഞാൻ കാണുന്നുണ്ട്. (അബൂദാവൂദ്)

466. അനസി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: നിങ്ങൾ മുമ്പിലുള്ള സഫ്ഫുകളെ (ആദ്യമാദ്യം) പൂർത്തീകരിക്കുക. വല്ല അപൂർണ്ണതയുമുണ്ടെങ്കിൽ അത് അവസാനത്തെ അണിയിലായിക്കൊള്ളട്ടെ. (അബൂദാവൂദ്)

467. ആയിശ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: നിശ്ചയം, അല്ലാഹു അണികളിൽ നിന്ന് വലതുഭാഗത്തുള്ളവരുടെമേൽ അനുഗ്രഹം ചൊരിയുന്നു. മലക്കുകൾ അവർക്കുവേണ്ടിപ്രാർത്ഥിക്കുന്നു. (അബൂദാവൂദ്)

468. ബറാഉ(റ)ൽ നിന്ന് നിവേദനം: റസൂൽ(സ)യുടെ പിന്നിൽ നിന്ന് നമസ്കരിക്കുമ്പോൾ അവിടുത്തെ വലതുഭാഗത്താകാൻ ഞങ്ങളിഷ്ടപ്പെട്ടിരുന്നു. ഒരിക്കൽ ഞങ്ങൾക്കഭിമുഖമായി പ്രാർത്ഥിക്കുന്നത് ഞാൻ കേട്ടു. നാഥാ! പുനരുത്ഥാനദിവസം അതല്ലെങ്കിൽ നിന്റെ അടിമകളെ നീ ഒരുമിച്ചുകൂട്ടുന്ന ദിവസം നിന്റെ ശിക്ഷയെക്കുറിച്ച് ഞങ്ങളെ നീ കാക്കേണമേ. (മുസ്ലിം)

469. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: നിങ്ങൾ ഇമാമിനെ നടുവിലാക്കുകയും വിടവുകൾ നികത്തുകയും ചെയ്യുക! (അബൂദാവൂദ്)

470. റംല(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു. എല്ലാ ദിവസവും ഫർളിനുപുറമെ പന്ത്രണ്ടു റക്അത്ത് സുന്നത്ത് നമസ്കരിക്കുന്ന ഓരോ മുസ്ലീമിനും അല്ലാഹു സ്വർഗ്ഗത്തിൽ ഓരോ ഭവനമുണ്ടാക്കാതിരിക്കുകയില്ല. (മുസ്ലിം)

471. ആയിശ(റ)യിൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു: സുബ്ഹിന്റെ രണ്ടു റക്അത്ത് ഇഹലോകത്തേക്കാളും അതിലുള്ളതിനെക്കാളും ഗുണകരമായതാണ്. (മുസ്ലിം)

472. ബിലാലി(റ)ൽ നിന്ന് നിവേദനം: അദ്ദേഹം ഒരിക്കൽ സുബ്ഹി നമസ്കാരം ഓർമ്മപ്പെടുത്താൻ റസൂൽ(സ)യുടെ അടുക്കൽ ചെന്നു. അപ്പോൾ നല്ലവണ്ണം പുലരുന്നതുവരെ ബിലാലി(റ)നോട് ഏതോ കാര്യം ചോദിച്ചുകൊണ്ട് ആയിശ(റ) അദ്ദേഹത്തെ ജോലിയിലാക്കി. അങ്ങനെ ബിലാൽ(റ) പെട്ടെന്ന് എഴുന്നേററു കൊണ്ട് നമസ്കാരസമയം നബി(സ)യെ അറിയിച്ചു. വീണ്ടും വീണ്ടും അദ്ദേഹം അറിയിച്ചെങ്കിലും റസൂൽ(സ) പുറപ്പെടുകയുണ്ടായില്ല. പിന്നീട് പുറപ്പെട്ട് ജനങ്ങൾക്ക് ഇമാമായി നമസ്കരിച്ചപ്പോൾ ബിലാൽ(റ) പറഞ്ഞു: ആയിശ(റ) ഒരു കാര്യം ചോദിച്ച് നേരം പുലരുന്നതുവരെ വൈകിച്ചതാണ്. അവിടുന്ന് പറഞ്ഞു: ഞാൻ

സുബ്ഹിന്റെ രണ്ടു റക്അത്ത് നമസ്കരിക്കുകയായിരുന്നു. (അതുകൊണ്ടാണ് പുറപ്പെടാൻ വൈകിയത്) ബിലാൽ(റ) പറഞ്ഞു: പ്രവാചകരെ! അങ്ങ് (നമസ്കരിക്കാതെ) നേരം വെളുപ്പിച്ചല്ലോ. നബി(സ) പറഞ്ഞു: ഇതിൽ കൂടുതൽ നേരം പുലർന്നാലും ഭംഗിയായിത്തന്നെ ഞാൻ അവ രണ്ടുംനമസ്കരിക്കും. (അബൂദാവൂദ്)

473. ആയിശ(റ)യിൽ നിന്ന് നിവേദനം: ഇശാഅ് നമസ്കാരം കഴിഞ്ഞ് സുബ്ഹി നമസ്കാരത്തിൽ പ്രവേശിക്കുന്നതിനിടയിൽ നബി(സ) 11 റക്അത്ത് സുന്നത്ത് നമസ്കരിച്ചിരുന്നു. എല്ലാ ഈരണ്ട് റക്അത്തുകൾക്കിടയിലും അവിടുന്ന് സലാം വീട്ടും. ഒരു റക്അത്തുകൊണ്ട് ആ നമസ്കാരത്തെ ഒററയാക്കും. അങ്ങനെ ബാങ്ക് വിളിക്കുന്നവൻ സുബ്ഹി ബാങ്കിൽ നിന്ന് വിരമിക്കുകയും പ്രഭാതം വ്യക്തമാവുകയും (നമസ്കാരസമയം അറിയിക്കാൻവേണ്ടി) നബി(സ)യുടെ അടുത്ത് മുഅദ്ദിൻ ചെല്ലുകയും ചെയ്താൽ അവിടുന്ന് എഴുന്നേററ് ലഘുവായി രണ്ട് റക്അത്ത് നമസ്കരിക്കും. എന്നിട്ട് ഇഖാമത്ത് കൊടുക്കുവാൻവേണ്ടി മുഅദ്ദിൻ വരുന്നതുവരെ അവിടുന്ന് വലതുഭാഗത്ത് ചരിഞ്ഞുകിടക്കും. (മുസ്ലിം). (സുബ്ഹിയുടെ സുന്നത്ത് നമസ്കരിച്ചുകഴിഞ്ഞാൽ അല്പം ചരിഞ്ഞുകിടക്കൽ സുന്നത്തുണ്ട്)

474. അബുഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: നിങ്ങളാരെങ്കിലും സുബ്ഹിന്റെ രണ്ട് റക്അത്ത് നമസ്കരിച്ചാൽ തന്റെ വലതുഭാഗത്ത് ചരിഞ്ഞുകിടന്നുകൊള്ളട്ടെ! (അബൂദാവൂദ്, തിർമിദി)

475. ആയിശ(റ)യിൽ നിന്ന് നിവേദനം: നബി(സ) എന്റെ വീട്ടിൽ വെച്ച് ളുഹറിന്റെ മുമ്പ് നാലു റക്അത്ത് നമസ്കരിച്ചിരുന്നു. പിന്നീട് അവിടുന്ന് പുറത്തുപോയി ജനങ്ങൾക്ക് ഇമാമായി നമസ്കരിക്കും. അതിനുശേഷം വീട്ടിൽ മടങ്ങിവന്ന് രണ്ട് റക്അത്ത് സുന്നത്ത് നമസ്കരിക്കാറുണ്ട്. അപ്രകാരം തന്നെ അവിടുന്ന് മഗ്രിബിന് ഇമാമായി നമസ്കരിച്ചതിനുശേഷം എന്റെ വീട്ടിൽ തിരിച്ചുവന്ന് രണ്ട് റക്അത്ത് നമസ്കരിക്കും. ജനങ്ങൾക്ക് ഇമാമായി ഇശാ നമസ്കരിച്ചതിനുശേഷവും വീട്ടിൽവന്ന് രണ്ട് റക്അത്ത് നമസ്കരിച്ചിരുന്നു. (മുസ്ലിം)

476. ഉമ്മുഹബീബ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: ളുഹറിന്റെ മുമ്പ് നാല് റക്അത്തും അതിനുശേഷം നാലു റക്അത്തും പതിവായി അനുഷ്ഠിച്ചാൽ അല്ലാഹു അവനെ നരകത്തിന് ഹറാമാക്കുന്നതാണ്. (അതിൽ ശാശ്വതമാകേണ്ടി വരില്ല) (അബൂദാവൂദ്, തിർമിദി)

477. അബ്ദുല്ല(റ)യിൽ നിന്ന് നിവേദനം: സൂര്യൻ മധ്യാഹ്നത്തിൽ നിന്ന് തെററിയതിനുശേഷം ളുഹറിനുമുമ്പായി റസൂൽ(സ) നാലു റക്അത്ത് നമസ്കരിച്ചിരുന്നു. ഒരിക്കൽ അവിടുന്ന് പറഞ്ഞു. വാനലോകത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുന്ന ഒരു സമയമാണത്. അതുകൊണ്ട് ആ സമയത്ത് എന്റെ ഏതെങ്കിലും സ്വാലിഹായ അമൽ ഉയർത്തപ്പെടാൻ ഞാനാഗ്രഹിക്കുന്നു. (തിർമിദി) (സ്വാലിഹായ അമലുകളിൽവെച്ച് ഏററവും ശ്രേഷ്ഠമായത് നമസ്കാരമാകുന്നു)

478. ആയിശ(റ)യിൽ നിന്ന് നിവേദനം: ളുഹറിനുമുമ്പ് നാല് റക്അത്ത് നമസ്കരിക്കാൻ നബി(സ)ക്ക് സൗകര്യപ്പെട്ടിട്ടില്ലെങ്കിൽ അതിനുശേഷം നാലു റക്അത്ത് നമസ്കരിച്ചിരുന്നു. (തിർമിദി)

479. അലി(റ)യിൽ നിന്ന് നിവേദനം: നബി(സ) അസറിനുമുമ്പ് നാല് റക്അത്ത് നമസ്കരിച്ചിരുന്നു. അവർക്കിടയിൽ (രണ്ട് റക്അത്തിനുശേഷം) മുക്കർറബായ മലക്കുകൾക്കും അവരെ അനുധാവനം ചെയ്ത മുസ്ലീംകൾക്കും മുഅ്മിനുകൾക്കും സലാം ചൊല്ലുമായിരുന്നു. (തിർമിദി) (ഇടയിൽ സലാം ചൊല്ലി ഈരണ്ട് റക്അത്തായി കൊണ്ടാണ് നമസ്കരിച്ചിരുന്നത്)

480. ഇബ്നുഉമറി(റ)ൽ നിന്ന് നിവേദനം: നബി(സ) ഒരിക്കൽ പ്രാർത്ഥിച്ചു; അസറിമുമുമ്പ് നാല് റക്അത്ത് നമസ്കരിക്കുന്ന മനുഷ്യനെ അല്ലാഹു അനുഗ്രഹിക്കട്ടെ! (അബൂദാവൂദ്, തിർമിദി)

481. അനസി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ)യുടെ കാലഘട്ടത്തിൽ സൂര്യാസ്തമനത്തിന് ശേഷം മഗ്രിബ് നമസ്കാരത്തിനുമുമ്പ് രണ്ട് റക്അത്ത് ഞങ്ങൾ നമസ്കരിച്ചിരുന്നു. ചോദിക്കപ്പെട്ടു. നബി(സ) അത് നമസ്കരിച്ചിരുന്നുവോ? റാവി പറഞ്ഞു ഞങ്ങളത് നമസ്കരിക്കുന്നതായിട്ട് നബി ഞങ്ങളെ കണ്ടിരുന്നു. അപ്പോൾ അവിടുന്ന് ഞങ്ങളോട് നിരോധിക്കുകയോ കൽപിക്കുകയോ ചെയ്തിട്ടില്ല. (മുസ്ലിം)

482. അനസി(റ)ൽ നിന്ന് നിവേദനം: ഞങ്ങൾ മദീനയിലായിരിക്കുമ്പോൾ മഗ്രിബ് നമസ്കാരത്തിന് മുഅദ്ദിൻ ബാങ്കുകൊടുത്താൽ അവർ തൂണുകളുടെ അടുത്തേക്ക് ഓടിച്ചെന്ന് രണ്ട് റക്അത്ത് നമസ്കരിക്കുമായിരുന്നു. ഒരു വിദേശി പള്ളിയിൽ വന്ന് കടന്നാൽ മഗ്രിബ് നമസ്കരിക്കുകയാണെന്ന് വിചാരിക്കും. നമസ്കരിക്കുന്നവരുടെ സംഖ്യ കൂടുതലായതുകൊണ്ടാണ്അങ്ങനെ വിചാരിക്കുവാനിടയാകുന്നത്. (മുസ്ലിം)

483. അബുഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു. നിങ്ങളാരെങ്കിലും ജുമുഅ നമസ്കരിച്ചാൽ അതിനുശേഷം അവൻ നാല് റക്അത്ത് സുന്നത്ത് നമസ്കരിച്ചുകൊള്ളട്ടെ.! (മുസ്ലിം)

484. ഇബ്നുഉമറി(റ)ൽ നിന്ന് നിവേദനം: തീർച്ചയായും സ്ഥലം വിടുന്നതുവരെ ജുമുഅക്കു ശേഷം നബി(സ) സുന്നത്ത് നമസ്കരിക്കാറില്ല. സ്ഥലം വിട്ടതിനുശേഷം വീട്ടിൽ വെച്ച് രണ്ട് റക്അത്ത് നമസ്കരിക്കാറുണ്ട്. (മുസ്ലിം)

485. ജാബിറി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) അരുൾ ചെയ്തു: നിങ്ങളാരെങ്കിലും പള്ളിയിൽവെച്ച് നമസ്കാരം നിർവ്വഹിക്കുന്നുവെങ്കിൽ തന്റെ നമസ്കാരത്തിൽ നിന്ന് ഒരോഹരി അവന്റെ ഭവനത്തിനും ആക്കിക്കൊള്ളട്ടെ! തന്റെ നമസ്കാരം മൂലം നിസ്സംശയം അവന്റ ഭവനത്തിൽ അല്ലാഹു അഭിവൃദ്ധി നൽകും. (മുസ്ലിം)

486. അംറി(റ)ൽ നിന്ന് നിവേദനം: അംറിനെ ഒരിക്കൽ നാഫിഅ്(റ) സാഇബിന്റെ അടുത്തേക്ക് പറഞ്ഞയച്ചു. അദ്ദേഹത്തിൽ നിന്ന് നമസ്കാരത്തിൽവെച്ച് മുആവിയാ(റ) വിന് കാണാൻകഴിഞ്ഞ ഏതോ കാര്യത്തെ സംബന്ധിച്ച് സാഇബിനോട് ചോദിച്ചറിയുവാൻ വേണ്ടിയായിരുന്നു പറഞ്ഞയച്ചത്. അങ്ങനെ ഞാൻ സാഇബിന്റെ അടുത്തുചെന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: അതെ! ഞാൻ മുആവിയ(റ) യൊന്നിച്ച് ഒരു മുറിയിൽ ജുമുഅ നമസ്കരിച്ചു. ഇമാം സലാം വീട്ടിയപ്പോൾ ഞാൻ എഴുന്നേററുനിന്ന് അവിടെവെച്ച് സുന്നത്ത് നമസ്കരിച്ചു. അദ്ദേഹം തന്റെ കൊട്ടാരത്തിൽ പ്രവേശിച്ചപ്പോൾ എന്റടുത്ത് ആളെ പറഞ്ഞയച്ചുകൊണ്ട് പറഞ്ഞു: നീ ഈ ചെയ്തത് ആവർത്തിക്കരുത്. ജുമുഅ നമസ്കരിച്ചാൽ സംസാരിക്കുകയോ സ്ഥലംവിടുകയോ ചെയ്യുന്നതുവരെ മറെറാരു നമസ്കാരം അതിനോട് നീ ചേർക്കരുത്. നിശ്ചയം സംസാരിക്കുകയോ സ്ഥലം വിടുകയോ ചെയ്യാതെ തുടർന്ന് നമസ്കരിക്കരുതെന്ന് റസൂൽ(സ) നമ്മോട് ആജ്ഞാപിച്ചിട്ടുണ്ട്. (മുസ്ലിം)

487. ആയിശ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) നാല് റക്അത്ത് ളുഹാ നമസ്കരിച്ചിരുന്നു. ചിലപ്പോൾ അവിടുന്നുദ്ദേശിക്കുന്നത്ര റക്അത്തുകൾ വർദ്ധിപ്പിക്കാറുണ്ട്. (മുസ്ലിം)

488. സൈദുബ്നു അർഖമി(റ)ൽ നിന്ന് നിവേദനം: (ആദ്യ സമയത്ത്) ളുഹാ നമസ്കരിക്കുന്ന ചില ആളുകളെ കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: ഇതല്ലാതെ സമയത്ത് നമസ്കരിക്കലാണ് ഏററവും ഉത്തമമെന്ന് അവർക്കറിഞ്ഞുകൂടെ?

നിശ്ചയം, റസൂൽ(സ) പറഞ്ഞിട്ടുണ്ട്. അവ്വാബീങ്ങളുടെ (പാപങ്ങളിൽ നിന്ന് സദാപശ്ചാത്താപം പ്രകടിപ്പിക്കുന്നവരുടെ) (ളുഹാ) നമസ്കാരം ഒട്ടകക്കുഞ്ഞുങ്ങൾ അത്യുഷ്ണം കാരണമായി എരിഞ്ഞുപൊള്ളുന്ന സമയമത്രെ.! (മുസ്‌ലിം)

489. സഅ്ദി(റ)ൽ നിന്ന് നിവേദനം: ഞങ്ങളൊരിക്കൽ മക്കയിൽ നിന്ന് മദീന ലക്ഷ്യംവെച്ചുകൊണ്ട് നബി(സ) യോടൊപ്പം യാത്ര തിരിച്ചു. അങ്ങനെ ഞങ്ങൾ (മക്കയോടടുത്ത) അസ്‌വസാഅ് എന്ന സ്ഥലത്തെത്തിയപ്പോൾ നബി(സ) അവിടെ ഇറങ്ങി. ഇരുകരങ്ങളും ഉയർത്തിപ്പിടിച്ച് ഒരു മണിക്കൂർ സമയം അല്ലാഹുവിനോട് പ്രാർത്ഥിച്ചു. പിന്നീട് അവിടുന്ന് സാജിദായിക്കൊണ്ട് വീണു. പിന്നെയും സാജിദായി വീണു, മൂന്നു പ്രാവശ്യം ഇതാവർത്തിച്ചുകൊണ്ട് അവിടുന്ന് പറഞ്ഞു: ഞാൻ എന്റെ റബ്ബിനോട് ദുആ ഇരക്കുകയും പ്രജകൾക്കുവേണ്ടി ശുപാർശ ചെയ്യുകയും ചെയ്യുകയായിരുന്നു. അങ്ങനെ എന്റെ പ്രജകളിൽ മൂന്നിലൊരു ഭാഗത്തെ (സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുവാൻ) എനിക്ക് അനുവാദം നൽകി. അതിനു നന്ദിയായിക്കൊണ്ട് ഞാൻ സാജിദായി വീണു. അതിനുശേഷം ഞാൻ തലയുയർത്തി വീണ്ടും പ്രജകൾക്കുവേണ്ടി ശുപാർശ ചെയ്തു. അപ്പോഴും മൂന്നിലൊരു ഭാഗം സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കാൻ എനിക്ക് അനുമതി നൽകി. പിന്നെയും നന്ദിയായി ഞാൻ സുജൂദിൽ വീഴുകയുണ്ടായി. അതിൽനിന്നു തലയുയർത്തി വീണ്ടും പ്രജകളുടെ കാര്യത്തിൽ ഞാൻ ശുപാർശ ചെയ്തപ്പോൾ ബാക്കിയുള്ള മൂന്നിലൊന്നും എനിക്കനുവദിച്ചു. തുടർന്ന് മൂന്നാം പ്രാവശ്യവും ശുക്റായിക്കൊണ്ട് സുജൂദിൽ വീണു. (അബൂദാവൂദ്)

490. അബ്ദുല്ല(റ)യിൽ നിന്ന് നിവേദനം: നബി(സ) അരുൾ ചെയ്തു: ജനങ്ങളെ! നിങ്ങൾ സലാം വ്യാപിപ്പിക്കുകയും ആഹാരം നൽകുകയും ജനങ്ങൾ രാത്രി നിദ്രയിലാണ്ടു കഴിയുന്നസമയം നമസ്കരിക്കുകയും ചെയ്തുകൊള്ളുക. എന്നാൽ സുരക്ഷിതരായിക്കൊണ്ട് സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ കഴിയും. (തിർമിദി)

491. അബൂഹുറയ്‌റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: റമസാനിലേതല്ലാത്തനോമ്പുകളിൽവെച്ച് ഏററവും ഉത്തമമായത് മുഹററ മാസത്തിലെ നോമ്പാകുന്നു. അപ്രകാരം തന്നെ ഫർളു നമസ്കാരത്തിനുശേഷം നമസ്കാരങ്ങളിൽവെച്ച് ഏററവും ഉത്തമമായത് രാത്രിയിലെ സുന്നത്ത് നമസ്കാരമാകുന്നു. (മുസ്‌ലിം)

492. ജാബിറി(റ)ൽ നിന്ന് നിവേദനം: ഒരിക്കൽ റസൂൽ(സ) ചോദിക്കപ്പെട്ടു. നമസ്കാരങ്ങളിൽ വെച്ച് ഏററവും ശ്രേഷ്ഠതയുള്ളതേതാണ്? അവിടുന്ന് ഉത്തരം നൽകി: നിറുത്തം കൂടുതൽ ദീർഘിപ്പിക്കുന്ന നമസ്കാരമാണത്. (മുസ്‌ലിം)

493. ജാബിറി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു: നിശ്ചയം, രാത്രിയിൽ ഒരു (പ്രത്യേക) സമയമുണ്ട്. ഇഹപരകാര്യങ്ങളിൽ നന്മ ചോദിച്ചുകൊണ്ട് ഒരു മുസ്ലീമും അതുമായി എത്തിമുട്ടുകയില്ല–അല്ലാഹു അവനത് നൽകിയിട്ടല്ലാതെ. എല്ലാ രാത്രിയിലും ഇങ്ങനെതന്നെയാണ്. (മുസ്‌ലിം) (ഒരു രാത്രിയിലെ മാത്രം പ്രത്യേകതയല്ല)

494. അബൂഹുറയ്‌റ(റ)യിൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു: നിങ്ങളാരെങ്കിലും രാത്രിനമസ്കരിക്കുന്ന പക്ഷം ലഘുവായ രണ്ട് റക്അത്ത് കൊണ്ട് നമസ്കാരം ആരംഭിച്ചുകൊള്ളുക. (മുസ്‌ലിം)

495. ആയിശ(റ)യിൽ നിന്ന് നിവേദനം: നബി(സ) രാത്രിയിൽ എഴുന്നേററ് നമസ്കരിക്കുമ്പോൾ ലഘുവായ രണ്ട് റക്അത്തുകൊണ്ടാണ് നമസ്കാരം ആരംഭിച്ചിരുന്നത്. (മുസ്‌ലിം)

496. അബൂഹുറയ്‌റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: രാത്രിയിൽ എഴുന്നേററു നമസ്കരിച്ചവനേയും ഭാര്യയെ വിളിച്ചുണർത്തി, അവൾ

എഴുന്നേൽക്കാതിരുന്നപ്പോൾ മുഖത്ത് വെള്ളംകുടഞ്ഞു എഴുന്നേൽപ്പിച്ചവനേയും, അല്ലാഹു അനുഗ്രഹിക്കട്ടെ! അപ്രകാരംതന്നെ രാത്രി എഴുന്നേററ് നമസ്കരിക്കുകയും ഭർത്താവിനെ വിളിച്ചുണർത്തി അയാൾ എഴുന്നേൽക്കാൻ വിസമ്മതിച്ചപ്പോൾ മുഖത്ത് വെള്ളം കുടഞ്ഞ് എഴുന്നേൽപ്പിക്കുകയും ചെയ്തവളേയും അല്ലാഹു അനുഗ്രഹിക്കട്ടെ. (അബൂദാവൂദ്)

497. അബൂഹുറയ്റ(റ)യിൽ നിന്നും അബുസഈദി(റ)ൽനിന്നും നിവേദനം: റസൂൽ(സ) പറഞ്ഞു; ഒരാൾ രാത്രിയിൽ തന്റെ സഹധർമ്മിണിയെ വിളിച്ചുണർത്തി. എന്നിട്ട് അവരിരുവരും (ജമാഅത്തായോ ഒററക്കോ) രണ്ടു റക്അത്ത് നമസ്കരിച്ചു. എങ്കിൽ സ്മരിക്കുന്നവർക്കിടയിൽ അവരെപ്പററി എഴുതപ്പെടുന്നതാണ്. (അബൂദാവൂദ്)

498. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: നിങ്ങളാരെങ്കിലും രാത്രി എഴുന്നേററ് നമസ്കരിക്കുമ്പോൾ ഖുർആൻ ഓതാൻ നാവിൽ പ്രയാസം നേരിടുകയും പറയുന്നത് ഗ്രഹിക്കാൻ കഴിയാതാവുകയും ചെയ്താൽ ഉറങ്ങിക്കൊള്ളുക. (മുസ്ലിം)

499. ആയിശ(റ)യിൽ നിന്ന് നിവേദനം: മറേറത് മാസങ്ങളിലുമില്ലാത്ത പരിശ്രമമാണ് റമസാനിൽ റസൂൽ(സ) ചെയ്യാറ്. അപ്രകാരം മറേറത് ദിവസങ്ങളിലുമില്ലാത്ത പരിശ്രമം റമസാന്റെ അവസാനത്തെ പത്തിൽ അവിടുന്ന് ചെയ്യാറുണ്ട്. (മുസ്ലിം)

500. ആയിശ(റ)യിൽ നിന്ന് നിവേദനം: ഞാൻ പറഞ്ഞു: പ്രവാചകരേ! ലൈലത്തുൽ ഖദ്ർ ഏതാണെന്ന് ഞാനറിയുന്നപക്ഷം അതിൽ ഞാനെന്താണ് പറയേണ്ടത്: നബി(സ) പറഞ്ഞു: നീ പറയൂ – അല്ലാഹുവേ! നീ മാപ്പ് കൊടുക്കുന്നവനാണ്. മാപ്പ് കൊടുക്കാൻ നിനക്കിഷ്ടമാണ്. അതുകൊണ്ട് എനിക്ക് നീ മാപ്പു തരേണമെ!. (മുസ്ലിം)

## 11. ഖുനൂത്ത്

501. ഇബ്നു അബ്ബാസ്(റ) നിവേദനം ചെയ്തു: അല്ലാഹുവിന്റെ ദൂതൻ(സ) ഒരുമാസം തുടർച്ചയായി ളുഹ്ർ, അസർ, മഗ്രിബ്, ഇഷാ, ഫജർ നമസ്ക്കാരങ്ങളിൽ ഖുനൂത്ത് ഓതി. അവിടുന്ന് (ഇപ്രകാരം) അവസാന റകഅത്തിൽ, അല്ലാഹു തന്നെ സ്തുതിക്കുന്നവരെ കേൾക്കുന്നു. എന്ന് പറഞ്ഞപ്പോൾ, ബനൂസുലൈം, റിഅ്ൽ, സക്വാൻ ഉസയ്യ, എന്നീ ഗോത്രക്കാർക്കു എതിരായിപ്രാർത്ഥിക്കയും അവിടുത്തെ പിന്നിൽ നിന്നവർ ആമീൻ പറയുകയും ചെയ്തു. (അബൂദാവൂദ്)

502. അനസ്(റ) നിവേദനം ചെയ്തു; പ്രവാചകൻ(സ) ഒരുമാസം ഖുനൂത്ത് ഓതുകയും പിന്നീട് അതുപേക്ഷിക്കയും ചെയ്തു. (അബൂദാവൂദ്)

503. അബുമാലിക്ക് അൽ അഷ്ജഇ(റ) നിവേദനം ചെയ്തു: ഞാൻ പിതാവിനോടു ചോദിച്ചു. അല്ലയോപിതാവേ, അങ്ങ് അല്ലാഹുവിന്റെ ദൂത(സ)ന്റേയും അബൂബക്കറിന്റേയും ഉമറിന്റേയും ഉസ്മാന്റേയും അലിയുടേയും പിന്നിലും കൂഫായിൽ ഇതപര്യന്തം ഏതാണ്ടു അഞ്ചുകൊല്ലവും നമസ്കരിക്കയുണ്ടായല്ലോ. അവർ ഖുനൂത്ത് ഓതിയോ? അദ്ദേഹം പറഞ്ഞു. എന്റെ കുഞ്ഞേ, അത് നൂതനം ആണ്. (തിർമിദി, ഇബ്നുമാജാ)

504. ഹസൻ(റ) നിവേദനം ചെയ്തു. ഉമർ ഇബ്നുൽ ഖത്താബ് ജനങ്ങളെ ഉബയ്യിബ്നുകഅ്ബിന്റെ കീഴിൽ സംഘടിപ്പിക്കയും അദ്ദേഹം അവസാന പകുതിയൊഴിച്ചു ഖുനൂത്ത് ഓതാതെ ഇരുപതു ദിവസം അവർക്കു ഇമാമായി നമസ്ക്കരിക്കയും ചെയ്തു. അവസാനത്തെ പത്ത് ദിവസം വന്നപ്പോൾ, അദ്ദേഹം പോയില്ല. വീട്ടിൽ വച്ച് നമസ്കരിച്ചു. അതിനാൽ അവർ പറഞ്ഞു. ഉബെയ്യ് ഓടിക്കളഞ്ഞു എന്ന്. (അബൂദാവൂദ്)

505. അനസ് ഇബ്നുമാലിക്കി(റ)നോട് ഖുനൂത്തിനെക്കുറിച്ചു ചോദിച്ചു. അദ്ദേഹം പറഞ്ഞു: ദൈവദൂതൻ(സ) കുനിഞ്ഞതിനുശേഷം ഖുനൂത്തു ഓതി മററൊരു നിവേദനത്തിൽ കുമ്പിടുന്നതിനുമുമ്പും അതിന് ശേഷവും. (ഇബ്നുമാജാ)

## 12. നമസ്ക്കാരസമയങ്ങൾ

506. അബൂമസ്ഊദുൽ അൻസാരി(റ) നിവേദനം: അദ്ദേഹം ഒരിക്കൽ മുഗീറത്തുബ്നുശുഅ്ബയുടെ അടുക്കൽ പ്രവേശിച്ചു. മുഗീറത്തു ഇറാഖിലായിരുന്നു. അദ്ദേഹം ഒരു ദിവസം നമസ്കാരം അൽപം പിന്തിച്ചു. അതറിഞ്ഞപ്പോൾ അബൂമസ്ഊദ്(റ) പറഞ്ഞു. മുഗീറ! ഇതെന്താണ്? ജിബ്രീൽ ഒരു ദിവസം വരികയും എന്നിട്ടു നമസ്ക്കരിക്കുകയും അതനുസരിച്ച് നബി(സ) നമസ്ക്കരിക്കുകയും പിന്നീട് (മററൊരു സന്ദർഭത്തിലും) ജിബ്രീൽ നമസ്ക്കരിക്കുകയും അതനുസരിച്ച് നബി(സ)യും നമസ്ക്കരിക്കുകയും പിന്നീട് (മററൊരു നമസ്കാര സമയത്ത്) ജീബ്രിൽ നമസ്ക്കരിക്കുകയും അതനുസരിച്ച് തിരുമേനി(സ) നമസ്ക്കരിക്കുകയും അനന്തരം (വേറൊരുനമസ്കാര സമയത്ത്) ജിബ്രീൽ നമസ്ക്കരിക്കുകയും അതനുസരിച്ച് തിരുമേനി(സ) നമസ്ക്കരിക്കുകയും ചെയ്തതും ഒടുവിൽ ഇങ്ങനെ ചെയ്യാനാണ് എന്നോട് കൽപിച്ചിരിക്കുന്നത് എന്ന് ജിബ്രീൽ പറഞ്ഞതും നിങ്ങൾ അറിഞ്ഞിട്ടില്ലേ? എന്ന് അബൂമസ്ഊദ് ചോദിച്ചു. ഉമറുബ്നു അബ്ദിൽ അസീസ് ഒരിക്കൽ നമസ്കാരം അൽപം പിന്തിച്ചപ്പോൾ ഈ സംഭവം ഉർവത്തു:(റ) അദ്ദേഹത്തോടു പറഞ്ഞു: അപ്പോൾ ഉമർ(റ) ചോദിച്ചു: ഉർവ്വാ! താങ്കൾ പറയുന്നത് ശരിക്കും മനസ്സിലാക്കുക. ജിബ്രീൽ നബി(സ)ക്ക് നമസ്കാരസമയത്ത് ഇമാമത്ത് നിൽക്കുകയോ? അപ്പോൾ ഉർവ്വത്തു:(റ) പറഞ്ഞു: ഇപ്രകാരം അബൂമസ്ഊദിൽ നിന്ന് മകൻ ബഷീർ ഉദ്ധരിക്കുന്നുണ്ട്. ആയിശ:(റ) നിവേദനം: തിരുമേനി(സ) അസർ നമസ്കരിക്കുമ്പോൾ സൂര്യൻ അവരുടെ മുറിയിൽ തന്നെയായിരിക്കും. അഥവാ നിഴൽ ആകുന്നതിന് മുമ്പായി. (ബുഖാരി. 1. 10. 500)

507. ജറീർ(റ) നിവേദനം: നമസ്കാരം നിലനിർത്തുവാനും, സകാത്തുനല്കുവാനും, എല്ലാമുസ്ലീംകൾക്കും ഗുണം കാംക്ഷിക്കുവാനും നബി(സ)ക്ക് ഞാൻ ബൈഅത്ത് (പ്രതിജ്ഞാ ഉടമ്പടി) ചെയ്യുകയുണ്ടായി. (ബുഖാരി. 1. 10. 502)

508. ഇബ്നുമസ്ഊദ്(റ) നിവേദനം: ഒരു മനുഷ്യൻ ഒരിക്കൽ ഒരു സ്ത്രീയെ പിടിച്ചു ചുംബിച്ചു. അനന്തരം അയാൾ തിരുമേനി(സ)യുടെ അടുക്കൽ വന്നിട്ട് സംഭവത്തെക്കുറിച്ച് തിരുമേനി(സ) യോട് പറഞ്ഞു. അന്നേരമാണ് പകലിന്റെ രണ്ടററങ്ങളിലും രാവിന്റെ ആദ്യദശകളിലും നീ നമസ്കാരം മുറപ്രകാരം അനുഷ്ടിക്കുക, നന്മകൾ തിന്മകളെ മായ്ച്ചുകളയും എന്ന ഖൂർആൻ വാക്യം അവതരിപ്പിച്ചത് അന്നേരം അയാൾ ചോദിച്ചു: ദൈവദൂതരേ, ഇത് എനിക്ക് മാത്രമുള്ളതാണോ? തിരുമേനി(സ) അരുളി: അല്ല എന്റെ മുഴുവൻ സമുദായത്തിനുമുള്ളതാണ്. (ബുഖാരി. 1. 10. 504)

509. അബ്ദുല്ല(റ) നിവേദനം: പ്രവർത്തനങ്ങളിൽ അല്ലാഹുവിന് ഏററവും ഇഷ്ടപ്പെട്ടത് ഏതെന്ന് തിരുമേനി(സ) യോട് ഞാൻ ചോദിച്ചു. തിരുമേനി(സ) അരുളി: സമയത്ത് നമസ്കരിക്കുന്നത് തന്നെ. പിന്നീട് ഏതെന്ന് ഞാൻ ചോദിച്ചു. തിരുമേനി(സ) അരുളി: മാതാപിതാക്കൾക്ക് നന്മ ചെയ്യൽ. പിന്നീട് ഏതെന്ന് ഞാൻ ചോദിച്ചു. തിരുമേനി(സ) അരുളി: അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജിഹാദ് ചെയ്യൽ. അബ്ദുല്ല(റ) പറയുന്നു. ഇക്കാര്യങ്ങളെല്ലാം തിരുമേനി(സ) എന്നോട് അരുളിയതാണ്. തിരുമേനി(സ) യോട് ഞാൻ കൂടുതൽ ചോദിച്ചിരുന്നെങ്കിൽ തിരുമേനി(സ) എനിക്ക് വർദ്ധനവ് നല്കുമായിരുന്നു. (ബുഖാരി. 1. 10. 505)

510. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: നിങ്ങളൊന്നു സങ്കല്പിച്ചു നോക്കുക. നിങ്ങളിൽ ഒരാളുടെ വാതിലിനു മുമ്പിൽ ഒരു നദിയുണ്ട്. ആ നദിയിൽ അവൻ എല്ലാ ദിവസവും അഞ്ചു പ്രാവശ്യം കുളിക്കും. നീ എന്തു പറയുന്നു.

പിന്നീടവന്റെ ശരീരത്തിൽ വല്ല അഴുക്കും അവശേഷിക്കുമോ? അവർ പറഞ്ഞു. അവശേഷിക്കുകയില്ല. അന്നേരം തിരുമേനി(സ) അരുളി: അഞ്ചു നേരത്തെ നമസ്കാരത്തിന്റെ സ്ഥിതി ഇങ്ങനെ തന്നെയാണ്. ആ നമസ്കാരങ്ങൾ മുഖേന മനുഷ്യന്റെ തെററുകളെല്ലാം അല്ലാഹു മായ്ച്ച്കളയും. (ബുഖാരി. 1. 10. 506)

511. അനസ്(റ) നിവേദനം: അദ്ദേഹം പറഞ്ഞു: തിരുമേനി(സ)യുടെ കാലത്തുണ്ടായിരുന്ന ഒന്നുംതന്നെ ഇന്ന് (അതിന്റെ ശരിയായ രൂപത്തിൽ) ഞാൻ കാണുന്നില്ല. നമസ്കാരമില്ലേ? എന്ന് അപ്പോൾ പറയപ്പെട്ടു. ഉടനെ അനസ്(റ) പറഞ്ഞു. അതിൽ നിങ്ങൾ സ്വയം നിർമ്മിച്ചതെല്ലാം നിർമ്മിച്ചില്ലേ. (ബുഖാരി. 1. 10. 508)

512. സുഹ്‌രി(റ) നിവേദനം: അനസ്(റ) ദിമശ്ഖിൽ താമസിക്കുന്ന സന്ദർഭത്തിൽ അദ്ദേഹത്തിന്റെ സന്നിധിയിൽ ഞാൻ പ്രവേശിച്ചു. അപ്പോൾ അദ്ദേഹം കരയുകയാണ്. ഞാൻ ചോദിച്ചു: എന്താണ് താങ്കളെ കരയിക്കുന്നത്? അദ്ദേഹം പറഞ്ഞു. നബി(സ)യുടെ കാലത്ത് ഞാൻ മനസ്സിലാക്കിയിരുന്ന യാതൊന്നും ഇന്ന് ഞാൻ കാണുന്നില്ല. നമസ്കാരമല്ലാതെ. എന്നാൽ ഈ നമസ്കാരവും (സമയം) പാഴാക്കപ്പെടുന്നു. (ബുഖാരി. 1. 10. 507)

513. അനസ്(റ) നിവേദനം: തിരുമേനി(സ) അരുളി: നിങ്ങൾ സുജൂദിൽ മര്യാദയും മിതത്വവും പാലിക്കുക. നായയെപ്പോലെ കൈകൾ ഭൂമിയിൽ പരത്തി ഇട്ടുകൊണ്ട് സുജൂദ് ചെയ്യരുത്. തുപ്പുകയാണെങ്കിൽ വലതുഭാഗത്തേക്കും മുമ്പിലേക്കും തുപ്പരുത്. കാരണം അവൻ തന്റെ രക്ഷിതാവിനോട് ഗൂഢ സംഭാഷണം നടത്തുകയാണ്. (ബുഖാരി. 1. 10. 508)

514. അബൂഹുറൈറ(റ) യും ഇബ്നുഉമർ(റ) യും നിവേദനം ചെയ്യുന്നു. തിരുമേനി(സ) അരുളി: ചൂട് കഠിനമായാൽ അതിന് ശാന്തത വന്ന ശേഷം നിങ്ങൾ നമസ്കാരം നിർവ്വഹിക്കുക. നിശ്ചയം ചൂടിന്റെ കാഠിന്യം നരകം ആളിക്കത്തിയിട്ടുണ്ടാകുന്ന ഉഷ്ണം പോലെയാണ്. (ബുഖാരി. 1. 10. 510)

515. അബൂദർറ്(റ) നിവേദനം: അദ്ദേഹം പറയുന്നു: ഒരു ദിവസം നബി(സ)യുടെ ബാങ്ക് വിളിക്കുന്നവൻ ളുഹ്ർ ബാങ്കു വിളിച്ചു. അപ്പോൾ നബി(സ) പറഞ്ഞു: നീതണുപ്പിക്കുക, നീതണുപ്പിക്കുക. അല്ലെങ്കിൽ നബി(സ) പറഞ്ഞത് നീ അല്പം കാത്തുനില്ക്കുക, കാത്തു നില്ക്കുക എന്നാണ്. എന്നിട്ട് നബി(സ) അരുളി. കഠിനചൂട് നരകം കത്തി ജ്വലിക്കുന്നതിൽ നിന്നുണ്ടാകുന്നതുപോലെയാണ്. അതുകൊണ്ട് ചൂട് കഠിനമായാൽ നിങ്ങൾ നമസ്കാരം അല്പം പിന്തിക്കുക. നിവേദകൻ പറയുന്നു. കുന്നുകൾക്ക് നിഴലുകൾ ഉണ്ടായതായി ഞങ്ങൾ കാണുന്നതുവരെ നബി(സ) പിന്തിപ്പിച്ചിരുന്നു. (ബുഖാരി. 1. 10. 511)

516. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: ഒരിക്കൽ നരകം: രക്ഷിതാവേ! എന്റെ ചിലഭാഗം മററു ചില ഭാഗത്തെ ഭക്ഷിച്ചിരിക്കുന്നു എന്ന് പറഞ്ഞുകൊണ്ട് ആവലാതിപ്പെട്ടു. അപ്പോൾ അവൻ അതിന് ശൈത്യകാലത്തും ഉഷ്ണകാല്ത്തും ഓരോ ശ്വാസം വിടുവാൻ അനുമതി നല്കി. അതാണ് നിങ്ങൾക്ക് അനുഭവപ്പെടുന്ന കഠിനചൂടും കഠിനതണുപ്പും. (ബുഖാരി. 1. 10. 512)

517. അബൂദർറ്(റ) നിവേദനം: ഞങ്ങളൊരിക്കൽ തിരുമേനി(സ) യോടോപ്പം യാത്ര ചെയ്യുകയായിരുന്നു. അപ്പോൾ ബാങ്ക് കൊടുക്കുന്ന ആൾ ളുഹ്ർ നമസ്കാരത്തിനുവേണ്ടി ബാങ്ക് കൊടുക്കാനൊരുങ്ങി. അന്നേരം തിരുമേനി(സ) അരുളി: ചൂട് ശമിപ്പിക്കാൻ നീ അല്പം കാക്കുക. കുറച്ച്കഴിഞ്ഞ ശേഷം വീണ്ടും അദ്ദേഹം ബാങ്ക് കൊടുക്കാനൊരുങ്ങി. അപ്പോഴും ചൂട് ശമിപ്പിക്കാൻ അല്പം കാത്തിരിക്കുകയെന്ന് വീണ്ടും തിരുമേനി(സ) അരുളി. അങ്ങനെ നമസ്കാരം താമസിപ്പിച്ചിട്ട് മേടുകളുടെ നിഴലുകൾ കാണാൻ തുടങ്ങി. ശേഷം നബി(സ) അരുളി:

നിശ്ചയം ചൂടിന്റെ കാഠിന്യം നരകത്തിലെ ഉഷ്ണം പോലെയാണ് അതിനാൽ ചൂട് കഠിനമാകയാൽ നിങ്ങൾ ളുഹ്റിനെ തണുപ്പിക്കുക. (ബുഖാരി. 1. 10. 514)

518. അബൂബർസ(റ) നിവേദനം: തിരുമേനി(സ) സുബ്ഹ് നമസ്കരിക്കുമ്പോൾ ഞങ്ങൾക്ക് ഞങ്ങളുടെ സദസ്സിലുള്ളവരെ തിരിച്ചറിയാൻ കഴിയുന്ന വിധം വെളിച്ചമുണ്ടായിരുന്നു. സുബ്ഹിനമസ്കാരത്തിൽ 60 മുതൽ 100 വരെ ഖുർആൻ വാക്യങ്ങൾ തിരുമേനി(സ) ഓതാറുണ്ടായിരുന്നു. സൂര്യൻ ആകാശ മധ്യത്തിൽ നിന്ന് തെററിയ അവസരത്തിലാണ് തിരുമേനി ളുഹ്റ് നമസ്കരിച്ചിരുന്നത്. മദീനയുടെ ഒരററത്ത് പോയി സൂര്യൻ അസ്തമിക്കും മുമ്പ് ഞങ്ങളിൽ ഒരാൾക്ക് തിരിച്ചെത്താൻ സൗകര്യപ്പെടുന്ന സമയത്താണ് തിരുമേനി(സ) അസർ നമസ്കരിച്ചിരുന്നത്. മഗ്രിബിന്റെ കാര്യത്തിൽ അബൂബർസ:(റ) പ്രസ്താവിച്ചത് ഞാൻ മറന്നുപോയി. ഇശാ നമസ്കാരം രാവിന്റെ മൂന്നിൽ ഒരു ഭാഗം കഴിയും വരേക്കും നീട്ടി വെക്കുന്നതിൽ തിരുമേനി(സ) ദോഷമൊന്നും ദർശിച്ചിരുന്നില്ല. രാവിന്റെ പകുതിവരെ നീട്ടി വെക്കുന്നതിലും ദോഷമൊന്നും കണ്ടിരുന്നില്ല എന്നും പിന്നീട് അബൂബർസ(റ) പറഞ്ഞു. (ബുഖാരി. 1. 10. 516)

519. അനസ്(റ) നിവേദനം: ഞങ്ങൾ നബി(സ)യുടെ പിന്നിൽ നിന്നു കൊണ്ട് ളുഹ്ർ നമസ്കരിക്കുമ്പോൾ ചൂടിനെ തടുക്കുവാൻ വേണ്ടി സുജൂദിന്റെ സന്ദർഭത്തിൽ വസ്ത്രത്തിന്മേൽ സുജൂദ് ചെയ്യാറുണ്ട്. (ബുഖാരി. 1. 10. 517)

520. ഇബ്നുഅബ്ബാസ്(റ) നിവേദനം: തിരുമേനി(സ) മദീനയിൽ വെച്ച് ഏഴ് റക്ക്അത്തും എട്ട് റക്ക്അത്തും ഓരോ അവസരങ്ങളിൽ നമസ്കരിച്ചിട്ടുണ്ട്. അതായത് ളുഹ്റ് – അസർ എന്നിവചേർത്ത് എട്ട് റക്അത്തും, മഗ്രിബ് – ഇശാ എന്നിവ ചേർത്ത് ഏഴ് റക്അത്തും. അയ്യൂബ് ചോദിച്ചു: മഴ കാരണമായിരിക്കുമോ? അതെ, അപ്രകാരമായിരിക്കാം എന്നു അദ്ദേഹം മറുപടി നല്കി. (ബുഖാരി. 1. 10. 518)

521. ആയിശ(റ) നിവേദനം: തിരുമേനി(സ) അസർ നമസ്കരിക്കുമ്പോൾ സൂര്യൻ (വെയിൽ) അവരുടെ മുറിയിൽ നിന്ന് പുറത്തുപോയിട്ടുണ്ടായിരിക്കുകയില്ല. (ബുഖാരി. 1. 10. 519)

522. ആയിശ(റ) നിവേദനം: എന്റെ മുറിയിൽ വെയിൽ നിലനിൽക്കുമ്പോൾ അഥവാ നിഴൽ ആകുന്നതിന് മുമ്പായി നബി(സ) അസർ നമസ്കരിക്കാറുണ്ടായിരുന്നു. (ബുഖാരി. 1. 10. 520)

523. ആയിശ(റ) നിവേദനം: തിരുമേനി(സ) അസർ നമസ്കരിക്കുമ്പോൾ സൂര്യൻ എന്റെ മുറിയിൽ ഉദിച്ചുകൊണ്ടിരിക്കും. നിഴൽ വ്യാപിച്ചിരിക്കുകയില്ല. (ബുഖാരി. 1. 10. 521)

524. അനസ്(റ) നിവേദനം: ഞങ്ങൾ അസർ നമസ്കരിച്ചു കഴിഞ്ഞ ശേഷം ബനൂഅംറ്ബനു ഔഫ് താമസിക്കുന്ന കേന്ദ്രത്തിലേക്ക് ഒരാൾ പോകും. അന്നേരം അവർ അസർ നമസ്കരിക്കുന്നതായി അയാൾ കാണും. (ബുഖാരി. 1. 10. 523)

525. അബൂഉമാമ:(റ) നിവേദനം: ഞങ്ങളൊരിക്കൽ ഉമർറ്ബ്നു അബ്ദുൽ അസീസിന്റെ കൂടെ ളുഹ്ർ നമസ്കരിച്ചശേഷം അനസ്(റ)ന്റെ അടുക്കൽ പ്രവേശിച്ചു. അപ്പോൾ അദ്ദേഹം അസർ നമസ്കരിക്കുകയാണ്. ഉടനെ ചോദിച്ചു: എന്റെ പിതൃവ്യാ! അങ്ങ് നമസ്കരിച്ച ഈ നമസ്ക്കാരം ഏതാണ്? അദ്ദേഹം പറഞ്ഞു: അസറാണ്. ഇതാണ് ഞങ്ങൾ തിരുമേനി(സ) യോടൊപ്പം നമസ്കരിച്ചിരുന്ന നമസ്കാരം (അതിന്റെ സമയം) (ബുഖാരി. 1. 10. 524)

526. അനസ്(റ) നിവേദനം: തിരുമേനി(സ) അസർ നമസ്കരിക്കും. സൂര്യൻ ഉയർന്ന് നില്ക്കുന്നതും ജീവനുള്ളതും ആയിരിക്കും. എന്നിട്ട് നമസ്കാരത്തിൽ നിന്ന് വിരമിച്ചശേഷം ഒരാൾ മേലെ മദീനയിലേക്ക് പോകും. അദ്ദേഹം അവിടെ എത്തുമ്പോൾ സൂര്യൻ ആകാശത്ത് ഉയർന്ന് തന്നെ നില്ക്കും. മേലെ മദീനയുടെ

ചില ഭാഗങ്ങൾ മദീന കേന്ദ്രത്തിൽ നിന്ന് ഏതാണ്ട് നാലു മൈൽ അകലെയാണ് സ്ഥിതിചെയ്യുന്നത്. (ബുഖാരി. 1. 10. 525)

527. അനസ്(റ) നിവേദനം: ഞങ്ങൾ അസർ നമസ്കരിക്കും. ശേഷം ഒരാൾ ഖുബാഇലേക്ക് പുറപ്പെടും. അയാൾ അവിടെ ചെല്ലുമ്പോഴും സൂര്യൻ ഉയർന്ന് നില്ക്കുന്നുണ്ടാവും. (ബുഖാരി. 1. 10. 526)

528. ഇബ്നുഉമർ(റ) നിവേദനം: അസർ നമസ്കാരം നഷ്ടപ്പടുത്തുന്നവൻ തന്റെ കുടുംബവും സമ്പത്തും നഷ്ടപ്പെടുത്തുന്നതുപോലെയാണ്. (ബുഖാരി. 1. 10. 527)

529. അബൂമലീഹ് പറയുന്നു: ഞങ്ങൾ ഒരിക്കൽ ഒരു മേഘമുള്ള ദിവസം യുദ്ധത്തിലായിക്കൊണ്ട് ബുറൈദ(റ)യുടെ കൂടെയായിരുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു. നിങ്ങൾ അസർ നമസ്കാരം വേഗം നിർവഹിക്കുക. തിരുമേനി(സ) അരുളുകയുണ്ടായി. വല്ലവനും അസർ നമസ്കാരം ഉപേക്ഷിച്ചാൽ അവന്റെ സൽകർമ്മങ്ങൾ പാഴായിപ്പോയി. (ബുഖാരി. 1. 10. 528)

530. ജരീർ(റ) നിവേദനം: ഒരിക്കൽ ഞങ്ങൾ തിരുമേനി(സ) യോടൊപ്പം ഇരിക്കുമ്പോൾ ചന്ദ്രനെ നോക്കിക്കൊണ്ട് അവിടുന്ന് അരുളി: ഈ ചന്ദ്രനെ നിങ്ങൾ കാണും പോലെ തന്നെ നിങ്ങളുടെ നാഥനെ നിങ്ങൾ അടുത്തുതന്നെ കാണും. ആ കാഴ്ചയിൽ നിങ്ങൾക്ക് ഒരു അവ്യക്തതയുമുണ്ടായിരിക്കുകയില്ല. അതുകൊണ്ട് സൂര്യോദയത്തിന് മുമ്പും സൂര്യാസ്തമനത്തിന് മുമ്പും ഉള്ള നമസ്കാരം നിർവ്വഹിക്കുവാൻ നിങ്ങൾക്ക് കഴിഞ്ഞെങ്കിൽ അത് നിങ്ങൾ നിർവ്വഹിച്ച് കൊള്ളുക. ഇപ്രകാരം അരുളിയ ശേഷം അവിടുന്നു ഓതി. 'നിന്റെ രക്ഷിതാവിന്റെ മഹത്വത്തേയും പരിശുദ്ധതയേയും സൂര്യോദയത്തിനു മുമ്പും സൂര്യാസ്തമനത്തിന് മുമ്പും നീ പ്രകീർത്തിച്ചുകൊള്ളുക'. (ബുഖാരി. 1. 10. 529)

531. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: രാത്രിയും പകലും നിങ്ങളുടെ അടുക്കലേക്ക് മലക്കുകൾ മാറി മാറി വന്നു കൊണ്ടിരിക്കും. എന്നിട്ട് അസർ നമസ്കാരവേളയിലും സുബ്ഹി നമസ്കാരവേളയിലും അവരെല്ലാവരും സമ്മേളിക്കും. പിന്നീട് നിങ്ങളോടൊപ്പം താമസിക്കുന്നവർ മേല്പോട്ട് കയറിപ്പോകും. അന്നേരം അല്ലാഹു അവരോട് ചോദിക്കും. ആ ദാസന്മാരെക്കുറിച്ച് അല്ലാഹുവിന് പരിപൂർണ്ണജ്ഞാനമുള്ളതോടുകൂടി എന്റെ ദാസന്മാരെ നിങ്ങൾ വിട്ടുപോരുമ്പോൾ അവരുടെ സ്ഥിതിയെന്തായിരുന്നു. അന്നേരം മലക്കുകൾ പറയും: ഞങ്ങൾ ചെന്നപ്പോൾ അവർ നമസ്കരിക്കുകയായിരുന്നു. തിരിച്ച്പോരുമ്പോഴും അവർ നമസ്കരിക്കുക തന്നെയാണ്. (ബുഖാരി. 1. 10. 530)

532. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: സൂര്യാസ്തമനത്തിന് മുമ്പ് അസർ നമസ്കാരത്തിൽ ഒരു റക്അത്ത് നിങ്ങളിൽ വല്ലവർക്കും ലഭിച്ചാൽ അവൻ തന്റെ നമസ്കാരം പൂർത്തിയാക്കിക്കൊള്ളട്ടെ. അപ്രകാരം തന്നെ സൂര്യോദയത്തിന് മുമ്പ് സുബ്ഹ് നമസ്കാരത്തിൽ നിന്ന് ഒരു റക്ക്അത്തു ഒരാൾക്ക് നമസ്കരിക്കാൻ സാധിച്ചാൽ അവൻ നമസ്കാരം പൂർത്തിയാക്കിക്കൊള്ളട്ടെ. (ബുഖാരി. 1. 10. 531)

533. സാലിമ്(റ) തന്റെ പിതാവിൽ നിന്നു നിവേദനം ചെയ്യുന്നു. തിരുമേനി(സ) അരുളി: മുമ്പ് കഴിഞ്ഞുപോയ സമുദായങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ നിങ്ങളുടെ ഉപമ അസർ നമസ്കാരത്തിനും സൂര്യാസ്തമനത്തിനുമിടക്കുള്ള സമയം പോലെയാണ്. തൗറാത്തിന്റെ ആളുകൾക്ക് അല്ലാഹു തൗറാത്ത് നൽകി. അങ്ങനെ മധ്യാഹ്നം വരേക്കും അതനുസരിച്ച് അസർ നമസ്കാരസമയം വരേക്കും അവർ പ്രവർത്തിച്ചു. പിന്നീടവരും ക്ഷീണിച്ചു. അതു കാരണം അവർക്കും ഓരോ ഖീറാത്തു വീതം പ്രതിഫലം ലഭിച്ചു. അനന്തരം നമുക്ക് ഖുർആൻ ലഭിച്ചു. എന്നിട്ട് ഖുർആൻ അനുസരിച്ചു സൂര്യാസ്തമനം വരേക്കും നാം പ്രവർത്തിച്ചു. തന്നിമിത്തം നമുക്ക് ഈ രണ്ട് ഖീറാത്തുവീതം പ്രതിഫലം ലഭിച്ചു. ഇതു കണ്ടപ്പോൾ രണ്ടു

പൂർവ്വവേദക്കാരും പറഞ്ഞു: രക്ഷിതാവേ! ഇക്കൂട്ടർക്ക് നീ രണ്ടു ഖീറാത്തു വീതം പ്രതിഫലം നല്കി. ഞങ്ങൾക്കോ ഓരോ ഖീറാത്തു വീതവും വാസ്തവത്തിൽ ഞങ്ങളാണ് കൂടുതൽ പ്രവർത്തിച്ചത്. അന്നേരം അല്ലാഹു പറഞ്ഞു: നിങ്ങൾക്ക് പ്രതിഫലം നൽകിയപ്പോൾ ഞാൻ വല്ല അനീതിയും കാണിച്ചിട്ടുണ്ടോ? ഇല്ലെന്ന് അവർ പറഞ്ഞു അപ്പോൾ അല്ലാഹു അരുളി: ഇവർക്ക് ഞാൻ കൂടുതലായി നല്കിയത് എന്റെ ഔദാര്യമാണ്: എന്റെ ഔദാര്യം ഞാനുദ്ദേശിക്കുന്നവർക്ക് നൽകുന്നതാണ്. (ബുഖാരി. 1. 10. 532)

534. അബൂമൂസ(റ) നിവേദനം: തിരുമേനി(സ) അരുളി: മുസ്ലീംകളുടെയും ജൂതക്രിസ്ത്യാനികളുടെയും അവസ്ഥ ഒരു മനുഷ്യനെപ്പോലെയാണ്. അയാൾ രാത്രി വരെ തനിക്ക് ജോലി ചെയ്യുവാൻ വേണ്ടി ഒരു സംഘം ആളുകളെ കൂലിക്ക് വിളിച്ചു. അങ്ങനെ അവർ ജോലി ചെയ്തു. പകലിന്റെ പകുതിയായപ്പോൾ അവർ പറഞ്ഞു: നിങ്ങളുടെ വേതനം ഞങ്ങൾക്ക് ആവശ്യമില്ല. അപ്പോൾ അദ്ദേഹം മററു ചിലരെ കൂലിക്കെടുത്തു. അദ്ദേഹം അവരോട് പറഞ്ഞു: ബാക്കിയുള്ള സമയം നിങ്ങൾ പൂർത്തിയാക്കുക. ഞാൻ നിബന്ധന ചെയ്തതു നിങ്ങൾക്ക് നൽകുന്നതാണ്. അങ്ങനെ അവർ പ്രവർത്തിച്ച് അസർ നമസ്കാരത്തിന്റെ സമയമായപ്പോൾ അവർ പറഞ്ഞു: ഞങ്ങൾ പ്രവർത്തിച്ചത് നിങ്ങൾക്കുണ്ട്. (പൂർത്തിയാക്കാൻ സാദ്ധ്യമല്ല) അപ്പോൾ അദ്ദേഹം മറെറാരു വിഭാഗത്തെ കൂലിക്കെടുത്തു. അവർ അവശേഷിക്കുന്ന സമയം ജോലി ചെയ്തു. സൂര്യൻ അസ്തമിക്കുന്നതുവരെ. അതിനാൽ രണ്ടു വിഭാഗത്തിന്റെയും പ്രതിഫലം അവർക്കു ലഭിച്ചു. (ബുഖാരി. 1. 10. 533)

535. റാഫിഇബ്നുഖദീജ്(റ) നിവേദനം: ഞങ്ങൾ തിരുമേനി(സ) യോടൊപ്പം മഗ്‌രിബ് നമസ്കരിച്ചശേഷം പുറത്തിറങ്ങിപ്പോകുമ്പോൾ ഞങ്ങൾ അമ്പെയ്താൽ അത് ചെന്നു വീഴുന്ന സ്ഥലം ഞങ്ങൾക്ക് വ്യക്തമായി കാണാൻ സാധിക്കുമായിരുന്നു. (അത്രയും ആദ്യഘട്ടത്തിലാണ് ഞങ്ങൾ മഗ്‌രിബ് നമസ്ക്കരിക്കാറുള്ളത്) (ബുഖാരി. 1. 10. 534)

536. ജാബിർ(റ) നിവേദനം: തിരുമേനി(സ) ളുഹ്ർ നമസ്കാരം മധ്യാഹ്നത്തിലാണ് നിർവ്വഹിച്ചിരുന്നത്. അസർ നമസ്കാരം സൂര്യൻ ശരിക്കും പ്രകാശിച്ചുകൊണ്ടിരിക്കുന്ന ഘട്ടത്തിലുംമഗ്‌രിബ് നമസ്കാരം സൂര്യൻ അസ്തമിച്ച് കഴിയുമ്പോൾ നിർവ്വഹിക്കും. ഇശാനമസ്കാരം വിവിധ ഘട്ടങ്ങളിലാണ് തിരുമേനി(സ) നമസ്കരിച്ചിരുന്നത്. ജനങ്ങൾ നമസ്കാരത്തിനായി സമ്മേളിച്ച് കഴിഞ്ഞാൽ വേഗം നമസ്കരിക്കും. ജനങ്ങൾ വരാൻ താമസിച്ചു കണ്ടാലോ അല്പം പിന്തിപ്പിക്കുകയും ചെയ്യും. സുബ്ഹ് നമസ്കാരം രാത്രിയിലെ ഇരുട്ട് അവശേഷിക്കുന്ന ഘട്ടത്തിലാണ് നമസ്കരിച്ചിരിക്കുന്നത്. (ബുഖാരി. 1. 10. 535)

537. സലമ:(റ) നിവേദനം: മഗ്‌രിബ് സൂര്യൻ മറയിൽ പോയി ഒളിച്ചാലാണ് ഞങ്ങൾ നമസ്കരിക്കാറുള്ളത്. (ബുഖാരി. 1. 10. 536)

538. അബ്ദുല്ലാഹിബ്നു മുസ്നി(റ) നിവേദനം: തിരുമേനി(സ) അരുളി: മഗ്‌രിബ് നമസ്കാരത്തിന്റെ പേരിന്മേൽ ഗ്രാമവാസികൾ നിങ്ങളെ ഒരിക്കലും പരാജയപ്പെടുത്താതിരിക്കട്ടെ. മഗ്‌രിബിന് അവർ ഇശാ എന്നാണ് പേർ നൽകാറുള്ളത്. (ബുഖാരി. 1. 10. 538)

539. അബ്ദുല്ലാഹിബ്നു ഉമർ(റ) നിവേദനം: ഒരിക്കൽ നബി(സ) ഞങ്ങൾക്ക് ഇശാ: നമസ്കരിച്ചു തന്നു. ജനങ്ങൾ അതിന്ന് അത്മത്ത് എന്നു പറയുന്നു. ശേഷം ഞങ്ങളുടെ നേരെ തിരിഞ്ഞു. എന്നിട്ട് അവിടുന്ന് അരുളി: ഈ രാത്രി മുതൽ നൂറ് കൊല്ലത്തിന്റെ ആരംഭത്തിൽ ഇന്ന് ഭൂമിയിൽ ജീവിക്കുന്ന ഒരാളും തന്നെ അവശേഷിക്കുകയില്ല. (ബുഖാരി. 1. 10. 539)

540. ആയിശ(റ) നിവേദനം: ഒരു രാത്രി തിരുമേനി(സ) ഇശാ നമസ്കാരം കുറെ താമസിപ്പിച്ചു. ഇസ്ലാം മതം ശരിക്ക് പ്രചരിക്കുന്നതിന്റെ മുമ്പായിരുന്നു. അവസാനം

സ്ത്രീകളും കുട്ടികളും ഇതാ ഉറങ്ങിക്കഴിഞ്ഞുവെന്ന് ഉമർ(റ) വിളിച്ച്പറഞ്ഞപ്പോഴാണ് തിരുമേനി(സ) വീട്ടിൽ നിന്ന് പുറത്ത് വന്നത്. എന്നിട്ട് പള്ളിയിലുള്ളവരെ അഭിമുഖീകരിച്ചുകൊണ്ട് തിരുമേനി(സ) അരുളി: ഭൂനിവാസികളിൽ നിങ്ങളല്ലാതെ ആരും ഈ നമസ്കാരത്തെ കാത്തിരിക്കുന്നില്ല. (ബുഖാരി. 1. 10. 541)

541. അബൂമൂസാ(റ) നിവേദനം. ഞാനും എന്നോടൊപ്പം (യമനിൽ നിന്നു) കപ്പലിൽ വന്നവരും മദീനയിലെ ബുത്ത്ഹാൻ മൈതാനത്ത് ഇറങ്ങി താമസിക്കുകയായിരുന്നു. തിരുമേനി(സ) മദീനയിലും, ഞങ്ങളിൽ ഓരോ സംഘവും ഊഴമിട്ട് ഇശാ നമസ്കാരത്തിന് നബി(സ)യുടെ അടുക്കൽ എല്ലാ രാവിലും പോകാറുണ്ടായിരുന്നു. ഒരിക്കൽ ഞാനും എന്റെ സ്നേഹിതന്മാരും തിരുമേനി(സ)യുടെ അടുക്കൽ ചെന്നപ്പോൾ തിരുമേനി(സ) എന്തോ ജോലിയിൽ വ്യാപൃതനായിരിക്കുകയാണ്. തന്നിമിത്തം തിരുമേനി(സ) ഇശാ നമസ്കാരം രാവിന്റെ മധ്യഘട്ടം വരെ പിന്തിച്ചു. അവസാനം തിരുമേനി(സ) പുറപ്പെട്ടു. ജനങ്ങളോടൊപ്പം നമസ്കരിച്ചു. നമസ്കാരത്തിൽ നിന്ന് വിരമിച്ചശേഷം സദസ്യരോട് തിരുമേനി(സ) അരുളി: അല്പം നിൽക്കുക. നിങ്ങൾ സന്തുഷ്ടരായിരിക്കുക. ഈ സമയത്ത് നിങ്ങളല്ലാതെ മനുഷ്യരിൽ ആരും തന്നെ നമസ്കരിച്ചിട്ടില്ല. ഇത് അല്ലാഹു നിങ്ങൾക്ക് ചെയ്തു തന്ന ഒരനുഗ്രഹമാണ്. അബൂമൂസ(റ) പറയുന്നു: അപ്പോൾ തിരുമേനി(സ)യുടെ നാവിൽ നിന്ന് കേട്ടവാക്കുകൾ മൂലം സന്തുഷ്ടരായിക്കൊണ്ട് ഞങ്ങൾ മടങ്ങി. (ബുഖാരി. 1. 10. 542)

542. അബൂബർസ(റ) നിവേദനം: ഇശാ നമസ്കാരത്തിന് മുമ്പ് ഉറങ്ങുന്നതിനെയും അതിനുശേഷം വർത്തമാനം പറയുന്നതിനെയും നബി(സ) വെറുത്തിരുന്നു. (ബുഖാരി. 1. 10. 543)

543. ആയിശ(റ) നിവേദനം: ഒരിക്കൽ തിരുമേനി(സ) ഇശാ നമസ്കാരം പിന്തിച്ചു. സ്ത്രീകളും കുട്ടികളും ഉറങ്ങിപ്പോയി എന്ന് ഉമർ(റ) വിളിച്ചു പറയുന്നതുവരെ. അപ്പോൾ അവിടുന്ന് നമസ്കരിക്കാൻ വന്നു. അവിടുന്ന് അനന്തരം അരുളി: ഭൂമിയിലെ ആളുകളിൽ നിങ്ങളല്ലാതെ ഇപ്പോൾ ഇതിനെ ആരും പ്രതീക്ഷിക്കുന്നില്ല. മദീനയിൽ മാത്രമാണ് അന്ന് (ജമാഅത്തായി പള്ളിയിൽ വെച്ച്) നമസ്കരിച്ചിരുന്നത്. അവർ ഇശാ നിർവ്വഹിച്ചിരുന്നത് സൂര്യാസ്തമനത്തിന് ശേഷം ആകാശത്ത് അവശേഷിക്കുന്ന ചുകപ്പു നിറം പററെ മായുന്ന ഘട്ടം മുതൽ രാവിന്റെ മൂന്നിലൊരു ഭാഗം കഴിയുന്ന സമയത്തിനുള്ളിലായിരുന്നു. (ബുഖാരി. 1. 10. 544)

544. ഇബ്നുഉമർ(റ) നിവേദനം: ഒരിക്കൽ ഞങ്ങൾ പള്ളിയിൽ ഉറങ്ങുന്നതുവരെ ഇശാ നമസ്കാരം നിർവ്വഹിക്കുന്നതിൽ നിന്ന് നബി(സ) ജോലിയിലായി. പിന്നെ ഞങ്ങൾ ഉണർന്നു. വീണ്ടും ഞങ്ങൾ ഉറങ്ങി. വീണ്ടും ഉണർന്നു. ശേഷം നബി(സ) നമസ്കരിക്കുവാൻ വന്നു. ശേഷം അവിടുന്ന് അരുളി. നിങ്ങളല്ലാതെ ആരും ഈ നമസ്കാരത്തെ പ്രതീക്ഷിക്കുന്നില്ല. ഇശാ നമസ്കാരത്തെ പിന്തിപ്പിക്കുന്നതിനെയും മുന്തിപ്പിക്കുന്നതിനെയും ഇബ്നുഉമർ(റ) പ്രശ്നമാക്കാറില്ല. ഉറക്കം സമയത്തെ തെററിക്കുമോ എന്ന ഭയം ഇല്ലെങ്കിൽ ഇശാക്ക് മുമ്പ് അദ്ദേഹം ഉറങ്ങാറുണ്ട്. ഇബ്നുഅബ്ബാസ്(റ) നിവേദനം: ഒരിക്കൽ തിരുമേനി(സ) ഇശാ നമസ്കാരം പിന്തിപ്പിച്ചു. ജനങ്ങൾ ഉറങ്ങുകയും ശേഷം ഉണരുകയും ചെയ്യുന്നതുവരെ. അപ്പോൾ ഉമർ(റ) എഴുന്നേററ്നിന്ന് വിളിച്ചു പറഞ്ഞു. നമസ്കാരം! ഉടനെ നബി(സ) പുറത്തുവന്നു. ഇബ്നുഅബ്ബാസ്(റ) പറയുന്നു. നബി(സ) പുറത്തുവന്നപ്പോൾ ഞാനിപ്പോഴും ആ കാഴ്ച എന്റെ കൺമുമ്പിൽ കാണുന്നതുപോലെ തോന്നുന്നു. അവിടുത്തെ തലയിൽ നിന്നു വെള്ളം ഇററിക്കൊണ്ടിരിക്കുന്നുണ്ട്. തിരുമേനി(സ)യുടെ കൈ തലയുടെ മുകളിൽ വെച്ചിരിക്കുന്നു. എന്നിട്ട് അവിടുന്ന് അരുളി: എന്റെ അനുയായികൾക്ക് വിഷമം നേരിടുമെന്ന ഭയം ഇല്ലായിരുന്നുവെങ്കിൽ ഈ സമയത്ത് നമസ്കരിക്കുവാൻ കല്പിക്കുമായിരുന്നു. (ബുഖാരി. 1. 10. 545)

545. അനസ്(റ) നിവേദനം: തിരുമേനി(സ) ഇശാ നമസ്കാരത്തെ രാത്രിയുടെ പകുതിവരെ പിന്തിക്കാറുണ്ട്. എന്നിട്ട് നമസ്കാര ശേഷം അവിടുന്ന് പറയും: ജനങ്ങളെല്ലാം ഉറങ്ങിപ്പോയി. എന്നാൽ നിങ്ങൾ നമസ്കാരത്തെ പ്രതീക്ഷിച്ചും കൊണ്ട് ഇരിക്കുമ്പോൾ എല്ലാം തന്നെ നമസ്കരിക്കുകയാണ്. അനസ്(റ) പറയുന്നു. തിരുമേനി(സ)യുടെ മോതിരത്തിന്റെ പ്രകാശം ഞാൻ കണ്ടത് ഇപ്പോഴും എന്റെ കൺമുമ്പിലുണ്ട്. (ബുഖാരി. 1. 10. 546)

546. അബൂമൂസ(റ) നിവേദനം: തിരുമേനി(സ) അരുളി: തണുപ്പ് നേരത്തുള്ള രണ്ട് നമസ്കാരം (സുബ്ഹും അസറും) വല്ലവനും നമസ്കരിച്ചാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിച്ചുകഴിഞ്ഞു. (ബുഖാരി. 1. 10. 548)

547. സൈദ്ബ്നു സാബിത്ത്(റ) നിവേദനം: സഹാബികൾ തിരുമേനി(സ) യോടൊപ്പം നോമ്പ് കാലത്ത് അത്താഴം കഴിക്കാറുണ്ട്. എന്നിട്ട് അവർ സുബ്ഹി നമസ്കരിക്കാൻ നിൽക്കും. അന്നേരം സൈദ്ബ്നു സാബിത്തിനോടു ചോദിച്ചു. അത് രണ്ടിനുമിടയിൽ എത്ര സമയത്തെ ഒഴിവുണ്ടായിരുന്നു. സൈദ്(റ) പറഞ്ഞു: അൻപത് അല്ലെങ്കിൽ അറുപത് ആയത്തു ഓതാനുള്ള സമയം. (ബുഖാരി. 1. 10. 549)

548. അനസ്(റ) നിവേദനം: നബി(സ)യും സൈദ്ബ്നു സാബിത്തും(റ) ഒരിക്കൽ അത്താഴം കഴിച്ചു. അവരുടെ അത്താഴത്തിൽ നിന്ന് വിരമിച്ചപ്പോൾ നബി(സ) നമസ്കരിക്കുവാൻ നിന്നു. അങ്ങനെ അവിടുന്നു നമസ്കരിച്ചു. അപ്പോൾ അനസ്(റ)നോട് ഞങ്ങൾ ചോദിച്ചു. അവർ രണ്ട് പേരും അത്താഴത്തിൽ നിന്ന് വിരമിക്കുകയും നമസ്കാരത്തിൽ പ്രവേശിക്കുകയും ചെയ്യുന്നതിന്റെ ഇടയിൽ എത്ര സമയമുണ്ടായിരുന്നു? അദ്ദേഹം പറഞ്ഞു: അമ്പത് ആയത്തു ഒരാൾ പാരായണം ചെയ്യുന്ന സമയം. (ബുഖാരി. 1. 10. 550)

549. സഹ്ല്(റ) നിവേദനം: ഞാൻ എന്റെ കുടുംബത്തിൽ വെച്ചാണ് റമദാൻ രാത്രിയിലെ അത്താഴം കഴിക്കാറുണ്ടായിരുന്നത്. എന്നിട്ട് ഞാൻ തിരുമേനി(സ) യോടൊപ്പം സുബ്ഹി നമസ്ക്കരിക്കാൻവേണ്ടി ധൃതിപ്പെട്ടു പോകും. (ബുഖാരി. 1. 10. 551)

550. അബൂഹുറൈറ:(റ) നിവേദനം: തിരുമേനി(സ) അരുളി: നമസ്ക്കാരത്തിൽ നിന്ന് ഒരു റക്അത്തു ലഭിച്ചവന്ന് നമസ്ക്കാരം ലഭിച്ചു. (ബുഖാരി. 1. 10. 553)

551. ഇബ്നു അബ്ബാസ്(റ) നിവേദനം: ജനങ്ങളുടെ അംഗീകാരമുള്ള ചില മനുഷ്യന്മാർ എന്റെ അടുക്കൽ സാക്ഷ്യം വഹിച്ചിട്ടുണ്ട്. അവരിൽവെച്ച് ഏററവും സുസമ്മതൻ എന്റെ അടുക്കൽ ഉമറാണ്. അവർ പറഞ്ഞതെന്തെന്നാൽ സുബ്ഹ് നമസ്കാരത്തിനു ശേഷം സൂര്യോദയത്തിനു മുമ്പായി നമസ്കരിക്കുന്നതും അസർ നമസ്കാരശേഷം സൂര്യാസ്തമനം വരേക്കും നമസ്കരിക്കുന്നതും തിരുമേനി(സ) നിരോധിച്ചിരിക്കുന്നുവെന്ന്. (ബുഖാരി. 1. 10. 556)

552. ഇബ്നുഉമർ(റ) നിവേദനം: തിരുമേനി(സ) അരുളി: നിങ്ങൾ സൂര്യോദയ സമയത്തും സൂര്യാസ്തമന സമയത്തും നമസ്കരിക്കുവാൻ ഉദ്ദേശിച്ചൊരുങ്ങരുത്. ഇബ്നുഉമർ(റ) നിവേദനം: തിരുമേനി(സ) അരുളി: സൂര്യന്റെ വൃത്തം കാഴ്ചയിൽ പെടാൻ തുടങ്ങിയാൽ അത് ഉദിച്ചുപൊങ്ങും വരേക്കും നമസ്കാരം നിങ്ങൾ പിന്തിപ്പിക്കുവീൻ, അതുപോലെ സൂര്യന്റെ വൃത്തം മനുഷ്യദൃഷ്ടിയിൽ നിന്ന് മറഞ്ഞുകൊണ്ടിരിക്കുമ്പോൾ സൂര്യൻ ശരിക്കും മറയും വരേക്കും നിങ്ങൾ നമസ്കാരത്തെ നീട്ടിവെക്കുവീൻ. (ബുഖാരി. 1. 10. 557)

553. അബൂസഈദ്(റ) നിവേദനം: തിരുമേനി(സ) അരുളിയതായി ഞാൻ കേട്ടു. സുബ്ഹിനുശേഷം സൂര്യൻ ഉദിക്കുന്നതുവരേക്കും യാതൊരു നമസ്കാരവുമില്ല. അസറിന് ശേഷം സൂര്യൻ അസ്തമിക്കുന്നതുവരേക്കും യാതൊരു നമസ്കാരവുമില്ല. (ബുഖാരി. 1. 10. 560)

554. മുആവിയ്യ(റ) നിവേദനം: അദ്ദേഹം പറഞ്ഞു: നിങ്ങൾ ഒരു നമസ്കാരം നമസ്കരിക്കുന്നതായി കാണുന്നു. ഞങ്ങൾ തിരുമേനി(സ) യുമായി സഹവസിച്ചിട്ടുണ്ട്. എന്നിട്ട് അവിടുന്ന് ആ നമസ്കാരം നമസ്കരിക്കുന്നത് ഞങ്ങൾ കണ്ടിട്ടില്ല. മാത്രമല്ല, തിരുമേനി(സ) അത് വിരോധിക്കുകകൂടി ചെയ്തിരിക്കുന്നു. അസർ നമസ്കാരത്തിന് ശേഷമുള്ള രണ്ട് റക്ക്അത്തിനെയാണ് മുആവിയ്യ(റ) ഉദ്ദേശിക്കുന്നത്. (ബുഖാരി. 1. 10. 561)

555. ഇബ്നുഉമർ(റ) പറയുന്നു: എന്റെ സ്നേഹിതന്മാർ നമസ്കരിക്കുന്നത് ഞാൻ കണ്ടതുപോലെയാണ് ഞാനും നമസ്കരിക്കുന്നത്. സൂര്യോദയസമയത്തും സൂര്യാസ്തമനസമയത്തും നമസ്കരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുന്നതിനെയല്ലാതെ രാത്രിയിലും പകലിലും നമസ്കരിക്കുന്ന ഒരാളെയും ഞാൻ വിരോധിക്കുകയില്ല. (ബുഖാരി. 1. 10. 563)

556. ആയിശ:(റ) നിവേദനം: ഈ ലോകത്ത് നിന്ന് തിരുമേനി(സ)യെ കൊണ്ടുപോയ ആ നാഥനെക്കൊണ്ട് സത്യം. അല്ലാഹുവുമായി കണ്ടുമുട്ടും വരേക്കും തിരുമനി(സ) ആ രണ്ടുറക്അത്തു നമസ്കാരം ഉപേക്ഷിച്ചിട്ടേയില്ല. നമസ്കരിക്കുവാൻ വളരെ ഭാരവും ക്ഷീണവും അനുഭവപ്പെട്ട ശേഷമല്ലാതെ തിരുമേനി(സ) അന്ത്യഘട്ടങ്ങളിൽ (ക്ഷീണം ബാധിച്ചതിനാൽ) അധികസമയങ്ങളിലും ഇരുന്നിട്ടാണ് നമസ്കരിക്കാറുണ്ടായിരുന്നത്. അസറിന് ശേഷമുള്ള രണ്ട് റക്ക്അത്തിനെയാണ് ആയിശ(റ) ഉദ്ദേശിക്കുന്നത്. തിരുമേനി(സ) ആ രണ്ട് റക്ക്അത്തു നമസ്കരിക്കാറുണ്ടായിരുന്നു. പക്ഷെ പള്ളിയിൽ വെച്ച് നമസ്കരിക്കാറുണ്ടായിരുന്നില്ല. തന്റെ അനുയായികൾക്ക് ഭാരമായിപ്പോകുമെന്ന ഭയം കാരണം. അനുയായികൾക്ക് ഭാരം കുറക്കുന്ന നടപടികളാണ് തിരുമേനി(സ) ഇഷ്ടപ്പെട്ടിരുന്നത്. (ബുഖാരി. 1. 10. 564)

557. ആയിശ:(റ) നിവേദനം: അവർ പറഞ്ഞു: എന്റെ സഹോദരപുത്രാ! തിരുമേനി(സ) എന്റെ അടുത്തുപ്രവേശിക്കുമ്പോൾ അസറിന് ശേഷം രണ്ടു റക്ക്അത്തു നമസ്കരിക്കൽ തീരെ ഉപേക്ഷിച്ചിട്ടില്ല. (ബുഖാരി. 51. 10. 565)

558. ആയിശ(റ) നിവേദനം: രണ്ട് റക്ക്അത്തു സുന്നത്ത് രഹസ്യജീവിതത്തിലും പരസ്യജീവിതത്തിലും തിരുമേനി(സ) ഉപേക്ഷിക്കാറുണ്ടായിരുന്നില്ല. അതായത് സുബ്ഹ് നമസ്കാരത്തിനു മുമ്പുള്ള രണ്ട് റക്അത്തും അസർ നമസ്കാരത്തിന് ശേഷമുള്ള രണ്ട് റക്അത്തും. (ബുഖാരി. 1. 10. 566)

559. ആയിശ(റ) നിവേദനം: എന്റെ അടുത്ത് അസറിനുശേഷം തിരുമേനി(സ) വരികയാണെങ്കിൽ രണ്ട് റക്അത്തു ഒരിക്കലും നമസ്കരിക്കാതിരുന്നില്ല. (ബുഖാരി. 1. 10. 567)

560. അബൂമലീഹ്(റ) നിവേദനം: ഞങ്ങൾ ഒരിക്കൽ ബുറൈദ(റ)യുടെ കൂടെ ആകാശത്തിൽ മേഘമുള്ള ഒരു ദിവസം സഞ്ചരിക്കുകയായിരുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു: നമസ്കാരം നിങ്ങൾ വേഗം നിർവ്വഹിക്കുവിൻ. നിശ്ചയം തിരുമേനി(സ) അരുളിയിട്ടുണ്ട്. വല്ലവനും അസർ നമസ്കാരം ഉപേക്ഷിച്ചാൽ അവന്റെ കർമ്മങ്ങൾ നിഷ്ഫലമായി. (ബുഖാരി. 1. 10. 568)

561. അബൂഖത്താദ(റ) നിവേദനം: ഞങ്ങൾ ഒരിക്കൽ രാത്രിയിൽ തിരുമേനി(സ) യോടൊപ്പം യാത്ര ചെയ്തു. കുറേ കഴിഞ്ഞപ്പോൾ ചിലർ തിരുമേനി(സ)യെ ഉണർത്തി: നമുക്കൽപ്പനേരം യാത്ര നിറുത്തി വിശ്രമിച്ചാൽ നന്നായിരുന്നു. തിരുമേനി(സ) അരുളി: നമസ്കാര സമയം അറിയാതെ നിങ്ങൾ ഉറങ്ങിപ്പോകുമെന്ന് ഞാൻ ഭയപ്പെടുന്നു. ബിലാൽ(റ) പറഞ്ഞു: ഞാൻ നിങ്ങളെ ഉണർത്താം. അങ്ങനെ അവരെല്ലാവരും കിടന്നു. ബിലാൽ തന്റെ മുതുക് ഒട്ടകകട്ടിലിലേക്ക് ചാരിയിരുന്നു. അവസാനം ബിലാലിന്റെ ഇരുനേത്രങ്ങളേയും ഉറക്കം പരാജയപ്പെടുത്തുകയും

അങ്ങനെ അദ്ദേഹവും ഉറങ്ങിപ്പോയി. ഒടുവിൽ തിരുമേനി(സ) ഉണർന്നു നോക്കുമ്പോൾ സൂര്യൻ ഉദിച്ചു കഴിഞ്ഞിരിക്കുന്നു. തിരുമേനി(സ) ചോദിച്ചു. ബിലാലേ! നിന്റെ വാക്കിപ്പോളെവിടെ? ബിലാൽ(റ) പറഞ്ഞു: ഇത്തരമൊരുറക്കം ഇതിന് മുമ്പ് ഒരിക്കലും എന്നെ പിടികൂടിയിട്ടില്ല. തിരുമേനി(സ) അരുളി: അല്ലാഹു ഉദ്ദേശിക്കുമ്പോൾ (ഉറക്കിൽ) നിങ്ങളുടെ ആത്മാക്കളെ അവൻ പിടിച്ചെടുക്കും. അവനുദ്ദേശിക്കുമ്പോൾ അവയെ അവൻ വിട്ടയക്കുകയും ചെയ്യും. ബിലാലേ! ജനങ്ങൾക്ക് വേണ്ടി നീ ബാങ്ക് കൊടുക്കുക. അനന്തരം തിരുമേനി(സ) വുളു ചെയ്തു. അങ്ങനെ സൂര്യൻ ഉദിച്ചുപൊങ്ങുകയും അതിന് വെള്ളനിറം വരികയും ചെയ്തപ്പോൾ തിരുമേനി(സ) ഇമാമായിനിന്നു കൊണ്ട് നമസ്കരിച്ചു. (ബുഖാരി. 1. 10. 569)

562. ജാബിർ(റ) നിവേദനം: ഖന്തക്ക് യുദ്ധഘട്ടത്തിൽ ഒരു ദിവസം സൂര്യൻ അസ്തമിച്ച ശേഷം വന്നിട്ടു ഉമർ(റ) ഖുറൈശികളായ സത്യനിഷേധികളെ ശകാരിക്കാൻ തുടങ്ങി. അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ പ്രവാചകരേ! സൂര്യൻ അസ്തമിക്കും വരേക്കും എനിക്ക് അസർ നമസ്കരിക്കാൻ സാധിച്ചില്ല. അപ്പോൾ തിരുമേനി(സ) അരുളി: ഞാനും അതു നമസ്കരിച്ചിട്ടില്ല. ഉടനെ ഞങ്ങൾ ബുത്താഹാൻ മൈതാനത്തേക്ക് നീങ്ങി. അങ്ങനെ തിരുമേനി(സ)യും ഞങ്ങളും നമസ്കാരത്തിനുവേണ്ടി വുളു ചെയ്തു. എന്നിട്ട് സൂര്യൻ അസ്തമിച്ചശേഷം തിരുമേനി(സ) അസർ നമസ്കരിച്ച് ശേഷം മഗ്രിബ് നമസ്കാരവും. (ബുഖാരി. 1. 10. 570)

563. അനസ്(റ) നിവേദനം: തിരുമേനി(സ) അരുളി: വല്ലവനും ഒരു നമസ്കാരം മറന്നുപോയെങ്കിൽ അതോർമ്മ വരുമ്പോൾ അവൻ നമസ്കരിച്ചുകൊള്ളട്ടെ. അതല്ലാതെ അതിനു മററൊരു പ്രായശ്ചിത്തവുമില്ല. അല്ലാഹു പറയുന്നു (എന്നെ ഓർമ്മിക്കുവാൻ വേണ്ടി നീ നമസ്കാരത്തെ അനുഷ്ഠിക്കുക). (ബുഖാരി. 1. 10. 571)

564. ഇബ്നുഉമർ(റ) നിവേദനം: നബി(സ)യുടെ ജീവിതത്തിലെ അന്ത്യഘട്ടത്തിൽ ഒരിക്കൽ ഇശാ: നമസ്കരിച്ചു സലാം വീട്ടിയപ്പോൾ അവിടുന്ന് എഴുന്നേററ് നിന്ന് കൊണ്ട് ഇപ്രകാരം പ്രസംഗിച്ചു. ഇന്നുമുതൽ നൂറ് കൊല്ലം പൂർത്തിയാകുമ്പോൾ ഇന്ന് ഭൂമുഖത്തുള്ള ഒരാളും അവശേഷിക്കുകയില്ല. നൂറ് വർഷം എന്ന് നബി(സ) പറഞ്ഞതിന്റെ ഉദ്ദേശ്യം ജനങ്ങൾക്ക് അജ്ഞാതമായി. തിരുമേനി(സ) അതുകൊണ്ട് ഉദ്ദേശിച്ചത് ആ നൂറുകൊല്ലത്തിനുള്ളിൽ ആ തലമുറ നശിച്ചുപോകുമെന്ന് മാത്രമാണ്. (ബുഖാരി. 1. 10. 575)

## 13. പള്ളി

565. ഇബ്നു അബ്ബാസ്(റ) പറഞ്ഞു. അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: പള്ളികൾ അലങ്കരിക്കുവാൻ ഞാൻ ആജ്ഞാപിക്കപ്പെട്ടിട്ടില്ല. (അബൂദാവൂദ്)

566. ആയിശ(റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ(സ) വാസസ്ഥലങ്ങളിൽ പള്ളി പണിയുവാനും അതു വൃത്തിയാക്കിയിടുവാനും സുഗന്ധിതമാക്കുവാനും ആജ്ഞാപിച്ചു. (അബൂദാവൂദ്)

567. പള്ളിയിൽ കവിതോച്ചാരണവും, അതിൽവെച്ചു ക്രയവിക്രയവും അല്ലാഹുവിന്റെ ദൂതൻ(സ) നിരോധിച്ചിരിക്കുന്നു. വെള്ളിയാഴ്ച നമസ്കാരത്തിന് മുമ്പ് ചുററിയിരുന്നു സംസാരിക്കുന്നതും (നിരോധിച്ചിരിക്കുന്നു) (അബൂദാവൂദ്)

568. ഖുർറാ(റ) നിവേദനം ചെയ്തു: അല്ലാഹിവിന്റെ ദൂതൻ(സ) ഈ രണ്ട് ചെടികളെ, അതായതു വേവിക്കാത്ത ചുവന്നുള്ളിയും, വെളുത്തുള്ളിയും തിന്നുന്നതിനെ നിരോധിച്ചുകൊണ്ട് പറഞ്ഞു: അവ തിന്നുന്നവൻ, നമ്മുടെ പള്ളിയെ സമീപിക്കാതിരിക്കട്ടെ. കൂടിയെ കഴിയൂ എന്നുണ്ടെങ്കിൽ അവയുടെ അസുഖമായ വാസന നശിപ്പിക്കുക. (അബൂദാവൂദ്)

## 14. ബാങ്കും ഇഖാമത്തും

569. അനസ്(റ) നിവേദനം: അഗ്നിയെക്കുറിച്ചും ബെല്ലടിയെക്കുറിച്ചും അവർ പറഞ്ഞു. അപ്പോൾ ജൂതന്മാരെയും ക്രിസ്ത്യാനികളെയും പരാമർശിക്കപ്പെട്ടു. അങ്ങനെ ബാങ്ക് ഇരട്ടയായും ഇഖാമത്തു ഒററക്കായും വിളിക്കുവാൻ ബിലാൽ കൽപ്പിക്കപ്പെട്ടു. (ബുഖാരി. 1. 11. 577)

570. ഇബ്നുഉമർ(റ) നിവേദനം: മുസ്ലീങ്ങൾ മദീനയിൽ വന്നപ്പോൾ അവർ സംഘം കൂടി പരസ്പരം ആലോചിച്ചു നമസ്കാരസമയം നിർണയിക്കുകയായിരുന്നു പതിവ്. അന്നു നമസ്കാരത്തിന് വിളിക്കുന്ന പതിവുണ്ടായിരുന്നില്ല. ഒരു ദിവസം ആ പ്രശ്നത്തെക്കുറിച്ച് അവർ സംസാരിച്ചു. അപ്പോൾ ചിലർ നിർദ്ദേശിച്ചു. ക്രിസ്ത്യാനികളെപ്പോലെ നമുക്ക് ബെല്ലടിക്കാമെന്ന് ചിലർ പറഞ്ഞു. ജൂതന്മാർ ചെയ്യും പോലെ നമുക്കും കുഴലൂതാം. ഉമർ(റ) പറഞ്ഞു. നമസ്കരിക്കുവാൻ സമയമായെന്ന് വിളിച്ചു പറയുവാൻ ഒരാളെ നമുക്കെന്തുകൊണ്ട് നിയോഗിച്ചുകൂടാ? അവസാനം തിരുമേനി(സ) അരുളി: ഓ, ബിലാൽ! നീ എഴുന്നേററ് നമസ്കാരത്തിന് ജനങ്ങളെ വിളിക്കുക. (ബുഖാരി. 1. 11. 578)

571. അനസ്(റ) നിവേദനം: ബാങ്കിലെ വാചകങ്ങൾ രണ്ടു വീതം ആവർത്തിക്കുവാനും ഇഖാമത്തിന്റെതു ഒററയാക്കുവാനും ബിലാൽ കൽപ്പിക്കപ്പെട്ടു. എന്നാൽ ഖദ്ഖാമതിസ്വലാത്ത് എന്ന വാചകം ഒഴികെ. (ബുഖാരി. 1. 11. 579)

572. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: നമസ്കാരത്തിന് ബാങ്കു വിളിച്ചാൽ മനുഷ്യർ ആ വിളി കേൾക്കാതിരിക്കുവാൻ വേണ്ടി കീഴ്വായുവിന്റെ ശബ്ദം മുഴക്കിക്കൊണ്ട് പിശാച് പിന്തിരിഞ്ഞു പോകും. ബാങ്ക് വിളി പൂർത്തിയായിക്കഴിഞ്ഞാൽ അവൻ മടങ്ങിവരും. ഇഖാമത്തു വിളിക്കുമ്പോൾ പിന്തിരിയും. അനന്തരം ഇഖാമത്തു വിളിച്ചു കഴിഞ്ഞാലോ വീണ്ടും തിരിച്ചുവരും. എന്നിട്ട് നമസ്കരിക്കുന്ന മനുഷ്യന്റെ ഹൃദയത്തിൽ ചില ദുർബോധനങ്ങൾ ഇട്ടുകൊടുത്ത് കൊണ്ടിരിക്കും. ഇന്നതു ചിന്തിക്കുക, ഇന്നത് ഓർമ്മിക്കുക എന്നിങ്ങനെ. നമസ്കരിക്കുന്നവൻ അന്നേരം ചിന്തിക്കാത്ത കാര്യങ്ങളായിരിക്കും. പിശാച് ഓർമ്മപ്പെടുത്തുന്നത്. അവസാനം താൻ എത്ര റക്ക്അത്ത് നമസ്കരിച്ചുവെന്ന് പോലും മനുഷ്യന് ഓർമ്മയില്ലാത്തവിധം അവന്റെ മനസ്സിന്റെയും ഇടയിൽ അവൻ മറയിടും. (ബുഖാരി. 1. 11. 582)

573. അബൂസഈദ്(റ) നിവേദനം: തിരുമേനി(സ) അദ്ദേഹത്തോട് പറഞ്ഞു: ആടുകളെയും ഗ്രാമപ്രദേശത്തെയും നീ സ്നേഹിക്കുന്നതായി നിന്നെ ഞാൻ കാണുന്നു. നീ നിന്റെ ആടുകളുടെ കൂട്ടത്തിൽ അല്ലെങ്കിൽ ഗ്രാമത്തിൽ ആയിരിക്കുകയും നമസ്കാരത്തിന് നീ ബാങ്ക് വിളിക്കുകയും ചെയ്താൽ നിന്റെ ശബ്ദം നീ ഉയർത്തുക. നിശ്ചയം ബാങ്കു വിളിക്കുന്നവന്റെ ശബ്ദം അങ്ങേയററം വരെ കേൾക്കുന്ന ജിന്ന്, ഇൻസ്, എന്നുവേണ്ട എല്ലാ വസ്തുക്കളും അവന്നനുകൂലമായി അന്ത്യദിനത്തിൽ സാക്ഷ്യം വഹിക്കുന്നതാണ്. (ബുഖാരി. 1. 11. 583)

574. അനസ്(റ) നിവേദനം: തിരുമേനി(സ) ഒരു ജനതയുടെ നേരെ യുദ്ധത്തിനിറങ്ങിയാൽ ഞങ്ങളെയും കൂട്ടിയിട്ട് തിരുമേനി(സ) പ്രഭാതഘട്ടത്തിനു മുമ്പ് യുദ്ധം ചെയ്യുകയില്ല. അന്നേരം തിരുമേനി(സ) ശ്രദ്ധിക്കും. പ്രഭാതവേളയിൽ ആ ജനതയിൽ നിന്നു ബാങ്കു കേട്ടാൽ തിരുമേനി(സ) യുദ്ധ ശ്രമങ്ങളിൽ നിന്നു വിരമിക്കും. ബാങ്ക് കേട്ടില്ലെങ്കിലോ അവരെ അക്രമിക്കുകയുംചെയ്യും. അനസ്(റ) പറയുന്നു. അങ്ങനെ ഞങ്ങൾ ഖൈബറിലേക്ക് പുറപ്പെട്ടു. രാത്രിയിലാണ് അവിടെ എത്തിയത്. പ്രഭാതമാവുകയും ബാങ്ക് വിളി കേൾക്കാതിരിക്കുകയും ചെയ്തപ്പോൾ വാഹനപ്പുറത്തു കയറി. അബൂത്വൽഹ(റ)യുടെ പിന്നിൽ ഞാനും കയറി. എന്റെ കാൽപാദങ്ങൾ നബി(സ)യുടെ കാൽപാദവുമായി സ്പർശിക്കുന്നുണ്ട്. (ബുഖാരി. 1. 11. 584)

575. അബൂസഈദ്(റ) നിവേദനം: തിരുമേനി(സ) അരുളി: നിങ്ങൾ ബാങ്ക് വിളികേട്ടാൽ ബാങ്ക് വിളിക്കുന്നവൻ പറയും പോലെ നിങ്ങളും പറയുവീൻ. (ബുഖാരി. 1. 11. 585)

576. മുആവിയ്യ: ബാങ്ക് കൊടുക്കുന്നത് കേട്ടപ്പോൾ അതുപോലെ പറഞ്ഞു. അശ്ഹദുഅന്നമുഹമ്മദൻ റസൂലുല്ലാഹി എന്നുവരെ. (ബുഖാരി. 1. 11. 586)

577. പക്ഷെ ഹയ്യ-അല-സ്വലാഹ് എന്നു കേൾക്കുമ്പോൾ ലാ-ഹൗല-വലാ ഖുവ്വത്ത ഇല്ലാ-ബില്ലാഹ് എന്നാണ് അദ്ദേഹം പറഞ്ഞത്. നിങ്ങളുടെ നബി(സ) ഇങ്ങനെ പറയുന്നതായിട്ടാണ് ഞാൻ കേട്ടിരിക്കുന്നതെന്ന് ശേഷം അദ്ദേഹം (മുആവിയ്യ) പറഞ്ഞു. (ബുഖാരി. 1. 11. 587)

578. ജാബിർ(റ) നിവേദനം: തിരുമേനി(സ) അരുളി: ഈ പരിപൂർണ്ണ വിളിയുടെയും ആരംഭിക്കാൻ പോകുന്ന നമസ്കാരത്തിന്റെയും നാഥനായ അല്ലാഹുവേ, നീ വാഗ്ദാനം ചെയ്ത പ്രകാരം മുഹമ്മദ് നബി(സ)ക്ക് പരമോന്നത സാമീപ്യവും അത്യുന്നതപദവിയും നൽകുകയും സ്തുത്യർഹമായ സ്ഥാനത്തേക്ക് അദ്ദേഹത്തെ നീ ഉയർത്തുകയും ചെയ്യേണമേ! എന്നു ബാങ്കു കേൾക്കുന്നവൻ പറഞ്ഞാൽ അന്ത്യദിനം അവൻ എന്റെ ശുപാർശക്ക് അർഹനായി. (ബുഖാരി. 1. 11. 588)

579. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: ബാങ്കു വിളിക്കുന്നതിലും ഒന്നാമത്തെ വരിയിൽ നിൽക്കുന്നതിന്റെയും പുണ്യം ജനങ്ങൾ മനസ്സിലാക്കി. എന്നിട്ട് ആ രണ്ടു സ്ഥാനവും കരസ്ഥമാക്കാൻ നറുക്കിടുകയല്ലാതെ സാധ്യമല്ലെന്ന് അവർ കണ്ടു. എന്നാൽ നറുക്കിട്ടിട്ടെങ്കിലും ആ സ്ഥാനങ്ങൾ കരസ്ഥമാക്കാൻ അവർ ശ്രമിക്കുമായിരുന്നു. ളുഹർ നമസ്കാരംആദ്യ സമയത്ത് തന്നെ നമസ്കരിക്കുന്നതിനുള്ള പുണ്യം ജനങ്ങൾ ഗ്രഹിച്ചിരുന്നെങ്കിൽ അക്കാര്യത്തിലും അവർ മത്സരിച്ചു മുന്നോട്ട് വരുമായിരുന്നു. ഇശാനമസ്കാരത്തിലുള്ള നേട്ടം ജനങ്ങൾ മനസ്സിലാക്കിയിരുന്നെങ്കിൽ മുട്ടുകുത്തിയിട്ടെങ്കിലും അത് നമസ്കരിക്കുവാൻ അവർ (പള്ളിയിലേക്ക്) വരുമായിരുന്നു) (ബുഖാരി. 1. 11. 589)

580. അബ്ദുല്ല(റ) പറയുന്നു. ഒരിക്കൽ ഇബ്നുഅബ്ബാസ് കഠിന മഴയുള്ള ദിവസം ഞങ്ങളോട് പ്രസംഗിക്കുകയായിരുന്നു. ബാങ്കു കൊടുക്കുന്നവൻ നമസ്കാരത്തിനു വരുവീൻ എന്ന സ്ഥലത്തു എത്തിയപ്പോൾ താമസ സ്ഥലത്തു വെച്ച് നമസ്കരിച്ചു കൊള്ളുവീൻ എന്നു വിളിച്ചു പറയുവാൻ ബാങ്കു കൊടുക്കുന്നവനോട് നിർദ്ദേശിച്ചു. അപ്പോൾ ചിലർ ചിലരുടെ നേരെ (അത്ഭുത്തോടുകൂടി) നോക്കി. ഇബ്നുഅബ്ബാസ്(റ) പറഞ്ഞു. എന്നെക്കാൾ ഉത്തമനായവൻ (നബി) ഇപ്രകാരം ചെയ്തിട്ടുണ്ട്. അത് (ജുമുഅ) നിർബ്ബന്ധം തന്നെയാണ്. (ബുഖാരി. 1. 11. 590)

581. ഇബ്നുഉമർ(റ) നിവേദനം: തിരുമേനി(സ) അരുളി: ബിലാൽ ബാങ്ക് വിളിക്കുന്നത് രാത്രിയാണ്. അതുകൊണ്ട് അതിനുശേഷം നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുവീൻ. ഇബ്നുഉമ്മുമക്ത്തും ബാങ്ക് വിളിക്കും വരേക്കും ആ നില തുടരുക. നിവേദകൻ പറയുന്നു. ഇബ്നുമക്ത്തും ഒരന്ധനായിരുന്നു. പ്രഭാതമായി എന്ന് അദ്ദേഹത്തോട് ജനങ്ങൾ പറയുമ്പോഴല്ലാതെ അദ്ദേഹം ബാങ്ക് വിളിക്കുകയില്ല. (ബുഖാരി. 1. 11. 591)

582. ഹഫ്സ(റ) നിവേദനം: സുബ്ഹ് നമസ്ക്കാരത്തിനു വേണ്ടി ബാങ്കു വിളിക്കുന്നവൻ ബാങ്കുവിളിച്ച് ഇരുന്നു കഴിയുകയും പ്രഭാതം ശരിക്കും തെളിയുകയും ചെയ്താൽ തിരുമേനി(സ) രണ്ടു റക്അത്തു ലഘുവായി നമസ്ക്കരിക്കും. ജമാഅത്തു നമസ്ക്കാരം ആരംഭിക്കും മുമ്പ്. (ബുഖാരി. 1. 11. 592)

583. ആയിശ:(റ) നിവേദനം: സുബ്ഹി നമസ്ക്കാരത്തിന്റെ ബാങ്കിന്റെയും ഇഖാമത്തിന്റെയും ഇടയിലായി ലഘുവായ രണ്ടു റക്അത്തു നബി(സ) നമസ്ക്കരിക്കാറുണ്ട്. (ബുഖാരി. 1. 11. 593)

584. അബ്ദുല്ല(റ) നിവേദനം: തിരുമേനി(സ) അരുളി: ബിലാലിന്റെ ബാങ്ക് കേട്ടു നിങ്ങളിലാരും തന്നെ നോമ്പു രാത്രിയിലെ ആഹാരപാനീയങ്ങൾ കഴിക്കുന്നതിൽ നിന്നു പിന്മാറേണ്ടതില്ല. കാരണം ബിലാൽ ബാങ്കു വിളിക്കുന്നതു രാത്രിയാണ്. നിങ്ങളിൽ തഹജുദ് നമസ്ക്കരിക്കുന്നവരെ അതിൽ നിന്ന് വിരമിപ്പിക്കാനും ഉറങ്ങുന്നവരെ ഉണർത്തുവാനുമാണ് അദ്ദേഹം ബാങ്കുവിളിക്കുന്നത്. അന്നേരം പ്രഭാതം വെളിപ്പെടുന്നില്ല. പ്രഭാതത്തിനു മുമ്പുണ്ടാകുന്ന മറെറാരു പ്രകാശമാണ് അതെന്നു ഉണർത്തികൊണ്ടു തിരുമേനി തന്റെ വിരലുകൾ മേൽപോട്ടു ചൂണ്ടിക്കാട്ടിയിട്ട് കീഴ്പോട്ട് താഴ്ത്തി. ഇന്നപ്രകാരമാണ് ഫജ്റുകാദിബ് വെളിപ്പെടുകയെന്നുകാണിക്കാനാണ് അങ്ങനെ ചെയ്തത്. നിവേദകനായ സുഹൈർ(റ) തന്റെ രണ്ടു ചൂണ്ടാണി വിരലുകൾ ഒന്നു മറേറതിന്മേൽ ആദ്യം വെച്ചു. എന്നിട്ട് അവയിലോരോന്നിനെ വലഭാഗത്തേക്കും ഇടഭാഗത്തേക്കും നീട്ടി. (ബുഖാരി. 1. 11. 594, 595)

585. ആയിശ(റ) നിവേദനം: തിരുമേനി(സ) അരുളി: നിശ്ചയം ബിലാൽ രാത്രിയാണ് ബാങ്കുവിളിക്കുക. അതിനാൽ ഇബ്നുഉമ്മിമക്തൂമ് ബാങ്ക് കൊടുക്കുന്നതുവരെ നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുവീൻ. (ബുഖാരി. 1. 11. 596)

586. അബ്ദുല്ലാഹിബ്നു മുഗഫൽ(റ) നിവേനം: തിരുമേനി(സ) അരുളി: എല്ലാ രണ്ടു ബാങ്കുകൾക്കിടയിലും നമസ്കാരമുണ്ട്. ഇതു തിരുമേനി(സ) മൂന്ന് പ്രാവശ്യം ആവർത്തിച്ചു പറഞ്ഞു. അങ്ങനെ ചെയ്യാനുദ്ദേശിക്കുന്നവർക്ക് എന്നുകൂടി അവിടുന്നു അരുളി. (ബുഖാരി. 1. 11. 597)

587. അനസ്(റ) നിവേദനം: നബി(സ) നമസ്കരിക്കുവാൻ വരുന്നതുവരെ മഗ്രിബിന്റെ മുമ്പ് സുന്നത്ത് നമസ്കരിക്കുവാൻ വേണ്ടി സഹാബിവര്യന്മാർ തൂണുകൾക്ക് നേരെ ധൃതിപ്പെടാറുണ്ട്. കൂടുതൽ സമയം ബാങ്കിന്റെയും ഇഖാമത്തിന്റെയും ഇടയിൽ ഉണ്ടാവാറില്ല. (ബുഖാരി. 1. 11. 598)

588. ആയിശ:(റ) നിവേദനം: സുബ്ഹി നമസ്കാരത്തിനു ആദ്യത്തെ ബാങ്കു കൊടുക്കുന്നവൻ ബാങ്കു കൊടുത്തു അതിൽ നിന്ന് വിരമിച്ചാൽ നബി(സ) എഴുന്നേററ് ലഘുവായ രണ്ടു റക്ക്അത്ത് നമസ്കരിക്കും. സുബ്ഹി നമസ്കാരത്തിന് മുമ്പായിക്കൊണ്ടും പ്രഭാതം ശരിക്കും വ്യക്തമാവുകയും ചെയ്തശേഷം. ശേഷം തന്റെ വലഭാഗത്തേക്ക് തിരിഞ്ഞുകിടക്കും. ബാങ്ക് കൊടുത്തവൻ ഇഖാമത്ത് വിളിക്കുവാൻ വരുന്നതുവരെ. (ബുഖാരി. 1. 11. 599)

589. മാലിക്ക്ബ്നു ഹുവൈരിസ്(റ) നിവേദനം: ഞാൻ എന്റെ ജനതയിലെ ഒരു സംഘത്തോടൊപ്പം തിരുമേനി(സ)യുടെ അടുക്കൽ ചെന്നു. ശേഷം തിരുമേനി(സ)യുടെ അടുത്ത് ഇരുപത് ദിവസം താമസിച്ചു. തിരുമേനി(സ) വളരെ ദയാലുവായിരുന്നു. ഞങ്ങളുടെ കുടുംബത്തിലേക്ക് മടങ്ങാനുള്ള ആഗ്രഹം തിരുമേനി(സ) കണ്ടപ്പോൾ അവിടുന്നു അരുളി. നിങ്ങൾ തിരിച്ചുപോയി അവരൊടൊപ്പം തന്നെ താമസിക്കുക. അവർക്ക് നിങ്ങൾ മതതത്വങ്ങൾ പഠിപ്പിക്കുകയും നമസ്ക്കാരം അനുഷ്ഠിക്കുകയും ചെയ്യുക. നമസ്ക്കാരസമയമായാൽ നിങ്ങളിലൊരാൾ ബാങ്ക് കൊടുക്കുകയും നിങ്ങളിൽ വെച്ച് ഉന്നതൻ നിങ്ങൾക്ക് ഇമാമായി നമസ്ക്കരിക്കുകയും ചെയ്യട്ടെ. (ബുഖാരി. 1. 11. 601)

590. അബൂദർറ്(റ) നിവേദനം: ഞങ്ങൾ നബി(സ)യുടെ കൂടെ ഒരു യാത്രയിലായിരുന്നു. ബാങ്ക് കൊടുക്കുന്നവൻ ബാങ്ക് കൊടുക്കുവാൻ ഉദ്ദേശിച്ചു. അപ്പോൾ നബി(സ) അദ്ദേഹത്തോട് പറഞ്ഞു: നീതണുപ്പിക്കുക. വീണ്ടും അദ്ദേഹം ബാങ്ക് കൊടുക്കുവാൻ ഉദ്ദേശിച്ചു. അപ്പോഴും നബി(സ) പറഞ്ഞു. നീതണുപ്പിക്കുക. വീണ്ടും ഇപ്രകാരം സംഭവിച്ചു. എന്നിട്ടു തിരുമേനി(സ) പറഞ്ഞു: നിഴൽ കുന്നുകളോട് സമാനമാകുന്നതുവരെ. അനന്തരം അവിടുന്നു പറഞ്ഞു: ചൂടിന്റെ കാഠിന്യം നരകം കത്തിച്ചതുപോലെയാണ്. (ബുഖാരി. 1. 11. 602)

591. മാലിക്ക്ബ്നു ഹൂവൈെസ്(റ) നിവേദനം: രണ്ടാളുകൾ തിരുമേനി(സ)യുടെ അടുക്കൽ വന്നു. അവർ യാത്രക്ക് ഉദ്ദേശിക്കുകയായിരുന്നു. അന്നേരം തിരുമേനി(സ) അരുളി. നിങ്ങൾ രണ്ടുപേരും യാത്ര പുറപ്പെട്ടു നമസ്കാരസമയമായാൽ നിങ്ങൾ രണ്ടു പേർക്കും ബാങ്ക് കൊടുക്കുക. പിന്നീട് രണ്ടു പേർക്കും ഇഖാമത്ത് വിളിക്കുക. പിന്നീട് നിങ്ങളിൽ ഉന്നതൻ നിങ്ങൾക്കുവേണ്ടി ഇമാമായി നമസ്കരിക്കട്ടെ. (ബുഖാരി. 1. 11. 603)

592. ഇബ്നുഉമർ(റ) നിവേദനം: അദ്ദേഹം ളജ്നാൻ എന്ന മലയുടെ അടുത്തുവെച്ച് ഒരു ശൈത്യമുള്ള രാത്രിയിൽ ബാങ്കു കൊടുത്തു. ശേഷം അദ്ദേഹം വിളിച്ചു പറഞ്ഞു: നിങ്ങൾ നിങ്ങളുടെ താമസസ്ഥലത്തു വെച്ച് നമസ്ക്കരിക്കുവിൻ. അദ്ദേഹം ഞങ്ങളോടു പറയാറുണ്ട്. തിരുമേനി(സ) ബാങ്കു കൊടുക്കുന്നവനോട് ബാങ്ക് കൊടുക്കുവാൻ നിർദ്ദേശിക്കും. ശേഷം വിളിച്ച് പറയും; അറിയുക, നിങ്ങൾ താമസസ്ഥലത്തു വെച്ച് നമസ്ക്കരിക്കുവിൻ, യാത്രാഘട്ടത്തിൽ മഴയോശൈത്യമോ അനുഭവപ്പെടുന്ന പക്ഷം. (ബുഖാരി. 1. 11. 605)

593. അബൂജുഹൈഫ(റ) നിവേദനം: അബ്ത്വഅ് എന്ന സ്ഥലത്ത് വെച്ച് തിരുമേനി(സ)യെ ഒരിക്കൽ ഞാൻ കണ്ടു. ബിലാൽ വന്നു ബാങ്ക് വിളിച്ചു. അനന്തരം അദ്ദേഹം ഒരു വടികൊണ്ടുവന്നു നബി(സ)യുടെ മുമ്പിൽ തറച്ചു. അങ്ങനെ നമസ്കാരത്തിനു ഇഖാമത്തു കൊടുത്തു. (ബുഖാരി. 1. 11. 606)

594. അബൂജുഹൈഫ:(റ) നിവേദനം: അദ്ദേഹം ബിലാൽ(റ) ബാങ്ക് വിളിക്കുന്നതായി കണ്ടു. ബാങ്കിൽ തന്റെ വായ ഇരുഭാഗത്തേക്കും അനുധാവനം ചെയ്തു. (ബുഖാരി. 1. 11. 607)

595. അബൂഖത്താദ(റ) നിവേദനം: ഒരു ദിവസം ഞങ്ങൾ തിരുമേനി(സ) യോടൊപ്പം നമസ്കരിക്കുമ്പോൾ ഒരു കൂട്ടം ആളുകളുടെ ചവിട്ടടിശബ്ദം തിരുമേനി(സ) കേട്ടു. അങ്ങനെ തിരുമേനി(സ) നമസ്ക്കാരത്തിൽ നിന്നു വിരമിച്ചു കഴിഞ്ഞപ്പോൾ നിങ്ങളുടെ കഥയെന്തെന്നു അവരോട് ചോദിച്ചു. അവർ പറഞ്ഞു: ഞങ്ങൾ ജമാഅത്തു നമസ്കാരത്തിന് ധൃതിപ്പെട്ടതാണ്. തിരുമേനി(സ) അരുളി: മേലിൽ അങ്ങനെ ചെയ്തുപോകരുത്. നിങ്ങൾ നമസ്കാരത്തിന് വരുമ്പോൾ ശാന്തതയോടുകൂടി വരുക. എന്നിട്ട് നിങ്ങൾക്ക് ഇമാമോടൊപ്പം കിട്ടിയത് നമസ്കരിക്കുക. നിങ്ങൾക്ക് നഷ്ടപ്പെട്ടത് പൂർത്തിയാക്കുകയും ചെയ്യുക. (ബുഖാരി. 1. 11. 608)

596. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: ഇഖാമത്തു നിങ്ങൾ കേട്ടാൽ നമസ്ക്കാരത്തിലേക്ക് നിങ്ങൾ നടന്ന്പോവുക (ഓടരുത്). നിങ്ങൾക്ക് ശാന്തതയും വണക്കവും നിർബന്ധമാണ്. നിങ്ങൾ ധൃതിപ്പെടരുത്. നിങ്ങൾക്ക് ലഭിക്കുന്നത് നമസ്ക്കരിക്കുക. നഷ്ടപ്പെട്ടത് പൂർത്തിയാക്കുക. (ബുഖാരി. 1. 11. 609)

597. അബൂഖത്താദ(റ) നിവേദനം: തിരുമേനി(സ) അരുളി: നമസ്ക്കാരത്തിന് ഇഖാമത്ത് വിളിക്കപ്പെട്ടാൽ എന്നെ കാണും വരേക്കും നിങ്ങൾ നമസ്ക്കാരത്തിനായി എഴുന്നേൽക്കരുത്. (ബുഖാരി. 1. 11. 610)

598. അനസ്(റ) നിവേദനം: ഒരിക്കൽ നമസ്ക്കാരത്തിനു ഇഖാമത്ത് വിളിച്ചു. അന്നേരം തിരുമേനി(സ) പള്ളിയുടെ ഒരു ഭാഗത്തുവെച്ച് ഒരാളുമായി സ്വകാര്യ സംഭാഷണം നടത്തുകയായിരുന്നു. അവസാനം ജനങ്ങൾക്ക് ഉറക്കം വരുന്നതുവരേക്കും തിരുമേനി(സ) നമസ്ക്കരിക്കുവാൻ നിന്നില്ല. (ബുഖാരി. 1. 11. 615)

599. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: എന്റെ ആത്മാവിനെ നിയന്ത്രിക്കുന്ന അല്ലാഹുവിനെ കൊണ്ട് സത്യം. ഞാൻ ഇപ്രകാരം ഉദ്ദേശിച്ചു. ഞാൻ കുറച്ച് വിറകുശേഖരിക്കാൻ വേണ്ടി കൽപ്പിക്കുക. പിന്നീട് നമസ്ക്കരിക്കുവാൻ കൽപ്പിക്കുക. നമസ്കാരത്തിന് ബാങ്ക് കൊടുക്കുക. എന്നിട്ട് ഒരാളെ വിളിച്ചു

ജനങ്ങൾക്ക് ഇമാമായി നിന്നു നമസ്ക്കരിക്കാൻ കൽപ്പിക്കുക. അനന്തരം ചില ആളുകളുടെ വീടുകളിലേക്ക് ഞാൻ പുറപ്പെടുക. എന്നിട്ട് ജമാഅത്തിനു വരാത്ത ആ ആളുകളോടുകൂടി അവരുടെ ആ വീടുകൾ കത്തിച്ചുകളയുക. എന്റെ ആത്മാവിനെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന അല്ലാഹുവിനെക്കൊണ്ട് സത്യം. അവരിൽ വല്ലവർക്കും മാംസത്തിന്റെ അംശങ്ങൾ അവശേഷിച്ചിട്ടുള്ള ഒരെല്ലോ അല്ലെങ്കിൽ ആട്ടിന്റെ നല്ല രണ്ടു കുളമ്പോ കിട്ടുമെന്ന് അവർ പ്രതീക്ഷിച്ചെങ്കിൽ അവർ ഇശാനമസ്ക്കാരത്തിന് ഹാജറാവുമായിരുന്നു. (ബുഖാരി. 1. 11. 617)

600. ഇബ്നുഉമർ(റ) നിവേദനം: തിരുമേനി(സ) അരുളി: ജമാഅത്ത് നമസ്ക്കാരത്തിന് ഒരാൾ ഒററക്ക് നമസ്ക്കരിക്കുന്നതിനേക്കാൾ ഇരുപത്തേഴിരട്ടി കൂടുതൽ പുണ്യമുണ്ട്. (ബുഖാരി. 1. 11. 618)

601. അബൂസഈദുൽഖുദ്രി(റ) നിവേദനം: തിരുമേനി(സ) അരുളി: ഒററക്ക് നമസ്കരിക്കുന്നതിനേക്കാൾ ജമാഅത്തിന് ഇരുപത്തിഅഞ്ച് ഇരട്ടി പ്രതിഫലമുണ്ട്. (ബുഖാരി. 1. 11. 619)

602. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: ഒരാൾ തന്റെ വീട്ടിൽ വച്ചോ തന്റെ അങ്ങാടിയിൽ വച്ചോ നമസ്കരിക്കുന്നതിനേക്കാൾ ജമാഅത്തിന് 25 ഇരട്ടി പ്രതിഫലമുണ്ട്. കാരണം ഒരാൾ നല്ലതുപോലെ വുളു എടുക്കുകയും ശേഷം പള്ളിയിലേക്ക് പുറപ്പെടുകയും ചെയ്യുന്നു. നമസ്കാരമല്ലാതെ മറെറാരു പ്രേരണയും അവനില്ല. എങ്കിൽ അവന്റെ കാൽപാദങ്ങൾക്കും ഓരോപദവി അല്ലാഹു ഉയർത്തുകയും ഓരോപാപം പൊറുത്തുകൊടുക്കുകയും ചെയ്യും. അങ്ങനെ നമസ്കാരത്തിൽ പ്രവേശിച്ചാൽ മലക്കുകൾ അവന് വേണ്ടി പ്രാർത്ഥിച്ച്കൊണ്ടിരിക്കും. അവന്റെ നമസ്കാരസ്ഥലത്തു അവൻ ഇരിക്കുന്നതുവരേക്കും. അല്ലാഹുവേ, നീ അവനു നന്മ ചെയ്യേണമേ, എന്ന് അവർ പ്രാർത്ഥിക്കും. നിങ്ങളിൽ ഒരാൾ നമസ്കാരത്തെ പ്രതീക്ഷിക്കും വരേക്കും നമസ്കാരത്തിൽ തന്നെയാണ്. (ബുഖാരി. 1. 11. 620)

603. അബൂഹുറൈറ(റ) നിവേദനം: നിങ്ങളിൽ ഒരാൾ ഒററക്ക് നമസ്കരിക്കുന്നതിനേക്കാൾ ജമാഅത്തായി നമസ്ക്കരിക്കുന്നതിന് 25 ഇരട്ടി പുണ്യമുണ്ട് എന്നു തിരുമേനി(സ) അരുളുന്നത് ഞാൻ കേട്ടിട്ടുണ്ട്. രാത്രിയിലേയും പകലിലേയും മലക്കുകൾ സുബ്ഹി നമസ്കാരത്തിൽ സമ്മേളിക്കും. എന്നിട്ടു അദ്ദേഹം ഓതി: നിശ്ചയം പ്രഭാതവേളയിലെ ഖുർആൻ പാരായണത്തിങ്കൽ സന്നദ്ധതയുണ്ടാകും. ഇബ്നുഉമർ(റ) നിവേദനം: ജമാഅത്തിന് 27 ഇരട്ടി പ്രതിഫലമുണ്ട്. (ബുഖാരി. 1. 11. 621)

604. ഉമ്മുദർദാഅ്(റ) നിവേദനം: ഒരിക്കൽ അബുദർദാഅ് എന്റെ അടുക്കൽ കോപിഷ്ഠനായിക്കൊണ്ട് കയറി വന്നു. അപ്പോൾ ഞാൻ ചോദിച്ചു. എന്താണ് താങ്കളെ കോപിഷ്ഠനാക്കുന്നത്? അദ്ദേഹം പറഞ്ഞു: മുഹമ്മദിന്റെ സമുദായത്തിൽ നബി(സ)യുടെ കാലത്ത് കണ്ടിരുന്ന ഒന്നും തന്നെ ഇന്നു കാണുന്നില്ല. ജമാഅത്തായി നമസ്കരിക്കുന്നുണ്ടെന്നു മാത്രം. (ബുഖാരി. 1. 11. 622)

605. അബൂമൂസ(റ) നിവേദനം: തിരുമേനി(സ) അരുളി: പള്ളിയിൽ നിന്ന് നടത്തം കൂടുതൽ കൂടുതൽ അകലമുണ്ടോ അതനുസരിച്ചാണ് പ്രതിഫലത്തിന്റെ മഹത്വം. ഇമാമോടൊപ്പം നമസ്കരിക്കുവാൻ വേണ്ടി പ്രതീക്ഷിച്ചിരിക്കുന്നവന്ന് ഒററക്ക് നമസ്കരിച്ചു ഉറങ്ങിക്കളയുന്നവനേക്കാൾ കൂടുതൽ പുണ്യമുണ്ട്. (ബുഖാരി. 1. 11. 623)

606. അബൂഹുറൈറ(റ) നിവേദനം. തിരുമേനി(സ) അരുളി: ഒരു മനുഷ്യൻ ഒരു വഴിക്ക് നടന്നുപോകുമ്പോൾ വഴിയിൽ മുൾച്ചെടിയുടെ ഒരു കഷ്ണം കണ്ടു. ഉടനെ അതവിടെ നിന്ന് തട്ടിനീക്കി. അപ്പോൾ അല്ലാഹു അവനോട് കൃതജ്ഞത പ്രകടിപ്പിച്ചു. അവന്റെ തെററുകൾ അല്ലാഹു പൊറുത്തുകൊടുത്തു. ശേഷം തിരുമേനി(സ) അരുളി:

രക്തസാക്ഷികൾ അഞ്ചു വിഭാഗക്കാരാണ്. പ്ലേഗിൽ മരണമടഞ്ഞവൻ, അതിസാരം മൂലം മരണമടഞ്ഞവൻ, വെള്ളത്തിൽ മുങ്ങി മരിച്ചവൻ, വല്ലതും തകർന്ന് വീണിട്ടു അതിന്നടിയിൽ കിടന്ന് മരിച്ചവൻ, ദൈവമാർഗ്ഗത്തിൽ സമരം ചെയ്തു മരിച്ചവൻ. ശേഷം തിരുമേനി(സ) അരുളി: ബാങ്ക് വിളിച്ചാലും ആദ്യ വരിയിലുമുള്ള നന്മ മനുഷ്യർ ശരിക്കും മനസ്സിലാക്കിയിരുന്നുവെങ്കിൽ അതിന് നറുക്കെടുക്കേണ്ടി വന്നാൽ അവർ നറുക്കെടുക്കുക തന്നെ ചെയ്യുമായിരുന്നു. തിരുമേനി(സ) അരുളി: അതുപോലെ ഉച്ചക്ക് പുറപ്പെടുന്നതിന്റെ ശ്രേഷ്ഠത അവർ ഗ്രഹിച്ചിരുന്നുവെങ്കിൽ അവരതിലേക്കു മുന്നിടുമായിരുന്നു. ഇശാ: നമസ്കാരത്തിലും സുബ്ഹിലുമുള്ള ശ്രേഷ്ഠത ഗ്രഹിച്ചിരുന്നുവെങ്കിൽ അവരതിലേക്ക് ഇഴഞ്ഞിട്ടെങ്കിലും എത്തുമായിരുന്നു. (ബുഖാരി. 1. 11. 624)

607. അനസ്(റ) നിവേദനം: തിരുമേനി(സ) പറഞ്ഞു: ബനൂസൽമ: ഗോത്രക്കാരേ! നിങ്ങളുടെ ചവിട്ടടികൾക്ക് നിങ്ങൾ പുണ്യം ആഗ്രഹിക്കുന്നില്ലേ? മുജാഹിദ് പറയുന്നു; അവർ പ്രവർത്തിച്ചതും അവരുടെ ചവിട്ടടികളും ഞാൻ രേഖപ്പെടുത്തുമെന്നതിന്റെ വ്യാഖ്യാനം അവരുടെ (പള്ളിയിലേക്കുള്ള) കാൽപാദങ്ങളാണ്. അനസ്(റ) നിവേദനം: ബനൂസൽമ: സലമ: ഗോത്രക്കാർ അവരുടെ താമസസ്ഥലം വിട്ടുതിരുമേനി(സ)യുടെ അടുത്തു താമസമുറപ്പിക്കാനുദ്ദേശിച്ചു. അനസ്(റ) പറയുന്നു. അപ്പോൾ അവർ മദീനയുടെ പ്രാന്തപ്രദേശങ്ങൾ വിട്ട് പോരുന്നത് തിരുമേനി(സ) ഇഷ്ടപ്പെട്ടില്ല. അതിനാൽ അവിടുന്നു ചോദിച്ചു. നിങ്ങളുടെ ചവിട്ടടികൾക്ക് നിങ്ങൾ പുണ്യം ലഭിക്കണമെന്ന് ആഗ്രഹിക്കുന്നില്ലേ? മുജാഹിദ് പറയുന്നു: അവശിഷ്ടങ്ങൾ എന്നു പറഞ്ഞതിന്റെ വിവക്ഷ ചവിട്ടടികളാണ്. കാലുകൾ കൊണ്ട് ഭൂമിയിൽ സഞ്ചരിക്കൽ (ബുഖാരി. 1. 11. 625)

608. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: കപടവിശ്വാസികൾക്ക് ഇശാ നമസ്കാരത്തേക്കാളും സുബ്ഹി നമസ്കാരത്തേക്കാളും ഭാരിച്ചൊരു നമസ്കാരമേയില്ല. ആ രണ്ടു നമസ്കാരത്തിലും അടങ്ങിയ പുണ്യം അവർ ഗ്രഹിച്ചിരുന്നുവെങ്കിൽ മുട്ടുകുത്തി നടന്നിട്ടെങ്കിലും അവരതിൽ ഹാജറാകുമായിരുന്നു. (ബുഖാരി. 1. 11. 626)

609. മാലിക്ബ്നു ഹുവൈരിസി(റ) നിവേദനം: തിരുമേനി(സ) അരുളി: നമസ്കാരം ഹാജറായാൽ നിങ്ങൾ രണ്ടു പേർക്കും വേണ്ടി ബാങ്കും ഇഖാമത്തും കൊടുക്കുവീൻ. എന്നിട്ട് നിങ്ങൾ രണ്ട് പേരിൽ ഏററവും ഉത്തമൻ ഇമാമ് നിൽക്കുകയും ചെയ്യട്ടെ. (ബുഖാരി. 1. 11. 627)

610. അബൂഹുറൈറ(റ) നിവേദനം: അല്ലാഹുവിന്റെ തണലല്ലാതെ മറെറാരു തണലും ലഭിക്കാത്ത ഘട്ടത്തിൽ ഏഴ് പേർക്ക് അല്ലാഹു നിഴൽ നല്കും. നീതിമാനായ ഭരണാധിപൻ, ദൈവാരാധനയിൽ വളർന്ന യുവാവ്, ഹൃദയം എപ്പോഴും പള്ളിയുമായി ബന്ധിക്കപ്പെട്ട മനുഷ്യൻ, അല്ലാഹുവിന്റെ താല്പര്യങ്ങൾക്കനുസരിച്ച് പരസ്പരം സ്നേഹിക്കയും അതിന്റെ പേരിൽ പരസ്പരം ഭിന്നിക്കുകയും ചെയ്ത രണ്ടു വ്യക്തികൾ, ഉന്നതസ്ഥാനവും സൗന്ദര്യവുമുള്ള ഒരു സ്ത്രീ ഒരു പുരുഷനെ (വ്യഭിചാരം ചെയ്യാൻ ) ക്ഷണിച്ചു. അപ്പോൾ അവൻ പറഞ്ഞു: ഞാൻ അല്ലാഹുവിനെ ഭയപ്പെടുന്നു. ഒരുവൻ ദാനധർമ്മം ചെയ്തു അതിനെ ഗോപ്യമാക്കി വച്ചു. അവന്റെ വലതുകൈ ധർമ്മം ചെയ്തതു ഇടതുകൈ അറിയാത്തതു വരെ. ഒരാൾ ഒററക്കിരുന്നു അല്ലാഹുവിനെ ഓർമ്മിക്കുകയും അങ്ങനെ അവന്റെ ഇരുനേത്രങ്ങളിൽ നിന്ന് കണ്ണുനീർ ഒഴുകുകയും ചെയ്തു. (ബുഖാരി. 1. 11. 629)

611. അനസ്(റ) നിവേദനം: തിരുമേനി(സ) മോതിരം നിർമ്മിച്ചിരുന്നുവോ? എന്ന് അദ്ദേഹത്തോട് ചോദിച്ചു: അതെ, എന്ന് അനസ്(റ) മറുപടി പറഞ്ഞു. ഒരിക്കൽ തിരുമേനി(സ) ഇശാനമസ്കാരം രാത്രിയുടെ പകുതി വരെ പിന്തിച്ചു. അനന്തരം

ഞങ്ങളുടെ നേരെ തിരിഞ്ഞു. എന്നിട്ട് അവിടുന്ന് അരുളി: ജനങ്ങൾ എല്ലാവരും നമസ്കരിച്ചു കിടന്നുറങ്ങി. നിങ്ങൾ നമസ്കാരത്തെ പ്രതീക്ഷിക്കുന്ന സമയം വരേക്കും നമസ്കാരത്തിലാണ്. അനസ്(റ) പറയുന്നു: നബി(സ)യുടെ മോതിരത്തിന്റെ തിളക്കം ഇപ്പോഴും ഞാൻ നോക്കിക്കാണുന്നതുപോലെയുണ്ട്. (ബുഖാരി. 1. 11. 630)

612. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: വല്ലവനും പ്രഭാതത്തിലും വൈകുന്നേരവും പള്ളിയിലേക്ക് പുറപ്പെട്ടാൽ ആ സമയത്തെല്ലാം തന്നെ അല്ലാഹു അവന് സ്വർഗ്ഗത്തിൽ അവന്റെ വിരുന്ന് തയ്യാറാക്കുന്നതാണ്. (ബുഖാരി. 1. 11. 631)

613. ഇബ്നുബുഹൈന(റ) നിവേദനം: നമസ്കാരത്തിനു ഇഖാമത്തുവിളിച്ചശേഷം ഒരു മനുഷ്യൻ രണ്ട് റക്ക്അത്തു സുന്നത്ത് നമസ്കാരത്തിൽ നിന്ന് വിരമിച്ചപ്പോൾ ആളുകൾ അയാളുടെ ചുററും തടിച്ചുകൂടി. അതു കണ്ടപ്പോൾ തിരുമേനി(സ) അയാളോട് ചോദിച്ചു: സുബ്ഹി നാല് റക്ക്അത്തു നമസ്കരിക്കുകയോ? സുബ്ഹി നാല് റക്ക്അത്ത് നമസ്കരിക്കുകയോ? (ബുഖാരി. 1. 11. 632)

614. ആയിശ(റ) നിവേദനം. : തിരുമേനി(സ)യെ മരണരോഗം ബാധിക്കുകയും നമസ്കാര സമയം ആസന്നമായി ബാങ്ക് വിളിക്കുകയും ചെയ്തപ്പോൾ അവിടുന്ന് അരുളി: നിങ്ങൾ അബൂബക്കറിനോട് ജനങ്ങൾക്ക് നമസ്കാരത്തിൽ നേതൃത്വം നൽകുവാൻ നിർദ്ദേശിക്കുക. അന്നേരം തിരുമേനി(സ) യോട് (ഭാര്യമാർ) പറഞ്ഞു: അബൂബക്കർ(റ) മനസ്സിന് വളരെ അലിവുള്ള ഒരു മനുഷ്യനാണ്. അങ്ങയുടെ സ്ഥാനത്തു അദ്ദേഹം ചെന്നുനിന്നാൽ ജനങ്ങളെയും കൊണ്ടു പ്രാർത്ഥന നടത്താൻ അദ്ദേഹത്തിന് കഴിയുകയില്ല. ഇത് കേട്ടപ്പോൾ തിരുമേനി(സ) ആദ്യം നിർദേശം ആവർത്തിച്ചു. അപ്പോൾ അവർ എതിർവാദവും ആവർത്തിച്ചു. മൂന്നാമത്തെ പ്രാവശ്യം നബി(സ) നിർദേശം ആവർത്തിച്ചപ്പോൾ തിരുമേനി(സ) അരുളി: നിങ്ങൾ യൂസഫ് നബി (അ) യെ കുഴപ്പത്തിലാക്കാൻ ശ്രമിച്ച കൂട്ടുകാരികളാണ്. നിങ്ങൾ അബൂബക്കറിനോട് തന്നെ നിർദേശിക്കുക. അദ്ദേഹം ജനങ്ങൾക്ക് ഇമാമ് നിന്ന് നമസ്കരിക്കട്ടെ. ഉടനെ അബൂബക്കർ(റ) പള്ളിയിലേക്ക് വന്നു. എന്നിട്ട് ജനങ്ങളുമായി നമസ്ക്കരിച്ചു. അന്നേരം തിരുമേനി(സ)യുടെ രോഗത്തിന് അൽപം ആശ്വാസം തോന്നി. അപ്പോൾ രണ്ടാളുകളുടെ സഹായത്തോടെ തിരുമേനി(സ) പള്ളിയിലേക്ക്പുറപ്പെട്ടു. രോഗം മൂലം തിരുമേനി(സ)യുടെ രണ്ടു കാലുകൾ ഭൂമിയിലൂടെ വലിച്ചിഴച്ച് കൊണ്ട് പോയ കാഴ്ച ഇപ്പോഴും എന്റെ കൺമുന്നിലുണ്ട്. അങ്ങനെ തിരുമേനി(സ) എത്തിയത് കണ്ടപ്പോൾ അബൂബക്കർ ഇമാമ് സ്ഥാനത്ത് നിന്ന് പിന്നോട്ട് നീങ്ങാനുദ്ദേശിച്ചു. ഉടനെ നിങ്ങളുടെ സ്ഥാനത്ത് തന്നെ നില്ക്കുകയെന്ന് അബൂബക്കർ(റ)നെ തിരുമേനി(സ) ആംഗ്യം മൂലം ഉണർത്തി. എന്നിട്ട് തിരുമേനി(സ)യെ താങ്ങിക്കൊണ്ട് വന്നു അബൂബക്കർ(റ)ന്റെ അടുത്ത് ഒരു ഭാഗത്തിരുത്തി. അങ്ങിനെ തിരുമേനി(സ) നമസ്ക്കരിച്ച്കൊണ്ടിരുന്നു. അബൂബക്കർ(റ) തിരുമേനി(സ)യുടെ നമസ്ക്കാരം നമസ്ക്കരിച്ചു. ജനങ്ങൾ അബൂബക്കർ(റ) വിനെയും തുടർന്ന് നമസ്ക്കരിച്ചുകൊണ്ടിരുന്നു. അബൂമുആവി:യ്യായുടെ നിവേദനത്തിൽ തിരുമേനി(സ) അബൂബക്കർ(റ)ന്റെ ഇടതുഭാഗത്തിരുന്നു. അബൂബക്കർ നിന്ന് നമസ്ക്കരിച്ചുകൊണ്ടിരുന്നു എന്ന് വർദ്ധിച്ചുവന്നിട്ടുണ്ട്. (ബുഖാരി. 1. 11. 633)

615. ആയിശ(റ) നിവേദനം: തിരുമേനി(സ)യെ രോഗം ബാധിക്കുകയും രോഗം മൂർച്ചിക്കുകയും ചെയ്തപ്പോൾ തിരുമേനി(സ)ക്ക് എന്റെ വീട്ടിൽ വെച്ച് രോഗശുശ്രൂഷ നടത്താൻ മററു ഭാര്യമാരോട് തിരുമേനി(സ) സമ്മതം ആവശ്യപ്പെട്ടു. അപ്പോൾ എല്ലാവരും അതനുവദിച്ചുകൊടുത്തു. അങ്ങനെ അബ്ബാസി(റ)ന്റെയും മററൊരു പുരുഷന്റെയും ഇടയിലായി തന്റെ രണ്ടു കാലുകൾ ഭൂമിയിലൂടെ വലിച്ചിഴച്ചുകൊണ്ട് അവിടുന്ന് പുറപ്പെട്ടു. ഇബ്നു അബ്ബാസ്(റ) പറയുന്നു: ആയിശ(റ) പേര് പറയാത്ത ആ പുരുഷൻ അലി(റ) ആയിരുന്നു. (ബുഖാരി. 1. 11. 634)

616. ആയിശ:(റ) നിവേദനം: തിരുമേനി(സ) അരുളി: ഭക്ഷണം കൊണ്ടു വരപ്പെടുകയും നമസ്ക്കാരത്തിന്ന് ഇഖാമത്തു വിളിക്കപ്പെടുകയും ചെയ്താൽ നിങ്ങൾ ഭക്ഷണം കൊണ്ട് തുടങ്ങുവീൻ. (ബുഖാരി. 1. 11. 640)

617. അനസ്(റ) നിവേദനം: തിരുമേനി(സ) അരുളി: മഗ്രിബ് നമസ്ക്കാരത്തിനു മുമ്പ് നിങ്ങളുടെ മുമ്പിൽ ആഹാരം കൊണ്ടുവന്നുവെച്ചാൽ നിങ്ങൾ ആദ്യമായി ഭക്ഷണം കൊണ്ട് ആരംഭിക്കുക, ശേഷം നമസ്ക്കരിക്കുക. നിങ്ങളുടെ ആഹാരം ഉപേക്ഷിച്ച് നമസ്ക്കരിക്കുവാൻ നിങ്ങൾ ധൃതിപ്പെട്ടു പോകരുത്. (ബുഖാരി. 1. 11. 641)

618. ഇബ്നുഉമർ(റ) നിവേദനം: തിരുമേനി(സ) അരുളി: നിങ്ങളുടെ ഭക്ഷണം ഹാജറാക്കപ്പെടുകയും നമസ്ക്കാരത്തിന് ഇഖാമത്തു കൊടുക്കുകയും ചെയ്താൽ നിങ്ങൾ ഭക്ഷണം കഴിച്ചുകൊള്ളുക. അതിൽ നിന്ന് വിരമിക്കുന്നതുവരെ നിങ്ങൾ ധൃതി കാണിക്കേണ്ടതില്ല. ഇബ്നുഉമർ(റ) ന്ന് ഭക്ഷണം കൊണ്ടു വരപ്പെടും. നമസ്കാരത്തിന് ഇഖാമത്ത് വിളിക്കപ്പെടുകയും ചെയ്തു. എന്നാൽ ഭക്ഷണത്തിൽ നിന്ന് വിരമിക്കുന്നതുവരെ അദ്ദേഹം നമസ്കാരത്തിലേക്ക് പുറപ്പെടുകയില്ല. ഇമാമിന്റെ ഖുർആൻ പാരായണം അദ്ദേഹം കേൾക്കാറുണ്ട്. (ബുഖാരി. 1. 11. 642)

619. ഇബ്നുഉമർ(റ) നിവേദനം: തിരുമേനി(സ) അരുളി: നിങ്ങളിൽ വല്ലവനും ആഹാരം കഴിച്ച് കൊണ്ടിരിക്കുമ്പോൾ നമസ്കാരത്തിന് ഇഖാമത്ത് വിളിക്കപ്പെട്ടാലും അവൻ തന്റെ ആവശ്യം അതിൽ നിന്ന് നിർവ്വഹിക്കുന്നതുവരെ ധൃതികാണിക്കേണ്ടതില്ല. (ബുഖാരി. 1. 11. 643)

620. ആയിശ(റ) നിവേദനം: തിരുമേനി(സ) തന്റെ വീട്ടിൽ എന്താണ് ജോലി ചെയ്യാറുണ്ടായിരുന്നതെന്ന് അസ്വദ്(റ) അവരോട് ചോദിച്ചു. അപ്പോൾ ആയിശ(റ) പറഞ്ഞു: തിരുമേനി(സ) തന്റെ ഭാര്യമാരെ വീട്ടുജോലികളിൽ സഹായിച്ചു കൊണ്ടിരിക്കും. അങ്ങനെ നമസ്കാരസമയമായാൽ നമസ്കാരത്തിലേക്ക് പുറപ്പെടും. (ബുഖാരി. 1. 11. 644)

621. അബൂഖിലാബ(റ) നിവേദനം: ഞങ്ങളുടെ പള്ളിയിൽ ഒരിക്കൽ മാല്ക്ബ്നുഹുവൈറിസ്(റ) വരികയുണ്ടായി. എന്നിട്ട് അദ്ദേഹം പറഞ്ഞു: ഞാനിതാ നിങ്ങളെയും കൂട്ടിയിട്ടു ഇമാമായി നിന്നുകൊണ്ട് നമസ്കരിക്കുന്നു. വാസ്തവത്തിൽ ഒരു നിശ്ചിത നമസ്കാരം ഞാൻ ഉദ്ദേശിക്കുന്നില്ല. തിരുമേനി(സ) നമസ്കരിക്കുന്നത് എങ്ങനെ ഞാൻ കണ്ടുവോ അതേ പ്രകാരം ഞാൻ നിങ്ങൾക്ക് നമസ്കരിച്ചു കാണിച്ച് തരികയാണ്. അബൂഖിലാബ പറയുന്നു: അദ്ദേഹം ഒരു കിഴവനായിരുന്നു, സുജൂദിൽ നിന്ന് എഴുന്നേററ് ആദ്യത്തെ റക്ക്അത്തിൽ നിന്ന് ഉയരുമ്പോൾ അദ്ദേഹം അൽപം ഇരിക്കാറുണ്ട്. (ബുഖാരി. 1. 11. 645)

622. ആയിശ(റ) നിവേദനം: തിരുമേനി(സ)യുടെ രോഗത്തിൽ അവിടുന്നു പറഞ്ഞു: നിങ്ങൾ അബൂബക്കറിനോട് ഇമാമ് നിൽക്കുവാൻ പറയുവീൻ. അപ്പോൾ ആയിശ(റ) പറഞ്ഞു. അബൂബക്കർ(റ) താങ്കളുടെ സ്ഥാനത്ത് ഇമാമായി നിന്നാൽ നമസ്കാരത്തിലുള്ള അദ്ദേഹത്തിന്റെ കരച്ചിൽ മൂലം നമസ്കാരത്തിലെ ചലനങ്ങൾ പിന്നിലുള്ളവരെ കേൾപ്പിക്കാൻ അദ്ദേഹത്തിന് കഴിയുകയില്ല, അതുകൊണ്ട് ഉമർ(റ)നോട് ഉപദേശിച്ചാലും. അദ്ദേഹം ജനങ്ങളുമായി നമസ്കരിക്കട്ടെ. (ബുഖാരി. 1. 11. 646)

623. ആയിശ(റ) പറയുന്നു: അബൂബക്കർ(റ) അങ്ങയുടെ സ്ഥാനത്ത് നമസ്കരിക്കാൻ നിന്നാൽ കരച്ചിൽ മൂലം അദ്ദേഹത്തിന്റെ ചലനങ്ങൾ പിന്നിലുള്ളവർക്ക് കേൾക്കാൻ കഴിയുകയില്ല. അതുകൊണ്ട് ഉമർ(റ)നോട് കൽപ്പിക്കാൻ ഞാൻ ഹഫ്സ(റ) യോട് പറഞ്ഞു. ഹഫ്സ(റ) അപ്രകാരം നബി(സ) യോട് പറയുകയും ചെയ്തു. തിരുമേനി(സ) പറഞ്ഞു. മിണ്ടാതിരിക്കൂ, നിങ്ങൾ യൂസഫിന്റെ കൂട്ടുകാരികൾ തന്നെയാണ്. അബൂബക്കറി(റ)നോട് തന്നെ നിർദ്ദേശിക്കുവീൻ. അന്നേരം ഹഫ്സ(റ)

ആയിശ(റ) യോട് പറഞ്ഞു. നിങ്ങളിൽ നിന്ന് ഒരിക്കലും ഒരു നന്മയും എനിക്ക് ലഭിച്ചിട്ടില്ല. (ബുഖാരി. 1. 11. 647)

624. അനസ്(റ) നിവേദനം: തിരുമേനി(സ)യുടെ സഹാബിയും ഭൃത്യനുമായിരുന്നു അദ്ദേഹം- അനസ്(റ) പറയുന്നു. നബി(സ) പരലോകപ്രാപ്തനായ രോഗത്തിൽ അബൂബക്കർ(റ) ആണ് ജനങ്ങൾക്ക് ഇമാമായി നമസ്കരിച്ചത്. അങ്ങനെ തിങ്കളാഴ്ച ദിവസം വന്നു. ആളുകൾ നമസ്കരിക്കാൻ അണിനിരന്നു നിൽക്കുകയാണ്. അന്നേരം തിരുമേനി(സ) തന്റെ മുറിയിൽ നിന്ന്കൊണ്ട് വിരി നീക്കി ഞങ്ങളുടെ നേരെ നോക്കി. അപ്പോൾ തിരുമേനി(സ)യുടെ മുഖം മുസ്ഹഫിന്റെ ഒരു പേജു പോലെയുണ്ട്. തിരുമേനി(സ) ആദ്യം പുഞ്ചിരിച്ചു. പിന്നീട് ചിരിച്ചു. അവസാനം തിരുമേനി(സ)യെ കണ്ടതുമൂലമുള്ള ആനന്ദത്താൽ ഞങ്ങളുടെ നമസ്കാരം തന്നെ താറുമാറായിപ്പോയേക്കുമോയെന്ന് ഞങ്ങൾ ശങ്കിച്ചു. ഉടനെ തിരുമേനി(സ) നമസ്കരിക്കുവാൻ വേണ്ടി പള്ളിയിലേക്ക് വരാൻ ഒരുങ്ങിയിരിക്കുകയാണെന്ന് ധരിച്ചിട്ടു അബൂബക്കർ(റ) പിന്നോട്ട് മാറി. അന്നേരം നിങ്ങൾ നമസ്കാരം പൂർത്തിയാക്കിക്കൊള്ളുകയെന്ന് ആംഗ്യം കാണിച്ചുകൊണ്ട് തിരുമേനി(സ) വിരി താഴ്ത്തിയിട്ടു. എന്നിട്ട് ആ ദിവസം തന്നെയാണ് തിരുമേനി(സ) പരലോകം പ്രാപിച്ചത്. (ബുഖാരി. 1. 11. 648)

625. ആയിശ(റ) നിവേദനം: തിരുമേനി(സ) രോഗബാധിതനായപ്പോൾ വീട്ടിൽവെച്ചു നമസ്കരിച്ചു. അവിടുന്നു ഇരുന്നുകൊണ്ടാണ് നമസ്കരിച്ചത്. തിരുമേനി(സ)യെ പിന്തുടർന്ന് കൊണ്ട് ഒരു വിഭാഗം ജനങ്ങൾ നിന്ന് നമസ്കരിച്ചു. അവരോട് ഇരിക്കുവാൻ വേണ്ടി അവിടുന്നു ആംഗ്യം കാണിച്ചു. നമസ്കാരത്തിൽ നിന്നു വിരമിച്ചപ്പോൾ തിരുമേനി(സ) അരുളി. നിശ്ചയം ഇമാമിന് നിശ്ചയിക്കപ്പെടുന്നതു പിൻതുടരാൻ വേണ്ടിയാണ്. അദ്ദേഹം റുകൂഅ് ചെയ്താൽ നിങ്ങളും റുകൂഅ് ചെയ്യുക. ഉയർന്നാൽ നിങ്ങളും ഉയരുക. ഇരുന്നു നമസ്കരിച്ചാൽ നിങ്ങളും ഇരുന്നു തന്നെ നമസ്കരിക്കുവിൻ. (ബുഖാരി. 1. 11. 656)

626. അനസ്(റ) നിവേദനം: തിരുമേനി(സ) ഒരിക്കൽ കുതിരപ്പുറത്തു നിന്നു വീഴുകയും അവിടുത്തെ വലഭാഗം ചതയുകയും ചെയ്തു. അപ്പോൾ അവിടുന്നു ഇരുന്നു നമസ്കരിച്ചു. ഞങ്ങളും പിന്നിൽ ഇരുന്നു നമസ്കരിച്ചു. നമസ്കാരത്തിൽ നിന്നു വിരമിച്ചപ്പോൾ അവിടുന്നു പറഞ്ഞു. നിശ്ചയം ഇമാമ് നിർണ്ണയിക്കപ്പെടുന്നത് അദ്ദേഹത്തെ അനുധാവനം ചെയ്യുവാൻ വേണ്ടിയാണ്. അതിനാൽ ഇമാമ് നിന്നു നമസ്കരിക്കുമ്പോൾ നിങ്ങൾ നിന്നു നമസ്കരിക്കുക. റുകൂഅ് ചെയ്താൽ നിങ്ങളും റുകുഅ് ചെയ്യുക. ഉയർന്നാൽ നിങ്ങളും ഉയരുക. അദ്ദേഹം സമിഅല്ലാഹു ലിമൻ ഹമിദ: എന്നു പറഞ്ഞാൽ നിങ്ങൾ റബ്ബനാ വലകൽഹംദു എന്നുപറയുക. അദ്ദേഹം ഇരുന്നു നമസ്കരിച്ചാൽ നിങ്ങളും ഇരുന്നുതന്നെ നമസ്കരിക്കുക. (ബുഖാരി. 1. 11. 657)

627. ബർറാഅ്(റ) നിവേദനം: അദ്ദേഹം കളവ് പറയുന്നവനല്ല - തിരുമേനി(സ) സമി അല്ലാഹു. എന്നു പറഞ്ഞു കഴിഞ്ഞാൽ സുജൂദിൽ ചെന്നു വീഴും വരേക്കും ഞങ്ങളിലാരും തന്നെ ഞങ്ങളുടെ മുതുക് കുനിക്കുകയില്ല. തിരുമേനി(സ) സുജൂദിൽ ചെന്നു കിടന്നു കഴിഞ്ഞാലോ ഞങ്ങളും സുജൂദിലേക്ക് ചെന്നു കിടക്കും. (ബുഖാരി. 1. 11. 658)

628. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: ഇമാമിനു മുമ്പ് തല ഉയർത്തുന്ന പക്ഷം അവന്റെ തലയെ കഴുതയുടെ തലയായിട്ടു അല്ലാഹു മാററുകയോ അല്ലെങ്കിൽ അവന്റെ ആകെ രൂപത്തെത്തന്നെ കഴുതയുടെ രൂപത്തിൽ മാററുകയോ ചെയ്തേക്കുമെന്ന് അവൻ ഭയപ്പെടുന്നില്ലേ?. (ബുഖാരി. 1. 11. 660)

629. അനസ്(റ) നിവേദനം: തിരുമേനി(സ) അരുളി: ഒരു മുന്തിരിയോളം മാത്രം തല വലിപ്പമുള്ള ഒരു നീഗ്രോ ആണ് നിങ്ങളുടെ ഭരണമേധാവിയായി വന്നതെങ്കിൽ

പോലും അദ്ദേഹത്തിന്റെ കൽപന നിങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തുകൊള്ളുക. (ബുഖാരി. 1. 11. 662)

630. അബൂഹുറൈറ(റ) നിവേദനം: നിങ്ങളുടെ ഭരണമേധാവികൾ നിങ്ങൾക്ക് ഇമാമായ്കൊണ്ട് നമസ്കരിക്കും. അങ്ങിനെ നമസ്കരിക്കുമ്പോൾ നേരാംവണ്ണമാണ് അവർ പ്രവർത്തിച്ചതെങ്കിൽ അതുകൊണ്ടുള്ള നേട്ടം അവർക്കും നിങ്ങൾക്കും ലഭിക്കും. അവർ ചെയ്ത തെററിന്റെ ദോഷഫലം അവരെ ബാധിക്കുകയും ചെയ്യും. എന്നു തിരുമേനി(സ) അരുളി. (ബുഖാരി. 1. 11. 663)

631. ഉബൈദ്:(റ) നിവേദനം: അദ്ദേഹം ഖലീഫാഉസ്മാൻ(റ) ശത്രുക്കളാൽ വലയം ചെയ്യപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ അടുത്തു പ്രവേശിച്ചുകൊണ്ടു പറഞ്ഞു: താങ്കളാണ് ഞങ്ങളുടെ പ്രധാനഇമാമ്, എന്നാൽ ഞങ്ങൾ ദർശിക്കുന്ന വിപത്തു താങ്കളെ ബാധിച്ചിരിക്കുന്നു. കുഴപ്പത്തിന്റെ ഇമാമാണ് ഇപ്പോൾ ഞങ്ങൾക്ക് നമസ്കാരത്തിനു നിൽക്കുന്നത്. അയാളെ പിൻതുടരൽ കുററകരമായി ഞങ്ങൾക്ക് തോന്നുന്നു. അപ്പോൾ ഉസ്മാൻ(റ) പറഞ്ഞു: നമസ്കാരം അവർ ചെയ്യുന്ന പ്രവർത്തനത്തേക്കാൾ ഏററവും നല്ലതാണ്. ആ നല്ലത് അവർ ചെയ്യുമ്പോൾ അതിൽ അവരെ നീ പിൻതുടർന്ന് കൊള്ളുക. അവർ ചെയ്യുന്ന തെററിൽ നിന്ന് നീ അകന്നു നിൽക്കുകയും ചെയ്യുക. ഇമാംസുഹ്രി(റ) പറഞ്ഞു: നിർബന്ധാവസ്ഥയിൽ മാത്രമേ സ്ത്രീകളോട് സാദൃശ്യമുള്ളവന്റെ പിന്നിൽ നിന്നു നമസ്കരിക്കുവാൻ പാടുള്ളു. (ബുഖാരി. 693)

632. അനസ്(റ) നിവേദനം: തിരുമേനി(സ) അബൂദർറ്(റ)നോട് പറഞ്ഞു: മുന്തിരി പോലെ ശിരസ്സുള്ള നീഗ്രോയാണ് നിന്റെ ഇമാമ് എങ്കിൽ നീ അവനെ അനുസരിക്കുക. (ബുഖാരി. 1. 11. 664)

633. ഇബ്നുഅബ്ബാസ്(റ) നിവേദനം: എന്റെ മാതൃസഹോദരി മൈമൂന: യുടെ വീട്ടിൽ ഒരിക്കൽ ഞാൻ രാത്രി താമസിച്ചു. തിരുമേനി(സ) ഇശാനമസ്ക്കരിച്ചു ശേഷം വീട്ടിൽ വന്നു. നാല് റക്അത്ത് നമസ്കരിച്ച ശേഷം കിടന്നുറങ്ങി. പിന്നീട് ഉണർന്നു നമസ്കരിക്കുവാൻ എഴുന്നേററു നിന്നു ഞാൻ ചെന്നു അവരുടെ ഇടഭാഗത്തുനിന്നു. തിരുമേനി(സ) എന്നെ അവിടുത്തെ വലഭാഗത്താക്കി. അനന്തരം അഞ്ചു റക്അത്തു നമസ്കരിച്ചു. അതിന്ന് ശേഷം (സുബ്ഹിന്റെ) രണ്ട് റക്അത്തു നമസ്കരിച്ചു. അൽപം കിടന്നുറങ്ങി. ഞാൻ അവിടുത്തെ കൂർക്കംവലി കേൾക്കുന്നതുവരെ. ശേഷം നമസ്കരിക്കുവാൻ പുറപ്പെട്ടു. (ബുഖാരി. 1. 11. 665)

634. ജാബിർ(റ) നിവേദനം: മുആദ്ബ്നുജബൽ(റ) നബി(സ)യുടെ കൂടെ നമസ്കരിച്ച് മടങ്ങിപ്പോയ ശേഷം തന്റെ ജനതക്ക് ഇമാമ് നിന്നു കൊടുക്കാറുണ്ട്. (ബുഖാരി. 1. 11. 668)

635. ജാബിർ(റ) നിവേദനം: മുആദ്ബ്നു ജബൽ(റ) തിരുമേനി(സ) യോടൊപ്പം ജമാഅത്തായി നമസ്കരിക്കും എന്നിട്ട് തിരിച്ച് പോയശേഷം അദ്ദേഹത്തിന്റെ കേന്ദ്രത്തിലെ ജനങ്ങൾക്ക് (അതേ നമസ്കാരത്തിൽ) ഇമാമായി നിന്ന് നമസ്കരിക്കും. അങ്ങനെ ഒരിക്കൽ അദ്ദേഹം ഇശാ നമസ്കരിച്ചു. അതിൽ അൽബഖറ സൂറത്ത് ഓതി. അന്നേരം ഒരു മനുഷ്യൻ (അൻസാരി) അദ്ദേഹത്തിന്റെ പിന്നിൽ നിന്ന് ജമാഅത്ത് വിട്ടു പിരിഞ്ഞുപോയി. അതറിഞ്ഞപ്പോൾ മുആദ്(റ) അദ്ദേഹത്തെ വിമർശിച്ചു. ഈ വിവരം നബി(സ)ക്ക് കിട്ടി. അപ്പോൾ തിരുമേനി(സ) മൂന്ന് പ്രാവശ്യം മുആദിനെക്കുറിച്ച് കുഴപ്പക്കാരൻ, കുഴപ്പക്കാരൻ, കുഴപ്പക്കാരൻ എന്നു പറഞ്ഞു. എന്നിട്ട് ദൈർഘ്യം കുറഞ്ഞ മധ്യനിലയിലുള്ള സൂറത്തുകൾ ഓതുവാൻ മുആദ്(റ)നോട് തിരുമേനി(സ) കൽപിച്ചു. (ബുഖാരി. 1. 11. 669)

636. അബൂമസ്ഉദ്(റ) നിവേദനം: അല്ലാഹുവിന്റെ ദൂതരേ! അല്ലാഹു സത്യം! ഇന്ന ഇമാം സുബ്ഹി നമസ്കാരം അമിതമായി നീട്ടിക്കൊണ്ട് പോകുന്നത് കാരണം ഞാൻ

ജമാഅത്ത് നമസ്കാരത്തിന് പള്ളിയിലേക്ക് പോകാറില്ല. ഒരൊററ ഉപദേശഘട്ടത്തിലെങ്കിലും അന്നത്തേക്കാൾ തിരുമേനി(സ) കുപിതനായത് ഒരിക്കലും ഞാൻ കണ്ടിട്ടില്ല. അവസാനം തിരുമേനി(സ) അരുളി: നിങ്ങളിൽ ചിലർ മനുഷ്യരെ വെറുപ്പിച്ചു കളയുകയാണ്. അതുകൊണ്ട് നിങ്ങളാരെങ്കിലും മനുഷ്യർക്ക് ഇമാമായിക്കൊണ്ട് നമസ്കരിക്കുന്ന പക്ഷം അവർ ആ നമസ്കാരം ലഘൂകരിക്കട്ടെ. കാരണം നിങ്ങളുടെ പിന്നിൽ നമസ്കരിക്കുന്നവരിൽ ശരീരശേഷി കുറഞ്ഞവരും, വൃദ്ധന്മാരും ജോലിത്തിരക്കുള്ളവരുമായിരിക്കും. (ബുഖാരി. 1. 11. 670)

637. അബൂഹുറൈറ(റ) നിവേദനം: നിങ്ങളിൽ ചിലർ മനുഷ്യരെ വെറുപ്പിച്ചു കളയുകയാണ്. അതുകൊണ്ട് നിങ്ങളാരെങ്കിലും മനുഷ്യർക്ക് ഇമാമായിക്കൊണ്ട് നമസ്കരിക്കുന്ന പക്ഷം അവർ ആ നമസ്കാരം ലഘൂകരിക്കട്ടെ. കാരണം നിങ്ങളുടെ പിന്നിൽ നമസ്കരിക്കുന്നവരിൽ ശരീരശേഷി കുറഞ്ഞവരും, വൃദ്ധന്മാരും ജോലിത്തിരക്കുള്ളവരുമായിരിക്കും. (ബുഖാരി. 1. 11. 671)

638. അബൂഖത്താദ(റ) നിവേദനം: തിരുമേനി(സ) അരുളി: നമസ്കാരം ദീർഘിപ്പിക്കൽ ഉദ്ദേശിച്ചുകൊണ്ട് ചിലപ്പോൾ ഞാൻ നമസ്കാരത്തിൽ പ്രവേശിക്കും. അന്നേരം ശിശുക്കളുടെ കരച്ചിൽ ഞാൻ കേൾക്കും. അപ്പോൾ ആ കുട്ടികളുടെ മാതാക്കൾക്ക് വിഷമം നേരിടാതിരിക്കാൻ വേണ്ടി ഞാൻ എന്റെ നമസ്കാരം ലഘൂകരിക്കും. (ബുഖാരി. 1. 11. 675)

639. അനസ്(റ) നിവേദനം: നമസ്കാരം ലഘൂകരിക്കുകയും അതോടൊപ്പം പൂർത്തിയാക്കുകയും ചെയ്യുന്ന നബി(സ)യെക്കാൾ ഉത്തമനായ മറെറാരു ഇമാമിന്റെ പിന്നിൽ നിന്നു ഞാൻ തീരെ നമസ്കരിച്ചിട്ടില്ല. അവിടുന്ന് ശിശുക്കളുടെ കരച്ചിൽ കേൾക്കും. അപ്പോൾ മാതാവിന് കുഴപ്പം ഉണ്ടാകുമെന്ന് ഭയന്ന് അവിടുന്ന് നമസ്കാരത്തെ ലഘൂകരിക്കും. (ബുഖാരി. 1. 11. 676)

640. അനസ്(റ) നിവേദനം: തിരുമേനി(സ) അരുളുന്നു: നമസ്കാരം ദീർഘിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടു ഞാൻ നമസ്കാരത്തിൽ പ്രവേശിക്കും. അപ്പോൾ കുട്ടികളുടെ കരച്ചിൽ ഞാൻ കേൾക്കും. കുട്ടികരയുമ്പോൾ മാതാവിന് ഉണ്ടാകുന്ന സ്നേഹദുഃഖം ഞാൻ ശരിക്കും മനസ്സിലാക്കിയതിനാൽ എന്റെ നമസ്കാരം ഞാൻ ചുരുക്കും. (ബുഖാരി. 1. 11. 677, 678)

641. ജാബിർ(റ) നിവേദനം: മുആദ്(റ) നബി(സ) യോടൊപ്പം നമസ്കരിച്ച് അനന്തരം തന്റെ ജനങ്ങളുടെ അടുത്തുപോയി അവർക്ക് ഇമാമായി നമസ്കരിക്കാറുണ്ട്. (ബുഖാരി. 1. 11. 679)

642. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) ഒരിക്കൽ രണ്ടു റക്ക്അത്തു നമസ്കരിച്ചു സലാം വീട്ടി. അപ്പോൾ ദുൽയദൈനി എന്നു വിളിക്കപ്പെടുന്നവൻ പറഞ്ഞു. അല്ലാഹുവിന്റെ ദൂതരേ! നമസ്കാരം ചുരുക്കിയോ അതല്ല താങ്കൾ മറന്നുവോ? നബി(സ) ചോദിച്ചു: ദുൽയദൈനി പറഞ്ഞത് ശരിയാണോ? അതെയെന്ന് ജനങ്ങൾ മറുപടി പറഞ്ഞു. ഉടനെ തിരുമേനി(സ) എഴുന്നേററ് നിന്ന് രണ്ടു റക്ക്അത്തു നമസ്കരിച്ചു. ശേഷം സലാം വീട്ടി. ശേഷം തക്ബീർ ചൊല്ലികൊണ്ട് രണ്ടു സുജൂദ് ചെയ്തു. ആദ്യത്തെ സുജൂദ് പോലെ അല്ലെങ്കിൽ അൽപം ദീർഘിപ്പിച്ചത്. (ബുഖാരി. 1. 11. 682)

643. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) ഒരിക്കൽ ളുഹ്ർ രണ്ടു റക്ക്അത്തു നമസ്കരിച്ചു. അപ്പോൾ രണ്ടു റക്ക്അത്താണ് നമസ്കരിച്ചതെന്ന് പറയപ്പെട്ടു. ഉടനെ തിരുമേനി(സ) എഴുന്നേററ് നിന്ന് രണ്ടു റക്ക്അത്തു നമസ്കരിച്ചു. ശേഷം സലാം വീട്ടി. ശേഷം തക്ബീർ ചൊല്ലികൊണ്ട് രണ്ടു സുജൂദ് ചെയ്തു. ആദ്യത്തെ സുജൂദ് പോലെ അല്ലെങ്കിൽ അൽപം ദീർഘിപ്പിച്ചത്. (ബുഖാരി. 1. 11. 683)

644. നുഅ്മാൻ(റ) നിവേദനം: തിരുമേനി(സ) അരുളി: നിങ്ങൾ നിങ്ങളുടെ വരികൾ ശരിയാക്കുക. അങ്ങനെ നിങ്ങൾ ചെയ്തില്ലെങ്കിൽ നിങ്ങളുടെ ഹൃദയങ്ങൾക്കിടയിലും അല്ലാഹു ഭിന്നിപ്പുണ്ടാക്കുന്നതാണ്. (ബുഖാരി. 1. 11. 685)

645. അനസ്(റ) നിവേദനം: തിരുമേനി(സ) അരുളി: നിങ്ങൾ വരികൾ നേർക്കുനേരെ വളവില്ലാതെ നിർത്തുക. എന്റെ പിൻഭാഗത്തുകൂടെ നിങ്ങളെ കാണാൻ എനിക്ക് സാധിക്കുന്നുണ്ട്. (ബുഖാരി. 1. 11. 686)

646. അനസ്(റ) നിവേദനം: തിരുമേനി(സ) അരുളി: നിങ്ങൾ നിങ്ങളുടെ വരികൾ നേരെയാക്കുവിൻ. അന്യോന്യം ചേർന്നു നിൽക്കുകയും ചെയ്യുവിൻ. ഞാൻ നിങ്ങളെ പിന്നിലൂടെ ദർശിക്കുന്നുണ്ട്. (ബുഖാരി. 1. 11. 687)

647. അബൂഹുറൈറ(റ) നിവേദനം: ഇമാമ് നിശ്ചയിക്കപ്പെട്ടത് അദ്ദേഹത്തെ പിൻതുടരപ്പെടാനാണ്. അതുകൊണ്ട് നിങ്ങൾ അദ്ദേഹത്തിന് എതിരാവരുത്. അദ്ദേഹം റുകൂഅ് ചെയ്താൽ നിങ്ങൾ റുകൂഅ് ചെയ്യുവിൻ. സമിഹല്ലാഹു. എന്നു പറഞ്ഞാൽ റബ്ബനാലകൽഹംദു പറയുവിൻ. അദ്ദേഹം സുജൂദ് ചെയ്താൽ നിങ്ങളും സുജൂദ് ചെയ്യുക. ഇരുന്നു നമസ്കരിച്ചാൽ നിങ്ങളും ഇരുന്നു നമസ്കരിക്കുക. നമസ്കാരത്തിൽ വരികൾ നിങ്ങൾ വളവില്ലാതെ നേരെയാക്കുക. നിശ്ചയം വരികൾ നേരെയാക്കൽ നമസ്കാരം പൂർത്തിയാക്കുന്നതിൽ പെട്ടതാണ്. (ബുഖാരി. 1. 11. 689)

648. അനസ്(റ) നിവേദനം: അദ്ദേഹം മദീനയിൽ വന്നപ്പോൾ അദ്ദേഹത്തോട് ചോദിക്കപ്പെട്ടു. നബി(സ)യുടെ കാലത്ത് താങ്കൾ ഗ്രഹിച്ച ഏതൊരു സംഗതിയാണ് ഞങ്ങൾ വീഴ്ചവരുത്തിയതായി താങ്കൾ കാണുന്നത്? അനസ്(റ) പറഞ്ഞു: നിങ്ങൾ വരികൾ നേരെയാക്കാത്തത്. (ബുഖാരി. 1. 11. 690)

649. അനസ്(റ) നിവേദനം: തിരുമേനി(സ) അരുളി: നിങ്ങൾ വരികൾ നേരെയാക്കുക. നിശ്ചയം ഞാൻ നിങ്ങളെ പിന്നിലൂടെ ദർശിക്കുന്നുണ്ട്. അങ്ങനെ ഞങ്ങളിൽ പെട്ട ഒരുവൻ തന്റെ സ്നേഹിതന്റെ ചുമലിനോട് തന്റെ ചുമലും കാൽപാദത്തോട് കാൽപാദവും ചേർത്തി വെക്കാറുണ്ട്. (ബുഖാരി. 1. 11. 692)

650. ആയിശ(റ) നിവേദനം: തിരുമേനി(സ) രാത്രി അവരുടെ മുറിയിൽ വെച്ചാണ് നമസ്കരിക്കാറുണ്ടായിരുന്നത്. ആ മുറിയുടെ ചുമരാവട്ടെ ഉയരം കുറഞ്ഞതായിരുന്നു. അന്നേരം ജനങ്ങൾ നബി(സ)യെ കണ്ടു. അപ്പോൾ തിരുമേനി(സ)യെ തുടർന്ന് കൊണ്ട് അവരും നമസ്കരിക്കാൻ തുടങ്ങി. അങ്ങനെ പ്രഭാതമായി. അപ്പോൾ അവരന്യോന്യം അതിനെക്കുറിച്ച് സംസാരിച്ചു. തിരുമേനി(സ) രണ്ടാമത്തെ രാത്രിയും നമസ്കരിക്കാൻ നിന്നു. അന്നേരവും കുറച്ചാളുകൾ തിരുമേനി(സ)യെ തുടർന്നു നമസ്കരിക്കാൻ നിന്നു. അങ്ങിനെ രണ്ടോ മൂന്നോ രാത്രി അവരപ്രകാരം ചെയ്തു. പിന്നത്തെ ദിവസം വന്നപ്പോൾ തിരുമേനി(സ) മുറിയിലടങ്ങിയിരുന്നു. പുറത്തേക്ക് വന്നില്ല. പ്രഭാതമായപ്പോൾ ജനങ്ങൾ അതിനെക്കുറിച്ച് സംസാരിച്ചു. അപ്പോൾ തിരുമേനി(സ) അരുളി: രാത്രി നമസ്കാരം നിങ്ങൾക്ക് നിർബന്ധമാക്കപ്പെടുമെന്ന് (അപ്രകാരം തെററിദ്ധരിക്കപ്പെടുമെന്ന്) ഞാൻ ഭയപ്പെട്ടു. (ബുഖാരി. 1. 11. 696)

651. ആയിശ(റ) നിവേദനം: തിരുമേനി(സ)ക്ക് ഒരു പായയുണ്ടായിരുന്നു. പകലിൽ അത് താഴെ വിരിക്കും. രാത്രി അത് കൊണ്ട് ഒരു മറയുണ്ടാക്കും. ഒരിക്കൽ കുറെ ജനങ്ങൾ വരികയും തിരുമേനി(സ)യുടെ പിന്നിൽ നിന്ന് തുടർന്ന് നമസ്കരിക്കുകയും ചെയ്തു. (ബുഖാരി. 1. 11. 697)

652. സൈദ്ബ്നുസാബിത്ത്(റ) നിവേദനം: തിരുമേനി(സ) പായകൊണ്ട് ഒരു മുറിയുണ്ടാക്കി. അങ്ങനെ റമളാനിൽ കുറെ രാത്രി അതിൽ വെച്ച് നമസ്കരിച്ചു. തിരുമേനി(സ) പിൻതുടർന്ന് അവിടുത്തെ അനുചരന്മാരിൽ കുറെ പേർ നമസ്കരിച്ചു. പിന്നീട് നബി(സ) മുറിയിലിരുന്നു. ശേഷം വന്നിട്ട് അവരോട് പറഞ്ഞു. നിങ്ങൾ

പ്രവർത്തിച്ചത് ഞാൻ കണ്ടു കഴിഞ്ഞു. ജനങ്ങളേ!നിങ്ങൾ നിങ്ങളുടെ വീടുകളിൽ വെച്ച് നമസ്കരിച്ചുകൊള്ളുവിൻ. നിശ്ചയം നമസ്കാരങ്ങളിൽ നിർബന്ധ നമസ്കാരങ്ങൾ ഒഴികെ മററുള്ളവ ഒരു മനുഷ്യൻ വീട്ടിൽവെച്ച് നമസ്കരിക്കുന്നതാണ് ഏററവും ഉത്തമം. (ബുഖാരി. 1. 11. 698)

653. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: നിശ്ചയം ഇമാമ് നിശ്ചയിക്കപ്പെടുന്നത് അനുധാവനം ചെയ്യപ്പെടുവാനാണ്. അതിനാൽ അദ്ദേഹം തക്ബീർ ചൊല്ലിയാൽ നിങ്ങളും തക്ബീർ ചൊല്ലുക. അദ്ദേഹം റുകൂഅ് ചെയ്താൽ നിങ്ങളും റുകൂഅ് ചെയ്യുക. സമിഹല്ലാഹു. എന്നു പറഞ്ഞാൽ നിങ്ങൾ റബ്ബനാലകൽഹംദ് എന്ന് ചൊല്ലുക. സാംഷ്ടാംഗം ചെയ്താൽ നിങ്ങളും സാഷ്ടാംഗം ചെയ്യുക. (ബുഖാരി. 1. 12. 701)

654. സാലിം(റ) തന്റെ പിതാവിൽ നിന്ന് (ഇബ്നുഉമർ) ഉദ്ധരിക്കുന്നു. തിരുമേനി(സ) നമസ്കാരം ആരംഭിക്കുമ്പോഴും റുകൂഇലേക്ക് പോകാൻ തക്ബീർ ചൊല്ലുമ്പോഴും റുകൂഇൽ നിന്ന് തല ഉയർത്തുമ്പോഴുമെല്ലാം തന്റെ രണ്ടു കൈകളെ ചുമലിന്റെ നേരെ ഉയർത്തിയിരുന്നു. റുകൂഇൽ നിന്ന് തല ഉയർത്തുമ്പോൾ സമിഹല്ലാഹു ലിമൻ ഹമിദ: റബ്ബനാ വലക്കൽ ഹംദ് എന്നുചൊല്ലുകയും ചെയ്യും. എന്നാൽ സുജൂദിൽ നിന്ന് ഉയരുമ്പോൾ കൈകൾ ഉയർത്താറില്ല. (ബുഖാരി. 1. 12. 702)

655. അബൂഖിലാബ:(റ) നിവേദനം: മാലിക്ബ്നുഹുവൈരിസ്(റ) തക്ബീറിന്റെ സന്ദർഭത്തിലും റുകൂഇന്ന് ഉദ്ദേശിക്കുമ്പോഴും റുകൂഇൽ നിന്ന് തല ഉയർത്തുന്ന സന്ദർഭത്തിലും തന്റെ ഇരുകൈകളും ഉയർത്താറുണ്ട്. ശേഷം തിരുമേനി(സ) ഇപ്രകാരം ചെയ്യാറുണ്ടെന്ന് അദ്ദേഹം പ്രസ്താവിക്കും. (ബുഖാരി. 1. 12. 704)

656. ഇബ്നുഉമർ(റ) നിവേദനം: തിരുമേനി(സ) തക്ബീറിന്റെയും റുകൂഇലേക്ക് പോകുമ്പോഴും അതിൽ നിന്ന് ഉയരുമ്പോഴും തന്റെ ചുമലിന് നേരെ ഇരുകൈകളും ഉയർത്താറുണ്ട്. സുജൂദിലേക്ക് പോകുന്ന സന്ദർഭത്തിലും സൂജൂദിൽ നിന്ന് എഴുന്നേൽക്കുന്ന സന്ദർഭത്തിലും അപ്രകാരം ചെയ്യാറില്ല. (ബുഖാരി. 1. 12. 705)

657. ഇബ്നുഉമർ(റ) നിവേദനം: തിരുമേനി(സ) രണ്ടു റക്അത്തിൽ നിന്ന് എഴുന്നേൽക്കുമ്പോൾ കൈകൾ ഉയർത്താറുണ്ട്. (ബുഖാരി. 1. 12. 706)

658. സഹ്ല്(റ) നിവേദനം: വലത്തേകൈ നമസ്കാരത്തിൽ ഇടത്തേമുഴംകയ്യിന്മേൽ വെക്കൽ (തിരുമേനി(സ)യുടെ കാലത്ത്) ആളുകളോട് കൽപ്പിക്കാറുണ്ടായിരുന്നു. (ബുഖാരി. 1. 12. 707)

659. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: നിങ്ങൾ എന്റെ ഖിബ്ല:യെ ദർശിക്കുന്നില്ലേ? നിങ്ങളുടെ റുകൂഉം ഭയഭക്തിയും എനിക്ക് ഗോപ്യമാക്കുന്നില്ല. ഞാൻ എന്റെ പിന്നിലൂടെ നിങ്ങളെ ദർശിക്കുന്നു. (ബുഖാരി. 1. 12. 708)

660. അനസ്(റ) നിവേദനം: തിരുമേനി(സ), അബൂബക്കർ(റ), ഉമർ(റ) ഇവരെല്ലാവരും അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ എന്ന് ചൊല്ലിക്കൊണ്ടാണ് നമസ്കാരം ആരംഭിച്ചിരുന്നത്. (ബുഖാരി. 1. 12. 710)

661. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) തക്ബീറത്തുൽ ഇഹ്റാമിന്നും അതിനു ശേഷമുള്ള ഖിറാഅത്തിനും ഇടക്ക് അൽപമൊന്ന് മൗനമായി നിൽക്കാറുണ്ടായിരുന്നു. ഒരിക്കൽ ഞാൻ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരെ! എന്റെ മാതാപിതാക്കൾ താങ്കൾക്ക് പ്രായശ്ചിത്തമാണ്. തക്ബീറിനും ഖിറാഅത്തിനുമിടക്ക് നിശബ്ദനായി നിൽക്കുമ്പോൾ എന്താണ് താങ്കൾ ചൊല്ലിക്കൊണ്ടിരിക്കുക? തിരുമേനി(സ) അരുളി: അല്ലാഹുവേ! എന്റെയും എന്റെ തെററുകളുടെയും ഇടക്കുള്ള ദൂരം സൂര്യോദയസ്ഥാനത്തിനും സൂര്യാസ്തമനസ്ഥാനത്തിനും ഇടക്കുള്ള ദൂരം പോലെ നീ അകററി വെയ്ക്കേണമേ! അല്ലാഹുവേ! വെള്ള വസ്ത്രത്തെ അഴുക്കിൽ

നിന്ന് ശുദ്ധീകരിച്ചെടുക്കുന്നതുപോലെ എന്നെ പാപങ്ങളിൽ നിന്ന് നീ ശുദ്ധീകരിച്ചെടുക്കേണമേ! അല്ലാഹുവേ! എന്റെ തെററുകളെ വെള്ളം കൊണ്ടും ഐസ് കൊണ്ടും ആലിപ്പഴം കൊണ്ടും നീ കഴുകി ശുദ്ധീകരിച്ചുതരേണമേ!. (ബുഖാരി. 1. 12. 711)

662. അബൂമഅ്മർ(റ) നിവേദനം: ഖബ്ബാബി(റ)നോട് ഞങ്ങൾ ചോദിച്ചു: തിരുമേനി(സ) ളുഹ്ർ, അസർ എന്നീ രണ്ടു നമസ്കാരങ്ങളിൽ ഖുർആൻ ഓതാറുണ്ടായിരുന്നോ? അതെ എന്ന് അദ്ദേഹം പറഞ്ഞു. അപ്പോൾ അദ്ദേഹത്തോട് അവർ ചോദിച്ചു: നിങ്ങൾ അത് എങ്ങിനെയാണ് മനസ്സിലാക്കിയിരുന്നത്? അദ്ദേഹം പറഞ്ഞു: തിരുമേനി(സ)യുടെ താടി അനങ്ങിയിരുന്നത് കൊണ്ടുതന്നെ. (ബുഖാരി. 1. 12. 713)

663. ബറാഅ്(റ) നിവേദനം: അദ്ദേഹം കളവ് പറയുന്നവനല്ല – അവർ നബി(സ)യുടെ കൂടെ നമസ്കരിക്കുമ്പോൾ അവിടുന്നു റുകൂഇൽ നിന്ന് എഴുന്നേററാൽ അവർ എഴുന്നേൽക്കും. തിരുമേനി(സ) സുജൂദ് ചെയ്യുന്നത് അവർ ദർശിക്കുന്നത് വരെ (അവർ സുജൂദ് ചെയ്യുകയില്ല) (ബുഖാരി. 1. 12. 714)

664. ഇബ്നുഅബ്ബാസ്(റ) നിവേദനം: തിരുമേനി(സ)യുടെ കാലത്ത് സൂര്യനു ഗ്രഹണം ബാധിച്ചു. അങ്ങനെ അദ്ദേഹം നമസ്കരിച്ചു. സഹാബിവര്യന്മാർ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ! താങ്കളുടെ സ്ഥാനത്തുനിന്ന് എന്തോ എത്തിപ്പിടിക്കുവാൻ താങ്കൾ ശ്രമിക്കുന്നതുപോലെ ഞങ്ങൾ താങ്കളെ ദർശിച്ചുവല്ലോ? ശേഷം പിന്നിലേക്ക് മാറുകയും ചെയ്തു. തിരുമേനി(സ) അരുളി: സ്വർഗ്ഗം എനിക്ക് ദർശിപ്പിക്കപ്പെട്ടു. അപ്പോൾ അതിൽ നിന്ന് ഒരു മുന്തിരിക്കുല പറിക്കുവാൻ ഞാൻ ശ്രമിച്ചു. ഞാനത് പറിച്ചെടുത്തിരുന്നുവെങ്കിൽ അന്ത്യദിനം വരെ നിങ്ങൾക്ക് ഭക്ഷിക്കുവാൻ അത് മതിയാകുമായിരുന്നു. (ബുഖാരി. 1. 12. 715)

665. അനസ്(റ) നിവേദനം: ഒരിക്കൽ തിരുമേനി(സ) ഞങ്ങളേയുമായി നമസ്കരിച്ചു. അനന്തരം മിമ്പറിന്മേൽ കയറി അവിടുന്നു പള്ളിയുടെ ഖിബ്ല: യുടെ നേരെ ചൂണ്ടിക്കൊണ്ട് പറഞ്ഞു. ഞാൻ നിങ്ങൾക്ക് നമസ്കാരത്തിന് നേതൃത്വം നൽകിക്കൊണ്ട് നമസ്കരിച്ച ഈ സന്ദർഭത്തിൽ നരകവും സ്വർഗ്ഗവും ഖിബ്ല: യുടെ ചുമരിന്മേൽ രൂപപ്പെട്ട നിലക്ക് എനിക്ക് ദർശിപ്പിക്കപ്പെട്ടു. ഇതുപോലെ ഒരു നല്ലതും ചീത്തയുമായ കാഴ്ച ഞാൻ ദർശിച്ചിട്ടില്ല. (ബുഖാരി. 1. 12. 716)

666. അനസ്(റ) നിവേദനം: ഒരിക്കൽ തിരുമേനി(സ) ചോദിച്ചു: നമസ്കാരത്തിൽ തങ്ങളുടെ കണ്ണുകൾ ആകാശത്തേക്ക് ഉയർത്തുന്നവർക്ക് എന്തുപററി? എന്നിട്ട് അക്കാര്യത്തിൽ തിരുമേനി(സ) വളരെ ഗൗരവപൂർവ്വം താക്കീതു ചെയ്തു. അവിടുന്നു അരുളി: അവർ അതിൽ നിന്ന് വിരമിക്കട്ടെ. അല്ലാത്തപക്ഷം അവരുടെ കണ്ണുകൾ റാഞ്ചിക്കൊണ്ട് പോയിക്കളയുമെന്ന് അവർ ഭയപ്പെടണം. (ബുഖാരി. 1. 12. 717)

667. ആയിശ(റ) നിവേദനം: നമസ്കാരത്തിൽ തിരിഞ്ഞുനോക്കുന്നതിനെ സംബന്ധിച്ച് ഞാൻ തിരുമേനി(സ) യോട് ചോദിച്ചു. അപ്പോൾ തിരുമേനി(സ) അരുളി: മനുഷ്യന്റെ നമസ്കാരത്തിൽ നിന്ന് പിശാച് തട്ടിയെടുത്ത്കൊണ്ട് പോകുന്ന ഒരംശമാണത്. (ബുഖാരി. 1. 12. 718)

668. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) പള്ളിയിൽ പ്രവേശിച്ചു. അനന്തരം ഒരു മനുഷ്യൻ പള്ളിയിൽ കടന്നു നമസ്കരിക്കുവാൻ തുടങ്ങി. നമസ്കാരശേഷം അദ്ദേഹം നബി(സ)ക്ക് സലാം ചൊല്ലി. നബി(സ) സലാമിന് മറുപടി നൽകിയിട്ടു പറഞ്ഞു. നീ പോയി വീണ്ടും നമസ്കരിക്കുക. കാരണം നീ നമസ്കരിച്ചിട്ടില്ല. ഉടനെ അദ്ദേഹം തിരിച്ചുപോയി മുമ്പ് നമസ്കരിച്ചപോലെതന്നെ വീണ്ടും നമസ്കരിച്ചു. എന്നിട്ട് തിരുമേനി(സ)യുടെ അടുത്തുവന്ന് തിരുമേനി(സ)ക്ക് സലാം പറഞ്ഞു. നബി(സ) അരുളി: നീ പോയി വീണ്ടും നമസ്കരിക്കുക. നീ നമസ്കരിച്ചിട്ടില്ല. അങ്ങനെ മൂന്നു പ്രാവശ്യം അത് സംഭവിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു.

സത്യവുമായി താങ്കളെ നിയോഗിച്ചവൻ തന്നെയാണ് സത്യം. ഇപ്രകാരമല്ലാതെ എനിക്ക് നമസ്കരിക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് താങ്കൾ എന്നെ പഠിപ്പിക്കുക. അന്നേരം തിരുമേനി(സ) അരുളി: നീ നമസ്കരിക്കുവാൻ നിന്നാൽ ആദ്യമായി തക്ബീർ ചൊല്ലുക. പിന്നീട് ഖുർആനിൽ നിനക്ക് സൗകര്യപ്പെടുന്ന ഭാഗം ഓതുക. പിന്നെ റുകൂഇലായിരിക്കുമ്പോൾ നല്ലവണ്ണം അനക്കങ്ങളടങ്ങും വരേക്കും റുകൂഇൽതന്നെ നിൽക്കുക. പിന്നീട് റുകൂഇൽ നിന്ന് നിന്റെ തല ഉയർത്തി ശരിക്കും നിവർന്ന് നിൽക്കുക. പിന്നീട് നീ സൂജുദ് ചെയ്യുകയും അതിൽ അടങ്ങിയിരിക്കുകയും ചെയ്യുക. ഇത് നിന്റെ നമസ്കാരത്തിൽ മുഴുവൻ പ്രവർത്തിക്കുക. (ബുഖാരി. 1. 12. 724)

669. അബൂഖത്താദ(റ) നിവേദനം: തിരുമേനി(സ) ളുഹ്റിന്റെ ആദ്യത്തെ രണ്ടു റക്ക്അത്തുകളിൽ ഫാതിഹായും രണ്ടു സൂറത്തുകളും ഓതാറുണ്ട്. ഒന്നാമത്തെ റക്ക്അത്തിൽ കുറെ അധികം ഓതും. രണ്ടാമത്തേതിൽ അൽപം ചുരുക്കും. ചില അവസരങ്ങളിൽ തിരുമേനി(സ) ഓതുന്ന ആയത്തുകളിൽ ചിലതു പിന്നിലുള്ളവരെ കേൾപ്പിക്കും. അസർ നമസ്ക്കാരത്തിലും തിരുമേനി(സ) ഫാത്തിഹായും രണ്ടു സൂറത്തും ഓതാറുണ്ട്. അതിൽ ആദ്യത്തെ റക്ക്അത്തിൽ കുറേ കൂടുതൽ ഓതും. രാമത്തെതിൽ അല്പം കുറച്ചും. അപ്രകാരം തന്നെ സുബ്ഹി നമസ്കാരത്തിലെ ആദ്യത്തെ റക്ക്അത്തിൽ കൂടുതൽ ഓതുകയും രണ്ടാമത്തേതിൽ കുറച്ച് ചുരുക്കുകയും ചെയ്യും. (ബുഖാരി. 1. 12. 726)

670. ഇബ്നുഅബ്ബാസ്(റ) നിവേദനം: അദ്ദേഹം വൽമുർസലാത്തിഉർഫൻ എന്ന സൂറത്ത് ഓതുന്നത് ഉമ്മുൽഫള്ല് കേട്ടു. അപ്പോൾ അവർ പറഞ്ഞു: എന്റെ പ്രിയപ്പെട്ട മകനെ! നീ ഈ സൂറത്തു ഓതുകമൂലം ഒരു സംഭവം എന്നെ ഓർമ്മപ്പെടുത്തി. തിരുമേനി(സ) മഗ്രിബ് നമസ്ക്കാരത്തിൽ അവസാനമായി ഓതുന്നതായി ഞാൻ കേട്ട സൂറത്താണിത്. (ബുഖാരി. 1. 12. 730)

671. മർവാനുബ്നുഹക്കം:(റ) നിവേദനം ചെയ്യുന്നു. സൈദ്ബ്നുസാബിത്ത്:(റ) എന്നോട് പറഞ്ഞു: നിങ്ങൾക്ക് എന്തു സംഭവിച്ചു? മഗ്രിബ് നമസ്കാരത്തിൽ ചെറിയ സൂറത്തുകൾ മാത്രമാണല്ലോ നിങ്ങൾ ഓതുന്നത്. തിരുമേനി(സ) മഗ്രിബ് നമസ്കാരത്തിൽ അതി ദീർഘങ്ങളായ രണ്ടദ്ധ്യായങ്ങളിൽപ്പെട്ട അദ്ധ്യായം ഓതുന്നത് ഞാൻ കേട്ടിട്ടുണ്ട്. (ബുഖാരി. 1. 12. 731)

672. ജുബൈർ(റ) നിവേദനം: തിരുമേനി(സ) മഗ്രിബ് നമസ്കാരത്തിൽ വത്തൂരി എന്ന സൂറത്തു ഓതുന്നത് ഞാൻ കേട്ടിട്ടുണ്ട്. (ബുഖാരി. 1. 12. 732)

673. അബൂറാഫിഅ്(റ) നിവേദനം: ഒരിക്കൽ അബൂഹുറൈറ(റ)യുടെ കൂടെ ഞാൻ ഇശാമനസ്കരിച്ചു. അദ്ദേഹം ഇദസ്സമാഉൻശഖത്തു എന്ന സൂറത്തു ഓതുകയും (ഓത്തിന്റെ) സുജൂദ് ചെയ്യുകയും ചെയ്തു. ഇതിനെക്കുറിച്ച് ഞാൻ അദ്ദേഹത്തോട് ചോദിച്ചു. അപ്പോൾ അബൂഹുറൈറ(റ) പറഞ്ഞു: നബി(സ)യുടെ പിന്നിൽ നിന്ന് ഞാൻ സുജൂദ് ചെയ്തിട്ടുണ്ട്. ഞാൻ മരിച്ച് അദ്ദേഹത്തെ കണ്ടുമുട്ടുന്നതുവരെ ആ സൂറത്തു ഓതുമ്പോഴെല്ലാം ഞാൻ സുജൂദ് ചെയ്യും. (ബുഖാരി. 1. 12. 733)

674. ബർറാത്ത്(റ) നിവേദനം: തിരുമേനി(സ) ഒരു യാത്രയിൽ ഇശാ നമസ്കരിച്ചപ്പോൾ ഒരു റക്കഅത്തിൽ വത്തീനിവസ്സൈത്തൂൻ എന്ന സുറത്താണോതിയത്. (ബുഖാരി. 1. 12. 734)

675. ബറാഅ്(റ) നിവേദനം: തിരുമേനി(സ) ഇശാനമസ്കാരത്തിൽ വത്തീനിവസ്സൈത്തൂൻ ഓതി. തിരുമേനി(സ)യെക്കാൾ നന്നായിട്ടു അല്ലെങ്കിൽ സ്വരമാധുര്യത്തോടെ ഒരാളും ഓതുന്നത് ഞാൻകേട്ടിട്ടില്ല. (ബുഖാരി. 1. 12. 736)

676. അബൂഹുറൈറ(റ) നിവേദനം: അദ്ദേഹം പറയുന്നു: എല്ലാ നമസ്കാരത്തിലും ഖുർആൻ ഓതേണ്ടതാണ്. പക്ഷെ തിരുമേനി(സ) ഏതെല്ലാം നമസ്കാരങ്ങളിൽ

തന്റെ ഓത്തു ഞങ്ങളെ കേൾപ്പിച്ചിരുന്നോ അതെല്ലാം ഞങ്ങൾ നിങ്ങളെ കേൾപ്പിക്കും. ഞങ്ങളെ കേൾപ്പിക്കാതെ തിരുമേനി(സ) രഹസ്യമാക്കി ഓതിയത് നിങ്ങളെ കേൾപ്പിക്കാതെ ഞങ്ങളും രഹസ്യമാക്കി ഓതും. നീ നമസ്കാരത്തിൽ ഫാത്തിഹ മാത്രമാണ് ഓതിയതെങ്കിൽ നിനക്കതുമതി. അതിൽകൂടുതൽ ഓതുകയാണെങ്കിലോ അത് നിനക്കുത്തമവുമാണ്. (ബുഖാരി. 1. 12. 739)

677. ഇബ്നുഅബ്ബാസ്(റ) നിവേദനം: തിരുമേനി(സ) യോട് (ഉച്ചത്തിൽ) പാരായണം ചെയ്യാൻ അല്ലാഹു നിർദ്ദേശിച്ചതിൽ തിരുമേനി(സ) ഉച്ചത്തിൽ ഓതി. തിരുമേനി(സ) യോടും മൗനം ദീക്ഷിക്കുവാൻ അല്ലാഹു നിർദ്ദേശിച്ചതിൽ മൗനം ദീക്ഷിച്ചു. (നിന്റെ രക്ഷിതാവ് ഒട്ടും മറക്കുന്നവനല്ല തന്നെ) അല്ലാഹു അവന്റെ ദൂതനെ സംബന്ധിച്ച് അവതരിപ്പിച്ചു. (നിശ്ചയം ദൈവദൂതനിൽ നിങ്ങൾക്ക് ഉത്തമ മാതൃകയുണ്ട്). (ബുഖാരി. 1. 12. 741)

678. അബൂവാഇൽ(റ) പറയുന്നു: ഒരാൾ ഇബ്നുമസ്ഊദിന്റെ അടുത്തുവന്നു ഇപ്രകാരം പറഞ്ഞു: സുറത്തു ഖാഫ മുതൽ അവസാന സൂറത്തു വരെ (മുഫസ്വൽ) ഒററ റക്ക്അത്തിൽ ഇന്നു രാത്രി ഞാൻ ഓതുകയുണ്ടായി. അപ്പോൾ ഇബ്നുമസ്ഊദ്(റ) പറഞ്ഞു: കവിത ചൊല്ലുന്നതുപോലെ നീ ധൃതി കാണിക്കുകയോ? തിരുമേനി(സ) ഓതാറുണ്ടായിരുന്ന സൂറത്തുകൾ എനിക്കറിയാം. എന്നിട്ട് മുഫസ്വലിലെ ഇരുപതു സൂറത്തുകൾ അദ്ദേഹം ഉണർത്തി. ഓരോ റക്ക്അത്തിലും രണ്ടു സൂറത്തുകൾ വീതം. (ബുഖാരി. 1. 12. 742)

679. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: ഇമാം ആമീൻ ചൊല്ലാൻ ഉദ്ദേശിച്ചാൽ നിങ്ങളും ആമീൻ ചൊല്ലുക. വല്ലവനും മലക്കുകളോടൊപ്പം ആമീൻ ചൊല്ലിയിട്ടുണ്ടെങ്കിൽ അവന്റെ മുൻപാപങ്ങളിൽ നിന്ന് അല്ലാഹു പൊറുത്തു കൊടുക്കും. ഇബ്നുശിഹാബ്(റ) പറയുന്നു. തിരുമേനി(സ) ആമീൻ എന്നു പറയാറുണ്ട്. (ബുഖാരി. 1. 12. 747)

680. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: നിങ്ങളിലൊരാൾ ആമീൻ ചൊല്ലി. അതനുസരിച്ച് ആകാശത്തുവെച്ച് മലക്കുകൾ ആമീൻ ചൊല്ലി. എന്നിട്ട് അതു രണ്ടും ഒരേ സമയത്തു യോജിച്ചുവന്നു. എങ്കിൽ അവന്റെ ചെറിയ പാപങ്ങളിൽ നിന്ന് അല്ലാഹു അവന് പൊറുത്തുകൊടുക്കും. (ബുഖാരി. 1. 12. 748)

681. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: ഇമാമ് വലള്ളാലീൻ എന്ന് പറഞ്ഞാൽ നിങ്ങൾ ആമീൻ എന്നു ചൊല്ലുവിൻ. കാരണം വല്ലവന്റേയും വചനവും മലക്കിന്റെ വചനവും യോജിച്ചാൽ അവന്റെ പാപങ്ങളിൽ നിന്ന് പൊറുത്തുകൊടുക്കും. (ബുഖാരി. 1. 12. 749)

682. അബൂബക്കറത്ത്(റ) നിവേദനം: അദ്ദേഹം തിരുമേനി(സ)യുടെ അടുക്കൽ എത്തിച്ചേർന്നപ്പോൾ റുകൂഇലായിരുന്നു. ഉടനെ അദ്ദേഹം റുകൂഅ് ചെയ്തു. വരിയിലേക്ക് എത്തിച്ചേരും മുമ്പ് തന്നെ. ഇതിനെക്കുറിച്ച് തിരുമേനി(സ)യെ അദ്ദേഹം ഉണർത്തിയപ്പോൾ ഇസ്ലാമികാനുഷ്ഠാനങ്ങളിൽ അല്ലാഹു നിങ്ങൾക്ക് ആഗ്രഹം വർദ്ധിപ്പിച്ചു തരട്ടെ പക്ഷെ മേലിൽ ഇങ്ങിനെ ആവർത്തിക്കരുത് എന്ന് തിരുമേനി(സ) അരുളി. (ബുഖാരി. 1. 12. 750)

683. ഇംറാനുബ്നുഹുസൈൻ(റ) നിവേദനം: അദ്ദേഹം ബസറയിൽ വെച്ച് അലി(റ) യോടൊപ്പം നമസ്കരിച്ചു. അദ്ദേഹം (ഇംറാൻ) (റ) പറഞ്ഞു: തിരുമേനി(സ) യോടൊപ്പം ഞങ്ങൾ നമസ്കരിച്ചിരുന്ന നമസ്കാരത്തെ ഈ പുരുഷൻ ഞങ്ങൾക്ക് ഇപ്പോൾ ഓർമ്മപ്പെടുത്തിത്തന്നിരിക്കുന്നു. എന്നിട്ടു ഇംറാൻ പറഞ്ഞു. തിരുമേനി(സ) ഉയരുമ്പോഴും താഴുമ്പോഴും എല്ലാം തന്നെ തക്ബീർ ചൊല്ലാറുണ്ടായിരുന്നു. (ബുഖാരി. 1. 12. 751)

684. അബൂഹുറൈറ(റ) നിവേദനം: അദ്ദേഹം ജനങ്ങളെയുമായി ഒരിക്കൽ നമസ്ക്കരിച്ചു. താഴുന്ന എല്ലാ സന്ദർഭത്തിലും ഉയരുന്ന എല്ലാ സന്ദർഭത്തിലും അദ്ദേഹം തക്ബീർ ചൊല്ലി. നമസ്കാരത്തിൽ നിന്ന് വിരമിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: നബി(സ)യുടെ നമസ്കാരം ഞാനാണ് നിങ്ങൾക്ക് ഏററവും സാദൃശ്യമായ നിലക്ക് നമസ്കരിച്ചു തന്നിട്ടുള്ളത്. (ബുഖാരി. 1. 12. 752)

685. മുത്വരിഫ്(റ) പറയുന്നു: ഞാൻ അലി(റ)യുടെ പിന്നിൽ നമസ്കരിച്ചിട്ടുണ്ട്. എന്റെ കൂടെ ഇംറാൻ(റ) നും ഉണ്ടായിരുന്നു. അലി(റ) സുജൂദ് ചെയ്യുമ്പോൾ തക്ബീർ ചൊല്ലും. സുജൂദിൽ നിന്ന് തന്റെ ശിരസ്സ് ഉയർത്തുന്ന സന്ദർഭത്തിലും രണ്ടു റക്ക്അത്തിൽ നിന്ന് എഴുന്നേൽക്കുന്ന സന്ദർഭത്തിലും തക്ബീർ ചൊല്ലും. നമസ്കാരത്തിൽ നിന്ന് വിരമിച്ചു കഴിഞ്ഞപ്പോൾ ഇംറാൻ(റ) എന്റെ കൈ പിടിച്ചു. എന്നിട്ട് അദ്ദേഹം പറഞ്ഞു. അദ്ദേഹം മുഹമ്മദിന്റെ നമസ്കാരം എന്നെ ഓർമ്മപ്പെടുത്തി. അല്ലെങ്കിൽ മുഹമ്മദിന്റെ നമസ്കാരം ഇദ്ദേഹം നിർവ്വഹിച്ചു. (ബുഖാരി. 1. 12. 753)

686. ഇക്രിമ(റ) പറയുന്നു: മഖാമിന്റെ അടുത്തുവെച്ച് നമസ്കരിക്കുന്ന ഒരു മനുഷ്യനെ ഞാൻ കണ്ടു. ഉയരുന്ന സന്ദർഭത്തിലും താഴുന്ന സന്ദർഭത്തിലും എല്ലാം തന്നെ അദ്ദേഹം തക്ബീർചൊല്ലുന്നുണ്ട്. അതുപോലെ എഴുന്നേൽക്കുമ്പോഴും താഴ്ത്തുമ്പോഴും. ഇതിനെക്കുറിച്ച് ഞാൻ ഇബ്നുഅബ്ബാസ്(റ)നോട് പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു: അതാണ് തിരുമേനി(സ)യുടെ നമസ്കാരം. നിന്റെ മാതാവിനെ നീ നഷ്ടപ്പെടുത്തി. (ബുഖാരി. 1. 12. 754)

687. ഇക്രിമ:(റ) നിവേദനം: ഞാൻ ഒരിക്കൽ മക്കയിൽ വെച്ച് ഒരു കിഴവന്റെ പിന്നിൽ നിന്ന് നമസ്കരിച്ചു. അയാൾ 22 പ്രാവശ്യം തക്ബീർ ചൊല്ലി. ഇതിനെ സംബന്ധിച്ച് ഞാൻ ഇബ്നുഅബ്ബാസി(റ)നോട് പറഞ്ഞു: നിശ്ചയം അയാൾ വിഡ്ഢിയാണ്. അപ്പോൾ ഇബ്നു അബ്ബാസ്(റ) പറഞ്ഞു: നീ നിന്റെ മാതാവിനെ നഷ്ടപ്പെടുത്തി. അതു തിരുമേനി(സ)യുടെ സുന്നത്തുതന്നെയാണ്. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) നമസ്കരിക്കാൻ നിന്നാൽ നിൽക്കുമ്പോൾ തക്ബീർ ചൊല്ലും. പിന്നീട് റുകൂഅ് ചെയ്യുമ്പോഴും. അനന്തരം മുതുക് റുകൂഇൽ നിന്നുയരുമ്പോൾ (സമി:അല്ലാഹു ലിമൻ ഹമിദ:) തന്നെ സ്തുതിച്ചവന്റെ സ്തുതി അല്ലാഹു സ്വീകരിക്കട്ടെ എന്നു പറയും. അങ്ങനെ ശരിക്കും നിവർന്നു കഴിഞ്ഞാൽ, റബ്ബനാ ലകൽ ഹംദ്) രക്ഷിതാവേ! നിനക്കാണ് എല്ലാ സ്തുതിയും എന്നു പറയും. ശേഷം കുനിയുമ്പോൾ തക്ബീർ ചൊല്ലും. പിന്നീട് സുജൂദിൽ നിന്നും ഉയരുമ്പോൾ തക്ബീർചൊല്ലും. വീണ്ടും സുജൂദ് ചെയ്യുമ്പോൾ തക്ബീർ ചൊല്ലും. തക്ബീർ ചൊല്ലിക്കൊണ്ടുതന്നെ വീണ്ടും ഉയരും. ഇതുപോലെ നമസ്കാരത്തിൽ നിന്ന് വിരമിക്കുന്നതുവരെ ചെയ്യും. ആദ്യത്തെ ഇരുത്തത്തിൽ നിന്നു എഴുന്നേൽക്കുമ്പോഴും തക്ബീർ ചൊല്ലും. (ബുഖാരി. 1. 12. 755)

688. മുസ്ഹബ്ബ്നുസഅ്ദ്റ(റ) പറയുന്നു: ഞാനൊരിക്കൽ എന്റെ പിതാവിന്റെ അരികിൽനിന്നുകൊണ്ട് നമസ്കരിച്ചു. അപ്പോൾ എന്റെ രണ്ടു കൈപടങ്ങളും ചേർത്തുപിടിച്ചിട്ടു ആ രണ്ടുകൈപ്പടങ്ങളും (റുകൂഇൽ) എന്റെ രണ്ടു കാൽത്തുടകളുടെ ഇടയിൽവെച്ചു. ഇതു കണ്ടപ്പോൾ എന്റെ പിതാവ് അങ്ങിനെ വിരോധിച്ചുകൊണ്ട് പറഞ്ഞു: ഞങ്ങൾ മുമ്പ് അങ്ങനെ ചെയ്യാറുണ്ടായിരുന്നു. എന്നിട്ട് ഞങ്ങളോടത് വിരോധിച്ചു. കൈപടങ്ങൾ കാൽമുട്ടുകളിന്മേൽ വെയ്ക്കാനാണ് ഞങ്ങളോട് കൽപ്പിച്ചിരുന്നത്. (ബുഖാരി. 1. 12. 756)

689. ഹുദൈഫ(റ) നിവേദനം: ഒരാൾ റുകൂഉം സുജൂദും പൂർത്തിയാക്കാതെ നമസ്കരിക്കുന്നത് അദ്ദേഹം കണ്ടു. അപ്പോൾ ഹുദൈഫ(റ) പറഞ്ഞു: നീ നമസ്കരിച്ചിട്ടില്ല. ഇപ്രകാരം നീ മരിച്ചാൽ മുഹമ്മദിനെ അല്ലാഹു സൃഷ്ടിച്ച പ്രകൃതി മതത്തിലല്ല നീ മരിക്കുന്നത്. (ബുഖാരി. 1. 12. 757)

690. ബറാഅ്(റ) നിവേദനം: തിരുമേനി(സ)യുടെ റുകൂഅ്, സുജൂദ്, രണ്ടു സുജൂദിന്നിടയിലുള്ള ഇരുത്തം, റുകൂഇൽ നിന്ന് തല ഉയർത്തിയിട്ടുള്ള നിറുത്തം ഇവയെല്ലാം ഏതാണ്ട് തുല്യസമയമായിരുന്നു. പക്ഷെ (ഫാത്തിഹ ഓതാനുള്ള) നിറുത്തം, (അത്തഹിയ്യാത്തിനുള്ള) ഇരുത്തം ഇവ രണ്ടും അങ്ങനെയായിരുന്നില്ല. (ബുഖാരി. 1. 12. 758)

691. ആയിശ(റ) നിവേദനം: സുബ്ഹാനകല്ലാഹുമ്മ റബ്ബനാ വബിഹംദിക്ക അല്ലാഹുമ്മഗ്ഫിർലീ (രക്ഷിതാവേ, നിന്റെ പരിശുദ്ധതതേയും നിന്റെ മഹത്വത്തേയും ഞങ്ങളിതാ പ്രകീർത്തിച്ചുകൊള്ളുന്നു. അതുകൊണ്ട് എന്റെ തെററുകൾ എനിക്ക് നീ പൊറുത്തുതരേണമേ, ) എന്ന് നബി(സ) റുകൂഇലും സുജൂദിലും പറയാറുണ്ടായിരുന്നു. (ബുഖാരി. 1. 12. 760)

692. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: ഇമാമ് സമി അല്ലാഹുലിമൻഹമിദ: എന്നുപറഞ്ഞാൽ നിങ്ങൾ അല്ലാഹുമ്മറബ്ബനാലക്കൽഹംദ് എന്നു പറയുവിൻ. നിശ്ചയം, വല്ലവന്റേയും പ്രാർത്ഥന മലക്കുകളുടെ പ്രാർത്ഥനയുമായി യോജിച്ചാൽ അവന്റെ മുൻപാപങ്ങളിൽ നിന്ന് പുറത്തുകൊടുക്കും. (ബുഖാരി. 1. 12. 762)

693. രിഫാഅ്(റ) നിവേദനം: ഞങ്ങൾ ഒരു ദിവസം തിരുമേനി(സ)യുടെ പിന്നിൽ നമസ്കരിക്കുകയായിരുന്നു. എന്നിട്ട് റുകൂഇൽ നിന്ന് തിരുമേനി(സ) തല ഉയർത്തിയപ്പോൾ സമിഅല്ലാഹുലി മൻ ഹമിദഹു എന്നു പറഞ്ഞു അപ്പോൾ തിരുമേനി(സ)യുടെ പിന്നിലുണ്ടായിരുന്ന ഒരു മനുഷ്യൻ അതേ തുടർന്ന് ഇങ്ങനെ പ്രാർത്ഥിച്ചു. രക്ഷിതാവേ! നീ എത്രയോ അധികം സ്തുത്യർഹനാണ്. നീ പരിശുദ്ധതയാലും നന്മകളാലും നിറയപ്പെട്ട സ്തുതിക്ക് അർഹനത്രെ. നമസ്കാരത്തിൽ നിന്ന് വിരമിച്ചുകഴിഞ്ഞപ്പോൾ ആരാണങ്ങനെ സംസാരിച്ചു കേട്ടതെന്നു തിരുമേനി(സ) ചോദിച്ചു: ഞാനായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു. തിരുമേനി(സ) അരുളി: മുപ്പതിൽപരം മലക്കുകൾ ആ വാക്കുകൾ എഴുതിയെടുക്കുവാൻ മുമ്പോട്ട് ധൃതിപ്പെടുന്നത് ഞാൻ ദർശിക്കപ്പെട്ടു. (ബുഖാരി. 1. 12764)

694. സാബിത്(റ) നിവേദനം: അനസ്(റ) ഞങ്ങൾക്ക് നബി(സ)യുടെ നമസ്കാരം ചിത്രീകരിച്ചു കാണിച്ചു തരാറുണ്ടായിരുന്നു. അങ്ങനെ അനസ്(റ) നമസ്കരിക്കാൻ തുടങ്ങി. റുകൂഇൽ നിന്ന് തല ഉയർത്തിയാൽ അനസ്(റ) സുജൂദിൽ പോകാൻ മറന്നിരിക്കുകയാണെന്ന് ഞങ്ങൾക്ക് തോന്നിപ്പോകും. അത്രയും സമയം അവിടെ അദ്ദേഹം നിൽക്കും. (ബുഖാരി. 1. 12. 765)

695. അബൂഹുറൈറ(റ) പറയുന്നു: തിരുമേനി(സ) റുകൂഇൽ നിന്ന് തല ഉയർത്തുമ്പോൾ സമിഅല്ലാഹുലിമൻഹമിദഹു റബ്ബനാവലക്കൽ ഹംദ് എന്നു ചൊല്ലാറുണ്ടായിരുന്നു. അതോടൊപ്പം തന്നെ ചില ആളുകളുടെ പേരെടുത്ത് പറഞ്ഞുകൊണ്ട് അവർക്ക് വേണ്ടി പ്രാർത്ഥിക്കാറുണ്ട്. അവിടുന്ന് പറയും. അല്ലാഹുവേ വലീദിന്റെ പുത്രൻ വലീദിനെയും ഹിശാമിന്റെ പുത്രൻ സലമത്തിനെയും അബൂറബിഅത്തിന്റെ പുത്രൻ അയ്യാശ്നേയും മർദ്ദിതരായി ജീവിക്കുന്ന മററു സത്യവിശ്വാസികളേയും നീ മോചിപ്പിക്കേണമേ! അല്ലാഹുവേ! നീ മുളർ വംശത്തെ ചവിട്ടിച്ചതച്ചുകളയുകയും യൂസുഫ്നബി (അ) യുടെ കാലത്ത് അനുഭവപ്പെട്ടതുപോലെയുള്ള ശാപവർഷങ്ങൾ അവർക്കനുഭവപ്പെടുത്തി കൊടുക്കുകയും ചെയ്യേണമേ! മുളർ വംശത്തിൽ കിഴക്കൻ പ്രദേശങ്ങളിൽ താമസിക്കുന്നവർ അന്ന് തിരുമേനി(സ)യുടെ ശത്രുക്കളായിരുന്നു. (ബുഖാരി. 1. 12. 768)

696. അബ്ദുല്ല(റ) നിവേദനം: തിരുമേനി(സ) സുജൂദ് ചെയ്യുമ്പോൾ കക്ഷത്തിലെ വെളുപ്പ് വ്യക്തമാകുന്നതുവരെ ഇരു കൈകളും വിടർത്തി വെയ്ക്കാറുണ്ട്. (ബുഖാരി. 1. 12. 771)

697. ഇബ്നുഅബ്ബാസ്(റ) നിവേദനം: ഏഴ് അവയവത്തിന്മേൽ സുജൂദ് ചെയ്യാൻ നബി(സ) കല്പിക്കപ്പെട്ടിരിക്കുന്നു. മുടിയെയും വസ്ത്രത്തെയും ചേർത്തുപിടിക്കാതിരിക്കുവാനും. അതായത് നെററി, ഇരുകൈകൾ, ഇരുകാൽമുട്ടുകൾ, ഇരുകാൽപാദങ്ങൾ. (ബുഖാരി. 1. 12. 773)

698. ഇബ്നുഅബ്ബാസ്(റ) നിവേദനം: തിരുമേനി(സ) അരുളി: ഏഴ് എല്ലുകളിന്മേൽ സുജൂദ് ചെയ്യാൻ നാം കല്പിക്കപ്പെട്ടിരിക്കുന്നു. മുടിയും വസ്ത്രവും നാം ചേർത്തു പിടിക്കാതിരിക്കുവാനും. (ബുഖാരി. 1. 12. 774)

699. ബറാഅ്(റ) നിവേദനം: ഞങ്ങൾ ഒരിക്കൽ നബി(സ)യുടെ പിന്നിൽ നിന്നു നമസ്കരിക്കുകയായിരുന്നു. തിരുമേനി(സ) സമിഅല്ലാഹുലിമൻഹമിദഹു എന്നു പറഞ്ഞാൽ ഞങ്ങളിൽ ആരും തന്നെ അവന്റെ മുതുക് വളക്കുകയില്ല. തിരുമേനി(സ) തന്റെ നെററിത്തടം ഭൂമിയിൽ വെയ്ക്കുന്നതുവരേക്കും. (ബുഖാരി. 1. 12. 775)

700. ഇബ്നുഅബ്ബാസ്(റ) നിവേദനം: ഏഴു എല്ലുകളിന്മേൽ സുജൂദ് ചെയ്യാൻ ഞാൻ കല്പിക്കപ്പെട്ടിരിക്കുന്നുവെന്നു തിരുമേനി(സ) അരുളി: ശേഷം അവിടുന്നു തന്റെ മൂക്കിന്റെ നേരെ വിരൽ ചൂണ്ടിക്കൊണ്ട് പറഞ്ഞു: നെററിയിന്മേൽ രണ്ടു കൈകൾ, രണ്ടു കാൽമുട്ടുകൾ, രണ്ടു പാദങ്ങളുടെ അററങ്ങൾ, വസ്ത്രത്തേയും മുടിയേയും ചേർത്ത് പിടിക്കരുതെന്ന്. (ബുഖാരി. 1. 12. 776)

701. ആയിശ(റ) നിവേദനം: തിരുമേനി(സ) തന്റെ റുകൂഇലും സുജൂദിലും ധാരാളമായി സുബ്ഹാനകല്ലാഹുമ്മ റബ്ബനാവബിഹംദിക്ക അല്ലാഹുമ്മ ഇഗ്ഫിർലി ചൊല്ലാറുണ്ട്. ഖുർആനിനെ വ്യാഖ്യാനിച്ചുകൊണ്ട്. (ബുഖാരി. 1. 12. 781)

702. സാബിത്ത്(റ) നിവേദനം: അദ്ദേഹം (അനസ്(റ) ) ഒരിക്കൽ പറഞ്ഞു: തിരുമേനി(സ) നമസ്കരിക്കുന്നതായി കണ്ടതുപോലെ നിങ്ങൾക്ക് ഇമാമായി നിന്നു കൊണ്ട് ഞാൻ നമസ്കരിക്കാം. സാബിത്ത്(റ) പറയുന്നു: അനസ്(റ) നിങ്ങൾ ചെയ്യാത്ത ചിലത് ചെയ്യാറുണ്ട്. അദ്ദേഹം റുകൂഇൽ നിന്ന് തല ഉയർത്തിയാൽ സുജൂദിലേക്ക് പോവാൻ മറന്നുപോയോ എന്ന് ഒരാൾ പറയുന്നതുവരെ ഇഅ്തിദാലിൽ നിൽക്കാറുണ്ട്. അതുപോലെ രണ്ടു സുജൂദുകൾക്കിടയിലും. (ബുഖാരി. 1. 12. 784)

703. അനസ്(റ) നിവേദനം: തിരുമേനി(സ) അരുളി: നിങ്ങൾ സുജൂദിൽ മധ്യമാർഗ്ഗം കൈകൊള്ളുവീൻ. നായ അതിന്റെ മുഴം കൈകൾ നിലത്തോട് ചേർത്തുവെക്കുംപോലെ നിങ്ങളും കൈകൾ സുജൂദിൽ നിലത്തോട്ട് ചേർത്തു വെക്കരുത്. (ബുഖാരി. 820)

704. അബൂഖിലാബ:(റ) നിവേദനം: മാലിക്ക്ബ്നു ഹുവൈരിസ്(റ) നബി(സ)യുടെ നമസ്കാരം ദർശിക്കുകയുണ്ടായി. നമസ്കാരത്തിന്റെ ഒററ റക്ക്അത്തുകളിൽ നിന്ന് എഴുന്നേൽക്കുമ്പോൾ ഇരുന്ന് സമമായതിന് ശേഷമേ അദ്ദേഹം (2, 4, റക്ക്അത്തിലേക്ക്) എഴുന്നേൽക്കാറുള്ളൂ. (ബുഖാരി. 1. 12. 786)

705. സഅ്ദ്(റ) നിവേദനം: അബൂസഈദുൽഖുദ്രി(റ) ഞങ്ങൾക്ക് ഒരിക്കൽ ഇമാമ് നിന്ന് നമസ്കരിച്ചു. അപ്പോൾ അദ്ദേഹം ഉച്ചത്തിൽ തക്ബീർ ചൊല്ലി. ആദ്യത്തെ സുജൂദിൽ നിന്ന് തല ഉയർത്തിയപ്പോഴും പിന്നീട് സുജൂദ് ചെയ്തപ്പോഴും രണ്ടാമത്തെ സുജൂദിൽ നിന്ന് തല ഉയർത്തിയപ്പോഴും രണ്ടു റക്ക്അത്ത് കഴിഞ്ഞു എഴുന്നേററു നിന്നപ്പോഴുമെല്ലാം തിരുമേനി(സ) ഇങ്ങനെചെയ്യുന്നതായിട്ടാണ് ഞാൻ കണ്ടിരിക്കുന്നത് എന്നദ്ദേഹം പറയുകയും ചെയ്തു. (ബുഖാരി. 1. 12. 788)

706. ഇബ്നുഉമർ(റ) നിവേദനം: അദ്ദേഹം നമസ്കാരത്തിൽ ചമ്രം പടിഞ്ഞിരിക്കാറുണ്ടായിരുന്നു. തന്റെ പുത്രൻ അങ്ങനെ ചെയ്യുന്നത് ഒരിക്കൽ അദ്ദേഹം കണ്ടു. അപ്പോഴദ്ദേഹം പുത്രനോടത് വിരോധിച്ചു. അദ്ദേഹം പറഞ്ഞു: നമസ്കാരത്തിലുള്ള തിരുമേനി(സ) തക്ബീർ ചൊല്ലുമ്പോൾ രണ്ടു കൈവിരലുകൾ

ചുമലിനോടൊപ്പം ഉയർത്തുകയും അപ്രകാരം തന്നെ റുകൂഅ്ചെയ്യുമ്പോൾ തന്റെ രണ്ടു കൈപ്പടങ്ങൾ കാൽമുട്ടുകളിന്മേൽ വെക്കുകയും ചെയ്യുന്നത് ഞാൻ കാണാറുണ്ടായിരുന്നു. പിന്നീട് അവിടുന്ന് തന്റെ മുതുകു കുനിക്കും. അനന്തരം റുകൂഇൽ നിന്ന് തല ഉയർത്തിയാൽ എല്ലാ സന്ധികളും അതിന്റെ സ്ഥാനത്തു തിരിച്ചു ചെല്ലുന്നവിധം തിരുമേനി(സ) സമമായി നിവർന്നു നിൽക്കും. സുജൂദ് ചെയ്യുമ്പോൾ തിരുമേനി(സ)യുടെ രണ്ടുകൈയ്യുംഭൂമിയിൽ കൈവിരലുകൾ ചുരുട്ടിപ്പിടിക്കുകയോപരത്തിവെക്കുകയോ ചെയ്യാത്ത രീതിയിൽ വെയ്ക്കും. തിരുമേനി(സ)യുടെ രണ്ടു കാലുകളുടേയും വിരലിന്റെ അററങ്ങൾ ഖിബ്ലയുടെ ഭാഗത്തേക്കായിരിക്കും. പിന്നീട് രണ്ടു റക്ക്അത്തു നമസ്കരിച്ചിട്ട് (അത്തഹിയ്യാത്തിന്നുവേണ്ടി) ഇരുന്നാൽ ഇടത്തെ പാദത്തിന്മേൽ ഇരിക്കുകയും വലത്തെ പാദം കുത്തി നിറുത്തുകയും ചെയ്യും. അവസാനത്തെ റക്ക്അത്തിൽ അത്തഹിയാത്തിന് വേണ്ടി ഇരുന്നാൽ ഇടത്തെ പാദം വലത്തോട്ട് തള്ളിവെക്കുകയും മറേറ പാദം കുത്തി നിറുത്തുകയും ചെയ്യും. എന്നിട്ടു ചന്തി ഊന്നിക്കൊണ്ട് തിരുമേനി(സ) ഇരിക്കും. (ബുഖാരി. 1. 12. 791)

707. അബ്ദുല്ലാഹിബ്നു ബുഹൈന(റ) നിവേദനം: അദ്ദേഹം അസദ്ശനൂഅ വംശജനാണ്. അപ്രകാരം തന്നെ തിരുമേനി(സ)യുടെ അനുചരന്മാരിൽ ഒരാളും അതോടൊപ്പം തന്നെ ബനു അബ്ദുമനാഫുമായി സഖ്യ ഉടമ്പടി ചെയ്തവരിൽപ്പെട്ട ഒരാളായിരുന്നു. തിരുമേനി(സ) ജനങ്ങൾക്ക് ഇമാമായി നിന്നുകൊണ്ട് ളുഹ്റ് നമസ്കരിച്ചു. അന്നേരം അത്തഹിയ്യാത്തിനു വേണ്ടിയിരിക്കാതെ രണ്ട് റക്അത്തു നമസ്കരിച്ചുകഴിഞ്ഞ ഉടനെ എഴുന്നേററുനിന്നു. തിരുമേനി(സ) നമസ്കാരം നിർവ്വഹിച്ചു കഴിയാറാവുകയും തിരുമേനി(സ) സലാം ചൊല്ലി നമസ്കാരത്തിൽനിന്നു വിരമിക്കുന്നതു ആളുകൾ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യവേ, തിരുമേനി(സ) ഇരുത്തത്തിൽതന്നെ തക്ബീർ ചൊല്ലിക്കൊണ്ടു സലാം ചൊല്ലുന്നതിന്ന് മുമ്പ് രണ്ട് സുജൂദ് ചെയ്തു. പിന്നീട് സലാം ചൊല്ലി. (ബുഖാരി. 1. 12. 792)

708. അബ്ദുല്ല(റ) നിവേദനം: തിരുമേനി(സ)യുടെ പിന്നിൽ നിന്നുകൊണ്ട് ഞങ്ങൾ നമസ്കരിക്കുമ്പോൾ അല്ലാഹുവിന് ശാന്തി ലഭിക്കട്ടെ. ജിബ്രീലിനും മീക്കായിലിനും ശാന്തി ലഭിക്കട്ടെ. ഇന്നിന്നവർക്കും ശാന്തി ലഭിക്കട്ടെ, എന്ന് ഞങ്ങൾ പ്രാർത്ഥിക്കാറുണ്ടായിരുന്നു. ഒരിക്കൽ തിരുമേനി(സ) ഞങ്ങളുടെ നേരെ തിരിഞ്ഞുനോക്കിയിട്ട് ഞങ്ങളോട് അരുളി; അല്ലാഹുവാണ് ശാന്തി പ്രദാനം ചെയ്യുന്നവൻ, അതുകൊണ്ട് ഇപ്രകാരം പ്രാർത്ഥിക്കരുത്. നിങ്ങൾ നമസ്കരിക്കുമ്പോൾ എല്ലാ അഭിവാദ്യങ്ങളും എല്ലാ നമസ്കാരങ്ങളും എല്ലാ നല്ല കാര്യങ്ങളും അല്ലാഹുവിനുള്ളതാകുന്നു. അല്ലാഹുവിൽനിന്നുള്ള ശാന്തിയും അനുഗ്രഹവും വമ്പിച്ച നന്മകളും നബി(സ) ക്കും ലഭിക്കട്ടെ. അപ്രകാരം തന്നെ ഞങ്ങൾക്കും അല്ലാഹുവിന്റെ ഉൽകൃഷ്ട ദാസന്മാർക്കും അല്ലാഹുവിങ്കൽ നിന്നുള്ള ശാന്തി ലഭിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊള്ളുവിൻ. അങ്ങനെ നിങ്ങൾ പ്രാർത്ഥിക്കുന്നപക്ഷം ആകാശഭൂമികളിലുള്ള ഉൽകൃഷ്ടരായ അല്ലാഹുവിന്റെ എല്ലാ ദാസന്മാർക്കും വേണ്ടിയുള്ളപ്രാർത്ഥനയായിത്തീരും അത്. അല്ലാഹുവല്ലാതെ ഒരു ആരാധ്യനുമില്ലെന്നും മുഹമ്മദ്(സ) അല്ലാഹുവിന്റെ ദാസനും ദൂതനുമാണെന്നും ഞാനിതാ സാക്ഷ്യം വഹിക്കുന്നു എന്നും അവർപറഞ്ഞുകൊള്ളട്ടെ. (ബുഖാരി. 1. 12. 794)

709. ആയിശ(റ) നിവേദനം: തിരുമേനി(സ) നമസ്കാരത്തിൽ ഇപ്രകാരം പ്രാർത്ഥിക്കാറുണ്ട്. അല്ലാഹുമ്മ ഇന്നീ അഊദുബിക മിൻ അദാബിൽ ഖബരി വ അഊദുബിക മിൻ ഫിത്നതിൽ മസീഹിദ്ദജ്ജാൽ, വ അഊദിബിക മിൻ മിൻ ഫിത്നതിൽ മഹ്യാ വ ഫിത്നത്തിൽ മമാതീ. അല്ലാഹുമ്മ ഇന്നീ അഊദുബിക മിനൽ മാതമി വൽ മഗ്റമി (അല്ലാഹുവേ! ഖബറിലെ ശിക്ഷയിൽ നിന്നും വ്യാപകമായ അസത്യവാദികളുടെ (ദജ്ജാൽ) പരീക്ഷണത്തിൽനിന്നും

ജീവിതത്തിലും മരണത്തിലും അഭിമുഖീകരിക്കേണ്ടിവരുന്ന പരീക്ഷണങ്ങളിൽ നിന്നും കാത്തുരക്ഷിക്കുവാനായി ഞാനിതാ നിന്നെ അഭയം പ്രാപിച്ചുകൊള്ളുന്നു. അല്ലാഹുവേ! പാപത്തിൽനിന്നും കടബാധ്യതയിൽ നിന്നും കാത്തു രക്ഷിക്കുവാനും ഞാനിതാ നിന്നെ അഭയം പ്രാപിക്കുന്നു). അപ്പോൾ ഒരാൾ തിരുമേനി(സ) യോട് ചോദിച്ചു: കടബാധ്യതയിൽ നിന്ന് മുക്തനാവാൻ വേണ്ടി അങ്ങുന്ന് കൂടുതലായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നത് എന്തിനാണ്? അപ്പോൾ തിരുമേനി(സ) അരുളി: മനുഷ്യൻ കടബാധ്യതയിൽപ്പെട്ടാൽ അവന്ന് കൂടുതൽ സംസാരി ക്കേണ്ടിവരും. അപ്പോൾ അവൻ കള്ളംപറയും. വാഗ്ദാനം ചെയ്താലോ ലംഘിക്കുകയും ചെയ്യും. സുഹ്‌രി പറയുന്നു: ആയിശ(റ) പറഞ്ഞു: തിരുമേനി(സ) തന്റെ നമസ്കാരത്തിൽ ദജ്ജാലിന്റെ കുഴപ്പത്തിൽ നിന്ന് രക്ഷ തേടുന്നത് ഞാൻ കേട്ടിട്ടുണ്ട്. (ബുഖാരി. 1. 12. 795)

710. അബൂബക്കർ(റ) നിവേദനം; അദ്ദേഹം ഒരിക്കൽ തിരുമേനി(സ) യോട് അപേക്ഷിച്ചു. നമസ്കാരത്തിൽ പ്രാർത്ഥിക്കുവാൻ ഇവിടുന്ന് എനിക്കൊരു പ്രാർത്ഥന പഠിപ്പിച്ചുതന്നാലും. തിരുമേനി(സ) അരുളി: താങ്കൾ ഇപ്രകാരം പ്രാർത്ഥിച്ചുകൊള്ളുക. അല്ലാഹുമ്മ ഇന്നീ ളലംതു നഫ്സീ ളുൽമൻ കസീറൻ വലാ യഗ്ഫിറുദ്ദുനൂബ ഇല്ലാ അൻത ഫഗ്ഫിർലീ മഗ്ഫിറതൻ മിൻ ഇൻ‘ദിക വർഹമ്നീ ഇന്നക്ക അൻതൽ ഗഫൂറുർറഹീം (അല്ലാഹുവേ! ഞാൻ എന്റെആത്മാവിനോട് തന്നെ വളരെയേറെ അനീതി കാണിച്ചിരിക്കുന്നു. നീയല്ലാതെ പാപങ്ങൾ പൊറുക്കാൻ ആരുമില്ലല്ലോ. അതുകൊണ്ട് നിന്റെ പക്കൽ നിന്നുള്ള ഔദാര്യം മൂലം എന്റെ തെററുകൾ എനിക്ക് പൊറുത്തുതരേണമേ; എന്നോട് കരുണ കാണിക്കേണമേ. നീയാണ്, നീ മാത്രമാണ് അങ്ങേയററം പൊറുക്കുന്നവനും കാരുണികനും) (ബുഖാരി. 1. 12. 796)

711. അബൂസഈദ്(റ) നിവേദനം: തിരുമേനി(സ) വെള്ളത്തിന്മേലും കളിമണ്ണിലും സുജൂദ് ചെയ്യുന്നത് ഞാൻ കണ്ടു. അവിടുത്തെ നെററിത്തടത്തിന്മേൽ കളിമണ്ണിന്റെ അവശിഷ്ടം ഞാൻ കാണുന്നതുവരെ. (ബുഖാരി. 1. 12. 798)

712. ഉമ്മുസലമ:(റ) നിവേദനം: തിരുമേനി(സ) സലാം ചൊല്ലി നമസ്കാരത്തിൽ നിന്ന് വിരമിച്ചുകഴിഞ്ഞാൽ ഉടനെ (പിന്നിൽ നമസ്കരിച്ചിരുന്ന) സ്ത്രീകൾ എഴുന്നേററുപോകും. തിരുമേനി(സ) എഴുന്നേൽക്കുന്നതിനുമുമ്പ് അൽപം അവിടെ ഇരിക്കും. ഇബ്നുശിഹാബ്(റ) പറയുന്നു: സ്ത്രീകൾ പുരുഷന്മാർക്ക് മുമ്പായി എഴുന്നേററ് പോകുവാൻ വേണ്ടിയായിരുന്നു ആ ഇരുത്തംപോലും. ഇപ്രകാരമാണ് ഞാൻ ദർശിക്കപ്പെടുന്നത്. അല്ലാഹുവാണ് കൂടുതൽ ജ്ഞാനി. (ബുഖാരി. 1. 12. 799)

713. ഇത്ബാൻ(റ) നിവേദനം: ഞങ്ങൾ തിരുമേനി(സ) യോടൊപ്പം നമസ്കരിച്ചു. അവിടുന്നുസലാം ചൊല്ലി നമസ്കാരത്തിൽനിന്നു വിരമിച്ചപ്പോൾ ഞങ്ങളും സലാം ചൊല്ലി വിരമിച്ചു. (ബുഖാരി. 1. 12. 800)

714. മുഗീറ:(റ) നിവേദനം: അദ്ദേഹം മുആവിയ്യക്ക് എഴുതിയ ഒരു കത്തിൽ ഇപ്രകാരം പറയുന്നു. തിരുമേനി(സ) എല്ലാ ഫർള് നമസ്കാരങ്ങളുടെയും ശേഷം ഇപ്രകാരം പറയാറുണ്ടായിരുന്നു. അല്ലാഹു അല്ലാതെ ഒരു ആരാധ്യനുമില്ല. അവൻ ഏകനാണ്. അവന് പങ്കുകാരില്ല. ആധിപത്യം അവനാണ്. സ്തുതിയും അവനുതന്നെ. അവൻ എല്ലാ കാര്യങ്ങൾക്കും കഴിവുററവനാണ്. അല്ലാഹുവേ! നീ നൽകുന്നത് തടയാനാരുമില്ല. നീതടഞ്ഞത് നൽകാനും ആരുമില്ല. നിന്നെ വെടിഞ്ഞിരിക്കുന്ന ഒരു ധനികന് അവന്റെ ധനശേഷി പ്രയോജനപ്പെടുകയില്ല തന്നെ. (ബുഖാരി. 1. 12. 805)

715. സമുറ(റ) നിവേദനം: തിരുമേനി(സ) ഒരു നമസ്കാരം നിർവ്വഹിച്ച് കഴിഞ്ഞാൽ ഞങ്ങളുടെ നേരെ തിരിഞ്ഞ് ഇരിക്കാറുണ്ടായിരുന്നു. (ബുഖാരി. 1. 12. 806)

716. സൈദ്ബ്നു ഖാലിദ്(റ) നിവേദനം അദ്ദേഹം പറയുന്നു. ഹുദൈബിയായിൽ ഞങ്ങൾ താമസിക്കുമ്പോൾ രാത്രി ഒരു മഴ പെയ്തു. പ്രഭാതത്തിൽ ഞങ്ങൾക്ക് ഇമാമായി നിന്നുകൊണ്ട് തിരുമേനി(സ) സുബ്ഹി നമസ്കരിച്ചു. നമസ്കാരത്തിൽ നിന്ന് വിരമിച്ചുകഴിഞ്ഞപ്പോൾ തിരുമേനി(സ) ജനങ്ങളുടെ നേരെ തിരിഞ്ഞു നിന്നു ചോദിച്ചു. നിങ്ങളുടെ രക്ഷിതാവ് എന്തു പറഞ്ഞുവെന്ന് നിങ്ങൾക്കറിയുമോ? അനുചരന്മാർ പറഞ്ഞു: അല്ലാഹുവിനും അവന്റെ ദൂതനുംമാത്രമേ അതിനെക്കുറിച്ച് സൂക്ഷ്മജ്ഞാനമുണ്ടായിരിക്കുകയുള്ളു. തിരുമേനി(സ) അരുളി: അല്ലാഹു പറയുന്നത് ഇതാണ്: എന്റെ ദാസന്മാരിൽ ഒരു വിഭാഗം എന്നിൽ വിശ്വസിച്ചവരും എന്നെ നിഷേധിച്ചവരുമുണ്ട്. ദൈവാനുഗ്രഹംകൊണ്ട് നമുക്ക് മഴ വർഷിച്ചുകിട്ടിയെന്ന് വല്ലവനും പറയുന്നുണ്ടെങ്കിൽ അവൻ എന്നിൽ വിശ്വസിച്ചവനും, നക്ഷത്രങ്ങളെ നിഷേധിച്ചവനുമാണ്. ഇന്നിന്ന നക്ഷത്രങ്ങൾ ഉദിച്ച കാരണംകൊണ്ട് ഞങ്ങൾക്ക് മഴ പെയ്തുകിട്ടിയെന്ന് പറയുന്നവനാകട്ടെ എന്നെ നിഷേധിച്ചവനും നക്ഷത്രത്തിൽ വിശ്വസിച്ചവനുമാണ്. (ബുഖാരി. 1. 12. 807)

717. അനസ്(റ) നിവേദനം: ഒരിക്കൽ തിരുമേനി(സ) ഇശാ നമസ്കാരം രാത്രിയുടെ പകുതിഭാഗം വരെ പിന്തിപ്പിച്ചു. ശേഷം ഞങ്ങളുടെ അടുത്തുവന്നു നമസ്കാരം നിർവ്വഹിച്ചു. അനന്തരം ഞങ്ങളുടെ നേരെ തിരിഞ്ഞുകൊണ്ട് അവിടുന്നുപറഞ്ഞു. നിശ്ചയം മനുഷ്യരെല്ലാം നമസ്കരിച്ചു ഉറങ്ങിപ്പോയി. നിങ്ങൾ നമസ്കാരത്തെ പ്രതീക്ഷിക്കുന്ന സമയം വരെ നമസ്കാരത്തിൽ തന്നെയാണ്. (ബുഖാരി. 1. 12. 808)

718. ഉമ്മു സമല(റ) നിവേദനം: തിരുമേനി(സ) സലാം ചൊല്ലിയാൽ തന്റെ സ്ഥാനത്തുതന്നെ അൽപസമയം ഇരിക്കാറുണ്ട്. ഇബ്നുശിഹാബ്(റ) പറയുന്നു. സ്ത്രീകൾ എഴുന്നേററ് പോകുവാൻ വേണ്ടിയായിരുന്നു അതെന്ന് ഞങ്ങൾ ദർശിക്കുന്നു. ഉമ്മുസമല(റ) നിവേദനം: തിരുമേനി(സ) സലാം വീട്ടിയാൽ സ്ത്രീകൾ പിരിഞ്ഞുപോയി അവരുടെ വീടുകളിൽ പ്രവേശിക്കും. തിരുമേനി(സ) വിരമിക്കുന്നതിനു മുമ്പായി. (ബുഖാരി. 847)

719. ഉഖ്ബ(റ) നിവേദനം: ഞാൻ മദീനയിൽ വെച്ച് ഒരിക്കൽ തിരുമേനി(സ)യുടെ പിന്നിൽ നിന്നുകൊണ്ട് അസർ നമസ്കരിച്ചു. സലാം ചൊല്ലി വിരമിച്ച ഉടനെ തിരുമേനി(സ) ധൃതിപ്പെട്ടു എഴുന്നേററുനിന്ന് ആളുകളെ കവച്ചുവെച്ച് കൊണ്ട് തന്റെ ഒരു ഭാര്യയുടെ മുറിയിലേക്ക് പോയി. തിരുമേനി(സ)യുടെ ധൃതിയിലുള്ള ആ പോക്ക് കണ്ടു ജനങ്ങൾ ഭയന്നു. ഉടനെ തിരുമേനി(സ) ആളുകളുടെ മുമ്പിലേക്ക്തന്നെ തിരിച്ചുവന്നു. അപ്പോൾ തന്റെ ധൃതിയിൽ അൽഭുതം തോന്നിയിട്ടുണ്ടെന്ന് തിരുമേനി(സ) ഗ്രഹിച്ചു. അന്നേരം തിരുമേനി(സ) അരുളി: ഞങ്ങളുടെ അടുക്കലുള്ള അൽപം സ്വർണ്ണം നിർത്തുന്നത് ഞാനിഷ്ടപ്പെട്ടില്ല. തന്നിമിത്തം അതു ആളുകൾക്ക് പങ്കിട്ടുകൊടുക്കാൻ ഞാൻ കല്പിച്ചു. (ബുഖാരി. 1. 12. 810)

720. അബ്ദുല്ല(റ) നിവേദനം: നിങ്ങളിലാരും തന്നെ തന്റെ നമസ്കാരത്തിൽ നിന്ന് ഒരംശവും പിശാചിന്നു വിട്ടുകൊടുക്കരുത്. വലതുഭാഗത്തുകൂടെ നമസ്കാരത്തിൽ നിന്നു വിരമിച്ചശേഷം എഴുന്നേററു പോകാവൂ എന്ന് അവൻ ധരിക്കലാണത്. തിരുമേനി(സ) നമസ്കാരത്തിൽനിന്നു വിരമിച്ചശേഷം ഇടതുഭാഗത്തുകൂടി എഴുന്നേററ് പോകുന്നത് പലപ്പോഴും ഞാൻ കണ്ടിട്ടുണ്ട്. (ബുഖാരി. 1. 12. 811)

721. ഇബ്നുഉമർ(റ) നിവേദനം: ഖൈബർ യുദ്ധത്തിൽ തിരുമേനി(സ) അരുളി: വല്ലവനും വെള്ളുള്ളി തിന്നാൽ നമ്മുടെ പള്ളിയെ അവൻ സമീപിക്കരുത്. (ബുഖാരി. 1. 12. 812)

722. ജാബിർ(റ) നിവേദനം: തിരുമേനി(സ) അരുളി: ഈ ചെടി (വെള്ളുള്ളിയെയാണ് നബി(സ) ഉദ്ദേശിക്കുന്നത്) വല്ലവനും തിന്നാൽ നമ്മുടെ പള്ളികളിൽ വെച്ച് അവൻ നമ്മോടൊപ്പം ചേരരുത്. റാവി പറയുന്നു: ഇതു പറഞ്ഞപ്പോൾ തിരുമേനി(സ) എന്താണുദ്ദേശിക്കുന്നതെന്ന് ഞാൻ ജാബിർ(റ) ചോദിച്ചു. അപ്പോൾ ജാബിർ(റ) പറഞ്ഞു: പച്ച വെള്ളുള്ളിയല്ലാതെ മറെറാന്നുമല്ല തിരുമേനി(സ) ഉദ്ദേശിക്കുന്നത്.

അതിന്റെ ദുർഗന്ധത്തെ മാത്രമാണ് ഉദ്ദേശിച്ചിരിക്കുന്നതെന്നു ഇബ്നുജുറൈദ്(റ) പറയുന്നു. (ബുഖാരി. 1. 12. 813)

723. ജാബിർ(റ) നിവേദനം: തിരുമേനി(സ) അരുളി: വല്ലവനും വെള്ളുള്ളിയോ ചുവന്നുള്ളിയോ തിന്നു എന്നാൽ അവൻ നമ്മെ അല്ലെങ്കിൽ നമ്മുടെ പള്ളിയെ വിട്ടകന്നുനിൽക്കട്ടെ. അല്ലെങ്കിൽ സ്വഗൃഹത്തിൽ ഇരുന്നുകൊള്ളട്ടെ. ഒരിക്കൽ തിരുമേനി(സ)യുടെ മുമ്പിൽ വേവിച്ച ചീരയുടെ ഒരു കുടുക്ക ചിലർ കൊണ്ടുവന്നു. അപ്പോൾ തിരുമേനി(സ) അതിന്നൊരു ദുർഗന്ധം കണ്ടു. തിരുമേനി(സ) അതിനെക്കുറിച്ചു ചോദിച്ചു. അതിൽ ഇന്ന ചീരയാണുള്ളതെന്നു തിരുമേനി(സ)യെ അവരറിയിച്ചു. അപ്പോൾ തിരുമേനി(സ)യുടെ കൂടെയുണ്ടായിരുന്ന തന്റെ അനുചരന്മാരിൽ ഒരാളുടെ അടുക്കലേക്ക് അതുവെച്ചുകൊടുക്കാൻ തിരുമേനി(സ) ഉപദേശിച്ചു. ആ ആൾക്ക് അതു അനിഷ്ടകരമാണെന്നു കണ്ടപ്പോൾ തിരുമേനി(സ) അരുളി: നിങ്ങൾ ഭക്ഷിച്ചുകൊള്ളുക. എനിക്കാകട്ടെ, നിങ്ങൾ സ്വകാര്യ സംഭാഷണം ചെയ്യുന്ന ആളുകളുമായി മാത്രമല്ല അതിന്നുപുറമേ മററു ചിലരുമായും സ്വകാര്യ സംഭാഷണം നടത്തേണ്ടതുണ്ട്. തിരുമേനി(സ)യുടെ പച്ചക്കറികൾ വിളമ്പിയ ഒരു തളിക കൊണ്ടുവന്നു വെച്ചുവെന്നാണ് ഇബ്നു വഹബ് പറയുന്നത്. കുടുക്ക എന്നത് സുഹ്രി(റ)യുടെ വാക്കായിരിക്കാം. (ബുഖാരി. 1. 12. 814)

724. അബ്ദുൽ അസീസ്(റ) പറയുന്നു: വെള്ളുള്ളിയെ സംബന്ധിച്ച് തിരുമേനി(സ) യിൽ നിന്ന് താങ്കൾ ശ്രവിച്ചത് എന്താണെന്ന് ഒരാൾ അദ്ദേഹത്തോട് ചോദിച്ചു. അനസ്(റ) പറഞ്ഞു: തിരുമേനി(സ) അരുളി: വല്ലവനും ഈ ചെടി തിന്നാൽ കൂടെ അവൻ നമസ്കരിക്കേണ്ടതില്ല. (ബുഖാരി. 1. 12. 815)

725. ശഅ്ബി(റ) പറയുന്നു: തിരുമേനി(സ)യുടെ കൂടെ ഒരു ഖബറിന്റെ അരികിലൂടെ നടന്നുപോയ ഒരാൾ എന്നോട് പറഞ്ഞു: അപ്പോൾ തിരുമേനി(സ) തന്റെ കൂടെയുള്ളവർക്ക് ഇമാമായി നിന്നുകൊണ്ട് അവിടെ വെച്ച് മയ്യിത്ത് നമസ്കരിക്കുകയും മററുള്ളവർ പിന്നിൽ അണിനിരന്നുകൊണ്ട് തിരുമേനി(സ)യെ തുടർന്ന് നമസ്കരിക്കുകയും ചെയ്തു. ഇബ്നു അബ്ബാസാണ് എന്നോട് ഇതു പറഞ്ഞത്. (ബുഖാരി. 1. 12. 816)

726. അബൂസഈദുൽഖുദ്രി(റ) നിവേദനം: തിരുമേനി(സ) അരുളി: എല്ലാ പ്രായപൂർത്തിയായ മനുഷ്യർക്കും വെള്ളിയാഴ്ച കുളി നിർബന്ധമാണ്. (ബുഖാരി. 1. 12. 817)

727. ഇബ്നുഅബ്ബാസ്(റ) നിവേദനം: അദ്ദേഹത്തോട് ഒരാൾ ചോദിച്ചു. തിരുമേനി(സ) പെരുന്നാൾ മൈതാനത്തേക്ക് പുറപ്പെടുമ്പോൾ താങ്കൾ തിരുമേനി(സ) യോടൊപ്പം ഹാജരുണ്ടായിരുന്നോ? ഇബ്നുഅബ്ബാസ്(റ) പറഞ്ഞു: അതെ, എനിക്ക് തിരുമേനി(സ) യുമായി അടുത്തബന്ധമുണ്ടായിരുന്നില്ലെങ്കിൽ അന്നു ഞാൻ ഹാജരാവുകയില്ലായിരുന്നു. ചെറുപ്രായത്തെയാണ് ഇബ്നുഅബ്ബാസ്(റ) വിവക്ഷിക്കുന്നത്. ഇബ്നുഅബ്ബാസ്(റ) തുടരുന്നു. തിരുമേനി(സ) കുസൈറ്ബ്നുസ്വൽത്തിന്റെ വീട്ടിനടുത്തുള്ള ആ അടയാളത്തിന്നടുത്ത് ചെന്നു. എന്നിട്ട് പ്രസംഗിച്ചു. അനന്തരം സ്ത്രീകളുടെ അടുക്കൽ ചെന്നു. പിന്നീട് അവർക്ക് പ്രത്യേകം ഉപദേശം നൽകി. അവരെ പലതും ഉണർത്തി. ദാനധർമ്മങ്ങൾ ചെയ്യാൻ അവരെ ഉപദേശിച്ചു. അപ്പോൾ സ്ത്രീകൾ അവരുടെ മോതിരങ്ങളുടെ നേരെ കൈനീട്ടാൻ തുടങ്ങി. ആ മോതിരങ്ങൾ ബിലാലി(റ)ന്റെ വസ്ത്രത്തിൽ അവർ ഇട്ടുകൊടുത്തുകൊണ്ടിരുന്നു. പിന്നീട് തിരുമേനി(സ)യും ബിലാലും(റ) വീട്ടിലേക്ക് മടങ്ങി. (ബുഖാരി. 1. 12. 822)

728. ഉമ്മു സലമ(റ) നിവേദനം: നിശ്ചയം സ്ത്രീകൾ തിരുമേനി(സ)യുടെ കാലത്ത് നിർബന്ധ നമസ്കാരങ്ങളിൽ നിന്ന് സലാം വീട്ടിയാൽ എഴുന്നേററ് പുറപ്പെടും. നബി(സ)യും കൂടെ നമസ്കരിച്ചിരുന്ന പുരുഷന്മാരും അവിടെ ഇരിക്കും. അല്ലാഹു

ഉദ്ദേശിച്ചതുവരെ, തിരുമേനി(സ) എഴുന്നേററാൽ അവരും എഴുന്നേൽക്കും. (ബുഖാരി. 1. 12. 825)

729. ആയിശ(റ) നിവേദനം: അവർ പറയുന്നു: സ്ത്രീകൾ ഉണ്ടാക്കുന്ന പുതിയ അനാചാരങ്ങളെക്കുറിച്ച് നബി(സ) ഗ്രഹിച്ചിരുന്നുവെങ്കിൽ ബനു ഇസ്രായീൽ സ്ത്രീകളെ പള്ളിയിൽ നിന്ന് തടഞ്ഞത് പോലെ സ്ത്രീകളെ തടയുമായിരുന്നു. (ബുഖാരി. 1. 12. 828)

730. ഇബ്നുഉമർ(റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ(സ) കാലത്ത്, അസാൻ (ഓരോ വാക്യവും) രണ്ടുപ്രാവശ്യം ആവർത്തിക്കപ്പെടുകയും ഇഖാമയിൽ നമസ്കാരം സന്നദ്ധമായിരിക്കുന്നു: നമസ്കാരം സന്നദ്ധമായിരിക്കുന്നു, എന്ന് അദ്ദേഹം (രണ്ട് പ്രാവശ്യം) പറഞ്ഞിരുന്നതൊഴിച്ച്, (ഓരോ വാക്യവും ) ഒരുപ്രാവശ്യം മാത്രം ഉച്ചരിക്കപ്പെടുകയും പതിവായിരുന്നു. (അബൂദാവൂദ്)

731. സഅദ്(റ) നിവേദനം ചെയ്യുന്നു. (ബാങ്കു വിളിക്കുമ്പോൾ) രണ്ട് ചൂണ്ടാണി വിരലുകളും ചെവിയിൽ ഇടുവാൻ അല്ലാഹുവിന്റെ ദൂതൻ(സ) ബിലാലിനോടാജ്ഞാപിച്ചു; അവിടുന്നു പറഞ്ഞു: ഇത് ശബ്ദം ഉയർത്തുന്നതിന് സഹായകമായിരിക്കും. (ഇബ്നുമാജ)

732. അബൂഹുറയ്റാ(റ) പറഞ്ഞു, അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: ഇമാം ഒരു ജാമ്യക്കാരനും മുഅദ്ദിൻ വിശ്വാസം അർപ്പിക്കപ്പെട്ടയാളും ആകുന്നു. അല്ലാഹുവേ പ്രാർത്ഥന നയിക്കുന്നവരെ നേർമാർഗ്ഗത്തിൽ നയിക്കുകയും അസാൻ ഉദ്ഘോഷിക്കുന്നവർക്ക് പാപമോചനം നല്കയുംചെയ്യേണമേ. (അബൂദാവൂദ്)

733. ഉസ്മാൻ ഇബ്നു അബിൽ ആസി(റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, ഒരു ജനതയുടെ ഇമാം ആയിട്ടു എന്നെ ആക്കിയാലും. അവിടുന്നു പറഞ്ഞു: താങ്കൾ അവരുടെ ഇമാം ആണ്. അവരിലേററവും ക്ഷീണിച്ചവരെ തുടരുകയും ബാങ്കു വിളിക്കുന്നതിന് പ്രതിഫലം സ്വീകരിക്കാത്ത ഒരു മുഅദ്ദിനെ നിയമിക്കുകയും ചെയ്യുക. (അബൂദാവൂദ്)

734. സിയാദ്(റ) പറഞ്ഞു. അദ്ദേഹം അസാൻ ഉദ്ഘോഷിക്കുകയും ബിലാൽ ഇഖാമ കൊടുക്കുവാൻ ആഗ്രഹിക്കുകയും ചെയ്തു: പ്രവാചകൻ(സ) പറഞ്ഞു. അല്ലയോ സുദാ സഹോദരാ അസാൻ വിളിക്കുന്നയാൾ തന്നെ ഇഖാമയും വിളിക്കട്ടെ. (അഹ്മദ്)

735. മുആവിയ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു. അന്ത്യദിനത്തിൽ ജനങ്ങളിൽവെച്ച് പിരടി നീളമുള്ളവരാണ് ബാങ്കുകൊടുക്കുന്നവർ. (മുസ്ലിം)

736. അബ്ദുല്ല(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് അദ്ദേഹം കേട്ടു: ബാങ്ക് കേൾക്കുമ്പോൾ അവൻ പറയുന്നതുപോലെ നിങ്ങളും പറയണം. എന്നിട്ട് എന്റെ പേരിൽ നിങ്ങൾ സ്വലാത്ത് ചൊല്ലുകയും വേണം. എന്റെ പേരിൽ വല്ലവനും ഒരു പ്രാവശ്യം സ്വലാത്ത് ചൊല്ലിയാൽ പകരം അല്ലാഹു അവനെ പത്തുപ്രാവശ്യം അനുഗ്രഹിക്കും. അതിനുശേഷം എനിക്ക് അല്ലാഹുവിനോട് നിങ്ങൾ വസീലത്ത് ആവശ്യപ്പെടണം. സ്വർഗ്ഗത്തിലുള്ള ഒരുന്നത പദവിയാണത്. അല്ലാഹുവിന്റെ ദാസന്മാരിലൊരാൾക്കല്ലാതെ അതനുയോജ്യമല്ല. ആ ആൾ ഞാനായിരിക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. അല്ലാഹുവിങ്കൽ നിന്ന് എനിക്ക് ആരെങ്കിലും വസീലത്ത് ആവശ്യപ്പെട്ടാൽ എന്റെ ശുപാർശ അവന് സ്ഥിരപ്പെട്ടു. (മുസ്ലിം)

737. സഅ്ദുബ്നു അബീവഖാസി(റ)ൽ നിന്ന് നിവേദനം: നബി(സ) പ്രസ്താവിച്ചു: മുഅദ്ദിൻ പറയുന്നത് കേട്ടാൽ അല്ലാഹുവല്ലാതെ മററാരാധ്യനില്ലെന്ന് ഞാൻ

സാക്ഷ്യംവഹിക്കുന്നു: അവൻ ഏകനാണ്. അവന്നൊരു പങ്കുകാരനുമില്ല. മുഹമ്മദ് നബി(സ) അവന്റെ ദാസനും പ്രവാചകനുമാണ്; അല്ലാഹു നാഥനും മുഹമ്മദ്(സ) പ്രവാചകനും ഇസ്ലാംദീനുമായിട്ട് ഞാൻ തൃപ്തിപ്പെട്ടു എന്ന് വല്ലവനും പറഞ്ഞാൽ തന്റെ (ചെറു) പാപം അവന് പൊറുക്കപ്പെടും. (മുസ്ലിം)

738. അനസി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: ബാങ്കിനും ഇഖാമത്തിന്നുമിടയിൽ ദുആ റദ്ദ് ചെയ്യപ്പെടുകയില്ല. (അബൂദാവൂദ്, തിർമിദി) (ഉത്തരം ലഭിക്കും)

## 15. നബി(സ)യുടെ പേരിൽ സ്വലാത്ത് ചൊല്ലൽ

739. അബ്ദുല്ല(റ)യിൽ നിന്ന് നിവേദനം: നബി(സ) പറയുന്നത് അദ്ദേഹം കേട്ടിട്ടുണ്ട്. എന്റെ പേരിൽ വല്ലവനും സ്വലാത്ത് ചൊല്ലിയാൽ അല്ലാഹു അവനെ പത്ത് പ്രാവശ്യം അനുഗ്രഹിക്കും. (മുസ്ലിം)

740. ഇബ്നുമസ്ഊദി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പ്രഖ്യാപിച്ചു: അന്ത്യദിനത്തിൽ ജനങ്ങളിൽ നിന്ന് എന്നോട് ഏററവും അടുത്തവൻ എന്റെ പേരിൽ ഏററവും കൂടുതൽ സ്വലാത്ത് ചൊല്ലിയവനാണ്. (തിർമിദി)

741. ഔസി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: ദിവസങ്ങളിലുത്തമം വെള്ളിയാഴ്ച ദിവസമാണ്. അതുകൊണ്ട് നിങ്ങളാ ദിവസത്തിൽ എന്റേ പേരിൽ ധാരാളം സ്വലാത്ത് ചൊല്ലുക. (അത് ഏററവും വലിയ സൽക്കർമ്മമാണ്). നിശ്ചയം നിങ്ങളുടെ സ്വലാത്ത് എന്റെ മുമ്പിൽ വെളിവാക്കപ്പെടും. (സ്വന്തമായോ മലക്കുകൾ വഴിയോ ഞാനത് കേൾക്കും) സഹാബാക്കൾ ചോദിച്ചു: പ്രവാചകരേ! അങ്ങ് മണ്ണായിപ്പോയിരിക്കെ ഞങ്ങളുടെ സ്വലാത്ത് അങ്ങക്ക് എങ്ങനെ വെളിവാക്കപ്പെടും. റാവി പറഞ്ഞു. അവരതിന് ബലൈത് എന്നാണ് വ്യാഖ്യാനിച്ചിട്ടുള്ളത്. അവിടുന്ന് മറുപടി പറഞ്ഞു. നിശ്ചയം അല്ലാഹു നബിമാരുടെ ശരീരങ്ങൾ ഭൂമിക്ക് നിഷിദ്ധമായിരിക്കുന്നു. (ഭൂമി അവയെ നശിപ്പിക്കുകയോ ദഹിപ്പിക്കുകയോ ചെയ്യുകയില്ല. അവരെന്നും തങ്ങളുടെ ഖബറുകളിൽ ജീവിച്ചിരിക്കുന്നവരാണ്) (അബൂദാവൂദ്)

742. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: എന്നെപ്പററി പറയപ്പെടുകയും അനന്തരം എന്റെ പേരിൽ സ്വലാത്ത് ചൊല്ലാതിരിക്കുകയും ചെയ്തവന്റെ മൂക്ക് മണ്ണോട് ചേരട്ടെ! (നിന്ദ്യനും നിസ്സാരനുമാകട്ടെ) (തിർമിദി)

743. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: എന്റെ ഖബർ നിങ്ങൾ ആഘോഷ സ്ഥലമാക്കരുത്. മറിച്ച്, നിങ്ങളെനിക്ക് സ്വലാത്ത് ചൊല്ലണം. നിങ്ങൾ എവിടെയായിരുന്നാലും നിങ്ങളുടെസ്വലാത്ത് എനിക്കെത്തും. (അബൂദാവൂദ്)

744. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) അരുൾ ചെയ്തു: എന്റെ പേരിൽ ആരും സലാം ചൊല്ലുകയില്ല–എന്റെ റൂഹ് എനിക്ക് അല്ലാഹു മടക്കിത്തരികയും ഞാൻ സലാം മടക്കുകയും ചെയ്തിട്ടല്ലാതെ. (അബൂദാവൂദ്)

745. അലി(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) അരുൾ ചെയ്തു: എന്നെപ്പററി പറയപ്പെടുകയും എന്റെ പേരിൽ സ്വലാത്ത് ചൊല്ലാതിരിക്കുകയും ചെയ്തവനാണ് സത്യത്തിൽ ലുബ്ധൻ. (തനിക്ക് നിർബന്ധമായ സ്വലാത്ത് ചൊല്ലിക്കൊണ്ട് ബാദ്ധ്യത നിറവേററാത്തതുമൂലം തനിക്ക് ലഭിക്കേണ്ട മഹത്തായ നേട്ടങ്ങൾ പലതും അവന് കിട്ടാതെ വരും) (തിർമിദി)

746. ഫളാലത്തി(റ)ൽ നിന്ന് നിവേദനം: അല്ലാഹുവിനെ സ്തുതിക്കുകയോ നബി(സ)യുടെ പേരിൽ സ്വലാത്ത് ചൊല്ലുകയോ ചെയ്യാതെ നമസ്കാരത്തിൽ പ്രാർത്ഥിക്കുന്ന ഒരാളെ നബി(സ) കേട്ടു. അന്നേരം റസൂൽ(സ) പറഞ്ഞു: ഇവൻ (പ്രാർത്ഥനക്ക് മുമ്പ് ഹംദും സ്വലാത്തും കൊണ്ടുവരാതെ) ബദ്ധപ്പാട് കാണിച്ചു. പിന്നീട് അവിടുന്ന്

അയാളെ വിളിച്ചിട്ട് അവനോടും മററുള്ളവരോടും പറഞ്ഞു: നിങ്ങളിലാരെങ്കിലും പ്രാർത്ഥിക്കുകയാണെങ്കിൽ തന്റെ റബ്ബിനെ ആദ്യമായിസതുതിക്കുകയും നബി(സ)യുടെ പേരിൽ സ്വലാത്ത് ചൊല്ലുകയും ചെയ്തുകൊള്ളട്ടെ. എന്നിട്ടായിരിക്കണം അവൻ പ്രാർത്ഥിക്കേണ്ടത്. (അബൂദാവൂദ്, തിർമിദി)

747. അബൂമസ്ഊദി(റ)ൽ നിന്ന് നിവേദനം: ഒരിക്കൽ ഞങ്ങൾ സഅ്ദുബിൻ ഉബാദ(റ)യുടെ സദസ്സിലിരിക്കെ റസൂൽ(സ) ഞങ്ങളുടെ അടുത്ത് വന്നു. തദവസരം ബഷീർ പറഞ്ഞു: പ്രവാചകരേ! അങ്ങയ്ക്ക് സ്വലാത്ത് ചൊല്ലാൻ അല്ലാഹു ഞങ്ങളോട് ആജ്ഞാപിച്ചിരിക്കുന്നു. ഞങ്ങൾ എങ്ങനെ സ്വലാത്ത് ചൊല്ലണം. റസൂൽ(സ) മൗനം ദീക്ഷിച്ചു. അദ്ദേഹം അത് ചോദിച്ചില്ലായിരുന്നുവെങ്കിൽ! എന്ന് ഞങ്ങൾ ആഗ്രഹിച്ചുപോയി. പിന്നീട് അവിടുന്ന് പറഞ്ഞു: നിങ്ങൾ ഇപ്രകാരം പറയൂ: അല്ലാഹുവേ! ഇബ്രാഹീം (അ) മിനെ നീ അനുഗ്രഹിച്ചതുപോലെ മുഹമ്മദി(സ)നെയും കുടുംബത്തെയും നീ അനുഗ്രഹിക്കുകയും ഇബ്രാഹീം (അ) കുടുംബത്തിന് നീ അഭിവൃദ്ധി നൽകിയതുപോലെ മുഹമ്മദി(സ)നും കുടുംബത്തിനും നീ അഭിവൃദ്ധി നല്കുകയും ചെയ്യേണമെ. നിശ്ചയം നീ സ്തുത്യർഹനും ഉന്നതനുമാണ്. സലാമ് നിങ്ങൾക്ക് അറിയാം. (മുസ്ലിം)

## 16. ദിക്റിന്റെ മാഹാത്മ്യം

748. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: അല്ലാഹുവിനെ ഞാൻ പ്രകീർത്തിക്കുന്നു. സർവ്വസ്തുതിയും അല്ലാഹുവിനാണ്. അല്ലാഹു അല്ലാതെ മററാരാധ്യനില്ല. അല്ലാഹു ഏററവും വലിയവനാണ് എന്ന് സ്വയം പറയലാണ് സൂര്യരശ്മി ഏൽക്കുന്ന (ഇഹലോകത്തുള്ള) വയേക്കാൾ എനിക്കേററവും ഇഷ്ടപ്പെട്ടത്. (മുസ്ലിം)

749. അബൂദർറി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) എന്നോട് ചോദിച്ചു. അല്ലാഹുവിന് ഏററവും ഇഷ്ടമുള്ള വചനം ഞാൻ നിന്നോട് പറയട്ടെ. നിശ്ചയം അല്ലാഹുവിന്ന് ഏററവും ഇഷ്ടപ്പെട്ടത് സുബ്ഹാനല്ലാഹി വബിഹംദിഹി എന്നതാകുന്നു. (അല്ലാഹു പരിശുദ്ധനാകുന്നു. അവനെഞാൻ സ്തുതിക്കുന്നു) (മുസ്ലിം)

750. സഅ്ദി(റ)ൽ നിന്ന് നിവേദനം: ഒരിക്കൽ ഒരു ഗ്രാമീണനായ അറബി നബി(സ)യുടെ അടുക്കൽ വന്ന് പറഞ്ഞു: ചില വചനങ്ങൾ എനിക്ക് പഠിപ്പിച്ചുതന്നാലും! അവിടുന്ന് പറഞ്ഞു: അല്ലാഹുവല്ലാതെ മററാരാധ്യനില്ല. അവൻ ഏകനാണ്. അവനൊരു കൂട്ടുകാരുമില്ല. അല്ലാഹു ഏററവും വലിയവനാണ്. അല്ലാഹുവിനെ ഞാൻ അതിരററ് സ്തുതിക്കുന്നു. സർവ്വലോകപരിപാലകനായ അല്ലാഹു പരിശുദ്ധനാണ്. പാപത്തിൽ നിന്നുള്ള പിന്മാററവും ആരാധനക്കുള്ള ശേഷിയും തന്ത്രജ്ഞനും പ്രതാപശാലിയുമായ അല്ലാഹുവിങ്കൽ നിന്ന് മാത്രമാണ്. ഇവ എന്റെ നാഥനുള്ളതാണല്ലോ എനിക്കുള്ളതേതാണ്? അദ്ദേഹം ചോദിച്ചു. നബി(സ) പറഞ്ഞു: നീ പറയൂ, അല്ലാഹുവേ! നീ എനിക്ക് പൊറുത്തുതരികയും എന്നെ നീ അനുഗ്രഹിക്കുകയും എനിക്കു നേരായ മാർഗ്ഗം കാണിച്ചുതരികയും എനിക്ക് ആഹാരം തരികയും ചെയ്യേണമെ! (മുസ്ലിം)

751. സൗബാനി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) നമസ്കാരത്തിൽ നിന്ന് വിരമിച്ചാൽ മൂന്ന് പ്രാവശ്യം ഇസ്തിഗ്ഫാർ ചെയ്തുകൊണ്ട് പറയുമായിരുന്നു: അല്ലാഹുവേ! നീ സംരക്ഷകനാണ്. നിർഭയത്വം നിന്റെ പക്കലാണ്. പ്രഭാവത്തിന്റെയും മഹനുഭാവത്തിന്റെയും ഉടമയായ നീ വിശുദ്ധനായിരിക്കുന്നു. ഹദീസ് ഉദ്ധാരകരിൽ ഒരാളായ ഔസാഇ ചോദിക്കപ്പെട്ടു: ഇസ്തിഗ്ഫാർ എങ്ങിനെയാണ്? അദ്ദേഹം പറഞ്ഞു: അസ്തഗ്ഫിറുല്ലാ, അസ്തഗ്ഫിറുല്ലാ എന്നു നീ പറയുക. (മുസ്ലിം)

752. അബ്ദുല്ല(റ) വിൽ നിന്ന് നിവേദനം: എല്ലാ നമസ്കാരത്തിന്റെ ശേഷവും സലാം വീട്ടിക്കഴിയുമ്പോൾ അദ്ദേഹം പറയാറുണ്ട്. അല്ലാഹുവല്ലാതെ ആരാധ്യനില്ല; അവൻ ഏകനാണ്; അവനൊരു കൂട്ടുകാരുമില്ല; രാജാധികാരം അവന്നാണ്; സ്തുതികളും

അവനത്രേ; എല്ലാററിനും കഴിവുള്ളവനും അവനാണ്; പാപത്തിൽനിന്നും പിന്മാറുന്നതും ഇബാദത്തിനുള്ള ശേഷിയും അല്ലാഹുവിനെക്കൊണ്ട് മാത്രമാണ്; അല്ലാഹു അല്ലാതെ മററാരാധ്യനില്ല; അവനല്ലാത്ത മററു യാതൊന്നിനെയും നമ്മൾ ആരാധിക്കുന്നില്ല; എല്ലാ അനുഗ്രഹവും ഔദാര്യവും അവന്റേതാണ്; അഴകാർന്ന അഭിനന്ദനം അവനത്രെ! അല്ലാഹു അല്ലാതെ മററാരാധ്യനില്ല. നമ്മൾ അവനിൽ നിഷ്കളങ്കമായി വിശ്വസിക്കുന്നു സത്യനിഷേധികൾ വെറുത്താലും ശരി. അബ്ദുല്ല പറഞ്ഞു. എല്ലാ നമസ്കാരങ്ങളുടെയും ശേഷം റസൂൽ(സ) ഇപ്രകാരം തഹ്ലീല് ചെയ്തിരുന്നു. (മുസ്ലിം)

753. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: വല്ലവനും തന്റെ നമസ്കാരശേഷം 33 വീതം തസ്ബീഹും ഹംദും തക്ബീറും ചൊല്ലുകയും 100 പൂർത്തീകരിക്കാൻ ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക്ക ലഹു ലഹുൽമുൽക്കു വലഹുൽ ഹംദു വഹുവഅലാ കുല്ലി ശൈഇൻ ഖദീർ എന്ന് പറയുകയും ചെയ്യുന്ന പക്ഷം സമുദ്രത്തിലെ നുരകളുടെയത്ര പാപങ്ങളുണ്ടെങ്കിലും അവനത് പൊറുക്കപ്പെടും. (മുസ്ലിം)

754. കഅ്ബി(റ)ൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു: ചില വചനങ്ങളുണ്ട്. അവ ഫർളു് നമസ്കാരങ്ങൾക്ക് ശേഷം പതിവായി കൊണ്ടുവരുന്നവന് ഒരിക്കലും പരാജയം നേരിടുകയില്ല. 33 വീതം തസ്ബീഹും ഹംദും 34 തക്ബീറുമാണവ. (മുസ്ലിം)

755. മുആദി(റ)ൽ നിന്ന് നിവേദനം: ഒരിക്കൽ നബി(സ) എന്റെ കൈപിടിച്ച് പറഞ്ഞു: മുആദേ! അല്ലാഹുവാണെ ഞാൻ നിന്നെ സ്നേഹിക്കുന്നു. മുആദേ, ഞാൻ നിന്നെ ഉപദേശിക്കുന്നു; എല്ലാ നമസ്കാരങ്ങൾക്കുശേഷവും വിട്ടുകളയാതെ നീ പറയണം. അല്ലാഹുവേ നിന്നെ സ്മരിക്കുന്നതിനും നിനക്ക് നന്മ ചെയ്യുന്നതിനും നല്ലവണ്ണം ഇബാദത്ത് ചെയ്യുന്നതിനും എന്നെ നീ സഹായിക്കണം. (അബൂദാവൂദ്)

756. അബൂഹുറയ്റ(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: നിങ്ങൾ ഓരോരുത്തരും അത്തഹിയ്യാത്തോതുമ്പോൾ നാല് കാര്യങ്ങളിൽ നിന്ന് അല്ലാഹുവിനോട് കാവലിനെ തേടിക്കൊള്ളണം. അല്ലാഹുവേ! നരകശിക്ഷയിൽ നിന്നും ഖബർ ശിക്ഷയിൽ നിന്നും ജീവിതത്തിലും മരണത്തിലുമുള്ള പരീക്ഷണങ്ങളിൽനിന്നും ലോകസഞ്ചാരിയായ ദജ്ജാലിന്റെ ശർറിൽനിന്നും ഞാൻ നിന്നിലഭയം തേടുന്നു. (മുസ്ലിം)

757. അലി(റ) വിൽ നിന്ന് നിവേദനം: നമസ്കരിക്കുമ്പോൾ അത്തഹിയ്യാത്തിന്റെയും സലാമിന്റെയും ഇടക്ക് അവസാനമായി നബി(സ) ഇപ്രകാരം പറഞ്ഞിരുന്നു: അല്ലാഹുവേ! ഞാൻ മുമ്പ് ചെയ്തതും ഇനി ചെയ്യാനിരിക്കുന്ന കുററവും രഹസ്യവും പരസ്യവുമായി ചെയ്ത കുററവും അമിതമായി ചെയ്ത കുററവും എന്നെക്കാൾ കൂടുതൽ നിനക്ക് അറിയാവുന്ന കുററവും എനിക്കു നീ പൊറുത്തു തരേണമേ. അർഹരെ നീയാണ് മുന്തിക്കുന്നവൻ; അനർഹരെ പിന്തിക്കുന്നതും നീയാണ്; നീയല്ലാതെ മററാരാധ്യനില്ല. (മുസ്ലിം)

758. ആയിശ(റ)യിൽ നിന്ന് നിവേദനം: റുകൂഇലും സുജൂദിലും നബി(സ) പറയാറുണ്ട്. ജിബ്രീലി (അ) ന്റെയും മററു മലക്കുകളുടെയും റബ്ബ് പരിശുദ്ധനാകുന്നു. (മുസ്ലിം)

759. ഇബ്നു അബ്ബാസി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: റുകൂഇൽ നിങ്ങൾ അല്ലാഹുവിനെ പ്രകീർത്തിക്കുകയും സുജൂദിൽ നിങ്ങൾ കഴിയുന്നത്ര പ്രാർത്ഥിക്കുകയും വേണം. തദ്വാരാ നിങ്ങൾക്കുത്തരം കിട്ടാൻ അർഹതയുണ്ട്. (മുസ്ലിം)

760. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: ദാസൻ തന്റെ റബ്ബുമായി ഏററവും കൂടുതൽ അടുക്കുന്ന സമയം അവൻ സാജിദാകുമ്പോഴാണ്. തദവസരം നിങ്ങൾ ധാരാളമായി പ്രാർത്ഥിക്കുക. (മുസ്ലിം)

761. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) സുജൂദിൽ പറയുമായിരുന്നു. അല്ലാഹുവേ! എന്റെ രഹസ്യമായതും പരസ്യമായതും ആദ്യത്തേതും അവസാനത്തേതും ചെറുതും വലുതുമായ എല്ലാപാപങ്ങളും നീ പൊറുത്തു തരേണമെ! (മുസ്‌ലിം)

762. സഅ്ദി(റ)ൽ നിന്ന് നിവേദനം: ഞങ്ങളൊരിക്കൽ റസൂൽ(സ)യുടെ സന്നിധിയിലിരുന്നപ്പോൾ അവിടുന്ന് ചോദിച്ചു. നിങ്ങളോരോരുത്തരും ദിവസം പ്രതി ആയിരം നന്മ ചെയ്യാൻ പ്രാപ്തിയില്ലാത്തവരാകുമോ? ഒരാൾ ചോദിച്ചു. ആയിരം നന്മ എങ്ങിനെ ചെയ്തുതീർക്കും. അവിടുന്ന് പറഞ്ഞു: നൂറ് പ്രാവശ്യം അവൻ തസ്ബീഹ് ചെയ്തുകൊള്ളട്ടെ. എങ്കിൽ ആയിരം നന്മകൾ അവന് എഴുതപ്പെടുകയോ ആയിരം പാപങ്ങൾ അവനിൽ നിന്ന് നീക്കം ചെയ്യപ്പെടുകയോ ചെയ്യും. (മുസ്‌ലിം)

763. ഉമ്മുൽ മുഅ്മിനീൻ ജൂവൈരിയ്യ(റ)യിൽ നിന്ന് നിവേദനം: ഒരു പ്രഭാതത്തിൽ സുബ്ഹി നമസ്കാരാനന്തരം അവരുടെ അടുത്തുനിന്ന് നബി(സ) പുറപ്പെട്ടു. ളുഹാ സമയത്തിന് ശേഷം നബി(സ) തിരിച്ചുവന്നപ്പോഴും ജൂവൈരിയ്യ(റ) അവിടെ (നമസ്കരിച്ച സ്ഥലത്ത്) തന്നെ ഇരിക്കുകയായിരുന്നു. അവിടുന്ന് പറഞ്ഞു: ഞാൻ വിട്ടുപിരിയുമ്പോഴുള്ള അവസ്ഥയിൽ തന്നെയാണല്ലോ നീ. അതെ! എന്നവർ പറഞ്ഞപ്പോൾ റസൂൽ(സ) പറയുകയുണ്ടായി. നിനക്കുശേഷം ഞാൻ മൂന്ന്പ്രാവശ്യം നാലു വാക്കുകൾ പറഞ്ഞു: അതും ഇന്നേ ദിവസം നീ പറഞ്ഞതും തൂക്കിനോക്കുന്നപക്ഷം അത് മുൻതൂക്കമായിത്തീരും. അല്ലാഹുവിനെ കീർത്തിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. അവന്റെ സൃഷ്ടികളുടെ എണ്ണത്തോളവും അവന്റെ തൃപ്തിയുള്ളവയുടെ എണ്ണത്തോളവും, അവന്റെ അർശിന്റെ തൂക്കത്തോളവും അവന്റെ വചനങ്ങളെഴുതുന്ന മഷിയുടെയത്രയും എന്നത്രെ ആ വാക്കുകൾ. (മുസ്‌ലിം)

764. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) അരുൾ ചെയ്തു: മുഫർരിദൂൻ മുൻകടന്നുകഴിഞ്ഞു. പ്രവാചകരേ! മുഫർരിദൂൻ ആരാണ് എന്നു സഹാബാക്കൾ ആരാഞ്ഞപ്പോൾ അവിടുന്ന് പറഞ്ഞു: അല്ലാഹുവിനെ ധാരാളം സ്മരിക്കുന്ന പുരുഷന്മാരും സ്ത്രീകളുമാണവർ. (മുസ്‌ലിം)

765. ജാബിറി(റ)ൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു: സുബ്ഹാനല്ലാഹി വബിഹംദിഹി എന്ന് വല്ലവനും പറഞ്ഞാൽ സ്വർഗ്ഗത്തിൽ ഒരു ഈത്തപ്പന അവന്ന് വേണ്ടി നട്ടുപിടിപ്പിക്കപ്പെടും. (തിർമിദി)

766. ജാബിറി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു. ലാഇലാഹ ഇല്ലല്ലാ എന്നതാണ് ദിക്റിൽവെച്ച് ഏററവും ഉത്തമം. (തിർമിദി)

767. അബ്ദുല്ല(റ)യിൽ നിന്ന് നിവേദനം: ഒരാൾ പറഞ്ഞു: പ്രവാചകരേ! ഇസ്ലാമിക നടപടികൾ എന്നെ അതിജീവിച്ചിരിക്കുന്നു. (അത് ധാരാളമായതുകൊണ്ട് അതെടുത്തുപോരാൻ ഞാൻ അശക്തനായിരിക്കുന്നു) അതുകൊണ്ട് (നിഷ്പ്രയാസം) എടുത്തുപോരാൻ കഴിയുന്നത് അവിടുന്നെനിക്ക് പറഞ്ഞുതരണം. അവിടുന്ന് പറഞ്ഞു: അല്ലാഹുവിന്റെ ദിക്റ് കൊണ്ട് നിന്റെ നാവ് പച്ചയായിക്കൊള്ളട്ടെ. (തിർമിദി)

768. ഇബ്നു മസ്ഊദി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) അരുളി: ഇസ്റാഅ് രാത്രിയിൽ (ബൈത്തുൽ മഅ്മൂറിന്റെ അടുത്തുവെച്ച്) ഇബ്രാഹിം നബി (അ) യെ ഞാൻ കണ്ടുമുട്ടിയപ്പോൾ അവിടുന്ന് പറഞ്ഞു: മുഹമ്മദേ, നിന്റെ അനുയായികളോട് എന്റെ സലാം പറയുക. സ്വർഗ്ഗം സുഗന്ധമുള്ളതും ശുദ്ധവെള്ളമുള്ളതും വിശാലതയുള്ളതുമായ സ്ഥലം ആകുന്നു. അതിലെ കൃഷി സുബ്ഹാനല്ലാ വൽഹംദുലില്ലാ വലാ ഇലാഹ ഇല്ലല്ലാ വല്ലാഹു അക്ബർ എന്നുമാകുന്നു. (തിർമിദി)

769. അബുദ്ദർദാഅ്(റ) വിൽ നിന്ന് നിവേദനം: റസൂൽ(സ) ചോദിച്ചു: രാജാധിരാജനായ അല്ലാഹുവിങ്കൽ പരിശുദ്ധവും ഉത്തമവും നിങ്ങളുടെ പദവികളുയർത്തുന്നതും സ്വർണ്ണവും വെള്ളിയും ധർമ്മം ചെയ്യുന്നതിനേക്കാൾ ഉത്തമവും രണാങ്കണത്തിൽവെച്ച് ശത്രുക്കളുമായി പോരാടി ശത്രുക്കളുടെ പിരടി വെട്ടി വീഴ്ത്തുന്നതിനേക്കാളും ഉത്തമവുമായ അമലുകൾ ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ? സഹാബാക്കൾ പറഞ്ഞു: അതെ അവിടുന്ന് പറഞ്ഞു: അത് അല്ലാഹുവിന് ദിക്ർ ചൊല്ലലാകുന്നു. (തിർമിദി)

770. സഅ്ദി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) ഒന്നിച്ച് അദ്ദേഹം ഒരു സ്ത്രീയുടെ അടുത്ത് കടന്നുചെന്നു. തദവസരം അവളുടെ മുമ്പിൽ ഈന്തപ്പഴത്തിന്റെ കുരുവോ കല്ലിൻ കഷ്ണമോ ഉണ്ടായിരുന്നു. അവളതുകൊണ്ട് എണ്ണംപിടിച്ച് തസ്ബീഹ് ചൊല്ലുകയായിരുന്നു. നബി(സ) അവരോട് ചോദിച്ചു: നിനക്ക് ഇതിനേക്കാൾ എളുപ്പവും ശ്രേഷ്ഠവുമായത് ഞാൻ പറഞ്ഞുതരട്ടെയോ? ആകാശത്തിൽ അല്ലാഹു സൃഷ്ടിച്ചതിന്റെ എണ്ണം കണ്ടും ഭൂമിയിൽ അല്ലാഹു സൃഷ്ടിച്ചതിന്റെ എണ്ണം കണ്ടും അവകൾക്കിടയിലുള്ളതിന്റെ എണ്ണം കണ്ടും അവൻ സൃഷ്ടിക്കാൻ പോകുന്നതിന്റെ എണ്ണം കണ്ടും അല്ലാഹുവിനെ ഞാൻ കീർത്തനം ചെയ്യുന്നു. അപ്രകാരം തന്നെ അല്ലാഹു വലിയവനാണെന്ന് ഞാൻ ഏററുപറയുന്നു. അത്രയെണ്ണം കണ്ട് ഞാൻ അല്ലാഹുവിനെ സ്തുതിക്കുന്നു. അല്ലാഹുവല്ലാതെ മററാരാധ്യനില്ലെന്ന് ഞാൻ ഏററുപറയുന്നു. അത്രയെണ്ണംകണ്ട് പാപത്തിൽ നിന്ന് പിന്മാറാനും ഇബാദത്തിനുള്ള ശേഷിയും അല്ലാഹുവിനെകൊണ്ടുമാത്രമാകുന്നു എന്നും ഞാൻ ഏററുപറയുന്നു എന്നതാകുന്നു അത്. (തിർമിദി)

771. ആയിശ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) എല്ലാ സന്ദർഭങ്ങളിലും അല്ലാഹുവിനെ സ്മരിച്ചിരുന്നു. (മുസ്ലിം)

772. അബൂസഈദി(റ)ൽ നിന്ന് നിവേദനം: ഒരിക്കൽ മുആവിയ(റ) പള്ളിയിലെ സദസ്സിൽ ചെന്ന് നിങ്ങൾ എന്താണ് ഇവിടെ ഇരിക്കുന്നതെന്ന് ചോദിച്ചു. അവർ പറഞ്ഞു. അല്ലാഹുവിനെ സ്മരിച്ചുകൊണ്ടാണ് ഞങ്ങൾ ഇരിക്കുന്നത്. മുആവിയ(റ) ചോദിച്ചു: അല്ലാഹുവാണ്, അക്കാര്യത്തിന് മാത്രമാണോ നിങ്ങളിവിടെ ഇരുന്നത്? അതിനുവേണ്ടി മാത്രമാണ് ഞങ്ങൾ ഇവിടെ ഇരുന്നത്. മുആവിയ(റ) പറഞ്ഞു: നിങ്ങൾക്ക് തെററിദ്ധാരണയുള്ളതുകൊണ്ടല്ല ഞാൻ സത്യം ചെയ്യുന്നത്. എന്റെ പദവിയിലുള്ള ആരും എന്നേക്കാൾ കുറഞ്ഞ ഹദീസ് ഉച്ചരിച്ചിട്ടില്ല. (ഞാൻ അത്രയും സൂക്ഷ്മതയാണ് അക്കാര്യത്തിൽ കൈക്കൊണ്ടിട്ടുള്ളത്) ഒരിക്കൽ അസ്ഹാബികളുടെ ഒരു സദസ്സിൽ റസൂൽ(സ) പുറപ്പെട്ടു ചെന്നു കൊണ്ട് ചോദിച്ചു: നിങ്ങൾ എന്തുകൊണ്ടാണ് ഇവിടെ ഇരിക്കുന്നത്? ഇസ്ലാമിലേക്ക് മാർഗ്ഗദർശനം ചെയ്യുകയും അതുകൊണ്ട് നമ്മെ അനുഗ്രഹിക്കുകയും ചെയ്തതിന്റെ പേരിൽ അല്ലാഹുവിനെ സ്മരിച്ചുകൊണ്ടാണ് ഞങ്ങൾ ഇവിടെ ഇരിക്കുന്നതെന്ന് അവർ മറുപടി പറഞ്ഞു. നബി(സ) ചോദിച്ചു: അല്ലാഹുവാണെ, അതിനുവേണ്ടി മാത്രമാണോ നിങ്ങൾ ഇവിടെ ഇരിക്കുന്നത്? നിങ്ങൾ തെററിദ്ധരിക്കുന്നത് കൊണ്ടല്ല ഞാൻ സത്യം ചെയ്യുന്നത്. അല്ലാഹു നിങ്ങളെപ്പററി മലക്കുകളോട് അഭിമാനപൂർവ്വം സംസാരിക്കുന്നുണ്ടെന്ന് ജിബ്രീൽ (അ) എന്നോട് പറഞ്ഞു. (മുസ്ലിം)

773. അബുഹുറയ്റ(റ)യിൽ നിന്ന് നിവേദനം: പുലർച്ചയിലും സന്ധ്യാസമയത്തും സുബ്ഹാനല്ലാഹി വബിഹംദിഹീ എന്ന് നൂറുപ്രാവശ്യം വല്ലവനും ചൊല്ലിയാൽ അതുപോലെയോ അതിൽ കൂടുതലോ ചൊല്ലിയവനല്ലാതെ ഒരാൾക്കും അന്ത്യദിനത്തിൽ അവൻ കൊണ്ടുവന്നതിനേക്കാൾ ശ്രേഷ്ഠമായത് കൊണ്ടുവരാൻ സാധിക്കുകയില്ല. (മുസ്ലിം)

774. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: നബി(സ)യുടെ അടുക്കൽ ഒരാൾ വന്ന് പറഞ്ഞു: പ്രവാചകരേ! കഴിഞ്ഞ രാത്രി എന്നെ ഒരു തേൾ കുത്തിയതിനാൽ എനിക്ക്

കഠിനമായ വേദന അനുഭവപ്പെടുന്നു. അവിടുന്ന് പറഞ്ഞു: സന്ധ്യാസമയത്ത് അഊദു ബികലിമത്തില്ലാഹിത്താമ്മാത്തി മിൻശർറി മാ ഖലഖ് (പരിപൂർണ്ണമായ വചനങ്ങളുടെ പേരിൽ അല്ലാഹു സൃഷ്ടിച്ചിട്ടുള്ളവയുടെ ഉപദ്രവത്തിൽ നിന്ന് ഞാൻ അഭയം തേടുന്നു) എന്നു നീ ചൊല്ലിയിട്ടുണ്ടെങ്കിൽ നിനക്ക് യാതൊരു ഉപദ്രവവുമേൽക്കുകയില്ല. (മുസ്‌ലിം)

775. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: നേരം പുലർന്നാൽ നബി(സ) ഇപ്രകാരം പറയാറുണ്ട്; അല്ലാഹുവേ! നീ നിമിത്തമാണ് ഞങ്ങൾക്ക് ഈ പ്രഭാതവും സായാഹ്നവുമുണ്ടായത്. നിന്റെ പേരിലാണ് ഞങ്ങൾ ജീവിക്കുന്നതും മരിക്കുന്നതും; നിന്റെയടുത്തേക്ക് തന്നെയാണ് ഞങ്ങൾ ഉയർത്തെഴുന്നേററ് വരുന്നതും. സന്ധ്യാവേളകളിലും അവിടുന്ന് ഇപ്രകാരം പറഞ്ഞിരുന്നു: അല്ലാഹുവേ! നിന്റെ കഴിവുകൊണ്ടാണ് ഞങ്ങൾക്ക് സന്ധ്യയുണ്ടാകുന്നതും നിന്നെക്കൊണ്ടാണ് ഞങ്ങൾ ജനിക്കുന്നതും. ഞങ്ങൾ ഉയർത്തെഴുന്നേൽക്കുന്നതും നിങ്കലേക്കാണ്. (അബൂദാവൂദ്, തിർമിദി)

776. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: അബൂബക്കർ(റ) പറഞ്ഞു. പ്രവാചകരേ! രാവിലെയും വൈകുന്നേരവും ഞാൻ ചൊല്ലേണ്ടതായ ചില വചനങ്ങൾ അവിടുന്ന് നിർദ്ദേശിച്ചാലും! പ്രവാചകൻ(സ) പറഞ്ഞു: നീ പറഞ്ഞുകൊൾക: ആകാശഭൂമികളുടെ സ്രഷ്ടാവും ദൃശ്യവും അദൃശ്യവും അറിയുന്നവനും എല്ലാ വസ്തുക്കളുടേയും സംരക്ഷകനും ഉടമസ്ഥനുമായ അല്ലാഹുവേ! നീയല്ലാതെ മററാരാധ്യനില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. എന്റെ ദേഹേച്ഛകളിൽനിന്നും എന്റെ ശിർക്കിൽനിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു. എന്നിട്ടവിടുന്ന് പറഞ്ഞു: രാവിലേയും വൈകുന്നേരവും ഉറക്കറയിൽ ചെന്നാലും നീ ഇത് പറയണം. (അബൂദാവൂദ്, തിർമിദി)

777. ഇബ്നുമസ്ഊദി(റ)ൽ നിന്ന് നിവേദനം: വൈകുന്നേരം നബി(സ) പറയാറുണ്ട്. ഞങ്ങൾക്കും സന്ധ്യയായി. ഈ സന്ധ്യാസമയത്തെ അധികാരങ്ങളെല്ലാം അല്ലാഹുവിന്റേതാണ്. സർവ്വസ്തുതിയും അല്ലാഹുവിന്നാണ്. അല്ലാഹുവല്ലാതെ മററാരാധ്യനില്ല. അവനൊരു കൂട്ടുകാരുമില്ല. റിപ്പോർട്ടർ പറയുന്നു: അവനാണ് അധികാരവും അവന്നാണ് സർവ്വസ്തുതിയും എന്നും കൂടി അക്കൂട്ടത്തിൽ അവിടുന്ന് പറഞ്ഞതായി ഞാൻ ഓർക്കുന്നു. അവൻ എല്ലാററിനും കഴിവുള്ളവനാണ്. എന്റെ നാഥാ! ഈ രാത്രിയിലുള്ളതിന്റെ നന്മയും അതിന്റെ ശേഷമുള്ളതിന്റെ നന്മയും നിന്നോട് ഞാൻ അപേക്ഷിക്കുന്നു. ഈ രാത്രിയുടെ തിന്മയിൽ നിന്നും അതിന്റെ ശേഷമുള്ളതിന്റെ തിന്മയിൽ നിന്നും നിന്നോട് ഞാൻ രക്ഷതേടുന്നു. നാഥാ! ഉദാസീനതയിൽ നിന്നും ഉപദ്രവകരമായ വാർദ്ധക്യത്തിൽനിന്നും നിന്നോട് ഞാൻ രക്ഷ തേടുന്നു. അപ്രകാരം തന്നെ നരകശിക്ഷയിൽ നിന്നും ഖബർ ശിക്ഷയിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു. നേരം പുലർന്നാൽ ഞങ്ങൾക്ക് പ്രഭാതമുണ്ടായിരിക്കുന്നു. ഈ പ്രഭാതത്തിലെ അധികാരങ്ങളെല്ലാം അല്ലാഹുവിന്റേതാണ് എന്ന ആമുഖത്തോടെ മുൻ വചനങ്ങൾ ആവർത്തിക്കുമായിരുന്നു. (മുസ്‌ലിം)

778. അബ്ദുല്ലയിൽ നിന്ന് നിവേദനം: നബി(സ) എന്നോട് പറഞ്ഞു: രാവിലെയും വൈകുന്നേരവും ഇഖ്ലാസും മുഅവിദതൈനിയും മൂന്ന് വീതം ഓതൂ! എല്ലാ കാര്യങ്ങൾക്കും നിനക്ക് മതിയായി തീരും. (അബൂദാവൂദ്, തിർമിദി)

779. ഉസ്മാൻ(റ) വിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: ഓരോ ദിവസവും രാവിലെയും വൈകുന്നേരവും ബിസ്മില്ലാഹില്ലദീ ലാ യളൂർറു മഅസ്മിഹി ശൈഉൻ ഫിൽ അർളി വലാഫിസ്സമാഇ വഹുവസ്സമീഉൽ അലീം. എന്ന് മൂന്ന് പ്രാവശ്യം വല്ലവനും പറഞ്ഞാൽ അവനെ യാതൊന്നും ഉപദ്രവിക്കുകയില്ല. (അബൂദാവൂദ്, തിർമിദി)

## 17. ജുമുഅ

780. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: നാം അവസാനം വന്നവരാണ്. പക്ഷെ പുനരുത്ഥാന ദിവസം ആദ്യം (സ്വർഗ്ഗത്തിൽ) പ്രവേശിക്കുന്നവരുമാണ്. പൂർവ്വവേദക്കാർക്ക് നമ്മേക്കാൾ മുമ്പ്തന്നെ വേദങ്ങൾ നൽകപ്പെട്ടു. പിന്നീട് പറയുകയാണെങ്കിൽ അവരോട് പ്രാർത്ഥനക്കായി സമ്മേളിക്കാൻ കൽപ്പിച്ച ദിവസം ഈ (വെള്ളിയാഴ്ച) ദിവസം തന്നെയാണ്. എന്നിട്ട് അവരതിൽ ഭിന്നിപ്പുണ്ടാക്കി. അവസാനം അല്ലാഹു നമുക്ക് ആ ദിവസം ചൂണ്ടിക്കാട്ടിത്തന്നു. അതുകൊണ്ട് മനുഷ്യർ ആ വിഷയത്തിൽ നമ്മുടെ പിന്നാലെയാണ് പോരുന്നത്. ജൂതന്മാർ (വെള്ളിയാഴ്ചയുടെ) പിറേറന്നും (ശനിയാഴ്ച) ക്രിസ്ത്യാനികൾ അതിന്റെ പിറേറന്നും (ഞായറാഴ്ച) പ്രാർത്ഥനക്കു വേണ്ടിയുള്ള സമ്മേളന ദിവസമായി ആചരിച്ചുവരുന്നു. (ബുഖാരി. 2. 13. 1)

781. ഇബ്നുഉമർ(റ) നിവേദനം: നിങ്ങളിൽ വല്ലവനും ജുമുഅക്ക് വന്നാൽ അവൻ കുളിക്കണം. (ബുഖാരി. 2. 13. 2)

782. ഇബ്നുഉമർ(റ) നിവേദനം: ഒരു വെള്ളിയാഴ്ച ഉമർ(റ) ജനങ്ങളോട് പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ നബി(സ)യുടെ സഹാബിമാരിൽ നിന്നുള്ള ഒരാൾ പള്ളിയിൽ പ്രവേശിക്കുകയുണ്ടായി. അദ്ദേഹം ആദ്യത്തെ മുഹാജിറുകളിൽ പെട്ട വ്യക്തിയുമാണ്. അപ്പോൾ ഉമർ(റ) അദ്ദേഹത്തോട് ഇതേത് സമയമാണ് എന്ന് വിളിച്ചു ചോദിച്ചു. അദ്ദേഹം പറഞ്ഞു. ഞാനിന്ന് ഒരു പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. എന്നിട്ട് ഞാൻ വീട്ടിൽ തിരിച്ചെത്തിയപ്പോഴേക്കും ബാങ്കു വിളിച്ചു. തന്നിമിത്തം ഞാൻ വുളു മാത്രം എടുത്തു. മറെറാന്നും വർദ്ധിപ്പിച്ചിട്ടില്ല. ഉമർ(റ) ചോദിച്ചു: വുളു മാത്രം എടുക്കുകയോ? നിശ്ചയം തിരുമേനി(സ) കുളിക്കാൻ കൽപ്പിക്കാറുള്ളത് നീ മനസ്സിലാക്കിയിട്ടുണ്ട്. (ബുഖാരി. 2. 13. 3)

783. അബൂസഈദുൽ ഖുദ്‌രി(റ) നിവേദനം: തിരുമേനി(സ) അരുളി: പ്രായപൂർത്തിയെത്തിയ എല്ലാ മനുഷ്യർക്കും വെള്ളിയാഴ്ച ദിവസം കുളി നിർബന്ധമാണ്. (ബുഖാരി. 2. 13. 4)

784. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: വല്ലവനും വെള്ളിയാഴ്ച ദിവസം ജനാബത്തു കുളിക്കും പോലെ കുളിച്ചു. എന്നിട്ട് ജുമുഅഃക്ക് പുറപ്പെട്ടു. എന്നാൽ അവൻ ഒരു ഒട്ടകത്തെ ബലി കഴിച്ചവന് തുല്യനാണ്. രണ്ടാമത്തെ മണിക്കൂറിലാണ് ഒരുത്തൻ ജുമുഅക്ക് പോയതെങ്കിൽ അവൻ ഒരു പശുവിനെ ബലികഴിച്ചവനു തുല്യനാണ്. മൂന്നാമത്തെ മണിക്കൂറിലാണ് ഒരുത്തൻ പോയതെങ്കിൽ കൊമ്പുള്ള ഒരു ആടിനെ ബലി കഴിച്ചവന് തുല്യനാണ്. നാലാമത്തെ മണിക്കൂറിലാണ് ഒരുത്തൻ പോയതെങ്കിൽ അവൻ ഒരു കോഴിയെ ബലികഴിച്ചവന് തുല്യനാണ്. അഞ്ചാമത്തെ മണിക്കൂറിലാണ് ഒരുത്തൻ പോയതെങ്കിൽ അവൻ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഒരു കോഴിമുട്ട നൽകിയവന് തുല്യനാണ്. അങ്ങനെ ഇമാമ് പള്ളിയിലേക്ക് പുറപ്പെട്ടുകഴിഞ്ഞാൽ അല്ലാഹുവിന്റെ സ്മരണ വാക്യങ്ങൾ ശ്രദ്ധിച്ചു കേൾക്കുവാൻ മലക്കുകൾ അവിടെ ഹാജറാവും. (ബുഖാരി. 2. 13. 6)

785. സൽമാനുൽ ഫാരിസി(റ) നിവേദനം: തിരുമേനി(സ) അരുളി: ഒരു മനുഷ്യൻ വെള്ളിയാഴ്ച ദിവസം കുളിക്കുകയും കഴിയുന്നത്ര ശുചിത്വം നേടുകയും ചെയ്തു. തന്റെ പക്കലുള്ള എണ്ണയിൽ നിന്ന് അല്പമെടുത്ത് മുടിയിൽ പൂശി അല്ലെങ്കിൽ തന്റെ വീട്ടിലെ സുഗന്ധദ്രവ്യം അൽപമെടുത്ത് ശരീരത്തിൽ ഉപയോഗിച്ചു. എന്നിട്ട് അവൻ ജുമുഅക്ക് പുറപ്പെട്ടു. രണ്ടു പേരെ പിടിച്ചുമാററിയിട്ട് അവരുടെ നടുവിൽ ഇരിക്കുകയോ അതിലൂടെ കടന്നുപോവുകയോ ചെയ്തില്ല. എന്നിട്ട് അവനോട് നമസ്കരിക്കുവാൻ കല്പിച്ചത് അവൻ നമസ്കരിച്ചു. അനന്തരം ഇമാം സംസാരിക്കാനൊരുങ്ങിയപ്പോൾ അവൻ നിശബ്ദനായിരുന്നു. എന്നാൽ ആ ജുമുഅ:

മുതൽ അടുത്ത ജുമുഅ: വരെയുള്ള കുററങ്ങൾ അവന് അല്ലാഹു പൊറുത്തു കൊടുക്കാതിരിക്കുകയില്ല. (ബുഖാരി. 2. 13. 8)

786. ഇബ്നുഅബ്ബാസ്(റ) നിവേദനം: നിങ്ങൾ വെള്ളിയാഴ്ച ദിവസം കുളിക്കുവിൻ, നിങ്ങളുടെ തല കഴുകുകയും ചെയ്തുകൊള്ളുവിൻ– നിങ്ങൾക്ക് ജാനാബത്തില്ലെങ്കിലും ശരി അപ്രകാരം തന്നെ നിങ്ങൾ സുഗന്ധദ്രവ്യം ഉപയോഗിക്കുവിൻ എന്ന് തിരുമേനി(സ) നിർദ്ദേശിച്ചതായി ജനങ്ങൾ പറയുന്നുണ്ടല്ലോ എന്ന് ഇബ്നുഅബ്ബാസി(റ)നോട് ചിലർ ചോദിച്ചു. അപ്പോൾ അദ്ദേഹം മറുപടി പറഞ്ഞു. കുളിയുടെ കാര്യം ശരി തന്നെ. പക്ഷെ, സുഗന്ധദ്രവ്യത്തിന്റെ കാര്യം (അതിന് കൽപ്പിച്ചത്) എനിക്കറിയില്ല. (ബുഖാരി. 2. 13. 9)

787. ഇബ്നുഅബ്ബാസ്(റ) നിവേദനം: വെള്ളിയാഴ്ച ദിവസത്തെ കുളിയുടെ നിർദ്ദേശത്തെ സംബന്ധിച്ച് അദ്ദേഹത്തോട് പറയപ്പെട്ടു. ഞാൻ ചോദിച്ചു. അവൻ സുഗന്ധദ്രവ്യവും അല്ലെങ്കിൽ എണ്ണയും ഉപയോഗിക്കേണ്ടതുണ്ടോ? അപ്പോൾ ഇബ്നുഅബ്ബാസ്(റ) പറഞ്ഞു: എനിക്കറിയുകയില്ല. (ബുഖാരി. 2. 13. 10)

788. ഇബ്നുഉമർ(റ) നിവേദനം: പട്ടുനൂൽ ഇടകലർത്തി നെയ്ത ഒരു വസ്ത്രം പള്ളിയുടെ വാതിൽക്കൽ വിൽപ്പനക്ക് വെച്ചിരിക്കുന്നത് ഉമർ(റ) കണ്ടു. അപ്പോൾ തിരുമേനി(സ)യെ അദ്ദേഹം ഇപ്രകാരം ഉണർത്തി. അല്ലാഹുവിന്റെ ദൂതരേ, ഈ വസ്ത്രം താങ്കൾ വിലക്ക് വാങ്ങിയിട്ട് വെള്ളിയാഴ്ച ദിവസം നിവേദക സംഘങ്ങളെ സ്വീകരിക്കുവാനും ധരിച്ചെങ്കിൽ നന്നായിരുന്നു. അപ്പോൾ തിരുമേനി(സ) അരുളി: പരലോകത്തു നന്മയുടെ ഒരംശവും ലഭിക്കാനില്ലാത്തവൻ മാത്രമേ ഈ വസ്ത്രം ധരിക്കുകയുള്ളു. പിന്നീടൊരിക്കൽ അത്തരം കുറെ വസ്ത്രങ്ങൾ തിരുമേനി(സ)ക്ക് വന്നു കിട്ടി. അപ്പോൾ അതിലൊന്ന് തിരുമേനി(സ) ഉമർ(റ) ന് നൽകി. അന്നേരം ഉമർ(റ) പറഞ്ഞു: അല്ലാഹുവിന്റെ പ്രവാചകരേ! അവിടുന്ന് എനിക്കതു ധരിക്കാൻ തരുന്നു! ഉത്തരാദിന്റെ വസ്ത്രത്തിന്റെ കാര്യത്തിൽ ഇവിടുന്നു ചിലതെല്ലാം അരുളുകയുണ്ടായല്ലോ? അപ്പോൾ തിരുമേനി(സ) അരുളി: നിങ്ങൾക്ക് ധരിക്കാൻ വേണ്ടിയല്ല അത് ഞാൻ നിങ്ങൾക്ക് നൽകുന്നത്. അപ്പോൾ മക്കയിൽ താമസിച്ചിരുന്ന ബഹുദൈവവിശ്വാസിയായ തന്റെ ഒരു സഹോദരന്ന് ഉമർ(റ) അതു ധരിക്കാൻ കൊടുത്തു. (ബുഖാരി. 2. 13. 11)

789. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: എന്റെ സമുദായത്തിന് വിഷമം നേരിടുമെന്ന് ഞാൻ ഭയന്നിരുന്നില്ലെങ്കിൽ എല്ലാ നമസ്കാരത്തോടൊപ്പവും ദന്തശുദ്ധി വരുത്താൻ ഞാനവരോട് കൽപ്പിക്കുമായിരുന്നു. (ബുഖാരി. 2. 13. 12)

790. അനസ്(റ) നിവേദനം: ദന്തശുദ്ധീകരണത്തിന്റെ വിഷയത്തിൽ ഞാൻ നിങ്ങളെ വളരെയധികം ഉപദേശിച്ചുകഴിഞ്ഞിട്ടുണ്ട്. (ബുഖാരി. 2. 13. 13)

791. ഹുദൈഫ(റ) നിവേദനം: തിരുമേനി(സ) രാത്രി എഴുന്നേററാൽ തന്റെ വായ ശുദ്ധിയാക്കാറുണ്ട്. (ബുഖാരി. 2. 13. 14)

792. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) വെള്ളിയാഴ്ച ദിവസം സുബ്ഹി നമസ്കാരത്തിൽ അലിഫ്ലാമീം തൻസീൽ (സജദ) യും ഹൽ അത്താഅലൽ ഇൻസാനി എന്നീ രണ്ടു അദ്ധ്യായങ്ങൾ ഓതാറുണ്ടായിരുന്നു. (ബുഖാരി. 2. 13. 16)

793. ഇബ്നുഅബ്ബാസ്(റ) നിവേദനം: നബി(സ)യുടെ പള്ളിയിൽ സംഘടിപ്പിച്ച ജുമുഅ:ക്ക് ശേഷം ആദ്യമായി സംഘടിപ്പിക്കപ്പെട്ട ജുമുഅ: അബ്ദുൽഖൈസിന്റെ ബഹ്റൈനിലെ ഹുവാസി ഗ്രാമത്തിലെ പള്ളിയിലാണ്. (ബുഖാരി. 2. 13. 17)

794. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: ഏഴ് ദിവസത്തിൽ ഒരു ദിവസമെങ്കിലും കുളിക്കേണ്ടത് ഓരോ മുസ്ലിമിന്റെയും ചുമതലയാണ്. അന്നേരം

അവൻ തന്റെ തലയും ശരീരവും വെള്ളംകൊണ്ട് കഴുകണം. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: ആഴ്ചയിൽ ഒരു ദിവസമെങ്കിലും കുളിക്കൽ ഓരോ മുസ്ലീമിനും നിർബന്ധമാണ്. (ബുഖാരി. 2. 13. 21)

795. ഇബ്നുഉമർ(റ) നിവേദനം: തിരുമേനി(സ) അരുളി: നിങ്ങൾ സ്ത്രീകൾക്ക് പള്ളിയിൽ പോവാൻ രാത്രിയിൽ (പോലും) അനുമതി നൽകുവിൻ. (ബുഖാരി. 2. 13. 22)

796. ഇബ്നുഉമർ(റ) നിവേദനം: ഉമർ(റ)ന്റെ ഭാര്യ സുബ്ഹി നമസ്കാരത്തിനും ഇശാനമസ്കാരത്തിനും പള്ളിയിൽ ജമാഅത്തിന് പങ്കെടുക്കാറുണ്ട്. അപ്പോൾ അവരോട് പറയപ്പെട്ടു. എന്തിന് നിങ്ങൾ പുറപ്പെടണം. ഉമർ(റ) ന് അതു വെറുപ്പാണെന്നും അഭിമാനരോഷമുണ്ടെന്നും നിങ്ങൾക്കറിയാമല്ലോ. ഉടനെ അവർ പറയും. എന്നാൽ എന്തുകൊണ്ട് അദ്ദേഹം എന്നെ ജമാഅത്തിൽ പങ്കെടുക്കുന്നതിൽ നിന്ന് വിരോധിക്കുന്നില്ല? അപ്പോൾ പറഞ്ഞു. അല്ലാഹുവിന്റെ സൃഷ്ടികളായ സ്ത്രീകളെ അല്ലാഹുവിന്റെ പള്ളിയിൽ നിന്ന് നിങ്ങൾ തടയരുതെന്ന് തിരുമേനി(സ)യുടെ പ്രഖ്യാപനം തന്നെ. (ബുഖാരി. 2. 13. 23)

797. ആയിശ(റ) നിവേദനം: ആളുകൾ അകലെയുള്ള അവരുടെ ഗൃഹങ്ങളിൽ നിന്നും മേലെ മദീനാ പ്രദേശങ്ങളിൽനിന്നും ഊഴമിട്ടാണ് ജുമുഅ: ക്ക് വരാറുണ്ടായിരുന്നത്. പൊടിയിൽ ചവിട്ടികൊണ്ടാണവർ വരിക. അപ്പോൾ അവരുടെ ശരീരത്തിലും വസ്ത്രത്തിലും പൊടിപാറിപററും. അതോടൊപ്പം വിയർപ്പും. എന്നിട്ട് ദുർഗന്ധമുള്ള വിയർപ്പാണ് അവരിൽ നിന്നു പുറത്തേക്ക് വന്നുകൊണ്ടിരിക്കുക. ഒരിക്കൽ ഒരു മനുഷ്യൻ അവരിൽ നിന്ന് തിരുമേനി(സ)യുടെ അടുക്കൽ വന്നു. അവിടുന്നു എന്റെ അടുക്കൽ ഇരിക്കുകയായിരുന്നു. അപ്പോൾ തിരുമേനി(സ) അരുളി: നിങ്ങൾ ഈ ദിവസം ദേഹവും വസ്ത്രവും ശുചീകരിച്ചാൽ നന്നായിരുന്നു. (ബുഖാരി. 2. 13. 25)

798. ആയിശ(റ) നിവേദനം: ആളുകൾ തങ്ങളുടെ ജോലികൾ സ്വയം നിർവ്വഹിക്കുകയായിരുന്നു തിരുമേനി(സ)യുടെ കാലത്തു പതിവ്. അവർ ജുമുഅ: ക്ക് പോകുന്നതും അതേ നിലക്കുതന്നെയായിരുന്നു. അപ്പോൾ തിരുമേനി(സ) അവരെ ഉപദേശിച്ചു. നിങ്ങൾ കുളിച്ചു വന്നെങ്കിൽ നന്നായിരുന്നു. (ബുഖാരി. 2. 13. 26)

799. അനസ്(റ) നിവേദനം: സൂര്യൻ ആകാശ മദ്ധ്യത്തിൽനിന്നും തെററുന്ന സന്ദർഭത്തിലാണ് തിരുമേനി(സ) ജുമുഅ: നമസ്കരിക്കാറുണ്ടായിരുന്നത്. (ബുഖാരി. 2. 13. 27)

800. അനസ്(റ) നിവേദനം: ഞങ്ങൾ ജുമുഅ: നേരത്തെ നമസ്കരിക്കാറുണ്ടായിരുന്നു. ജുമുഅ: ക്ക് ശേഷമാണ് ഞങ്ങൾ പകലിലെ ഉറക്കം നിർവ്വഹിക്കുക. (ബുഖാരി. 2. 13. 28)

801. അനസ്(റ) നിവേദനം: ശൈത്യം കഠിനമായാൽ തിരുമേനി(സ) നേരത്തെത്തന്നെ നമസ്കരിക്കുകയാണ് പതിവ്. ഉഷ്ണം കഠിനമായാലോ, ഉഷ്ണം ശമിക്കുന്ന ഘട്ടം വരേക്കും നമസ്കാരം പിന്തിപ്പിക്കുകയും ചെയ്തിരുന്നു. ജുമുഅ: നമസ്കാരത്തെ ഉദ്ദേശിച്ചുകൊണ്ടാണ് അനസ്(റ) ഇതു പറയുന്നത്. (ബുഖാരി. 2. 13. 29)

802. അബൂഅബാസ്(റ) നിവേദനം: അദ്ദേഹം ഇബ്നുറിഫാഅ: ജുമുഅ:ക്ക് പോവുന്നത് കണ്ടപ്പോൾ പറഞ്ഞു: തിരുമേനി(സ) ഇപ്രകാരം അരുളുന്നത് ഞാൻ കേട്ടിട്ടുണ്ട്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നടന്നിട്ട് വല്ലവന്റേയും പാദങ്ങളിൽ പൊടിപററിയാൽ ആ സ്ഥലം എരിച്ച് കളയരുതെന്ന് നരകത്തോട് അല്ലാഹു കൽപിക്കും. (ബുഖാരി. 2. 13. 30)

803. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: നമസ്കാരത്തിന് ഇഖാമത്തു വിളിക്കപ്പെട്ടാൽ നിങ്ങൾ ധൃതി കാണിക്കരുത്. നടന്നുകൊണ്ട് പുറപ്പെടുക. ലഭിച്ചതു

നമസ്കരിക്കുകയും നഷ്ടപ്പെട്ടതു പൂർത്തിയാക്കുകയും ചെയ്യുക. (ബുഖാരി. 2. 13. 31)

804. അബൂഖത്താദ(റ) നിവേദനം: തിരുമേനി(സ) അരുളി: എന്നെ കാണുന്നതുവരെ നിങ്ങൾ നമസ്കരിക്കുവാൻ എഴുന്നേൽക്കരുത്. നിങ്ങൾക്ക് ശാന്തത നിർബന്ധമാണ്. (ബുഖാരി. 2. 13. 32)

805. ഇബ്നു ഉമർ(റ) നിവേദനം: ഒരാൾ തന്റെ സഹോദരനെ അവന്റെ സീററിൽ നിന്ന് എഴുന്നേൽപ്പിക്കുകയും എന്നിട്ട് അവൻ അവിടെ ഇരിക്കുകയും ചെയ്യുന്നതു നബി(സ) വിരോധിച്ചിട്ടുണ്ട്. ഇതുകേട്ടപ്പോൾ ജുമുഅ: യുടെ സദസ്സിനെ ഉദ്ദേശിച്ചുകൊണ്ടാണോ ഇപ്രകാരം അരുളിയതെന്ന് ഇബ്നുഉമർ(റ)നോട് ചോദിക്കപ്പെട്ടു. ജുമുഅ:യുടെ സദസ്സും അല്ലാത്തവയും എന്ന് അദ്ദേഹം മറുപടി പറഞ്ഞു. (ബുഖാരി. 2. 13. 34)

806. സായിബ്ബ്നുയസീദ്(റ) നിവേദനം: തിരുമേനി(സ) യുടേയും അബൂബക്കർ(റ) വിന്റെയും ഉമർ(റ) വിന്റെയും കാലങ്ങളിൽ വെള്ളിയാഴ്ച ദിവസം ആദ്യത്തെ ബാങ്ക് വിളിച്ചിരുന്നത് ഇമാമ് മിമ്പറിന്മേൽ ഇരുന്നു കഴിഞ്ഞ ഉടനെയായിരുന്നു. പിന്നീട് ഉസ്മാൻ(റ)ന്റെ ഭരണകാലം വരികയും ജനങ്ങളുടെ എണ്ണം വർദ്ധിക്കുകയും ചെയ്തപ്പോൾ സൗറാഈന്റെ മുകളിൽ വെച്ച് മൂന്നാമതൊരു ബാങ്കുകൂടി വിളിക്കൽ വർദ്ധിച്ചു. (ബുഖാരി. 2. 13. 35)

807. സായിബ്(റ) നിവേദനം: മദീനക്കാർ വർദ്ധിച്ചപ്പോൾ മൂന്നാമത്തെ ബാങ്ക് വർദ്ധിച്ചതു ഉസ്മാൻ(റ) ആണ്. തിരുമേനി(സ)യുടെ കാലത്ത് ബാങ്ക് വിളിക്കാൻ ഒരാൾ മാത്രമേ ഉണ്ടായിരുന്നുള്ളു. വെള്ളിയാഴ്ച ദിവസം ബാങ്ക് വിളിക്കുന്നത് ഇമാം മിമ്പറിന്മേൽ ഇരുന്നു കഴിയുമ്പോഴായിരുന്നു. (ബുഖാരി. 2. 13. 36)

808. മുആവിയ്യ(റ) നിവേദനം: അദ്ദേഹം ഒരു വെള്ളിയാഴ്ച ദിവസം മിമ്പറിന്മേൽ കയറിയിരുന്നു. എന്നിട്ട് ബാങ്ക് വിളിക്കുന്നവൻ ബാങ്ക് വിളിക്കാൻ തുടങ്ങുകയും അദ്ദേഹം അല്ലാഹു അക്ബർ, അല്ലാഹു അക്ബർ എന്നു പറയുകയും ചെയ്തപ്പോൾ അപ്രകാരം തന്നെ മുആവിയ്യ:(റ) യും പറഞ്ഞു: അശ്ഹദുഅൻലാഇലാഹ ഇല്ലല്ലാഹു എന്ന് പറഞ്ഞപ്പോൾ വഅന (ഞാനും) എന്നു മുആവിയ്യ:(റ) ഏററു പറഞ്ഞു: ഇപ്രകാരം തന്നെ അശ്ഹദുഅന്നമുഹമ്മദൻ റസൂലുല്ലാഹി എന്ന് വിളിക്കുന്നവൻ വിളിച്ചു പറഞ്ഞപ്പോൾ, വഅന (ഞാനും) എന്ന് മുആവിയ്യ: ഏററു പറഞ്ഞു. അങ്ങനെ ബാങ്ക് വിളി കഴിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു. ജനങ്ങളേ! തിരുമേനി(സ) ഈ സ്ഥാനത്തിരിക്കുകയും ബാങ്ക് വിളിക്കുകയും ചെയ്തപ്പോൾ എന്നിൽ നിന്ന് നിങ്ങൾ കേട്ടപ്രകാരം തിരുമേനി(സ) പറയുന്നതായിട്ട് ഞാൻ കേട്ടിരിക്കുന്നു. (ബുഖാരി. 2. 13. 37)

809. ജാബിർ(റ) നിവേദനം: ഈത്തപ്പനയുടെ ഒരു കഷ്ണത്തിന്മേൽ നിലയുറപ്പിച്ചുകൊണ്ടാണ് തിരുമേനി(സ) ആദ്യം ഖുതുബ നിർവ്വഹിച്ചിരുന്നത്. പിന്നീട് മിമ്പറ സ്ഥാപിതമായപ്പോൾ പഴയത് അവിടെ നിന്ന് നീക്കം ചെയ്തു. അപ്പോൾ പൂർണ്ണഗർഭിണികളായ ഒട്ടകങ്ങൾ കരയുംപോലെയുള്ള കരച്ചിൽ ഞങ്ങൾ കേട്ടു. അന്നേരം തിരുമേനി(സ) ഇറങ്ങിയിട്ട് തന്റെ കൈ ആ മരക്കഷ്ണത്തിന്മേൽ വെച്ചു. (ബുഖാരി. 2. 13. 41)

810. ഇബ്നുഉമർ(റ) നിവേദനം: തിരുമേനി(സ) നിന്നു കൊണ്ടാണ് പ്രസംഗം നിർവ്വഹിച്ചിരുന്നത്. അതിനുശേഷം ഇരിക്കും. പിന്നീട് വീണ്ടും എഴുന്നേററു നിൽക്കും. നിങ്ങൾ ഇന്നു ചെയ്യുന്നതുപോലെത്തന്നെ. (ബുഖാരി. 2. 13. 43)

811. അബൂമൈദുസ്സാഇദി(റ) നിവേദനം: അദ്ദേഹം പറഞ്ഞു: ഒരു ദിവസം രാത്രി ഇശാനമസ്കാരശേഷം തിരുമേനി(സ) എഴുന്നേററ് നിന്നിട്ട് അല്ലാഹുവിനെ

സ്തുതിച്ചു. ശഹാദത്തുചൊല്ലി. അനന്തരം അമ്മാബഅ്ദ് എന്നു പറഞ്ഞുകൊണ്ട് പ്രസംഗം ആരംഭിച്ചു. (ബുഖാരി. 2. 13. 47)

812. മിസ്‌വർ(റ) നിവേദനം: തിരുമേനി(സ) എഴുന്നേററുനിന്ന് പ്രസംഗമാരംഭിച്ചു. അതിനുമുമ്പായി തശഹുദിന്നു ശേഷം അവിടുന്ന് അമ്മാബഅ്ദ് ചൊല്ലുന്നത് ഞാൻ കേട്ടു. (ബുഖാരി. 2. 13. 48)

813. ഇബ്നുഅബ്ബാസ്(റ) നിവേദനം: തിരുമേനി(സ) ഒരിക്കൽ മിമ്പറന്മേൽ കയറി. അവിടുന്ന് മിമ്പറിന്മേൽ കയറി ഇരുന്ന അവസാനത്തെ ഇരുത്തമായിരുന്നു അത്. രണ്ടു ചുമലും ഒരു വസ്ത്രവും കൊണ്ട് മൂടിപ്പുതച്ചുകൊണ്ടാണ് തിരുമേനി(സ) മിമ്പറിന്മേൽ കയറിയത്. ഒരു കറുത്ത തുണിക്കഷ്ണം തലക്ക് കെട്ടിയിട്ടുമുണ്ട്. എന്നിട്ട് അല്ലാഹുവിന്റെ മഹത്വത്തെ തിരുമേനി(സ) പ്രകീർത്തനം ചെയ്തു. ശേഷം പറഞ്ഞു. ജനങ്ങളേ! എന്റെ അടുക്കലേക്ക് അടുത്തിരിക്കുവിൻ. അപ്പോൾ അവരെല്ലാവരും കൂടി തിരുമേനി(സ)യുടെ അടുത്തിരുന്നു. ശേഷം അവിടുന്നു പറഞ്ഞു. അമ്മാബഅ്ദു. അൻസാരികളായ ഈ ഗോത്രക്കാർ ഭാവിയിൽ ന്യൂനപക്ഷമാകും. മററുള്ളവർ വർദ്ധിച്ചുകൊണ്ടുമിരിക്കും. അതുകൊണ്ട് മുഹമ്മദിന്റെ സമുദായത്തിന്റെ ഭരണകാര്യങ്ങളിൽ വല്ലതും വല്ലവനും ഏറെറടുത്തു. എന്നിട്ട് ആ സ്ഥാനത്തിരുന്നുകൊണ്ട് വല്ലവനും ഉപകാരം ചെയ്യാനോ ഉപദ്രവമേൽപ്പിക്കാനോ അവന് അവസരം ലഭിച്ചു. എന്നാൽ നന്മചെയ്യുന്നവന്റെ നന്മയെ അവൻ സ്വീകരിക്കട്ടെ. തിന്മ ചെയ്യുന്നവരുടെ തിന്മ മാപ്പ് ചെയ്തുവിടുകയും ചെയ്യട്ടെ. (ബുഖാരി. 2. 13. 49)

814. ജാബിർ(റ) നിവേദനം: ഒരു വെള്ളിയാഴ്ച തിരുമേനി(സ) ഖുത്തുബ നിർവ്വഹിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു മനുഷ്യൻ പള്ളിയിൽ കയറി വന്നു. അപ്പോൾ തിരുമേനി(സ) ചോദിച്ചു. ഇന്നവനേ! നീ (തഹിയ്യത്ത്) നമസ്കരിച്ചുവോ? ഇല്ലെന്ന് അദ്ദേഹം മറുപടി പറഞ്ഞു. തിരുമേനി(സ) പറഞ്ഞു: നീ എഴുന്നേററ് നമസ്കരിക്കുക. (ബുഖാരി. 2. 13. 52)

815. അനസ്(റ) നിവേദനം: ഒരു വെള്ളിയാഴ്ച ദിവസം തിരുമേനി(സ) പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ ഒരാൾ കയറി വന്നു. എന്നിട്ട് അയാൾ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ! ഒട്ടകങ്ങളും ആടുകളും നശിച്ചു. അതുകൊണ്ട് താങ്കൾ അല്ലാഹുവിനോട് ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുക. അവൻ ഞങ്ങൾക്ക് മഴ വർഷിപ്പിച്ചു തരുവാൻ. അപ്പോൾ തിരുമേനി(സ) തന്റെ കൈകൾ ഉയർത്തി പ്രാർത്ഥിച്ചു. (ബുഖാരി. 2. 13. 54)

816. അനസ്(റ) നിവേദനം: തിരുമേനി(സ)യുടെ കാലത്ത് ഒരിക്കൽ ജനങ്ങളെ ഒരു ക്ഷാമം ബാധിച്ചു. അങ്ങനെ ഒരു വെള്ളിയാഴ്ച തിരുമേനി(സ) ഖുതുബ: നിർവ്വഹിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ഗ്രാമീണൻ എഴുന്നേററ് നിന്നിട്ട്, അല്ലാഹുവിന്റെ ദൂതരേ ധനം നശിച്ചു കുടുംബം പട്ടിണിയിലായി, അതുകൊണ്ട് അല്ലാഹുവിനോട് പ്രാർത്ഥിച്ചാലും എന്ന് വിളിച്ചു പറഞ്ഞു. അന്നേരം തിരുമേനി(സ) രണ്ടു കൈകളും മേൽപ്പോട്ടുയർത്തിക്കൊണ്ട് പ്രാർത്ഥിക്കാൻ തുടങ്ങി. അന്നേരം ആകാശത്ത് മേഘത്തിന്റെ ഒരു തുണ്ട് പോലും ഞങ്ങൾക്ക് കാണാൻ കഴിഞ്ഞിരുന്നില്ല. എന്റെ ആത്മാവിനെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന അല്ലാഹുവിനെക്കൊണ്ട് സത്യം, തിരുമേനി(സ) തന്റെ കൈകൾ താഴ്ത്തിക്കഴിഞ്ഞില്ല. അപ്പോഴേക്ക് പർവ്വതങ്ങളെപ്പോലെ മേഘപടലങ്ങൾ ആകാശത്ത് പ്രത്യക്ഷപ്പെട്ടു. ചലിക്കാൻ തുടങ്ങി. അവസാനം തിരുമേനി(സ)യുടെ താടിയിലൂടെ മഴവെള്ളം ഒലിച്ചു വീണത് ഞാൻ കണ്ടു. അങ്ങനെ അന്നും പിറേറന്നും അതിന്റെ അടുത്ത ദിവസവും ഞങ്ങൾക്ക് മഴ കിട്ടിക്കൊണ്ടേയിരുന്നു. അവസാനം അടുത്ത ജുമുഅ: വരേക്കും മഴ തുടർന്നു. (അന്നു) ആ ഗ്രാമീണൻ അല്ലെങ്കിൽ മറെറാരു ഗ്രാമീണൻ എഴുന്നേററ് നിന്നിട്ട് പറഞ്ഞു. അല്ലാഹുവിന്റെ ദൂതരേ! കെട്ടിടങ്ങൾ വീണു

കഴിഞ്ഞു. ധനം വെള്ളത്തിലാണ്ടു. അതുകൊണ്ട്അവിടുന്നു ഞങ്ങൾക്കുവേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിച്ചാലും എന്ന് വിളിച്ചു പറഞ്ഞു. ഉടനെ തിരുമേനി(സ) തന്റെ കൈ രണ്ടും ഉയർത്തിയിട്ടു അല്ലാഹുവേ! ഞങ്ങളുടെ ചുററുഭാഗവും മഴ വർഷിക്കേണമേ, ഞങ്ങളിൽ മഴ വർഷിപ്പിക്കുന്നത് നിറുത്തേണമേ! എന്നു പ്രാർത്ഥിച്ചു. അങ്ങനെ തിരുമേനി(സ) കൈ ചൂണ്ടിക്കാട്ടിയ ഭാഗങ്ങളിലുള്ള മേഘങ്ങളെല്ലാം അവിടം വിട്ടുനീങ്ങാൻ തുടങ്ങി. മദീന ഒരു തടാകം പോലെ അവശേഷിച്ചു. മലഞ്ചെരുവുകളിലെ അരുവികൾ ഒരു മാസം വരേക്കും ഒഴുകിക്കൊണ്ടിരുന്നു. എല്ലാ ഭാഗങ്ങളിൽ നിന്നു വന്നവരും മഴയുടെ സമൃദ്ധിയെക്കുറിച്ച് സംസാരിക്കാൻ തുടങ്ങി. (ബുഖാരി. 2. 13. 55)

817. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: ഇമാം പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ നിന്റെ അടുത്തിരിക്കുന്ന വ്യക്തിയോട് നിശബ്ദമായിരിക്കൂ എന്ന് നീ പറഞ്ഞുപോയെങ്കിൽ നീ അനാവശ്യമാണ് പ്രവർത്തിച്ചിരിക്കുന്നത്. (ബുഖാരി. 2. 13. 56)

818. അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: വെള്ളിയാഴ്ച ദിവസം ചില നിമിഷങ്ങളുണ്ട്. അല്ലാഹുവിനോട് അനുസരണയുള്ള ദാസന്റെ നമസ്കാരം ആ നിമിഷങ്ങളിൽ നടന്നു. അന്നേരം അവൻ അല്ലാഹുവിനോട് എന്തെങ്കിലും ഒരു കാര്യത്തിനുവേണ്ടി അപേക്ഷിച്ചുകൊണ്ടിരുന്നു. എന്നാൽ അല്ലാഹു അക്കാര്യം അവന് സാധിച്ചുകൊടുക്കാതിരിക്കുകയില്ല. ആ നിമിഷങ്ങളെക്കുറിച്ച് സംസാരിച്ചപ്പോൾ അത് അൽപം ചില നിമിഷങ്ങൾ മാത്രമാണെന്ന് ഉണർത്തുവാൻ തിരുമേനി(സ) കൈകൊണ്ടു ആംഗ്യം കാണിച്ചു. (ബുഖാരി. 2. 13. 57)

819. ജാബിർ(റ) നിവേദനം: ഞങ്ങൾ തിരുമേനി(സ) യോടൊപ്പം ഒരിക്കൽ നമസ്കരിച്ചുകൊണ്ടിരുന്നപ്പോൾ ഒട്ടകപ്പുറത്ത് ആഹാരപദാർത്ഥങ്ങൾ കയററിക്കൊണ്ടുള്ള ഒരു വ്യാപാരസംഘം മദീനയിൽ എത്തിച്ചേർന്നു. അപ്പോൾ ജനങ്ങളുടെ ശ്രദ്ധ അങ്ങോട്ട് തിരിഞ്ഞു. പലരും പള്ളിവിട്ടിറങ്ങിപ്പോയി. അവസാനം പന്ത്രണ്ട് പേർ മാത്രമാണ് നബി(സ) യോടൊപ്പം അവശേഷിച്ചത്. വ്യാപാരമോ വിനോദമോ കാണുന്നപക്ഷം നിന്നെ നിൽക്കുന്ന സ്ഥിതിയിൽ വിട്ടുകൊണ്ട് അവർ അങ്ങോട്ടു തിരിഞ്ഞുപോകും (6:12) എന്ന ഖുർആൻ കൽപന അവതരിപ്പിച്ചത് അപ്പോഴാണ്. (ബുഖാരി. 2. 13. 58)

820. ഇബ്നുഉമർ(റ) നിവേദനം: തിരുമേനി(സ) ളുഹ്റിനു മുമ്പ് രണ്ട് റക്ക്അത്തും ളുഹ്റിനു ശേഷം രണ്ടു റക്ക്അത്തും സുന്നത്തു നമസ്കരിക്കാറുണ്ടായിരുന്നു. മഗ്രിബിനു ശേഷം തന്റെ വീട്ടിൽവെച്ച് തിരുമേനി(സ) രണ്ടു റക്ക്അത്തു സുന്നത്ത് നമസ്കരിക്കാറുണ്ട്. ഇശാക്ക് ശേഷം രണ്ടു റക്ക്അത്തും ജുമുഅ: ക്ക് ശേഷം പള്ളിയിൽ നിന്ന് പിരിഞ്ഞ് വീട്ടിൽ വന്നാൽ തിരുമേനി(സ) രണ്ടു റക്അത്തു നമസ്കരിക്കും. (ബുഖാരി. 2. 13. 59)

821. സഹ്ല്(റ) നിവേദനം: ജുമുഅ:ക്ക് ശേഷമാണ് ഞങ്ങൾ ഭക്ഷണം കഴിക്കുകയും ഉറങ്ങുകയും ചെയ്യാറുണ്ടായിരുന്നത്. (ബുഖാരി. 2. 13. 61)

822. അബുൽജഅദ്(റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: മൂന്നു ജുമുഅ: നിസ്സാരമാക്കിക്കൊണ്ട് ഉപേക്ഷിക്കുന്നവന്റെ ഹൃദയത്തിൽ അല്ലാഹു ഒരു മുദ്രവെയ്ക്കുന്നു. (അബൂദാവൂദ്)

823. പ്രവാചകനെ പ്രമാണമാക്കി ഇബ്നുഅബ്ബാസ്(റ) നിവേദനം ചെയ്തു; അവിടന്നു വെള്ളിയാഴ്ചകളിൽ അസ്സജ്ദ അദ്ധ്യായം 32 യും ഹൽ അത്താഅലൽ ഇൻസാനി അദ്ധ്യായം 76 ഉം പ്രഭാത നമസ്കാരത്തിലും, അൽജുമുഅ അദ്ധ്യായം 62 ഉം അൽമുനാഫിഖൂനും അദ്ധ്യായം 63 ജൂമുഅനമസ്കാരത്തിലും ഓതുക പതിവായിരുന്നു. (അഹ്മദ്)

824. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: സൂര്യനുദിക്കുന്ന ദിവസങ്ങളിൽവെച്ച് ഏററവും ശ്രേഷ്ഠമായത് ജുമുഅ ദിവസമാകുന്നു. ആദംനബി (അ) സൃഷ്ടിക്കപ്പെട്ടതും സ്വർഗ്ഗത്തിൽ പ്രവേശനം നൽകപ്പെട്ടതും അതിൽ നിന്ന് ബഹിഷ്കരിക്കപ്പെട്ടതും അന്നേ ദിവസമാണ്. (മുസ്ലിം)

825. അബൂഹുറയ്റ(റ)യിൽ നിന്നും ഇബ്നുഉമറി(റ)ൽനിന്നും നിവേദനം: മിമ്പറിന്റെ പടികളിൽനിന്നുകൊണ്ട് നബി(സ) പറയുന്നത് അവരിരുവരും കേട്ടു: ജുമുഅ നമസ്കാരം ഉപേക്ഷിക്കുന്നവർ ആ വൃത്തിയിൽ നിന്ന് വിരമിച്ചുകൊള്ളട്ടെ. അല്ലാത്തപക്ഷം അവരുടെ ഹൃദയങ്ങളിൽ അല്ലാഹു മുദ്രവെച്ചുകളയും. പിന്നീട് അശ്രദ്ധരുടെ കൂട്ടത്തിലാണ് അവരകപ്പെടുക. (മുസ്ലിം)

826. സമുറ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: വല്ലവനും (കുളിക്കാതെ) വുളുമാത്രം ചെയ്യുന്നുവെങ്കിൽ റുഖ്സ കൈകൊണ്ടവനായി. അത് നല്ലതത്രെ. കുളിക്കുന്നതാണ് ഏററവും വലിയ പുണ്യം. (അബൂദാവൂദ്, തിർമിദി)

827. അബൂബുർദത്തി(റ)ൽ നിന്ന് നിവേദനം: അബ്ദുല്ലാഹിബ്നുഉമർ(റ) ഒരിക്കൽ അദ്ദേഹത്തോട് ചോദിച്ചു: നിന്റെ പിതാവ് ജുമുഅയിലെ സവിശേഷ സമയത്തെ സംബന്ധിച്ച് റസൂൽ(സ) യിൽ നിന്ന് വല്ലതും ഉദ്ധരിക്കുന്നതായിട്ട് നീ കേട്ടിട്ടുണ്ടോ? ഞാൻ പറഞ്ഞു: അതെ, ഇമാം മിമ്പറിൽ ഇരുന്നതു മുതൽ നമസ്കാരം നിർവ്വഹിക്കപ്പെടുന്നതുവരെയാണ് ആ പ്രത്യേക സമയമെന്ന് നബി(സ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. (മുസ്ലിം)

828. ഔസി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: നിങ്ങളുടെ ഏററവും പ്രാധാന്യമുള്ള ദിവസങ്ങളിൽപ്പെട്ടതാണ് ജുമുഅ ദിവസം. അതുകൊണ്ട് അന്നേദിവസം നിങ്ങൾ എന്റെ പേരിൽ സ്വലാത്ത് ചൊല്ലുക. നിശ്ചയം നിങ്ങളുടെ സ്വലാത്ത് എന്റെ അടുക്കൽ വെളിവാക്കപ്പെടും. (അബൂദാവൂദ്)

## 18. ഭയം

829. ഇബ്നുഉമർ(റ) നിവേദനം: നജ്ദിന്റെ ഭാഗത്ത് പോയിട്ട് ഞാൻ തിരുമേനി(സ) യോടൊപ്പം യുദ്ധം ചെയ്തു. അന്നേരം ഞങ്ങൾ ശത്രുക്കളെ അഭിമുഖീകരിക്കുകയും അവർക്കെതിരിൽ യുദ്ധം ചെയ്യാൻ അണിനിരക്കുകയും ചെയ്തു. ആ ഘട്ടത്തിൽ ഞങ്ങൾക്ക് ഇമാമായി നിന്നുകൊണ്ട് നമസ്കരിക്കുവാൻ തിരുമേനി(സ) എഴുന്നേററുനിന്നു. അന്നേരം ഞങ്ങളിൽ ഒരു വിഭാഗം ശത്രുവിനെ അഭിമുഖീകരിച്ചുകൊണ്ട് നില കൊള്ളുകയും ചെയ്തു. അങ്ങനെ തിരുമേനി(സ) യോടൊപ്പം നമസ്കരിച്ച വിഭാഗക്കാരോടുകൂടി, തിരുമേനി(സ) റുകൂഉം രണ്ടു സുജൂദും ചെയ്തു. എന്നിട്ട് നമസ്കാരത്തിൽ പങ്കെടുക്കാതെ ശത്രുവിനെ അഭിമുഖീകരിച്ചുകൊണ്ടു നിന്ന ആ വിഭാഗക്കാർ നിൽക്കുന്ന സ്ഥാനത്തേക്ക് ഇവർ പിന്മാറി. ഉടനെ അവർ അവിടം വിട്ടിട്ട് തിരുമേനി(സ) യോടൊപ്പം നമസ്കാരത്തിൽ ചേർന്നു. അവരോട് കൂടി തിരുമേനി(സ) ഒരു റുകൂഅ് ചെയ്തു. രണ്ടു സുജൂദും. അനന്തരം തിരുമേനി(സ) സലാം ചൊല്ലി നമസ്കാരത്തിൽ നിന്ന് വിരമിച്ചു. പിന്നീട് രണ്ടു വിഭാഗക്കാരിൽ ഓരോ വിഭാഗവും ഒരു റുകൂഉം രണ്ടു സുജൂദും സ്വന്തം നമസ്കരിച്ചിട്ട് നമസ്കാരം പൂർത്തിയാക്കി. (ബുഖാരി. 2. 14. 64)

830. ഇബ്നുഅബ്ബാസ്(റ) നിവേദനം: തിരുമേനി(സ) നമസ്കരിക്കുവാൻ നിന്നു. ജനങ്ങൾ അദ്ദേഹത്തിന്റെ കൂടെ നമസ്കരിക്കുവാൻ വേണ്ടി എഴുന്നേററു നിന്നു. നബി(സ) തക്ബീർ ചൊല്ലിയപ്പോൾ അവരും തക്ബീർ ചൊല്ലി. റുകൂഉം സുജൂദും ചെയ്തപ്പോൾ ജനങ്ങളും അവ തിരുമേനി(സ)യുടെ കൂടെ നിർവ്വഹിച്ചു. അനന്തരം രണ്ടാം റക്അത്തിലേക്ക് നബി(സ) എഴുന്നേററു. അപ്പോൾ ഒരു റക്അത്തു നമസ്കരിച്ചവർ എഴുന്നേററ് അവരുടെ സഹോദരന്മാർക്ക് വേണ്ടി കാവൽനിന്നു. ശേഷം മറെറാരു വിഭാഗം വന്നു നബി(സ)യുടെ കൂടെ റുകൂഉം സുജൂദും ചെയ്തു.

എല്ലാവരും നമസ്കരിക്കുകയും ചിലർ ചിലർക്ക് കാവൽ നിൽക്കുകയും ചെയ്തു. (ബുഖാരി. 2. 14. 66)

## 19. രണ്ടു പെരുന്നാൾ

831. ആയിശ:(റ) നിവേദനം: ഒരു പെരുന്നാൾ ദിവസം നബി(സ) എന്റെയടുക്കൽ കടന്നുവന്നപ്പോൾ രണ്ടു പെൺകുട്ടികൾ ബുആസ് ദിവസത്തെക്കുറിച്ച് പാട്ടു പാടിക്കൊണ്ടിരിക്കുകയായിരുന്നു. നബി(സ) വിരിപ്പിൽ കിടന്നു. തന്റെ മുഖം മറുഭാഗത്തേക്ക് തിരിച്ചിട്ടു. (പാട്ടു ശ്രവിച്ചുകൊണ്ടിരുന്നു) അങ്ങനെ അബൂബക്കർ അവിടെ കയറി വന്നു. അദ്ദേഹം എന്റെ നേരെ കണ്ണുരുട്ടി. ഇപ്രകാരം ശകാരിച്ചു: ശൈത്താന്റെ പാട്ട്. അതു തന്നെ നബി(സ)യുടെ അടുത്തു വെച്ചിട്ടും! അപ്പോൾ നബി(സ) അബൂബക്കർ(റ)ന്റെ നേരെ തിരിഞ്ഞു കൊണ്ടു പറഞ്ഞു: നീ അവരെ വിട്ടേക്കുക. അദ്ദേഹം അതിൽ നിന്നു ശ്രദ്ധ തിരിച്ചപ്പോൾ ഞാൻ ആ രണ്ടു പെൺകുട്ടികളോടും ആംഗ്യം കാണിച്ചു. ഉടനെ അവർ രണ്ടുപേരും പുറത്തുപോയി. (ബുഖാരി. 2. 15. 70)

832. ബറാഅ്(റ) നിവേദനം: നബി(സ) പ്രസംഗിക്കുന്നതു ഞാൻ കേട്ടിട്ടുണ്ട്. അങ്ങനെ അവിടുന്ന് അരുളി: നിശ്ചയം നമ്മുടെ ഈ ദിവസം നാം ആദ്യമായി ആരംഭിക്കുക നമസ്കാരമാണ്. ശേഷം നാം പുറപ്പെട്ട് ബലിയറുക്കും. അങ്ങനെ വല്ലവനും ചെയ്താൽ അവൻ നമ്മുടെ നടപടി സമ്പ്രദായങ്ങളിൽ എത്തിച്ചേർന്നു. (ബുഖാരി. 2. 15. 71)

833. അനസ്(റ) നിവേദനം: നബി(സ) ചെറിയ പെരുന്നാൾ കുറച്ചു ഈത്തപ്പഴമെങ്കിലും ഭക്ഷിക്കാതെ (മൈതാനത്തേക്ക്) പോകാറുണ്ടായിരുന്നില്ല. അനസ്സിൽ നിന്നുള്ള മറ്റൊരു നിവേദനത്തിൽ നബി(സ) ഒററയായിട്ടാണ് ഭക്ഷിക്കാറുള്ളതെന്ന് പറയുന്നു. (ബുഖാരി. 2. 15. 73)

834. അനസ്(റ) നിവേദനം: നബി(സ) അരുളി: നമസ്കാരത്തിന് മുമ്പായി വല്ലവനും ബലി കർമ്മം നിർവ്വഹിച്ചിട്ടുണ്ടെങ്കിൽ അവൻ പകരം മറെറാന്ന് ആവർത്തിക്കട്ടെ. അപ്പോൾ ഒരാൾ എഴുന്നേററു നിന്നുകൊണ്ട് പറഞ്ഞു. മാംസത്തിന് ആഗ്രഹിക്കുന്ന ഒരു ദിവസമാണിത്. ശേഷം തന്റെ അയൽവാസിയെ അദ്ദേഹം സ്മരിച്ചു. അയാൾ പറഞ്ഞത് നബി(സ) സത്യപ്പെടുത്തിയതുപോലെയുണ്ട്. അദ്ദേഹം തുടർന്നു: എന്റെ അടുത്ത് ഒരു വയസ്സു പ്രായമുള്ള തടിച്ചുകൊഴുത്ത ആട്ടിൻകുട്ടിയുണ്ട്. രണ്ടാടിനേക്കാൾ എനിക്കിഷ്ടപ്പെട്ടതാണത്. അപ്പോൾ നബി(സ) അയാൾക്ക് അതിനെ ബലിയറുക്കുവാൻ അനുമതി നൽകി. ഈ ഇളവ് അദ്ദേഹത്തിന് മാത്രമോ അതല്ല, മററുള്ളവർക്ക് ലഭിക്കുമോ എന്നത് എനിക്ക് അജ്ഞാതമാണ്. (ബുഖാരി. 2. 15. 74)

835. ബറാഅ്(റ) നിവേദനം: ഒരു ബലിപെരുന്നാൾ ദിവസം നബി(സ) നമസ്ക്കാര ശേഷം ഞങ്ങളോടു പ്രസംഗിച്ചു. അങ്ങനെ നബി(സ) പറഞ്ഞു: വല്ലവനും നാം നമസ്കരിക്കും പോലെ നമസ്കരിച്ചു. നാം ബലിയറുക്കും പോലെ ബലിയറുത്തുവെങ്കിൽ അവന്റെ ബലി ശരിയായ മാർഗ്ഗത്തിലാണ് നടന്നത്. എന്നാൽ വല്ലവനും നമസ്കാരത്തിനു മുമ്പ് ബലി കഴിച്ചെങ്കിൽ ആ ബലിനമസ്കാരത്തിനു മുമ്പുള്ളതാണ്. ശരിയായ ബലിയല്ല. അപ്പോൾ അബൂബുർദ: പറഞ്ഞു: അദ്ദേഹം ബർറാഇന്റെ അമ്മാവനാണ്. അല്ലാഹുവിന്റെ ദൂതരേ! ഞാൻ എന്റെ ആടിനെ നമസ്കാരത്തിനുമുമ്പായി ബലിയറുത്ത് ഇന്നത്തെ ദിവസം തിന്നുകയും കുടിക്കുകയും ചെയ്യുന്ന ദിവസമാണെന്ന് ഞാൻ മനസ്സിലാക്കി. അതനുസരിച്ച് എന്റെ വീട്ടിൽ അറുക്കപ്പെടുന്ന ആദ്യത്തെ ആട് എന്റെ ആടായിരിക്കണമെന്നും ഞാൻ ആഗ്രഹിച്ചു. എന്റെ ആടിനെ ഞാൻ അറുത്തു. പെരുന്നാൾ നമസ്കാരത്തിന് പുറപ്പെടും മുമ്പ് അതുകൊണ്ട് ഞാൻ പ്രാതൽ കഴിക്കുകയും ചെയ്തു. തിരുമേനി(സ) അരുളി: നിന്റെ ആട് മാംസത്തിന്റെ ആട് മാത്രമാണ്. അബൂബുർദ

പറഞ്ഞു: പ്രവാചകരേ! ഞങ്ങളുടെ അടുത്ത് ഒരു വയസ്സായ ഒരു ആട്ടിൻകുട്ടിയുണ്ട്. രണ്ടാടിനേക്കാൾ എനിക്ക് ഇഷ്ടപ്പെട്ടതാണ്. എനിക്കുവേണ്ടി അതിനെ ബലിയറുക്കുവാൻ പററുമോ? നബി(സ) അരുളി: അതെ, മതിയാവും. എന്നാൽ നിനക്ക് ശേഷം അത് മററാർക്കും മതിയാവുകയില്ല. (ബുഖാരി. 2. 15. 75)

836. അബൂസഈദുൽ ഖുദ്‌രി(റ) നിവേദനം: നബി(സ) ചെറിയപെരുന്നാൾ ദിവസവും ബലിപെരുന്നാൾ ദിവസവും മൈതാനത്തേക്ക് പുറപ്പെടും. അവിടെ എത്തിയാൽ ആദ്യമായി നമസ്കാരമാണ് നബി(സ) തുടങ്ങുക. നമസ്കാരത്തിൽ നിന്ന് വിരമിച്ചാൽ ജനങ്ങളെ അഭിമുഖീകരിച്ച് എഴുന്നേററ് നിൽക്കും. ജനങ്ങൾ അവരുടെ അണികളിൽ തന്നെയിരിക്കും. അങ്ങനെ നബി(സ) അവർക്ക് ഒരു ഉപദേശം നൽകും. അവരോട് പലതും കൽപിക്കും. ഒരു പട്ടാളവിഭാഗത്തെ രൂപവൽക്കരിച്ച് വല്ലഭാഗത്തേക്കും അയക്കുവാൻ നബി(സ) ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ആ പട്ടാളസംഘത്തെ അവിടെവച്ച് രൂപവൽക്കരിക്കും. വല്ല കാര്യവും കൽപ്പിക്കാനാണ് ഉദ്ദേശമെങ്കിൽ അത് കല്പിക്കും. ശേഷം നബി(സ) അവിടെ നിന്ന് പിരിഞ്ഞു പോകും. അബുസഈദ്(റ) പറയുന്നു. മർവാൻ വരുന്നതുവരെ ജനങ്ങൾ ഈ നബിചര്യ തുടർന്നുകൊണ്ടിരുന്നു. ഒരിക്കൽ മദീനയിലെ ഗവർണറായിരുന്ന മർവ്വാന്റെ കൂടെ ഒരു ബലി പെരുന്നാൾ ദിവസമോ ചെറിയ പെരുന്നാൾ ദിവസമോ ഞാൻ മൈതാനത്തേക്ക് പുറപ്പെട്ടു. അങ്ങനെ മൈതാനത്ത് ഞങ്ങൾ എത്തിച്ചേർന്നപ്പോൾ അവിടെ അതാ ഒരു മിമ്പർ! കുസീറുബ്നുസ്വൽത്തു എന്ന മനുഷ്യൻ നിർമ്മിച്ചതാണിത്. മർവ്വാൻ നമസ്കരിക്കുന്നതിന്റെ മുമ്പായി തന്നെ ആ മിമ്പറിൽ കയറാൻ ഉദ്ദേശിച്ചു. അദ്ദേഹത്തിന്റെ വസ്ത്രം പിടിച്ച് ഞാൻ പിന്നോട്ട് വലിച്ചു. അപ്പോൾ അദ്ദേഹം എന്നെയും പിടിച്ചുവലിച്ചു. ഒടുവിൽ മിമ്പറിൽ കയറി അയാൾ നമസ്കാരത്തിന്റെ മുമ്പായി ഖുത്തുബ നടത്തി. ഞാൻ അയാളോട് പറഞ്ഞു: അല്ലാഹുവാണ് സത്യം. നിങ്ങൾ നബിചര്യ മാററി മറിച്ചിരിക്കുന്നു. അപ്പോൾ മർവാൻ പറഞ്ഞു. അബൂസഈദ്! നിങ്ങൾ മനസ്സിലാക്കിയ നബിചര്യയുടെ കാലം കഴിഞ്ഞിരിക്കുന്നു. അപ്പോൾ ഞാൻ മർവാനോട് പറഞ്ഞു. അല്ലാഹു സത്യം. ഞാൻ പഠിച്ചുവെച്ചതാണ് ഞാൻ പഠിക്കാതെ ഉപേക്ഷിച്ചതിനേക്കാൾ ഉത്തമം. മർവാൻ പറഞ്ഞു. ജനങ്ങൾ നമസ്കാരശേഷം നമ്മുടെ പ്രസംഗം കേൾക്കാനിരിക്കുന്നില്ല. അതുകൊണ്ട് ഖുത്തുബ: യെ ഞാൻനമസ്കാരത്തിന്റെ മുമ്പാക്കി. (ബുഖാരി. 2. 15. 76)

837. ഇബ്നുഉമർ(റ) നിവേദനം: നബി(സ) ബലി പെരുന്നാൾ ദിവസവും ചെറിയ പെരുന്നാൾ ദിവസവും നമസ്കരിക്കും. ശേഷം പ്രസംഗിക്കും. (ബുഖാരി. 2. 15. 77)

838. ജാബിർ(റ) നിവേദനം: ചെറിയപെരുന്നാൾ ദിവസം നബി(സ) പുറപ്പെടുകയും ഖുത്തുബക്ക് മുമ്പായി നമസ്കാരം ആരംഭിക്കുകയും ചെയ്യും. ഇബ്നു അബ്ബാസ്(റ) നിവേദനം: അദ്ദേഹം ഇബ്നു സുബൈറിന് ആദ്യമായി ബൈഅത്ത് ചെയതുകൊണ്ട് ഇപ്രകാരം പറഞ്ഞയച്ചു. നിശ്ചയം നബി(സ)യുടെ കാലത്ത് ചെറിയപെരുന്നാൾ ദിവസം ബാങ്കു വിളിക്കപ്പെടാറില്ല. ഖുത്തുബ നമസ്കാരശേഷം മാത്രമായിരുന്നു. ഇബ്നുഅബ്ബാസ്, ജാബിർ(റ) എന്നിവർ പറയുന്നു: ചെറിയപെരുന്നാൾ ദിവസവും ബലിപെരുന്നാൾ ദിവസവും ബാങ്കു വിളിക്കാറുണ്ടായിരുന്നില്ല. ജാബിർ(റ) നിവേദനം: നബി(സ) എഴുന്നേററ് നിന്ന് നമസ്കാരം ആരംഭിച്ചു. ശേഷം ജനങ്ങളോട് പ്രസംഗിച്ചു. പ്രസംഗത്തിൽ നിന്ന് വിരമിച്ചപ്പോൾ പ്രവാചകൻ ഇറങ്ങുകയും സ്ത്രീകളുടെ അടുത്ത് ചെന്ന് അവരെ (വീണ്ടും) ഉദ്ബോധിപ്പിക്കുകയും ചെയ്തു. നബി(സ) ബിലാലിന്റെ കയ്യിന്മേൽ ഊന്നിനിന്നുകൊണ്ട് ബിലാൽ തന്റെ ഒരു വസ്ത്രം നിവർത്തിപ്പിടിച്ചിട്ടുണ്ട്. സ്ത്രീകൾ അതിലേക്ക് ദാനധർമ്മം നിക്ഷേപിക്കും. ഞാൻ (ഒരു നിവേദകൻ) അത്വാഅ്(റ)നോട് ചോദിച്ചു. ഇന്നും ഇമാമുകൾ സ്ത്രീകളുടെ അടുത്തു ചെന്ന് ഖുതുബ:യിൽ നിന്ന് വിരമിച്ചാൽ പ്രത്യേകമായ ഉദ്ബോധനം അവർക്ക് നൽകൽ നിർബന്ധമാണോ? അദ്ദേഹം പറഞ്ഞു. നിശ്ചയം,

അത് അവരുടെ മേൽ നിർബന്ധമായതാണ്. അവർക്ക് അപ്രകാരം ചെയ്യാതിരിക്കുവാൻ എന്തുണ്ട്?. (ബുഖാരി. 2. 15. 78)

839. ഇബ്നുഅബ്ബാസ്(റ) നിവേദനം: നബി(സ) ചെറിയ പെരുന്നാൾ ദിവസം രണ്ട് റക്അത്ത് നമസ്കരിച്ചു. അതിന്റെ മുമ്പും അതിന്റെ ശേഷവും നബി സുന്നത്ത് നമസ്കരിച്ചില്ല. ശേഷം സ്ത്രീകളുടെ അടുത്തുവന്ന് ധർമ്മം ചെയ്യാൻ അവരോട് നിർദ്ദേശിച്ചു. നബി(സ)യുടെ കൂടെ ബിലാലും ഉണ്ടായിരുന്നു. സ്ത്രീകൾ അവരുടെ സ്വർണ്ണം കൊണ്ടും വെള്ളികൊണ്ടും നിർമ്മിക്കപ്പെട്ട കർണ്ണാഭരണങ്ങളും മാലകളും അതിൽ ഇടുവാൻ തുടങ്ങി. (ബുഖാരി. 2. 15. 81)

840. സഈദ്ബ്നുനു ജുബൈർ(റ) പറയുന്നു: ഇബ്നു ഉമർ(റ)ന്റെ കാലിന്റെ ഉള്ളിൽ ഒരു കുന്തത്തിന്റെ മുന തറച്ചപ്പോൾ ഞാൻ അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നു. അങ്ങനെ അദ്ദേഹത്തിന്റെ കാൽ ഒട്ടക കട്ടിലിനോട് ബന്ധിപ്പിക്കപ്പെട്ടു. ഞാൻ താഴെയിറങ്ങി അത് ഊരിയെടുത്തു. മിനായിൽ വെച്ചായിരുന്നു സംഭവം. ഈ വിവരം ഹജ്ജാജ് അറിഞ്ഞപ്പോൾ ഇബ്നുഉമർ(റ)നെ സന്ദർശിക്കുവാൻ വരികയും നിങ്ങളെ മുറിവേൽപ്പിച്ചവനെ ഞാൻ മനസ്സിലാക്കിയിരുന്നുവെങ്കിൽ അവനെ ശിക്ഷിക്കുമായിരുന്നുവെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. അപ്പോൾ ഇബ്നു ഉമർ(റ) പറഞ്ഞു: നീ തന്നെയാണ് എന്നെ മുറിവേൽപിച്ചത്? ഹജ്ജാജ് ചോദിച്ചു: അത് എപ്രകാരമാണ്? ഇബ്നു ഉമർ(റ) പ്രത്യുത്തരം നൽകി. ആയുധം വഹിക്കപ്പെടാൻ പാടില്ലാത്ത (പെരുന്നാൾ) ദിവസം നീയതു വഹിച്ചു. ഹറമിൽ നീയതു പ്രവേശിപ്പിക്കുകയും ചെയ്തു. ആയുധം ഒരിക്കലും ഹറമിൽ പ്രവേശിക്കപ്പെട്ടിരുന്നില്ല. (ബുഖാരി. 2. 15. 83)

841. ഇബ്നു അബ്ബാസ്(റ) നിവേദനം: നബി(സ) അരുളി: ദുൽഹജ്ജ് മാസത്തിലെ ആദ്യത്തെ പത്തുദിവസങ്ങളിൽ നിർവ്വഹിക്കപ്പെടുന്ന പുണ്യകർമ്മങ്ങൾക്ക് ലഭിക്കുന്ന പ്രതിഫലം ഈ ദിവസങ്ങളൊഴിച്ചുള്ള മറേറത് ദിവസങ്ങളിൽ നിർവ്വഹിച്ചാലും ലഭിക്കുകയില്ല. അപ്പോൾ സഹാബിമാർ ചോദിച്ചു. ജിഹാദ് ചെയ്താലും? നബി(സ) പറഞ്ഞു: ജിഹാദ് ചെയ്താലും തത്തുല്യ പ്രതിഫലം ലഭിക്കുകയില്ല. പക്ഷെ, ഒരു പുരുഷനൊഴികെ അപകടസാധ്യതയുള്ള ഒരന്തരീക്ഷത്തിലേക്ക് ജീവനും ധനവും കൊണ്ട് അവനിറങ്ങി. എന്നിട്ട് ഒരു നേട്ടവും കൊണ്ട് അവൻ മടങ്ങിപ്പോകുന്നില്ല. (എല്ലാം അവൻ ബലികഴിച്ചു). (ബുഖാരി. 2. 15. 86)

842. മുഹമ്മദ്ബ്നു അബൂബക്കർ(റ) പറയുന്നു: ഞങ്ങൾ മീനായിൽ നിന്ന് അറഫായിലേക്ക് പ്രഭാതത്തിൽ പുറപ്പെടുമ്പോൾ അനസി(റ)നോട് തൽബിയ്യത്തിനെക്കുറിച്ച് ചോദിച്ചു. നബി(സ) യോടൊപ്പം നിങ്ങൾ എങ്ങിനെയാണ് ചൊല്ലിയിരുന്നതെന്ന്. അനസ്(റ) പറഞ്ഞു: തൽബിയ്യത്തു ചൊല്ലുന്നവൻ തൽബിയ്യത്തു ചൊല്ലും. അതാരും എതിർക്കുകയില്ല. തക്ബീർ ചൊല്ലുന്നവൻ തക്ബീർ ചൊല്ലും. അതാരും എതിർക്കുകയില്ല. (ബുഖാരി. 2. 15. 87)

843. ഉമ്മുഅതിയ്യ:(റ) നിവേദനം: പെരുന്നാൾ ദിവസം മൈതാനത്തേക്ക് പുറപ്പെടാൻ ഞങ്ങൾ കല്പിക്കാറുണ്ട്. യുവതികളായ സ്ത്രീകളെ അവരുടെ അന്തഃപുരിയിൽ നിന്ന് പുറത്തുകൊണ്ടുവരാനും. അങ്ങനെ അശുദ്ധിയുള്ള സ്ത്രീകളെ വരെ ഞങ്ങൾ ഈദ് ഗാഹിലേക്ക് കൊണ്ട് വരും. അവർ ജനങ്ങളുടെ പിന്നിൽ അണിനിരക്കും. അവർ (പുരുഷൻമാർ) തക്ബീർ ചൊല്ലുന്നതുപോലെ സ്ത്രീകളും തക്ബീർ ചൊല്ലും. അവർ പ്രാർത്ഥിക്കുന്നതു പോലെ പ്രാർത്ഥിക്കും. ആ ദിവസത്തെ നന്മയും പരിശുദ്ധിയും അവരും കാംക്ഷിക്കും. (ബുഖാരി. 2. 15. 88)

844. ഇബ്നു ഉമർ(റ) നിവേദനം: നബി(സ) മൈതാനത്തേക്ക് പ്രഭാതത്തിൽ പുറപ്പെടും. നബി(സ)യുടെ മുന്നിൽ ഒരു വടി നാട്ടുകയും അതിന്റെ നേരെ തിരിഞ്ഞു നമസ്കരിക്കുകയും ചെയ്യും. (ബുഖാരി. 2. 15. 89)

845. ഉമ്മു അത്വിയ്യ:(റ) നിവേദനം: യുവതികളേയും രഹസ്യമുറികളിൽ ഇരിക്കുന്ന സ്ത്രീകളേയും പുറത്തുകൊണ്ടു വരാൻ ഞങ്ങൾ ശാസിക്കപ്പെടാറുണ്ട്. അശുദ്ധിയുള്ള സ്ത്രീകൾ നമസ്കാരസ്ഥലത്തു നിന്ന് അകന്നു നിൽക്കും. (ബുഖാരി. 2. 15. 91)

846. അബ്ദുറഹിമാൻ(റ) നിവേദനം: നബി(സ)യുടെ കൂടെ പെരുന്നാൾ നമസ്കാരത്തിൽ താങ്കൾ പങ്കെടുത്തിരുന്നുവോ എന്ന് ഇബ്നു അബ്ബാസ്(റ)നോട് ചോദിക്കപ്പെട്ടു. അദ്ദേഹം പറഞ്ഞു: അതെ, ഞാൻ ചെറിയ കുട്ടിയായിരുന്നില്ലെങ്കിൽ നബി(സ)യുടെ ഒപ്പം പങ്കെടുക്കുമായിരുന്നില്ല. ഹുസൈർറിബ്നു സ്വൽത്തിന്റെ വീട്ടിന്റെ അടുത്ത് നിർമ്മിക്കപ്പെട്ട ഒരു അടയാളത്തിന്റെ അടുത്ത് നബി(സ) വരുകയും അങ്ങനെ നമസ്കരിക്കുകയും ചെയ്തു. ശേഷം പ്രസംഗിച്ചു. പിന്നീട് സ്ത്രീകളുടെ അടുത്ത് ചെന്ന് അവരെ ഉപദേശിക്കുകയും ഉദ്ബോധിപ്പിക്കുകയും ധർമ്മം ചെയ്യാൻ അവരോട് നിർദ്ദേശിക്കുകയും ചെയ്തു. ബിലാലിന്റെ വസ്ത്രത്തിലേക്ക് സ്ത്രീകൾ അവരുടെ കൈകൾ ധർമ്മവുമായി ഇടുന്നത് ഞാൻ കണ്ടു. ശേഷം നബിയും ബിലാലും വീട്ടിലേക്ക് പുറപ്പെട്ടു. (ബുഖാരി. 2. 15. 94)

847. ജാബിർ(റ) നിവേദനം: നബി(സ) ചെറിയപെരുന്നാൾ ദിവസം എഴുന്നേററ് നിന്ന് നമസ്ക്കരിച്ചു. നമസ്ക്കാരം കൊണ്ടു ആരംഭിക്കുകയും ശേഷം പ്രസംഗിക്കുകയും ചെയ്തു. പ്രസംഗത്തിൽ നിന്ന് വിരമിച്ചപ്പോൾ നബി(സ) ഇറങ്ങി സ്ത്രീകളുടെ അടുത്തു വരികയും അവരെ ഉൽബോധിപ്പിക്കുകയും ചെയ്തു. ബിലാലിന്റെ കയ്യിൽ നബി(സ) പിടിക്കുന്നുണ്ടായിരുന്നു. ബിലാൽ തന്റെ വസ്ത്രം നിവർത്തിപ്പിടിച്ചു. സ്ത്രീകൾ അതിലേക്ക് ധർമ്മം ഇടുവാൻ തുടങ്ങി. ഞാൻ (ഒരു നിവേദകൻ) അത്വാഅ്(റ) നോടു ചോദിച്ചു. ഫിത്വർ സക്കാത്തായിരുന്നുവോ? അദ്ദേഹം പറഞ്ഞു: അല്ല അന്ന് അവർ ധർമ്മം ചെയ്ത ധർമ്മമായിരുന്നു. സ്ത്രീകൾ അവരുടെ മോതിരം അതിൽ നിക്ഷേപിച്ചു. ഞാൻ ചോദിച്ചു. ഇന്നും ഇമാമുകൾ ഇപ്രകാരം സ്ത്രീകൾക്ക് ഉൽബോധനം നൽകേതുണ്ടോ? അത്വാഅ്(റ) പറഞ്ഞു. അതെ നിശ്ചയം അതു അവരുടെ മേൽ അവകാശപ്പെട്ടതാണ്. പക്ഷെ എന്തുകൊണ്ടു അവരതു ചെയ്യുന്നില്ല. ഇബ്നു അബ്ബാസ്(റ) നിവേദനം: നബി(സ)യുടെ കൂടെയും അബൂബക്കർ, ഉമർ, ഉസ്മാൻ എന്നിവരുടെ കൂടെയും ഞാൻ ചെറിയ പെരുന്നാളിന് പങ്കെടുത്തിട്ടുണ്ട്. ശേഷം അവരെല്ലാം തന്നെ ഖുതുബ:ക്ക് മുമ്പായിട്ടാണ് നമസ്ക്കരിക്കാറുള്ളത്. ശേഷം പ്രസംഗിക്കും. നബി(സ) ഒരിക്കൽ പുറപ്പെട്ടു. ജനങ്ങളെ കൈകൊണ്ട് തിരുമേനി(സ) ഇരുത്തി. ശേഷം അവർക്കിടയിലൂടെ പുറപ്പെട്ടു. സ്ത്രീകളുടെ അടുത്തു വന്നു. ബിലാലും നബിയുടെ കൂടെയുണ്ടായിരുന്നു. ശേഷം അവിടുന്നു ഓതി (അല്ലയോ പ്രവാചകരേ, വിശ്വാസികളായ സ്ത്രീകൾ താങ്കൾക്ക് ബൈഅത്തു ചെയ്യുവാൻ വന്നാൽ) ശേഷം നബി(സ) ചോദിച്ചു. ഈ വ്യവസ്ഥ അംഗീകരിക്കുവാൻ നിങ്ങൾ തയ്യാറുണ്ടോ? അപ്പോൾ അവരിൽ നിന്ന് ഒരു സ്ത്രീ പറഞ്ഞു: അതെ, ഹസ്സന്ന് (നിവേദകൻ) ആ സ്ത്രീയുടെ പേര് അറിയുകയില്ല. പിന്നീട് നബി(സ) പറഞ്ഞു. നിങ്ങൾ ധർമ്മം ചെയ്യുവിൻ, അപ്പോൾ ബിലാൽ താന്റെ വസ്ത്രം നിവർത്തിപ്പിടിച്ചു. ബിലാൽ(റ) പറഞ്ഞു. നിങ്ങൾ മുന്നിട്ടു വരിക. എന്റെ മാതാപിതാക്കൾ പ്രായശ്ചിത്തമാണ്. അപ്പോൾ സ്ത്രീകൾ അവരുടെ വളകളും മോതിരങ്ങളും വസ്ത്രത്തിൽ ഇടാൻ തുടങ്ങി. (ബുഖാരി. 2. 15. 95)

848. ഹഫ്സ: ബിൻത് സിരീൻ(റ) പറയുന്നു: യുവതികൾ രണ്ടു പെരുന്നാളിന്നു പുറത്തു പോകുന്നത് ഞങ്ങൾ തടഞ്ഞിരുന്നു. അങ്ങനെ ഒരു സ്ത്രീ ബസറയിലുള്ള ബനുഖലീഫന്റെ എടുപ്പിൽ വന്നിറങ്ങി. നബി(സ)യൊന്നിച്ച് പന്ത്രണ്ടു യുദ്ധത്തിൽ പങ്കെടുത്ത ഭർത്താവോടൊപ്പം ആറെണ്ണത്തിലും കൂടെയുണ്ടായിരുന്ന സഹോദരിയിൽ നിന്ന് അവർ ഹദീസ് റിപ്പോർട്ടു ചെയ്യുന്നു. സഹോദരി പറഞ്ഞു. ഞങ്ങൾ യുദ്ധത്തിൽ മുറിവേററവരെ ചികിത്സിക്കുകയും രോഗികളെ ശുശ്രൂഷിക്കുകയും ചെയ്തിരുന്നു. എന്റെ സഹോദരി നബി(സ) യോടു ചോദിച്ചു.

ഞങ്ങളിൽ ഒരാൾക്ക് പർദ്ദയില്ലെങ്കിൽ വരാതിരിക്കുന്നതിൽ തെററുണ്ടോ? വസ്ത്രമില്ലെങ്കിൽ കൂട്ടുകാരി നൽകണം. പുണ്യത്തിലും സത്യവിശ്വാസികളുടെ പ്രാർത്ഥനയിലും അവളും പങ്കെടുക്കട്ടെ എന്ന് നബി(സ) പ്രത്യുത്തരം നൽകി. (ബുഖാരി. 2. 15. 96)

849. ഉമ്മുഅതിയ്യ:(റ) നിവേദനം: ആർത്തവകാരികളായ സ്ത്രീകളേയും യുവതികളേയും രഹസ്യമുറികളിൽ ഇരിക്കുന്ന സ്ത്രീകളേയും ഈദ്ഗാഹിലേക്ക് കൊണ്ടു വരാൻ ഞങ്ങളോട് ശാസിക്കപ്പെടാറുണ്ട്. എന്നാൽ ആർത്തവകാരികൾ മുസ്ലിംകളുടെ സംഘത്തിൽ പങ്കെടുക്കും. അവരുടെ പ്രാർത്ഥനകളിലും. നമസ്കാര സന്ദർഭത്തിൽ നമസ്കാര സ്ഥലത്തു നിന്ന് അവർ അകന്ന് നിൽക്കും. (ബുഖാരി. 2. 15. 97)

850. ഇബ്നു ഉമർ(റ) നിവേദനം: നബി(സ) ഒട്ടകത്തേയും മററു മൃഗങ്ങളെയും പെരുന്നാൾ മൈതാനത്ത് വെച്ച് തന്നെയാണ് ബലി കഴിക്കാറുണ്ടായിരുന്നത്. (ബുഖാരി. 2. 15. 98)

851. അനസ്(റ) നിവേദനം: നബി(സ) ബലി പെരുന്നാൾ ദിവസം നമസ്കരിക്കുകയും ശേഷം പ്രസംഗിക്കുകയും പ്രസംഗത്തിൽ നമസ്കാരത്തിന് മുമ്പായി ബലികർമ്മം നിർവ്വഹിച്ചവരോട് പകരം അറുക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. അപ്പോൾ അൻസാരികളിൽ പെട്ട ഒരാൾ എഴുന്നേററ് നിന്ന് പറഞ്ഞു: പ്രവാചകരേ! എനിക്ക് ദരിദ്രനായ ഒരു അയൽവാസിയുണ്ട്. അതിനാൽ നമസ്കാരത്തിനു മുമ്പായി എന്റെ ബലി മൃഗത്തെ ഞാൻ അറുത്തു. എന്റെ അടുത്ത് ഒരു വയസ്സുള്ള ആടുണ്ട്. രണ്ട് ആടിനേക്കാൾ എനിക്ക് ഇഷ്ടപ്പെട്ടതാണത്. അപ്പോൾ നബി(സ) അതിനെ അറുക്കുവാൻ അദ്ദേഹത്തിന് ഇളവ് നൽകി. (ബുഖാരി. 2. 15. 100)

852. ജുൻദുബ്(റ) നിവേദനം: നബി(സ) ബലിപെരുന്നാൾ നമസ്കരിക്കുകയും ശേഷം പ്രസംഗിക്കുകയും ചെയ്തു. പിന്നീട് അറവ് നിർവ്വഹിച്ചു. അവിടുന്നു പറഞ്ഞു: വല്ലവനും നമസ്കാരത്തിന്റെ മുമ്പ് ബലിമൃഗത്തെ അറുത്തിട്ടുണ്ടെങ്കിൽ അതിന്റെ സ്ഥാനത്ത് മറെറാന്നു അറുക്കട്ടെ. അറുക്കാത്തവൻ അല്ലാഹുവിന്റെ നാമത്തിൽ അറുക്കട്ടെ. (ബുഖാരി. 2. 15. 101)

853. ജാബിർ(റ) നിവേദനം: നബി(സ) പെരുന്നാൾ ദിവസം പോയ വഴിക്കല്ല തിരിച്ചു വരാറുണ്ടായിരുന്നത്. (ബുഖാരി. 2. 15. 102)

854. ഇബ്നു അബ്ബാസ്(റ) നിവേദനം: തിരുമേനി(സ) ചെറിയ പെരുന്നാൾ ദിവസം പുറപ്പെടുകയും രണ്ട് റക്അത്ത് നമസ്കരിക്കുകയും ചെയ്തു. അതിന്റെ മുമ്പോ അതിന്റെ ശേഷമോ സുന്നത്തു നമസ്കരിച്ചില്ല. (ബുഖാരി. 2. 15. 104)

855. ജാബീർ ഇബ്നുസമൂറഃ(റ) പറഞ്ഞു: അസാൻ കൂടാതെയും ഇഖാമകൂടാതെയും ഞാൻ പ്രവാചകനോടുകൂടി രണ്ടു ഈദുനമസ്ക്കാരങ്ങളും, ഒന്നോ രണ്ടോ പ്രാവശ്യമല്ല, നമസ്ക്കരിച്ചത്. (മുസ്ലിം)

856. തന്റെ പിതാമഹനെ ആധാരമാക്കി കസീർ(റ) നിവേദനം ചെയ്തു. പ്രവാചകൻ(സ) രണ്ടു ഈദു നമസ്കാരത്തിലും ഒന്നാമത്തെ റകഅത്തിൽ ഫാത്തിഹാ ഓതുന്നതിന് മുമ്പായി ഏഴുപ്രാവശ്യം തക്ബീർ ചൊല്ലുകയും, രണ്ടാമത്തെ റകഅത്തിൽ ഓതുന്നതിന് മുമ്പ് അഞ്ച് പ്രാവശ്യം തക്ബീർ ചൊല്ലുകയും ഉണ്ടായി. (തിർമിദി)

857. ഇബ്നു അബ്ബാസ്(റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ(സ) ഫിത്തർ ദിനത്തിലും, അസഹാ ദിനത്തിലും കുളിക്കുക പതിവായിരുന്നു. (ഇബ്നുമാജാ)

858. അബ്ദുല്ലാ ഇബ്നു ബുസ്രി(റ)നെ ആധാരമാക്കി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. ഫിത്തർ ദിനത്തിലോ അസ്ഹാ ദിനത്തിലോ അദ്ദേഹം ജനങ്ങളൊന്നിച്ച് പോകയും ഇമാമിന്റെ താമസത്തിൽ അനിഷ്ടപ്പെടുകയും ഇപ്രകാരം പറയുകയും ചെയ്തു: ഈ

സമയത്ത് ഞങ്ങൾ പരിപാടി അവസാനിപ്പിക്കുക പതിവായിരുന്നു: സൂര്യോദയത്തിനു ശേഷമുള്ള നമസ്ക്കാര സമയമായിരുന്നു അത്. (ഇബ്നുമാജാ)

859. അബൂഹുറയ്റാ(റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: ത്രാണിയുണ്ടായിരിക്കെ, ആരൊരുവൻ ഒരു മൃഗത്തെ ബലികഴിക്കുന്നില്ലയോ, അവൻ നമ്മുടെ പ്രാർത്ഥന സ്ഥലത്ത് വരാതിരിക്കട്ടെ. (അഹ്മദ്)

860. ജാബിർ(റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: നിങ്ങൾക്കു ലഭിക്കുവാൻ പ്രയാസമില്ലാത്തപക്ഷം ഒരു മുന്നിസായെ അല്ലാതെ അറക്കരുത്. ലഭിക്കുവാൻ പ്രയാസമാണെങ്കിൽ ആടുകളിൽ ഒരു ജദഅയെ അറക്കുക (മുസ്ലിം)

861. ബറാഇബ്നു ആസിബ്(റ) നിവേദനം ചെയ്തു: ഏതു ബലികളാണ് ഉപേക്ഷിക്കേണ്ടതെന്ന് പ്രവാചക(സ) നോടു ചോദിച്ചു. അവിടന്നു തന്റെ കൈ കൊണ്ടു കാണിച്ചു പറഞ്ഞു: നാല് ; പ്രത്യക്ഷമായിക്കാണുന്ന മുടന്തുള്ളത്, ഒരു കണ്ണ് കുരുടാകയാൽ പ്രത്യക്ഷമായി വൈരൂപ്യമുള്ളത്, പ്രത്യക്ഷമായി രോഗം ബാധിച്ച രോഗമുള്ളത്, എല്ലുകളിൽ മജ്ജ നശിച്ചു ശോഷിച്ചത്. (അബൂദാവൂദ്)

862. ജാബിർ(റ) നിവേദനം ചെയ്തു, പ്രവാചകൻ(സ) പറഞ്ഞു: ബലിക്കു ഒരു പശു ഏഴുപേർക്കും, ഒരു ഒട്ടകം ഏഴുപേർക്കും മതിയാകും. (മുസ്ലിം)

863. ഇബ്നുഉമർ(റ) പറഞ്ഞു: അൽ അസ്ഹ, അസ്ഹക്കുശേഷം രണ്ടു ദിവസം കൂടി നിലനില്ക്കുന്നു. (മുസ്ലിം)

864. ഇബ്നുഉമർ(റ) പറഞ്ഞു: ദൈവദൂതന്റെ(സ) കാലത്തു രണ്ട് ഈദും (ഈദും വെള്ളിയാഴ്ചയും) ഒന്നിച്ചുണ്ടായി. അതുകൊണ്ട് അവിടുന്നു ജനങ്ങളോടൊത്തു ഈദു നമസ്ക്കരിച്ചു: പിന്നീടു പറഞ്ഞു വെള്ളിയാഴ്ച നമസ്ക്കാരത്തിന് വേണ്ടി വരുവാൻ ആഗ്രഹിക്കുന്നവൻ വരട്ടെ, ആര് ഹാജരാകാതിരിക്കുവാൻ ഇച്ഛിക്കുന്നുവോ, അവൻ ഹാജരാകാതിരിക്കട്ടെ. (ഇബ്നുമാജാ)

## 20. വിത്ർ

865. ഇബ്നു ഉമർ(റ) നിവേദനം: ഒരു മനുഷ്യൻ രാത്രിയിലെ നമസ്കാരത്തെക്കുറിച്ച് നബി(സ) യോട് ചോദിച്ചു. നബി(സ) അരുളി: രാത്രിയിലെ നമസ്കാരം ഈ രണ്ട് റക്അത്തുകളായിട്ടാണ് നമസ്കരിക്കേണ്ടത്. സുബ്ഹ് നമസ്കാരത്തെ നിങ്ങളിൽ ആരെങ്കിലും ഭയപ്പെട്ടാൽ അവൻ ഒരൊററ റക്അത്തു നമസ്കരിക്കട്ടെ. അതുവരെ അവൻ നമസ്കരിച്ചു കഴിഞ്ഞതിനെ അത് അവന് വിത്റാക്കി മാററും. നാഫിഅ്(റ) നിവേദനം: ഇബ്നു ഉമർ(റ) വിത്റിൽ രണ്ട് റക്അത്തിന്റെയും ഒരു റക്അത്തിന്റെയും ഇടയിൽ സലാം വീട്ടുകയും തന്റെ ചില ആവശ്യങ്ങൾക്ക് കൽപ്പിക്കുകയും ചെയ്യാറുണ്ടായിരുന്നു. (ബുഖാരി. 2. 16. 105)

866. ഇബ്നു ഉമർ(റ) നിവേദനം: നബി(സ) അരുളി: രാത്രി നമസ്കാരം ഈ രണ്ടു റക്അത്തു വീതമാണ്. നീ അവസാനിപ്പിക്കുവാൻ ഉദ്ദേശിച്ചാൽ ഒരു റക്അത്തു നമസ്കരിച്ച് നീ നമസ്കരിച്ചതിനെ വിത്റാക്കുക. ഖാസിം പറയുന്നു. എനിക്ക് പ്രായപൂർത്തിയായ ശേഷം ജനങ്ങൾ മൂന്ന് റക്അത്തു കൊണ്ട് വിത്റാക്കുന്നത് ഞാൻ കണ്ടിട്ടു്. രണ്ട് രീതിയും വിശാലമാണ്. ഒന്നിനും കുഴപ്പമില്ലെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. (ബുഖാരി. 2. 16. 107)

867. ആയിശ(റ) നിവേദനം: തിരുമേനി(സ) രാത്രിയിൽ പതിനൊന്ന് റക്അത്താണ് നമസ്കരിച്ചിരുന്നത്. അതായിരുന്നു അവിടുത്തെ രാത്രി നമസ്കാരം. നിങ്ങളിൽ ഒരാൾ ഖുർആനിലെ 50 സൂക്തങ്ങൾ ഓതാൻ എടുക്കുന്ന സമയം ആ നമസ്കാരത്തിൽ നബി(സ) ഒരു സുജൂദിന് എടുക്കാറുണ്ടായിരുന്നു. ശേഷം സുബ്ഹ് നമസ്കാരത്തിന് മുമ്പ് നബി(സ) രണ്ടു റക്അത്തു നമസ്കരിക്കും. പിന്നീട് തന്റെ വലതു വശത്തേക്ക് ചരിഞ്ഞു കിടക്കും. നമസ്കാരത്തിന് വിളിക്കുന്നവൻ

(ഇഖാമത്ത് കൊടുക്കുന്നവൻ) നബി(സ)യുടെ അടുത്തു വരുന്നതുവരെ ആ നിലക്ക് കിടക്കും. (ബുഖാരി. 2. 16. 108)

868. ഇബ്നുസീറിൻ പറയുന്നു: ഇബ്നു ഉമർ(റ)നോട് ഞാൻ ചോദിച്ചു. സുബ്ഹിന്റെ മുമ്പുള്ള രണ്ട് റക്അത്തിൽ എനിക്ക് ഖുർആൻ ദീർഘമായി പാരായണം ചെയ്യുവാൻ പററുമോ? അപ്പോൾ ഇബ്നുഉമർ(റ) പറഞ്ഞു: നബി(സ) രാത്രിയിൽ ഈ രണ്ട് റക്അത്തു വീതം നമസ്കരിക്കും. ഒരു റക്അത്ത് കൊണ്ട് വിത്റ് നമസ്കരിച്ചശേഷം സുബ്ഹിന്റെ രണ്ട് റക്അത്ത് നമസ്കരിക്കും. വിളി (ഇഖാമത്ത്) അദ്ദേഹത്തിന്റെ രണ്ടു ചെവിയിലും ആയതുപോലെ. (ബുഖാരി. 2. 16. 109)

869. ആയിശ(റ) നിവേദനം: രാത്രിയുടെ എല്ലാ ദിശകളിലും നബി(സ) വിത്റ് നമസ്കരിച്ചിട്ടുണ്ട്. അവിടുത്തെ വിത്ത്ർ അത്താഴ സമയം വരെയും എത്താറുണ്ട്. (ബുഖാരി. 2. 16. 110)

870. ആയിശ(റ) നിവേദനം: നബി(സ) രാത്രിയിൽ നമസ്കരിക്കുമ്പോൾ അദ്ദേഹത്തിന്റെ വിരിപ്പിൽ ഞാൻ വിലങ്ങനെ കിടക്കാറുണ്ട്. വിത്ത്റാക്കുവാൻ ഉദ്ദേശിക്കുമ്പോൾ എന്നെ വിളിച്ചുണർത്തുകയും ഞാൻ വിത്റാക്കുകയും ചെയ്യും. (ബുഖാരി. 2. 16. 111)

871. അബ്ദുല്ലാഹിബ്നു ഉമർ(റ) നിവേദനം: നബി(സ) അരുളി: രാത്രിയിലെ നിങ്ങളുടെ അവസാനത്തെ നമസ്കാരം നിങ്ങൾ വിത്റാക്കുവീൻ. (ബുഖാരി. 2. 16. 112)

872. സഈദ്(റ) നിവേദനം: ഞാൻ ഒരിക്കൽ ഇബ്നുഉമർ(റ)ന്റെ കൂടെ മക്കയിലെ ഒരു വഴിയിലൂടെ സഞ്ചരിക്കുകയായിരുന്നു. സഈദ് പറയുന്നു: സുബ്ഹ് നമസ്കാരത്തെ ഞാൻ ഭയപ്പെട്ടപ്പോൾ വാഹനപ്പുറത്തു നിന്ന് ഇറങ്ങി വിത്ർ നമസ്കരിച്ചശേഷം ഇബ്നു ഉമർ(റ)നെ അഭിമുഖീകരിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു; നീ എവിടെയായിരുന്നു? ഞാൻ പറഞ്ഞു: സുബ്ഹ് നമസ്കാരത്തെ ഞാൻ ഭയപ്പെട്ടപ്പോൾ വാഹനപ്പുറത്തുനിന്ന് ഇറങ്ങുകയും വിത്ർ നമസ്കരിക്കുകയും ചെയ്തു. അപ്പോൾ ഇബ്നു ഉമർ(റ) പറഞ്ഞു: നിനക്ക് അല്ലാഹുവിന്റെ ദൂതനിൽ മാതൃകയില്ലേ? അതെ, എന്ന് ഞാൻ പ്രത്യുത്തരം നൽകി. ഇബ്നു ഉമർ(റ) പറഞ്ഞു. എന്നാൽ നിശ്ചയം പ്രവാചകൻ ഒട്ടകപ്പുറത്തു വെച്ച് വിത്റാക്കിയിട്ടുണ്ട്. (ബുഖാരി. 2. 16. 113)

873. ഇബ്നു ഉമർ(റ) നിവേദനം: നബി(സ) രാത്രി നമസ്കാരം തന്റെ ഒട്ടകപ്പുറത്ത് ഇരുന്നുകൊണ്ട് അത് എവിടേക്കാണോ അഭിമുഖീകരിച്ചത് അവിടേക്ക് തിരിഞ്ഞുകൊണ്ട് നമസ്കരിക്കാറുണ്ട്. അവിടുന്ന് ആംഗ്യം കാണിക്കും. ഒട്ടകപ്പുറത്തുവെച്ച് തന്നെ വിത്ത്റാക്കുകയും ചെയ്യും. നിർബ്ബന്ധ നമസ്കാരം ഒഴികെ. (ബുഖാരി. 2. 16. 114)

874. ആസ്വിം പറയുന്നു: അനസ്സ്(റ)നോട് ഖുനൂത്തിനെ സംബന്ധിച്ച് ഞാൻ ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: ആദ്യകാലത്തു ഉണ്ടായിരുന്നു. റുകൂഇന്ന് മുമ്പാണോ അതല്ല ശേഷമോ എന്ന് ഞാൻ വീണ്ടും ചോദിച്ചു. അദ്ദേഹം പറഞ്ഞു: റുകൂഇന്ന് മുമ്പ്. അപ്പോൾ പറഞ്ഞു: നിശ്ചയം ഇന്നവൻ എന്നോട് ഖുനൂത്ത് റുകൂഇന്റെ ശേഷമായിരുന്നുവെന്ന് താങ്കൾ പറഞ്ഞതായി പ്രസ്താവിക്കുകയുണ്ടായി. അനസ്സ്(റ) പറഞ്ഞു: അയാൾ പറഞ്ഞതു കളവാണ്. നിശ്ചയം നബി(സ) റുകൂഇന്റെ ശേഷം ഒരു മാസം ഖുനൂത്തു ചൊല്ലി. അവിടുന്ന് ഏകദേശം എഴുപതു പേർക്കുള്ള ഒരു സംഘം ഓത്തുകാരെ മുശ്രിക്കുകളുടെ ഒരു വിഭാഗത്തിലേക്ക് നിയോഗിച്ചു. അവരുടെയും നബി(സ)യുടെയും ഇടയിൽ ഒരു കരാർ ഉണ്ടായിരുന്നു. (അവർ കരാർ ലംഘിച്ചു അവരെ വധിച്ചു) അപ്പോൾ നബി(സ) അവർക്കെതിരെ പ്രാർത്ഥിച്ചുകൊണ്ട് ഒരു മാസം ഖുനൂത്തു ചൊല്ലി. (ബുഖാരി. 2. 16. 115, 116)

875. അനസ്(റ) നിവേദനം: നബി(സ) റിഅ്ല്, ദക്ക്വാൻ എന്നീ രണ്ടു ഗോത്രങ്ങൾക്കെതിരായി പ്രാർത്ഥിച്ചുകൊണ്ടു ഒരു മാസം ഖുനൂത്ത് ഓതി. (ബുഖാരി. 2. 16. 117)

876. അനസ്(റ) പറയുന്നു: മഗ്രിബ് നമസ്കാരത്തിലും സുബ്ഹ് നമസ്കാരത്തിലും നബി(സ) ഖുനൂത്തു ഓതിയിരുന്നു. (ബുഖാരി. 2. 16. 117)

877. അലി(റ)യിൽ നിന്ന് നിവേദനം: ഫർള് നമസ്കാരംപോലെ നിർബന്ധമുള്ളതല്ല വിത്റ്. പക്ഷേ, റസൂൽ(സ) സുന്നത്താക്കി നിശ്ചയിച്ചതാണത്. അവിടുന്ന് പറയുകയുണ്ടായി അല്ലാഹു വിത്റും (ഏകനും) വിത്റിനെ (ഒററയെ) ഇഷ്ടപ്പെടുന്നവനുമാണ്. അതുകൊണ്ട് ഖുർആനിൽ വിശ്വസിച്ചവരെ! നിങ്ങൾ വിത്ർ നമസ്കരിക്കൂ! (അബൂദാവൂദ്, തിർമിദി)

878. അബുസഈദി(റ)ൽ നിന്ന് നിവേദനം: നേരം പുലരുന്നതിനുമുമ്പാണ് നിങ്ങൾ വിത്റ് നമസ്കരിക്കേണ്ടത്. (മുസ്ലിം)

879. ആയിശ(റ)യിൽ നിന്ന് നിവേദനം: ആയിശ(റ) തിരുദൂതന്റെ(സ) മുമ്പിൽ വിലങ്ങായിക്കിടക്കെ റസൂൽ(സ) രാത്രി സുന്നത്ത് നമസ്കരിക്കാറുണ്ട്. അങ്ങനെ വിത്റ് മാത്രം അവശേഷിച്ചാൽ അവരെയും വിളിച്ചുണർത്തും. അനന്തരം അവർ വിത്ർ നമസ്കരിക്കും. (മുസ്ലിം)

880. ഇബ്നുഉമറി(റ)ൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു: സുബ്ഹിക്കുമുമ്പ് നിങ്ങൾ വിത്റ് നമസ്കരിക്കണം (അബൂദാവൂദ്, തിർമിദി)

881. ജാബിറി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പ്രസ്താവിച്ചു. രാത്രിയുടെ അന്ത്യയാമത്തിൽ ഉറക്കത്തിൽ നിന്ന് എഴുന്നേൽക്കുകയില്ലെന്ന് ഭയപ്പെടുന്നവർ രാത്രിയുടെ ആദ്യസമയത്ത് വിത്റ് നമസ്കരിച്ചുകൊള്ളട്ടെ. ഇനി അവസാനയാമത്തിൽ ഉണരുമെന്ന് വല്ലവനും പ്രതീക്ഷയുണ്ടെങ്കിൽ അവസാനയാമത്തിൽ മലക്കുകൾ പങ്കെടുക്കും. അതുകൊണ്ട് അതാണ് ഏററവും ഉത്തമമായ സമയം. (മുസ്ലിം)

## 21. മഴക്കു വേണ്ടിയുള്ള നമസ്കാരം

882. ഉബ്ബാദ് തന്റെ പിതൃവ്യനിൽ നിന്നും നിവേദനം: നബി(സ) മഴക്കു വേണ്ടി നമസ്കരിക്കുവാൻ പുറപ്പെടുകയും അവിടെ തന്റെ തട്ടം തല തിരിക്കുകയും ചെയ്തു. (ബുഖാരി. 2. 17. 119)

883. അബുദുറഹ്മാൻ തന്റെ പിതാവിൽ നിന്ന് നിവേദനം: അബൂത്വാലിബ് പാടിയ കവിത ഇബ്നു ഉമർ(റ) പാടുന്നത് ഞാൻ കേട്ടിട്ടുണ്ട്. അദ്ദേഹം വെള്ള നിറമുള്ള ഒരു നേതാവാണ്. അദ്ദേഹത്തെ മുൻ നിറുത്തി മേഘത്തോട് വെള്ളത്തിനാവശ്യപ്പെടാം. അദ്ദേഹം അനാഥക്കുട്ടികളുടെ അഭയ കേന്ദ്രവും വിധവകളുടെ രക്ഷാകേന്ദ്രവുമാണ്. (ബുഖാരി. 2. 17. 122)

884. അനസ്(റ) നിവേദനം: നിശ്ചയം ഉമറുബ്നുൽ ഖത്താബിന്റെ കാലത്തു അദ്ദേഹം മഴക്ക്വേണ്ടി പ്രാർത്ഥിച്ചിരുന്നത് അബ്ബാസി(റ)നെ കൊണ്ടായിരുന്നു. അപ്പോൾ അദ്ദേഹം പറയും: അല്ലാഹുവേ! ഞങ്ങളുടെ നബിയെ ക്കൊണ്ട് നിന്നോട് ഞങ്ങൾ മഴക്കുവേണ്ടി പ്രാർത്ഥിപ്പിക്കുകയും അപ്പോൾ നീ ഞങ്ങൾക്ക് മഴ വർഷിപ്പിച്ചു തരികയും ചെയ്യാറുണ്ടായിരുന്നു. അപ്പോൾ നബിയുടെ പിതൃവ്യനെക്കൊണ്ട് ഞങ്ങളിതാ നിന്നോട് മഴക്കു വേണ്ടി പ്രാർത്ഥിപ്പിക്കുന്നു. നീ ഞങ്ങൾക്ക് മഴ വർഷിപ്പിച്ചു തരേണമേ! റാവി പറയുന്നു: അന്നേരം അവർക്കു മഴ ലഭിക്കാറുണ്ട്. (ബുഖാരി. 2. 17. 123)

885. അബ്ദുല്ല(റ) നിവേദനം: നിശ്ചയം നബി(സ) മഴക്ക് വേണ്ടി പ്രാർത്ഥിച്ചപ്പോൾ തന്റെ തട്ടം തല തിരിച്ചിട്ടു. (ബുഖാരി. 2. 17. 124)

886. അബ്ദുല്ലാഹുബ്നു സൈദ്(റ) നിവേദനം: നബി(സ) മഴക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ മൈതാനത്തേക്ക് പുറപ്പെട്ടു. ഖിബ്ല:യുടെ നേരെ നബി(സ) തിരിയുകയും തന്റെ തട്ടം തല തിരിച്ചിടുകയും രണ്ട് റക്അത്തു നമസ്കരിക്കുകയും ചെയ്തു. (ബുഖാരി. 2. 17. 125)

887. അനസ്(റ) നിവേദനം: ഒരു മനുഷ്യൻ സമ്പത്തു നശിച്ചതിനെ സംബന്ധിച്ചും കുടുംബത്തിന്റെ ക്ലേശത്തെ സംബന്ധിച്ചും നബി(സ) യോട് ആവലാതിപ്പെട്ടു. അപ്പോൾ നബി അല്ലാഹുവിനോട് മഴക്കു വേണ്ടി പ്രാർത്ഥിച്ചു. നബി(സ) തന്റെ തട്ടം തിരിച്ചിട്ടതും ഖിബ്ലയെ അഭിമുഖീകരിച്ചതും ഇവിടെ പറയുന്നില്ല. (ബുഖാരി. 2. 17. 131)

888. അബ്ബാസ് തന്റെ പിതൃവ്യനിൽ നിന്ന് നിവേദനം: നബി(സ) ജനങ്ങളേയുമായി മഴക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ മൈതാനത്തേക്ക് പുറപ്പെട്ടു. അങ്ങനെ നബി(സ) എഴുന്നേററു നിന്ന് അല്ലാഹുവിനോട് പ്രാർത്ഥിച്ചു. ശേഷം ഖിബ്ലയുടെ നേരെ തിരിഞ്ഞു തന്റെ തട്ടം തിരിച്ചിട്ടു. അങ്ങനെ അവർക്ക് മഴ ലഭിച്ചു. (ബുഖാരി. 2. 17. 138)

889. അബ്ബാസ്(റ) തന്റെ പിതൃവ്യനിൽ നിന്ന് നിവേദനം: നബി(സ) മഴക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ പുറപ്പെട്ടു. അവിടുന്ന് ഖിബ്ലയെ അഭിമുഖീകരിച്ചുകൊണ്ട് പ്രാർത്ഥിച്ചു. തന്റെതട്ടം മാററിയിട്ടു ശേഷം ഉറക്കെ ഖുർആൻ പാരായണം ചെയ്തു കൊണ്ട് രണ്ട് റക്അത്തു നമസ്കരിച്ചു. (ബുഖാരി. 2. 17. 139)

890. അനസ്(റ) നിവേദനം: നബി(സ) വെള്ളിയാഴ്ച ദിവസം പ്രസംഗിക്കുമ്പോൾ ഒരു ഗ്രാമീണൻ കയറി വന്നു. ഇപ്രകാരം പറഞ്ഞു: പ്രവാചകരേ! മൃഗങ്ങളും കുടുംബങ്ങളും നശിച്ചു. ജനങ്ങളും അപ്പോൾ നബി(സ) തന്റെ ഇരുകൈകളും ഉയർത്തി പ്രാർത്ഥിച്ചു. ജനങ്ങളും നബിയുടെ കൂടെ അവരുടെ കൈകൾ ഉയർത്തി പ്രാർത്ഥിക്കുവാൻ തുടങ്ങി. ഞങ്ങൾ പള്ളിയിൽ നിന്നും പുറത്തു പോകുന്നതിന്റെ മുമ്പ് തന്നെ മഴ പെയ്തു. അടുത്ത വെള്ളിയാഴ്ച ദിവസം വരെ ഞങ്ങൾക്ക് മഴ ലഭിച്ചുകൊണ്ടിരുന്നു. അപ്പോൾ ആ മനുഷ്യൻ നബി(സ)യുടെ അടുത്തു വന്നു. പ്രാവചകരേ! യാത്രക്കാർക്ക് ക്ലേശമായി. വഴികൾ തടസ്സപ്പെട്ടു എന്നു പറഞ്ഞു. (ബുഖാരി. 2. 17. 143)

891. അനസ്(റ) നിവേദനം: മഴക്കുവേണ്ടിയുള്ള പ്രാർത്ഥനയിൽ അല്ലാതെ മറെറാരു പ്രാർത്ഥനയിലും നബി(സ) കൈകൾ ഉയർത്താറില്ല. മഴക്ക് വേണ്ടി പ്രാർത്ഥിക്കുമ്പോൾ നബി(സ) അവിടുത്തെ രണ്ടു കക്ഷത്തിലെ വെളുപ്പ് കാണുന്നതു വരെ രണ്ടും കയ്യും ഉയർത്താറുണ്ട്. (ബുഖാരി. 2. 17. 141)

892. ആയിശ(റ) നിവേദനം: നബി(സ) മഴയെ വർഷിക്കുന്നത് കാണുമ്പോൾ ഇപ്രകാരം പ്രാർത്ഥിക്കും. ഉപകാരപ്രദമായ മഴ വർഷിപ്പിക്കേണമേ. (ബുഖാരി. 2. 17. 142)

893. അനസ്(റ) നിവേദനം: ശക്തിയായി കാററടിക്കുമ്പോൾ നബി(സ)യുടെ മുഖത്ത് ഭയത്തിന്റെ ലക്ഷണങ്ങൾ കാണാറുണ്ടായിരുന്നു. (ബുഖാരി. 2. 17. 144)

894. ഇബ്നു അബ്ബാസ്(റ) നിവേദനം: നബി(സ) അരുളി: ഇളം കാററ് വഴി എനിക്ക് സഹായം ലഭിച്ചു. ആദ്കാർ ചുഴലിക്കാററ് കൊണ്ട് നശിപ്പിക്കപ്പെട്ടു. (ബുഖാരി. 2. 17. 145)

895. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: വിജ്ഞാനം നശിപ്പിക്കപ്പെടുകയും ഭൂചലനങ്ങൾ വർദ്ധിക്കുകയും സമയം കുറയുകയും കുഴപ്പങ്ങൾ പൊട്ടിപ്പുറപ്പെടുകയും വധം വർദ്ധിക്കുകയും സമ്പത്ത് വർദ്ധിച്ച് (സാധാരണക്കാരുടെ ഇടയിൽ പോലും) ഒഴുകുകയും ചെയ്യുന്നതുവരെ അന്ത്യദിനം സംഭവിക്കുകയില്ല. (ബുഖാരി. 2. 17. 146)

896. ഇബ്നു ഉമർ(റ) നിവേദനം: നബി(സ) ഒരിക്കൽ ഇപ്രകാരം പ്രാർത്ഥിച്ചു. അല്ലാഹുവേ! ഞങ്ങളുടെ ശാമിലും ഞങ്ങളുടെ യമനിലും നീ ബർക്കത്തു (നന്മ) നൽകേണമേ! അപ്പോൾ ഞങ്ങളുടെ നജ്ദിലും എന്ന് കൂട്ടിച്ചേർക്കാൻ അനുചരന്മാർ നബി(സ) യോടു ആവശ്യപ്പെട്ടു. അപ്പോൾ നബി(സ) പറഞ്ഞു. അവിടെയാണ് കമ്പനങ്ങളും വിപ്ലവങ്ങളും ഉടലെടുക്കുക. പിശാചിന്റെ പാർട്ടി വെളിപ്പെടുന്നതും അവിടെത്തന്നെയാണ്. (ബുഖാരി. 2. 17. 147)

897. സൈദ്ബനു ഖാലിദ്(റ) നിവേദനം: ഹുദൈബിയ്യ: യിൽ വെച്ച് രാത്രി മഴ ലഭിച്ചതിന് ശേഷമുള്ള ഒരു സുബ്ഹ് നമസ്കാരം നബി(സ) ഞങ്ങളേയുമായി നമസ്കരിച്ചു. നമസ്കാരത്തിൽ നിന്ന് നബി(സ) വിരമിച്ചപ്പോൾ ജനങ്ങളുടെ നേരെ തിരിഞ്ഞുകൊണ്ട് അവിടുന്ന് പറഞ്ഞു. ഇന്ന് രാത്രി നിങ്ങളുടെ രക്ഷിതാവ് എന്താണ് പ്രസ്താവിച്ചതെന്ന് നിങ്ങൾക്കറിയുമോ? അവർ പറഞ്ഞു: അല്ലാഹുവും അവന്റെ ദൂതനുമാണ് ഏററവും അറിവുള്ളത്. നബി(സ) പറഞ്ഞു. ഇന്ന് എന്റെ അടിയന്മാരിൽ ഒരു വിഭാഗം എന്നിൽ വിശ്വസിച്ചുകൊണ്ടും മറെറാരു വിഭാഗം എന്നെ നിഷേധിച്ചും കൊണ്ടും പ്രഭാതത്തിൽ പ്രവേശിക്കും. അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടും കാരുണ്യം കൊണ്ടും ഞങ്ങൾക്ക് മഴ ലഭിച്ചുവെന്ന് പറയുന്നവർ എന്നിൽ വിശ്വസിച്ചു. ഞാററുവേലയെ നിഷേധിച്ചു. എന്നാൽ ഞാററുവേല കൊണ്ട് ഞങ്ങൾക്ക് മഴ ലഭിച്ചുവെന്നു പറയുന്നവർ എന്നെ നിഷേധിക്കുകയും ഞാററുവേലയിൽ വിശ്വസിക്കുകയും ചെയ്തു. (ബുഖാരി. 2. 17. 148)

898. ഇബ്നു ഉമർ(റ) നിവേദനം: നബി(സ) അരുളി: അദൃശ്യ കാര്യങ്ങളുടെ താക്കോൽ അഞ്ചു കാര്യങ്ങളാണ്. അല്ലാഹുവിന്നല്ലാതെ മററാർക്കും അവയെക്കുറിച്ചറിയാൻ കഴിയുകയില്ല. നാളെ എന്തു സംഭവിക്കുമെന്നും സ്ത്രീകളുടെ ഗർഭപാത്രത്തിൽ എന്താണുടലെടുക്കുകയെന്നും താൻ നാളെ എന്താണ് പ്രവർത്തിക്കുകയെന്നും താൻ ഏത് ഭൂമിയിൽ വെച്ചാണ് മൃതിയടയുകയെന്നും ഒരാൾക്കും അറിയുവാൻ കഴിയുകയില്ല. എപ്പോഴാണ് മഴ വർഷിക്കുകയെന്നും ഒരു മനുഷ്യനും അറിയാൻ കഴിയുകയില്ല. (ബുഖാരി. 2. 17. 149)

## 22. ഗ്രഹണ നമസ്കാരം

899. അബൂബക്കറത്തു(റ) നിവേദനം: ഞങ്ങൾ ഒരിക്കൽ നബി(സ)യുടെ അടുക്കലിരിക്കുമ്പോൾ സൂര്യന്ന് ഗ്രഹണം ബാധിച്ചു. അപ്പോൾ നബി(സ) തന്റെ തട്ടം വലിച്ചുകൊണ്ടു പുറപ്പെട്ടു പള്ളിയിൽ പ്രവേശിച്ചു. പിന്നാലെ ഞങ്ങളും. അങ്ങനെ നബി(സ) ഞങ്ങളേയുമായി രണ്ട് റക്അത്തു നമസ്കരിച്ചു. സൂര്യൻ വെളിവാകുന്നതുവരെ. ശേഷംനബി(സ) പ്രസംഗിച്ചുകൊണ്ട് പറഞ്ഞു: നിശ്ചയം സൂര്യനും ചന്ദ്രനും വല്ലവനും മരിച്ചതു കൊണ്ട് ഗ്രഹണം ബാധിക്കുകയില്ല. നിങ്ങൾ അവക്ക് ഗ്രഹണം ബാധിച്ചതു കണ്ടാൽ അത് നീങ്ങും വരേക്കും നിങ്ങൾ നമസ്കരിക്കുകയും അല്ലാഹുവോട് പ്രാർത്ഥിക്കുകയും ചെയ്തു കൊള്ളുവിൻ. (ബുഖാരി. 2. 18. 150)

900. മുഗീറ:(റ) നിവേദനം: നബി(സ)യുടെ പുത്രൻ ഇബ്രാഹീം മരണപ്പെട്ട ദിവസം സൂര്യന് ഗ്രഹണമുണ്ടായി. ഇബ്രാഹീം മരണപ്പെട്ടത് കൊണ്ടാണ് സൂര്യഗ്രഹണമുണ്ടായതെന്ന് ജനങ്ങൾ പറയുവാൻ തുടങ്ങി. ഇതറിഞ്ഞപ്പോൾ നബി(സ) അരുളി: വല്ലവനും മരിക്കുകയോ ജീവിക്കുകയോ ചെയ്ത കാരണം കൊണ്ട് സൂര്യനും ചന്ദ്രനും ഗ്രഹണം ബാധിക്കുകയില്ല. നിങ്ങൾ അതിനെ (ഗ്രഹണത്തെ) കണ്ടാൽ നമസ്കരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുവീൻ. (ബുഖാരി. 2. 18. 153)

901. ആയിശ(റ) നിവേദനം: നബി(സ)യുടെ കാലത്ത് സൂര്യന് ഗ്രഹണം ബാധിച്ചു. അപ്പോൾ ജനങ്ങളുമായി നബി(സ) സംസാരിച്ചു. നബി(സ) വളരെ നേരം

ദീർഘിച്ചതിനുശേഷം റുകൂഅ് ചെയ്യുകയും അതിനെ ദീർഘിപ്പിക്കുകയും ചെയ്ത ശേഷം റുകൂഇൽ നിന്ന് എഴുന്നേററ് ആദ്യത്തെ നിറുത്തത്തെക്കാൾ അൽപം കുറഞ്ഞ നിലക്ക് ദീർഘിപ്പിച്ചു കൊണ്ടു നിന്നു. പിന്നീട് നബി(സ) റുകൂഅ് ചെയ്യുകയും ആദ്യത്തെ റുകൂഇനെക്കാൾ അൽപം കുറഞ്ഞ നിലക്ക് അതിനെ ദീർഘിപ്പിക്കുകയും ചെയ്തു. ശേഷം സുജൂദ് ചെയ്യുകയും സുജൂദ് ദീർഘിപ്പിക്കുകയും ചെയ്തു. അനന്തരം രണ്ടാമത്തെ റക്അത്തിലും ആദ്യത്തെ റക്അത്തിൽ ചെയ്തപോലെ ചെയ്തു. പിന്നീട് നമസ്കാരത്തിൽ നിന്ന് വിരമിക്കുകയും ചെയ്തു. അപ്പോൾ സൂര്യൻ പ്രത്യക്ഷപ്പെട്ടിരുന്നു. അനന്തരം ജനങ്ങളോട് നബി(സ) ഒരു പ്രസംഗം നടത്തി. അല്ലാഹുവിനെ സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്തശേഷം നബി(സ) പറഞ്ഞു. നിശ്ചയം സൂര്യനും ചന്ദ്രനും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ട രണ്ടു ദൃഷ്ടാന്തങ്ങളാണ്. വല്ലവനും മരിക്കുകയോ ജനിക്കുകയോ ചെയ്ത കാരണം കൊണ്ട് അവ രണ്ടിനേയും ഗ്രഹണം ബാധിക്കുകയില്ല. അവക്ക് ഗ്രഹണം ബാധിച്ചത് കണ്ടാൽ നിങ്ങൾ അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും അവനെ മഹത്വപ്പെടുത്തുകയും നമസ്ക്കരിക്കുകയും ദാന ധർമ്മങ്ങൾ ചെയ്യുകയും ചെയ്തു കൊള്ളുവീൻ. തുടർന്ന്കൊണ്ട് നബി(സ) പ്രസംഗിച്ചു. മുഹമ്മദിന്റെ അനുയായികളേ! അല്ലാഹു സത്യം. തന്റെ ദാസൻ അല്ലെങ്കിൽ ദാസി വ്യഭിചരിക്കുന്നതിൽ അല്ലാഹുവിന്നുള്ളതിനെക്കാൾ അഭിമാനരോഷം മററാർക്കും ഉണ്ടായിരിക്കില്ല. മുഹമ്മദിന്റെ സമുദായമേ! ഞാൻ ഗ്രഹിച്ചത് നിങ്ങൾ ഗ്രഹിച്ചു കഴിഞ്ഞെങ്കിൽ നിങ്ങൾ അൽപം മാത്രം ചിരിക്കുകയും കൂടുതൽ കരയുകയും ചെയ്യുമായിരുന്നു. (ബുഖാരി. 2. 18. 154)

902. അബ്ദുല്ലാഹിബ്നൂ അംറ്(റ) നിവേദനം: നബി(സ)യുടെ കാലത്ത് സൂര്യന് ഗ്രഹണം ബാധിച്ചപ്പോൾ അസ്സാലത്തു ജാമിഅ: (സംഘടിതമായി നമസ്കരിക്കാൻ വരിക) എന്ന് വിളിച്ചു പറയപ്പെട്ടു. (ബുഖാരി. 2. 18. 155)

903. ആയിശ(റ) നിവേദനം: നബി(സ)യുടെ ജീവിതകാലത്ത് സൂര്യനു ഗ്രഹണം ബാധിച്ചു. അപ്പോൾ നബി(സ) പള്ളിയിലേക്ക് പുറപ്പെട്ടു. ജനങ്ങൾ നബി(സ)ക്ക് പിന്നിലായി അണി നിരന്നു. അങ്ങനെ നബി തക്ബീർ ചൊല്ലി ദീർഘമായി ഖുർആൻ പാരായണം ചെയ്തു. ശേഷം തക്ബീർ ചൊല്ലി ദീർഘമായി റുകൂഅ് ചെയ്തു. പിന്നീട് സമി അല്ലാഹു ലിമൻ ഹമിദ: എന്നു ചൊല്ലി എഴുന്നേൽക്കുകയും സുജൂദ് ചെയ്യാതെ വീണ്ടും ദീർഘമായി ഖുർആൻ പാരായണം ചെയ്തു. എങ്കിലും ആദ്യത്തെതിനേക്കാൾ ഇതും അൽപം കുറവായിരുന്നു. വീണ്ടും തക്ബീർ ചൊല്ലി ദീർഘമായി ആദ്യത്തേതിനെക്കാൾ കുറവായ നിലക്ക് റുകൂഅ് ചെയ്തു. ശേഷം സമി അല്ലാഹു ലിമൻ ഹമിദ: എന്നു ചൊല്ലി റബ്ബനാ വലക്കൽ ഹംദു എന്ന് പ്രാർത്ഥിക്കുകയും തുടർന്ന് സുജൂദ് ചെയ്യുകയും ചെയ്തു. ഇതുപോലെ രണ്ടാമത്തെ റക്അത്തിലും പ്രവർത്തിച്ചു. അങ്ങനെ നാല് റുകൂഉം നാല് സുജൂദും പൂർത്തിയാക്കി. നബി(സ) പറയുന്നതിന് മുമ്പ് തന്നെ സൂര്യൻ പ്രത്യക്ഷപ്പെട്ടു. ശേഷം നബി(സ) എഴുന്നേററ് നിന്ന് അല്ലാഹുവിന്ന് അവകാശപ്പെട്ടതുകൊണ്ട് അവനെ മഹത്വപ്പെടുത്തി. അനന്തരം ഇപ്രകാരം പ്രസംഗിച്ചു. സൂര്യനും ചന്ദ്രനും ദൃഷ്ടാന്തങ്ങളാണ്. ഒരാൾ മരിച്ചതുകൊണ്ടും ജനിച്ചതുകൊണ്ടും അവക്ക് ഗ്രഹണം ബാധിക്കുകയില്ല. അതിനെ നിങ്ങൾ കണ്ടാൽ നമസ്കാരത്തിലേക്ക് നിങ്ങൾ അഭയം തേടുക. അബ്ദുല്ലാഹിബ്നു സുബൈർ(റ) സൂര്യന് ഗ്രഹണം ബാധിച്ചപ്പോൾ മദീനയിൽ വെച്ച് സുബ്ഹ് നമസ്കാരം പോലെ ഗ്രഹണ നമസ്കാരവും നിർവ്വഹിച്ചത് ഉർവ:യോട് പറയപ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: അതെ നിശ്ചയം അദ്ദേഹം സുന്നത്തിനെ തെററിച്ചു. (ബുഖാരി. 2. 18. 156)

904. അബൂബക്കറത്ത്(റ) നിവേദനം: നബി(സ) അരുളി: നിശ്ചയം സൂര്യനും ചന്ദ്രനും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളാണ്. ആരുടേയും മരണം കാരണം അവക്ക് ഗ്രഹണം

ബാധിക്കുകയില്ല. എന്നാൽ അല്ലാഹു അതുകൊണ്ട് തന്റെ ദാസൻമാരെ ഭയപ്പെടുത്തുകയാണ്. (ബുഖാരി. 2. 18. 158)

905. അബ്ദുല്ല(റ) നിവേദനം: നബി(സ)യുടെ കാലത്തു സൂര്യന്ന് ഗ്രഹണം ബാധിച്ച സന്ദർഭത്തിൽ അസ്സ്വലാത്തു ജാമിഅ: എന്ന് വിളിക്കപ്പെട്ടു. അങ്ങനെ ഒരു സുജൂദിൽ (റക്അത്തിൽ) രണ്ട് റുകൂഅ് നബി(സ) ചെയ്തതുപോലെ ദീർഘമായൊരു സുജൂദ് ഞാനൊരിക്കലും കണ്ടിട്ടില്ല. (ബുഖാരി. 2. 18. 160)

906. ഇബ്നു അബ്ബാസ്(റ) നിവേദനം: നബി(സ)യുടെ കാലത്ത് സൂര്യന്ന് ഗ്രഹണം ബാധിച്ചു. അപ്പോൾ സൂറത്തുൽ ബഖറ: പാരായണം ചെയ്യുന്ന അത്ര സമയം നബി(സ) ദീർഘമായി നിന്നു. ശേഷം റുകൂഅ് ചെയ്തു. ദീർഘമായ റുകൂഅ്. അനന്തരം എഴുന്നേററ് നിന്ന് ദീർഘമായി ഖുർആൻ ഓതി. എന്നാൽ ഇത് ആദ്യത്തേതിനേക്കാൾ കുറവായിരുന്നു. പിന്നീട് റുകൂഅ് ചെയ്യുകയും ആദ്യത്തെ റുകൂഅ്നെക്കാൾ കുറവായ നിലക്ക് ദീർഘിപ്പിക്കുകയും ചെയ്തു. അനന്തരം സുജൂദ് ചെയ്തു. ഇതുപോലെ രണ്ടാമത്തെ റക്അത്തിലും ചെയ്തു. ശേഷം നബി(സ) നമസ്കാരത്തിൽ നിന്നും വിരമിച്ചു. അപ്പോൾ സൂര്യൻ പ്രത്യക്ഷപ്പെട്ടിരുന്നു. അനന്തരം നബി(സ) ഇപ്രകാരം പ്രസംഗിച്ചു. നിശ്ചയം സൂര്യനും ചന്ദ്രനും അല്ലാഹുവിന്റെ രണ്ടു ദൃഷ്ടാന്തമാണ്. ഒരാൾ മരിച്ചതുകൊണ്ടും ജനിച്ചതുകൊണ്ടും അവക്ക് ഗ്രഹണം ഉണ്ടാവുകയില്ല. നിങ്ങൾ അതിനെ ദർശിച്ചാൽ അല്ലാഹുവിനെ സ്മരിക്കുക. അപ്പോൾ അനുചരന്മാർ പറഞ്ഞു: പ്രവാചകരേ! അങ്ങു നമസ്കാരത്തിൽ എന്തോ ഒന്ന് പിടിക്കാൻ കൈ നീട്ടുന്നതും പിന്നീട് പിന്നോട്ടു തന്നെ നീങ്ങുന്നതും ഞങ്ങൾ കണ്ടല്ലോ? നബി(സ) അരുളി: എനിക്ക് സ്വർഗ്ഗം പ്രദർശിക്കപ്പെട്ടു. സ്വർഗത്തിലെ ഒരു മുന്തിരിക്കുല പിടിക്കാൻ കൈനീട്ടി. ഞാനത് കരസ്ഥമാക്കിയിരുന്നുവെങ്കിൽ ലോകം നിലനിൽക്കുന്ന കാലമത്രയും നിങ്ങൾക്കതിൽ നിന്ന് ഭക്ഷിക്കാൻ കഴിയുമായിരുന്നു. ഞാൻ നരകത്തേയും കണ്ടു. ഞാൻ കണ്ടതുപോലുള്ള ഭയാനകമായ ഒരു കാഴ്ച ഇതിന് മുമ്പ് കണ്ടിട്ടേയില്ല. നരകവാസികൾ ഭൂരിഭാഗവും സ്ത്രീകളായിരുന്നു. പ്രവാചകരേ! എന്താണിതിന് കാരണമെന്ന് അനുചരന്മാർ ചോദിച്ചു. നബി(സ) പറഞ്ഞു: സ്ത്രീകളുടെ നിഷേധസ്വഭാവം തന്നെ. അനുചരന്മാർ ചോദിച്ചു. സ്ത്രീകൾ അല്ലാഹുവിനെ നിഷേധിക്കുന്നുണ്ടോ? നബി(സ) പ്രത്യുത്തരം നൽകി. ഭർത്താക്കൻമാരോടും അവർ ചെയ്തു കൊടുക്കുന്ന ഔദാര്യങ്ങളോടും സ്ത്രീകൾ നന്ദികേടു കാണിക്കും. അതാണവരുടെ നിഷേധ സ്വഭാവം. ജീവിതകാലം മുഴുവനും ഒരു സ്ത്രീക്ക് നീ നന്മ ചെയ്തു. എന്നിട്ടു ഒരിക്കൽ അവളിഷ്ടപ്പെടാത്തത് നിന്നിൽ നിന്ന് സംഭവിച്ചു. എങ്കിൽ നിങ്ങളിൽ നിന്ന് ഇക്കാലമത്രയും ഒരു നന്മയും എനിക്ക് ലഭിച്ചിട്ടേയില്ലെന്ന് അവൾ പറയും. (ബുഖാരി. 2. 18. 161)

907. അസ്മാഅ്(റ) നിവേദനം: സൂര്യഗ്രഹണം ഉണ്ടാകുമ്പോൾ അടിമകളെ മോചിപ്പിക്കുവാൻ നബി(സ) നിർദ്ദേശിക്കാറുണ്ട്. (ബുഖാരി. 2. 18. 163)

908. അബൂമൂസ(റ) നിവേദനം: ഒരിക്കൽ സൂര്യന് ഗ്രഹണം ബാധിച്ചപ്പോൾ അന്ത്യദിനം സംഭവിക്കുകയാണോ എന്ന് ഭയപ്പെടുന്ന അവസ്ഥയിൽ നബി(സ) പരിഭ്രമിച്ചുകൊണ്ട് എഴുന്നേററ് നിന്നു. പള്ളിയിൽ വന്നു ദീർഘമായി സുജൂദും റുകുഉം ഖിയാമും നിർവ്വഹിച്ചുകൊണ്ട് നബി(സ) നമസ്കരിച്ചു. അപ്രകാരം നബി(സ) ചെയ്യുന്നത് ഞാൻ തീരെ കണ്ടിട്ടില്ല. അനന്തരം നബി(സ) പ്രസംഗിച്ചുകൊണ്ട് പറഞ്ഞു: ഇതൊരു ദൃഷ്ടാന്തമാണ്. അല്ലാഹു ഉണ്ടാക്കുന്നത്. വല്ലവനും മരിച്ചു. അല്ലെങ്കിൽ ജനിച്ചു. ഇതുകൊണ്ടൊന്നും അത് ഉണ്ടാവുകയില്ല. എന്നാൽ ഇതുകൊണ്ട് അല്ലാഹു അവന്റെ ദാസന്മാരെ ഭയപ്പെടുത്തുകയാണ്. അതിനാൽ ഗ്രഹണത്തിൽ നിന്ന് എന്തെങ്കിലും നിങ്ങൾ ദർശിച്ചാൽ അല്ലാഹുവിനെ

സ്മരിക്കുവാനും പ്രാർത്ഥിക്കുവാനും പാപമോചനം തേടുവാനും നിങ്ങൾ അഭയം തേടുക. (ബുഖാരി. 2. 18. 167)

909. ആയിശ(റ) നിവേദനം: നബി(സ) ഗ്രഹണനമസ്കാരത്തിൽ ഉറക്കെ ഖുർആൻ പാരായണം ചെയ്തു. തന്റെ ഖുർആൻ പാരായണത്തിൽ നിന്നും വിരമിച്ചപ്പോൾ തക്ബീർ ചൊല്ലി റുകൂഅ് ചെയ്തു. റുകൂഇൽ നിന്ന് എഴുന്നേററപ്പോൾ സമി അല്ലാഹു എന്ന് ചൊല്ലി റബ്ബനാ വലക്കൽ ഹംദു എന്നു പ്രാർത്ഥിച്ചു. ശേഷം ഖുർആൻ പാരായണത്തിലേക്ക് തന്നെ മടങ്ങി. അങ്ങനെരണ്ട് റക്അത്തിലായി നാല് റുകൂഉം നാല് സുജൂദും നബി(സ) നിർവ്വഹിച്ചു. (ബുഖാരി. 2. 18. 172)

## 23. ഖുർആൻ പാരായണത്തിനുള്ള മാഹാത്മ്യം

910. അബീഉമാമ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു. നിങ്ങൾ ഖുർആൻ പാരായണം ചെയ്യണം. പാരായണം ചെയ്യുന്നവർക്ക് അന്ത്യദിനത്തിൽ അത് ശുപാർശക്കാരനായി വരുന്നതാണ്. (മുസ്ലിം)

911. നവ്വാസി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു: ഖുർആനും ഇഹത്തിൽ അതനുസരിച്ച് ജീവിതം നയിച്ച അഹ്ലുൽ ഖുർആനും അന്ത്യദിനത്തിൽ കൊണ്ടുവരപ്പെടും. അവയിൽ നിന്ന് ബഖറ സൂക്തവും ആലുഇംറാൻ സൂക്തവും അതനുസരിച്ച് പ്രവർത്തിച്ചവർക്കുവേണ്ടി വാദിക്കുന്നതാണ്. (മുസ്ലിം)

912. ഉമറി(റ)ൽ നിന്ന് നിവേദനം: നബി(സ) തറപ്പിച്ചു പറഞ്ഞു: നിശ്ചയം, അല്ലാഹു ഈ ഖുർആൻ മുഖേന ചില ജനങ്ങളെ ഉയർത്തുകയും മററു ചിലരെ താഴ്ത്തുകയും ചെയ്യും. (മുസ്ലിം)

913. ഇബ്നുമസ്ഉദി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: ഖുർആനിലെ ഒരക്ഷരംവല്ലവനും പാരായണം ചെയ്യുന്നപക്ഷം അവന് ഒരു നന്മ ലഭിക്കും. ഏതൊരു നന്മക്കും പത്തിരട്ടിയാണ് പ്രതിഫലം. അലിഫ്ലാമീം ഒരു അക്ഷരമാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ! അതിലെ അലിഫ് ഒരക്ഷരവും ലാം മറെറാരു അക്ഷരവും മീം വേറൊരു അക്ഷരവുമാകുന്നു. (തിർമിദി)

914. ഇബ്നു അബ്ബാസി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: ഖുർആനിൽ നിന്ന് യാതൊന്നും ഹൃദയത്തിലില്ലാത്തവൻ ശൂന്യമായ ഭവനത്തിന് തുല്യമാണ്. (തിർമിദി)

915. അബ്ദുല്ല(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: ഖുർആൻ പാണ്ഡിത്യമുള്ളവനോട് പറയപ്പെടും. ഇഹലോകത്ത് മന്ദം മന്ദം ഓതിക്കൊണ്ടിരുന്നപോലെ ഇവിടെയും നീ മന്ദം മന്ദം ഓതുകയും (ആവേശത്തിമർപ്പ്കൊണ്ട്) ഉയരുകയും ചെയ്യുക. നീ ഓതുന്ന ആയത്തിന്റെ അന്ത്യത്തിലാണ് നിന്റെ ഔന്നത്യം നിലക്കൊള്ളുന്നത്. (അബൂദാവൂദ്, തിർമിദി) (കൂടുതൽ പാരായണം ചെയ്യുന്നവന് കൂടുതൽ പ്രതിഫലവും കുറച്ച് പാരായണം ചെയ്യുന്നവന് കുറച്ച് പ്രതിഫലവും ലഭിക്കുന്നതാണ്)

916. ബഷീർ(റ)ൽ നിന്ന് നിവേദനം: നബി(സ) ഊന്നിപ്പറഞ്ഞു: ഖുർആൻ മണിച്ചോതാത്തവൻ നമ്മളിൽപെട്ടവനല്ല. (അബൂദാവൂദ്)

917. അനസി(റ)ൽ നിന്ന് നിവേദനം: നിശ്ചയം, ഒരാൾ പറഞ്ഞു: പ്രവാചകരെ! ഇഖ്ലാസ് സൂറത്തിനെ ഞാനിഷ്ടപ്പെടുന്നു. നബി(സ) പറഞ്ഞു: അതിനോടുള്ള സ്നേഹം നിന്നെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുന്നതാണ്. (തിർമിദി)

918. ഉഖ്ബത്തി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) തറപ്പിച്ചു ചോദിച്ചു: ഇന്നേ രാത്രിയിൽ കുറെ ആയത്തുകൾ ഇറക്കപ്പെട്ടത് നീ കണ്ടില്ലേ? അതുപോലെയുള്ളത് മുമ്പൊരിക്കലും കാണപ്പെട്ടിട്ടില്ല. ഫലക്ക് സൂറത്തും അന്നാസ് സൂറത്തുമാണവ. (മുസ്ലിം)

919. അബൂസഈദി(റ)ൽ നിന്ന് നിവേദനം: മുഅവ്വദത്താനി അവതരിക്കുന്നതുവരെ കണ്ണേറിൽനിന്നും ജിന്നിൽനിന്നും റസൂൽ(സ) കാവലപേക്ഷിച്ചിരുന്നു. അവ രണ്ടും ഇറങ്ങിയപ്പോൾ (കാവലപേക്ഷിക്കുന്നതിനു പകരം) അവ രണ്ടും അവലംബിക്കുകയും മററുള്ളവ ഉപേക്ഷിക്കുകയും ചെയ്തു (തിർമിദി)

920. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) തറപ്പിച്ചു പറഞ്ഞു: മുപ്പത് ആയത്തുകളുള്ള ഒരു സൂറത്ത് ഖുർആനിലുണ്ട്. പൊറുക്കപ്പെടുന്നതുവരെ അത് ആളുകൾക്ക് ശുപാർശ ചെയ്യും. സൂറത്തുൽ മുൽക്ക് ആണത്. (അബൂദാവൂദ്, തിർമിദി)

921. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: സ്വന്തം വീടുകൾ നിങ്ങൾ ശ്മശാനമാക്കി മാററരുത്. (അവിടെ ഖുർആൻ പാരായണം നടത്തണം) നിശ്ചയം, ബഖറ സൂറത്ത് ഓതുന്ന ഭവനത്തിൽ നിന്ന് പിശാച് പുറപ്പെട്ടുപോകും. (മുസ്ലിം) (വിവിധ ആശയങ്ങളും വിഷയങ്ങളും ഉൾക്കൊണ്ടതുകൊണ്ടും പിശാചിന്റെ കുതന്ത്രങ്ങൾ വരച്ചുകാട്ടിയിട്ടുള്ളതുകൊണ്ടും പിശാചിന് ഏററവും വിഷമം ഉണ്ടാക്കിത്തീർക്കുന്ന ഒരു സൂറത്താണത്. തന്നിമിത്തം പാരായണം ചെയ്യപ്പെടുമ്പോൾ അതിന്റെ ബർക്കത്തുകൊണ്ട് പിശാച് ഒഴിഞ്ഞുമാറുന്നതാണ്)

922. ഉബയ്യി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) ചോദിച്ചു: അബുൽമുൻദിറേ! അല്ലാഹുവിന്റെ ഖുർആനിൽ നീ പഠിച്ചിട്ടുള്ളതിൽവെച്ച് ഏററവും പ്രാധാന്യമുള്ള ആയത്തേതെന്നു നിനക്കറിയാമോ? ഞാൻ പറഞ്ഞു: ആയത്തുൽകുർസിയാണത്. അന്നേരം അവിടുന്ന് എന്റെ നെഞ്ചത്തടിച്ചിട്ട് പറഞ്ഞു: അബുൽമുൻദിറേ! വിജ്ഞാനം നിന്നെ പുളകമണിയിക്കട്ടെ! (സുസ്ഥിരവും സദൃഢവുമായി വിജ്ഞാനം അല്ലാഹു നിനക്ക് പ്രദാനം ചെയ്യട്ടെ!) (മുസ്ലിം)

923. അബുദ്ദർദാഇ(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: കഹ്ഫ് സൂറത്തിന്റെ ആദ്യ ഭാഗത്തിൽ നിന്ന് 10 ആയത്തുകൾ ഹൃദിസ്ഥമാക്കുന്നവന് ദജ്ജാലിൽ നിന്ന് കാവൽ ലഭിക്കും. കഹ്ഫ് സൂറത്തിന്റെ അവസാന ഭാഗങ്ങളിൽ നിന്ന് എന്നാണ് മറെറാരു റിപ്പോർട്ടിലുള്ളത്. (മുസ്ലിം)

924. ഇബ്നു അബ്ബാസി(റ)ൽ നിന്ന് നിവേദനം: ഒരിക്കൽ ജിബ്രീൽ (അ) നബി(സ)യുടെ സന്നിധിയിലിരിക്കെ ഉപരിതലത്തിൽ നിന്ന് ഒരു ശബ്ദം കേട്ടു. ഉടനെ തലയുയർത്തിയിട്ട് ജിബ്രീൽ (അ) പറഞ്ഞു: ഇതാ, ഇന്നേ ദിവസം വാനലോകത്തിൽ ഒരു കവാടം തുറക്കപ്പെട്ടിരിക്കുന്നു. ഇന്നല്ലാതെ മുമ്പൊരിക്കലും അത് തുറക്കപ്പെട്ടിട്ടില്ല. എന്നിട്ടതിൽ നിന്ന് ഒരു മലക്ക് ഇറങ്ങി വന്നിരിക്കുന്നു. ജിബ്രീൽ (അ) വിശദീകരിച്ചു. ഇദ്ദേഹം ഭൂലോകത്തേക്ക് ഇറങ്ങിവന്നിട്ടുള്ള ഒരു മലക്കാണ്. ഇന്നേ ദിവസമല്ലാതെ മറെറാരിക്കലും അദ്ദേഹം ഇറങ്ങിവന്നിട്ടില്ല. അങ്ങേയ്ക്ക് സലാം ചൊല്ലിയിട്ട് അദ്ദേഹം പറയുന്നു: നിങ്ങൾക്ക് നൽകപ്പെട്ടിട്ടുള്ള രണ്ട് പ്രകാശം കൊണ്ട് നീ സന്തോഷിക്കൂ! നിങ്ങൾക്ക് മുമ്പേ ഒരു നബിക്കും അവ രണ്ടും നല്കപ്പെട്ടിട്ടില്ല. ഫാത്തിഹ സൂറത്തും2. ബഖറ സുറത്തിന്റെ അവസാനഭാഗവും, അവയിൽ നിന്ന് ഒരു വിഷയവും നിങ്ങൾ ഓതുകയില്ല– നിങ്ങൾക്കത് നല്കപ്പെട്ടിട്ടല്ലാതെ. (മുസ്ലിം)

925. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: അല്ലാഹുവിന്റെ ഏതെങ്കിലും ഭവനത്തിൽ ഖുർആൻ പാരായണം ചെയ്തുകൊണ്ടും ചർച്ച ചെയ്തുകൊണ്ടും ആരും സമ്മേളിക്കുകയില്ല – സകീനത്ത് അവരിൽ ഇറങ്ങിയിട്ടും റഹ്മത്ത് അവരെ ആവരണം ചെയ്തിട്ടും മലക്കുകൾ അവരെ വലയം ചെയ്തിട്ടും അല്ലാഹു തന്റെ അടുത്തുള്ളവരിൽ അവരെ സംബന്ധിച്ച് പറഞ്ഞിട്ടുമല്ലാതെ. (മുസ്ലിം) (നാനാവിധേനയുള്ള സമാധാനവും സംരക്ഷണവും അനുഗ്രഹവും പ്രശസ്തിയും അവർക്ക് ലഭിച്ചുകൊണ്ടിരിക്കും)

## 24. ഖുർആൻെറ സുജൂദുകൾ

926. അബ്ദുല്ല(റ) നിവേദനം: നബി(സ) മക്കയിൽ വെച്ച് സൂറത്ത് നജ്മ് ഓതുകയും അതിൽ സുജൂദ് ചെയ്യുകയും ചെയ്തു. അപ്പോൾ നബി(സ)യുടെ കൂടെയുണ്ടായിരുന്നവരും സുജൂദ് ചെയ്തു. ഒരു കിഴവൻ ഒഴികെ. അയാൾ തന്റെ കയ്യിൽ ചെറിയ കല്ലോ മണ്ണോ എടുത്ത് തന്റെ നെററിക്ക് നേരെ ഉയർത്തി എനിക്ക് ഇത്രയും മതിയെന്ന് ജൽപിച്ചു. അയാൾ ഈ സംഭവത്തിനുശേഷം അവിശ്വാസിയായി വധിക്കപ്പെട്ടത് ഞാൻ കാണുകയുണ്ടായി. (ബുഖാരി. 2. 19. 173)

927. അബൂഹുറൈറ(റ) നിവേദനം: നബി(സ) ജുമുഅ:യുടെ ദിവസം സുബ്ഹി നമസ്കാരത്തിൽ സുറത്തു സജദ:യും സൂറത്തും ദഹ്റും ഓതാറുണ്ട്. (ബുഖാരി. 2. 19. 174)

928. ഇബ്നുഅബ്ബാസ്(റ) പറയുന്നു: സ്വാദ് സൂറത്തിലെ സുജൂദ് അത്യാവശ്യം സുജൂദുകളിൽ പെട്ടതല്ല. നബി(സ) ഈ സൂറത്തിൽ സുജൂദ് ചെയ്യുന്നത് ഞാൻ കണ്ടിട്ടുണ്ട്. (ബുഖാരി. 2. 19. 175)

929. ഇബ്നു അബ്ബാസ്(റ) നിവേദനം: നബി(സ) സൂറത്തു നജ്മ് പാരായണം ചെയ്തപ്പോൾ നബി(സ)യുടെ കൂടെ മുസ്ലിംകളും മുശ്രിക്കുകളും ജിന്നും മനുഷ്യനും സുജൂദ് ചെയ്തു. (ബുഖാരി. 2. 19. 177)

930. സെയ്തുബ്നു സാബിത്ത്(റ) നിവേദനം: നബി(സ)ക്ക് വന്നജ്മ് സൂറത്തു ഒരിക്കൽ അദ്ദേഹം ഓതി കേൾപ്പിച്ചു. അപ്പോൾ നബി(സ) സുജൂദ് ചെയ്തില്ല. (ബുഖാരി. 2. 19. 179)

931. അബൂഹുറൈറ(റ) നിവേദനം: അദ്ദേഹം ഇസസ്സാമഇൻ ശഖത്തു എന്ന സൂറത്തു ഓതുകയും അതിൽ സുജൂദ് ചെയ്യുകയും ചെയ്തു. അതിനെക്കുറിച്ച് അദ്ദേഹത്തോട് ചോദിക്കപ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു. നബി(സ) സുജൂദ് ചെയ്യുന്നത് ഞാൻ കണ്ടിരുന്നില്ലെങ്കിൽ ഞാൻ സുജൂദ് ചെയ്യുകയില്ലായിരുന്നു. (ബുഖാരി. 2. 19. 180)

932. ഇബ്നു ഉമർ(റ) നിവേദനം: സുജൂദ് ചെയ്യേണ്ട സ്ഥലങ്ങൾ ഉൾക്കൊള്ളുന്ന ചില സൂറത്തുകൾ ഞങ്ങളുടെ മുമ്പിൽ വെച്ച് നബി(സ) ഓതാറുണ്ടായിരുന്നു. അന്നേരം നബി(സ) സുജൂദ് ചെയ്യും. അപ്പോൾ ഞങ്ങളും സുജൂദ് ചെയ്യും. ചിലപ്പോൾ ചിലർക്ക് നെററി നിലത്ത് വെക്കാൻ പോലും സ്ഥലം ലഭിക്കാറില്ല. (ബുഖാരി. 2. 19. 181)

933. ഉമർ(റ) നിവേദനം: അദ്ദേഹം ഒരു വെള്ളിയാഴ്ച ദിവസം മിമ്പറിൽ വെച്ച സൂറത്തു നഹ്ല് ഓതുകയും സുജൂദിന്റെ സ്ഥലത്ത് എത്തിയപ്പോൾ മിമ്പറിൽ നിന്ന് താഴേക്ക് ഇറങ്ങി സുജൂദ് ചെയ്തു. ജനങ്ങളും സുജൂദ് ചെയ്തു. അടുത്ത് ജുമുഅ: യിലും അത് ഓതുകയും സുജൂദിന്റെ സ്ഥാനത്ത് എത്തിയപ്പോൾ അദ്ദേഹം ഇപ്രകാരം പറഞ്ഞു. അല്ലയോ ജനങ്ങളേ, സുജൂദിന്റെ ആയത്തിലൂടെ നാം കടന്നുപോകും. അപ്പോൾ വല്ലവനും സുജൂദ് ചെയ്താൽ സുന്നത്തു അവന്ന് ലഭിച്ചു. സുജൂദ് ചെയ്യാത്ത പക്ഷം അവന്റെ മേൽ തെററില്ല. അങ്ങനെ ഉമർ(റ) സുജൂദ് ചെയ്തില്ല. ഇബ്നുഉമർ(റ)ന്റെ നിവേദനത്തിൽ പറയുന്നു: ഈ സുജൂദ് അല്ലാഹു നിർബ്ബന്ധമാക്കിയിട്ടില്ല. നാം ഉദ്ദേശിച്ചാൽ സുജൂദ് ചെയ്യാം. (ബുഖാരി. 2. 19. 183)

934. അബൂറാഫിഅ്(റ) പറയുന്നു: അബൂഹുറൈറ(റ)യുടെ കൂടെ ഒരു ഇശാ നമസ്കാരം ഞാൻ നിർവ്വഹിച്ചു. അപ്പോൾ അദ്ദേഹം ഇദസ്സമാഉൻ ശഖാത്തു ഓതുകയും സുജൂദ് ചെയ്യുകയും ചെയ്തു. ഇതെന്താണെന്ന് ഞാൻ ചോദിച്ചു. അദ്ദേഹം പറഞ്ഞു: അബൂഖാസിമിന്റെ (നബി) പിന്നിൽ നിന്ന് ഈ സൂറത്തിൽ ഞാൻ സുജൂദ് ചെയ്തിട്ടുണ്ട്. ഞാൻ അദ്ദേഹത്തെ കണ്ടുമുട്ടുന്നത് വരെ ചെയ്ത് കൊണ്ടിരിക്കും. (ബുഖാരി. 2. 19. 184)

# 25. ചുരുക്കി നമസ്കരിക്കൽ

935. ഇബ്നു അബ്ബാസ്(റ) നിവേദനം: നബി(സ) പത്തൊമ്പത് ദിവസം ഖസ്റാക്കിക്കൊണ്ട് (മക്കാവിജയ വേളയിൽ) അവിടെ താമസിച്ചു. ഞങ്ങൾ യാത്ര ചെയ്യുകയും ഒരു സ്ഥലത്തു 19 ദിവസം വരെ താമസിക്കുകയും ചെയ്താൽ ഖസ്റാക്കും. വർദ്ധിപ്പിച്ചാൽ പൂർത്തിയാക്കും. (ബുഖാരി. 2. 20. 186)

936. അനസ്(റ) നിവേദനം: ഞങ്ങൾ നബി(സ) യോടൊപ്പം (ഹജ്ജൂത്തുൽ വദാഇൽ) മദീനയിൽ നിന്ന് മക്കയിലേക്ക് പുറപ്പെട്ടു. ആ യാത്രയിൽ മദീനയിലേക്ക് മടങ്ങും വരെ നബി(സ) ഈ രണ്ട് ഈ രണ്ട് റക്ക്അത്തുകളായിട്ടാണ് നമസ്കരിച്ചിരുന്നത്. ഇത് പറഞ്ഞപ്പോൾ നിങ്ങൾ മക്കയിൽ കുറച്ച് ദിവസം താമസിച്ചിരുന്നോ എന്ന് ചിലർ ചോദിച്ചു. ഞങ്ങൾ പത്തുദിവസം താമസിച്ചുവെന്ന് അനസ്(റ) മറുപടി പറഞ്ഞു. (ബുഖാരി. 2. 20. 187)

937. അബ്ദുല്ല(റ) നിവേദനം: ഞാൻ നബി(സ) യോടൊപ്പം മിനായിൽ വെച്ച് രണ്ടു റക്അത്തു ഖസ്റാക്കി നമസ്കരിച്ചിട്ടുണ്ട്. അബൂബക്കർ, ഉമർ എന്നിവരോടൊപ്പം ഉസ്മാന്റെ ഭരണത്തിന്റെ ആദ്യഘട്ടത്തിലും രണ്ടു റക്ക് അത്തു തന്നെയാണ് നമസ്കരിച്ചിരുന്നത്. അവസാന ഘട്ടങ്ങളിൽ ഉസ്മാൻ പൂർത്തിയാക്കി നമസ്കരിക്കുകയാണ് ചെയ്തിരുന്നത്. (ബുഖാരി. 2. 20. 188)

938. ഹാരിസത്തു(റ) പറയുന്നു: ഞങ്ങൾ തികച്ചും നിർഭയരായിരിക്കുന്ന സന്ദർഭത്തിൽ തന്നെ നബി(സ) ഞങ്ങളെയും കൂട്ടി മിനായിൽ വെച്ച് രണ്ട് റക്ത്താക്കി നമസ്കരിച്ചിട്ടുണ്ട്. (ബുഖാരി. 2. 20. 189)

939. അബ്ദുറഹ്മാൻ(റ) നിവേദനം: ഉസ്മാൻ(റ) മിനായിൽ വെച്ച് (ഖസ്റാക്കാതെ) ഞങ്ങളേയുമായി നാല് റക്അത്തു നമസ്കരിച്ചു. ഇതിനെ സംബന്ധിച്ച് അബ്ദുല്ലാഹിബ്നുമസ്ഊദി(റ)നോട് ചിലർ ചോദിച്ചു. ഇന്നാലില്ലാഹിവഇന്നഇലൈഹിറാജിഊൻ എന്നാണ് അദ്ദേഹം പറഞ്ഞത്. ശേഷം അദ്ദേഹം പറഞ്ഞു. ഞാൻ നബി(സ)യുടെ കൂടെ മിനായിൽ വെച്ച് രണ്ട് റക്അത്തു ഖസ്റാക്കി നമസ്കരിച്ചിട്ടുണ്ട്. അബൂബക്കർ(റ) ഉമർ(റ) എന്നിവരുടെ കൂടെയും മിനായിൽ വെച്ച് രണ്ടു റക്അത്തു നമസ്കരിച്ചിട്ടുണ്ട്. ആ നാല് റക്അത്തുകളുടെ സ്ഥാനത്ത് അല്ലാഹുവിങ്കൽ സ്വീകാര്യങ്ങളായ രണ്ട് റക്അത്തു നമസ്കരിക്കാൻ എനിക്ക് ഭാഗ്യമുണ്ടായെങ്കിൽ എന്നാണ് ഞാൻ ആശിക്കുന്നത്. (ബുഖാരി. 2. 20. 190)

940. ഇബ്നു അബ്ബാസ്(റ) പറയുന്നു: നാലിന്റെ പ്രഭാതത്തിൽ ഹജ്ജിന് തൽബിയ്യത്തു ചൊല്ലികൊണ്ടു നബി(സ)യും സഹാബിമാരും പുറപ്പെട്ടു. നബി(സ) അവരോട് ഹജ്ജിനെ ഉംറ:യാക്കി മാററുവാൻ നിർദ്ദേശിച്ചു. ബലിമൃഗത്തെ കൂടെ കൊണ്ടുവന്നവർ ഒഴികെ. (ബുഖാരി. 2. 20. 191)

941. ഇബ്നു ഉമർ(റ) നിവേദനം: വിവാഹബന്ധം നിഷിദ്ധമാക്കപ്പെട്ട ഒരു പുരുഷന്റെ കൂടെയല്ലാതെ ഒരുസ്ത്രീ മൂന്നു ദിവസത്തെ യാത്ര ചെയ്യുവാൻ പാടില്ലായെന്ന് നബി(സ) അരുളി. (ബുഖാരി. 2. 20. 192)

942. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: അല്ലാഹുവിലും പരലോകത്തും വിശ്വസിക്കുന്ന ഒരു സ്ത്രീക്ക് ഒരു പകലും ഒരു രാത്രിയും വിവാഹബന്ധം നിഷിദ്ധമാക്കിയവർ കൂടെയില്ലാതെ യാത്ര ചെയ്യുവാൻ പാടില്ല. (ബുഖാരി. 2. 20. 194)

943. ആയിശ:(റ) നിവേദനം: നമസ്കാരം ആദ്യം ഈ രണ്ട് റക്ക്അത്തു വീതമായിരുന്നു നിർബന്ധമാക്കപ്പെട്ടിരിക്കുന്നത്. യാത്രയിൽ അതു അപ്രകാരം തന്നെ സ്ഥിരപ്പെടുത്തി. നാട്ടിലെ നമസ്കാരത്തിൽ പൂർത്തിയാക്കുകയും ചെയ്തു. സുഹ്രി(റ) പറയുന്നു. ആയിശ:(റ)യുടെ സ്ഥിതി എന്താണ്!. അവർ യാത്രയിൽ പൂർത്തിയാക്കി (നാല് റക്ക്അത്തു) നമസ്കരിക്കുന്നുണ്ടല്ലോ? എന്ന് ഞാൻ ഉർ്വ:(റ) യോടു ചോദിച്ചു.

അദ്ദേഹം പറഞ്ഞു: ഉസ്മാൻ(റ) വ്യാഖ്യാനിച്ചതുപോലെ അവരും വ്യാഖ്യാനിച്ചു. (ബുഖാരി. 2. 20. 196)

944. ഇബ്നു ഉമർ(റ) നിവേദനം: നബി(സ) വേഗം എത്തേണ്ട യാത്രയിലാണെങ്കിലും മഗ്രിബ് നമസ്കാരം (ഇശാ നമസ്കാരത്തിലേക്ക്) പിന്തിക്കും. എന്നിട്ട് മഗ്രിബും ഇശായും ജംഅ് ആക്കി നമസ്കരിക്കും. സാലിം(റ) പറയുന്നു. അബ്ദുല്ല ധൃതിയുള്ള യാത്രയിൽ അപ്രകാരം ചെയ്യാറുണ്ട്. സാലിം(റ) പറയുന്നു: ഇബ്നു ഉമർ(റ) മുസ്ദലിഫയിൽ വെച്ച് മഗ്രിബിന്റെയും ഇശായുടെയും ഇടയിൽ ജംആക്കാറുണ്ട്. സാലിം(റ) പറയുന്നു. ഇബ്നു ഉമർ(റ) മഗ്രിബ് നമസ്കാരത്തെ പിന്തിപ്പിച്ചു. അദ്ദേഹത്തിന്റെ ഭാര്യ സ്വഫിയ്യ: ക്ക് രോഗമാണെന്ന വിവരം അദ്ദേഹത്തിന് ലഭിക്കുകയും അദ്ദേഹത്തിന്റെ സഹായം ആവശ്യപ്പെടുകയും ചെയ്തു. അപ്പോൾ ഞാൻ പറഞ്ഞു: നമസ്കാരത്തിന്റെ സമയമായി. ഇബ്നു ഉമർ(റ) പറഞ്ഞു: നീ യാത്ര ചെയ്യുക. രണ്ടോ മൂന്നോ മൈൽ ഞങ്ങൾ യാത്ര ചെയ്തപ്പോൾ വാഹനത്തിൽ നിന്ന് ഇറങ്ങി അദ്ദേഹം നമസ്കരിച്ചു. അനന്തരം അദ്ദേഹം പറഞ്ഞു. നബി(സ)ക്ക് യാത്ര ധൃതിയുള്ളതാകയാൽ ഇപ്രകാരം ചെയ്യുന്നത് ഞാൻ കണ്ടിട്ടുണ്ട്. അബ്ദുല്ല(റ) പറയുന്നു: നബി(സ)ക്ക് വേഗം എത്തേണ്ട യാത്രയിലാണെങ്കിൽ മഗ്രിബ് നമസ്കാരം അദ്ദേഹം പിന്തിക്കും. എന്നിട്ട് മഗ്രിബ് മൂന്ന് റക്അത്തായിട്ടു തന്നെ നമസ്കരിച്ച് സലാം വീട്ടും. എന്നിട്ട് അധികം താമസിയാതെ രണ്ട് റക്അത്തു ഇശാ നമസ്കരിക്കും. എന്നിട്ട് സലാം ചൊല്ലും. അർദ്ധരാത്രി തഹജ്ജൂദിനു വേണ്ടി എഴുന്നേൽക്കും വരെ നബി(സ) ഒരു സുന്നത്തും നമസ്കരിക്കുകയില്ല. (ബുഖാരി. 2. 20. 197)

945. ഇബ്നു ആമിർ(റ) തന്റെ പിതാവിൽ നിന്ന് ഉദ്ധരിക്കുന്നു. വാഹനം തിരിഞ്ഞുനിൽക്കുന്ന ഭാഗത്തേക്ക് അഭിമുഖമായിക്കൊണ്ട് നബി(സ) വാഹനപ്പുറത്ത് വെച്ച് നമസ്കരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. (ബുഖാരി. 2. 20. 198)

946. ജാബിർ(റ) നിവേദനം: വാഹനത്തിൽ സഞ്ചരിക്കുമ്പോൾ ഖിബ്ലയുടെ ഭാഗത്തുനിന്ന് തെററിക്കൊണ്ട് നബി(സ) സുന്നത്തു നമസ്കരിക്കാറുണ്ട്. (ബുഖാരി. 2. 20. 199)

947. ഇബ്നു ഉമർ(റ) നിവേദനം: അദ്ദേഹം വാഹനപ്പുറത്തുവെച്ച് വിത്ർ നമസ്കരിക്കാറുണ്ട്. നബി(സ) അപ്രകാരം ചെയ്യാറുണ്ടെന്ന് അനന്തരം അദ്ദേഹം പറയും. (ബുഖാരി. 2. 20. 200)

948. ഇബ്നു ഉമർ(റ) നിവേദനം: അദ്ദേഹം തന്റെ യാത്രയിൽ വാഹനം എവിടേക്ക് തിരിഞ്ഞു നിൽക്കുന്നുവോ അവിടേക്ക് അഭിമുഖീകരിച്ച് നമസ്കരിക്കാറുണ്ട്. ശേഷം നിശ്ചയം പ്രവാചകൻ ഇപ്രകാരം ചെയ്യാറുണ്ടെന്ന് അദ്ദേഹം പറയും. ആംഗ്യം കാണിച്ചാണ് അദ്ദേഹം നമസ്കരിക്കാറുള്ളത്. (ബുഖാരി. 2. 20. 201)

949. ആമിർ(റ) നിവേദനം: ഒട്ടകം ഏത് ഭാഗത്തേക്ക് തിരിഞ്ഞു നിൽക്കുകയാണെങ്കിലും ആ ഭാഗത്തേക്ക് അഭിമുഖീകരിച്ച് തന്റെ ശിരസ്സ് കൊണ്ട് ആംഗ്യം കാണിച്ച് അതിന്റെ പുറത്ത് വെച്ച് നബി(സ) നമസ്കരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. എന്നാൽ ഫർള് നമസ്കാരത്തിൽ നബി(സ) അപ്രകാരം ചെയ്യാറില്ല. (ബുഖാരി. 2. 20. 202)

950. ജാബിർ(റ) നിവേദനം: നബി(സ) കിഴക്ക് ഭാഗത്തേക്ക് തിരിഞ്ഞുകൊണ്ട് തന്റെ വാഹനപ്പുറത്ത് വെച്ച് നമസ്കരിക്കാറുണ്ട്. ഫർള് നമസ്കരിക്കുവാൻ ഉദ്ദേശിക്കുമ്പോൾ വാഹനപ്പുറത്ത് നിന്ന് ഇറങ്ങി ഖിബ്ലയെ അഭിമുഖീകരിച്ചുകൊണ്ട് നമസ്കരിക്കും. (ബുഖാരി. 2. 20. 203)

951. ഇബ്നു സീറിൻ(റ) പറയുന്നു: അനസ്(റ) ശാമിൽ നിന്ന് വരുന്ന സന്ദർഭത്തിൽ അദ്ദേഹത്തെ സ്വീകരിക്കുവാൻ വേണ്ടി ഞങ്ങൾ അഭിമുഖീകരിച്ചു. ഐനുത്തംറ് എന്ന സ്ഥലത്തു വെച്ച് ഞങ്ങൾ അദ്ദേഹത്തെ കണ്ടുമുട്ടി. ഖിബ്ലയുടെ ഇടത്

ഭാഗത്തേക്ക് തിരിഞ്ഞുകൊണ്ട് ഒരു കഴുതപ്പുറത്തിരുന്ന് അദ്ദേഹം നമസ്കരിക്കുന്നത് ഞാൻ കണ്ടു. അപ്പോൾ ഞാൻ ചോദിച്ചു. ഖിബ്ലയിൽ നിന്ന് തെററിയാണോ നിങ്ങൾ നമസ്കരിക്കുന്നത്? അദ്ദേഹം പറഞ്ഞു: നബി(സ) അപ്രകാരം ചെയ്യുന്നത് കണ്ടിരുന്നില്ലെങ്കിൽ ഞാൻ അങ്ങിനെ ചെയ്യുകയില്ലായിരുന്നു. (ബുഖാരി. 2. 20. 204)

952. ഇബ്നു ഉമർ(റ) നിവേദനം: ഞാൻ നബി(സ)യുടെ കൂടെ സഹവസിച്ചിട്ടുണ്ട്. യാത്രയിലൊരിക്കലും നബി(സ) സുന്നത്തു നമസ്കരിക്കുന്നത് ഞാൻ കണ്ടിട്ടില്ല. അല്ലാഹു പറയുന്നു: അല്ലാഹുവിന്റെ ദൂതനിൽ നിങ്ങൾക്ക് ഉത്തമ മാതൃകയുണ്ട് (33-. 21). (ബുഖാരി. 2. 20. 206)

953. ഇബ്നു ഉമർ(റ) നിവേദനം: ഞാൻ നബി(സ)യെ സഹവസിച്ചിട്ടുണ്ട്. അവിടുന്ന് യാത്രയിൽ രണ്ട് റക്അത്തിൽ കൂടുതലായി നമസ്കരിക്കാറില്ല. അബൂബക്കർ, ഉമർ, ഉസ്മാൻ എന്നിവരേയും ഞാൻ സഹവസിച്ചിട്ടുണ്ട്. അവരും രണ്ടു റക്അത്തിൽ കൂടുതലായി (സുന്നത്തു) വർദ്ധിപ്പിക്കാറില്ല. (ബുഖാരി. 2. 20. 206)

954. ഉമ്മുഹാനിഅ്(റ) നിവേദനം: നബി(സ) മക്കാ വിജയത്തിന്റെ സന്ദർഭത്തിൽ അവരുടെ വീട്ടിൽ വെച്ച് കുളിക്കുകയും ളുഹാ നമസ്കാരം എട്ട് റക്അത്തു നമസ്കരിക്കുകയും ചെയ്തു. വളരെ ലഘുവായ നിലക്കാണ് നബി(സ) അവ നിർവ്വഹിച്ചത്. എങ്കിലും സുജൂദും റുകൂഉം പൂർത്തിയാക്കിയിട്ടുണ്ട്. ആമിർ(റ) നിവേദനം: നബി(സ) ഒരു യാത്രയിൽ രാത്രിയിൽ വാഹനത്തിലിരുന്നു. ആ വാഹനം പോകുന്ന ഭാഗത്തേക്ക് തിരിഞ്ഞു സുന്നത്തു നമസ്കരിക്കുന്നത് ഞാൻ കണ്ടു. (ബുഖാരി. 2. 20. 207)

955. ഇബ്നുഉമർ(റ) നിവേദനം: നബി(സ) വേഗം എത്തേണ്ടതായ യാത്രയിലാണെങ്കിൽ മഗ്രിബിന്റെയും ഇശായുടെയും ഇടയിൽ ജംഅാക്കി നമസ്കരിക്കും. ഇബ്നു അബ്ബാസ്(റ) നിവേദനം: നബി(സ) യാത്രയിൽ ളുഹ്റും അസ്റും അപ്രകാരം തന്നെ മഗ്രിബും ഇശായും ജം: ആക്കി നമസ്കരിക്കാറുണ്ട് (ബുഖാരി. 2. 20. 209)

956. അനസ്(റ) നിവേദനം: സൂര്യൻ ആകാശമധ്യത്തിൽ നിന്ന് തെററുന്നതിന്റെ മുമ്പ് നബി(സ) യാത്ര പുറപ്പെട്ടാൽ ളുഹ്റിന് അസറിന്റെ സമയത്തിലേക്ക് പിന്തിക്കും. ശേഷം അവയുടെ ഇടയിൽ ഒരുമിച്ച് കൂട്ടി നമസ്കരിക്കും. സൂര്യൻ തെററിയ ശേഷമാണ് യാത്ര പുറപ്പെടുന്നതെങ്കിൽ ളുഹ്ർ നമസ്കരിച്ച് വാഹനത്തിൽ കയറും. (ബുഖാരി. 2. 20. 212)

957. ഇംറാനുബ്നു ഹുസൈൻ(റ) നിവേദനം: എന്നെ മൂലക്കുരു രോഗം ബാധിച്ചിരുന്നു. അപ്പോൾ തിരുമേനി(സ) യോട് ഒരാൾ ഇരുന്ന് നമസ്കരിക്കുന്നതിനെക്കുറിച്ച് ഞാൻ ചോദിച്ചു. അപ്പോൾ നബി(സ) പറഞ്ഞു. എഴുന്നേററ് നിന്ന് നമസ്കരിച്ചാൽ അതാണ് ഉത്തമം. വല്ലവനും ഇരുന്നു നമസ്കരിച്ചാൽ നിന്ന് നമസ്കരിക്കുന്നതിന്റെ പകുതി പ്രതിഫലം അവനുണ്ട്. ഒരാൾ കിടന്നുകൊണ്ട് നമസ്കരിച്ചാൽ ഇരുന്നു നമസ്കരിക്കുന്നവന്റെ പകുതി പ്രതിഫലം അവനുണ്ട്. (ബുഖാരി. 2. 20. 216)

958. ഇംറാൻ(റ) നിവേദനം: എന്നെ മൂലക്കുരു ബാധിച്ചപ്പോൾ നബി(സ) യോട് നമസ്കാരത്തെക്കുറിച്ച് ഞാൻ ചോദിച്ചു. അപ്പോൾ നബി(സ) പറഞ്ഞു. നീ നിന്ന് നമസ്കരിക്കുക. അതിന് കഴിവില്ലെങ്കിൽ ഇരുന്നും അതിന്നും കഴിവില്ലെങ്കിൽ കിടന്നും നമസ്കരിക്കുക. (ബുഖാരി. 2. 20. 217)

959. ആയിശ:(റ) നിവേദനം: വാർദ്ധക്യം പ്രാപിക്കുന്നതുവരെ നബി(സ) രാത്രിയിലെ സുന്നത്തു നമസ്കാരം ഒരിക്കലും ഇരുന്നു നമസ്ക്കരിക്കുന്നതു ഞാൻ കണ്ടിട്ടില്ല. വാർദ്ധക്യമായപ്പോൾ നബി(സ) ഇരുന്നുകൊണ്ടാണ് നമസ്കാരത്തിൽ ഖുർആൻ ഓതിയിരുന്നത്. അങ്ങനെ റുകൂഅ് ചെയ്യേണ്ട സമയം വരുമ്പോൾ എഴുന്നേററ് നിന്ന്

മുപ്പതോ നാൽപ്പതോ ആയത്തുകൾ ഓതിയശേഷം റുകൂഅ്ചെയ്യും. (ബുഖാരി. 2. 20. 219)

## – ഭാഗം 2 ( ഹദീസ് നമ്പർ 960 മുതൽ 1911 വരെ)

## 26. തഹജ്ജുദ്

960. ഇബ്നു അബ്ബാസ്(റ) നിവേദനം: നബി(സ) രാത്രിയിൽ തഹജ്ജുദിനുവേണ്ടി എഴുന്നേൽക്കുമ്പോൾ ഇപ്രകാരം പ്രാർത്ഥിക്കാറുണ്ട്. അല്ലാഹുവേ! നിനക്ക് സർവ്വസ്തുതിയും. ആകാശത്തിലെയും ഭൂമിയിലെയും അവയ്ക്ക് ഇടയിലുള്ളതിന്റെയും നിയന്താവ് നീയാണ്. നിനക്ക് സ്തുതി. ഉപരിഭാഗങ്ങളുടെയും ഭൂമിയുടെയും അവയ്ക്ക് ഇടയിലുള്ളതിന്റെയും ആധിപത്യം നിനക്കാണ്. നിനക്ക് സ്തുതി. ആകാശങ്ങളുടെയും ഭൂമിയുടെയും തേജസ്സ് നീയാണ്. നിനക്ക് സർവ്വസ്തുതിയും. ആകാശങ്ങളുടെയും ഭൂമിയുടെയും രാജാവ് നീയാണ്. നിനക്ക് സ്തുതി. നീയാണ് സത്യം. നിന്റെ വാഗ്ദാനം സത്യമാണ്. നിന്നെ അഭിമുഖീകരിക്കൽ യാഥാർത്ഥ്യമാണ്. നിന്റെ വചനം യാഥാർത്ഥ്യമാണ്. സ്വർഗ്ഗം യാഥാർത്ഥ്യമാണ്. നരകം യാഥാർത്ഥ്യമാണ്. പ്രവാചകന്മാർ യാഥാർത്ഥ്യമാണ്. അന്ത്യദിനം സത്യമാണ്. അല്ലാഹുവേ! മുഹമ്മദ് സത്യമാണ്. നിനക്ക് വേണ്ടി ഞാൻ മുസ്ലീമായിരിക്കുന്നു. നിന്നിൽ ഞാൻ വിശ്വാസമർപ്പിച്ചിരിക്കുന്നു. നിന്റെ മേൽ ഞാൻ ഭാരമേൽപ്പിച്ചിരിക്കുന്നു. നിന്നിലേക്ക് ഞാൻ ഖേദിച്ച് മടങ്ങിയിരിക്കുന്നു. നീ എനിക്ക് തെളിവുകൾ നൽകേണമേ, നിന്നിലേക്ക് ഞാൻ വിധി അന്വേഷിക്കുന്നു. അതിനാൽ നീ എനിക്ക് മാപ്പ് ചെയ്യേണമേ. ഞാൻ പ്രവർത്തിച്ചതിലും പ്രവർത്തിക്കാത്തതിലും ഞാൻ രഹസ്യമാക്കിയതിലും പരസ്യമാക്കിയതിലും. ആദ്യവും അന്ത്യവും നീയാണ്. നീയല്ലാതെ മറ്റൊരു ആരാധ്യനില്ല. (ബുഖാരി. 2. 21. 221)

961. സാലിമ്(റ) തന്റെ പിതാവിൽ നിന്ന് (ഇബ്നു ഉമർ) ഉദ്ധരിക്കുന്നു: നബി(സ)യുടെ കാലത്ത് ആരെങ്കിലും വല്ല സ്വപ്നവും ദർശിച്ചാൽ അതിനെക്കുറിച്ച് നബി(സ)യെ ഉണർത്തുക പതിവായിരുന്നു. ഞാനൊരു സ്വപ്നം കാണുവാനും അത് നബി(സ)യുടെ മുമ്പിൽ വെക്കുവാനും ആഗ്രഹിച്ചു. ഞാനൊരു യുവാവായിരുന്നു. അവിവാഹിതനായതിനാൽ നബി(സ)യുടെ കാലത്ത് പള്ളിയിലായിരുന്നു ഞാൻ കിടന്നുറങ്ങാറുണ്ടായിരുന്നത്. ഒരു ദിവസം രണ്ട് മലക്കുകൾ വന്ന് എന്നെ പിടിച്ച് നരകത്തിലേക്ക് കൊണ്ടുപോകുന്നതായി ഞാൻ സ്വപ്നം കണ്ടു. നോക്കുമ്പോൾ കിണർ പടുക്കുംപോലെ നരകത്തിന്റെ ഓരങ്ങൾ പടുത്തിട്ടുണ്ട്. അതിന്റെ മേൽഭാഗത്ത് രണ്ടു തൂണുകൾ ഉണ്ട്. നരകത്തിലേക്ക് നോക്കിയപ്പോൾ അതാ! അതിൽ കുറെ മനുഷ്യർ! അവരെ എനിക്ക് മനസ്സിലാക്കുവാൻ സാധിച്ചു. അപ്പോൾ ഞാൻ പറയുവാൻ തുടങ്ങി. നരകത്തിൽ നിന്ന് അല്ലാഹുവിനോട് ഞാൻ രക്ഷതേടുന്നു. അപ്പോൾ മറ്റൊരു മലക്കിനെ ഞാൻ കണ്ടുമുട്ടി. നീ ഭയപ്പെടേണ്ട എന്ന് ആ മലക്ക് എന്നോട് പറഞ്ഞു. ഈ സ്വപ്നം ഞാൻ ഹഫ്സക്ക് വിവരിച്ചുകൊടുത്തു. അവർ ആ വാർത്ത നബി(സ)യെ അറിയിച്ചു. അന്നേരം നബി(സ) അരുളി. അബ്ദുല്ല(ഇബ്നു ഉമർ)വളരെ നല്ലൊരു മനുഷ്യനാണ്. അവൻ രാത്രിയിൽ നമസ്കരിക്കുക കൂടി ചെയ്തെങ്കിൽ വളരെ നന്നായിരുന്നു. അതിനുശേഷം ഇബ്നുഉമർ(റ) രാത്രി അല്പസമയം മാത്രമേ ഉറങ്ങാറുണ്ടായിരുന്നുള്ളൂ. (ബുഖാരി. 2. 21. 222)

962. ആയിശ(റ) നിവേദനം: നബി(സ) രാത്രിയിൽ പതിനൊന്ന് റക്അത്താണ് നമസ്കരിക്കാറുണ്ടായിരുന്നത്. അതായിരുന്നു അവിടുത്തെ രാത്രി നമസ്കാരം. സുജൂദിൽ നിന്ന് തലയുയർത്തുന്നതിന് മുമ്പായി നിങ്ങളിൽ ഒരാൾ അമ്പതു

ആയത്തു ഓതുന്ന സമയം വരെ നബി(സ) സുജൂദ് ചെയ്യും. സുബ്ഹി നമസ്കാരത്തിന്റെ മുമ്പായി രണ്ട് റക്അത്ത്(സുബ്ഹിന്റെ സുന്നത്ത്)നമസ്കരിക്കും. ശേഷം വലഭാഗത്തേക്ക് നമസ്കാരത്തിലേക്ക് വിളിക്കുന്നവൻ വരുന്നതുവരെ ചെരിഞ്ഞ് കിടക്കും. (ബുഖാരി. 2. 21. 223)

963. ജുൻദുബ്(റ) നിവേദനം: നബി(സ)യെ രോഗം പിടികൂടി. അപ്പോൾ ഒന്നോ രണ്ടോ രാത്രി നമസ്കരിക്കുവാൻ എഴുന്നേററില്ല. (ബുഖാരി. 2. 21. 224)

964. ജുൻദുബ്(റ) നിവേദനം: ഏതാനും ദിവസം ജിബ്രിൽ വഹ്‌യുമായി നബി(സ)യെ സമീപിക്കാതിരുന്നു. അപ്പോൾ ഖുറൈശികളിൽപെട്ട ഒരു സ്ത്രീ പറഞ്ഞു: മുഹമ്മദിന്റെ പിശാച് അവനെ സമീപിക്കൽ പിന്തിയിരിക്കുന്നു. ഈ സന്ദർഭത്തിലാണ് സൂറത്തു ളുഹാ അവതരിക്കപ്പെട്ടത്. (ബുഖാരി. 2. 21. 225)

965. അലി(റ) നിവേദനം: ഒരു രാത്രി നബി(സ) അദ്ദേഹത്തിന്റെയും ഫാത്തിമയുടെയും വാതിലിൽ മുട്ടിക്കൊണ്ട് ചോദിച്ചു. നിങ്ങൾ രണ്ടുപേരും രാത്രി നമസ്കരിക്കാറില്ലേ? ഞാൻ പറഞ്ഞു: പ്രവാചകരേ! ഞങ്ങളുടെ ആത്മാക്കൾ അല്ലാഹുവിന്റെ ഹസ്തങ്ങളിലാണ്. അല്ലാഹു ഉദ്ദേശിച്ചാൽ അവൻ ഞങ്ങളെ പുനർജീവിപ്പിക്കും. (എഴുന്നേൽപ്പിക്കും)ഞങ്ങളതു പറഞ്ഞപ്പോൾ മറുപടി ഒന്നും പറയാതെ നബി(സ) പിരിഞ്ഞുപോയി. പോകുമ്പോൾ മനുഷ്യൻ വലിയ താർക്കികൻ തന്നെ എന്ന ആയത്തു നബി(സ) ഓതുന്നുണ്ട്. (ബുഖാരി. 2. 21. 227)

966. ആയിശ(റ) നിവേദനം: ഒരു കർമ്മം അനുഷ്ഠിക്കുവാൻ നബി(സ)ക്ക് ആഗ്രഹമുണ്ടായാൽ പോലും നബി(സ) ആ കർമ്മം വിട്ടുകളയാറുണ്ടായിരുന്നു. അതനുസരിച്ച് ജനങ്ങൾ പ്രവർത്തിക്കുകയും അപ്പോൾ അതവർക്ക് ഒഴിച്ചു കൂടാത്ത ഒന്നാണെന്ന ധാരണ ഉണ്ടാവുകയും ചെയ്യും. നബി(സ) ളുഹാ നമസ്കാരം ഒരിക്കലും നമസ്കരിച്ചിട്ടില്ല. എന്നാൽ ഞാനത് അനുഷ്ഠിക്കാറുണ്ട്. (ബുഖാരി. 2. 21. 228)

967. ആയിശ(റ) നിവേദനം: നിശ്ചയം നബി(സ) ഒരു രാത്രിയിൽ പള്ളിയിൽ വെച്ച് നമസ്കരിച്ചു. അപ്പോൾ ഒരു വിഭാഗം ജനങ്ങളും നബി(സ)യെ തുടർന്നു നമസ്കരിച്ചു. അടുത്ത ദിവസവും നബി(സ) അപ്രകാരം നമസ്കരിച്ചു. ആ നമസ്കാരത്തിൽ കൂടുതൽ ജനങ്ങൾ പങ്കെടുത്തു. മൂന്നാം ദിവസം അല്ലെങ്കിൽ നാലാം ദിവസവും അവർ ഒരുമിച്ച് കൂടി. എന്നാൽ നബി(സ) അവരിലേക്ക് വരികയുണ്ടായില്ല. പ്രഭാതമായപ്പോൾ നബി(സ) പറഞ്ഞു: നിങ്ങളുടെ പ്രവർത്തനം ഞാൻ മനസ്സിലാക്കിയിരുന്നു. നിർബ്ബന്ധമാണെന്ന ധാരണയുണ്ടാകുമോ എന്നത് മാത്രമാണ് നിങ്ങളിലേക്ക് വരുന്നതിൽ നിന്ന് എന്നെ തടുത്തത്. ഇത് റമളാനിൽ ആയിരുന്നു. (ബുഖാരി. 2. 21. 229)

968. മുഗീറ(റ) നിവേദനം: രണ്ടു കാൽപാദങ്ങളിൽ അല്ലെങ്കിൽ കണങ്കാലുകളിൽ നീരുവന്നു കയറും വരെ നബി(സ) രാത്രി നമസ്കരിക്കാറുണ്ട്. (അങ്ങനെ നമസ്കരിക്കേണ്ടതുണ്ടോ എന്ന്) നബി(സ)യോട് ചോദിക്കപ്പെട്ടു. അപ്പോൾ അവിടുന്നു പറഞ്ഞു: ഞാൻ അല്ലാഹുവിനോട് നന്ദിയുള്ള ഒരു ദാസനായിരിക്കേണ്ടയോ? (ബുഖാരി. 2. 21. 230)

969. അബ്ദുല്ലാഹിബ്നു അംറ്(റ) നിവേദനം: നിശ്ചയം നബി(സ) അരുളി: അല്ലാഹുവിന് ഏററവും ഇഷ്ടപ്പെട്ട നമസ്കാരം ദാവൂദ് നബി(സ)യുടെ നമസ്കാരമാണ്. അല്ലാഹുവിന് ഏററവും ഇഷ്ടപ്പെട്ട നോമ്പും ദാവൂദ് നബി(അ)യുടെ നോമ്പാണ്. രാവിന്റെ പകുതി ഭാഗം ഉറങ്ങുകയും മൂന്നിൽ ഒരു ഭാഗം നിന്ന് നമസ്കരിക്കുകയും വീണ്ടും ആറിലൊരു ഭാഗം ഉറങ്ങുകയും

ചെയ്യുകയായിരുന്നു അദ്ദേഹത്തിന്റെ പതിവ്. അദ്ദേഹം ഒരു ദിവസം നോമ്പനുഷ്ഠിച്ചാൽ അടുത്ത ദിവസം നോമ്പുപേക്ഷിക്കും. (ബുഖാരി. 2. 21. 231)

970. മസ്റൂഖ്(റ) നിവേദനം: നബി(സ)ക്ക് ഏത് പ്രവൃത്തിയാണ് ഏററവും ഇഷ്ടപ്പെട്ടതെന്ന് ഞാൻ ആയിശ(റ) യോട് ചോദിച്ചു. അപ്പോൾ അവർ പറഞ്ഞു. പതിവായി ചെയ്യാൻ സാധിക്കുന്നത്. നബി(സ) എപ്പോഴാണ് രാത്രി നമസ്കാരത്തിന് എഴുന്നേൽക്കാറുള്ളതെന്ന് ഞാൻ വീണ്ടും ചോദിച്ചു. അവർ പറഞ്ഞു. കോഴിയുടെ കൂവൽ കേൾക്കുമ്പോൾ. (ബുഖാരി. 2. 21. 232)

971. അബ്ദുല്ല(റ) നിവേദനം: നബി(സ)യുടെ കൂടെ ഒരു രാത്രി ഞാൻ നമസ്കരിച്ചു. നബി(സ) നമസ്കാരം തുടർന്ന് ഇടക്ക് ഒരു ചീത്ത വിചാരം എന്റെ മനസ്സിലുദിച്ചു. എന്താണ് നിങ്ങളുദ്ദേശിച്ചത്? എന്നു ചിലർ ചോദിച്ചു. അനസ്(റ) പറഞ്ഞു: ഞാൻ നബിയെ ഉപേക്ഷിച്ച് ഇരിക്കാൻ വിചാരിച്ചു. (ബുഖാരി. 2. 21. 236)

972. ഹുദൈഫ:(റ) നിവേദനം: നബി(സ) തഹജ്ജുദിന് വേണ്ടി എഴുന്നേൽക്കുമ്പോൾ മിസ്വാക്ക് ചെയ്യാറുണ്ട്. (ബുഖാരി. 2. 21. 237)

973. ഇബ്നു ഉമർ(റ) നിവേദനം: പ്രവാചകരേ! എങ്ങിനെയാണ് രാത്രി നമസ്കാരമെന്ന് ഒരാൾ ചോദിച്ചു. നബി(സ) അരുളി: ഈ രണ്ടു ഈ രണ്ട് വീതം. നീ സുബ്ഹിനെ ഭയപ്പെട്ടാൽ ഒന്ന് കൊണ്ട് വിത്റാക്കുക. (ബുഖാരി. 2. 21. 238)

974. മസ്റൂഖ്(റ) പറയുന്നു: ആയിശ(റ) യോട് രാത്രി നമസ്കാരം എത്രയായിരുന്നുവെന്ന് ഞാൻ ചോദിച്ചു. അപ്പോൾ അവർ പറഞ്ഞു 7, 9, 11 എന്നീ ക്രമത്തിൽ സുബ്ഹിന്റെ രണ്ട് റക്അത്ത് പുറമെ. (ബുഖാരി. 2. 21. 240)

975. ആയിശ(റ) നിവേദനം: നബി(സ) രാത്രിയിൽ 13 റക്അത്ത് നമസ്കരിക്കാറുണ്ട്. വിത്റും സുബ്ഹിന്റെ രണ്ടു റക്അത്തും അതിൽ ഉൾപ്പെടുന്നു. (ബുഖാരി. 2. 21. 241)

976. അനസ്(റ) നിവേദനം: ചില മാസങ്ങളിൽ നബി(സ) നോമ്പ് ഉപേക്ഷിക്കുന്നത് കണ്ടാൽ നമുക്ക് തോന്നും നബി(സ) ഇനി ആ മാസത്തിൽ നോമ്പു നോൽക്കുകയില്ലെന്ന്. ചില മാസങ്ങളിൽ നോമ്പ് അനുഷ്ഠിക്കുന്നത് കണ്ടാൽ തോന്നും ഇനി ആ മാസത്തിൽ നബി(സ) നോമ്പുപേക്ഷിക്കുകയില്ലെന്ന്. നബി(സ) രാത്രി നമസ്കരിക്കുന്നത് കാണാനുദ്ദേശിച്ചാൽ അതും നബി(സ) രാത്രി ഉറങ്ങുന്നത് കാണാനുദ്ദേശിച്ചാൽ അതും നിനക്ക് കാണാൻ സാധിക്കും. (ബുഖാരി. 2. 21. 242)

977. അബൂഹുറൈറ(റ) നിവേദനം: തീർച്ചയായും നബി(സ) അരുളി: നിങ്ങളിൽ ഒരാൾ ഉറങ്ങിക്കൊണ്ടിരിക്കുമ്പോൾ അവന്റെ തലയുടെ പിൻഭാഗത്തു പിശാച് കെട്ടുകെട്ടും. രാവ് ഇനിയും വളരെയധികമുണ്ട്. ഉറങ്ങിക്കൊള്ളുവീൻ എന്നു പറഞ്ഞു ഓരോ കെട്ടിലും അവൻ അടിക്കും. മനുഷ്യർ ഉണർന്നു അല്ലാഹുവിനെ സ്മരിച്ചാൽ ഒരു കെട്ടഴിയും. അവൻ വുളു ചെയ്താൽ രണ്ടാമത്തെ കെട്ടഴിയും. പിന്നീടവൻ നമസ്കരിച്ചാലോ മറേറ കെട്ടും അഴിയും. മാത്രമല്ല പ്രഭാതവേളയിൽ അവൻ ഉന്മേഷവാനായി എഴുന്നേൽക്കുകയും ചെയ്യും. മറിച്ചാണെങ്കിലോ ഉന്മേഷരഹിതനും മടിയനുമായി കൊണ്ട് അവൻ എഴുന്നേൽക്കും. (ബുഖാരി. 2. 21. 243)

978. സമുറ(റ) നിവേദനം: കല്ല് കൊണ്ട് തല പൊട്ടിക്കപ്പെടുന്നവൻ ഖുർആൻ മന:പാഠമാക്കിയിട്ടും അതിനെ വർജ്ജിച്ച് നിർബന്ധ നമസ്കാരം നിർവ്വഹിക്കാതെ ഉറങ്ങുന്നവനാണെന്ന് നബി(സ) കണ്ട സ്വപ്നത്തെ വ്യാഖ്യാനിച്ചുകൊണ്ട് അവിടുന്ന് പറഞ്ഞു. (ബുഖാരി 2. 21. 244)

979. അബ്ദുല്ല(റ) നിവേദനം: നമസ്കരിക്കാതെ നേരം പുലരുന്നതുവരെ കിടന്നുറങ്ങുന്ന ഒരാളെക്കുറിച്ച് ഒരിക്കൽ നബി(സ)യോട് പറയപ്പെട്ടു. അവിടുന്ന് അരുളി: പിശാച് അവന്റെ ചെവിയിൽ മൂത്രമൊഴിച്ചിരിക്കുന്നു. (ബുഖാരി. 2. 21. 245)

980. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: നമ്മുടെ നന്മ നിറഞ്ഞ രക്ഷിതാവ് എല്ലാ രാത്രിയിലും രാത്രിയുടെ മൂന്നിലൊരു ഭാഗം അവശേഷിക്കുന്ന സമയത്ത് ആകാശത്തിലേക്കിറങ്ങി വരും. അവൻ ചോദിക്കും. വല്ലവനും എന്നെ വിളിച്ചു പ്രാർത്ഥിക്കുന്ന പക്ഷം അവന് ഉത്തരം ഞാൻ നൽകും. വല്ലവനും എന്നോട് ചോദിക്കുന്ന പക്ഷം ഞാനവന് നൽകും. വല്ലവനും എന്നോട് പാപമോചനത്തിനായി പ്രാർത്ഥിക്കുന്ന പക്ഷം അവന് ഞാൻ പൊറുത്തു കൊടുക്കും. (ബുഖാരി. 2. 21. 246)

981. അസ്വദ്(റ) പറയുന്നു: രാത്രിയിലെ നബി(സ)യുടെ നമസ്കാരം എങ്ങിനെയായിരുന്നുവെന്ന് ഞാൻ ആയിശ(റ) യോട് ചോദിച്ചു. അവർ പറഞ്ഞു. അവിടുന്നു രാവിന്റെ ആദ്യദശയിൽ ഉറങ്ങുകയും അന്ത്യദശയിൽ എഴുന്നേററ് നമസ്കരിക്കുകയും ചെയ്യും. നമസ്കാര ശേഷം നബി(സ) വിരിപ്പിലേക്ക് തന്നെ മടങ്ങും. ബാങ്ക് വിളിക്കുന്നത് കേട്ടാൽ വീണ്ടും എഴുന്നേൽക്കും. കുളിക്കേണ്ടതുണ്ടെങ്കിൽ കുളിക്കും. ഇല്ലെങ്കിൽ വുളു ചെയ്ത്(പള്ളിയിലേക്ക്)പുറപ്പെടും. (ബുഖാരി. 2. 21. 247)

982. അബൂസലമ(റ) നിവേദനം: റമളാൻ മാസത്തിലെ നബി(സ)യുടെ രാത്രി നമസ്കാരം എങ്ങിനെയായിരുന്നുവെന്ന് ഞാൻ ആയിശ(റ) യോട് ചോദിച്ചു. അപ്പോൾ അവർ പറഞ്ഞു. നബി(സ) റമളാനിലും റമളാനല്ലാത്ത കാലത്തും പതിനൊന്ന് റക്അത്തിലധികം നമസ്കരിച്ചിട്ടില്ല. ആദ്യം നബി(സ) നാല് റക്അത്ത് നമസ്കരിക്കും. അതിന്റെ നന്മയേയും ദൈർഘ്യത്തേയും കുറിച്ച് നീ ചോദിക്കേണ്ടതില്ല. വീണ്ടും നാല് റക്അത്തു നമസ്ക്കരിക്കും. അതിന്റെ നന്മയേയും ദൈർഘ്യത്തേയും കുറിച്ച് ചോദിക്കേണ്ടതില്ല. പിന്നെ മൂന്ന് റക്അത്ത് നമസ്ക്കരിക്കും. ആയിശ(റ) പറഞ്ഞു: ഞാൻ ചോദിച്ചു. അല്ലാഹുവിന്റെ ദൂതരേ! വിത്ത്റാക്കുന്നതിന്റെ മുമ്പ് അവിടുന്നു ഉറങ്ങുകയാണോ? നബി(സ) അരുളി: ആയിശാ! എന്റെ രണ്ടു കണ്ണുകളാണ് ഉറങ്ങുന്നത്. എന്റെ മനസ്സിനെ ഉറക്കം ബാധിക്കുന്നില്ല. (ബുഖാരി. 2. 21. 248)

983. അബൂഹുറൈറ(റ) നിവേദനം: നബി(സ) ഒരു സുബ്ഹ് നമസ്കാരത്തിന്നുശേഷം പ്രവർത്തിച്ച ബിലാലിനോട് പറഞ്ഞു. നീ മുസ്ലിമായശേഷം പുണ്യകർമ്മങ്ങളിൽ ഏററവും അധികം പ്രതിഫലം കാംക്ഷിക്കുന്നത് ഏതാണ്? നിശ്ചയം ഞാൻ സ്വർഗ്ഗത്തിൽ നിന്റെ ചെരുപ്പിന്റെ ചലനം കേൾക്കുകയുണ്ടായി. ബിലാൽ പറഞ്ഞു: ഞാൻ രാത്രിയിലോ പകലിലോ ഏതുസമയം വുളു എടുത്താലും എനിക്ക് നമസ്ക്കരിക്കുവാൻ മതപരമാക്കിയത് ഞാൻ ആ വുളുകൊണ്ട് നമസ്ക്കരിക്കാറുണ്ട്. ഇതാണ് എന്റെ അടുത്ത് ഏററവും പ്രതീക്ഷയുള്ളത്. (ബുഖാരി. 2. 21. 250)

984. അനസ്(റ) നിവേദനം: നബി(സ) ഒരിക്കൽ പള്ളിയിൽ പ്രവേശിച്ചപ്പോൾ അവിടെ രണ്ടു തൂണുകൾക്കിടയിൽ ഒരു കയർ ബന്ധിപ്പിച്ചിരിക്കുന്നത് കണ്ടു. നബി(സ) ചോദിച്ചു: എന്താണീ കയർ? സഹാബിവര്യന്മാർ പറഞ്ഞു. ഇത് സൈനബയുടെ കയറാണ്. അവർക്ക്(രാത്രിനമസ്ക്കാരത്തിൽ)ക്ഷീണം ബാധിക്കുമ്പോൾ ഈ കയറിൽ പിടിക്കും. നബി(സ) അരുളി: വേണ്ടതില്ല. അത് അഴിച്ചു കളയുവീൻ. നിങ്ങളിലോരോരുത്തരും അവരുടെ ഉന്മേഷാവസരത്തിൽ നമസ്ക്കരിക്കട്ടെ. ക്ഷീണം ബാധിച്ചാൽ ഇരിക്കുകയും ചെയ്യട്ടെ. (ബുഖാരി. 2. 21. 251മ)

985. അബ്ദുല്ല(റ) നിവേദനം: നബി(സ) എന്നോട് അരുളി: അബ്ദുല്ലാ! നീ ഒരു മനുഷ്യനെപ്പോലെയാവരുത്. അവൻ രാത്രിയിൽ എഴുന്നേൽക്കും. അങ്ങനെ രാത്രി നമസ്കാരം ഉപേക്ഷിക്കും. (ബുഖാരി. 2. 21. 252)

986. ഉബാദത്ത്(റ) നിവേദനം: നബി(സ) അരുളി: വല്ലവനും ഉറക്കത്തിൽ നിന്ന് ഉണർന്നു. എന്നിട്ടിപ്രകാരം പ്രാർത്ഥിച്ചു. അല്ലാഹുവല്ലാതെ ഒരു ആരാധ്യനുമില്ല. അവൻ ഏകനാണ് അവന് പങ്കുകാരനില്ല. അവനാണ് ആധിപത്യം. അവനാണ് സർവ്വസ്തുതിയും. അവൻ എല്ലാററിനും കഴിവുള്ളവനത്രേ. സർവ്വ സ്തുതിയും അല്ലാഹുവിനാണ്. അല്ലാഹു പരിശുദ്ധനാണ്. അവനല്ലാതെ ആരാധകനില്ല. അവൻ മഹാനാകുന്നു. അവൻ കാരണമല്ലാതെ യാതൊരു ശക്തിയും സഹായവുമില്ല. ശേഷം അവൻ ഇപ്രകാരവും പ്രാർത്ഥിച്ചു: അല്ലാഹുവേ! എനിക്ക് നീ പൊറുത്തു തരേണമേ എന്നോ അല്ലെങ്കിൽ മററു വല്ലതുമോ പ്രാർത്ഥിച്ചാൽ തീർച്ചയായും അവന്റെ പ്രാർത്ഥന അല്ലാഹു സ്വീകരിക്കും. പിന്നീടവൻ വുളു ചെയ്തു നമസ്കരിച്ചാലോ അല്ലാഹു അവന്റെ നമസ്കാരവും സ്വീകരിക്കും. (ബുഖാരി. 2. 21. 253)

987. അബൂഹുറൈറ(റ) നിവേദനം: അദ്ദേഹം തന്റെ ഉപദേശം നൽകുന്നതിനിടക്ക് നബി(സ)യെക്കുറിച്ച് പ്രസ്താവിച്ചു. നിങ്ങളുടെ സഹോദരൻ കള്ളം പറഞ്ഞിട്ടില്ല. അബ്ദുല്ലാഹിബ്നു റവാഹത്തിനെയാണ് അബൂഹുറൈറ(റ) ഉദ്ദേശിച്ചത്. എന്നിട്ട് അബ്ദുല്ലാഹിബ്നു റവാഹത്തു നബി(സ)യെ വർണിച്ചുകൊണ്ട് പാടിയ പദ്യത്തിന്റെ ചില വരികൾ അദ്ദേഹം ഉദ്ധരിച്ചു:– ഞങ്ങളിൽ അല്ലാഹുവിന്റെ ദൂതനുണ്ട്. പ്രഭാതം ഉദിച്ച് ഉയരുമ്പോൾ അദ്ദേഹം അല്ലാഹുവിന്റെ വേദ ഗ്രന്ഥം പാരായണം ചെയ്തുകൊണ്ടിരിക്കുന്നു. നാം അന്ധരായി ജീവിച്ചശേഷം നമുക്ക് അദ്ദേഹം നേർമാർഗ്ഗം കാണിച്ചുതന്നു. അവിടുന്നരുളിയ കാര്യങ്ങളെല്ലാം സംഭവിക്കുകതന്നെ ചെയ്യുമെന്ന് ഇപ്പോൾ ഞങ്ങൾക്കുറപ്പുണ്ട്. തന്റെ വിരിപ്പിൽ നിന്ന് ശരീരത്തെ അകററി നിർത്തിക്കൊണ്ടാണ് അവിടുന്നു രാത്രി സമയം കഴിച്ചുകൂട്ടാറുള്ളത്. ബഹുദൈവവിശ്വാസികൾക്ക് വിരിപ്പുകളിൽ നിന്ന് എഴുന്നേൽക്കുക എന്നത് വളരെ ക്ലേശകരമായി തോന്നുകയും ചെയ്യുന്നു. (ബുഖാരി. 2. 21. 254)

988. ഇബ്നു ഉമർ(റ) നിവേദനം: നബി(സ)യുടെ കാലത്ത് ഞാനൊരിക്കൽ ഇപ്രകാരം സ്വപ്നം കണ്ടു. എന്റെ കൈയിൽ പട്ടിന്റെ ഒരു തുണ്ട് ഇരുന്നതായും സ്വർഗ്ഗത്തിൽ ഏത് സ്ഥലത്ത് ഞാൻ പോകാനുദ്ദേശിച്ചാലും ആ പട്ടു തുണ്ട് എന്നെയും കൊണ്ട് പറന്നിരുന്നതായും രണ്ടാൾ എന്റെയടുക്കൽ വന്നു എന്നെ നരകത്തിലേക്ക് കൊണ്ടു പോകുന്നതായും. അപ്പോൾ അവരെ മറെറാരു മലക്ക് അഭിമുഖീകരിച്ചു. എന്നിട്ട് ആ മലക്ക് പറഞ്ഞു: നീ പരിഭ്രമിക്കേണ്ടതില്ല. നിങ്ങൾ അദ്ദേഹത്തെ വിട്ടേക്കുവീൻ. (ബുഖാരി. 2. 21. 255)

989. ആയിശ(റ) നിവേദനം: നബി(സ) സുബ്ഹിന്റെ രണ്ടു റക്അത്തു നമസ്കരിച്ചാൽ തന്റെ വലതുഭാഗത്തേക്ക് ചെരിഞ്ഞുകിടക്കും. (ബുഖാരി. 2. 21. 257)

990. ആയിശ(റ) നിവേദനം: സുബ്ഹിന്റെ രണ്ട് റക്അത്ത് സുന്നത്തു നമസ്കരിക്കുന്നതിൽ പ്രദർശിപ്പിച്ചിരുന്നത് പോലെയുള്ള നിഷ്കർഷ മറെറാരു സുന്നത്തു നമസ്കാരത്തിലും നബി(സ) പ്രദർശിപ്പിച്ചിരുന്നില്ല. (ബുഖാരി. 2. 21. 260)

991. ആയിശ(റ) നിവേദനം: സുബ്ഹിന്റെ രണ്ടു റക്അത്തു സുന്നത്തു നബി(സ) വളരെയധികം ലഘൂകരിക്കാറുണ്ട്. നബി(സ) നമസ്കാരത്തിൽ ഫാതിഹ ഓതിയോ എന്ന് എനിക്ക് ചിലപ്പോൾ സംശയം തോന്നാറുണ്ട്. (ബുഖാരി. 2. 21. 262)

992. ജാബിർ(റ) നിവേദനം: എല്ലാ കാര്യങ്ങളിൽ നല്ലവശം തോന്നിപ്പിച്ചു തരുവാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കേണ്ടത് എങ്ങിനെയെന്ന് നബി(സ) ഖുർആനിലെ അധ്യായം പഠിപ്പിച്ചു തരുംപോലെ ഞങ്ങൾക്ക് പഠിപ്പിച്ചു തരാറുണ്ടായിരുന്നു.

നബി(സ) അരുളി: നിങ്ങളിലാരെങ്കിലും ഒരു കാര്യം പ്രവർത്തിക്കാനുദ്ദേശിച്ചാൽ ഹർള് നമസ്കാരത്തിന് പുറമെ രണ്ടു റക്അത്തു നമസ്കരിക്കട്ടെ. എന്നിട്ട് ഇങ്ങനെ പ്രാർത്ഥിക്കട്ടെ. അല്ലാഹുവേ (ഞാൻ പ്രവർത്തിക്കുവാൻ ഉദ്ദേശിക്കുന്ന കാര്യത്തിൽ)നല്ല വശം തോന്നിപ്പിച്ചു തരുവാൻ ഞാനിതാ നിന്നോട് സഹായം തേടുന്നു. നിന്റെ ശക്തി മുഖേന എനിക്ക് ശക്തി കൈവരുത്തിത്തരുവാൻ ഞാനിതാ നിന്നോടപേക്ഷിക്കുന്നു. നിന്റെ മഹത്തായ അനുഗ്രഹങ്ങൾക്കു വേണ്ടിയും ഞാനിതാ നിന്നോട് യാചിക്കുന്നു. നിശ്ചയം എനിക്ക് കഴിവില്ല. നിനക്കാണ് കഴിവുകളെല്ലാമുള്ളത്. നീ ജ്ഞാനിയാണ്. ഞാൻ അജ്ഞാനിയും. നീതന്നെയാണ് അദൃശ്യകാര്യങ്ങൾ അറിയുന്നവൻ. അല്ലാഹുവേ!(ഞാനുദ്ദേശിക്കുന്ന)ഇക്കാര്യം എനിക്ക് എന്റെ ദീനിനും എന്റെ ജീവിതത്തിനും കാര്യങ്ങളുടെ പരിണാമ ഘട്ടത്തിലേക്കും നല്ലതാണെന്നു നിനക്കറിവുണ്ടെങ്കിൽ നീ അതിന് എനിക്ക് കഴിവ് നൽകുകയും അക്കാര്യം കരസ്ഥമാക്കുവാനുള്ള മാർഗം സുഗമമാക്കിത്തരികയും ചെയ്യേണമേ! അങ്ങനെയല്ല. ഞാൻ പ്രവർത്തിക്കാനുദ്ദേശിക്കുന്ന ഇക്കാര്യം എനിക്ക് എന്റെ ദീനിനും ജീവിതത്തിനും കാര്യങ്ങളുടെ പരിണാമങ്ങൾക്കും – ദോഷകരമാണെന്ന് നിനക്കറിവുണ്ടെങ്കിൽ ഇക്കാര്യത്തെ എന്നിൽ നിന്നും ഇക്കാര്യത്തിൽ നിന്ന് എന്നെയും നീതിരിച്ചു വിടേണമേ. എനിക്ക് നന്മ അതെവിടെയാണെങ്കിലും നീ നിശ്ചയിച്ചു തരേണമേ! അതിൽ എന്നെ സംതൃപ്തനാക്കുകയും ചെയ്യേണമേ. നബി(സ) തുടർന്ന് അരുളി: ശേഷം തന്റെ ആവശ്യങ്ങൾ അവൻ പറയട്ടെ. (ബുഖാരി. 2. 21. 263)

993. അനസ്(റ) നിവേദനം: നബി(സ) ഒരു പകലിൽ ഞങ്ങൾക്ക് വേണ്ടി രണ്ട് റക്അത്തു നമസ്കരിച്ചു. അതിൽ നിന്നു വിരമിച്ചു. (ബുഖാരി. 2. 21. 265)

994. അബ്ദുല്ല(റ) നിവേദനം: നബി(സ)യുടെ കൂടെ ളുഹ്റിന് മുമ്പ് രണ്ടു റക്അത്തും അതിന് ശേഷം രണ്ടു റക്അത്തും ജുമുഅ:ക്ക് ശേഷം രണ്ട് റക്അത്തും മഗ്രിബിന് ശേഷം രണ്ടു റക്അത്തും ഇശാക്ക് ശേഷം രണ്ടു റക്അത്തും ഞാൻ നമസ്കരിക്കുകയുണ്ടായി. (ബുഖാരി. 2. 21. 266)

995. ഹഫ്സ(റ) നിവേദനം: സൂര്യൻ ഉദിച്ചശേഷം നബി(സ) ലഘുവായ രണ്ടു റക്അത്തു നമസ്കരിക്കാറുണ്ട്. ഇബ്നു ഉമർ(റ) പറയുന്നു: ഈ സമയത്ത് ഞാൻ നബിയുടെ സന്നിധിയിൽ പ്രവേശിക്കാറില്ല. (ബുഖാരി. 2. 21. 269)

996. ഇബ്നു അബ്ബാസ്(റ) നിവേദനം: നബി(സ)യുടെ കൂടെ എട്ട് റക്അത്ത് ഒരുമിച്ച് കൊണ്ടും ഏഴ് റക്അത്തു ഒരുമിച്ച് കൊണ്ടും ഞാൻ നമസ്കരിക്കുകയുണ്ടായി. ഞാൻ ചോദിച്ചു(അംറ്)അല്ലയോ അബൂശഅ്സാഅ്. അതിന്റെ ഉദ്ദേശം നബി(സ) ളുഹ്റിനെ പിന്തിപ്പിക്കുകയും അസറിനെ മുന്തിക്കുകയും ഇശാനമസ്കാരത്തെ മുന്തിക്കുകയും മഗ്രിബിനെ പിന്തിക്കുകയും ചെയ്തു എന്നല്ലേ? അദ്ദേഹം പറഞ്ഞു: ഞാൻ അപ്രകാരം ഊഹിക്കുന്നു. (ബുഖാരി. 2. 21. 270)

997. മുവറിഖ്(റ) പറയുന്നു: ഇബ്നു ഉമർ(റ) നോട് താങ്കൾ ളുഹാ നമസ്കരിക്കാറുണ്ടോ എന്ന് ഞാൻ ചോദിച്ചു. ഇല്ലെന്ന് അദ്ദേഹം പറഞ്ഞു. ഉമർ(റ) നമസ്കരിക്കാറുണ്ടോ എന്ന് ഞാൻ ചോദിച്ചു. ഇല്ലെന്ന് അദ്ദേഹം അപ്പോഴും മറുപടി പറഞ്ഞു. അബൂബക്കർ(റ) നമസ്കരിക്കാറുണ്ടോ എന്നു ചോദിച്ച സന്ദർഭത്തിലും ഇല്ലെന്നു പറഞ്ഞു: നബി(സ) നമസ്കരിക്കാറുണ്ടോ എന്ന് ഞാൻ ചോദിച്ചു. നമസ്കരിച്ചതായി ഞാൻ വിചാരിക്കുന്നില്ലെന്ന് ഇബ്നു ഉമർ(റ) പറഞ്ഞു. (ബുഖാരി. 2. 21. 271)

998. ആയിശ(റ) നിവേദനം: നബി(സ) ളുഹാ നമസ്കരിക്കുന്നത് ഞാനൊരിക്കലും കണ്ടിട്ടില്ല. എന്നാൽ ഞാനത് നമസ്കരിക്കാറുണ്ട്. (ബുഖാരി. 2. 21. 273)

999. അബൂഹുറൈറ(റ) നിവേദനം: എന്റെ ആത്മമിത്രം മൂന്നുകാര്യം അനുഷ്ഠിക്കുവാൻ എന്നോട് ഉപദേശിച്ചിരിക്കുന്നു. ഞാൻ മരിക്കുന്നതുവരെ അവ ഉപേക്ഷിക്കുകയില്ല. എല്ലാ മാസത്തിലും മൂന്നു ദിവസം നോമ്പനുഷ്ഠിക്കുക. ളുഹാ നമസ്കാരവും. വിത്ത്റാക്കി ഉറങ്ങൽ. (ബുഖാരി. 2. 21. 274)

1000. ആയിശ(റ) നിവേദനം: ളുഹ്റിന് മുമ്പുള്ള നാല് റക്അത്തു സുന്നത്തും സുബ്ഹിന്റെ രണ്ട് റക്അത്തു സുന്നത്തും നബി(സ) ഉപേക്ഷിക്കാറില്ല. (ബുഖാരി. 2. 21. 276)

1001. അബ്ദുല്ലാഹിൽമുസ്നി(റ) നിവേദനം: നബി(സ) പറഞ്ഞു: നിങ്ങൾ മഗ്രിബിന് മുമ്പ് നമസ്കരിക്കുവീൻ എന്നു നബി(സ) മൂന്ന് പ്രാവശ്യം ആവർത്തിച്ചുകൊണ്ട് പറഞ്ഞു. മൂന്നാമത്തെ പ്രാവശ്യം ഉദ്ദേശിക്കുന്നവർക്ക് എന്ന് കൂടി നബി(സ) പറഞ്ഞു. ജനങ്ങൾ അത് പതിവായി സുന്നത്താക്കുന്നതിനെ നബി(സ) വെറുത്തത് കൊണ്ടാണ് ഇപ്രകാരം പറഞ്ഞത്. (ബുഖാരി. 2. 21. 277)

1002. മർസത്(റ) പറയുന്നു: ഞാൻ ഒരിക്കൽ ഉഖ്ബത്തുബ്നുഅമിർ(റ)ന്റെ സദസ്സിൽ വന്നു ഇപ്രകാരം പറഞ്ഞു: അബുതമീമ് എന്ന മനുഷ്യനെ സംബന്ധിച്ച് താങ്കൾ അൽഭുതപ്പെടുന്നില്ലേ? അയാൾ മഗ്രിബിന് മുമ്പ് രണ്ട് റക്അത്ത് നമസ്കരിക്കാറുണ്ട്. അപ്പോൾ ഉഖ്ബത്ത്(റ) പറഞ്ഞു. നബി(സ)യുടെ കാലത്ത് ഞങ്ങൾ അപ്രകാരം ചെയ്യാറുണ്ട്. ഞാൻ പറഞ്ഞു. എങ്കിൽ താങ്കൾ എന്തുകൊണ്ട് മഗ്രിബിന് മുമ്പ് നമസ്കരിക്കുന്നില്ല.? ഉഖ്ബത്ത്(റ) പ്രത്യുത്തരം നൽകി. ജോലിത്തിരക്ക്. (ബുഖാരി. 2. 21. 278)

1003. ഇബ്നുഉമർ(റ) നിവേദനം: നബി(സ) അരുളി: നിങ്ങളുടെ നമസ്കാരങ്ങളിൽ നിന്ന് ഒരു ഭാഗം വീടുകളിൽ വെച്ച് നിങ്ങൾ നിർവ്വഹിക്കുവീൻ. അവയെ നിങ്ങൾ ഖബറുകളാക്കരുത്. (ബുഖാരി. 2. 21. 280)

1004. ഹസൻഇബ്നുഅലി(റ) നിവേദനം ചെയ്തു: അല്ലാഹുവിന്റെ ദൂതൻ(സ) വിതർ നമസ്ക്കാരത്തിന്റെ ഖുനൂത്തിൽ ചൊല്ലേണ്ട ഏതാനും പദങ്ങൾ എന്നെ പഠിപ്പിച്ചു. അല്ലാഹുവേ, നീ നേർമാർഗ്ഗത്തിൽ നയിച്ചവരുടെ കൂട്ടത്തിൽ എന്നെ നയിക്കേണമേ; നീ മാപ്പു നല്കിയവരുടെ കൂട്ടത്തിൽ എനിക്കും മാപ്പ് നൽകേണമേ; നീ സ്നഹിച്ചവരുടെ കൂട്ടത്തിൽ എന്നേയും സ്നഹിക്കേണമേ; നീ നൽകിയതേതോ അതിൽ എനിക്കും അനുഗ്രഹം നൽകേണമേ; നീ സൃഷ്ടിച്ചിട്ടുള്ള ദോഷങ്ങളിൽ നിന്നും എന്നെ രക്ഷിക്കേണമേ; നിശ്ചയമായും നീ തീരുമാനിക്കുന്നു; നിനക്കെതിരായി തീരുമാനിക്കുവാൻ കഴിയുന്നവരാരും ഇല്ല. നിശ്ചയമായും നീ സ്നേഹിച്ചവൻ അപമാനിക്കപ്പെടുകയില്ല. ഞങ്ങളുടെ നാഥാ, നീ പുണ്യനും, ഉന്നതനുമത്രെ(അബൂദാവൂദ്)

## 27. മക്കയിലേയും മദീനയിലേയും പള്ളികളിൽ നമസ്കരിക്കുന്നതിന്റെ ശ്രേഷ്ഠത

1005. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: മൂന്നു പള്ളികളിലേക്കല്ലാതെ(പുണ്യയാത്ര) ചെയ്യേണ്ടതില്ല. കഅ്ബ, നബി(സ)യുടെ മദീനത്തെ പള്ളി, ബൈത്തുൽ മുഖദ്ദസ് പള്ളി. (ബുഖാരി. 2. 21. 281)

1006. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: എന്റെ ഈ പള്ളിയിൽ വെച്ചുള്ള ഒരു നമസ്കാരം ഈ പള്ളി ഒഴിച്ചുള്ള മറ്റൊരു പള്ളിയിൽ വെച്ച് നമസ്കരിക്കുന്ന ആയിരം നമസ്കാരത്തേക്കാൾ പുണ്യമുള്ളതാണ്. എന്നാൽ കഅ്ബ: അതിൽപ്പെടുകയില്ല. (ബുഖാരി. 2. 21. 282)

1007. ഇബ്നു ഉമർ(റ) നിവേദനം: അദ്ദേഹം രണ്ടു ദിവസങ്ങളിൽ മാത്രമെ ളുഹാ സമയത്ത് നമസ്കരിക്കാറുണ്ടായിരുന്നുള്ളൂ. മക്കായിൽ പ്രവേശിക്കുന്ന ദിവസം. നിശ്ചയം. മക്കയിൽ ളുഹാ സമയത്താണ് അദ്ദേഹം പ്രവേശിക്കാറുണ്ടായിരുന്നത്. എന്നിട്ട് അദ്ദേഹം തവാഫ് ചെയ്യും. ശേഷം മഖാമു ഇബ്രാഹീമിന്റെ പിന്നിൽ നിന്ന് രണ്ടു റക്അത്തു സുന്നത്ത് നമസ്കരിക്കും. മസ്ജിദുഖുബായിൽ ചെല്ലുന്ന ദിവസം അവിടെ എല്ലാ ശനിയാഴ്ചയും അദ്ദേഹം ചെല്ലാറുണ്ടായിരുന്നു – ആ പള്ളിയിൽ പ്രവേശിച്ചു കഴിഞ്ഞാൽ സുന്നത്തു നമസ്കരിക്കാതെ പുറത്ത് വരുന്നതിനെ അദ്ദേഹം വെറുത്തിരുന്നു. നബി(സ) വാഹനത്തിൽ കയറിയിട്ടും നടന്നുപോയും ആ പള്ളി സന്ദർശിക്കാറുണ്ടെന്ന് ഇബ്നു ഉമർ(റ) പറയാറുണ്ട്. നിവേദകൻ പറയുന്നു: ഇബ്നു ഉമർ(റ) പറയാറുണ്ട്. എന്റെ സ്നേഹിതന്മാർ പ്രവർത്തിക്കുന്നത് കണ്ടതനുസരിച്ചാണ് ഞാൻ പ്രവർത്തിക്കുന്നത്. രാത്രിയോ പകലോ ഏത് നിമിഷത്തിൽ നമസ്കരിക്കുന്ന ഒരാളെയും ഞാൻ തടയുകയില്ല. സൂര്യൻ ഉദിച്ചു വരുമ്പോഴും അസ്തമിച്ചുകൊണ്ടിരിക്കുമ്പോഴും നമസ്കരിക്കൽ ഒഴികെ. (അവനെ തടയുക തന്നെ വേണം) (ബുഖാരി. 2. 21. 283)

1008. അബ്ദുല്ലാഹിബ്നു സൈദ്(റ) നിവേദനം:നബി(സ) അരുളി: എന്റെ വീട്ടിനും എന്റെ മിമ്പറിനും ഇടക്കുള്ള സ്ഥലം സ്വർഗ്ഗത്തിലെ ഉദ്യാനങ്ങളിലൊന്നാണ്. (ബുഖാരി. 2. 21. 286)

1009. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: എന്റെ വീട്ടിനും എന്റെ മിമ്പറിനും ഇടക്കുള്ള സ്ഥലം സ്വർഗ്ഗത്തിലെ തോട്ടങ്ങളിൽ ഒരു തോട്ടമാണ്. എന്റെ മിമ്പർ എന്റെ ഹൗളിന്മേലാണ് നിലകൊള്ളുന്നത്. (ബുഖാരി. 2. 21. 287)

1010. അബൂസഈദ്(റ) നിവേദനം: നാല് സംഗതികൾ അദ്ദേഹം നബി(സ) യിൽ നിന്ന് ഉദ്ധരിച്ചത് എന്നെ(നിവേദകനായ ഖസ്അ:യെ)അൽഭുതപ്പെടുത്തുകയുണ്ടായി. അവിടുന്ന് പറഞ്ഞു: ഒരു സ്ത്രീ ഭർത്താവോ വിവാഹബന്ധം നിഷിദ്ധമാക്കപ്പെട്ട ഒരു പുരുഷനോ ഇല്ലാതെ രണ്ട് ദിവസത്തെ യാത്രചെയ്യുവാൻ പാടില്ല. ബലിപെരുന്നാൾ ദിവസവും ചെറിയ പെരുന്നാൾ ദിവസവും നോമ്പ് അനുഷ്ഠിക്കാൻ പാടില്ല. സുബ്ഹ് നമസ്കാരത്തിനുശേഷം സൂര്യൻ ഉദിക്കുന്നതുവരേയും അസർ നമസ്കാരശേഷം സൂര്യൻ അസ്തമിക്കുന്നത് വരേയും നമസ്കരിക്കുവാൻ പാടില്ല. പുണ്യയാത്ര മൂന്ന് പള്ളികളിലേക്കല്ലാതെ പാടില്ല. കഅ്ബ, മസ്ജിദുൽ അഖ്സ്വാ, എന്റെ പള്ളി. (ബുഖാരി. 2. 21. 288)

## 28. നമസ്കാരത്തിൽ ചെയ്യാവുന്ന സൽപ്രവൃത്തികൾ

1011. അബ്ദുല്ല(റ) നിവേദനം: നമസ്കാരത്തിലായിരിക്കുമ്പോൾ ഞങ്ങൾ നബി(സ)ക്ക് സലാം പറയുകയും മറുപടിയായി നബി(സ) സലാം പറയുകയും പതിവായിരുന്നു. ഞങ്ങൾ നജ്ജാശിയുടെ അടുത്തുനിന്ന് തിരിച്ചു വന്നപ്പോൾ നമസ്കാരത്തിൽ ഞങ്ങൾ നബി(സ)ക്ക് സലാം പറഞ്ഞു. അപ്പോൾ നബി(സ) ഞങ്ങൾക്ക് മറുപടി നൽകിയില്ല. (നമസ്കാരശേഷം)നബി(സ) പറഞ്ഞു: നമസ്കാരത്തിൽ(അതിന്റേതായ)ചില ജോലികളുണ്ട്. (ബുഖാരി. 2. 22. 290)

1012. സൈദ്ബ്നു അർഖം(റ) പറയുന്നു: ഞങ്ങളിൽ ചിലർ തിരുമേനിയുടെ കാലത്ത് നമസ്കാരത്തിനിടയിൽ കൂട്ടുകാരനോട് സംസാരിക്കുക പതിവായിരുന്നു. പിന്നീട് എല്ലാ നമസ്കാരങ്ങളേയും പരമോൽകൃഷ്ടമായ നമസ്കാരത്തേയും നിഷ്ഠയോടെ നിലനിർത്തിപ്പോരുക. അല്ലാഹുവിന്റെ മുമ്പിൽ വിനയത്തോടു കൂടി നിൽക്കുക എന്ന ഖുർആൻ സൂക്തം അവതരിക്കപ്പെട്ടപ്പോൾ മൗനം ദീക്ഷിക്കുവാൻ ഞങ്ങളോട് കൽപ്പിക്കപ്പെട്ടു. (ബുഖാരി. 2. 22. 292)

1013. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: പുരുഷന്മാർ(ഇമാമിനെ ഉണർത്താൻ)തസ്ബീഹ് ചൊല്ലുകയും സ്ത്രീകൾ കൈ അടിക്കുകയും ചെയ്യണം. (ബുഖാരി. 2. 22. 295)

1014. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: തന്റെ പ്രാർത്ഥനമുറിയിൽ ഇരിക്കുന്ന സന്ദർഭത്തിൽ ഒരു മാതാവ് അവളുടെ പുത്രനെ ജുറൈജേ! എന്ന് പേര് വിളിച്ചു. അപ്പോൾ അവൻ പറഞ്ഞു: അല്ലാഹുവേ! എന്റെ മാതാവ്, എന്റെ നമസ്കാരം(ഇതിൽ ഏതിന് ഞാൻ പരിഗണന നൽകണം?) വീണ്ടും അവൾ രണ്ട് പ്രാവശ്യം വിളിക്കുകയും അവൻ ഇപ്രകാരം രണ്ടു പ്രാവശ്യവും മറുപടി പറയുകയും ചെയ്തു. അവൾ പറഞ്ഞു. അല്ലാഹുവേ! വേശ്യാസ്ത്രീകളുടെ മുഖത്തേക്ക് നോക്കുന്നതുവരെ ജുറൈജിനെ നീ മരിപ്പിക്കരുതേ. ജുറൈജിന്റെ പ്രാർത്ഥന മുറിയുടെ അടുത്തായി ഒരു സ്ത്രീ ആടുകളെ മേയ്ക്കാറുണ്ട്. അവൾ ഒരു കുട്ടിയെ പ്രസവിച്ചു. ഈ കുട്ടിയുടെ പിതാവ് ആരാണെന്ന് അവളോട് ചോദിക്കപ്പെട്ടപ്പോൾ ജുറൈജാണെന്ന് അവൾ പറഞ്ഞു. അവൻ പ്രാർത്ഥനാമുറിയിൽ നിന്ന് ഇറങ്ങി വരികയുണ്ടായി. ജുറൈജ് പറഞ്ഞു. ഞാനാണ് ആ കുട്ടിയുടെ പിതാവെന്ന് ജൽപിക്കുന്നവൾ എവിടെ? കുട്ടീ! ആരാണ് നിന്റെ പിതാവ്? അവൻ പറഞ്ഞു. ആട്ടിടയനാണ്. (ബുഖാരി. 2. 22. 297)

1015. മുഐഖിബ്(റ) നിവേദനം: സുജൂദിന്റെ സ്ഥാനത്തുനിന്നും മണ്ണ് നിരപ്പാക്കിയ ഒരു മനുഷ്യനോട് നബി(സ) പറഞ്ഞു. നീ അങ്ങനെ ചെയ്യുന്ന പക്ഷം ഒരൊററ പ്രാവശ്യം മാത്രമേ ചെയ്യാവൂ. (ബുഖാരി. 2. 22. 298)

1016. ആയിശ(റ) നിവേദനം: ഞാൻ നബി(സ)യുടെ മുമ്പിൽ കിടന്നുറങ്ങാറുണ്ട്. എന്റെ രണ്ടു കാലും നബി(സ)യുടെ മുമ്പിൽ നീണ്ടു കിടക്കും. എന്നിട്ട് തിരുമേനി സുജൂദ് ചെയ്യുമ്പോൾ എന്റെ കാൽ പിടിച്ചു പിച്ചും. അന്നേരം കാൽ ഞാൻ ഒതുക്കി വെക്കും. നബി(സ) സുജൂദിൽ നിന്ന് എഴുന്നേററ് കഴിഞ്ഞാൽ ഞാൻ പിന്നേയും കാൽനീട്ടും. (ബുഖാരി. 2. 22. 300)

1017. അസ്റഖ്(റ) പറയുന്നു: അഹ്വാസ് എന്ന സ്ഥലത്തുവെച്ച് ഖവാരിജികളോട് ഞങ്ങൾ യുദ്ധം ചെയ്യുകയായിരുന്നു. പുഴ വെള്ളം കൊണ്ട് ഇടിഞ്ഞുപോയ ഒരു കരയുടെ തീരത്ത് വെച്ച് ഒരാൾ നമസ്കരിക്കുന്നത് ഞാൻ കണ്ടു. അയാളുടെ മൃഗത്തിന്റെ(കുതിരയുടെ) കടിഞ്ഞാൺ അയാളുടെ കയ്യിൽ തന്നെയായിരുന്നു. മൃഗമാണെങ്കിൽ അദ്ദേഹത്തെ പിടിച്ചുവലിക്കുന്നു. അദ്ദേഹം വിടാതെ(നമസ്കരിക്കുന്നവനായി കൊണ്ടുതന്നെ) മൃഗത്തിന്റെ പിന്നാലെ തന്നെ പോയി. ശുഅ്ബ്: പറയുന്നു: അദ്ദേഹം അബൂബക്കർ സത്തൂൽ അസ്ലമി(റ) എന്ന സഹാബിവര്യന്മാരായിരുന്നു. നമസ്കാരത്തിൽ ഇപ്രകാരം ചെയ്തതിൽ ഒരു ഖവാരിജി അദ്ദേഹത്തെ ആക്ഷേപിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: അല്ലാഹുവേ! ഈ കിഴവനെ നീ നശിപ്പിക്കേണമേ! അദ്ദേഹം നമസ്കാരത്തിൽ നിന്ന് വിരമിച്ചപ്പോൾ ഇപ്രകാരം പ്രത്യുത്തരം നൽകി. നിങ്ങളുടെ വിമർശനം ഞാൻ കേൾക്കുകയുണ്ടായി. ഞാൻ നബി(സ) യോടൊപ്പം ആറോ ഏഴോ എട്ടോ യുദ്ധങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. നബി(സ)യുടെ വിട്ടുവീഴ്ചയുള്ള നടപടികൾ ഞാൻ കണ്ടിട്ടുമുണ്ട്. മൃഗത്തെ അതിന്റെ ആലയിലേക്ക് പോകാൻ വിടുകയും എനിക്ക് വിഷമം അനുഭവിക്കേണ്ടി വരികയും ചെയ്യുന്നതിനേക്കാൾ കുതിരയുടെ കടിഞ്ഞാൺ വിടാതെ അതിന്റെ പിന്നാലെ പോകുന്നതാണ് എനിക്ക് കൂടുതലിഷ്ടം. (ബുഖാരി. 2. 22. 302)

1018. സഹ്ല്(റ) നിവേദനം:(കുട്ടികൾ ചെയ്യാറുള്ളത് പോലെ)തങ്ങളുടെ തുണിയുടെ തല അതിന്റെ നീളക്കുറവ് കാരണം പിരടിയിൽ കെട്ടിക്കൊണ്ട് ചില ആളുകൾ നബി(സ) യോടൊപ്പം നമസ്കരിക്കാറുണ്ടായിരുന്നു. അപ്പോൾ പുരുഷന്മാർ

സുജൂദിൽ നിന്ന് എഴുന്നേററിരിക്കും മുമ്പ് സ്ത്രീകൾ സുജൂദിൽ നിന്ന് തല ഉയർത്തരുതെന്ന് സ്ത്രീകളോട് പറയപ്പെട്ടു. (ബുഖാരി. 2. 22. 306)

1019. ജാബിർ(റ) നിവേദനം: നബി(സ) എന്നെ ഒരിക്കൽ ഒരിടത്തേക്ക് ഒരാവശ്യാർത്ഥം അയച്ചു. അക്കാര്യം നിർവ്വഹിച്ച് നബി(സ)യുടെ അടുക്കൽ ചെന്ന് നബി(സ)ക്ക് സലാം ചൊല്ലി. എന്റെ സലാമിന് മറുപടിയായി നബി(സ) സലാം ചൊല്ലിയില്ല. എന്റെ മനസ്സിൽ അത് വേദനയുണ്ടാക്കി. അതിന്റെ അഗാധത അല്ലാഹുവിനേ അറിയുകയുള്ളൂ. ഞാനെന്റെ മനസ്സിൽ വിചാരിച്ചു. തിരിച്ചെത്താൻ താമസിച്ചത് കൊണ്ട് നബി(സ) കോപിച്ചിട്ടുണ്ടായിരിക്കാമെന്ന്. പിന്നെയും ഞാൻ സലാം ചൊല്ലി നോക്കി. അപ്പോഴും നബി(സ) സലാം മടക്കിയില്ല. അന്നേരം ആദ്യത്തെ പ്രാവശ്യത്തേക്കാൾ എനിക്ക് കൂടുതൽ വേദനയുണ്ടായി. വീണ്ടും ഞാൻ സലാം ചൊല്ലി. അപ്പോൾ എന്റെ സലാമിന് നബി(സ) മറുപടി നൽകി. നബി(സ) അരുളി: ഞാൻ നമസ്കരിക്കുകയായിരുന്നു. അതുകൊണ്ടാണ് നിങ്ങളുടെ സലാമിന് മറുപടി നൽകാൻ കഴിയാതിരുന്നത്. നബി(സ) തന്റെ വാഹനത്തിലായിരുന്നു. ഖിബ്‌ലയുടെ ഭാഗത്ത് നിന്ന് കൊണ്ടാണ് നബി(സ) നമസ്കരിച്ചിരുന്നത്. (ബുഖാരി. 2. 22. 308)

1020. അബൂഹുറൈറ(റ) നിവേദനം: അരക്കെട്ടിന്മേൽ കൈവെച്ച് കൊണ്ട് നമസ്കരിക്കുന്നതിനെ നബി(സ) വിരോധിച്ചിരിക്കുന്നു. (ബുഖാരി. 2. 22. 310)

1021. അബൂഹുറൈറ(റ) നിവേദനം: അബൂഹുറൈറ(റ) ഹദീസ് വർദ്ധിപ്പിക്കുന്നുവെന്ന് ചില ജനങ്ങൾ ആക്ഷേപിക്കുന്നു. ഞാൻ അവരിൽ ഒരാളെ കണ്ടുമുട്ടി. കഴിഞ്ഞ രാത്രി ഇശാ നമസ്കാരത്തിൽ നബി(സ) ഏത് സൂറത്താണ് ഓതിയതെന്ന് ഞാൻ അയാളോട് ചോദിച്ചു. എനിക്ക് ഓർമയില്ലെന്ന് അയാൾ പറഞ്ഞു: അപ്പോൾ ഞാൻ വീണ്ടും ചോദിച്ചു. നീ നബി(സ) യോടൊപ്പം അതിൽ പങ്കെടുത്തിരുന്നില്ലേ? അതെയെന്ന് അയാൾ മറുപടി പറഞ്ഞു: എന്നാൽ എനിക്ക് അതിനെക്കുറിച്ച് ഓർമ്മയുണ്ട്. ഇന്ന സുറത്തുകളാണ് നബി(സ) ആ നമസ്കാരത്തിൽ പാരായണം ചെയ്തത്. (ബുഖാരി. 2. 22. 314)

## 29. മറവി

1022. അബ്ദുല്ല(റ) നിവേദനം: നബി(സ) ഒരു ളുഹ്ർ നമസ്കാരത്തിൽ ഇരിക്കാതെ എഴുന്നേററു. നമസ്കാരം പൂർത്തിയാക്കിയ ശേഷം അവിടുന്നു രണ്ട് സുജൂദ് ചെയ്യുകയും ശേഷം സലാം വീട്ടുകയും ചെയ്തു. (ബുഖാരി. 2. 22. 315)

1023. അബ്ദുല്ല(റ) നിവേദനം: നബി(സ) ഒരിക്കൽ ളുഹർ നമസ്കാരം അഞ്ച് റക്ക്അത്ത് നമസ്കരിച്ചു. നമസ്കാരത്തിന്റെ റക്അത്തുകൾ വർദ്ധിപ്പിച്ചിട്ടുണ്ടോ എന്ന് അപ്പോൾ നബി(സ)യോട് ചോദിക്കപ്പെട്ടു. അങ്ങിനെ ചോദിക്കാനെന്താണ് കാരണമെന്നു നബി(സ) അന്വേഷിച്ചു. അവിടുന്ന് അഞ്ച് റക്അത്താണ് നമസ്കരിച്ചതെന്ന് അവർ മറുപടി നൽകി. ഉടനെ നബി(സ) രണ്ട് സുജൂദ് ചെയ്തു. സലാം ചൊല്ലി നമസ്കാരത്തിൽ നിന്ന് വിരമിച്ച ശേഷമായിരുന്നു ആ സുജൂദ്. (ബുഖാരി. 2. 22. 317)

1024. കുറൈബ്(റ) നിവേദനം: ഇബ്നു അബ്ബാസ്(റ) മിസ്‌വർ(റ) അബ്ദുറഹ്മാൻ(റ) മുതലായവർ ആയിശ(റ) യുടെ അടുക്കലേക്ക് അദ്ദേഹത്തെ – ഇപ്രകാരം പ്രസ്താവിച്ചും കൊണ്ട് – നിയോഗിച്ചു. നീ ഞങ്ങളുടെ എല്ലാവരുടേയും സലാം അവർക്ക് പറയുക. ശേഷം അസറിന്റെ ശേഷമുള്ള രണ്ട് റക്അത്തു സുന്നത്തു നമസ്കാരത്തെക്കുറിച്ച് അവരോട് ചോദിക്കുക. നീ അവരോട് പറയുക: നിശ്ചയം നിങ്ങൾ അത് നമസ്കരിക്കുന്നുണ്ടെന്ന് ഞങ്ങൾക്ക് വിവരം ലഭിച്ചിട്ടുണ്ട്. അതെ സന്ദർഭം നബി(സ) അതിനെ വിരോധിച്ചതായും ഞങ്ങൾ മനസ്സിലാക്കുന്നു. ഇബ്നു അബ്ബാസ്(റ) പറയുന്നു. അതു നമസ്കരിക്കുന്നവരെ ഉമർ(റ) യുടെ കൂടെ ഞാനും

അടിക്കാറുണ്ട്. കുറൈബ്(റ) പറയുന്നു. അങ്ങനെ ഞാൻ ആയിശ(റ) യുടെ അടുക്കൽ പ്രവേശിക്കുകയും അവർ എന്നെ നിയോഗിച്ച വിവരം അവരോട് പറയുകയും ചെയ്തു. അപ്പോൾ ആയിശ(റ) പറഞ്ഞു: നീ ഈ വിഷയം ഉമ്മുസലമ:യോടു ചോദിക്കുക. അപ്പോൾ ഞാൻ അവരുടെ അടുത്ത് ചെന്ന് ആയിശ(റ) പറഞ്ഞ വിവരം പറഞ്ഞു. നബി(സ) അതിനെ വിരോധിക്കുന്നത് ഞാൻ കേട്ടു. പിന്നീട് നബി(സ) അസറിന്ന് ശേഷം രണ്ട് റക്അത്തു നമസ്കാരം നിർവ്വഹിക്കുന്നത് ഞാൻ കണ്ടു. അനന്തരം എന്റെ അടുത്തു നബി(സ) പ്രസംഗിച്ചു. എന്റെയടുക്കൽ അന്നേരം ബനൂഹറാമിൽ പെട്ട ചില അൻസാരി സ്ത്രീകൾ ഇരിക്കുന്നുണ്ടായിരുന്നു. നബി(സ)യുടെ അടുക്കലേക്ക് ഒരു പെൺകുട്ടിയെ ഞാൻ പറഞ്ഞയച്ചു. നബി(സ)യുടെ അരികിൽ നിന്നിട്ട് ദൈവ ദൂതരേ, അവിടുന്നു അസർ നമസ്കാരശേഷം രണ്ട് റക്അത്തു സുന്നത്തു നമസ്കരിക്കുന്നത് വിരോധിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. അവിടുന്ന് ഇപ്പോൾ അതു നമസ്കരിക്കുന്നത് ഞാൻ കാണുന്നുമുണ്ട്. എന്താണിതിന്റെ കാരണമെന്ന് അങ്ങയോടന്വേഷിക്കാൻ ഉമ്മുസലമ(റ) എന്നെ ഏൽപ്പിച്ചിരിക്കയാണ് എന്നു നീ പറയുകയും ചെയ്യണം. അപ്പോൾ നബി(സ) കൈ കൊണ്ട് ആംഗ്യം കാണിച്ചെങ്കിലോ നീ പിന്നോട്ടു തെററി നിൽക്കണം. ആ പെൺകുട്ടി അങ്ങിനെ തന്നെ ചെയ്തു. നബി(സ) നമസ്കാരത്തിൽ കൈകൊണ്ട് ആംഗ്യം കാണിച്ചും അവൾ പിന്നോട്ട് മാറി നിന്നു. നബി(സ) നമസ്കാരത്തിൽ നിന്നു വിരമിച്ച ശേഷം അരുളി: അബൂഉമയ്യയുടെ മകളേ! അസർ നമസ്കാരത്തിനുശേഷമുള്ള രണ്ട് റക്അത്ത് സുന്നത്തിനെക്കുറിച്ച് നീ എന്നോട് ചോദിക്കുന്നു. അബ്ദുൽ ഖൈസ് ഗ്രോത്രത്തിലെ ചില ആളുകൾ എന്റെയടുക്കൽ വന്നിരുന്നു. അവർ കാരണം ളുഹ്ർ നമസ്കാരത്തിന്നു ശേഷമുള്ള രണ്ട് റക്അത്തു സുന്നത്തു നമസ്കരിക്കാൻ എനിക്ക് സാധിച്ചിട്ടില്ല. ഇപ്പോൾ നമസ്കരിച്ചത് ആ രണ്ട് റക്അത്താണ്. (ബുഖാരി. 2. 22. 325)

## 30. മയ്യിത്തു സംസ്കരണം

1025. അബൂദർറ്(റ) നിവേദനം: നബി(സ) അരുളി: എന്റെ രക്ഷിതാവിങ്കൽ നിന്നും എന്റെയടുക്കൽ ഒരാൾ വന്നു എന്നോട് ഇപ്രകാരം സന്തോഷവാർത്ത അറിയിച്ചു: അല്ലാഹുവിൽ യാതൊന്നിനെയും പങ്കു ചേർക്കാതെ എന്റെ സമുദായത്തിൽപ്പെട്ട വല്ലവനും മരണമടഞ്ഞാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കും. ഞാൻ(അബൂദർറ്) ചോദിച്ചു. അവൻ കളവ് നടത്തുകയും വ്യഭിചരിക്കുകയും ചെയ്താലും സ്വർഗത്തിൽ പ്രവേശിക്കുമോ? നബി(സ) പറഞ്ഞു: അതെ അവൻ മോഷ്ടിക്കുകയും ചെയ്താലും സ്വർഗത്തിൽ പ്രവേശിക്കും. (ബുഖാരി. 2. 23. 329)

1026. അബ്ദുല്ല(റ) നിവേദനം: നബി(സ) അരുളി: വല്ലവനും അല്ലാഹുവിൽ ശിർക്ക് ചെയ്തുകൊണ്ട് മരിച്ചാൽ അവൻ നരകത്തിൽ പ്രവേശിച്ചു. അപ്പോൾ ഞാൻ(അബ്ദുല്ല) പറഞ്ഞു: വല്ലവനും അല്ലാഹുവിൽ ശിർക്ക് വെക്കാതെ മരിച്ചാൽ അവൻ സ്വർഗത്തിൽ പ്രവേശിച്ചുകഴിഞ്ഞു. (ബുഖാരി. 2. 23. 330)

1027. ബറാഅ്(റ) നിവേദനം: നബി(സ) ഞങ്ങളോട് ഏഴ് കാര്യങ്ങൾ കൽപ്പിക്കുകയും ഏഴ് കാര്യങ്ങൾ വിരോധിക്കുകയും ചെയ്തിട്ടുണ്ട്. മയ്യിത്തിനെ അനുഗമിക്കാനും രോഗിയെ സന്ദർശിക്കാനും ക്ഷണിച്ചവന്റെ ക്ഷണം സ്വീകരിക്കുവാനും മർദ്ദിതനെ സഹായിക്കുവാനും പ്രതിജ്ഞ പാലിക്കാനും സലാം മടക്കുവാനും തുമ്മിയവനുവേണ്ടി പ്രാർത്ഥിക്കുവാനും അവിടുന്ന് ഞങ്ങളോട് കൽപിച്ചു. വെള്ളിപ്പാത്രം, സ്വർണ്ണമോതിരം, പട്ട്, നേരിയ പട്ട്, പട്ട്നൂൽ ചേർത്ത്നെയ്ത വസ്ത്രം, തടിച്ച പട്ടുവസ്ത്രം ഇവ ഞങ്ങളോട് അവിടുന്ന് വിരോധിക്കുകയും ചെയ്തു. (ബുഖാരി. 2. 23. 331)

1028. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളിയായി ഞാൻ കേട്ടു. ഒരു മുസ്ലിമിന്ന് മറ്റൊരു മുസ്ലിമിനോടുള്ള അവകാശം അഞ്ചാണ്. സലാം മടക്കൽ, രോഗിയെ സന്ദർശിക്കൽ, മയ്യിത്തിനെ പിൻതുടരൽ, ക്ഷണിച്ചവന് മറുപടി നൽകൽ, തുമ്മിയവന് വേണ്ടി പ്രാർത്ഥിക്കൽ. (ബുഖാരി. 2. 23. 332)

1029. ആയിശ(റ) നിവേദനം: നബി(സ) മരിച്ച വിവരം ലഭിച്ചപ്പോൾ അബൂബക്കർ(റ) തന്റെ കുതിരപ്പുറത്തുകയറി സുൻഹ് എന്ന സ്ഥലത്തുണ്ടായിരുന്ന തന്റെ വാസസ്ഥലത്ത് നിന്നും പുറപ്പെട്ടു. അങ്ങനെ കുതിരപ്പുറത്ത് നിന്നും ഇറങ്ങി അദ്ദേഹം പള്ളിയിൽ പ്രവേശിച്ചു. ജനങ്ങളോട് സംസാരിക്കാതെ ആയിശ(റ) യുടെ മുറിയിൽ പ്രവേശിച്ചു. നബി(സ)യെ ഉദ്ദേശിച്ചും കൊണ്ടും പുറപ്പെട്ടു. നബി(സ)യെ ഒരു തരം യമനീ വസ്ത്രം കൊണ്ട് പുതച്ചിരുന്നു. അബൂബക്കർ(റ) നബി(സ)യുടെ മുഖത്ത് നിന്ന് വസ്ത്രം നീക്കിയ ശേഷം ചുംബിച്ചും കൊണ്ട് അവിടുത്തെ ശരീരത്തിൽ മുഖം കുത്തി വീണു. അനന്തരം കരഞ്ഞു കൊണ്ട് അദ്ദേഹം ഇപ്രകാരം പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ! എന്റെ മാതാപിതാക്കൾ താങ്കൾക്ക് പ്രായശ്ചിത്തമാണ്. അല്ലാഹു താങ്കൾക്ക് രണ്ട് മരണത്തെ(വേദനയെ) ഒരുമിച്ചു കൂട്ടുകയില്ല. എന്നാൽ താങ്കൾക്ക് നിശ്ചയിക്കപ്പെട്ട മരണത്തെ താങ്കൾ വരിച്ചിരിക്കുന്നു. അബൂസലമ(റ) പറയുന്നു: ഇബ്നുഅബ്ബാസ്(റ) എന്നോട് ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി. നിശ്ചയം അബൂബക്കർ പുറത്തുവന്നു. ഉമർ ജനങ്ങളോട് സംസാരിച്ചു കൊണ്ടിരിക്കുകയാണ്. നീ ഇരിക്കുക എന്നദ്ദേഹം പറഞ്ഞു: എന്നാൽ ഉമർ(റ) വിസമ്മതിച്ചു. അപ്പോൾ അബൂബക്കർ(റ) ശഹാദത്തു ചൊല്ലി പ്രസംഗം ആരംഭിച്ചു. ഉടനെ ജനങ്ങൾ ഉമർ(റ) നെ ഉപേക്ഷിച്ചു. അബൂബക്കറിന്റെ നേരെ ശ്രദ്ധിച്ചു. അബൂബക്കർ ഇപ്രകാരം പറഞ്ഞു: എന്നാൽ നിങ്ങളിൽ വല്ലവനും മുഹമ്മദിനെ ആരാധിച്ചിരുന്നുവെങ്കിൽ നിശ്ചയം മുഹമ്മദ് മരണപ്പെട്ടിരിക്കുന്നു. വല്ലവനും അല്ലാഹുവിനെ ആരാധിച്ചിരുന്നുവെങ്കിൽ നിശ്ചയം അല്ലാഹു ജീവിച്ചിരിപ്പുണ്ട്. അവൻ മരിക്കുകയില്ല. അല്ലാഹു പറയുന്നു: മുഹമ്മദ് പ്രവാചകൻ മാത്രമാണ്. അവന്ന് മുമ്പും പ്രവാചകൻമാർ മരിച്ചുപോയിട്ടുണ്ട്. അതിനാൽ അവൻ മരിക്കുകയോ വധിക്കപ്പെടുകയോ ചെയ്യുന്നപക്ഷം നിങ്ങൾ പിന്തിരിഞ്ഞു പോകുകയാണോ? വല്ലവനും തന്റെ ഇരുകാലിന്മേൽ പിന്തിരിയുന്ന പക്ഷം അവൻ അല്ലാഹുവിനെ യാതൊന്നും ഉപദ്രവിക്കുകയില്ല. നന്ദി കാണിക്കുന്നവർക്ക് അവൻ അടുത്ത് തന്നെ പ്രതിഫലം നൽകുന്നതാണ്. അല്ലാഹു സത്യം! അബൂബക്കർ ഇപ്രകാരം ഓതിയ സന്ദർഭത്തിലാണ് ജനങ്ങൾ ഇപ്രകാരം ഒരു ആയത്തുള്ളത് ഓർമ്മിക്കുന്നത്. (പരിഭ്രമം അവരെ ഈ സൂക്തത്തെക്കുറിച്ച് അശ്രദ്ധയിലാക്കിയത് പോലെ)അങ്ങനെ ജനങ്ങൾ ഇത് പാരായണം ചെയ്യാൻ തുടങ്ങി. കേൾക്കുന്ന മനുഷ്യരെല്ലാം ഇത് ഓതിക്കൊണ്ടിരിക്കുന്നു. (ബുഖാരി. 2. 23. 333)

1030. ഉമ്മുൽഅലാ(റ) എന്ന അൻസാരി വനിത പറയുന്നു: നബി(സ) യുമായി ഉടമ്പടി ചെയ്ത സ്ത്രീകളിൽപ്പെട്ടവരാണവർ – മുഹാജിറുകളുടെ സംരക്ഷണത്തിന് അൻസാരികൾക്കിടയിൽ നറുക്കിട്ടപ്പോൾ ഞങ്ങൾക്ക് കിട്ടിയത് ഉസ്മാനുബ്നു മള്ഊനിനെയായിരുന്നു. അദ്ദേഹത്തെ ഞങ്ങളുടെ വീട്ടിൽ താമസിപ്പിച്ചു. അങ്ങനെയിരിക്കെയാണ് അദ്ദേഹത്തെ മരണരോഗം ബാധിച്ചത്. മരിച്ചപ്പോൾ അദ്ദേഹത്തെ കുളിപ്പിക്കപ്പെടുകയും തന്റെ വസ്ത്രങ്ങളിൽ തന്നെ കഫൻ ചെയ്യപ്പെടുകയും ചെയ്തു അപ്പോൾ നബി(സ) അവിടെ കടന്നു വന്നു. ഞാൻ പറഞ്ഞു: അല്ലയോ അബൂസ്സാഇബ്! (ഉസ്മാനുബ്നുമള് ഊന്റെ മറ്റൊരു നാമം) അല്ലാഹു താങ്കളെ അനുഗ്രഹിക്കട്ടെ. താങ്കളെ അല്ലാഹു ബഹുമാനിച്ചിരിക്കുന്നുവെന്ന് ഞാനിതാ സാക്ഷ്യം വഹിക്കുന്നു. ഇത് കേട്ട് നബി(സ) ചോദിച്ചു. അല്ലാഹു അദ്ദേഹത്തെ ബഹുമാനിച്ചുവെന്ന് നിനക്കെങ്ങിനെ അറിയാം? ഞാൻ പ്രത്യുത്തരം നൽകി. പ്രാവാചകരേ! എന്റെ പിതാവ് താങ്കൾക്ക് പ്രായശ്ചിത്തമാണ്. അദ്ദേഹത്തെ അല്ലാഹു ബഹുമാനിച്ചില്ലെങ്കിൽ ആരെയാണ് ബഹുമാനിക്കുക? നബി(സ) അരുളി:

അദ്ദേഹത്തെ യഖീൻ(മരണം) സമീപിച്ചു. അല്ലാഹു സത്യം. നിശ്ചയം ഞാൻ അദ്ദേഹത്തിന് നന്മ പ്രതീക്ഷിക്കുന്നു. എന്നാൽ ദൈവദൂതനായിട്ടുകൂടി എന്റെ കാര്യത്തിൽ പോലും എന്താണ് സംഭവിക്കുകയെന്ന് എനിക്കറിയില്ല. ഉമ്മുൽ അലാ(റ) പറയുന്നു: ഞാൻ അതിനുശേഷം ഒരിക്കലും ആരേയും പരിശുദ്ധപ്പെടുത്താറില്ല. മറെറാരു നിവേദനത്തിൽ എന്നെ എന്താണ് ചെയ്യുക എന്നാണ്. (ബുഖാരി. 2. 23. 334)

1031. ജാബിർ(റ) നിവേദനം: എന്റെ പിതാവ് (ഉഹുദ് യുദ്ധത്തിൽ) കൊല്ലപ്പെട്ടപ്പോൾ ഞാൻ അദ്ദേഹത്തിന്റെ മുഖത്ത് നിന്നും വസ്ത്രം നീക്കി കരഞ്ഞുകൊണ്ടിരുന്നു. ജനങ്ങൾ എന്നെ തടയാൻ ശ്രമിച്ചു. നബി(സ) യാകട്ടെ തടഞ്ഞതുമില്ല. എന്റെ അമ്മായി ഫാത്തിമ്മയും കരയാൻ തുടങ്ങി. നബി(സ) അരുളി: നിങ്ങൾ കരഞ്ഞാലും ഇല്ലെങ്കിലും അദ്ദേഹത്തെ ഇവിടെനിന്ന് എടുത്തുകൊണ്ടു പോകുന്നത് വരെ മലക്കുകൾ ചിറകു വിടർത്തി അദ്ദേഹത്തിന് തണലിട്ടു കൊടുത്തുകൊണ്ടിരിക്കും. (ബുഖാരി. 2. 23. 336)

1032. അബൂഹുറൈറ(റ) നിവേദനം: നജ്ജാശി മരിച്ച ദിവസം നബി(സ) മരണവാർത്ത ജനങ്ങളെ അറിയിച്ചു. അങ്ങിനെ അവിടുന്ന് പെരുന്നാൾ മൈതാനത്തേക്ക് പുറപ്പെട്ടു. അനുചരന്മാരെ അണിനിരത്തി നാല് തക്ബീർ ചൊല്ലി നമസ്കരിച്ചു. (ബുഖാരി. 2. 23. 337)

1033. അനസ്(റ) നിവേദനം: നബി(സ) അരുളി: (മുഅ്ത്തത്ത് യുദ്ധത്തിൽ സൈന്യാധിപനെന്ന നിലക്ക്) സൈദ്ബ്നു ഹാരിസ് ആദ്യം കൊടി പിടിച്ചു നിന്നു. അദ്ദേഹം മരണമടഞ്ഞപ്പോൾ ജഅ്ഫർ കൊടി പിടിച്ചു. അദ്ദേഹം മരണമടഞ്ഞപ്പോൾ അബ്ദുല്ലാഹിബ്നു റവാഹ് കൊടി പിടിച്ചു. അദ്ദേഹവും മരണമടഞ്ഞു. ഇത് പറയുമ്പോൾ നബി(സ)യുടെ കണ്ണുകളിൽ കണ്ണുനീർ ഒഴുകുന്നുണ്ടായിരുന്നു. പിന്നീട് കൊടി പിടിച്ചത് ഖാലിദ് ആണ്. സൈന്യ നേതൃത്വം വഹിക്കാൻ അദ്ദേഹത്തെ അധികാരപ്പെടുത്തിയിരുന്നില്ല. അദ്ദേഹത്തിന് സ്വയം ഏറെറടുക്കേണ്ടി വരികയാണ് ഉണ്ടായത്. അദ്ദേഹത്തിന്റെ കൈക്ക് യുദ്ധത്തിൽ വിജയം കൈവന്നു. (ബുഖാരി. 2. 23. 338)

1034. ഇബ്നു അബ്ബാസ്(റ) നിവേദനം: നബി(സ) സന്ദർശിക്കാറുണ്ടായിരുന്ന ഒരു മനുഷ്യൻ രാത്രിയിൽ മരണപ്പെട്ടു. അനുചരന്മാർ അദ്ദേഹത്തെ രാത്രി തന്നെ ഖബറടക്കം ചെയ്തു. പ്രഭാതമായപ്പോൾ അദ്ദേഹം മരണപ്പെട്ട വിവരം അവർ നബി(സ)യെ അറിയിച്ചു. നബി(സ) പറഞ്ഞു. എന്നെ വിവരമറിയിക്കുവാൻ നിങ്ങളെ തടസ്സപ്പെടുത്തിയത് എന്താണ്? അവർ പറഞ്ഞു: ഇരുട്ടായിരുന്നു. അതിനാൽ താങ്കളെ പ്രയാസപ്പെടുത്തുന്നത് ഞങ്ങൾ വെറുത്തു. അനന്തരം നബി(സ) അദ്ദേഹത്തിന്റെ ഖബറിന്റെ അടുക്കൽ ചെന്ന് നമസ്കരിച്ചു. (ബുഖാരി. 2. 23. 339)

1035. അനസ്(റ) നിവേദനം: മുസ്ലിംകളിൽ വല്ലവന്റെയും പ്രായപൂർത്തിയെത്താത്ത മൂന്ന് കുട്ടികൾ മരണമടഞ്ഞാൽ ആ കുട്ടികളോട് അല്ലാഹുവിനുള്ള കാരുണ്യത്താൽ അവനെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കാതിരിക്കുകയില്ല. (ബുഖാരി. 2. 23. 340)

1036. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: ഏതെങ്കിലും ഒരു മുസ്ലിമിന് മൂന്ന് സന്താനങ്ങൾ മരണപ്പെട്ടാൽ അവൻ നരകത്തിൽ പ്രവേശിക്കുകയില്ല. അല്ലാഹുവിന്റെ സത്യം അനുവദനീയമാക്കൽ അല്ലാതെ. (ബുഖാരി. 2. 23. 342)

1037. അനസ്(റ) നിവേദനം: ഖബറിന്റെ അടുത്തുവെച്ച് കരഞ്ഞുകൊണ്ടിരുന്ന ഒരു സ്ത്രീയുടെ അടുത്തു നിന്ന് നബി(സ) പറഞ്ഞു: നീ അല്ലാഹുവിനെ സൂക്ഷിക്കുക. നീ ക്ഷമ കൈകൊള്ളുക. (ബുഖാരി. 2. 23. 343)

1038. ഉമ്മുഅത്വിയ്യ:(റ) നിവേദനം: നബി(സ)യുടെ പുത്രി മരിച്ച ദിവസം അവിടുന്ന് ഞങ്ങളുടെയടുക്കൽ വന്നു പറഞ്ഞു. അവളെ നിങ്ങൾ മൂന്നോ അഞ്ചോ

അതിലധികമോ പ്രാവശ്യം ആവശ്യം തോന്നുന്ന പക്ഷം കുളിപ്പിച്ചുകൊള്ളുവീൻ. ആദ്യം വെള്ളം കൊണ്ടും പിന്നെ എലന്തമരത്തിന്റെ ഇല(താളി) കൊണ്ടും അവസാനം കർപ്പൂരം ചേർത്ത വെള്ളം കൊണ്ടും കുളിപ്പിക്കുവിൻ. കുളിപ്പിച്ചുകഴിഞ്ഞാൽ എന്നെ വിവരം അറിയിക്കണം. കുളിപ്പിച്ച് കഴിഞ്ഞ് വിവരം അറിയിച്ചപ്പോൾ നബി(സ) ധരിച്ചിരുന്ന വസ്ത്രം തന്നിട്ട് അരുളി: ഇത് അവളെ അടിവസ്ത്രമായി ധരിപ്പിക്കുവിൻ. ഉമ്മുഅത്തിയ്യ(റ) നിവേദനം: അവർ നബി(സ)യുടെ പുത്രിയുടെ തലമുടി മൂന്നു ഇതളുകളാക്കി വാർന്നു. അതായത് മുടി അഴിച്ചു കഴുകയും ശേഷം മൂന്ന് ഭാഗമായി തിരിച്ചു. (ബുഖാരി. 2. 23. 344,345)

1039. ഉമ്മു അത്തിയ്യ(റ) നിവേദനം: നബി(സ)യുടെ പുത്രിയുടെ തലമുടി ഞങ്ങൾ മൂന്ന് വിഭാഗമായി മുടഞ്ഞു. സുഫ്‌യാൻ പറയുന്നു: അവളുടെ മുൻമുടിയും നെററിയിലെ മുടിയും. (ബുഖാരി. 2. 23. 352)

1040. ആയിശ(റ) നിവേദനം: യമനിലെ സൂഹുൽ ദേശത്ത് നെയ്ത ശുദ്ധ വെള്ളയും പരുത്തികൊണ്ടുള്ളതുമായ മൂന്ന് വസ്ത്രങ്ങളിലാണ് നബി(സ)യെ കഫൻ ചെയ്തത്. അതിൽ കുപ്പായമോ തലപ്പാവോ ഉണ്ടായിരുന്നില്ല. (ബുഖാരി. 2. 23. 354)

1041. ഇബ്നു അബ്ബാസ്(റ) നിവേദനം: ഹജ്ജ് വേളയിൽ അറഫായിൽ നബി(സ)യുടെ കൂടെ നിൽക്കുകയായിരുന്ന ഒരാൾ തന്റെ വാഹനത്തിൽ നിന്നും വീണു കഴുത്തൊടിഞ്ഞു മരിച്ചു. നബി(സ) അരുളി: അദ്ദേഹത്തെ വെള്ളം കൊണ്ടും എലന്തമരത്തിന്റെ ഇലകൊണ്ടും കുളിപ്പിക്കുവീൻ. രണ്ട് വസ്ത്രത്തിൽ നിങ്ങൾ അദ്ദേഹത്തെ കഫൻ ചെയ്യുവീൻ. സുഗന്ധദ്രവ്യങ്ങൾ പൂശുകയോ തല മറക്കുകയോ ചെയ്യരുത്. നിശ്ചയം പുനരുത്ഥാന ദിവസം ഉയർത്തെഴുന്നേൽക്കുമ്പോൾ അദ്ദേഹം തൽബിയത്തു ചൊല്ലുന്നുണ്ടായിരിക്കും. (ബുഖാരി. 2. 23. 356)

1042. ഇബ്നു ഉമർ(റ) നിവേദനം: അബ്ദുല്ലാഹിബ്നു ഉബയ്യ് മരിച്ചപ്പോൾ മകൻ നബി(സ)യുടെ അടുത്തുവന്ന് പറഞ്ഞു: പ്രവാചകരേ! അങ്ങയുടെ കുപ്പായം എനിക്ക് തന്നാലും. എന്റെ പിതാവിനെ അതിൽ എനിക്ക് കഫൻ ചെയ്യുവാനാണ്. അവിടുന്ന് അദ്ദേഹത്തിന് നമസ്കരിക്കുകയും പാപമോചനത്തിനായി പ്രാർത്ഥിക്കുകയും ചെയ്താലും. നബി(സ) തന്റെ കുപ്പായം അയാൾക്ക് കൊടുത്തിട്ട് പറഞ്ഞു. നമസ്കരിക്കാൻ സമയമായാൽ എന്നെ അറിയിക്കുക. ഞാൻ അദ്ദേഹത്തിന് നമസ്കരിക്കാം. അങ്ങനെ സമയമായപ്പോൾ മകൻ നബി(സ)യെ വിവരമറിയിച്ചു. നബി(സ) മയ്യിത്ത് നമസ്കരിക്കാൻ പുറപ്പെട്ടപ്പോൾ ഉമർ(റ) നബി(സ)യുടെ വസ്ത്രം പിടിച്ചുകൊണ്ട് ചോദിച്ചു. മുനാഫിഖുകൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നതിനെ അല്ലാഹു താങ്കളെ വിരോധിച്ചിട്ടില്ലേ? അപ്പോൾ നബി(സ) പറഞ്ഞു. രണ്ടു കാര്യങ്ങളിൽ ഏതെങ്കിലുമൊന്ന് എനിക്ക് സ്വീകരിക്കാം. നീ പാപമോചനത്തിനായി പ്രാർത്ഥിക്കുകയോ പ്രാർത്ഥിക്കാതിരിക്കുകയോ ചെയ്യുക. നീ എഴുപതു പ്രാവശ്യം ആ കപടവിശ്വാസികളുടെ പാപമോചനത്തിനായി പ്രാർത്ഥിച്ചാലും. അല്ലാഹു അവർക്ക് പൊറുത്തുകൊടുക്കുകയില്ല. എന്ന ഖുർആൻ വാക്യം ഉദ്ധരിച്ചുകൊണ്ട് ഉമറിന് മറുപടി നൽകിയ ശേഷം നബി(സ) അയാളുടെ പേരിൽ മയ്യിത്ത് നമസ്കരിച്ചു. ആ കപട വിശ്വാസികളിൽ ആര് മരിച്ചാലും അവരുടെ പേരിൽ നീ ഒരിക്കലും മയ്യിത്ത് നമസ്കരിക്കരുത് എന്ന ഖുർആൻ വാക്യം അവതരിച്ചത് ഈ സന്ദർഭത്തിലാണ്. (ബുഖാരി. 2. 23. 359)

1043. ജാബിർ(റ) നിവേദനം: ജാബിർ(റ) പറയുന്നു: അബ്ദുല്ലാഹിബ്നു ഉബയ്യിനെ മറവു ചെയ്തശേഷം നബി(സ) അവിടെ ചെന്ന് മയ്യിത്ത് ഖബ്റിൽ നിന്നെടുത്ത് നബി(സ)യുടെ തുപ്പുനീരല്പം അയാളുടെ വായിൽ ഉററിച്ചു. തന്റെ കുപ്പായം അയാളെ ധരിപ്പിക്കുകയും ചെയ്തു. (ബുഖാരി. 2. 23. 360)

1044. ആയിശ(റ) നിവേദനം: നബി(സ)യെ മൂന്ന് വസ്ത്രത്തിലാണ് കഫൻ ചെയ്തത്. അതിൽ തലപ്പാവും കുപ്പായവും ഉണ്ടായിരുന്നില്ല. (ബുഖാരി. 2. 21. 361)

1045. സഅ്ദ്(റ) തന്റെ പിതാവിൽ നിന്ന് നിവേദനം: അബ്ദുറഹ്മാനുബ്നു ഔഫ്(റ)ന്റെ അടുത്ത് അദ്ദേഹത്തിനുള്ള ഭക്ഷണം ഹാജരാക്കപ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: മുസ്അബ്ബ്നു ഉമൈർ വധിക്കപ്പെട്ടു. അദ്ദേഹം എന്നെക്കാൾ ഉത്തമനായിരുന്നു. ഒരു തുണികഷ്ണം മാത്രമാണ് അദ്ദേഹത്തെ കഫൻ ചെയ്യാൻ ലഭിച്ചത്. ഹംസ(റ)യും വധിക്കപ്പെട്ടു. അല്ലെങ്കിൽ മറെറാരു പുരുഷൻ – അദ്ദേഹവും എന്നേക്കാൾ ശ്രേഷ്ഠനായിരുന്നു. അദ്ദേഹത്തെയും കഫൻ ചെയ്യാൻ ഒരു പുതപ്പിന്റെ കഷ്ണം മാത്രമാണ് ലഭിച്ചത്. നമ്മുടെ കർമ്മഫലം ഈ ഭൗതിക ജീവിതത്തിൽ തന്നെ ധൃതിപ്പെട്ട് ലഭിക്കപ്പെടുകയാണോ എന്ന് ഞാൻ ഭയപ്പെടുന്നു. ശേഷം അദ്ദേഹം കരയാൻ തുടങ്ങി. (ബുഖാരി. 2. 23. 364)

1046. ഖബ്ബാബ്(റ) നിവേദനം: അല്ലാഹുവിന്റെ പ്രീതി തേടികൊണ്ട് ഞങ്ങൾ നബി(സ)യോടൊപ്പം ഹിജ്റ പോയി. അപ്പോൾ ഞങ്ങൾക്കുള്ള പ്രതിഫലം അല്ലാഹുവിങ്കൽ സ്ഥിരപ്പെട്ടു: ഞങ്ങളിൽ ചിലർ തങ്ങളുടെ പ്രതിഫലത്തിൽ നിന്ന് ഈ ലോകത്ത് വെച്ച് യാതൊന്നും ആസ്വദിക്കാതെ മരണപ്പെട്ടു. മുസ്അബ്(റ) അവരിൽ ഉൾപ്പെടുന്നു. തന്റെ പഴം പാകമാവുകയും അത് പറിച്ചെടുത്ത് കൊണ്ടിരിക്കുകയും ചെയ്യുന്നവരും ഞങ്ങളുടെ കൂട്ടത്തിലുണ്ട്. മുസ്അബ്(റ) ഉഹ്ദ് യുദ്ധത്തിൽ കൊല്ലപ്പെട്ടപ്പോൾ ഒരു പുതപ്പ് മാത്രമാണ് അദ്ദേഹത്തെ കഫൻ ചെയ്യാൻ ഞങ്ങൾ കണ്ടത്. തല മറച്ചാൽ കാൽ പുറത്തുകാണും. കാൽ മറച്ചാൽ തല പുറത്ത് കാണും. അപ്പോൾ അതുകൊണ്ട് തല മറക്കുവാനും കാലിൽ പുല്ല് വെച്ച് കെട്ടുവാനും നബി(സ) നിർദ്ദേശിച്ചു. (ബുഖാരി. 2. 23. 366)

1047. സഹ്ല്(റ) നിവേദനം: ഒരിക്കൽ ഒരു സ്ത്രീ നെയ്ത ഒരു തുണിയുമായി നബി(സ)യുടെ അടുത്തു വന്നു. എന്നിട്ടവൾ പറഞ്ഞു. ഇത് ഞാനെന്റെ കൈകൊണ്ട് നെയ്തതാണ്. അങ്ങേക്ക് ധരിക്കാൻ വേണ്ടിയാണ് ഞാനിത് കൊണ്ടുവന്നത്. നബി(സ)ക്ക് അതിന് ആവശ്യമുള്ളത് കൊണ്ട് അത് സ്വീകരിച്ചു. പിന്നെ നബി(സ) അത് തുണിയായി ഉടുത്തുകൊണ്ട് ഞങ്ങളുടെയടുക്കൽ വന്നു. അപ്പോൾ അതൊരാൾക്ക് നന്നായിത്തോന്നി. എത്ര നല്ല വസ്ത്രം! ഇതെനിക്ക് തന്നാലും. എന്നയാൾ പറഞ്ഞു. അപ്പോൾ ജനങ്ങൾ പറഞ്ഞു. നീ ചെയ്തത് നന്നായില്ല. നബി(സ)ക്ക് ആവശ്യമുണ്ടായത് കൊണ്ടാണല്ലോ അത് ധരിച്ചത്. എന്തെങ്കിലും ആവശ്യപ്പെട്ടാൽ നബി(സ) വെറുതെ മടക്കുകയില്ലെന്ന് നിനക്കറിയുകയും ചെയ്യും. അദ്ദേഹം പറഞ്ഞു. അല്ലാഹു സത്യം!. ധരിക്കാനല്ല എന്റെ കഫൻ പുടവയായി ഉപയോഗിക്കാൻ വേണ്ടിയാണ് ഞാനത് ചോദിച്ചത്. സഹ്ല്(റ) പറയുന്നു: അവസാനം അതായിരുന്നു അദ്ദേഹത്തിന്റെ കഫൻ പുടവ. (ബുഖാരി. 2. 23. 367)

1048. ഉമ്മു അത്തിയ്യ(റ) നിവേദനം: മയ്യിത്തിനെ അനുഗമിക്കുന്നത് ഞങ്ങളോട് വിരോധിച്ചിരിക്കുന്നു. എന്നാൽ ആ നിരോധനാജ്ഞ അത്ര കർശനമാക്കിയിരിക്കുന്നില്ല. (ബുഖാരി. 2. 23. 368)

1049. ഇബ്നുസീറീൻ(റ) നിവേദനം: ഉമ്മുഅത്തിയ്യ(റ) യുടെ ഒരു മകൻ മരണപ്പെട്ടു. മൂന്നാമത്തെ ദിവസമായപ്പോൾ അവർ മഞ്ഞനിറം കലർന്ന സുഗന്ധം കൊണ്ടുവരാൻ ആവശ്യപ്പെടുകയും അതുകൊണ്ട് തന്റെ ശരീരത്തിൽ പുരട്ടുകയും ചെയ്തു. ശേഷം അവർ പറഞ്ഞു. ഭർത്താവിന്റെ പേരിലല്ലാതെ മൂന്ന് ദിവസത്തിലധികം ഇദ്ദ അനുഷ്ടിക്കുന്നതിനെ ഞങ്ങളോട് വിരോധിക്കപ്പെട്ടിരിക്കുന്നു. (ബുഖാരി. 2. 23. 369)

1050. സൈനബ്(റ) നിവേദനം: ശാമിൽവെച്ച് അബൂസുഫ്യാൻ മരണപ്പെട്ട വാർത്ത ലഭിച്ചപ്പോൾ മൂന്നാം ദിവസം പുത്രി ഉമ്മുഹബീബ(റ) സുഗന്ധം ആവശ്യപ്പെടുകയും

ശേഷം അത് കൊണ്ട് അവരുടെ ഇരു കവിൾ തടത്തിലും കൈകളിലും പുരട്ടി. അനന്തരം അവർ ഇപ്രകാരം പ്രസ്താവിച്ചു. എനിക്ക് ഈ സുഗന്ധത്തോട് ആവശ്യമുള്ളത് കൊണ്ടല്ല പുരട്ടിയത്. എന്നാൽ നബി(സ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു സ്ത്രീക്ക് ഒരു മയ്യത്തിന്റെ പേരിൽ മൂന്ന് ദിവസത്തിൽ കൂടുതൽ ദു:ഖമാചരിക്കാൻ പാടില്ല. പക്ഷെ ഭർത്താവ് മരിച്ചവൾ നാലുമാസവും പത്ത് ദിവസവും ഇദ്ദ അനുഷ്ഠിക്കണം. (ബുഖാരി. 2. 23. 370)

1051. അനസ്(റ) നിവേദനം: ഖബറിന്റെ അടുത്തിരുന്നുകൊണ്ട് കരയുന്ന ഒരു സ്ത്രീയുടെ സമീപത്തുകൂടി നബി(സ) ഒരിക്കൽ നടന്നുപോയി. നബി(സ) പറഞ്ഞു. നീ അല്ലാഹുവിനെ സൂക്ഷിക്കുക. ക്ഷമിക്കുക. അവൾ പറഞ്ഞു: നിങ്ങൾ നിങ്ങളുടെ പാടുനോക്കിപ്പോവുക. എനിക്ക് സംഭവിച്ച ആപത്ത് നിനക്ക് സംഭവിച്ചിട്ടില്ല. അവൾ നബി(സ)യെ മനസ്സിലാക്കാത്തത് കൊണ്ടായിരുന്നു ഈ ശൈലിയിൽ പറഞ്ഞത്. പിന്നീട് അത് നബി(സ) യായിരുന്നെന്ന് ചിലർ അവളെ ഉണർത്തിയപ്പോൾ അവൾ നബി(സ)യുടെ അടുത്ത് ചെന്നു. അവളവിടെ കാവൽക്കാരായൊന്നും കണ്ടില്ല. എന്നിട്ട് അവൾ പറഞ്ഞു: എനിക്ക് അങ്ങയെ മനസ്സിലായിരുന്നില്ല. അപ്പോൾ നബി(സ) പറഞ്ഞു: ഒന്നാമത്തെ പ്രാവശ്യം ആപത്തു ബാധിക്കുമ്പോഴുള്ള ക്ഷമക്കാണ് പ്രാധാന്യം. (ബുഖാരി. 2. 23. 372)

1052. ഉസാമ(റ) നിവേദനം: തന്റെ പുത്രന് മരണം ആസന്നമായിരിക്കുകയാണെന്നും അതുകൊണ്ട് ഇവിടം വരെ വന്നാൽ കൊള്ളാമെന്നും അറിയിച്ചുകൊണ്ട് മകൾ(സൈനബ) നബി(സ)യുടെ അടുക്കലേക്ക് ആളയച്ചു. നബി(സ) യാകട്ടെ പുത്രിക്ക് സലാം പറഞ്ഞുകൊണ്ട് ഇപ്രകാരം പറഞ്ഞയച്ചു. അല്ലാഹു വിട്ടുതന്നതും അവൻ തിരിച്ചെടുത്തതും അവന്റേത് തന്നെയാണ്. എല്ലാ കാര്യങ്ങൾക്കും അവന്റെയടുക്കൽ ഒരു നിശ്ചിത അവധിയുണ്ട്. അതിനാൽ അല്ലാഹുവിങ്കൽ നിന്ന് പ്രതിഫലം ആഗ്രഹിച്ചുകൊണ്ട് അവൾ ക്ഷമകൈക്കൊള്ളട്ടെ. അപ്പോൾ നബി(സ) വരിക തന്നെ വേണമെന്ന് സത്യം ചെയ്തുകൊണ്ട അവൾ വീണ്ടും ആളയച്ചു. സഅദ്, മുആദ്, ഉബയ്യ്, സൈദ്(റ) എന്നിവരും വേറെ ചില അനുചരന്മാരുമൊന്നിച്ച് നബി(സ) പുറപ്പെട്ടു. അവിടെ എത്തിയപ്പോൾ കുട്ടിയെ നബി(സ)യുടെ അടുത്തേക്ക് ഉയർത്തികാണിച്ചു. ആ കുട്ടിയുടെ ജീവൻ കിടന്നു പിടയുന്നുണ്ട്. വെള്ളം നിറച്ച ഒരു പഴയ തോൽപാത്രം പോലെ. നബി(സ)യുടെ ഇരുകണ്ണുകളിൽ നിന്നും കണ്ണുനീർ ഒഴുകാൻ തുടങ്ങി. ഇതുകണ്ടപ്പോൾ സഅ്ദ്(റ) ചോദിച്ചു. അല്ലാഹുവിന്റെ ദൂതരേ! ഇതെന്താണ്(അങ്ങ് കരയുകയോ!) ഇത് അല്ലാഹു അവന്റെ ദാസന്മാരുടെ ഹൃദയങ്ങളിൽ നിക്ഷേപിക്കുന്ന കാരുണ്യമാണ്. നിശ്ചയം കാരുണ്യമുള്ള തന്റെ ദാസന്മാരോടാണ് അല്ലാഹു കരുണ കാണിക്കുക എന്ന് നബി(സ) പ്രത്യുത്തരം നൽകി. (ബുഖാരി. 2. 23. 373)

1053. അനസ്(റ) നിവേദനം: നബി(സ)യുടെ ഒരു പുത്രിയുടെ ജനാസയിൽ ഞങ്ങൾ സന്നിഹിതരായിരുന്നു. തിരുമേനി(സ) ഖബ്റിന്നരികിൽ ഇരിക്കുകയാണ്. അനസ്(റ) പറയുന്നു: അവിടുത്തെ ഇരുകണ്ണുകളിൽ നിന്നും കണ്ണുനീരൊഴുകുന്നത് ഞാൻ കണ്ടു. തിരുമേനി(സ) ചോദിച്ചു. നിങ്ങളുടെ കൂട്ടത്തിൽ ഇന്നലെ രാത്രി സ്വഭാര്യയുമായി സഹവസിക്കാത്തവരായി ആരെങ്കിലുമുണ്ടോ? അബൂത്വൽഹ(റ) പറഞ്ഞു: ഞാൻ ഉണ്ട്. നബി(സ) പറഞ്ഞു. എങ്കിൽ നീ ഇറങ്ങുക. അദ്ദേഹം അവരുടെ ഖബറിൽ ഇറങ്ങി. (ബുഖാരി. 2. 23. 374)

1054. അബ്ദുല്ല(റ) നിവേദനം: മക്കയിൽ വെച്ച് ഉസ്മാൻ(റ)ന്റെ ഒരു പുത്രി മരണപ്പെട്ടു. അപ്പോൾ അവളെ ദർശിക്കുവാൻ ഞങ്ങൾ പുറപ്പെട്ടു. ഇബ്നുഉമർ ഇബ്നുഅബ്ബാസ്(റ) എന്നിവരും അവിടെ ഹാജരായി. ഞാൻ അവരുടെ ഇടയിൽ ഇരിക്കുകയായിരുന്നു. ഇബ്നുഉമർ(റ) അംറ്ബനു ഉസ്മാനോട് പറഞ്ഞു. ഉറക്കെ

കരയുന്നതിനെ നീ വിരോധിക്കുന്നില്ലേ? നിശ്ചയം നബി(സ) ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ട്. മയ്യിത്തിന്റെ ബന്ധുക്കൾ ഉറക്കെ കരഞ്ഞാൽ മയ്യിത്ത് ശിക്ഷിക്കപ്പെടുന്നതാണ്. ഇബ്നു അബ്ബാസ്(റ) പറയുന്നു: ഉമർ(റ) വും ഇപ്രകാരം പറയാറുണ്ടായിരുന്നു. ഇബ്നുഅബ്ബാസ്(റ) തുടരുന്നു. ഞാൻ ഒരിക്കൽ ഉമറിന്റെ കൂടെ മക്കയിൽ നിന്നും മടങ്ങുകയായിരുന്നു. അങ്ങനെ ഞങ്ങൾ ബൈദാഅ് എന്ന സ്ഥലത്ത് എത്തിയപ്പോൾ ഒരു എലന്തമരത്തിന്റെ ചുവട്ടിൽ ഒരു യാത്രാസംഘം ഇരിക്കുന്നത് കണ്ടു. ഉമർ(റ) പറഞ്ഞു. നീ ചെന്ന് ആ യാത്രാസംഘം ഏതാണെന്ന് നോക്കുക. അങ്ങനെ ഞാൻ ചെന്ന് നോക്കിയപ്പോൾ സുഹബ്(റ) ആയിരുന്നു അത്. വിവരം ഞാൻ ഉമറിനോട് പറഞ്ഞു. അദ്ദേഹത്തെ വിളിച്ചുകൊണ്ടുവരിക എന്ന് ഉമർ(റ) എന്നോട് വീണ്ടും നിർദ്ദേശിച്ചു. ഞാൻ സുഹൈബി(റ)ന്റെ അടുത്ത് ചെന്ന് പറഞ്ഞു. നിങ്ങൾ പുറപ്പെട്ടു അമീറുൽമുഅ്മീനിനെ കാണുക. ഉമർ(റ) വിപത്തു ബാധിച്ച സന്ദർഭത്തിൽ സുഹൈബ്(റ) കരഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ അടുത്ത് പ്രവേശിച്ചു. എന്റെ സ്നേഹിതാ! എന്റെ സുഹൃത്തേ! എന്ന് അദ്ദേഹം നിലവിളിക്കുന്നുണ്ട്. അപ്പോൾ ഉമർ(റ) പറഞ്ഞു: സുഹൈബ്! താങ്കൾ എന്റെ പേരിൽ കരയുകയാണോ? നബി(സ) പറയുകയുണ്ടായി. തീർച്ചയായും മയ്യിത്തിന്റെ ബന്ധുക്കളുടെ ചില കരച്ചിൽ കാരണം മയ്യിത്ത് ശിക്ഷിക്കപ്പെടുന്നതാണ്!. ഇബ്നു അബ്ബാസ്(റ) പറയുന്നു: ഉമർ(റ) മരണപ്പെട്ടപ്പോൾ ഈ ഹദീസ് ഞാൻ ആയിശ(റ) യോട് പറഞ്ഞു. അപ്പോൾ ആയിശ(റ) പറഞ്ഞു. ഉമർ(റ) നെ അല്ലാഹു അനുഗ്രഹിക്കട്ടെ. തന്റെ പേരിൽ കുടുംബങ്ങൾ കരഞ്ഞതുകൊണ്ട് ഒരു സത്യവിശ്വാസി ശിക്ഷിക്കപ്പെടുമെന്ന് നബി(സ) ഒരിക്കലും അരുളിയിട്ടേയില്ല. തന്റെ കുടുംബങ്ങൾ തന്റെ പേരിൽ കരയുക മൂലം സത്യനിഷേധിക്ക് അല്ലാഹു ശിക്ഷ വർദ്ധിപ്പിക്കുമെന്നേ നബി(സ) അരുളിയിട്ടുള്ളു. നിങ്ങൾക്ക് തെളിവായി ഭാരം വഹിക്കുന്ന ഒരാത്മാവും മററൊരാത്മാവിന്റെ ഭാരം വഹിക്കുകയില്ല എന്ന ഖുർആൻ വാചകം മതിയല്ലോ എന്ന് അവർ പറഞ്ഞു. ഇബ്നു അബ്ബാസ്(റ) ആ സന്ദർഭത്തിൽ പറഞ്ഞു. അല്ലാഹുവാണ് ചിരിപ്പിക്കുകയും കരയിപ്പിക്കുകയും ചെയ്യുന്നത്. ഇബ്നു അബീമുലൈകത്തു പറയുന്നു. ഇബ്നു ഉമർ(റ) ഒന്നും തന്നെ (ആയിശയെ ഖണ്ഡിച്ചുകൊണ്ട്) പറയുകയുണ്ടായില്ല. (ബുഖാരി. 2. 23. 375)

1055. ആയിശ(റ) നിവേദനം: നബി(സ) ഒരു യഹൂദി സ്ത്രീയുടെ ഖബ്റിന്നരികിലൂടെ നടന്നുപോയി. അവളുടെ കുടുംബങ്ങൾ അവളെ ചൊല്ലി കരയുന്നുണ്ടായിരുന്നു. നബി(സ) അരുളി: അവർ അവളെച്ചൊല്ലി കരയുന്നു. അവളാകട്ടെ ഖബറിൽ ശിക്ഷ അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. (ബുഖാരി. 2. 23. 376)

1056. മുഗീറ(റ) നിവേദനം: എന്റെ പേരിൽ കളവ് പറയൽ മററുള്ളവരുടെ പേരിൽ കളവ് പറയുംപോലെയല്ല. എന്റെ പേരിൽ മന:പൂർവ്വം കള്ളം പറയുന്നവൻ നരകത്തിൽ തന്റെ സീററ് ഒരുക്കിക്കൊള്ളട്ടെ എന്ന് നബി(സ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. മരിച്ച വല്ലവന്റെയും പേരിൽ ഉറക്കെ കരഞ്ഞാൽ ആ മയ്യിത്ത് ശിക്ഷിക്കപ്പെടുമെന്ന് നബി(സ) അരുളിയത് ഞാൻ കേട്ടിട്ടുണ്ട്. (ബുഖാരി. 2. 23. 378)

1057. അബ്ദുല്ല(റ) നിവേദനം: നബി(സ) അരുളി: മയ്യിത്തിന്റെ പേരിൽ വിലപിച്ചുകൊണ്ട് മുഖത്തടിക്കുകയും കുപ്പയമാറ് കീറുകയും അജ്ഞാനകാലത്ത് വിളിച്ചു പറഞ്ഞിരുന്നപോലെ വിളിച്ചുപറയുകയും ചെയ്യുന്നവൻ നമ്മിൽ പെട്ടവനല്ല. (ബുഖാരി. 2. 23. 382)

1058. സഅ്ദ്ബ്നു അബീവഖാസ്(റ) നിവേദനം: ഹജ്ജുത്തുൽ വദാഇന്റെ വർഷം ഞാൻ(മക്കയിൽ) രോഗ ബാധിതനായിരിക്കുമ്പോൾ നബി(സ) എന്നെ സന്ദർശിച്ചു. അപ്പോൾ ഞാൻ പറഞ്ഞു: എന്റെ രോഗം അങ്ങേക്കറിയാവുന്നത് പോലെ മൂർച്ഛിച്ചു കഴിഞ്ഞിരുന്നു. ഞാൻ മുതലാളിയാണ്. എന്നാൽ എന്നെ ഒരു പുത്രി മാത്രമാണ് അനന്തരമെടുക്കുക. എന്റെ ധനത്തിൽ മൂന്നിൽ രണ്ടു ഭാഗം ഞാൻ ദാനം

ചെയ്യട്ടെയോ? നബി(സ) അരുളി: പാടില്ല. ഞാൻ ചോദിച്ചു: പകുതിയായാലോ? അത് തന്നെ കൂടുതലാണ്. നിശ്ചയം നീ നിന്റെ അനന്തരവകാശികളെ ദരിദ്രന്മാരാക്കി യാചിക്കാൻ വിടുന്നതിനേക്കാൾ ഉത്തരം അവരെ സമ്പന്നരാക്കി വിടുകയാണ്. അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചു കൊണ്ട് നീ ചിലവഴിക്കുന്ന എന്തിനും നിനക്ക് പ്രതിഫലം ലഭിക്കും. നിന്റെ ഭാര്യക്ക് കൊടുക്കുന്ന ആഹാരത്തിന് കൂടി നിനക്ക് പ്രതിഫലം ലഭിക്കുന്നതാണ്. ഞാൻ ചോദിച്ചു. പ്രവാചകരേ! എന്റെ സ്നേഹിതന്മാർ മക്കയിൽ നിന്ന് തിരിച്ചുപോയശേഷം എനിക്ക് ഇവിടെ പിന്തി നിൽക്കേണ്ടിവരുമോ? എന്നിട്ട് നീ സൽക്കർമ്മം ചെയ്യുകയും ചെയ്യുന്ന പക്ഷം അത് വഴി നിനക്ക് ഓരോ ഉന്നത പദവി ലഭിക്കാതിരിക്കുകയില്ല. ഒരു പക്ഷെ നീ പിൽക്കാലത്ത് ജീവിച്ചിട്ട് നിന്നെക്കൊണ്ട് ചിലർക്ക് ഉപകാരവും മററു ചിലർക്ക് ഉപദ്രവവും അനുഭവിക്കേണ്ടി വന്നേക്കാം. അല്ലാഹുവേ!. എന്റെ അനുയായികൾക്ക് അവരുടെ ഹിജ്റ(പാലായനം) നീ പൂർത്തിയാക്കിക്കൊടുക്കണമേ! അവരെ അവരുടെ പഴയ നിലപാടിലേക്ക് തിരിച്ചു വിടരുതേ! എന്നാൽ പാവം സഅ്ദ്ബ്നു ഖൗല അദ്ദേഹം മക്കയിൽ വെച്ചുതന്നെ മരണമടഞ്ഞു. നബി(സ) അദ്ദേഹത്തിന്റെ പേരിൽ അനുശോചനം രേഖപ്പെടുത്തി. (ബുഖാരി. 2. 23. 383)

1059. ആയിശ(റ) നിവേദനം: ഇബ്നു ഹാരിസത്ത്(റ) ജഅ്ഫർ(റ) ഇബ്നുറവാഹ(റ) എന്നിവരുടെ മരണവൃത്താന്തം എത്തിയപ്പോൾ തിരുമേനി(സ) ദു:ഖിതനായി. ഞാൻ വാതിലിന്റെ വിടവിലൂടെ അവിടുത്തെ നോക്കിക്കൊണ്ടിരുന്നു. അതിനിടക്ക് ഒരാൾ നബി(സ)യുടെയടുക്കൽ വന്നിട്ട് ജഅ്ഫറിന്റെ ഭാര്യയെ പററിയും അവരുടെ കരച്ചിലിനെപ്പററിയും പറഞ്ഞു. അപ്പോൾ അതിൽ നിന്ന് വിരോധിക്കുവാൻ നബി(സ) കൽപ്പിച്ചു. അദ്ദേഹം തിരിച്ചുപോയി. അൽപം കഴിഞ്ഞശേഷം വന്നു തന്നെ അവർ അനുസരിക്കുന്നില്ലെന്നു നബി(സ)യെ അറിയിച്ചു. നബി(സ) പറഞ്ഞു. നീ ഒന്നുകൂടി അവരെ വിരോധിക്കുക. അദ്ദേഹം പോയി മൂന്നാം പ്രാവശ്യവും മടങ്ങിവന്നു. ദൈവദൂതരേ! ആ സ്ത്രീ ഞങ്ങൾ പറഞ്ഞത് കൂട്ടാക്കുന്നില്ല എന്നു പറഞ്ഞു. ആയിശ(റ) പറയുന്നു. അപ്പോൾ നബി(സ) പറഞ്ഞു. നീ അവളുടെ വായിൽ കുറെ മണ്ണ് വാരിയിടുക. ആയിശ(റ) പറഞ്ഞു:(നബി അയച്ചു മനുഷ്യന്) നാശം നീ നബി കൽപ്പിച്ചത് എന്തു കൊണ്ട് ചെയ്തില്ല. നബി(സ)യെ നീ ക്ലേശിപ്പിക്കുന്നതിൽ വീഴ്ച വരുത്തയതുമില്ല. (ബുഖാരി. 2. 23. 386)

1060. അനസ്(റ) നിവേദനം: ഖുറാത്ത് എന്ന് പേരുള്ളവരെ വധിച്ചപ്പോൾ നബി(സ) ഒരു മാസം ഖുനൂത്ത് ഓതി. അന്ന് നബി(സ) ദു:ഖിച്ചതുപോലെ മറെറാരിക്കലും ദു:ഖിച്ചത് ഞാൻ ദർശിക്കുകയുണ്ടായില്ല. (ബുഖാരി. 2. 23. 387)

1061. അനസ്(റ) നിവേദനം: അബൂത്വൽഹത്തിന്റെ ഒരു കുട്ടിക്ക് രോഗം ബാധിക്കുകയും അദ്ദേഹം വീട്ടിൽ നിന്ന് പുറത്തുപോയിരിക്കുന്ന സന്ദർഭത്തിൽ ആ കുട്ടി മരിക്കുകയും ചെയ്തു. ഉടനെ അദ്ദേഹത്തിന്റെ ഭാര്യ കുട്ടി മരിച്ചത് ദർശിച്ചപ്പോൾ അൽപം ആഹാരം തയ്യാറാക്കി വെച്ചു. വീടിന്റെ ഒരു ഭാഗത്തേക്ക് കുട്ടിയെ മാററിക്കിടത്തി. അബൂത്വൽഹ വന്നപ്പോൾ കുട്ടിക്കെങ്ങനെയുണ്ടെന്ന് അന്വേഷിച്ചു. കുട്ടിയുടെ അസ്വാസ്ഥ്യം തീർന്നു. അവനിപ്പോൾ സുഖമാണെന്ന് വിചാരിക്കുന്നു എന്ന് ഭാര്യ മറുപടി പറഞ്ഞു, അപ്പോൾ അവൾ പറഞ്ഞത് യാഥാർത്ഥ്യമാണെന്ന് അദ്ദേഹം വിചാരിച്ചു. ആ രാത്രി കഴിഞ്ഞു പുലർച്ചക്ക് ജനാബത്തു കുളി കഴിഞ്ഞ് പുറപ്പെടാൻ അബൂത്വൽഹ ഒരുങ്ങിയപ്പോൾ കുട്ടിയുടെ മരണവാർത്ത ഭാര്യ അദ്ദേഹത്തെ അറിയിച്ചു. അബൂത്വൽഹ നബി(സ)യൊന്നിച്ച് സുബ്ഹി നമസ്കരിച്ചു. ശേഷം ഈ വർത്തമാനം നബി(സ)യോട് പറഞ്ഞു. നബി(സ) അരുളി: കഴിഞ്ഞ രാത്രിയിൽ അല്ലാഹു നിങ്ങൾക്ക് രണ്ടുപേർക്കും ബറക്കത്തു നൽകട്ടെ. സുഫ്യാൻ(ഒരു നിവേദകൻ) പറയുന്നു: ഒരു അൻസാരി പറയുന്നു. ഖുർആൻ പഠിച്ച ഒൻപതു കുട്ടികൾ അദ്ദേഹത്തിന് ജനിച്ചു വളർന്നത് പിന്നീട് കണ്ടു. (ബുഖാരി. 2. 23. 388)

1062. അനസ്(റ) നിവേദനം: ഞങ്ങൾ ഒരിക്കൽ നബി(സ)യുടെ കൂടെ കൊല്ലനായിരുന്ന അബൂസൈഫിന്റയടുക്കൽ പ്രവേശിച്ചു. നബി(സ)യുടെ പുത്രൻ ഇബ്റാഹീമിന് മുലകൊടുത്ത സ്ത്രീയുടെ ഭർത്താവായിരുന്നു അദ്ദേഹം. നബി(സ) ഇബ്രാഹീമിനെ എടുത്ത് ചുംബിച്ചു. ഇതിനുശേഷം ഇബ്രാഹിം മരണാസന്നനായിരിക്കുമ്പോൾ ഞങ്ങൾ അദ്ദേഹത്തിന്റെ അടുത്തു പ്രവേശിച്ചു. നബി(സ)യുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകാൻ തുടങ്ങി. അബ്ദുറഹ്മാനുബ്നു ഔഫ് ചോദിച്ചു. ദൈവദൂതരേ! അങ്ങുന്നു കരയുകയാണോ? ഇബ്നുഔഫ്! ഇത് കൃപയാണ്, വീണ്ടും നബി(സ) കണ്ണുനീർ ഒഴുക്കുവാൻ തുടങ്ങി. കണ്ണ് കരയുകയും ഹൃദയം ദു:ഖിക്കുകയും ചെയ്യും. പക്ഷെ നമ്മുടെ നാഥൻ തൃപ്തിപ്പെടാത്തതൊന്നും നാം പറയരുത്. ഇബ്രാഹീം! നിന്റെ വേർപാടിൽ ഞങ്ങൾ ദു:ഖിതരാണ് എന്ന് നബി(സ) അരുളി. (ബുഖാരി. 2. 23. 390)

1063. ഇബ്നുഉമർ(റ) പറയുന്നു: ഒരിക്കൽ സഅ്ദ്ബ്നു ഉബാദ(റ) യെ രോഗം ബാധിച്ചു. അപ്പോൾ നബി(സ) അബ്ദുർറഹ്മാനുബ്നു ഔഫ്(റ), സഅ്ദ്ബ്നു അബീ വഖാസ്(റ), അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) എന്നിവരോടൊപ്പം അദ്ദേഹത്തെ കാണാൻ ചെന്നു. നബി(സ) അദ്ദേഹത്തിന്റെയടുത്ത് പ്രവേശിച്ചപ്പോൾ കുടുംബങ്ങൾ ചുററും കൂടി നിൽക്കുന്നത് കണ്ടു. നബി(സ) ചോദിച്ചു: അദ്ദേഹം മരിച്ചോ? ഇല്ല. ദൈവദൂതരേ എന്നവർ പറഞ്ഞു. അപ്പോൾ നബി(സ) കരഞ്ഞു. നബി(സ)യുടെ കരച്ചിൽ കണ്ടു സദസ്യരും കരഞ്ഞു. അവിടുന്നു അരുളി: നിങ്ങൾ ശ്രവിക്കുന്നില്ലേ? നിശ്ചയം അല്ലാഹു കണ്ണുനീരിന്റെ പേരിലോ മനസ്സിലെ ദു:ഖം കാരണമോ ശിക്ഷിക്കുകയില്ല. പക്ഷെ ഇതിന്റെ – നബി(സ) നാവിലേക്ക് ചൂണ്ടിക്കൊണ്ട് – പേരിലാണ് അല്ലാഹു ശിക്ഷിക്കുകയും കരുണ കാണിക്കുകയും ചെയ്യുക. മയ്യിത്ത് അതിന്റെ കുടുംബക്കാരുടെ കരച്ചിൽ മൂലം ശിക്ഷിക്കപ്പെടും. ഉമർ(റ) ഉറക്കെ കരയുന്നവരെ വടി കൊണ്ട് അടിക്കുകയും കല്ലുകൊണ്ട് എറിയുകയും മണ്ണ് വാരിയിടുകയും ചെയ്യാറുണ്ട്. (ബുഖാരി. 2. 23. 391)

1064. ഉമ്മു അത്തിയ്യ(റ) നിവേദനം: നബി(സ) ഞങ്ങളോട് പ്രതിജ്ഞ ചെയ്തപ്പോൾ മയ്യിത്തിന്റെ പേരിൽ വിലപിക്കാൻ പാടില്ലെന്നുകൂടി ഞങ്ങളോട് കരാർ വാങ്ങിയിരുന്നു. ഞങ്ങളിൽ അഞ്ച് സ്ത്രീകൾ മാത്രമാണത് നിറവേററിയത്. ഉമ്മു സുലൈം, ഉമ്മുൽഅലാഅ്, അബൂസബ്റയുടെ മകൾ അതായത് മുആദിന്റെ പത്നി, വേറെ രണ്ടു സ്ത്രീകൾ എന്നിവരാണവർ. അല്ലെങ്കിൽ അബൂസബ്റയുടെ മകൾ, മുആദിന്റെ ഭാര്യ, മറെറാരു സ്ത്രീ ഈ മൂന്നുപേരെയാണ് റാവി പറഞ്ഞത്. (ബുഖാരി. 2. 23. 393)

1065. ആമിർ(റ) നിവേദനം: നബി(സ) അരുളി: നിങ്ങളിൽ വല്ലവരും മയ്യിത്തു കൊണ്ടു പോകുന്നത് കണ്ടാൽ എഴുന്നേററു നിൽക്കുവീൻ. മയ്യിത്ത് കടന്നുപോകുകയോ അതു താഴെ വെക്കുകയോ ചെയ്യുന്നതുവരെ. (ബുഖാരി. 2. 23. 394)

1066. ആമിർ(റ) നിവേദനം: നബി(സ) അരുളി: നിങ്ങൾ ഒരു ജനാസയെ കണ്ടു. അതിനെ നിങ്ങൾ പിന്തുടരുന്നെങ്കിൽ അതു നിങ്ങളെ മുമ്പിലേക്കോ പിമ്പിലേക്കോ കടന്നുപോകുകയോ താഴെ വെക്കുകയോ ചെയ്യുന്നതുവരെ അവൻ നിൽക്കട്ടെ. (ബുഖാരി. 2. 23. 395)

1067. സഈദുൽമഖ്ബറി(റ) തന്റെ പിതാവിൽ നിന്ന് നിവേദനം: ഞങ്ങൾ ഒരു ജനാസയെ അനുഗമിക്കുകയായിരുന്നു. അപ്പോൾ അബൂഹുറൈറ(റ) മർവാന്റെ കൈപിടിച്ചു. അവർ രണ്ടുപേരും മയ്യിത്ത് താഴെ വെക്കുന്നതിന് മുമ്പ് തന്നെ ഇരുന്നു. അപ്പോൾ അബൂസഈദ്(റ) വന്നു. മാർവാന്റെ കൈ പിടിച്ചു പറഞ്ഞു. എഴുന്നേൽക്കൂ. അല്ലാഹു സത്യം. തിരുമേനി(സ) ഞങ്ങളോട് ഇതു

വിരോധിച്ചിട്ടുണ്ടെന്ന് ഇദ്ദേഹത്തിനറിയാം. അദ്ദേഹം പറഞ്ഞതു സത്യമാണെന്ന് അബൂഹുറൈറ(റ) പറഞ്ഞു. (ബുഖാരി. 2. 23. 396)

1068. അബൂസഈദ്(റ) നിവേദനം: നബി(സ) അരുളി: നിങ്ങൾ മയ്യിത്തിനെ കണ്ടാൽ എഴുന്നേൽക്കുവിൻ. ആരെങ്കിലും അതിനെ പിൻതുടർന്നാൽ അതു താഴെ വെക്കുന്നതുവരെ അവൻ ഇരിക്കരുത്. (ബുഖാരി. 2. 23. 397)

1069. ജാബിർ(റ) നിവേദനം: ഞങ്ങളുടെ അരികിലൂടെ ഒരു മയ്യിത്ത് കടന്നുപോയപ്പോൾ നബി(സ) എഴുന്നേററു നിന്നു. നബി(സ) യോടൊപ്പം ഞങ്ങളും എഴുന്നേററു. ഇതൊരു യഹൂദിയുടെ മയ്യിത്താണെന്ന് ഞങ്ങൾ പറഞ്ഞപ്പോൾ നബി(സ) അരുളി: നിങ്ങൾ ഏത് മയ്യിത്ത് കണ്ടാലും എഴുന്നേൽക്കുവീൻ. (ബുഖാരി. 2. 23. 398)

1070. അബ്ദുറഹ്മാൻ(റ) നിവേദനം: സഹ്ല്(റ) ഖൈസ്(റ) എന്നിവർ ഒരിക്കൽ ഖാദിസ്സിയ്യയിൽ ഇരിക്കുകയായിരുന്നു. അപ്പോൾ അവരുടെ മുന്നിലൂടെ ഒരു മയ്യിത്ത് കൊണ്ടുപോവുകയും അവർ രണ്ടുപേരും എഴുന്നേൽക്കുകയും ചെയ്തു. ഇതു ഇവിടുത്തെ ഒരു നാട്ടുകാരിൽ അതായത് ഇസ്ലാമിക ഭരണത്തിൽ മുസ്ലിം പൗരന്മാരിൽപ്പെട്ടതാണെന്ന് അവരോട് പറയപ്പെട്ടു. ഉടനെ അവരിരുവരും പറഞ്ഞു: നബി(സ)യുടെ അടുക്കലൂടെ ഒരു ജനാസ കടന്നുപോയപ്പോൾ നബി(സ) എഴുന്നേററു നിന്ന സമയത്ത് അതൊരു ജൂതന്റെ മയ്യിത്താണെന്ന് പറയപ്പെട്ടു. നബി(സ) പറഞ്ഞു. അതും ഒരു മനുഷ്യനല്ലയോ? (ബുഖാരി. 2. 23. 399)

1071. അബൂസഈദ്(റ) നിവേദനം: നബി(സ) അരുളി: മയ്യിത്ത് കട്ടിലിൽ വെച്ച് പുരുഷന്മാർ അത് ചുമലിലേററി പുറപ്പെട്ടാൽ സുകൃതം ചെയ്ത ഒരാത്മാവിന്റെ മയ്യിത്താണെങ്കിൽ എന്നെയും കൊണ്ടു വേഗം പോവുക എന്ന് അത് വിളിച്ചു പറയും. സുകൃതം ചെയ്തിട്ടില്ലാത്ത ആത്മാവിന്റെ മയ്യിത്താണെങ്കിലോ അഹാ കഷ്ടം! എന്നെ നിങ്ങൾ എവിടേക്കാണ് കൊണ്ടുപോകുന്നത് എന്ന് വിളിച്ചു പറയും. മനുഷ്യനൊഴിച്ച് മറെറല്ലാ വസ്തുക്കളും അതു കേൾക്കും. മനുഷ്യൻ അതു കേട്ടാൽ ബോധം കെട്ടുപോകും. (ബുഖാരി. 2. 23. 400)

1072. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: മയ്യിത്തുകൊണ്ട് നിങ്ങൾ വേഗം പോവുക. അത് നന്മ ചെയ്തതാണെങ്കിൽ നിങ്ങൾ ഒരു നല്ല കാര്യമാണ് ചെയ്യുന്നത്. അതു നന്മ ചെയ്തവന്റെ മയ്യിത്തല്ലെങ്കിലോ ഒരു തിന്മ നിങ്ങളുടെ ചുമലിൽ നിന്നിറക്കിവെച്ചുവെന്ന് നിങ്ങൾക്ക് സമാധാനിക്കാം. (ബുഖാരി. 2. 23. 401)

1073. ജാബിർ(റ) നിവേദനം: നബി(സ) നജ്ജാശിക്ക് വേണ്ടി നമസ്കരിച്ചു. ഞാൻ രണ്ടാമത്തെ അല്ലെങ്കിൽ മൂന്നാമത്തെ വരിയിലായിരുന്നു. (ബുഖാരി. 2. 23. 403)

1074. അബൂഹുറൈറ(റ) നിവേദനം: നജ്ജാശിയുടെ മരണവാർത്ത നബി(സ) അനുയായികളെ അറിയിച്ചു. ശേഷം നബി(സ) മുന്നിട്ടു. അനുയായികൾ നബിക്ക് പിന്നിൽ അണികളായി. അങ്ങനെ നബി(സ) നാല് തക്ബീർ ചൊല്ലി. (ബുഖാരി. 2. 23. 404)

1075. ശഅ്ബി(റ) പറയുന്നു: നബി(സ)യുടെ കൂടെ ഹാജരായ ഒരാൾ എന്നോട് പറഞ്ഞു. നബി(സ) നനവുള്ള ഒരു ഖബറിന്റെ അടുത്ത് ചെന്ന് ജനങ്ങളെ തനിക്ക് പിന്നിൽ അണികളാക്കി നിർത്തി നാല് തക്ബീർ ചൊല്ലി. ഇബ്നു അബ്ബാസാണ് ഈ ഹദീസ് ഉദ്ധരിച്ചതെന്ന് അദ്ദേഹം പറഞ്ഞു. (ബുഖാരി. 2. 23. 405)

1076. ഇബ്നു അബ്ബാസ്(റ) നിവേദനം: രാത്രിയിൽ ഖബറടക്കപ്പെട്ട ഒരു ഖബറിന്റെ അടുത്തുകൂടി നബി(സ) നടന്നുപോയി. നബി(സ) ചോദിച്ചു. ഇതിനെ എപ്പോൾ ഖബറടക്കം ചെയ്തു? അവർ പറഞ്ഞു: ഇന്നലെ രാത്രി. നബി(സ) പറഞ്ഞു. എന്നെ നിങ്ങൾക്ക് വിവരമറിയിക്കാമായിരുന്നില്ലേ? അവർ(അനുചരന്മാർ)പറഞ്ഞു:

രാത്രിയുടെ ഇരുട്ടിലാണ് ഞങ്ങൾ അദ്ദേഹത്തെ ഖബറടക്കിയത്. താങ്കളെ വിളിച്ചുണർത്താൻ ഞങ്ങൾ വെറുത്തു. അപ്പോൾ നബി(സ) എഴുന്നേററു നിൽക്കുകയും ഞങ്ങൾ അദ്ദേഹത്തിന്റെ പിന്നിൽ വരികളായി നിൽക്കുകയും ചെയ്തു. ഇബ്നു അബ്ബാസ്(റ) പറയുന്നു. ഞാനും അവരിൽ ഉണ്ടായിരുന്നു. അങ്ങനെ നബി(സ) അദ്ദേഹത്തിന് നമസ്കരിച്ചു. (ബുഖാരി. 2. 23. 407)

1077. നാഫിഅ്(റ) നിവേദനം: വല്ലവനും ഒരു മയ്യിത്തിനെ പിൻതുടർന്നാൽ ഒരു ഖീറാത്തു പ്രതിഫലം അവന് ലഭിക്കുമെന്ന് അബൂഹുറൈറ(റ) ഉദ്ധരിച്ച വിവരം ഇബ്നു ഉമർ(റ) നോട് പറയപ്പെട്ടു. അപ്പോൾ ഇബ്നുഉമർ(റ) പറഞ്ഞു: അബൂഹുറൈറ(റ) ഞങ്ങളേക്കാൾ ഹദീസ് വർദ്ധിപ്പിക്കുന്നു. (ബുഖാരി. 2. 23. 409)

1078. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: വല്ലവനും ഒരു മയ്യിത്തിന് നമസ്കരിക്കുന്നത് വരെ ഹാജരായാൽ അവന് ഒരു ഖീറാത്തു പ്രതിഫലമുണ്ട്. എന്നാൽ വല്ലവനും അതിനെ ഖബറടക്കം ചെയ്യുന്നതു വരെ ഹാജരായാൽ അവന് രണ്ട് ഖീറാത്ത് പ്രതിഫലമുണ്ട്. എന്താണ് ഖീറാത്തു എന്ന് ചോദിക്കപ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: വലിയ രണ്ട് പർവ്വതം പോലെ. (ബുഖാരി. 2. 23. 410)

1079. അബൂഹുറൈറ(റ) നിവേദനം: മൈതാനത്തുവെച്ച് നബി(സ) അനുചരന്മാരുമായി അണിനിരന്നു. ശേഷം നാല് തക്ബീർ ചൊല്ലി. (ബുഖാരി. 2. 23. 412)

1080. ആയിശ(റ) നിവേദനം: നബി(സ) മരണപ്പെട്ടതായ രോഗത്തിൽ പറഞ്ഞു. ജൂതന്മാരെയും ക്രിസ്ത്യാനികളെയും അല്ലാഹു ശപിക്കട്ടെ. അവർ അവരുടെ നബിമാരുടെ ഖബറുകൾ പ്രാർത്ഥനാ സ്ഥലങ്ങളാക്കി. ആയിശ പറയുന്നു: ആളുകൾ പ്രാർത്ഥനാകേന്ദ്രങ്ങളാക്കുമെന്നു ഭയമില്ലായിരുന്നെങ്കിൽ അവർ (സഹാബി വര്യന്മാർ) നബി(സ)യുടെ ഖബർ വെളിയിലെവിടെയെങ്കിലും ആക്കിയേനെ. അതു വല്ല കാലത്തും ജനങ്ങൾ പ്രാർത്ഥനാകേന്ദ്രങ്ങൾ (പള്ളികൾ) ആക്കിക്കളയുമോ എന്ന് എനിക്ക് ഇപ്പോഴും ഭയമുണ്ട്. (ബുഖാരി. 2. 23. 414)

1081. സമുറ(റ) നിവേദനം: പ്രസവത്തിൽ മരണപ്പെട്ട ഒരു സ്ത്രീക്ക് നബി(സ) മയ്യിത്ത് നമസ്കരിച്ചപ്പോൾ ഞാനും നബി(സ)യുടെ പിന്നിൽ നിന്ന് കൊണ്ട് നമസ്കരിച്ചു. നബി(സ) അവളുടെ മധ്യഭാഗത്താണ് നിന്നു നമസ്കരിച്ചത്. (ബുഖാരി. 2. 23. 415)

1082. ജാബിർ(റ) നിവേദനം: നബി(സ) നജ്ജാശിക്ക് നമസ്കരിച്ചപ്പോൾ നാല് തക്ബീറുകൾ ചൊല്ലി. (ബുഖാരി. 2. 23. 418)

1083. ത്വൽഹ(റ): നിവേദനം: ഒരിക്കൽ ഇബ്നു അബ്ബാസിന്റെ പിന്നിൽ നിന്നുകൊണ്ട് ഞാൻ മയ്യിത്ത് നമസ്കരിച്ചു. അപ്പോൾ അദ്ദേഹം ഫാതിഹ(ഉറക്കെ)ഓതി. ഫാതിഹ ഓതൽ സുന്ന(ബുഖാരി. 2. 23. 419)

1084. അബൂഹുറൈറ(റ) നിവേദനം: ഒരു കറുത്ത സ്ത്രീ അല്ലെങ്കിൽ പുരുഷൻ പള്ളി പരിപാലിച്ചിരുന്നു. അങ്ങനെ അദ്ദേഹം മരണപ്പെട്ടു. നബി(സ) അദ്ദേഹത്തിന്റെ മരണവാർത്ത അറിഞ്ഞിരുന്നില്ല. ഒരു ദിവസം നബി(സ)ക്ക് അദ്ദേഹത്തെ ഓർമ്മ വരികയും ആ മനുഷ്യൻ എന്തു ചെയ്യുന്നുവെന്ന് തന്റെ അനുചരന്മാരോട് ചോദിക്കുകയും ചെയ്തു. അവർ പറഞ്ഞു. അദ്ദേഹം മരണപ്പെട്ടു. നബി(സ) പറഞ്ഞു. നിങ്ങൾക്ക് അദ്ദേഹത്തിന്റെ മരണവാർത്ത എന്നെ അറിയിക്കാമായിരുന്നില്ലേ? അവർ പറഞ്ഞു: ഇങ്ങനെയെല്ലാമായിരുന്നു അവസ്ഥ. അവർ അദ്ദേഹത്തിന്റെ പ്രശ്നം നിസ്സാരമാക്കും വിധമായിരുന്നു മറുപടി. നബി(സ) പറഞ്ഞു: നിങ്ങൾ അദ്ദേഹത്തിന്റെ ഖബർ എനിക്ക് കാണിച്ചുതരിക. അങ്ങനെ അദ്ദേഹത്തിന്റെ ഖബറിന്റെ അടുത്തുചെന്ന് നബി(സ) മയ്യിത്ത് നമസ്കാരം നിർവ്വഹിച്ചു. (ബുഖാരി. 2. 23. 421)

1085. അനസ്(റ) നിവേദനം: നബി(സ) അരുളി: ഒരു മനുഷ്യനെ അവന്റെ ഖബറിൽ വെച്ച് അതിന്റെ ബന്ധുക്കൾ പിരിഞ്ഞുപോയി. അവരുടെ ചെരിപ്പിന്റെ കരച്ചിൽ ഇവന് കേൾക്കാൻ കഴിയുന്ന ദൂരം വരെ അവർ എത്തിക്കഴിഞ്ഞാൽ രണ്ട് മലക്കുകൾ വന്ന് അവനെ പിടിച്ചിരുത്തി ചോദിക്കും. ഈ മനുഷ്യൻ അഥവാ മുഹമ്മദിനെ സംബന്ധിച്ച് നീ എന്താണ് പറഞ്ഞിരുന്നത്? അവൻ പറയും: അദ്ദേഹം അല്ലാഹുവിന്റെ ദൂതനും ദാസനുമാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. അപ്പോൾ പറയപ്പെടും അതാ, നരകത്തിലെ നിന്റെ ഇരിപ്പിടം നോക്കൂ! അതിനു പകരമായി അല്ലാഹു സ്വർഗ്ഗത്തിൽ നിനക്കൊരു ഇരിപ്പിടം തന്നിരിക്കുന്നു. നബി(സ) പറഞ്ഞു. അപ്പോൾ ഈ രണ്ടു ഇരിപ്പിടങ്ങളും അവൻ നോക്കിക്കാണും. സത്യനിഷേധി അല്ലെങ്കിൽ കപടവിശ്വാസി പറയും: എനിക്ക് യാഥാർത്ഥ്യം അറിയില്ല. ജനങ്ങൾ പറയുംപോലെ ഞാനും പറഞ്ഞുകൊണ്ടിരുന്നു. അവനോട് മലക്കുകൾ പറയും. നീ കാര്യത്തെക്കുറിച്ച് ചിന്തിച്ചു നോക്കുകയോ വായിച്ചു പഠിക്കുകയോ ചെയ്തില്ല. പിന്നെ ഒരു ഇരുമ്പ് ദണ്ഡുകൊണ്ട് അവർ അവന്റെ ചെവികൾക്കിടയിൽ അടിക്കും. അപ്പോഴവൻ ഉച്ചത്തിൽ നിലവിളിക്കും. ജിന്നുകളും മനുഷ്യനുമൊഴിച്ച് അവന്നടുത്തുള്ള എല്ലാ വസ്തുക്കളും അതു കേൾക്കുന്നതാണ്. (ബുഖാരി. 2. 23. 422)

1086. അബൂഹുറൈറ(റ) നിവേദനം: മരണ മലക്ക് മൂസാ(അ)യെ മരിപ്പിക്കാൻ ചെന്നപ്പോൾ അവിടുന്ന് മലക്കിന്റെ മുഖത്തൊരടി വെച്ചുകൊടുത്തു. ആ മലക്ക് തന്റെ രക്ഷിതാവിന്റെ അടുക്കൽ തിരിച്ചുചെന്ന് ഇപ്രകാരം ബോധിപ്പിച്ചു. നാഥാ! മരിക്കാൻ ഇഷ്ടപ്പെടാത്ത ഒരു ദാസന്റെയടുക്കലേക്കാണ് നീ എന്നെ അയച്ചത്. (അടികൊണ്ട് മലക്കിന്റെ ഒരു കണ്ണ് പൊട്ടിപ്പോയിരുന്നു)അല്ലാഹു മലക്കിന്റെ കണ്ണ് പൂർവ്വസ്ഥിതിയിലാക്കിക്കൊണ്ട് കൽപ്പിച്ചു. നീതിരിച്ചുചെന്ന് മൂസയോട് തന്റെ കൈ ഒരു കാളയുടെ മുതുകിൽ വെക്കാൻ പറയണം. ആ കൈകൊണ്ട് മൂടുന്ന ഓരോ രോമത്തിനും ഒരു വർഷത്തെ ആയുസ്സ് വീതം നീട്ടിക്കൊടുക്കുന്നതാണ്. മൂസാ നബി(അ)ചോദിച്ചു. എന്റെ നാഥാ! അതിനുശേഷം എന്തു സംഭവിക്കും.! പിന്നെ മരണമായിരിക്കും. രക്ഷിതാവ് പ്രത്യുത്തരം നൽകി. മൂസാ നബി(അ)പറഞ്ഞു: എങ്കിൽ ഇപ്പോൾ തന്നെ മരിക്കാൻ സന്നദ്ധനാണ്. പക്ഷെ, ബൈത്തുൽ മുഖദ്ദസ്സിൽ നിന്നും ഒരു കല്ലെറിഞ്ഞാലെത്തുന്ന ദൂരത്തു എത്തി ശേഷമെ തന്നെ മരിപ്പിക്കാവൂ എന്ന് അല്ലാഹുവിനോട് ചോദിച്ചു. ഞാനവിടെയായിരുന്നെങ്കിൽ ചുവന്ന കുന്നിനടുത്തേക്കുള്ള വഴിയിൽ അദ്ദേഹത്തിന്റെ ഖബർ നിങ്ങൾക്ക് കാണിച്ചു തരുമായിരുന്നു എന്ന് നബി(സ) അരുളി. (ബുഖാരി. 2. 23. 423)

1087. ജാബിർ(റ) നിവേദനം: നബി(സ) ഉഹ്ദ് യുദ്ധത്തിൽ കൊല്ലപ്പെട്ട ഈരണ്ടു പേരെ ഒരുമിച്ച് ഒരു വസ്ത്രത്തിൽ കഫൻ ചെയ്തിരുന്നു. അവിടുന്നു ചോദിക്കും: ഇവരിൽ അധികം ഖുർആൻ മന:പാഠമാക്കിയ ആൾ ആരാണ്? അവരിൽ ഖുർആൻ മന:പാഠമാക്കിയത് ഇന്നയാളാണെന്ന് നബി(സ)യോട് ചൂണ്ടിക്കാണിച്ചാൽ അദ്ദേഹത്തെ ആദ്യം ഖബറിൽ വെക്കും. അവിടുന്നു അരുളും: പരലോകദിവസം ഇവർക്കുവേണ്ടി ഞാൻ സാക്ഷി നിൽക്കും. യുദ്ധത്തിൽ വധിക്കപ്പെട്ടവരെ അവരുടെ രക്തത്തോട് കൂടിതന്നെ ഖബറടക്കം ചെയ്യാൻ അവിടുന്ന് കൽപ്പിക്കും. അവരെ കുളിപ്പിക്കുകയോ അവരുടെ പേരിൽ മയ്യിത്ത് നമസ്കരിക്കുകയോ ചെയ്തില്ല. (ബുഖാരി. 2. 23. 427)

1088. ഉഖ്ബത്തു(റ) പറയുന്നു: ഒരിക്കൽ നബി(സ) പുറപ്പെട്ടു ഉഹ്ദിലെ രക്തസാക്ഷികളുടെ പേരിൽ സാധാരണ മയ്യിത്തു നമസ്കരിക്കുന്നതുപോലെ നമസ്കരിച്ചു. നമസ്കാരത്തിൽ നിന്ന് വിരമിച്ച ശേഷം അവിടുന്ന് മിമ്പറിൽ കയറി ഇങ്ങനെ അരുളി: നിങ്ങളുടെ യാത്രാസംഘത്തിന് വെള്ളവും അന്വേഷിച്ച് മുന്നിൽ പോകുന്നയാളും നിങ്ങൾക്കു സാക്ഷിയുമാണ് ഞാൻ. അല്ലാഹു സത്യം! ഞാൻ എന്റെ ഹൗള് ഇതാ ഇപ്പോൾത്തന്നെ നോക്കികാണുന്നു. ഭൂമിയിലെ ഖജനാവുകളുടെ

താക്കോൽ എനിക്ക് നൽകപ്പെട്ടിട്ടുണ്ട്. എന്റെ കാലശേഷം നിങ്ങൾ(സഹാബിവര്യന്മാർ) ശിർക്കിലകപ്പെട്ടു പോകുമെന്ന് ഞാൻ ഭയപ്പെടുന്നില്ല. എന്നാൽ ഐഹിക സുഖങ്ങൾക്കുവേണ്ടിയുള്ള കിടമത്സരത്തിൽ മുഴുകിപ്പോകുമോ എന്നാണ് ഞാൻ ഭയപ്പെടുന്നത്. (ബുഖാരി. 2. 23. 428)

1089. ജാബിർ(റ) നിവേദനം: ഉഹ്ദിൽ വധിക്കപ്പെട്ടവരെ രണ്ടു ആളുകൾ വീതം നബി(സ) ഒരു ഖബറിൽ മറവ് ചെയ്തു. (ബുഖാരി. 2. 23. 429)

1090. ഇബ്നുഅബ്ബാസ്(റ) നിവേദനം: നബി(സ) അരുളി: അല്ലാഹു മക്കയെ പരിശുദ്ധമാക്കിയിരിക്കുന്നു. എനിക്ക് മുമ്പും എനിക്ക് ശേഷവും ഒരാൾക്കും അവിടെ യുദ്ധം അനുവദിച്ചിട്ടില്ല. എനിക്ക് തന്നെ പകലിലെ ഒരു മണിക്കൂർ മാത്രമാണ് അനുവദിക്കപ്പെട്ടത്. അവിടത്തെ പുല്ലരിയുവാനോ മരം മുറിക്കുവാനോ വേട്ടമൃഗത്തെ ഓടിക്കുവാനോ വീണ് പോയ വസ്തു അതിന്റെ ഉടമസ്ഥൻ അല്ലാതെ എടുക്കുവാനോ പാടില്ല. അപ്പോൾ ഇബ്നുഅബ്ബാസ്(റ) പറഞ്ഞു: ഇദ്ഖർ പുല്ല് ഒഴിവാക്കിയാൽ കൊള്ളാം. അതുകൊണ്ട് ഞങ്ങൾ ഖബറുകളിൽ വെക്കുകയും പുരമേയുകയും ചെയ്യാറുണ്ട്. അപ്പോൾ നബി(സ) പറഞ്ഞു. എന്നാൽ ഇദ്ഖർ ഒഴിച്ചു. (ബുഖാരി. 2. 23. 432)

1091. സാലിം പറയുന്നു: ഇബ്നുഉമർ(റ) പറയുന്നത് ഞാൻ കേട്ടു. പിന്നീട് ഒരിക്കൽ നബി(സ) ഉബയ്യ്(റ)ന്റെ കൂടെ ഇബ്നുസയ്യാദ് താമസിക്കുന്ന ഈത്തപ്പനത്തോട്ടത്തിൽ പോയി. ഇബ്നു സയ്യാദ്(റ) നബി(സ)യെ കാണുന്നതിന് മുമ്പ് അവനിൽ നിന്നും എന്തെങ്കിലും കേൾക്കാൻ സാധിച്ചെങ്കിലോ എന്നു കരുതി മറ്റൊന്നും ശ്രദ്ധിക്കാത്ത മട്ടിലാണ് അവിടുന്നു ചെന്നത്. അവനൊരു വസ്ത്രത്തിൽ ചെരിഞ്ഞു കിടക്കുകയായിരുന്നു. എന്തോ പിറുപിറുക്കുന്നുണ്ടായിരുന്നു. അവിടുന്ന് ആരും കാണാതിരിക്കാനായി ഈത്തപ്പനയുടെ മറവിൽ ഒളിഞ്ഞുനിന്നു. അപ്പോഴാണ് ഇബ്നു സയ്യാദിന്റെ മാതാവ് നബി(സ)യെ കണ്ടത്. അവൾ അവനെ വിളിച്ചു. സാഫി – അതായിരുന്നു അവന്റെ പേര്. മുഹമ്മദ് ഇതാ വന്നിരിക്കുന്നു. അപ്പോൾ അവൻ ചാടിയെണീററു. അവളവനെ വെറുതെ വിട്ടിരുന്നുവെങ്കിൽ കാര്യം വ്യക്തമാകുമായിരുന്നുവെന്ന് നബി(സ) അരുളി. (ബുഖാരി. 2. 23. 437)

1092. അനസ്(റ) നിവേദനം: നബി(സ)ക്ക് പരിചാരകനായിക്കൊണ്ട് ഒരു ജൂതൻ ഉണ്ടായിരുന്നു. അവന് രോഗം ബാധിച്ചു. അപ്പോൾ നബി(സ) അവനെ സന്ദർശിക്കുവാൻ ചെല്ലുകയും അവന്റെ തലക്ക് സമീപത്തായി ഇരിക്കുകയും ചെയ്തു. നബി(സ) പറഞ്ഞു: നീ ഇസ്ലാമിലേക്ക് പ്രവേശിക്കുന്നുവോ? ആ ഭൃത്യൻ അടുത്തുതന്നെ നിന്നിരുന്ന തന്റെ പിതാവിന്റെ നേരെ എന്തുവേണമെന്ന അർത്ഥത്തിൽ നോക്കി. അബുഖാസിമിനെ അനുസരിക്കൂ എന്നയാൾ പറഞ്ഞു. അപ്പോൾ അവൻ മുസ്ലിമായി. കുട്ടിയെ നരക ശിക്ഷയിൽ നിന്നു രക്ഷിച്ച അല്ലാഹുവിന് സർവ്വസ്തുതിയും എന്നു പറഞ്ഞുകൊണ്ട് നബി(സ) അവിടെനിന്ന് പുറത്തുവന്നു. (ബുഖാരി. 2. 23. 438)

1093. ഇബ്നുഅബ്ബാസ്(റ) പറയുന്നു:(മർദ്ദിതന്മാരുടെ മോചനത്തിനായി നിങ്ങൾ യുദ്ധം ചെയ്യുവീൻ)എന്ന് അല്ലാഹു പറഞ്ഞ മർദ്ദിതന്മാരുടെ കൂട്ടത്തിലായിരുന്നു ഞാനും എന്റെ മാതാവും. ഞാൻ കുട്ടികളിലും എന്റെ മാതാവ് സ്ത്രീകളിലും ഉൾപ്പെടുന്നു. (ബുഖാരി. 2. 23. 439)

1094. ഇബ്നു ശിഹാബ്(റ) പറയുന്നു: മരണപ്പെടുന്ന എല്ലാ കുട്ടികൾക്കും മയ്യിത്ത് നമസ്കരിക്കണം. വ്യഭിചാരസന്താനമാണെങ്കിൽ പോലും. കാരണം ഇസ്ലാമായ ശുദ്ധ പ്രകൃതിയിലാണ് അവനും ജനിക്കുന്നത്. അവന്റെ മാതാപിതാക്കളോ അല്ലെങ്കിൽ പിതാവ് മാത്രമോ ഇസ്ലാം അവകാശപ്പെടുന്നുണ്ടെങ്കിൽ. മാതാവ് അമുസ്ലിമാണെങ്കിലും വിരോധമില്ല. കുട്ടി കരഞ്ഞാൽ അവന് മയ്യിത്ത്

നമസ്കരിക്കണം. കരയാത്ത ചാപിള്ളക്ക് നമസ്കരിക്കേണ്ടതില്ല. അബൂഹുറൈറ(റ) നബി(സ) യിൽ നിന്ന് നിവേദനം ചെയ്യുന്നു. നബി(സ) അരുളി: മുസ്ലിമായിക്കൊണ്ടല്ലാതെ ഒരു കുട്ടിയും ജനിക്കുന്നില്ല. പിന്നീട് ആ കുട്ടിയെ ജൂതനോ കൃസ്ത്യാനിയോ അഗ്നി ആരാധകനോ ആക്കിത്തീർക്കുന്നത് അവന്റെ മാതാപിതാക്കൾ മാത്രമാണ്. കാലികൾക്ക് കുഞ്ഞുങ്ങൾ ജനിക്കുന്നത് യാതൊരു അംഗവൈകല്യവും കൂടാതെയാണ്. കാലികളുടെ കുഞ്ഞുങ്ങൾ മൂക്കോ ചെവിയോ മുറിക്കപ്പെട്ട നിലക്ക് ജനിക്കുന്നത് നിങ്ങൾ കാണുന്നുണ്ടോ? എന്നിട്ട് അബൂഹുറൈറ(റ) ഈ ഖുർആൻ വാക്യം തെളിവായി ഉദ്ധരിച്ചു. അല്ലാഹു മനുഷ്യരെ ഏതു പ്രകൃതിയോടുകൂടി സൃഷ്ടിച്ചിട്ടുണ്ടോ ആ പ്രകൃതിക്കനുസരിച്ചു ജീവിച്ചുകൊള്ളുക. അല്ലാഹുവിന്റെ സൃഷ്ടിപ്പിന് യാതൊരു മാററവും ഇല്ലതന്നെ. അതത്രെ വക്രതയില്ലാത്ത മതം. (ബുഖാരി. 2. 23. 440)

1095. മുസയ്യിബ്(റ) നിവേദനം: അബൂത്വാലിബിന് മരണം ആസന്നമായപ്പോൾ നബി(സ) അവിടെ ചെന്നു. അബൂജഹ്ൽ, അബ്ദുല്ലാഹിബ്നു അബീഉമയ്യ എന്നിവരെ നബി(സ) അദ്ദേഹത്തിന്റെ അടുത്തു കണ്ടു. നബി(സ) അബൂത്വാലിബിനോട് പറഞ്ഞു: എന്റെ പ്രിയപ്പെട്ട പിതൃവ്യരെ! താങ്കൾ ലാഇലാഹ ഇല്ലല്ലാഹു എന്നു ചൊല്ലുവീൻ. താങ്കൾക്ക് വേണ്ടി അല്ലാഹുവിന്റെ സന്നിധിയിൽ ഞാൻ സാക്ഷി നിൽക്കാം. അപ്പോൾ അബൂജഹ്ലും അബ്ദുല്ലാഹിബ്നു അബീഉമയ്യയും പറഞ്ഞു. അബൂത്വാലിബ് താങ്കൾ അബ്ദുൽ മുത്വലിബ്ന്റെ മതം ഉപേക്ഷിക്കുകയോ? നബി(സ) യാകട്ടെ അവിടുത്തെ നിർദ്ദേശം ആവർത്തിച്ചുന്നയിച്ചുകൊണ്ടിരുന്നു. മററു രണ്ടു പേരും അവരുടെ ചോദ്യവും. അവസാനം അബൂത്വാലിബ് പറഞ്ഞു: ഞാൻ അബൂമുത്വലിബിന്റെ മതത്തിൽ തന്നെയാണ്. അങ്ങനെ ലാഇലാഹ ഇല്ലല്ലാഹു എന്ന് ചൊല്ലുവാൻ അദ്ദേഹം വിസമ്മതിച്ചു. അപ്പോൾ നബി(സ) പ്രഖ്യാപിച്ചു. അല്ലാഹു സത്യം! താങ്കൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നത് എന്നോട് വിരോധിക്കും വരേക്കും താങ്കളുടെ പാപമോചനത്തിനായി ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കും. അപ്പോഴാണ് ദൈവദൂതനും അദ്ദേഹത്തിന്റെ കൂടെയുള്ളവർക്കും ബഹുദൈവവിശ്വാസികൾക്ക് പാപമോചനത്തിനായി പ്രാർത്ഥിക്കാൻ പാടില്ല എന്നു തുടങ്ങുന്ന ഖുർആൻ സൂക്തം അല്ലാഹു അവതരിപ്പിച്ചത്. (ബുഖാരി. 2. 23. 442)

1096. അലി(റ) നിവേദനം: ബഖീഅഗ്ർകഉദ് എന്ന ഖബർ സ്ഥാനത്ത് ഞങ്ങൾ ഒരു മയ്യിത്തിന്റെ കൂടെയായിരുന്നപ്പോൾ നബി(സ) ഞങ്ങളുടെ അടുത്തുവന്നു. അവിടുന്ന് തല കീഴ്പ്പോട്ടു താഴ്ത്തിക്കൊണ്ട് ഇരുന്നു. ഞങ്ങളും നബി(സ)ക്ക് ചുററുമിരുന്നു. നബി(സ)യുടെ കൈയിൽ ഒരു വടിയുമുണ്ടായിരുന്നു. അത് നിലത്ത് കുത്തിക്കൊണ്ട് അവിടുന്നു അരുളി: നിങ്ങളിൽ ഓരോ വ്യക്തിക്കും സ്വർഗ്ഗത്തിലും നരകത്തിലുമുളള സ്ഥാനം നിർണ്ണയിച്ച് രേഖപ്പെടുത്തി കഴിഞ്ഞിട്ടുണ്ട്. അപ്രകാരം തന്നെ സൗഭാഗ്യവാന്മാരും നിർഭാഗ്യവാന്മാരും ആരെല്ലാമെന്ന് എഴുതിവെച്ചിട്ടുമുണ്ട്. അപ്പോൾ ഒരാൾ പറഞ്ഞു. ദൈവദൂതനേ! എങ്കിൽ ഞങ്ങൾ പ്രവർത്തനമെല്ലാമുപേക്ഷിച്ച് ദൈവവിധിയെ അവലംബമായി ജീവിച്ചാൽ പോരെ! ഞങ്ങളിൽ സൗഭാഗ്യവാൻ സൗഭാഗ്യവാന്മാരുടെ പ്രവർത്തികളിലേക്കും നിർഭാഗ്യവാന്മാർ നിർഭാഗ്യവാന്മാരുടെ പ്രവർത്തികളിലേക്കും എത്തിച്ചേരുമല്ലോ? നബി(സ) പ്രത്യുത്തരം നൽകി. സൗഭാഗ്യവാന്മാർക്ക് സൗഭാഗ്യവാന്മാരുടെ പ്രവർത്തനത്തിന് സൗകര്യവും ഉദവിയും ലഭിക്കും. നിർഭാഗ്യവാന്മാരുടെ പ്രവർത്തനത്തിലെത്തിച്ചേരാൻ നിർഭാഗ്യവാന്മാർക്കും സൗകര്യം ലഭിക്കും. എന്നിട്ടവിടുന്നു ഈ ഖുർആൻ വാക്യം ഉദ്ധരിച്ചു. ആര് ദാനം ചെയ്യുകയും സൂക്ഷ്മത പാലിക്കുകയും ഉൽകൃഷ്ടമായതിൽ വിശ്വസിക്കുകയും ചെയ്യുന്നുണ്ടോ അവന്ന് ഏററവും സുഗമമായ മാർഗ്ഗം നാം സൗകര്യപ്പെടുത്തിക്കൊടുക്കും. (ബുഖാരി. 2. 23. 444)

1097. സാബിത്(റ) നിവേദനം: ഇസ്ലാം ഒഴിച്ച് മററു വല്ല മതത്തിന്റെ പേരിലും ഒരാൾ ബോധപൂർവ്വം കള്ള സത്യം ചെയ്താൽ അവന്റെ സ്ഥിതി അവൻ പറഞ്ഞതുപോലെ തന്നെയായിത്തീരും. വല്ലവനും ഒരായുധം കൊണ്ട് ആത്മഹത്യ ചെയ്താൽ നരകത്തിൽ വെച്ച് അതേ ആയുധം കൊണ്ടവനെ ശിക്ഷിക്കും എന്ന് നബി(സ) അരുളി. ജുൻദുബ്(റ) നിവേദനം: നബി(സ) അരുളി: ഒരു മനുഷ്യന് ഒരു മുറിവുണ്ടായിരുന്നു. അയാൾ അതു കാരണം ആത്മഹത്യ ചെയ്തു. അപ്പോൾ അല്ലാഹു പറഞ്ഞു: എന്റെ ദാസൻ അവന്റെ ആത്മാവിനെ പിടിക്കുന്നതിൽ എന്നെ കവച്ചുവെച്ച് തന്നിമിത്തം ഞാനവനു സ്വർഗ്ഗം നിഷിദ്ധമാക്കിയിരിക്കുന്നു. (ബുഖാരി. 2. 23. 445)

1098. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: വല്ലവനും ശ്വാസം മുട്ടിച്ച് ആത്മഹത്യ ചെയ്താൽ നരകത്തിൽ വെച്ച് അവനെ ശ്വാസം മുട്ടിക്കും. വല്ലവനും ദേഹത്തെ കുത്തി മുറിപ്പെടുത്തി ആത്മഹത്യ ചെയ്താൽ നരകത്തിൽ അവൻ സ്വയം കുത്തി മുറിവേൽപ്പിച്ചുകൊണ്ടിരിക്കും. (ബുഖാരി. 2. 23. 446)

1099. അനസ്(റ) നിവേദനം: ഒരിക്കൽ നബി(സ) യും അനുചരന്മാരും ഒരു മയ്യിത്തിന്റെ അരികിലൂടെ നടന്നുപോയി. അനുചരന്മാർ മയ്യിത്തിനെ പ്രശംസിച്ചു. അപ്പോൾ നബി(സ) പറഞ്ഞു. ഉറച്ചു കഴിഞ്ഞു. പിന്നീട് മറെറാരു മയ്യിത്തിന്റെ അരികിലൂടെ അവർ നടന്നുപോയി. അപ്പോൾ അവർ അതിനെ ആക്ഷേപിച്ചു. അപ്പോഴും നബി(സ) അരുളി: ഉറച്ചുകഴിഞ്ഞു. അന്നേരം ഉമർ(റ) ചോദിച്ചു. എന്താണുറച്ചു കഴിഞ്ഞത്? നബി(സ) പ്രത്യുത്തരം നൽകി. ഈ മയ്യിത്തിനെ നിങ്ങൾ പ്രശംസിച്ചു. അതിനാൽ അതിനു സ്വർഗ്ഗം ഉറച്ചു കഴിഞ്ഞു. പിന്നെ നിങ്ങളൊന്നിനെ ആക്ഷേപിച്ചു. അതിനു നരകവും ഉറച്ചുകഴിഞ്ഞു. ഭൂമിയിൽ അല്ലാഹുവിന്റെ സാക്ഷികളാണ് നിങ്ങൾ. (ബുഖാരി. 2. 23. 448)

1100. അബൂഅസ്വദ്(റ) പറയുന്നു: മദീനയിൽ ഒരു രോഗം പടർന്നുപിടിച്ച സന്ദർഭത്തിൽ ഞാൻ അവിടെ പ്രവേശിച്ചു. അങ്ങനെ ഉമർ(റ)ന്റെ അടുത്തു ഞാൻ ഇരുന്നു. അപ്പോൾ അവരുടെ അടുത്തുകൂടി ഒരു ജനാസ കൊണ്ടുപോയി. അതിനെ പ്രശംസിക്കപ്പെട്ടു. ഉമർ(റ) പറഞ്ഞു: ഉറച്ചുപോയി. മറെറാരു മയ്യിത്തു കൂടി കൊണ്ടു പോകപ്പെട്ടു. അതിനെയും പ്രശംസിക്കപ്പെട്ടു. അപ്പോഴും ഉമർ(റ) പറഞ്ഞു. ഉറച്ചുകഴിഞ്ഞു. മൂന്നാമത്തെ മയ്യിത്ത് കൊണ്ടുപോകപ്പെട്ടപ്പോൾ അവർ അതിനെ ആക്ഷേപിച്ചു. ഉമർ(റ) പറഞ്ഞു: ഉറച്ചുപോയി. അസ്വദ്(റ) ചോദിച്ചു. മുസ്ലിംകളുടെ നേതാവേ! എന്താണ് ഉറച്ചു കഴിഞ്ഞത്. ഉമർ(റ) പറഞ്ഞു:നബി(സ) പറഞ്ഞത് പോലെ ഞാനും പറഞ്ഞു. വല്ല മുസ്ലിമും മരണപ്പെടുകയും നാലു പേർ അവൻ നല്ലവനെന്ന് സാക്ഷ്യം വഹിക്കുകയും ചെയ്താൽ അല്ലാഹു അവനെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കും. മൂന്നുപേരായാലോ? ഞങ്ങൾ ചോദിച്ചു. മൂന്നു പേരായാലും ശരി. നബി(സ) അരുളി: രണ്ടു പേരായാലോ? ഞങ്ങൾ ചോദിച്ചു. രണ്ടുപേരായാലും ശരി എന്ന് നബി(സ) അരുളി: ഒരാളായാലോ എന്ന് ഞങ്ങൾ ചോദിച്ചില്ല. (ബുഖാരി. 2. 23. 449)

1101. ബറാഅ്(റ) നിവേദനം: നബി(സ) അരുളി: മുഅ്മിനിനെ അവന്റെ ഖബറിൽ വെച്ച് കഴിഞ്ഞാൽ (രണ്ടു മലക്കുകൾ) വരും. അല്ലാഹുവല്ലാതെ ഒരു ദൈവവുമില്ലെന്നും മുഹമ്മദ്(സ) അവന്റെ ദൂതനാണെന്നും അവരുടെ മുമ്പിൽ അവൻ സാക്ഷ്യപ്പെടുത്തും. അതാണ് അല്ലാഹു പറഞ്ഞത്: സത്യവിശ്വാസികളെ അടിയുറച്ച് വചനത്തിന്മേൽ അല്ലാഹു ഉറപ്പിച്ചു നിർത്തും. മറെറാരു നിവേദനത്തിൽ ഇത് ഖബർ ശിക്ഷയെ കുറിച്ച് അവതരിപ്പിക്കപ്പെട്ടതാണെന്ന് പറയുന്നു. (ബുഖാരി. 2. 23. 450)

1102. ആയിശ(റ) നിവേദനം: ഞാനവരോട് പറഞ്ഞിരുന്നത് സത്യമായിരുന്നെന്ന് അവർക്കിപ്പോൾ ബോധ്യമായികഴിഞ്ഞു എന്നു മാത്രമാണ്(ബദറിൽ

വധിക്കപ്പെട്ടവരെപ്പററി)നബി(സ) പ്രത്യുത്തരം നൽകിയത്(അവർ കേൾക്കുമെന്നല്ല)നിശ്ചയം അല്ലാഹു പറയുന്നു. തീർച്ചയായും നീ മരിച്ചവരെ കേൾപ്പിക്കുകയില്ല. (27:80) (ബുഖാരി. 2. 23. 453)

1103. അസ്മാഅ്(റ) നിവേദനം: ഒരിക്കൽ നബി(സ) പ്രസംഗിച്ചുകൊണ്ട് എഴുന്നേററ് നിന്നു. അങ്ങനെ മനുഷ്യന് അനുഭവിക്കേണ്ടതായ ഖബർ ശിക്ഷയെക്കുറിച്ച് അനുസ്മരിപ്പിച്ചു. ഇതുകേട്ടപ്പോൾ ജനങ്ങളൊന്നടങ്കം ഉച്ചത്തിൽ നിലവിളിച്ചു. (ബുഖാരി. 2. 23. 455)

1104. അബൂഅയ്യൂബ്(റ) നിവേദനം: ഒരു ദിവസം സൂര്യനസ്തമിച്ചശേഷം നബി(സ) പുറപ്പെട്ടു. അപ്പോൾ നബി(സ) ഒരു ശബ്ദം കേട്ടു. നബി(സ) അരുളി: ജൂതന്മാർ അവരുടെ ഖബറുകളിൽ വെച്ച് ശിക്ഷിക്കപ്പെടുകയാണ്. (ബുഖാരി. 2. 23. 457)

1105. ഖാലിദിന്റെ പുത്രി നിവേദനം: ഖബറിലെ ശിക്ഷയിൽ നിന്ന് നബി(സ) രക്ഷതേടുന്നത് അവൾ കേൾക്കുകയുണ്ടായി. (ബുഖാരി. 2. 23. 458)

1106. അബൂഹുറൈറ(റ) നിവേദനം: നബി(സ) ഇപ്രകാരം പ്രാർത്ഥിക്കാറുണ്ട്. അല്ലാഹുവേ! ഖബറിലേയും ശിക്ഷകളിൽ നിന്നും ജീവിതത്തിലേയും ചുററി സഞ്ചരിക്കുന്ന ദജ്ജാലിന്റെ (അസത്യവാദികളുടെ)പരീക്ഷണങ്ങളിൽ നിന്നും നിന്നോട് രക്ഷ തേടുന്നു. (ബുഖാരി. 2. 23. 459)

1107. ഇബ്നു ഉമർ(റ) നിവേദനം: നബി(സ) അരുളി: നിങ്ങളിൽ ഒരാൾ മരിച്ചാൽ അവൻ സ്വർഗ്ഗക്കാരനാണെങ്കിൽ സ്വർഗ്ഗത്തിലും നരകത്തിലാണെങ്കിൽ നരകത്തിലും ഉള്ള അവന്റെ ഇരിപ്പിടം അല്ലാഹു അവനെ ഉയർത്തെഴുന്നേൽപ്പിക്കുന്നതുവരെ രാവിലെയും വൈകുന്നേരവും അവന്ന് ദർശിപ്പിച്ച് കൊടുത്ത് കൊണ്ടേയിരിക്കും. എന്നിട്ട് പറയും: ഇതാണ് നിന്റെ സീററ്. (ബുഖാരി. 2. 23. 461)

1108. അനസ്(റ) നിവേദനം: നബി(സ) അരുളി: മുസ്ലിമായ ഒരു മനുഷ്യന് മൂന്ന് കുട്ടികൾ മരിച്ചാൽ – അവർക്ക് പ്രായപൂർത്തിയെത്തിയിട്ടില്ല – അല്ലാഹു അവനെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കാതിരിക്കുകയില്ല. അവൻ അവർക്ക് ചെയ്ത കാരുണ്യത്തിന്റെ ശ്രേഷ്ഠത കാരണം. (ബുഖാരി. 2. 23. 463)

1109. ബറാഅ്(റ) നിവേദനം: നബി(സ)യുടെ പുത്രൻ ഇബ്റാഹിം മരിച്ചപ്പോൾ അവിടുന്ന് അരുളി: അവന് മുലകൊടുക്കുന്ന ഒരു സ്ത്രീ സ്വർഗ്ഗത്തിലുണ്ടായിരിക്കും. (ബുഖാരി. 2. 23. 464)

1110. ഇബ്നു അബ്ബാസ്(റ) നിവേദനം: മുശ്രിക്കുകളുടെ സന്താനങ്ങളെക്കുറിച്ച് നബി(സ)യോട് ചോദിക്കപ്പെട്ടു. അപ്പോൾ അവിടുന്ന് പറഞ്ഞു. അവരെന്തെല്ലാമാണ് പ്രവർത്തിക്കുകയെന്ന് സൃഷ്ടിക്കുമ്പോൾ തന്നെ അല്ലാഹുവിന് നന്നായറിയാം. (ബുഖാരി. 2. 23. 465)

1111. അബൂഹുറൈറ(റ) നിവേദനം: ബഹുദൈവവിശ്വാസികളുടെ കുട്ടികളെക്കുറിച്ച് നബി(സ) ചോദിക്കപ്പെട്ടു. അപ്പോൾ അവർ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹുവാണ് ഏററവും വലിയ ജ്ഞാനി. (ബുഖാരി. 2. 23. 466)

1112. ആയിശ(റ) നിവേദനം: അബൂബക്കർ(റ) രോഗിയായിക്കിടക്കുമ്പോൾ ഞാൻ അദ്ദേഹത്തിന്റെ അടുത്തു പ്രവേശിച്ചു. അപ്പോൾ ചോദിച്ചു. നബി(സ)യെ നിങ്ങൾ എത്ര വസ്ത്രത്തിലാണ് കഫൻ ചെയ്തത്? ആയിശ(റ) പറഞ്ഞു: യമനിൽ നിർമ്മിച്ച മൂന്ന് വെളുത്ത വസ്ത്രത്തിൽ. അതിൽ കുപ്പായവും തലപ്പാവും ഉണ്ടായിരുന്നില്ല. ഏത് ദിവസമാണ് നബി(സ) മരിച്ചത്? ആയിശ(റ) പറഞ്ഞു: തിങ്കളാഴ്ച ദിവസം. അബൂബക്കർ(റ) ചോദിച്ചു. ഇന്ന് ഏത് ദിവസമാണ്. ആയിശ(റ) പറഞ്ഞു:

തിങ്കളാഴ്ചയാണ്. അദ്ദേഹം പറഞ്ഞു: രാത്രിയുടെയും എന്റെയും ഇടയിൽ ഞാൻ(മരിക്കുവാൻ) ആഗ്രഹിക്കുന്നു. അങ്ങനെ അദ്ദേഹം താൻ രോഗിയായിക്കിടക്കുന്ന വസ്ത്രത്തിന്റെ നേരെ നോക്കിക്കൊണ്ട് പറഞ്ഞു – അതിൽ കുങ്കുമം കലർന്നിരുന്നു. നിങ്ങൾ എന്റെ വസ്ത്രം കഴുകി വൃത്തിയാക്കുവീൻ. ശേഷം രണ്ടു വസ്ത്രം കൂടി വർദ്ധിപ്പിച്ച് അതിൽ എന്നെ കഫൻ ചെയ്യുവീൻ. ഞാൻ പറഞ്ഞു: നിശ്ചയം ഇതു പഴയ വസ്ത്രമാണ്. അദ്ദേഹം പറഞ്ഞു: മയ്യിത്തിനേക്കാൾ പുതിയതിന് അവകാശപ്പെട്ടത് ജീവിച്ചിരിക്കുന്നവരാണ്. ഇത് ചലത്തിനുള്ളതാണ്. എന്നാൽ ചൊവ്വാഴ്ച രാത്രിയാണ് അബൂബക്കർ(റ) മരണപ്പെട്ടത്. പ്രഭാതത്തിന് മുമ്പ് തന്നെ അദ്ദേഹത്തെ ഖബറടക്കം ചെയ്തു. (ബുഖാരി. 2. 23. 469)

1113. ആയിശ(റ) നിവേദനം: നിശ്ചയം ഒരു മനുഷ്യൻ നബി(സ)യോട് ചോദിച്ചു. എന്റെ മാതാവ് പൊടുന്നനവേയാണ് മരിച്ചത്. അവർക്ക് സംസാരിക്കാൻ കഴിഞ്ഞാൽ എന്തെങ്കിലും(വസ്വിയ്യത്തായി) ദാനം ചെയ്യുമായിരുന്നു. അതിനാൽ അവരുടെ പേരിൽ ഞാൻ ദാനം ചെയ്താൽ അതിന്റെ പുണ്യം അവർക്ക് ലഭിക്കുമോ? നബി(സ) അരുളി: അതെ. (ബുഖാരി. 2. 23. 470)

1114. ആയിശ(റ) നിവേദനം: നബി(സ) തന്റെ മരണരോഗത്തിൽ(മാറിത്താമസിക്കാനുള്ള പ്രയാസം കാരണം) ഇന്നു ഞാൻ താമസിക്കേണ്ടത് എവിടെയാണ്? നാളെ ഞാൻ താമസിക്കേണ്ടത് എവിടെയായിരിക്കും എന്നിങ്ങനെ ചോദിച്ചു കൊണ്ടിരുന്നു. ആയിശ(റ) യുടെ ദിവസം പിന്തിയതിനാൽ. എന്റെ ഊഴദിവസം എന്റെ നെഞ്ചിലേക്ക് തലചാരിവെച്ച സ്ഥിതിയിൽ അല്ലാഹു നബി(സ)യെ ഖബറടക്കുകയും ചെയ്തു. (ബുഖാരി. 2. 23. 471)

1115. ആയിശ(റ) നിവേദനം: നബി(സ) മരണപ്പെട്ട രോഗത്തിൽ ഇപ്രകാരം അരുളി: ജൂത–ക്രൈസ്തവരെ അല്ലാഹു ശപിക്കട്ടെ. അവർ അവരുടെ പ്രവാചകന്മാരുടെ ഖബറുകൾ പ്രാർത്ഥനാ കേന്ദ്രമാക്കി. നബി(സ)യുടെ ആ ഉണർത്തൽ ഇല്ലായിരുന്നെങ്കിൽ അവിടുത്തെ ഖബർ പൊതു സ്ഥലത്ത് ആക്കുമായിരുന്നു. എന്നിട്ടും ഏതെങ്കിലും കാലത്ത് അവിടുത്തെ ഖബർ പ്രാർത്ഥനാ സ്ഥലമാക്കുമെന്ന് ഞാൻ ഭയപ്പെടുന്നു. (ബുഖാരി. 2. 23. 472)

1116. ആയിശ(റ) നിവേദനം: അവർക്ക് മരണം അടുത്തപ്പോൾ അബ്ദുല്ലാഹിബ്നു സുബൈർ(റ) നോട് ഇപ്രകാരം വസ്വിയ്യത്ത് ചെയ്തു. നിങ്ങൾ എന്നെ അവരുടെ കൂടെ (നബി, അബൂബക്കർ, ഉമർ) ഖബറടക്കം ചെയ്യരുത്. ബഖീഅ്: ശ്മശാനത്തു എന്റെ സ്നേഹിതകളുടെ കൂടെ ഖബറടക്കം ചെയ്യുക. ഞാൻ സ്വയം ഒരിക്കലും പരിശുദ്ധപ്പെടുത്തുന്നില്ല. (ബുഖാരി. 2. 23. 474)

1117. ഉമർ(റ) നിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു. ഉമറിന്റെ പുത്രനായ അബ്ദുല്ലാ! നീ സത്യവിശ്വാസികളുടെ മാതാവായ ആയിശ(റ) യുടെ അടുത്തു ചെന്ന് ഇപ്രകാരം പറയുക: ഉമർ നിങ്ങൾക്ക് സലാം പറഞ്ഞിരിക്കുന്നു. ശേഷം നീ നബി(സ)യുടെയും അബൂബക്കറിന്റെയും കൂടെ എന്നെ ഖബറടക്കം ചെയ്യുവാൻ അവരോട് അനുവാദം ചോദിക്കുക. അപ്പോൾ ആയിശ(റ) പറഞ്ഞു: ആ സ്ഥലം എനിക്ക് ഞാൻ ആഗ്രഹിച്ചിരുന്നു. എങ്കിലും എന്റെ ശരീരത്തിന്റെ മേൽ ഞാൻ ഇന്ന് അദ്ദേഹത്തിന്ന് മുൻഗണന നൽകുന്നതാണ്. ഇബ്നു ഉമർ(റ) തിരിച്ചുവന്നപ്പോൾ ഉമർ(റ) അദ്ദേഹത്തോട് നിനക്ക് എന്ത് മറുപടി ലഭിച്ചുവെന്ന് ചോദിച്ചു. അദ്ദേഹം പറഞ്ഞു: നിങ്ങൾക്ക് ആയിശ(റ) അനുമതി നൽകിയിരിക്കുന്നു. ഉമർ(റ) പറഞ്ഞു: ആ കിടപ്പ് സ്ഥലത്തേക്കാൾ എനിക്ക് പ്രധാനപ്പെട്ട മറെറാന്നും ഇല്ല തന്നെ. ഞാൻ മരണപ്പെട്ടാൽ നിങ്ങൾ എന്നെ വഹിക്കുവീൻ. പിന്നെ ആയിശ(റ) ക്ക് നിങ്ങൾ സലാം പറയുകയും എന്നെ നബി(സ)യുടെ അടുത്ത് ഖബറടക്കം ചെയ്യുവാൻ ഒന്നു കൂടി നിങ്ങൾ

അനുമതി ചോദിക്കുകയും ചെയ്യുവീൻ. അവർ അനുവാദം നൽകിയാൽ എന്ന ഖബറടക്കം ചെയ്യുവീൻ. അല്ലാത്ത പക്ഷം മുസ്ലീമുകളുടെ ശ്മശാനത്തേക്ക് എന്നെ കൊണ്ടു പോകുവീൻ. ഈ ഭരണത്തിന് ഈ സംഘത്തെയല്ലാതെ മറ്റൊരു സംഘത്തെ ഞാൻ ദർശിക്കുന്നില്ല. നബി(സ) മരണപ്പെട്ടപ്പോൾ അവരെ സംബന്ധിച്ച് സംതൃപ്തനായിരുന്നു. എനിക്ക് ശേഷം അവർ ഖലീഫ: യാക്കുന്നവരെ നിങ്ങൾ അനുസരിക്കുകയും കേൾക്കുകയും ചെയ്യുവീൻ. അങ്ങനെ ഉമർ(റ) അവരുടെ പേര് ഇപ്രകാരംപറഞ്ഞു: ഉസ്മാൻ, അലി, തൽഹ:സുബൈർ, അബ്ദുറഹ്മാനുബ്നുഔഫ്, നൂസഅ്ദ്ബ്നുഅബീവഖാസ്. ഒരു യുവാവ് അവിടെ പ്രവേശിച്ചു. അദ്ദേഹം ഒരു അൻസാരിയാണ്. അദ്ദേഹം പറഞ്ഞു: മുസ്ലിംകളുടെ ഭരണാധികാരിയാക്കി. താങ്കൾ അവരോട് നീതിപുലർത്തി. പുറമേ സർവ്വോപരി താങ്കൾ ഇതാ രക്തസാക്ഷിത്വം വഹിക്കുന്നു. അപ്പോൾ ഉമർ(റ) പറഞ്ഞു:എനിക്ക് ശേഷം വരുന്ന ഖലീഫ:യോട് ആദ്യ മുഹാജിറുകൾക്ക് നന്മ ചെയ്യുവാൻ ഞാൻ വസ്വിയ്യത്ത് ചെയ്യുന്നു. അവരുടെ അവകാശങ്ങൾ അംഗീകരിച്ച് കൊടുക്കുവാനും അവരുടെ പവിത്രത കാത്തു സൂക്ഷിക്കുവാനും, അൻസാരികൾക്കും നന്മ ചെയ്യുവാൻ ഞാൻ വസ്വിയ്യത്തു ചെയ്യുന്നു. അവരാണ് ആദ്യമായി ഈമാനും ഭവനവും തയ്യാറാക്കിയവർ. അവരുടെ നന്മയെ അംഗീകരിക്കുവാനും തിന്മയെ വിട്ടുവീഴ്ച ചെയ്യുവാനും ഞാൻ ഉപദേശിക്കുന്നു. അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും ബാധ്യതയുടെ അടിസ്ഥാനത്തിൽ അവരോട് ചെയ്യുന്ന കരാറുകൾ പൂർത്തിയാക്കിക്കൊടുക്കുവാനും ഞാൻ അവനെ (ശേഷം വരുന്ന ഭരണാധികാരിയെ) ഉപദേശിക്കുന്നു. അവർക്ക് വേണ്ടി സമരം ചെയ്യുവാനും അവർക്ക് വഹിക്കുവാൻ സാധിക്കാത്തത് അവരോട് കൽപിക്കാതിരിക്കുവാനും. (ബുഖാരി. 2. 23. 475)

1118. ആയിശ(റ) നിവേദനം: നിങ്ങൾ മരിച്ചവരെ ശകാരിക്കരുത്. മുമ്പ് എന്തു പ്രവർത്തിച്ചിരുന്നുവോ അതിലേക്കവർ എത്തിച്ചേർന്ന് കഴിഞ്ഞിരിക്കുന്നു. (ബുഖാരി. 2. 23. 476)

1119. ഉമ്മു സൽമ(റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ പറഞ്ഞു: നിങ്ങൾ ഒരു രോഗിയേയോ മരിച്ചവരേയോ സന്ദർശിക്കുമ്പോൾ അയാളെക്കുറിച്ചു നല്ലതു മാത്രം പറയുക: നിങ്ങൾ പറയുന്നതിനു മലക്കുകൾ ആമീൻ പറയുന്നു. (മുസ്ലിം)

1120. ആയിഷ(റ) പറഞ്ഞു: ഉസ്മാൻ ഇബ്നു മസ്ഉൻ മരിച്ചപ്പോൾ, അദ്ദേഹത്തെ പ്രവാചകൻ ചുംബിക്കുകയും, പ്രവാചകന്റെ കണ്ണുനീർ ഉസ്മാന്റെ മുഖത്തുകൂടി ഒഴുകുകയും ചെയ്തു. (തിർമിദി)

1121. മുഖീറ(റ) നിവേദനം ചെയ്തു. പ്രവാചകൻ(സ) പറഞ്ഞു: സവാരിചെയ്യുന്ന ആൾ ജനാസയുടെ പിന്നിൽ പോകേണ്ടതാണ്. കാൽനടയായി പോകുന്നയാൾ, അതിന്റെ പിന്നിലും, മുമ്പിലും അതിന്റെ വലത്തും അതിന്റെ ഇടത്തും അതിനോടടുത്തും പോകേണ്ടതാണ്. (അബൂദാവൂദ്)

1122. അബുഹുറയ്റാ(റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: മയ്യത്തു നമസ്കാരത്തിൽ, അവനുവേണ്ടിയുള്ള പ്രാർത്ഥന നിഷ്കളങ്കമായിരിക്കട്ടെ. (അബൂദാവൂദ്)

1123. അബുഹുറയ്റാ(റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ(സ) മയ്യത്തുനമസ്കാരത്തിൽ(ഇപ്രകാരം)പറയുക പതിവായിരുന്നു. അല്ലാഹുവേ, ഞങ്ങളുടെ ജീവിച്ചിരിക്കുന്നവർക്കും, ഞങ്ങളുടെ മരിച്ചവർക്കും, ഞങ്ങളിൽ ഹാജരായിട്ടുള്ളവർക്കും, ഹാജരില്ലാത്തവർക്കും, ഞങ്ങളുടെ ഇളയവർക്കും പ്രായമായവർക്കും ഞങ്ങളുടെ പുരുഷന്മാർക്കും ഞങ്ങളുടെ സ്ത്രീകൾക്കും മാപ്പു നൽകേണമെ, അല്ലാഹുവേ, ഞങ്ങളിൽ ജീവിച്ചിരിക്കുന്നവനെ, നീ മുസ്ലീമായി ജീവിപ്പിക്കണമെ. ഞങ്ങളിൽ നിന്നു നീ മരിപ്പിക്കുന്നവനെ നീ ഈമാനോടുകൂടി

മരിപ്പിക്കണമെ. അല്ലാഹുവെ, അവനുള്ള പ്രതിഫലത്തിൽ നിന്നു ഞങ്ങളെ അവനുശേഷം പരീക്ഷണത്തിൽ ആക്കാതിരിക്കണമെ. (അബൂദാവൂദ്)

1124. ജാബിർ(റ) പറഞ്ഞു: ഖബർ കുമ്മായം തേക്കുന്നതും അതിന്മേൽ ഇരിക്കുന്നതും അല്ലാഹുവിന്റെ ദൂതൻ(സ) നിരോധിച്ചു. (മുസ്‌ലിം)

1125. .ബുറൈദഃ(റ) പറഞ്ഞു: അവർ ഖബറുങ്കൽ പോകുമ്പോൾ പറയുവാൻ അല്ലാഹുവിന്റെ ദൂതൻ(സ) അവരെ പഠിപ്പിക്കുമായിരുന്നു. ഈ വാസസ്ഥലത്തെ മുഅ്മിനുകളും മുസ്ലീംകളുമായ നിവാസികളെ! നിങ്ങൾക്കു സമാധാനമുണ്ടാകട്ടെ. അല്ലാഹു ഉദ്ദേശിച്ചെങ്കിൽ ഞങ്ങളും നിങ്ങളോട് ചേരും. അല്ലാഹുവിനോട് ഞങ്ങൾക്കുവേണ്ടിയും നിങ്ങൾക്ക് വേണ്ടിയും ഞങ്ങൾ രക്ഷ ചോദിക്കുന്നു. (മുസ്‌ലിം)

1126. ഉമ്മുസലമ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു. രോഗിയുടെയോ മയ്യത്തിന്റെയോ സമീപത്ത് സന്നിഹിതരാവുമ്പോൾ നല്ലതേ നിങ്ങൾ പ്രാർത്ഥിക്കാവൂ! നിങ്ങളുടെ പ്രാർത്ഥനകൾക്ക് മലക്കുകൾ ആമീൻ ചൊല്ലും. ഉമ്മുസലമ(റ) പറയുന്നു. (എന്റെ ഭർത്താവ്) അബൂസലമ മരണപ്പെട്ടപ്പോൾ ഞാൻ റസൂൽ(സ)യുടെ അടുത്തുചെന്ന് പറഞ്ഞു. അല്ലാഹുവിന്റെ പ്രവാചകരേ! നിശ്ചയം, അബൂസലമ(റ) മരണപ്പെട്ടിരിക്കുന്നു. നബി(സ) പറഞ്ഞു. നീ പ്രാർത്ഥിക്കൂ. അല്ലാഹുവേ! എനിക്കും അദ്ദേഹത്തിനും നീ പൊറുത്തുതരേണമേ! അദ്ദേഹത്തിനുപകരം ഉത്തമനായ ഒരു പിൻഗാമിയെ എനിക്ക് നീ പ്രദാനം ചെയ്യേണമേ! പ്രാർത്ഥനയുടെ ഫലമായി അദ്ദേഹത്തേക്കാൾ ഏററവും ശ്രേഷ്ഠനായ മുഹമ്മദ്നബി(സ)യെ അവൻ എനിക്ക് തുണയാക്കിത്തന്നു. (മുസ്‌ലിം)

1127. ഉമ്മുസലമ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു: ആർക്കെങ്കിലും ഒരാപത്ത് നേരിട്ടു. എന്നിട്ടവൻ നമ്മൾ അല്ലാഹുവിന്നുള്ളതാണ്. നാം അവങ്കലേക്കാണ് മടങ്ങിച്ചെല്ലുക. അല്ലാഹുവേ! എന്റെ യാതനയ്ക്ക് എനിക്ക് നീ പ്രതിഫലം നല്കേണമേ! അതിനേക്കാൾ നന്മയുള്ളത് എനിക്ക് നീ പകരമാക്കേണമേ. എന്ന് പ്രാർത്ഥിക്കുന്നപക്ഷം അല്ലാഹു അവന്റെ മുസീബത്തിന് പ്രതിഫലം നല്കുകയും അതിനേക്കാൾ ഗുണമുള്ളത് പകരമാക്കുകയും ചെയ്യും. ഉമ്മുസലമ(റ) പറഞ്ഞു: അബൂസലമ മരിച്ചപ്പോൾ റസൂൽ(സ) എന്നോട് ആജ്ഞാപിച്ചിരുന്നതുപോലെ ഞാൻ പ്രാർത്ഥിച്ചു. തന്നിമിത്തം അദ്ദേഹത്തേക്കാൾ ഉത്തമനായ റസൂൽ(സ)യെ എനിക്ക് അവൻ പകരമായി നൽകി. (മുസ്‌ലിം)

1128. അബൂമൂസ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) തറപ്പിച്ചു പറഞ്ഞു: ഒരാളുടെ സന്താനം മരണപ്പെട്ടാൽ അല്ലാഹു മലക്കുകളോട് ചോദിക്കും; നിങ്ങൾ എന്റെ അടിമയുടെ സന്താനത്തെ പിടിച്ചോ? അപ്പോൾ അവർ പറയും: അതെ! ഉടനെത്തന്നെ അല്ലാഹു ചോദിക്കും: അവന്റെ കരളിന്റെ കരളിനെ നിങ്ങൾ പിടിച്ചെടുത്തോ? അതെ! എന്നവർ മറുപടി നല്കും. അല്ലാഹു തുടർന്നു ചോദിക്കും. അപ്പോൾ എന്റെ അടിമ എന്താണ് പറഞ്ഞത്? അവർ പറയും: അവൻ നിന്നെ സ്തുതിച്ചു. ഇന്നാ ലില്ലാഹി എന്ന് പറഞ്ഞു. അല്ലാഹു പറയും: എന്റെ അടിമക്ക് സ്വർഗ്ഗത്തിൽ ഒരു ഭവനം നിങ്ങൾ നിർമ്മിക്കുകയും ബൈത്തുൽ ഹംദ് എന്ന് അതിനു നാമകരണം ചെയ്യുകയും ചെയ്യുവിൻ. (തിർമിദി)

1129. ആയിശ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) അരുൾ ചെയ്തു: 100 മുസ്ലീംകൾ ഒരു മയ്യിത്ത് ശുപാർശ ചെയ്തുകൊണ്ട് നമസ്കരിച്ചാൽ അവരുടെ ശുപാർശ സ്വീകരിക്കപ്പെടാതിരിക്കയില്ല. (മുസ്‌ലിം)

1130. ഇബ്നു അബ്ബാസി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു: മുശ്രിക്കുകളല്ലാത്ത 40 ആളുകൾ, മരണപ്പെട്ട ഒരു മുസ്ലീമിനുവേണ്ടി മയ്യിത്ത്

നമസ്കരിച്ചുവെങ്കിൽ അല്ലാഹു അവരുടെ ശുപാർശ സ്വീകരിക്കാതിരിക്കയില്ല. (മുസ്‌ലിം)

1131. മർസദി(റ)യിൽ നിന്ന് നിവേദനം: മയ്യിത്ത് നമസ്കാരത്തിൽ പങ്കെടുക്കുമ്പോൾ ആളുകൾ കുറവാണെങ്കിൽ അവരെ മൂന്നായി ഭാഗിച്ചുകൊണ്ട് അദ്ദേഹം പറയും: നബി(സ) പറഞ്ഞിട്ടുണ്ട്: ആർക്കെങ്കിലും മൂന്ന് അണികൾ (മയ്യിത്ത്)നമസ്കാരം നിർവ്വഹിച്ചാൽ അവൻ(സ്വർഗ്ഗം) കരസ്ഥമാക്കി. (അബൂദാവൂദ്, തിർമിദി)

1132. ഇബ്നു ഔഫ്(റ) പറഞ്ഞു: റസൂൽ(സ) ഒരു മയ്യിത്ത് നമസ്കരിച്ചു. അന്നേരം അവിടുത്തെ പ്രാർത്ഥനയിൽ നിന്ന് ഞാൻ ഹൃദിസ്ഥമാക്കി; അല്ലാഹുവേ! ഈ മയ്യത്തിന് നീ പൊറുത്തുകൊടുക്കുകയും അവനോട് നിനക്ക് കനിവുണ്ടാവുകയും, രക്ഷ നല്കുകയും, മാപ്പ് കൊടുക്കുകയും, ഈ മയ്യിത്തിന്റെ വാസസ്ഥലം ആദരിക്കുകയും, പ്രവേശമാർഗ്ഗം വിശാലപ്പെടുത്തുകയും, വെള്ളംകൊണ്ടും ആലിപ്പഴം കൊണ്ടും ഈ മയ്യത്തിനെ നീ കഴുകി വൃത്തിയാക്കുകയും, വെള്ളവസ്ത്രം ശുദ്ധിയാക്കിയതുപോലെ ശുദ്ധിയാക്കുകയും, തന്റെ ഭവനത്തിനു പകരം കൂടുതൽ ഭദ്രമായ ഒരു ഭവനവും കുടുംബത്തിനുപകരം കൂടുതൽ ഉത്തമമായ ഒരു കുടുംബവും, തന്റെ ഇണയേക്കാൾ കൂടുതൽ ഉത്തമമായ ഒരു ഇണയെയും നീ നൽകുകയും, സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയും, ഖബറിലെ ശിക്ഷയിൽ നിന്നും നരകശിക്ഷയിൽ നിന്നും രക്ഷിക്കുകയും ചെയ്യേണമേ! അവസാനം ആ മയ്യിത്ത് ഞാനായാൽ കൊള്ളാമെന്ന് ഞാനാഗ്രഹിച്ചു പോയി. (മുസ്‌ലിം)

1133. അബൂഹുറയ്റ(റ)യും അബൂഖത്താദ(റ)യും അബൂഇബ്രാഹീം(റ) തന്റെ പിതാവിൽ നിന്നും നിവേദനം ചെയ്യുന്നു: പിതാവ് സ്വഹാബിയാണ്. (അതുകൊണ്ട് വ്യക്തിയിന്നയാളാണെന്ന് അറിയപ്പെട്ടില്ലെങ്കിലും ദോഷമില്ല) നബി(സ) ഒരിക്കൽ ഒരു മയ്യിത്ത് നമസ്കാരം നിർവ്വഹിച്ച പ്പോൾ ഇങ്ങനെ പ്രാർത്ഥിച്ചു: അല്ലാഹുവേ! ഞങ്ങളിൽ നിന്ന് ജീവിച്ചിരിക്കുന്നവർക്കും മരിച്ച വർക്കും ചെറിയവർക്കും വലിയവർക്കും സ്ത്രീകൾക്കും പുരുഷൻമാർക്കും സ്ഥലത്തുള്ളവർക്കും ഇല്ലാത്തവർക്കും നീ പൊറുത്തുതരേണമേ! അല്ലാഹുവേ! ഞങ്ങളിൽ നീ ജീവിപ്പിക്കുന്നവർ ആരോ, അവരെ നീ മുസ്ലീമായി ജീവിപ്പിക്കുകയും, മരിപ്പിക്കുന്നവരെ ഈമാനോടെ മരിപ്പിക്കുകയും ചെയ്യേണമേ! അല്ലാഹുവേ! ഇതി (ഈ പരിപാലനത്തി)ന്റെ പ്രതിഫലം ഞങ്ങൾക്ക് നിഷേധിക്കുകയോ, ഇതിനുശേഷം ഞങ്ങളെ കുഴപ്പത്തിലാക്കുകയോ ചെയ്യരുതേ! (തിർമിദി)

1134. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു: മയ്യിത്ത് നമസ്കാരം നിർവ്വഹിക്കുമ്പോൾ അവന്നുവേണ്ടി നിങ്ങൾ നിഷ്കളങ്കരായി പ്രാർത്ഥിക്കണം. (അബൂദാവൂദ്)

1135. വാസിലത്തി(റ)ൽ നിന്ന് നിവേദനം: മുസ്ലീംകളിൽ ഒരാളുടെ മയ്യിത്ത് നമസ്കാരം ഞങ്ങളൊന്നിച്ച് നബി(സ) നിർവ്വഹിച്ചു. അന്നേരം അവിടുന്ന് പ്രാർത്ഥിക്കുന്നത് ഞാൻ കേട്ടു: അല്ലാഹുവേ! ഇന്ന വ്യക്തിയുടെ ഇന്ന മകൻ നിന്റെ ഉത്തരവാദിത്തത്തിലും സംരക്ഷണത്തിലുമാണ്, അതുകൊണ്ട് ഖബറിലെ പരീക്ഷണങ്ങളിൽ നിന്നും അതിലെ ശിക്ഷയിൽ നിന്നും നീ അവനെ സംരക്ഷിക്കേണമേ! നീ കരാർ പൂർത്തികരിക്കുന്നവനും സ്തുതി അർഹിക്കുന്നവനുമാണ്. അല്ലാഹുവേ! നീ അവനോട് പൊറുക്കുകയും ദയ കാണിക്കുകയും ചെയ്യേണമേ! നിശ്ചയം, നീ പൊറുക്കുന്നവനും കരുണ കാണിക്കുന്നവനുമാണ്. (അബൂദാവൂദ്)

1136. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു: കടം വീടുന്നതുവരെ കടത്തിന്റെ പേരിൽ സത്യവിശ്വാസിയുടെ ആത്മാവ് (ഉന്നത പദവിയിൽ നിന്ന്) തടഞ്ഞുവയ്ക്കപ്പെടുന്നതാണ്. (തിർമിദി)

1137. ഹുസൈനി(റ)ൽ നിന്ന് നിവേദനം: ത്വൽഹത്ത്(റ) രോഗബാധിതനായപ്പോൾ നബി(സ) അദ്ദേഹത്തെ സന്ദർശിച്ചുകൊണ്ട് പറഞ്ഞു: ത്വൽഹത്തിന്ന് മരണം ബാധിച്ചതായിട്ടാണ് എനിക്ക് മനസ്സിലാകുന്നത്. അതുകൊണ്ട് അദ്ദേഹം മരണപ്പെടുന്നപക്ഷം നിങ്ങളെന്നെ അറിയിക്കുകയും താമസംവിനാ അദ്ദേഹത്തെ സംസ്കരിക്കുകയും ചെയ്യണം. കാരണം മുസ്ലിമിന്റെ മൃതശരീരം തന്റെ കുടുംബത്തിൽ വെച്ചുകൊണ്ടിരിക്കൽ നല്ലതല്ല. (അബൂദാവൂദ്)

1138. ഉസ്മാനുബിൻ അഫാനി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) മയ്യിത്ത് മറമാടിക്കഴിഞ്ഞാൽ അവിടെ നിന്നുകൊണ്ട് പറയാറുണ്ട്. നിങ്ങളുടെ സഹോദരനുവേണ്ടി നിങ്ങൾ പൊറുക്കലിനെ തേടുകയും സ്ഥിരതയെ ആവശ്യപ്പെടുകയും ചെയ്യുക. നിശ്ചയം, അവനിപ്പോൾ ചോദ്യം ചെയ്യപ്പെടും. (അബൂദാവൂദ്)

1139. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) അരുൾ ചെയ്തു. മനുഷ്യൻ മരണപ്പെട്ടാൽ മൂന്നു കാര്യങ്ങളല്ലാത്ത അവന്റെ എല്ലാ പ്രവർത്തനങ്ങളും അററുപോകും. 1 ജാരിയായ സദഖ (വഖഫ്, വസിയ്യത്ത് മുതലായ തുടർന്ന് പ്രതിഫലം കിട്ടിക്കൊണ്ടിരിക്കുന്ന സദഖ) 2. ഫലപ്രദമായ ഇൽമ് 3. തനിക്കുവേണ്ടി പ്രാർത്ഥിക്കുന്ന സന്താനം. (മുസ്ലിം)

## 31. സക്കാത്ത്

1140. ജരീർ(റ) പറയുന്നു: നമസ്കാരം നിലനിർത്തുവാനും സക്കാത്തു കൊടുക്കുവാനും സർവ്വ മുസ്ലിംകൾക്കും നന്മ കാംക്ഷിക്കാനും ഞാൻ നബി(സ)ക്ക് ബൈഅത്തു ചെയ്തു. (ബുഖാരി. 2. 24. 484)

1141. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: ഒട്ടകത്തിന്റെ സക്കാത്ത് കൊടുക്കാതിരുന്നാൽ അന്ത്യദിവസം ആ ഒട്ടകം അതിന്റെ ഉടമസ്ഥന്റെ പുറത്ത് കയറിക്കൊണ്ട് വരും. ആ ഒട്ടകത്തിന്റെ ജീവിതത്തിൽ കഴിഞ്ഞ ദശകളിൽ ഏററവും നല്ല ദശയിലെ രൂപം പൂണ്ട നിലക്കാണ് വരിക. എന്നിട്ട് തന്റെ കുളമ്പുകൾ കൊണ്ട് അവനെ അത് ചവിട്ടിക്കൊണ്ടിരിക്കും. ആടിന്റെ സക്കാത്ത് കൊടുക്കാതിരിക്കുന്ന പക്ഷം അന്ത്യദിനം ആ ആട് അതിന്റെ ഉടമസ്ഥന്റെ പുറത്ത് കയറിക്കൊണ്ടുവരും. ആ ആടിന്റെ ജീവിതത്തിന്റെ കഴിഞ്ഞ ദശകളിൽ ഏററവും നല്ല ദശയിലെ രൂപം പൂണ്ട നിലക്കാണ് അത് വരിക. ആട് അതിന്റെ കുളമ്പുകൾകൊണ്ട് അവനെ ചവിട്ടിക്കൊണ്ടിരിക്കുകയും കൊമ്പുകൾക്കൊണ്ട് കുത്തുകയും ചെയ്യും. ആടുകൾ വെള്ളം കുടിക്കുവാൻ ചെല്ലുന്ന ജലാശയങ്ങൾക്കടുത്ത് വെച്ച് അവയെ കറന്നെടുക്കേണ്ടതും ആ ആടുകളിലുള്ള ബാധ്യതയിൽപ്പെടുന്നതാണ്. നിങ്ങളിൽ ഒരാളും പുരുത്ഥാനദിവസം നിലവിളിച്ചു കൊണ്ടിരിക്കുന്ന ഒരു ആടിനെ ചുമലിൽ വഹിച്ചു കൊണ്ടു വന്നു. ഓ മുഹമ്മദ്! എന്നെ രക്ഷിക്കേണമേ എന്ന് അപേക്ഷിക്കുന്ന അവസരം ഉണ്ടാവരുത്. അപ്പോൾ ഞാൻ പറയും. നിനക്ക് യാതൊരു സഹായവും ചെയ്യാനുള്ള കഴിവ് എനിക്കില്ല. അല്ലാഹു എന്നെ ഭാരമേൽപ്പിച്ചിരുന്ന സന്ദേശങ്ങൾ ഞാൻ അറിയിച്ചു കഴിഞ്ഞിട്ടുണ്ട്. മറെറാരു മനുഷ്യൻ നിലവിളിക്കുന്ന ഒരൊട്ടകത്തെ ചുമലിൽ ചുമന്നുകൊണ്ട് വരും. ഓ മുഹമ്മദ്! എന്നെ രക്ഷിക്കേണമേ എന്ന് പറയും. ഞാൻ പറയും: നിങ്ങൾക്ക് അല്ലാഹുവിങ്കിൽ നിന്ന് യാതൊന്നും ഞാൻ ഉടമയാക്കുന്നില്ല. അല്ലാഹു എന്നെ ഭാരമേൽപ്പിച്ചിരുന്നത് ഞാൻ നിങ്ങളെ അറിയിച്ചു കഴിഞ്ഞു. (ബുഖാരി. 2. 24. 485)

1142. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: അല്ലാഹു വല്ലവനും ധനം നൽകി. അപ്പോൾ അവൻ അതിലുള്ള സകാത്തു നൽകിയില്ല. എന്നാൽ പരലോക ദിവസം ആ ധനം അവന്റെ മുമ്പിൽ തലയിൽ രണ്ടു കറുത്ത പുള്ളികളോട് കൂടിയ ഒരു മൂർഖൻ പാമ്പിന്റെ രൂപത്തിൽ തല പൊക്കി നിൽക്കും. ഒരു ആഭരണം പോലെ

അതു അവന്റെ കഴുത്തിൽ ചുററും. അവന്റെ രണ്ടു ചുണ്ടുകൾ പിടിച്ചുകൊണ്ട് ആ സർപ്പം പറയും. ഞാൻ നിന്റെ ധനമാണ്. ഞാൻ നിന്റെ നിക്ഷേപധനമാണ്. ശേഷം നബി(സ) പാരായണം ചെയ്തു. തന്റെ ആഗ്രഹം മൂലം അല്ലാഹു നൽകിയ ധനത്തിൽ പിശുക്ക് കാണിക്കുന്നവർ അത് അവർക്ക് ഗുണകരമാണെന്ന് ഒരിക്കലും വിചാരിച്ചുപോകരുത്. (ബുഖാരി. 2. 24. 486)

1143. അബൂസഈദ്(റ) നിവേദനം: നബി(സ) അരുളി: അഞ്ചു ഊഖിയയിൽ കുറഞ്ഞതിന് സകാത്ത് നിർബന്ധമില്ല. അഞ്ചിൽ താഴെ എണ്ണമുള്ള ഒട്ടകത്തിന് സക്കാത്തില്ല. അഞ്ചു വസ്ഖിൽ കുറഞ്ഞ ധാന്യത്തിനും സക്കാത്തില്ല. (ബുഖാരി. 2. 24. 487)

1144. സൈദ്ബ്നുവഹബ്(റ) പറയുന്നു: ഞാൻ ഒരിക്കൽ റബ്ദ യിൽ കൂടി സഞ്ചരിക്കുമ്പോൾ അബൂദർറ്(റ) നെ കണ്ടുമുട്ടി. അപ്പോൾ ഞാൻ പറഞ്ഞു. താങ്കൾ എങ്ങിനെയാണ് ഇവിടെ താമസമാക്കിയത്? അബൂദർറ്(റ) പറഞ്ഞു: ഞാൻ ശാമിൽ ജീവിക്കുമ്പോൾ സ്വർണ്ണവും വെള്ളിയും നിധിയാക്കുകയും എന്ന ആയത്തിന്റെ വ്യാഖ്യാനത്തിൽ ഞാനും മുആവിയ്യ:യും തമ്മിൽ ഭിന്നിച്ചു. മുആവിയ്യ: പറഞ്ഞു: ഇതു വേദക്കാരെ സംബന്ധിച്ച് പ്രസ്താവിച്ചതാണ്. അപ്പോൾ ഞാൻ പറഞ്ഞു. ഈ സൂക്തം അവരെ സംബന്ധിച്ചും നമ്മെ സംബന്ധിച്ചും അവതരിപ്പിക്കപ്പെട്ടതാണ്. ഇത് എന്റെയും മുആവിയ്യ:യുടെയും ഇടയിൽ ശത്രുതയുണ്ടാക്കി. എന്നെക്കുറിച്ച് ആവലാതിപ്പെട്ടുകൊണ്ട് മുആവിയ്യ: ഉസ്മാൻ(റ) ന് കത്തെഴുതി. ഉസ്മാൻ(റ) എന്നെ മദീനയിലേക്ക് ക്ഷണിച്ചുകൊണ്ട് കത്തെഴുതി. അങ്ങനെ ഞാൻ മദീനയിൽ വന്നു. അപ്പോൾ എന്നെ മുമ്പ് കാണാത്തതുപോലെ ജനങ്ങൾ ധാരാളമായി എന്നെ സമീപിക്കുകയും എന്റെ ആഗമനത്തിന്റെ കാരണം അന്വേഷിക്കുകയും ചെയ്തു. ഇത് ഉസ്മാൻ(റ) നോട് പറഞ്ഞു. അപ്പോൾ എന്നോട് പറഞ്ഞു: താങ്കൾ ഉദ്ദേശിക്കുന്നുവെങ്കിൽ അടുത്ത സ്ഥലത്തേക്ക് അകന്ന് ജീവിക്കുക. ഇതാണ് എന്നെ ഇവിടെ വരുത്തിയത്. അവർ എന്റെ മേൽ ഒരു നീഗ്രോ അടിമയെ നേതാവാക്കിയാലും ഞാൻ കേൾക്കുകയും അനുസരിക്കുകയും ചെയ്യും. (ബുഖാരി. 2. 24. 488)

1145. അഹ്നഫ്(റ) പറയുന്നു: ഞാൻ ഒരിക്കൽ ഖുറൈശികളിൽ പെട്ട നേതാക്കന്മാരുടെ കൂടെ ഇരിക്കുകയായിരുന്നു. അപ്പോൾ മുടിയും വസ്ത്രവും രൂപവും പരുക്കനായ ഒരാൾ കയറിവന്ന് സലാം പറഞ്ഞു: ശേഷം അയാൾ പറഞ്ഞു: ധനം നിക്ഷേപിച്ച് വെക്കുന്നവർക്ക് ചൂട് കഠിനമായ ശിലയെക്കുറിച്ച് സന്തോഷവാർത്ത നീ അറിയിക്കുക. നരകത്തിൽ അതുകൊണ്ട് അവരെ ചൂട് വെക്കും. അവരിൽപ്പെട്ട ഒരാളുടെ ഇരുമുലക്കണ്ണിന്മേൽ അതു വെക്കുന്നതാണ്. അവന്റെ ചുമലിന്റെ മുകളിലുള്ള സൂക്ഷ്മ അസ്ഥിയിലൂടെ അതിന്റെ ചൂട് പുറത്തു വരുന്നതാണ്. അനന്തരം ആ ശില അവന്റെ ചുമലിലുള്ള അസ്ഥിയിൽ വെക്കും. അപ്പോൾ അതിന്റെ ചൂട് അവന്റെ മുലക്കണ്ണിൽകൂടി പുറത്തുവരും. അവൻ പിടച്ച് കൊണ്ടിരിക്കും. ഇത്രയും പറഞ്ഞ് അദ്ദേഹം പിന്തിരിഞ്ഞുപോയി. ഒരു തൂണിന്മേൽ ഇരുന്നു. ഞാൻ അദ്ദേഹത്തെ അനുഗമിച്ച് അദ്ദേഹത്തിന്റെ അടുത്ത് ഇരുന്നു. അദ്ദേഹം ആരാണെന്ന് എനിക്ക് അജ്ഞാതമായിരുന്നു. ഞാൻ അദ്ദേഹത്തോട് പറഞ്ഞു: നിങ്ങൾ പറഞ്ഞത് ജനങ്ങൾക്ക് വെറുപ്പുണ്ടാക്കിയിരിക്കുമെന്ന് ഞാൻ ദർശിക്കുന്നു. അദ്ദേഹം പറഞ്ഞു. നിശ്ചയം ജനങ്ങൾ ഒന്നും ചിന്തിക്കാത്തവരാണ്. അബൂദർറ്(റ) നിവേദനം: എന്റെ ആത്മസ്നേഹിതൻ നബി(സ) എന്നോട് പറഞ്ഞു: അബൂദർറ്! നീ ഉഹ്ദ് മല ദർശിക്കുന്നുണ്ടോ? പകലിൽ നിന്ന് അവശേഷിച്ചത് എന്താണെന്ന് ഗ്രഹിക്കുവാൻ വേണ്ടി ഞാൻ സൂര്യനിലേക്ക് നോക്കി. കാരണം നബി(സ) എന്നെ എന്തെങ്കിലും ആവശ്യത്തിന് നിയോഗിക്കുമെന്ന് ഞാൻ ദർശിച്ചു. അതെ! എന്നു ഞാൻ മറുപടി പറഞ്ഞു. അപ്പോൾ നബി(സ) അരുളി: എനിക്ക് ഉഹ്ദ് മലയുടെ അത്രത്തോളം സ്വർണ്ണം ലഭിച്ചു. എല്ലാം ഞാൻ ദാനധർമ്മം ചെയ്തു അതിൽ നിന്ന് മൂന്ന് സ്വർണ്ണ

നാണയം ബാക്കിയായാൽ പോലും എനിക്ക് സംതൃപ്തിയാവുകയില്ല. നിശ്ചയം ഈ മനുഷ്യന്മാർ ചിന്തിക്കുന്നില്ല. അവർ ഭൗതിക ജീവിതത്തിനു വേണ്ടിയാണ് നിക്ഷേപിക്കുന്നത്. അല്ലാഹു സത്യം! ഞാൻ നിങ്ങളോട് നിങ്ങളുടെ ദുൻയാവ് ആവശ്യപ്പെടുന്നില്ല. മത വിഷയത്തിൽ നിങ്ങളോട് ഞാൻ മതവിധി തേടുന്നില്ല. അല്ലാഹുവിനെ ഞാൻ കണ്ടുമുട്ടുന്നതുവരെ. (ബുഖാരി. 2. 24. 489)

1146. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: ആരെങ്കിലും തന്റെ പരിശുദ്ധ സമ്പാദ്യത്തിൽ നിന്നും പരിശുദ്ധ വസ്തു മാത്രമെ അല്ലാഹു സ്വീകരിക്കുകയുള്ളൂ-ഒരു കാരക്കയോളം ധനം ദാനം ചെയ്താൽ അല്ലാഹു അത് തന്റെ വലം കൈകൊണ്ട് സ്വീകരിക്കും. പിന്നീട് നിങ്ങളിലൊരാൾ തന്റെ ശിശുവിനെ പോററി വളർത്തും പോലെ ഒരു മലയോളം വലുതാകും വരേക്കും അല്ലാഹു അതിനെ വളർത്തിക്കൊണ്ടുപോരുന്നതാണ്. (ബുഖാരി. 2. 24. 491)

1147. ഹാരിസ്(റ) നിവേദനം: നബി(സ) അരുളി: നിങ്ങൾ ധർമ്മം ചെയ്യുവീൻ. ഒരാൾ തന്റെ ധർമ്മവുമായി നടന്നാൽ അത് സ്വീകരിക്കാനാളെ കിട്ടാത്ത ഒരു കാലം നിങ്ങൾക്ക് വരും. ഇന്നലെ കൊണ്ടു വന്നിരുന്നെങ്കിൽ ഞാനിതു സ്വീകരിക്കുമായിരുന്നു. ഇന്നെനിക്ക് ഇതിന്റെ ആവശ്യമില്ല എന്ന് ആളുകൾ അന്ന് പറയുന്നതാണ്. (ബുഖാരി. 2. 24. 492)

1148. അബൂഹുറൈറ(റ) പറയുന്നു: നബി(സ) അരുളി: ധനം വർദ്ധിക്കുകയും അത് സർവ്വത്ര ഒഴുകുകയും ചെയ്യുന്നതുവരെ അന്ത്യദിനം സംഭവിക്കുകയില്ല. അവസാനം തന്റെ ധർമ്മം സ്വീകരിക്കാൻ ആരെയാണ് കിട്ടുക എന്നത് ഒരു ചിന്താപ്രശ്നമായിത്തീരും. ധനത്തിന്റെ ഉടമസ്ഥൻ അന്നു മററുള്ളവരുടെ മുന്നിൽ ധനം എടുത്ത് കാണിക്കും. അപ്പോൾ എനിക്കതാവശ്യമില്ല എന്ന് അവർ പറയും. (ബുഖാരി. 2. 24. 493)

1149. അദിയ്യ്(റ) നിവേദനം: ഞാനൊരിക്കൽ നബി(സ)യുടെയടുക്കലിരിക്കുമ്പോൾ രണ്ടാളുകൾ നബി(സ)യുടെയടുക്കൽ വന്നു. അവരിൽ ഒരാൾ ദാരിദ്ര്യത്തെക്കുറിച്ചും മറെറാരാൾ വഴിയിലെ കവർച്ചക്കാരെക്കുറിച്ചും ആവലാതിപ്പെട്ടു. അപ്പോൾ നബി(സ) പറഞ്ഞു: വഴിക്കൊള്ളക്കാരുടെ ശല്യം അൽപകാലത്തേക്ക് മാത്രമേ ഉണ്ടാവുകയുള്ളൂ. അത് കഴിഞ്ഞാൽ മക്കയിലേക്ക് യാതൊരു സംരക്ഷകന്റെയും സഹായം കൂടാതെ കച്ചവടസംഘം യാത്ര ചെയ്യുന്നതാണ്. ദാരിദ്ര്യത്തിന്റെ അവസ്ഥയാണെങ്കിൽ നിങ്ങളിലൊരാൾ തന്റെ സക്കാത്തുമായി ചുററിനടക്കും. അതു സ്വീകരിക്കുന്ന ഒരാളെയും കാണുകയില്ല. ഇങ്ങനെയുള്ള ഒരു കാലഘട്ടം വന്നെത്തും വരേക്കും അന്ത്യദിനം ഉണ്ടാവുകയില്ല. ശേഷം നിങ്ങളിൽ ഓരോരുത്തരും അല്ലാഹുവിന്റെ മുമ്പിൽ ചെന്നു നിൽക്കും. മനുഷ്യനും അല്ലാഹുവിന്നുമിടയിൽ ഒരു മറയോ പരിഭാഷകനോ ഉണ്ടായിരിക്കുകയില്ല. അല്ലാഹു മനുഷ്യനോട് ചോദിക്കും. നിങ്ങൾക്ക് ഞാൻ ധനം നൽകിയിരുന്നില്ലേ? അവർ പറയും: അതെ നിന്റെയടുക്കലേക്ക് ഞാൻ ദൂതനെ അയച്ചിരുന്നില്ലേ. അല്ലാഹു ചോദിക്കും. അതെ എന്ന് മനുഷ്യൻ മറുപടി പറയും. പിന്നീട് മനുഷ്യൻ വലഭാഗത്തേക്ക് നോക്കും. അപ്പോൾ നരകമല്ലാതെ മനുഷ്യൻ കാണുകയില്ല. ശേഷം അവൻ തന്റെ ഇടതുഭാഗത്തേക്കു നോക്കും. അപ്പോഴും നരകത്തെ മാത്രമെ അവൻ കാണുകയുള്ളൂ. അതുകൊണ്ട് ഒരു കാരക്കയുടെ കഷ്ണം ദാനം ചെയ്തിട്ടെങ്കിലും നിങ്ങളിലോരോരുത്തരും നരകത്തെ കാത്തുസൂക്ഷിക്കുവീൻ, അതും കൈവശമില്ലാത്തവൻ നല്ല ഒരു വാക്ക് പറഞ്ഞിട്ട് നരകത്തെ സൂക്ഷിക്കട്ടെ. (ബുഖാരി. 2. 24. 494)

1150. അബൂമസ്ഊദ്(റ) പറയുന്നു: ദാനധർമ്മത്തിന്റെ സൂക്തം അവതരിപ്പിക്കപ്പെട്ടപ്പോൾ ഞങ്ങൾ അദ്ധ്വാനിച്ച് ധനം സമ്പാദിക്കാൻ തുടങ്ങി.

അങ്ങനെ ഒരാൾ തന്റെ സക്കാത്തുമായി വന്നു. അത് വലിയ ഒരു സംഖ്യയായിരുന്നു. അപ്പോൾ ജനങ്ങളെ കാണിക്കുവാൻ ചെയ്തതാണെന്ന് ചിലർ പറഞ്ഞു. മറെറാരാൾ ഒരു സ്വാഅ് കൊണ്ട് വന്ന് ധർമ്മം ചെയ്തു. നിശ്ചയം ഈ സ്വാഅ് അല്ലാഹുവിന് ആവശ്യമില്ലാത്തതാണെന്ന് ചിലർ പറഞ്ഞു. ഈ സന്ദർഭത്തിലാണ് താഴെ പറയുന്ന സൂക്തം അവതരിപ്പിക്കപ്പെട്ടത്. സത്യവിശ്വാസികളിൽ നിന്ന് സ്വമനസ്സാൽ ധർമ്മം ചെയ്യുന്നവരെ വിമർശിക്കുന്നവർ – അവർ അവരുടെ അധ്വാന ഫലമല്ലാതെ മറെറാന്നും ദർശിക്കുന്നില്ല. (ബുഖാരി. 2. 24. 496)

1151. അബൂമദ്ഊദ്(റ) നിവേദനം: നബി(സ) ഞങ്ങളോട് ദാനം ചെയ്യുവാൻ കൽപ്പിച്ചാൽ ഞങ്ങളിൽ ചിലർ അങ്ങാടിയിലേക്ക് പോകും. അവിടെ നിന്ന് ചുമട് ചുമന്നിട്ട് കിട്ടുന്ന ഒരു മുദ്ദ് ധാന്യവുമായി കൊണ്ട് വന്ന് ദാനം ചെയ്യും. ഇന്നാകട്ടെ നബി(സ)യുടെ അനുചരന്മാരിൽ ചിലരുടെ കയ്യിൽ ലക്ഷം തന്നെയുണ്ട്. (ബുഖാരി. 2. 24. 497)

1152. അദിയ്യ്(റ) പറയുന്നു: നബി(സ) അരുളി: ഒരു കാരക്കയുടെ കഷ്ണമെങ്കിലും ദാനം ചെയ്തു നിങ്ങൾ നരകത്തെ സൂക്ഷിക്കുവീൻ. (ബുഖാരി. 2. 24. 498)

1153. ആയിശ(റ) പറയുന്നു: ഒരു ദിവസം ഒരു സ്ത്രീക്ക് രണ്ടു പെൺകുട്ടികളുമായി ഭിക്ഷ യാചിച്ചു കൊണ്ടു വന്നു. ഒരു കാരക്കയല്ലാതെ മററു യാതൊന്നും തന്നെ അവൾ എന്റെയടുക്കൽ ദർശിച്ചില്ല. ഞാനത് അവൾക്ക് നൽകി. അവൾ അത് രണ്ടു കുട്ടികൾക്ക് ഭാഗിച്ചുകൊടുത്തു. അവൾ അതിൽ നിന്ന് യാതൊന്നും ഭക്ഷിച്ചില്ല. അവൾ എഴുന്നേററു പോയി ഉടനെ നബി(സ) കടന്നു വന്നു. ഞാൻ ഈ വിവരം നബി(സ)യോട് പറഞ്ഞു. അവിടുന്നു അരുളി: വല്ലവനും ഈ പെൺകുട്ടികൾ മൂലം പരീക്ഷണ വിധേയനായി. എങ്കിൽ അവർ അന്ന് നരകാഗ്നിയിൽ നിന്നും ഒരു മറയാണ്. (ബുഖാരി. 2. 24. 499)

1154. അബൂഹുറൈറ(റ) നിവേദനം: ഒരാൾ അല്ലാഹുവിന്റെ പ്രവാചകന്റെ അടുത്തു വന്നു പറഞ്ഞു: പ്രവാചകരേ! ദാനധർമ്മങ്ങളിൽ ഏററവും പുണ്യമേറിയത് ഏതാണ്? നബി(സ) പ്രത്യുത്തരം നൽകി: നീ ആരോഗ്യവാനായിരിക്കുക, ധനം വിട്ടു കൊടുക്കാൻ നിനക്ക് മടിയുണ്ടായിരിക്കുക, ദാരിദ്യത്തെക്കുറിച്ച് ഭയവും ധനം സമ്പാദിച്ചാൽ കൊള്ളാമെന്ന് നിനക്ക് ആഗ്രഹവും ഉണ്ടായിരിക്കുക. ഈ പരിതസ്ഥിതിയിൽ നൽകുന്ന ദാനമാണ് ഏററവും പുണ്യകരം. അന്നേരം നീ ദാനത്തെ പിന്നിലേക്ക് നീക്കി വെക്കരുത്. അങ്ങനെ ജീവിതം തൊണ്ടക്കുഴിയിൽ എത്തുന്ന നേരം നീ പറയും. ഇത്ര ഇന്നവന്നു കൊടുക്കണം. ഇത്ര ഇന്നവന് കൊടുക്കണം എന്നെല്ലാം. യഥാർത്ഥത്തിലോ ആ ധനം ആ ഘട്ടത്തിൽ ഇന്നവന്റെതായിക്കഴിഞ്ഞിരിക്കുകയാണ്. (ബുഖാരി. 2. 24. 500)

1155. ആയിശ(റ) നിവേദനം: നബി(സ)യുടെ ഭാര്യമാരിൽ ചിലർ നബി(സ)യോട് ചോദിച്ചു: ഞങ്ങളിൽ ആരാണ് ഏററവുമാദ്യം (പരലോകത്ത്)താങ്കളെ സമീപിക്കുക. നബി(സ) അരുളി: നിങ്ങളിൽ കൈ നീളം കൂടിയ ആൾ. പിന്നീട് നബി(സ)യുടെ പത്നിമാർ ഒരു മുളക്കഷ്ണമെടുത്ത് കൈ അളക്കാൻ തുടങ്ങി. സൗദയായിരുന്നു കൈ ഏററവും നീളമുള്ള സ്ത്രീ. കൈ നീളം കൂടിയവൾ എന്ന് നബി(സ) പറഞ്ഞതിന്റെ വിവക്ഷ അവൾ കൂടുതൽ ദാനധർമ്മം ചെയ്തിരുന്നുവെന്നാണെന്ന് ശേഷം ഞങ്ങൾ ഗ്രഹിച്ചു. സൗദയാണ് ഏററവും വേഗം നബി(സ)യെ പിൻതുടർന്നത്. അവർ ദാനധർമ്മം കൂടുതൽ ഇഷ്ടപ്പെട്ടിരുന്നു. (ബുഖാരി. 2. 24. 501)

1156. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: ഞാൻ ഇന്ന് ഒരു ദാനധർമ്മം ചെയ്യുമെന്ന് ഒരാൾ പറഞ്ഞു. തന്റെ ദാനവുമായി അയാൾ പുറപ്പെട്ടു. ഒരു കള്ളന്റെ കയ്യിലാണ് അദ്ദേഹം അത് വെച്ചത്. പ്രഭാതത്തിൽ ആളുകൾ പറഞ്ഞു. ഒരു കള്ളന് ദാനം ചെയ്തുവെന്ന് അയാൾ പറഞ്ഞു: അല്ലാഹുവേ! നിനക്ക് സ്തുതി. നിശ്ചയം

ഞാനിന്നും മറ്റൊരു ദാനം ചെയ്യും. ദാനവസ്തുവുമായി അയാൾ പുറപ്പെട്ടു. അതു ഒരു വ്യഭിചാരിണിക്കാണ് നൽകിയത്. പിറേറന്ന് ജനങ്ങൾ പറഞ്ഞു: വ്യഭിചാരിണിക്ക് ദാനം ചെയ്തുവെന്ന്. അയാൾ പറഞ്ഞു: അല്ലാഹുവേ! നിനക്ക് സർവ്വ സ്തുതിയും. ഞാനിന്നും ഒരു ദാനം തീർച്ചയായും ചെയ്യുന്നതാണ്. ദാനവസ്തുവുമായി അയാൾ പുറപ്പെട്ടു. അതു ഒരു ധനികന്റെ കൈയിലാണ് നിക്ഷേപിച്ചത്. ധനികന് ദാനം ചെയ്തുവെന്ന് പിറേറന്ന് ജനങ്ങൾ പറഞ്ഞു. അയാൾ പറഞ്ഞു: അല്ലാഹുവേ! കള്ളനും, വ്യഭിചാരിണിക്കും ധനികനും ദാനം ചെയ്യാൻ കഴിഞ്ഞതിൽ നിനക്ക് സ്തുതി. അപ്പോൾ(അല്ലാഹുവിങ്കൽ നിന്ന്) ഒരാൾ പറഞ്ഞു: താങ്കൾ കള്ളന് കൊടുത്ത ദാനം മൂലം കളവിൽ നിന്നും അയാൾ വിരമിക്കാനിടയുണ്ട്. വ്യഭിചാരിണി വ്യഭിചാരത്തിൽ നിന്നും വിരമിച്ചേക്കാം. ധനികനാവട്ടെ, താങ്കളുടെ ദാനത്തിൽ നിന്ന് ഗുണപാഠം പഠിച്ച് അല്ലാഹു നൽകിയ ധനത്തിൽ നിന്ന് ദാനം ചെയ്യാൻ സാധ്യതയുണ്ട്. (ബുഖാരി. 2. 24. 502)

1157. മഅ്നു(റ) നിവേദനം: ഞാനും എന്റെ പിതാവും പിതാമഹനും നബി(സ) യുമായി പ്രതിജ്ഞ ചെയ്തിരുന്നു. നബി(സ) യാണ് എനിക്ക് വിവാഹലോചന നടത്തി വിവാഹം ചെയ്തുതന്നതും. ഞാൻ ഒരിക്കൽ നബി(സ)യുടെ അടുത്ത് ആവലാതി ബോധിപ്പിച്ചു. എന്റെ പിതാവ് കുറെ സ്വർണ്ണനാണയം ദാനം ചെയ്യാനായി പള്ളിയിലുള്ള ഒരാളുടെയടുക്കൽ കൊടുത്തു. ഞാൻ അയാളോട് അതു വാങ്ങി എന്റെ പിതാവിന്റെയടുക്കൽ വന്നു. എന്റെ പിതാവ് പറഞ്ഞു: അല്ലാഹു സത്യം! ഞാൻ നിനക്ക് തരാൻ ഉദ്ദേശിച്ചിട്ടില്ല. അപ്പോഴാണ് ഞാൻ നബി(സ)യോട് ആവലാതി പറഞ്ഞത്. അവിടുന്ന് അരുളി: യസീദ്! നിനക്ക് നിന്റെ ഉപദേശമനുസരിച്ച് പ്രതിഫലം കിട്ടും. മഅ്നേ! നിനക്ക് ലഭിച്ചത് നീ എടുത്തുകൊള്ളുക. (ബുഖാരി. 2. 24. 503)

1158. ആയിശ(റ) നിവേദനം: നബി(സ) അരുളി: ഒരു സ്ത്രീ അവളുടെ വീട്ടിലെ ആഹാര പദാർത്ഥങ്ങളിൽ നിന്ന് നശിപ്പിക്കണമെന്ന ദുരുദ്ദേശ്യം ഇല്ലാതെ ദാനം ചെയ്താൽ ദാനം ചെയ്തതിന്റെ പ്രതിഫലം അവൾക്കുണ്ട്. അധ്വാനിച്ചുണ്ടാക്കിയതിന്റെ പ്രതിഫലം അവളുടെ ഭർത്താവിനും അതുപോലുള്ള പ്രതിഫലം അതിന്റെ കാവൽക്കാരനും ലഭിക്കും. അവരിൽ ആർക്കും മറേറയാൾക്ക് കൊടുത്തതു കാരണം പ്രതിഫലം ചുരുങ്ങുകയില്ല. (ബുഖാരി. 2. 24. 506)

1159. ഹക്കീം(റ) നിവേദനം: നബി(സ) അരുളി: മേലെ കയ്യാണ് താഴെ കയ്യിനേക്കാൾ ഉത്തമം. ആദ്യമായി നിന്റെ പരിപാലനത്തിൻ കീഴിലുള്ളവർക്ക് നീ ദാനം ചെയ്യുക. മന:സംതൃപ്തിയോടു കൂടി നൽകുന്ന ദാനമാണ് ഏററവും ഉത്തമം. വല്ലവരും അന്യരോട് ധനസഹായം ആവശ്യപ്പെടാതെ അകന്നു നിന്നാൽ അല്ലാഹു അവനെ ഐശ്വര്യവാനാക്കും. വല്ലവനും പരാശ്രയരഹിതനായി ജീവിക്കാനുദ്ദേശിച്ചാൽ അല്ലാഹു അവനെ പരാശ്രയ രഹിതനാക്കും. (ബുഖാരി. 2. 24. 508)

1160. ഇബ്നു ഉമർ(റ) നിവേദനം: നബി(സ) മിമ്പറിൽ നിന്ന് പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ ദാനത്തെയും അഭിമാനബോധത്തോടെ മററുള്ളവരോട് ചോദിക്കാതെ ഒഴിഞ്ഞു മാറിനിൽക്കുന്നതിനെയും യാചനയേയും കുറിച്ച് പ്രസ്താവിച്ചു. അവിടുന്നു പറഞ്ഞു: മേലെ കയ്യാണ് താഴെ കയ്യിനേക്കാൾ ഉത്തമം. മേലെ കൈ ദാനം ചെയ്യുന്നവനും താഴെ കൈ അതു വാങ്ങുന്നതുമാണ്. (ബുഖാരി. 2. 24. 509)

1161. അബൂമൂസാ(റ) നിവേദനം: നബി(സ)യുടെ അടുക്കൽ വല്ല യാചകനും വരികയോ ആരെങ്കിലും എന്തെങ്കിലും സഹായമാവശ്യപ്പെടുകയോ ചെയ്താൽ അവിടുന്ന് അരുളും: നിങ്ങൾ മററുള്ളവരോട് ശുപാർശ ചെയ്യുവീൻ. നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടും. അല്ലാഹു ഉദ്ദേശിച്ചത് അവന്റെ പ്രവാചകന്റെ നാവിലൂടെ അവൻ വിധിക്കും. (ബുഖാരി. 2. 24. 512)

1162. അസ്മാഅ്(റ) നിവേദനം: നബി(സ) എന്നോട് പറഞ്ഞു; സമ്പത്തു സൂക്ഷിച്ച് പാത്രത്തിന്റെ വായ നീ കെട്ടിവെക്കരുത്. അങ്ങിനെ ചെയ്യുന്ന പക്ഷം തന്റെ പാത്രത്തിന്റെ വായ നിനക്കെതിരായി അല്ലാഹുവും കെട്ടി വെക്കും. നീ ധനം എണ്ണിക്കണക്കാക്കി വെക്കരുത്. നിനക്കെതിരിൽ അല്ലാഹുവും എണ്ണിക്കണക്കാക്കി വെച്ചുകളയും. (ബുഖാരി. 2. 24. 513)

1163. അസ്മാഅ്(റ) നിവേദനം: നബി(സ)യുടെ സന്നിധിയിൽ അവർ വന്നപ്പോൾ നബി(സ) അവരോട് പറഞ്ഞു: നീ ധനം പാത്രത്തിൽ ആക്കി കെട്ടിവെക്കരുത്. അപ്പോൾ അല്ലാഹുവും തന്റ പാത്രത്തിന്റെ വായ നിനക്കെതിരായി കെട്ടി വെക്കും. കഴിവുള്ളത്ര ദാനം നീ ചെയ്തുകൊള്ളുക. (ബുഖാരി. 2. 24. 515)

1164. ഹക്കീം(റ) നിവേദനം: അദ്ദേഹം നബി(സ)യോട് ചോദിച്ചു. പ്രവാചകരേ! ഞാൻ അജ്ഞാനകാലത്ത് പുണ്യകർമ്മമെന്ന നിലക്ക് ദാനം ചെയ്യുകയും അടിമകളെ മോചിപ്പിക്കുകയും കുടുംബബന്ധം പുലർത്തുകയും ചെയ്യാറുണ്ടായിരുന്നു. എനിക്ക് അതിന് പ്രതിഫലം ലഭിക്കുമോ? അപ്പോൾ നബി(സ) പറഞ്ഞു: മുമ്പ് നിർവ്വഹിച്ച പുണ്യകർമ്മങ്ങളോടുകൂടിയിട്ടു തന്നെയാണ് നീ ഇസ്ലാമിൽ പ്രവേശിച്ചിരിക്കുന്നത്. (ബുഖാരി. 2. 24. 517)

1165. ആയിശ(റ) നിവേദനം: നബി(സ) അരുളി: ദുർവ്യയം ചെയ്യാത്ത നിലക്ക് ഒരു സ്ത്രീ തന്റെ ഭർത്താവിന്റെ ധനത്തിൽ നിന്നും ദാനം ചെയ്താൽ അവൾക്ക് അതിന്റെ പ്രതിഫലമുണ്ട്. അവളുടെ ഭർത്താവിന് സമ്പാദിച്ചതിന്റെ പ്രതിഫലമുണ്ട്. ഭൃത്യനും അതുപോലെ പ്രതിഫലമുണ്ട്. (ബുഖാരി. 2. 24. 518)

1166. അബൂമൂസ(റ) നിവേദനം: നബി(സ) അരുളി: വിശ്വസ്ഥനും ഏതു ധനം ആർക്ക് കൊടുക്കുവാൻ വേണ്ടി തന്നോട് കൽപ്പിച്ചിട്ടുണ്ടോ അത് പരിപൂർണ്ണമായും മനഃസംതൃപ്തിയോട് കൂടിയും വിട്ടുകൊടുക്കുന്നവനും ആയ മുസ്ലീം ഖജാഞ്ചി ആ ധനം ദാനധർമ്മം ചെയ്യുന്ന അതിന്റെ ഉടമസ്ഥനോടൊപ്പം പ്രതിഫലത്തിൽ പങ്കാളിയാണ്. (ബുഖാരി. 2. 24. 519)

1167. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: ഓരോ ദിവസവും മനുഷ്യന്മാർ പ്രഭാതത്തിൽ പ്രവേശിക്കുമ്പോൾ രണ്ടു മലക്കുകൾ ഭൂമിയിലേക്ക് ഇറങ്ങി വന്ന് ഇപ്രകാരം പ്രാർത്ഥിക്കാൻ തുടങ്ങും. അവരിലൊരാൾ പ്രാർത്ഥിക്കും. അല്ലാഹുവേ! ദാനധർമ്മം ചെയ്യുന്നവന് നീ പകരം നൽകേണമേ! മററേ മലക്ക് പ്രാർത്ഥിക്കും: അല്ലാഹുവേ! പിശുക്കന്ന് നീ നാശം വരുത്തിവെക്കേണമെ! (ബുഖാരി. 2. 24. 522)

1168. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: പിശുക്കന്റെയും ദാനം ചെയ്യുന്നവന്റെയും ഉപമ രണ്ടു മനുഷ്യന്മാരെപ്പോലെയാണ്. അവർ ഇരുമ്പിന്റെ ഓരോ ജൂബ്ബ ധരിച്ചിട്ടുണ്ട്. ആ ജൂബ്ബ രണ്ടും അവരുടെ മുല മുതൽ കഴുത്തില് എല്ല് വരേയുണ്ട്. ദാനശീലമുള്ളവൻ ദാനം ചെയ്യുമ്പോഴെല്ലാം ആ ജൂബ്ബ വലിഞ്ഞു നീണ്ടിട്ട് അവന്റെ ശരീരമാകെ മൂടും. അവന്റെ കൈവിരലുകളുടെ അററങ്ങൾ പോലും കുപ്പായത്തിനുള്ളിലാവും. ഭൂമിയിൽ പതിഞ്ഞു അവന്റെ കാലടികൾ ഈ കുപ്പായം ഭൂമിയിലൂടെ വലിച്ചിഴച്ച് കൊണ്ടുപോവുക കാരണം മാഞ്ഞ് പോകും. എന്നാൽ പിശുക്കൻ വല്ലതും ചിലവ് ചെയ്യാനുദ്ദേശിക്കുന്ന പക്ഷം അവന്റെ ജൂബയുടെ ഒരു കണ്ണിയും അവയുടെ സ്ഥാനങ്ങളിലേക്ക് ചേർന്ന് ഒട്ടിപ്പിടിച്ച് നിൽക്കും. അവൻ കുപ്പായം വലിച്ച് നീട്ടി വികസിപ്പിക്കാനൊരുങ്ങും. പക്ഷെ അത് വികസിക്കുകയില്ല. (ബുഖാരി. 2. 24. 523)

1169. സഈദ്(റ) തന്റെ പിതാമഹനിൽ നിന്ന്(അബൂമൂസ) നിവേദനം ചെയ്യുന്നു. നബി(സ) അരുളി; സർവ്വ മുസ്ലീംകളും സക്കാത്തു കൊടുക്കേണ്ടതുണ്ട്. അനുചരന്മാർ ചോദിച്ചു: അല്ലാഹുവിന്റെ പ്രവാചകരേ! അതിന് കഴിവില്ലെങ്കിലോ?

നബി(സ) പ്രത്യുത്തരം നൽകി: അവർ സ്വന്തം കൈകൊണ്ട് ജോലി ചെയ്യണം. എന്നിട്ട് തന്റെ ദേഹത്തെ ശുശ്രൂഷിക്കണം. മററുള്ളവർക്ക് ദാനം ചെയ്യുകയും വേണം. അതിനും സാധ്യമായില്ലെങ്കിലോ അന്ന് അവർ വീണ്ടും ചോദിച്ചു: നബി(സ) അരുളി. ആപത്തു ബാധിച്ചു ദുരിതമനുഭവിക്കുന്നവരെ അവൻ സഹായിക്കട്ടെ അതിനും കഴിവില്ലെങ്കിലോ? അനുചരന്മാർ വീണ്ടും ചോദിച്ചു: നബി(സ) അരുളി. അവൻ നന്മ പ്രവർത്തിക്കുകയും തിന്മയെ സൂക്ഷിച്ച് അകന്നു നിൽക്കുകയും ചെയ്യട്ടെ. നിശ്ചയം അത് അന് ദാനധർമ്മമാണ്. (ബുഖാരി. 2. 24. 524)

1170. ഉമ്മു അതിയ്യ(റ) നിവേദനം: അൻസാരി വനിത നുസൈബക്ക്(റ) നബി(സ) സക്കാത്തിന്റെ ഓഹരിയിൽ നിന്ന് ഒരാടിനെ കൊടുത്തയച്ചു. ആ ആടിനെ അറുത്തു അതിൽ നിന്ന് അൽപം അവർ ആയിശ(റ) ക്ക് കൊടുത്തയച്ചു. നബി(സ) പ്രവേശിച്ചുകൊണ്ട് ഇപ്രകാരം ചോദിച്ചു: നിങ്ങളുടെയടുക്കൽ ആഹാരം വല്ലതുമുണ്ടോ? ആയിശ(റ) പറഞ്ഞു: ഇല്ല. സക്കാത്തുവകയിൽ നുസൈബക്ക് കിട്ടിയ ആടിന്റെ മാംസത്തിൽ അൽപം അവൾ കൊടുത്തയച്ചത് മാത്രമുണ്ട്. നബി(സ) പറഞ്ഞു: അത് കൊണ്ടുവരിക. സക്കാത്തു അതിന്റെ സ്ഥാനത്തെത്തിക്കഴിഞ്ഞു. (ബുഖാരി. 2. 24. 525)

1171. അബൂസഈദ്(റ) നിവദേനം: ഒട്ടകത്തിൽ അഞ്ചിന് താഴെയുള്ളതിന് സക്കാത്തില്ല. വെള്ളിക്ക് അഞ്ച് ഊഖിയ്യ: താഴെയുള്ളതിന് സക്കാത്തില്ല. ധാന്യത്തിൽ അഞ്ച് ഔസ്ഖ് താഴേയുള്ളതിന് സക്കാത്തില്ല. (ബുഖാരി. 2. 24. 526)

1172. അനസ്(റ) പറയുന്നു: അല്ലാഹുവിന്റെയും റസൂലിന്റേയും കൽപ്പന അബൂബക്കർ(റ) അനസിന് എഴുതി അയച്ചു. ഒരുത്തന്റെ സക്കാത്തിൽ ഒരു വയസ്സുള്ള പെണ്ണൊട്ടകം നൽകേണ്ട ഘട്ടമെത്തി. അവന്റെയടുക്കൽ അതില്ല. രണ്ടു വയസ്സുള്ള പെണ്ണൊട്ടകമുണ്ട് താനും എങ്കിൽ അതു വാങ്ങാം. പക്ഷെ സക്കാത്ത് പിരിച്ചെടുക്കുന്നവൻ ഇരുപത് ദിർഹമോ രണ്ടാടോ അവന് നഷ്ടപരിഹാരമായി കൊടുക്കണം. ഇനി കൊടുക്കാൻ പററിയ ഒരു വയസ്സ് പ്രായമായ പെണ്ണൊട്ടകം അവന്റെ കൈയിലില്ല. രണ്ടു വയസ്സായ ഒരു ആണൊട്ടകം മാത്രമേയുള്ളൂ. എങ്കിൽ അതവനിൽ നിന്ന് സ്വീകരിക്കാം. കൂടുതലൊന്നും വാങ്ങേണ്ടതില്ല. (ബുഖാരി. 2. 24. 528)

1173. അനസ്(റ) പറയുന്നു: നബി(സ) നിശ്ചയിച്ചതായി അബൂബക്കർ(റ) അനസിനെഴുതിയ കത്തിൽ ഇതുകൂടി ഉണ്ടായിരുന്നു. സക്കാത്ത് ഭയന്നിട്ട് വേർപ്പെട്ടു കിടക്കുന്ന ധനം ഒന്നായി കണക്ക് കൂട്ടുവാനോ ഒന്നായിക്കിടക്കുന്ന ധനം വേർപ്പെടുത്തിക്കൊണ്ട് കണക്കാക്കുവാനോ പാടില്ല. (ബുഖാരി. 2. 24. 530)

1174. അനസ്(റ) പറയുന്നു: അബൂബക്കർ(റ) നബി(സ) നിശ്ചയിച്ചതായി അനസിന്നെഴുതിയ കത്തിൽ ഇപ്രകാരം കൂടിയുണ്ട്. രണ്ടു പങ്കാളികളുടേതാണ് ധനമെങ്കിൽ രണ്ടുപേരും സക്കാത്തിന്റെ ബാധ്യത തുല്യനിലക്ക് വഹിക്കണം. (ബുഖാരി. 2. 24. 531)

1175. അബൂസഈദ്(റ) നിവേദനം: ഒരു ഗ്രാമീണൻ പ്രവാചകന്റെ അടുത്തു വന്ന് ഹിജ്റക്ക് അനുവാദം ചോദിച്ചു. നബി(സ) പറഞ്ഞു. നിനക്ക് നാശം! നിശ്ചയം അതിന്റെ പ്രശ്നം വിഷമകരമായതാണ്. നിനക്ക് സക്കാത്ത് കൊടുക്കുവാൻ മാത്രം ഒട്ടകമുണ്ടോ? അതെ, അയാൾ മറുപടി പറഞ്ഞു: അപ്പോൾ നബി(സ) പ്രത്യുത്തരം നൽകി. നീ കടലിനപ്പുറം പോയി സൽകർമ്മം ചെയ്താലും നിന്റെ കർമ്മങ്ങൾക്കുള്ള പ്രതിഫലത്തിൽ ഒരു കുറവും അല്ലാഹു വരുത്തുകയില്ല. (ബുഖാരി. 2. 24. 532)

1176. അനസ്(റ) പറയുന്നു: അല്ലാഹുവും അവന്റെ ദൂതനും നിശ്ചയിച്ച സക്കാത്തിന്റെ വിധി അബൂ ബക്കർ(റ) അനസിന് എഴുതി അയച്ചു. അതിൽ ഇപ്രകാരം

ഉണ്ടായിരുന്നു. ഒരാളുടെ ഒട്ടകത്തിന് നാല് വയസ്സുള്ള പെണ്ണൊട്ടകത്തെ സകാത്ത് കൊടുക്കേണ്ട നിലപാടെത്തി. അവന്റെ പക്കൽ അതില്ല. മൂന്ന് വയസ്സുള്ള പെണ്ണൊട്ടകം മാത്രമാണുള്ളത്. എങ്കിൽ അതവന്റെ പക്കൽ നിന്ന് സ്വീകരിക്കാം. അതോടൊപ്പം അവന് സാധിക്കുമെങ്കിൽ രണ്ടാടുകൂടി അവൻ കൊടുക്കേണ്ടതുണ്ട്. ഇല്ലെങ്കിൽ ഇരുപതു ദിർഹം. മൂന്നു വയസ്സുള്ള ഒരു പെണ്ണൊട്ടകം സക്കാത്തിൽ കൊടുക്കേണ്ട ഘട്ടം ഒരാൾക്കെത്തി. അവന്റെ പക്കൽ ആ ഒട്ടകം ഇല്ല. ഉള്ളത് നാല് വയസ്സുള്ള പെണ്ണൊട്ടകം മാത്രമാണ്. എങ്കിൽ അത് സ്വീകരിച്ച് സക്കാത്ത് പിരിച്ചെടുക്കുന്നവൻ ഇരുപത് ദിർഹം അങ്ങോട്ട് കൊടുക്കണം അല്ലെങ്കിൽ രണ്ടാടുകൾ. മൂന്ന് വയസ്സുള്ള പെണ്ണൊട്ടകം സക്കാത്ത് കൊടുക്കേണ്ട ഘട്ടം ഒരാൾക്കെത്തി. അവന്റെ പക്കൽ ആ ഒട്ടകമില്ല. ഉള്ളത് രണ്ടു വയസ്സുള്ള പെണ്ണൊട്ടകമാണ്. എങ്കിൽ അത് സ്വീകരിക്കാം. അതോടൊപ്പം രണ്ടാട് അല്ലെങ്കിൽ ഇരുപത് ദിർഹം അവൻ കൊടുക്കണം. (ബുഖാരി. 2. 24. 533)

1177. അനസ്(റ) നിവേദനം: അബൂബക്കർ(റ) അനസ്(റ) നെ ബഹ്റൈനിലേക്ക് ഭരണാധികാരിയായി അയച്ചപ്പോൾ ഈ കൽപ്പന എഴുതിക്കൊടുത്തു. പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ. ഇത് മുസ്ലിംകളുടെ മേൽ അല്ലാഹുവിന്റെ ദൂതൻ നിശ്ചയിച്ചുകൊടുത്ത സക്കാത്തിന്റെ നിർബന്ധവിധിയാണ്. അതുകൊണ്ട് മുസ്ലിംകളിലാരോടെങ്കിലും ഈ തോതനുസരിച്ച് സക്കാത്താവശ്യപ്പെട്ടാൽ അവരത് കൊടുക്കട്ടെ. അതിന്നപ്പുറം ആവശ്യപ്പെട്ടാൽ കൊടുക്കാതിരിക്കുകയും ചെയ്യട്ടെ. ഇരുപത്തിനാലെണ്ണം വരെ വരുന്ന ഒട്ടകത്തിന് സക്കാത്തായി കൊടുക്കേണ്ടത് ആടാണ്. അഞ്ച് ഒട്ടകത്തിന് ഒരാടെന്ന തോതിൽ. ഇരുപത്തഞ്ച് മുതൽ മുപ്പത്തഞ്ച് വരെ വരുന്ന ഒട്ടകത്തിന് ഒരു വയസ്സ് പ്രായമുള്ള ഒരു പെണ്ണൊട്ടകക്കിടാവ് കൊടുക്കണം. മുപ്പത്താറു മുതൽ അറുപതു വരെ എണ്ണം ഒട്ടകത്തിന് മൂന്ന് വയസ്സുള്ളതും ആണൊട്ടകത്തിന് ചവിട്ടാൻ പററിയതുമായ ഒരു പെണ്ണൊട്ടകത്തെ കൊടുക്കണം. അറുപത്തൊന്നു മുതൽ എഴുപത്തഞ്ച് വരെ വരുന്ന ഒട്ടകത്തിന് നാല് വയസ്സ് പ്രായമായ ഒരു പെണ്ണൊട്ടകം നൽകണം. എഴുപത്താറു മുതൽ തൊണ്ണൂറ് വരെ എണ്ണം വരുന്ന ഒട്ടകത്തിന് രണ്ടു വയസ്സ് പ്രായമുള്ള രണ്ടു പെണ്ണൊട്ടകക്കിടാവുകളെ നൽകണം. തൊണ്ണൂററൊന്നു മുതൽ നൂററിരുപതു വരെ എണ്ണം വരുന്ന ഒട്ടകത്തിന് മൂന്ന് വയസ്സുവരെ പ്രായമുള്ളതും ആണൊട്ടകത്തിന് ചവിട്ടാൻ പററിയതുമായ രണ്ടു പെണ്ണൊട്ടകത്തെ കൊടുക്കണം. 120ൽ വർദ്ധിച്ച എണ്ണം ഒട്ടകമുള്ളവർ ഓരോ നാൽപ്പതെണ്ണത്തിനും രണ്ടു വയസ്സ് പ്രായമായ ഓരോ പെണ്ണൊട്ടകവും ഓരോ അമ്പതെണ്ണത്തിനും മൂന്നു വയസ്സ് പ്രായമായ ഓരോ പെണ്ണൊട്ടകം വീതവും നൽകണം. ഒരാൾക്ക് നാലൊട്ടകം മാത്രമെ ഉള്ളുവെങ്കിൽ അതിന് സക്കാത്തില്ല തന്നെ. അതിന്റെ ഉടമസ്ഥൻ ഉദ്ദേശിക്കുകയാണെങ്കിൽ കൊടുക്കാം. അഞ്ചൊട്ടകം തികഞ്ഞാൽ അവർക്ക് സക്കാത്തായി ഒരാടിനെ നൽകണം. നാൽപത് മുതൽ നൂററിരുപത് വരെ എണ്ണം വരുന്ന ആടുകൾക്ക് – അവ മേഞ്ഞു തിന്നുന്നവയാണെങ്കിൽ – ഒരാട് നൽകണം. നൂററിരുപത് മുതൽ ഇരുനൂറ് വരെ എണ്ണം വരുന്ന ആടുകൾക്ക് രണ്ടാട് കൊടുക്കണം. ഇരുനൂറ് മുതൽ മുന്നൂറ് വരെ എണ്ണം വരുന്ന ആടുകൾക്ക് മൂന്ന് ആട് വീതം കൊടുക്കണം. മുന്നൂറിൽ വർദ്ധിച്ച എണ്ണം ഉണ്ടായാൽ ഓരോ നൂറിനും ഓരോ ആടുവീതം നൽകണം. മേഞ്ഞു തിന്നുന്ന ആടുകൾ നാൽപ്പതിൽ കുറവാണെങ്കിൽ അവക്ക് സക്കാത്ത് കൊടുക്കേണ്ടതില്ല. അതിന്റെ ഉടമസ്ഥൻ ഉദ്ദേശിച്ചാൽ ഒഴികെ. വെള്ളിയുടെ സക്കാത്ത് രണ്ടര ശതമാനമാണ്. നൂററിതൊണ്ണൂറ് ദിർഹം മാത്രമേയുള്ളുവെങ്കിലോ അതിന് സക്കാത്ത് കൊടുക്കേണ്ടതില്ല. ഉടമസ്ഥൻ ഉദ്ദേശിക്കുന്നുവെങ്കിൽ കൊടുക്കാം. (ബുഖാരി. 2. 24. 534)

1178. അനസ്(റ) നിവേദനം: അല്ലാഹുവും നബി(സ)യുടെ കൽപ്പിച്ചത് അബൂബക്കർ അനസിന് എഴുതിക്കൊടുത്തതിൽ ഇപ്രകാരം ഉണ്ടായിരുന്നു. വയസ്സ് കൂടിയതും

അംഗവൈകല്യമുള്ളതുമായ മൃഗങ്ങളും മുട്ടാടും സക്കാത്തായി കൊടുക്കരുത്. സക്കാത്ത് പിരിക്കുന്നവൻ അത് ഇഷ്ടപ്പെടുകയാണെങ്കിൽ വിരോധമില്ല. (ബുഖാരി. 2. 24. 535)

1179. അബൂഹുറൈറ(റ) നിവേദനം: അബൂബക്കർ(റ) പറഞ്ഞു: അല്ലാഹു സത്യം! നബി(സ)ക്ക് അവർ നൽകിയിരുന്ന ഒരു ആട്ടിൻ കുട്ടിയെങ്കിലും എനിക്ക് തരാൻ വിസമ്മതിച്ചാൽ ഞാൻ അതിന്റെ പേരിൽ അവരോട് യുദ്ധം ചെയ്യും. ഉമർ(റ) പറയുന്നു: അബൂബക്കറിന്റെ ഹൃദയത്തിന് അല്ലാഹു വിശാലത നൽകിയതാണ്. ഇപ്രകാരം പ്രഖ്യാപിക്കുവാൻ കാരണമെന്ന് ഞാൻ ദർശിക്കുന്നു. നിശ്ചയം അത് സത്യമായിരുന്നുവെന്ന് ഞാൻ ഗ്രഹിച്ചു. (ബുഖാരി. 2. 24. 536)

1180. ഇബ്നു അബ്ബാസ്(റ) നിവേദനം: നബി(സ) മുആദ്നെ യമനിലേക്ക്(ഗവർണ്ണറായി)നിയോഗിച്ചുകൊണ്ട് അദ്ദേഹത്തോട് അരുളി: ലാഇലാഹ ഇല്ലല്ലാഹു എന്നതിലേക്ക് ക്ഷണിക്കുക. അതവർ അനുസരിച്ചു കഴിഞ്ഞാൽ എല്ലാ ദിവസവും രാവും പകലുമായി അഞ്ച് നേരത്തെ നമസ്കാരം അല്ലാഹു നിർബന്ധമാക്കിയിരിക്കുന്നുവെന്ന് അവരെ അറിയിക്കുക. അതും അവർ അനുസരിച്ചാൽ അല്ലാഹു നിങ്ങളുടെ ധനത്തിൽ സകാത്തു നിർബന്ധമാക്കിയിട്ടുണ്ടെന്ന് അവരെ അറിയിക്കുക. ആ സക്കാത്തു അവരുടെ ധനികൻമാരിൽ നിന്ന് പിരിച്ചെടുത്തു അവരിൽ തന്നെയുള്ള അഗതികളിലേക്ക് തിരിച്ചു വിടുകയാണ് ചെയ്യേണ്ടത്. (ബുഖാരി. 2. 24. 537)

1181. അബൂദർറ്(റ) നിവേദനം: വല്ല മനുഷ്യനും അവന്റെ അടുത്തു ഒട്ടകം, പശു, ആട് എന്നിവയിൽ നിന്ന് ഏതെങ്കിലും ഒന്നു ഉണ്ടാവുകയും ശേഷം അതിന്റെ സകാത്ത് അവൻ നൽകാതിരിക്കുകയും ചെയ്താൽ അന്ത്യദിനത്തിൽ ആ മൃഗത്തെ ഏററവും വലിയതും തടിച്ചതുമായ രൂപം നൽകിക്കൊണ്ട് അവന്റെ അടുത്തു അതിനെ കൊണ്ടു വരും. ശേഷം അതിന്റെ കുളമ്പുകൾ കൊണ്ട് അതു അവനെ ചവിട്ടുകയും കൊമ്പുകൾ കൊണ്ട് കുത്തുകയും ചെയ്യും. അവസാനത്തേത് അവനെ വിട്ട് കടക്കുമ്പോൾ ആദ്യത്തേതിനെ മടക്കപ്പെടും. ജനങ്ങളുടെ ഇടയിൽ വിധിക്കപ്പെടുന്നത് വരെ. (ബുഖാരി. 2. 24. 539)

1182. അബൂസഈദ്(റ) നിവേദനം: നബി(സ) ഒരു ബലി പെരുന്നാൾ ദിവസം അല്ലെങ്കിൽ ഒരു ചെറിയ പെരുന്നാൾ ദിവസം മൈതാനത്തേക്കു പുറപ്പെട്ടു. നമസ്കാരത്തിൽ നിന്ന് വിരമിച്ചപ്പോൾ നബി(സ) ജനങ്ങളെ ഉപദേശിച്ചു. അവരോട് ദാനധർമ്മം ചെയ്യുവാൻ നിർദ്ദേശിച്ചു. അവിടുന്ന് അരുളി: അല്ലയോ ജനങ്ങളെ, നിങ്ങൾ ധർമ്മം ചെയ്യുവീൻ. നബി(സ) സ്ത്രീകളുടെ അടുത്തു ചെന്നു. എന്നിട്ടു സ്ത്രീ സമൂഹമേ! നിങ്ങളും ധർമ്മം ചെയ്യുവീൻ. നരകത്തിൽ നിങ്ങളെയും വർദ്ധിച്ച നിലക്ക് ഞാൻ ദർശിക്കുകയുണ്ടായി. അപ്പോൾ സ്ത്രീകൾ ചോദിച്ചു. പ്രവാചകരേ! എന്തുകൊണ്ടാണിത്? നബി(സ) പറഞ്ഞു: നിങ്ങൾ ശപിക്കുന്നതിനെ വർദ്ധിപ്പിക്കും. സഹവാസത്തെ നിഷേധിക്കുകയും ചെയ്യും. ബുദ്ധിയും ദീനും കുറഞ്ഞവരായിട്ടും ഉറച്ച മനസ്സുള്ള പുരുഷന്റെ മനസ്സിനെ നീക്കിക്കളയുവാൻ നിങ്ങളെക്കാൾ കഴിവുള്ള ഉറച്ച മനസ്സുള്ള മററാരുമില്ല. ശേഷം നബി(സ) പിരിഞ്ഞു പോയി. തന്റെ വീട്ടിൽ പ്രവേശിച്ചു. അപ്പോൾ ഇബ്നുമസ്ഊദിന്റെ ഭാര്യ സൈനബ നബി(സ)യുടെ മുന്നിൽ വരാൻ സമ്മതം ചോദിച്ചു. ചിലർ ഉണർത്തി: പ്രവാചകരേ! സൈനബ. ഇബ്നു മസ്ഊദിന്റെ ഭാര്യ എന്ന് ഒരാൾ പറഞ്ഞു. ശരി. അവൾക്കനുവാദം നൽകുവീൻ എന്ന് നബി(സ) പ്രത്യുത്തരം നൽകി. അപ്പോഴവർക്ക് അനുവാദം ലഭിച്ചു. അവൾ പറഞ്ഞു. നബി(സ) യേ! അങ്ങുന്ന് ഇന്ന് ദാനം ചെയ്യാൻ കൽപ്പിച്ചല്ലോ. എന്റെയടുക്കൽ ഒരാഭരണമുണ്ട്. ഞാനത് ദാനം ചെയ്യാനുദ്ദേശിക്കുന്നു. അപ്പോൾ ഇബ്നു മസ്ഊദ് ഇപ്രകാരം പറഞ്ഞു. നിന്റെ ദാനം വാങ്ങാൻ കൂടുതൽ അവകാശപ്പെട്ടവൻ ഞാനും പുത്രനുമാണ്. നബി(സ) അരുളി: ഇബ്നു മസ്ഊദ്

പറഞ്ഞത് ശരി തന്നെയാണ്. നിന്റെ ദാനം വാങ്ങാൻ ഏററവും അവകാശപ്പെട്ടവൻ നിന്റെ ഭർത്താവും മകനും തന്നെയാണ്. (ബുഖാരി. 2. 24. 541)

1183. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: ഒരു മുസ്ലിം തന്റെ കുതിരക്കും അടിമക്കും സക്കാത്ത് കൊടുക്കേണ്ടതില്ല. (ബുഖാരി. 2. 24. 542)

1184. അബൂസഈദ്(റ) നിവേദനം: നബി(സ) ഒരു ദിവസം മിമ്പറിന്മേൽ ഇരുന്നു. ഞങ്ങൾ അദ്ദേഹത്തിന്റെ ചുററും ഇരുന്നു. അങ്ങനെ തിരുമേനി(സ) അരുളി: എന്റെ കാലശേഷം നിങ്ങൾക്ക് ഞാൻ ഭയപ്പെടുന്നത് ഐഹികമായ ആർഭാടങ്ങളുടേയും അലങ്കാരങ്ങളുടേയും വാതിലുകൾ നിങ്ങളുടെ മുന്നിൽ തുറന്നു വെക്കപ്പെടുമോ എന്നതാണ്. അപ്പോൾ ഒരാൾ ചോദിച്ചു: പ്രവാചകരേ? നന്മയിൽ നിന്ന് തിന്മ ഉടലെടുക്കുമോ? നബി(സ) മൗനം പാലിച്ചു. സദസ്യരിൽ ചിലർ ആ മനുഷ്യനോട് ചോദിച്ചു. നിനക്കെന്തായിപ്പോയി. നീ ഇതാ നബി(സ)യോട് സംസാരിക്കുന്നു. നബി(സ) നിന്നോട് സംസാരിക്കുന്നില്ല താനും! നബി(സ)ക്ക് അല്ലാഹുവിങ്കൽ നിന്ന് സന്ദേശം ലഭിച്ചുകൊണ്ടിരിക്കുകയാണെന്ന് ഞങ്ങൾക്ക് തോന്നി. നബി(സ) തന്റെ ശരീരത്തിൽ നിന്ന് വിയർപ്പു തുടച്ചു നീക്കിയ ശേഷം ചോദിച്ചു. ചോദ്യകർത്താവ് എവിടെ? ചോദ്യകർത്താവിനെ നബി(സ) അഭിനന്ദിക്കുകയാണെന്ന് ഞങ്ങൾക്ക് തോന്നി. നബി(സ) അരുളി: നിശ്ചയം. നന്മയിൽ നിന്ന് തിന്മ ഉടലെടുക്കുകയില്ല. ഇതു ശരിതന്നെ. പക്ഷെ വസന്തകാലത്ത് മുളക്കുന്ന സസ്യങ്ങളിലും പുല്ലിലും നാൽക്കാലികൾക്ക് ജീവഹാനി വരുത്തുകയോ അവയെ രോഗത്തിലകപ്പെടുത്തുകയോ ചെയ്യുന്നവയുമുണ്ട്. ചില നാൽക്കാലികളെ അത്തരം വിപത്തുകളൊന്നും ബാധിക്കുകയില്ല. ആ നാൽക്കാലികൾ പച്ചപ്പുല്ലും സസ്യങ്ങളും വയറു നിറയെ തിന്നുന്നു. സൂര്യന്റെ മുമ്പിൽ നിന്നു വെയിൽ കൊണ്ടിട്ട് കാഷ്ടിക്കുകയും മൂത്രിക്കുകയും ചെയ്യുന്നു. വീണ്ടും അവ മേഞ്ഞു തിന്നുന്നു. നിശ്ചയം നിങ്ങളോർക്കണം. ഇതേ പ്രകാരം ഈ ധനം പച്ച പിടിച്ചതും മധുരമുള്ളതുമാണ്. അപ്പോൾ അഗതിക്കും അനാഥകുട്ടിക്കും വഴിയാത്രക്കാരനും കൊടുക്കുന്ന കാലത്തോളം മുസ്ലിമിന്റെ നല്ല കൂട്ടുകാരനാണ് സമ്പത്ത്. അല്ലെങ്കിൽ നബി(സ) ഇപ്രകാരം കൂടി പറഞ്ഞു. അന്യായമായ നിലയിൽ ധനം വല്ലവനും കരസ്ഥമാക്കിയാൽ അവന്റെ സ്ഥിതി തിന്നിട്ട് വയറു നിറയാത്തവനെപ്പോലെയാണ്. ആ ധനം പരലോകത്ത് അവന്നെതിരിൽ സാക്ഷി പറയാൻ ഹാജരാകും. (ബുഖാരി. 2. 24. 544)

1185. ഉമ്മുസല(റ) യുടെ പുത്രി സൈനബു നിവേദനം: ഞാൻ ചോദിച്ചു: പ്രവാചകരേ! അബുസലമയുടെ സന്താനങ്ങൾക്ക് ഞാൻ ദാനം ചെയ്താൽ എനിക്ക് പ്രതിഫലം ലഭിക്കുമോ? അവർ എന്റെയും സന്താനങ്ങളാണ്. നബി(സ) അരുളി: നീ അവർക്ക് വേണ്ടി ദാനം ചെയ്യുക. നീ ചിലവ് ചെയ്തതിന്റെ പ്രതിഫലം നിനക്ക് കിട്ടും. (ബുഖാരി. 2. 24. 546)

1186. അബൂഹുറൈറ(റ) നിവേദനം: നബി(സ) സക്കാത്തു പിരിച്ചെടുക്കാൻ കൽപ്പിച്ചു. അപ്പോൾ ഇബ്നുജമീൽ, ഖാലിദ്ബ്നു വലീദ്, അബ്ബാസ്ബ്നു അബ്ദിൽ മുത്തലിബ് എന്നിവർ സക്കാത്ത് കൊടുക്കുവാൻ വിസമ്മതിക്കുന്നുവെന്ന് നബിക്ക് ലഭിച്ചു. നബി(സ) പറഞ്ഞു: ഇബ്നു ജമീൽ മുമ്പൊരു അഗതിയായിരുന്നു. അല്ലാഹുവും അവന്റെ ദൂതനുമാണ് അദ്ദേഹത്തെ ധനികനാക്കിയത്. ആ വെറുപ്പാണ് അദ്ദേഹത്തിനുള്ളത്! ഖാലിദാണെങ്കിൽ അദ്ദേഹത്തോട് നിങ്ങൾ അനീതിയാണ് കാണിക്കുന്നത്. കാരണം അദ്ദേഹം തന്റെ കവചങ്ങളെയും യുദ്ധോപകരണങ്ങളേയും ദൈവമാർഗ്ഗത്തിൽ യുദ്ധം ചെയ്യാൻ ഉഴിഞ്ഞുവെച്ചിരിക്കുന്നു. അബ്ബാസാകട്ടെ ദൈവദൂതന്റെ പിതൃവ്യനാണ്. അതുകൊണ്ട് അദ്ദേഹം തന്റെ പേരിലുള്ള സാധാരണ സക്കാത്തു അത്രയും തുക വേറെയും നൽകണം. (ബുഖാരി. 2. 24. 547)

1187. അബൂസഈദ്(റ) നിവേദനം: അൻസാരികളിൽ പെട്ട ചിലർ നബി(സ)യോട് യാചിച്ചു. നബി(സ) അവർക്ക് ധർമ്മം നൽകി. വീണ്ടും അവർ യാചിച്ചു. അപ്പോഴും നബി(സ) അവർക്ക് കൊടുത്തു. വീണ്ടും അവർ യാചിച്ചു. നബി(സ) വീണ്ടും അവർക്ക് ധർമ്മം ചെയ്തു. അവസാനം നബി(സ)യുടെ അടുക്കലുണ്ടായിരുന്ന ധനം മുഴുവനും തീർന്നു. ശേഷം അവിടുന്ന് അരുളി: എന്റെയടുക്കൽ വല്ല ധനവുമുണ്ടെങ്കിൽ നിങ്ങൾക്ക് ഞാനത് സൂക്ഷിച്ചുവെക്കുകയില്ല. വല്ലവനും മററുള്ളവരോട് യാചിക്കാതെ അഭിമാനം പുലർത്തിക്കൊണ്ട് ജീവിച്ചാൽ അല്ലാഹു അവനെ പരിശുദ്ധനാക്കും. പരാശ്രയ രഹിതനായി ജീവിക്കാൻ ആഗ്രഹിച്ചാൽ അല്ലാഹു അവനെ പരാശ്രയ രഹിതനാക്കും. വല്ലവനും തന്റെ കഷ്ടപ്പാടുകൾ മനസ്സിൽ ഒതുക്കി നിർത്തിയാൽ അല്ലാഹു അവന് ആത്മനിയന്ത്രണശക്തി നൽകും. ക്ഷമയേക്കാൾ വിശാലവും ഉൽകൃഷ്ടവുമായ ഒരു ദാനം അല്ലാഹുവിൽ നിന്ന് ആർക്കും ലഭിക്കാനില്ല. (ബുഖാരി. 2. 24. 548)

1188. അബൂഹുറൈറ(റ) പറയുന്നു. നബി(സ) അരുളി: എന്റെ ആത്മാവിനെ നിയന്ത്രിക്കാൻ തന്നെ സത്യം. നിങ്ങളിൽ ഒരാൾ കയറെടുത്ത്(മലയിൽ കയറി) വിറക് വെട്ടി തന്റെ മുതുകിൽ ചുമന്നുകൊണ്ട് വരുന്നതാണ് മറെറാരു പുരുഷന്റെയടുക്കൽ ചെന്ന് യാചിക്കുന്നതിനേക്കാൾ ഉത്തമം. അവൻ ചോദിച്ചിട്ട് മനുഷ്യർ കൊടുക്കട്ടെ, കൊടുക്കാതിരിക്കട്ടെ രണ്ടാണെങ്കിലും ശരി. (ബുഖാരി. 2. 24. 549)

1189. സുബൈർ(റ) നിവേദനം: നബി(സ) അരുളി. നിങ്ങളിൽ ഒരാൾക്ക് തന്റെ കയറെടുത്ത് ഒരു വിറകുകെട്ട് തന്റെ മുതുകിൽ ചുമന്നുകൊണ്ട് വരികയും ശേഷം അത് വിൽക്കുകയും ചെയ്തു. തന്റെ അഭിമാനം വിൽക്കുന്നതിൽ നിന്ന് അല്ലാഹു അവനെ സംരക്ഷിച്ചു നിറുത്തുകയും ചെയ്യുന്നതാണ് മനുഷ്യരോട് യാചിക്കുന്നതിനേക്കാൾ ഉത്തമം. അവർ ചോദിച്ചിട്ട് അവൻ കൊടുക്കട്ടെ, കൊടുക്കാതിരിക്കട്ടെ. (ബുഖാരി. 2. 24. 550)

1190. ഹാക്കിം(റ) നിവേദനം: ഒരിക്കൽ ഞാൻ നബി(സ)യോട് ധനസഹായം ആവശ്യപ്പെട്ടു. അപ്പോൾ നബി(സ) എനിക്കതു തന്നു. ശേഷം വീണ്ടും ഞാൻ യാചിച്ചു. നബി(സ) അപ്പോഴും എനിക്ക് നൽകി. വീണ്ടും ഞാൻ യാചിച്ചു. അപ്പോഴും നബി(സ) എനിക്ക് നൽകി. ശേഷം നബി(സ) അരുളി: ഹക്കീം! ഈ ധനം പച്ച പിടിച്ചതും മാധുര്യമുള്ളതുമാണ്. വല്ലവനും പരോപകാരം ചെയ്യണമെന്ന ഉദ്ദേശത്തോടെ ധനം കരസ്ഥമാക്കിയാൽ അവന് അതിൽ നന്മയുണ്ടാകുന്നതാണ്. വല്ലവനും ധനത്തെ അത്യാഗ്രഹത്തോടെ കരസ്ഥമാക്കിയാൽ അവന് അതിൽ നന്മയുണ്ടാവില്ല. എത്ര തിന്നാലും വയറു നിറയാത്തവനെപ്പോലെ ആയിരിക്കും അവന്റെ അവസ്ഥ. മേലേക്കയ്യാണ് താഴെക്കയ്യിനേക്കാൾ ഉത്തമം. ഹക്കീം(റ) പറയുന്നു: അപ്പോൾ ഞാൻ പറഞ്ഞു: പ്രവാചകരേ! സത്യവുമായി താങ്കളെ സമീപിച്ചാൽ തന്നെയാണ് സത്യം. താങ്കൾക്ക് ശേഷം ഒരാളോടും ഞാൻ യാതൊന്നും വാങ്ങുകയില്ല. ഞാൻ ഇഹലോകവാസം വെടിയുന്നവരേക്കും. പിന്നീട് അബൂബക്കർ(റ) ഭരണാധികാരിയായപ്പോൾ വേതനം നൽകുവാൻ ഹക്കീമിനെ വിളിച്ചു. അപ്പോഴും ഹക്കീം അത് നിരസിച്ചു. ഉമർ(റ) ഇപ്രകാരം പറഞ്ഞു: തീർച്ചയായും മുസ്ലീം സമുദായമേ! ഹക്കീമിന്റെ മുമ്പിൽ അദ്ദേഹത്തിന്റെ അവകാശം ഞാൻ വെച്ചുകാട്ടി. അദ്ദേഹം അത് നിരസിക്കുകയാണുണ്ടായത്. ഈ യാഥാർത്ഥ്യത്തിന് ഞാനിതാ നിങ്ങളെ സാക്ഷി നിറുത്തുന്നു. ഹക്കീം നബി(സ)ക്ക് ശേഷം ഒരു മനുഷ്യന്റെ പക്കൽ നിന്നും ഒന്നും വാങ്ങിയിട്ടില്ല. അദ്ദേഹം മരിക്കുന്നതുവരേക്കും. (ബുഖാരി. 2. 24. 551)

1191. ഇബ്നു ഉമർ(റ) നിവേദനം: ഉമർ(റ) പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്. നബി(സ) എനിക്ക് ചില സമ്മാനങ്ങൾ (മുൻ ത്യാഗിവര്യന്മാർക്കുള്ള വേതനം) നൽകും. ഞാൻ പറയും. എന്നെക്കാൾ വലിയ ആവശ്യക്കാരന് കൊടുത്താലും. അപ്പോൾ നബി(സ)

അരുളും. നീ അതു സ്വീകരിക്കുക. മനസ്സിൽ അത്യാഗ്രഹമോ യാചിക്കുകയോ ചെയ്യാതെ വല്ല ധനവും നിങ്ങൾക്ക് കിട്ടിയാൽ അത് സ്വീകരിച്ചു കൊള്ളുക. അങ്ങനെ ലഭിക്കാത്ത ധനമാണെങ്കിലോ നിങ്ങൾ അതിന്റെ പിന്നാലെ നടക്കരുത്. (ബുഖാരി. 2. 24. 552)

1192. ഇബ്നു ഉമർ(റ) നിവേദനം: നബി(സ) അരുളി: ഒരു മനുഷ്യൻ ജനങ്ങളോട് യാചിച്ചുകൊണ്ടിരിക്കും. അങ്ങനെ പരലോകത്ത് അവൻ വരുമ്പോൾ അവന്റെ മുഖത്ത് മാംസത്തിന്റെ ഒരു ചെറിയ കഷ്ണം പോലും അവശേഷിക്കുകയില്ല. നബി(സ) അരുളി: പരലോകത്ത് തീർച്ചയായും സൂര്യൻ മനുഷ്യന്റെ അടുത്ത് വരും. വിയർപ്പ് ഒലിച്ച് അവന്റെ ചെവിയുടെ പകുതി വരെ പൊങ്ങി വരും. അവർ ആദം(അ)ന്റെയും മൂസാ(അ)യുടെയും പിന്നീട് മുഹമ്മദ്(സ)യുടെയും അടുത്ത് വന്ന് സഹായം തേടും. അങ്ങനെ വിധി നടപ്പാക്കുവാൻ അദ്ദേഹം ശുപാർശ ചെയ്യും. അവിടുന്ന് നടന്ന് സ്വർഗ്ഗവാതിലിന്റെ വട്ടക്കണ്ണി പിടിക്കും. ആ ദിവസം അല്ലാഹു നബിയെ സ്തുത്യർഹമായ സ്ഥാനത്ത് നിയോഗിക്കും. എല്ലാവരും അദ്ദേഹത്തെ പ്രശംസിക്കും. (ബുഖാരി. 2. 24. 553)

1193. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: ഒന്നോ രണ്ടോ പിടി ആഹാരമോ മറേറാ ലഭിച്ചാൽ തിരിച്ചുപോകാൻ സന്നദ്ധനായികൊണ്ട് ആളുകൾക്കിടയിൽ ചുററി നടക്കുന്നവനല്ല മിസ്കീൻ. പിന്നെയോ പരാശ്രയമില്ലാതെ ജീവിക്കാൻ വകയില്ല. ജനങ്ങളോട് അവൻ തീരെ ചോദിക്കുകയുമില്ല. അവനാണ്. (ബുഖാരി. 2. 24. 554)

1194. മുഅവിയ്യ:(റ) നിവേദനം: അദ്ദേഹം മുഗീറ(റ) ക്ക് താൻ നബി(സ) യിൽ നിന്ന് കേട്ടതായ ചിലത് എഴുതി അയയ്ക്കുവാൻ കത്തെഴുതി. അപ്പോൾ അദ്ദേഹം ഇപ്രകാരം എഴുതി. നബി(സ) അരുളിയത് ഞാൻ ശ്രദ്ധിക്കുകയുണ്ടായി. നിശ്ചയം അല്ലാഹു നിങ്ങൾക്ക് മൂന്ന് സംഗതികൾ വെറുത്തിരിക്കുന്നു. ഖീലയും ഖാലയും പറയൽ. ധനം പാഴാക്കൽ. യാചനയെ വർദ്ധിപ്പിക്കൽ. (ബുഖാരി. 2. 24. 555)

1195. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: ഒന്നോ രണ്ടോ പിടി ഭക്ഷണമോ ഒന്നോ രണ്ടോ ഇത്തപ്പഴമോ കിട്ടിയാൽ തിരിച്ചുപോകാൻ സന്നദ്ധനായികൊണ്ട് ജനങ്ങൾക്കിടയിൽ ചുററിനടക്കുന്നവനല്ല മിസ്കീൻ. എന്നാൽ പരാശ്രയമില്ലാതെ ജീവിക്കാൻ വകയില്ല. അവന്റെ യഥാർത്ഥ നിലപാട് ഗ്രഹിച്ച് അവന് ആരും ദാനം ചെയ്യുന്നില്ല. മനുഷ്യരുടെ മുന്നിൽ നിന്ന് യാചിക്കുകയുമില്ല. ഇവനാണ് മിസ്കീൻ. (ബുഖാരി. 2. 24. 557)

1196. അബൂഹുമൈദ്(റ) നിവേദനം: ഞങ്ങൾ നബി(സ) യോടൊപ്പം തബൂക്ക് യുദ്ധത്തിന് പുറപ്പെട്ടു. അവിടുന്ന് വാദിൻകുറായിലെത്തിയപ്പോൾ അതാ ഒരു സ്ത്രീ അവളുടെ തോട്ടത്തിൽ നബി(സ) തന്റെ അനുയായികളോട് പറഞ്ഞു. ഈ തോട്ടത്തിലെ ഉൽപ്പന്നം മതിച്ചു കണക്കാക്കുവീൻ. അവസാനം അത് പത്ത് വസ്കുണ്ടാകുമെന്ന് നബി(സ) മതിപ്പിട്ടു. അങ്ങനെ നബി(സ) അവളോട് പറഞ്ഞു. ഈ തോട്ടത്തിൽ നിന്ന് ലഭിക്കുന്ന ഉൽപ്പന്നത്തിന് നീ കണക്ക് വെക്കുക. തബൂക്കിലെത്തിയപ്പോൾ നബി(സ) അരുളി: എന്നാൽ ഇന്ന് രാത്രി ഒരു കൊടുങ്കാററടിക്കും. ആരും താനിരിക്കുന്നിടത്തുനിന്ന് എഴുന്നേൽക്കരുത്. വല്ലവന്റെയും കൂടെ ഒട്ടകമുണ്ടെങ്കിൽ അതിനെ അവൻ കെട്ടിയിടട്ടെ. അപ്പോൾ ഞങ്ങൾ അവയെ കെട്ടിയിട്ടു. ശക്തമായ കാററ് അടിച്ചുവീശി. ഒരു മനുഷ്യൻ എഴുന്നേററു നിന്നു. ഉടനെ ആ കാററ് അയാളെ കൊണ്ടുപോയി തയ്യിഅ ഗോത്രത്തിന്റെ മലയിൽ ഇട്ടു. നബി(സ)ക്ക് ഐല രാജ്യത്തെ രാജാവ് ഒരു വെളുത്ത കോവർ കഴുത സമ്മാനിച്ചു. ഒരു വസ്ത്രം നബി(സ)യെ ധരിപ്പിച്ചു. നബി(സ) ആ രാജാവിനെ അദ്ദേഹത്തിന്റെ ദേശത്തിലെ ഭരണാധികാരിയായി അംഗീകരിച്ചുകൊണ്ട്

എഴുതികൊടുത്തു. നബി(സ) യാത്ര തിരിച്ചു. വാതിൽകുറായിലെത്തി ആ തോട്ടക്കാരിയോടു ചോദിച്ചു. നിന്റെ തോട്ടത്തിലെ ഉൽപ്പന്നം എത്രയുണ്ടായിരുന്നു? അവൾ പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ മതിച്ചതുപോലെ പത്ത് വസ്കുണ്ടായിരുന്നു. അപ്പോൾ നബി(സ) അരുളി: എനിക്ക് മദീനയിലേക്ക് വേഗം പോകേണ്ടതുണ്ട്. എന്റെ കൂടെ വേഗം പുറപ്പെടാൻ ആർക്കെങ്കിലും ഉദ്ദേശമുണ്ടെങ്കിൽ അവൻ നിങ്ങളുടെ കൂട്ടത്തിൽ നിന്നും എന്റെ കൂടെ പോന്നുകൊള്ളട്ടെ. അങ്ങനെ നബി(സ) മദീനയെ ദർശിക്കുവാൻ തുടങ്ങിയപ്പോൾ ഇങ്ങനെ അരുളി: ഇത് തൗബയാണ്. ഉഹ്ദ്മല നബി(സ) ദർശിച്ചപ്പോൾ പറഞ്ഞു. ഇതൊരു മലയാണ്. ഈ മല നമ്മെ സ്നേഹിക്കുന്നു. നാം ഇതിനെയും സ്നേഹിക്കുന്നു. അൻസാരികളുടെ ഭവനങ്ങളിൽ വെച്ച് ഏററവും ഉത്തമമായ ഭവനം ഏതാണെന്ന് ഞാൻ നിങ്ങൾക്ക് പറഞ്ഞു തരട്ടെയോ? അവർ പറഞ്ഞു. അതെ, നബി(സ) പ്രത്യുത്തരം നൽകി. ബനൂനജ്ജാർ ഗോത്രത്തിലെ ഭവനങ്ങൾ. പിന്നീട് ബനൂഅബ് ദുൽ അശ്ഹൽ ഗോത്രത്തിലെ ഭവനങ്ങൾ. ശേഷം ബനൂസാഇദ് ഗോത്രത്തിന്റെ അല്ലെങ്കിൽ ബനൂൽ ഹാരിസ് ഗോത്രത്തിന്റെ ഭവനങ്ങൾ. എല്ലാ അൻസാരികളുടെ ഭവനങ്ങളിലും നന്മയുണ്ട്. (ബുഖാരി. 2. 24. 559)

1197. സാലിം(റ) തന്റെ പിതാവിൽ നിന്ന് നിവേദനം: നബി(സ) അരുളി: മഴ വെള്ളമോ നദീജലമോ ഉപയോഗിച്ച് വളർന്ന ഫലവൃക്ഷങ്ങൾക്കും വെറുതെ ഉണ്ടായതിനും പത്ത് ശതമാനം സക്കാത്ത് കൊടുക്കണം. തേവി നനച്ചതാണെങ്കിൽ അഞ്ച് ശതമാനവും നൽകണം. (ബുഖാരി. 2. 24. 560)

1198. അനസ്(റ) നിവേദനം: അബൂത്വൽഹ:യുടെ മകൻ അബുദുല്ലക്ക് മധുരം തൊട്ടു കൊടുപ്പിക്കാൻ ഒരു ദിവസം പ്രഭാതത്തിൽ ഞാൻ നബി(സ)യുടെയടുക്കൽ ചെന്നു. ചൂട് വെക്കാനുപയോഗിക്കുന്ന ഇരുമ്പു കോലുകൊണ്ട് സക്കാത്തിന്റെ ഒട്ടകങ്ങൾക്ക് ചൂട് വെക്കുകയായിരുന്നു. (ബുഖാരി. 2. 24. 578)

1199. ഇബ്നു ഉമർ(റ) നിവേദനം: നബി(സ) ഫിത്വർ സക്കാത്ത് നിർബ്ബന്ധമാക്കിയിരിക്കുന്നു. അത് ഒരു സ്വാഅ് ഈത്തപ്പഴമോ ബാർലിയോ ആണ് നൽകേണ്ടത്. മുസ്ലിംകളിൽപെട്ട അടിമക്കും സ്വതന്ത്രന്നും പുരുഷനും സ്ത്രീക്കും വലിയവർക്കും ചെറിയവർക്കുമെല്ലാം അതു കൊടുക്കേണ്ടതുണ്ട്. ആളുകൾ പെരുന്നാൾ നമസ്കാരത്തിന്ന് പുറപ്പെടും മുമ്പായി അത് വിതരണം ചെയ്യുവാൻ നബി(സ) കൽപ്പിക്കാറുണ്ട്. (ബുഖാരി. 2. 25. 579)

1200. അബൂസഈദ്(റ) നിവേദനം: ബാർലിയിൽ നിന്ന് ഒരു സ്വാഅ് ആണ് ഞങ്ങൾ ഫിത്വർ സക്കാത്തായി തീററിക്കാറുണ്ടായിരുന്നത്. (ബുഖാരി. 2. 25. 581)

1201. അബൂസഈദ്(റ) നിവേദനം: നബി(സ)യുടെ കാലത്ത് ഫിത്വർ സക്കാത്തു ആഹാര സാധനങ്ങളിൽ നിന്ന് ഒരു സ്വാഅ് ആയിരുന്നു ഞങ്ങൾ പിടിച്ചെടുത്തിരുന്നത്. അതായത് ബാർലി, ഈത്തപ്പഴം, പാൽക്കട്ടി, മുന്തിരി മുതലായവയിൽ നിന്ന് ഒരു സ്വാഅ് വീതം. (ബുഖാരി. 2. 25. 582)

1202. ഇബ്നുഉമർ(റ) നിവേദനം: നബി(സ) ഈത്തപ്പഴത്തിൽ നിന്നും ബാർലിയിൽ നിന്നും ഒരു സ്വാഅ് വീതം ഫിത്വർസക്കാത്ത് നൽകുവാൻ കൽപ്പിക്കുകയുണ്ടായി. ജനങ്ങൾ അതിനെ ഗോതമ്പാണെങ്കിൽ അര സ്വാഅ് സമമായി കണ്ടു. (ബുഖാരി. 2. 25. 583)

1203. അബൂസഈദ്(റ) നിവേദനം: നബി(സ)യുടെ കാലത്ത് ഫിത്വർ സക്കാത്ത് ആഹാര പദാർത്ഥത്തിൽ നിന്നും ഒരു സ്വാഅ് വീതമാണ് ഞങ്ങൾ നൽകിയിരുന്നത്. അതായത് ഈത്തപ്പഴത്തിൽ നിന്നും ബാർലി, മുന്തിരി എന്നിവയിൽ നിന്നും ഒരു സ്വാഅ് വീതം. അങ്ങനെ മുആവിയയുടെ ഭരണകാലം വരികയും മേൽതരം ഗോതമ്പ്

രംഗത്ത് വരികയും ചെയ്തപ്പോൾ അദ്ദേഹം പറഞ്ഞു. രണ്ട് മുദ്ദിന്ന് ഇത് ഒരു മുദ്ദ് തുല്യമാകുന്നതാണ്. (ബുഖാരി. 2. 25. 584)

1204. ഇബ്നു ഉമർ(റ)നിവേദനം: ജനങ്ങൾ നമസ്കാരത്തിന് പുറപ്പെടുന്നതിനു മുമ്പ് തന്നെ ഫിത്വർ സക്കാത്ത് വിതരണം ചെയ്യാൻ നബി(സ) ശാസിക്കാറുണ്ട്. (ബുഖാരി. 2. 25. 585)

1205. അബുസഈദ്(റ) നിവേദനം: നബി(സ)യുടെ കാലത്ത് ആഹാര വസ്തുക്കളിൽ നിന്നും ഒരു സ്വാഅ് വീതമാണ് ഞങ്ങൾ പിരിച്ചെടുക്കാറുള്ളത്. അന്ന് ഞങ്ങളുടെ ആഹാരം ബാർലി, മുന്തിരി, പാൽക്കട്ടി, ഈത്തപ്പഴം എന്നിവയായിരുന്നു. (ബുഖാരി. 2. 25. 586)

1206. ഇബ്നുഉമർ(റ) നിവേദനം: അദ്ദേഹം മദീനക്കാർക്ക് ഈത്തപ്പഴം ലഭിക്കുവാൻ സാധിക്കാതെ വന്നപ്പോൾ ബാർലി ഫിത്വർ സക്കാത്തായി നൽകി. ഇബ്നുഉമർ(റ) ഫിത്വർ സക്കാത്ത് ശേഖരിക്കുവാൻ വരുന്നവർക്കാണ് നൽകാറുള്ളത്. (യാചിച്ച് വരുന്നവർക്ക് നൽകാറില്ല)സക്കാത്ത് ശേഖരിക്കുന്നവർ പെരുന്നാളിന്റെ ഓന്നോ രണ്ടോ ദിവസം മുമ്പ് തന്നെ അവകാശിക്ക് അത് വിതരണം ചെയ്യും. (ബുഖാരി. 2. 25. 587)

1207. ഇബ്നുഉമർ(റ) നിവേദനം: നബി(സ) ഫിത്വർ സക്കാത്ത് ബാർലി, ഈത്തപ്പഴം എന്നിവയിൽ ഒരു സ്വാഅ് വീതം നിർബന്ധമാക്കി. ചെറിയവർക്കും വലിയവർക്കും സ്വതന്ത്രന്മാർക്കും അടിമകൾക്കും അതു നൽകണം. (ബുഖാരി. 2. 25. 588)

1208. ജാബിർ(റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: എല്ലാ സൽപ്രവൃത്തികളും സദഖയാകുന്നു. നിങ്ങളുടെ സഹോദരനെ പ്രസന്നവദനനായി കാണുന്നതും നിങ്ങളുടെ തൊട്ടിയിൽ നിന്നു സഹോദരന്റെ പാത്രത്തിൽ വെള്ളമൊഴിച്ചു കൊടുക്കുന്നതും സൽപ്രവൃത്തിയാകുന്നു. (അഹ്മദ്)

1209. ഫാത്തിമഃ ബിന്തുഖയ്സ്(റ) പറഞ്ഞു. അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: ഒരാളുടെ സ്വത്തിൽ സക്കാത്തുകൂടാതെ ഒരു ബാദ്ധ്യതയുണ്ട്. പിന്നീട് അവിടുന്ന് ഇതു ഓതി: നിങ്ങൾ നിങ്ങളുടെ മുഖങ്ങളെ കിഴക്കോട്ടോ, പടിഞ്ഞാട്ടോ, തിരിക്കുന്നതല്ല പുണ്യം. (തിർമിദി)

1210. അലി(റ) പറഞ്ഞു. അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: സവാരിക്കുള്ള കുതിരകൾക്കും ജോലിക്കുള്ള അടിമകൾക്കും ഞാൻ സക്കാത്തു ചുമത്തുന്നില്ല. എന്നാൽ, വെള്ളിക്ക് ഓരോ നാല്പതു ദിർഹമിന് ഓരോ ദിർഹം സക്കാത്തുകൊടുക്കുക. 190 ദിർഹം ഉള്ളുവെങ്കിൽ സക്കാത്തില്ല: എന്നാൽ അതു ഇരുനൂറെത്തിയാൽ അതിൽ നിന്നു അഞ്ചു ദിർഹം സക്കാത്തായി കൊടുക്കണമെന്ന് അല്ലാഹുവിന്റെ ദൂതൻ(സ) ഞങ്ങളോട് കല്പിച്ചു. (അബൂദാവൂദ്)

1211. ഇബ്നുഉമർ(റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: ആരു സ്വത്തു സമ്പാദിക്കുന്നുവോ, അതിന് ഒരു കൊല്ലം കഴിയാതെ സക്കാത്തില്ല. (തിർമിദി)

1212. ഉമ്മുസൽമ(റ) പറഞ്ഞു: ഞാൻ സ്വർണ്ണാഭരണങ്ങൾ ധരിക്കാറു പതിവുണ്ടായിരുന്നു. അതിനാൽ, ഞാൻ പറഞ്ഞു. അല്ലയോ, അല്ലാഹുവിന്റെ ദൂതരെ! ഇതു പൂഴ്ത്തിവെക്കലാണോ? അവിടുന്നു പറഞ്ഞു: നിങ്ങൾ സക്കാത്തു കൊടുക്കുവാൻ ബാദ്ധ്യസ്ഥമായ അതിർത്തി എത്തുന്നതേതോ അതിനു സക്കാത്തു കൊടുത്താൽ അതു പൂഴ്ത്തിവെക്കലല്ല. (അബൂദാവൂദ്)

1213. സമുറഃ(റ) നിവേദനം ചെയ്തു: കച്ചവടത്തിനായി ഞങ്ങൾ സംഭരിച്ചിട്ടുള്ളതിൽ നിന്നു സക്കാത്തുകൊടുക്കണമെന്ന് അല്ലാഹുവിന്റെ ദൂതൻ(സ) ഞങ്ങളോട് കല്പിച്ചു. (അബൂദാവൂദ്)

1214. അംറ്ഇബ്നു ഷുഅയ്ബു(റ) തന്റെ പിതാമഹനെ പ്രമാണമാക്കി നിവേദനം ചെയ്തു: പ്രവാചകൻ(സ) ജനങ്ങളെ അഭിസംബോധന ചെയ്യുകയും പറയുകയും ചെയ്തു. സൂക്ഷിക്കുക! സ്വത്തുള്ള അനാഥക്കുട്ടിയുടെ രക്ഷകർത്താവ് ആരോ, അവർ അതുകൊണ്ട് വ്യാപാരം ചെയ്യണം. സക്കാത്തു അതു ഭക്ഷിച്ച് കളയുവാൻ ഇടയാകുമാറ് അതു(അഭിവൃദ്ധിപ്പെടുത്താതെ)ഇട്ടേക്കരുത്. (തിർമിദി)

1215. സഹൽ(റ) നിവേദനം ചെയ്തു. അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: നിങ്ങൾ അഭി പ്രായം രൂപികരിച്ച് കഴിഞ്ഞാൽ, പിന്നീട്(സക്കാത്തു)എടുക്കുകയും, മൂന്നിൽ ഒന്നു വിടുന്നില്ലെ ങ്കിൽ നാലിൽ ഒരു ഭാഗം വിട്ടേക്കുക. (തിർമിദി)

## 32. ഹജ്ജ്

1216. ഇബ്നു അബ്ബാസ്(റ) നിവേദനം: അബ്ബാസിന്റെ മകൻ ഫള്ല് വാഹനത്തിന്മേൽ നബി(സ)യുടെ പിന്നിലിരിക്കുന്ന സന്ദർഭത്തിൽ ഖസ്അം ഗോത്രക്കാരിയായ ഒരു സ്ത്രീ നബിയുടെ മുമ്പിൽ വന്നു. ഫള്ല് അവളുടെ നേർക്കും അവൾ ഫ്ളലിന്റെ നേർക്കും നോക്കുവാൻ തുടങ്ങി. നബി(സ) ഫള്ലിന്റെ മുഖത്തെ മറുവശത്തേക്ക് തിരിച്ചു നിർത്തി. ആ സ്ത്രീ ചോദിച്ചു. അല്ലാഹുവിന്റെ പ്രവാചകരേ! നിശ്ചയം ഹജ്ജ് നിർബ്ബന്ധമാക്കിക്കൊണ്ടുള്ള അല്ലാഹുവിന്റെ കൽപ്പന വന്നപ്പോൾ എന്റെ പിതാവ് വൃദ്ധനായിക്കഴിഞ്ഞിരിക്കുന്നു. വാഹനത്തിലിരിക്കാൻ അദ്ദേഹത്തിന് സാധ്യമല്ല. അതിനാൽ അദ്ദേഹത്തിനുവേണ്ടി എനിക്ക് ഹജ്ജ് നിർവ്വഹിക്കാമോ? അതെ. എന്ന് നബി(സ) മറുപടി പറഞ്ഞു. ഈ സംഭവം ഹജ്ജത്തൽ വദാഇലായിരുന്നു. (ബുഖാരി. 2. 26. 589)

1217. ഇബ്നു ഉമർ(റ) നിവേദനം: നബി(സ) ദുൽഹുലൈഫായിൽ വെച്ച് വാഹനത്തിൽ കയറുന്നത് ഞാൻ കണ്ടു. അവിടുന്ന് അതിന്മേൽ സമയമായപ്പോൾ തൽബിയ്യത്തു ചൊല്ലുവാൻ തുടങ്ങി. (ബുഖാരി. 2. 26. 590)

1218. ജാബിർ(റ) നിവേദനം: നബി(സ) ദുൽഹുലൈഫായിൽ വെച്ച് തൽബിയ്യത്തു ചൊല്ലിയതു അവിടുന്നു വാഹനപ്പുറത്തു സമയമായ സന്ദർഭത്തിലാണ്. (ബുഖാരി. 2. 26. 591)

1219. അബ്ദുല്ല(റ) നിവേദനം: അനസ്(റ) ഒരു ഒട്ടകത്തിന്റെ പുറത്ത് കയറി ഹജ്ജ് ചെയ്തു. അദ്ദേഹം ഒരു പിശുക്കനായിരുന്നില്ല. ശേഷം അദ്ദേഹം പറഞ്ഞു. നിശ്ചയം അല്ലാഹുവിന്റെ ദൂതൻ ഒട്ടകപ്പുറത്ത് കയറി ഹജ്ജ് ചെയ്തിരുന്നു. അതു അവിടുത്തെ ഭാരം ചുമക്കുന്ന വാഹനമായിരുന്നു. (ബുഖാരി. 2. 26. 592)

1220. ആയിശ(റ) നിവേദനം: നബി(സ) ആയിശ(റ) യുടെ സഹോദരനായ അബ്ദുറഹ്മാനെ അവരുടെ കൂടെ നിയോഗിക്കുകയും അങ്ങനെ അദ്ദേഹം അവരെ തൻഈമിൽ കൊണ്ടു പോയി ഇഹ്റാമിൽ പ്രവേശിപ്പിച്ചു ഉംറ ചെയ്യിപ്പിച്ചു. അദ്ദേഹം അവരെ(ആയിശയെ) ഒരു ചെറിയ ഒട്ടക കട്ടിലിലാണ് വഹിച്ചത്. ഉമർ(റ) പറഞ്ഞു: ഹജ്ജിന് വേണ്ടി നിങ്ങൾ വാഹനം തയ്യാറാക്കുവീൻ. നിശ്ചയം അതു ജിഹാദിൽ പെട്ട ഒന്നാണ്. (ബുഖാരി. 2. 26. 593)

1221. അബൂഹുറൈറ(റ) നിവേദനം: ഏത് പ്രവൃത്തിയാണ് ഏററവും ശ്രേഷ്ഠമായതെന്ന് നബി(സ)യോട് ചോദിക്കപ്പെട്ടു. അവിടുന്നു അരുളി: അല്ലാഹുവിലും ദൂതനിലും വിശ്വസിക്കൽ. ശേഷം ഏതാണെന്ന് വീണ്ടും ചോദിക്കപ്പെട്ടു. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്യൽ എന്ന് നബി(സ) പ്രത്യുത്തരം നൽകി. പിന്നെ

ഏതാണെന്ന് വീണ്ടും ചോദിക്കപ്പെട്ടു. അവിടുന്നു അരുളി: പുണ്യകരമായ ഹജ്ജ്. (ബുഖാരി. 2. 26. 594)

1222. ആയിശ(റ) നിവേദനം: പ്രവാചകരേ! ജിഹാദ് സൽകർമ്മങ്ങളിൽ വെച്ച് ഏററവും ശ്രേഷ്ഠമായിട്ടാണ് ഞങ്ങൾ ദർശിക്കുന്നത്. അതിനാൽ ഞങ്ങൾ യുദ്ധം ചെയ്യേണ്ടയോ? നബി(സ) അരുളി: ആവശ്യമില്ല. എന്നാൽ ഏററവും മഹത്തായ യുദ്ധം പരിശുദ്ധമായ ഹജ്ജാണ്. (ബുഖാരി. 2. 26. 595)

1223. അബൂഹുറൈറ(റ) നിവേദനം: വല്ലവനും അല്ലാഹുവിന് വേണ്ടി ഹജ്ജ് ചെയ്തു. അവൻ അനാവശ്യം പ്രവർത്തിച്ചില്ല. കുററകരമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുമില്ല. എങ്കിൽ സ്വമാതാവ് അവനെ പ്രസവിച്ച ദിവസം പോലെ പരിശുദ്ധനായിക്കൊണ്ട് അവൻ തിരിച്ചുവരും എന്ന് നബി(സ) പറയുന്നത് ഞാൻ കേൾക്കുകയുണ്ടായി. (ബുഖാരി. 2. 26. 596)

1224. സൈദ്(റ) നിവേദനം: അദ്ദേഹം ഇബ്നുഉമർ(റ)ന്റെ താവളത്തിൽ അദ്ദേഹത്തെ കാണുവാൻ ചെന്നു. അപ്പോൾ അദ്ദേഹത്തിന് ഒരു കൂടാരവും കർട്ടനും ഉണ്ടായിരുന്നു. ഞാൻ അദ്ദേഹത്തോട് ചോദിച്ചു. ഞാൻ എവിടെ വെച്ച് ഉംറ:ക്ക് ഇഹ്റാം കെട്ടണം. അദ്ദേഹം പറഞ്ഞു. നുദ്കാർക്ക് കർനൂൽ മനാസിലും മദീനക്കാർക്ക് ഹുലൈ:ഫയും സിറിയക്കാർക്ക് ജൂഹ്ഫയും നബി(സ)അനിവാര്യമാക്കിയിട്ടുണ്ട്. (ബുഖാരി. 2. 26. 597)

1225. ഇബ്നു അബ്ബാസ്(റ) നിവേദനം: യമനിലെ നിവാസികൾ ഹജ്ജ് ചെയ്യാറുണ്ട്. എന്നാൽ ആഹാരം അവർ കരുതാറില്ല. അവർ ഇപ്രകാരം പറയും: ഞങ്ങൾ അല്ലാഹുവിൽ ഭാരമേൽപ്പിക്കുന്നവരാണ്. അങ്ങനെ മക്കയിൽ അവർ വന്നാൽ ജനങ്ങളോട് യാചിക്കുകയും ചെയ്യും. അപ്പോഴാണ് അല്ലാഹു ഇപ്രകാരം അവതരിച്ചത്. നിങ്ങൾ ഭക്ഷണം ശേഖരീക്കുവീൻ. നിശ്ചയം, ഭയഭക്തിയാണ് ഏററവും നല്ല ഭക്ഷണം. (ബുഖാരി. 2. 26. 598)

1226. ഇബ്നുഉമർ(റ) നിവേദനം: നബി(സ) ദുൽഹുലൈഫ:യിലെ ചരൽഭൂമിയിൽ ഒട്ടകത്തെ മുട്ടുകുത്തിച്ചു. അങ്ങനെ അവിടെവെച്ച് നമസ്കരിച്ചു. ഇബ്നുഉമർ(റ) ഇപ്രകാരം ചെയ്യാറുണ്ടായിരുന്നു. (ബുഖാരി. 2. 26. 607)

1227. സാലിമ് തന്റെ പിതാവിൽ നിന്ന് നിവേദനം: നബി(സ) രാത്രിയുടെ അന്ത്യഘട്ടത്തിൽ മലയുടെ താഴ്വരയിലുള്ള ദുൽഹുലൈഫായിൽ വിശ്രമത്തിനായി ഇറങ്ങി. അപ്പോൾ അവിടുന്ന് ഒരു സ്വപ്നം കണ്ടു. സ്വപ്നത്തിൽ നബി(സ)യോട് ഒരാൾ പറഞ്ഞു: താങ്കൾ അനുഗ്രഹീതമായ ഒരു ചരൽ ഭൂമിയിലാണ് സ്ഥിതി ചെയ്യുന്നത്. സാലിമ് ഇബ്നുഉമർ(റ) തന്റെ ഒട്ടകത്തെ മുട്ടു കുത്തിച്ച സ്ഥലം ശ്രദ്ധിച്ചു കൊണ്ട് ഞങ്ങളേയുമായി ഇറങ്ങാറുണ്ട്. എന്നിട്ട് നബി(സ) വിശ്രമിച്ച സ്ഥലത്ത് വിശ്രമിക്കും. താഴ്വരയിലുള്ള പള്ളിയുടെ താഴെയായിരുന്നു പ്രസ്തുത സ്ഥലം. താഴ്വരയുടെയും വഴിയുടെയും ഇടയിലുള്ള ദൂരം ഏകദേശം സമമായിരുന്നു. (ബുഖാരി. 2. 26. 610)

1228. ആയിശ(റ) നിവേദനം: നബി(സ) ഇഹ്റാം കെട്ടിയശേഷം സുഗന്ധത്തിന്റെ തിളക്കം അവിടുത്തെ തലക്ക് മുകളിൽ (മൂർദ്ധാവ്)ഞാൻ കാണാറുണ്ട്. (ബുഖാരി. 2. 26. 611)

1229. ആയിശ(റ) നിവേദനം: നബി(സ) ഇഹ്റാമിൽ പ്രവേശിക്കുമ്പോൾ ഞാൻ സുഗന്ധദ്രവ്യം പൂശിക്കൊടുത്തിരുന്നു. ഇഹ്റാമിൽ നിന്ന് വിരമിക്കുമ്പോൾ ത്വവാഹിന് മുമ്പും നബി(സ)ക്ക് ഞാൻ സുഗന്ധദ്രവ്യം പൂശി കൊടുക്കാറുണ്ട്. (ബുഖാരി. 2. 26. 612)

1230. ഇബ്നു ഉമർ(റ) നിവേദനം: നബി(സ) ദുൽഹുലൈഫയിലെ പള്ളിക്കടുത്ത് വെച്ചല്ലാതെ തൽബിയത്തു ചൊല്ലാൻ തുടങ്ങിയിട്ടില്ല. (ബുഖാരി. 2. 26. 614)

1231. ഇബ്നു ഉമർ(റ) നിവേദനം: നിശ്ചയം ഒരു മനുഷ്യൻ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ! ഇഹ്റാം കെട്ടിയവൻ വസ്ത്രത്തിൽ നിന്ന് എന്താണ് ധരിക്കേണ്ടത്? നബി(സ) അരുളി: കുപ്പായം, തലപ്പാവ്, പൈജാമ, തൊപ്പി, കാലുറ (ഷൂസ്)എന്നിവ ധരിക്കരുത്. ഒരാൾക്ക് ചെരിപ്പ് ലഭിക്കാതിരുന്നാൽ അവൻ ബൂട്ട്സ് ധരിച്ചുകൊള്ളട്ടെ. അവ രണ്ടിനെയും നെരിയാണിയുടെ താഴ്ഭാഗത്തുവെച്ച് അവൻ മുറിച്ചു കൊള്ളട്ടെ. കുങ്കുമമോ വർസോ പൂശിയ വസ്ത്രം അവൻ ധരിക്കരുത്. (ബുഖാരി. 2. 26. 615)

1232. ഇബ്നുഅബ്ബാസ്(റ) നിവേദനം: നിശ്ചയം നബി(സ) അറഫയിൽ നിന്നും മുസ്ദലിഫവരെ യാത്ര ചെയ്തപ്പോൾ അവിടുത്തെ ഒട്ടകപ്പുറത്തിരുന്നത് ഉസാമയായിരുന്നു. ശേഷം മുസ്ദലിഫ മുതൽ മിനാവരേക്കും ഫള്ലിനെ നബി(സ) പിന്നിലിരുത്തി. അവർ രണ്ടുപേരും പറയുന്നു. നബി(സ) ജംറത്തുൽ അഖബിയിൽ കല്ലെറിയുന്നതുവരെ തൽബിയത്തു ചൊല്ലിക്കൊണ്ടിരുന്നു. (ബുഖാരി. 2. 26. 616)

1233. അനസ്(റ) നിവേദനം: നബി(സ) മദീനയിൽ വെച്ച് നാല് റക്അത്ത് നമസ്കരിച്ചു. ദുൽഹുലൈഫായിൽ വെച്ച് രണ്ട് റക്അത്തു നമസ്കരിച്ചു. ശേഷം പ്രഭാതം വരെ ദുൽഹുലൈഫയിൽ രാത്രി താമസിച്ചു. വാഹനത്തിൽ കയറി സമയമായപ്പോൾ നബി(സ) തൽബിയ്യത്തു ചൊല്ലി. (ബുഖാരി. 2. 26. 618)

1234. അനസ്(റ) നിവേദനം: നബി(സ) മദീനയിൽ വെച്ച് ളുഹ്റ് നാല് റക്അത്തു നമസ്കരിച്ചു. ദുൽഹുലൈഫയിൽ വെച്ച് അസർ രണ്ടു റക്ത്തു നമസ്കരിച്ചു. അദ്ദേഹം പറഞ്ഞു. നബി(സ) അവിടെ പ്രഭാതം വരെ രാത്രി താമസിച്ചതായി ഞാൻ വിചാരിക്കുന്നു. (ബുഖാരി. 2. 26. 619)

1235. അനസ്(റ) നിവേദനം: നബി(സ) മദീനയിൽ ളുഹർ നാല് റക്അത്തു നമസ്കരിച്ചു. ദുൽഹുലൈഫയിൽ വെച്ച് അസർ രണ്ടു റക്അത്തും. ഹജ്ജിനും ഉംറക്കും അവരുടെ ശബ്ദം ഉറക്കെ (തൽബിയ്യത്തു ചൊല്ലി ഉയർത്തുന്നത് ഞാൻ കേൾക്കുകയുണ്ടായി). (ബുഖാരി. 2. 26. 620)

1236. ഇബ്നു ഉമർ(റ) നിവേദനം: നബി(സ)യുടെ തൽബിയ്യത്തു ഇപ്രകാരമായിരുന്നു. ലബ്ബൈക്കല്ലാഹുമ്മ ലബ്ബൈക്ക്. ലബ്ബൈക്കലാ ശരീക്കലക്ക ലബ്ബൈക്ക്. ഇന്നൽ ഹംദ വന്നിഅ്മത്ത ലക്കവൽ മുതക്ക് ലാ ശരീക്കലക്ക്. (ബുഖാരി. 2. 26. 621)

1237. ആയിശ(റ) നിവേദനം: നബി(സ) എങ്ങനെയാണ് തൽബിയ്യത്തു ചൊല്ലിയത് എന്നതിനെ സംബന്ധിച്ച് ഞാൻ കൂടുതൽ അറിവുള്ളവളാണ്. ലബ്ബൈക്കല്ലാഹുമ്മ ലബ്ബൈക്ക. ലബ്ബൈക്കലാ ശരീക്കലക്ക ലബ്ബൈക്ക്. ഇന്നൽ ഹംദ വന്നിഅ്മതലക്ക. (ബുഖാരി. 2. 26. 622)

1238. അനസ്(റ) നിവേദനം: നബി(സ) മദീനയിൽ വെച്ച് ളുഹ്ർ നാല് റക്അതു നമസ്കരിച്ചു. ദുൽഹുലൈഫയിൽ വെച്ച് അസർ രണ്ടു റക്അതും നമസ്കരിച്ചു. പ്രഭാതം വരെ നബി(സ) അവിടെ താമസിച്ചു. ശേഷം വാഹനത്തിൽ കയറി. ബൈദാഇലെത്തിയപ്പോൾ അല്ലാഹുവിനെ സ്തുതിക്കുകയും തസ്ബീഹ് ചൊല്ലുകയും ചെയ്തു. പിന്നെ നബി(സ) ഹജ്ജിനും ഉംറക്കും ഇഹ്റാം കെട്ടിക്കൊണ്ട് തൽബിയ്യത്തു ചൊല്ലി. ജനങ്ങളും അവ രണ്ടിനും ഒന്നിച്ച് ഇഹ്റാം കെട്ടിക്കൊണ്ട് തൽബിയ്യത്തു ചൊല്ലി. ഞങ്ങൾ മക്കയിലെത്തിയപ്പോൾ ഇഹ്റാമിൽ നിന്ന് വിരമിക്കാൻ നബി(സ) ജനങ്ങളോട് കൽപ്പിച്ചു. അവർ(ഉംറ ചെയ്തു) ഇഹ്റാമിൽ നിന്ന് വിരമിച്ച് തർവിയ്യത്തിന്റെ ദിവസം (ദുൽഹജ്ജ് 8) ആയപ്പോൾ ഹജ്ജിനു വേണ്ടി അവർ ഇഹ്റാം കെട്ടി തൽബ്ബിയ്യത്തു ചൊല്ലി. അനസ്(റ) പറഞ്ഞു:

നബി(സ) കുറെ ഒട്ടകങ്ങളെ നിറുത്തിക്കൊണ്ട് അറുത്തു ബലി കഴിച്ചു. മദീനയിൽ വെച്ച് നബി(സ) കറുപ്പ് നിറം കലർന്ന രണ്ട് വെള്ളച്ചെമ്മരിയാടുകളെയാണ് അറുത്തിരുന്നത്. (ബുഖാരി. 2. 26. 623)

1239. ഇബ്നു ഉമർ(റ) നിവേദനം: നബി(സ) വാഹനത്തിൽ കയറിയപ്പോൾ തൽബിയത്തു ചൊല്ലി. (ബുഖാരി. 2. 26. 624)

1240. ഇബ്നു ഉമർ(റ) നിവേദനം: അദ്ദേഹം മക്കയിലേക്ക് പുറപ്പെടാൻ ഉദ്ദേശിച്ചാൽ സുഗന്ധത്തിന്റെ വാസനയില്ലാത്ത എണ്ണകൊണ്ട് തലയിൽ തേക്കും. ശേഷം ഹുലൈഫയിലെ പള്ളിയുടെ അടുത്തുവന്ന് നമസ്കരിക്കും. തുടർന്ന് വാഹനത്തിൽ കയറും. വാഹനം അദ്ദേഹത്തെയുമായി സമയമായാൽ ഇഹ്റാമിൽ പ്രവേശിക്കും. നബി(സ) ഇപ്രകാരം ചെയ്തതായി ഞാൻ കണ്ടിരുന്നുവെന്ന അദ്ദേഹം പറയും. (ബുഖാരി. 2. 26. 625)

1241. മുജാഹിദ്(റ) പറയുന്നു. ഞങ്ങൾ ഒരിക്കൽ ഇബ്നു അബ്ബാസ്(റ)ന്റെ അടുത്തിരിക്കുമ്പോൾ അദ്ദേഹത്തോട് ദജ്ജാലിനെക്കുറിച്ച് ചോദിച്ചു. അവന്റെ രണ്ടു കണ്ണുകൾക്കിടയിൽ കാഫിർ എന്ന് എഴുതിയിട്ടുണ്ടോ എന്ന് ചോദിക്കപ്പെട്ടു. അപ്പോൾ ഇബ്നു അബ്ബാസ്(റ) പറഞ്ഞു: ഞാനത് കേട്ടിട്ടില്ല. എന്നാൽ ഇപ്രകാരമാണ് നബി(സ) പറഞ്ഞത്. മൂസ(അ) ആവട്ടെ തൽബിയത്തു ചൊല്ലിക്കൊണ്ടു മലയുടെ താഴ്വരയിലേക്ക് ഇറങ്ങിപ്പോകുന്നതു ഇതാ എന്റെ കൺമുമ്പിൽ കാണും പോലെ തോന്നുന്നു. (ബുഖാരി. 2. 26. 626)

1242. അനസ്(റ) നിവേദനം: അലി(റ) യമനിൽ നിന്ന് നബി(സ)യുടെ അടുക്കൽ വന്നു. നബി(സ) ചോദിച്ചു. നീ എന്തിനാണ് ഇഹ്റാം കെട്ടിയത്? അദ്ദേഹം പറഞ്ഞു: നബി(സ) എന്തിനാണോ ഇഹ്റാം കെട്ടിയത് അതിന്നു. അപ്പോൾ നബി(സ) പറഞ്ഞു: എന്റെ കൂടെ ബലിമൃഗം ഇല്ലായിരുന്നുവെങ്കിൽ ഞാൻ ഇഹ്റാമിൽ നിന്ന് (ഉംറ: നിർവ്വഹിച്ച്) വിരമിക്കുമായിരുന്നു. (ബുഖാരി. 2. 26. 629)

1243. അബൂശിഹാബ്(റ) പറഞ്ഞു: ഞാൻ ഉംറക്ക് മാത്രം ഇഹ്റാം കെട്ടികൊണ്ട് മക്കയിൽ പ്രവേശിച്ചു. തൽബിയ്യത്തു ദിവസത്തിന്റെ(ദുൽഹജ്ജ്:8) മൂന്ന് ദിവസം മുമ്പ് തന്നെ മക്കയിൽ ഞങ്ങൾ പ്രവേശിച്ചു. അപ്പോൾ മക്കയിലെ ചില മനുഷ്യന്മാർ എന്നോട് പറഞ്ഞു. നിങ്ങളുടെ ഹജ്ജ് മക്കിയ്യായ ഹജ്ജ് പോലെയാണ് (പ്രതിഫലം കുറഞ്ഞതാണ്) ഉടനെ ഞാൻ അത്വാഅ്(റ)ന്റെ അടുത്തു പ്രവേശിച്ചു. ഈ പ്രശ്നത്തിൽ മതവിധി ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: എന്നോട് ജാബിർ(റ) ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി. നബി(സ) ഒട്ടകങ്ങളെ ബലിയടയാളം കെട്ടികൊണ്ടുവന്ന നാളുകളിൽ അദ്ദേഹം നബി(സ) യോടൊപ്പം ഹജ്ജ് ചെയ്തു. അനുചരന്മാർ ഹജ്ജിന്നു മാത്രമായിട്ടാണ് ഇഹ്റാം കെട്ടിയിരുന്നത്. നബി(സ) പറഞ്ഞു: സഫാ-മർവക്കിടയിലെ നടത്തവും കഅബയെ പ്രദക്ഷിണവും ചെയ്തു നിങ്ങൾ ഇഹ്റാമിൽ നിന്ന് വിരമിക്കുവീൻ. നിങ്ങൾ മുടി വെട്ടുവീൻ. ദുൽഹജ്ജ് എട്ടുവരേക്കും ഇഹ്റാമിൽ നിന്ന് മുക്തരായിക്കൊണ്ട് ജീവിച്ചുകൊള്ളുക. വീണ്ടും തർബിയ്യത്തു ദിവസമായാൽ ഹജ്ജിന് ഇഹ്റാം കെട്ടുക. നിങ്ങൾ ആദ്യം കെട്ടിയ ഇഹ്റാം തമത്തുഇൽ അവസാനിപ്പിക്കുക. അപ്പോൾ അവർ ചോദിച്ചു. എങ്ങനെയാണ് ഞങ്ങളതു തമത്തു ആക്കുക. ഹജ്ജ് എന്നു പറഞ്ഞുകൊണ്ടാണല്ലോ ഇഹ്റാം കെട്ടിയിട്ടുള്ളത്? നബി(സ) അരുളി: ഞാൻ നിങ്ങളോട് നിർദ്ദേശിച്ചതുപോലെ പ്രവർത്തിക്കുക. ബലി മൃഗങ്ങളെ കൊണ്ടു വന്നില്ലെങ്കിൽ നിങ്ങളോട് കൽപ്പിച്ചതുപോലെ ഞാൻ പ്രവർത്തിക്കുമായിരുന്നു. ബലി അതിന്റെ സന്ദർഭത്തിൽ നിർവ്വഹിക്കും വരേക്കും ഞാൻ ഇഹ്റാമിൽ നിന്ന് വിരമിക്കുകയില്ല. അപ്പോൾ നബി(സ) കൽപ്പിച്ചതനുസരിച്ച് ഞാൻ പ്രവർത്തിച്ചു. (ബുഖാരി. 2. 26. 639)

1244. ഇബ്നുഅബ്ബാസ്(റ) നിവേദനം: മക്കാവിജയ വേളയിൽ നബി(സ) അരുളി: നിശ്ചയം ഈ രാജ്യത്തെ അല്ലാഹു പവിത്രമാക്കിയിരിക്കുന്നു. അവിടുത്തെ മരം മുറിക്കപ്പെടുവാനും വേട്ടമൃഗത്തെ ഓടിക്കുവാനും നഷ്ടപ്പെട്ട വസ്തു അതിന്റെ ഉടമസ്ഥൻ അല്ലാതെ എടുക്കുവാനും വിരോധിക്കപ്പെട്ടിരിക്കുന്നു. (ബുഖാരി. 2. 26. 657)

1245. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: കുറിയ കാലുകളോടു കൂടിയ ഒരു എത്യോപ്യക്കാരൻ കഅ്ബയെ പൊളിക്കുന്നതാണ്. (ബുഖാരി. 2. 26. 661)

1246. ആയിശ(റ) നിവേദനം: റമളാൻ നോമ്പ് ഫർളാക്കുന്നതിന് മുമ്പ് നബി(സ)യുടെ അനുചരന്മാർ ആശുറാ നോമ്പ് അനുഷ്ഠിച്ചിരുന്നു. കഅ്ബ:യുടെ മേൽ വിരിയിടുന്ന ദിവസം അന്നായിരുന്നു. അല്ലാഹു റമളാൻ നിർബന്ധമാക്കിയപ്പോൾ നബി(സ) അരുളി: വല്ലവനും ഉദ്ദേശിക്കുന്നുവെങ്കിൽ അതു അനുഷ്ഠിക്കട്ടെ. ഉദ്ദേശിക്കാത്തപക്ഷം അവനതു ഉപേക്ഷിക്കട്ടെ. (ബുഖാരി. 2. 26. 662)

1247. അബൂഈദ്(റ) നിവേദനം: നബി(സ) അരുളി: യഅ്ജൂജ് മഅ്ജൂജുകളുടെ പുറപ്പാടിനു ശേഷവും ആളുകൾ കഅ്ബത്തിങ്കൽ വന്നു ഹജ്ജും ഉംറയും അനുഷ്ഠിക്കും. ശുഅ്ബ:(റ) ഉദ്ധരിക്കുന്നു. ഹജ്ജ് ചെയ്യപ്പെടാതിരിക്കുന്നതുവരെ അന്ത്യദിനം ഉണ്ടാവുകയില്ല. (ബുഖാരി. 2. 26. 663)

1248. ഉമർ(റ) പറയുന്നു: കഅ്ബ:യിൽ ഉണ്ടായിരുന്ന സ്വർണ്ണവും വെള്ളിയും ദരിദ്രന്മാർക്ക് വീതിച്ചുകൊടുക്കുവാൻ ഞാൻ ഉദ്ദേശിച്ചു. ഞാൻ(അബൂവാഇൽ)ചോദിച്ചു: നിശ്ചയം നിങ്ങളുടെ രണ്ടു സ്നേഹിതന്മാർ അപ്രകാരം ചെയ്തിട്ടില്ലേ? ഉമർ(റ) പറഞ്ഞു: അവർ രണ്ടു മനുഷ്യന്മാരാണ്. ഞാൻ അവരെ പിൻതുടരുന്നു. (ബുഖാരി. 2. 26. 664)

1249. ഇബ്നു അബ്ബാസ്(റ) നിവേദനം: നബി(സ) അരുളി: നടക്കുമ്പോൾ കാലകററിവെച്ച് നടക്കുന്ന ഒരു കറുത്ത മനുഷ്യൻ കഅബ:യുടെ കല്ലുകൾ ഓരോന്നായി പൊളിച്ചെടുക്കുന്നത് ഞാനിതാ കാണുന്നു. (ബുഖാരി. 2. 26. 665)

1250. ഉമർ(റ) പറയുന്നു: അദ്ദേഹം ഹജ്ജ് വേളയിൽ ഹജറുൽ അസ്‌വദിനടുത്തുവന്ന് അതിനെ ചുംബിച്ചുകൊണ്ട് പറഞ്ഞു. നീ വെറും ഒരു കല്ല് മാത്രമാണ്. ആർക്കും യാതൊരു ഉപകാരമോ ഉപദ്രവമോ ചെയ്യാൻ നിനക്ക് സാധ്യമല്ല. ആ യാഥാർത്ഥ്യം ഞാൻ ശരിക്കും അറിയുന്നു. പ്രവാചകൻ നിന്നെ ചുംബിക്കുന്നത് കണ്ടിരുന്നില്ലെങ്കിൽ നിന്നെ ഞാൻ ചുംബിക്കുമായിരുന്നില്ല. (ബുഖാരി. 2. 26. 667)

1251. അബ്ദുല്ല(റ) നിവേദനം: നബി(സ) കഅ്ബയെ ത്വവാഫ് ചെയ്തു കൊണ്ട് ഉംറ: നിർവഹിച്ചു. മഖാമിന്റെ അടുത്തുവെച്ച് രണ്ടു റക്അത്തു നമസ്കരിച്ചു. നബി(സ)യെ ശത്രുക്കളിൽ നിന്നു രക്ഷിക്കാനായി ചിലർ കാവൽ നിന്നു. അന്ന് നബി(സ) കഅ്ബയിൽ പ്രവേശിച്ചുവോ എന്ന് ചിലർ അബുദ്ല്ലയോട് ചോദിച്ചു. ഇല്ലെന്ന് മറുപടി പറഞ്ഞു. (ബുഖാരി. 2. 26. 670)

1252. ഇബ്നു അബ്ബാസ്(റ) നിവേദനം: നബി(സ) മക്കാ വിജയവേളയിൽ കഅ്ബത്തിനടുത്ത് ചെന്നിട്ടു ഉള്ളിൽ പ്രവേശിക്കാൻ വിസമ്മതിച്ചു. അതിൽ വിഗ്രഹങ്ങളുണ്ടായിരുന്നു. നബി(സ)യുടെ കൽപ്പനപ്രകാരം അവയെല്ലാം പുറത്തേക്കെടുത്തു. ആ കൂട്ടത്തിൽ ഇബ്രാഹീം നബി(അ)യുടേയും ഇസ്മാഈൽ നബി(അ)യുടെയും പ്രതിമകളും പുറത്തേക്കെടുത്തു. പ്രതിമകളുടെ കൈകളിൽ പ്രശ്നം വെക്കാനുപയോഗിക്കുന്ന അമ്പുകളുണ്ടായിരുന്നു. നബി(സ) അരുളി: അല്ലാഹു അവരെ നശിപ്പിക്കട്ടെ! അല്ലാഹു സത്യം! ആ പ്രവാചകന്മാർ രണ്ടുപേരും ഒരിക്കലും അമ്പുകൾ കൊണ്ട് പ്രശ്നം വെച്ചിട്ടില്ലെന്ന്

ബഹുദൈവവിശ്വാസികൾക്കറിയാം. ശേഷം നബി(സ) കഅ്ബയുടെ ഉള്ളിൽ കടന്നു. അവിടെ വെച്ച് അല്ലാഹുവിന്റെ മഹത്വത്തെ പ്രകീർത്തിച്ചു. അതിന്നടുത്തു വെച്ചു അവിടുന്നു നമസ്കരിച്ചില്ല. (ബുഖാരി. 2. 26. 671)

1253. ഇബ്നു അബ്ബാസ്(റ) നിവേദനം: നബി(സ) യും സഹാബിവര്യന്മാരും ഉംറ: ചെയ്യാൻമക്കയിലെത്തി. അപ്പോൾ മുശ്രിക്കുകൾ പറഞ്ഞു: ഇതാ! നിങ്ങളുടെയടുത്തേക്ക് ഒരു സംഘം ആളുകൾ വരുന്നുണ്ട്. മദീനത്തെ പളളി അവരെ ദുർബലപ്പെടുത്തിയിരിക്കുന്നു. അന്നേരം നബി(സ) അനുചരന്മാരോട് മൂന്നുവട്ടം ഓടി നടന്നുകൊണ്ടും ഹജറുൽ അസ്‌വദിന്റെ ഭാഗത്തുള്ള രണ്ടു മൂലകൾക്കിടയിൽ മിതമായി നടന്നുകൊണ്ടും ത്വവാഫ് ചെയ്യാൻ കൽപ്പിച്ചു. ത്വവാഫിന്റെ ഏഴുവട്ടം മുഴുവനും ഓടി നടക്കുവാൻ നബി(സ) കൽപ്പിക്കാതിരുന്നത് അവരോടുള്ള ദയകൊണ്ട് മാത്രമായിരുന്നു. (ബുഖാരി. 2. 26. 672)

1254. സാലിം(റ) തന്റെ പിതാവിൽ നിന്ന് നിവേദനം: നബി(സ) മക്കയിൽ വന്നപ്പോൾ ഹജറുൽ അസ്‌വദിനെ കൈകൊണ്ട് തൊട്ട് ചുബിച്ചശേഷം ഏഴ് ത്വവാഫുകളിൽ ആദ്യത്തെ ത്വവാഫുകൾ വേഗം ഓടി നടന്നുകൊണ്ട് (റംല്)ചെയ്യുന്നത് ഞാൻ കണ്ടു. (ബുഖാരി. 2. 26. 673)

1255. ഇബ്നു ഉമർ(റ) നിവേദനം: നബി(സ) മൂന്ന് പ്രാവശ്യം കാലുകൾ അടുപ്പിച്ച് ധൃതിയിൽ(റംല്)നടന്നു. നാല് പ്രാവശ്യം സാധാരണ നടത്തവും അവിടുന്നു നിർവ്വഹിച്ചു. ഹജ്ജിലും ഉംറയിലും. (ബുഖാരി. 2. 26. 674)

1256. ഉമർ(റ) നിവേദനം: അദ്ദേഹം മൂലയെ (ഹജറുൽ അസ്‌വദ്)ക്കുറിച്ച് പറഞ്ഞു. അല്ലാഹു സത്യം. നീ ഉപകാരമോ ഉപദ്രവമോ ചെയ്യാത്ത കല്ലാണെന്ന് എനിക്കറിയാം. നബി(സ) നിന്നെ തൊട്ടുചുംബിക്കുന്നത് ഞാൻ കണ്ടിട്ടില്ലായിരുന്നുവെങ്കിൽ ഞാൻ നിന്നെ തൊട്ടു ചുംബിക്കുകയില്ല. അങ്ങനെ അദ്ദേഹം അതിനെ തൊട്ടു ചുംബിച്ചു. ശേഷം പറഞ്ഞു: നാമെന്തിന് ത്വവാഫ് ഓടി നടന്നു ചെയ്യണം? അന്ന് നാം അത് മുശ്രിക്കുകളുടെ മുമ്പിൽ നമ്മുടെ ശക്തി പ്രദർശിപ്പിക്കാൻ വേണ്ടി ചെയ്തതായിരുന്നു. ഇന്നു അല്ലാഹു അവരെ നശിപ്പിച്ചു കഴിഞ്ഞു. അദ്ദേഹം തന്നെ പറഞ്ഞു: ശരി, നബി(സ) ചെയ്ത ഒരു പ്രവൃത്തി, അതുകൊണ്ട് നാമതു ഉപേക്ഷിക്കുവാൻ ഇഷ്ടപ്പെടുന്നില്ല. (ബുഖാരി. 2. 26. 675)

1257. ഇബ്നു ഉമർ(റ) നിവേദനം: ഹജറുൽ അസ്‌വദ് റുക്ക്നുൽ യമാനി എന്നീ രണ്ടു മൂലകളും സൗകര്യമുള്ളപ്പോഴും അസൗകര്യമുള്ളപ്പോഴും ത്വവാഫിൽ കൈകൊണ്ട് തൊടുന്നത് ഞാൻ ഉപേക്ഷിച്ചിട്ടില്ല. നബി(സ) അവ രണ്ടിലും തൊടുന്നതു കണ്ടതുമുതൽ. ഞാൻ(ഉബൈദു)നാഫിഅ് നോട് ചോദിച്ചു. ഇബ്നുഉമർ(റ) രണ്ടു മൂലകൾക്കിടയിൽ നടക്കുകയാണോ ചെയ്യാറുണ്ടായിരുന്നത്? നാഫിഅ്(റ) പറഞ്ഞു: അവ തൊടുന്നതിന് എളുപ്പമാകാൻ വേണ്ടി അദ്ദേഹം നടക്കുകയാണ് ചെയ്യാറുണ്ടായിരുന്നത്. (ബുഖാരി. 2. 26. 676)

1258. ഇബ്നുഅബ്ബാസ്(റ) നിവേദനം: ഹജ്ജത്തുൽവദാഇൽ ഒട്ടകപ്പുത്തിരുന്നു ഒരു വടികൊണ്ട് ഹജറുൽ അസ്‌വദിനെ തൊട്ടുകൊണ്ടാണ് നബി(സ) ത്വവാഫ് ചെയ്തത്. (ബുഖാരി. 2. 26. 677)

1259. സാലിമ്(റ) തന്റെ പിതാവിൽ നിന്ന് (ഇബ്നു ഉമർ) നിവേദനം: നബി(സ) രണ്ട് യമാനി തൂണുകൾ(മൂലകൾ)അല്ലാതെ സ്പർശിക്കുന്നത് ഞാൻ കണ്ടിട്ടില്ല. (ബുഖാരി. 2. 26. 678)

1260. സൈദ്ബ്നു അസ്ലം(റ) തന്റെ പിതാവിൽ നിന്ന് ഉദ്ധരിക്കുന്നു. ഉമർ(റ) ഹജറുൽ അസ് വദിനെ ചുംബിക്കുന്നത് ഞാൻ കണ്ടു. ശേഷം അദ്ദേഹം പറഞ്ഞു: നിന്നെ

നബി(സ) ചുംബിക്കുന്നത് ഞാൻ കണ്ടിട്ടില്ലായിരുന്നുവെങ്കിൽ ഞാൻ നിന്നെ ഒരിക്കലും ചുംബിക്കുമായിരുന്നില്ല. (ബുഖാരി. 2. 26. 679)

1261. സുബൈർ(റ) പറയുന്നു: ഇബ്നു ഉമർ(റ) വിനോട് ഒരാൾ ഹജറുൽ അസ്‌വദ് തൊടുന്നതിനെ സംബന്ധിച്ച് ചോദിച്ചു: ഇബ്നു ഉമർ(റ) പറഞ്ഞു: നബി(സ) അതിനെ തൊടുന്നതും ചുംബിക്കുന്നതും ഞാൻ കണ്ടിട്ടുണ്ട്. ഞാൻ തിരക്കിൽ പെട്ടുപോയാലോ എന്ന് അയാൾ വീണ്ടും ചോദിച്ചു. ഇബ്നു ഉമർ(റ) പറഞ്ഞു: നീ നിന്റെ അങ്ങിനെയാണെങ്കിൽ, ഇങ്ങിനെയാണെങ്കിൽ എന്നീ ചോദ്യങ്ങൾ കൊണ്ടുപോയി യമനിൽ വച്ചു കൊള്ളുക. നബി(സ) അതിനെ തൊടുന്നതും ചുംബിക്കുന്നതും ഞാൻ കണ്ടിട്ടുണ്ട്. (ബുഖാരി. 2. 26. 680)

1262. ഇബ്നു അബ്ബാസ്(റ) നിവേദനം: നബി(സ) ഒരു ഒട്ടകപ്പുറത്തിരുന്നു കഅ്ബയെ പ്രദക്ഷിണം വെച്ചു. ഹജറുൽ അസ്‌വദിന്റെ അടുത്തു എത്തുന്ന സന്ദർഭത്തിൽ എല്ലാം തന്നെ നബി(സ) അതിന്റെ നേരെ ചൂണ്ടി. (ബുഖാരി. 2. 26. 681)

1263. ഇബ്നു അബ്ബാസ്(റ) നിവേദനം: നബി(സ) ഹജറുൽ അസ്‌വദിന്റെ മൂലയിൽ എത്തുമ്പോൾ എന്തെങ്കിലും കൊണ്ട് അതിന്റെ നേരെ ചൂണ്ടും. അവിടുന്ന് തക്ബീർ ചൊല്ലുകയും ചെയ്യും. (ബുഖാരി. 2. 26. 682)

1264. ആയിശ(റ) നിവേദനം: നബി(സ) മക്കയിൽ വന്നാൽ ആദ്യമായി വുളുവെടുത്ത് ത്വവാഫ് ചെയ്യും. ആ ത്വവാഫ് മാത്രം നബി(സ) ഉംറയായി പരിഗണിക്കാറില്ല. അബൂബക്കർ(റ) ഉമർ(റ) എന്നിവരും നബി(സ)യെപ്പോലെ തന്നെ ഹജ്ജ് ചെയ്തു. ശേഷം ഞാൻ(ഉർവ)എന്റെ പിതാവ് സുബൈറിന്റെ കൂടെ ഹജ്ജ് ചെയ്തു. അദ്ദേഹവും ആദ്യം കഅ്ബയെ ത്വവാഫ് ചെയ്തു. മുഹാജിറുകളും അൻസാറുകളും അപ്രകാരം തന്നെ ചെയ്യുന്നതായി ഞാൻ കണ്ടു. എന്റെ മാതാവ് എന്നോട് പറഞ്ഞു. അവരും സഹോദരിയും സുബൈറും ഒരു സ്ത്രീയും പുരുഷനും കൂടി ഉംറ:ക്ക് ഇഹ്റാം കെട്ടി. ഹജറുൽഅസ്‌വദിനെ ചുംബിച്ച് (ത്വവാഫും സഅ്യും)നിർവ്വഹിച്ച് അവൻ ഇഹ്റാമിൽ നിന്ന് വിരമിച്ചു. (ബുഖാരി. 2. 26. 683)

1265. ഇബ്നു ഉമർ(റ) നിവേദനം: നബി(സ) ഹജ്ജിനോ ഉംറക്കോ ത്വവാഫ് ചെയ്യുമ്പോൾ മൂന്ന് പ്രാവശ്യം വേഗത്തിൽ നടക്കുകയും നാല് പ്രവാശ്യം നടക്കുകയും ചെയ്യും. ശേഷം രണ്ടു റക്അത്തു നമസ്കരിക്കും. പിന്നെ സ്വഫാ-മർവക്കിടയിൽ സഅ്യ് ചെയ്യും. ഇബ്നു ഉമർ(റ) നിവേദനം: അവർ സ്വഫാ-മർവക്കിടയിലൂടെ നടക്കുമ്പോൾ താഴ്വരയിലൂടെ നടക്കാറുണ്ട്. (ബുഖാരി. 2. 26. 685)

1266. ഉമ്മു സലമ:(റ) നിവേനം: ഞാൻ രോഗിയാണെന്ന് നബി(സ) യോടു ആവലാതിപ്പെട്ടു. അപ്പോൾ നബി(സ) കഅ്ബ: യുടെ ഒരു ഭാഗത്ത് നമസ്കരിച്ചു കൊണ്ടിരിക്കുമ്പോൾ ഞാൻ ത്വവാഫ് ചെയ്തു. അവിടുന്നു വത്വൂർ എന്ന സൂറത്തു പാരായണം ചെയ്യുന്നുണ്ട്. (ബുഖാരി. 2. 26. 686)

1267. ഇബ്നു അബ്ബാസ്(റ) നിവേദനം: നബി(സ) ത്വവാഫ് ചെയ്യുന്നതിനിടക്ക് തുകലിൽ നിന്നു മുറിച്ചെടുത്ത് ചരടുകൊണ്ടോ നൂലുകൊണ്ടോ മറേറാ തന്റെ കൈ മറെറാരാളുടെ കൈയുമായി കൂട്ടിക്കെട്ടി ത്വവാഫ് ചെയ്യുന്ന ഒരു മനുഷ്യന്റെ അടുത്തുകൂടി നടന്നുപോയി. നബി(സ) ആ കെട്ട് തന്റെ കൈ കൊണ്ട് മുറിച്ചു കളഞ്ഞു. ശേഷം അവിടുന്ന് അരുളി: അയാളുടെ കൈ പിടിച്ചു നടക്കുക. (ബുഖാരി. 2. 26. 687)

1268. അബൂഹുറൈറ(റ) നിവേദനം: ഹജ്ജുത്തൂൽ വദാഇന്നു മുമ്പുള്ള വർഷത്തിൽ അബൂബക്കർ(റ) നെ അമീറായി നിയമിച്ചുകൊണ്ടു ഒരു സംഘത്തെ നബി(സ) ഹജ്ജിന് നിയോഗിച്ചു. ബലികർമ്മ ദിവസം മിനായിൽ വെച്ച് ഇപ്രകാരം

പ്രഖ്യാപിക്കാൻ അബൂബക്കർ(റ) ഒരു സംഘം ആളുകളോടൊപ്പം എന്നെ നിയോഗിച്ചു. അറിയുക! ഈ വർഷത്തിനു ശേഷം മുശ്രിക്കുകൾ ആരും തന്നെ ഹജ്ജ് ചെയ്യാൻ പാടില്ല. നഗ്നത മറക്കാതെ ത്വവാഫ് ചെയ്യാനും പാടില്ല. (ബുഖാരി. 2. 26. 689)

1269. അംറ്(റ) പറയുന്നു: ഞങ്ങൾ ഇബ്നു ഉമർ(റ) നോട് ചോദിച്ചു. ഒരാൾ ഉംറ: നിർവ്വഹിക്കുമ്പോൾ സ്വഫാ-മർവാക്കിടയിൽ നടക്കുന്നതിനു മുമ്പ് തന്റെ ഭാര്യയെ സമീപിക്കുവാൻ പാടുണ്ടോ? അദ്ദേഹം പറഞ്ഞു: നബി(സ) ഉംറ: ക്ക് വന്നു. അവിടുന്ന് ഏഴു പ്രാവശ്യം ത്വവാഫ് ചെയ്തു. ശേഷം മഖാമിന്റെ പിന്നിൽ നിന്ന് കൊണ്ട് രണ്ടു റക്അത്തു നമസ്കരിച്ചു. പിന്നെ സ്വഫാ-മർവക്കിടയിൽ പ്രദക്ഷിണം ചെയ്തു. അല്ലാഹു പറയുന്നു. നിശ്ചയം നിങ്ങൾക്ക് പ്രവാചകനിൽ മാതൃകയുണ്ട്. ജാബിർ(റ) നിവേദനം: അദ്ദേഹത്തോട് ചോദിക്കപ്പെട്ടു. അദ്ദേഹവും പറഞ്ഞു. സ്വഫാ-മർവക്കിടയിൽ നടക്കുന്നതുവരെ തന്റെ ഭാര്യയെ സമിപിക്കുവാൻ പാടില്ല. (ബുഖാരി. 2. 26. 690)

1270. ഇബ്നുഅബ്ബാസ്(റ) നിവേദനം: നബി(സ) ഹജ്ജിന്നായി മക്കായിൽ വന്നപ്പോൾ ത്വവാഫ് ചെയ്തു. സ്വഫാ-മർവക്കിടയിൽ നടന്നു. അതിനുശേഷം അറഫായിൽ നിന്ന് മടങ്ങുന്നതുവരെ കഅ്ബ: യെ സമീപിച്ചില്ല. (ബുഖാരി. 2. 26. 691)

1271. ഉമ്മുസലമ(റ) നിവേദനം: നബി(സ) അവരോട് പറഞ്ഞു: സുബ്ഹ് നമസ്കാരത്തിന് ഇഖാമത്ത് വിളിക്കപ്പെട്ടാൽ നിന്റെ ഒട്ടകപ്പുറത്തു കയറി ജനങ്ങൾ നമസ്കരിക്കുമ്പോൾ നീ ത്വവാഫ് ചെയ്യുക. അപ്പോൾ അവർ അപ്രകാരം ചെയ്തു. ഹറമിൽ നിന്ന് പുറത്തുവന്നശേഷമാണ് അവർ (ത്വവാഫിന്റെ സുന്നത്തു) നമസ്കരിച്ചത്. (ബുഖാരി. 2. 26. 692)

1272. ഇബ്നുഉമർ(റ) നിവേദനം: നബി(സ) മക്കയിൽ വന്ന് കഅ്ബ: യെ ഏഴു പ്രാവശ്യം പ്രദക്ഷിണം ചെയ്തു. ശേഷം മഖാമിന്റെ പിന്നിൽ വെച്ച് രണ്ടു റക്ക്അത്തു നമസ്കരിച്ചു. (ബുഖാരി. 2. 26. 693)

1273. ആയിശ(റ) നിവേദനം: അവർ പറയുന്നു: ചില മനുഷ്യന്മാർ സുബ്ഹി നമസ്കാരത്തിനുശേഷം ത്വവാഫ് ചെയ്തു. ശേഷം അവർ പ്രസംഗിക്കുന്നവന്റെ പ്രസംഗം ശ്രവിക്കുവാൻ ഇരുന്നു. സൂര്യൻ ഉദിച്ചപ്പോൾ അവർ എഴുന്നേററു നമസ്കരിച്ചു. ആയിശ(റ) പറയുന്നു: അവർ ഇരിക്കുകയും നമസ്കാരം വെറുക്കപ്പെട്ട സമയത്ത് അവർ എഴുന്നേററ് നിന്ന് നമസ്കരിക്കുകയും ചെയ്തു. (ബുഖാരി. 2. 26. 694)

1274. ഇബ്നു ഉമർ(റ) നിവേദനം: സൂര്യൻ ഉദിക്കുന്ന സന്ദർഭത്തിലും അസ്തമിക്കുന്ന സന്ദർഭത്തിലും നമസ്കരിക്കുന്നതിനെ നബി(സ) വിരോധിക്കുന്നത് ഞാൻ കേൾക്കുകയുണ്ടായി. (ബുഖാരി. 2. 26. 695)

1275. അബ്ദുൽ അസീസ് പറയുന്നു: ഇബ്നു സുബൈർ(റ) സുബ്ഹ് നമസ്കാരത്തിനു ശേഷം ത്വവാഫ് ചെയ്തു രണ്ടു റക്അത്തു നമസ്ക്കരിക്കുന്നത് ഞാൻ കണ്ടു. (ബുഖാരി. 1630)

1276. അബ്ദുൽ അസീസ് പയുന്നു: അസർ നമസ്കാരത്തിനുശേഷം ഇബ്നു സുബൈർ(റ) രണ്ടു റക്ക്അത്തു നമസ്കരിക്കുന്നത് ഞാൻ കണ്ടു. നബി(സ) ആയിശയുടെ മുറിയിൽ പ്രവേശിക്കുന്ന സന്ദർഭത്തിൽ എല്ലാം തന്നെ ഇപ്രകാരം നമസ്കരിക്കാറുണ്ടെന്ന് ആയിശ(റ) പ്രസ്താവിച്ചതായി അദ്ദേഹം ഉദ്ധരിക്കാറുണ്ട്. (ബുഖാരി. 2. 26. 696)

1277. ഇബ്നു അബ്ബാസ്(റ) നിവേദനം: നബി(സ) ഒരു ഒട്ടകപ്പുറത്ത് കയറികൊണ്ട് കഅ്ബ:യെ ത്വവാഫ് ചെയ്തു. ഹജറുൽ അസ്‌വദിന്റെ അടുത്തു എത്തിയപ്പോൾ തന്റെ കയ്യിലുളള ചിലത് കൊണ്ട് അതിന്റെ നേരെ ചൂണ്ടി. തക്ബീർ ചൊല്ലുകയും ചെയ്തു. (ബുഖാരി. 2. 26. 697)

1278. ഇബ്നു ഉമർ(റ) നിവേദനം: ഹാജിമാർക്ക് വെളളം നൽകാൻ മിനായിൽ രാത്രി താമസിക്കേണ്ട ദിവസങ്ങളിൽ മക്കായിൽ രാത്രി നമസ്കരിക്കുവാൻ അബ്ബാസ് നബി(സ)യോട് അനുവാദം ചോദിച്ചു. നബി(സ) അപ്പോൾ അദ്ദേഹത്തിനു അനുവാദം നൽകി. (ബുഖാരി. 2. 26. 698)

1279. ഇബ്നു അബ്ബാസ്(റ) നിവേദനം: നിശ്ചയം നബി(സ) ജലദാനം ചെയ്യുന്ന കേന്ദ്രത്തിൽ ചെന്ന് വെളളം ആവശ്യപ്പെട്ടു. അപ്പോൾ അബ്ബാസ്(റ) പറഞ്ഞു: ഫള്ലേ! നീ ഉമ്മയുടെ അടുത്തു ചെന്ന് നബി(സ)ക്ക് കുടിക്കാൻ കുറച്ച് പാനീയം കൊണ്ടുവരൂ. അപ്പോൾ നബി(സ) പറഞ്ഞു. എനിക്ക് ഈ സംസം വെളളത്തിൽ നിന്ന് കുടിക്കാൻ തരിക. അബ്ബാസ്(റ) പറഞ്ഞു: പ്രവാചകരേ! ആ വെളളത്തിൽ ജനങ്ങൾ കയ്യിടാറുണ്ട്. അതിൽ നിന്നു തന്നെ നീ എന്നെ കുടിപ്പിക്കുക എന്ന് നബി(സ) വീണ്ടും പറഞ്ഞു. അവിടുന്ന് ആ വെള്ളം തന്നെ കുടിച്ചു. നബി(സ) സംസമിന്റെയടുത്തേക്ക് ചെന്നു. ജനങ്ങൾ അവിടെ ജലദാന ശ്രമത്തിൽ ഏർപ്പെട്ടിരിക്കുയാണ്. നബി(സ) അവരോടു അരുളി: നിങ്ങൾ പ്രവർത്തിച്ചുകൊളളുക. നിശ്ചയം നിങ്ങൾ ഒരു പുണ്യകർമ്മത്തിന്മേൽ തന്നെയാണ്. ശേഷം നബി(സ) അരുളി: നിങ്ങൾക്ക് ഈ ജോലി നഷ്ടപ്പെടുമോ എന്ന ഭയമില്ലായിരുന്നെങ്കിൽ ഞാനും നിങ്ങളോടൊപ്പം ഇറങ്ങി വെളളം വലിക്കുന്ന കയർ ഇതാ ഇവിടെ-നബി(സ) തന്റെ പിരടിയിലേക്ക് ചൂണ്ടിക്കാണിച്ചു-വെക്കുമായിരുന്നു. (ബുഖാരി. 2. 26. 700)

1280. ഇബ്നു അബ്ബാസ്(റ) പറയുന്നു: നബി(സ)യെ ഞാൻ സംസം വെളളം കുടിപ്പിച്ചു. അവിടുന്നു നിന്ന് കൊണ്ടാണ് അത് കുടിച്ചത്. (ബുഖാരി. 2. 26. 701)

1281. ആയിശ(റ) നിവേദനം: നബി(സ) മക്കയിൽ വന്നപ്പോൾ ആദ്യമായി വുളു എടുക്കുകയും ശേഷം കഅ്ബ:യെ ത്വവാഫ് ചെയ്യുകയും ചെയ്തു. (ബുഖാരി. 2. 26. 705)

1282. ഇബ്നുഉമർ(റ) നിവേദനം: നബി(സ) ത്വവാഫ് ചെയ്യുമ്പോൾ ആദ്യത്തെ മൂന്ന് പ്രാവശ്യം ഓടി നടന്നും ശേഷമുളള നാല് പ്രാവശ്യം മിതമായി നടന്നുമാണ് ത്വവാഫ് ചെയ്തിരുന്നത്. അവിടുന്നു സ്വഫാ-മർവക്കിടയിൽ നടക്കുമ്പോൾ അന്ന് മഴവെളളം ഒഴുകിയിരുന്ന ചാലിലൂടെയാണ് നടന്നിരുന്നത്. അപ്പോൾ നാഫിഅ്നോട് ഞാൻ (ഉബൈദ്)ചോദിച്ചു: യമാനീ മൂലയിൽ എത്തുമ്പോൾ അബ്ദുല്ല നടക്കുകയാണോ ചെയ്തിരുന്നത്. അദ്ദേഹം പറഞ്ഞു: അല്ല, മൂലയെ തൊടുവാൻ ഉദ്ദേശിച്ചു കൊണ്ട് അല്ലാതെ നടക്കാറില്ല. (ബുഖാരി. 2. 26. 707)

1283. ആസ്വിം(റ) പറയുന്നു: ഞാൻ അനസ്(റ) നോട് ചോദിച്ചു: സ്വഫാ-മർവാക്കിടയിൽ നടക്കുന്നതിനെ നിങ്ങൾ വെറുത്തിരുന്നുവോ? അദ്ദേഹം പറഞ്ഞു: അതെ, കാരണം അത് അജ്ഞാന കാലത്തെ ചിഹ്നമായിരുന്നു. അല്ലാഹു ഇപ്രകാരം അവതരിപ്പിക്കുന്നതു വരെ(നിശ്ചയം സ്വഫാ-യും മർവായും അല്ലാഹുവിന്റെ ചിഹ്നമാണ്. അൽബഖറ: 2:158). (ബുഖാരി. 2. 26. 710)

1284. ഇബ്നു അബ്ബാസ്(റ) നിവേദനം: നബി(സ) കഅ്ബ: ക്കും സ്വഫാ-മർവക്കിടയിലും സഅ്യ് ചെയ്തിരുന്നത് മുശ്രിക്കുകൾക്ക് തന്റെ ശക്തി കാണിച്ചുകൊടുക്കുവാനായിരുന്നു. (ബുഖാരി. 2. 26. 711)

1285. ആയിശ(റ) നിവേദനം: ഞാൻ മക്കയിൽ വന്നത് ആർത്തവക്കാരിയായിട്ടാണ്. കഅ്ബയെ ഞാൻ ത്വവാഫ് ചെയ്യുകയോ സ്വഫാ-മർവക്കിടയിൽ നടക്കുകയോ ചെയ്തിരുന്നില്ല. ആയിശ(റ) പറയുന്നു: ഇതിനെ സംബന്ധിച്ച് ഞാൻ നബി(സ)യോടു ആവലാതിപ്പെട്ടു. അപ്പോൾ നബി(സ) പറഞ്ഞു: ഹാജിമാർ ചെയ്യുന്നതുപോലെ നീയും ചെയ്യുക. എന്നാൽ നീ ശുദ്ധിയാകുന്നതുവരെ കഅ്ബയെ ത്വവാഫ് ചെയ്യരുത്. (ബുഖാരി. 2. 26. 712)

1286. ജാബിർ(റ) നിവേദനം: നബി(സ) യും അനുചരന്മാരും ഹജ്ജിന്ന് ഇഹ്റാം കെട്ടി. അപ്പോൾ നബി(സ)യുടെയും ത്വൽഹത്തിന്റെയും കൂടെ മാത്രമായിരുന്നു ബലിമൃഗം ഉണ്ടായിരുന്നത്. അലി(റ) ബലിമൃഗത്തെയുമായി യമനിൽ നിന്നും വന്നു. അദ്ദേഹം പറഞ്ഞു: നബി(സ) ഇഹ്റാം കെട്ടിയതിന് ഞാനും ഇഹ്റാം കെട്ടിയിരിക്കുന്നു. അന്നേരം നബി(സ)യുടെ അനുചരന്മാരോട് അവരുടെ ഇഹ്റാം ഉംറയാക്കി മാററുവാനും ത്വവാഫ് ചെയ്ത് മുടി വെട്ടി ഇഹ്റാമിൽ നിന്നു വിരമിക്കുവാനും കൽപ്പിച്ചു. ബലിമൃഗത്തെ കൂടെ കൊണ്ടു വന്നവർ ഒഴികെ. നബി(സ)യുടെ അനുചരന്മാരോട് അവരുടെ ഇഹ്റാം ഉംറയാക്കി മാററുവാനും ത്വവാഫ് ചെയ്ത് മുടി വെട്ടി ഇഹ്റാമിൽ നിന്നു വിരമിക്കുവാനും കൽപ്പിച്ചു. ബലിമൃഗത്തെ കൂടെ കൊണ്ടു വന്നവർ ഒഴികെ. നബി(സ)യുടെ അനുചരന്മാർ അന്യോന്യം പറഞ്ഞു: ഞങ്ങളുടെ ലിംഗത്തിൽ നിന്ന് ബീജം ഉററി വീഴുമ്പോൾ (ഭാര്യയുമായി സഹവസിച്ചു കഴിഞ്ഞു) ഞങ്ങൾ മിനായിലേക്ക് ഇഹ്റാം കെട്ടി പുറപ്പെടുകയോ? നബി(സ) ഇതറിഞ്ഞപ്പോൾ അരുളി: പിന്നീടുണ്ടായ അനുഭവം മുൻകൂട്ടി കാണുവാൻ സാധിക്കുമായിരുന്നുവെങ്കിൽ ഞാൻ ബലിമൃഗത്തെ അടയാളം കെട്ടിക്കൊണ്ടു വരികയില്ലായിരുന്നു. കൂടെ ബലിമൃഗം ഇല്ലായിരുന്നെങ്കിൽ ഞാനും ഇഹ്റാമിൽ നിന്നു വിരമിക്കുമായിരുന്നു. ആയിശ(റ)ക്ക് ആർത്തവം ഉണ്ടായി. അപ്പോൾ അവർ ഹജ്ജിന്റെ എല്ലാകർമ്മവും ആർത്തവകാരിയായികൊണ്ടു തന്നെ ചെയ്തു. കഅ്ബയെ ത്വവാഫ് ചെയ്യൽ ഒഴികെ. ശുദ്ധിയായാപ്പോൾ ത്വവാഫും ചെയ്തു. (ബുഖാരി. 2. 26. 713)

1287. അനസ്(റ) പറയുന്നു: നബി(സ) ഏഴ് ഒട്ടകത്തെ നിറുത്തികൊണ്ട് തന്റെ കൈകൊണ്ട് തന്നെ അറുക്കുകയുണ്ടായി. മദീനയിൽ വെച്ച് രണ്ട് തടിച്ച കൊമ്പുള്ള ആടുകളെ നബി(സ) തന്നെ ബലിയറുത്തു. (ബുഖാരി. 2. 26. 770)

1288. ഇബ്നുഉമർ(റ) നിവേദനം: ഒരാൾ ഒട്ടകത്തെ കിടത്തി ബലിയറുക്കുന്നത് ഇബ്നു ഉമർ(റ) കണ്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: അതിനെ എഴുന്നേൽപ്പിച്ചു നിറുത്തി കെട്ടിയ ശേഷം നീ ബലിയറുക്കുക. നബിയുടെ സുന്നത്ത് അതാണ്. (ബുഖാരി. 2. 26. 771)

1289. അനസ്(റ) പറയുന്നു: നബി(സ) ഏഴ് ഒട്ടകത്തെ നിറുത്തികൊണ്ട് ബലിയറുത്തു. (ബുഖാരി. 2. 26. 772)

1290. അലി(റ) നിവേദനം: നബി(സ) അദ്ദേഹത്തോട് തന്റെ ഒട്ടകത്തിന്റെ മേൽനോട്ടം വഹിക്കുവാൻ കൽപിച്ചു. അതിന്റെ മാംസം തോലുകൾ, ജീനി മുതലായ മുഴുവൻ ഭാഗിച്ച് ധർമ്മം ചെയ്യുവാനും നിർദ്ദേശിച്ചു. കശാപ്പ്കാരനും യാതൊന്നും നൽകാതിരിക്കുവാനും. (ബുഖാരി. 2. 26. 774)

1291. അലി(റ) നിവേദനം: നബി(സ) നൂറ് ഒട്ടകത്തെ ബലിയറുക്കുവാൻ കൊണ്ടുവന്നു. അതിന്റെ മാംസവും ജീനിയും തോലുകളും ഭാഗിക്കുവാൻ എന്നോട് കൽപ്പിക്കുകയും ഞാൻ ഭാഗിക്കുകയും ചെയ്തു. (ബുഖാരി. 2. 26. 775)

1292. ജാബിർ(റ) നിവേദനം: മിനായിൽ താമസിക്കുന്ന മൂന്ന് ദിവസമല്ലാതെ ബലിമൃഗങ്ങളുടെ മാംസത്തിൽ നിന്ന് ഞങ്ങൾ ഭക്ഷിക്കാറില്ലായിരുന്നു. ശേഷം

നബി(സ) ഞങ്ങൾക്കതിൽ ഇളവനുവദിച്ചു കൊണ്ടരുളി: നിങ്ങളതു ഭക്ഷിക്കുകയും സൂക്ഷിച്ചുവെക്കുകയും ചെയ്യുവീൻ. അപ്പോൾ ഞങ്ങളതു ഭക്ഷിക്കുകയും സൂക്ഷിച്ചുവെക്കുകയും ചെയ്തു. (ബുഖാരി. 2. 26. 777)

1293. ഇബ്നു അബ്ബാസ്(റ) പറയുന്നു: അറവ് നിർവ്വഹിക്കുന്നതിന്റെ മുമ്പ് തല മുണ്ഡനം ചെയ്തതനുസരിച്ച് നബി(സ) യോടു ചോദിക്കപ്പെട്ടു. അവിടുന്ന് അരുളി: കുഴപ്പമില്ല. (ബുഖാരി. 2. 26. 779)

1294. ഇബ്നു അബ്ബാസ്(റ) നിവേദനം: ഞാൻ കല്ലേറിയുന്നതിന് മുമ്പ് ത്വവാഫ് ചെയ്തുവെന്ന് ഒരാൾ നബി(സ) യോടു പറഞ്ഞു. കുററമില്ലെന്നു നബി(സ) അരുളി: ബലിയറുക്കുന്നതിനു മുമ്പ് ഞാൻ തല മുണ്ഡനം ചെയ്തുവെന്ന് മറെറാരാൾ പറഞ്ഞു. കുഴപ്പമില്ലെന്ന് നബി(സ) അരുളി: കല്ലേറിയുന്നതിന്റെ മുമ്പ് ഞാൻ ബലിയറുത്തുവെന്ന് മറെറാരാൾ പറഞ്ഞു: കുററമില്ലെന്ന് നബി(സ) പ്രത്യുത്തരം നൽകി. (ബുഖാരി. 2. 26. 780)

1295. ഇബ്നു ഉമർ(റ) പറയുന്നു: നബി(സ) തന്റെ ഹജ്ജിൽ തലമുടി മുണ്ഡനം ചെയ്തു. (ബുഖാരി. 2. 26. 784)

1296. ഇബ്നു ഉമർ(റ) നിവേദനം: നബി(സ) പ്രാർത്ഥിച്ചു: അല്ലാഹുവേ!. മുടി മുണ്ഡനം ചെയ്തവരെ നീ അനുഗ്രഹിക്കേണമേ! പ്രവാചകരേ! മുടി വെട്ടിയവരേയും എന്ന് പ്രാർത്ഥിച്ചാലും എന്ന് സഹാബിമാർ ആവശ്യപ്പെട്ടു. വീണ്ടും നബി പ്രാർത്ഥിച്ചു: അല്ലാഹുവേ! തല മുണ്ഡനം ചെയ്തവരെ നീ അനുഗ്രഹിക്കേണമേ! അനുചരന്മാർ പറഞ്ഞു: പ്രവാചകരേ! മുടി വെട്ടിയവരേയും. അന്നേരം നബി(സ) പ്രാർത്ഥിച്ചു: മുടി വെട്ടിയവരേയും. നാഫിഅ്(റ) പറയുന്നു: നാലാം പ്രാവശ്യമാണ് നബി(സ) മുടി വെട്ടിയവരേയും എന്ന് പ്രാർത്ഥിച്ചത്. (ബുഖാരി. 2. 26. 785)

1297. അബൂഹുറൈറ(റ) നിവേദനം: നബി(സ) പ്രാർത്ഥിച്ചു. അല്ലാഹുവേ! തലമുടി കളഞ്ഞവർക്ക് നീ പാപമോചനം നൽകണമേ. നബി(സ) മൂന്ന് വട്ടം ഇപ്രകാരം പ്രാർത്ഥിച്ചു. നാലാമത് മുടി വെട്ടുന്നവർക്കും എന്നു കൂട്ടിച്ചേർത്തു. (ബുഖാരി. 2. 26. 786)

1298. ഇബ്നു ഉമർ(റ) പറയുന്നു: നബി(സ) യും ഒരു സംഘവും മുടി കളഞ്ഞു. ചിലർ മുടി വെട്ടുകയും ചെയ്തു. (ബുഖാരി. 2. 26. 787)

1299. ഇബ്നു അബ്ബാസ്(റ) നിവേദനം: ബലിയുടെ ദിനത്തിൽ (ദുൽഹജ്ജ് 10ന്ന്) നബി(സ) ജനങ്ങളോട് ഇപ്രകാരം പ്രസംഗിച്ചു: ജനങ്ങളേ! ഇതു ഏത് ദിവസമാണ്? ആദരണീയമായ ദിവസം എന്ന് അനുചരൻമാർ മറുപടി പറഞ്ഞു: ഇത് ഏത് രാജ്യമാണ്? നബി(സ) വീണ്ടും ചോദിച്ചു. ആദരണീയമായ നാട് എന്ന് അനുചരന്മാർ മറുപടി പറഞ്ഞു: നബി(സ) വീണ്ടും ചോദിച്ചു. ഇത് ഏത് മാസമാണ്. അവർ പറഞ്ഞു: പവിത്രമായ മാസം അപ്പോൾ നബി(സ) അരുളി: നിശ്ചയം നിങ്ങളുടെ രക്തവും ധനവും അഭിമാനവും ഈ ദിവസംപോലെ ഈ രാജ്യം പോലെ ഈ മാസം പോലെ പവിത്രമായതാണ്. ശേഷം നബി(സ) തന്റെ ശിരസ്സ് ഉയർത്തിക്കൊണ്ട് പറഞ്ഞു: അല്ലാഹുവേ! ഞാൻ എന്റെ പ്രബോധനം നിർവ്വഹിച്ചില്ലയോ? ഇബ്നു അബ്ബാസ്(റ) പറയുന്നു. എന്റെ ആത്മാവിനെ നിയന്ത്രിക്കുന്നവൻ തന്നെയാണ് സത്യം! ഇവിടെ ഇപ്പോൾ സന്നിഹിതനായവൻ സന്നിഹിതനാവാത്തവന് ഈ വാർത്ത എത്തിച്ചു കൊടുക്കട്ടെ. എന്ന് നബി(സ) ഈ സമുദായത്തിന് വസ്വിയ്യത്തു നൽകുകയുണ്ടായി. നിങ്ങൾ പരസ്പരം കഴുത്തുവെട്ടി എനിക്ക് ശേഷം അവിശ്വാസികളാവരുത് എന്നതും. (ബുഖാരി. 2. 26. 795)

1300. വബറത്ത്(റ) പറയുന്നു: എപ്പോഴാണ് ഞാൻ ജംറകളിൽ കല്ലേറിയേണ്ടതെന്ന് ഇബ്നു ഉമർ(റ)നോട് ഞാൻ ചോദിച്ചു. അദ്ദേഹം പറഞ്ഞു. നിന്റെ ഇമാം

എറിയുമ്പോള്‍ നീയും എറിഞ്ഞുകൊള്ളുക, ഞാന്‍ വീണ്ടും ചോദ്യം ആവര്‍ത്തിച്ചു. ഇബ്നു ഉമര്‍(റ) പറഞ്ഞു: ഞങ്ങള്‍ സമയം പ്രതീക്ഷിച്ചിരിക്കുകയും സൂര്യന്‍ മധ്യാഹ്നത്തില്‍ നിന്ന് തെററുകയും ചെയ്താല്‍ കല്ലെറിയും. (ബുഖാരി. 2. 26. 802)

1301. അബ്ദുറഹ്മാന്‍(റ) പറയുന്നു: ഇബ്നുഉമര്‍(റ) മലഞ്ചെരിവിന്റെ താഴ്ഭാഗത്തു നിന്ന് കൊണ്ട് കല്ലെറിഞ്ഞു. അപ്പോള്‍ ഞാന്‍ പറഞ്ഞു: നിശ്ചയം ചില ജനങ്ങള്‍ അതിന്റെ മുകളില്‍ നിന്നുകൊണ്ട് എറിയുന്നുവല്ലോ? ഇബ്നു ഉമര്‍(റ) പറഞ്ഞു:അല്ലാഹു സത്യം! അവനല്ലാതെ മറെറാരു ആരാധ്യനില്ല. സൂറത്തുല്‍ ബഖറ അവതരിപ്പിക്കപ്പെട്ട ആ മഹാന്‍ (മുഹമ്മദ് നബി) കല്ലെറിഞ്ഞ സ്ഥലം ഇതാണ്. (ബുഖാരി. 2. 26. 803)

1302. അബ്ദുല്ല(റ) നിവേദനം: അദ്ദേഹം ജംറത്തുല്‍ അഖബായുടെ അടുത്തു ചെന്നു. കഅ്ബയെ തന്റെ ഇടതുഭാഗത്തും മിനായെ വലതുഭാഗത്തുമാക്കി നിന്ന് ഏഴ് പ്രാവശ്യം കല്ലെറിഞ്ഞു. എന്നിട്ടു പറഞ്ഞു. സൂറത്തുല്‍ ബഖറ: അവതരിപ്പിച്ച ആ മഹാന്‍ ഇപ്രകാരമാണ് എറിഞ്ഞത്. (ബുഖാരി. 2. 26. 804)

1303. അബ്ദുറഹ്മാന്‍(റ) പറയുന്നു: അദ്ദേഹം ഇബ്നുമസ്ഊദിന്റെ കൂടെ ഹജ്ജ് ചെയ്തു. ചെറിയ ഏഴ് കല്ലുകള്‍ കൊണ്ട് ജംറത്തുല്‍ കുബ്റയെ അദ്ദേഹം എറിയുന്നത് ഞാന്‍ കണ്ടു. കഅ്ബയെ തന്റെ ഇടതുഭാഗത്തും മിന: യെ തന്റെ വലതുഭാഗത്തും അദ്ദേഹം ആക്കുകയും അനന്തരം ഇപ്രകാരം പ്രഖ്യാപിക്കുകയും ചെയ്തു. സുറത്തുല്‍ ബഖറ: അവതരിപ്പിക്കപ്പെട്ട മഹാന്‍ ഇപ്രകാരമാണ്(ഇവിടെ നിന്നാണ്) കല്ലെറിഞ്ഞത്. (ബുഖാരി. 2. 26. 805)

1304. അഅ്മശ്(റ) പറയുന്നു: ഹജ്ജാജ് മിമ്പറന്മേല്‍ വെച്ച് ബഖറ: യെക്കുറിച്ച് പറയപ്പെടുന്ന സൂറത്തു, ആലു-ഇംറാനെക്കുറിച്ച് പറയപ്പെടുന്ന സൂറത്തു, സ്ത്രീകളെക്കുറിച്ച് പറയപ്പെടുന്ന സൂറത്തു എന്നിങ്ങനെ സൂറത്തുക്കളെ പേരിലേക്ക് നേരിട്ട് ചാര്‍ത്താതെ പറയുന്നത് ഞാന്‍ കേട്ടു. ഇതു ഞാന്‍ ഇബ്രാഹിം നഖ്ഈ(റ) യോട് പറഞ്ഞു. അപ്പോള്‍ അദ്ദേഹം പറഞ്ഞു: ഇബ്നുമസ്ഊദ്(റ) ജംറത്തുല്‍ അഖ്ബക്ക് എറിഞ്ഞപ്പോള്‍ താഴ്വരയുടെ താഴ്ഭാഗത്തു നിന്നു. മരത്തിന്റെ നേരെ ആയപ്പോള്‍ അതിനെ വിലങ്ങാക്കി ഏഴ് ചെറിയ കല്ലുകള്‍ കൊണ്ട് എറിഞ്ഞു. ഓരോ കല്ലും എറിയുന്ന സമയം അദ്ദേഹം തക്ബീര്‍ ചൊല്ലി. അനന്തരം അദ്ദേഹം പ്രസ്താവിച്ചു. ഇവിടെ നിന്നാണ് സൂറത്തുല്‍ ബഖറ: അവതരിക്കപ്പെട്ടവന്‍ എറിഞ്ഞത്. അല്ലാഹു സത്യം. (ബുഖാരി. 2. 26. 806)

1305. ഇബ്നു ഉമര്‍(റ) നിവേദനം: അദ്ദേഹം ഏഴ് ചെറിയ കല്ലുകള്‍ കൊണ്ട് ഏററവും അടുത്ത ജംറക്ക് എറിയാറുണ്ടായിരുന്നു. ഓരോ കല്ലും എറിയുന്ന സമയം അദ്ദേഹം തക്ബീര്‍ ചൊല്ലും പിന്നെ താഴ്ന്ന് കിടക്കുന്ന നിരപ്പ് ഭൂമിയിലേക്ക് നടന്ന് ഖിബ്ലക്ക് അഭിമുഖമായി നില്‍ക്കും. അവിടെ ദീര്‍ഘനേരം നിന്ന് കൊണ്ട് കൈ ഉയര്‍ത്തി പ്രാര്‍ത്ഥിക്കും. ശേഷം നടുവിലെ ജംറക്ക് കല്ലെറിയും. അനന്തരം ഇടതു വശത്തേക്ക് നടന്നു താഴ്ന്ന നിരപ്പ് ഭൂമിയിലെത്തിയാല്‍ ഖിബ്ലക്ക് അഭിമുഖമായി നില്‍ക്കും. അവിടെയും ദീര്‍ഘ നേരം നിന്ന് കൈകള്‍ ഉയര്‍ത്തിക്കൊണ്ടു പ്രാര്‍ത്ഥിക്കും. പിന്നീട് മലഞ്ചെരിവിന്റെ താഴ്ഭാഗത്തു ചെന്നു ജംറത്തുല്‍ അക്ബായില്‍ കല്ലെറിയും. എന്നാല്‍ അതിന്റെ അടുത്തു നില്‍ക്കാതെ മടങ്ങിപ്പോകും. അങ്ങനെ അദ്ദേഹം പറയും: ഇപ്രകാരം നബി(സ) പ്രവര്‍ത്തിക്കുന്നതു ഞാന്‍ കണ്ടിട്ടുണ്ട്. (ബുഖാരി. 2. 26. 807)

1306. ആയിശ(റ) നിവേദനം: നബി(സ) ഇഹ്റാം കെട്ടുമ്പോള്‍ എന്റെ ഈ രണ്ട് കൈകള്‍ കൊണ്ട് ഞാന്‍ അദ്ദേഹത്തെ സുഗന്ധം പൂശാറുണ്ട്. ആദ്യത്തെ വിരമിക്കലിന്ന് ശേഷം ത്വവാഫുല്‍ ഇഫാള: ചെയ്യുന്നതിന്റെ മുമ്പായും ഞാന്‍ അദ്ദേഹത്തെ സുഗന്ധം പൂശാറുണ്ട്. അങ്ങനെ അവര്‍ അവരുടെ ഇരു ഹസ്തങ്ങളും വിടര്‍ത്തി. (ബുഖാരി. 2. 26. 809)

1307. ആയിശ(റ) നിവേദനം: സ്വഫിയ്യക്ക് ആർത്തവം ഉണ്ടായതിനെ സംബന്ധിച്ച് നബി(സ) യോടു പറയപ്പെട്ടു. നബി(സ) പറഞ്ഞു: അവൾ നമ്മെ തടഞ്ഞു വെക്കുമോ? അവർ പറഞ്ഞു: അവൾ ത്വവാഫുൽ ഇഫാള: ചെയ്തിട്ടുണ്ട്. നബി(സ) അരുളി: എങ്കിൽ യാത്ര പുറപ്പെടാം. (ബുഖാരി. 2. 26. 812)

1308. ഇബ്നു അബ്ബാസ്(റ) നിവേദനം ചെയ്തു: പ്രവാചകനോട് അൽഅഖ്റഅ ചോദിച്ചു, അല്ലയോ, അല്ലാഹുവിന്റെ ദൂതരെ! ഹജ്ജു ആണ്ടുതോറും വേണമോ? അതോ ഒരിക്കൽ മാത്രമോ? അവിടുന്ന് പറഞ്ഞു, ഒരിക്കൽ മാത്രം: കൂടുതൽ ഒരുവൻ ചെയ്യുന്നതു ഐച്ഛികമാണ്. (അബൂദാവൂദ്)

1309. ഇബ്നുഉമർ(റ) നിവേദനം ചെയ്തു: ഇഹ്റാംകെട്ടിയ സ്ത്രീകൾ കയ്യുറകളും മുഖമൂടിയും ചുവപ്പിലും മഞ്ഞയിലും മുക്കിയ ഉടുപ്പുകളും, ധരിക്കുന്നതിനെ അല്ലാഹുവിന്റെ ദൂതൻ(സ) നിരോധിക്കുകയും, ഇതൊഴിച്ച്, ഉടുപ്പുകളിൽ അവർക്കിഷ്ടമായതു കുയമ്പപ്പൂവുകൊണ്ട് നിറം മുക്കിയതോ പട്ടു (പട്ടോ, കമ്പിളിയോ )കൊണ്ടുണ്ടാക്കിയതോ ആയ ഉടുപ്പുകളോ, ആഭരണങ്ങളോ, കാലുറകളോ, ഷർട്ടോ ധരിക്കുന്നതിനു അനുവദിച്ചിരിക്കുന്നതായി (പറയുന്നതു) അദ്ദേഹം കേട്ടു. (അബൂദാവൂദ്)

1310. ഇബ്നു അബ്ബാസ്(റ) നിവേദനം ചെയ്തു. പ്രവാചകൻ(സ) പറഞ്ഞു: കഅബത്തെ തവാഫു ചെയ്യുന്നതു, അതിൽ നിങ്ങൾ സംസാരിക്കുന്നുവെന്നുള്ളതൊഴിച്ചാൽ നമസ്ക്കാരം പോലെയാകുന്നു; അതിൽ സംസാരിക്കുന്നതാരോ, അയാൾ നല്ലതല്ലാതെ മററൊന്നും സംസാരിക്കാതിരിക്കട്ടെ. (തിർമിദി)

1311. ആയിശ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) അരുൾചെയ്തു: അറഫാ ദിവസത്തേക്കാൾ കൂടുതലായി നരകത്തിൽ നിന്ന് മോചിപ്പിക്കുന്ന ഒററ ദിവസവുമില്ല. (മുസ്ലിം)

1312. ഇബ്നുഅബ്ബാസി(റ)ൽ നിന്ന് നിവേദനം: (മദീനയോട് 36 മൈൽ അടുത്ത് കിടക്കുന്ന) റൗഹാഇൽ വെച്ച് കുറെ യാത്രക്കാരെ കണ്ടുമുട്ടിയപ്പോൾ നബി(സ) ചോദിച്ചു. നിങ്ങളാരാണ്? മുസ്ലീംകളാണ് എന്നവർ മറുപടി പറഞ്ഞിട്ട് നബി(സ)യോട് അവർ ചോദിച്ചു. നിങ്ങളാര്? അവിടുന്ന് പറഞ്ഞു അല്ലാഹുവിന്റെ പ്രവാചകൻ. തത്സമയം ഒരു സ്ത്രീ ഒരു കുട്ടിയെ എടുത്ത് പൊക്കി ക്കാണിച്ചുകൊണ്ട് ചോദിച്ചു: ഇവന്ന് ഹജ്ജുണ്ടോ? മറുപടി പറഞ്ഞു. അതേ! പക്ഷേ, നിനക്കതിന്റെ തുല്യ പ്രതിഫലമുണ്ട്. (മുസ്ലിം)

## 33. ഉംറ

1313. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: ഒരു ഉംറ: മുതൽ മറേറ ഉംറ: വരേക്കും സംഭവിക്കുന്ന പാപങ്ങൾക്ക് ആ ഉംറ: പ്രായശ്ചിതമാണ്. പരിശുദ്ധമായ ഹജ്ജിന്റെ പ്രതിഫലം സ്വർഗ്ഗം മാത്രമാണ്. (ബുഖാരി. 3. 27. 1)

1314. ഇക്രിമ: പറയുന്നു: ഹജ്ജ് ചെയ്യുന്നതിന് മുമ്പ് ഉംറ: നിർവ്വഹിക്കുന്നതിനെ സംബന്ധിച്ച് ഇബ്നു ഉമർ(റ) ചോദിക്കപ്പെട്ടു. അദ്ദേഹം പറഞ്ഞു: കുഴപ്പമില്ല. നബി(സ) ഹജ്ജ് ചെയ്യുന്നതിനുമുമ്പ് ഉംറ: നിർവ്വഹിക്കുകയുണ്ടായി. (ബുഖാരി. 3. 27. 2)

1315. മുജാഹിദ്(റ) പറയുന്നു: ഞാനും ഉർവയും തമ്മിൽ ഒരിക്കൽ പള്ളിയിൽ പ്രവേശിച്ചു. അപ്പോൾ ആയിശ(റ) യുടെ മുറിയുടെ അടുത്തു ഇബ്നുഉമർ(റ) ഇരിക്കുന്നുണ്ട്. ചില മനുഷ്യർ പള്ളിയിൽ ളുഹാ നമസ്കരിക്കുന്നു. ഞങ്ങൾ അദ്ദേഹത്തോട് അവരുടെ നമസ്കാരത്തെക്കുറിച്ച് ചോദിച്ചു. ഇബ്നു ഉമർ(റ) പറഞ്ഞു: അനാചാരം. ശേഷം അദ്ദേഹത്തോട് ചോദിച്ചു: നബി(സ) എത്ര ഉംറ:

നിർവ്വഹിച്ചിട്ടുണ്ട്. ഇബ്നു ഉമർ(റ) പറഞ്ഞു: നാല് ഉംറ: അവയിൽ ഒന്ന് റജബ് മാസത്തിലായിരുന്നു. അപ്പോൾ അദ്ദേഹത്തെ ഖണ്ഡിക്കുവാൻ ഞങ്ങൾ വെറുത്തു. മുജാഹിദ്(റ) പറയുന്നു: അപ്പോൾ ആയിശ(റ) അവരുടെ മുറിയിൽ നിന്ന് പല്ല് തേക്കുന്നത് ഞങ്ങൾ കണ്ടു. ഉർവ്വ(റ) പറഞ്ഞു: എന്റെ മാതാവേ! വിശ്വാസികളുടെ മാതാവേ! ഇബ്നുഉമർ(റ) പറയുന്നത് നിങ്ങൾ കേട്ടില്ലേ? അവർ പറഞ്ഞു: എന്താണദ്ദേഹം പറയുന്നത്? നബി(സ) നാല് ഉംറ: ചെയ്തിട്ടുണ്ടെന്നും അവയിലൊന്ന് റജബിലായിരുന്നുവെന്നും അദ്ദേഹം പറയുന്നു. അപ്പോൾ ആയിശ(റ) പറഞ്ഞു: അബൂഅബ്ദുർറഹ്മാനെ (ഇബ്നു ഉമർ) അല്ലാഹു അനുഗ്രഹിക്കട്ടെ! നബി(സ) അബൂഅബ്ദുർറഹ്മാന്റെ സാന്നിദ്ധ്യത്തിലല്ലാതെ ഒരു ഉംറയും ചെയ്തിട്ടില്ലല്ലോ. റജബിൽ അവിടുന്നൊരിക്കലും ഉംറ: ചെയ്തിട്ടില്ല. (ബുഖാരി. 3. 27. 4)

1316. ബറാഅ്(റ) പറയുന്നു: നബി(സ) ഹജ്ജ് ചെയ്യുന്നതിനു മുമ്പ് ദുൽ-ഖഅദ് മാസത്തിൽ രണ്ടു പ്രാവശ്യം ഉംറ ചെയ്തു. (ബുഖാരി. 3. 27. 9)

1317. ഇബ്നു അബ്ബാസ്(റ) നിവേദനം: നബി(സ) അൻസാരികളിൽ പെട്ട ഒരു സ്ത്രീയോട് ചോദിച്ചു. ഞങ്ങളുടെ കൂടെ നിനക്ക് ഹജ്ജ് ചെയ്യാൻ എന്താണ് തടസ്സം? അവൾ പറഞ്ഞു: ഞങ്ങൾക്ക് ഒരു ഒട്ടകമുണ്ട്. അതിന്മേൽ ഇന്നവന്റെ പിതാവും മകനും യാത്ര പുറപ്പെട്ടു. മറെറാരു ഒട്ടകത്തെ അദ്ദേഹം ഉപേക്ഷിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ഞങ്ങൾ കൃഷി നനക്കുന്നത്. നബി(സ) പറഞ്ഞു: എങ്കിൽ റമളാൻ മാസത്തിൽ നീ ഉംറ ചെയ്യുക. നിശ്ചയം റമളാനിൽ ഒരു ഉംറ ചെയ്യുന്നത് ഒരു ഹജ്ജിന് തുല്യമാണ്. (ബുഖാരി. 3. 27. 10)

1318. ആയിശ(റ) നിവേദനം: പ്രവാചകരേ! ജനങ്ങൾ രണ്ടു ആരാധനയുമായി മടങ്ങുമ്പോൾ ഞാൻ ഒരു ആരാധനയുമായിട്ടാണ് മടങ്ങുന്നത്. അപ്പോൾ നബി(സ) അവളോട് പറഞ്ഞു: നീ പ്രതീക്ഷിക്കുക, നീ ശുദ്ധിയായാൽ തൻഈമിൽ പോയി ഉംറ:ക്ക് ഇഹ്റാം കെട്ടുക. പിന്നെ ഇന്ന സ്ഥലത്തു നിങ്ങൾ വരുക. നീ ചിലവഴിക്കുന്ന ധനത്തിന്റെ അല്ലെങ്കിൽ നീ അനുഭവിക്കുന്ന വിഷമത്തിന്റെ തോതനുസരിച്ചാണ് നിനക്ക് പ്രതിഫലം ലഭിക്കുക. (ബുഖാരി. 3. 27. 15)

1319. ഇബ്നു ഉമർ(റ) നിവേദനം: നബി(സ) ഒരു യുദ്ധമോ ഹജ്ജോ ഉംറയോ കഴിഞ്ഞു മടങ്ങുമ്പോൾ ഭൂമിയുടെ ഉയർന്ന പ്രദേശങ്ങളിൽ കയറുമ്പോഴെല്ലാം മൂന്ന് പ്രാവശ്യം തക്ബീർ ചൊല്ലും. എന്നിട്ട് പറയും.: അല്ലാഹുവല്ലാതെ മറെറാരു ആരാധ്യനില്ല. അവൻ ഏകനാണ്. അവന് പങ്കുകാരില്ല. അവനാണ് ഉടമാവകാശം. സർവ്വ സ്തുതിയും അവന്നാണ്. അവൻ എല്ലാ കാര്യങ്ങൾക്കും കഴിവുള്ളനത്രെ. ഞങ്ങളിതാ മടങ്ങുന്നു. പശ്ചാത്തപിക്കുന്നു. അവന് കീഴ്പ്പെട്ടു ജീവിക്കുന്നു. അവന് സാഷ്ടാംഗം ചെയ്യുന്നു. ഞങ്ങളുടെ നാഥനെ ഞങ്ങൾ സ്തുതിക്കുന്നു. അല്ലാഹു തന്റെ കരാർ യാഥാർത്ഥ്യമാക്കിയിരിക്കുന്നു. അവൻ തന്റെ ദാസനെ സഹായിച്ചിരിക്കുന്നു. ഐക്യകക്ഷികളെ ഏകനായിക്കൊണ്ട് പരാജയപ്പെടുത്തിയിരിക്കുന്നു. (ബുഖാരി. 3. 27. 23)

1320. ജാബിർ(റ) പറയുന്നു: യാത്രയിൽ നിന്ന് മടങ്ങിവന്ന് രാത്രി വീട്ടിൽ ചെന്ന് വീട്ടുകാരെ മുട്ടിവിളിക്കുന്നത് നബി(സ) വിരോധിച്ചിരിക്കുന്നു. (ബുഖാരി. 3. 27. 27)

## 34. ഹജ്ജിനോ ഉംറക്കോ പോകുന്നവരെ തടയൽ

1321. ഇബ്നു അബ്ബാസ്(റ) പറയുന്നു: നബി(സ)യെ ഉംറ:യിൽ നിന്നും തടയപ്പെട്ടു. അന്നേരം അവിടുന്ന് തന്റെ മുടി മുണ്ഡനം ചെയ്തു. ഭാര്യമാരുമായി സഹവസിച്ചു. ബലിയറുക്കുകയും ചെയ്തു. എന്നിട്ട് അടുത്ത വർഷം ഉംറ: നിർവ്വഹിച്ചു. (ബുഖാരി. 3. 28. 36)

1322. ഇബ്നുഉമർ(റ) പറയുന്നു: നിങ്ങൾക്ക് നബിയുടെ സുന്നത്ത് മതിയാവുകയില്ലേ? നിങ്ങളിൽ വല്ലവനും ഹജ്ജിൽ നിന്ന് തടഞ്ഞാൽ കഅ്ബ: ത്വവാഫ് ചെയ്തു സ്വഫാ-മർവ്വായ്ക്കിടയിൽ നടന്നശേഷം ഇഹ്റാമിൽ നിന്ന് പൂർണ്ണമായും വിരമിച്ചുകൊള്ളട്ടെ. അടുത്തവർഷം ഹജ്ജ് നിർവ്വഹിക്കട്ടെ. അന്നേരം ബലിയറുക്കുകയോ അതിന് സാധ്യമല്ലെങ്കിൽ പകരം വ്രതമനുഷ്ഠിക്കുകയോ ചെയ്യണം. ഇബ്നു ഉമർ(റ) നിന്ന് സാലിമും ഇപ്രകാരം ഉദ്ധരിക്കുന്നു. (ബുഖാരി. 3. 28. 37)

## 35. മദീനയുടെ മഹത്വം

1323. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: എല്ലാ നാടുകളേയും തിന്നുന്ന (വിജയിക്കുന്ന) ഒരു നാട്ടിലേക്ക് പോകാൻ എനിക്ക് കൽപ്പന കിട്ടി. ആളുകൾ അതിനെ യസ്രിബ് എന്നു വിളിക്കുന്നു. അതു മദീനയാണ്. ഉല ഇരുമ്പിന്റെ കീടത്തെ പുറത്തു കളയുംപോലെ മദീന അതിലെ ദുർജ്ജനങ്ങളെ പുറത്തുകളയും. (ബുഖാരി. 3. 30. 95)

1324. അബൂഹുമൈദ്(റ) പറയുന്നു: നബി(സ)യുടെ കൂടെ തബൂക്കിൽ നിന്നും ഞങ്ങൾ മടങ്ങുമ്പോൾ മദീന ഞങ്ങളുടെ ദൃഷ്ടിയിൽപ്പെട്ടപ്പോൾ നബി(സ) അരുളി: ഇതു ത്വയിബ (പവിത്ര ഭൂമി)യാണ്. (ബുഖാരി. 3. 30. 96)

1325. സുഫ്യാൻ(റ) പറയുന്നു: നബി(സ) അരുളുന്നത് ഞാൻ കേട്ടിട്ടുണ്ട്. യമൻ ജയിച്ചടക്കപ്പെടും. അന്നേരം ഒരു വിഭാഗം ആളുകൾ വാഹനങ്ങളെ വേഗത്തിലോടിച്ചുകൊണ്ടുവരും. അവർ സ്വകുടുംബക്കാരേയും അവർക്ക് കീഴ്പ്പെടുന്നവരേയും കൂട്ടി മദീന വിട്ട് പോകും. അവർ അറിയുന്നവരാണെങ്കിൽ മദീന തന്നെയാണ് അവർക്ക് ഏററവും ഉത്തമം. സിറിയ:യും ജയിച്ചടക്കപ്പെടും. അപ്പോൾ വാഹനങ്ങളെ വേഗത്തിലോടിച്ചുകൊണ്ട് ഒരു കൂട്ടം ജനങ്ങൾ വരും. അവർ അവരുടെ കുടുംബക്കാരെയും അവരെ അനുസരിക്കുന്നവരേയും കൂട്ടി മദീന വിട്ടു പോകും. അവർ ജ്ഞാനികളായിരുന്നുവെങ്കിൽ മദീന തന്നെയായിരിക്കും അവർക്കുത്തമം. ഇറാഖും ജയിച്ചടക്കപ്പെടും. അപ്പോഴും ഒരു വിഭാഗം മനുഷ്യർ വാഹനങ്ങളെ വേഗത്തിലോടിച്ചുകൊണ്ടുവരും. അവർ അവരുടെ കുടുംബക്കാരേയും അവരെ അനുസരിക്കുന്നവരേയും കൂട്ടി മദീന ഉപേക്ഷിക്കും. മദീനയാണ് അവർ അറിവുള്ളവരായിരുന്നുവെങ്കിൽ അവർക്ക് ഏററവും ഉത്തമം. (ബുഖാരി. 3. 30. 99)

1326. അബൂഹുറൈറ(റ) നിവേദനം: നിശ്ചയം ഈമാൻ (വിശ്വാസം)ഒരു കാലത്തു മദീനയിലേക്ക് ചുരുണ്ടു കൂടും. സർപ്പം അതിന്റെ മാളത്തിലേക്ക് ചുരുണ്ടു കൂടുന്നതുപോലെ. (ബുഖാരി. 3. 30. 100)

1327. അബൂബക്കറത്ത്(റ) നിവേദനം: നബി(സ) അരുളി: ലോകത്തെ ചുററി സഞ്ചരിക്കുന്ന ദജ്ജാലിനെ സംബന്ധിച്ച ഭയം മദീനക്കാരെ ബാധിക്കുകയില്ല. അന്ന് മദീനയ്ക്ക് ഏഴ് കവാടങ്ങളുണ്ടായിരിക്കും. ഓരോ കവാടത്തിലും ഈരണ്ട് മലക്കുകൾ കാവൽക്കാരായി ഉണ്ടായിരിക്കും. (ബുഖാരി. 3. 30. 103)

1328. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: മദീനയുടെ പ്രവേശന കവാടങ്ങളിൽ മലക്കുകൾ നിൽക്കും. പ്ലേഗോ ദജ്ജാലോ അതിൽ പ്രവേശിക്കുകയില്ല. (ബുഖാരി. 3. 30. 104)

1329. അനസ്(റ) നിവേദനം: നബി(സ) അരുളി: ദജ്ജാൽ കാൽ വെക്കാത്ത ഒരു രാജ്യവും ഇല്ല. മക്കയും മദീനയും ഒഴികെ. ആ രണ്ടു രാജ്യങ്ങളുടെയും സർവ്വ പ്രവേശന ദ്വാരങ്ങളിലും മലക്കുകൾ അണിയണിയായി കാവൽ നിൽക്കും. ശേഷം

മദീന അതിന്റെ നിവാസികളോട് കൂടി മൂന്ന് പ്രാവശ്യം കമ്പനം കൊള്ളും. അതിലുള്ള സർവ്വ സത്യനിഷേധികളേയും കപട വിശ്വാസികളേയും അല്ലാഹു പുറത്തു കൊണ്ടുവരും. (ബുഖാരി. 3. 30. 105)

1330. അബൂസഈദ്(റ) നിവേദനം: നബി(സ) ദജ്ജാലിനെക്കുറിച്ച് ദീർഘമായി ഞങ്ങളോട് സംസാരിച്ചു. നബി(സ) ഞങ്ങളോട് പറഞ്ഞതിൽ പെട്ടതാണ് ദജ്ജാൽ വരും. മദീനാ പ്രവേശം അവന് നിഷിദ്ധമാക്കപ്പെടും. അപ്പോഴവൻ മദീനക്കു സമീപം ഒരു ചതുപ്പ് പ്രദേശത്ത് ഇറങ്ങും. ഈ സന്ദർഭം ജനങ്ങളിൽ വെച്ച് ഉത്തമനായ ഒരാൾ ചെന്ന് പറയും. അല്ലാഹുവിന്റെ പ്രവാചകൻ ഞങ്ങളോട് വർത്തമാനം പറഞ്ഞു. അതെ, ദജ്ജാൽ തന്നെയാണ് നീയെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. അപ്പോൾ ദജ്ജാൽ പറയും: ഈ മനുഷ്യനെ ഞാൻ വധിച്ച് വീണ്ടും ജീവിപ്പിച്ചാൽ ഞാൻ പറയുന്ന കാര്യത്തിൽ നിങ്ങൾ സംശയിക്കുമോ? ഇല്ലെന്നവർ മറുപടി പറയും. ദജ്ജാൽ ആ മനുഷ്യനെ കൊന്നു വീണ്ടും ജീവിപ്പിക്കും. അപ്പോൾ ആ പുനർജനിച്ച മനുഷ്യൻ പറയും: അല്ലാഹു സത്യം. നീ ദജ്ജാലാണെന്ന കാര്യം ഇന്നത്തെപ്പോലെ മറ്റൊരിക്കലും എനിക്ക് ബോധ്യമായിട്ടില്ല. അപ്പോൾ ദജ്ജാൽ പറയും: ഞാനവനെ കൊന്നു കളയട്ടെ? പക്ഷെ അദ്ദേഹത്തെ കൊല്ലാൻ അവന് സാധിക്കുകയില്ല എന്നത്. (ബുഖാരി. 3. 30. 106)

1331. ജാബിർ(റ) നിവേദനം: ഒരു ഗ്രാമീണൻ വന്ന് നബി(സ)ക്ക് ഇസ്ലാമായി ജീവിച്ചുകൊള്ളാമെന്ന് ഉടമ്പടി ചെയ്തു. അടുത്ത ദിവസം പനി ബാധിച്ചവനായി അയാൾ നബി(സ)യുടെ അടുക്കൽ വന്നു. അങ്ങനെ അയാൾ പറഞ്ഞു: എന്റെ ഉടമ്പടി ദുർബ്ബലപ്പെടുത്തുവാൻ എന്നെ അനുവദിച്ചാലും എന്ന് മൂന്നു പ്രാവശ്യം പറഞ്ഞു. നബി(സ) വിസമ്മതിക്കുകയും ചെയ്തു. അവിടുന്നരുളി. മദീന ഇരുമ്പ് കീടത്തെ ശുദ്ധീകരിക്കുന്ന ഉല പോലെയാണ്. നല്ലതിന് അത് പിടിച്ചു നിർത്തുകയും ചെയ്യും. (ബുഖാരി. 3. 30. 107)

1332. സൈദ്ബ്നു സാബിതു(റ) പറയുന്നു: നബി(സ) ഉഹ്ദ് യുദ്ധത്തിലേക്ക് പുറപ്പെട്ടപ്പോൾ അവിടുത്തെ ചില അനുചരന്മാർ മടങ്ങിപ്പോന്നു. അപ്പോൾ ഒരു വിഭാഗം പറഞ്ഞു. നമുക്ക് അവരോട് യുദ്ധം ചെയ്യണം. മറ്റൊരു വിഭാഗം പറഞ്ഞു. നാം അവരോട് യുദ്ധം ചെയ്യരുത്. അപ്പോൾ സൂറത്ത് നിസാഇലെ 88–ാം സൂക്തം അവതരിപ്പിക്കപ്പെട്ടു. നബി(സ) പറഞ്ഞു: മദീന ദുഷ്ടന്മാരായ മനുഷ്യരെ പുറത്താക്കും. അഗ്നി ഇരുമ്പിന്റെ കീടത്തെ പുറത്താക്കുന്നതുപോലെ. (ബുഖാരി. 3. 30. 108)

1333. അനസ്(റ) പറയുന്നു: നബി(സ) പ്രാർത്ഥിച്ചു. അല്ലാഹുവേ, നീ മക്കാരാജ്യത്തിന് ചെയ്തതിന്റെ ഇരട്ടി നന്മ മദീനക്ക് ചെയ്യേണമേ. (ബുഖാരി. 3. 30. 109)

## 36. നോമ്പ്

1334. ത്വൽഹ:(റ) നിവേദനം: തലമുടി പാറിക്കളിക്കുന്ന ഒരു ഗ്രാമീണൻ നബി(സ)യുടെ അടുത്തുവന്നു പറഞ്ഞു: പ്രവാചകരേ, നമസ്കാരത്തിൽ നിന്ന് അല്ലാഹു എന്റെ മേൽ അനിവാര്യമാക്കിയത് താങ്കൾ പറഞ്ഞു തരിക. നബി(സ) അരുളി: അഞ്ച് നേരത്തെ നമസ്കാരം. നീ സുന്നത്തു എന്തെങ്കിലും നമസ്കരിക്കുന്നത് ഒഴികെ. അദ്ദേഹം ചോദിച്ചു. നോമ്പിൽ നിന്ന് അല്ലാഹു അവന്റെ മേൽ നിർബന്ധമാക്കിയത് ഏതാണ്? നബി(സ) അരുളി: റമളാനിലെ നോമ്പ്. എന്നെങ്കിലും നീ സുന്നത്ത് നമസ്കരിക്കുന്നത് ഒഴികെ. സക്കാത്തിൽ നിന്ന് എന്റെ മേൽ അല്ലാഹു നിർബന്ധമാക്കിയത് എന്താണ്? നബി(സ) അദ്ദേഹത്തോട് ഇസ്ലാം ശരീഅത്തു വിവരിച്ചു. അദ്ദേഹം പറഞ്ഞു: സത്യംകൊണ്ട് താങ്കളെ ആദരിച്ചവൻ തന്നെ സത്യം. ഞാൻ യാതൊരു സുന്നത്തും അനുഷ്ഠിക്കുന്നതല്ല. എന്നാൽ അല്ലാഹു എന്റെ മേൽ നിർബന്ധമാക്കിയ യാതൊന്നും ഞാൻ കുറവ് വരുത്തുകയുമില്ല. അപ്പോൾ നബി(സ)

അരുളി: അവൻ പറഞ്ഞതുപോലെ യാഥാർത്ഥ്യമാക്കിയാൽ അവൻ വിജയിച്ചു അല്ലെങ്കിൽ സ്വർഗ്ഗത്തിൽ പ്രവേശിച്ചു. (ബുഖാരി. 3. 31. 115)

1335. ഇബ്നുഉമർ(റ) പറയുന്നു: നബി(സ) മുഹറം പത്തിലെ നോമ്പ് അനുഷ്ഠിക്കാൻ കൽപ്പിക്കുകയും ചെയ്തു. റമളാൻ നിർബന്ധമാക്കിയപ്പോൾ അതു ഉപേക്ഷിക്കപ്പെട്ടു. ഇബ്നു ഉമർ(റ) മുഹറം പത്തിൽ(ആശൂറാഅ്)മാത്രമായി നോമ്പനുഷ്ഠിക്കാറില്ല. മുമ്പ് തന്നെ സുന്നത്തു നോമ്പ് അനുഷ്ഠിച്ച് വരികയും അതുമായി യോജിക്കുകയും ചെയ്താൽ ഒഴികെ. (ബുഖാരി. 3. 31. 116)

1336. ആയിശ(റ) നിവേദനം: ജാഹിലിയ്യാ കാലത്തു തന്നെ ഖുറൈശികൾ ആശുറാഅ് ദിവസം നോമ്പനുഷ്ഠിച്ചിരുന്നു. ശേഷം അത് അനുഷ്ഠിക്കുവാൻ നബി(സ) കൽപ്പിച്ചു. റമളാൻ നിർബന്ധമാക്കുന്നതുവരെ അപ്പോൾ നബി(സ) പറഞ്ഞു: ഉദ്ദേശിക്കുന്നവൻ അത് അനുഷ്ഠിച്ചുകൊള്ളുക. ഉദ്ദേശിക്കാത്തവൻ അതു ഉപേക്ഷിക്കുക. (ബുഖാരി. 3. 31. 117)

1337. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: നോമ്പ് ഒരു പരിചയാണ്. അതിനാൽ നോമ്പ്കാരൻ തെററായ പ്രവർത്തികൾ ചെയ്യാതിരിക്കുകയും വിഡ്ഢിത്തം പ്രകടിപ്പിക്കാതിരിക്കുയും ചെയ്യട്ടെ. വല്ലവനും അവനോട് ശണ്ഠ കൂടുകയോ അവനെ ശകാരിക്കുകയോ ചെയ്തെങ്കിൽ അവൻ നോമ്പ്കാരനാണ് എന്ന് രണ്ടു പ്രാവശ്യം അവൻ പറയട്ടെ. എന്റെ ആത്മാവിനെ നിയന്ത്രിക്കുന്ന അല്ലാഹു സത്യം! നോമ്പുകാരന്റെ വായയുടെ മണം അല്ലാഹുവിന്റ അടുത്തു കസ്തൂരിയേക്കാൾ സുഗന്ധമുള്ളതാണ്. (അല്ലാഹു പറയുന്നു)അവൻ അവന്റെ ഭക്ഷണ പാനീയങ്ങളും ദേഹേച്ഛയും എനിക്കുവേണ്ടിയാണുപേക്ഷിച്ചിരിക്കുന്നത്. നോമ്പ് എനിക്കുള്ളതാണ്. ഞാൻ തന്നെയാണ് അതിനു പ്രതിഫലം നൽകുക. ഓരോ നന്മക്കും പത്തിരട്ടിയാണ് പ്രതിഫലം. (ബുഖാരി. 3. 31. 118)

1338. സഹ്ല്(റ) നിവേദനം: നബി(സ) അരുളി: നിശ്ചയം സ്വർഗ്ഗത്തിൽ റയ്യാൻ എന്ന് പറയപ്പെടുന്ന ഒരു വാതിലുണ്ട്. അന്ത്യദിനത്തിൽ നോമ്പുകാർ അതു വഴിയാണ് സ്വർഗ്ഗത്തിൽ പ്രവേശിക്കുക. അവരല്ലാതെ മററാരും അതിലെ പ്രവേശിക്കുകയില്ല. ഇപ്രകാരം വിളിച്ചു ചോദിക്കും. നോമ്പുകാരെവിടെ? അപ്പോൾ നോമ്പുകാർ എഴുന്നേററു നിൽക്കും. അവരല്ലാതെ മററാരും അതുവഴി പ്രവേശിക്കുകയില്ല. അവർ പ്രവേശിച്ചുകഴിഞ്ഞാൽ ആ വാതിൽ പറെറ അടച്ചു കളയും. പിന്നീട് ആരും തന്നെ അതിലൂടെ പ്രവേശിക്കുകയില്ല. (ബുഖാരി. 3. 31. 120)

1339. അബൂഹുറൈറ(റ) പറയുന്നു. നബി(സ) അരുളി: വല്ലവനും ഒരു ജോലി സാധനങ്ങൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചിലവഴിച്ചാൽ സ്വർഗ്ഗത്തിന്റെ വാതിൽക്കൽ നിന്നും വിളിച്ചു പറയപ്പെടും. ദേവദാസാ! ഈ കവാടമാണ് നിനക്ക് നല്ലത്. നമസ്കരിച്ചവരെ നമസ്കാരത്തിന്റെ കവാടത്തിൽ നിന്നും ജിഹാദ് ചെയ്തവരെ ജിഹാദിന്റെ വാതിൽക്കൽ നിന്നും നോമ്പുകാരെ റയ്യാൻ വാതിൽക്കൽ നിന്നും ധർമ്മം ചെയ്തവരെ ധർമ്മത്തിന്റെ വാതിൽക്കൽ നിന്നും വിളിക്കപ്പെടും. അപ്പോൾ അബൂബക്കർ(റ) പറഞ്ഞു: പ്രവാചകരേ! എന്റെ മാതാപിതാക്കൾ താങ്കൾക്ക് പ്രായശ്ചിത്തമാണ്. ഈ വാതിലുകളിൽ ഏതെങ്കിലുമൊരു വാതിലിൽ നിന്ന് വല്ലവനെയും വിളിച്ചു കഴിഞ്ഞാൽ അവന് വിഷമമൊന്നുമില്ല. എന്നാൽ ഈ വാതിലുകളിൽ എല്ലാററിൽ നിന്നും ആരെങ്കിലും വിളിക്കുമോ? നബി(സ) അരുളി: അതെ. വിളിക്കുന്നതാണ്. നീ അവരിൽ പെട്ടവനാണെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. (ബുഖാരി. 3. 31. 121)

1340. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: റമളാൻ സമാഗതമായപ്പോൾ സ്വർഗത്തിന്റെ വാതിലുകൾ തുറക്കപ്പെടും. (ബുഖാരി. 3. 31. 122)

1341. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: റമളാൻ സമാഗതമായാൽ ആകാശത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുകയും നരകത്തിന്റെ വാതിലുകൾ അടക്കപ്പെടുകയും പിശാചുകളെയെല്ലാം ചങ്ങലകളിൽ ബന്ധിപ്പിക്കപ്പെടുകയും ചെയ്യും. (ബുഖാരി. 3. 31. 123)

1342. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: ലൈലത്തുൽ ഖദ്റിന്റെ രാത്രിയിൽ വല്ലവനും വിശ്വാസം കാരണവും പ്രതിഫലം ആഗ്രഹിച്ചുകൊണ്ടും എഴുന്നേററു നമസ്കരിച്ചാൽ അവന്റെ പാപങ്ങളിൽ നിന്നും പൊറുക്കപ്പെടും. വല്ലവനും റമളാനിൽ നോമ്പനുഷ്ഠിച്ചാൽ അവന്റെ പാപങ്ങളിൽ നിന്ന് പൊറുക്കപ്പെടും. അവനെ അതിന് പ്രേരിപ്പിച്ചത് വിശ്വാസവും പ്രതിഫലം ആഗ്രഹിക്കലുമായിരിക്കണം. (ബുഖാരി. 3. 31. 125)

1343. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: വല്ലവനും കളവ് പറയലും അതു പ്രവർത്തിക്കലും ഉപേക്ഷിക്കാത്ത പക്ഷം അവൻ തന്റെ ഭക്ഷണവും പാനീയവും ഉപേക്ഷിക്കുന്നതിൽ അല്ലാഹുവിന് യാതൊരു ആവശ്യവുമില്ല. (ബുഖാരി. 3. 31. 127)

1344. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: നോമ്പ് പരിചയാണ്. അതിനാൽ നിങ്ങളിൽ ഒരുവന് അവന്റെ നോമ്പ് ദിവസമായാൽ അവൻ അനാവശ്യം പ്രവർത്തിക്കരുത്. അട്ടഹസിക്കരുത്. അവനെ ആരെങ്കിലും ശകാരിക്കരുത്. അവനെ ആരെങ്കിലും ശകാരിച്ചാൽ ഞാൻ നോമ്പനുഷ്ഠിച്ച മനുഷ്യനാണെന്നു പറയട്ടെ. നോമ്പ്കാരന് രണ്ടു സന്തോഷമുണ്ട്. നോമ്പ് മുറിക്കുമ്പോൾ, അവന്റെ രക്ഷിതാവിനെ അഭിമുഖീകരിക്കുമ്പോൾ. (ബുഖാരി. 3. 31. 128)

1345. ഇബ്നുമസ്ഊദ്(റ) നിവേദനം: ഞങ്ങൾ നബി(സ)യുടെ കൂടെയായിരുന്നപ്പോൾ അവിടുന്ന് അരുളി: വല്ലവനും വിവാഹത്തിനുള്ള സാഹചര്യം ഉണ്ടായാൽ അവൻ വിവാഹം കഴിക്കട്ടെ. അതവന്റെ കണ്ണിനെ കൂടുതൽ നിയന്ത്രിക്കുകയും കാമവികാരത്തെ കൂടുതൽ അടക്കി നിർത്തുകയും ചെയ്യും. എന്നാൽ വല്ലവനും വിവാഹം ചെയ്യാൻ കഴിവില്ലെങ്കിലോ അവർ നോമ്പനുഷ്ഠിക്കട്ടെ. അതു അവനൊരു ഷണ്ഡീകരണ നടപടിയാണ്. (ബുഖാരി. 3. 31. 129)

1346. ഇബ്നു ഉമർ(റ) നിവേദനം: നബി(സ) അരുളി: മാസം ചിലപ്പോൾ ഇരുപത്തൊമ്പത് ദിവസമായിരിക്കും. മാസപ്പിറവി കാണുന്നതുവരെ നിങ്ങൾ നോമ്പനുഷ്ഠിക്കരുത്. മേഘം കാരണം ചന്ദ്രപ്പിറവി കാണാൻ കഴിയാതെ വന്നാൽ മുപ്പതു ദിവസം എണ്ണിപ്പൂർത്തിയാക്കുക. (ബുഖാരി. 3. 31. 130)

1347. ഇബ്നുഉമർ(റ) നിവേദനം: നബി(സ) അരുളി: മാസം ഇപ്രകാരം ഉണ്ടാവും. രണ്ടു കൈകളും മൂന്നു പ്രാവശ്യം ആംഗ്യം കാണിച്ചു. മൂന്നാമത്തെ പ്രാവശ്യം നബി(സ) പെരുവിരൽ താഴ്ത്തിപ്പിടിച്ചു. (29 എന്ന് പറയാൻ). (ബുഖാരി. 3. 31. 132)

1348. ഉമ്മുസലമ(റ) നിവേദനം: ഒരു മാസം തന്റെ ഭാര്യമാരെ സമീപിക്കുകയില്ലെന്ന് നബി(സ) സത്യം ചെയ്തു. ഇരുപത്തൊമ്പത് ദിവസം കഴിഞ്ഞപ്പോൾ അവിടുന്ന് ഭാര്യമാരെ സമീപിച്ചു. അപ്പോൾ ചിലർ പറഞ്ഞു. അങ്ങ് ഒരു മാസക്കാലം ഉപേക്ഷിക്കുമെന്നല്ലേ സത്യം ചെയ്തത്? നബി(സ) പറഞ്ഞു: നിശ്ചയം മാസം ചിലപ്പോൾ ഇരുപത്തൊമ്പത് ദിവസവും ആവാറുണ്ട്. (ബുഖാരി. 3. 31. 134)

1349. അബൂബക്കറത്ത്(റ) നിവേദനം: നബി(സ) അരുളി: രണ്ട് മാസങ്ങൾ അതായത് രണ്ടു പെരുന്നാൾ മാസങ്ങളായ റമളാൻ, ദുൽഹജ്ജ് എന്നീ രണ്ടു മാസങ്ങൾ (എണ്ണത്തിൽ കുറഞ്ഞുപോയാലും) പുണ്യത്തിൽ ഒരിക്കലും കുറയുകയില്ല. (ബുഖാരി. 3. 31. 136)

1350. ഇബ്നുഉമർ(റ) നിവേദനം: നബി(സ) അരുളി: അക്ഷര ജ്ഞാനമില്ലാത്ത ജനതയാണ് നാം. നമുക്ക് എഴുതാനോ കണക്ക് കൂട്ടുവാനോ അറിയില്ല. മാസം ഇങ്ങനെയും അങ്ങിനെയും വരും. ചിലപ്പോൾ ഇരുപത്തൊമ്പതും ചിലപ്പോൾ മുപ്പതും ദിവസങ്ങളുണ്ടായിരിക്കും. (ബുഖാരി. 3. 31. 137)

1351. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: റമളാൻ നോമ്പിന് ഒന്നോ രണ്ടോ ദിവസം മുൻകൂട്ടി നിങ്ങൾ നോമ്പു തുടങ്ങരുത്. വല്ലവനും അതിനുമുമ്പ് തന്നെ നോമ്പ് പിടിച്ച് വരികയാണെങ്കിൽ അവന് അങ്ങനെ നോമ്പ് അനുഷ്ഠിക്കാം. (ബുഖാരി. 3. 31. 138)

1352. സഹ്ല്(റ) നിവേദനം: ഞാൻ എന്റെ കുടുംബത്തിൽ വെച്ച് അത്താഴം കഴിക്കാറുണ്ട്. ശേഷം നബി(സ)യുടെ കൂടെ സുജൂദ്(സുബ്ഹി നമസ്കാരം) ലഭിക്കുവാൻ ഞാൻ വേഗത്തിൽ പുറപ്പെടും. (ബുഖാരി. 3. 31. 143)

1353. സൈദ്ബ്നു സാബിത്(റ) നിവേദനം: നബി(സ) യോടൊപ്പം ഞങ്ങൾ അത്താഴം കഴിച്ചു. നബി(സ) ശേഷം നമസ്കാരത്തിന് ഒരുങ്ങി. ഞാൻ (അനസ്) ചോദിച്ചു. അത്താഴത്തിനും ബാങ്കിനുമിടയിൽ എത്ര സമയമുണ്ടായിരുന്നു. സൈദ്(റ) പറഞ്ഞു. അമ്പതു ആയത്തു ഓതുന്ന സമയം. (ബുഖാരി. 3. 31. 144)

1354. അബ്ദുല്ല(റ) നിവേദനം: നബി(സ) രാത്രിയും പകലും യോജിപ്പിച്ചുകൊണ്ട് നോമ്പനുഷ്ഠിച്ചു. അപ്പോൾ ജനങ്ങളും അപ്രകാരം ചെയ്തു. ശേഷം അതവർക്ക് പ്രയാസം സൃഷ്ടിച്ചു. അപ്പോൾ നബി(സ) അതിനെ വിരോധിച്ചു. അനുചരന്മാർ പറഞ്ഞു. താങ്കൾ യോജിപ്പിച്ചുകൊണ്ട് നോമ്പനുഷ്ഠിക്കുന്നുണ്ടല്ലോ? നബി(സ) അരുളി: ഞാൻ നിങ്ങളെപ്പോലെയല്ല. എന്റെ രക്ഷിതാവ് എന്നെ ഭക്ഷിപ്പിക്കുകയും കുടിപ്പിക്കുകയും ചെയ്യുന്നു. (ബുഖാരി. 3. 31. 145)

1355. അനസ്(റ) നിവേദനം: നബി(സ) അരുളി: നിങ്ങൾ അത്താഴം കഴിക്കുവീൻ. നിശ്ചയം അത്താഴത്തിൽ ബർക്കത്തുണ്ട്. (ബുഖാരി. 3. 31. 146)

1356. സലമ(റ) നിവേദനം: ആശുറാഅ് ദിവസം നബി(സ) ഒരു മനുഷ്യനെ നിയോഗിക്കുകയും ഇപ്രകാരം വിളിച്ചു പറയുകയും ചെയ്തു. വല്ലവനും ആഹാരം കഴിച്ചിട്ടുണ്ടെങ്കിൽ (ഇനി അതു ഉപേക്ഷിച്ച്) അവന്റെ നോമ്പ് പൂർത്തിയാക്കട്ടെ. കഴിച്ചിട്ടില്ലാത്തവൻ ആഹാരം ഉപേക്ഷിച്ച് നോമ്പനുഷ്ഠിക്കട്ടെ. (ബുഖാരി. 3. 31. 148)

1357. ആയിശ(റ) പറയുന്നു: നോമ്പ് അനുഷ്ഠിക്കുന്നവനായിക്കൊണ്ട് നബി(സ) തന്റെ ഭാര്യമാരെ ചുംബിക്കാറുണ്ട്. അവരുടെ കൂടെ സഹവസിക്കുകയും ചെയ്യാറുണ്ട്. കാമവികാരങ്ങളെ നിയന്ത്രിക്കാൻ നിങ്ങളെക്കാളെല്ലാം കഴിവുള്ളവനായിരുന്നു നബി(സ). (ബുഖാരി. 3. 31. 149)

1358. ആയിശ(റ) നിവേദനം: നബി(സ) തന്റെ ചില ഭാര്യമാരെ നോമ്പ്കാരനായി ചുംബിക്കാറുണ്ട്. ശേഷം അവർ ചിരിച്ചു. (ബുഖാരി. 1928)

1359. ഉമ്മു സലമ(റ) നിവേദനം: ഞാൻ ഒരിക്കൽ നബി(സ)യുടെ വിരിപ്പിൽ കിടക്കുമ്പോൾ ഞാൻ ആർത്തവക്കാരിയായി. അപ്പോൾ ഞാൻ തെററിമാറുകയും എന്റെ ആർത്തവത്തിന്റെ സമയത്ത് ധരിക്കാറുള്ള വസ്ത്രം ഞാൻ എടുക്കുകയും ചെയ്തു. നബി(സ) ചോദിച്ചു. നീ ആർത്തവക്കാരിയായോ? അതെയെന്ന് ഞാൻ മറുപടി പറഞ്ഞു: നബി(സ)യുടെ കൂടെ അവിടുത്തെ വിരിപ്പിൽ ഞാൻ പ്രവേശിച്ചു. അവരും നബി(സ) യും ഒരേ പാത്രത്തിൽ നിന്നും കുളിക്കാറുണ്ട്. നബി(സ) നോമ്പുകാരനായി അവരെ ചുംബിക്കാറുണ്ട്. (ബുഖാരി. 3. 31. 151)

1360. ആയിശ(റ) നിവേദനം: സ്വപ്നസ്ഖലനം എന്ന നിലക്കല്ലാതെ തന്റെ ഭാര്യമാരുമായി ലൈംഗികബന്ധം സ്ഥാപിച്ചുകൊണ്ടു തന്നെ ജനാബത്തുകാരനായി നബി(സ) റമളാനിൽ പ്രഭാതത്തിൽ പിടികൂടാറുണ്ട്. ശേഷം അവിടുന്ന് കുളിച്ച് നോമ്പനുഷ്ഠിക്കും. (ബുഖാരി. 3. 31. 152)

1361. അബൂഹുറൈറ(റ) നിവേദനം: ഒരാൾ മറന്നുകൊണ്ട് തിന്നുകയോ കുടിക്കുകയോ ചെയ്താൽ അവന്റെ നോമ്പ് അവൻ പൂർത്തിയാക്കട്ടെ. അല്ലാഹുവാണ് അവനെ തീററിക്കുകയും കുടിപ്പിക്കുകയും ചെയ്തത്. (ബുഖാരി. 3. 31. 154)

1362. ആയിശ(റ) പറയുന്നു: ഞാൻ നശിച്ചുവെന്ന് പറയുന്നവനായി ഒരാൾ നബി(സ)യുടെ അടുത്തു വന്നു. ഞാൻ ചോദിച്ചു: നിന്റെ പ്രശ്നമെന്താണ്? അയാൾ പറഞ്ഞു: റമളാനിന്റെ പകലിൽ ഞാൻ ഭാര്യയുമായി ബന്ധപ്പെട്ടു. അപ്പോൾ നബി(സ)യുടെ അടുത്ത് ഒരു കുട്ടയിൽ ഈത്തപ്പഴം കൊണ്ടുവരപ്പെട്ടു. നബി(സ) ചോദിച്ചു: നശിച്ചു എന്ന് പറഞ്ഞവൻ എവിടെ. ഞാനാണെന്ന് അയാൾ പറഞ്ഞപ്പോൾ നബി(സ) പറഞ്ഞു. നീ ഇതുകൊണ്ടുപോയി ദാനധർമ്മം ചെയ്യുക. (ബുഖാരി. 3. 31. 156)

1363. അബൂഹുറൈറ(റ) നിവേദനം: നബി(സ)യുടെ കൂടെ ഞങ്ങൾ ഇരിക്കുമ്പോൾ ഒരാൾ വന്നു പറഞ്ഞു: പ്രവാചകരേ! ഞാൻ നാശത്തിലകപ്പെട്ടു കഴിഞ്ഞു. നബി(സ) ചോദിച്ചു. നിന്റെ പ്രശ്നമെന്താണ്? അയാൾ പറഞ്ഞു: റമളാനിൽ നോമ്പുകാരനായികൊണ്ട് ഞാനെന്റെ ഭാര്യയുമായി ലൈംഗിക ബന്ധത്തിലേർപ്പെട്ടു. നബി(സ) ചോദിച്ചു. നിനക്ക് ഒരടിമയെ മോചിപ്പിക്കുവാൻ സാധിക്കുമോ? സാധ്യമല്ലെന്ന് അയാൾ പറഞ്ഞു. തുടർച്ചയായി രണ്ടു മാസം നോമ്പനുഷ്ഠിക്കുവാൻ സാധിക്കുമോ? നബി(സ) വീണ്ടും ചോദിച്ചു. ഇല്ലെന്നദ്ദേഹം മറുപടി പറഞ്ഞു. അറുപത് ദരിദ്രന്മാർക്ക് അന്നദാനം ചെയ്യാൻ നിങ്ങളെക്കൊണ്ടാകുമോ? നബി(സ) തുടർന്ന് ചോദിച്ചു. ഇല്ലെന്നപ്പോഴും അയാൾ പറഞ്ഞു. അബൂഹുറൈറ(റ) പറയുന്നു. നബി(സ) കുറെ സമയം ഇരുന്നു. അതിനിടക്ക് നബി(സ)യുടെ അടുത്ത് ഒരാൾ ഒരു കൊട്ട ഈത്തപ്പഴം കൊണ്ടുവന്നു. നബി(സ) ചോദിച്ചു. ചോദ്യകർത്താവ് എവിടെ? ഞാനിവിടെയുണ്ടെന്ന് അയാൾ മറുപടി പറഞ്ഞു. നബി(സ) നിർദ്ദേശിച്ചു. നീ ഇതെടുത്തുകൊണ്ടു പോയി ദാനം ചെയ്യുക. ദൈവ ദൂതരേ! എന്നെക്കാൾ ദരിദ്രനായ ഒരാൾക്കല്ലേ ഞാൻ ദാനം ചെയ്യേണ്ടത്? അല്ലാഹു സത്യം. മദീനയുടെ രണ്ട് കാൽ പ്രദേശങ്ങൾക്കിടയിൽ എന്റെ കുടുംബത്തേക്കാൾ ദരിദ്രമായ ഒരു കുടുംബമില്ല എന്നയാൾ പറഞ്ഞു: നബി(സ) തന്റെ അണപ്പല്ലുകൾ പുറത്തു കാണുന്നവിധം ചിരിച്ചു. ശേഷം അരുളി: ഇതു നിന്റെ വീട്ടുകാരെ തീററിക്കുക. (ബുഖാരി. 3. 31. 157)

1364. ഇബ്നു അബീഔഫ(റ) പറയുന്നു: ഞങ്ങൾ നബി(സ)യുടെ കൂടെ ഒരു യാത്രയിലായിരുന്നു. ഒരാളോട് നബി(സ) പറഞ്ഞു. നിങ്ങൾ വാഹനത്തിൽ നിന്നിറങ്ങി എനിക്ക് നോമ്പ് തുറക്കാൻ സവീക്ക് തയ്യാറാക്കിത്തരിക. അദ്ദേഹം പറഞ്ഞു: പ്രവാചകരേ? സൂര്യനസ്തമിച്ചിട്ടില്ലല്ലോ. നബി(സ) പറഞ്ഞു: നീ ഇറങ്ങി എനിക്ക് സവീക്ക് തയ്യാറാക്കിത്തരിക. പ്രവാചകരേ, സൂര്യനസ്തമിച്ചിട്ടില്ലല്ലോ. എന്നദ്ദേഹം വീണ്ടും പറഞ്ഞു. നീ ഇറങ്ങി എനിക്ക് സവീക്ക് തയ്യാറാക്കിത്തരിക എന്ന് നബി(സ) മൂന്നാമതും അരുളി: അപ്പോൾ അദ്ദേഹം പാനീയം തയ്യാറാക്കി കൊടുത്തു. നബി(സ) അതു കുടിച്ചു. അങ്ങോട്ടു കൈ ചൂണ്ടിക്കൊണ്ട് അരുളി: ഇവിടെ(കിഴക്ക് ഭാഗം)നിന്നും രാവ് ആരംഭിക്കുന്നതു കണ്ടാൽ നോമ്പ്കാരന്ന് നോമ്പുമുറിക്കാം. (ബുഖാരി. 3. 31. 162)

1365. ആയിശ(റ) നിവേദനം: അസ്‌ലം ഗോത്രക്കാരനായ ഹംസതുബ്നു അംറ് ഒരിക്കൽ നബി(സ) യോടു ചോദിച്ചു. ഞാൻ യാത്രയിൽ നോമ്പ് അനുഷ്ഠിക്കട്ടെയോ? അദ്ദേഹം ധാരാളം നോമ്പനുഷ്ഠിക്കുന്നവനായിരുന്നു. അപ്പോൾ നബി(സ) അരുളി: നീ ഉദ്ദേശിക്കുന്നുവെങ്കിൽ നോമ്പ് ഉപേക്ഷിക്കാം. (ബുഖാരി. 3. 31. 164)

1366. ഇബ്നു അബ്ബാസ്(റ) പറയുന്നു: ഒരു റമളാനിൽ നബി(സ) മക്കയിലേക്ക് പുറപ്പെട്ടപ്പോൾ കദീദ് എന്ന സ്ഥലത്ത് എത്തുന്നതുവരെ നോമ്പനുഷ്ഠിച്ചു. അവിടെയെത്തിയപ്പോൾ നബി(സ) നോമ്പ് മുറിച്ചു. അപ്പോൾ ജനങ്ങളും മുറിച്ചു. (ബുഖാരി. 3. 31. 165)

1367. അബൂദർദാഅ്(റ) പറയുന്നു: ചൂടുള്ള ഒരു ദിവസം നബി(സ)യുടെ കൂടെ ഞങ്ങൾ ഒരു യാത്ര പുറപ്പെട്ടു. ഉഷ്ണത്തിന്റെ കാഠിന്യം മൂലം ആളുകൾ തലയിൽ കൈവെച്ചിരുന്നു. ഞങ്ങളുടെ കൂട്ടത്തിൽ അന്ന് നോമ്പുകാരായി നബി(സ) യും ഇബ്നു റവാഹത്തും മാത്രമാണുണ്ടായിരുന്നത്. (ബുഖാരി. 3. 31. 166)

1368. ജാബിർ(റ) നിവേദനം: നബി(സ) ഒരു യാത്രയിലായിരുന്നു. അപ്പോൾ ഒരു സ്ഥലത്തു ജനങ്ങൾ കൂട്ടം കൂടി നിൽക്കുന്നതും ഒരാൾക്ക് തണലുണ്ടാക്കിക്കൊടുക്കുന്നതും നബി(സ) കണ്ടു. ഇതെന്താണെന്ന് നബി(സ) ചോദിച്ചു. അവർ പറഞ്ഞു. അദ്ദേഹം നോമ്പനുഷ്ഠിച്ചവനാണ്. നബി(സ) പ്രത്യുത്തരം അരുളി: യാത്രയിൽ നോമ്പനുഷ്ഠിക്കൽ വലിയ പുണ്യമൊന്നുമല്ല. (ബുഖാരി. 3. 31. 167)

1369. അനസ്(റ) നിവേദനം: ഞങ്ങൾ നബി(സ)യുടെ കൂടെ യാത്ര ചെയ്യാറുണ്ട്. അപ്പോൾ നോമ്പുകാർ നോമ്പില്ലാത്തവരെയോ നോമ്പില്ലാത്തവർ നോമ്പുകാരെയോ പരസ്പരം ആക്ഷേപിക്കാറില്ല. (ബുഖാരി. 1947)

1370. ഇബ്നുഅബ്ബാസ്(റ) നിവേദനം: നബി(സ) മദീനയിൽ നിന്ന് മക്കയിലേക്ക് യാത്ര പുറപ്പെട്ടു. ഉസ്ഫാൻ എന്ന സ്ഥലത്ത് എത്തുന്നതുവരെ അവിടുന്ന് നോമ്പനുഷ്ഠിച്ചു. ശേഷം കുറച്ചു വെള്ളം കൊണ്ടുവരാൻ അവിടുന്ന് ആവശ്യപ്പെടുകയും അങ്ങനെ തന്റെ കയ്യിൽ ജനങ്ങൾ കാണുന്ന വിധം അതു ഉയർത്തിപ്പിടിക്കുകയും ചെയ്തു. ശേഷം അവിടുന്ന് അത് കുടിച്ച് നോമ്പ് മുറിച്ചു. മക്കയിൽ എത്തുന്നതുവരെ. ഇതു ഒരു റമളാനിൽ ആയിരുന്നു. ഇബ്നു അബ്ബാസ്(റ) പറയാറുണ്ട്. നബി(സ) നോമ്പനുഷ്ഠിച്ചിരുന്നു. ശേഷം അതു മുറിച്ചു. അതിനാൽ ഉദ്ദേശിക്കുന്നവന് നോമ്പ് അനുഷ്ഠിക്കാം. ഉദ്ദേശിക്കുന്നവന് നോമ്പ് മുറിക്കാം. (ബുഖാരി. 3. 31. 169)

1371. അബൂസയിദ്(റ) നിവേദനം: നബി(സ) അരുളി: സത്രീകൾക്ക് ആർത്തവം ഉണ്ടായാൽ അവർ നോമ്പ് അനുഷ്ഠിക്കുകയോ നമസ്കരിക്കുകയോ ചെയ്യാറില്ല. അതാണ് അവരുടെ മതത്തിന്റെ കുറവ്. (ബുഖാരി. 3. 31. 172)

1372. ആയിശ(റ) നിവേദനം: നബി(സ) അരുളി: വല്ലവനും മരണപ്പെട്ടു. അവന് വീട്ടാനുള്ള നോമ്പുണ്ട്. എങ്കിൽ അവന്റെ ബന്ധുക്കൾ അത് പിടിച്ചു വീട്ടേണ്ടതാണ്. (ബുഖാരി. 3. 31. 173)

1373. ഇബ്നു അബ്ബാസ്(റ) നിവേദനം: ഒരു മനുഷ്യൻ നബി(സ)യുടെ അടുത്തുവന്നു. അദ്ദേഹം പറഞ്ഞു. പ്രവാചകരേ! എന്റെ മാതാവ് മരണപ്പെട്ടു. അവർക്ക് ഒരു മാസത്തെ നോമ്പ് നോററുവീട്ടാൻ ബാധ്യതയുണ്ട്. ഞാനത് നോററു വീട്ടാമോ? നബി ചോദിച്ചു. അതെ, അല്ലാഹുവിന്റെ കടമാണ് വീട്ടുവാൻ ഏററവും അവകാശപ്പെട്ടത്. മറെറാരു നിവേദനത്തിൽ പറയുന്നു. ഒരു സ്ത്രീ പറഞ്ഞു: എന്റെ മാതാവ് മരിച്ചു. അവർക്ക് നേർച്ചയാക്കിയ നോമ്പുകൾ നോററുവീട്ടാനുണ്ട്. (ബുഖാരി. 3. 31. 174)

1374. ഉമർ(റ) നിവേദനം: നബി(സ) അരുളി: രാവ് ഇവിടെനിന്നു വരികയും പകൽ ഇവിടെനിന്ന് പിന്തിരിയുകയും സൂര്യൻ അസ്തമിക്കുകയും ചെയ്താൽ നോമ്പുകാരൻ നോമ്പു മുറിച്ചു. (ബുഖാരി. 3. 31. 175)

1375. സഹ്ല്(റ) നിവേദനം: നബി(സ) അരുളി: നോമ്പ് മുറിക്കുവാൻ ജനങ്ങൾ ധൃതികാണിക്കുന്ന കാലം വരേക്കും ജനങ്ങൾ നന്മയിലായിരിക്കും. (ബുഖാരി. 3. 31. 178)

1376. അസ്മാഅ്(റ) നിവേദനം: നബി(സ)യുടെ കാലത്തു മേഘം മൂടിയ ഒരു ദിവസം ഞങ്ങൾ നോമ്പ് മുറിച്ചു. അതിനു ശേഷം സൂര്യൻ പ്രത്യക്ഷപ്പെട്ടു. ഹിശാമ്(റ) പറയുന്നു: അവർ ആ നോമ്പ് ഖളാ വീട്ടിയോ ഇല്ലയോ എന്ന് എനിക്ക് അറിയുകയില്ല. (ബുഖാരി. 3. 31. 180)

1377. മഅവദിന്റെ പുത്രി റുബയ്യിഅ്(റ) പറയുന്നു: മുഹറം പത്തിന്റെ പ്രഭാതത്തിൽ അൻസാരികളുടെ ഗ്രാമങ്ങളിലേക്ക് ഒരാളെ ഇപ്രകാരം അറിയിക്കുവാൻ വേണ്ടി നബി(സ) നിയോഗിച്ചു. വല്ലവനും നോമ്പില്ലാതെയാണ് ഇന്ന് പ്രഭാതത്തിൽ പ്രവേശിച്ചതെങ്കിൽ അവൻ ബാക്കി ദിവസം പൂർത്തിയാകട്ടെ. നോമ്പ്കാരനായിക്കൊണ്ട് പ്രഭാതത്തിൽ എഴുന്നേററവൻ അവൻ ആ അവസ്ഥ തുടർന്നു പോവുകയും ചെയ്യട്ടെ. അവർ പറയുന്നു. ഞങ്ങൾ മുഹറം പത്തിന്റെ നോമ്പനുഷ്ഠിക്കുകയും കുട്ടികളെക്കൊണ്ട് അത് നോൽപ്പിക്കുകയും ചെയ്യാറുണ്ട്. അവർക്ക് രോമം കൊണ്ട് കുപ്പായങ്ങളുാക്കികൊടുക്കും. വല്ല കുട്ടിയും ഭക്ഷണത്തിന് കരഞ്ഞാൽ നോമ്പ് മുറിക്കാൻ സമയമാകുന്നതു വരെ കളിപ്പാട്ടങ്ങൾ കൊടുത്ത് ഞങ്ങളവരെ കളിപ്പിക്കും. (ബുഖാരി. 3. 31. 181)

1378. അനസ്(റ) നിവേദനം: നബി(സ) പറഞ്ഞു: നിങ്ങൾ രാവും പകലും ചേർത്തിക്കൊണ്ട് നോമ്പനുഷ്ഠിക്കരുത്. അനുചരന്മാർ പറഞ്ഞു: താങ്കൾ അപ്രകാരം അനുഷ്ഠിക്കുന്നതുണ്ടല്ലോ? നബി(സ) അരുളി: ഞാൻ നിങ്ങളിൽ ആരെപ്പോലെയുമല്ല. ഞാൻ തീററിക്കപ്പെടുകയും കുടിപ്പിക്കപ്പെടുകയും ചെയ്യുന്നു. (ബുഖാരി. 3. 31. 182)

1379. അബൂഹുറൈറ(റ) നിവേദനം: രാവും പകലും ചേർത്തിക്കൊണ്ട് നോമ്പനുഷ്ഠിക്കുന്നതിനെ നബി(സ) വിരോധിച്ചു. അപ്പോൾ മുസ്ലിംകളിൽ പെട്ട ഒരു മനുഷ്യൻ പറഞ്ഞു. നിശ്ചയം താങ്കൾ അപ്രകാരം നോമ്പനുഷ്ഠിക്കുന്നുണ്ടല്ലോ? നബി(സ) പ്രത്യുത്തരം നൽകി. എന്നപ്പോലെ നിങ്ങളിലാരുണ്ട്? ഞാൻ ഭക്ഷിക്കപ്പെടുന്നവനും പാനം ചെയ്യപ്പെടുന്നവനുമായി രാത്രി കഴിച്ചുകൂട്ടുന്നു. അവർ അതിൽ നിന്ന് വിരമിക്കുവാൻ മടി കാണിച്ചപ്പോൾ അവരേയുമായി നബി(സ) രണ്ടു ദിവസം വിസ്വാൽ നോമ്പ് അനുഷ്ഠിച്ചു. പിന്നീടവൻ ചന്ദ്രപ്പിറവി കണ്ടു. അപ്പോൾ നബി(സ) അരുളി: മാസപ്പിറവി കാണാൻ വൈകിയിരുന്നുവെങ്കിൽ നിങ്ങൾക്ക് ഞാൻ വർദ്ധിപ്പിക്കുമായിരുന്നു. അവർ വിശ്രമിക്കുവാൻ വിസമ്മതം കാണിച്ചപ്പോൾ അവരെ ശിക്ഷിക്കുവാൻ നബി(സ) ഉദ്ദേശിച്ചതുപോലെ. (ബുഖാരി. 3. 31. 186)

1380. അബൂജുഹൈഫ(റ) പറയുന്നു: നബി(സ) സൽമാൻ, അബൂദർദാഅ് എന്നിവർക്കിടയിൽ സാഹോദര്യബന്ധം സ്ഥാപിച്ചു. അങ്ങനെ ഒരു ദിവസം സൽമാൻ(റ) അബൂദർദാഇ(റ) നെ സന്ദർശിച്ചു. അപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ ഉമ്മുദർദാഇനെ വസ്ത്രത്തിന്റെ മോടിയിലും മററും യാതൊരു ശ്രദ്ധയുമില്ലാതെ സൽമാൻ കണ്ടു. അദ്ദേഹം ചോദിച്ചു. നിങ്ങളുടെ പ്രശ്നമെന്ത്? അവർ പറഞ്ഞു: താങ്കളുടെ സഹോദരൻ അബൂദർദാഅ്ന് ഐഹിക കാര്യങ്ങളിൽ യാതൊരു താൽപര്യവുമില്ല. കുറച്ച് കഴിഞ്ഞപ്പോൾ അബൂദർദാഅ് കയറി വന്നു. സൽമാനു വേണ്ടി ഭക്ഷണം തയ്യാറാക്കി കൊണ്ടു വന്നു പറഞ്ഞു. നിങ്ങൾ കഴിച്ചുകൊള്ളുവിൻ. ഞാൻ നോമ്പുകാരനാണ് സൽമാൻ പറഞ്ഞു. താങ്കൾ

ഭക്ഷിക്കാതെ ഞാൻ ഭക്ഷിക്കുകയില്ല. അപ്പോൾ അബുദർദാഅ് ഇനി അവിടുന്നു നോമ്പ് മുറിക്കുക തന്നെയില്ലേ എന്ന് ഞങ്ങൾക്ക് തോന്നും. മററു ചിലപ്പോൾ നബി(സ) സുന്നത്തു നോമ്പ് ഉപേക്ഷിക്കുന്നതു കണ്ടാൽ ഇനി അവിടുന്ന് സുന്നത്തു നോമ്പ് നോൽക്കുക തന്നെയില്ലേ എന്നും ഞങ്ങൾക്ക് തോന്നിപ്പോകാറുണ്ട്. റമളാൻ മാസത്തിലല്ലാതെ ഒരു മാസം മുഴുവൻ നബി(സ) നോമ്പ് നോററത് ഞാൻ കണ്ടിട്ടില്ല. ശഅ്ബാൻ മാസത്തിലാണ് അവിടുന്ന് കൂടുതൽ നോമ്പനുഷ്ഠിക്കാറുള്ളത്. (ബുഖാരി. 3. 31. 189)

1381. ആയിശ(റ) നിവേദനം: നബി(സ) ചിലപ്പോൾ സുന്നത്തു നോമ്പ് നോൽക്കുന്നത് കണ്ടാൽ ഇനി അവിടുന്നു നോമ്പ് മുറിക്കുക തന്നെയില്ലേ എന്ന് ഞങ്ങൾക്ക് തോന്നും. മററു ചിലപ്പോൾ നബി(സ) സുന്നത്തു നോമ്പ് ഉപേക്ഷിക്കുന്നതു കണ്ടാൽ ഇനി അവിടുന്ന് സുന്നത്തു നോമ്പ് നോൽക്കുക തന്നെയില്ലേ എന്നും ഞങ്ങൾക്ക് തോന്നിപ്പോകാറുണ്ട്. റമളാൻ മാസത്തിലല്ലാതെ ഒരു മാസം മുഴുവൻ നബി(സ) നോമ്പ് നോററത് ഞാൻ കണ്ടിട്ടില്ല. ശഅ്ബാൻ മാസത്തിലാണ് അവിടുന്ന് കൂടുതൽ നോമ്പനുഷ്ഠിക്കാറുള്ളത്. (ബുഖാരി. 3. 31. 190)

1382. ആയിശ(റ) നിവേദനം: ശഅ്ബാൻ മാസത്തേക്കാൾ കൂടുതൽ നോമ്പുകൾ നബി(സ) മറെറാരു മാസത്തിലും അനുഷ്ഠിക്കാറില്ല. ചിലപ്പോൾ ശഅ്ബാന്റെ മിക്ക ദിവസങ്ങളിലും നബി(സ) നോമ്പനുഷ്ഠിക്കും. അവിടുന്ന് പറയാറുണ്ട്. നിങ്ങൾക്ക് ചെയ്യാൻ സാധിക്കുന്നത് നിങ്ങൾ ചെയ്യുവീൻ. നിശ്ചയം നിങ്ങൾക്ക് മടുപ്പ് തോന്നാത്ത കാലം വരേയ്ക്കും അല്ലാഹുവിനും മടുപ്പ് തോന്നുകയില്ല. പതിവായി അനുഷ്ഠിക്കുവാൻ സാധിക്കുന്ന നമസ്കാരം നിർവ്വഹിക്കുന്നതാണ് അവിടുന്ന് ഏററവും ഇഷ്ടപ്പെട്ടിരുന്നതും. അതു കുറച്ചാണെങ്കിലും. നബി(സ) ഒരു നമസ്കാരം തുടങ്ങിവെച്ചാൽ അതു പതിവാക്കാറുണ്ട്. (ബുഖാരി. 3. 31. 191)

1383. അനസ്(റ) പറയുന്നു: നബി(സ) ചില മാസങ്ങളിൽ നോമ്പു ഉപേക്ഷിച്ചു. ആ മാസത്തിൽ നബി(സ) ഇനി തീരെ നോൽക്കുകയില്ലെന്ന് ഞങ്ങൾക്ക് തോന്നാറുള്ളതുവരെ. അവിടുന്ന് ചില മാസങ്ങളിൽ നോമ്പനുഷ്ഠിക്കും. ഇനി നോമ്പ് ഉപേക്ഷിക്കുകയില്ലെന്നും ഞങ്ങൾക്ക് തോന്നുന്നതുവരെ രാത്രിയിൽ അവിടുന്ന് നിന്ന് നമസ്കരിക്കുന്നവനായി ക്കൊണ്ട് കാണാൻ നീ ഉദ്ദേശിച്ചാൽ അതിന് നിനക്ക് സാധിക്കും. ഉറങ്ങുന്നവനായി കാണാൻ ഉദ്ദേശിച്ചാൽ അതിനും നിനക്ക് സാധിക്കും. (ബുഖാരി. 3. 31. 193)

1384. അനസ്(റ) നിവേദനം: അദ്ദേഹത്തോട് നബി(സ)യുടെ നോമ്പിനെക്കുറിച്ച് ചോദിക്കപ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു. ഏതു മാസത്തിൽ നോമ്പുകാരനായി കാണാൻ ഞാനുദ്ദേശിച്ചാലും നബി(സ)യെ ആ നിലക്ക് ഞാൻ കാണാറുണ്ട്. നബി(സ) നോമ്പുപേക്ഷിച്ചിരുന്നതു കാണാൻ ഏത് മാസത്തിൽ ഞാനുദ്ദേശിച്ചാലും എനിക്കതും കാണാൻ കഴിയാതെ വന്നിട്ടില്ല. നബി(സ)യുടെ കൈപ്പത്തിയേക്കാൾ മാർദ്ദവമുള്ള പട്ട് ഞാൻ തൊട്ടിട്ടേയില്ല. നബി(സ)യുടെ ശരീരത്തിലെ സുഗന്ധത്തെ കവച്ചു വെക്കുന്ന കസ്തൂരിയോ മററു സുഗന്ധദ്രവ്യങ്ങളോ എനിക്ക് കാണാൻ കഴിഞ്ഞിട്ടുമില്ല. (ബുഖാരി. 3. 31. 194)

1385. അംറ്(റ) നിവേദനം: നബി(സ) അദ്ദേഹത്തോട് പറഞ്ഞു: നിന്റെ ഭാര്യക്കും നിന്റെ അതിഥിക്കും നിന്നിൽ അവകാശമുണ്ട്. ഞാൻ ചോദിച്ചു. പ്രവാചകരേ! ദാവൂദ് (അ) ന്റെ നോമ്പ് എങ്ങിനെയായിരുന്നു. നബി(സ) പ്രത്യുത്തരം നൽകി. ഒരു ദിവസം ഇടവിട്ടുകൊണ്ട് കൊല്ലത്തിന്റെ പകുതി. (ബുഖാരി. 3. 31. 195)

1386. അബ്ദുല്ല(റ) നിവേദനം: നബി(സ) പറഞ്ഞു: അബ്ദുല്ലാ?! നീ എല്ലാ പകലിലും നോമ്പനുഷ്ഠിക്കുന്നതായും രാത്രി മുഴുവൻ നിന്ന് നമസ്കരിക്കുന്നതായും നിന്നെ സംബന്ധിച്ച് എനിക്ക് വിവരം ലഭിക്കുകയുണ്ടായി. ഞാൻ പറഞ്ഞു: അതെ,

പ്രവാചകരേ! നബി(സ) അരുളി: എങ്കിൽ നീ അപ്രകാരം ചെയ്യരുത്. നീ നോമ്പനുഷ്ഠിക്കുക. ചില ദിവസങ്ങളിൽ നോമ്പ് ഉപേക്ഷിക്കുക. നീ രാത്രി നമസ്കരിക്കുക. ഉറങ്ങുകയും ചെയ്യുക. നിശ്ചയം നിന്റെ കണ്ണിനും നിന്റെ ഭാര്യക്കും നിന്റെ അതിഥിക്കും നിന്നിൽ അവകാശമുണ്ട്. നിനക്ക് മാസത്തിൽ മൂന്നു ദിവസം നോമ്പനുഷ്ഠിച്ചാൽ മതിയാകുന്നതാണ്. കാരണം ഓരോ നന്മക്കും പത്തിരട്ടി പ്രതിഫലം നിനക്ക് ലഭിക്കുന്നതാണ്. അതു ഒരു വർഷത്തെ നോമ്പിന് തുല്യമാകുന്നു. ഞാൻ വർദ്ധനവ് ആവശ്യപ്പെട്ടപ്പോൾ നബി(സ) അതു അനുവദിച്ചു. ഞാൻ പറഞ്ഞു:നബി(സ)യെ എനിക്ക് കൂടുതൽ ശക്തിയുണ്ട്. നബി(സ) പറഞ്ഞു. എങ്കിൽ ദാവൂദിന്റെ നോമ്പ് നീ അനുഷ്ഠിക്കുക. അബ്ദുല്ലക്ക് വാർദ്ധക്യം പ്രാപിച്ച ശേഷം ഇപ്രകാരം പറയാറുണ്ട്. നബി(സ) അനുവദിച്ച ഇളവ് ഞാൻ സ്വീകരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു. (ബുഖാരി. 3. 31. 196)

1387. അബ്ദുല്ല(റ) നിവേദനം: നബി(സ) അരുളി: നീ മാസത്തിൽ മൂന്ന് ദിവസം നോമ്പനുഷ്ഠിക്കുക. അതു ഒരു വർഷം നോമ്പനുഷ്ഠിച്ചതിന്(പ്രതിഫലത്തിൽ)തുല്യമാണ്. (ബുഖാരി. 3. 31. 199)

1388. അബ്ദുല്ലാഹിബ്നു അംറ്(റ) നിവേദനം: നബി(സ) അരുളി: നീ മാസത്തിൽ മൂന്ന് ദിവസം നോമ്പനുഷ്ഠിക്കുക. എനിക്ക് അതിനെക്കാൾ സാധിക്കും എന്ന് ഞാൻ പറഞ്ഞു. നബി(സ) പ്രത്യുത്തരം നൽകി. നീ ഒരു ദിവസം നോമ്പനുഷ്ഠിക്കുകയും അടുത്ത ദിവസം നോമ്പ് ഉപേക്ഷിക്കുകയും ചെയ്യുക. (ഇപ്രകാരം ഇടവിട്ട് നോൽക്കുക)എല്ലാ മാസത്തിലും ഖുർആൻ പരിപൂർണ്ണമായി ഓതിക്കൊണ്ട് നീ രാത്രി നമസ്കരിക്കും. ഞാൻ പറഞ്ഞു. അതിനെക്കാൾ എനിക്ക് സാധിക്കും. ഇപ്രകാരം ആവർത്തിച്ചുകൊണ്ടിരുന്നു. മൂന്നു ദിവസംകൊണ്ട് എന്ന് അവിടുന്ന് പറയുന്നതുവരെ. (ബുഖാരി. 3. 31. 199)

1389. അനസ്(റ) നിവേദനം: നബി(സ) ഉമ്മു സുലൈമിന്റെ വീട്ടിൽ പ്രവേശിച്ചു. അവർ കുറെ ഈത്തപ്പഴവും നെയ്യും കൊണ്ടു വന്നു. നബി(സ)യെ സൽക്കരിച്ചു. നബി(സ) പറഞ്ഞു. നിങ്ങളുടെ നെയ്യ് തോൽഭരണിയിലും ഈത്തപ്പഴം വട്ടിയിലും തിരികെ കൊണ്ട് വെച്ചേക്കുക. ഞാൻ നോമ്പ് നോററിരിക്കുകയാണ്. നബി(സ) പിന്നെ വീടിന്റെ ഒരു ഭാഗത്തു ചെന്നു നിന്നു. (ബുഖാരി. 3. 31. 203)

1390. ഇംറാനുബ്നു ഹുസൈൻ(റ) പറയുന്നു: നബി(സ) ഒരു മനുഷ്യനോട് ചോദിച്ചു. ഹേ, ഇന്നവന്റെ പിതാവേ! നീ ഈ മാസാവസാനം നോമ്പ് നോറേറാ? പ്രവാചകരേ! ഇല്ല എന്ന് ആ മനുഷ്യൻ മറുപടി പറഞ്ഞു. അപ്പോൾ നബി(സ) പ്രത്യുത്തരം നൽകി. എങ്കിൽ രണ്ടു ദിവസം നീ നോമ്പനുഷ്ഠിക്കുക. മറെറാരു നിവേദനത്തിൽ ശഅ്ബാൻ മാസത്തിന്റെ അവസാനം രണ്ടു ദിവസം നോമ്പ് നോൽക്കുക എന്നാണുള്ളത്. (ബുഖാരി. 3. 31. 204)

1391. മുഹമ്മദ്ബ്നു അബ്ബാസ് പറയുന്നു: നബി(സ) വെള്ളിയാഴ്ച നോമ്പനുഷ്ടിക്കുന്നത് വിരോധിച്ചിട്ടുണ്ടോ എന്ന് ജാബിർ(റ) നോട് ഞാൻ ചോദിച്ചു. അതെയെന്ന് അദ്ദേഹം മറുപടി പറഞ്ഞു. അതായത് വെള്ളിയാഴ്ച ദിവസം മാത്രം നോമ്പനുഷ്ഠിക്കുന്നതിനെ. (ബുഖാരി. 3. 31. 205)

1392. അബൂഹൂറൈറ(റ) നിവേദനം: നബി(സ) അരുളി: വെള്ളിയാഴ്ച ദിവസം നിങ്ങളിൽ ആരും തന്നെ നോമ്പനുഷ്ഠിക്കരുത്. അതിന്റെ ഒരു ദിവസം മുമ്പോ ഒരു ദിവസം ശേഷമോ നോമ്പനുഷ്ഠിച്ചാൽ ഒഴികെ. (ബുഖാരി. 3. 31. 206)

1393. ജുവൈരിയ്യ(റ) പറയുന്നു: അവർ നോമ്പനുഷ്ഠിച്ച ഒരു വെള്ളിയാഴ്ച ദിവസം നബി(സ) അവരുടെയടുക്കൽ പ്രവേശിച്ചു. നബി(സ) ചോദിച്ചു. നീ ഇന്നലെ നോമ്പ് നോററിരുന്നോ? ഇല്ലെന്നവർ പറഞ്ഞു. നാളെ നോമ്പ്

നോൽക്കാനുദ്ദേശിക്കുന്നുണ്ടോ എന്ന് നബി(സ) വീണ്ടും ചോദിച്ചു. ഇല്ലെന്നവർ പ്രത്യുത്തരം നൽകി. നബി(സ) അരുളി: എങ്കിൽ നീ നോമ്പ് മുറിക്കുക. (ബുഖാരി. 207)

1394. അൽഖമ(റ) പറയുന്നു: പ്രവാചകൻ ദിവസങ്ങളിൽ ഏതെങ്കിലും ഒരു ദിവസത്തിന് വല്ല പ്രത്യേകതയും കൽപ്പിക്കാറുണ്ടായിരുന്നോ എന്ന് ഞാൻ ആയിശ(റ) യോട് ചോദിച്ചു. അവർ പറഞ്ഞു. ഇല്ല. അവിടുത്തെ പുണ്യകർമ്മം ചെയ്യൽ പതിവാക്കലായിരുന്നു. നബി(സ)യുടെ കഴിവ് നിങ്ങളിലാർക്കുണ്ട്.?(ബുഖാരി. 3. 31. 208)

1395. മൈമൂന(റ) നിവേദനം: മനുഷ്യർ നബി(സ) അറഫാ ദിവസം നോമ്പനുഷ്ഠിച്ചിട്ടുണ്ടോ എന്ന സംഗതിയിൽ ഭിന്നിച്ചു. അപ്പോൾ ഞാൻ ഒരു പാൽ പാത്രം നബി(സ)ക്ക് അയച്ചു കൊടുത്തു. നബി(സ) അറഫായിൽ നിൽക്കുകയായിരുന്നു. അവിടുന്ന് ജനങ്ങൾ കാണുന്നവിധം അതു കുടിച്ചു. (ബുഖാരി. 3. 31. 210)

1396. ഉമർ(റ) പറയുന്നു: ഈ രണ്ടു ദിവസങ്ങളിൽ നോമ്പനുഷ്ഠിക്കുന്നതിന് നബി(സ) വിരോധിച്ചിരിക്കുന്നു. ഒന്ന് നിങ്ങളുടെ നോമ്പ് മുറിക്കുന്ന ദിവസമായ ചെറിയപെരുന്നാൾ ദിനമാണ്. മറ്റൊന്ന് നിങ്ങളുടെ ബലിമൃഗത്തിന്റെ മാംസം ഭക്ഷിക്കുന്ന ബലിപെരുന്നാൾ ദിനമാണ്. (ബുഖാരി. 3. 31. 211)

1397. അബൂസഈദ്(റ) പറയുന്നു: സുബ്ഹിനു ശേഷവും അസറിനു ശേഷവും നമസ്കരിക്കുന്നതും നബി(സ) വിരോധിച്ചിരിക്കുന്നു. (ബുഖാരി. 3. 31. 212)

1398. അബൂഹുറൈറ(റ) നിവേദനം: രണ്ടു നോമ്പും രണ്ട് കച്ചവടവും വിരോധിക്കപ്പെട്ടിട്ടുണ്ട്. ചെറിയ പെരുന്നാൾ ദിവസവും ബലിപെരുന്നാൾ ദിവസവും നോമ്പനുഷ്ഠിക്കുന്നതിനെയും മൂലാമസത്തു, മുനാബദത്തു എന്നീ രണ്ടു കച്ചവടങ്ങളെയും. (ബുഖാരി. 3. 31. 213)

1399. ഇബ്നു ഉമർ(റ) നിവേദനം: ഒരു മനുഷ്യൻ അദ്ദേഹത്തിന്റെ അടുത്തുവന്നു പറഞ്ഞു. ഒരാൾ ഒരു ദിവസം നോമ്പനുഷ്ഠിക്കുവാൻ നേർച്ചയാക്കി. തിങ്കളാഴ്ച ദിവസം എന്നാണ് അയാൾ പറഞ്ഞത് എന്ന് ഞാൻ (നിവേദകൻ)വിചാരിക്കുന്നു. യാദൃശ്ചികമായി ആ ദിവസം പെരുന്നാളായി. എങ്കിൽ അയാൾ നേർച്ച പൂർത്തിയാക്കേണ്ടതുണ്ടോ? ഇബ്നു ഉമർ(റ) പറഞ്ഞു: അല്ലാഹു നേർച്ച പൂർത്തിയാക്കുവാൻ നിർദ്ദേശിക്കുന്നുണ്ട്. നബി(സ) ഈ ദിവസം നോമ്പനുഷ്ഠിക്കുന്നതിനെ വിരോധിക്കുകയും ചെയ്യുന്നു. (അതിനാൽ പാടില്ല). (ബുഖാരി. 3. 31. 214)

1400. ആയിശ(റ)യും ഇബ്നുഉമർ(റ)യും പറയുന്നു: ബലിമൃഗം കൈവശമില്ലാത്ത ഹാജിമാർക്കല്ലാതെ അയ്യാമുത്തശ്രീഖിൽ നോമ്പനുഷ്ഠിക്കുവാൻ നബി(സ) അനുവാദം നൽകിയിട്ടില്ല. (ബുഖാരി. 3. 31. 216)

1401. ഇബ്നുഉമർ(റ) പറയുന്നു: വല്ലവനും ഉംറ: നിർവ്വഹിച്ച് ഹജ്ജ് വരെ സുഖിച്ചാൽ അറഫാ ദിനത്തിന്റെ മുമ്പായി നോമ്പനുഷ്ഠിക്കണം. ബലിമൃഗം ലഭിക്കാതിരിക്കുകയും അറഫാ ദിനത്തിന്റെ മുമ്പ് നോമ്പനുഷ്ഠിക്കാതിരിക്കുകയും ചെയ്തവൻ മിനായുടെ ദിവസങ്ങളിൽ നോമ്പനുഷ്ഠിക്കാം. (ബുഖാരി. 3. 31. 217)

1402. സാലിം(റ) തന്റെ പിതാവിൽ നിന്ന് നിവേദനം: നബി(സ) അരുളി: ആശുറാഅ് ദിവസത്തെ നോമ്പ് ഉദ്ദേശിക്കുന്നവന് നോൽക്കാം. (ബുഖാരി. 3. 31. 218)

1403. ആയിശ(റ) പറയുന്നു: നബി(സ) ആശൂറാഅ് നോമ്പ് അനുഷ്ഠിക്കുവാൻ കൽപ്പിച്ചിരുന്നു. റമളാൻ നിർബന്ധമാക്കിയപ്പോൾ ഉദ്ദേശിക്കുന്നവൻ നോൽക്കുകയും ഉദ്ദേശിക്കാത്തവൻ നോൽക്കാതിരിക്കുകയും ചെയ്യും. (ബുഖാരി. 3. 31. 219)

1404. ആയിശ(റ) പറയുന്നു: ആശുറാഅ് ദിവസം ജാഹിലിയ്യാ കാലത്ത് ഖുറൈശികൾ നോമ്പനുഷ്ഠിച്ചിരുന്നു. നബി(സ) ജാഹിലിയ്യാ കാലത്തു അതു അനുഷ്ഠിച്ചിരുന്നു. മദീനയിൽ വന്നപ്പോൾ അതു നബി(സ) നോൽക്കുകയും നോൽക്കുവാൻ കൽപ്പിക്കുകയും ചെയ്തു. റമളാൻ നിർബന്ധമാക്കിയപ്പോൾ നബി(സ) അതു ഉപേക്ഷിച്ചു. ഉദ്ദേശിക്കുന്നവൻ നോൽക്കുകയും ഉദ്ദേശിക്കുന്നവൻ ഉപേക്ഷിക്കുകയും ചെയ്തുവന്നു. (ബുഖാരി. 3. 31. 220)

1405. മുആവിയ്യ(റ) നിവേദനം: അദ്ദേഹം ഹജ്ജ് നിർവ്വഹിച്ച വർഷത്തിൽ മിമ്പറിന്മേൽ കയറി ഇപ്രകാരം പറഞ്ഞു. മദീനക്കാരേ! നിങ്ങളുടെ പണ്ഡിതന്മാർ എവിടെപ്പോയി! നബി(സ) പറയുന്നത് ഞാൻ കേൾക്കുകയുണ്ടായി. ഇതു ആശൂറാഅ് ദിവസമാണ്. അല്ലാഹു ഈ നോമ്പ് നിങ്ങളുടെ മേൽ നിർബന്ധമാക്കിയിട്ടില്ല. ഞാൻ നോമ്പനുഷ്ഠിക്കുകയാണ്. ഉദ്ദേശിക്കുന്നവൻ അതു അനുഷ്ഠിക്കട്ടെ. ഉദ്ദേശിക്കുന്നവൻ അതു അനുഷ്ഠിക്കാതിരിക്കട്ടെ. (ബുഖാരി. 3. 31. 221)

1406. അബൂമൂസ(റ) പറയുന്നു: ആശൂറാഅ് ദിവസം ജൂതന്മാർ പെരുന്നാളായി ആഘോഷിച്ചിരുന്നു. അപ്പോൾ നബി(സ) പറഞ്ഞു: നിങ്ങൾ അതിൽ നോമ്പനുഷ്ഠിക്കുവിൻ. (ബുഖാരി. 3. 31. 223)

1407. ഇബ്നു അബ്ബാസ്(റ) പറയുന്നു: ആശൂറാഅ് നോമ്പനുഷ്ഠിക്കുവാൻ നബി(സ) ശ്രദ്ധിക്കാറുള്ളത് പോലെ മറ്റൊരു ദിവസവും നബി(സ) ശ്രദ്ധിക്കുന്നത് ഞാൻ കണ്ടിട്ടില്ല. മാസം മുഴുവൻ അവിടുന്നു നോമ്പനുഷ്ഠിക്കാറുള്ളത് റമളാനിലായിരുന്നു. (ബുഖാരി. 3. 31. 224)

1408. സലമ(റ) നിവേദനം: നബി(സ) അസ്ലം ഗോത്രത്തിൽ പെട്ട ഒരു മനുഷ്യനെ നിയോഗിച്ച് ഇപ്രകാരം വിളിച്ചുപറയാൻ കൽപ്പിച്ചു. വല്ലവനും ഭക്ഷണം കഴിച്ചിട്ടുണ്ടെങ്കിൽ ബാക്കി ദിവസം അവൻ നോമ്പനുഷ്ഠിക്കട്ടെ. ഭക്ഷിക്കാത്തവൻ തന്റെ നോമ്പ് പൂർത്തിയാക്കട്ടെ. നിശ്ചയം ഇന്ന് ആശുറാഅ് ദിനമാണ്. (ബുഖാരി. 3. 31. 225)

1409. ഇബ്നു അബ്ബാസിൽ(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറയാറുണ്ട്. റമസാനു മുമ്പെ നിങ്ങൾ സുന്നത്തായ വ്രതമനുഷ്ഠിക്കരുത്. പക്ഷേ റമസാൻ മാസപ്പിറവി കണ്ടാൽ നിങ്ങൾ നോമ്പനുഷ്ഠിക്കുകയും ശവ്വാൽ മാസപ്പിറവി കണ്ടാൽ നിങ്ങൾ നോമ്പ് മുറിക്കുകയും ചെയ്യുക. മേഘം കൊണ്ട് തടസ്സം നേരിട്ടാൽ മുപ്പത് ദിവസം നിങ്ങൾ പൂർത്തീകരിക്കൂ. (തിർമിദി)

1410. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: ശഅ്ബാന്റെ അവസാനത്തെ പകുതി അവശേഷിച്ചാൽ നിങ്ങൾ നോമ്പനുഷ്ഠിക്കരുത്. (തിർമിദി)

1411. അമ്മാറി(റ)ൽ നിന്ന് നിവേദനം: മാസപ്പിറവി സംശയിക്കാറുള്ള ദിവസം (വ്യക്തമായ തെളിവില്ലാതെ) വല്ലവനും നോമ്പനുഷ്ഠിച്ചാൽ അബുൽഖാസിമിനോട് അവൻ വിപരീതം പ്രവർത്തിച്ചു. (അബൂദാവൂദ്, തിർമിദി)

1412. ത്വൽഹത്തി(റ)ൽ നിന്ന് നിവേദനം: നബി(സ) മാസപ്പിറവി കണ്ടാൽ ഇപ്രകാരം പ്രാർത്ഥിക്കാറുണ്ട്. അല്ലാഹുവേ! (ഇഹപരവിഷയങ്ങളിൽ നിന്നുള്ള) നിർഭയത്തോടെയും നിലനിൽക്കുന്ന വിശ്വാസത്തോടെയും രക്ഷയോടെയും ഞങ്ങൾക്കീ മാസത്തെ നീ പിറപ്പിക്കേണമേ! എന്റെയും നിന്റെയും സംരക്ഷകൻ

അല്ലാഹുവാണ്. ഇത് നന്മയുടെയും സന്മാർഗ്ഗത്തിന്റെയും മാസമായി മാററട്ടെ!(തിർമിദി)

1413. അംറുബിൻആസി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: നമ്മുടെയും വേദം നല്കപ്പെട്ടവരുടെയും നോമ്പ് തമ്മിലുള്ള വ്യത്യാസം അത്താഴം കഴിക്കലാണ്. (മുസ്ലിം) (ജൂതരും കൃസ്ത്യാനികളും അത്താഴം കഴിക്കുകയില്ല. ഈ സമുദായത്തിന്റെ മാത്രം പ്രത്യേകതയാണ് അത്താഴം)

1414. അബൂഅത്വിയ്യ(റ)ൽ നിന്ന് നിവേദനം: ഒരിക്കൽ ഞാനും മസ്റൂഖും ആയിശ(റ) യുടെ അടുത്ത് കടന്നുചെന്നു. തത്സമയം മസ്റൂഖ് പറഞ്ഞു. റസൂൽ(സ)യുടെ സന്തത സഹചാരികളിൽ രണ്ടാളുകളുണ്ടായിരുന്നു. സദ്വൃത്തിയിൽ അവരൊട്ടും പിന്നോക്കമല്ല. ഒരാൾ മഗ്രിബ് നമസ്കരിക്കലും നോമ്പ് മുറിക്കലും ധൃതിയിൽ ചെയ്തുതീർക്കും. മറെറയാൾ മഗ്രിബ് നമസ്കരിക്കലും നോമ്പ് തുറക്കലും പിന്തിക്കും. ആയിശ(റ) ചോദിച്ചു: മഗ്രിബ് നമസ്കാരവും നോമ്പ് തുറക്കലും ധൃതിയിൽ കൊണ്ടുവരുന്നവനാരാണ്? മസ്റൂഖ് പറഞ്ഞു: അബ്ദുല്ലാഹിബ്നുമസ് ഊദാണ്. ആയിശ(റ) പറഞ്ഞു: ഇപ്രകാരമാണ് റസൂൽ(സ) ചെയ്തിരുന്നത്. (മുസ്ലിം) (ധൃതിയിലാണ് മഗ്രിബ് നമസ്കാരവും നോമ്പ് തുറക്കലും റസൂൽ(സ) ചെയ്തുതീർത്തിരുന്നത്)

1415. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: അല്ലാഹു അരുൾ ചെയ്തിട്ടുണ്ട്. എന്റെ ദാസന്മാരിൽ എനിക്കേററവും ഇഷ്ടപ്പെട്ടവർ അസ്തമനത്തിനുശേഷം ധൃതിയിൽ നോമ്പ് മുറിക്കുന്നവരാണ്. (തിർമിദി)

1416. സൽമാനി(റ)ൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു: നിങ്ങളിൽ വല്ലവനും നോമ്പ് തുറക്കുന്നപക്ഷം കാരക്കകൊണ്ട് നോമ്പ് തുറന്നുകൊള്ളട്ടെ. ഇനി അത് കിട്ടിയില്ലെങ്കിലോ? വെള്ളംകൊണ്ട് നോമ്പുതുറക്കട്ടെ. നിശ്ചയം, അത് ശുദ്ധിയാക്കുന്നതാണ്. (അബൂദാവൂദ്, തിർമിദി)

1417. അനസി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) മഗ്രിബ് നമസ്കരിക്കുന്നതിന് മുമ്പുതന്നെ ഈത്തപ്പഴം കൊണ്ട് നോമ്പ് മുറിച്ചിരുന്നു. ഇനി ഈത്തപ്പഴമില്ലെങ്കിൽ കാരക്ക. കാരക്കയുമില്ലെങ്കിലോ? അവിടുന്ന് വെള്ളം വലിച്ചുകുടിക്കും. (അബൂദാവൂദ്, തിർമിദി)

1418. ലഖീത്വി(റ)ൽ നിന്ന് നിവേദനം: ഞാൻ പറഞ്ഞു: പ്രവാചകരേ! വുളുവിനെക്കുറിച്ച് അങ്ങ് എനിക്ക് പറഞ്ഞുതരിക. അവിടുന്ന് പറഞ്ഞു. നീ വുളു പൂർണ്ണമായി എടുക്കൂ! വിരലുകൾ വിടർത്തി കഴുകുകയും നോമ്പുകാരനല്ലെങ്കിൽ മൂക്കിൽ നല്ലവണ്ണം വെള്ളം കയററുകയും വേണം. (അബൂദാവൂദ്, തിർമിദി)

1419. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: മുഹററമാസത്തിലെ നോമ്പാണ് റമസാനുശേഷം നോമ്പുകളിൽവെച്ച് ഏററവും ശ്രേഷ്ഠമായത്. അപ്രകാരം തന്നെ രാത്രിയിലെ നമസ്കാരമാണ് ഫർളിനുശേഷമുള്ള നമസ്കാരങ്ങളിൽ ഏററവും ഉത്തമമായത്. (മുസ്ലിം)

1420. മുജീബത്ത്(റ) തന്റെ പിതാവിൽനിന്നോ പിതൃവ്യനിൽനിന്നോ നിവേദനം ചെയ്യുന്നു: അദ്ദേഹം ഒരിക്കൽ റസൂൽ(സ)യുടെ അടുത്തു ചെന്നു. പിന്നീട് സ്വന്തം വീട്ടിലേക്ക് അദ്ദേഹം തിരിച്ചുപോയി. ഒരു കൊല്ലത്തിനുശേഷം വീണ്ടും അവിടുത്തെ സന്നിധിയിലേക്ക് മടങ്ങിവന്നു. അപ്പോഴേക്ക് അദ്ദേഹത്തിന്റെ സ്ഥിതിഗതികൾ അല്പം വ്യത്യാസപ്പെട്ടിട്ടുണ്ടായിരുന്നു. അദ്ദേഹം ചോദിച്ചു: പ്രവാചകരേ! അങ്ങെന്നെ അറിയുമോ? അവിടുന്ന് ചോദിച്ചു: നീ ആരാണ്? അദ്ദേഹം പറഞ്ഞു: കഴിഞ്ഞകൊല്ലം അങ്ങയുടെ അടുത്ത് വന്ന ബാഹിലിക്കാരനാണ് ഞാൻ. അന്നേരം തിരുദൂതൻ(സ) ചോദിച്ചു: നീ രൂപലാവണ്യമുള്ളവനായിരുന്നല്ലോ! നിനക്കെന്ത് പരിവർത്തന മാണ്

സംഭവിച്ചത്? അദ്ദേഹം പറഞ്ഞു: അങ്ങയെ വിട്ടുപിരിഞ്ഞതു മുതൽ രാത്രിയിലല്ലാതെ ഞാൻ ഭക്ഷണം കഴിച്ചിട്ടില്ല. (ഞാൻ തുടർന്നു നോമ്പനുഷ്ഠിച്ചുപോന്നു)അന്നേരം റസൂൽ(സ) പറഞ്ഞു: നിന്നെത്തന്നെ നീ ശിക്ഷിച്ചു. എന്നിട്ട് അവിടുന്ന് പറഞ്ഞു. നീ റമസാൻ വ്രതം അനുഷ്ഠിക്കൂ! മാസംതോറും ഓരോ ദിവസവും അദ്ദേഹം പറഞ്ഞു: കുറച്ചുകൂടി ഏററിത്തരിക. എനിക്കതിന് ത്രാണിയുണ്ട്. അവിടുന്ന് പറഞ്ഞു. എന്നാൽ (മാസംതോറും) രണ്ടുദിവസം നീ വ്രതമനുഷ്ഠിക്കൂ. പിന്നെയും അദ്ദേഹം പറഞ്ഞു. അല്പം കൂടി ഏററിത്തരിക. അവിടുന്ന് പറഞ്ഞു. എങ്കിൽ (മാസം തോറും) മൂന്നുദിവസം നോമ്പനുഷ്ഠിക്കൂ. വീണ്ടും അദ്ദേഹം പറഞ്ഞു. ഇനിയും അവിടുന്ന് എനിക്ക് ഏററിത്തരിക. അപ്പോൾ അവിടുന്ന് പറഞ്ഞു: എങ്കിൽ (റജബ്, ദുൽഖഅ്ദ്, ദുൽഹജ്ജ്, മുഹർറം എന്നീ) യുദ്ധം നിഷിദ്ധമായ (നാല്) മാസങ്ങളിൽ നീ നോമ്പനുഷ്ഠിക്കുകയും ഉപേക്ഷിക്കുകയും ചെയ്യൂ. മൂന്നു പ്രാവശ്യം അതാവർത്തിച്ചു. എന്നിട്ട് അവിടുന്ന് മൂന്ന് വിരലുകൾ ചേർത്തുപിടിക്കുകയും പിന്നീടത് വിടർത്തുകയും ചെയ്തുകൊണ്ട്(അവയിൽ നിന്ന് മുമ്മൂന്ന് ദിവസം വ്രതമനുഷ്ഠിക്കാൻ)ആംഗ്യം കാണിച്ചുകൊടുത്തു. (അബൂദാവൂദ്)

1421. അബൂഖത്താദ(റ)യിൽ നിന്ന് നിവേദനം: അറഫാ നോമ്പിനെക്കുറിച്ച് റസൂൽ(സ)യോട് ചോദിക്കപ്പെട്ടു. അവിടുന്ന് മറുപടി പറഞ്ഞു. കഴിഞ്ഞതും വരുന്നതുമായ ഓരോ കൊല്ലങ്ങളിലെ ചെറിയ പാപങ്ങളെ അത് പൊറുപ്പിക്കും. (മുസ്ലിം)

1422. അബൂഖത്താദ(റ)യിൽ നിന്ന് നിവേദനം: ആശൂറാ നോമ്പിനെ സംബന്ധിച്ച് ഒരിക്കൽ റസൂൽ(സ) ചോദിക്കപ്പെട്ടു. അവിടുന്ന് മറുപടി പറഞ്ഞു: കഴിഞ്ഞുപോയ ഒരു കൊല്ലത്തെ (ചെറിയ) പാപങ്ങളെ അത് പൊറുപ്പിക്കും. (മുസ്ലിം)

1423. ഇബ്നു അബ്ബാസി(റ)ൽ നിന്ന്: റസൂൽ(സ) പറഞ്ഞു: അടുത്ത വർഷം വരെ ഞാൻ ജീവിച്ചിരിക്കുന്നപക്ഷം (മുഹർറത്തിലെ)ഒമ്പതാമത്തെ നോമ്പും ഞാൻ നോൽക്കുന്നതാണ്. (മുസ്ലിം)

1424. അബൂഅയ്യൂബി(റ)ൽ നിന്ന് നിവേദനം: നിശ്ചയം റസൂൽ(സ) അരുൾ ചെയ്തു. വല്ലവനും റമസാനിലെ നോമ്പും തുടർന്ന് ശവ്വാലിലെ ആറും അനുഷ്ഠിച്ചാൽ (ഫലത്തിൽ) അത് കൊല്ലം മുഴുവൻ ഫർള് നോമ്പ് അനുഷ്ഠിച്ചതിന് തുല്യമായി. (മുസ്ലിം)

1425. അബൂഖത്താദ(റ)യിൽ നിന്ന് നിവേദനം: തിങ്കളാഴ്ചയിലെ നോമ്പിനെ സംബന്ധിച്ച് റസൂൽ(സ) ചോദിക്കപ്പെട്ടു. അവിടുന്ന് പറഞ്ഞു: ഞാൻ പ്രസവിക്കപ്പെടുകയും പ്രവാചകനായി നിയോഗിക്കപ്പെടുകയും ഖുർആൻ എനിക്കവതരിക്കുകയും ചെയ്തത് അന്നേ ദിവസമാണ്. (മുസ്ലിം)

1426. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: വ്യാഴാഴ്ചയും തിങ്കളാഴ്ചയും (മനുഷ്യരുടെ) ഓരോ പ്രവർത്തനങ്ങളും (അല്ലാഹുവിങ്കൽ)വെളിവാക്കപ്പെടും. നോമ്പുകാരനായിക്കൊണ്ട് എന്റെ അമലുകൾ അല്ലാഹുവിങ്കൽ വെളിവാക്കപ്പെടാനാണ് ഞാനിഷ്ടപ്പെടുന്നത്. (തിർമിദി)

1427. ആയിശ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) തിങ്കൾ, വ്യാഴം എന്നീ ദിവസങ്ങളിലെ നോമ്പിനെക്കുറിച്ച് പ്രത്യേകം ശ്രദ്ധ ചെലുത്തിയിരുന്നു. (തിർമിദി)

1428. മുആദത്തി(റ)ൽ നിന്ന് നിവേദനം: ആയിശ(റ) യോട് ഒരിക്കൽ ഞാൻ അന്വേഷിച്ചു. എല്ലാ മാസവും മൂന്ന് ദിവസം റസൂൽ(സ) നോമ്പനുഷ്ഠിക്കാറുണ്ടോ? അതെ എന്നവർ മറുപടി പറഞ്ഞു. ഞാൻ ചോദിച്ചു: മാസത്തിൽ ഏത് ദിവസത്തിലാണ് അവിടുന്ന് നോമ്പനുഷ്ഠിച്ചിരുന്നത്. അവർ മറുപടി പറഞ്ഞു. മാസങ്ങളിൽ ഏത് ദിവസവും നോമ്പനുഷ്ഠിക്കുന്നത് അവിടുന്ന് ഒരു

പ്രശ്നമാക്കിയിരുന്നില്ല (മുസ്ലിം) (ഏതു ദിവസമെങ്കിലും നോമ്പനുഷ്ഠിക്കുമായിരുന്നു)

1429. അബൂദർറി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) അരുൾ ചെയ്തു: മാസത്തിൽ മൂന്ന് ദിവസം നീ നോമ്പനുഷ്ഠിക്കുന്നുവെങ്കിൽ പതിമൂന്നിലും പതിനാലിലും നീ നോമ്പനുഷ്ഠിച്ചുകൊള്ളുക. (തിർമിദി)

1430. ഖത്താദ(റ)യിൽ നിന്ന് നിവേദനം: അയ്യാമുൽ ബീള് അഥവാ പതിമൂന്ന്, പതിനാല്, പതിനഞ്ച് എന്നീ ദിവസങ്ങളിൽ നോമ്പനുഷ്ഠിക്കാൻ ഞങ്ങളോട് റസൂൽ(സ) കൽപിച്ചിരുന്നു. (അബൂദാവൂദ്)

1431. ഇബ്നു അബ്ബാസി(റ)ൽ നിന്ന് നിവേദനം: നാട്ടിൽവെച്ചും യാത്രയിലും അയ്യാമുൽബീളിൽ റസൂൽ(സ) ഒരിക്കലും നോമ്പുപേക്ഷിക്കാറില്ല. (നസാഈ)

1432. സൈദി(റ)ൽ നിന്ന് നിവേദനം: വല്ലവനും നോമ്പ് തുറപ്പിച്ചാൽ നോമ്പുകാരന്റെ തുല്ല്യഫലം അവന് ലഭിക്കും. അതുകൊണ്ട് നോമ്പുകാരന്റെ പ്രതിഫലത്തിൽ ഒന്നും ചുരുങ്ങുകയില്ല. (തിർമിദി)

1433. ഉമ്മഉമാറത്തിൽ(റ)ൽ നിന്ന് നിവേദനം: ഒരിക്കൽ നബി(സ) അവരുടെ അടുത്ത് കടന്നുചെന്നു. ഉടനെ കുറച്ചാഹാരം കൊണ്ട് വെച്ചപ്പോൾ അവിടുന്ന് പറഞ്ഞു: അത് നീ ഭക്ഷിക്കു. ഞാൻ നോമ്പുകാരിയാണ് എന്ന് മറുപടി നല്കിയപ്പോൾ റസൂൽ(സ) പറഞ്ഞു: നോമ്പുകാരന്റെയടുത്തുവെച്ച് ആഹാരം കഴിച്ചാൽ അത് ഭക്ഷിച്ച് കഴിയുന്നതുവരെ മലക്കുകൾ നോമ്പുകാരനു വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കും ചിലപ്പോൾ അവിടുന്ന് പറയാറുണ്ട്. അവർക്ക് വയറ് നിറയുന്നതുവരെ. (തിർമിദി)

1434. അനസി(റ)ൽ നിന്ന് നിവേദനം: നബി(സ) ഒരിക്കൽ സഅ്ദ്(റ)ന്റെ അടുക്കൽ വിരുന്ന് ചെന്നു. ഉടനെ അദ്ദേഹം പത്തിരിയും ഒലിവെണ്ണയും കൊണ്ടുവന്നു. അത് ഭക്ഷിച്ചിട്ട് നബി(സ) പ്രാർത്ഥിച്ചു. നോമ്പുകാർ നിങ്ങളുടെ അടുത്ത് നോമ്പ് തുറക്കട്ടെ! നിങ്ങളുടെ ആഹാരം ഉത്തമന്മാർ ഭക്ഷിക്കട്ടെ. മലക്കുകൾ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കട്ടെ. (അബൂദാവൂദ്) (ആഹാരത്തിനുവേണ്ടി ആരെയെങ്കിലും ക്ഷണിച്ചുവരുത്തിയാൽ ആഹാരത്തിനുശേഷം അവനുവേണ്ടി പ്രാർത്ഥിക്കേണ്ടതാണ്)

## 37. തറാവീഹ് നമസ്കാരം

1435. അബ്ദുറഹ്മാൻ(റ) പറയുന്നു. റമളാനിലെ ഒരു രാത്രിയിൽ ഉമർ(റ)ന്റെ കൂടെ പള്ളിയിലേക്ക് ഞാൻ പുറപ്പെട്ടു. അപ്പോൾ ജനങ്ങൾ വിവിധ ഇമാമുകളുടെ കീഴിൽ നമസ്കരിക്കുന്നതു കണ്ടു. ഉമർ(റ) പറഞ്ഞു. ഇവരെല്ലാം തന്നെ ഒരു ഇമാമിന്റെ കീഴിൽ യോജിപ്പിക്കുന്നത് ഏററവും ഉത്തമമായി ഞാൻ കാണുന്നു. അങ്ങനെ തീരുമാനം അദ്ദേഹം എടുക്കുകയും അവരെയെല്ലാം തന്നെ ഉബയ്യബ്നു കഅ്ബിന്റെ കീഴിൽ ഏകോപിപ്പിക്കുകയും ചെയ്തു. ശേഷം മറെറാരു രാത്രി ഞാൻ അദ്ദേഹത്തിന്റെ കൂടെ പുറപ്പെട്ടു. ജനങ്ങൾ എല്ലാംതന്നെ അതാ! ഒരു ഇമാമിന്റെ കീഴിൽ നമസ്കരിക്കുന്നു. ഉമർ(റ) പറഞ്ഞു: ഇതു നല്ലൊരു പരിഷ്കരണം തന്നെ. എങ്കിലും ഇപ്പോൾ ഉറങ്ങുന്നവനാണ് ഇപ്പോൾ നമസ്കരിക്കുന്നവരേക്കാളും ഉത്തമന്മാർ. ജനങ്ങൾ രാത്രിയുടെ ആദ്യം നമസ്കരിക്കാറുണ്ട്. (ബുഖാരി. 3. 32. 227)

1436. ആയിശ(റ) നിവേദനം: നബി(സ) റമളാൻ മാസത്തിൽ എങ്ങിനെയാണ് നമസ്കരിച്ചതെന്ന് അബൂസലമ(റ) അവരോട് ചോദിച്ചു. അപ്പോൾ ആയിശ(റ) പറഞ്ഞു. റമളാനിലോ അല്ലാത്ത മാസത്തിലോ പതിനൊന്ന് റക്അത്തിൽ കൂടുതൽ പ്രവാചകൻ നമസ്കരിച്ചിട്ടില്ല. (ബുഖാരി. 3. 32. 230)

1437. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റമസാനിലെ സുന്നത്ത് (തറാവീഹ്) നമസ്കാരത്തെപ്പററി റസൂൽ(സ) കൂടുതൽ പ്രോത്സാഹനം നൽകിക്കൊണ്ടിരുന്നു. പക്ഷേ നിർബന്ധമായിട്ട് അത് കൽപ്പിച്ചിരുന്നില്ല. അവിടുന്ന് പറയാറുണ്ട്. റമസാനിൽ വല്ലവനും വിശ്വാസ ദാർഢ്യത്തോടെയും പ്രതിഫലേച്ഛയോടെയും നമസ്കാരം (തറാവീഹ്) നിർവ്വഹിക്കുന്നുവെങ്കിൽ മുൻകഴിഞ്ഞ ചെറുപാപങ്ങൾ അവനു പൊറുക്കപ്പെടും. (മുസ്ലിം)

## 38. ലൈലത്തുൽ ഖദ്റിന്റെ മഹത്വം

1438. ഇബ്നു ഉമർ(റ) നിവേദനം: നബി(സ)യുടെ അനുചരന്മാരിൽ കുറെ പേർ ലൈലത്തുൽ ഖദ്ർ റമളാനിലെ ഒടുവിലത്തെ ആഴ്ചയിൽ വരുന്നതായി സ്വപ്നം കണ്ടു. അപ്പോൾ നബി(സ) അരുളി: നിങ്ങളുടെയെല്ലാം സ്വപ്നങ്ങൾ അവസാനത്തെ എഴുദിവസങ്ങളിൽ ഒത്തു ചേരുന്നതായി കാണുന്നു. അതുകൊണ്ട് വല്ലവനും ലൈലത്തുൽ ഖദ്റിനെ അന്വേഷിക്കുന്നെങ്കിൽ അവൻ റമളാനിന്റെ ഒടുവിലത്തെ ആഴ്ചയിലന്വേഷിക്കട്ടെ. (ബുഖാരി. 3. 32. 232)

1439. അബൂസഈദ്(റ) പറയുന്നു: റമളാനിലെ നടുവിലത്തെ പത്തിൽ നബി(സ) യോടൊപ്പം ഞങ്ങൾ ഇഅ്തികാഫ് ഇരുന്നു. റമളാൻ ഇരുപതിന് പ്രഭാതത്തിൽ നബി(സ) പള്ളിയിൽ നിന്നും പുറത്തുവന്ന് ഞങ്ങളോട് പ്രസംഗിച്ചു. ലൈലത്തുൽ ഖദ്ർ ഞാൻ സ്വപ്നത്തിൽ കണ്ടു. പിന്നീട് ഞാനതു മറന്നുപോയി. അവസാനത്തെ പത്തിലെ ഒററയൊററ ദിവസങ്ങളിൽ നിങ്ങൾ ഇതിനെ അന്വേഷിക്കുക. കളിമണ്ണിലും വെള്ളത്തിലും ഞാൻ സുജൂദ് ചെയ്യുന്നതായും സ്വപ്നം കണ്ടു. അതിനാൽ എന്റെ കൂടെ ഇഅ്തികാഫ് ചെയ്യുന്നവരെല്ലാം പള്ളിയിലേക്ക് തന്നെ മടങ്ങട്ടെ. അപ്പോൾ ഞങ്ങൾ മടങ്ങി. ആകാശത്തിൽ ഒരു മേഘപാളി പോലുമുണ്ടായിരുന്നില്ല. പെട്ടെന്ന് ആകാശത്തിൽ കാർമേഘങ്ങൾ വന്ന് ശക്തിയായി മഴ വർഷിക്കാൻ തുടങ്ങി. മഴയുടെ ശക്തിമൂലം ഈത്തപ്പന മടലുകൊണ്ടുള്ള പള്ളിയുടെ മേൽത്തട്ട് ചോർന്നൊലിച്ചുകൊണ്ടിരുന്നു. ശേഷം നമസ്കാരത്തിന് ഇഖാമത്തു വിളിച്ചു. നബി(സ) കളിമണ്ണിലും വെള്ളത്തിലും സുജൂദ് ചെയ്യുന്നത് ഞാൻ കണ്ടു. അവിടുത്തെ തിരുനെററിയിൽ കളിമണ്ണിന്റെ അവശിഷ്ടങ്ങൾ ഞാൻ കാണുന്നതുവരെ. (ബുഖാരി. 3. 32. 235)

1440. ആയിശ(റ) നിവേദനം: നബി(സ) അരുളി: റമളാനിലെ അവസാനത്തെ പത്തിലെ ഒററ രാത്രികളിൽ നിങ്ങൾ ലൈലത്തൂൽ ഖദ്റിനെ തേടുവീൻ. (ബുഖാരി. 3. 32. 236)

1441. ആയിശ(റ) നിവേദനം: നബി(സ) അവസാനത്തെ പത്തിൽ ഇഅ്തികാഫ് ഇരിക്കാറുണ്ട്. (ബുഖാരി. 3. 32. 237)

1442. ഇബ്നുഅബ്ബാസ്(റ) നിവേദനം: നബി(സ) അരുളി: ലൈലത്തുൽ ഖദ്റിനെ നിങ്ങൾ റമളാനിലെ ഒടുവിലെ പത്തിൽ അന്വേഷിക്കുക. അതായത് ഒമ്പതു അവശേഷിക്കുമ്പോൾ, ഏഴ് അവശേഷിക്കുമ്പോൾ, അഞ്ച് അവശേഷിക്കുമ്പോൾ. (ബുഖാരി. 3. 32. 238)

1443. ഇബ്നുഅബ്ബാസ്(റ) പറയുന്നു: നബി(സ) അരുളി: ലൈലത്തുൽ ഖദ്ർ അവസാത്തെ പത്തിലാണ്. 29 ലോ അല്ലെങ്കിൽ 7 അവശേഷിക്കുന്ന സന്ദർഭത്തിലോ മറെറാരു നിവേദനത്തിൽ 24 ൽ അന്വേഷിക്കുക എന്ന് പ്രസ്താവിക്കുന്നു. (ബുഖാരി. 3. 32. 239)

1444. ആയിശ(റ) പറയുന്നു: നബി(സ) അവസാനത്തെ പത്തിൽ പ്രവേശിച്ചാൽ തന്റെ അര മുറുക്കിയുടുക്കുകയും രാത്രി ജീവിപ്പിക്കുകയും തന്റെ വീട്ടുകാരെ വിളിച്ചുണർത്തുകയും ചെയ്യാറുണ്ടായിരുന്നു. (ബുഖാരി. 3. 32. 241)

## 39. ഇഅ്ത്തികാഫ്

1445. അബ്ദുല്ല ഇബ്നുഉമർ(റ) നിവേദനം: റമളാനിലെ അവസാനത്തെ പത്തിൽ നബി(സ) ഇഅ്തികാഫ് ഇരിക്കാറുണ്ട്. (ബുഖാരി. 3. 33. 242)

1446. ആയിശ(റ) നിവേദനം: നബി(സ) മരിക്കുന്നതുവരെ റമളാനിലെ അവസാനത്തെ പത്തിൽ ഇഅ്ത്തികാഫ് ഇരിക്കാറുണ്ടായിരുന്നു. നബി(സ)യുടെ മരണശേഷം അവിടുത്തെ പത്നിമാരും ഇഅ്ത്തികാഫ് ഇരുന്നുകൊണ്ടിരുന്നു. (ബുഖാരി. 3. 33. 243)

1447. ആയിശ(റ) പറയുന്നു: നബി(സ) പള്ളിയിൽ ഇഅ്ത്തികാഫ് ഇരിക്കുമ്പോൾ തന്റെ തല എന്റെ അടുത്തേക്ക് നീട്ടിത്തരും. അപ്പോൾ ഞാൻ മുടി വാർന്നുകൊടുക്കും. നബി(സ) ഇഅ്ത്തികാഫിരിക്കുമ്പോൾ ആവശ്യത്തിന് വേണ്ടിയല്ലാതെ വീട്ടിൽ പ്രവേശിക്കാറില്ല. (ബുഖാരി. 3. 33. 246)

1448. അബ്ദുല്ല ഇബ്നുഉമർ(റ) പറയുന്നു: ഉമർ(റ) നബി(സ) യോടു ചോദിച്ചു. ഞാൻ ജാഹിലിയ്യാകാലത്തു ഒരു രാത്രി മസ്ജിദുൽ ഹറമിൽ ഇഅ്തികാഫ് ഇരിക്കുവാൻ വേണ്ടി നേർച്ചയാക്കിയിട്ടുണ്ട്. അതു ഞാൻ പൂർത്തിയാക്കേണ്ടതുണ്ടോ? നബി(സ) അരുളി: നിന്റെ നേർച്ച നീ പൂർത്തിയാക്കുക. (ബുഖാരി. 3. 33. 248)

1449. ആയിശ(റ) നിവേദനം: നബി(സ) റമളാനിലെ അവസാനത്തെ പത്തിൽ ഇഅ്തികാഫ് ഇരിക്കാറുണ്ട്. ഞാൻ നബി(സ)ക്ക് ഒരു മറ നിർമ്മിച്ചുകൊടുക്കും. സുബ്ഹ് നമസ്കരിച്ചതിനുശേഷം അവിടുന്ന് അതിൽ പ്രവേശിക്കും. അപ്പോൾ ഹഫ്സ(റ) ആയിശ(റ) യോട് അവർക്ക് വേണ്ടി ഒരു മറ നിർമ്മിക്കുവാൻ അനുവാദം ചോദിച്ചു. ആയിശ(റ) അനുവാദം നൽകുകയും ഒരു മറ നിർമ്മിക്കുകയും ചെയ്തു. സൈനബ(റ) ഇതു കണ്ടപ്പോൾ മറെറാരു മറ അവരും നിർമ്മിച്ചു. പ്രഭാതമായപ്പോൾ നബി(സ) ഈ തമ്പുകൾ കണ്ടു. അവിടുന്ന് ചോദിച്ചു. ഇതു എന്താണ്? അപ്പോൾ വിവരം നബി(സ)യോട് പറയപ്പെട്ടു. നബി(സ) വീണ്ടും ചോദിച്ചു: പുണ്യമാണോ ഇവയെക്കൊണ്ട് നിങ്ങളുദ്ദേശിക്കുന്നത്? (അതല്ല, പരസ്പരം മൽസരമോ?) നബി(സ) ആ മാസം ഇഅ്തികാഫിരിക്കുന്നതു ഉപേക്ഷിച്ചു. അവസാനം ശവ്വാലിലെ പത്തു ദിവസങ്ങളിലാണ് അവിടുന്ന് ഇഅ്തികാഫ് ഇരുന്നത്. (ബുഖാരി. 3. 33. 249)

1450. നബി പത്നി സഫിയ്യ(റ) പറയുന്നു: റമളാനിലെ അവസാനത്തെ പത്തിൽ നബി(സ) പള്ളിയിൽ ഇഅ്ത്തികാഫിരുന്നപ്പോൾ അവർ നബി(സ)യെ സന്ദർശിച്ചു. കുറെ സമയം അവർ സംസാരിച്ചശേഷം തിരിച്ചു പോന്നു. യാത്രയയക്കാൻ നബി(സ) അവരെ അനുഗമിച്ചു. ഉമ്മു സലമ(റ) യുടെ വീട്ടിനടുത്തുള്ള പള്ളിയുടെ വാതിൽക്കലെത്തിയപ്പോൾ രണ്ടു അൻസാരിക്കാർ ആ വഴി കടന്നുപോയി. അവർ നബി(സ)ക്ക് സലാം ചൊല്ലി. നബി(സ) അവരോട് പറഞ്ഞു. നിങ്ങളിവിടെ നിൽക്കുവീൻ. നിശ്ചയം ഇവൾ സഫിയ്യയാണ്. അവർ പറഞ്ഞു. സുബ്ഹാനല്ലാ! പ്രവാചകരേ! നബി(സ)യുടെ സംശയ നിവാരണം അവരെ സങ്കടപ്പെടുത്തി. നബി(സ) അരുളി: ശരീരത്തിൽ രക്തം സഞ്ചരിക്കുന്നിടങ്ങളിലെല്ലാം പിശാചും സഞ്ചരിക്കും. അവൻ നിങ്ങളിലൂടെ മനസ്സിൽ വല്ല തെററിദ്ധാരണയും ഉണ്ടാക്കിക്കളയുമോ എന്ന് ഞാൻ ഭയപ്പെട്ടു. (ബുഖാരി. 3. 33. 251)

1451. അബൂഹുറൈറ(റ) നിവേദനം: നബി(സ) എല്ലാ റമളാനിലും പത്തു ദിവസം ഇഅ്തികാഫിരിക്കാറുണ്ടായിരുന്നു. നബി(സ) മരണപ്പെട്ട വർഷമാവട്ടെ ഇരുപത് ദിവസം ഇഅ്തികാഫിരുന്നു. (ബുഖാരി. 3. 33. 260)

## 40. കച്ചവടം

1452. അബ്ദുറഹ്മാനുബ്നു ഔഫ്(റ) പറയുന്നു: ഞങ്ങൾ മദീനയിൽ വന്നപ്പോൾ എന്റെയും റബീഅ്ന്റെ പുത്രൻ സഅ്ദിന്റെയും ഇടയിൽ നബി(സ) സഹോദര്യബന്ധം സ്ഥാപിച്ചു. സഅ്ദ്(റ) പറഞ്ഞു: അൻസാരികളുടെ കൂട്ടത്തിൽ കൂടുതൽ ധനമുള്ളവനാണ് ഞാൻ. എന്റെ ധനത്തിൽ നിന്ന് പകുതി താങ്കൾക്ക് ഞാൻ ഭാഗിച്ചു തരാം. എന്റെ രണ്ടു ഭാര്യമാരിൽ ആരെയാണ് താങ്കൾക്ക് കൂടുതൽ ഇഷ്ടപ്പെട്ടതെന്ന് നോക്കുക. ഞാനവളെയും വിട്ടു തരാം. (വിവാഹമോചനം നടന്നു)അവളുടെ ഇദ്ദ കഴിഞ്ഞാൽ താങ്കൾക്കവളെ ഞാൻ വിവാഹം ചെയ്തു തരാം. അപ്പോൾ അബ്ദുറഹ്മാൻ പറഞ്ഞു. അതൊന്നും എനിക്കാവശ്യമില്ല. ഇവിടെ കച്ചവടം ചെയ്യാൻ പററുന്ന വല്ല അങ്ങാടിയുമുണ്ടോ? സഅ്ദ്(റ) പറഞ്ഞു: ഉണ്ട് ഖൈനുകാഅ് അങ്ങാടിയാണത്. അബ്ദുറഹ്മാൻ ആ മാർക്കററിലേക്ക് പ്രഭാതത്തിൽ പുറപ്പെട്ടു. കുറച്ചു പാൽക്കട്ടിയും നെയ്യുമായി വന്നു (അതു വിററു) പിന്നീടെന്നും അതു പതിവാക്കി. അധികം താമസിച്ചില്ല. ഒരിക്കൽ അബ്ദുറഹിമാൻ തന്റെ വസ്ത്രത്തിൽ മഞ്ഞ സുഗന്ധ ദ്രവ്യം പുരട്ടിവന്നു. അപ്പോൾ നബി(സ) ചോദിച്ചു. നീ വിവാഹം കഴിച്ചോ? അതെയെന്ന് അദ്ദേഹം പറഞ്ഞു. ആരെയാണ്? നബി(സ) വീണ്ടും ചോദിച്ചു. ഒരു അൻസാരി സ്ത്രീയെ എന്നദ്ദേഹം മറുപടി പറഞ്ഞു. നിങ്ങൾ അവൾക്ക് മഹ്റ് എത്ര കൊടുത്തുവെന്ന് നബി(സ) തുടർന്ന് ചോദിച്ചു. അദ്ദേഹം പറഞ്ഞു. ഒരു ഈത്തപ്പഴക്കുരുവോളം സ്വർണ്ണം. നബി(സ) അരുളി: ഒരാടിനെ അറുത്തെങ്കിലും നീ വിവാഹസദ്യ നടത്തുക. (ബുഖാരി. 3. 34. 264)

1453. നുഅ്മാനുബ്നു ബശീർ(റ) പറയുന്നു: നബി(സ) അരുളി: ഹലാൽ (അനുവദനീയം) വ്യക്തമാണ്. ഹറാം (നിഷിദ്ധം) വ്യക്തമാണ്. എന്നാൽ അവ രണ്ടിന്നുമിടയിൽ സാദൃശ്യമായ ചില സംഗതികളുണ്ട്. അപ്പോൾ പാപങ്ങളിൽ വ്യക്തമായി വേർതിരിച്ചറിയാൻ കഴിയാത്തവ ആരെങ്കിലും ഉപേക്ഷിച്ചാൽ വ്യക്തമായ പാപം തീർച്ചയായും അവൻ ഉപേക്ഷിക്കും. സംശയാസ്പദമായ പാപം ചെയ്യാൻ വല്ലവനും ധീരത കാണിച്ചാൽ അവൻ സ്പഷ്ടമായ പാപങ്ങളിൽ ചെന്നു ചാടുവാൻ സാധ്യതയുണ്ട്. പാപങ്ങൾ അല്ലാഹുവിന്റെ സംരക്ഷണ ഭൂമിയാണ്. വല്ല മൃഗത്തെയും അതിന്റെ അരികിൽ നിന്നുകൊണ്ട് പുല്ല് തീററിച്ചാൽ അതു സംരക്ഷണ ഭൂമിയിൽ കാലെടുത്തുവെച്ചേക്കാം. (ബുഖാരി. 3. 34. 267)

1454. അനസ്(റ) നിവേദനം: വീണു കിടക്കുന്ന ഒരു ഈത്തപ്പഴത്തിന്റെ അരികിലൂടെ നബി(സ) കടന്നുപോയി. അവിടുന്ന് പറഞ്ഞു. ഇതു സകാത്തിന്റെ ഇനമായിരിക്കുമോ എന്ന ഭയമില്ലാതിരുന്നെങ്കിൽ ഞാനത് ഭക്ഷിക്കുമായിരുന്നു. (ബുഖാരി. 3. 34. 271)

1455. അബ്ബാസ് ബിൻ തമീം(റ) തന്റെ പിതൃവ്യനിൽ നിന്ന് നിവേദനം: നമസ്കാരത്തിൽ വുളു മുറിഞ്ഞുവോ എന്ന് സംശയിക്കുന്നതിനെ സംബന്ധിച്ച് ഒരാൾ നബി(സ)യോട് ആവലാതിപ്പെട്ടു. നബി(സ) അരുളി: നീ നമസ്കാരം ഉപേക്ഷിക്കേണ്ടതില്ല. ശബ്ദം നീ കേൾക്കുകയോ വാസന നിനക്കനുഭവപ്പെടുകയോ ചെയ്യുന്നതുവരെ. സുഹ്‌രി പറയുന്നു: നീ വാസന ദർശിക്കുകയോ ശബ്ദം കേൾക്കുകയോ ചെയ്യാത്തപക്ഷം വുളു എടുക്കേതില്ല. (ബുഖാരി. 3. 34. 272)

1456. ആയിശ(റ) പറയുന്നു: ഒരു വിഭാഗം ജനങ്ങൾ നബി(സ)യോട് ചോദിച്ചു. പ്രവാചകരേ! ചില ആളുകൾ ഞങ്ങൾക്ക് മാംസം കൊണ്ടു വന്നു തരാറുണ്ട്. ബിസ്മി ചൊല്ലി അറുത്തതാണോ അല്ലയോ അതെന്ന് ഞങ്ങൾക്കറിയില്ല. അപ്പോൾ നബി(സ) അരുളി: നിങ്ങൾ ബിസ്മി ചൊല്ലി തിന്നുകൊള്ളുക. (ബുഖാരി. 3. 34. 273)

1457. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: മനുഷ്യർക്ക് ഒരു കാലഘട്ടം വരും. അന്ന് മനുഷ്യൻ സമ്പാദിക്കുന്ന ധനം ഹാറാമായതോ ഹലാലായതോ എന്നൊന്നും ഗൗനിക്കുകയില്ല. (ബുഖാരി. 3. 34. 275)

1458. സൈദ്ബ്നു അർകം(റ) ബറാഅ്(റ) എന്നിവർ പറയുന്നു: നബി(സ)യുടെ കാലത്ത് ഞങ്ങൾ രണ്ടു കച്ചവടക്കാരായിരുന്നു. ഒരിക്കൽ നാണയം മാററുന്നതിനെക്കുറിച്ച് ഞങ്ങൾ നബി(സ)യോട് ചോദിച്ചു. അവിടുന്ന് അരുളി: റൊക്കമായിട്ടാണെങ്കിൽ തരക്കേടില്ല. അവധിക്കാണെങ്കിൽ പാടില്ല. (ബുഖാരി. 3. 34. 276)

1459. ഉബൈദ് ബിൻ ഉമർ(റ) പറയുന്നു: ഒരിക്കൽ അബൂമൂസ(റ) ഉമർ(റ)ന്റെ വാതിൽക്കൽ ചെന്ന് അകത്ത് കടക്കാനനുവാദം ചോദിച്ചു. എന്നാൽ ഉമർ(റ) അദ്ദേഹത്തിന് അനുമതി നൽകിയില്ല. അദ്ദേഹം എന്തോ ജോലിയിൽ മുഴുകിയിരുന്നതുപോലെ തോന്നി. അബൂമൂസ തിരിച്ചു നടന്നു. അപ്പോൾ ഉമർ(റ) ജോലിയിൽ നിന്നു വിരമിച്ചു. അബുമൂസയുടെ ശബ്ദം ഞാനിപ്പോൾ കേട്ടല്ലോ? അദ്ദേഹത്തെ ഇങ്ങോട്ട് കടക്കാനനുവദിക്കുക. ഉമർ(റ) പറഞ്ഞു. അദ്ദേഹം പൊയ്ക്കഴിഞ്ഞുവെന്ന് ഒരാൾ പറഞ്ഞു. അപ്പോൾ ഉമർ(റ) അദ്ദേഹത്തെ വിളിപ്പിച്ചു. (മടങ്ങിപ്പോകാനെന്താണ് കാരണമെന്നന്വേഷിച്ചു)ഇങ്ങനെ ചെയ്യാനാണ് നബി(സ) ഞങ്ങളോട് കൽപ്പിച്ചിട്ടുള്ളത് എന്ന് അദ്ദേഹം പറഞ്ഞു. എങ്കിൽ താങ്കളെനിക്ക് തെളിവ് തരണം എന്ന് ഉമർ(റ) പറഞ്ഞു. അങ്ങനെ അദ്ദേഹം (അബൂമൂസ) അൻസാരികളുടെ സദസ്സിലേക്ക് പുറപ്പെട്ടു. ഞങ്ങളുടെ കൂട്ടത്തിൽ ഏററവും പ്രായം കുറഞ്ഞ അബൂസഈദ് പോലും താങ്കൾക്ക് ഇതിനു സാക്ഷി നിൽക്കുന്നതാണ്. എന്ന് മറുപടി പറഞ്ഞു. അങ്ങനെ അബൂസഈദിനെയുമായി അദ്ദേഹം മടങ്ങി. ഉമർ(റ) പറഞ്ഞു. കച്ചവടത്തിനുവേണ്ടി അങ്ങാടിയിൽ പോകൽ നബി(സ)യുടെ ഈ കൽപ്പന ഗ്രഹിക്കുന്നതിൽ നിന്ന് എന്നെ അശ്രദ്ധയിലാക്കി. (ബുഖാരി. 3. 34. 277)

1460. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: ഒരു സ്ത്രീ തന്റെ ഭർത്താവിന്റെ സമ്പാദ്യത്തിൽ നിന്ന് അദ്ദേഹത്തിന്റെ നിർദ്ദേശമില്ലാതെ തന്നെ ചിലവ് ചെയ്താൽ പ്രതിഫലത്തിന്റെ പകുതി അവൾക്കുണ്ട്. (ബുഖാരി. 3. 34. 280)

1461. അനസ്(റ) നിവേദനം: നബി(സ) പറയുന്നത് ഞാൻ ശ്രവിച്ചു. വല്ലവനും തന്റെ ജീവിത വിഭവങ്ങളിൽ സമൃദ്ധിയുണ്ടാകണമെന്നും സൽകീർത്തി പിൻതലമുറകളിൽ നിലനിൽക്കണമെന്നും ആഗ്രഹിക്കുന്നുവെങ്കിൽ അവൻ തന്റെ കുടുംബബന്ധം പുലർത്തട്ടെ. (ബുഖാരി. 3. 34. 281)

1462. ആയിശ(റ) നിവേദനം: നബി(സ) ഒരു ജൂതനിൽ നിന്നും അവധി നിർണ്ണയിച്ച് കുറച്ച് ഭക്ഷണം വിലക്ക് വാങ്ങി. തന്റെ പടയങ്കി അയാളുടെ അടുത്തു പണയം വെച്ചു. (ബുഖാരി. 3. 34. 282)

1463. അനസ്(റ) നിവേദനം: പഴകി അൽപം ദുർഗന്ധമുള്ള നെയ്യും ബാർലിയുടെ റൊട്ടിയും അദ്ദേഹം നബി(സ)ക്ക് കൊണ്ടു പോയിക്കൊടുത്തു. നിശ്ചയം നബി(സ) തന്റെ കവചം മദീനയിലെ ഒരു ജൂതന് പണയം വെച്ചു. അയാളിൽ നിന്നു തന്റെ കുടുംബത്തിനു കുറച്ച് ബാർലി വിലക്ക് വാങ്ങി. അനസ്(റ) പറയുന്നു: സന്ധ്യയാകുമ്പോൾ നബി(സ)യുടെ കുടുംബത്തിൽ ഒരു സാഅ് ഗോതമ്പോ മററു ധാന്യങ്ങളോ കാണുകയില്ല. അദ്ദേഹത്തിന് ഒമ്പതു ഭാര്യമാരുണ്ട് താനും. (ബുഖാരി. 3. 34. 283)

1464. ആയിശ(റ) നിവേദനം: അബൂബക്കർ സിദ്ദീഖിനെ ഖലീഫയാക്കിയപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ അധ്വാനം(തൊഴിൽ)എന്റെ കുടുംബത്തിന്റെ ചിലവിന്ന് ഒരിക്കലും മതിയാവാതെ വരികയില്ലെന്ന് എന്റെ ജനതക്കറിയാം. എങ്കിലും മുസ്ലിംകളുടെ പ്രശ്നം ഞാൻ ഏറെറടുത്തിരിക്കുന്നു. അതിനാൽ അബൂബക്കറിന്റെ കുടുംബം ഈ ധനത്തിൽ നിന്ന് നിത്യവൃത്തിക്കുള്ളതു ഭക്ഷിക്കുന്നതാണ്. മുസ്ലിംകൾക്ക് വേണ്ടി ഈ ധനത്തിൽ ഞാൻ അധ്വാനിക്കുകയും ചെയ്യും. (ബുഖാരി. 3. 34. 284)

1465. ആയിശ(റ) പറയുന്നു: നബി(സ)യുടെ അനുചരൻമാർ സ്വയം അധ്വാനിക്കുന്നവരായിരുന്നു. ഒരു തരം ദുർഗന്ധം അവരുടെ ശരീരത്തിൽ നിന്ന് വമിക്കും. അപ്പോൾ നബി(സ) പറഞ്ഞു: നിങ്ങൾ കുളിക്കുവീൻ. (ബുഖാരി. 3. 34. 285)

1466. മിഖ്ദാം(റ) പറയുന്നു: നബി(സ) അരുളി: സ്വന്തം കൈകൊണ്ട് അധ്വാനിച്ച് നേടിയതിനേക്കാൾ ഉത്തമമായ ഭക്ഷണം ഒരാളും ഭക്ഷിച്ചിട്ടില്ല. പ്രവാചകനായ ദാവൂദ് (അ) തന്റെ കൈകൊണ്ടു അധ്വാനിച്ചാണ് ഉപജീവനം കഴിച്ചിരുന്നത്. (ബുഖാരി. 3. 34. 286)

1467. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: സ്വന്തം അധ്വാനഫലമല്ലാതെ ദാവൂദ് (അ) ഭക്ഷിച്ചിരുന്നില്ല. (ബുഖാരി. 3. 34. 287)

1468. ജാബിർ(റ) നിവേദനം: നബി(സ) അരുളി: അല്ലാഹു ഒരു മനുഷ്യന് അനുഗ്രഹം ചെയ്തു. അയാൾ വിൽക്കുമ്പോഴും വാങ്ങുമ്പോഴും കിട്ടാനുള്ള കടം ചോദിക്കുമ്പോഴും വിട്ടു വീഴ്ച കാണിക്കും. (ബുഖാരി. 3. 34. 290)

1469. ഹുദൈഫ:(റ) നിവേദനം: നബി(സ) അരുളി: നിങ്ങൾക്ക് മുമ്പ് കഴിഞ്ഞ ജനതയിലൊരാളുടെ ആത്മാവിനെ മലക്കുകൾ ഏററുവാങ്ങി. അവർ പറഞ്ഞു. നീ വല്ല നന്മയും പ്രവർത്തിച്ചിട്ടുണ്ടോ? ഞെരുക്കക്കാരായ കടക്കാർക്ക് അവധി കൊടുക്കാനും പണക്കാരായ കടക്കാരോട് വിട്ടുവീഴ്ച കാണിക്കാനും ഞാനെന്റെ കാര്യസ്ഥന്മാരോട് കൽപ്പിക്കാറുണ്ടായിരുന്നുവെന്ന് അയാൾ മറുപടി പറഞ്ഞു. അതിനാൽ അല്ലാഹു അയാളുടെ പാപങ്ങൾ മാപ്പ് ചെയ്തുകൊടുത്തു. (ബുഖാരി. 3. 34. 291)

1470. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: ഒരു കച്ചവടക്കാരൻ ജനങ്ങൾക്ക് കടം കൊടുക്കാറുണ്ടായിരുന്നു. അയാൾ ഞെരുക്കക്കാരനെ കണ്ടാൽ തന്റെ കാര്യസ്ഥന്മാരോടു പറയും. നിങ്ങൾ അയാൾക്ക് വിട്ടുവീഴ്ച നൽകുവീൻ. അല്ലാഹു എനിക്കും വിട്ടുവീഴ്ച നൽകിയേക്കാം. അപ്പോൾ അല്ലാഹു അദ്ദേഹത്തിന്ന് വിട്ടുവീഴ്ച നൽകി. (ബുഖാരി. 3. 34. 292)

1471. ഹക്കീം(റ) നിവേദനം: നബി(സ) അരുളി: വാങ്ങുന്നവന്നും വിൽക്കുന്നവന്നും കച്ചവട സ്ഥലത്തു നിന്ന് വേർപിരിയും വരേക്കും ആ കച്ചവടം ദുർബ്ബലപ്പെടുത്താനവകാശമുണ്ട്. അവർ രണ്ടു പേരും യാഥാർത്ഥ്യം തുറന്ന് പറയുകയും വസ്തുതകൾ വിശദീകരിക്കുകയും ചെയ്യുന്ന പക്ഷം അവരുടെ ഇടപാടിൽ നന്മയുണ്ടാകും. ചരക്കിന്റെ കേടുപാടുകൾ മറച്ചുവെക്കുകയും കള്ളം പറയുകയും ചെയ്താലോ അവരുടെ കച്ചവടത്തിലെ ബർക്കത്തു നഷ്ടപ്പെടും. (ബുഖാരി. 3. 34. 293)

1472. അബൂസഈദ്(റ) പറയുന്നു: യുദ്ധത്തിൽ ലഭിച്ച സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ താഴ്ന്നതും മുന്തിയതും കൂട്ടിക്കലർത്തിയ ഈത്തപ്പഴം ഞങ്ങൾക്ക് ലഭിക്കാറുണ്ട്. നല്ല ഒരു സാഅ് കാരക്കക്ക് പകരം ഈ കലർത്തിയ കാരക്ക രണ്ട് സാഅ് ഞങ്ങൾ വിൽക്കാറുണ്ട്. അപ്പോൾ നബി(സ) അരുളി: രണ്ട് സാഅ് ഒരു സാഇന്നും രണ്ട് ദിർഹം ഒരു ദിർഹമിന്നും വിൽക്കാൻ പാടില്ല. (ബുഖാരി. 3. 34. 294)

1473. അബൂമസ്ഊദ്(റ) പറയുന്നു: അബൂശുഐബ് എന്ന് വിളിക്കപ്പെടുന്ന ഒരു അൻസാരി വന്ന് തന്റെ കശാപ്പ്കാരനായ അടിമയോടു പറഞ്ഞു. നീ അഞ്ച് പേർക്ക് മതിയാകുന്ന ഭക്ഷണം എനിക്ക് വേണ്ടി തയ്യാറാക്കുക. അഞ്ചിൽ ഒരുവനായിക്കൊണ്ട് നബി(സ)യെ ക്ഷണിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നു. നിശ്ചയം വിശപ്പ് ഞാൻ നബി(സ)യുടെ മുഖത്തു ദർശിക്കുകയുണ്ടായി. അങ്ങനെ അദ്ദേഹം അവരെ വിളിച്ചു. നബി(സ)യുടെ കൂടെ ക്ഷണിക്കാത്ത ഒരു മനുഷ്യനും പുറപ്പെട്ടു.

അപ്പോൾ നബി(സ) പറഞ്ഞു: ഇദ്ദേഹം ഞങ്ങളെ അനുഗമിച്ചതാണ്. താങ്കൾ ഉദ്ദേശിക്കുന്നുവെങ്കിൽ അദ്ദേഹത്തിന് സമ്മതം നൽകുക. തിരിച്ചു പോകുവാനാണ് താങ്കൾ ഉദ്ദേശിക്കുന്നതെങ്കിൽ അദ്ദേഹം തിരിച്ചുപോകും. അദ്ദേഹം പറഞ്ഞു: ഞാൻ അയാൾക്ക് അനുവാദം നൽകിയിരിക്കുന്നു. തിരിച്ചുപോകേണ്ടതില്ല. (ബുഖാരി. 3. 34. 295)

1474. ഔന് ബിൻ അബീജുഹൈഫ(റ) പറയുന്നു: എന്റെ പിതാവ് കൊമ്പ് വെക്കുന്ന ഒരടിമയെ വിലക്കു വാങ്ങി. ഇതിനെക്കുറിച്ച് ഞാൻ അദ്ദേഹത്തോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: നബി(സ) നായയുടെയും രക്തത്തിന്റെയും വില വിരോധിച്ചിരിക്കുന്നു. അവിടുന്ന് പച്ച കുത്തുന്നതും കുത്തിക്കുന്നതും പലിശ തിന്നുന്നതും പലിശ തീററിക്കുന്നതും വിരോധിച്ചിരിക്കുന്നു. അതുപോലെ രൂപങ്ങൾ നിർമ്മിക്കുന്നവനെ ശപിച്ചിരിക്കുന്നു. (ബുഖാരി. 3. 34. 299)

1475. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: കച്ചവടക്കാരന്റെ സത്യം ചെയ്യൽ ചരക്കിന്നു ചിലവുണ്ടാക്കും. പക്ഷെ ബർക്കത്തു(നന്മ)നശിപ്പിക്കും. (ബുഖാരി. 3. 34. 300)

1476. അബ്ദുറഹ്മാനുബ്നു അബീ ഔഫ(റ) നിവേദനം: ഒരു മനുഷ്യൻ തന്റെ ചരക്ക് അങ്ങാടിയിൽ പ്രദർശിപ്പിച്ച് താൻ അതിന്ന് നൽകാത്ത വില നൽകിയിട്ടുണ്ടെന്ന് അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തുകൊണ്ട് പറഞ്ഞു. മുസ്ലിംകളിൽ പെട്ട ഒരു മനുഷ്യൻ അതു സ്വീകരിക്കുവാൻ വേണ്ടി. അപ്പോൾ അല്ലാഹു അവതരിപ്പിച്ചു. (നിശ്ചയം അല്ലാഹുവിന്റെ കരാറുകളും തങ്ങളുടെ സത്യങ്ങളും തുച്ഛമായ വിലക്ക് വിൽക്കുന്നവർ. ആലു-ഇംറാൻ:77). (ബുഖാരി. 3. 34. 301)

1477. അലി(റ) നിവേദനം: ഗനീമത്തുസ്വത്തിൽ നിന്ന് പ്രായം ചെന്ന ഒരു പെൺ ഒട്ടകം ലഭിച്ചു. നബി(സ)ക്ക് അവകാശപ്പെട്ട അഞ്ചിൽ ഒന്ന്(യുദ്ധസ്വത്തിൽ) നിന്ന് എനിക്ക് അതുപോലെയുള്ള ഒരു ഒട്ടകത്തെയും നൽകി. ഫാത്തിമ(റ) യുമായി വീടു കൂടാൻ ഞാൻ ഉദ്ദേശിച്ചപ്പോൾ ബനീഗയ്നുഗാഅ് ഗ്രോത്രത്തിൽ പെട്ട ഒരു ആഭരണപ്പണിക്കാരനോട് എന്റെ കൂടെ അനുഗമിക്കുവാൻ ഞാൻ കരാർ ചെയ്തു. അങ്ങനെ ഞങ്ങൾ ഇദ്ഖർ പുല്ല് കൊണ്ടുവരികയും ഞാനത് ആഭരണപ്പണിക്കാരന് വിൽക്കുകയും കല്ല്യാണസദ്യ നൽകുവാൻ ഉദ്ദേശിക്കുകയും ചെയ്തു. (ബുഖാരി. 3. 34. 302)

1478. ഖബ്ബാബ്(റ) പറയുന്നു: അജ്ഞാന കാലത്ത് ഞാനൊരു കൊല്ലനായിരുന്നു. ആസ്വിബ്നുവാഇൽ എനിക്ക് ഒരു സംഖ്യ കടം തരാനുണ്ടായിരുന്നു. ഞാനതു ആവശ്യപ്പെട്ടുകൊണ്ട് അയാളെ സമീപിച്ചു. അയാൾ പറഞ്ഞു: നീ മുഹമ്മദിനെ നിഷേധിക്കും വരേക്കും നിന്റെ സംഖ്യ ഞാൻ തരികയില്ല. അപ്പോൾ ഞാൻ പറഞ്ഞു: അല്ലാഹു നിന്നെ മരിപ്പിച്ച് പുനർജീവിപ്പിക്കും വരേക്കും മുഹമ്മദ്(സ) നെ ഞാൻ നിഷേധിക്കുകയില്ല. അയാൾ പറഞ്ഞു. എങ്കിൽ ഞാൻ മരിച്ചു വീണ്ടും ജീവിക്കുന്നതുവരെ നീയെന്നെ വിട്ടേക്കുക. അന്നെനിക്ക് ധാരാളം ധനവും സന്താനവും കൈവരും. അപ്പോൾ നിന്റെ കടം ഞാൻ വീട്ടാം. ഈ സന്ദർഭത്തിലാണ് താഴെ പറയുന്ന സൂക്തം അവതരിപ്പിക്കപ്പെട്ടത്. നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചവനെ നീ കണ്ടുവോ? അവൻ പറയുന്നു. എനിക്ക് ധനവും സന്താനങ്ങളും ലഭിക്കുമെന്ന്. അവൻ അദൃശ്യ കാര്യങ്ങളുടെ മണ്ഡലങ്ങളിലേക്ക് തലയുയർത്തി നോക്കിയിട്ടുണ്ടോ? അല്ലെങ്കിൽ അല്ലാഹുവിങ്കൽ നിന്ന് വല്ലകരാറും അവൻ കരസ്ഥമാക്കി വെച്ചിട്ടുണ്ടോ? (19:77'78) (ബുഖാരി. 3. 34. 304)

1479. അനസ്(റ) പറയുന്നു: തീർച്ചയായും ഒരു തയ്യൽക്കാരൻ നബി(സ)യെ അയാൾ നിർമ്മിച്ച ഭക്ഷണത്തിന് ക്ഷണിച്ചു. അനസ്(റ) പറഞ്ഞു: ആ ഭക്ഷണത്തിന് ഞാനും പോയിരുന്നു. അയാൾ റൊട്ടിയും ചുരുക്കയും ഉണക്ക മാംസവും

ചേർത്തുണ്ടാക്കിയ കറിയും കൊണ്ടു വന്ന് വെച്ചു. പിഞ്ഞാണത്തിന്റെ ഭാഗങ്ങളിൽ നിന്നും നബി(സ) ചുരുക്ക പെറുക്കിയടുത്തു തിന്നുകൊണ്ടിരുന്നു. അനസ്(റ) പറയുന്നു: അന്നു മുതൽ ഞാൻ ചുരുക്ക ഇഷ്ടപ്പെടാൻ തുടങ്ങി. (ബുഖാരി. 3. 34. 305)

1480. ആയിശ(റ) നിവേദനം: നബി(സ) ഒരു ജൂതനിൽ നിന്ന് കടമായി കുറെ ഭക്ഷണം വാങ്ങുകയും തന്റെ പടയങ്കി അയാളെ ഏൽപ്പിക്കുകയും ചെയ്തു. (ബുഖാരി. 3. 34. 309)

1481. അംറ്(റ) പറയുന്നു: നവ്വാസ് എന്നു പേരുള്ള ഒരാളുടെ അടുത്ത് എത്ര വെള്ളം കുടിച്ചാലും ദാഹം തീരാത്ത ഒരു തരം രോഗം ബാധിച്ച ഒരൊട്ടകം ഉണ്ടായിരുന്നു. ഇബ്നുഉമർ(റ) ആ ഒട്ടകത്തെ അതിന്റെ ഒരു പങ്കുകാരിൽ നിന്ന് വിലക്ക് വാങ്ങി. വിൽപ്പന നടത്തിയവൻ തന്റെ പങ്കുകാരന്റെ അടുത്തുവന്നു പറഞ്ഞു. ആ ഒട്ടകത്തെ നാം വിൽപ്പന നടത്തി. നീ ആർക്കാണ് അതിനെ വിററതെന്ന് സ്നേഹിതൻ ചോദിച്ചു. ഇന്ന സ്വഭാവമുള്ള ഒരു കിഴവനെന്ന് അയാൾ മറുപടി പറഞ്ഞു. സ്നേഹിതൻ പറഞ്ഞു. നിനക്ക് നാശം. അല്ലാഹു സത്യം. അതു ഇബ്നുഉമർ(റ) ആണ്. അങ്ങനെ അദ്ദേഹം ഇബ്നു ഉമർ(റ)ന്റെ അടുത്തുവന്നു പറഞ്ഞു: ദാഹമുള്ള ഒട്ടകത്തെയാണ് എന്റെ പങ്കുകാരൻ താങ്കൾക്ക് വിററത്. അതിന്റെ രോഗത്തെക്കുറിച്ച് അയാൾ താങ്കളെ ഉണർത്തിയിട്ടില്ല. എങ്കിൽ നീയതിനെ കൊണ്ട് പോയ്ക്കൊള്ളുകയെന്ന് ഇബ്നു ഉമർ(റ) പറഞ്ഞു. അയാളതിനെ തെളിച്ചുകൊണ്ട് പോകാൻ തുടങ്ങിയപ്പോൾ ഇബ്നുഉമർ(റ) പറഞ്ഞു. അതിനെ നീ വിട്ടേക്കൂ. എല്ലാ രോഗങ്ങളും പകരുകയില്ലെന്ന നബി(സ)യുടെ വിധിയിന്മേൽ ഞങ്ങൾ തൃപ്തിപ്പെട്ടിരിക്കുന്നു. (ബുഖാരി. 3. 34. 312)

1482. അബൂമൂസ(റ) നിവേദനം: നബി(സ) അരുളി: നല്ല സ്നേഹിതന്റെയും ചീത്ത സ്നേഹിതന്റെയും ഉപമ കസ്തൂരി വിൽക്കുന്നവന്റെയും കൊല്ലന്റെ ഉല പോലെയുമാണ്. കസ്തൂരി വിൽക്കുന്നവനിൽ നിന്ന് നിന്നിലേക്ക് പകരുക ഒന്നുകിൽ നീ അതു വിലക്ക് വാങ്ങലോ അല്ലെങ്കിൽ അതിന്റെ വാസന നിനക്ക് അനുഭവപ്പെടലോ ആണ്. എന്നാൽ കൊല്ലന്റെ ഉല നിന്റെ വീട് അഗ്നിക്കിരയാക്കും. അല്ലെങ്കിൽ നിന്റെ വസ്ത്രത്തെ കരിക്കും. അല്ലെങ്കിൽ ചീത്ത വാസന നിനക്ക് അനുഭവപ്പെടും. (ബുഖാരി. 3. 34. 314)

1483. ആയിശ(റ) നിവേദനം: അവർ ചിത്രങ്ങളുള്ള ഒരു കുഷ്യൻ വിലക്ക് വാങ്ങി. നബി(സ) അതു കണ്ടപ്പോൾ അകത്തു പ്രവേശിക്കാതെ വാതിൽക്കൽ തന്നെ നിന്നു. നബി(സ)യുടെ മുഖത്ത് വെറുപ്പ് ഞാൻ മനസ്സിലാക്കി. ഞാൻ പറഞ്ഞു: പ്രവാചകരേ! ഞാൻ ഇതാ അല്ലാഹുവിങ്കലേക്കും അവന്റെ ദൂതനിലേക്കും പശ്ചാത്തപിച്ചു മടങ്ങുന്നു. ഞാനെന്തു തെററാണ് ചെയ്തത്? നബി(സ) ചോദിച്ചു: എന്താണീ കുഷ്യന്റെ സ്ഥിതി? ഞാൻ പറഞ്ഞു. അങ്ങേക്കിരിക്കാനും തലക്ക് വെക്കാനും വേണ്ടി ഞാൻ വാങ്ങിയതാണ്. അപ്പോൾ നബി(സ) അരുളി: ഈ രൂപങ്ങളുണ്ടാക്കിയവർ പരലോകത്ത് വെച്ച് ശിക്ഷിക്കപ്പെടും. നിങ്ങൾ സൃഷ്ടിച്ചതിനെ ജീവിപ്പിക്കുവീൻ എന്നവരോട് വിളിച്ചു പറയും. രൂപങ്ങളുള്ള വീട്ടിൽ (നന്മയുടെ മലക്കുകൾ പ്രവേശിക്കുകയില്ല). (ബുഖാരി. 3. 34. 318)

1484. ഇബ്നുഉമർ(റ) നിവേദനം: നബി(സ) അരുളി: സദസ്സിൽ നിന്ന് വേർപിരിയുന്നതുവരെ കച്ചവടത്തിൽ നിന്ന് പിൻമാറുവാൻ വിൽപ്പനക്കാരനും വാങ്ങുന്നവനും സ്വാതന്ത്ര്യമുണ്ട്. അല്ലെങ്കിൽ വിൽപ്പന സമയത്ത് തന്നെ പിൻമാറാൻ സ്വാതന്ത്ര്യമുണ്ടെന്ന് വ്യവസ്ഥ വെക്കുന്ന കച്ചവടത്തിൽ നിന്നും ഇബ്നു ഉമർ(റ) തനിക്ക് തൃപ്തികരമായ എന്തെങ്കിലും വിലക്ക് വാങ്ങിയാൽ വിൽപ്പനക്കാരനിൽ നിന്നും വേഗത്തിൽ വേർപിരിയും. (ബുഖാരി. 3. 34. 320)

1485. ഇബ്നുഉമർ(റ) പറയുന്നു: ഒരാൾ നബി(സ)യുടെ അടുത്തുവന്ന് ആളുകൾ കച്ചവടത്തിൽ തന്നെ വഞ്ചിച്ചു കളയുന്നുവെന്ന് ആവലാതിപ്പെട്ടു. അപ്പോൾ നബി(സ) പറഞ്ഞു. നീ കച്ചവടം ചെയ്യുമ്പോൾ (വാങ്ങുന്നവനോട്) ചതിയൊന്നും ഉണ്ടാക്കരുത് എന്നു പറയുക. (ബുഖാരി. 3. 34. 328)

1486. ആയിശ(റ) നിവേദനം: നബി(സ) അരുളി: ഒരു സൈന്യം കഅബയെ ആക്രമിക്കും. അവർ ബൈദാഅ് എന്ന സ്ഥലത്തെത്തിയാൽ ആ സമൂഹം ഒന്നടങ്കം ഭൂമിയിലാണ്ടു പോകും. ആയിശ(റ) പറഞ്ഞു. പ്രവാചകരേ! സമൂഹം ആദ്യം മുതൽ അവസാനം വരെ (ഒന്നടങ്കം)എങ്ങിനെയാണ് ഭൂമിയിലാണ്ടു പോകുക? അവരിൽ കച്ചവടക്കാരും നിരപരാധികളും എല്ലാമുണ്ടാവില്ലേ? നബി(സ) ആവർത്തിച്ചു. അതെ അവർ ഒന്നടങ്കം ഭൂമിയിലാണ്ടു പോകും. ശേഷം അവരുടെ ഉദ്ദേശമനുസരിച്ച് ഉയിർത്തെഴുന്നേൽപ്പിക്കും. (ബുഖാരി. 3. 34. 329)

1487. അനസ്(റ) നിവേദനം: നബി(സ) ഒരിക്കൽ അങ്ങാടിയിൽ നിൽക്കുകയായിരുന്നു. പിന്നിൽ നിന്ന് ഒരാൾ അബുൽ കാസിം എന്ന് വിളിച്ചു. നബി(സ) അയാളുടെ നേരെ തിരിഞ്ഞു നോക്കി. അപ്പോൾ അയാൾ പറഞ്ഞു. ഞാൻ ഇന്നയാളിനെയാണ് വിളിച്ചത്. താങ്കളെയല്ല. നബി(സ) അരുളി: നിങ്ങൾ എന്റെ പേര് ഇട്ടു കൊള്ളുവീൻ. എന്നാൽ എന്റെ വിളിക്കുന്ന പേര് നിങ്ങൾ ഇടരുത്. (ബുഖാരി. 3. 34. 331)

1488. അബൂഹുറൈറ(റ) നിവേദനം: നബി(സ) ഒരു ദിവസം പകലിന്റെ ഒരു ഭാഗത്ത്(അങ്ങാടിയിലേക്ക്)പുറപ്പെട്ടു. ഞാനും നബി(സ) യോടൊപ്പമുണ്ടായിരുന്നു. നബി(സ) എന്നോടും ഞാൻ നബി(സ) യോടും ഒന്നും സംസാരിച്ചിരുന്നില്ല. അങ്ങിനെ ഞങ്ങൾ കൈനുകാഅ് അങ്ങാടിയിൽ എത്തി. (അവിടെ നിന്ന് മടങ്ങി) ഫാത്വിമ(റ) യുടെ വീട്ടിൽ ചെന്നു. അവരുടെ മുററത്തിരുന്നു. ആ കൊച്ച് ഇവിടെയില്ലേ? ആ കൊച്ച് ഇവിടെയില്ലേ? എന്ന് നബി(സ) വിളിച്ചു ചോദിച്ചു. (തന്റെ പൗത്രൻ ഹസ്സൻ(റ) നെ ഉദ്ദേശിച്ചാണ് നബി(സ) ആ കൊച്ച് എന്ന് പറഞ്ഞത്). (ബുഖാരി. 3. 34. 333)

1489. ഇബ്നുഉമർ(റ) നിവേദനം: നബി(സ)യുടെ കാലത്തു ചരക്കുമായി വരുന്ന യാത്രക്കാരിൽ നിന്നും ജനങ്ങൾ ആഹാരസാധനങ്ങൾ വാങ്ങാറുണ്ടായിരുന്നു. ആഹാര സാധനങ്ങൾ വാങ്ങിയ സ്ഥലത്തു നിന്നും അവ വിൽക്കുവാനുള്ള(അങ്ങാടിയിലെ)സ്ഥലത്തേക്ക് മാററിയ ശേഷമല്ലാതെ വീണ്ടും കച്ചവടം ചെയ്യുന്നത് നിരോധിച്ചുകൊണ്ട് നബി(സ) ആളെ അയ്ക്കാറുണ്ടായിരുന്നു. ഇബ്നു ഉമർ(റ) നിവേദനം: നബി(സ) ആഹാര സാധനം വാങ്ങിയാൽ അതു ഏററെടുത്ത ശേഷമല്ലാതെ വീണ്ടും വിൽക്കുന്നത് വിരോധിച്ചിരിക്കുന്നു. (ബുഖാരി. 3. 34. 334)

1490. അംറ്ബ്നുൽ ആസ്വി(റ) മകൻ അബ്ദുല്ല(റ) നിവേദനം: അത്വാഅ്(റ) അദ്ദേഹത്തോട് തൗറാത്തിൽ നബി(സ)യെക്കുറിച്ച് വല്ലതും പറഞ്ഞിട്ടുണ്ടോ എന്ന് ചോദിച്ചു. ഉണ്ടെങ്കിൽ അത് എന്നോട് പറയുക. അദ്ദേഹം പറഞ്ഞു. അതെ! അല്ലാഹു സത്യം. നബി(സ)യെ ഖുർആനിൽ വിശേഷിപ്പിച്ചു ഗുണങ്ങളിൽ ചിലതു തൗറാത്തിലും പ്രസ്താവിച്ചിട്ടുണ്ട്. അല്ലയോ പ്രവാചകരേ! സത്യദീനിന്ന് സാക്ഷിയായും സത്യവിശ്വാസികൾക്ക് സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീതുകാരനായും അക്ഷരജ്ഞാനമില്ലാത്ത അറബികൾക്ക് ഒരു രക്ഷാ സാങ്കേതമായുമാണ് താങ്കളെ നാം നിയോഗിച്ചിരിക്കുന്നത്. താങ്കൾ എന്റെ അടിമയും ദൂതനുമാണ്. മുതവക്കിൽ എന്നാണ് നിനക്ക് നാം നൽകിയ പേര്. താങ്കൾ ഒരു ദു: സ്വഭാവിയോ കഠിനഹൃദയനോ അല്ല. അങ്ങാടിയിലിരുന്ന് ബഹളമുണ്ടാക്കുന്നവനുമല്ല. തിന്മയെ താങ്കൾ തിന്മകൊണ്ട് തടുക്കുകയില്ല. എന്നാൽ വീട്ടുവീഴ്ചയും മാപ്പും ചെയ്യും. വക്രമായ മതത്തെ ചൊവ്വായ

നിലയിലാക്കിത്തീർക്കും വരേക്കും അല്ലാഹു അദ്ദേഹത്തെ മരിപ്പിക്കുകയില്ല. അല്ലാഹുവല്ലാതെ മറ്റൊരു ഇലാഹില്ലെന്ന് അവർ പറയുന്നതുകൊണ്ട് അതുവഴി അന്ധത ബാധിച്ച കണ്ണുകളും ബധിരത ബാധിച്ച കാതുകളും മൂടിവെച്ച മനസ്സുകളും തുറക്കും. (ബുഖാരി. 3. 34. 335)

1491. ജാബിർ(റ) പറയുന്നു: അബ്ദുല്ലാഹിബ്നു അംറ്(റ) (അതായത് എന്റെ പിതാവ്) മരിക്കുമ്പോൾ അദ്ദേഹത്തിന് കുറെ കടങ്ങൾ ഉണ്ടായിരുന്നു. കടങ്ങൾ വിട്ട് കൊടുക്കാൻ അദ്ദേഹത്തിന്റെ കടക്കാരെ ഉപദേശിക്കുവാനായി ഞാൻ നബി(സ)യെ സഹായമെടുത്തു. നബി(സ) അപ്രകാരം അവരോടാവശ്യപ്പെട്ടു. എന്നാൽ അവർ അപ്രകാരം പ്രവർത്തിച്ചില്ല. നബി(സ) എന്നോട് പറഞ്ഞു: നീ പോയി നിന്റെ ഈത്തപ്പഴങ്ങളൊക്കെ ഇനം തിരിച്ച് വെക്കുക. അജ്‌വത്ത് വേറെ ഇനമായും അദ്ഖുബ്നുസൈദ് വേറെ ഇനമായും വെക്കുക. ശേഷം എന്റെയടുത്തേക്ക് ആളെ അയക്കുക. ഞാൻ അപ്രകാരം ചെയ്തു. നബി(സ)യുടെ അടുത്തേക്ക് ആളയച്ചു. നബി(സ) വന്നു. ഈത്തപ്പഴ കൂമ്പാരത്തിൽ മീതെ ഇരുന്നിട്ടു അരുളി: കടക്കാർക്ക് നീ അളന്നു കൊടുക്കൂ. ഞാനവർക്ക് കണക്ക് തീർത്തു അളന്നു കൊടുത്തു. എന്നിട്ടും എന്റെ കാരക്ക ഒട്ടും കുറയാതെ അവശേഷിച്ചു. (ബുഖാരി. 3. 34. 337)

1492. മിഖ്ദാം(റ) നിവേദനം: നബി(സ) അരുളി: നിങ്ങളുടെ ഭക്ഷണസാധനങ്ങൾ അളന്നു കൊടുക്കുവീൻ. എങ്കിൽ അതിൽ നിങ്ങൾക്ക് നന്മയുണ്ടാകും. (ബുഖാരി. 3. 34. 338)

1493. അബ്ദുല്ലാഹിബ്നു സൈദ്(റ) നിവേദനം: ഇബ്രാഹിം മക്കയെ ഹറം ആയി നിശ്ചയിക്കുകയും അതിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. അതുപോലെ ഞാൻ മദീനായെ ഹറം ആക്കി നിശ്ചയിക്കുകയും അതിന്റെ അളവ് പാത്രങ്ങളായ മുദ്ദിലും സാഇലും അനുഗ്രഹം ചൊരിയേണമേ എന്ന് പ്രാർത്ഥിക്കുകയും ചെയ്തു. (ബുഖാരി. 3. 34. 339)

1494. ഇബ്നുഅബ്ബാസ്(റ) നിവേദനം: ആഹാരസാധനം കച്ചവടം ചെയ്തിട്ട് ഏററ് വാങ്ങും മുമ്പ് വീണ്ടും വിൽപ്പന നടത്തുന്നത് നബി(സ) വിരോധിച്ചിരിക്കുന്നു. ഞാൻ(ത്വാവൂദ്)ചോദിച്ചു. അതെങ്ങിനെയാണ്? ഇബ്നു അബ്ബാസ്(റ) പറഞ്ഞു: അതു യാഥാർത്ഥ്യത്തിൽ ദിർഹമിന് പകരണം ദിർഹം കൈമാറലാണ്. കാരണം ചരക്ക് പിന്നീടേ കൊടുക്കുന്നുള്ളൂ. (ബുഖാരി. 3. 34. 342)

1495. ഉമർ(റ) നിവേദനം: നബി(സ) അരുളി: സ്വർണ്ണം നൽകി സ്വർണ്ണം കൈമാറുന്നത് പലിശയാണ്. എന്നാൽ റൊക്കമായിട്ടാണെങ്കിൽ വിരോധമില്ല. ഗോതമ്പ് കൊടുത്ത് ഗോതമ്പ് കൈമാറുന്നതു പലിശയാണ്. എന്നാൽ റൊക്കമാണെങ്കിൽ വിരോധമില്ല. ഈത്തപ്പഴം കൊടുത്തു ഈത്തപ്പഴം കൈമാറുന്നത് പലിശയാണ്. പക്ഷെ, റൊക്കമാണെങ്കിൽ വിരോധമില്ല. ബാർലി കൊടുത്തു ബാർലി വാങ്ങുന്നതു പലിശയാണ്. റൊക്കമാണെങ്കിൽ വിരോധമില്ല. (ബുഖാരി. 3. 34. 344)

1496. ഇബ്നുഉമർ(റ) നിവേദനം: ഭക്ഷണസാധനങ്ങൾ മതിച്ചു വാങ്ങുകയും അവ വ്യാപാരകേന്ദ്രത്തിലെത്തിക്കും മുമ്പ് വിൽപന നടത്തുകയും ചെയ്തവരെ അടിക്കുന്നത് നബി(സ)യുടെ കാലത്ത് ഞാൻ കണ്ടിട്ടുണ്ട്. (ബുഖാരി. 3. 34. 347)

1497. ആയിശ(റ) പറയുന്നു: പകലിന്റെ ഏതെങ്കിലും ഒരു അററത്ത് നബി(സ) അബൂബക്കറിന്റെ വീട്ടിൽ കയറി വരാത്ത ദിവസവും ഉണ്ടായിരുന്നില്ല. ഹിജ്റ പോകുവാനുള്ള അനുവാദം നബി(സ)ക്ക് ലഭിച്ചപ്പോൾ ഉച്ച സമയത്തു നബി(സ) ഞങ്ങളുടെ വീട്ടിൽ കയറി വന്നത് ഞങ്ങളെ ഭയപ്പെടുത്തി. അബൂബക്കർ നബി(സ)യുടെ വരവ് അറിഞ്ഞപ്പോൾ ഇപ്രകാരം പറഞ്ഞു: എന്തോ പുതിയ പ്രശ്നം സംഭവിച്ചതുകൊണ്ടാണ് നബി(സ) ഈ സമയത്തു നമ്മുടെ അടുത്തു വന്നിട്ടുള്ളത്.

അങ്ങനെ നബി(സ) പ്രവേശിച്ചുകൊണ്ട് അബൂബക്കറിനോട് പറഞ്ഞു: നിന്റെ അടുത്തു ഉള്ളവരെ പുറത്താക്കുക. പ്രവാചകരേ! എന്റെ രണ്ടു പെൺകുട്ടികളായ ആയിശ(റ)യും അസ്മാഅ്(റ)യും മാത്രമാണ് ഇവിടെയുള്ളതെന്ന് അബൂബക്കർ(റ) മറുപടി പറഞ്ഞു. നബി(സ) പറഞ്ഞു. എനിക്ക് ഹിജ്റ പുറപ്പെടാൻ അനുവാദം ലഭിച്ചതു നീ അറിഞ്ഞില്ലേ? പ്രവാചകരേ! ഞാൻ അനുഗമിക്കേണ്ടതുണ്ടോ? എന്ന് അദ്ദേഹം ചോദിച്ചു. അതെയെന്ന് നബി(സ) പ്രത്യുത്തരം നൽകി. അബൂബക്കർ പറഞ്ഞു. പ്രവാചകരേ! എന്റെ അടുത്തു രണ്ടു ഒട്ടകങ്ങളുണ്ട്. ഹിജ്റക്ക് വേണ്ടി ഞാനതു തയ്യാറാക്കിയതാണ്. അതിൽ ഒന്ന് താങ്കൾ സ്വീകരിച്ചാലും. നബി(സ) പറഞ്ഞു. ഞാനതു വിലക്ക് വാങ്ങിയിരിക്കുന്നു. (ബുഖാരി. 3. 34. 348)

1498. ഇബ്നുഉമർ(റ) നിവേദനം: നബി(സ) അരുളി: നിങ്ങളിൽ ചിലർ തന്റെ സ്നേഹിതന്റെ കച്ചവടത്തിൽ കച്ചവടം ചെയ്യരുത്. (ബുഖാരി. 3. 34. 349)

1499. അബൂഹുറൈറ(റ) നിവേദനം: ചരക്കുമായി വരുന്ന ഗ്രാമവാസികൾക്ക് വേണ്ടി പട്ടണവാസി വിൽപ്പന നടത്തുന്നത് നബി വിരോധിച്ചിരിക്കുന്നു. (വാങ്ങാനുദ്ദേശമില്ലാതെ മററുള്ളവരെ വഞ്ചിക്കാനായി)ചരക്കിന് വില ഏററിപ്പറയുകയോ തന്റെ സഹോദരൻ കച്ചവടം ചെയ്തു കഴിഞ്ഞ ചരക്ക് വീണ്ടും കച്ചവടം ചെയ്യാൻ ശ്രമിക്കുകയോ തന്റെ സഹോദരൻ വിവാഹാലോചന നടത്തിക്കൊണ്ടിരിക്കുന്ന സ്ത്രീയെ വിവാഹം ചെയ്യാൻ ആലോചന നടത്തുകയോ ചെയ്യരുത്. തന്റെ സഹോദരിക്ക് കിട്ടിക്കൊണ്ടിരിക്കുന്ന അവകാശാനുകൂല്യങ്ങൾ നഷ്ടപ്പെടുത്തിക്കളയാൻ വേണ്ടി ഒരു സ്ത്രീ അവളുടെ വിവാഹമോചനത്തിന് ആവശ്യപ്പെടുകയുമരുത്. (ബുഖാരി. 3. 34. 350)

1500. ഇബ്നു ഉമർ(റ) പറയുന്നു: ചരക്കിന് വില കൂടുതൽ വാങ്ങുന്നതിനെ (കൊള്ളലാഭത്തെ) നബി(സ) വിരോധിച്ചിരിക്കുന്നു. (ബുഖാരി. 3. 34. 352)

1501. ഇബ്നുഉമർ(റ) നിവേദനം: നിശ്ചയം നബി(സ) ഒരു മൃഗത്തിന്റെ ഗർഭത്തിലുള്ള കുട്ടിയെ വിൽക്കുന്നത് വിരോധിച്ചിരിക്കുന്നു. ഇതു അജ്ഞാന കാലത്തെ കച്ചവടമായിരുന്നു. ഒരു ഒട്ടകത്തെ അതു പ്രസവിച്ചുണ്ടാകുന്ന കുഞ്ഞു വീണ്ടും പ്രസവിക്കുമ്പോൾ വില തരാമെന്ന നിബന്ധനയോടെയായിരുന്നു അവർ കച്ചവടം നടത്തിയിരുന്നത്. (ബുഖാരി. 3. 34. 353)

1502. അബൂസഈദ്(റ) പറയുന്നു: നബി(സ) മുനാബദത്തു കച്ചവടം വിരോധിച്ചിരിക്കുന്നു. വസ്ത്രം മറിച്ചു നോക്കുന്നതിന് മുമ്പായി എറിഞ്ഞു കൊടുക്കലാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. മൂലാമസത്തു കച്ചവടവും നബി(സ) നിരോധിച്ചിരിക്കുന്നു. വസ്ത്രത്തിലേക്ക് നോക്കാതെ സ്പർശിച്ച് കൊണ്ട് മാത്രം നടത്തുന്ന കച്ചവടമാണിത്. (ബുഖാരി. 3. 34. 354)

1503. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: നിങ്ങൾ ഒട്ടകത്തിന്റെയും ആടുകളുടെയും അകിട് കറക്കാതെ പാൽ കെട്ടി നിറുത്തരുത്. വല്ലവനും കറക്കാതെ പാൽ കെട്ടി നിറുത്തി മൃഗത്തെ വാങ്ങിയാൽ കറന്നു നോക്കിയിട്ട് തൃപ്തിയായെങ്കിൽ മാത്രം സ്വീകരിച്ചാൽ മതി. തൃപ്തിയായില്ലെങ്കിൽ തന്നെ പാലിന് പകരം ഒരു സാഅ് കാരക്കയോട് കൂടി ആടിനെ തിരിച്ചു കൊടുക്കണം. (ബുഖാരി. 3. 34. 358)

1504. ഇബ്നുമസ്ഊദ്(റ) നിവേദനം: നബി(സ) അരുളി: അകിട് കെട്ടിയ ആടിനെ ആരെങ്കിലും വിലക്ക് വാങ്ങിയാൽ അതിനെ അവർ തിരിച്ചു കൊടുക്കട്ടെ. അതിന്റെ കൂടെ ഒരു സ്വാഅ് ഈത്തപ്പഴവും. നബി(സ) ചരക്കുകൾ വഴിയിൽ വെച്ച് കണ്ടുമുട്ടുന്നതും വിരോധിച്ചിരിക്കുന്നു. (ബുഖാരി. 3. 34. 359)

1505. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: അടിമപ്പെണ്ണ് വ്യഭിചരിക്കുകയും അതു വ്യക്തമാക്കുകയും ചെയ്താൽ അവളെ ചമ്മട്ടി കൊണ്ടടിക്കുക.

ആക്ഷേപിക്കരുത്. വീണ്ടും അവൾ വ്യഭിചരിച്ചാൽ അപ്പോഴും അവളെ ചമ്മട്ടി കൊണ്ടടിക്കുക. അവളെ ആക്ഷേപിക്കരുത്. മൂന്നാമതും വ്യഭിചരിച്ചാൽ കിട്ടിയ വിലക്ക് അവളെ വിററുകളയുക. രോമത്തിന്റെ ഒരു കയറിനാണെങ്കിലും. (ബുഖാരി. 3. 34. 362)

1506. അബൂഹുറൈറ(റ)യും സൈദ്ബ്നു ഖാലിദും(റ) നിവേദനം: വിവാഹം ചെയ്യാത്ത അടിമസ്ത്രീ വ്യഭിചരിച്ചാൽ അവളെ എന്തുചെയ്യണമെന്ന് നബി(സ)യോട് ചോദിക്കപ്പെട്ടു. നബി(സ) പറഞ്ഞു: നിങ്ങൾ അവളെ ചമ്മട്ടികൊണ്ടടിക്കുക. വീണ്ടും അവൾ വ്യഭിചരിക്കുകയാണെങ്കിൽ ഒരു രോമത്തിന്റെ കയറിനെങ്കിലും അവളെ വിൽക്കുക. (ബുഖാരി. 3. 34. 363)

1507. ഇബ്നു അബ്ബാസ്(റ) നിവേദനം: ചരക്ക് അങ്ങാടിയിലേക്ക് കൊണ്ടുവരുന്നവരിൽ നിന്നും ഇടക്ക് വെച്ച് ചരക്ക് വാങ്ങരുതെന്നും ഗ്രാമീണന് വേണ്ടി അവന്റെ ചരക്ക് പട്ടണവാസി വിൽപ്പന നടത്തരുതെന്നും നബി(സ) അരുളിയിരിക്കുന്നു. അപ്പോൾ ഞാൻ(ത്വാവൂസ്) ഇബ്നുഅബ്ബാസിനോട് ചോദിച്ചു. ഗ്രാമീണനുവേണ്ടി ചരക്ക് പട്ടണവാസി വിൽപ്പന നടത്തരുതെന്നും പറഞ്ഞതുകൊണ്ടുള്ള ഉദ്ദേശ്യമെന്താണ്? ഇബ്നുഅബ്ബാസ്(റ) പറഞ്ഞു: അവനുവേണ്ടി ദല്ലാലിയായി നിൽക്കരുതെന്ന് വിവക്ഷ. (ബുഖാരി. 3. 34. 367)

1508. അനസ്(റ) നിവേദനം: പട്ടണവാസി ഗ്രാമീണന് വേണ്ടി വിൽപ്പന നടത്തുന്നതിനെ ഞങ്ങളോട് വിരോധിക്കപ്പെട്ടിട്ടുണ്ട്. (ബുഖാരി. 3. 34. 370)

1509. ഇബ്നുഉമർ(റ) നിവേദനം: നബി(സ) അരുളി: മററു ചിലർ കച്ചവടം ചെയ്തുകഴിഞ്ഞ ചരക്ക് വീണ്ടും നിങ്ങൾ കച്ചവടം ചെയ്യരുത്. ചരക്ക് അങ്ങാടിയിലെത്തും മുമ്പ് ഇടക്ക് വെച്ച് കച്ചവടം നിങ്ങൾ ചെയ്യരുത്. (ബുഖാരി. 2165)

1510. ഇബ്നുഉമർ(റ) നിവേദനം: ഞങ്ങൾ ചരക്കുമായി വരുന്നവരെ ഇടക്ക് വെച്ച് അഭിമുഖീകരിച്ച് അവരിൽ നിന്ന് ഭക്ഷണസാധനങ്ങൾ വാങ്ങാറുണ്ട്. നബി(സ) ചരക്ക് അങ്ങാടിയിൽ ഇറക്കുന്നതുവരെ ഈ കച്ചവടത്തെ ഞങ്ങളോട് വിരോധിച്ചു. (ബുഖാരി. 3. 34. 374)

1511. ഇബ്നുഉമർ(റ) അവർ ഭക്ഷണസാധനങ്ങൾ ഉൽപാദിപ്പിക്കപ്പെടുന്ന അങ്ങാടിയുടെ മുകൾ ഭാഗത്ത് വെച്ച് ചരക്കുകൾ വാങ്ങാറുണ്ട്. ഇതു നബി(സ) അറിഞ്ഞപ്പോൾ ചരക്ക് അവിടെ നിന്ന് നീക്കപ്പെടുന്നതിന് മുമ്പ് കച്ചവടം ചെയ്യുന്നതു വിരോധിച്ചു. (ബുഖാരി. 3. 34. 375)

1512. ഇബ്നുഉമർ(റ) നിവേദനം: നബി(സ) മുസാബനത്ത് കച്ചവടം നിരോധിച്ചിരിക്കുന്നു. മുസാബനത്ത് എന്നാൽ ഉണങ്ങിയ ഈത്തപ്പഴത്തിന് പകരം ഉണങ്ങാത്ത ഈത്തപ്പഴം അളന്ന് കൈമാറലും ഉണങ്ങിയ മുന്തിരിക്ക് പകരം പച്ച മുന്തിരി അളന്നു കൈമാറലുമാണ്. (ബുഖാരി. 3. 34. 380)

1513. അബൂബുക്കറത്തു(റ) നിവേദനം: നബി(സ) അരുളി: നിങ്ങൾ സ്വർണ്ണം കൊടുത്തു സ്വർണ്ണവും വെള്ളി കൊടുത്തു വെള്ളിയും കൈമാററരുത്. തുല്യ തൂക്കത്തിലാണെങ്കിൽ വിരോധമില്ല. എന്നാൽ സ്വർണ്ണം കൊടുത്തു വെള്ളിയും വെള്ളി കൊടുത്തു സ്വർണ്ണവും നിങ്ങൾക്കിഷ്ടം പോലെ കൈമാറാം. (ബുഖാരി. 3. 34. 383)

1514. ബറാഅ്(റ) സൈദ്ബ്നു അർകം(റ) എന്നിവരോട് നാണയ വിനിമയത്തെക്കുറിച്ച് മിൻഹാൽ(റ) ചോദിച്ചു. അപ്പോൾ ഇദ്ദേഹത്തിനാണ് എന്നേക്കാൾ കൂടുതൽ ജ്ഞാനമെന്ന് രണ്ടാളും ചൂണ്ടിക്കാട്ടി. രണ്ടുപേരും പറഞ്ഞു: സ്വർണ്ണം വെള്ളിക്ക് പകരം കടമായി വിൽക്കുന്നതു നബി(സ) വിരോധിച്ചിട്ടുണ്ട്. (ബുഖാരി. 3. 34. 387)

1515. ഇബ്നു ഉമർ(റ) പറയുന്നു: നബി(സ) അരുളി: പഴങ്ങൾ അതിന്റെ കേടുപാടുകളുടെ ഘട്ടങ്ങൾ കഴിഞ്ഞു അവയുടെ ഗുണങ്ങൾ പ്രത്യക്ഷപ്പെടും വരേക്കും അവയെ നിങ്ങൾ വിൽക്കരുത്. ഉണങ്ങാത്ത ഈത്തപ്പഴത്തിന്ന് ഉണങ്ങിയ ഈത്തപ്പഴം നിങ്ങൾ വിൽക്കരുത്. (ബുഖാരി. 3. 34. 389)

1516. അബൂസഈദ്(റ) നിവേദനം: നബി(സ) മുസാബനത്തു കച്ചവടം വിരോധിച്ചിരിക്കുന്നു. അതുപോലെ ഭൂമി പാട്ടത്തിന് നൽകലും വിരോധിച്ചിട്ടുണ്ട്. (ബുഖാരി. 3. 34. 391)

1517. ഇബ്നു അബ്ബാസ്(റ) പറയുന്നു: നബി(സ) ഭൂമി പാട്ടത്തിന് നൽകലും മുസാബനത്തും വിരോധിച്ചിരിക്കുന്നു. (ബുഖാരി. 3. 34. 392)

1518. സൈദ്ബ്നു സാബിത്(റ) പറയുന്നു: നബി(സ)യുടെ കാലത്ത് ജനങ്ങൾ (വൃക്ഷങ്ങളിന്മേൽ നിൽക്കുന്ന)ഫലങ്ങൾ വിൽക്കാറുണ്ടായിരുന്നു. വിലക്ക് വാങ്ങിയ ആളുകൾ പഴം പറിക്കാൻ ആരംഭിക്കുകയും തോട്ടങ്ങളുടെ ഉടമസ്ഥൻ പണം ആവശ്യപ്പെട്ടു വരികയും ചെയ്യുമ്പോൾ തോട്ടത്തിലെ ഫലങ്ങൾക്ക് രോഗം പിടികൂടി. അതിനെ ഇന്ന രോഗം ബാധിച്ചു. ആ രോഗം ബാധിച്ചു – കാലക്കേട് ബാധിച്ചു. എന്നെല്ലാം പറയാൻ തുടങ്ങും. അതെല്ലാം തെളിവാക്കി വഴക്ക് കൂടാനാരംഭിക്കും. അങ്ങനെ നബി(സ)യുടെ അടുത്ത് ആവലാതികൾ വളരെയെണ്ണം വരാൻ തുടങ്ങിയപ്പോൾ ഒരുപദേശമെന്ന നിലക്ക് നബി(സ) അരുളി: ഈ വഴക്ക് നിങ്ങൾക്ക് അവസാനിപ്പിക്കുവാൻ സാധ്യമല്ലെങ്കിൽ ഫലങ്ങൾ അവയുടെ ഗുണങ്ങൾ ശരിക്ക് പ്രത്യക്ഷപ്പെടുംവരേക്കും നിങ്ങൾ ക്രയവിക്രയം നടത്തരുത്. സൈദ്(റ) സുറൈയ്യാ നക്ഷത്രം ഉദിച്ചുയരുന്നത് വരെ തന്റെ ഭൂമിയിലെ ഫലങ്ങൾ വിൽക്കാറില്ല. അങ്ങനെ മഞ്ഞ ചുവപ്പിൽ നിന്ന് വ്യക്തമാക്കും. (ബുഖാരി. 3. 34. 397)

1519. അനസ്(റ) നിവേദനം: പഴങ്ങൾ ചുവപ്പ് നിറം പ്രാപിക്കും മുമ്പ് അവയെ വിൽപ്പന നടത്തുന്നതിന് നബി(സ) വിരോധിച്ചിരിക്കുന്നു. അവിടുന്ന് ചോദിച്ചു. നിങ്ങൾ ഒന്നു ചിന്തിച്ചുനോക്കൂ. അല്ലാഹു ആ തോട്ടത്തിലെ ഫലം തടഞ്ഞുവെച്ചു. എങ്കിൽ എന്തു ന്യായത്തിന്മേലാണ് സ്വസഹോദരന്റെ പക്കൽ നിന്ന് നിങ്ങൾ വില വസൂലാക്കുക?(ബുഖാരി. 3. 34. 403)

1520. ഇബ്നു ഉമർ(റ) പറയുന്നു: ഏതെങ്കിലും ഈത്തപ്പന പരാഗണം ചെയ്ത നിലക്കു വിററാൽ (ആ വർഷത്തെ) ഈത്തപ്പഴം പരാഗണം ചെയ്തവനാണ്. ഇതുപോലെതന്നെയാണ് അടിമയും കൃഷിഭൂമിയും. (ബുഖാരി. 3. 34. 406)

1521. ഇബ്നു ഉമർ(റ) നിവേദനം: നബി(സ) അരുളി: പരാഗണം ചെയ്ത ഈത്തപ്പന വിററാൽ അതിന്റെ ഫലം വിൽക്കുന്നവനാണ്. വാങ്ങുന്നവൻ വ്യവസ്ഥ ചെയ്താൽ ഒഴികെ. (അപ്പോൾ വാങ്ങുന്നവനാണ്). (ബുഖാരി. 3. 34. 408)

1522. ആയിശ(റ) പറയുന്നു: (വല്ലവനും ഐശ്വര്യവാനാണെങ്കിൽ അവൻ പരിശുദ്ധി സ്വീകരിക്കട്ടെ. വല്ലവനും ദരിദ്രനാണെങ്കിൽ മാന്യമായ നിലക്ക് ഭക്ഷിക്കട്ടെ) ഈ സൂക്തം യത്തീമിനെ സംരക്ഷിക്കുന്നവരെ സംബന്ധിച്ച് അവതരിപ്പിക്കപ്പെട്ടതാണ്. അദ്ദേഹം ദരിദ്രനാണെങ്കിൽ മാന്യമായ നിലക്ക് (സംരക്ഷണ ചിലവായി) അവന്റെ ധനത്തിൽ നിന്ന് ഭക്ഷിക്കാവുന്നതാണ്. (ബുഖാരി. 3. 34. 414)

1523. ഇബ്നു അബ്ബാസ്(റ) നിവേദനം: ഒരു ആടിന്റെ ശവത്തിന്ന് അരികിലൂടെ നബി(സ) നടന്നുപോയി അപ്പോൾ നബി(സ) പറഞ്ഞു. അതിന്റെ തോല് നിങ്ങൾക്ക് ഉപയോഗിച്ചു കൂടേ? അവർ പറഞ്ഞു: തീർച്ചയായും അത് ശവമാണ്. നബി(സ) അരുളി: അതു ഭക്ഷിക്കുന്നതാണ് നിഷിദ്ധം. (ബുഖാരി. 3. 34. 424)

1524. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: പുനരുത്ഥാന ദിവസം മൂന്ന് പേർക്കെതിരിൽ താൻ ശിക്ഷാ നടപടികൾ എടുക്കുമെന്ന് അല്ലാഹു അരുളുന്നു. എന്റെ പേരിൽ ഒരാളുമായി ഒരു കരാർ ചെയ്തിട്ട് അത് ലംഘിച്ചവൻ. ഒരു സ്വതന്ത്രനെ വിററിട്ട് വില തിന്നവൻ. ഒരാളെ കൂലിക്ക് ജോലി ചെയ്യാൻ വിളിച്ചിട്ടു ജോലി ചെയ്യിച്ച് എന്നിട്ട് കൂലി കൊടുത്തില്ല. അങ്ങിനെയുള്ളവൻ. (ബുഖാരി. 3. 34. 430)

1525. ജാബിർ(റ) പറയുന്നു: മക്കാവിജയവർഷം മക്കയിൽ വെച്ച് നബി(സ) ഇപ്രകാരം അരുളുന്നത് ഞാൻ കേട്ടു. നിശ്ചയം അല്ലാഹുവും അവന്റെ ദൂതനും മദ്യം, ശവം, പന്നി, വിഗ്രഹം എന്നിവ വിൽക്കുന്നത് നിഷിദ്ധമാക്കിയിട്ടുണ്ട്. ദൈവദൂതരേ! ശവത്തിലെ കൊഴുപ്പിനെക്കുറിച്ച് താങ്കൾ എന്തുപറയുന്നു? കപ്പലിന്റെ പുറത്തു പൂശാൻ അതുപയോഗിക്കാറുണ്ടല്ലോ. അതുപോലെ തോലിന്റെ പുറത്തു തേക്കാറുണ്ട്. വിളക്ക് കത്തിക്കാറുണ്ട് എന്ന് ചിലർ ഉണർത്തി. നബി(സ) അരുളി: അതും ഹറാമാണ്. ശേഷം നബി(സ) തുടർന്നു. അല്ലാഹു ജൂതന്മാരെ ശപിക്കട്ടെ. അല്ലാഹു മൃഗങ്ങളുടെ കൊഴുപ്പ് നിഷിദ്ധമാക്കിയപ്പോൾ അതവർ ഉരുക്കി വിററിട്ട് അതിന്റെ വില തിന്നു. (ബുഖാരി. 3. 34. 438)

1526. അബൂമസ്ഊദ്(റ) നിവേദനം: നായയെ വിററു കിട്ടുന്ന വില, വ്യഭിചാരണം പ്രശ്നക്കാരനും കിട്ടുന്ന പ്രതിഫലം ഇവ നബി(സ) നിഷിദ്ധമാക്കിയിരിക്കുന്നു. (ബുഖാരി. 3. 34. 439)

1527. അബൂസയ്യിദ്(റ) നിവേദനം ചെയ്തു. പ്രവാചകൻ(സ) പറഞ്ഞു: സത്യസന്ധനും വിശ്വസ്തനുമായ വ്യാപാരി നബിമാരോടും സത്യാത്മക്കളോടും ഷഹീദ് (രക്തസാക്ഷി) കളോടും കൂടിയാകുന്നു. (തിർമിദി)

1528. മഅ്മർ(റ) പറഞ്ഞു. അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: ധാന്യങ്ങൾ ദുർല്ലഭമാകുന്നതിനും, വില കൂടുന്നതിനും വേണ്ടി പൂഴ്ത്തിവയ്ക്കുന്നവർ പാപിയാകുന്നു. (മുസ്ലിം)

1529. അനസ്(റ) നിവേദനം ചെയ്തു: അല്ലാഹുവിന്റെ ദൂതൻ(സ) ഒരു കമ്പിളി വസ്ത്രവും ഒരു പാത്രവും വാങ്ങിച്ചു. അവിടുന്നു പറഞ്ഞു: ഈ കമ്പിളിവസ്ത്രവും പാത്രവും ആരുവാങ്ങും? ഒരാൾ പറഞ്ഞു: ഒരു ദിർഹമിനു ഞാൻ എടുക്കാം. പ്രവാചകൻ(സ) പറഞ്ഞു: ഒരു ദിർഹമിൽ കൂടതൽ ആരുതരും? ഒരു ദിർഹമിൽ കൂടുതൽ ആരു തരും? ഒരാൾ രണ്ടു ദിർഹം കൊടുത്ത് അവിടുന്നിൽ നിന്നു അതു വാങ്ങി. (തിർമിദി)

1530. സഈദ് ഇബ്നുഹുറൈസ്(റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: ആരൊരുവൻ ഒരു വീടോ വരുമാനമുള്ള ഒരു വസ്തുവോ വിൽക്കയും അതിന്റെ വില അവൻ അതിനു സമമായതിനു നിക്ഷേപിക്കയും ചെയ്യാതിരിക്കുന്നുവോ അവൻ അതിൽ അനുഗ്രഹിക്കപ്പെടുവാൻ ഇടയില്ല. (അഹ്മദ്)

1531. ഇബ്നുഅബ്ബാസ്(റ) നിവേദനം: നബി(സ) മദീനയിൽ വന്നു. അപ്പോൾ ജനങ്ങൾ ഒരു കൊല്ലത്തേയും രണ്ടു കൊല്ലത്തേയും ചരക്കിന് മുൻകൂട്ടി പണം കൊടുത്തു സ്ഥലം കച്ചവടം ചെയ്യുന്ന പതിവ് അവിടെയുണ്ടായിരുന്നു. അതു കണ്ടപ്പോൾ നബി(സ) അരുളി: വല്ലവനും ഈത്തപ്പഴത്തിനു മുൻകൂട്ടി വില കൊടുത്ത് കച്ചവടം ചെയ്യുന്നുണ്ടെങ്കിൽ അളവും തൂക്കവും നിർണ്ണയിച്ചുകൊണ്ട് കച്ചവടം ചെയ്യട്ടെ. (ബുഖാരി. 3. 35. 441)

1532. ഇബ്നു അബ്ബാസ്(റ) നിവേദനം: ഇബ്നു അബ്ബാസ്(റ) പറയുന്നു: നബി(സ) മദീനയിൽ വന്നപ്പോൾ രണ്ടു കൊല്ലത്തേയും മൂന്നു കൊല്ലത്തേയും കാരക്കക്ക്

ജനങ്ങൾ മുൻകൂർ പണം കൊടുത്തു കച്ചവടം ചെയ്യാറുണ്ടായിരുന്നു. അപ്പോൾ നബി(സ) പറഞ്ഞു: വല്ലവനും മുൻകൂർ കച്ചവടം നടത്തുകയാണെങ്കിൽ തൂക്കം, അളവ്, സമയം മുതലായവ ശരിക്കും നിർണ്ണയിക്കണം. (ബുഖാരി. 3. 35. 443)

1533. ഇബ്നുഅബീഔഫാ(റ) പറയുന്നു: അവധിയും അളവും നിർണ്ണയിച്ചുകൊണ്ട് ഗോതമ്പ്, ബാർലി, മുന്തിരി എന്നീ ചരക്കുകൾക്ക് മുൻകൂർ പണം കൊടുത്തും സിറിയായിലെ കർഷകരുമായി ഞങ്ങൾ കച്ചവടം ചെയ്യാറുണ്ടായിരുന്നു. യഥാർത്ഥ കർഷകരുമായിട്ടുതന്നെയാണോ നിങ്ങൾ അങ്ങനെ കച്ചവടം ചെയ്തിരുന്നത്? എന്ന് അദ്ദേഹം ചോദിക്കപ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു. നബി(സ)യുടെ സഹാബിമാർ സ്ഥലം കച്ചവടം നടത്താറുണ്ട്. അവർ കൃഷി ചെയ്യാറുണ്ടോ ഇല്ലയോ എന്ന് ഞങ്ങൾ ചോദിക്കാറില്ല. (ബുഖാരി. 3. 35. 447)

1534. ഇബ്നുഅബ്ബാസ്(റ) നിവേദനം: ഈത്തപ്പനയിൽ സ്ഥലം കച്ചവടം ചെയ്യുന്നതിനെ സംബന്ധിച്ച് അദ്ദേഹം ചോദിക്കപ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: ഈത്തപ്പനമേൽ പഴം ഉണ്ടായി ഭക്ഷിക്കാനും തൂക്കുവാനും ആക്കുന്നതിന്റെ മുമ്പ് കച്ചവടം ചെയ്യുന്നത് നബി(സ) വിരോധിച്ചിട്ടുണ്ട്. (ബുഖാരി. 3. 35. 450)

1535. അബ്ദുല്ല(റ) നിവേദനം: ഒട്ടകത്തിന്റെ ഗർഭത്തിലെ ശിശുവിനെ അവർ കച്ചവടം ചെയ്തിരുന്നു. നബി(സ) അതിനെ വിരോധിച്ചു. (ബുഖാരി. 3. 35. 457)

1536. അബൂമസ്ഊദി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: മുൻഗാമികളിൽ ഒരാൾ വിചാരണ ചെയ്യപ്പെട്ടു. ഒരു നന്മയും അയാളിൽ കാണപ്പെടുകയുണ്ടായില്ല. പക്ഷേ, ധനികനായിരുന്നപ്പോൾ അദ്ദേഹം ജനങ്ങളുമായി സമ്പർക്കം പുലർത്തുകയും ഞെരുക്കമുള്ളവർക്ക് വിട്ടുവീഴ്ച ചെയ്തുകൊടുക്കാൻ തന്റെ ഭൃത്യന്മാരോട് കൽപ്പിക്കുകയും ചെയ്തിരുന്നു. അല്ലാഹു പറഞ്ഞു: വിട്ടുവീഴ്ച ചെയ്തുകൊടുക്കാൻ അവനെക്കാൾ കൂടുതൽ ഞാനാണർഹൻ. അതുകൊണ്ട് (മലക്കുകളേ!) നിങ്ങളവന്ന് വിട്ടുവീഴ്ച ചെയ്തുകൊടുക്കൂ. (മുസ്ലിം)

1537. ഹുദൈഫ(റ)യിൽ നിന്ന് നിവേദനം: അല്ലാഹു ധനം നൽകിയ ഒരടിമയെ കൊണ്ടുവന്നിട്ട് അല്ലാഹു ഇപ്രകാരം ചോദിച്ചു: ദുൻയാവിൽ നീ എന്തു ചെയ്തു? റിപ്പോർട്ടർ പറയുകയാണ്. അല്ലാഹുവിനോട് ജനങ്ങൾക്ക് ഒന്നും മറച്ചുവെക്കാൻ കഴിയുകയില്ല. അയാൾ പറഞ്ഞു: രക്ഷിതാവേ! നീ എനിക്ക് ധനം നൽകി. ഞാനതു കൊണ്ട് ജനങ്ങളുമായി ഇടപാട് നടത്തിപ്പോന്നു. വിട്ടുവീഴ്ച ചെയ്തുകൊടുക്കൽ എന്റെ സ്വഭാവമായിരുന്നു. ധനവാന്ന് ഞാൻ സൗകര്യം ചെയ്യുകയും ദരിദ്രന് അവധി കൊടുക്കുകയും ചെയ്യുമായിരുന്നു. അല്ലാഹു പറഞ്ഞു: നിന്നേക്കാൾ ഇതിന്നർഹൻ ഞാനാണ്. അതുകൊണ്ട് (മലക്കുകളേ!) നിങ്ങളെന്റെ ദാസന് വിടുതിചെയ്യൂ. ഉഖ്ബത്തും(റ) അബൂമസ്ഊദും(റ) പറഞ്ഞു: ഇപ്രകാരം നബി(സ)യുടെ വായിൽ നിന്നും ഞങ്ങൾ കേട്ടിട്ടുണ്ട്. (മുസ്ലിം)

1538. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: ഞെരുക്കമുള്ളവന് അവധി നല്കുകയോ കടം വിട്ടുകൊടുക്കുകയോ ചെയ്താൽ അല്ലാഹുവിന്റേതല്ലാത്ത മററാരുടെയും നിഴലില്ലാത്ത അന്ത്യദിനത്തിൽ അർശിന്റെ നിഴലിൽ അല്ലാഹു അവന് നിഴലിട്ട് കൊടുക്കും. (തിർമിദി)

1539. സുവൈദി(റ)ൽ നിന്ന് നിവേദനം: ഞാനും മഖ്റമത്തും(റ) (ബഹ്റൈനിലെ) ഹജറിൽ നിന്ന് പട്ട് കയററുമതി ചെയ്തു. നബി(സ) ഞങ്ങളുടെ അടുത്ത് വന്ന് ഞങ്ങളിൽ നിന്ന് പൈജാമ കച്ചവടം ചെയ്തു. എന്റെ അടുക്കൽ തൂക്കിക്കൊടുക്കുന്ന ഒരു കൂലിക്കാരനുണ്ടായിരുന്നു. നബി(സ) തൂക്കുന്നവനോട് പറഞ്ഞു: വില നീതൂക്കിക്കൊടുക്കുകയും അല്പം കൂടുതലാക്കുകയും ചെയ്യൂ. (അബൂദാവൂദ്, തിർമിദി)

## 41. കൂലിക്ക് കൊടുക്കൽ

1540. അബൂമൂസൽ അശ്അരി(റ) നിവേദനം: നബി(സ) അരുളി: തന്നോട് കൽപ്പിച്ചത് മന:സംതൃപ്തിയോടുകൂടി നിർവ്വഹിക്കുന്ന വിശ്വസ്തനായ സൂക്ഷിപ്പുകാരൻ ധർമ്മം ചെയ്യുന്നവരിൽ ഒരുവനാണ്. (ബുഖാരി. 3. 36. 461)

1541. അബൂമൂസ(റ) പറയുന്നു: ഞാൻ ഒരിക്കൽ നബി(സ)യുടെ അടുത്തു വന്നു. എന്റെ കൂടെ അശ്അരി ഗോത്രക്കാരായ രണ്ടു പുരുഷന്മാരുണ്ടായിരുന്നു. (ഒരു ഉദ്യോഗം കിട്ടിയാൽ കൊള്ളാമെന്ന് അവർ രണ്ടു പേരും ആഗ്രഹം പ്രകടിപ്പിച്ചു) അതു കേട്ടപ്പോൾ എനിക്ക് പ്രയാസം തോന്നി. ഞാൻ പറഞ്ഞു. ഇവർ രണ്ടുപേരും ഉദ്യോഗം കാംക്ഷിച്ചുകൊണ്ടു വന്നവരാണെന്ന് ഞാൻ ഗ്രഹിച്ചിരുന്നില്ല. നബി(സ) അരുളി: നമ്മുടെ ഈ ജോലികളിൽ അതാവശ്യപ്പെട്ടുകൊണ്ടു വന്നവരെ നാം നിയമിക്കുകയില്ല. (ബുഖാരി. 3. 36. 462)

1542. അബൂഹുറൈറ(റ) നിവേദനം: അല്ലാഹു നിയോഗിച്ച ഒരു പ്രവാചകനെങ്കിലും ആടുകളെ മേയ്ക്കാതിരുന്നില്ല. അനുചരന്മാർ ചോദിച്ചു. താങ്കളും ആടു മേയ്ച്ചിരുന്നോ? അതെ! മക്കക്കാരുടെ ആടുകളെ നിശ്ചിത ഖീറാത്വിന്ന് ഞാൻ മേയ്ക്കാറുണ്ടായിരുന്നുവെന്ന് നബി(സ) പ്രത്യുത്തരം നൽകി. (ബുഖാരി. 3. 36. 463)

1543. യഅ്ല ബിൻ ഉമായ(റ) നിവേദനം: തബൂക്ക് യുദ്ധത്തിൽ നബി(സ)യുടെ കൂടെ ഞാൻ യുദ്ധം ചെയ്യുകയുണ്ടായി. അതായിരുന്നു എന്റെ പുണ്യകർമ്മങ്ങളിൽ എന്റെ മനസ്സിൽ ഏററവും ശ്രേഷ്ഠമായത്. എനിക്ക് ഒരു കൂലിക്കാരനും (ഈ യുദ്ധത്തിൽ ഉണ്ടായിരുന്നു) അവൻ ഒരു മനുഷ്യനുമായി ശണ്ഠ കൂടി. അവരിൽ ഒരാൾ തന്റെ എതിരാളിയെ കടിച്ചു. കൈ വലിച്ചെടുത്തപ്പോൾ അയാളുടെ ഒരു പല്ല് താഴെ വീണു. കേസ് നബി(സ)യുടെ അടുത്ത് എത്തിയപ്പോൾ നബി(സ) പ്രായശ്ചിത്തം പ്രഖ്യാപിച്ചില്ല. നബി(സ) ചോദിച്ചു. അവൻ തന്റെ വിരൽ നിനക്ക് കടിക്കാൻ വേണ്ടി നിന്റെ വായിൽ നിക്ഷേപിക്കുമോ? ആൺഒട്ടകം കടിക്കുന്നതുപോലെ. (ബുഖാരി. 3. 36. 466)

1544. ഇബ്നുഉമർ(റ) നിവേദനം: കാളയെക്കൊ് പശുവിനെ ചവിട്ടിച്ചു കൂലി വാങ്ങുന്നത് നബി(സ) വിരോധിച്ചിരിക്കുന്നു. (ബുഖാരി. 3. 36. 484)

1545. ഇബ്നു ഉമർ(റ) പറയുന്നു: ഖൈബറിന്റെ ഭൂമി ഉൽപാദനത്തിന്റെ പകുതി കൂലി നിശ്ചയിച്ച് ജൂതൻമാർക്ക് നബി(സ) നൽകി. അബൂബക്കർ(റ) ഉമർ(റ)ന്റെ ഭരണത്തിലെ ആദ്യഘട്ടം വരെ ഇതു തുടർന്നു. നബി(സ) മരണപ്പെട്ട ശേഷം അബൂബക്കറോ ഉമറോ വേതനം പുതുക്കി നിശ്ചയിച്ചതു ഉദ്ധരിക്കപ്പെടുന്നില്ല. (ബുഖാരി. 3. 36. 485)

## 42. ഉത്തരവാദിത്തം ഏറെറടുക്കൽ

1546. ഇബ്നുഅബ്ബാസ്(റ) നിവേദനം: എല്ലാവർക്കും അവകാശികളെ നാം നിശ്ചയിച്ചിരിക്കുന്നു. എന്ന അല്ലാഹുവിന്റെ വാക്യം കൊണ്ട് ഉദ്ദേശിക്കുന്നത് അനന്തരാവകാശികളാണ്. നിങ്ങളുടെ സത്യങ്ങൾ ബന്ധിച്ചവർ എന്നതുകൊണ്ട് വിവക്ഷിക്കുന്നത് മുഹാജിറുകൾ മദീനയിൽ നബി(സ)യുടെ അടുത്തു വന്നപ്പോൾ അൻസാരികൾ രക്തബന്ധത്തെ അവഗണിച്ച് മുഹാജിറുകൾക്ക് സ്വത്തവകാശം നൽകി. മതത്തിന്റെ അടിസ്ഥാനത്തിൽ നബി(സ) അവർക്കിടയിൽ ഉണ്ടാക്കിയ സാഹോദര്യ ബന്ധത്തെ പരിഗണിച്ചുകൊണ്ട് എല്ലാവർക്കും അവകാശികളെ നാം നിശ്ചയിച്ചിരിക്കുന്നു എന്ന ആയത്തു അവതരിപ്പിച്ചപ്പോൾ ഈ നിയമത്തെ ദുർബലപ്പെടുത്തി. ശേഷം അല്ലാഹു പറഞ്ഞു. നിങ്ങളുടെ സത്യങ്ങൾ ബന്ധിച്ചവർ അവർക്ക് അവരുടെ പങ്ക് കൊടുക്കുവിൻ. അതായത് പരസ്പര സഹായവും

സമ്മാനങ്ങളും ഗുണം കാംക്ഷിക്കലും. അനന്തരാവകാശം അവർക്കില്ല. എന്തെങ്കിലും വസ്വിയ്യത്തു ചെയ്യാം. (ബുഖാരി. 3. 37. 489)

1547. അനസ്(റ) നിവേദനം: ഇസ്ലാമിൽ സംഖ്യ ഉടമ്പടി പാടില്ലെന്ന് നബി(സ) അരുളിയതായി താങ്കൾക്കറിയാമോ എന്നൊരാൾ ചോദിച്ചു. അനസ്(റ) പറഞ്ഞു: (അതു ഞാനെങ്ങനെ വിശ്വസിക്കും) നബി(സ) എന്റെ വീട്ടിൽ വെച്ചാണല്ലോ ഖുറൈശികളെയും അൻസാരികളെയും തമ്മിൽ സംഖ്യ ഉടമ്പടി ചെയ്യിച്ചത്. (ബുഖാരി. 3. 37. 491)

1548. ജാബിർ(റ) പറയുന്നു: ബഹ്റൈനിൽ നിന്നുള്ള നികുതിപ്പണം എത്തിയാൽ ഞാൻ നിനക്കിത്രയിത്ര തരുമെന്ന് നബി(സ) എന്നോട് പറഞ്ഞു. നബി(സ) മരിക്കുന്നതുവരെക്കും ബഹ്റൈനിലെ നികുതിപ്പണം എത്തിയില്ല. പിന്നീട് അതെത്തിയപ്പോൾ അബൂബക്കർ(റ) ഇപ്രകാരം വിളംബരം ചെയ്യിച്ചു. തിരുമേനി(സ) ആർക്കെങ്കിലും വല്ല വാഗ്ദാനമോ കടമോ വീട്ടാൻ ബാക്കിയുണ്ടെങ്കിൽ അബൂബക്കറിനെ സമീപിക്കുക. അപ്പോൾ ഞാൻ പറഞ്ഞു. നിശ്ചയം നബി(സ) എന്നോട് ഇപ്രകാരം പറയുകയുണ്ടായി. ഉടനെ അബൂബക്കർ തന്റെ കൈകൊണ്ട് എനിക്ക് ഒരു പിടി വാരി തന്നു. ഞാനത് എണ്ണി നോക്കി. അപ്പോൾ അത് അഞ്ഞൂറ് ദിർഹമുണ്ടായിരുന്നു. അതിന്റെ ഇരട്ടി ഇതാ വാങ്ങിക്കൊള്ളുകയെന്ന് കൂടി അബൂബക്കർ പറഞ്ഞു. (ബുഖാരി. 3. 37. 493)

## 43. കാര്യനിർവ്വഹണത്തിന് മറ്റൊരാളെ ഏൽപ്പിക്കൽ

1549. ഉഖ്ബത്ത്(റ) പറയുന്നു: നബി(സ) തന്റെ അനുയായികൾക്കിടയിൽ ഭാഗിച്ചുകൊടുക്കുവാൻ അദ്ദേഹത്തിന്റെ പക്കൽ കുറെ ആടുകളെ ഏൽപ്പിച്ചു. എല്ലാവർക്കും കൊടുത്തു കഴിഞ്ഞപ്പോൾ ഒരാട്ടിൻകുട്ടി ബാക്കി വന്നു. ഈ വിവരം അദ്ദേഹം നബി(സ)യെ ധരിപ്പിച്ചു. നീതന്നെ അതിനെ ബലിയറുക്കുക എന്ന് നബി(സ) അരുളി. (ബുഖാരി. 3. 38. 497)

1550. കഅ്ബ്(റ) പറയുന്നു: സൽഅ എന്ന സ്ഥലത്ത് മേഞ്ഞുകൊണ്ടിരുന്ന കുറെ ആടുകൾ അദ്ദേഹത്തിനുണ്ടായിരുന്നു. ഒരാട് ചാവാൻ പോകുന്നത് ഒരു പെൺകുട്ടി കണ്ടു. അവൾ ഒരു കല്ല് പൊട്ടിച്ച് അതു കൊണ്ട് ആടിനെ അറുത്തു. അന്നേരം നിങ്ങളതു തിന്നരുത്. ഇതിനെക്കുറിച്ച് നബി(സ)യോട് ഞാൻ ചോദിക്കട്ടെ എന്ന് കഅബ്(റ) പറഞ്ഞു. അല്ലെങ്കിൽ ഈ വിഷയത്തെക്കുറിച്ച് ചോദിക്കുവാൻ ഒരാളെ അയച്ചു. അതിനെക്കുറിച്ച് ചോദിച്ചപ്പോൾ അതു തിന്നുകൊള്ളാൻ നബി(സ) കൽപിച്ചു. (ബുഖാരി. 3. 38. 500)

1551. അബൂഹുറൈറ(റ) നിവേദനം: നബി(സ) ഒരു മനുഷ്യന് ഒരു ഒട്ടകത്തെ നൽകുവാൻ ഉണ്ടായിരുന്നു. അത് ആവശ്യപ്പെട്ടുകൊണ്ട് അയാൾ നബി(സ)യുടെ അടുത്തുവന്നു. അപ്പോൾ നബി(സ) പറഞ്ഞു. നിങ്ങൾ അദ്ദേഹത്തിന് അതിനെ നൽകുവീൻ. അവർ നബി(സ) കടം വാങ്ങിയതു പോലെയുള്ള ഒട്ടകത്തെ അന്വേഷിച്ചു. എന്നാൽ അതിനേക്കാൾ ഉത്തമമായതാണ് അവർ കണ്ടെത്തിയത്. നബി(സ) പറഞ്ഞു. നിങ്ങൾ അതു അദ്ദേഹത്തിന് നൽകുവീൻ. അദ്ദേഹം പറഞ്ഞു: താങ്കൾ എനിക്ക് പൂർത്തിയാക്കിതന്നു. താങ്കൾക്ക് അല്ലാഹു പൂർത്തിയാക്കി തരട്ടെ. നബി(സ) അരുളി: നിങ്ങളിൽ ഏററവും ഉത്തമൻ കടം നന്നായി വീട്ടുന്നവനാണ്. (ബുഖാരി. 3. 38. 501)

1552. സഹ്ല്(റ) നിവേദനം: ഒരു സ്ത്രീ നബി(സ)യുടെ അടുത്തുവന്നു പറഞ്ഞു. പ്രവാചകരേ! തീർച്ചയായും എന്റെ ശരീരത്തെ ഞാൻ നിങ്ങൾക്ക് ദാനം നൽകിയിരിക്കുന്നു. അപ്പോൾ ഒരു മനുഷ്യൻ പറഞ്ഞു: അവളെ എനിക്ക് വിവാഹം

ചെയ്തു തരിക. നബി(സ) പറഞ്ഞു: ഖുർആനിൽ നിന്ന് നിന്റെ കൂടെയുള്ളതിന് നിനക്കവളെ ഞാൻ വിവാഹം ചെയ്തു തന്നിരിക്കുന്നു. (ബുഖാരി. 3. 38. 505)

1553. അബൂസഈദ്(റ) നിവേദനം: ബിലാൽ ഒരിക്കൽ നബി(സ)യുടെ അടുത്തു ബർനി ഇനത്തിൽപ്പെട്ട കുറച്ചു ഈത്തപ്പഴം കൊണ്ടവന്നു. ഇതെവിടെ നിന്ന് കിട്ടി? നബി(സ) ചോദിച്ചു: എന്റെയടുക്കൽ കേടുവന്ന കുറച്ച് ഈത്തപ്പഴമുണ്ടായിരുന്നു. അതു രണ്ടു സ്വാഅ് കൊടുത്തു നബി(സ)ക്ക് വേണ്ടി ഒരു സ്വാഅ് പകരം വാങ്ങിയെന്ന് ബിലാൽ(റ) മറുപടി പറഞ്ഞു. നബി(സ) ആ സന്ദർഭത്തിൽ പറഞ്ഞു: മോശം! മോശം! തനിപ്പലിശ, തനിപ്പലിശ. മേലിൽ അങ്ങനെ ചെയ്യരുത്. നീ നല്ലത് വാങ്ങാൻ ഉദ്ദേശിക്കുന്നുവെങ്കിൽ ആ താഴ്ന്ന ഇനം കിട്ടുന്ന വിലക്ക് വിററിട്ട് അതുകൊണ്ട് ഇതു വിലക്ക് വാങ്ങുക. (ബുഖാരി. 3. 38. 506)

1554. അംറ്(റ) നിവേദനം: ഉമർ(റ)ന്റെ ധർമ്മത്തെക്കുറിച്ച് നബി(സ) പറഞ്ഞു: അതിനെ സംരക്ഷിക്കുന്നവന് ഭക്ഷിക്കുന്നതിനും തന്റെ സ്നേഹിതനെ ഭക്ഷിപ്പിക്കുന്നതിനും വിരോധമില്ല. ധനം സ്വരൂപിക്കുക എന്ന ചിന്തയില്ലാതെ. ഉമർ(റ)ന്റെ ധർമ്മം ഏറെറടുത്തിരുന്നത് ഇബ്നു ഉമർ(റ) ആയിരുന്നു. മക്കയിൽ അദ്ദേഹം ചെല്ലുന്ന സന്ദർഭത്തിൽ താമസിക്കാറുള്ളവർക്ക് അതിൽ നിന്ന് ദാനം നൽകാറുണ്ട്. (ബുഖാരി. 23133. 38. 507)

1555. അബ്ദുല്ല(റ)യും അബൂഹുറൈറ(റ)യും നിവേദനം: നബി(സ) അരുളി: ഉനൈസ്! നീ ഇന്ന സ്ത്രീയുടെ അടുത്തു ചെല്ലുക. അവൾ കുററം അംഗീകരിച്ചാൽ അവളെ നീ കല്ലെറിയുക. (ബുഖാരി. 3. 38. 508)

1556. ഉഖ്ബത്ത്(റ) നിവേദനം: നുഐമാനേയോ അല്ലെങ്കിൽ അയാളുടെ മകനേയോ മദ്യം കഴിച്ച നിലക്ക് നബി(സ)യുടെ മുമ്പിൽ ഹാജരാക്കി. അപ്പോൾ വീട്ടിലുണ്ടായിരുന്നവരോട് അയാളെ അടിക്കാൻ നബി(സ) കൽപ്പിച്ചു. ഉഖ്ബ(റ) പറയുന്നു: അയാളെ അടിച്ച കൂട്ടത്തിൽ ഞാനുമുണ്ടായിരുന്നു. അയാളെ ഞങ്ങൾ ചെരിപ്പുകൊണ്ടും ഈത്തപ്പനപ്പട്ടകൾ കൊണ്ടും അടിച്ചു. (ബുഖാരി. 3. 38. 509)

## 44. കൃഷി ചെയ്യലും കൃഷിസ്ഥലം പാട്ടത്തിന് മററുള്ളവരെ ഏൽപ്പിച്ചു കൊടുക്കലും

1557. അനസ്(റ) നിവേദനം: നബി(സ) അരുളി: ഏതെങ്കിലുമൊരു മുസ്ലിം ചെടി വെച്ചു പിടിപ്പിക്കുകയോ വിത്തു വിതക്കുകയോ ചെയ്തു. അങ്ങനെ അതിന്റെ ഫലം ഒരു പക്ഷിയോ മൃഗമോ മനുഷ്യനോ ഭക്ഷിച്ചു. എങ്കിൽ അതു അവന്റെ ഒരു ദാനമായി ഗണിക്കപ്പെടാതിരിക്കുകയില്ല. (ബുഖാരി. 3. 39. 513)

1558. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: വല്ലവനും കൃഷിയുടെയോ കന്നുകാലികളുടെയോ കാവലിനുവേണ്ടിയല്ലാതെ ഒരു നായയെ വളർത്തിയാൽ ഓരോ ദിവസവും അതു കാരണം അവന്റെ പുണ്യകർമ്മങ്ങളിൽ നിന്ന് ഓരോ ഖീറാത്തു വീതം കുറഞ്ഞുകൊണ്ടിരിക്കും. മറെറാരു നിവേദനത്തിൽ ആടുമേയ്ക്കാനോ കൃഷിക്കോ വേട്ടക്കോ വളർത്തുകയാണെങ്കിൽ വിരോധമില്ല എന്നാണുള്ളത്. (ബുഖാരി. 3. 39. 515)

1559. സുഫ്യാൻ(റ) നിവേദനം: നബി(സ) അരുളി: കൃഷിക്കോ കന്നുകാലികളുടെ ആവശ്യത്തിനോ അല്ലാതെ വല്ലവനും നായയെ വളർത്തിയാൽ അവന്റെ പുണ്യകർമ്മങ്ങളിൽ നിന്ന് ഓരോ ദിവസം ഓരോ ഖീറാത്തു വീതം കുറഞ്ഞുകൊണ്ടിരിക്കും. താങ്കൾ ഇത് നബി(സ) യിൽ നിന്നു കേട്ടത് തന്നെയാണോ എന്ന് അദ്ദേഹം ചോദിക്കപ്പെട്ടു. അദ്ദേഹം പറഞ്ഞു. അതെ! ഈ പള്ളിയുടെ രക്ഷിതാവ് തന്നെ സത്യം. (ബുഖാരി. 3. 39. 516)

1560. അബ്ദുല്ല(റ) പറയുന്നു: നബി(സ) ജൂതഗോത്രമായ ബനൂനളിന്റെ ചില ഈത്തപ്പനകൾ മുറിക്കുവാനും അഗ്നിക്കിരയാക്കുവാനും കൽപ്പിച്ചു. അവ ഖുറൈ എന്ന സ്ഥലത്തായിരുന്നു. ഇതിനെക്കുറിച്ചു ഹസ്സാൻ(റ) പാടുകയുണ്ടായി. ബനൂലുഅയ്യ ഗോത്രത്തിലെ നേതാക്കന്മാരെ നിന്ദ്യത പിടികൂടി. ബുവൈറ എന്ന സ്ഥലത്തു പടർന്നുപിടിച്ച അഗ്നി. (ബുഖാരി. 3. 39. 519)

1561. ഉമർ(റ) പറഞ്ഞു: മുസ്ലീംകളുടെ ഭാവി തലമുറകളെക്കുറിച്ച് ചിന്ത എനിക്കില്ലായിരുന്നുവെങ്കിൽ നബി(സ) ഖൈബർ ഭൂമി ഭാഗിച്ചുകൊടുത്തതുപോലെ ജയിച്ചടക്കുന്ന ഓരോ പ്രദേശത്തെയും ഭൂമി അതിന്റെ അവകാശികൾക്ക് (പട്ടാളക്കാർക്ക്) ഞാൻ ഭാഗിച്ചു കൊടുക്കുമായിരുന്നു. (ബുഖാരി. 3. 39. 527)

1562. ആയിശ(റ) നിവേദനം: നബി(സ) അരുളി: ആരുടെയും ഉടമസ്ഥതയില്ലാത്ത ഭൂമി വല്ലവനും കൃഷി ചെയ്തു ജീവിപ്പിച്ചാൽ അവനാണ് അതിന്റെ അവകാശി. ഉർവ(റ) പറയുന്നു: ഉമർ(റ) തന്റെ ഭരണക്കാലത്ത് ഇപ്രകാരം വിധിക്കുകയുണ്ടായി. (ബുഖാരി. 3. 39. 528)

1563. ഇബ്നുഉമർ(റ) പറയുന്നു: ഹിജാസിന്റെ മണ്ണിൽ നിന്നും ജൂതന്മാരെയും ക്രിസ്ത്യാനികളെയും ഉമർ(റ) നാടുകടത്തി. ഖൈബർ കീഴടക്കിയപ്പോൾ ജൂതന്മാരെ അവിടെനിന്നും നാടുകടത്താൻ നബി(സ) ഉദ്ദേശിച്ചിരുന്നു. നബി(സ) ജയിച്ചടക്കിയപ്പോൾ ഭൂമി അല്ലാഹുവിന്റേതും അവന്റെ ദൂതന്റേതും മുസ്ലിംകളുടേതുമായിത്തീർന്നു. നബി(സ) അതിനാൽ ജൂതന്മാരെ പുറത്താക്കാനാലോചിച്ചു. അപ്പോൾ ആ ഭൂമി അവർക്ക് തന്നെ ഉൽപന്നത്തിന്റെ പകുതി പാട്ടം നിശ്ചയിച്ചു വിട്ടുകൊടുക്കാനും അവരെ അവിടെ തന്നെ താമസിപ്പിക്കാനും ജൂതന്മാർ അപേക്ഷിച്ചു. നാമുദ്ദേശിക്കുന്ന കാലം വരേക്കും ഈ വ്യവസ്ഥയിന്മേൽ നിങ്ങൾക്കിവിടെ താമസിക്കാമെന്ന് നബി(സ) അരുളി. ശേഷം തൈമാഅ്, അരീഹാഅ് എന്നീ സ്ഥലങ്ങളിലേക്ക് ഉമർ(റ) അവരെ നാട് കടത്തുംവരേക്കും അവരവിടെ താമസിച്ചു. (ബുഖാരി. 3. 39. 531)

1564. ജാബിർ(റ) നിവേദനം: സഹാബിമാർ മൂന്നിൽ ഒന്ന് നാലിൽ ഒന്ന് പകുതി എന്നീ ക്രമത്തിൽ കൃഷി ഭൂമി പാട്ടത്തിന് നൽകാറുണ്ടായിരുന്നു. അപ്പോൾ നബി(സ) പറഞ്ഞു: വല്ലവനുംഭൂമിയുണ്ടെങ്കിൽ അവൻ അതിൽ കൃഷി ചെയ്യട്ടെ. അല്ലെങ്കിൽ അത് തന്റെ സ്നേഹിതന് വിട്ടുകൊടുക്കട്ടെ. അവനതു ചെയ്യുന്നില്ലെങ്കിൽ തന്റെ ഭൂമി (തൽക്കാലം) പിടിച്ചുവെക്കട്ടെ. (ബുഖാരി. 3. 39. 533

1565. ഇബ്നുഅബ്ബാസ്(റ) നിവേദനം: നബി(സ) പാട്ടത്തിന് നൽകുന്നത് വിരോധിച്ചിട്ടില്ല. അവിടുന്ന് പറഞ്ഞത് ഇപ്രകാരമാണ്. നിങ്ങളിൽ ഒരുവന്ന് തന്റെ ഭൂമി വെറുതെ കൃഷി ചെയ്യുവാൻ വേണ്ടി തന്റെ സ്നേഹിതന് ദാനം നൽകുന്നതാണ് നിശ്ചിത വിഹിതം പാട്ടമായി വാങ്ങുന്നതിനേക്കാൾ ഉത്തമം. (ബുഖാരി. 3. 39. 534)

1566. അബൂഹുറൈറ(റ) നിവേദനം: ഒരു ദിവസം നബി(സ) സംസാരിച്ച് കൊണ്ടിരിക്കുമ്പോൾ അടുത്തു ഒരു ഗ്രാമീണൻ ഇരിക്കുന്നുണ്ടായിരുന്നു. നബി(സ) അരുളി: സ്വർഗ്ഗവാസികളിലൊരാൾ തന്റെ രക്ഷിതാവിനോട് കൃഷി ചെയ്യാനനുവാദം ചോദിച്ചു. നീ ആഗ്രഹിക്കുന്ന ക്ഷേമൈശ്വര്യങ്ങളിലല്ലേ നീ ഇപ്പോഴുള്ളത്? എന്ന് അല്ലാഹു ചോദിച്ചു. അദ്ദേഹം പറഞ്ഞു. അതെ, പക്ഷെ കൃഷി ചെയ്യാനെനിക്ക് അതിയായ ആഗ്രഹം. എന്നിട്ടവൻ വിത്തു വിതച്ചു. കണ്ണ് ചിമ്മി തുറക്കുന്നതിനകം ആ വിത്ത് മുളച്ചു വളർന്നു കൊയ്യാൻ പാകമായി. അവയുടെ ഫലങ്ങൾ പർവ്വതങ്ങളോളം വളർന്നു. അന്നേരം അല്ലാഹു പറയും. ഇതാ മനുഷ്യ പുത്രാ! നിന്റെ മുമ്പിൽ നീ ആഗ്രഹിച്ചത്. നീ എടുത്തോളൂ. നിനക്ക് എത്ര കിട്ടിയാലും മതിയാവുകയില്ല. അപ്പോൾ ഗ്രാമീണൻ പറഞ്ഞു. അല്ലാഹു സത്യം. ഒന്നുകിൽ ആ മനുഷ്യൻ

ഖുറൈശിയായിരിക്കും. അല്ലെങ്കിൽ അൻസാരി. അവരാണ് കൃഷിക്കാർ (ഞങ്ങൾ കൃഷിക്കാരൊന്നുമല്ല) അപ്പോൾ നബി(സ) ചിരിച്ചു. (ബുഖാരി. 3. 39. 538)

## 45. ജലദാനം

1567. സഹ്ല്(റ) പറയുന്നു: നബി(സ)യുടെയടുക്കൽ ഒരാൾ ഒരു കോപ്പ പാനീയം കൊണ്ടുവന്നു. അവിടുന്ന് അതു കുടിച്ചു. നബി(സ)യുടെ വലതുഭാഗത്തു ഏററവും പ്രായം കുറഞ്ഞ ഒരു ചെറുപ്പക്കാരനും ഇടതുഭാഗത്തു പ്രായം ചെന്ന ആളുകളുമുണ്ടായിരുന്നു. നബി(സ) ചോദിച്ചു. യുവാവേ, ആദ്യം പ്രായം ചെന്നവർക്ക് കൊടുക്കുവാൻ നീ സമ്മതിക്കുമോ? പ്രവാചകരേ! അങ്ങയുടെ അവശിഷ്ടത്തിൽ എനിക്കുള്ള അവകാശം മററാർക്കും കൊടുക്കുവാൻ ഞാൻ ഒരുക്കമില്ല. ആ യുവാവ് പ്രത്യുത്തരം നൽകി. നബി(സ) അയാൾക്ക് തന്നെ ആദ്യം കൊടുത്തു. (ബുഖാരി. 3. 40. 541)

1568. അനസ്(റ) നിവേദനം: അദ്ദേഹം നബി(സ)ക്ക് വേണ്ടി തന്റെ വീട്ടിൽ വളർത്തുന്ന ഒരാടിനെ കറന്നു. നബി(സ) അനസിന്റെ തന്നെയായിരുന്നു. ആ പാലിൽ വീട്ടിലെ കിണററിലെ വെള്ളം ചേർത്തു. ശേഷം ആ കോപ്പ നബി(സ) ക്കു കൊടുത്തു. അവിടുന്ന് അതിൽ നിന്ന് കുടിച്ചു. നബി(സ) കോപ്പ തന്റെ വായിൽ നിന്ന് എടുക്കുമ്പോൾ അവിടുത്തെ ഇടതുവശത്ത് അബൂബക്കറും വലതുവശത്തു ഒരു ഗ്രാമീണനുമാണുണ്ടായിരുന്നത്. അതു ഗ്രാമീണന് നൽകുമോ എന്ന് ഭയന്ന് ഉമർ(റ) അത് അങ്ങയുടെ അടുത്തിരിക്കുന്ന അബൂബക്കറിന് കൊടുക്കണം എന്ന് നബി (യ) യോടപേക്ഷിച്ചു. എന്നാൽ നബി(സ) അരുളി: വലതുഭാഗത്തിരിക്കുന്നവർക്ക് മുൻഗണന നൽകണം. (ബുഖാരി. 3. 40. 542)

1569. അബ്ദുല്ല ബിൻ മസൂദ്(റ) നിവേദനം: നബി(സ) അരുളി: അന്യായമായി ഒരു മുസ്ലിമിന്റെ ധനം തട്ടിയെടുക്കാൻ സത്യം ചെയ്താൽ പരലോകത്ത് കുപിതനായ നിലയിലായിരിക്കും. അല്ലാഹുവിനെ അവൻ കണ്ടുമുട്ടുക. അല്ലാഹു ഇത് സംബന്ധിച്ചാണ് ഇപ്രകാരം അവതരിപ്പിച്ചത്. (അല്ലാഹുവിനോട് ചെയ്തിട്ടുള്ള പ്രതിജ്ഞയേയും തങ്ങളുടെ സത്യങ്ങളെയും നിസ്സാര വിലക്ക് വിൽക്കുന്നവർക്ക് പരലോകത്ത് നന്മയുടെ യാതൊരംശവുമില്ല) (3:77) അപ്പോൾ അശ്അസ് അവിടെ വന്നിട്ട് ചോദിച്ചു: ഇബ്നുമസ് ഊദ് നിങ്ങളോട് എന്താണ് പറയുന്നത്? എന്റെ കാര്യത്തിലാണീ വാക്യം അവതരിപ്പിച്ചത്. എന്റെ പിതൃവ്യപുത്രന്റെ ഭൂമിയിൽ എനിക്കൊരു കിണറുണ്ടായിരുന്നു. (അതിന്റെ ഉടമാവകാശത്തെപ്പററി തർക്കമായി) നബി(സ) ചോദിച്ചു: നിനക്ക് സാക്ഷികളാരെങ്കിലുമുണ്ടോ? ഇല്ലെന്ന് ഞാൻ ഉണർത്തി. എങ്കിൽ അവൻ സത്യം ചെയ്യുന്ന പക്ഷം അത് സ്വീകരിക്കണം. നബി(സ) പ്രത്യുത്തരം നൽകി. ഞാൻ പറഞ്ഞു: മററവൻ (കള്ള) സത്യം ചെയ്യാൻ മടിക്കുകയില്ല. അപ്പോഴാണ് നബി(സ) ഇബ്നു മസ്ഊദ് ഉദ്ധരിച്ച ഹദീസ് അരുളിയത്. നബി(സ)യുടെ വാക്കിനെ ശരി വെച്ചുകൊണ്ട് അല്ലാഹു മേൽ പറഞ്ഞ വാക്യം അവതരിപ്പിച്ചു. (ബുഖാരി. 3. 40. 546)

1570. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: മൂന്ന് വിഭാഗം മനുഷ്യന്മാർ ഉണ്ട്. അന്ത്യദിനത്തിൽ അല്ലാഹു അവരുടെ നേരെ നോക്കുകയോ പരിശുദ്ധപ്പെടുത്തുകയോ ചെയ്യുകയില്ല. അവർക്ക് കഠിനമായ ശിക്ഷയുണ്ട്. വഴിയരികിൽ മിച്ചമുള്ള വെള്ളമുണ്ടായിട്ട് അത് യാത്രക്കാരന് കൊടുക്കാതെ തടഞ്ഞുവെക്കുന്ന മനുഷ്യൻ. ഭൗതിക നേട്ടം മാത്രം ലക്ഷ്യം വെച്ച് ഇമാമിനോട് അനുസരണ പ്രതിജ്ഞ ചെയ്ത മനുഷ്യൻ ഇമാം അവന് വല്ല കാര്യലാഭവും നേടിക്കൊടുത്താൽ അവൻ സംതൃപ്തനാകും ഇല്ലെങ്കിലോ വെറുപ്പും. തന്റെ ചരക്ക് അസറിന് ശേഷം അങ്ങാടിയിലിറക്കി അല്ലാഹുവാണ് സത്യം. ഞാനീ ചരക്ക് ഇന്ന നിലവാരത്തിൽ വാങ്ങിയതാണ് എന്ന് ഒരാൾ സത്യം ചെയ്തു. ഇതുകേട്ട് വിശ്വസിച്ച്

മററൊരാൾ ചരക്ക് വാങ്ങി. ആ മനുഷ്യനും. അനന്തരം നബി ഇപ്രകാരം ഓതി(നിശ്ചയം തന്റെ പ്രതിജ്ഞയേയും അല്ലാഹുവിനോട് ചെയ്ത കരാറുകളും വിലക്ക് വാങ്ങുന്നവർ). (ബുഖാരി. 3. 40. 547)

1571. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: ഒരിക്കൽ ഒരു മനുഷ്യൻ നടന്നു പോകുമ്പോൾ അയാൾക്ക് അതി കഠിനമായി ദാഹം അനുഭവപ്പെട്ടു. അദ്ദേഹം വഴിവക്കിലുള്ള കിണററിലിറങ്ങി വെള്ളം കുടിച്ച് ശേഷം കിണററിൽ നിന്ന് കയറിപ്പോയതോ ഒരു നായ നാവു നീട്ടി ദാഹം സഹിക്ക വയ്യാതെ മണ്ണ് തിന്നുന്നു!. ആ മനുഷ്യൻ ആത്മഗതം ചെയ്തു. ഞാനനുഭവിച്ചു കൊണ്ടിരുന്ന വിഷമം ഇതാ ഈ നായയും അനുഭവിച്ചുകൊണ്ടിരുന്നു. അദ്ദേഹം കിണററിലിറങ്ങി ഷൂസിൽ വെള്ളം നിറച്ചു വായകൊണ്ട് കടിച്ച് പിടിച്ച് കരക്ക് കയറി. അതു ആ നായയെ കുടിപ്പിച്ചു. അക്കാരണത്താൽ അല്ലാഹു അയാളോടു നന്ദി കാണിക്കുകയും അയാളുടെ പാപങ്ങളിൽ നിന്ന് പൊറുത്തു കൊടുക്കുകയും ചെയ്തു. അനുചരന്മാർ ചോദിച്ചു: പ്രവാചകരേ! നാൽക്കാലികൾക്ക് വല്ല ഉപകാരവും ചെയ്താൽ ഞങ്ങൾക്ക് പ്രതിഫലം ലഭിക്കുമോ! നബി(സ) അരുളി: ജീവനുള്ള ഏതു ജന്തുവിനു ഉപകാരം ചെയ്താലും പ്രതിഫലം ലഭിക്കുന്നതാണ്. (ബുഖാരി. 3. 40. 551)

1572. അസ്മാഅ്(റ) പറയുന്നു: നബി(സ) ഒരു ഗ്രഹണനമസ്കാരം നിർവ്വഹിച്ചു. ശേഷം പ്രസംഗിച്ചുകൊണ്ട് പറഞ്ഞു. നരകം എന്നിലേക്ക് അടുപ്പിക്കപ്പെട്ടു. എന്റെ രക്ഷിതാവേ! ഞാൻ അവരുടെ കൂടെയാണോ എന്ന് ഞാൻ പറഞ്ഞു പോകുന്നതുവരെ. അപ്പോൾ നരകത്തിൽ ഒരു സ്ത്രീയെ ഞാൻ കണ്ടു. ഒരു പൂച്ച അവളെ മാന്തിക്കൊണ്ടിരിക്കുന്നു. ഞാൻ ചോദിച്ചു. എന്താണ് ആ സ്ത്രീയുടെ പ്രശ്നം. അവർ(മലക്കുകൾ)പറഞ്ഞു. അവൾ അതിനെ കെട്ടിയിട്ടു. വിശപ്പ് കാരണം അത് ചാകുന്നതുവരെ. (ബുഖാരി. 3. 40. 552)

1573. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: എന്റെ ആത്മാവിനെ നിയന്ത്രിച്ചു കൊണ്ടിരിക്കുന്നവനെക്കൊണ്ട് സത്യം. സ്വന്തം ജലാശയത്തിൽ നിന്ന് അന്യരുടെ ഒട്ടകങ്ങളെ ആട്ടിയകററും പോലെ ചില ആളുകളെ പരലോകത്തു എന്റെ ജലാശയത്തിൽ നിന്ന് ഞാൻ ആട്ടിയകററും. (ബുഖാരി. 3. 40. 555)

1574. ഇബ്നുഅബ്ബാസ്(റ) നിവേദനം: ഇസ്മായീലിന്റെ മാതാവിന്ന് അല്ലാഹു നന്മ ചെയ്യട്ടെ. അവർ സംസമിനെ ഉപേക്ഷിച്ചിട്ടിരുന്നുവെങ്കിൽ അതൊരു വിശാലമായ തടാകമാവുമായിരുന്നു. അങ്ങനെ ജുർഹും ഗോത്രത്തിലെ ചില ആളുകൾ അതിലെ വന്നു. അവർ പറഞ്ഞു: ഇവിടെ താവളമടിക്കുവാൻ നിങ്ങൾ അനുവാദം തരുമോ? അവർ(മാതാവ്)പറഞ്ഞു: അതെ, എന്നാൽ ജലത്തിൽ നിങ്ങൾക്ക് അവകാശമുണ്ടായിരിക്കുകയില്ല. അവരത് അംഗീകരിച്ചു വെന്ന് നബി(സ) അരുളി: (ബുഖാരി. 3. 40. 556)

1575. അനസ്(റ) നിവേദനം: നബി(സ) ബഹ്റൈനിലെ ഭൂമി അൻസാരികൾക്ക് പതിച്ചുകൊടുക്കുവാൻ ഉദ്ദേശിച്ചു. അവർ പറഞ്ഞു: പ്രവാചകരേ! നിങ്ങൾ അപ്രകാരം ചെയ്യുകയാണെങ്കിൽ ഖുറൈശികളിലെ ഞങ്ങളുടെ സഹോദരങ്ങൾക്കും അതുപോലെ എഴുതികൊടുക്കുക. എന്നാൽ അതിനുള്ള ഭൂമി നബി(സ)യുടെ അടുത്തു ഉണ്ടായിരുന്നില്ല. (ബുഖാരി. 3. 40. 564)

## 46. കടത്തിന്റെ ഇടപാടുകൾ, അവകാശം തടയൽ, പാപ്പരാകൽ

1576. ജാബിർ(റ) നിവേദനം: ഞാൻ നബി(സ)യുടെ കൂടെ ഒരു യുദ്ധത്തിൽ പങ്കെടുത്തു. നബി(സ) എന്നോട് ചോദിച്ചു. നിന്റെ ഒട്ടകത്തെ എനിക്ക് വിൽക്കുന്നുവോ? അതെയെന്ന് ഞാൻ മറുപടി പറഞ്ഞു. അങ്ങനെ ഞാനതു നബി(സ)ക്ക് വിററു. മദീനയിൽ എത്തിയപ്പോൾ പ്രഭാതത്തിൽ ഞാൻ നബി(സ)യുടെ

അടുത്തു ചെന്നു. അപ്പോൾ അതിന്റെ വില നബി(സ) എനിക്ക് നൽകി. (ബുഖാരി. 3. 41. 570)

1577. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: കൊടുത്തു വീട്ടണമെന്നുദ്ദേശിച്ചു കൊണ്ട് ജനങ്ങളോട് വല്ലവനും ധനം കടം വാങ്ങിയാൽ അവന്നു വേണ്ടി അല്ലാഹു അതു കൊടുത്തു വീട്ടും. അതിനെ തിരിച്ചു കൊടുക്കണമെന്ന ഉദ്ദേശമില്ലാതെ വല്ലവനും കടം വാങ്ങിയാൽ അല്ലാഹു അവനെ നശിപ്പിച്ചു കളയും. (ബുഖാരി. 3. 41. 572)

1578. അബൂദർറ്(റ) നിവേദനം: ഞാൻ നബി(സ) യോടൊപ്പം യാത്ര ചെയ്യുകയായിരുന്നു. നബി(സ) ഉഹ്ദ് മല കണ്ടപ്പോൾ അരുളി: ഉഹ്ദ് മല എന്റെ മുമ്പിൽ സ്വർണ്ണമായി മാറി എന്നു വിചാരിക്കുക. എങ്കിൽ പോലും ഒരു ദീനാറെങ്കിലും മൂന്ന് ദിവസത്തിൽ കൂടുതൽ എന്റെയടുക്കലിരിക്കുവാൻ ഞാനിഷ്ടപ്പെടുകയില്ല. വേണ്ടിവന്നാൽ കടം വീട്ടാൻ ഒരു ദീനാറു മാത്രം ഞാൻ സൂക്ഷിച്ചു വെക്കും. ശേഷം നബി(സ) അരുളി: നിശ്ചയം കൂടുതൽ ധനമുള്ളവരാണ് കുറച്ച് പുണ്യം ലഭിക്കുന്നവർ. പക്ഷെ ധനം കൊണ്ട് ഇങ്ങിനെയും ഇങ്ങിനെയും ഇങ്ങിനെയും ചിലവ് ചെയ്തവർ ഒഴികെ. എന്നാൽ അത്തരക്കാർ വളരെ കുറച്ചേ കാണുകയുള്ളൂ. നബി(സ) വീണ്ടും അരുളി: നിങ്ങൾ ഇവിടെതന്നെ നിൽക്കുക. വിദൂരമല്ലാത്ത നിലക്ക് നബി(സ) അൽപം അടികൾ മുമ്പോട്ടു വെച്ചു. ഉടനെ ഞാനൊരു ശബ്ദം കേട്ടു. അപ്പോൾ നബി(സ)യുടെയടുക്കലേക്ക് ചെല്ലാൻ ഞാനുദ്ദേശിച്ചു. പക്ഷെ വരുംവരേക്കും നിങ്ങൾ ഇവിടെത്തന്നെ നിൽക്കുക എന്നു നബി(സ) പറഞ്ഞത് ഞാനോർത്തു. നബി(സ) തിരിച്ചു വന്നപ്പോൾ ദൈവദൂതരേ, ഞാൻ കേട്ട ശബ്ദമെന്തായിരുന്നുവെന്നു ചോദിച്ചു. നബി(സ) ചോദിച്ചു. ആ ശബ്ദം നിങ്ങൾ കേട്ടോ? അതെ എന്ന് ഞാൻ മറുപടി പറഞ്ഞു: നബി(സ) അരുളി: ജിബ്രീൽ എന്റെ അടുത്തുവന്നു. ശേഷം പറഞ്ഞു: നിന്റെ സമുദായത്തിൽ അല്ലാഹുവിൽ യാതൊരു പങ്ക് ചേർക്കാതെ വല്ലവനും മരണപ്പെട്ടാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിച്ചു. ഞാൻ ചോദിച്ചു. ഇന്നിന്ന കുററങ്ങൾ ചെയ്താലും പ്രവേശിക്കുമോ? അതെയെന്ന് അദ്ദേഹം (ജിബ്രീൽ) മറുപടി പറഞ്ഞു. (ബുഖാരി. 3. 41. 573)

1579. ഹുദൈഫ(റ) നിവേദനം: നബി(സ) അരുളി: ഒരാൾ മരണപ്പെട്ടു. അപ്പോൾ നീ എന്താണ് പ്രഖ്യാപിച്ചതെന്ന് അയാൾ ചോദിക്കപ്പെട്ടു. അയാൾ പറഞ്ഞു: ഞാൻ ജനങ്ങളുമായി കച്ചവടം നടത്താറുണ്ട്. കഴിവുള്ളവന്ന് ഞാൻ വിട്ട് വീഴ്ച ചെയ്യും. ഞെരുക്കമുള്ളവനിൽ നിന്ന് ലഘുവാക്കുകയും ചെയ്യും. അപ്പോൾ അയാൾക്ക് മാപ്പ് ചെയ്യപ്പെടും. (ബുഖാരി. 3. 41. 576)

1580. ജാബിർ(റ) നിവേദനം: നബി(സ) പൂർവ്വാഹ്നത്തിൽ പള്ളിയിലിരിക്കുമ്പോൾ ഞാൻ നബി(സ)യുടെ അടുത്തു ചെന്നു. എന്നോട് രണ്ട് റക്അത്ത് നമസ്കരിക്കുവാൻ നബി(സ) അരുളി. എനിക്ക് തന്ന് തീർക്കേണ്ട കടബാധ്യത നബി(സ)ക്ക് ഉണ്ടായിരുന്നു. നബി(സ) കടം വീട്ടുകയും കൂടുതൽ തരികയും ചെയ്തു. (ബുഖാരി. 3. 41. 579)

1581. ആയിശ(റ) പറയുന്നു: നബി(സ) നമസ്കാരത്തിൽ ഇപ്രകാരം പ്രാർത്ഥിക്കാറുണ്ട്. അല്ലാഹുവേ! പാപത്തെ തൊട്ടും കടത്തെ തൊട്ടും ഞാൻ നിന്നോട് രക്ഷ തേടുന്നു. ഒരാൾ ചോദിച്ചു: പ്രവാചകരേ! താങ്കൾ കടത്തിൽ നിന്ന് രക്ഷ തേടുന്നതിനെ വർദ്ധിപ്പിക്കുന്നുവല്ലോ?! നബി(സ) അരുളി: തീർച്ചയായും ഒരു മനുഷ്യൻ കടക്കാരനായാൽ സംസാരിച്ചാൽ കളവ് പറയും. കരാർ ചെയ്താൽ ലംഘിക്കും. (ബുഖാരി. 3. 41. 582)

1582. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: ഇഹത്തിലും പരത്തിലും ഒരു സത്യവിശ്വാസിയുമായി ഏററവും ബന്ധപ്പെട്ടത് ഞാനാണ്. നിങ്ങൾ

ഉദ്ദേശിക്കുന്നുവെങ്കിൽ ഈ ആയത്തു പാരായണം ചെയ്യുക. (സത്യവിശ്വാസികളുമായി അവരുടെ ശരീരത്തെക്കാൾ ബന്ധപ്പെട്ടത് നബിയാണ്) ഏതെങ്കിലുമൊരു സത്യവിശ്വാസി ധനം കൈവശമുള്ള സ്ഥിതിയിൽ മരണമടഞ്ഞു. എങ്കിൽ അവയെ അടുത്ത ബന്ധുക്കൾ - അവരാരാണെങ്കിലും ശരി - ആ ധനം അനന്തരമെടുക്കട്ടെ. വല്ലവനും കടക്കാരനായിക്കൊണ്ടു അല്ലെങ്കിൽ ദരിദ്ര കുടുംബത്തെ വിട്ടുകൊണ്ടു മരണമടഞ്ഞാൽ അവൻ (അവന്റെ രക്ഷാധികാരി)എന്റെയടുക്കൽ വരട്ടെ. ഞാനാണവന്റെ രക്ഷാധികാരി. (ബുഖാരി. 3. 41. 584)

1583. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: വല്ലവനും തന്റെ വസ്തു പാപ്പരായ ഒരുവന്റെ അടുത്ത് കണ്ടാൽ അതിന്ന് അവൻ തന്നെയാണ് ഏററവും അവകാശപ്പെട്ടവൻ. (ബുഖാരി. 3. 41. 587)

1584. മുഗീറ(റ) നിവേദനം: നിശ്ചയം അല്ലാഹു നിങ്ങളുടെ മേൽ മാതാപിതാക്കളെ ഉപദ്രവിക്കലും പെൺകുട്ടികളെ ജീവനോടെ കുഴിച്ചു മൂടലും അവകാശപ്പെട്ടത് കൊടുക്കാതിരിക്കലും അവകാശപ്പെടാത്തത് ചോദിച്ചു വാങ്ങലും ഖാലയും ഖീലയും പറയലും കൂടുതൽ യാചിക്കലും ധനം പാഴാക്കിക്കളയലും നിഷിദ്ധമാക്കിയിരിക്കുന്നു. (ബുഖാരി. 3. 41. 591)

1585. ജാബിർ(റ) നിവേദനം ചെയ്തു. അല്ലാഹുവിന്റെ ദൂതൻ(സ) പലിശ വാങ്ങുന്നയാളേയും പലിശ കൊടുക്കുന്നയാളേയും ആ ഇടപാടു എഴുതുന്നയാളേയും അതിന്റെ രണ്ടു സാക്ഷികളേയും ശപിക്കയും പറയുകയും ചെയ്തു അവർ ഒരുപോലെ ആണ്. (മുസ്‌ലിം)

1586. അബൂഹുറയ്റാ(റ) നിവേദനം ചെയ്തു. അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: പലിശ തിന്നാത്തവരായി ആരും തന്നെ ഇല്ലാതാകുന്ന ഒരു കാലം ജനങ്ങളുടെ മേൽവരും: ഒരുവൻ അതു തിന്നുന്നില്ലെങ്കിലും, അതിന്റെ ആവി അവനിൽ എത്തിച്ചേരും. (അബൂദാവൂദ്)

## 47. വഴക്കുകൾ

1587. അബ്ദുല്ല(റ) നിവേദനം: ഒരു മനുഷ്യൻ ഖുർആനിലെ ഒരു വാക്യം ഓതുന്നതു ഞാൻ കേട്ടു. നബി(സ) ഓതിയ രൂപത്തിന്ന് വ്യത്യസ്ഥമായിക്കൊണ്ട്. ഞാൻ അയാളുടെ കൈപിടിച്ചുകൊണ്ട് നബി(സ)യുടെ അടുക്കൽ ചെന്നു. നബി(സ) അരുളി: നിങ്ങൾ രണ്ടുപേരും ഓതിയത് ശരിയാണ്. നിങ്ങൾ പരസ്പരം ഭിന്നിക്കരുത്. നിങ്ങൾക്ക് മുമ്പുള്ളവർ നശിച്ചത് ഭിന്നിപ്പ് കാരണമാണ്. (ബുഖാരി. 3. 41. 593)

1588. അബൂഹുറൈറ(റ) നിവേദനം: ഒരിക്കൽ ഒരു മുസ്ലിമും ഒരു ജൂതനും തമ്മിൽ ശകാരിച്ചു. മുസ്ലിം പറഞ്ഞു: മനുഷ്യരാശിയിൽ വെച്ച് മുഹമ്മദ്(സ) നെ ഉൽകൃഷ്ടനായിത്തിരഞ്ഞെടുത്ത അല്ലാഹു സത്യം. അപ്പോൾ ജൂതൻ പറഞ്ഞു: മനുഷ്യരാശിയിൽ വെച്ച് മൂസയെ ഉൽകൃഷ്ടനായിത്തിരഞ്ഞെടുത്ത അല്ലാഹു സത്യം. ഉടനെ മുസ്ലിം കൈ പൊക്കി ജൂതന്റെ മുഖത്തടിച്ചു. ജൂതൻ നബി(സ)യുടെ അടുത്ത് ചെന്നു ആവലാതി ബോധിപ്പിക്കുകയും സംഭവം വിവരിക്കുകയും ചെയ്തു. മുസ്ലിമിനെ വിളിച്ചു വരുത്തി സംഭവം അന്വേഷിച്ചപ്പോൾ നടന്നതെല്ലാം അദ്ദേഹവും നബി(സ)യോട് പറഞ്ഞു. നബി(സ) അരുളി: നിങ്ങൾ എന്നെ മൂസയെക്കാൾ ഉൽകൃഷ്ടനാക്കരുത്. നിശ്ചയം മനുഷ്യരെല്ലാം പരലോകത്തു ബോധരഹിതരായി വീഴുമ്പോൾ അക്കൂട്ടത്തിൽ ഞാനും വീഴും. ഏററവുമാദ്യം ബോധം തിരിച്ചു കിട്ടുന്നതെനിക്കായിരിക്കും. ഞാൻ കണ്ണു തുറന്ന് നോക്കുമ്പോൾ മൂസാ(അ)ദൈവിക സിംഹാസനത്തിന്റെ ഒരു ഭാഗം പിടിച്ചുകൊണ്ട് അതാ നിൽക്കുന്നു.! ബോധം അദ്ദേഹത്തിന്ന് എനിക്ക് മുമ്പ് തിരിച്ചു കിട്ടിയതോ അതല്ല അദ്ദഹം തീരെ ബോധം

കെട്ട് വീഴാതെ അല്ലാഹു ഒഴിച്ചു നിറുത്തിയതോ എന്താണെന്ന് എനിക്കറിയുകയില്ല. (ബുഖാരി. 3. 41. 594)

1589. അനസ്(റ) നിവേദനം: ഒരു ജൂതൻ ഒരു പെൺകുട്ടിയുടെ തല രണ്ട് കല്ലുകൾക്കിടയിൽവെച്ച് കുത്തിച്ചതച്ചു. നിന്നെ ഇങ്ങിനെ ചെയ്തത് ആരാണെന്ന് അവളോട് ചോദിക്കപ്പെട്ടു. ഇന്നവനോ, ഇന്നവനോ ആണോ എന്ന്. അവസാനം ജൂതന്റെ പേരെടുത്തു ചോദിച്ചപ്പോൾ അവൻ തന്നെയെന്ന് അവൾ തല കൊണ്ട് ആംഗ്യം കാണിച്ചു. ഉടനെ ജൂതനെ പിടികൂടി അവന്റെ തലയും രണ്ടു കല്ലുകൾക്കിടയിൽ ചതക്കാൻ നബി(സ) കൽപിച്ചു. (ബുഖാരി. 3. 41. 596)

1590. ഉമർ(റ) നിവേദനം: സൂറത്തു ഫുർഖാൻ ഞാൻ ഓതുന്ന ശൈലിയിൽ അല്ലാതെ മറെറാരു രൂപത്തിൽ ഹിശ്ശാമ്ബ്ശ ഹക്കം ഓതുന്നത് ഞാൻ കേട്ടു. അദ്ദേഹത്തെ നമസ്കാരത്തിൽ തന്നെ പിടികൂടാൻ ഞാൻ ആഗ്രഹിച്ചു. എങ്കിലും പിരിയുന്നതുവരെ ഞാൻ അദ്ദേഹത്തിന് താമസം നൽകി. ശേഷം അദ്ദേഹത്തിന്റെ വസ്ത്രം പിടിച്ചു ഞാൻ നബി(സ)യുടെ അടുക്കലേക്ക് കൊണ്ടുപോവുകയും വിവരം നബി(സ)യോട് പറയുകയും ചെയ്തു. നബി(സ) അദ്ദേഹത്തോട് ഓതികേൾപ്പിക്കാൻ പറഞ്ഞു. ഹിശ്ശാമ് ഓതിയപ്പോൾ ഇപ്രകാരം എനിക്ക് അവതരിപ്പിച്ചു തന്നിട്ടുണ്ടെന്ന് നബി(സ) പറഞ്ഞു: പിന്നെ എന്നോട് ഓതുവാൻ പറഞ്ഞു. അപ്പോൾ ഞാൻ ഓതി കേൾപ്പിച്ചു. നബി(സ) അരുളി: ഇപ്രകാരവും എനിക്ക് അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. നിശ്ചയം ഖുർആൻ ഏഴ് അക്ഷരങ്ങളിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. അവയിൽ നിന്ന് നിങ്ങൾക്ക് സാധിക്കുന്ന രൂപത്തിൽ പാരായണം ചെയ്തു കൊള്ളുവീൻ. (ബുഖാരി. 3. 41. 601)

## 48. വീണുകിട്ടിയ വസ്തു

1591. അനസ്(റ) നിവേദനം: വഴിയിൽ വീണു കിടക്കുന്ന ഒരു ഈത്തപ്പഴത്തിന്റെ അരികിലൂടെ നബി(സ) നടന്നു. അവിടുന്ന് പറഞ്ഞു: ഇത് ധർമ്മത്തിൽ പെട്ടതാണോ എന്ന് ഞാൻ ഭയപ്പെട്ടിരുന്നില്ലെങ്കിൽ ഞാൻ ഭക്ഷിക്കുമായിരുന്നു. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: ഞാൻ സ്വകുടുംബത്തിൽ തിരിച്ചു ചെല്ലുമ്പോൾ ഒരു ഈത്തപ്പഴം എന്റെ വിരിപ്പിൽ കിടക്കുന്നത് ചിലപ്പോൾ കാണും. അതു തിന്നാൻ വേണ്ടി ഞാൻ എടുക്കും. അപ്പോൾ അതു സക്കാത്ത് വകയിൽപ്പെട്ടതാണോ എന്ന് ഭയന്നിട്ട് ഞാനത് വർജ്ജിക്കും. (ബുഖാരി. 3. 42. 612)

1592. ഇബ്നുഉമർ(റ) നിവേദനം: നബി(സ) അരുളി: മറെറാരുവന്റെ മൃഗത്തെ അനുവാദമില്ലാതെ ആർക്കും കറക്കുവാൻ പാടില്ല. നിങ്ങളിൽ ആരെങ്കിലും തന്റെ മാളിക മുറിയിൽ ഒരാൾ കയറി തന്റെ ഖജനാവ് തുറന്ന് അതിലെ ഭക്ഷണ വസ്തുക്കൾ മോഷ്ടിക്കപ്പെടുന്നത് തൃപ്തിപ്പെടുമോ? നിശ്ചയം മൃഗങ്ങളുടെ അകിട് അവരുടെ ഭക്ഷണം സൂക്ഷിച്ചുവെക്കുന്ന ഖജനാവാണ്. അതിന്റെ ഉടമസ്ഥന്റെ അനുവാദമില്ലാതെ മൃഗത്തിന്റെ അകിട് കറക്കുവാൻ പാടില്ല. (ബുഖാരി. 3. 42. 614)

## 49. അക്രമവും അപഹരണവും

1593. അബൂസഈദ്(റ) നിവേദനം: നബി(സ) അരുളി: സത്യവിശ്വാസികൾ നരകത്തിൽ നിന്ന് വിമോചിതരായി കഴിഞ്ഞാൽ നരകത്തിനും സ്വർഗ്ഗത്തിനുമിടക്കുള്ള ഒരു പാലത്തിന്മേൽ അവരെ തടഞ്ഞുനിർത്തും. മുൻജീവിതത്തിൽ അവർക്കിടയിൽ നടന്ന അക്രമങ്ങൾക്ക് പ്രതികാരം ചെയ്യും. അങ്ങിനെ അവർ തികച്ചും പരിശുദ്ധത നേടിക്കഴിഞ്ഞാൽ സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ അവർക്കനുവാദം നൽകും. മുഹമ്മദിന്റെ ആത്മാവിനെ നിയന്ത്രിക്കുന്നവൻ തന്നെ സത്യം! സ്വർഗ്ഗത്തിൽ ഒരുക്കി വെച്ചിരിക്കുന്ന വാസസ്ഥലം അവർ തികച്ചും വേർതിരിച്ചു മനസ്സിലാക്കും. ഈ

ലോകത്ത് അവർ താമസിച്ചിരുന്ന വീട്ടിനേക്കാളും വ്യക്തമായി അതവർ മനസ്സിലാക്കും. (ബുഖാരി. 3. 43. 620)

1594. സഫ്‌വാൻ(റ) നിവേദനം: ഇബ്നുഉമർ(റ) കൈപിടിച്ചു നടക്കുമ്പോൾ ഒരു മനുഷ്യൻ പ്രത്യക്ഷപ്പെട്ടു. താങ്കൾ ഗൂഢാലോചനയെ സംബന്ധിച്ച് എന്താണ് നബി(സ) യിൽ നിന്ന് കേട്ടതെന്ന് ചോദിച്ചു. ഇബ്നുഉമർ(റ) പറഞ്ഞു: നബി(സ) പറയുന്നത്. ഞാൻ കേട്ടു. അല്ലാഹു പരലോകത്തു വെച്ച് സത്യവിശ്വാസിയെ തന്നോടടുപ്പിക്കും. അവനെ അല്ലാഹു ഒരു മറക്കുള്ളിലാക്കും. ശേഷം അവനോട് ചോദിക്കും. നീ ചെയ്ത ഇന്നിന്ന കുററങ്ങൾ നിനക്കോർമ്മയുണ്ടോ? അവൻ പറയും. രക്ഷിതാവേ! എനിക്കോർമ്മയുണ്ട്. അങ്ങനെ തന്റെ കുററങ്ങളെല്ലാം അവൻ ഏററുപറയുകയും താൻ നശിച്ചുവെന്ന് അവന് തോന്നിക്കഴിയുകയും ചെയ്യുമ്പോൾ അല്ലാഹു അരുളും. മുൻലോകത്തുവെച്ച് നിന്റെ കുററങ്ങളെ ഞാൻ മറച്ചു വെച്ചിരുന്നു. ഇന്ന് ആ കുററങ്ങളെ നിനക്ക് ഞാൻ മാപ്പ് ചെയ്തു തന്നിരിക്കുന്നു. എന്നിട്ട് അവന്റെ നന്മകൾ രേഖപ്പെടുത്തിയ ഏട് അവന് നൽകും. സത്യനിഷേധിയും കപടവിശ്വാസിയുമാകട്ടെ അവർക്കെതിരെ സാക്ഷികൾ വിളിച്ചു പറയും. തങ്ങളുടെ നാഥനെ നിഷേധിച്ചവർ ഇവരാണ്. അക്രമികൾക്ക് അല്ലാഹുവിന്റെ ശാപം അനുഭവപ്പെടട്ടെ. (ബുഖാരി. 3. 43. 621)

1595. ഇബ്നു ഉമർ(റ) നിവേദനം: നബി(സ) അരുളി: ഒരു മുസ്ലിം മററൊരു മുസ്ലിമിന്റെ സഹോദരനാണ്. അവനെ അക്രമിക്കുകയോ ഒരക്രമിക്ക് ദ്രോഹിക്കാൻ വിട്ടു കൊടുക്കുകയോ ചെയ്യുകയില്ല. വല്ലവനും തന്റെ സഹോദരന്റെ ഒരാവശ്യം സാധിച്ചു കൊടുക്കുവാനുള്ള പരിശ്രമത്തിൽ പ്രവേശിച്ചാൽ അവന്റെ ആവശ്യം അല്ലാഹുവും നിർവ്വഹിച്ച് കൊടുക്കും. വല്ലവനും ഒരു മുസ്ലിമിനെ ബാധിച്ച പ്രയാസത്തിൽ നിന്ന് അവനെ മോചിപ്പിക്കുന്ന പക്ഷം പരലോക ദിവസത്തെ ദു:ഖത്തിൽ നിന്ന് അല്ലാഹു അവനെയും മോചിപ്പിക്കും. ഒരു മുസ്ലിമിന്റെ പോരായ്മകൾ വല്ലവനും മറച്ചു വെക്കുന്ന പക്ഷം പുനരുത്ഥാന ദിവസം അവന്റെ പോരായ്മകൾ അല്ലാഹുവും മറച്ചുവെക്കും. (ബുഖാരി. 3. 43. 622)

1596. അനസ്(റ) നിവേദനം: നബി(സ) അരുളി: നിന്റെ സഹോദരൻ അക്രമിയാണെങ്കിലും അക്രമിക്കപ്പെട്ടവനാണെങ്കിലും നീ അവനെ സഹായിക്കുക. (ബുഖാരി. 3. 43. 623)

1597. അനസ്(റ) നിവേദനം: നബി(സ) അരുളി: നിന്റെ സഹോദരൻ അക്രമിയാണെങ്കിലും അക്രമിക്കപ്പെടുന്നവനാണെങ്കിലും നീ അവനെ സഹായിച്ചുകൊള്ളുക. അനുചരന്മാർ ചോദിച്ചു. അല്ലാഹുവിന്റെ ദൂതരേ! അക്രമിക്കപ്പെടുന്നവനെ (മർദ്ദിതനെ) സഹായിക്കുന്നത് മനസ്സിലാക്കുവാൻ കഴിയും. എന്നാൽ അക്രമിയെ ഞങ്ങൾ എങ്ങിനെ സഹായിക്കും? നബി(സ) അരുളി: അക്രമിയുടെ രണ്ടു കൈയും പിടിക്കുക. (ബുഖാരി. 3. 43. 624)

1598. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: വല്ലവനും തന്റെ സ്നേഹിതന്റെ അഭിമാനത്തെ വ്രണപ്പെടുത്തിക്കൊണ്ടോ മറേറാ ദ്രോഹിച്ചിട്ടുണ്ടെങ്കിൽ ദീനാറും ദിർഹമും ഫലം ചെയ്യാത്ത ദിവസം വരും മുമ്പായി ഈ ലോകത്ത് വെച്ച് തന്നെ മാപ്പ് ചോദിച്ചു തന്റെ പാപത്തിൽ നിന്ന് മോചനം നേടിക്കൊള്ളട്ടെ. അവൻ വല്ല സൽകർമ്മവും ചെയ്തിട്ടുണ്ടെങ്കിൽ ചെയ്ത അക്രമത്തിന്റെ തോതനുസരിച്ച് അതിൽ നിന്നെടുക്കും. അവന്ന് നന്മകളൊന്നുമില്ലെങ്കിലോ അക്രമിക്കപ്പെട്ട സഹോദരന്റെ പാപത്തിൽ ഒരു ഭാഗം ഇവന്റെ മേൽ ചുമത്തും. (ബുഖാരി. 3. 43. 629)

1599. ആയിശ(റ) പറയുന്നു: (വല്ല സ്ത്രീയും അവളുടെ ഭർത്താവിൽ നിന്ന് അകൽച്ചയെ ഭയപ്പെട്ടു അല്ലെങ്കിൽ പിന്തിരിയൽ) (4:128) എന്ന അല്ലാഹുവിന്റെ വചനത്തിന്റെ അർത്ഥം ഒരു പുരുഷൻ ഒരു സ്ത്രീയുടെ അടുത്ത് ഭർത്താവായി

ജീവിക്കുന്നു. കൂടുതലൊന്നും അയാൾക്ക് അവളിൽ നിന്ന് പ്രതീക്ഷിക്കുവാൻ സാധിക്കുന്നില്ല. തൽഫലമായി അവളെ വിട്ടു പിരിയുവാൻ അയാൾ ഉദ്ദേശിക്കുന്നു. അപ്പോൾ അവൾ പറയും. എന്റെ പ്രശ്നത്തിൽ ഞാൻ ചില ഇളവുകൾ നിങ്ങൾക്ക് നൽകാം. എന്നെ നിങ്ങൾ വിവാഹമോചനം ചെയ്യരുത്. ഈ പ്രശ്നത്തിലാണ് ഈ സൂക്തം അവതരിപ്പിക്കപ്പെട്ടത്. (ബുഖാരി. 3. 43. 630)

1600. സഈദ് ബിൻ സൈദ്(റ) നിവേദനം: നബി(സ) അരുളി: വല്ലവനും അന്യന്റെ ഭൂമിയുടെ വല്ല ഭാഗവും അക്രമിച്ചു കൈവശപ്പെടുത്തിയാൽ അതിന്റെ ഏഴിരട്ടി ഭൂമി അവന്റെ കഴുത്തിലണിയിക്കപ്പെടും. (ബുഖാരി. 3. 43. 632)

1601. അബൂസലമ(റ) പറയുന്നു: എന്റെയും ചില മനുഷ്യരുടെയും ഇടയിൽ തർക്കമുണ്ടായി. ആയിശ(റ) യോട് ഈ വിവരം പറയപ്പെട്ടു. അപ്പോൾ അവർ പറഞ്ഞു: അബൂസലമ! നീ ഭൂമിയെ ഉപേക്ഷിക്കുക. നിശ്ചയം നബി(സ) പറയുകയുണ്ടായി. വല്ലവനും ഒരു ചാൺ കണക്കിന്ന് ഭൂമിയിൽ അതിക്രമം ചെയ്താൽ ഏഴ് ഭൂമി അവന്റെ കഴുത്തിൽ അണിയിക്കുന്നതാണ്. (ബുഖാരി. 3. 43. 633)

1602. ഇബ്നു ഉമർ(റ) നിവേദനം: നബി(സ) അരുളി: അന്യായമായി വല്ലവനും ഭൂമിയുടെ വല്ല അംശവും കൈവശപ്പെടുത്തിയാൽ അന്ത്യനാളിൽ ഏഴ് ഭൂമിയിലേക്ക് അവനെ താഴ്ത്തിക്കളയും. (ബുഖാരി. 3. 43. 634)

1603. ജബല്(റ) പറയുന്നു: ഞങ്ങൾ മദീനയിൽ ഇറാഖിലെ ചില ആളുകളുടെ അടുത്ത് താമസിക്കുമ്പോൾ വരൾച്ച ഞങ്ങളെ പിടികൂടി. ഇബ്നു സുബൈർ ഈത്തപ്പഴം ഞങ്ങളെ തീററിക്കാറുണ്ട്. ഒരിക്കൽ ഇബ്നു ഉമർ(റ) ഞങ്ങളുടെ അടുത്തുകൂടി നടന്ന് പോയപ്പോൾ അദ്ദേഹം പറഞ്ഞു. നിശ്ചയം തന്റെ കൂട്ടുകാരന്റെ അനുവാദം കൂടാതെ രണ്ട് കാരക്ക ഒന്നിച്ചെടുത്ത് ഭക്ഷിക്കുന്നത് നബി(സ) വിരോധിച്ചിരിക്കുന്നു. (ബുഖാരി. 3. 43. 635)

1604. ആയിശ(റ) നിവേദനം: നബി(സ) അരുളി: തീർച്ചയായും ജനങ്ങളിൽ വെച്ച് അല്ലാഹുവിങ്കൽ ഏററവും വെറുക്കപ്പെട്ടവൻ കുതർക്കം നടത്തുന്നവനും പിടിവാശിക്കാരനുമാണ്. (ബുഖാരി. 3. 43. 637)

1605. ഉമ്മുസലമ(റ) നിവേദനം: ഒരിക്കൽ നബി(സ) തന്റെ വീട്ടു വാതിൽക്കൽ ഒരു വഴക്ക് കേട്ടു. അവിടുന്ന് അവരുടെയടുക്കലേക്ക് പുറപ്പെട്ടു. നബി(സ) അരുളി: ഞാനൊരു മനുഷ്യൻ മാത്രമാണ്. എന്റെയടുത്ത് ചിലപ്പോൾ ആവലാതിക്കാർ വരും. അവരിൽ ചിലർ ചിലരേക്കാൾ വാക് സാമർത്ഥ്യമുള്ളവരായിരിക്കും. അപ്പോൾ അവർ പറഞ്ഞത് സത്യമാണെന്ന് ഞാൻ ധരിച്ചിട്ട് അവർക്കനുകൂലമായി ഞാൻ വിധിക്കും. വാസ്തവത്തിലോ, ഒരു മുസ്ലിമിന്റെ അവകാശം മററു വല്ലവനും വിട്ടുകൊടുത്തു കൊണ്ട് ഞാൻ വിധി കൽപ്പിക്കുവാൻ ഇടവന്നു പോയെങ്കിൽ അത് അഗതിയുടെ ഒരു കഷ്ണം മാത്രമാണ്. അതവൻ സ്വീകരിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്തുകൊള്ളട്ടെ. (ബുഖാരി. 3. 43. 638)

1606. ഉഖ്ബ(റ) നിവേദനം: ഞങ്ങൾ നബി(സ)യോട് പറഞ്ഞു: താങ്കൾ ഞങ്ങളെ ചിലപ്പോൾ ഏതെങ്കിലുമൊരു ജനതയുടെയടുക്കലേക്കയയ്ക്കും. അവരുടെ അടുക്കൽ ഞങ്ങൾ ചെന്നിറങ്ങുമ്പോൾ അവർ ഞങ്ങളെ സൽക്കരിക്കുകയില്ല. ഇതെക്കുറിച്ച് താങ്കൾ എന്തുപറയുന്നു? അപ്പോൾ നബി(സ) ഞങ്ങളോട് പറഞ്ഞു. നിങ്ങളൊരു ജനതയുടെയടുക്കൽ ചെന്നിട്ട് നിങ്ങളോടവർ അതിഥി മര്യാദ കാണിച്ചാൽ സ്വീകരിച്ചുകൊള്ളുക. എന്നാൽ അവരത് ചെയ്തില്ലെങ്കിലോ അതിഥികൾക്കുള്ള അവകാശം നിങ്ങൾ പിടിച്ചെടുത്തു കൊള്ളുക. (ബുഖാരി. 3. 43. 641)

1607. ഉമർ(റ) പറയുന്നു: നബി(സ)യെ അല്ലാഹു തിരിച്ചുവിളിച്ചപ്പോൾ അൻസാരീങ്ങൾ ബനൂസഈദ് ഗോത്രക്കാരുടെ പൂമുഖത്ത് ഇരുന്നു. ഞാൻ അബൂബക്കറിനോട് പറഞ്ഞു. താങ്കൾ ഞങ്ങളേയുമായി പുറപ്പെടുക. (ബുഖാരി. 3. 43. 642)

1608. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: ഒരു അയൽവാസി തന്റെ അയൽവാസിയുടെ മതിലിലൊരു മരകഷ്ണം നാട്ടുന്നത് തടയരുത്. ശേഷം അബൂഹുറൈറ(റ) പറയാറുണ്ട്. നബി(സ)യുടെ ഈ നിർദ്ദേശത്തെ എന്തുകൊണ്ടാണ് നിങ്ങൾ അവഗണിക്കുന്നത്?! അല്ലാഹു സത്യം. ഞാൻ ഈ നിർദ്ദേശം നിങ്ങളുടെ ചുമലിലേക്ക് എറിഞ്ഞുകൊണ്ടേയിരിക്കും. (ബുഖാരി. 3. 43. 643)

1609. അനസ്(റ) പറയുന്നു: അബൂത്വൽഹത്തിന്റെ വീട്ടിൽ ജനങ്ങളെ കള്ള് കുടിപ്പിക്കുന്നവനായിരുന്നു ഞാൻ. അന്ന് അവരുടെ കള്ള് ഈത്തപ്പഴത്തിൽ നിന്നാണ്. അപ്പോൾ വിളിച്ചു പറയുന്നവനോട് ഇപ്രകാരം വിളിച്ചുപറയുവാൻ നബി(സ) കൽപ്പിച്ചു. അറിയുക, കള്ള് നിഷിദ്ധമാക്കിയിരിക്കുന്നു. അബൂതൽഹത്ത് എന്നോട് പറഞ്ഞു. നീ പുറത്തുപോയി മദ്യത്തെ ഒഴിച്ചു കളയുക. അങ്ങനെ ഞാൻ പുറപ്പെട്ടു അതിനെ ഒഴിച്ചു. മദീനയിലെ തെരുവീഥിയിലൂടെ അത് ഒഴുകുവാൻ തുടങ്ങി. ചിലർ പറഞ്ഞു: കള്ള് വയററിലാക്കിയവരായി ചിലർ വധിക്കപ്പെട്ടുവല്ലോ. അവരുടെ സ്ഥിതി എന്താണ്? അപ്പോൾ അല്ലാഹു ഇറക്കി. (വിശ്വസിക്കുകയും പുണ്യകർമ്മം ചെയ്യുകയും ചെയ്തവർ മുമ്പ് ഭക്ഷിച്ചതിൽ തെററില്ല). (ബുഖാരി. 3. 43. 644)

1610. അബൂസഈദ്(റ) നിവേദനം: നബി(സ) അരുളി: വഴിയരികിൽ ഇരിക്കുന്നത് നിങ്ങൾ സൂക്ഷിക്കുവിൻ. അപ്പോൾ അനുചരന്മാർ പറഞ്ഞു: ഞങ്ങൾക്ക് അതല്ലാതെ മററു സ്ഥലമില്ല. ഞങ്ങളിരുന്നു സംസാരിക്കുന്ന സ്ഥലങ്ങളാണവ. അതിനാൽ അതു ഞങ്ങൾക്ക് അനിവാര്യമാണ്. നബി(സ) അരുളി: അവിടെയല്ലാതെ നിങ്ങൾക്കിരിക്കാൻ സാധ്യമല്ലെങ്കിൽ വഴിക്ക് അതിന്റെ അവകാശം നിങ്ങൾ വിട്ടുകൊടുത്തു കൊള്ളുക. വഴിയുടെ അവകാശം എന്താണെന്ന് അവർ ചോദിച്ചു. നബി(സ) പ്രത്യുത്തരം നൽകി. കണ്ണിനെ നിയന്ത്രിക്കുക, ഉപദ്രവത്തെ നീക്കുക. വല്ലവനും സലാം പറഞ്ഞാൽ സലാം മടക്കുക. നന്മ ഉപദേശിക്കുക, തിന്മ വിരോധിക്കുക. (ബുഖാരി. 3. 43. 645)

1611. അബൂഹുറൈറ(റ) നിവേദനം: ഒരു പൊതുവഴിയുടെ കാര്യത്തിൽ ജനങ്ങൾക്കിടയിൽ തർക്കമുണ്ടായാൽ ഏഴ് മുഴം വഴിക്കുവേണ്ടി നീക്കി വെക്കണമെന്ന് നബി(സ) കൽപ്പിച്ചിരിക്കുന്നു. (ബുഖാരി. 3. 43. 653)

1612. അബ്ദുല്ല(റ) നിവേദനം: പിടിച്ചു പറിയും അംഗങ്ങൾ ഛേദിച്ചു കളയുന്നതും നബി(സ) വിരോധിച്ചിരിക്കുന്നു. (ബുഖാരി. 3. 43. 654)

1613. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: വിശ്വാസിയായിക്കൊണ്ട് ഒരുവൻ വ്യഭിചരിക്കുകയോ കള്ള് കുടിക്കുകയോ മോഷ്ടിക്കുകയോ ജനങ്ങൾ നോക്കി നിൽക്കുന്ന അവസ്ഥയിൽ പിടിച്ചു പറിക്കുകയോ ചെയ്യുകയില്ല. ബുഖാരി പറയുന്നു: ഇതിന്റെ അർത്ഥം ആ സന്ദർഭത്തിൽ അവന്റെ വിശ്വാസം ഊരിയെടുക്കപ്പെടുമെന്നാണ്. (ബുഖാരി. 3. 43. 655)

1614. സലമ(റ) നിവേദനം: ഖൈബർ യുദ്ധ സന്ദർഭത്തിൽ ചിലർ തീ കത്തിക്കുന്നത് നബി(സ) കണ്ടു. എന്തിനാണ് നിങ്ങൾ തീ കത്തിക്കുന്നതെന്ന് നബി(സ) ചോദിച്ചു. നാടൻ കഴുതയുടെ മാംസം പാകം ചെയ്യുവാനാണെന്ന് അനുചരന്മാർ പറഞ്ഞു. നബി(സ) അരുളി: നിങ്ങൾ അതു പൊട്ടിക്കുകയും മാംസം ഒഴുക്കിക്കളയുകയും ചെയ്യുക. അവർ ചോദിച്ചു. ഞങ്ങൾ മാസം ഒഴുക്കിക്കളഞ്ഞു പാത്രം

കഴുകിയെടുക്കട്ടെയോ? നബി(സ) പറഞ്ഞു: നിങ്ങൾ കഴുകിയെടുക്കുവിൻ. (ബുഖാരി. 3. 43. 657)

1615. ഇബ്നുമസ്ഊദ്(റ) നിവേദനം: നബി(സ) മക്കയിൽ പ്രവേശിച്ചു. കഅ്ബ:ക്ക് ചുററും 360 വിഗ്രഹങ്ങൾ ഉണ്ടായിരുന്നു. തന്റെ കൈയ്യിലുണ്ടായിരുന്ന ഒരു വടി കൊണ്ട് നബി(സ) അവയെ കുത്തി. സത്യം വരികയും അസത്യം നീങ്ങുകയും ചെയ്തുവെന്ന് നബി(സ) പറയുന്നുണ്ട്. (ബുഖാരി. 3. 43. 658)

1616. അബ്ദുല്ല(റ) നിവേദനം: വല്ലവനും തന്റെ ധനത്തെ സംരക്ഷിക്കുവാൻ വേണ്ടി പോരാടി മരണമടഞ്ഞാൽ അവൻ രക്തസാക്ഷിയാണ്. (ബുഖാരി. 3. 43. 660)

1617. അനസ്(റ) പറയുന്നു: നബി(സ) തന്റെ ഭാര്യ(ആയിശ)യോടൊപ്പം താമസിക്കുമ്പോൾ സത്യവിശ്വാസികളുടെ മാതാക്കളിലൊരാൾ(സൈനബ) ഒരു പിഞ്ഞാണത്തിൽ അൽപം ഭക്ഷണം ഭൃത്യന്റെ പക്കൽ കൊടുത്തയച്ചു. അപ്പോൾ ആയിശ തന്റെ കൈകൊണ്ട് ആ പാത്രത്തിന് ഒരടി കൊടുത്തു. പാത്രമുടഞ്ഞു. നബി(സ) ആ ഉടഞ്ഞ തുണ്ടുകൾ യോജിപ്പിച്ച് ആഹാരം അതിൽ തന്നെ എടുത്തിട്ടു. എന്നിട്ട് ഇതാ ഭക്ഷിച്ചു കൊള്ളുക എന്നരുളി. ആഹാരം കഴിച്ചിട്ട് തീരും വരേക്കും പിഞ്ഞാണവും കൊണ്ടുപോകാൻ ഭൃത്യനെ നബി(സ) വിട്ടില്ല. ആഹാരത്തിൽ നിന്ന് വിരമിച്ച് കഴിഞ്ഞപ്പോൾ നല്ലൊരു പിഞ്ഞാണം പകരം കൊടുത്തിട്ട് ഭൃത്യനെ പറഞ്ഞയച്ചു. ഉടച്ചത് നബി(സ) അവിടെ വെക്കുകയും ചെയ്തു. (ബുഖാരി. 3. 43. 661)

## 50. പങ്കുചേരൽ

1618. റാഫിഅ്(റ) നിവേദനം: ഞങ്ങൾ നബി(സ)യുടെ കൂടെ അസർ നമസ്കരിക്കാറുണ്ട്. ശേഷം ഒട്ടകത്തെ ഞങ്ങൾ അറുക്കും. തുടർന്ന് അതിനെ പത്ത് ഓഹരിയാക്കും. അങ്ങനെ വേവിച്ച മാംസം സൂര്യൻ അസ്തമിക്കുന്നതിന്റെ മുമ്പായി ഞങ്ങൾ ഭക്ഷിക്കും. (ബുഖാരി. 3. 44. 665)

1619. അബൂമൂസാ(റ) നിവേദനം: യുദ്ധത്തിൽ അശ്അരികളുടെ ആഹാരസാധനങ്ങൾ തീർന്നു. അല്ലെങ്കിൽ മദീനയിലായിരിക്കുമ്പോൾ തന്നെ അവരുടെ കുടുംബത്തിലെ ആഹാരം കുറഞ്ഞു. എങ്കിൽ ഞങ്ങളുടെ പക്കലുള്ളതെല്ലാം കൂടി അവർ ഒരു തുണിയിൽ ശേഖരിക്കും. ശേഷം ഒരളവ് പാത്രവും കൊണ്ട് സമമായി അതവർ പങ്കിട്ടെടുക്കും. അതാണ് അവരുടെ പതിവ്. അവർ എന്നിൽ നിന്നുള്ളവരും ഞാൻ അവരിൽ നിന്നുള്ളവനുമാണ്. (ബുഖാരി. 3. 44. 666)

1620. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: ഒന്നിലധികം പേർക്കു പങ്കുള്ള ഒരടിമയിൽ ഒരാളുടെ പങ്ക് അവൻ മോചിപ്പിച്ചാൽ തന്റെ ധനം വിനിയോഗിച്ച് ആ അടിമയെ പൂർണ്ണമായി മോചിപ്പിക്കേണ്ടത് അവന്റെ ബാധ്യതയാണ്. അവന്റെ പക്കൽ ധനമില്ലെങ്കിലോ ആ അടിമക്ക് നീതിപൂർവ്വം വില കണക്കാക്കണം. അവനെക്കൊണ്ട് ജോലി ചെയ്യിപ്പിച്ച് പണമുണ്ടാക്കി പ്രതിഫലം വാങ്ങി ബാക്കി അവകാശികളും അവരുടെ അവകാശം കൈവിടണം. എന്നാൽ ജോലി ചെയ്യാൻ അവനെ പ്രയാസപ്പെടുത്തരുത്. (ബുഖാരി. 3. 44. 672)

1621. നുഅ്മാൻ(റ) നിവേദനം: നബി(സ) അരുളി: അല്ലാഹുവിന്റെ നിമയപരിധിക്കുള്ളിൽ ജീവിക്കുന്നവന്റെയും ആ പരിധി ലംഘിക്കുന്നവന്റെയും സ്ഥിതി ഒരു സംഘം ആളുകളുടെ സ്ഥിതിപോലെയാണ്. (സീററ് നിർണ്ണയിക്കാൻ വേണ്ടി) അവർ നറുക്കിട്ടു. ചിലർക്ക് കിട്ടിയത് മേലെ തട്ടാണ്. മററ് ചിലർക്ക് കപ്പലിന്റെ താഴെ തട്ടും. താഴെ തട്ടിലിരിക്കുന്നവർ വെള്ളത്തിനാവശ്യം വരുമ്പോൾ മേലെ തട്ടിലിരിക്കുന്നവരുടെ അരികിലൂടെ നടക്കാൻ തുടങ്ങി. താഴെ തട്ടിലുള്ളവർ

പറഞ്ഞു: ഞങ്ങൾ ഓഹരിയിൽപെട്ട സ്ഥലത്ത് ഞങ്ങളൊരു ഓട്ട തുളച്ചാൽ മുകളിലുള്ളവർക്ക് ശല്യമുണ്ടാക്കാതെ കഴിക്കാമായിരുന്നു. താഴെ തട്ടിലുള്ളവരെ അങ്ങനെ പ്രവർത്തിക്കാൻ വിടുന്ന പക്ഷം രണ്ടു കൂട്ടരും ഒന്നായി നശിക്കും. അവരിങ്ങനെ പ്രവർത്തിക്കാതിരിക്കാൻ അവരുടെ കൈ പിടിച്ചാലോ ഇരുവിഭാഗവും രക്ഷപ്പെടുകയും ചെയ്യും. (ബുഖാരി. 3. 44. 673)

1622. അബ്ദുല്ലാഹിബ്നു ഹിശാം(റ) പറയുന്നു: അദ്ദേഹത്തിന്റെ മാതാവ് സൈനബ് അദ്ദേഹത്തെയും കൊണ്ട് ഒരിക്കൽ നബി(സ)യുടെ മുമ്പിൽ ചെന്നു. ശേഷം അവർ പറഞ്ഞു: പ്രവാചകരേ! അവിടുന്ന് ഇവനോട് ബൈഅത്തു ചെയ്താലും. നബി(സ) പറഞ്ഞു: ഇവനൊരു ചെറിയ കുട്ടിയാണല്ലോ. നബി(സ) അവനെ തലോടുകയും കുട്ടിക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. ഈ അബ്ദുല്ലാഹിബ്നു ഹിശാം (പിൽക്കാലങ്ങളിൽ) മാർക്കററിൽ പോയി ആഹാരസാധനങ്ങൾ വാങ്ങി വ്യാപാരം ചെയ്യാറുണ്ടായിരുന്നു. ചിലപ്പോൾ ഇബ്നു ഉമർ(റ), ഇബ്നു സുബൈർ(റ) എന്നിവർ അദ്ദേഹത്തെ കാണുമ്പോൾ പറയും: നിങ്ങൾ വ്യാപാരത്തിൽ ഞങ്ങളെ പങ്കു ചേർത്താൽ കൊള്ളാം. കാരണം നിങ്ങൾക്ക് ബർക്കത്തിന് വേണ്ടി നബി(സ) പ്രാർത്ഥിച്ചിട്ടുണ്ട്. അപ്പോൾ അവരെ അദ്ദേഹം പങ്ക് ചേർക്കും. ചിലപ്പോൾ ഒരൊട്ടകം ചുമന്ന ചരക്ക് അതേ പടി അദ്ദേഹത്തിന് ലാഭമായിക്കിട്ടും. ഉടനെ അതു അദ്ദേഹം വീട്ടിലേക്കയക്കും. (ബുഖാരി. 3. 44. 680)

## 51. പണയം വെക്കൽ

1623. അനസ്(റ) നിവേദനം: ബാർലിക്ക് വേണ്ടി നബി(സ) തന്റെ പടയങ്കി പണയം വച്ചു. നബി(സ)ക്ക് ഞാൻ ബാർലി കൊണ്ട് ഉണ്ടാക്കിയ റൊട്ടിയും പുളിച്ച കറിയും കൊണ്ടുപോയി കൊടുക്കാറുണ്ട്. നബി(സ) അരുളിയതു ഞാൻ കേട്ടിട്ടുണ്ട്. മുഹമ്മദിന്റെ കുടുംബം രാവിലെയോ വൈകുന്നേരമോ പ്രവേശിക്കാറില്ല. ഒരു സ്വാഅ് ഭക്ഷണം ഉടമയാക്കിക്കൊണ്ട് അല്ലാതെ അവർ ഒമ്പത് വീട്ടുകാരും ഉണ്ടായിരിക്കും. (ബുഖാരി. 3. 45. 685)

1624. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: സവാരി ചെയ്യുന്ന മൃഗത്തെ ഒരാൾ പണയം വാങ്ങിയാൽ അതിന് തീററക്കും മററും ചിലവ് ചെയ്യേണ്ടിവരുന്നതുകൊണ്ട് അതിന്മേൽ സവാരി ചെയ്യാം. അപ്രകാരം തന്നെ പാൽ കറന്ന് കുടിക്കുകയും ചെയ്യാം. (ബുഖാരി. 3. 45. 689)

1625. ഇബ്നുഅബ്ബാസ്(റ) പറയുന്നു: കേസിൽ സത്യം ചെയ്യേണ്ടിവന്നാൽ അതു ചെയ്യേണ്ടത് പ്രതിയാണെന്ന് നബി(സ) വിധി കൽപിച്ചിട്ടുണ്ട്. (ബുഖാരി. 3. 45. 691)

## 52. അടിമത്ത മോചനം

1626. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: വല്ലവനും ഒരു മുസ്ലീം അടിമയെ സ്വതന്ത്രനാക്കിയാൽ ആ അടിമയുടെ ഓരോ അംഗത്തിനും പ്രതിഫലമായി ഇവന്റെ അംഗത്തിനും പ്രതിഫലമായി ഇവന്റെ ഓരോ അംശത്തേയും നരകശിക്ഷയിൽ നിന്ന് അല്ലാഹു മോചിപ്പിക്കുന്നതാണ്. സഈദ്ബ്നുമർജാൻ(റ) പറയുന്നു: ഈ ഹദീസുമായി ഞാൻ അലിയ്യ്ബ്നു ഹുസൈൻ(റ)ന്റെ അടുത്ത് ചെന്നു. അപ്പോൾ അദ്ദേഹം അബ്ദുല്ലാഹിബ്നു ജഅ്ഫർ ആയിരം സ്വർണ്ണനാണയം കൊടുത്തു വാങ്ങിയ തന്റെ അടിമയെ മോചിപ്പിച്ചു. (ബുഖാരി. 3. 46. 693)

1627. അബൂദർറ്(റ) പറയുന്നു: ഏററവും പുണ്യമുള്ള പ്രവർത്തനമേതെന്ന് നബി(സ)യോട് ഞാൻ ചോദിച്ചു. അവിടുന്ന് അരുളി: അല്ലാഹുവിലുള്ള വിശ്വാസവും അവന്റെ മാർഗ്ഗത്തിൽ സമരം ചെയ്യലുമാണ്. ഞാൻ ചോദിച്ചു. ഏത് അടിമയാണ് മോചിപ്പിക്കുവാൻ കൂടുതൽ നല്ലത്? നബി(സ) പറഞ്ഞു: ഉടമസ്ഥന്റെ പക്കൽ

കൂടുതൽ വിലപിടിച്ച അടിമ. ഞാൻ വീണ്ടും ചോദിച്ചു. അതിന് എനിക്ക് കഴിവില്ലെങ്കിലോ? കൈത്തൊഴിൽ ചെയ്തു ജീവിക്കുന്ന ഒരുത്തനെ നീ സഹായിക്കുക. അല്ലെങ്കിൽ തൊഴിലറിയാത്തവന് തൊഴിൽ പരിശീലിപ്പിച്ചു കൊടുക്കുക. നബി(സ) പ്രത്യുത്തരം നൽകി. അതിനും കഴിവില്ലെങ്കിലോ എന്ന് ഞാൻ ആവർത്തിച്ചു. നബി(സ) അരുളി: മനുഷ്യർക്ക് ദ്രോഹമേൽപ്പിക്കാതെ അവരെ അവരുടെ പാട്ടിൽ വിട്ടേക്കുക. നിന്റെ ആത്മാവിന് നൽകുന്ന വലിയൊരു ദാനമാണിത്. (ബുഖാരി. 3. 46. 694)

1628. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: എന്റെ അനുയായികളുടെ ഹൃദയത്തിൽ ഉദിച്ചുകൊണ്ടിരിക്കുന്ന വിചാരങ്ങളനുസരിച്ച് പ്രവർത്തിക്കുകയോ സംസാരിക്കുകയോ ചെയ്യാത്തകാലത്തോളം അല്ലാഹു അവർക്ക് മാപ്പ് നൽകും. (ബുഖാരി. 3. 46. 705)

1629. ഹക്കീം(റ) നിവേദനം:അജ്ഞാനകാലത്തു അദ്ദേഹം നൂറ് അടിമകളെ മോചിപ്പിക്കുകയും നൂറ് ഒട്ടകങ്ങളെ കഴിവില്ലാത്തവർക്ക് ദാനം നൽകുകയും ചെയ്യുകയുണ്ടായി. ഇസ്ലാം സ്വീകരിച്ച ശേഷം നൂറ് ഒട്ടകങ്ങളെ സവാരിക്ക് വിട്ടുകൊടുക്കുകയും നൂറ് അടിമകളെ മോചിപ്പിക്കുകയും ചെയ്തു. ഞാൻ നബി(സ)യോട് ചോദിച്ചു: പ്രവാചകരേ! ഞാൻ ജാഹിലിയ്യാ കാലത്തു അനുഷ്ഠിച്ച പുണ്യകർമ്മങ്ങൾക്ക് എനിക്ക് പ്രതിഫലം ലഭിക്കുമോ? നബി(സ) അരുളി: നീ നന്മയിൽ നിന്ന് പ്രവർത്തിച്ചതിന്റെ കൂടെ മുസ്ലീമായിരുന്നു. (അതിനാൽ പ്രതിഫലം ലഭിക്കുന്നതാണ്). (ബുഖാരി. 3. 46. 715)

1630. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി. പുണ്യകർമ്മം ചെയ്യുന്ന അടിമക്ക് രണ്ടു പ്രതിഫലമുണ്ട്. (അബൂഹുറൈറ(റ) പറയുന്നു. എന്റെ ആത്മാവിനെ നിയന്ത്രിക്കുന്നവൻ തന്നെയാണ് സത്യം. അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള ജിഹാദും ഹജ്ജും എന്റെ ഉമ്മാക്കുള്ള നന്മ ചെയ്യലും ഇല്ലായിരുന്നുവെങ്കിൽ ഞാൻ അടിമയായി മരിക്കുവാൻ ഇഷ്ടപ്പെടുമായിരുന്നു. (ബുഖാരി. 3. 46. 724)

1631. അബൂഹുറൈറ(റ) നിവേദനം:നബി(സ) അരുളി: നിങ്ങളിൽ ആരും തന്നെ നിന്റെ തമ്പുരാന് (റബ്ബിന്ന്) ആഹാരം കൊടുക്കൂ, നിന്റെ തമ്പുരാന് വുളു ഉണ്ടാക്കാൻ സഹായിക്കൂ എന്നൊന്നും പറയരുത്. എന്റെ യജമാനൻ (സയ്യിദ്) എന്റെ ഉടയോൻ (മൗലായ്യ) എന്നോ മറ്റൊ പറഞ്ഞു കൊള്ളട്ടെ. അപ്രകാരം തന്നെ നിങ്ങളിൽ ആരും തന്നെ എന്റെ അടിമ എന്റെ വെള്ളാട്ടി എന്നും പറയരുത്. എന്റെ ഭൃത്യൻ, എന്റെ പരിചാരകൻ എന്നെല്ലാം പറഞ്ഞുകൊള്ളട്ടെ. (ബുഖാരി. 3. 46. 728)

1632. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: നിങ്ങളിൽ വല്ലവന്റെയും അടുക്കൽ സ്വഭൃത്യൻ ആഹാരവുമായി വന്നാൽ അവനെ കൂടിയിരുത്തിയില്ലെങ്കിൽ ഒന്നോ രണ്ടോ പിടി ഭക്ഷണം അവന്ന് നൽകുകയെങ്കിലും ചെയ്യട്ടെ. അതു അധ്വാനിച്ച് പാകം ചെയ്തത് അവനാണല്ലോ. (ബുഖാരി. 3. 46. 732)

## 53. പാരിതോഷികം – അതിന്റെ ശ്രേഷ്ഠത, അതിനുള്ള പ്രേരണ

1633. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: അല്ലയോ മുസ്ലിം സ്ത്രീകളെ! ഒരു അയൽവാസിനി മറേറ അയൽവാസിനിക്ക് വല്ലതും സമ്മാനിച്ചാൽ അതിനെ അവൾ താഴ്ത്തിക്കാണിക്കരുത്. പാരിതോഷികമായി നൽകിയത് ഒരാട്ടിന്റെ കുളമ്പാണെങ്കിലും ശരി. (ബുഖാരി. 3. 47. 740)

1634. ആയിശ(റ) നിവേദനം: അവർ ഉർവ്വാ(റ) യോട് പറഞ്ഞു: എന്റെ സഹോദരിപുത്രാ! നിശ്ചയം ഞങ്ങൾ ചന്ദ്രപ്പിറവി കാണും. പിന്നെയും ഒരു ചന്ദ്രപ്പിറവി

കാണും. അങ്ങനെ മൂന്ന് ചന്ദ്രപ്പിറവികൾ കണ്ടുകൊണ്ട് രണ്ടു പൂർണ്ണമാസം കടന്നുപോകും. എന്നാലും നബി(സ)യുടെ വീടുകളിൽ തീയും പുകയുമുണ്ടായിരിക്കുകയില്ല. ഉർവ(റ) അപ്പോൾ ആയിശ(റ) യോട് ചോദിച്ചു: എന്റെ മാതൃസഹോദരി, എങ്കിൽ നിങ്ങളെങ്ങിനെയാണ് ജീവിക്കുക?! ആയിശ(റ) പറഞ്ഞു: രണ്ടു കറുത്ത സാധനങ്ങൾ – ഈത്തപ്പഴവും പച്ചവെള്ളവും – പക്ഷെ നബി(സ)ക്ക് അയൽവാസികളായി ചില അൻസാരികളും അവർക്ക് പാൽ കറക്കുന്ന ചില മൃഗങ്ങളുമുണ്ടായിരുന്നു. അവയുടെ പാൽ നബി(സ)ക്ക് അവർ സമ്മാനിക്കും. അവിടുന്ന് അതിൽ നിന്ന് ഒരംശം ഞങ്ങൾക്ക് നൽകും. (ബുഖാരി. 3. 47. 741)

1635. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: ഒരു മൃഗത്തിന്റെ കയ്യോ കാലോ എനിക്ക് വല്ലവനും സമ്മാനമായി നൽകിയാൽ ഞാനതു സ്വീകരിക്കും. വല്ലവനും ഒരു മൃഗത്തിന്റെ കയ്യോ കാലോ തിന്നാൻ എന്നെ വിളിച്ചാൽ ഞാനാ വിളിക്ക് ഉത്തരം നൽകും. (ബുഖാരി. 3. 47. 742)

1636. അനസ്(റ) പറയുന്നു: മർദള്ളഹ്റാൻ എന്ന സ്ഥലത്തുവെച്ച് ഞങ്ങളൊരു മുയലിനെ ഇളക്കിവിട്ടു. ആളുകൾ അതിന്റെ പിന്നാലെ ഓടി ക്ഷീണിച്ചു പോയി. അവസാനം ഞാൻ അതിനെ പിടികൂടി അബൂത്വൽഹത്തിന്റെയടുക്കൽ കൊണ്ടു വന്നു. അദ്ദേഹം അതിനെ അറുത്തു. അതിന്റെ തുട രണ്ടും നബി(സ)ക്ക് കൊടുത്തയച്ചു. നബി(സ) അതു സ്വീകരിച്ചു. നബി(സ) അതിൽ നിന്ന് ഭക്ഷിച്ചുവോ എന്ന് ഞാൻ(ഒരു നിവേദകൻ)ചോദിച്ചു. അതെയെന്ന് അദ്ദേഹം മറുപടി പറഞ്ഞു. (ബുഖാരി. 3. 47. 746)

1637. ആയിശ(റ) നിവേദനം: ആയിശ(റ) യുടെ ദിവസത്തിൽ അനുചരന്മാർ സമ്മാനം നൽകുവാൻ ശ്രദ്ധിക്കാറുണ്ട്. നബി(സ)യുടെ തൃപ്തിയായിരുന്നു അവർ അതുകൊണ്ട് കാംക്ഷിച്ചിരുന്നത്. (ബുഖാരി. 3. 47. 748)

1638. ഇബ്നുഅബ്ബാസ്(റ) പറയുന്നു: ഇബ്നുഅബ്ബാസ്(റ)ന്റെ മാതൃസഹോദരി ഉമ്മുഹുഫൈദ് നബി(സ)ക്ക് കുറച്ച് പാൽക്കട്ടിയും നെയ്യും ഉടുമ്പ് മാംസവും സമ്മാനമായി നല്കി. നബി(സ) പാൽക്കട്ടിയും നെയ്യും കഴിച്ചു. അറപ്പ് കാരണം ഉടുമ്പിന്റെ മാംസം കഴിച്ചില്ല. ഇബ്നുഅബ്ബാസ്(റ) പറയുന്നു: എന്നാൽ നബി(സ)യുടെ മുമ്പിലുള്ള സുപ്രയിൽ വെച്ച് മററുള്ളവർ അത് തിന്നു. അതു നിഷിദ്ധമാണെങ്കിൽ നബി(സ)യുടെ സുപ്രയിൽ വെച്ച് മററുള്ളവർ തിന്നുകയില്ലായിരുന്നു. (ബുഖാരി. 3. 47. 749)

1639. അബൂഹുറൈറ(റ) നിവേദനം: നബി(സ)യുടെ അടുത്തു വല്ല ഭക്ഷണസാധനവും കൊണ്ട് വരപ്പെട്ടാൽ അത് ദാനമാണോ അതല്ല എനിക്കുള്ള സമ്മാനമാണോ എന്ന് ചോദിക്കും. ദാനമാണെന്ന് പറഞ്ഞാൽ നിങ്ങൾ തിന്നുകൊള്ളുവീൻ എന്ന് അനുചരന്മാരോട് പറയും. നബി(സ) ഭക്ഷിക്കുകയില്ല. സമ്മാനമാണെന്ന് പറയപ്പെട്ടാൽ വേഗത്തിൽ അതു അവരുടെ കൂടെ ഭക്ഷിക്കും. (ബുഖാരി. 3. 47. 750)

1640. അനസ്(റ) നിവേദനം: ഒരിക്കൽ നബി(സ)യുടെ അടുത്തു കുറച്ച് മാംസം കൊണ്ട് വരപ്പെട്ടു. അതു ബരീറക്ക് ദാനമായി ലഭിച്ചതാണെന്ന് പറയപ്പെട്ടു. നബി(സ) പറഞ്ഞു. അവൾക്കത് ദാനമായി ലഭിച്ചതാണെങ്കിൽ നമുക്കിപ്പോൾ സമ്മാനമായി മാറിയിരിക്കുന്നു. (ബുഖാരി. 3. 47. 752)

1641. ഉമ്മുഅത്വിയ്യ(റ) പറയുന്നു: നബി(സ) ഒരിക്കൽ ആയിശ(റ) യുടെ അടുത്ത് പ്രവേശിച്ചു. അവിടുന്ന് ചോദിച്ചു; നിങ്ങളുടെ അടുത്ത് എന്തെങ്കിലും ഉണ്ടോ? ഇല്ലെന്ന് അവർ മറുപടി പറഞ്ഞു: സകാത്തിൽ നിന്ന് ഉമ്മുഅത്വിയ്യക്ക് ലഭിച്ച ആട്ടിന്റെ മാംസത്തിൽ നിന്ന് അവർ സമ്മാനമായി നൽകിയതു ഒഴികെ. നബി(സ) പറഞ്ഞു: അതു അനുവദനീയമായിരിക്കുന്നു. (ബുഖാരി. 3. 47. 753)

1642. ആയിശ(റ) നിവേദനം: എന്റെ ദിവസം സമ്മാനം നൽകുവാൻ ജനങ്ങൾ പ്രത്യേകം ശ്രദ്ധി ക്കാറുണ്ടായിരുന്നു. ഉമ്മു സലമ(റ) പറയുന്നു: എന്റെ സ്നേഹിതകൾ ഇതിനെതിരായി ഒരുമിച്ച് കൂടി നബി(സ)യോട് പറഞ്ഞു. അവിടുന്ന് അവരിൽ നിന്ന് പിന്തിരിഞ്ഞു. (ബുഖാരി. 3. 47. 754)

1643. അനസ്(റ) നിവേദനം: നബി(സ) സുഗന്ധദ്രവ്യം സമ്മാനമായി ലഭിച്ചാൽ അതൊരിക്കലും നിരസിക്കാറുണ്ടായിരുന്നില്ല. (ബുഖാരി. 3. 47. 756)

1644. ആയിശ(റ) നിവേദനം: നബി(സ) ഒരു യാത്രക്ക് ഉദ്ദേശിച്ചാൽ തന്റെ ഭാര്യമാർക്കിടയിൽ നറുക്കിടും. നറുക്ക് വീഴുന്ന് പത്നിയെ നബി(സ) കൂടെ കൊണ്ടുപോകും. നബി(സ) ഓരോ ഭാര്യക്കും ഓരോ രാവും പകലും ഊഴമായി നിശ്ചയിച്ചിരുന്നു. നബി(സ)യുടെ തൃപ്തി കാംക്ഷിച്ചുകൊണ്ട് തന്റെ ദിവസം ആയിശ(റ)ക്ക് വിട്ടുകൊടുത്തിരുന്നു. (ബുഖാരി. 3. 47. 766)

1645. ആയിശ(റ) നിവേദനം: ഞാൻ പറഞ്ഞു: പ്രവാചകരേ! എനിക്ക് രണ്ടു അയൽവാസികൾ ഉണ്ട്. ഞാൻ അവരിൽ ആർക്കാണ് സമ്മാനം നൽകുവാൻ ഏററവും അവകാശപ്പെട്ടത്? നബി(സ) അരുളി: നീയുമായി വാതിൽ ഏററവും അടുത്തവൾക്ക്. (ബുഖാരി. 3. 47. 767)

1646. മിസ്വർ(റ) പറയുന്നു: നബി(സ) തന്റെ അനുയായികൾക്കിടയിൽ കുറെ ഓവർ കോട്ടുകൾ വിതരണം ചെയ്തു. മഖ്റമക്ക് അതിൽ ഒന്നും കൊടുത്തില്ല. മഖ്റമ: പറഞ്ഞു: മകനെ വരൂ. നമുക്ക് നബി(സ)യുടെയടുക്കൽ പോകാം. അങ്ങനെ ഞാൻ കൂടെപോയി. അകത്തു കടന്നു നബി(സ) ഒരു ഓവർകോട്ടുമായി മഖ്റമയുടെ അടുത്തേക്ക് വന്നു. ഇതു നാം നിങ്ങൾക്കുവേണ്ടി മാററി വെച്ചിരുന്നതാണ്. എന്ന് നബി(സ) അരുളി. മഖ്റമ: അതിലേക്ക് സന്തോഷത്തോട് കൂടി നോക്കി. നബി(സ) പറഞ്ഞു: മഖ്റമക്ക് സംതൃപ്തിയായി. (ബുഖാരി. 3. 47. 771)

1647. ഇബ്നുഉമർ(റ) പറയുന്നു: നബി(സ) ഒരിക്കൽ ഫാത്വിമാ(റ) യുടെ വീട്ടിൽ ചെന്നു. അകത്തു പ്രവേശിച്ചില്ല. അലി വന്നപ്പോൾ ഫാത്വിമ അദ്ദേഹത്തോട് വിവരം പറഞ്ഞു. അലി(റ) അതു നബിയോട് പറഞ്ഞു. നബി(സ) അരുളി: ഞാനവളുടെ വാതിൽക്കൽ ചിത്രപ്പണികളുള്ള ഒരു വിരി കണ്ടു. ഭൗതികാഢംബരങ്ങളുമായി എനിക്കെന്തു ബന്ധം? അലി(റ) ഫാത്വിമ(റ) യുടെ അടുത്തു ചെന്ന് ഈ വിവരം അവരോട് പറഞ്ഞു. അപ്പോൾ ഫാത്തിമ(റ) ഞാനെന്ത് വേണമെന്ന് നബി(സ) എന്നോട് കൽപ്പിച്ചാലും. അലി(റ) പറഞ്ഞു: ഇന്നയാളുടെ വീട്ടിലേക്ക് അതുകൊടുത്തയക്കുക. അവർക്കത് വല്ല ആവശ്യവും കാണും എന്ന് നബി(സ) അരുളിയിട്ടുണ്ട്. (ബുഖാരി. 3. 47. 783)

1648. അലി(റ) നിവേദനം: നബി(സ) എനിക്കൊരു പട്ടുവസ്ത്രം സമ്മാനമായി നൽകി. ഞാനതു ധരിച്ചു. അപ്പോൾ നബി(സ)യുടെ മുഖത്ത് കോപത്തെ ഞാൻ കണ്ടു. ഉടനെ ഞാനതു എന്റെ കുടുംബത്തിലെ സ്ത്രീകൾക്ക് മുറിച്ചു കൊടുത്തു. (ബുഖാരി. 3. 47. 784)

1649. അനസ്(റ) നിവേദനം: ഒരു ജൂതസ്ത്രീ നബി(സ)ക്ക് വിഷം കലർത്തിയ ആട്ടിന്റെ മാംസം പാരിതോഷികം നൽകി. നബി(സ) അതിൽ നിന്ന് തിന്നു. ഞങ്ങൾ അവളെ വധിക്കട്ടെയോ എന്ന് ചോദിക്കപ്പെട്ടു. പാടില്ലെന്ന് നബി(സ) പറഞ്ഞു. അനസ്(റ) പറയുന്നു: നബി(സ)യുടെ ചെറുനാക്കിൽ അതിന്റെ ശല്യം ദർശിച്ചു കൊണ്ടിരുന്നു. (ബുഖാരി. 3. 47. 786)

1650. അബ്ദുറഹ്മാനുബ്നു അബീബക്കർ(റ) നിവേദനം: ഒരിക്കൽ ഒരു യാത്രയിൽ നബി(സ)യുടെ കൂടെ ഞങ്ങൾ 130 പേരുണ്ടായിരുന്നു. നിങ്ങളാരുടെയെങ്കിലും

പക്കൽ വല്ല ഭക്ഷണവുമുണ്ടോ എന്ന് നബി(സ) ചോദിച്ചു. ഒരാളുടെ കയ്യിൽ ഏതാണ്ടൊരു സാഅ് ധാന്യമുണ്ടായിരുന്നു. അതു പൊടിച്ചു. ഒരു ഉയരമുള്ള ബഹുദൈവ വിശ്വാസി കുറെ ആടുകളെ തെളിച്ചു കൊണ്ടു ആ വഴിക്ക് വന്നു. വില്പനക്കോ സമ്മാനമോ എന്ന് നബി(സ) ചോദിച്ചു. വിൽപ്പനക്കാണെന്ന് അയാൾ മറുപടി പറഞ്ഞു. ഒരു ആടിനെ നബി(സ) വിലക്ക് വാങ്ങി എന്നിട്ടത് അറുത്തു. കരളെടുത്തു ചുടുവാൻ നബി(സ) കൽപ്പിച്ചു. അല്ലാഹു സത്യം! ആ 130 പേർക്കും ആ കരളിൽ നിന്നും നബി(സ) ഓരോ കഷ്ണം മുറിച്ചു കൊടുത്തു. സദസ്സിലുള്ളവർക്ക് കയ്യിൽ കൊടുക്കുകയും ഇല്ലാത്തവർക്ക് പ്രത്യേകം കരുതി വെക്കുകയും ചെയ്തു. അവസാനം അതിന്റെ മാംസം രണ്ടു പാത്രങ്ങളിലാക്കി എല്ലാവരും വയറു നിറയുന്നതുവരെ തിന്നു. എന്നിട്ടും രണ്ടുപാത്രങ്ങളിലും ബാക്കി വന്നു. അതു ഞങ്ങൾ ഒട്ടകപ്പുറത്തു വഹിച്ചുകൊണ്ടുപോയി. അല്ലെങ്കിൽ നിവേദകൻ പറഞ്ഞതുപോലെ. (ബുഖാരി. 3. 47. 787)

1651. അസ്മാഅ്(റ) നിവേദനം: നബി(സ)യുടെ കാലത്തു എന്റെ മാതാവ് എന്റെയടുക്കൽ വന്നു. അവരന്ന് ബഹുദൈവ വിശ്വാസിനിയായിരുന്നു. എന്നിൽ നിന്ന് ഔദാര്യം പ്രതീക്ഷിച്ചുകൊണ്ട് എന്റെ ഉമ്മ വന്നിട്ടുണ്ട്. ഉമ്മാക്ക് വല്ലതും നൽകാൻ എനിക്ക് പാടുണ്ടോയെന്ന് ഞാൻ നബി(സ)യോട് ചോദിച്ചു നബി(സ) അരുളി: നിന്റെ മാതാവിനോട് ബന്ധം പുലർത്തിപ്പോരുക. (ബുഖാരി. 3. 47. 789)

1652. ജാബിർ(റ) പറയുന്നു: ഉംറാ സമ്പ്രദായമനുസരിച്ചു ഒരു വസ്തു ഒരാൾക്ക് സമ്മാനം നൽകിയാൽ അതു സമ്മാനം ചെയ്യപ്പെട്ടവന്റെതു തന്നെയാണ് എന്ന് നബി(സ) വിധികൽപ്പിച്ചിരിക്കുന്നു. (ബുഖാരി. 3. 47. 793)

1653. ആയിശ(റ) നിവേദനം: ഒരിക്കൽ ഐമൻ(റ) അവരുടെ വീട്ടിൽ ചെന്നു. പരുക്കൻ നൂലുകൊണ്ട് നെയ്ത ഒരു കുപ്പായമാണ് ആയിശ(റ) ധരിച്ചിരുന്നത്. അതിന്റെ വില അഞ്ച് വെള്ളി നാണയമായിരുന്നു. എന്റെ പരിചാരികയെ നിങ്ങളൊന്നു ശ്രദ്ധിച്ചുനോക്കൂ. വീട്ടിൽ ഇരിക്കുമ്പോൾ ഈ വസ്ത്രം ധരിക്കുന്നത് അവൾക്ക് പോരായ്മയാണ്. നബി(സ)യുടെ കാലത്തു ഇതുപോലെ ഒരു കുപ്പായം എനിക്കുണ്ടായിരുന്നു. മദീനയിൽ വെച്ച് വിവാഹവേളയിലും മററും ചമയിക്കപ്പെടുന്ന ഒരു പെണ്ണും ഇതു വായ്പ ചോദിച്ചുകൊണ്ട് എന്റെയടുക്കലേക്ക് ആളെ അയക്കാതിരുന്നിട്ടില്ല. എന്നു ആയിശ(റ) പറഞ്ഞു. (ബുഖാരി. 3. 47. 796)

1654. അനസ്(റ) പറയുന്നു: മക്കയിൽ നിന്ന് മുഹാജിറുകൾ മദീനയിൽ വന്നപ്പോൾ അവരുടെ കൈകളിൽ ഒന്നും തന്നെയുണ്ടായിരുന്നില്ല. അൻസാരികൾ ഭൂവുടമകളും തോട്ടമുടമകളുമായിരുന്നു. കൃഷിക്കുവേണ്ട ചിലവും അധ്വാനവും മുഹാജിറുകൾ വഹിക്കുമെന്നും അൻസാരികളുടെ തോട്ടങ്ങളിൽ ഓരോ വർഷവുമുണ്ടാകുന്ന പഴങ്ങളിൽ പകുതി അവർക്ക് കൊടുക്കുമെന്നുമുള്ള വ്യവസ്ഥയിൽ അൻസാരികൾ തങ്ങളുടെ സ്വത്തുകളിൽ മുഹാജിറുകളെ പങ്കു ചേർത്തു. അനസ്(റ)ന്റെ മാതാവ് ഉമ്മുസുലൈം അബ്ദുല്ലയുടെയും മാതാവായിരുന്നു. അവർ നബി(സ)ക്ക് കുറെ ഈത്തപ്പനകൾ വിട്ടുകൊടുത്തിരുന്നു. നബി(സ) യാകട്ടെ ഉസാമത്തിന്റെ മാതാവും മുമ്പ് നബി(സ)യുടെ ദാസിയുമായിരുന്ന ഉമ്മു ഐമനിന് അവ നൽകി. അനസ്(റ) പറയുന്നു: നബി(സ)യെ ഖൈബർ യുദ്ധത്തിൽ നിന്നും വിരമിച്ച് മദീനയിൽ തിരിച്ചെത്തിയപ്പോൾ അൻസാരി കൾ പഴം പറിക്കാൻ വിട്ടുകൊടുത്തിരുന്ന ഈത്തപ്പനകൾ അൻസാരികൾക്കു തന്നെ തിരിച്ചു കൊടുത്തു. (അനസിന്റെ മാതാവ് വിട്ടുകൊടുത്തിരുന്ന ഈത്തപ്പനകൾ കൈവശം വെച്ചിരുന്ന)ഉമ്മുഐമിനിന് തൽസ്ഥാനത്തു നബി(സ) തന്റെ തോട്ടത്തിൽ നിന്നും കുറെ ഈത്തപ്പനകൾ കൊടുത്തു. (ബുഖാരി. 3. 47. 799)

1655. അബ്ദുല്ലാഹിബ്നു അംറ്(റ) നിവേദനം: നബി(സ) അരുളി: ഏതെങ്കിലുമൊരു കർമ്മത്തിന്റെ പ്രതിഫലം കാംക്ഷിച്ചും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാണെന്നു മനസ്സിലാക്കിക്കൊണ്ടും ചെയ്താൽ അല്ലാഹു അവനെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കാതിരിക്കുകയില്ല. അങ്ങനെയുള്ള 40 സംഗതികളുണ്ട്. അവയിലേററവും മേന്മയേറിയത് പാൽ കറക്കുന്ന ആടിനെ ദാനമായി നൽകലാണ്. ഹസ്സൻ പറയുന്നു. സലാം മടക്കൽ, തുമ്മിയാൽ സ്തുതിക്കൽ, വഴിയിൽ നിന്ന് ഉപദ്രവകാരിയായ വസ്തുക്കളെ നീക്കം ചെയ്യൽ എന്നിവ അവയിൽ ഞങ്ങൾ എണ്ണുകയുണ്ടായി. 15 സംഗതികൾ മാത്രമേ ഞങ്ങൾക്ക് എത്തിക്കുവാൻ സാധിച്ചുള്ളൂ. (ബുഖാരി. 3. 47. 800)

1656. ആയിഷ(റ) നിവേദനം ചെയ്തു. പ്രവാചകൻ(സ) പറഞ്ഞു: അന്യോന്യം സമ്മാനങ്ങൾ നൽകുക, എന്തുകൊണ്ടെന്നാൽ സമ്മാനങ്ങൾ പക എടുത്തുകളയുന്നു. (തിർമിദി)

1657. ഉസാമ(റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: ആരൊരുവന് നന്മചെയ്കയും അയാൾ നന്മചെയ്തയാളോട് അല്ലാഹു നിങ്ങൾക്കു പ്രതിഫലം തരട്ടെ എന്നു പറകയും ചെയ്താൽ അവൻ സ്തുതിക്കുന്നതിൽ അവന്റെ കഴിവ് മുഴുവൻ ചെയ്തുകഴിഞ്ഞു. (തിർമിദി)

## 54. സാക്ഷികൾ

1658. ആയിശ(റ) നിവേദനം: അവരെക്കുറിച്ച് കുററാരോപണം പ്രചരിച്ചപ്പോൾ നബി(സ) അലി(റ) യെയും ഉസാമ(റ) യെയും വിളിച്ചു വരുത്തി. വഹ്യ് വരാൻ താമസിച്ചപ്പോൾ തന്റെ ഭാര്യയുമായുള്ള ബന്ധം വേർപ്പെടുത്തുന്ന കാര്യത്തിൽ കൂടിയാലോചിക്കാൻ വേണ്ടിയാണവരെ വിളിച്ചത്. അപ്പോൾ ഉസാമ(റ) പറഞ്ഞു: അങ്ങയുടെ ഭാര്യയാണവർ അവരെക്കുറിച്ച് നല്ലതല്ലാതെ ഞങ്ങൾ മനസ്സിലാക്കുന്നില്ല. ബരീറ പറഞ്ഞു. ചെറുപ്രായക്കാരിയായ ഒരു പെൺകുട്ടിയെന്ന നിലക്ക് ചിലപ്പോൾ മാവ് കുഴച്ച് വെച്ച് ഉറക്കം തൂങ്ങുകയും ആട് വന്ന് അത് തിന്നുകയും ചെയ്യാറുണ്ട് എന്നതൊഴിച്ച് മറെറാരു പോരായ്മയും അവരിൽ ഞാൻ കണ്ടിട്ടില്ല. അപ്പോൾ നബി(സ) പറഞ്ഞു: എന്റെ കുടുംബത്തിന്റെ പേരിൽ അപരാധം ചുമത്തി എന്നെ ദ്രോഹിച്ചവനെതിരിൽ നടപടിയെടുക്കുന്നതിൽ എന്നെ സഹായിക്കുവാനാരുണ്ട്? അല്ലാഹു സത്യം! എന്റെ കുടുംബത്തിൽ നന്മയല്ലാതെ ഞാൻ മനസ്സിലാക്കുന്നില്ല. പിന്നീടുള്ളത് ഒരു പുരുഷന്റെ കഥയാണ്. വാസ്തവത്തിൽ അദ്ദേഹവും നല്ലതു പ്രവർത്തിച്ചതായിട്ടല്ലാതെ എനിക്കറിവില്ല. (ബുഖാരി. 3. 48. 805)

1659. ഇബ്നു ഉമർ(റ) നിവേദനം: നബി(സ) യും ഉബയ്യ്ബ്നു കഅ്ബും ഇബ്നുസ്വയ്യാദ് വിശ്രമിക്കുന്ന ഈത്തപ്പനത്തോട്ടത്തെ ഉദ്ദേശിച്ചുകൊണ്ട് പുറപ്പെട്ടു. നബി(സ) അവിടെ പ്രവേശിച്ചപ്പോൾ ഈത്തപ്പന തടികളെ മറയാക്കിക്കൊണ്ട് നടക്കുവാൻ തുടങ്ങി. അവൻ തന്നെ കാണാതെ അവന്റെ വർത്തമാനം കണ്ടു കേൾക്കുവാനാണ് നബി(സ) അങ്ങനെ ചെയ്തത്. അവൻ ഒരു വിരിപ്പിൽ ചെരിഞ്ഞുകിടക്കുകയാണ്. അവൻ അതിൽ ചുണ്ട് അനക്കി സംസാരിക്കുന്നുണ്ട്. ഇബ്നുസ്വയാദിന്റെ മാതാവ് നബി(സ)യെ കാണുകയും കുട്ടീ! ഇതാ മുഹമ്മദ് എന്ന് പറയുകയും ചെയ്തു. അപ്പോൾ ഇബ്നു സ്വയ്യാദ് എഴുന്നേററ് നിന്നു. നബി(സ) പറഞ്ഞു. അവൾ അവനെ വർജ്ജിച്ചിരുന്നുവെങ്കിൽ യാഥാർത്ഥ്യം പ്രകടമാകുമായിരുന്നു. (ബുഖാരി. 3. 48. 806)

1660. ഉമർ(റ) നിവേദനം: അദ്ദേഹം പറഞ്ഞു: തീർച്ചയായും നബി(സ)യുടെ കാലത്തു ചില പുരുഷന്മാരെ വഹ്യിന്റെ അടിസ്ഥാനത്തിൽ (അവരുടെ രഹസ്യം മനസ്സിലാക്കി) പിടികൂടിയിരുന്നു. എന്നാൽ വഹ്യ് അവസാനിച്ചിരിക്കുന്നു. അതിനാൽ നിങ്ങൾ

പ്രവർത്തനങ്ങളിൽ നമുക്ക് ബാഹ്യമായതിന്റെ അടിസ്ഥാനത്തിലാണ് നാം നിങ്ങളെ പിടികൂടുക. വല്ലവനും നല്ലതു പ്രകടമാക്കിയാൽ നാം അവനെ വിശ്വസിക്കുകയും അടുപ്പിക്കുകയും ചെയ്യും. അവന്റെ രഹസ്യം യാതൊന്നും തന്നെ നമുക്കറിയില്ല. അല്ലാഹു അവന്റെ രഹസ്യത്തിന്റെ അടിസ്ഥാനത്തിൽ അവനെ വിചാരണ ചെയ്യും. വല്ലവനും തിന്മ നമുക്ക് പ്രകടമാക്കിയാൽ നാം അവനെ വിശ്വസിക്കുകയില്ല. സത്യപ്പെടുത്തുകയുമില്ല. അവന്റെ രഹസ്യം നല്ലതാണെന്ന് അവൻ പ്രഖ്യാപിച്ചാലും. (ബുഖാരി. 3. 48. 809)

1661. ആയിശ(റ) നിവേദനം: അഫ്‌ലഹ് എന്റെ അടുത്തു പ്രവേശിക്കുവാൻ സമ്മതം ചോദിച്ചു. ഞാൻ അദ്ദേഹത്തിന് സമ്മതം നൽകിയില്ല. ഞാൻ നിന്റെ പിതൃസഹോദരൻ ആയിട്ടും നീ എന്നിൽ നിന്ന് മറ സ്വീകരിക്കുകയാണോ?! എന്ന് അദ്ദേഹം ചോദിച്ചു. ഞാൻ ചോദിച്ചു. അതെങ്ങനെയാണ് നിങ്ങൾ എന്റെ പിതൃവ്യനായത്? അദ്ദേഹം പറഞ്ഞു. എന്റെ സഹോദരന്റെ ഭാര്യ നിനക്ക് മുല തരികയുണ്ടായി. ആയിശ(റ) പറയുന്നു: ഇതിനെക്കുറിച്ച് നബി(സ)യോട് ഞാൻ ചോദിച്ചു. അപ്പോൾ അവിടുന്ന് അരുളി: അഫ്‌ലഹ് പറഞ്ഞതു യാഥാർത്ഥ്യമാണ്. നീ അദ്ദേഹത്തിനുള്ള അനുവാദം നൽകുക. (ബുഖാരി. 3. 48. 812)

1662. ഇബ്നുഅബ്ബാസ്(റ) നിവേദനം: ഹംസയുടെ പുത്രിയെക്കുറിച്ച് നബി(സ) പറഞ്ഞു: അവൾ എനിക്ക് അനുവദനീയമല്ല. മുലകുടി മൂലം രക്തബന്ധം കൊണ്ട് നിഷിദ്ധമാകുന്നത് നിഷിദ്ധമാകുന്നതാണ്. അവൾ മുലകുടി ബന്ധത്തിലൂടെ എന്റെ സഹോദരന്റെ പുത്രിയാണ്. (ബുഖാരി. 3. 48. 813)

1663. ആയിശ(റ) നിവേദനം: നബി(സ) അവരുടെ അടുക്കലിരിക്കുമ്പോൾ ഹഫ്സയുടെ വീട്ടിലേക്ക് പ്രവേശിക്കുവാൻ ഒരു പുരുഷൻ അനുവാദം ചോദിക്കുന്നത് അവർ കേട്ടു. ഞാൻ പറഞ്ഞു: പ്രവാചകരേ! മുലകുടിബന്ധത്തിലുള്ള ഹഫ്സ:യുടെ പിതൃവ്യനാണ് അയാളെന്ന് ഞാൻ വിചാരിക്കുന്നു. നബി(സ) അരുളി: അതെ, തീർച്ചയായും പ്രസവം മൂലം നിഷിദ്ധമാവുന്നത് മുലകുടി മൂലം നിഷിദ്ധമാകും. (ബുഖാരി. 2646)

1664. ആയിശ(റ) നിവേദനം: നബി(സ) ഒരിക്കൽ എന്റെ അടുത്ത് കയറി വന്നപ്പോൾ എന്റെ അടുത്ത് ഒരു പുരുഷനുണ്ടായിരുന്നു. ഇദ്ദേഹം ആരാണെന്ന് നബി(സ) എന്നോട് ചോദിച്ചു. മുലകുടി ബന്ധത്തിലുള്ള എന്റെ സഹോദരനാണെന്ന് ഞാൻ പറഞ്ഞു. നബി(സ) പറഞ്ഞു: ആയിശ! നിങ്ങളുടെ സഹോദരന്മാരെ സംബന്ധിച്ച് നിങ്ങൾ ശരിക്കും അന്വേഷിക്കണം. നിശ്ചയം വിശപ്പ് അടങ്ങുന്ന നിലക്ക് മുലകുടിച്ചാലാണ് ബന്ധം സ്ഥാപിതമാകുന്നത്. (ബുഖാരി. 3. 48. 814)

1665. ഇംറാൻ(റ) നിവേദനം: നബി(സ) അരുളി: നിങ്ങളിൽ ഉൽകൃഷ്ടന്മാർ എന്റെ തലമുറയാണ്, ശേഷം അവരുമായി അടുത്തത്, ശേഷം അവരുമായി അടുത്തവർ. ഇംറാൻ പറയുന്നു. രണ്ടോ അതല്ല മൂന്നോ എന്ന് നബി(സ) പറഞ്ഞതു എനിക്കറിയുകയില്ല. നബി(സ) പറഞ്ഞു: നിങ്ങൾക്ക് ശേഷം ഒരു സമൂഹം വരും. അവർ വഞ്ചകന്മാരാണ്. വിശ്വസിക്കപ്പെടുകയില്ല. അവർ സാക്ഷികളാകും. എന്നാൽ സാക്ഷികളാകുവാൻ ആവശ്യപ്പെടുകയില്ല. പ്രതിജ്ഞ ചെയ്യും. എന്നാൽ പൂർത്തിയാക്കുകയില്ല. തീററിയിലും കുടിയിലും വിശാലത കാണിക്കുന്ന സ്വഭാവം അവരിൽ പ്രകടമാകും. (ബുഖാരി. 3. 48. 819)

1666. അനസ്(റ) പറയുന്നു: മഹാപാപങ്ങളെക്കുറിച്ച് പ്രവാചകൻ ചോദിക്കപ്പെട്ടു. അവിടുന്ന് അരുളി: അല്ലാഹുവിൽ പങ്ക് ചേർക്കുക, മാതാപിതാക്കളെ ദ്രോഹിക്കുക, വധിക്കുക, കളവിന് സാക്ഷി നിൽക്കുക. (ബുഖാരി. 3. 48. 821)

1667. അബൂബക്കറത്ത്(റ) നിവേദനം: നബി(സ) അരുളി: ഏററവും വലിയ പാപം ഏതാണെന്ന് ഞാൻ നിങ്ങൾക്ക് പറഞ്ഞു തരട്ടെയോ? ഇപ്രകാരം മൂന്ന് പ്രാവശ്യം നബി(സ) ചോദിച്ചു. അപ്പോൾ അതെ ദൈവദൂതരേ, ഞങ്ങൾക്കതു വിവരിച്ചു തന്നാലും എന്ന് അനുചരന്മാർ മറുപടി പറഞ്ഞു. നബി(സ) അരുളി: അല്ലാഹുവിൽ പങ്കു ചേർക്കൽ, മാതാപിതാക്കളെ ഉപദ്രവിക്കുക. നബി(സ) ഇപ്രകാരം അരുളുമ്പോൾ ഒരു തലയിണയിൽ ചാരിക്കൊണ്ടിരിക്കുകയായിരുന്നു. നബി(സ) നിവർന്നിരുന്നിട്ട് അരുളും: അസത്യം പറയൽ. നബി(സ) അതു ആവർത്തിച്ചുകൊണ്ടിരുന്നു. അവിടുന്ന് മൗനം പാലിച്ചിരുന്നുവെങ്കിൽ നന്നായിരുന്നേനെയെന്ന് ഞങ്ങൾക്ക് തോന്നുന്നതുവരെ. (ബുഖാരി. 3. 48. 822)

1668. ആയിശ(റ) നിവേദനം: നബി(സ) ഒരു മനുഷ്യൻ പള്ളിയിൽ വെച്ച് ഖുർആൻ ഓതുന്നത് കേട്ടു. അപ്പോൾ നബി(സ) പറഞ്ഞു. അല്ലാഹു അദ്ദേഹത്തിന് നന്മ ചെയ്യട്ടെ. ഞാൻ മറന്നിരുന്ന ഇന്ന ഇന്ന ആയത്തുകൾ അദ്ദേഹം എന്നെ ഓർമ്മപ്പെടുത്തി. മറെറാരു നിവേദനത്തിൽ പറയുന്നു. നബി(സ) ഒരിക്കൽ എന്റെ വീട്ടിൽ വെച്ച് തഹജ്ജുദ് നമസ്കരിക്കുമ്പോൾ അബ്ബാദ് പള്ളിയിൽ നിന്നും നമസ്കരിക്കുന്ന ശബ്ദം നബി(സ) കേട്ടു. നബി(സ) അരുളി; ആയിശാ! അബ്ബാദിന്റെ ശബ്ദമാണോ ഈ കേൾക്കുന്നത്. അതേയെന്ന് ഞാൻ മറുപടി പറഞ്ഞപ്പോൾ നബി(സ) ഇപ്രകാരം പ്രാർത്ഥിച്ചു. അല്ലാഹുവേ! നീ അബ്ബാദിനെ അനുഗ്രഹിക്കേണമേ!(ബുഖാരി. 3. 48. 823)

1669. അബൂബക്കറത്ത്(റ) തന്റെ പിതാവിൽ നിന്ന് നിവേദനം: ഒരു മനുഷ്യൻ നബി(സ)യുടെ അടുക്കൽ വെച്ച് മറെറാരു മനുഷ്യനെ സ്തുതിച്ചു പറഞ്ഞു. അപ്പോൾ നബി(സ) പറഞ്ഞു: നിനക്ക് നാശം. നിന്റെ സ്നേഹിതനെ നീ കഴുത്തു മുറിച്ചു കളഞ്ഞു. ഇതു പല പ്രാവശ്യം നബി(സ) ആവർത്തിച്ചു. ശേഷം നബി(സ) തുടർന്നു. നിങ്ങളിലാർക്കെങ്കിലും തന്റെ സഹോദരനെ പ്രശംസിക്കുക തന്നെ വേണമെന്നുണ്ടെങ്കിൽ ഇന്നയാൾ ഇന്ന പ്രകാരമാണെന്ന് ഞാൻ വിചാരിക്കുന്നത്. അവന്റെ യഥാർത്ഥ നില അല്ലാഹുവിന് മാത്രമെ അറിവുള്ളൂ. അല്ലാഹുവിനെ കവച്ചുവെച്ചുകൊണ്ട് ആരെയും ഞാൻ പ്രശംസിക്കുന്നില്ല. അവന്റെ നിലപാട് ഇന്നിന്നതാണെന്നാണ് ഞാൻ വിചാരിക്കുന്നത്. അതുതന്നെയും മററവനെക്കുറിച്ച് ഇവന് ശരിയായ അറിവുണ്ടെങ്കിൽ മാത്രം. (ബുഖാരി. 3. 48. 830)

1670. അബൂമൂസ(റ) നിവേദനം: ഒരു മനുഷ്യൻ മറെറാരു മനുഷ്യനെ അമിതമായി പ്രശംസിക്കുന്നത് നബി(സ) കേട്ടു. അപ്പോൾ നബി(സ) അരുളി: താങ്കൾ അയാളുടെ മുതുകിനെ പൊട്ടിച്ചുകളഞ്ഞുവല്ലോ. (ബുഖാരി. 3. 48. 831)

1671. ഇബ്നു അബ്ബാസ്(റ) നിവേദനം: ഹിലാല്ബ്നു ഉമയ്യ തന്റെ ഭാര്യയുടെ പേരിൽ വ്യഭിചാര കുററാരോപണം നടത്തി. ശരീഖ്ബ്നുസഹമാഅ്ന്റെ പേരിലായിരുന്നു ആരോപണം. അപ്പോൾ നബി(സ) പറഞ്ഞു: തെളിവ് ഹാജരാക്കണം. അല്ലെങ്കിൽ നിന്നെ ശിക്ഷിക്കും. അപ്പോൾ അദ്ദേഹം പറഞ്ഞു: പ്രവാചകരേ! ഞങ്ങളിൽ ഒരാൾ തന്റെ ഭാര്യയുടെ മേൽ മറെറാരു പുരുഷനെ കണ്ടാൽ തെളിവന്വേഷിച്ച് പുറപ്പെടുകയോ? നബി(സ) പറഞ്ഞു. നീ തെളിവ് ഹാജരാക്കണം. അല്ലെങ്കിൽ ശിക്ഷിക്കപ്പെടും. അപ്പോൾ ളിആനിന്റെ സൂക്തം അവതരിക്കപ്പെട്ടു. സൂറത്ത് നൂർ(24) (ബുഖാരി. 3. 48. 837)

1672. ഇബ്നുമസ്ഊദ്(റ) പറയുന്നു. നബി(സ) അരുളി: ഒരുവന്റെ സ്വത്ത് അന്യായമായി കൈവശപ്പെടുത്തുവാൻ വല്ലവനും സത്യം ചെയ്താൽ അല്ലാഹുവിനെ കോപിഷ്ഠനായിക്കൊണ്ട് അവൻ കണ്ടുമുട്ടുന്നു. (ബുഖാരി. 3. 48. 839)

1673. അബൂഹുറൈറ(റ) പറയുന്നു. നബി(സ) ഒരു ജനതയോട് സത്യം ചെയ്യാനാവശ്യപ്പെട്ടു. അപ്പോൾ ഓരോരുത്തരും സത്യം ചെയ്യാൻ ധൃതി കാണിച്ചു.

അന്നേരം ആരാണ് ആദ്യം ചെയ്യേണ്ടതെന്ന് തീരുമാനിക്കാൻ വേണ്ടി നറുക്കിടുവാൻ നബി(സ) കൽപ്പിച്ചു. (ബുഖാരി. 3. 48. 840)

1674. ഇബ്നുഉമർ(റ) നിവേദനം: നബി(സ) അരുളി: വല്ലവനും സത്യം ചെയ്യുന്നപക്ഷം അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്യട്ടെ. അല്ലെങ്കിൽ മൗനം ദീക്ഷിക്കട്ടെ. (ബുഖാരി. 3. 48. 844)

1675. സയ്ദ് നിവേദനം: ഹയ്റയിലെ ജൂതപണ്ഡിതൻ രണ്ടു അവധികളിൽ ഏതാണ് മൂസ പൂർത്തിയാക്കിയതെന്ന് എന്നോട് ചോദിച്ചു. ഞാൻ പറഞ്ഞു. അറബികളുടെ പണ്ഡിതനോട് ചോദിക്കുന്നതുവരെ എനിക്ക് അതിനെക്കുറിച്ച് ജ്ഞാനമില്ല. അങ്ങനെ ഞാൻ പുറപ്പെട്ടു. ഇബ്നുഅബ്ബാസ്(റ) നോട് ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു. വർദ്ധിച്ചതും നല്ലതുമായ അവധി അല്ലാഹുവിന്റെ ദൂതൻ പറഞ്ഞാൽ അപ്രകാരം പ്രവർത്തിക്കും. (ബുഖാരി. 3. 48. 849)

1676. ഇബ്നുഅബ്ബാസ്(റ) നിവേദനം: അദ്ദേഹം പറയുന്നു. മുസ്ലിം സമൂഹമേ, നിങ്ങൾ എങ്ങിനെ വേദക്കാരോട് മതവിധി അന്വേഷിക്കും. നിങ്ങളുടെ പ്രവാചകന് ഇറക്കപ്പെട്ട വേദഗ്രന്ഥമാണ് അല്ലാഹുവിൽ നിന്നുള്ള നൂതന വർത്തമാനം ഉൾക്കൊള്ളുന്നത്. മനുഷ്യന്റെ വാക്കുകൾ അതിൽ കലരാത്ത നിലക്ക് നിങ്ങളത് പാരായണം ചെയ്യുന്നു. ജൂത-ക്രിസ്ത്യാനികൾ തങ്ങളുടെ വേദഗ്രന്ഥം മാററി മറിക്കുകയും അവരുടെ ഹസ്തങ്ങൾകൊണ്ട് അല്ലാഹു എഴുതിയത് തിരുത്തുകയും ചെയ്തിട്ടുണ്ട്. അല്ലാഹു നിങ്ങളോട് പ്രസ്താവിക്കുന്നുണ്ട്. അങ്ങനെ അവർ പറഞ്ഞു. (ഇത് അല്ലാഹുവിങ്കൽ നിന്നുള്ളതാണ്. അതിനെ തുച്ഛമായ വിലക്ക് അവ വാങ്ങുവാൻ വേണ്ടി) നിങ്ങൾക്ക് ലഭിച്ച ജ്ഞാനം അവരോട് ചോദിക്കുന്നതിനെ നിങ്ങളോട് വിരോധിക്കുന്നില്ലേ? എന്നാൽ അവരിൽ ഒരു മനുഷ്യരും നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിൽ നിന്ന് ചോദിച്ചു പഠിപ്പിക്കുന്നത് ഞാൻ കാണുന്നുമില്ല. അല്ലാഹു സത്യം. (ബുഖാരി. 3. 48. 850)

## 55. യോജിപ്പ് (സന്ധി)

1677. അനസ്(റ) നിവേദനം: താങ്കൾ അബ്ദുല്ലാഹിബ്നു ഉബയ്യുത്തിന്റെ അടുക്കലേക്ക് പുറപ്പെട്ടാലും എന്ന് നബി(സ)യോട് പറയപ്പെട്ടു. അപ്പോൾ ഒരു കഴുതപ്പുറത്ത് കയറി അവന്റെ അടുക്കലേക്ക് നബി(സ) പുറപ്പെട്ടു. മുസ്ലിംകളും നബി(സ)യുടെ കൂടെ കാൽനടയായി പുറപ്പെട്ടു. അതു ഒരു ചതുപ്പ് സ്ഥലമായിരുന്നു. നബി(സ) അവനെ സമീപിച്ചപ്പോൾ എന്നിൽ നിന്ന് നീ അകന്നു നിൽക്കുക. അല്ലാഹു സത്യം! താങ്കളുടെ കഴുതയുടെ ദുർഗന്ധം എന്നെ ഉപദ്രവിക്കുന്നു. ഉടനെ അൻസാരികളിൽ പെട്ട ഒരാൾ പറഞ്ഞു. അല്ലാഹു സത്യം! നബിയുടെ കഴുതക്കാണ് നിന്നെക്കാൾ നല്ല വാസനയുള്ളത്. അപ്പോൾ അബ്ദുല്ലക്ക് വേണ്ടി അയാളുടെ സമുദായത്തിലെ ഒരു മനുഷ്യൻ കോപിച്ചു. അൻസാരിക്ക് വേണ്ടി അദ്ദേഹത്തിന്റെ സമുദായത്തിൽ പെട്ടവരും അങ്ങനെ ഈത്തപ്പനയുടെ മടൽകൊണ്ടും കൈകൾ, ചെരിപ്പ് എന്നിവ കൊണ്ടും തല്ല് നടന്നു. താഴെ പറയുന്ന സൂക്തം ഈ സംഭവത്തിലാണ് അവതരിപ്പിക്കപ്പെട്ടത്. (സത്യവിശ്വാസികളിൽ നിന്ന് ഇരുവിഭാഗം തമ്മിൽ കലഹമുണ്ടായാൽ നിങ്ങൾ അവരുടെ ഇടയിൽ യോജിപ്പുണ്ടാക്കുക. ഹുജ്റാത്ത്: 9). (ബുഖാരി. 3. 49. 856)

1678. ഉമ്മുകുൽസും(റ) നിവേദനം: നബി(സ) അരുളി: ജനങ്ങൾക്കിടയിൽ സന്ധിയുണ്ടാക്കുവാൻ വേണ്ടി അവാസ്തവമായ സംഗതികൾ പറയുന്നവൻ കള്ളം പറയുന്നവനല്ല. അവന്റെ വാർത്ത വർദ്ധിപ്പിക്കുകയും അല്ലെങ്കിൽ നല്ലതു പറയുകയും ചെയ്യുന്നു. (ബുഖാരി. 3. 49. 857)

1679. സഹ്ല്(റ) നിവേദനം: ഖുബാ വാസികൾ ശണ്ഠകൂടി പരസ്പരം കല്ലെറിയാൻ തുടങ്ങി. നബി(സ)യോട് ഈ വാർത്ത പറയപ്പെട്ടു. അപ്പോൾ നബി(സ) അരുളി: നിങ്ങൾ എന്നെയുമായി പുറപ്പെടൂ. നമുക്ക് അവർക്കിടയിൽ സന്ധിയുണ്ടാക്കാം. (ബുഖാരി. 3. 49. 858)

1680. ആയിശ(റ) പറയുന്നു:(വല്ല സ്ത്രീയും അവളുടെ ഭർത്താവിൽ നിന്ന് പിണക്കത്തെ ഭയപ്പെടുന്നു. അല്ലെങ്കിൽ പിന്തിരിയലിനെ) (4:128) എന്ന ആയത്ത് ആ പുരുഷനെ സംബന്ധിച്ച് അവതരിക്കപ്പെട്ടതാണ്. അയാൾ തന്റെ ഭാര്യയിൽ വാർദ്ധക്യം പോലെ തന്നെ ആകർഷിപ്പിക്കാത്തത് കാണുന്നു. അതിനാൽ അവളിൽ നിന്ന് അകലാൻ അയാൾ ഉദ്ദേശിക്കുന്നു. അപ്പോൾ അവൾ പറയും: നിങ്ങൾ എന്നെ വിവാഹമോചനം ചെയ്യരുത്. നിങ്ങൾ ഉദ്ദേശിക്കുന്ന ഓഹരി എനിക്ക് നിങ്ങൾ നൽകുക. ആയിശ(റ) പറയുന്നു: അവർ രണ്ടുപേരും തൃപ്തിപ്പെടുന്ന പക്ഷം അപ്രകാരം ഒരു യോജിപ്പിൽ എത്തുന്നതിന് വിരോധമില്ല. (ബുഖാരി. 3. 49. 859)

1681. ആയിശ(റ) നിവേദനം: നബി(സ) അരുളി: നമ്മുടെ ഈ പ്രശ്നത്തിൽ വല്ലവനും ഇതിൽ ഇല്ലാത്തത് പുതിയതായി നിർമ്മിച്ചാൽ അതു തള്ളപ്പെടുന്നതാണ്. (ബുഖാരി. 3. 49. 861)

1682. ബറാഅ്(റ) പറയുന്നു: നബി(സ) ഹുദൈബിയ്യ:യിലെ ആളുകളുമായി യോജിപ്പുണ്ടാക്കിയപ്പോൾ അലി(റ) കരാർ വ്യവസ്ഥ എഴുതുവാൻ തുടങ്ങി. അല്ലാഹുവിന്റെ ദൂതൻ മുഹമ്മദ് എന്ന് അദ്ദേഹം എഴുതി. അപ്പോൾ മുശ്രിക്കുകൾ പറഞ്ഞു. നീ അപ്രകാരം എഴുതുവാൻ പാടില്ല. നീ പ്രവാചകനാണെങ്കിൽ ഞങ്ങൾ നിന്നോട് യുദ്ധം ചെയ്യുമായിരുന്നില്ല. നബി(സ) അലി(റ) യോട് പറഞ്ഞു: നീ അത് മായ്ച്ചുകളയുക. അലി(റ) പറഞ്ഞു: ഞാനതു മായ്ച്ചുകളയുവാനാളല്ല. അപ്പോൾ നബി(സ) തന്നെ തന്റെ കൈ കൊണ്ട് അതു മായ്ച്ച് കളഞ്ഞു. ശേഷം താനും തന്റെ അനുയായികളും മൂന്നു ദിവസം മക്കയിൽ താമസിക്കുകയുള്ളൂ എന്നതിന്റെ അടിസ്ഥാനത്തിൽ കരാർ എഴുതി. ഉറയിലിട്ട വാളല്ലാതെ മറ്റൊരായുധവും കൊണ്ടുവരികയില്ലാ എന്നും വ്യവസ്ഥ ചെയ്തു. (ബുഖാരി. 3. 49. 862)

1683. ബറാഅ്(റ) നിവേദനം: ഹുദൈബിയ്യ ദിവസം നബി(സ) മൂന്നു വ്യവസ്ഥയിൽ മുശ്രിക്കുകളുമായി യോജിപ്പുണ്ടാക്കി. മുശ്രിക്കുകളിൽ നിന്ന് വല്ലവനും മുസ്ലിമായി നബിയുടെ അടുത്തു വന്നാൽ തിരിച്ചയക്കണം. എന്നാൽ മുസ്ലിംകളിൽ നിന്ന് വല്ലവനും മുശ്രിക്കുകളെ സമീപിച്ചാൽ തിരിച്ചയക്കേണ്ടതില്ല. അടുത്തവർഷം ഉംറക്ക് വരിക. മൂന്നു ദിവസം മാത്രം മക്കയിൽ താമസിക്കുക. നിരായുധരായി മക്കയിൽ പ്രവേശിക്കുക. വാളും വില്ലും ഉറയിൽ നിക്ഷേപിക്കുക. അപ്പോൾ അബൂജൻദൽ തന്റെ ചങ്ങല വലിച്ചിഴച്ചുകൊണ്ട് വന്നു. നബി(സ) കരാർ പ്രകാരം അദ്ദേഹത്തെ തിരിച്ചുകൊടുത്തു. (ബുഖാരി. 3. 49. 863)

1684. അനസ്(റ) നിവേദനം: റുബയ്യഅ് എന്ന മഹതി ഒരു അടിമസ്ത്രീയുടെ പല്ല് പൊട്ടിച്ചു. അപ്പോൾ റുബിയ്യഅ്ന്റെ ബന്ധുക്കൾ പ്രായശ്ചിത്തം സ്വീകരിച്ച് വിട്ടുവീഴ്ച ചെയ്യാൻ ആവശ്യപ്പെട്ടു. എന്നാൽ അവർ വിസമ്മതിച്ചു. പ്രതികാരനടപടി തന്നെ ആവശ്യപ്പെട്ടു. അങ്ങനെ അവർ നബി(സ)യുടെ അടുത്തുവന്നപ്പോൾ നബി(സ) പ്രതികാര നടപടിക്ക് കൽപ്പിച്ചു. അനസ്ബ്നുഉമർ(റ) പറഞ്ഞു. പ്രവാചകരേ! റുബിയ്യഅ് ന്റെ പല്ല് പൊട്ടിക്കപ്പെടുകയോ? താങ്കളെ സത്യവുമായി നിയോഗിച്ചവൻ തന്നെയാണ് സത്യം. അവളുടെ പല്ല് പൊട്ടിക്കപ്പെടുകയില്ല. നബി(സ) അരുളി: അനസ്! അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ പ്രസ്താവിച്ചതാണ് പ്രതികാരനടപടി. ഉടനെ അവർ തൃപ്തിപ്പെടുകയും വിട്ടുവീഴ്ച ചെയ്യുകയും ചെയ്തു. അപ്പോൾ നബി(സ) പറഞ്ഞു. നിശ്ചയം മനുഷ്യരുടെ ഇടയിൽ ചിലരുണ്ട്. അവർ അല്ലാഹുവിനെ പിടിച്ച് സത്യം ചെയ്തുപറഞ്ഞാൽ അവനത് നിർവ്വഹിച്ചുകൊടുക്കും. (ബുഖാരി. 3. 49. 866)

1685. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: സർവ്വ വിരലുകൾക്കും ദാനധർമ്മമുണ്ട്. സൂര്യൻ ഉദിക്കുന്ന സർവ്വ ദിവസങ്ങളിലും ദാനധർമ്മമുണ്ട്. രണ്ട് വ്യക്തികൾക്കിടയിൽ യോജിപ്പുണ്ടാക്കൽ (നീതിപൂലർത്തൽ) ധർമ്മമാണ്. (ബുഖാരി. 3. 49. 870)

## 56. നിബന്ധനകൾ

1686. ആയിശ(റ) നിവേദനം: അല്ലാഹു വിശ്വാസികളെ! നിങ്ങളുടെ അടുക്കലേക്ക് സത്യവിശ്വാസികളായ സ്ത്രീകൾ സ്വദേശം ഉപേക്ഷിച്ചു കൊണ്ടുവന്നാൽ. എന്ന് തുടങ്ങുന്ന ആയത്ത് (60:10 12) ഓതിക്കേൾപ്പിച്ചുകൊണ്ട് നബി(സ) അവരെ പരിശോധിക്കും. ഈ ആയത്തിൽ പറഞ്ഞ സംഗതികൾ അംഗീകരിക്കുന്നവരോട് നബി(സ) പറയും: ഞാൻ നിനക്ക് ബൈഅത്ത് ചെയ്തിരിക്കുന്നു. അല്ലാഹു സത്യം! പ്രവാചകൻ ഒരിക്കലും ബൈഅത്ത് ചെയ്യുമ്പോൾ ഒരു സ്ത്രീയുടെയും കൈ സ്പർശിക്കാറില്ല. വാക്കുകൾ കൊണ്ട് മാത്രമാണ് അവിടുന്ന് സ്ത്രീകളുമായി ബൈഅത്തു ചെയ്യാറുള്ളത്. (ബുഖാരി. 3. 50. 874)

1687. ഉഖ്ബ(റ) നിവേദനം: നബി(സ) അരുളി: ഒരു സ്ത്രീയുടെ നഗ്നത അനുവദനീയമാകുവാൻ വേണ്ടി (വിവാഹം ചെയ്യാൻ വേണ്ടി) നിങ്ങൾ നൽകുന്ന വ്യവസ്ഥകളാണ് കരാറുകളിൽ വെച്ച് നിറവേററുവാൻ നിങ്ങൾക്ക് കൂടുതൽ സാധ്യതയുള്ളത്. (ബുഖാരി. 3. 50. 882)

## 57. വസ്വിയ്യത്ത്

1688. ഇബ്നുഉമർ(റ) നിവേദനം: നബി(സ) ഒരു മുസ്ലിമിന് എന്തെങ്കിലും വസ്വിയത്ത് ചെയ്യാനുണ്ടെങ്കിൽ തന്റെ വസ്വിയത്ത് കൈവശം എഴുതി സൂക്ഷിക്കാതെ രണ്ടു ദിവസം അവൻ രാത്രി താമസിക്കുകയില്ല. (ബുഖാരി. 4. 51. 1)

1689. ജുവൈരിയ(റ) യുടെ സഹോദരൻ അംറ്(റ) പറയുന്നു. നബി(സ) മരിക്കുമ്പോൾ ഒരു അടിമയോ ദിർഹമോ ദിനാറോ ഒരു അടിമസ്ത്രീയോ മററു വല്ല സാധനമോ വിട്ടുപോയിരുന്നില്ല. ഒരു കോവർ കഴുതയും തന്റെ ആയുധവും ഒരു ഭൂമിയും മാത്രമാണ് നബി(സ) ക്കുണ്ടായിരുന്നത്. (ബുഖാരി. 4. 51. 2)

1690. അബ്ദുല്ല ബിൻ അബി ഔഫ(റ) നിവേദനം: നബി(സ) എന്തെങ്കിലും വസ്വിയത്ത് ചെയ്തിരുന്നോ എന്ന് ത്വൽഹ അദ്ദേഹത്തോട് ചോദിച്ചു. ഇല്ലെന്ന് അബ്ദുല്ല(റ) മറുപടി പറഞ്ഞു. മനുഷ്യനോട് വസ്വിയ്യത്ത് ചെയ്യാൻ പിന്നീടെന്തുകൊണ്ടാണ് നബി(സ) കൽപ്പിച്ചത്? അദ്ദേഹം പറഞ്ഞു:അല്ലാഹുവിന്റെ കിതാബ് കൊണ്ട് അവിടുന്ന് വസ്വിയ്യത്തു ചെയ്തു. (ബുഖാരി. 4. 51. 3)

1691. ഇബ്നുഅബ്ബാസ്(റ) പറയുന്നു: ജനങ്ങൾ 1/4 ഭാഗത്തിലേക്ക് ചുരുക്കുന്നതാണ് നല്ലത്. കാരണം 1/3 ഭാഗത്തെക്കുറിച്ച് നബി(സ) പറഞ്ഞത് അതു കൂടുതലാണ് എന്നാണ്. (ബുഖാരി. 4. 51. 6)

1692. ഇബ്നുഅബ്ബാസ്(റ) പറയുന്നു: ആദ്യകാലത്ത് ധനം ആൺകുട്ടിക്കായിരുന്നു. വസ്വിയ്യത്ത് മാതാപിതാക്കൾക്കും ശേഷം വസ്വിയത്തിൽ ദുർബ്ബലമാക്കൽ ഉദ്ദേശിച്ചതു അല്ലാഹു ദുർബ്ബലമാക്കി. അങ്ങനെ പുരുഷന് സ്ത്രീയുടെ ഇരട്ടിയും മാതാപിതാക്കൾക്ക് 1/6 വീതവും ഭാര്യക്ക് 1/8, 1/4, ഭർത്താവിന് 1/2, 1/4 ഓഹരികളും നിശ്ചയിച്ചു. (ബുഖാരി. 4. 51. 10)

1693. അബൂഹുറൈറ(റ) നിവേദനം: ഒരാൾ നബി(സ) യോടു ചോദിച്ചു. പ്രവാചകരേ! ഏത് ദാനധർമ്മമാണ് ഏററവും ശ്രേഷ്ഠമായത്? നബി(സ) അരുളി: നീ ആരോഗ്യവാനായിരിക്കുക. ധനത്തോട് നിനക്ക് ആഗ്രഹമുണ്ടായിരിക്കുക.

ഐശ്വര്യത്തെ നീ പ്രതീക്ഷിക്കുക. ദാരിദ്ര്യത്തെക്കുറിച്ച് നീ ഭയപ്പെടുക എന്നീ പരിതസ്ഥിതിയിൽ നീ നൽകുന്ന ദാനമാണ് ഏററവും ശ്രേഷ്ഠമായത്. നീ ദാനത്തെ പിന്തിരിപ്പിക്കരുത്. ജീവൻ കണ്ഠനാളത്തിലെത്തിക്കഴിഞ്ഞാൽ ഇന്നവന്നിത്ര കൊടുക്കണം എന്നെല്ലാം നീ പറയാൻ തുടങ്ങും. എന്നാൽ അതു മറെറാരുവന്റെ സ്വത്തായി മാറിയിരിക്കുന്നു. (ബുഖാരി. 4. 51. 11)

1694. അബൂഹുറൈറ(റ) നിവേദനം: നിന്റെ അടുത്ത കുടുംബത്തെ നീ താക്കീത് ചെയ്യുക എന്ന ആയത്തു അവതരിപ്പിക്കപ്പെട്ടപ്പോൾ നബി(സ) ഇപ്രകാരം അരുളി: ഖുറൈശീ ഗോത്രമേ! നിങ്ങൾ നിങ്ങളുടെ ശരീരത്തെ നരകാഗ്നിയിൽ നിന്ന് മോചിപ്പിക്കുവീൻ. അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് അശേഷവും നിങ്ങളെ രക്ഷിക്കുവാൻ എനിക്ക് കഴിയുകയില്ല. അബ്ദുമനാഫ് സന്താനങ്ങളേ! അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് അൽപം പോലും നിങ്ങളെ രക്ഷിക്കാൻ എനിക്ക് കഴിയുകയില്ല. അബ്ദുൽ മുത്ത്വലിബിന്റെ പുത്രൻ അബ്ബാസേ! അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് ഒന്നും തന്നെ തടുക്കുവാൻ എനിക്ക് സാധ്യമല്ല. പ്രവാചകന്റെ അമ്മായി സഫിയ്യാ! അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് യാതൊന്നും തന്നെ തടുക്കുവാൻ എനിക്ക് സാധ്യമല്ല. മുഹമ്മദിന്റെ പുത്രി ഫാത്തിമാ! എന്റെ ധനത്തിൽ നിന്ന് നീ ഉദ്ദേശിക്കുന്നതു ചോദിച്ചു കൊള്ളുക. എന്നാൽ അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് യാതൊന്നും തന്നെ നിന്നിൽ നിന്ന് തടുക്കുവാൻ സാധ്യമല്ല. (ബുഖാരി. 4. 51. 16)

1695. ഇബ്നുഅബ്ബാസ്(റ) നിവേദനം: സഅ്ദ്ബനു ഉബാദയുടെ മാതാവ് മരണപ്പെട്ടപ്പോൾ അദ്ദേഹം വിദൂരത്തായിരുന്നു. നബി(സ)യോട് അദ്ദേഹം പറഞ്ഞു. പ്രവാചകരേ! എന്റെ മാതാവ് മരണപ്പെട്ടു. ഞാൻ അവരുടെ സദസ്സിൽ ഇല്ലാത്ത സന്ദർഭം. ഇനി ഞാൻ അവർക്കുവേണ്ടി ദാനം ചെയ്താൽ അവർക്ക് എന്തെങ്കിലും ഉപകാരം ലഭിക്കുമോ? നബി(സ) അരുളി: അദ്ദേഹം പറഞ്ഞു. താങ്കളെ സാക്ഷി നിറുത്തി മഹ്റാഫിലെ എന്റെ തോട്ടം അവർക്ക് വേണ്ടി ഞാൻ ദാനം ചെയ്യുന്നു. (ബുഖാരി. 4. 51. 19)

1696. ഇബ്നുഅബ്ബാസ്(റ) നിവേദനം: ചില ആളുകൾ ഈ ആയത്തു ദുർബ്ബലമാക്കപ്പെട്ടതാണെന്ന് വാദിക്കുന്നു. അല്ലാഹു സത്യം! ഇതു ദുർബ്ബലമാക്കപ്പെട്ട ആയത്തല്ല. എന്നാൽ ജനങ്ങൾ നിസ്സാരമാക്കിത്തള്ളിയ ആയത്താണ്. രണ്ടുതരം ബന്ധുക്കൾ ഉണ്ട്. ഒന്ന് അനന്തരം എടുക്കുന്നവൻ. അവരാണ് ഹാജരാകുന്നതുവരെ തീററിക്കേണ്ടത്. മറെറാന്ന് അനന്തരവകാശം എടുക്കാത്തവർ. അവരാണ് ഹാജരാകുന്നവരോട് നല്ല വാക്ക് പറയേണ്ടത് നിനക്ക് യാതൊന്നുമില്ലെന്ന് അവൻ പറയണം. (ബുഖാരി. 4. 51. 21)

1697. ഇബ്നുഅബ്ബാസ്(റ) നിവേദനം: സഅ്ദ്ബ്നു ഉബാദ(റ) പറയുന്നു. എന്റെ മാതാവ് മരണപ്പെട്ടു. അവർക്ക് നേർച്ചയുണ്ടായിരുന്നു. അതു ഞാൻ നിർവ്വഹിക്കുന്നതിനെക്കുറിച്ച് നബി(സ)യോട് മതവിധി അന്വേഷിച്ചു. അവിടുന്ന് അരുളി: നീ അവർക്ക് വേണ്ടി അതു വീട്ടുക. (ബുഖാരി. 4. 51. 23)

1698. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: നിങ്ങൾ ഏഴ് മഹാപാപങ്ങളെ വർജ്ജിക്കുവീൻ. അനുചരന്മാർ ചോദിച്ചു. അവ ഏതെല്ലാമാണ് പ്രവാചകരേ? നബി(സ) അരുളി. അല്ലാഹുവിൽ പങ്കു ചേർക്കൽ, മാരണം, നിരപരാധിയെ വധിക്കൽ, പലിശ തിന്നൽ, അനാഥയുടെ ധനം ഭക്ഷിക്കൽ, യുദ്ധത്തിൽ പിന്തിരിഞ്ഞോടൽ, പതിവ്രതകളും ശുദ്ധഹൃദയരുമായ സത്യവിശ്വാസിനികളുടെ പേരിൽ അപരാധം പറയൽ എന്നിവയാണവ. (ബുഖാരി. 4. 51. 28)

1699. അനസ്(റ) നിവേദനം: നബി(സ) മദീനയിൽ വന്നപ്പോൾ നബി(സ)ക്ക് ഭൃത്യന്മാർ ഉണ്ടായിരുന്നില്ല. അപ്പോൾ അബൂത്വൽഹ(റ) എന്റെ കൈ പിടിച്ച് നബി(സ)യുടെ

സന്നിദ്ധിയിൽ വന്നു പറഞ്ഞു. പ്രവാചകരേ, അനസ് ബുദ്ധിയുള്ള കുട്ടിയാണ്. അവൻ നിങ്ങൾക്ക് സേവനം ചെയ്യട്ടെ. അനസ്(റ) പറയുന്നു. അങ്ങനെ യാത്രയിലും സ്വദേശത്തും ഞാൻ നബി(സ)ക്ക് സേവനം ചെയ്തു. ഞാൻ പ്രവർത്തിച്ച ഏതെങ്കിലും ഒരു പ്രവർത്തിയെ സംബന്ധിച്ച് നീ എന്തിന് അപ്രകാരം ചെയ്തു എന്ന് നബി(സ) ചോദിച്ചിട്ടില്ല. ഞാൻ പ്രവർത്തിക്കാതിരുന്നതിനെ സംബന്ധിച്ച് നീ എന്തുകൊണ്ട് ആ ജോലി ചെയ്തില്ല എന്നു പ്രസ്താവിച്ചിട്ടില്ല. (ബുഖാരി. 4. 51. 29)

1700. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: എന്റെ അനന്തരാവകാശികൾക്ക് ദിർഹമോ ദിനാറോ ഓഹരി വെക്കാനുണ്ടാവുകയില്ല. എന്റെ ഭാര്യമാരുടെ ചിലവും എന്റെ ഉദ്യോഗസ്ഥന്മാരുടെ ചിലവും കഴിച്ച് ബാക്കിയുള്ളത് ജനങ്ങൾക്ക് പൊതു സ്വത്തായി ചിലവ് ചെയ്യാനുള്ളതാണ്. (ബുഖാരി. 4. 51. 37)

## 58. ധർമ്മയുദ്ധം

1701. ഇബ്നുഅബ്ബാസ്(റ) നിവേദനം: നബി(സ) അരുളി:(മക്കാ)വിജയത്തിനുശേഷം ഹിജ്റ:യില്ല. എന്നാൽ ധർമ്മയുദ്ധവും അതിനുള്ള ഉദ്ദേശവുമുണ്ട്. അപ്പോൾ യുദ്ധത്തിന് ക്ഷണിക്കപ്പെട്ടാൽ നിങ്ങൾ അതിനു പുറപ്പെടുക. (ബുഖാരി. 4. 52. 42)

1702. അബൂ ഹുറൈറ(റ) നിവേദനം: ഒരു മനുഷ്യൻ നബി(സ)യുടെ മുമ്പിൽ വന്നിട്ട് പറഞ്ഞു. ധർമ്മയുദ്ധത്തിന് തുല്യമായ ഒരു പ്രവർത്തനം താങ്കൾ എനിക്ക് അറിയിച്ചു തന്നാലും. നബി(സ) അരുളി: ഞാനതു ദർശിക്കുന്നില്ല. ശേഷം നബി(സ) തുടർന്നു. ഒരു യോദ്ധാവ് യുദ്ധത്തിനു പോയിക്കഴിഞ്ഞാൽ നിന്റെ പള്ളിയിൽ പ്രവേശിച്ച് ക്ഷീണിക്കാതെ നമസ്കരിച്ച് കൊണ്ടിരിക്കുവാനും മുറിക്കാതെ നോമ്പനുഷ്ഠിക്കുവാനും നിനക്ക് സാധിക്കുമോ? അയാൾ പറഞ്ഞു: ആർക്കാണതിന് സാധിക്കുക. അബൂഹൂറൈറ(റ) പറയുന്നു. നിശ്ചയം യോദ്ധാവിന്റെ കുതിര അതിന്റെ കയറിലായി ഉന്മേഷം കൊള്ളുന്നതുപോലും അവന് നന്മയായി രേഖപ്പെടുത്തപ്പെടും. (ബുഖാരി. 4. 52. 44)

1703. അബൂസഈദ്(റ) നിവേദനം: പ്രവാചകരേ! മനുഷ്യരിൽ ഏററവും ശ്രേഷ്ഠൻ ആരാണെന്ന് അവിടുന്നു ചോദിക്കപ്പെട്ടു. നബി(സ) അരുളി: തന്റെ ധനം കൊണ്ടും ദേഹം കൊണ്ടും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജിഹാദ് ചെയ്യുന്ന വിശ്വാസി. ശേഷം ആരാണെന്ന് വീണ്ടും ചോദിച്ചു. നബി(സ) പ്രത്യുത്തരം നൽകി. ഏതെങ്കിലുമൊരു മലഞ്ചെരുവിൽ ആണെങ്കിലും അല്ലാഹുവിനെ സൂക്ഷിച്ചുകൊണ്ടും മനുഷ്യരെ ഉപദ്രവിക്കുന്നതു വർജ്ജിച്ചുകൊണ്ടും ജീവിക്കുന്നവൻ. (ബുഖാരി. 4. 52. 45)

1704. അബൂഹൂറൈറ(റ) നിവേദനം: നബി(സ) അരുളിയതായി ഞാൻ കേട്ടു. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധർമ്മയുദ്ധം ചെയ്യുന്നവന്റെ ഉപമ-ആരാണ് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പോരാടുന്നവനെന്ന് അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ - നോമ്പനുഷ്ഠിക്കുകയും രാത്രി നമസ്കരിക്കുകയും ചെയ്യുന്നവന്റെതുപോലെയാണ്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജിഹാദ് ചെയ്യുന്നവൻ മരിക്കുന്നപക്ഷം അവന് സ്വർഗ്ഗം പ്രദാനം ചെയ്യും. അങ്ങിനെയല്ല, സുരക്ഷിതമായി യുദ്ധത്തിൽ നിന്ന് മടങ്ങുന്ന പക്ഷം അവനിൽ നിന്നുള്ള പുണ്യവും യുദ്ധത്തിൽ കൈവന്ന ധനവും അവന്ന് ലഭിക്കുന്നു. ഇവ രണ്ടിലേതെങ്കിലുമൊന്ന് അവന്ന് ലഭിക്കുമെന്ന് അല്ലാഹു ഉത്തരവാദിത്തമേറെറടുത്തിരിക്കുന്നു. (ബുഖാരി. 4. 52. 46)

1705. അബൂഹൂറൈ(റ) നിവേദനം: നബി(സ) അരുളി: വല്ലവനും അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും നമസ്കാരം നിലനിർത്തുകയും റമളാനിൽ നോമ്പനുഷ്ഠിക്കുകയും ചെയ്താൽ അവനെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കൽ അല്ലാഹുവിന്റെ ബാധ്യതയാണ്. അവൻ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുകയോതാൻ ജനിച്ച ഭൂമിയിൽ(വെറുതെ)ഇരിക്കുകയോ ചെയ്താലും ശരി.

അപ്പോൾ അനുചരന്മാർ ചോദിച്ചു: പ്രവാചകരേ! ഞങ്ങൾ ഈ സന്തോഷവാർത്ത ജനങ്ങളെ അറിയിക്കട്ടെയോ? നബി(സ) അരുളി: നിശ്ചയം സ്വർഗ്ഗത്തിൽ നൂറ് പദവികൾ ഉണ്ട്. അവ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജിഹാദ് ചെയ്യുന്നവർക്ക് അവൻ ഒരുക്കി വെച്ചിരിക്കുന്നു. അവയിലെ ഈ രണ്ടു പദവികൾക്കിടയിൽ ആകാശഭൂമികൾക്കിടയിലുള്ളത്ര അന്തരമുണ്ട്. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിനോട് ചോദിക്കുമ്പോൾ ഫിർദൗസിനെ ചോദിക്കുവിൻ. നിശ്ചയം അതാണ്. സ്വർഗ്ഗത്തിലെ മധ്യഭാഗവും ഏററവും ഉന്നതപദവിയുമാണ്. അല്ലാഹുവിന്റെ സിംഹാസനം അതിനു മുകളിലാണ് എന്നുകൂടി നബി(സ) അരുളിയെന്നാണ് ഞാൻ ഓർക്കുന്നത്. അവിടെ നിന്നാണ് സ്വർഗ്ഗത്തിലെ അരുവികൾ പൊട്ടി ഒഴുകുന്നത്. (ബുഖാരി. 4. 52. 48)

1706. അനസ്(റ) നിവേദനം: ''അല്ലാഹുവിന്റെ മാർഗ്ഗത്തിൽ രാവിലെയോ വൈകുന്നേരമോ പുറപ്പെടൽ ഇഹലോകത്തേക്കാളും അതിലുള്ള സകലവസ്തുക്കളേക്കാളും പുണ്യമുള്ളതാണ്''. എന്ന് നബി(സ) അരുളി. (ബുഖാരി. 4. 52. 50)

1707. അബൂഹൂറൈറ(റ) നിവേദനം: നബി(സ) അരുളി: സ്വർഗ്ഗത്തിലെ ഒരു വില്ലിന്റെ ഞാൺ സൂര്യനുദിച്ച് അസ്തമിക്കുന്നതിനിടക്കുള്ള എല്ലാ വസ്തുക്കളെക്കാളും ശ്രേഷ്ഠമായതാണ്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഒരു പ്രഭാതത്തിലേയോ വൈകുന്നേരത്തെയോ ഉള്ള യാത്ര സൂര്യനുദിച്ച് അസ്തമിക്കുന്നതിന്നിടക്കുള്ള വസ്തുക്കളേക്കാൾ മഹത്വമേറിയതാണ്. (ബുഖാരി. 4. 52. 51)

1708. സഹ്ല്(റ) നിവേദനം: നബി(സ) അരുളി: അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള പ്രഭാതത്തിലെയും വൈകുന്നേരത്തിലെയും യാത്ര ദുൻയാവിനേക്കാളും അതിലുള്ള വസ്തുക്കളെക്കാളും ഏററവും ഉത്തമമായതാണ്. (ബുഖാരി. 4. 52. 52)

1709. അനസ്(റ) നിവേദനം:നബി(സ) അരുളി: മരണപ്പെടുന്ന യാതൊരു വ്യക്തിയും അല്ലാഹുവിന്റെ അടുത്തു അവന് ലഭിക്കുന്ന പ്രതിഫലത്തിന്റെ നന്മകാരണം ദുൻയാവിലെ സർവ്വ വസ്തുക്കൾ ലഭിച്ചാലും ദുൻയാവിലേക്ക് തിരിച്ചുവരാൻ ആഗ്രഹിക്കുകയില്ല. രക്തസാക്ഷികൾ ഒഴികെ. അവർ ദുൻയാവിലേക്ക് തിരിച്ചുവന്നു ഒന്നുകൂടി രക്തസാക്ഷിയാവാൻ ആഗ്രഹിക്കുന്നതാണ്. അനസ്(റ) നിവേദനം: നബി(സ) അരുളി: തീർച്ചയായും സ്വർഗ്ഗവാസികളിൽപ്പെട്ട ഒരു സ്ത്രീ ഭൂനിവാസികളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടാൽ ആകാശഭൂമികൾക്കിടയിലുള്ള സ്ഥലങ്ങൾ മുഴുവനും സുഗന്ധത്താൽ നിറയുന്നതാണ്. ആ വനിതകൾ തലയിലിടുന്ന തട്ടം ഈ ലോകത്തേക്കാളും അതിലുള്ള സർവ്വവസ്തുക്കളേക്കാളും വിലപിടിച്ചതാണ്. (ബുഖാരി. 4. 52. 53)

1710. അനസ്(റ) നിവേദനം: ഒരിക്കൽ ബനൂസുലൈം ഗോത്രക്കാരായ എഴുപതുപേരെ നബി(സ) ബനൂആമിർ ഗോത്രക്കാരുടെ അടുക്കലേക്ക് നിയോഗിച്ചു. അവർ അവിടെയെത്തിയപ്പോൾ എന്റെ അമ്മാവൻ അവരോട് പറഞ്ഞു; നിങ്ങളെക്കാൾ മുമ്പ് ഞാൻ അവരുടെയടുത്തേക്ക് പോകാം. നബി(സ)യുടെ സന്ദേശം ഞാനവർക്കെത്തിക്കും വരേക്കും അവരെനിക്ക് അഭയം നൽകിയാൽ ഞാൻ നിങ്ങളേയും വിളിക്കാം. അല്ലാത്തപക്ഷം നിങ്ങളെന്റെ സമീപത്തായി നിന്നാൽ മതി. അങ്ങനെ അദ്ദേഹം മുന്നിട്ടുചെന്നു. അവരദ്ദേഹത്തിന് അഭയം നൽകി. അദ്ദേഹം അവരോട് നബി(സ)യെക്കുറിച്ച് സംസാരിച്ചുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ അവർ കൂട്ടത്തിൽപ്പെട്ട ഒരാൾക്ക് സൂചന നൽകുകയും ഉടനെയവൻ അദ്ദേഹത്തിന് കുന്തംകൊണ്ട് കുത്തുകൊടുത്തു. അത് അദ്ദേഹത്തിന്റെ ശരീരത്തിൽ തുളച്ചുകയറി. അദ്ദേഹം പറഞ്ഞു. അല്ലാഹു അക്ബർ! കഅ്ബ: യുടെ രക്ഷിതാവ് സത്യം. ഞാൻ വിജയിച്ചുകഴിഞ്ഞു. ശേഷം അദ്ദേഹത്തിന്റെ ശേഷിച്ച സ്നേഹിതന്മാരുടെ നേരെ

തിരിഞ്ഞു. അവരുടെ കൂട്ടത്തിൽ മുടന്തനായ ഒരാളൊഴികെ മററെല്ലാവരെയും കൊന്നുകളഞ്ഞു. മുടന്തൻ ഒരു മലമുകളിൽ കയറി രക്ഷപ്പെട്ടു. ഈയവസരത്തിൽ ജിബ്രീൽ (അ) നബി(സ)യെ സമീപിച്ച് അവരെല്ലാം തങ്ങളുടെ നാഥനെ കണ്ടുമുട്ടിയെന്നും അവരുടെ നാഥൻ അവരെ സംബന്ധിച്ചും അവർ അവനെ സംബന്ധിച്ചും തൃപ്തിപ്പെട്ടിരിക്കുന്നുവെന്നും അറിയിച്ചു. ഞങ്ങൾ ഇപ്രകാരം പാരായണം ചെയ്തിരുന്നു. ''ഞങ്ങൾ ഞങ്ങളുടെ രക്ഷിതാവിനെ കണ്ടുമുട്ടിക്കഴിഞ്ഞു. എന്നിട്ട് അവൻ ഞങ്ങളെക്കുറിച്ചും ഞങ്ങൾ അവനെക്കുറിച്ചും സംതൃപ്തനായിരുന്നു. ഇതു ഞങ്ങളുടെ ജനതയെ നിങ്ങൾ അറിയിക്കുവിൻ'' ശേഷം ഈ വാക്യം ദുർബ്ബലപ്പെടുത്തി. അതിനുശേഷം നബി(സ) ദിഅ്ല്, ദക്വാൻ, ബനൂലിഹ്യാൻ, ബനൂഉസയ്യ് – അല്ലാഹുവിനോടും അവന്റെ ദൂതനോടും ധിക്കാരം പ്രവർത്തിച്ചവരാണവർ – എന്നീ ഗോത്രങ്ങൾക്കെതിരിൽ നാൽപത് പ്രഭാതത്തിൽ പ്രാർത്ഥന (ഖുനൂതൂ) നടത്തി. (ബുഖാരി. 4. 52. 57)

1711. ജൂൻദുബ്(റ) നിവേദനം: നിശ്ചയം ഒരു യുദ്ധത്തിൽ നബി(സ)യുടെ ഒരു വിരൽ മുറിഞ്ഞ് രക്തമൊഴുകാൻ തുടങ്ങി. അപ്പോൾ അവിടുന്നു ഇപ്രകാരം പാടി: രക്തമൊഴുകുന്ന ഒരു വിരലല്ലാതെ മററെന്താണ് നീ. അല്ലാഹുവിന്റെ മാർഗ്ഗത്തിലാണ് നീ ഈ വിപത്ത് നേരിട്ടത്. (ബുഖാരി. 4. 52. 58)

1712. അബൂഹുറൈ(റ) നിവേദനം: നബി(സ) അരുളി: എന്റെ ആത്മാവിനെ നിയന്ത്രിക്കുന്നവൻ തന്നെയാണ് സത്യം. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഒരാളും മുറിവേൽക്കുകയില്ല – ആരാണ് അവന്റെ മാർഗ്ഗത്തിൽ മുറിവേൽക്കുന്നവനെന്ന് അല്ലാഹുവിനാണ് അറിയുക – അന്ത്യനാളിൽ അവന്റെ മുറിവിൽ നിന്നും രക്തമൊഴുകുന്ന നിലയിലല്ലാതെ അവനെ ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുകയില്ല. ആ മുറിവിൽ വർണ്ണം രക്തത്തിന്റെ വർണ്ണമാണ്. എന്നാൽ ഗന്ധം കസ്തൂരിയുടേതുമായിരിക്കും. (ബുഖാരി. 4. 52. 59)

1713. അനസ്(റ) പറയുന്നു: അനസ്ബ്നുന്നളീറിന്റെ സഹോദരി റുബയ്യിഅ് ഒരു സ്ത്രീയുടെ മുൻപല്ല് പൊട്ടിച്ചു കളഞ്ഞു. നബി(സ) ശിക്ഷാ നടപടി എടുക്കാൻ കൽപിച്ചു. അപ്പോൾ അനസ്ബ്നുന്നളീർ(റ) പറഞ്ഞു. പ്രവാചകരേ! സത്യവുമായി താങ്കളെ നിയോഗിച്ചവൻ തന്നെയാണ് സത്യം. അവളുടെ പല്ല് പൊട്ടിക്കപ്പെടുകയില്ല. ഉടനെ നഷ്ടപരിഹാരം വാങ്ങൽ കൊണ്ട് അന്യായക്കാർ തൃപ്തിപ്പെട്ടു. ശിക്ഷാ നടപടി അവർ വേണ്ടെന്നു വെക്കുകയും ചെയ്തു. അന്നേരം നബി(സ) അരുളി: അല്ലാഹുവിന്റെ ദാസന്മാരിൽ ചില ആളുകളുണ്ട്. അല്ലാഹുവിന്റെ മേൽ സത്യം ചെയ്തു കൊണ്ട് അവർ ഒരു സംഗതി ചോദിച്ചാൽ അല്ലാഹു അവർക്കതു നിറവേററിക്കൊടുക്കും. (ബുഖാരി. 4. 52. 61)

1714. സൈദ്ബ്നു സാബിതു(റ) നിവേദനം: ഖുർആൻ വാക്യങ്ങൾ എഴുതി വെച്ചിരുന്ന മുസ്ഹഫിൽ നിന്ന് അവയെല്ലാം ഒരു മുസ്വഹഫിലേക്ക് ആക്കിയപ്പോൾ അഹ്സാബ് സൂറത്തിലെ ഒരായത്തു ഞാൻ കണ്ടില്ല. നബി(സ) അതു പാരായണം ചെയ്യുന്നത് ഞാൻ കേൾക്കാറുണ്ടായിരുന്നു. അവസാനം ഖുസൈമത്തൂർ അൻസാരിയുടെ പക്കൽ നിന്നാണു എനിക്കതു കണ്ടുകിട്ടിയത്. അദ്ദേഹത്തിന്റെ സാക്ഷ്യത്തെ രണ്ടു പുരുഷന്മാരുടെ സാക്ഷ്യത്തിന് തുല്യമാക്കിക്കൊണ്ട് നബി(സ) വിധി കൽപ്പിച്ചിട്ടുണ്ട്. സത്യവിശ്യാസികളിൽ ചില പുരുഷന്മാരുണ്ട്. അല്ലാഹു ചെയ്ത കരാർ അവർ സാക്ഷാത്കരിച്ചിരിക്കുന്നു എന്ന ഖുർആൻ വാക്യമാണത്. (ബുഖാരി. 4. 52. 62)

1715. ബറാഅ്(റ) നിവേദനം: ഇരുമ്പിന്റെ മുഖംമൂടി ധരിച്ച ഒരു മനുഷ്യൻ നബി(സ)യുടെ അടുത്തുവന്നു. അങ്ങനെ അദ്ദേഹം പറഞ്ഞു. പ്രവാചകരേ! ഞാൻ യുദ്ധം ചെയ്യുകയോ ഇസ്ലാം മതം സ്വീകരിക്കുകയോ ഏതാണ് ചെയ്യേണ്ടത്?

നബി(സ) പറഞ്ഞു: നീ ആദ്യം മുസ്‌ലീമാകുക. ശേഷം നീ യുദ്ധം ചെയ്യുക. ഉടനെ അദ്ദേഹം ഇസ്‌ലാം മതം സ്വീകരിച്ചു. എന്നിട്ട് യുദ്ധം ചെയ്തു; ശഹീദായി. നബി(സ) അരുളി: അദ്ദേഹം അൽപം പ്രവർത്തിച്ചു കൂടുതൽ പുണ്യം കരസ്ഥമാക്കി. (ബുഖാരി. 4. 52. 63)

1716. അനസ്(റ) നിവേദനം: ബറാഇന്റെ മകൾ ഉമ്മുഹാരിസ്(റ) നബി(സ)യുടെ അടുത്തുവന്ന് പറഞ്ഞു. അല്ലാഹുവിന്റെ പ്രവാചകരെ! ഹാരിസിനെക്കുറിച്ച് അവിടുന്ന് എനിക്ക് വിവരിച്ചു തന്നാലും – അദ്ദേഹം ബദർ യുദ്ധത്തിൽ ഒരു ഒളിയമ്പ് ബാധിച്ചാണ് മരണപ്പെട്ടത് – അവൻ സ്വർഗ്ഗത്തിലാണെങ്കിൽ ഞാൻ ക്ഷമിച്ചുകൊള്ളാം. മറിച്ചാണെങ്കിൽ അദ്ദേഹത്തെചൊല്ലി കരയാൻ ഞാൻ പാടുപെടും. നബി(സ) അരുളി: ഹാരിസിന്റെ മാതാവേ! സ്വർഗ്ഗത്തിൽ നിശ്ചയം പല പദവികളുണ്ട്. നിന്റെ പുത്രന് ലഭിച്ചിരിക്കുന്നത് മഹോന്നതമായ ഫിർദൗസാണ്. (ബുഖാരി. 4. 52. 64)

1717. അബൂമൂസാ(റ) നിവേദനം: ഒരാൾ നബി(സ)യുടെ അടുത്തു വന്നു പറഞ്ഞു. ഒരാൾ ധനം മോഹിച്ച് യുദ്ധം ചെയ്യുന്നു. മററൊരുത്തൻ പ്രസിദ്ധിക്കുവേണ്ടി യുദ്ധം ചെയ്യുന്നു. മററൊരുത്തൻ തന്റെ സ്ഥാനം മററുള്ളവർ കാണാൻ വേണ്ടി യുദ്ധം ചെയ്യുന്നു. ഇവരിൽ ആരാണ് ദൈവ മാർഗ്ഗത്തിൽ? നബി(സ) അരുളി: അല്ലാഹുവിന്റെ വചനം (തൗഹീദ്) ഉയർന്നുനിൽക്കാൻവേണ്ടി യുദ്ധം ചെയ്യുന്നവൻ ആരോ അവൻ മാത്രമാണ് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുന്നവൻ. (ബുഖാരി. 4. 52. 65)

1718. അബ്ദുറഹ്മാൻ(റ) നിവേദനം: അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഒരാളുടെ ഇരു കാൽപാദങ്ങളിലും മണ്ണ് പുരളുകയും അതിന് നരകാഗ്നി സ്പർശിക്കലും ഉണ്ടാവുകയില്ലെന്ന് നബി(സ) അരുളുകയുണ്ടായി. (ബുഖാരി. 4. 52. 66)

1719. ആയിശ:(റ) നിവേദനം: നബി(സ) ഖന്തക്ക് യുദ്ധം കഴിഞ്ഞു മടങ്ങി. ആയുധങ്ങളെല്ലാം ഇറക്കിവെച്ച് കുളിച്ചു. അപ്പോൾ ജിബ്‌രീൽ വന്ന് – നബി(സ)യുടെ തലയിൽ മണ്ണ് മൂടിപ്പൊടിഞ്ഞിരുന്നു – ചോദിച്ചു. അവിടുന്നു ആയുധം ഇറക്കിവെച്ചിട്ടില്ല. നബി(സ) ചോദിച്ചു. ഇനി എങ്ങോട്ടാണ്? ഇങ്ങോട്ട് എന്ന് പറഞ്ഞിട്ട് ബനൂഖുറൈളാ ഗോത്രത്തിന്റെ കേന്ദ്രത്തിലേക്ക് ജീബ്‌രീൽ ചൂണ്ടിക്കാട്ടി. ആയിശ(റ) പറയുന്നു: അപ്പോൾ നബി(സ) അവരുടെ ഭാഗത്തേക്ക് പുറപ്പെട്ടു. (ബുഖാരി. 4. 52. 68)

1720. അനസ്(റ) നിവേദനം: വല്ലവനും സ്വർഗ്ഗത്തിൽ പ്രവേശിച്ചാൽ ദുൻയാവിലെ സർവ്വ വസ്തുക്കൾ അവന് ലഭിച്ചാലും ദുൻയാവിലേക്ക് മടക്കത്തെ ആഗ്രഹിക്കുകയില്ല. രക്തസാക്ഷി ഒഴികെ അവൻ ദുൻയാവിലേക്ക് മടക്കത്തെ ആഗ്രഹിക്കുന്നു. അങ്ങനെ പത്തു പ്രാവശ്യം വധിക്കപ്പെടുവാനും. അവന് അതുമൂലം ലഭിക്കുന്ന ആദരവ് അവൻ ദർശിച്ചതിനാൽ. (ബുഖാരി. 4. 52. 72)

1721. അബ്ദുല്ലാഹിബ്നു അബി ഔഫാ(റ) നിവേദനം: നബി(സ) അരുളി: നിങ്ങൾ അറിയുവിൻ! നിശ്ചയം വാളിന്റെ നിഴലിന്ന് കീഴിൽ സ്വർഗമുണ്ട്. (ബുഖാരി. 4. 52. 73)

1722. ജൂബൈറ്ബ്നു മുത്ഇം(റ) നിവേദനം: അദ്ദേഹം നബി(സ)യുടെ കൂടെ ഹുനൈൻ യുദ്ധത്തിൽ നിന്ന് തിരിച്ചു വരുമ്പോൾ ഒരു സംഘം ആളുകളും ഉണ്ടായിരുന്നു. യാചിച്ചും കൊണ്ട് ജനങ്ങൾ നബി(സ)യെ ബന്ധിക്കുകയും ഒരു എലന്തമരത്തിന്റെ അടുത്തേക്കു നീങ്ങുവാൻ അവർ അദ്ദേഹത്തെ നിർബന്ധിതനാക്കുകയും ചെയ്തു. അവിടുത്തെ തട്ടം അതിന്മേൽ കൊളുത്തി വലിച്ചു. നബി(സ) അവിടെ നിന്നുകൊണ്ട് പറഞ്ഞു. നിങ്ങൾ എന്റെ തട്ടം എനിക്ക് തരിക. ഈ കാണുന്ന മരങ്ങൾക്ക് എണ്ണം ഒട്ടകങ്ങൾ എനിക്കുണ്ടായാൽ ഞനതു നിങ്ങൾക്കിടയിൽ മുഴുവനും വീതിച്ചു

തരുന്നതാണ്. നിങ്ങൾ എന്നെ പിശുക്കനായും വ്യാജനായും ഭീരുവായും ദർശിക്കുകയില്ല. (ബുഖാരി. 4. 52. 75)

1723. അംറ്(റ) നിവേദനം: സഅ്ദ്(റ) ഒരു അധ്യാപകൻ കുട്ടികളെ സാക്ഷരത പഠിപ്പിക്കുന്നതുപോലെ, താഴെ പറയുന്ന വാക്യങ്ങൾ ഞങ്ങളെ പഠിപ്പിക്കാറുണ്ടായിരുന്നു. നബി(സ) നമസ്കാരത്തിന്റെ ശേഷം പ്രാർത്ഥിക്കും. അല്ലാഹുവേ! ഭീരുത്വത്തിൽ നിന്ന് നിന്നോട് ഞാൻ രക്ഷതേടുന്നു. വയസ്സിന്റെ മോശമായ അവസ്ഥയിലേക്ക് ഞാൻ മടക്കപ്പെടുന്നതിൽ നിന്നും ദുൻയാവിന്റെ കുഴപ്പത്തിൽ നിന്നും ഖബറിലെ ശിക്ഷയിൽ നിന്നും നിന്നോട് ഞാൻ രക്ഷതേടുന്നു. മുസ്ഹഅബിനോട് ഞാൻ ഈ ഹദീസ് പറഞ്ഞപ്പോൾ അദ്ദേഹം ഇതിനെ സത്യപ്പെടുത്തി. (ബുഖാരി. 4. 52. 76)

1724. അനസ്(റ) നിവേദനം: നബി(സ) ഇപ്രകാരം പ്രാർഥിക്കാറുണ്ട്. അല്ലാഹുവേ, ദുർബ്ബലത, അലസത, ഭീരുത്വം, വാർധക്യം എന്നിവയിൽ നിന്ന് നിന്നോട് ഞാൻ രക്ഷതേടുന്നു. (ബുഖാരി. 4. 52. 77)

1725. സാഇബ്ബ്നു യസീദ്(റ) പറയുന്നു: ത്വൽഹ, സഅ്ദ, മിഖ്ദാദ്, അബ്ദുറഹ്മാൻ മുതലായവരെ ഞാൻ സഹവസിച്ചിട്ടുണ്ട്. ഇവരിൽ ആരും തന്നെ നബി(സ) യിൽ നിന്ന് ഹദീസ് ഉദ്ധരിക്കുന്നതുകൊണ്ട് ഞാൻ കേട്ടിട്ടില്ല. ഉഹ്ദ്യുദ്ധത്തെ സംബന്ധിച്ച് ത്വൽഹ: വിവരിച്ചുപറഞ്ഞതല്ലാതെ. (ബുഖാരി. 4. 52. 78)

1726. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: രണ്ട് വ്യക്തികളെ നോക്കിയിട്ട് അല്ലാഹു ചിരിക്കും. അവരിൽ ഒരാൾ മറെറയാളെ വധിക്കുന്നു. രണ്ടുപേരും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയും ചെയ്യുന്നു. ഒരാൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്തു വധിക്കപ്പെടുന്നു. ശേഷം അയാളെ കൊന്നവന്റെ പാപം അല്ലാഹു പൊറുത്തുകൊടുക്കും. അങ്ങനെ അദ്ദേഹവും രക്തസാക്ഷിയാവും. (ബുഖാരി. 4. 52. 80)

1727. അനസ്(റ) നിവേദനം: അബൂത്വൽഹ:(റ) നബി(സ)യുടെ കാലത്തു യുദ്ധം കാരണം (സുന്നത്ത്) നോമ്പ് നോൽക്കാറുണ്ടായിരുന്നില്ല. നബി(സ) മരണപ്പെട്ടശേഷം ചെറിയ പെരുന്നാൾ, ബലി പെരുന്നാൾ എന്നീ രണ്ടു ദിവസങ്ങളിലല്ലാതെ അദ്ദേഹം നോമ്പുപേക്ഷിക്കുന്നത് ഞാൻ കണ്ടിട്ടുമില്ല. (ബുഖാരി. 4. 52. 81)

1728. അനസ്(റ) നിവേദനം: നബി(സ) അരുളി: പ്ലേഗ് രോഗം ഓരോ മുസ്ലിമിന്നും രക്തസാക്ഷിത്വമാണ്. (ബുഖാരി. 4. 52. 82)

1729. ബറാഅ്(റ) പറയുന്നു: സത്യവിശ്വാസികളിൽ നിന്നു യുദ്ധത്തെവിട്ടു ഇരുന്നു കളയുന്നവരും. എന്നു തുടങ്ങുന്ന ആയത്തു അവതരിപ്പിക്കപ്പെട്ടപ്പോൾ നബി(സ) സൈദ്(റ) നെ വിളിച്ചു. അദ്ദേഹം ഒരു എല്ലിന്റെ കഷ്ണവുമായി വന്നു. അതു എഴുതി രേഖപ്പെടുത്തുവാൻ ഉദ്ദേശിച്ചപ്പോൾ ഇബ്നു ഉമ്മി മക്തൂമ(റ) വന്ന് തന്റെ അന്ധതയെക്കുറിച്ച് ആവലാതിപ്പെട്ടു. (ബുഖാരി. 4. 52. 84)

1730. സഹ്ല്(റ) പറയുന്നു: മർവാൻ പള്ളിയിൽ ഇരിക്കുന്നതു ഞാൻ കണ്ടു. ഞാൻ മുന്നിട്ടുവന്ന് അദ്ദേഹത്തിന്റെ അടുത്തു ഇരുന്നു. അപ്പോൾ സൈദ്ബ്നു സാബിത്(റ) പറഞ്ഞതായി അദ്ദേഹം ഞങ്ങളോട് ഇപ്രകാരം പ്രസ്താവിച്ചു. നബി(സ) എനിക്ക് ഓതി തന്നു: ''സത്യവിശ്വാസികളിൽ നിന്ന് (യുദ്ധത്തെവിട്ടു) ഇരിക്കുന്നവരും'' അപ്പോൾ ഉമ്മു മക്തൂമിന്റെ മകൻ കയറിവന്നു പറഞ്ഞു: പ്രവാചകരേ! എനിക്ക് ജിഹാദിന് സാധിക്കുമായിരുന്നുവെങ്കിൽ ഞാനതു ചെയ്യുമായിരുന്നു – അദ്ദേഹം ഒരു അന്ധനായിരുന്നു – അപ്പോൾ അല്ലാഹു ''ബുദ്ധിമുട്ടുള്ളവർ ഒഴികെ'' എന്ന ഭാഗം അവതരിച്ചു. ആ സന്ദർഭത്തിൽ നബി(സ)യുടെ തുട എന്റെ തുടക്ക് മീതെ

വെച്ചിരിക്കുകയായിരുന്നു. അന്നേരം ഉണ്ടായ ഭാരം മൂലം എന്റെ തുട പൊട്ടുമോ എന്നെനിക്ക് ഭയം തോന്നി. പിന്നീട് നബി(സ) യിൽ നിന്ന് ആ അവസ്ഥ നീങ്ങിപ്പോയി. (ബുഖാരി. 4. 52. 85)

1731. അനസ്(റ) നിവേദനം: നബി(സ) ഖന്തക്ക് യുദ്ധസന്ദർഭത്തിൽ കിടങ്ങ് കുഴിച്ചുകൊണ്ടിരുന്ന സ്ഥലത്തേക്കു പുറപ്പെട്ടു. അപ്പോൾ കഠിനശൈത്യമുള്ള പ്രഭാതത്തിൽ മുഹാജിറുകളും അൻസാരികളുമതാ കിടങ്ങ് കുഴിച്ചുകൊണ്ടിരിക്കുന്നു. അന്ന് അവർക്ക് ജോലിചെയ്യുവാൻ ഭൃത്യന്മാരും ഉണ്ടായിരുന്നില്ല. അവരെ ബാധിച്ചിരുന്ന ക്ഷീണവും വിശപ്പും കണ്ടപ്പോൾ നബി(സ) ഇങ്ങിനെ പാടി: ''അല്ലാഹുവേ! ജീവിതം യഥാർത്ഥത്തിൽ പരലോകജീവിതം മാത്രമാണ്. അല്ലാഹുവേ! അൻസാരികൾക്കും മുഹാജിറുകൾക്കും നീ പൊറുത്തു കൊടുക്കേണമേ. അപ്പോൾ നബി(സ)ക്ക് മറുപടിയായി അവർ പറഞ്ഞു. ഞങ്ങൾ മുഹമ്മദിന് അനുസരണ പ്രതിജ്ഞ ചെയ്തവരാണ്. ജീവിച്ചിരിക്കുന്ന കാലമത്രയും പോരാട്ടത്തിൽ ഞങ്ങൾ ഉറച്ചുനിൽക്കും. (ബുഖാരി. 4. 52. 87)

1732. ബറാഅ്(റ) നിവേദനം: നബി(സ) ഖന്തക്ക് യുദ്ധദിവസം മണ്ണു ചുമക്കുകയുണ്ടായി. അവിടുന്നു പറയും. അല്ലാഹുവേ! നിന്റെ അനുഗ്രഹം ഇല്ലായിരുന്നുവെങ്കിൽ ഞങ്ങൾ സന്മാർഗ്ഗത്തിലാകുമായിരുന്നില്ല. (ബുഖാരി. 4. 52. 89)

1733. ബറാഅ്(റ) പറയുന്നു: അഹ്സാബ് യുദ്ധത്തിൽ നബി(സ) മണ്ണ് ചുമന്നുകൊണ്ടു പോകുന്നത് ഞാൻ കണ്ടു. നബി(സ)യുടെ വെളുത്ത വയറ് മണ്ണുപുരണ്ടു കഴിഞ്ഞിരുന്നു. അവിടുന്നു ഇപ്രകാരം പാടിക്കൊണ്ടിരുന്നു. അല്ലാഹുവേ! നിന്റെ അനുഗ്രഹം ഇല്ലെങ്കിൽ ഞങ്ങൾക്ക് നേർമാർഗ്ഗം സിദ്ധിക്കുമായിരുന്നില്ല. ഞങ്ങൾ ദാനം ചെയ്യുകയും നമസ്കരിക്കുകയും ചെയ്യുമായിരുന്നില്ല. അതുകൊണ്ട് ഞങ്ങൾക്ക് നീ ശാന്തി പ്രദാനം ചെയ്യേണമേ. ശത്രുക്കളെ അഭിമുഖീകരിക്കുമ്പോൾ ഞങ്ങളുടെ പാദങ്ങളെ നീ ഉറപ്പിച്ചു നിറുത്തേണമേ. ഞങ്ങളെ ആക്രമിക്കുന്നവർ ഞങ്ങളെ മർദ്ദിക്കുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ ഞങ്ങളതു തടയുകതന്നെ ചെയ്യും. (ബുഖാരി. 4. 52. 90)

1734. അനസ്(റ) പറയുന്നു: തബൂക്ക് യുദ്ധത്തിൽ നിന്ന് നബി(സ)യുടെ കൂടെ ഞങ്ങൾ മടങ്ങി. (ബുഖാരി. 4. 52. 92)

1735. അനസ്(റ) നിവേദനം: നബി(സ) ഒരു യുദ്ധത്തിൽ അരുളി: നമ്മോടൊപ്പം പോരാതെ മദീനായിൽ ചില ആളുകൾ പിന്തി നിൽക്കുന്നുണ്ട്. നാം ഒരു മലയിടുക്കിലോ താഴ്വരയിലോ പ്രവേശിച്ചിട്ടുണ്ടെങ്കിൽ അവരും നമ്മുടെ കൂടെ (മനസ്സുകൊണ്ട്)ഉണ്ടാവാതിരിക്കുന്നില്ല. ചില പ്രതിബന്ധങ്ങളാണ് അവരെ തടസ്സപ്പെടുത്തിയത്. (ബുഖാരി. 4. 52. 92)

1736. അബുസഈദ്(റ) നിവേദനം: നബി(സ) അരുളി: വല്ലവനും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ (യുദ്ധം ചെയ്യുവാൻ) ഒരു ദിവസം നോമ്പ് അനുഷ്ഠിച്ചാൽ 70 കൊല്ലത്തെ യാത്രാ ദൂരം വരെ അല്ലാഹു അവന്റെ മുഖത്തെ നരകത്തിൽ നിന്ന് വിദൂരമാക്കുന്നതാണ്. (ബുഖാരി. 4. 52. 93)

1737. സൈദ്ബ്നുഖാലിദ്(റ) നിവേദനം: നബി(സ) അരുളി: അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുന്നവന് യുദ്ധോപകരണങ്ങൾ വല്ലവനും തയ്യാറാക്കിയാൽ അവൻ യുദ്ധം ചെയ്തു. വല്ലവനും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുന്ന ഒരു യോദ്ധാവിന്റെ കുടുംബത്തിലിരുന്ന് മുസ്ലിമിന്റെ താല്പര്യങ്ങൾ നല്ലനിലക്ക് സംരക്ഷിച്ചാൽ അവനും യുദ്ധം ചെയ്തു. (ബുഖാരി. 4. 52. 96)

1738. അനസ്(റ) പറയുന്നു: നബി(സ) തന്റെ ഭാര്യമാരൊഴിച്ച് മറ്റൊരു സ്ത്രീയുടെ വീട്ടിലും പ്രവേശിക്കാറുണ്ടായിരുന്നില്ല. എന്നാൽ ഉമ്മുസുലൈമിന്റെ വീട്ടിൽ ചെല്ലാറുണ്ടായിരുന്നു. അതിനെക്കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ അവിടുന്ന് അരുളി: എനിക്കവളോട് വളരെ അനുകമ്പയുണ്ട്. എന്നോടൊപ്പം യുദ്ധം ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് അവളുടെ സഹോദരൻ മരണമടഞ്ഞത്. (ബുഖാരി. 4. 52. 97)

1739. അനസ്(റ) പറയുന്നു: യമാമ യുദ്ധസന്ദർഭത്തിൽ അദ്ദേഹം സാബിത്തിബ്നു ഖൈസിന്റെയടുക്കൽ ചെന്നു. സാബിത്തു തന്റെ രണ്ടു തുടയിൽ നിന്നും തുണി പൊക്കിയിട്ടു സുഗന്ധം പൂശിക്കൊണ്ടിരിക്കുകയായിരുന്നു'. അനസ്(റ) ചോദിച്ചു. എന്റെ പിതൃവ്യാ! എന്തുകൊണ്ടാണ് താങ്കൾ യുദ്ധരംഗത്തേക്ക് വരാതെ പിന്തി നിൽക്കുന്നത്? സാബിത്തു(റ) പറഞ്ഞു: എന്റെ സഹോദരപുത്രാ! ഇതാ എത്തിക്കഴിഞ്ഞു. ശേഷം സുഗന്ധദ്രവ്യം തുടർന്നു അദ്ദേഹം പൂശിക്കൊണ്ടിരുന്നു. പിന്നീടദ്ദേഹം വന്ന് ഇരിക്കുകയും ആളുകൾ യുദ്ധക്കളം വിട്ടോടിപ്പോയ വാർത്ത വിവരിക്കുകയും ചെയ്തു. അദ്ദേഹംപറഞ്ഞു: ഞങ്ങൾ ശത്രുക്കളുമായി ഇങ്ങിനെ നേരിട്ടാണ് പടവെട്ടിയിരുന്നത്. അല്ലാതെ ഇന്നു കാണുന്ന ഈ രൂപത്തിലല്ല നബി(സ) യോടൊപ്പം ഞങ്ങൾ യുദ്ധം ചെയ്തിരുന്നത്. നിങ്ങളുടെ തലമുറയെ നിങ്ങൾ പരിശീലിപ്പിച്ച സമ്പ്രദായം എത്ര മോശമായിരിക്കുന്നു. (ബുഖാരി. 4. 52. 98)

1740. ജാബിർ(റ) നിവേദനം: ഖന്തക്ക് യുദ്ധവേളയിൽ നബി(സ) പറഞ്ഞു: ശത്രുക്കളുടെ വാർത്ത ആരാണ് എനിക്ക് കൊണ്ടുവന്നു തരിക? അപ്പോൾ സുബൈർ(റ) മറുപടി പറഞ്ഞു: ഞാനൊരുക്കമാണ്. നബി(സ) പ്രത്യുത്തരം നൽകി. എല്ലാ നബിമാർക്കും ആത്മാർത്ഥ സ്നേഹിതന്മാരുണ്ട്. എന്റെ ആത്മാർത്ഥ സ്നേഹിതൻ സുബൈർ ആണ്. (ബുഖാരി. 4. 52. 99)

1741. ഇബ്നുഉമർ(റ) നിവേദനം: നബി(സ) അരുളി: അന്ത്യദിനം വരെ കുതിരയുടെ മൂർദ്ധാവിൽ നന്മയുണ്ട്. (ബുഖാരി. 4. 52. 102)

1742. ഉർവ:(റ) നിവേദനം: നബി(സ) അരുളി: കുതിരയുടെ നെറുകയിൽ ലോകാവസാനം വരെ നന്മ ബന്ധിപ്പിക്കപ്പെട്ടിരിക്കുകയാണ്. അനസ്(റ) നിവേദനം: നബി(സ) അരുളി: കുതിരയുടെ നെറുകയിൽ നന്മയുണ്ട്. (ബുഖാരി. 4. 52. 103)

1743. അബൂഹുറൈറ(റ) നിവേദനം: അല്ലാഹുവിന്റെ ദൂതൻ അരുളി: വല്ലവനും ഒരു ഒട്ടകത്തെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വഖ്ഫ് ചെയ്തു വെച്ചു. അല്ലാഹുവിൽ വിശ്വസിച്ചുകൊണ്ടും അവന്റെ വാഗ്ദാനത്തെ സത്യപ്പെടുത്തിക്കൊണ്ടും. എന്നാൽ അത് വയറു നിറക്കുന്നതും ദാഹം തീർക്കുന്നതും അതിന്റെ കാഷ്ഠവും മൂത്രവും എല്ലാം തന്നെ അന്ത്യദിനത്തിൽ മീസാനിൽ ഉണ്ടാവുന്നതാണ്. (ബുഖാരി. 4. 52. 105)

1744. അനസ്(റ) നിവേദനം: നബി(സ)ക്ക് ''അള്ബാഅ്'' എന്നു പേരുള്ള ഒരൊട്ടകമുണ്ടായിരുന്നു. നടത്തത്തിൽ അതിനെ മുൻകടക്കുവാൻ ഒരൊട്ടകത്തിനും കഴിഞ്ഞിരുന്നില്ല. ഒരിക്കൽ ഒരു ഗ്രാമീണൻ യൗവനം നിറഞ്ഞ ഒരൊട്ടകപ്പുറത്തു കയറി നബി(സ)യുടെ ആ ഒട്ടകത്തെ പരാജയപ്പെടുത്തിക്കൊണ്ടു മുൻകടന്നു. അതു മുസ്ലിംകൾക്ക് വളരെ പ്രയാസം സൃഷ്ടിക്കുകയും അവരുടെ പ്രയാസം നബി(സ)ക്ക് മനസ്സിലാകുകയും ചെയ്തു. അപ്പോൾ നബി(സ) പ്രഖ്യാപിച്ചു: ലോകത്ത് ഏതൊരു വസ്തുവും ഉയർന്നു കഴിഞ്ഞാൽ അതിനെ താഴ്ത്തി വെക്കേണ്ടത് അല്ലാഹുവിന്റെ ബാധ്യതയാണ്. (ബുഖാരി. 4. 52. 124)

1745. ആയിശ:(റ) നിവേദനം: നബി(സ) ഒരു യാത്രക്ക് ഉദ്ദേശിച്ചാൽ തന്റെ ഭാര്യമാരുടെ ഇടയിൽ നറുക്കിടും. ആരുടെ നറുക്കാണോ ലഭിച്ചത് അവരുമായി യാത്ര പുറപ്പെടും അങ്ങനെ ഒരു യുദ്ധത്തിൽ നബി(സ) നറുക്കിടുകയും എന്റെ നറുക്ക് ലഭിക്കുകയും

ഞാൻ നബി(സ)യുടെ കൂടെ പുറപ്പെടുകയും ചെയ്തു. ഈ സംഭവം ഹിജാബിന്റെ ആയത്ത് അവതരിപ്പിക്കപ്പെട്ട ശേഷമാണ്. (ബുഖാരി. 4. 52. 130)

1746. അനസ്(റ) പയുന്നു: ഉഹ്ദ് യുദ്ധദിവസത്തിൽ ജനങ്ങൾ നബി(സ) യിൽ നിന്ന് തോറേറാടുവാൻ തുടങ്ങി. അബൂബക്കറിന്റെ പുത്രി ആയിശ(റ)യും ഉമ്മു സുലൈമും(റ) തോൽപാത്രങ്ങളിൽ വെള്ളം കൊണ്ടു വരികയുണ്ടായി. വസ്ത്രം അവർ കയററിയതിനാൽ അവരുടെ കാൽപാദങ്ങൾ ഞാൻ ദർശിക്കുകയുണ്ടായി. ശേഷം പട്ടാളക്കാരുടെ വായിൽ അവർ അത് ഒഴിച്ചു കൊടുക്കും. വീണ്ടും മടങ്ങിവന്ന് വെള്ളം നിറക്കും. (ബുഖാരി. 4. 52. 131)

1747. സഅ്ലബ്(റ) നിവേദനം: മദീനയിലെ സ്ത്രീകൾക്കിടയിൽ ഒരിക്കൽ ഉമർ(റ) കുറെ തുണികൾ പങ്കിട്ടു കൊടുത്തു. അവസാനം ഒരു നല്ല തുണി ബാക്കിയായി. അദ്ദേഹത്തിന്റെ അടുത്തു ഉണ്ടായിരുന്നവരിൽ ചിലർ പറഞ്ഞു. അമീറുൽ മുഅ്മീനിൻ!അങ്ങയുടെ(ഭാര്യയായി) അടുത്തുള്ള നബിയുടെ പുത്രിക്ക് ഇത് നൽകിയാലും. അലി(റ) യുടെ പുത്രി ഉമ്മു കുൽസുമിനെയാണ് അവരുദ്ദേശച്ചത്. ഉമർ(റ) പറഞ്ഞു. ഇത് ഉമ്മുസലീത്തിന് കൊടുക്കാനാണ് ഏററവും അവകാശപ്പെട്ടത്. നബി(സ) യുമായി അനുസരണപ്രതിജ്ഞ ചെയ്ത അൻസാരി സ്ത്രീകളിൽ ഒരാളാണവർ. ഉമർ(റ) തുടർന്നു പറഞ്ഞു:ഉഹ്ദ് യുദ്ധത്തിൽ തോൽ പാത്രത്തിൽ വെള്ളം നിറച്ച് ഞങ്ങൾക്ക് കൊണ്ടുതന്നിരുന്നത് അവരായിരുന്നു. (ബുഖാരി. 4. 52. 132)

1748. റുബയ്യിഅ്(റ) നിവേദനം: നബി(സ) യുദ്ധത്തിന് പോകുമ്പോൾ ഞങ്ങളും കൂടെ പോകാറുണ്ട്. പട്ടാളക്കാർക്ക് കുടിക്കാൻ വെള്ളംകൊണ്ടുപോയി കൊടുക്കുക, മുറിവേററവരെ ചികിത്സിക്കുക, മരണമടഞ്ഞവരെ മദീനയിലേക്ക് കൊണ്ടുവരിക ഇതെല്ലാമാണ് ഞങ്ങൾ നിർവഹിച്ചിരുന്ന ജോലികൾ. (ബുഖാരി. 4. 52. 133)

1749. റുബയ്യിഅ്(റ) നിവേദനം: യുദ്ധത്തിൽ മുറിവേററവരേയും മരണമടഞ്ഞവരെയും മദീനയിലേക്ക് കൊണ്ടുവരിക ഞങ്ങളാണ്. (ബുഖാരി. 4. 52. 134)

1750. അബൂമൂസ(റ) പറയുന്നു: അബു ആമിറിന്റെ കാൽമുട്ടിൽ ഒരു മുറിവ് ബാധിച്ചു. ഞാൻ അദ്ദേഹത്തെ ദർശിക്കുവാൻ ചെന്നു. അദ്ദേഹം പറഞ്ഞു: ഈ അമ്പ് നീ ഊരിയെടുത്താലും. അപ്പോൾ ഞാനതു ഊരിയെടുത്തു. ഉടനെ അതിൽ നിന്ന് ഒരു തരം ദ്രാവകം പുറത്തുവന്നു. നബി(സ)യോട് ഞാൻ വിവരം പറഞ്ഞപ്പോൾ അവിടുന്ന് ഇപ്രകാരം പ്രാർത്ഥിച്ചു. അല്ലാഹുവേ! നീ അബുഅമീറിന്ന് പാപമോചനം നൽകേണമേ. (ബുഖാരി. 4. 52. 135)

1751. അബൂഹുറൈറ(റ) പറയുന്നു: തുഫൈലും അദ്ദേഹത്തിന്റെ അനുയായികളും നബി(സ)യെ സന്ദർശിച്ചു. അവർ പറഞ്ഞു. പ്രവാചകരേ, ദൗസ് ഗോത്രം ഇസ്ലാം സ്വീകരിക്കുന്നതിൽ വൈമുഖ്യം പ്രകടിപ്പിക്കുന്നു. ദൗസ് ഗോത്രത്തെ നശിപ്പിക്കുവാൻ അല്ലാഹുവിനോട് പ്രാർത്ഥിച്ചാലും. അപ്പോൾ ദൗസ്ഗോത്രം നശിക്കട്ടെ എന്ന് അവരുടെ കൂട്ടത്തിൽ ചിലർ പ്രാർത്ഥിക്കുകയും ചെയ്തു. എന്നാൽ നബി(സ) പ്രാർത്ഥിച്ചത് ഇപ്രകാരമാണ്. അല്ലാഹുവേ! ദൗസ് ഗോത്രത്തിന് മാർഗദർശനം നൽകുകയും അവരെ നല്ലവഴിക്ക് കൊണ്ട് വരികയും ചെയ്യേണമേ.. (ബുഖാരി. 4. 52. 188)

1752. സഹ്ല്(റ) നിവേദനം: ഖൈബർ യുദ്ധദിവസം നബി(സ) ഇപ്രകാരം പ്രഖ്യാപിക്കുന്നത് ഞാൻ കേട്ടു. തീർച്ചയായും ഒരു മനുഷ്യന് ഞാൻ കൊടി നൽകുന്നതാണ്. അദ്ദേഹത്തിന്റെ കൈക്ക് അല്ലാഹു വിജയം നൽകുന്നതാണ്, കൊടി തനിക്ക് കിട്ടിയിരുന്നെങ്കിൽ എന്ന് അനുചരന്മാർ ആഗ്രഹിച്ചുകൊണ്ടു അവിടെ നിന്ന് എഴുന്നേററുപോയി. അടുത്ത ദിവസം അവരിലോരോരുത്തരും തങ്ങൾക്ക് കൊടി

ലഭിക്കണമെന്ന് ആശിച്ചുകൊണ്ട് പ്രഭാതത്തിൽ പുറപ്പെട്ടു. അലിയെവിടെ? നബി(സ) ചോദിച്ചു. നേത്രരോഗം ബാധിച്ചിരിക്കുകയാണെന്ന് പറയപ്പെട്ടു. ഉടനെ നബി(സ)യുടെ നിർദ്ദേശപ്രകാരം അലി(റ) യെ കൂട്ടിക്കൊണ്ടുവന്നു. നബി(സ) അലിയുടെ കണ്ണിൽ അല്പം തുപ്പുനീർ പുരട്ടി. ഉടനെ അദ്ദേഹത്തിന് രോഗശമനം ലഭിച്ചു. മുമ്പ് രോഗം ബാധിക്കാത്തതുപോലെ അലി(റ) പറഞ്ഞു. അവർ നമ്മെപ്പോലെ ആകുന്നതുവരേക്കു നാം അവരുമായി യുദ്ധം ചെയ്യുന്നതാണ്. നബി(സ) പറഞ്ഞു: നീ അവരുടെ വീടുകൾക്കു മുമ്പിൽ ഇറങ്ങുന്നത് വരേക്കും ശാന്തതയോടെ പുറപ്പെടുക. ശേഷം അവരെ ഇസ്ലാമിലേക്ക് ക്ഷണിക്കുക. അവരുടെ ബാധ്യതകൾ അവരോട് പറയുക. അല്ലാഹു സത്യം. ഒരു മനുഷ്യൻ നേർമാർഗ്ഗം പ്രാപിക്കുന്നതിന് നീ കാരണമാകുന്നതാണ്, ചുവന്ന ഒട്ടകങ്ങളെക്കാളും നിനക്ക് ഉത്തമം. (ബുഖാരി. 4. 52. 192)

1753. സ്വഅ്ബ്(റ) പറയുന്നു: നബി(സ) അബവാളൽ വെച്ച് അല്ലെങ്കിൽ വദ്ദാനിൽവെച്ച് എന്റെ അരികിലൂടെ നടന്നുപോയി. അന്നേരം ഒരു പ്രശ്നത്തെക്കുറിച്ച് അവിടുന്നു ചോദിക്കപ്പെട്ടു. രാത്രി സമയങ്ങളിൽ ബഹുദൈവവിശ്വാസികളുടെ ഒരു വീട് ആക്രമിക്കപ്പെടുന്നു. അപ്പോൾ അവരുടെ സ്ത്രീകൾക്കും കുട്ടികൾക്കും ആപത്ത് ബാധിക്കുന്നു. അതിനെക്കുറിച്ച് എന്താണവിടുന്ന് പറയുന്നത് നബി(സ) അരുളി: ആ സ്ത്രീകളും കുട്ടികളും അവരിൽപ്പെട്ടവർ തന്നെയാണല്ലോ? അല്ലാഹുവിനും അവന്റെ ദൂതനുമല്ലാതെ മേച്ചിൽ സ്ഥലം സ്ഥാപിക്കാൻ അധികാരമില്ലെന്ന് നബി(സ) അരുളുന്നതും ഞാൻ കേട്ടിട്ടുണ്ട്. (ബുഖാരി. 4. 52. 256)

1754. ഇബ്നുഉമർ(റ) പറയുന്നു: നബി(സ) നടത്തിയ ഒരു യുദ്ധത്തിൽ ഒരു സ്ത്രീ വധിക്കപ്പെട്ട കിടക്കുന്നത് കണ്ടു. അപ്പോൾ സ്ത്രീകളേയും കുട്ടികളേയും വധിക്കുന്നത് നബി(സ) വിരോധിച്ചു. (ബുഖാരി. 4. 52. 256)

1755. ജരീർ(റ) പറയുന്നു: എന്നോട് നബി(സ) പറഞ്ഞു; ദുൽഖലാസായുടെ കാര്യത്തിൽ നിങ്ങൾ എനിക്ക് മനസ്സമാധാനം തരികയില്ലേ? ഖസ്അം ഗോത്രത്തിന്റേതായി കഅബത്തുൽയമാനിയ എന്നറിയപ്പെടുന്ന ഒരു വിഗ്രഹാലയമായിരുന്നു ദുൽഖലാസാ. ഉടനെ അഹ് മസ് ഗോത്രത്തിലെ 150 പേരുള്ള ഒരു കുതിരപ്പട്ടാളത്തോടൊപ്പം ഞാൻ പുറപ്പെട്ടു. അവർ കുതിരകളെ വളർത്തുന്നവരായിരുന്നു. ഞാനാണെങ്കിൽ കുതിരപ്പുറത്ത് ഇരിക്കാൻ പരിചയമില്ലാത്തവനായിരുന്നു. നബി(സ) എന്റെ നെഞ്ചിൽ ഒന്നടിച്ചു. എന്നീട്ട് അവിടുന്ന് പ്രാർത്ഥിച്ചു; അല്ലാഹുവേ! ജരീറിന്ന് സ്ഥൈര്യവും ധൈര്യവും പ്രദാനം ചെയ്യുകയും അദ്ദേഹത്തെ മാർഗ്ഗദർശിയും മാർഗ്ഗദർശനം ലഭിച്ചവനുമാക്കുകയും ചെയ്യണമേ! ജരീർ ആ വിഗ്രഹാലയത്തിലേക്ക് പോയി. അതെല്ലാം പൊട്ടിച്ചുകളഞ്ഞുകൊണ്ട് അഗ്നിക്കിരയാക്കി. അനന്തരം നബി(സ)യെ വിവരം അറിയിക്കാൻ ജരീർ അയച്ച ആൾ നബിയുടെ മുൻപിൽ വന്നിട്ടുണർത്തി. സത്യവും കൊണ്ട് അങ്ങയെ അയച്ചിരിക്കുന്നു. അല്ലാഹു സത്യം ആ വിഗ്രഹാലയത്തെ ചൊറിപിടിച്ച ഒട്ടകത്തെപ്പോലെയാക്കിയശേഷമല്ലാതെ ഞാൻ താങ്കളുടെ അടുക്കൽ വന്നിട്ടില്ല. അപ്പോൾ നബി(സ) പ്രാർത്ഥിച്ചു. അഹ്മസ് ഗോത്രത്തിലെ പുരുഷന്മാർക്ക് അല്ലാഹു നന്മ ചെയ്യട്ടെ. ഇപ്രകാരം അഞ്ചുപ്രാവശ്യം നബി(സ) ആവർത്തിച്ചു. (ബുഖാരി. 4. 52. 262)

1756. അബൂമൂസ(റ) നിവേദനം: നബി(സ) അരുളി: നിങ്ങൾ ബന്ദികളെ മോചിപ്പിക്കുവിൻ. വിശന്നവന് ഭക്ഷണം നൽകുകയും, രോഗിയെ സന്ദർശിക്കുകയും ചെയ്യുവിൻ. (ബുഖാരി. 4. 52. 282)

1757. അബൂജുഹൈഫ(റ) നിവേദനം: അല്ലാഹുവിന്റെ ഗ്രന്ഥത്തിലുള്ളതിനുപുറമെ ദൈവീകസന്ദേശത്തിൽപ്പെട്ട വല്ലതും നിങ്ങളുടെ പക്കലുണ്ടോ എന്ന് ഞാൻ

അലി(റ) യോട് ചോദിച്ചു. അദ്ദേഹം പറഞ്ഞു: ഇല്ല. വിത്തിനെ മുളപ്പിച്ചവനും ആത്മാവിനെ സൃഷ്ടിച്ചവനുമായ അല്ലാഹു സത്യം. അങ്ങനെയൊന്ന് ഉള്ളതായി ഞാൻ ഗ്രഹിച്ചിട്ടില്ല. പക്ഷേ ഖുറാനിൽ നിന്ന് വല്ലതും ഗ്രഹിക്കാനുള്ള കഴിവ് മനുഷ്യന് അല്ലാഹു നൽകിയിട്ടുണ്ടെങ്കിൽ അതു ഇതിൽപ്പെടുകയില്ല. അതെ പ്രകാരം തന്നെ ഈ ഏടിലുള്ള ചിലകാര്യങ്ങളും ഞങ്ങളുടെ പക്കലുണ്ട്. ഞാൻ ചോദിച്ചു; എന്താണ് ഈ ഏടിലുള്ളത്? അദ്ദേഹം പറഞ്ഞു കുററങ്ങൾക്ക് നൽകേണ്ടതായ നഷ്ടപരിഹാരം, ബന്ധനസ്ഥരെ മോചിപ്പിക്കേണ്ട കാര്യം. ശത്രുവിനെ വധിച്ചതിനുപകരം ഒരു മുസ്ലീമിനെ വധിക്കാൻ പാടില്ല ഇവ മാത്രമാണ്. (ബുഖാരി. 4. 52. 283)

1758. അസ്ലം(റ) പറയുന്നു: ഉമർ(റ) ഹുനൈയ്യ് എന്ന് വിളിക്കപ്പെടുന്ന ഒരു മോചിത അടിമയെ ഒരു സംരക്ഷണഭൂമിയുടെ ഗവർണ്ണറായി നിശ്ചയിച്ചു. എന്നിട്ട് ഉമർ(റ) അദ്ദേഹത്തോട് പറഞ്ഞു. അല്ലയോ ഹുനൈയ്യ്! നീ മുസ്ലീമുകളോട് വിനയത്വം കാണിക്കുക. മർദ്ദിതന്റെ പ്രാർത്ഥനയെ നീ സൂക്ഷിക്കുക. നിശ്ചയം മർദ്ദിതന്റെ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കപ്പെടുന്നതാണ്. അല്പം ഒട്ടകങ്ങളും ആടുകളുമുള്ളവരെ നീ ഉപേക്ഷിക്കുക. ഇബ്നുഔഫ്, ഇബ്നുഅഫ്ഫാൻ മുതലായവരുടെ ഒട്ടകങ്ങളെ സംബന്ധിച്ച് എന്റെ നിയമത്തെ നീ സൂക്ഷിക്കുക. അവരുടെ മൃഗങ്ങൾ നശിച്ചാൽ അവർ കൃഷിയിലേക്ക് പ്രവേശിക്കും. അല്പം ഒട്ടകങ്ങളുടേയും ആടുകളുടേയും ഉടമസ്ഥന്മാർ അവരുടെ മൃഗങ്ങൾ നശിച്ചാൽ അവരുടെ സന്താനങ്ങളേയുമായി എന്റെ അടുത്ത് വന്ന് ഇപ്രകാരം പറയും: വിശ്വാസികളുടെ ഭരണാധികാരി! ഞങ്ങൾ ദരിദ്രന്മാരാണ്. ഞങ്ങളെ സഹായിച്ചാലും അവരെ ഉപേക്ഷിക്കാൻ എനിക്ക് സാധിക്കുമോ? നിനക്ക് നാശം. സ്വർണ്ണത്തെക്കാളും വെള്ളിയേക്കാളും എന്റെ അടുത്ത് നിസ്സാരമായത് വെള്ളവും പുല്ലുമാണ്. അല്ലാഹു സത്യം. ഞാനവരെ ആക്രമിച്ചതായി അവർ ദർശിക്കും. ഭൂമി അവരുടേതാണ്. അജ്ഞാനകാലത്തു അതിനുവേണ്ടിയാണ് അവർ യുദ്ധം ചെയ്തിരുന്നതും. അതുമായി അവർ മുസ്ലീമാവുകയും ചെയ്തു. എന്റെ ആത്മാവിനെ നിയന്ത്രിക്കുന്നവൻ തന്നെയാണ് സത്യം. അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള മൃഗങ്ങളെ സംരക്ഷിക്കേണ്ടതായ ബാദ്ധ്യത എനിക്കില്ലായിരുന്നുവെങ്കിൽ അവരുടെ ഭൂമിയിൽ നിന്ന് ഒരു ചാൺ പോലും സംരക്ഷണ ഭൂമിയാക്കുമായിരുന്നില്ല. (ബുഖാരി. 4. 52. 292)

1759. അബ്ദുല്ലാഹിബിനു അംറ്(റ) നിവേദനം: നബി(സ)യുടെ സമ്മാനങ്ങൾ സൂക്ഷിക്കുവാനേൽപ്പിക്കപ്പെട്ടത് ''കിർകിറ'' എന്ന് പേരായ ഒരാളെയായിരുന്നു. അയാൾ മരിച്ചപ്പോൾ അവൻ നരകത്തിലാണ് എന്ന് നബി(സ) അരുളി. സഹാബിമാർ അയാളുടെ സ്ഥിതി അന്വേഷിക്കാൻ ചെന്നപ്പോൾ അയാൾ വഞ്ചിച്ചെടുത്ത ഒരു പുതപ്പ് അവർക്ക് കണ്ടുകിട്ടി. (ബുഖാരി. 4. 52. 308)

1760. ഇംറാൻ ഇബ്നുഹുസൈൻ(റ) പറഞ്ഞു. അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു; എന്റെ സമുദായത്തിൽ നിന്നു ഒരു സംഘം, സത്യത്തിന് വേണ്ടിയുള്ള സമരം നിർത്തരുത്. അവർ അവരുടെ എതിരാളികളുടെ മേൽ വിജയം പ്രാപിക്കുന്നതാണ്. (അബൂദാവൂദ്)

1761. അബഹുറയ്റാ(റ) നിവേദനം ചെയ്തു, പ്രവാചകൻ(സ) പറഞ്ഞു: അല്ലാഹു ഈ സമുദായത്തിൽ ഓരോ നൂററാണ്ടുകളുടേയും ആദ്യത്തിൽ, ഓരോ മതപരിഷ്ക്കർത്താക്കളെ അയക്കും. (അബൂദാവൂദ്)

1762. അബ്ഹുറയ്റ(റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ പറഞ്ഞു: നിങ്ങളിൽ, രക്തസാക്ഷിയായി നിങ്ങൾ ഗണിക്കുന്നതാരെയാണ്? അവർ പറഞ്ഞു, അല്ലാഹുവിന്റെ ദൂതരെ, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വധിക്കപ്പെട്ടവനാരോ അവനാണ് രക്തസാക്ഷി. അവിടുന്നു പറഞ്ഞു, അങ്ങനെയാണെങ്കിൽ എന്റെ

സമുദായത്തിൽ രക്തസാക്ഷികൾ കുറവായിരിക്കും. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വധിക്കപ്പെട്ടവനാരോ അവൻ രക്തസാക്ഷിയാണ്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സ്വാഭാവികമായി മരണം പ്രാപിച്ചവനാരോ അവനും രക്തസാക്ഷിയാണ്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പ്ലേഗ് മൂലം മരിച്ചവനാരോ അവനും രക്തസാക്ഷിയാണ്. വിഷൂചിക മൂലം മരിച്ചവനാരോ അവനും രക്തസാക്ഷിയാണ്. (മുസ്‌ലിം)

1763. സൽമാനി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു. ഒരു രാപ്പകലെങ്കിലും ശത്രുവിനെ പാർത്തിരിക്കൽ ഒരു മാസം നോമ്പുനോൽക്കുകയും രാത്രി നമസ്കരിക്കുകയും ചെയ്യുന്നതിനെക്കാൾ ഉൽകൃഷ്ടമായതാണ്. അതിലവൻ മരണപ്പെട്ടാലോ? തദവസരത്തിലുള്ള തന്റെ പ്രവർത്തനഫലം അവനെന്നും കിട്ടിക്കൊണ്ടിരിക്കും. അപ്രകാരം തന്നെ (സ്വർഗ്ഗത്തിൽ നിന്ന്) അവന് ഭക്ഷണം കിട്ടിക്കൊണ്ടിരിക്കുകയും ഖബർ ശിക്ഷയിൽ നിന്ന് അവന് അഭയം ലഭിക്കുകയും ചെയ്യും. (മുസ്‌ലിം)

1764. ഫളാലത്തി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) അരുളി: എല്ലാ മൃതശരീരങ്ങളുടെയും അമലുകൾ സീൽ വെക്കപ്പെടും. (പിന്നീട് അതിന് വർദ്ധനവുണ്ടാവുകയില്ല)അല്ലാഹുവിന്റെ സബീലിൽ ശത്രുക്കളെ പ്രതീക്ഷിച്ചിരിക്കുന്നവരുടേതൊഴികെ. അന്ത്യദിനം വരേക്കും അവന്റെ പ്രവർത്തനം (പ്രതിഫലം) വളർന്നുകൊണ്ടേയിരിക്കും. ഖബർ ശിക്ഷയിൽ നിന്ന് അവന് അഭയവും ലഭിക്കും. (അബൂദാവൂദ്, തിർമിദി)

1765. ഉസ്മാനി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു: അല്ലാഹുവിന്റെ മാർഗ്ഗത്തിൽ മുസ്ലിം രാഷ്ട്രത്തിലെ അതിർത്തിയിൽ കാവലിരിക്കുന്ന ഒരു ദിവസം മററു കാര്യങ്ങളിൽ ചെലവഴിക്കുന്ന ആയിരം ദിവസത്തേക്കാൾ ഉത്തമമാണ്. (തിർമിദി)

1766. അബൂഹുറയ്റ(റ)യിൽ നിന്ന്: റസൂൽ(സ) പറഞ്ഞു: അല്ലാഹുവിന്റെ മാർഗ്ഗത്തിൽ (ജിഹാദിന്ന്) പുറപ്പെട്ടവന് അല്ലാഹു നന്മ ചെയ്യുമെന്ന് ഏററിട്ടുണ്ട്. കാരണം, എന്റെ മാർഗ്ഗത്തിലുള്ള സമരവും എന്നിലുള്ള വിശ്വാസദാർഢ്യവും എന്റെ പ്രവാചകനിലുള്ള യഥാർത്ഥ വിശ്വാസവും മാത്രമാണ് അവനെ വീട്ടിൽ നിന്ന് പുറപ്പെടുവിച്ചത്. സ്വർഗ്ഗത്തിൽ പ്രവേശിക്കുകയോ, ഗനീമത്ത് സ്വത്തുക്കളും പ്രതിഫലവുമായി പുറപ്പെട്ട വീട്ടിലേക്ക് തിരിച്ചെത്തിക്കുകയോ ചെയ്യുമെന്ന് അല്ലാഹു ഏററിട്ടുണ്ട്. മുഹമ്മദിന്റെ ആത്മാവ് നിയന്ത്രിക്കുന്നവനെത്തന്നെയാണ, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഏൽക്കുന്ന ഏതൊരു പരിക്കും അന്ത്യദിനത്തിൽ പരിക്ക് പററിയ ദിവസത്തെപ്പോലെയാണ്. അതിന്റെ വർണ്ണം രക്തത്തിന്റേതും മണം കസ്തൂരിയുടേതുമത്രെ. മുഹമ്മദിന്റെ ആത്മാവ് നിയന്ത്രിക്കുന്നവനെത്തന്നെയാണ, (ദുർബ്ബലരായ) മുസ്ലിംകൾക്ക് വിഷമം നേരിടുകയില്ലായിരുന്നുവെങ്കിൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധത്തിന് പുറപ്പെടുന്ന ഓരോ യോദ്ധാക്കളുടേയും പിന്നിൽ ഞാനിരിക്കയില്ലായിരുന്നു. പക്ഷേ, അവരെ കൊണ്ടു പോകുന്ന സൗകര്യം ഞാനെത്തിക്കുകയില്ല. അവർക്ക് സ്വന്തമായി അതിനുള്ള ശേഷിയില്ലതാനും. എന്നെ കൂടാതെ പിന്തിനിൽക്കൽ അവരെ ക്ലേശിപ്പിക്കുകയും ചെയ്യും. മുഹമ്മദിന്റെ ആത്മാവ് കൈവശമുള്ളവനെക്കൊണ്ട് സത്യം, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്ത് രക്തസാക്ഷിയാവുക എന്നതാണ് ഞാനാഗ്രഹിക്കുന്നത്. (മുസ്‌ലിം)

1767. മുആദി(റ)ൽ നിന്ന് നിവേദനം: നബി(സ) അരുൾചെയ്തു: ഒട്ടകത്തിന്റെ രണ്ട് കറവുകൾക്കിടയിലുള്ളത്ര സമയം വല്ല മുസ്ലിമും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്താൽ സ്വർഗ്ഗം അവന് സ്ഥിരപ്പെട്ടു. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വല്ലവനും മുറിവേൽക്കുകയോ ഒരു പോറലേൽക്കുകയോ ചെയ്താൽ അന്ത്യദിനത്തിൽ അത്

അത്യധികം വലിപ്പമുള്ളതായി പരിണമിക്കും. അതിന്റെ നിറം കുങ്കുമത്തിന്റേതും മണം കസ്തൂരിയുടേതുമായിരിക്കും. (അബൂദാവൂദ്, തിർമിദി)

1768. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു: റസൂൽ(സ)യുടെ അസ്ഹാബിമാരിലൊരാൾ ശുദ്ധജലപ്രവാഹമുള്ള ഒരു മലയിടുക്കിലൂടെ നടന്നുപോയപ്പോൾ അതദ്ദേഹത്തെ വല്ലാതെ ആകർഷിച്ചു. തൽസമയം അയാൾ പറഞ്ഞു. ജനങ്ങളെ കൈ വെടിഞ്ഞുകൊണ്ട് ഞാൻ ഈ മലയിടുക്കിൽ താമസിച്ചിരുന്നെങ്കിൽ (നന്നായിരുന്നു) പക്ഷേ, റസൂൽ(സ)യോട് അതിന്നനുമതി തേടാതെ ഞാനങ്ങനെ ചെയ്യുകയില്ല. അങ്ങനെ അദ്ദേഹം റസൂൽ(സ)യോട് അക്കാര്യം പറഞ്ഞപ്പോൾ അവിടുന്ന് പറഞ്ഞു. ഒരിക്കലും നീ അങ്ങനെ ചെയ്യരുത്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ (മുജാഹിദായി) നിലകൊള്ളൽ 70 കൊല്ലം തന്റെ ഭവനത്തിൽവെച്ച് നമസ്കരി ക്കുന്നതിനേക്കാൾ ഉൽകൃഷ്ടമാണ്. അല്ലാഹു പൊറുത്തുതരികയും സ്വർഗ്ഗത്തിൽ പ്രവേശിപ്പി ക്കുകയും ചെയ്യാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ലേ? എന്നാൽ നിങ്ങൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്യൂ. ഒട്ടകത്തിന്റെ രണ്ടു കറവുകൾക്കിടയിലുള്ളത്ര സമയം വല്ലവനും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്താൽ അവന് സ്വർഗ്ഗം സുനിശ്ചിതമായി. (തിർമിദി)

1769. അബുസഈദിൽ നിന്ന് നിവേദനം: സംരക്ഷകനായി അല്ലാഹുവിനെയും മതമായി ഇസ്ലാമിനെയും പ്രവാചകനായി മുഹമ്മദ്നബി(സ)യെയും വല്ലവനും തൃപ്തിപ്പെട്ടാൽ അവന്ന് സ്വർഗ്ഗം സ്ഥിരപ്പെട്ടു. അബുസഈദ്(റ) ഇതിൽ ആശ്ചര്യപ്പെട്ടുകൊണ്ട് പറഞ്ഞു: പ്രവാചകരേ! അതൊന്നുകൂടി ആവർത്തിച്ചാലും! നബി(സ) അതാവർത്തിച്ച് തുടർന്നുപറഞ്ഞു. വേറൊരു കാര്യമുണ്ട്. അതുവഴി സ്വർഗ്ഗത്തിൽ ഒരടിമക്ക് 100 പദവി ഉയർത്തപ്പെടും. ഈരണ്ട് പദവികൾക്കിടയിൽ ആകാശഭൂമികൾക്കിടയിലുള്ളത്ര ദൂരമുണ്ട്. അദ്ദേഹം ചോദിച്ചു: പ്രവാചകരേ! അതെന്താണ്? അവിടുന്ന് അരുളി: അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള സമരമാണത്. (മുസ്ലിം)

1770. അബൂബക്കറി(റ)ൽ നിന്ന് നിവേദനം: ശത്രുക്കളുടെ സാന്നിദ്ധ്യത്തിൽവെച്ച് എന്റെ പിതാവ് പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. റസൂൽ(സ) പറഞ്ഞു: നിശ്ചയം, സ്വർഗ്ഗത്തിന്റെ കവാടം വാളിന്റെ നിഴലിലാണ്. അന്നേരം ജീർണ്ണിച്ച വസ്ത്രധാരിയായ ഒരാൾ എഴുന്നേററുനിന്ന് ചോദിച്ചു. അബൂമൂസാ! ഇത് റസൂൽ(സ) പറയുന്നത് നീ കേട്ടിട്ടുണ്ടോ? അതെ എന്നദ്ദേഹം പറഞ്ഞു. അങ്ങനെ അദ്ദേഹം തന്റെ കൂട്ടുകാർക്കിടയിലേക്ക് മടങ്ങിചെന്നിട്ട് ഞാൻ നിങ്ങൾക്ക് സലാമോതുന്നു എന്നു പറഞ്ഞതിനുശേഷം തന്റെ വാളുറ പിച്ചിക്കീറി വലിച്ചെറിയുകയും വാളുമേന്തിക്കൊണ്ട് ശത്രുക്കളിലേക്ക് ഇറങ്ങിച്ചെന്ന് യുദ്ധം ചെയ്ത് രക്തസാക്ഷിയാവുകയുമുണ്ടായി. (മുസ്ലിം)

1771. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: അല്ലാഹുവിനെ ഭയപ്പെട്ടു കരഞ്ഞവൻ, കറന്നെടുത്ത പാല് അകിട്ടിലേക്ക് മടങ്ങുംവരെ നരകത്തിൽ പ്രവേശിക്കുകയില്ല. അപ്രകാരം അല്ലാഹുവിന്റെ പോർക്കളത്തിലെ പൊടിയും നരകത്തിലെ പുകയും കൂടി ഒരാളിൽ ഒരുമിച്ചുകൂടുകയില്ല.! (തിർമിദി)

1772. ഇബ്നുഅബ്ബാസി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു. അല്ലാഹുവിനെ ഭയപ്പെട്ട് കരഞ്ഞ കണ്ണിനെയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ (ശത്രുക്കളെ) കാവൽ നിൽക്കുന്ന കണ്ണിനെയും നരകം സ്പർശിക്കുകയില്ല. (തിർമിദി)

1773. അബുഉമാമ(റ)യിൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തണലേകുന്ന ഒരു തമ്പ് നിർമ്മിക്കലും, സേവനം ചെയ്യുന്ന ഒരു ദാസനെ സൗജന്യം ചെയ്യലും,

പ്രായപൂർത്തിയെത്തിയ ഒരൊട്ടകത്തെ ദാനംചെയ്യലുമാണ് ധർമ്മങ്ങളിൽവെച്ച് ഏററവും ഉത്തമമായത്. (തിർമിദി)

1774. അബ്ദുല്ല(റ)യിൽ നിന്ന് നിവേദനം: കടം ഒഴിച്ച് മറെറല്ലാ പാപങ്ങളും രക്തസാക്ഷിക്ക് അല്ലാഹു പൊറുത്തുകൊടുക്കും. (മുസ്ലിം)

1775. അനസി(റ)ൽ നിന്ന് നിവേദനം: മുശ്രിക്കുകളെ മുൻകടക്കുമാറ് റസൂൽ(സ) യും സഹാബാക്കളും ബദറിലേക്ക് പുറപ്പെട്ടു. മുശ്രിക്കുകളെത്തിച്ചേർന്നപ്പോൾ റസൂൽ(സ) പറഞ്ഞു. ഞാൻ മുമ്പിലില്ലാതെ നിങ്ങളാരും ഒരു സ്ഥലത്തേക്കും പോകാൻ പാടില്ല. അങ്ങനെ മുശ്രിക്കുകൾ അടുത്തെത്തിയപ്പോൾ റസൂൽ(സ) പറഞ്ഞു: ആകാശഭൂമിയുടെയത്ര വിസ്താരമുള്ള സ്വർഗ്ഗത്തിലേക്ക് നിങ്ങൾ എഴുന്നേൽക്കൂ! അനസ്(റ) പറയുന്നു: ഉമൈർ(റ) ചോദിച്ചു: പ്രവാചകരേ! ആകാശഭൂമിയുടെയത്ര വിസ്താരമുള്ള സ്വർഗ്ഗമോ? അവിടുന്ന് പറഞ്ഞു. അതെ. ഉടനെതന്നെ ഉമൈർ(റ) പറഞ്ഞു. ബഖിൻ ബഖിൻ (കൊള്ളാം) റസൂൽ(സ) അദ്ദേഹത്തോട് ചോദിച്ചു. ബഖിൻ ബഖിൻ എന്ന് നീ പറയാൻ എന്താണ് കാരണം? അദ്ദേഹം പറഞ്ഞു: അല്ലാഹുവാണ, പ്രവാചകരെ! എനിക്കതിന്റെ അഹ്ലുകാരിലുൾപ്പെടാനുള്ള ആഗ്രഹം മാത്രമാണ്. അവിടുന്ന് പറഞ്ഞു: എന്നാൽ നീ അതിന്റെ അഹ്ലുകാരിൽ ഉൾപ്പെട്ടിരിക്കുന്നു. ഉടനെ തന്നെ കുറച്ച് കാരക്കകൾ എടുത്തുകൊണ്ട് തിന്നാൻ തുടങ്ങി. എന്നിട്ടദ്ദേഹം പറഞ്ഞു: ഞാൻ ഈ കാരക്ക ഭക്ഷിച്ചുകഴിയുന്നത്ര സമയം ജീവിക്കുന്നപക്ഷം അതൊരു ദീർഘമായ ജീവിതമാണ്. ഒട്ടും താമസിച്ചില്ല. കാരക്ക വലിച്ചെറിഞ്ഞുകൊണ്ട് അവരുമായി പടപൊരുതി അദ്ദേഹം രക്തസാക്ഷിത്വം വഹിച്ചു. (മുസ്ലിം)

1776. അനസി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: വല്ലവനും ആത്മാർത്ഥതയോടെ രക്തസാക്ഷിയായി മരണം വരിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അങ്ങനെ മരിച്ചിട്ടില്ലെങ്കിലും പ്രതിഫലം നൽകപ്പെടും. (മുസ്ലിം)

1777. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) അരുൾ ചെയ്തു: നിങ്ങൾ ഉറുമ്പു കടി അനുഭവിക്കുംപോലെയല്ലാതെ രക്തസാക്ഷിക്ക് മരണവേദന അനുഭവപ്പെടുകയില്ല. (തിർമിദി) (അത്രയും നിസ്സാര വേദനയാണനുഭവപ്പെടുക)

1778. സഹ്ലി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: രണ്ട് പ്രാർത്ഥന നിരസിക്കപ്പെടുകയില്ല. അതല്ലെങ്കിൽ വളരെ അപൂർവ്വമായേ തടയപ്പെടുകയുള്ളു: ബാങ്കി (ഇഖാമത്തി) ന്റെ ഉടനെയുള്ള പ്രാർത്ഥന. ഗതികെട്ട് പോരടിക്കുമ്പോഴുള്ള പ്രാർത്ഥന. (അബൂദാവൂദ്)

1779. അനസി(സ) ൽ നിന്ന് നിവേദനം: റസൂൽ(സ) യുദ്ധത്തിന് പുറപ്പെട്ടാൽ ഇപ്രകാരം പറയുമായിരുന്നു. അല്ലാഹുവേ! നീയാണ് എന്റെ സഹായി. നിന്റെ പേരിൽ മാത്രമാണ് ലക്ഷ്യത്തിലേക്ക് ഞാൻ നീങ്ങിക്കൊണ്ടിരിക്കുന്നത്. നിന്റെ പേരിൽ മാത്രമാണ് ഞാൻ ശത്രുക്കളോട് എതിർക്കുന്നതും രണാങ്കണത്തിൽ വെച്ച് പോരാടുന്നതും. (അബൂദാവൂദ്, തിർമിദി)

1780. അബൂമസ്ഉദി(റ)ൽ നിന്ന് നിവേദനം: ഒരാൾ നബി(സ)യുടെ സവിധത്തിൽ മൂക്കുകയറിട്ട ഒട്ടകത്തെ കൊണ്ടുവന്ന് പറഞ്ഞു: ഇത് അല്ലാഹുവിന്റെ വഴിയിലാണ്. റസൂൽ(സ) പറഞ്ഞു: നിനക്കതിനുപകരം അന്ത്യദിനത്തിൽ 700 ഒട്ടകം ലഭിക്കും. അതെല്ലാം കടിഞ്ഞാണിട്ടതായിരിക്കും. (മുസ്ലിം)

1781. ഉഖ്ബ(റ)യിൽ നിന്നും നിവേദനം: റസൂൽ(സ) മിമ്പറിൽവെച്ച് പറയുന്നത് ഞാൻ കേട്ടു. ശത്രുക്കൾക്കെതിരെ നിങ്ങളുടെ കഴിവിൽപ്പെട്ട ശക്തി നിങ്ങൾ സംഭരിക്കണം. അറിയണം. ശക്തികളിൽ പ്രധാനപ്പെട്ടത് (അമ്പ്) തൊടുത്തുവിടലാണ്. മൂന്ന് പ്രാവശ്യം അതാവർത്തിച്ചു. (മുസ്ലിം)

1782. ഉഖ്ബ(റ)യിൽ നിന്നും നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു. പല സ്ഥലങ്ങളും നിങ്ങൾക്ക് ഫത്ഹാക്കപ്പെടും. അനന്തരം നിങ്ങൾക്ക് അല്ലാഹു യുദ്ധം ആവശ്യമില്ലാതാക്കിത്തീർക്കും. തദവസരം നിങ്ങളാരും അമ്പ് പരിശീലനം കൈവെടിയരുത്. (മുസ്ലിം)

1783. ഉഖ്ബ(റ)യിൽ നിന്നും നിവേദനം: റസൂൽ(സ) പറഞ്ഞു: വല്ലവനും അമ്പെയ്യാൻ പഠിച്ചു. പിന്നീടതുപേക്ഷിച്ചാൽ അവൻ നമ്മളിൽപ്പെട്ടവനല്ല-അല്ലെങ്കിൽ അവൻ പാപിയാണ്. (മുസ്ലിം)

1784. ഉഖ്ബ(റ)യിൽ നിന്നും നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു: ഒരേ അമ്പുകൊണ്ട് മൂന്നാളുകളെ അല്ലാഹു സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കും. നന്മ ഉദ്ദേശിച്ചുകൊണ്ട് അതുണ്ടാക്കിയവൻ, അത് പ്രയോഗിച്ചവൻ, അതുകൊണ്ട് യോദ്ധാവിനെ ഒരുക്കി അയക്കുന്നവൻ (അതല്ലെങ്കിൽ അമ്പെടുത്ത് കൊടുക്കുന്നവൻ). അതുകൊണ്ട് നിങ്ങൾ അമ്പെയ്യുകയും വാഹനപ്പുറത്തേറുകയും ചെയ്യൂ! (അവ രണ്ടും പരിശീലിക്കൂ!) നിങ്ങൾ അമ്പെയ്തു പഠിക്കലാണ് വാഹനപ്പുറത്തേറി പരിശീലിക്കുന്നതിനേക്കാൾ എനിക്ക് ഇഷ്ടം. പരിശീലനം നേടിയതിനുശേഷം അവഗണനയോടെ അമ്പെയ്ത്ത് വല്ലവനും കൈവെടിഞ്ഞാൽ നിശ്ചയം ഒരു നിഅ്മത്തിനെ യാണവൻ കൈവെടിഞ്ഞത്. അല്ലെങ്കിൽ നിഷേധിച്ചത്. (അബൂദാവൂദ്)

1785. അംറി(റ)ൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വല്ലവനും അമ്പെയ്താൽ അത് ഒരടിമയെ മോചിപ്പിച്ചതിന് തുല്യമാണ്. (അബൂദാവൂദ്, തിർമിദി)

1786. ഖുറൈമി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) അരുളി: അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വല്ലവനും എന്തെങ്കിലും ചെലവഴിച്ചാൽ 700 ഇരട്ടി പ്രതിഫലം അവന്നെഴുതപ്പെടും. (തിർമിദി)

1787. അബൂഉമാമ(റ)യിൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വല്ലവനും വ്രതമനുഷ്ഠിച്ചാൽ അവന്റെയും നരകത്തിന്റെയും ഇടയിൽ ആകാശഭൂമിയുടെ അത്ര വിടവ് അല്ലാഹു ഉണ്ടാക്കിവെക്കും. (തിർമിദി)

1788. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) അരുളി: (യുദ്ധവേളയിൽ) വല്ലവനും യുദ്ധം ചെയ്യാതെയോ യുദ്ധം ചെയ്യണമെന്ന് മനസ്സിൽ വിചാരിക്കാതെയോ മരണപ്പെട്ടാൽ കപടവിശ്വാസിയായിക്കൊണ്ടാണ് അവൻ അന്ത്യശ്വാസം വലിക്കുന്നത്. (മുസ്ലിം)

1789. അബ്ദുല്ല(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) അരുളി: വല്ല ഭടന്മാരും യുദ്ധം ചെയ്ത് ഗനീമത്ത് സമ്പാദിച്ചുകൊണ്ട് രക്ഷപ്പെട്ടു. എങ്കിൽ അവരുടെ പ്രതിഫലത്തിന്റെ മൂന്നിൽ രണ്ടംശം അവർക്ക് ലഭിച്ചു കഴിഞ്ഞു. വല്ല യോദ്ധാക്കളും (മരണംകൊണ്ടോ, പരിക്കുകൾകൊണ്ടോ) വിപത്തേൽക്കുകയും പരാജയപ്പെടുകയും ചെയ്തെങ്കിൽ അവർക്ക് (പരലോകത്ത്) അവരുടെ പ്രതിഫലം പരിപൂർണ്ണമായി ലഭിക്കും. (മുസ്ലിം)

1790. അബൂഉമാമ(റ)യിൽ നിന്ന് നിവേദനം: ഒരാൾ ചോദിച്ചു. അല്ലാഹുവിന്റെ പ്രവാചകരേ! എനിക്ക് സിയാഹത്തിന് (പലായനം ചെയ്യാൻ)അനുവാദം തന്നാലും. നബി(സ) പറഞ്ഞു: എന്റെ സമുദായത്തിന്റെ സിയാഹത്ത് അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള യുദ്ധമാണ്. (അബൂദാവൂദ്)

1791. അബ്ദുല്ല(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) അരുൾ ചെയ്തു. യുദ്ധം കഴിഞ്ഞ് മടങ്ങൽ (ഫലത്തിൽ) യുദ്ധത്തെപ്പോലെയാണ്. (യുദ്ധം കഴിഞ്ഞുള്ള തിരിച്ചുവരവിലും യുദ്ധത്തിന് പോകുമ്പോഴുള്ള പ്രതിഫലം ലഭിക്കും) (അബൂദാവൂദ്)

1792. സാഇബി(റ)ൽ നിന്ന് നിവേദനം: നബി(സ) തബൂക്ക് യുദ്ധത്തിൽ നിന്ന് തിരിച്ചെത്തിയപ്പോൾ ജനങ്ങൾ അദ്ദേഹത്തെ എതിരേററ് സ്വീകരിച്ചു. കുറേ കുട്ടികളൊന്നിച്ച് സനിയ്യത്തുൽ വദാഇൽവെച്ച് ഞാനും അദ്ദേഹത്തെ എതിരേററു. (അബൂദാവൂദ്)

1793. അബൂഉമാമ(റ)യിൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു: വല്ലവനും യുദ്ധം ചെയ്യുകയോ ഒരു യോദ്ധാവിനെ ഒരുക്കി അയക്കുകയോ അല്ലെങ്കിൽ ഒരു യോദ്ധാവിന്റെ കുടുംബത്തിൽ നല്ല കാര്യത്തിന് യോദ്ധാവിന് പകരം വർത്തിക്കുന്നവനാകുകയോ ചെയ്തില്ലെങ്കിൽ അന്ത്യനാൾക്ക് മുമ്പ് തന്നെ അല്ലാഹുവിൽ നിന്നും ഒരു വിപത്ത് അവനെ പിടികൂടുന്നതാണ്. (അബൂദാവൂദ്)

1794. അനസി(റ)ൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു: ധനം കൊണ്ടും ശരീരം കൊണ്ടും നാവുകൊണ്ടും മുശ്രിക്കുകളോട് നിങ്ങൾ ജിഹാദ് ചെയ്യുവിൻ. (അബൂദാവൂദ്)

1795. നുഅ്മാനി(റ)ൽ നിന്ന് നിവേദനം: നബി(സ)യെ ഞാൻ നേരിൽ കണ്ടിട്ടുണ്ട്. പകലിന്റെ ആദ്യസമയത്ത് യുദ്ധത്തിൽ ഏർപ്പെട്ടിട്ടില്ലെങ്കിൽ മദ്ധ്യാഹ്നത്തിൽ നിന്ന് സൂര്യൻ ചായുകയും കാററടിച്ച് വീശുകയും (അന്തരീക്ഷം തണുത്ത്) സഹായം ലഭിക്കുകയും ചെയ്യുന്നതുവരെ അവിടുന്ന് യുദ്ധം പിന്തിച്ചിരുന്നു. (അബൂദാവൂദ്, തിർമിദി)

1796. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) ചോദിച്ചു: നിങ്ങളിൽ ആരെയാണ് ശുഹദാക്കളായി കണക്കാക്കുന്നത്? സദസ്യർ പറഞ്ഞു: പ്രവാചകരേ! അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വധിക്കപ്പെട്ടവരാണ് ശുഹദാക്കൾ. പ്രവാചകൻ(സ) പറഞ്ഞു: എങ്കിൽ എന്റെ സമുദായത്തിൽ ശുഹദാക്കൾ വളരെ കുറവായിരിക്കും. അവർ ചോദിച്ചു: പ്രവാചകരേ, പിന്നെ ആരാണവർ? അവിടുന്ന് മറുപടി പറഞ്ഞു: അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വധിക്കപ്പെട്ടവൻ ശഹീദാണ്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ (യുദ്ധം നിമിത്തമല്ലാതെ) മരണപ്പെട്ടവൻ ശഹീദാണ്. വിഷൂചിക നിമിത്തം മരണപ്പെട്ടവൻ ശഹീദാണ്. വയറിലെ അസുഖം നിമിത്തം മരണപ്പെട്ടവൻ ശഹീദാണ്. മുങ്ങിമരിച്ചവൻ ശഹീദാണ്. (മുസ്ലിം)

1797. സഈദി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു. ധനത്തിനുമുമ്പിൽ കൊല്ലപ്പെട്ടവൻ രക്തസാക്ഷിയാണ്. രക്തത്തിന് മുമ്പിൽ കൊല്ലപ്പെട്ടവൻ രക്തസാക്ഷിയാണ്. ദീനിനു മുമ്പിൽ കൊല്ലപ്പെട്ടവൻ ശഹീദാണ്. കുടുംബത്തിനു മുമ്പിൽ കൊല്ലപ്പെട്ടവൻ ശഹീദാണ്. (അബൂദാവൂദ്, തിർമിദി)

1798. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: ഒരാൾ നബി(സ)യുടെ അടുത്തുവന്ന് പറഞ്ഞു: പ്രവാചകരെ അവിടുന്ന് പറഞ്ഞാലും! ഒരാൾ എന്റെ ധനം തട്ടിയെടുക്കാൻ ഉദ്ദേശിച്ചുകൊണ്ടുവന്നാൽ (ഞാനെന്ത് ചെയ്യണം)? അവിടുന്ന് പറഞ്ഞു: നിന്റെ ധനം അവന് കൊടുക്കരുത്. അയാൾ പറഞ്ഞു: അവിടുന്ന് പറഞ്ഞുതരിക. അവനെന്നോട് പോരാടിയാലോ? അവിടുന്ന് പറഞ്ഞു: നീയും അവനോട് പോരാടണം. അയാൾ പറഞ്ഞു. അവിടുന്ന് പറഞ്ഞുതന്നാലും. അവനെന്നെ കൊന്നാലോ? അവിടുന്ന് പറഞ്ഞു നീ അപ്പോൾ രക്തസാക്ഷിയാണ്. അയാൾ പറഞ്ഞു: അവിടുന്ന് പറഞ്ഞുതന്നാലും, ഞാനവനെ കൊന്നാലോ? അവിടുന്ന് പറഞ്ഞു അവൻ നരകത്തിലാണ്. (മുസ്ലിം)

1799. മഅ്ഖലി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: കലാപവേളയിലെ ഇബാദത്ത് എന്റെ അടുത്തേക്ക് ഹിജ്റ ചെയ്യുന്നതിന്(ഫലത്തിൽ) തുല്യമാണ്. (മുസ്ലിം)

## 59. അഞ്ചിൽ ഒന്ന് നിർബന്ധം

1800. ഉമർ(റ) പറയുന്നു: നബി(സ) അരുളി: നമ്മുടെ ധനം ആർക്കും അനന്തരാവകാശമായിലഭിക്കുകയില്ല. നാം ഉപേക്ഷിച്ചുപോകുന്ന സ്വത്തു ദൈവമാർഗ്ഗത്തിൽ ചിലവ് ചെയ്യാനുളളതായിരിക്കും. അല്ലാഹു യുദ്ധത്തിൽ കൈവരുത്തി കൊടുത്ത ധനത്തിൽ നിന്ന് ഭാര്യമാർക്ക് ഓരോ കൊല്ലത്തേക്ക് ആവശ്യമുളള ചിലവ് സംഖ്യ നീക്കികൊടുക്കുകയാണ് നബി(സ) ചെയ്തിരുന്നത്. ബാക്കിയുളള അല്ലാഹുവിന്റെ ധനം (ബൈത്തുൽമാൽ) ചിലവുചെയ്യുന്ന രംഗങ്ങളിലേക്ക് തിരിച്ചുവിടും. തുടർന്ന് നബി(സ)യുടെ അനുചരന്മാരായ സദസ്യരോട് ഉമർ(റ) ചോദിച്ചു. ആകാശഭൂമികൾ ഏത് രക്ഷിതാവിന്റെ നിയന്ത്രണത്തിലാണോ സ്ഥിതിചെയ്യുന്നത്, ആ നാഥനാണ് സത്യം. ഈ യാഥാർത്ഥ്യം നിങ്ങൾക്കറിവില്ലേ? അതേ എന്ന് സദസ്യർ മറുപടി നൽകി. സദസ്സിൽ അലി, അബ്ബാസ്, ഉസ്മാൻ, അബ്ദുറഹിമാന്ബ്നു ഔഫ്, സുബൈർ, സഅദ്(റ) എന്നിവരെല്ലാം ഉണ്ടായിരുന്നു. (ബുഖാരി. 4. 53. 326)

1801. ആയിശ:(റ) നിവേദനം: തിരുമേനി(സ) മരണപ്പെട്ടപ്പോൾ കരളുളള ഒരു വസ്തുവിന് തിന്നാൻ പററുന്ന യാതൊന്നും തന്നെ എന്റെ വീട്ടിൽ ഉണ്ടായിരുന്നില്ല. എനിക്കുണ്ടായിരുന്ന ഒരു പാത്രത്തിൽ അല്പം ബാർലി മാത്രം. അത് തിന്നുകൊണ്ട് കുറേക്കാലം ഞാൻ ജീവിച്ചു. അങ്ങനെ അതു തീർന്നുപോയി. (ബുഖാരി. 4. 53. 329)

1802. ആയിശ(റ) നിവേദനം: നബി(സ)ക്ക് രോഗം കഠിനമായപ്പോൾ എന്റെ വീട്ടിൽവെച്ച് ചികിത്സ നടത്തുവാൻ അവിടുന്ന് തന്റെ പത്നിമാരോട് സമ്മതം ചോദിച്ചു. അപ്പോൾ അവർ സമ്മതം നല്കി. (ബുഖാരി. 4. 53. 331)

1803. ആയിശ(റ) നിവേദനം: നബി(സ) എന്റെ വീട്ടിൽവെച്ച് എന്റെ ഊഴത്തിലാണ് മരണപ്പെട്ടത്. എന്റെ നെഞ്ചിനോട് ചാരികിടന്നുകൊണ്ട്. എന്റെയും അവിടുത്തെയും ഉമിനീരിനെ അല്ലാഹു യോജിപ്പിക്കുകയുണ്ടായി. ആയിശ:(റ) പറയുന്നു: അബ്ദുറഹ്മാൻ ഒരു മിസ്വാക്കുമായി അവിടെ പ്രവേശിച്ചു. നബി(സ) അതിൽ നിന്ന് ഒരു കഷണം ആവശ്യപ്പെടുകയും ഞാനത് ചവച്ചശേഷം അതുകൊണ്ട് നബി(സ)ക്ക് മിസ് വാക്ക് ചെയ്തുകൊടുക്കുകയും ചെയ്തു. (ബുഖാരി. 4. 53. 332)

1804. അനസ്(റ) നിവേദനം: പഴകി കറുത്തതും ഓരോ വാറോടുകൂടിയതുമായ രണ്ടു ചെരിപ്പുകൊണ്ടുവന്നിട്ട് അദ്ദേഹം പറഞ്ഞു. ഇവയാണ് നബി(സ)യുടെ ചെരിപ്പുകൾ. (ബുഖാരി. 4. 53. 339)

1805. അബുബുർദ(റ) പറയുന്നു: ആയിശ(റ) കണ്ടം വെച്ച ഒരു പുതപ്പ് എടുത്തുകാണിച്ചിട്ട് ഇതിനുളളിൽ കിടന്നാണ് നബി(സ) പരലോകപ്രാപ്തനായത് എന്ന് അവർ പറഞ്ഞു. യമനിൽ നെയ്തുണ്ടാക്കുന്ന ഒരു പരുത്തിത്തുണിയും നിങ്ങൾ 'മലബ്ബദ്' എന്നു പറഞ്ഞുവരുന്ന ഒരു പുതപ്പും അവർ എടുത്തുകാണിച്ചു. (ബുഖാരി. 4. 53. 340)

1806. അനസ്(റ) നിവേദനം: നിശ്ചയം നബി(സ) ഉപയോഗിച്ചിരുന്ന ഒരു കോപ്പ ഒരിക്കൽ പൊട്ടിപ്പോയി. അപ്പോൾ പൊട്ടിയ സ്ഥലത്ത് തിരുമേനി(സ) വെളളിയുടെ ഒരു കഷണം പിടിപ്പിച്ചു. ആസിം(റ) പറയുന്നു: നബിയുടെ ആ കോപ്പ ഞാൻ കാണുകയും അതിൽ കിടക്കുകയും ചെയ്തു. (ബുഖാരി. 4. 53. 341)

1807. ജാബിർ(റ) നിവേദനം: അൻസാരികളിൽപ്പെട്ട ഒരാൾക്ക് ഒരാൺകുട്ടി ജനിച്ചപ്പോൾ ആ കുട്ടിയ്ക്ക് 'മുഹമ്മദ്' എന്ന പേരിടാൻ അവർ ഉദ്ദേശിച്ചു. അപ്പോൾ നബി(സ) അരുളി: നിങ്ങൾ എന്റെ പേര് ഇട്ടുകൊളളുക എന്നാൽ എന്റെ ഉപനാമം നിങ്ങൾ ഇടരുത്. (ബുഖാരി. 4. 53. 345)

1808. ഖൗലത്തു(റ) പറയുന്നു: നബി(സ) അരുളുന്നത് ഞാൻ കേട്ടിട്ടുണ്ട്. ചില ആളുകൾ അനർഹമായ നിലയ്ക്ക് അല്ലാഹുവിന്റെ ധനം കൈകാര്യം ചെയ്യുന്നു. പരലോകദിനം നരകമായിരിക്കും അവർക്കുള്ള പ്രതിഫലം. (ബുഖാരി. 4. 53. 347)

## 60. സൃഷ്ടിയുടെ ആരംഭം

1809. ഇംറാൻ(റ) നിവേദനം: ഞാനൊരിക്കൽ നബി(സ)യുടെ അടുത്തു പ്രവേശിച്ചു. എന്റെ ഒട്ടകത്തെ വാതിലിൽ ബന്ധിപ്പിച്ചു. അപ്പോൾ ബനുതമീമിൽപ്പെട്ട ഒരു വിഭാഗം അവിടെ കയറി വന്നു. (ആവർത്തനം) ശേഷം യമനിൽപ്പെട്ട ചിലർ തിരുസന്നിധിയിൽ കയറിവന്നു. ഞങ്ങൾ പ്രപഞ്ചത്തിന്റെ അസ്തിത്വത്തെക്കുറിച്ച് ചോദിക്കുവാൻ വന്നവരാണെന്ന് പറഞ്ഞു. നബി(സ) അരുളി: ആദിയിൽ അല്ലാഹു മാത്രമാണുണ്ടായിരുന്നത്. മറ്റൊരു വസ്തുവുമുണ്ടായിരുന്നില്ല. അവന്റെ സിംഹാസനം അന്ന് വെള്ളത്തിനു മീതെയാണ്. അങ്ങനെ അവൻ ഏട്ടിൽ എല്ലാ കാര്യങ്ങളും രേഖപ്പെടുത്തി. അവൻ ആകാശഭൂമികളെ സൃഷ്ടിച്ചു. ഈ അവസരത്തിൽ ഒരാൾ വിളിച്ചുപറഞ്ഞു. ഹുസൈന്റെ മകനെ! നിന്റെ ഒട്ടകം ഓടിപ്പോയിരിക്കുന്നു. ഉടനെ ഞാൻ എഴുന്നേററുപോയി. ആ ഒട്ടകം മരീചിക മുറിച്ചുകൊണ്ട് അതാ പോകുന്നു! അല്ലാഹു സത്യം ആ ഒട്ടകത്തെ ഉപേക്ഷിച്ച് നബി(സ)യുടെ മുമ്പിലിരുന്ന് അവിടുത്തെ ഉപദേശം കേട്ടിരുന്നെങ്കിൽ നന്നായിരുന്നേനെയെന്ന് എനിക്ക് ഖേദം തോന്നി. ത്വാരിഖ്(റ) പറയുന്നു: ഉമർ(റ) ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു. ഒരിക്കൽ തിരുമേനി(സ) ഞങ്ങളിൽ പ്രസംഗിക്കുന്നവനായി എഴുന്നേററു നിന്നു. എന്നിട്ട് പ്രപഞ്ചത്തിന്റെ സൃഷ്ടിപ്പിനെക്കുറിച്ച് ഞങ്ങളോട് അവിടുന്ന് വർത്തമാനം പറഞ്ഞു. അങ്ങനെ സ്വർഗവാസികൾ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയും നരകവാസികൾ നരകത്തിൽ പ്രവേശിക്കുകയും ചെയ്യുന്നതുവരെയുള്ള വിവരണം ഞങ്ങൾക്ക് നൽകി. അതിനെ ഗ്രഹിച്ചവൻ ഗ്രഹിക്കുകയും വിസ്മരിച്ചവൻ വിസ്മരിക്കുകയും ചെയ്തു. (ബുഖാരി. 4. 54. 414)

1810. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: അല്ലാഹു സൃഷ്ടിപ്പ് നിർവ്വഹിച്ചുകഴിഞ്ഞപ്പോൾ എന്റെ കാരുണ്യം എന്റെ കോപത്തെ കവച്ചുവെക്കും എന്ന് തന്റെ ഏടിൽ എഴുതിവെച്ചു. ആ ഏട് സിംഹാസനത്തിന്റെ മുകളിൽ അവൻ സൂക്ഷിച്ചുവെച്ചിരിക്കുന്നു. (ബുഖാരി. 4. 54. 416)

1811. അബൂസലമ:(റ) നിവേദനം: അദ്ദേഹത്തിന്റെയും ഒരു സംഘത്തിന്റെയും ഇടയിൽ ഒരു ഭൂമിയുടെ പ്രശ്നത്തിൽ തർക്കം ഉൽഭവിച്ച് ആയിശ:(റ) പറഞ്ഞു; അബൂസലമ: നീ ആ ഭൂമി ഉപേക്ഷിക്കുക. നിശ്ചയം തിരുമേനി(സ) ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ട്. വല്ലവനും ഒരു ചാൺ ഭൂമി കവർന്നെടുത്താൽ തന്നെ ഏഴ് ഭൂമി അവന്റെ കഴുത്തിൽ അണിയിക്കുന്നതാണ് (ബുഖാരി. 4. 54. 417)

1812. അബ്ദുല്ല(റ) നിവേദനം: പ്രവാചകൻ – അവിടുന്ന് സത്യസന്ധനും സത്യസന്ധനായി അംഗീകരിക്കപ്പെട്ടവനുമാണ് – അരുളി: നിങ്ങളിൽ ഓരോരുത്തരുടെയും സൃഷ്ടിപ്പിനുള്ള തയ്യാറെടുപ്പ് നിങ്ങളുടെ മാതാവിന്റെ ഗർഭാശയത്തിൽവെച്ച് 40 ദിവസം കൊണ്ടാണ് നടക്കുന്നത്. മറെറാരു 40 ദിവസത്തിനുള്ളിൽ അതു ഒരു രക്തപിണ്ഡമായി മാറുന്നു. അനന്തരം വേറൊരു 40 ദിവസത്തിനകം അതൊരു മാംസപിണ്ഡമായി മാറുന്നു. ശേഷം നാല് കൽപനകൾ നൽകിക്കൊണ്ട് അല്ലാഹു ഒരു മലക്കിനെ അയക്കുന്നു. അവന്റെ പ്രവർത്തനങ്ങൾ, അവന്റെ ആഹാരം, അവന്റെ ആയുസ്, അവൻ വിജയിയോ പരാജിതനോ എന്ന കാര്യം ഇവയെല്ലാം എഴുതിവെക്കാൻ അല്ലാഹു ആ മലക്കിനോട് നിർദ്ദേശിക്കും. അനന്തരം അവനിൽ ആത്മാവിനെ ഊതുന്നതാണ്. പിന്നീട് ഈ എഴുത്തനുസരിച്ചാണ് ആ മനുഷ്യൻ പ്രവർത്തിക്കുക. അവൻ ചിലപ്പോൾ സ്വർഗ്ഗത്തെ

സമീപിക്കും. അവന്നും സ്വർഗ്ഗത്തിനുമിടയിൽ ഒരു മുഴം അകലം മാത്രമേ ദൂരമുണ്ടായിരിക്കുകയുള്ളൂ. ആ ഘട്ടത്തിൽ അവന്റെ കാര്യത്തിലുള്ള എഴുത്തു അവന്റെ കർമ്മങ്ങളെ കവച്ച് വെക്കും. പിന്നീട് നരകവാസികളുടെ കർമ്മമാണ് അവനാരംഭിക്കുക. അതുപോലെ മററൊരു മനുഷ്യൻ പാപം ചെയ്ത് നരകത്തെ സമീപിക്കും അവസാനം അവന്നും നരകത്തിനുമിടയിലുള്ള ദൂരം ഒരു മുഴം മാത്രമായി അവശേഷിക്കും. അന്നേരം അവന്റെ പ്രശ്നത്തിലുള്ള എഴുത്ത് അവന്റെ പ്രവർത്തനത്തെ കവച്ചു വെയ്ക്കും. അപ്പോൾ അവൻ സ്വർഗ്ഗവാസികളുടെ പ്രവർത്തനങ്ങൾ ആരംഭിക്കും. (ബുഖാരി. 4. 54. 430)

1813. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: അല്ലാഹു ഒരു മനുഷ്യനെ സ്നേഹിച്ചാൽ ജിബ്രീൽ ഇപ്രകാരം വിളിച്ചു പറയും; അല്ലാഹു ഇന്നവനെ സ്നേഹിക്കുന്നു. അതുകൊണ്ട് നിങ്ങളും അവനെ സ്നേഹിച്ചുകൊള്ളുവിൻ. അങ്ങനെ ജിബ്രീലും അവനെ സ്നേഹിക്കും. മാത്രമല്ല, വാനലോകനിവാസികളിൽ ജിബ്രീലും ഇങ്ങനെ വിളിച്ചു പറയുക കൂടി ചെയ്യും. അല്ലാഹു ഇന്ന മനുഷ്യനെ സ്നേഹിക്കുന്നു. അതു കൊണ്ട് നിങ്ങളും അവനെ സ്നേഹിച്ചുകൊള്ളുക. അപ്പോൾ വാനലോക നിവാസികൾ അഖിലവും അവനെ സ്നേഹിക്കും. (ബുഖാരി. 4. 54. 431)

1814. ആയിശ(റ) നിവേദനം: നബി(സ) പറയുന്നത് അവർ കേൾക്കുകയുണ്ടായി. മലക്കുകൾ മേഘത്തിലായിക്കൊണ്ട് ഇറങ്ങും. അന്നേരം വാനലോകത്തുവെച്ച് തീരുമാനിച്ച കാര്യങ്ങളെക്കുറിച്ച് അവർ സംസാരിച്ചുകൊണ്ടിരിക്കും. അപ്പോൾ പിശാചുക്കൾ അതു കട്ട് കേൾക്കും. പ്രശ്നം വെക്കുന്നവർക്ക് ആ വാർത്ത രഹസ്യമായി ആ പിശാചുക്കൾ അറിയിച്ചുകൊടുക്കും. പ്രശ്നക്കാർ(ജ്യോത്സ്യന്മാർ) ആ വാർത്തയോടൊപ്പം നൂറു കളളം സ്വന്തം കയ്യിൽ നിന്ന് കൂട്ടിച്ചേർക്കും. (ബുഖാരി. 4. 54. 432)

1815. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി; വെളളിയാഴ്ച ദിവസം വന്നാൽ പളളിയുടെ ഓരോ വാതില്ക്കലും കുറെ മലക്കുകൾ വന്നു നിൽക്കും. ആദ്യമാദ്യം വരുന്നവരാരെന്ന് അവരെഴുതികൊണ്ടിരിക്കും. അവസാനം ഇമാം മിമ്പറിൽ കയറി ഇരുന്നുകഴിഞ്ഞാൽ മലക്കുകൾ അവരുടെ കടലാസുകളെല്ലാം ചുരുട്ടിവെച്ച് ഇമാമിന്റെ ഉൽബോധനം കേൾക്കാൻ ചെന്നിരിക്കും. (ബുഖാരി. 4. 54. 434)

1816. ആയിശ(റ) നിവേദനം: ഒരിക്കൽ നബി(സ) അവരോട് പറഞ്ഞു. ആയിശ! ഇതാ ജിബ്രീൽ നിനക്ക് സലാം പറയുന്നു. അപ്പോൾ ആയിശ(റ) പറഞ്ഞു: വഅലൈഹിസ്സലാം വറഹ്മത്തുല്ലാഹിവബറക്കാത്തുഹൂ. ശേഷം ആയിശ തുടർന്നു: നബി(സ) കാണുന്നത് എനിക്ക് കാണാൻ കഴിയുകയില്ലല്ലോ. (ബുഖാരി. 4. 54. 440)

1817. ഇബ്നുഅബ്ബാസ്(റ) നിവേദനം: ഒരിക്കൽ നബി(സ) ജിബ്രീലിനോടരുളി: നിങ്ങൾ സാധാരണ സന്ദർശിക്കുന്നതിൽ കൂടുതൽ പ്രാവശ്യം എന്തുകൊണ്ട് ഞങ്ങളെ സന്ദർശിക്കുന്നില്ല? ഇബ്നു അബ്ബാസ്(റ) പറയുന്നു: താങ്കളുടെ നാഥന്റെ കൽപനയനുസരിച്ചല്ലാതെ ഞങ്ങൾ ഇറങ്ങാറില്ല. ഞങ്ങളുടെ മുമ്പിലുള്ളതും പിന്നിലുള്ളതുമെല്ലാം നടക്കുന്നത് അവന്റെ ഹിതമനുസരിച്ചാണ് (19:64)എന്ന ഖുർആൻ വാക്യം അവതരിച്ചത് അപ്പോഴാണ്. (ബുഖാരി. 4. 54. 441)

1818. ഇബ്നു അബ്ബാസ്(റ) നിവേദനം: നബി(സ) അരുളി: എനിക്ക് ജിബ്രീൽ ഒരു രീതിയിൽ ഖുർആൻ ഓതിക്കേൾപ്പിച്ചു തന്നു. അപ്പോൾ കൂടുതൽ രീതിയിൽ ഖുർആൻ ഓതിക്കേൾപ്പിച്ചു തരുവാൻ ജിബ്രീലിനോട് ഞാനാവശ്യപ്പെട്ടു. അപ്പോൾ അദ്ദേഹം കാണിച്ചു തന്നതനുസരിച്ച് ഏഴു രൂപത്തിലുള്ള ഓത്തുവരെ എത്തിച്ചേർന്നു. (ബുഖാരി. 4. 54. 442)

1819. അബുദർറ്(റ) നിവേദനം: നബി(സ) അരുളി: ജിബ്രീൽ എന്നോട് പറഞ്ഞു: നിന്റെ സമുദായത്തിൽ നിന്ന് ആരെങ്കിലും അല്ലാഹുവിൽ ഒന്നിനെയും ശിർക്ക് ചെയ്യാതെ മരണപ്പെട്ടാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിച്ചു. അവൻ വ്യഭിചരിച്ചാലും മോഷ്ടിച്ചാലും. (ബുഖാരി. 4. 54. 445)

1820. ഇബ്നു മസ്ഊദ്(റ) പറയുന്നു: ''തന്റെ രക്ഷിതാവിന്റെ മഹത്തരങ്ങളായ ദൃഷ്ടാന്തങ്ങളിൽ ചിലതു അദ്ദേഹം കണ്ടു'' (53:18)എന്ന ഖുർആൻ സൂക്തത്തിന്റെ ഉദ്ദേശ്യം ചക്രവാളത്തെ ആകെ മൂടിയതും പച്ചനിറത്തിലുളളതുമായ ഒരു വിരിപ്പ് നബി(സ) കണ്ടു എന്നതാണ്. (ബുഖാരി. 4. 54. 456)

1821. ആയിശ(റ) നിവേദനം: അവർ പറഞ്ഞു: മുഹമ്മദ്(സ) തന്റെ നാഥനെ (അല്ലാഹുവിനെ) കണ്ടുവെന്ന് വല്ലവനും വാദിക്കുകയാണെങ്കിൽ അവൻ വമ്പിച്ച കുററാരോപണമാണ് അല്ലാഹുവിന്റെ പേരിൽ ചുമത്തുന്നത്. തിരുമേനി(സ) കണ്ടത് ജിബ്രീലിനെയാണ്. ജിബ്രീലിന്റെ സ്വതവേയുള്ള രൂപത്തിലും സ്വഭാവത്തിലുമാണ് നബി(സ) കണ്ടതും. അന്നേരം ജിബ് രീൽ ചക്രവാളത്തെ മുഴുവനും മൂടിയിരുന്നു. (ബുഖാരി. 4. 54. 457)

1822. സമുറ:(റ) പറയുന്നു: നബി(സ) അരുളി: ഞാൻ രാത്രിയിൽ എന്റെ അടുത്തു രണ്ട് മനുഷ്യന്മാർ വരുന്നതു സ്വപ്നം കണ്ടു. അങ്ങിനെ അവർ പറഞ്ഞു: നരകത്തെ സൂക്ഷിക്കുന്ന മാലിക്കാണ് നരകത്തെ ജ്വലിപ്പിക്കുക. ഞാൻ ജിബ്രീലാണ്. ഇതു മീക്കായിലും. (ബുഖാരി. 4. 54. 459)

1823. അബൂഹൂറൈറ(റ) നിവേദനം: ഒരു മനുഷ്യൻ തന്റെ ഇണയെ തന്റെ വിരിപ്പിലേക്ക് ക്ഷണിച്ച് അപ്പോൾ അവൾ വിസമ്മതം കാണിച്ചു. അങ്ങിനെ അവളോട് കോപിഷ്ഠനായിക്കൊണ്ട് ആ രാത്രി അവൻ കഴിച്ചുകൂട്ടി. എങ്കിൽ പ്രഭാതം വരേക്കും മലക്കുകൾ അവളെ ശപിച്ചുകൊണ്ടേയിരിക്കും. (ബുഖാരി. 4. 54. 460)

1824. ഖൈസ്(റ) നിവേദനം: നബി(സ) അരുളി: സ്വർഗ്ഗത്തിലെ കൂടാരം ഉൾഭാഗം ശൂന്യമായ പവിഴം കൊണ്ട് നിർമ്മിക്കപ്പെട്ടതാണ്. ഉപരിഭാഗത്തെ അതിന്റെ നീളം 30 മൈലാണ്. അതിന്റെ സർവ്വ കോണുകളിലും സത്യവിശ്വാസിക്ക് കുടുംബമുണ്ടായിരിക്കും. മററുള്ളവർ അവരെ ദർശിക്കുകയില്ല. മറെറാരു നിവേദനത്തിൽ 60 മൈൽ എന്നാണ്. (ബുഖാരി. 4. 54. 466)

1825. അബൂഹൂറൈറ(റ) നിവേദനം: നബി(സ) അരുളി: അല്ലാഹു പറഞ്ഞു: പുണ്യകർമ്മം അനുഷ്ഠിക്കുന്ന എന്റെ ദാസന്മാർക്ക് ഒരു കണ്ണും ദർശിക്കാത്തതും ഒരു ചെവിയും കേൾക്കാത്തതും ഒരു മനുഷ്യന്റെ മനസ്സും നിരൂപിക്കാത്തതുമായവ ഞാൻ തയ്യാറാക്കിയിട്ടുണ്ട്. നിങ്ങൾ ഉദ്ദേശിക്കുന്നുവെങ്കിൽ ഇപ്രകാരം പാരായണം ചെയ്യുക (കൺകുളുർമ്മയിൽ നിന്ന് അവർക്ക് ഗോപ്യമാക്കപ്പെട്ടതു യാതൊരു മനസ്സും അറിയുകയില്ല). (ബുഖാരി. 4. 54. 467)

1826. അബൂഹൂറൈറ(റ) നിവേദനം: നബി(സ) അരുളി: ആദ്യമായി സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നവരുടെ രൂപം പതിനാലാം രാവിലെ പൂർണ്ണ ചന്ദ്രന്റേതായിരിക്കും. അവരവിടെ തുപ്പുകയോ മൂക്കുചീററുകയോ വിസർജ്ജനം നടത്തുകയോ ചെയ്യുകയില്ല. സ്വർണ്ണമായിരിക്കും അവരുടെ തളികകൾ. ചീർപ്പുകൾ സ്വർണ്ണം കൊണ്ടും വെള്ളി കൊണ്ടുമുള്ളവയും. അവർ സുഗന്ധദ്രവ്യങ്ങൾ പുകക്കുന്ന കുററികളിൽ ഊദ് ആണ് പുകയ്ക്കുക. കസ്തൂരിയുടേതായിരിക്കും അവരുടെ വിയർപ്പിന്റെ മണം. അവർക്ക് രണ്ടു ഭാര്യമാർ വീതമുണ്ടായിരിക്കും. സൗന്ദര്യാധിക്യത്താൽ അവരുടെ കണങ്കാലുകളിലെ മജ്ജപോലും പുറത്തുകാണും. അവർക്കിടയിൽ യാതൊരുവിധ അഭിപ്രായഭിന്നതയോ വിദ്വേഷമോ ഉണ്ടായിരിക്കുകയില്ല. അവരുടെയെല്ലാം മനസ്സ് ഒരൊററ മനുഷ്യന്റെ

മനസ്സുപോലെയിരിക്കും രാവിലെയും വൈകീട്ടും അവർ അല്ലാഹുവിനെ പരിശുദ്ധപ്പെടുത്തും. (ബുഖാരി. 4. 54. 468)

1827. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: അവർക്ക് ശേഷം സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നവർ ഏററവും ശക്തിയേറിയ നക്ഷത്രം പോലെ പ്രകാശിച്ചുകൊണ്ടിരിക്കും. അവരുടെ മനസ്സുകൾ ഒരൊററ മനുഷ്യന്റെ മനസ്സുപോലെയായിരിക്കും. അവർക്കിടയിൽ യാതൊരു ഭാര്യമാർ വീതമുണ്ടായിരിക്കും. സൗന്ദര്യത്തിന്റെ വർദ്ധനവു കാരണം അവരുടെ കണങ്കാലുകളുടെ മാംസത്തിനുള്ളിലെ മജ്ജപോലും പിന്നിലൂടെ പുറത്തുകാണും. രാവിലെയും വൈകുന്നേരവും അവർ അല്ലാഹുവിന്റെ പരിശുദ്ധിയെ വാഴ്ത്തിക്കൊണ്ടിരിക്കും. അവരെ ഒരിക്കലും രോഗം ബാധിക്കുകയില്ല. (ബുഖാരി. 4. 54. 469)

1828. സഹ്ല്(റ) നിവേദനം: നബി(സ) അരുളി: എന്റെ സമുദായത്തിൽ നിന്നും എഴുപതിനായിരം പേർ അല്ലെങ്കിൽ ഏഴുലക്ഷം പേർ സ്വർഗ്ഗത്തിൽ പ്രവേശിക്കും അവരെല്ലാവരും ഒന്നിച്ചായിരിക്കും സ്വർഗ്ഗത്തിൽ പ്രവേശിക്കുക. പതിനാലാം രാവിലെ പൂർണ്ണചന്ദ്രന്റെ രൂപത്തിലായിരിക്കും അവരുടെ മുഖങ്ങൾ. (ബുഖാരി. 4. 54. 470)

1829. അനസ്(റ) നിവേദനം: നബി(സ) അരുളി: തീർച്ചയായും സ്വർഗ്ഗത്തിൽ ഒരു വൃക്ഷമുണ്ട്. ഒരു വാഹനയാത്രക്കാരൻ നൂറുവർഷം സഞ്ചരിച്ചാലും അതിന്റെ തണൽ മുറിച്ചുകടക്കുകയില്ല. (ബുഖാരി. 4. 54. 474)

1830. അബുഹൂറൈറ(റ) നിവേദനം: നബി(സ) അരുളി: സ്വർഗ്ഗത്തിൽ ഒരു മരമുണ്ട്. ഒരു വാഹനയാത്രക്കാരൻ നൂറുവർഷം സഞ്ചരിച്ചാലും അതിന്റെ നിഴൽ കടന്നുപോകുകയില്ല. നിങ്ങൾ ഉദ്ദേശിക്കുന്നുവെങ്കിൽ ഇപ്രകാരം പാരായണം ചെയ്തുകൊള്ളുവിൻ (വ്യാപിച്ചു കിടക്കുന്ന തണലുകൾക്കും. വളില്ലിൻ മംദൂദിൻ). (ബുഖാരി. 4. 54. 475)

1831. അബൂസഈദിൽഖുദ്രി(റ) നിവേദനം: നബി(സ) അരുളി: സ്വർഗ്ഗവാസികൾ അവർക്ക് മീതെയുള്ള മാളികമുകളിലെ നിവാസികളെ ആകാശത്തിന്റെ കിഴക്കോ അല്ലെങ്കിൽ പടിഞ്ഞാറെ ചക്രവാളത്തിൽ ജ്വലിച്ചു പ്രകാശിച്ചുകൊണ്ടിരിക്കുന്ന നക്ഷത്രങ്ങളെപ്പോലെ ദർശിക്കും. അവരുടെ ഇടയിലുള്ള പദവികൾ തമ്മിലുള്ള വ്യത്യാസം കാരണം. സഹാബിമാർ ചോദിച്ചു. പ്രവാചകരേ! അതു പ്രവാചകന്മാരുടെ പദവികളായിരിക്കും. അവിടെ മററാർക്കും എത്തിച്ചേരാൻ സാധിക്കുകയില്ലല്ലോ. നബി(സ) പ്രത്യുത്തരം നൽകി. അതെ, എന്റെ ആത്മാവിനെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന അല്ലാഹു സത്യം. അല്ലാഹുവിൽ വിശ്വസിക്കുകയും പ്രവാചകന്മാരെ സത്യപ്പെടുത്തുകയും ചെയ്ത പുരുഷന്മാരാണിവർ. (ബുഖാരി. 4. 54. 478)

1832. അബൂജംറ:(റ) നിവേദനം: ഞാൻ ഇബ്നു അബ്ബാസിന്റെ അടുത്തു മക്കയിൽ ഇരിക്കുകയാണ്. അപ്പോൾ എന്നെ പനി ബാധിച്ചു അദ്ദേഹം പറഞ്ഞു. സംസം വെള്ളം കൊണ്ട് നീ അതിനെ തണുപ്പിക്കുക. നിശ്ചയം. നബി(സ) അരുളി. പനി നരകത്തിന്റെ ആവിയിൽപ്പെട്ടതാണ്. അതിനാൽ നിങ്ങൾ വെള്ളം കൊണ്ട് അതിനെ തണുപ്പിക്കുക അല്ലെങ്കിൽ സംസംകൊണ്ട് നിവേദകനായ ഹമ്മാദ് ഇവിടെ സംശയിക്കുന്നു. (ബുഖാരി. 4. 54. 483)

1833. ആയിശ(റ) നിവേദനം: നബി(സ) അരുളി: പനി നരകത്തിന്റെ ആവിയിൽപ്പെട്ടതാണ്. അതുകൊണ്ട് പനിയെ നിങ്ങൾ വെള്ളം കൊണ്ട് തണുപ്പിക്കുക. (ബുഖാരി. 4. 54. 485)

1834. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: നിങ്ങളുടെ ഈ അഗ്നി നരകാഗ്നിയുടെ എഴുപതിലൊരു ഭാഗമാണ്. ദൈവദൂതരെ! ഈ അഗ്നി തന്നെ എല്ലാം കരിക്കുവാൻ മതിയാകുമല്ലോ എന്ന് പറയപ്പെട്ടു. നബി(സ) പ്രത്യുത്തരം നൽകി. നരകാഗ്നിക്ക് ഈ അഗ്നിയേക്കാൾ 69 ഇരട്ടി ശക്തി നൽകപ്പെട്ടിരിക്കുന്നു. ഓരോ ഭാഗത്തിനും ഇതേ തോതിൽ ചൂടുണ്ടായിരിക്കുന്നതാണ്. (ബുഖാരി. 4. 54. 487)

1835. ജാബിർ(റ) നിവേദനം: നബി(സ) അരുളി: രാവ് ഇരുട്ടായാൽ നിങ്ങളുടെ കുട്ടികൾ വീട്ടിൽ നിന്നും പുറത്തുപോകുന്നത് നിങ്ങൾ തടഞ്ഞുകൊള്ളുക. കാരണം ആ സമയത്ത് പിശാചുക്കൾ ഭൂമിയിൽ പരക്കുന്നു. ഇശാക്കുശേഷം കുറച്ച് സമയം കഴിഞ്ഞാൽ നിങ്ങൾ അവരെ വിട്ടേക്കുക. എന്നിട്ട് വാതിലടച്ച് ബിസ്മിചൊല്ലി വിളക്ക് കെടുത്തി ഉറങ്ങാൻ കിടക്കുക. ബിസ്മി ചൊല്ലുകയും വെള്ളപ്പാത്രത്തിന്റെ വായ കെട്ടുകയും ചെയ്യുക. നീ നിന്റെ ആഹാരപ്പാത്രം മൂടിവെക്കുകയും വീണ്ടും ബിസ്മി ചൊല്ലുകയും ചെയ്യുക. മൂടിവെക്കാൻ ഒന്നും ലഭിച്ചില്ലെങ്കിൽ അതിന്റെ വായിൽ ഏതെങ്കിലും സാധനം വിലങ്ങനെ എടുത്തുവെക്കുക. (ബുഖാരി. 4. 54. 500)

1836. സുലൈമാൻ(റ) നിവേദനം: ഒരിക്കൽ ഞാൻ നബി(സ)യുടെ കൂടെ ഇരിക്കുമ്പോൾ രണ്ടാളുകൾ പരസ്പരം ശകാരിക്കുവാൻ തുടങ്ങി. അവരിലൊരാളുടെ മുഖം ചുവന്നിരുന്നു. കണ്ഠനാഡി വീർക്കുകയും ചെയ്തിട്ടുണ്ട്. അപ്പോൾ നബി(സ) പറഞ്ഞു; നിശ്ചയം എനിക്ക് ഒരു വചനം അറിവുണ്ട്. അതു അയാൾ ചൊല്ലിയാൽ അയാളുടെ മനസ്സിൽ ഉള്ളതു (രോഷം) നീങ്ങിപ്പോകുന്നതാണ്. അഊദുബില്ലാഹിമിനശൈത്താനി എന്ന് അവൻ പറഞ്ഞാൽ രോഷം വിട്ടുമാറും. ഉടനെ അനുചരന്മാർ അയാളെ ഇതു ഉപദേശിച്ചു. അപ്പോൾ അയാൾ പറഞ്ഞു: എന്ത്! എനിക്ക് ഭ്രാന്തുണ്ടോ? (ബുഖാരി. 4. 54. 502)

1837. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: ആദമിന്റെ സന്താനങ്ങൾ ജനിക്കുമ്പോൾ പിശാച് അവന്റെ ഇരുവിരലുകൾ കൊണ്ട് അവന്റെ ഇരുഭാഗങ്ങളിലും കുത്തുന്നതാണ്. ഈസബ്നുമറിയം ഒഴികെ. അദ്ദേഹത്തെ കുത്തുവാനും അവൻ പുറപ്പെട്ടു. എന്നാൽ മറമേൽ ആണ് അവൻ കുത്തിയത്. (ബുഖാരി. 4. 54. 506)

1838. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: കോട്ടുവായ് പിശാചിന്റെ പ്രവർത്തികളിൽപ്പെട്ടതാണ്. അതിനാൽ നിങ്ങളിൽ വല്ലവനും കോട്ടുവായ് ഇട്ടാൽ തന്റെ കഴിവനുസരിച്ച് അതിനെ അവൻ നിയന്ത്രിക്കട്ടെ. കോട്ടുവായിട്ടുകൊണ്ട് നിങ്ങളിലൊരാൾ ഹാ! എന്നു പറയുമ്പോൾ പിശാച് ചിരിക്കുന്നതാണ്. (ബുഖാരി. 4. 54. 509)

1839. അബൂഖത്താദ(റ) നിവേദനം: നബി(സ) അരുളി: നല്ല സ്വപ്നങ്ങൾ അല്ലാഹുവിൽ നിന്നുള്ളതാണ്. പേക്കിനാവുകളിൽ പിശാചിൽ നിന്നുള്ളതും. നിങ്ങളിൽ ആരെങ്കിലും ഭയപ്പെടുത്തുന്ന സ്വപ്നം കണ്ടാൽ അവൻ തന്റെ ഇടതുഭാഗത്തേക്ക് ഒന്നു തുപ്പുകയും അതിന്റെ നാശത്തിൽ നിന്നും അല്ലാഹുവിങ്കൽ അഭയത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തുകൊള്ളട്ടെ. നിശ്ചയം അതു അവനെ ഉപദ്രവിക്കുകയില്ല. (ബുഖാരി. 4. 54. 513)

1840. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: വല്ലവനും ''ലാ ഇലാഹ ഇല്ലല്ലാഹു വഹദഹുലാശരീകലഹു ലഹുൽ മുൽകു വലഹുൽഹംദു വഹുവ അല്ലാകുല്ലി ശൈഇൻ ഖദീർ'' എന്ന് ഒരു ദിവസം ചൊല്ലിയാൽ അതു അവന്നു പത്തു അടിമകളെ മോചിപ്പിച്ചതിന് തുല്യമാണ്. നൂറ് പുണ്യങ്ങൾ അവന് രേഖപ്പെടുത്തും. നൂറ് പാപങ്ങൾ മാപ്പ് ചെയ്യപ്പെടും. വൈകുന്നേരം വരെ അത് അവന്ന് പിശാചിൽ നിന്നുള്ള സംരക്ഷണവും ആയിത്തീരും. ഇവൻ കൊണ്ടുവന്നതിനേക്കാൾ

ശ്രേഷ്ഠമായ ഒരു സംഗതി ആരും കൊണ്ടുവരുന്നില്ല. ഒരാൾ ഒഴികെ. അവൻ ഇതിനേക്കാൾ പ്രവർത്തിച്ചു. (ബുഖാരി. 4. 54. 514)

1841. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: നിങ്ങളിൽ വല്ലവനും ഉറക്കത്തിൽ നിന്നു ഉണർന്നാൽ അവൻ വുളു എടുക്കുകയും മൂന്നു പ്രാവശ്യം വെള്ളം കയററി ചീററുകയും ചെയ്യട്ടെ. എന്തുകൊണ്ടെന്നാൽ അവന്റെ നാസാദ്വാരത്തിലാണ് പിശാച് രാത്രി കഴിച്ചുകൂട്ടിയത്. (ബുഖാരി. 4. 54. 516)

1842. ഇബ്നുഉമർ(റ) നിവേദനം: നബി(സ) മിമ്പറിന്മേൽ നിന്നുകൊണ്ട് ഇപ്രകാരം പ്രസംഗിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. പാമ്പുകളെ നിങ്ങൾ കൊന്നുകളയുവിൻ. വിശിഷ്യാ ശരീരത്തിൽ രണ്ടു വെളുത്ത വരകളുള്ള പാമ്പിനേയും വാൽ മുറിഞ്ഞ പാമ്പിനേയും. അവ രണ്ടും കണ്ണിന്റെ കാഴ്ച നശിപ്പിക്കുകയും ഗർഭം അലസിപ്പിക്കുകയും ചെയ്യും. (ബുഖാരി. 4. 54. 518)

1843. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി; ഒരു വേശ്യയായ സ്ത്രീക്ക് മാപ്പ് ചെയ്യപ്പെട്ടു. ദാഹം മൂലം ചാവാറായി ഒരു കിണററിൻ കരയിലെ നനഞ്ഞ മണ്ണ് നക്കിക്കൊണ്ടിരുന്ന ഒരു നായയുടെ അരികിലൂടെ അവൾ നടന്നുപോയി. അതു കണ്ടപ്പോൾ അവൾ തന്റെ ഷൂസഴിച്ച് തട്ടത്തിന്റെ ഒരു തലക്കുകെട്ടി കിണററിലേക്ക് താഴ്ത്തി ആ നായ്ക്ക് വെള്ളം കോരിയെടുത്ത് കൊടുത്തു. അതു കാരണം അവൾക്ക് മാപ്പ് ചെയ്യപ്പെട്ടു. (ബുഖാരി. 4. 54. 538)

## 61. നബിമാരുടെ വർത്തമാനങ്ങൾ

1844. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: അല്ലാഹു ആദമിനെ സൃഷ്ടിച്ചു. അദ്ദേഹത്തിന്റെ നീളം അറുപതു മുഴമായിരുന്നു. ശേഷം അല്ലാഹു പറഞ്ഞു: നീ പോയിട്ട് ആ മലക്കുകൾക്ക് സലാം ചൊല്ലുക. എങ്ങിനെയാണ് നിന്റെ സലാമിന് അവർ മറുപടി പറയുന്നതെന്ന് നീ ശ്രദ്ധിക്കുക. അതുതന്നെയായിരിക്കും നിന്റെയും നിന്റെ സന്താനങ്ങളുടെയും അഭിവാദ്യം. ആദം അവർക്ക് അസ്സലാമു അലൈക്കും എന്ന് പറഞ്ഞു. അപ്പോൾ അവർ പറഞ്ഞു. അസ്സലാമു അലൈക്ക വറഹ് മത്തുല്ലാഹി'' എന്ന്. അതായത്, വറഹ്മതുല്ലാഹി എന്ന് അവർ അദ്ദേഹത്തിന് വർദ്ധിപ്പിച്ചു. സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നവരെല്ലാവരും ആദമിന്റെ രൂപത്തിലായിരിക്കും. അവരുടെ വലിപ്പമോ അതു ഇന്നുവരേക്കും കുറഞ്ഞുകൊണ്ടിരിക്കുകയാണ്. (ബുഖാരി. 4. 55. 543)

1845. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: ഇസ്രായീല്യർ ഉണ്ടായിരുന്നില്ലെങ്കിൽ മാംസം കെട്ടുപോവുകയില്ലായിരുന്നു. ഹവ്വാഅ് ഉണ്ടായിരുന്നില്ലെങ്കിൽ ഒരു സ്ത്രീയും അവളുടെ ഭർത്താവിനെ വഞ്ചിക്കുകയില്ലായിരുന്നു. (ബുഖാരി. 4. 55. 547)

1846. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: സ്ത്രീകളോട് നിങ്ങൾ നന്മ ഉപദേശിക്കുവിൻ. നിശ്ചയം, സ്ത്രീകൾ വാരിയെല്ലു കൊണ്ട് സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. വാരിയെല്ലുകളിൽ ഉപരിഭാഗത്തുള്ളതാണ് ഏററവും വളഞ്ഞത്. നീ അതിനെ നേരെയാക്കുവാൻ പുറപ്പെട്ടാൽ നീ അതിനെ പൊട്ടിച്ചു കളയും. ഉപേക്ഷിച്ചാലോ! അതു വളഞ്ഞു കൊണ്ടുമിരിക്കും. അതിനാൽ സ്ത്രീകളോട് നിങ്ങൾ നന്മ ഉപദേശിക്കുവിൻ. (ബുഖാരി. 4. 55. 548)

1847. അനസ്(റ) നിവേദനം: നബി(സ) അരുളി: നരകവാസികളിൽ ഏററവും ലഘുവായ ശിക്ഷയുള്ളവരോട് അല്ലാഹു ചോദിക്കും. ലോകത്തുള്ള സർവ്വവസ്തുക്കളും നിങ്ങളുടെ ഉടമസ്ഥതയിലും അധീനത്തിലും ആണെങ്കിൽ അവ നൽകി ശിക്ഷയിൽ നിന്നും മോചനം നേടാൻ നിങ്ങൾ ആഗ്രഹിക്കുമോ? അവൻ പറയും: അതെ.

അല്ലാഹു പറയും: ആദമിന്റെ മുതുകിലായിരുന്ന സന്ദർഭത്തിൽ ഇവയെക്കാൾ ലഘുവായ ഒരു കാര്യം നിർവ്വഹിക്കുവാൻ നിങ്ങളോട് ഞാനാവശ്യപ്പെട്ടിരുന്നു. എന്നിൽ ശിർക്ക് ചെയ്യരുതെന്ന്. എന്നാൽ നീ അതു ധിക്കരിച്ചു. എന്നിൽ ശിർക്ക് വെച്ചു. (ബുഖാരി. 4. 55. 551)

1848. അബ്ദുല്ല(റ) നിവേദനം: നബി(സ) അരുളി: ഏതൊരു ആത്മാവും അക്രമമായി വധിക്കപ്പെടുകയാണെങ്കിൽ ആദമിന്റെ ആദ്യസന്താനത്തിന് ആ കുററത്തിൽ ഒരു പങ്ക് ലഭിക്കാതിരിക്കില്ല. നിശ്ചയം, അവനാണ് ഒന്നാമതായി കൊല നടപ്പിൽ വരുത്തിയത്. (ബുഖാരി. 4. 55. 552)

1849. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: ദജ്ജാലിനെക്കുറിച്ച് ഒരു പ്രവാചകനും തന്റെ സമുദായത്തെ ഉണർത്താത്ത ഒരു വാർത്ത ഞാൻ നിങ്ങളോട് പറയാം. തീർച്ചയായും അവൻ ഒററക്കണ്ണനാണ്. സ്വർഗ്ഗവും നരകവും പോലെയുള്ള അത് അവൻ കൊണ്ടുവരും. അവൻ സ്വർഗ്ഗമെന്ന് പറയുന്നത് നരകവും നരകമെന്ന് പറയുന്നത് സ്വർഗ്ഗവുമായിരിക്കും. നുഹ് തന്റെ സമുദായത്തെ ഇവനെ സംബന്ധിച്ച് താക്കീത് ചെയ്തതുപോലെ ഞാനും താക്കീത് ചെയ്യുന്നു. (ബുഖാരി. 4. 55. 553)

1850. അബൂസഈദ്(റ) നിവേദനം: നബി(സ) അരുളി: നൂഹിനെയും അദ്ദേഹത്തിന്റെ സമുദായത്തെയും കൊണ്ടുവരും. അദ്ദേഹത്തോട് അല്ലാഹു ചോദിക്കും. നീ പ്രബോധനം ചെയ്തുവോ? അതെയെന്ന് അദ്ദേഹം മറുപടി പറയും. അല്ലാഹു അപ്പോൾ അദ്ദേഹത്തിന്റെ സമുദായത്തോട് ചോദിക്കും. നിങ്ങൾക്ക് അദ്ദേഹം പ്രബോധനം ചെയ്തുവോ? അവൻ പറയും: ഇല്ല, ഞങ്ങൾക്ക് ഒരു പ്രവാചകൻ വന്നിട്ടില്ല. നിനക്ക് ആരാണ് സാക്ഷിയെന്ന് നുഹിനോട് ചോദിയ്ക്കും. മുഹമ്മദും അദ്ദേഹത്തിന്റെ സമുദായവുമെന്ന് നുഹ് മറുപടി പറയും. അങ്ങനെ ഞങ്ങൾ സാക്ഷി നിൽക്കാമെന്ന് അവർ പറയും. (ഇപ്രകാരം ഞാൻ നിങ്ങളെ മാതൃകാസമുദായമാക്കി. നിങ്ങൾ ജനങ്ങൾക്ക് സാക്ഷി നിൽക്കുവാൻ വേണ്ടി) എന്ന് അല്ലാഹു പറഞ്ഞതിന്റെ വിവക്ഷ ഇതാണ്. (ബുഖാരി. 4. 55. 555)

1851. സൈനബ്(റ) നിവേദനം: ഒരു ദിവസം നബി(സ) പരിഭ്രമിച്ചവനായി അവരുടെ അടുത്ത് പ്രവേശിച്ചു. അവിടുന്ന് പറഞ്ഞു: ‘ലാഇലാഹ ഇല്ലല്ലാഹു’ അറബികൾക്ക് വമ്പിച്ച ഒരാപത്ത് ആസന്നമായിരിക്കുന്നു. യഅ്ജൂജിന്റെയും മഅ്ജൂജിന്റെയും ഇതാ ഇതുപോലെയുള്ളൊരു ഓട്ട തുറന്നിരിക്കുന്നു. ചൂണ്ടാണിവിരലും പെരുവിരലും ചേർത്ത് വൃത്താകൃതിയിലാക്കിയിട്ട് ഇതാ ഇത്രവലിപ്പമുള്ള ഓട്ട എന്ന് നബി(സ) ഉണർത്തി. അപ്പോൾ ഞാൻ ചോദിച്ചു: പ്രവാചകരേ! നമുക്കിടയിൽ നല്ല ആളുകളുണ്ടായിരിക്കെ നാം നശിച്ചുപോകുമോ? നബി(സ) പ്രത്യുത്തരം നല്കി: അതെ, ദുഷ്ടന്മാർ കൂടുതലായാൽ നാം നശിക്കുകതന്നെ ചെയ്യും. (ബുഖാരി. 4. 55. 565)

1852. ഇബ്നുഅബ്ബാസ്(റ) നിവേദനം: നബി(സ) അരുളി: പരലോകത്തിൽ നഗ്നപാദത്തിൽ ചേലാ കർമ്മം ചെയ്യപ്പെടാത്തവരുമായിട്ടാണ് നിങ്ങൾ ഉയർത്തെഴുന്നേൽക്കുക. നബി(സ) ഇപ്രകാരം ഓതി (ആദ്യമായി സൃഷ്ടിപ്പ് ആരംഭിച്ചതുപോലെ തന്നെ അതു നാം ആവർത്തിക്കും. ഇതു നമ്മുടെമേൽ നിർബന്ധ വാഗ്ദാനമാണ്) പരലോകത്തു ആദ്യമായി വസ്ത്രം ധരിപ്പിക്കുക ഇബ്രാഹിം (അ)യെയാണ് എന്റെ അനുചരന്മാരിൽ ചിലരെ അന്നു ഇടതുഭാഗത്തേക്ക് കൊണ്ടു പോകും. അപ്പോൾ ഞാൻ പറയും. എന്റെ അനുചരന്മാർ! എന്റെ അനുചരന്മാർ! അന്നേരം നിങ്ങൾ വിട്ടുപോന്ന ശേഷം തങ്ങളുടെ ജീവിതത്തിലേക്ക് തന്നെ മടങ്ങിപോയവരാണവർ എന്ന് എനിയ്ക്ക് മറുപടി ലഭിക്കും. അപ്പോൾ ഉൽക്കൃഷ്ടദാസൻ (ഈസാ) പറഞ്ഞതുപോലെ തന്നെ ഞാൻ പറയും.

(അവർക്കിടയിൽ ജീവിച്ചിരുന്ന കാലമത്രയും അവരുടെ ജീവിതത്തെ ഞാൻ വീക്ഷിച്ചുകൊണ്ടിരുന്നു) (5:120). (ബുഖാരി. 4. 55. 568)

1853. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: പരലോകദിനം ഇബ്രാഹിംനബി (അ) തന്റെ പിതാവിനെ കണ്ടുമുട്ടുമ്പോൾ അയാളുടെ മുഖം പൊടി പുരണ്ട് കറുത്തിരിക്കും. ഇബ്രാഹിം അയാളോട് പറയും. എന്നെ ധിക്കരിക്കരുതെന്ന്. ഞാൻ താങ്കളോട് പറഞ്ഞിരുന്നില്ലേ? പിതാവ് പറയും ഈ ദിവസം ഞാൻ നിന്നെ ധിക്കരിക്കുന്നില്ല. അപ്പോൾ ഇബ്രാഹിം പറയും. എന്റെ രക്ഷിതാവേ! നീ എന്നെ പരലോക ദിവസത്തിൽ അപമാനിക്കുകയില്ലെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ. നിന്റെ അനുഗ്രഹത്തിൽ നിന്ന് അങ്ങേയററം വിദൂരമാക്കപ്പെട്ട നിലയ്ക്ക് എന്റെ പിതാവ് ജീവിക്കുന്നതിനേക്കാൾ വലിയ അപമാനം എനിയ്ക്ക് എന്താണുള്ളത്. അല്ലാഹു പറയും: തീർച്ചയായും സത്യനിഷേധികൾക്ക് സ്വർഗ്ഗം ഹറാമാക്കിയിരിക്കുന്നു. ശേഷം ഇബ്രാഹിമിനോട് ചോദിക്കും. താങ്കളുടെ കാലിന്നടിയിലെന്താണുള്ളത്. അദ്ദേഹം നോക്കുമ്പോൾ ചോര പുരണ്ട ഒരു ഉടുമ്പിനെ കാണും. ഉടനെ അതിന്റെ കാലുകൾ നരകത്തിലേക്കെറിഞ്ഞുകളയും. (ബുഖാരി. 4. 55. 569)

1854. സമുറ(റ) നിവേദനം: നബി(സ) അരുളി: രാത്രി ഉറക്കത്തിൽ രണ്ടാളുകൾ എന്റെ അടുക്കൽ വന്നു. ദീർഘകായനായ ഒരാളുടെ അടുക്കൽ ഞങ്ങൾ ചെന്നു. ഉയരം കാരണം അദ്ദേഹത്തിന്റെ ശിരസ്സ് എനിക്ക് കാണാൻ കഴിഞ്ഞിരുന്നില്ല. തീർച്ചയായും അദ്ദേഹം ഇബ്രാഹിമായിരുന്നു. (ബുഖാരി. 4. 55. 573)

1855. ഇബ്നുഅബ്ബാസ്(റ) നിവേദനം: നബി(സ) അരുളി: എന്നാൽ ഇബ്രാഹിം (അ) യെ കാണണമെന്നാഗ്രഹിക്കുന്നവൻ നിങ്ങളുടെ സ്നേഹിതനെ (എന്നെ) നോക്കട്ടെ. മൂസയാകട്ടെ ചുരുണ്ട മുടിയും ചുകപ്പും വെളുപ്പും കലർന്ന നിറവുമാണ് അദ്ദേഹത്തിന്റേത്. ഈത്തപ്പനമരം ഉപയോഗിച്ചുകൊണ്ട് ഉണ്ടാക്കിയ ഒരു കയറുകൊണ്ട് മൂക്കുകയറിട്ട ഒരു ചുകന്ന ഒട്ടകത്തിന്മേലാണ് അദ്ദേഹം യാത്രചെയ്തിരുന്നത്. അദ്ദേഹം താഴ് വരയിലേക്ക് ഇറങ്ങിപ്പോകുന്നത് ഞാനിതാ കാണുന്നു. (ബുഖാരി. 4. 55. 574)

1856. അബുദർറ്(റ) നിവേദനം: ഞാൻ ചോദിച്ചു: ദൈവദൂതരെ! ആദ്യമായി ഭൂമിയിൽ സ്ഥാപിതമായ പള്ളി ഏതാണ്. നബി(സ) അരുളി: മസ്ജിദുൽഹറാം. പിന്നീട് ഏത് പള്ളിയാണെന്ന് ഞാൻ ചോദിച്ചു. നബി(സ) അരുളി: ബൈത്തുൽമുഖദ്ദസ്. എത്രകൊല്ലം ഇടവിട്ടാണ് അവ രണ്ടും സ്ഥാപിതമായത്? നബി(സ) അരുളി: നാല്പതുകൊല്ലം ഇടവിട്ട്. ഇനി എവിടെവച്ചാണോ നമസ് ക്കാരസമയമായത് അവിടെവച്ച് നീ നമസ്ക്കരിച്ചുകൊളളുക. തീർച്ചയായും അതിലാണ് പുണ്യമി രിക്കുന്നത്. (ബുഖാരി. 4. 55. 585)

1857. അബൂഹുമൈദ്(റ) നിവേദനം: അനുചരന്മാർ ചോദിച്ചു. പ്രവാചകരെ! ഞങ്ങൾ അങ്ങേക്ക് എങ്ങിനെയാണ് സ്വലാത്തു ചൊല്ലേത്. നബി(സ) അരുളി: നിങ്ങൾ ചൊല്ലുക. അല്ലാഹുമ്മ സൊല്ലി അലാമുഹമ്മദിൻ വാഅസ്വാജിഹി.. ഇന്നക്ക ഹമീദും മജീദും. (ബുഖാരി. 4. 55. 588)

1858. കഅ്ബ്(റ) നിവേദനം: അദ്ദേഹം അബ്ദുറഹ്മാനിനോട് പറഞ്ഞു. നബി(സ) യിൽ നിന്ന് ഞാൻ കേട്ടതായ ഒരു സമ്മാനം നിനക്ക് ഞാൻ നല്കട്ടെയോ? അതെയെന്ന് ഞാൻ മറുപടി പറഞ്ഞു. അദ്ദേഹം പറഞ്ഞു: പ്രവാചകരെ! ഞങ്ങൾ നിങ്ങൾക്ക് എങ്ങനെ സലാം ചൊല്ലണമെന്ന് അല്ലാഹു ഞങ്ങളെ പഠിപ്പിച്ചിട്ടുണ്ട്. എന്നാൽ എങ്ങിനെയാണ് സ്വലാത്തുചൊല്ലേണ്ടത്. നബി(സ) അരുളി: നിങ്ങൾ പറയുക: അല്ലാഹുമ്മ സ്വല്ലി:. ഇന്നക്കഹമീദുംമജീദ്. (ബുഖാരി. 4. 55. 589)

1859. ഇബ്നുഅബ്ബാസ്(റ) നിവേദനം: നബി(സ) ഹസ്സൻ, ഹുസൈൻ(റ) എന്നിവരെ പിശാചിന്റെ തിന്മയിൽ നിന്ന് രക്ഷിക്കുവാൻ രക്ഷ തേടാറുണ്ട്. നിങ്ങളുടെ പിതാവ് ഇബ്രാഹിം, ഇസ്മാ ഈൽ, ഇസ്ഹാക്ക് എന്നിവരെ പിശാചിന്റെ ഉപദ്രവത്തിൽ നിന്ന് രക്ഷ തേടിയിരുന്നത് ഇതേ വാചകങ്ങൾ കൊണ്ടായിരുന്നു. അഊദ്ബികലിമാദില്ലാഹിത്താമ; മിൻകുല്ലി ശൈത്താനിൻ വഹാമ: വമിൻ കുല്ലി ഐനിൻ ലാമ (എല്ലാ പിശാചുക്കളിൽ നിന്നും വിഷജന്തുക്കളിൽ നിന്നും ഉപദ്രവകാരികളായ കണ്ണുകളുടെ നാശങ്ങളിൽ നിന്നും അല്ലാഹുവിന്റെ തത്വസംപൂർണ്ണങ്ങളായ വചനങ്ങൾ മുഖേന ഞാനിതാ രക്ഷനേടുന്നു). (ബുഖാരി. 4. 55. 590)

1860. അബൂമൂസ(റ) നിവേദനം: പുരുഷന്മാരിൽ ധാരാളം പേർ പൂർണ്ണത പ്രാപിച്ചിട്ടുണ്ട്. എന്നാൽ സ്ത്രീകളിൽ ഫിർഔന്നിന്റെ ഭാര്യ ആസിയവും ഇംറാനിന്റെ മകൾ മർയമും മാത്രമാണ് പൂർണ്ണത പ്രാപിച്ചിട്ടുള്ളത്. ഇതര സ്ത്രീകളെ അപേക്ഷിച്ച് ആയിശ: യുടെ ശ്രേഷ്ഠത ഇതര ആഹാരപദാർത്ഥങ്ങളെ അപേക്ഷിച്ച് കറിചേർത്ത പത്തിരിക്കുള്ളതുപോലെയാണ്. (ബുഖാരി. 4. 55. 623)

1861. അബൂഹുറൈറ(റ) നിവേദനം: ദാവൂദ് (അ)ന്ന് അല്ലാഹു സബൂർ പാരായണം ചെയ്യൽ ലഘൂകരിച്ചു കൊടുത്തു. താൻ യാത്ര ചെയ്യുന്ന വാഹനങ്ങൾക്ക് ജീനിയിടാൻ അദ്ദേഹം കല്പിക്കും. ജീനിയിട്ട് കഴിയുംമുൻപ് അദ്ദേഹം സബൂർ ഓതി കഴിഞ്ഞിരിക്കും. സ്വന്തം കൈകൾ കൊണ്ട് അദ്ധ്വാനിച്ച് സമ്പാദിച്ചതല്ലാതെ അദ്ദേഹം ഭക്ഷിക്കാറില്ല. (ബുഖാരി. 4. 55. 628)

1862. അലി(റ) നിവേദനം: നബി(സ) അരുളിയതു ഞാൻ കേട്ടിട്ടുണ്ട്. തന്റെ സമകാലീനരായ സ്ത്രീകളിൽ ഇംറാന്റെ മകൾ മറിയമാണ് ഏററവും ഉൽക്കൃഷ്ട. അപ്രകാരം തന്റെ സമകാലീനരായ സ്ത്രീകളിൽ ഉൽക്കൃഷ്ട ഖദീജയുമാണ്. (ബുഖാരി. 4. 55. 642)

## 62. സവിശേഷതകൾ

1863. അനസ്(റ) നിവേദനം: ഉസ്മാൻ(റ) സൈദ്ബ്നുസാബിത്തു, അബ്ദുള്ളാഹിബ്നു സുബൈർ, സഈദ്ബ്നു ആസ്വി, അബ്ദുറഹ്മാന് ബ്നു ഹാരീസ്(റ) മുതലായവരെ ഖുർആൻ പകർത്തിയെഴുതുവാൻ ക്ഷണിച്ചു. അങ്ങിനെ അവർ മുസ്ഹഫുകളിലേക്ക് പകർത്തി. ഉസ്മാൻ(റ) ഖുറൈശികളായ മൂന്നു പേരോട് പറഞ്ഞു. നിങ്ങളും സൈദിബ്നു സാബിത്തും പാരായണശൈലിയിൽ ഭിന്നിച്ചാൽ നിങ്ങൾ അതിന് ഖുറൈശികളുടെ ഭാഷാശൈലിയിൽ എഴുതുക. കാരണം അത് അവരുടെ ഭാഷയിലാണ് അവതരിപ്പിച്ചത്. അങ്ങനെ അവർ അപ്രകാരം ചെയ്തു. (ബുഖാരി. 4. 56. 709)

1864. ജുബൈർ(റ) നിവേദനം: നബി(സ) അരുളി: എനിക്ക് അഞ്ചു നാമങ്ങൾ ഉണ്ട്. ഞാൻ മുഹമ്മദും അഹമ്മദുമാണ്. ഞാൻ മായ്ക്കുന്നവൻ (മാഹി) യാണ്. സത്യനിഷേധത്തെ എന്നെക്കൊണ്ടു അല്ലാഹു മാച്ചുകളയും. ഞാൻ ഹാശിറുമാണ്. എന്റെ പിന്നിലായിരിക്കും പുനരുത്ഥാനദിവസം ജനങ്ങളെയെല്ലാം പുനർജ്ജീവിപ്പിച്ച് ഒരുമിച്ച് കൂട്ടുക. ഞാൻ ആഖിബ് (മററു പ്രവാചകരുടെശേഷം വന്നവൻ) ആണ്. (ബുഖാരി. 4. 56. 732)

1865. ജാബിർ(റ) നിവേദനം: നബി(സ) അരുളി: എന്റെയും പൂർവ്വപ്രവാചകന്മാരുടെയും ഉപമ ഒരു വീട് നിർമ്മിച്ച മനുഷ്യന്റേതാണ്. ആ ഭവനത്തിന്റെ പണി അയാൾ പരിപൂർണ്ണമാക്കുകയും അതിനെ അലങ്കരിക്കുകയും ചെയ്തു. എന്നാൽ ഒരു ഇഷ്ടികയുടെ സ്ഥാനം മാത്രം ഒഴിച്ചിട്ടു. മനുഷ്യൻ ആ വീട്ടിൽ പ്രവേശിക്കുവാനും അത്ഭുതം പ്രകടിപ്പിക്കുവാനും തുടങ്ങി. അവർ പറഞ്ഞുകൊണ്ടിരുന്നു: ഈ ഒരു

ഇഷ്ടികയുടെ സ്ഥാനം ഒഴിച്ചിട്ടിരുന്നില്ലെങ്കിൽ (എത്ര നന്നായിരുന്നു) നബി(സ) തുടർന്നു അരുളി: ഞാനാണ് ആ ഇഷ്ടിക. ഞാൻ നബിമാരുടെ ഖാതമ് ആണ്. (ബുഖാരി. 4. 56. 734)

1866. ഉഖ്ബ(റ) നിവേദനം: ഒരിയ്ക്കൽ അബൂബക്കർ(റ) അസർ നമസ്ക്കരിച്ചു പുറത്തിറങ്ങി നടക്കുവാൻ തുടങ്ങി. അപ്പോൾ ഹസ്സൻ കുട്ടികളുടെ കൂടെ കളിക്കുന്നത് അദ്ദേഹം കണ്ടു. ഹസ്സനെ ചുമലിലേററിക്കൊണ്ട് അദ്ദേഹം ഇപ്രകാരം പറഞ്ഞു. എന്റെ പിതാവ് നിനക്ക് ബലിയാണ്. നബി(സ) യോടാണ് നിനക്ക് സാദൃശ്യം. അലിയോട് അല്ല തന്നെ. അലി(റ) അതുകേട്ട് ചിരിച്ചു. (ബുഖാരി. 4. 56. 742)

1867. അബൂജുഹൈഫ(റ) നിവേദനം: നബി(സ)യെ ഞാൻ കണ്ടിട്ടുണ്ട്. ഹസ്സൻ അദ്ദേഹത്തോട് സാദൃശ്യനാകും. (ബുഖാരി. 4. 56. 743)

1868. അബൂജുവൈഫ(റ) പറയുന്നു: നബി(സ)യെ ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. അലിയുടെ പുത്രൻ ഹസ്സന് നബിയോട് സാദൃശ്യമുണ്ട്. നബി(സ)യെ ഞങ്ങൾക്ക് വർണ്ണിച്ചു തരിക. ചിലർ അബൂജുഹൈഫ യോട് ആവശ്യപ്പെട്ടു. അദ്ദേഹം പറഞ്ഞു. നബിയുടെ നിറം വെളുപ്പായിരുന്നു. രോമം നരച്ചതും നരയ്ക്കാത്തതും ഇടകലർന്നതായിരുന്നു. നബി(സ) ഞങ്ങൾക്ക് പതിമൂന്ന് ഒട്ടകം തരാൻ കല്പിച്ചു. എന്നാൽ ഞങ്ങൾക്കത് ലഭിക്കുംമുൻപ് തന്നെ അവിടുന്ന് മരണപ്പെട്ടു. (ബുഖാരി. 4. 56. 744)

1869. അബൂജുഹൈഫ(റ) നിവേദനം: നബി(സ)യെ ഞാൻ ദർശിച്ചിട്ടുണ്ട്. അവിടുത്തെ താഴത്തെ ചുണ്ടിന് അടിയിലുള്ള രോമങ്ങൾ വെളുത്തിരുന്നു. (ബുഖാരി. 4. 56. 745)

1870. അബ്ദുല്ലാഹിബ്നു ബുസ്വർ(റ) നിവേദനം: തിരുമേനി(സ) ഒരു വൃദ്ധനായിരുന്നോ എന്നു ചിലർ അദ്ദേഹത്തോട് ചോദിച്ചു. അദ്ദേഹം പറഞ്ഞു. നബിയുടെ അൻഫഖ്തു (താടിക്കും ചുണ്ടിനും മദ്ധ്യത്തിലുള്ള രോമങ്ങൾ) നരച്ചിട്ടുണ്ടായിരുന്നു. (ബുഖാരി. 4. 56. 746)

1871. അനസ്(റ) പറയുന്നു: നബി(സ) ജനങ്ങളിൽവെച്ച് മിതമായ വലിപ്പമുള്ളവനായിരുന്നു. പൊക്കം കൂടുതലോ കുറവോ ഉണ്ടായിരുന്നില്ല. തിളങ്ങുന്ന വർണ്ണമായിരുന്നു. തനി വെള്ളയോ ശുദ്ധ തവിട്ടു നിറമോ ആയിരുന്നില്ല. മുടി ചുരുണ്ട് കട്ടപിടിച്ചതോ നീണ്ടുനിവർന്ന് കിടക്കുന്നതോ ആയിരുന്നില്ല. നബി(സ)ക്ക് 40 വയസ്സായപ്പോൾ ഖുർആൻ അവതരിപ്പിച്ചു. 10 വർഷം തുടർച്ചയായി വഹ്‌യ് ലഭിച്ചുകൊണ്ട് മക്കയിൽ ജീവിച്ചു. 10 വർഷം മദീനയിലും ജീവിച്ചു. അവിടുന്ന് പരലോക പ്രാപ്തനാകുമ്പോൾ അവിടത്തെ തലയിലും താടിയിലും കൂടി 20 രോമം പോലും നരച്ചിട്ടുണ്ടായിരുന്നില്ല. (ബുഖാരി. 4. 56. 748)

1872. ബറാഅ്(റ) നിവേദനം: നബി(സ) മനുഷ്യരിൽ ഏററവുമധികം മുഖസൗന്ദര്യം ഉള്ളവനായിരുന്നു. അതുപോലെ ശരീര രൂപത്തിലും. അമിത പൊക്കമുള്ളവനോ കുറിയ ആളോ ആയിരുന്നില്ല. (ബുഖാരി. 4. 56. 749)

1873. ഖത്താദ(റ) പറയുന്നു: നബി(സ) തന്റെ രോമത്തിന് ചായം കൊടുക്കാറുണ്ടായിരുന്നുവോ എന്ന് ഞാൻ അനസ്(റ) യോട് ചോദിച്ചു അദ്ദേഹം പറഞ്ഞു: ഇല്ല. എന്നാൽ അവിടത്തെ രണ്ട് ചെന്നിയിലും അല്പം നരയുണ്ടായിരുന്നു. (ബുഖാരി. 4. 56. 750)

1874. ബറാഅ്(റ) നിവേദനം: നബി(സ) മിതമായ ഉയരം ഉള്ളവനായിരുന്നു. അവിടുത്തെ ഇരു ചുമലുകൾക്കിടയിൽ നല്ല വിസ്താരമുണ്ടായിരുന്നു. തലമുടി ഇരുചെവിക്കുററിവരെ താഴ്ന്ന് കിടന്നിരുന്നു. നബി(സ) ഒരിക്കൽ ഒരു ചുവന്ന

വസ്ത്രം ധരിച്ചത് ഞാൻ കണ്ടു. നബിയെക്കാൾ സുന്ദരമായ ഒരാളെയും ഞാൻ കണ്ടിട്ടില്ല. (ബുഖാരി. 4. 56. 751)

1875. അബൂഇസ്ഹാഖ്(റ) നിവേദനം: നബി(സ)യുടെ മുഖം തിളങ്ങുന്ന വാളുപോലെയായിരുന്നുവോ എന്ന് ബറാഅ്(റ) നോട് ചോദിക്കപ്പെട്ടു. അദ്ദേഹം പറഞ്ഞു: അല്ല ചന്ദ്രനെപ്പോലെയായിരുന്നു. (ബുഖാരി. 4. 56. 752)

1876. ആയിശ(റ) നിവേദനം: നബി(സ) ഒരിക്കൽ അവരുടെ അടുത്ത് സന്തുഷ്ടനായി പ്രവേശിച്ചു. അവിടുത്തെ നെററിത്തടത്തിലെ വരികൾ പ്രകാശിക്കുന്നുണ്ട്. അവിടുന്ന് പറഞ്ഞു: സൈദ്, ഉസാമ: എന്നിവരെ സംബന്ധിച്ച് മുദ്‌ലിജ് പറഞ്ഞത് നീ കേട്ടില്ലേ? അവരുടെ കാൽപാദങ്ങൾ പരിശോധിച്ച് ഇവ പരസ്പരം ബന്ധമുള്ളതാണെന്ന് അവൻ പറഞ്ഞു. (ബുഖാരി. 4. 56. 755)

1877. ഇബ്നുഅബ്ബാസ്(റ) നിവേദനം: നബി(സ) തന്റെ തലമുടി കീഴ്പോട്ട് താഴ്ത്തിയിടുകയായിരുന്നു പതിവ്. മുശ്‌രിക്കുകൾ അവരുടെ തലമുടി ഇരുവശത്തേക്കും വാർന്നുവെച്ചിരുന്നു. വേദക്കാരും തലമുടി കീഴ്പ്പോട്ട് താഴ്ത്തിയിടുകയായിരുന്നു. പ്രത്യേകം കൽപനയൊന്നും അല്ലാഹുവിങ്കൽ നിന്ന് വന്നിട്ടില്ലാത്ത കാര്യങ്ങളിൽ വേദക്കാരോട് യോജിക്കുകയായിരുന്നു നബി(സ) ഇഷ്ടപ്പെട്ടിരുന്നത്. (ബുഖാരി. 4. 56. 758)

1878. ആയിശ(റ) നിവേദനം: രണ്ടു കാര്യങ്ങളിലൊന്നു നബി(സ) തിരഞ്ഞെടുക്കുമ്പോൾ അവയിൽ ഏററവുമെളുപ്പമുള്ളതായിരുന്നു തിരഞ്ഞെടുക്കുക; അതൊരു പാപകർമ്മമല്ലെങ്കിൽ. അതൊരു പാപമുള്ളതാണെങ്കിൽ അവിടുന്നായിരിക്കും അതിൽ ഏററവും അകന്നു നിൽക്കുന്നവൻ. തന്റെ വ്യക്തിപരമായ കാര്യങ്ങളിൽ നബി(സ) ഒരിയ്ക്കലും പ്രതികാര നടപടിയെടുത്തിരുന്നില്ല. അല്ലാഹു ആദരണീയമാക്കിവെച്ച സംഗതികൾ വല്ലവനും അനാദരിച്ചുകളഞ്ഞാലോ, അല്ലാഹുവിന്നു വേണ്ടി നബി(സ) പ്രതികാരനടപടിയെടുക്കുക തന്നെ ചെയ്യും. (ബുഖാരി. 4. 56. 760)

1879. അനസ്(റ) നിവേദനം: നബി(സ)യുടെ കൈപ്പടത്തേക്കാൾ മൃദുലമായ പട്ട് ഞാൻ സ്പർശിച്ചിട്ടില്ല. നബി(സ) യുടേതിനേക്കാൾ ഉത്തമമായ ഒരു സുഗന്ധദ്രവ്യം ഞാൻ വാസനച്ചിട്ടുമില്ല. (ബുഖാരി. 4. 56. 761)

1880. അബൂഹുറൈറ(റ) നിവേദനം: നബി(സ) ഒരിയ്ക്കലും ഒരു ഭക്ഷണസാധനത്തെ വിമർശിക്കാറില്ല. തനിക്ക് ഇഷ്ടപ്പെട്ടാൽ അതു ഭക്ഷിക്കും. ഇല്ലെങ്കിൽ അതു ഉപേക്ഷിക്കും. (ബുഖാരി. 4. 56. 764)

1881. ആയിശ(റ) പറയുന്നു: നബി(സ) സംസാരിച്ചാൽ ഒരാൾക്ക് അതിലെ വാക്കുകൾ വരെ എണ്ണിക്കണക്കാക്കാൻ സാധിക്കുമായിരുന്നു. ആയിശ(റ) നിവേദനം: നബി(സ) നിങ്ങളെപ്പോലെ വേഗത്തിൽ സംസാരിക്കാറുണ്ടായിരുന്നില്ല. (ബുഖാരി. 3567)

1882. അനസ്(റ) നിവേദനം: നബി(സ)യെ കഅ്ബയിൽ നിന്നും കൊണ്ടുപോയ രാത്രിയെക്കുറിച്ച് സംസാരിക്കുമ്പോൾ അനസ്(റ) പറഞ്ഞു: നബി(സ)ക്ക് വഹ്‌യ് ലഭിക്കുന്നതിന് മുമ്പ് മൂന്നുപേർ അവിടുത്തെ അടുക്കൽ വന്നു. നബി(സ) മസ്ജിദുൽഹറാമിൽ ഉറങ്ങുകയായിരുന്നു. അവരിൽ ഒന്നാമൻ ചോദിച്ചു. ഇവരിൽ ആരാണ് അദ്ദേഹം? രണ്ടാമൻ പറഞ്ഞു: ഇവരിൽ ഏററവും ഉത്തമനാണദ്ദേഹം. ഇവരിൽ ഉത്തമനെ നിങ്ങൾ പിടിച്ചുകൊള്ളുക. മൂന്നാമൻ പറഞ്ഞു. പിന്നീട് മറെറാരു രാത്രി വരേക്കും അവരെ നബി(സ) സ്വപ്നത്തിൽ കണ്ടില്ല. നബിയുടെ കണ്ണു രണ്ടും ഉറങ്ങും. മനസ്സ് ഉറങ്ങുകയില്ല. പ്രവാചകന്മാരുടെ സ്ഥിതി പൊതുവിൽ അങ്ങനെയാണ് അവരുടെ കണ്ണുകളുറങ്ങും. മനസ്സുറങ്ങുകയില്ല. രണ്ടാമത്തെ രാത്രി

വന്ന് ജീബ്രീൽ തിരുമേനിയെ ഏററെടുത്തു. അവിടുത്തെയും കുട്ടി ജിബ്രീൽ ആകാശത്തേക്ക് പോയി. (ബുഖാരി. 4. 56. 770)

1883. അനസ്(റ) നിവേദനം: നബി(സ) സൗറാഅ് എന്ന സ്ഥലത്തായിരുന്നപ്പോൾ അവിടുത്തെ അടുക്കൽ ഒരു പാത്രം കൊണ്ടുവന്നു. നബി(സ) തന്റെ കൈ ആ പാത്രത്തിൽവെച്ചു. വെള്ളം നബി(സ)യുടെ വിരലുകൾക്കിടയിലൂടെ ഉറവ പൊട്ടിഒഴുകുവാൻ തുടങ്ങി. ജനങ്ങൾ വുളു എടുത്തു. ഖതാദ(റ) പറയുന്നു: നിങ്ങൾ എത്ര പേരുണ്ടായിരുന്നുവെന്ന് ഞാൻ അനസിനോട് ചോദിച്ചു. അദ്ദേഹം പറഞ്ഞു: മുന്നൂറ് പേർ അല്ലെങ്കിൽ ഏതാണ്ട് മുന്നൂറ് പേർ. (ബുഖാരി. 4. 56. 772)

1884. ജാബിർ(റ) നിവേദനം: ഹുദൈബിയ: ദിവസം ജനങ്ങൾ ദാഹിച്ചു: നബിയുടെ മുന്നിൽ ഒരു ചെറിയ തോൽപ്പാത്രമുണ്ട്. നബി(സ) അതിൽ നിന്ന് വുളു എടുത്തു. ജനങ്ങൾ അതിന്റെ നേരെ ധൃതിപ്പെട്ടു നിങ്ങൾക്ക് എന്താണെന്ന് നബി(സ) ചോദിച്ചു. വുളു എടുക്കുമ്പോൾ വെള്ളമില്ലെന്ന് അവർ പ്രത്യുത്തരം നല്കി. ഞങ്ങൾക്ക് കുടിക്കുവാനും. താങ്കളുടെ മുന്നിലുള്ളത് അല്ലാതെ. അപ്പോൾ നബി(സ) തന്റെ കൈ ആ തോൽപ്പാത്രത്തിൽ വെച്ചു. ഉറവുപോലെ നബിയുടെ വിരലുകൾക്കിടയിലൂടെ പൊട്ടിയൊഴുകി. അങ്ങിനെ ഞങ്ങൾ പാനം ചെയ്യുകയും വുളു എടുക്കുകയും ചെയ്തു. സാലിം(റ) പറയുന്നു. നിങ്ങൾ എത്രപേരുണ്ടായിരുന്നുവെന്ന് ഞാൻ ജാബിർനോട് ചോദിച്ചു. അദ്ദേഹം പറഞ്ഞു: ഞങ്ങൾ ഒരുലക്ഷം പേർ ഉണ്ടായിരുന്നാൽപോലും വെള്ളം ഞങ്ങൾക്കു മതിയാകുമായിരുന്നു. എന്നാൽ അവർ 15,000 പേർ ഉണ്ടായിരുന്നു. (ബുഖാരി. 4. 56. 776)

1885. അബ്ദുല്ലാ(റ) നിവേദനം: അമാനുഷിക സംഭവങ്ങളെ ഞങ്ങൾ ദൈവീകാനുഗ്രഹമായാണ് ഗണിച്ചിരുന്നത്. നിങ്ങളാവട്ടെ അവയെ ദൈവത്തിൽ നിന്നുള്ള ശിക്ഷയായി ദർശിക്കുന്നു. ഞങ്ങൾ നബി(സ)യുടെ കൂടെ ഒരു യാത്രയിലായിരുന്നു. വെള്ളം വളരെ കുറവാണ്. നബി(സ) അരുളി അല്പം വെള്ളം ആരുടെയെങ്കിലും അടുക്കൽ ബാക്കിയുണ്ടോ എന്ന് അന്വേഷിക്കുക. സഹാബിമാർ അല്പം വെള്ളമുള്ള ഒരു പാത്രം കൊണ്ടുവന്നു. നബി(സ)കൈ ആ പാത്രത്തിൽ പ്രവേശിപ്പിച്ചു. ശേഷം അരുളി: അനുഗ്രഹീതമായ ശുദ്ധജലം ആവശ്യമുള്ളവർ മുന്നോട്ട് വരിക. ഈ അനുഗ്രഹം അല്ലാഹുവിങ്കൽ നിന്നത്രെ. നബി(സ)യുടെ വിരലുകൾക്കിടയിലൂടെ വെള്ളം ഉറവ് എടുക്കുന്നത് ഞാൻ കണ്ടു. ആഹാരം കഴിക്കുമ്പോൾ ആഹാര പദാർത്ഥങ്ങളുടെ തസ്ബീഹ് ഞങ്ങൾ കേൾക്കാറുണ്ടായിരുന്നു. (ബുഖാരി. 4. 56. 779)

1886. ഹുദൈഫ:(റ) പറയുന്നു: ജനങ്ങൾ നന്മയെക്കുറിച്ചാണ് നബി(സ)യോട് സാധാരണയായി ചോദിക്കാറുള്ളത്. ഞാൻ തിന്മയെക്കുറിച്ചും. അതെന്നെ ബാധിച്ചെങ്കിലോ എന്ന ഭയം കാരണം ഞാൻ ചോദിച്ചു: പ്രവാചകരേ! ഞങ്ങൾ അജ്ഞാനകാലത്തിലും തിന്മയിലുമായിരുന്നു അപ്പോഴാണ് അല്ലാഹു ഞങ്ങൾക്ക് ഈ നന്മ കൊണ്ടുവന്നത്. ഇനി ഈ നന്മക്കുശേഷം വല്ല തിന്മയുമുണ്ടാകുമോ? അതെയെന്ന് നബി(സ) മറുപടി പറഞ്ഞു: ഞാൻ ചോദിച്ചു. പിന്നീട് ആ തിന്മക്കുശേഷം വല്ല നന്മയുമുണ്ടാകുമോ? അതെ, നബി(സ) പ്രത്യുത്തരം നൽകി. നബി(സ) തുടർന്ന് പ്രസ്താവിച്ചു: അതിൽ കലക്കമുണ്ടാകും. എന്താണ് അതിലെ കലക്കം എന്ന് ഞാൻ ചോദിച്ചു. നബി(സ) അരുളി: എന്റെ മാർഗ്ഗദർശനം വിട്ട് മററു മാർഗ്ഗം സ്വീകരിക്കുന്ന ഒരു ജനത നലിവിൽ വരും. അവരിൽ നന്മയും തിന്മയും നീ കാണും. ഞാൻ വീണ്ടും ചോദിച്ചു. ആ നന്മക്കുശേഷം വല്ല തിന്മയുമുണ്ടാകുമോ? നബി(സ) അരുളി: അതെ, നരകത്തിന്റെ കവാടങ്ങളിലേക്കു ക്ഷണിക്കുന്ന ചില ആളുകൾ വരും. വല്ലവനും അവരുടെ ആഹ്വാനം സ്വീകരിച്ചാൽ അവനെ അവരതിൽ വീഴ്ത്തും. പ്രവാചകരേ! ആ വിഭാഗത്തെക്കുറിച്ച് ഞങ്ങൾക്ക് വിവരിച്ചു തന്നാലും എന്നു പറഞ്ഞു. നബി(സ) അരുളി: അവർ നമ്മുടെ വർഗ്ഗത്തിൽപ്പെട്ടവർ

തന്നെയായിരിക്കും. നമ്മുടെ ഭാഷ തന്നെയായിരിക്കും അവർ സംസാരിക്കുക. ഞാൻ ചോദിച്ചു. പ്രവാചകരേ! എന്റെ കാലത്താണവർ വരുന്നതെങ്കിൽ ഞാനെന്തു ചെയ്യണം? നബി(സ) അരുളി: നീ മുസ്ലിംകളുടെ സംഘടനയേയും അവരുടെ നേതാവിനേയും ചേർന്നുകൊണ്ട് ജീവിക്കുക. ഞാൻ ചോദിച്ചു: അവർക്ക് സംഘടനയും നേതാവും ഇല്ലെങ്കിലോ? നബി(സ) അരുളി: ആ വിഭാഗങ്ങളെയെല്ലാം നീ വിട്ട് അകന്ന് നിൽക്കുക. നീ ഒരു വൃക്ഷത്തിന്റെ മൂട് കടിച്ചുപിടിച്ചുകൊണ്ട് നിന്നാലും വിരോധമില്ല. മരണം വരേക്കും ആ നിലയിൽ ഉറച്ചു നിൽക്കുക. (ബുഖാരി. 4. 56. 803)

1887. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: ഏകദേശം മുപ്പതോളം നുണപറയുന്ന ദജ്ജാലുകൾ രംഗപ്രവേശനം ചെയ്യുന്നതുവരെ അന്ത്യദിനം സംഭവിക്കുകയില്ല. അല്ലാഹുവിന്റെ ദൂതന്മാരാണ് ഞങ്ങളെന്ന് അവരെല്ലാവരും ജൽപ്പിക്കുന്നതാണ്. (ബുഖാരി. 4. 56. 806)

1888. ബറാഅ്(റ) നിവേദനം: ഒരു മനുഷ്യൻ അൽകഹ്ഫ് സൂറത്തു ഓതിക്കൊണ്ടിരിക്കുമ്പോൾ അയാളുടെ വീട്ടിൽ ഒരു കുതിരയെ കെട്ടിയിരുന്നു. കുതിര വിറളി പിടിച്ച് ചാടാൻ തുടങ്ങി. ഉടനെ ആ മനുഷ്യൻ രക്ഷക്കുവേണ്ടി പ്രാർത്ഥിച്ചു. അപ്പോഴതാ ഒരു മേഘം അയാളെ പൊതിഞ്ഞിരിക്കുന്നു. പിന്നീടദ്ദേഹം ഈ കഥ നബിയെ അറിയിച്ചു. അന്നേരം നബി(സ) അരുളി: നീ ഇനിയും ഓതിക്കൊള്ളുക. ഖുർആൻ പാരായണം മൂലം ഇറങ്ങിയ മന:ശാന്തിയാണത്. (ബുഖാരി. 4. 56. 811)

1889. ഇബ്നുമസ്ഊദ്(റ) നിവേദനം: നബി(സ)യുടെ കാലത്തു ചന്ദ്രൻ രണ്ടു ഭാഗമായി പിളർന്നു. അപ്പോൾ നബി(സ) പറഞ്ഞു: നിങ്ങൾ സാക്ഷി നിൽക്കുവിൻ. (ബുഖാരി. 4. 56. 830)

1890. അനസ്(റ) നിവേദനം: മക്കാ നിവാസികൾ പ്രവാചകനോട് അവർക്ക് ഒരു ദൃഷ്ടാന്തം കാണിച്ചുകൊടുക്കുവാൻ ആവശ്യപ്പെട്ടു. അപ്പോൾ ചന്ദ്രൻ പിളർന്നത് നബി(സ) അവർക്ക് കാണിച്ചുകൊടുത്തു. (ബുഖാരി. 4. 56. 831)

## 63. സഹാബിമാരുടെ മഹത്വം

1891. ഇബ്നു ഉമർ(റ) നിവേദനം: നബി(സ)യുടെ കാലത്ത് ജനങ്ങൾക്കിടയിൽ ചിലരെ ഞങ്ങൾ മഹത്വപ്പെടുത്താറുണ്ട്. അബൂബക്കറിനെ ഞങ്ങൾ മഹത്വപ്പെടുത്തും. ശേഷം ഉമർ(റ) നെ. ശേഷം ഉസ്മാൻ(റ) നെ. (ബുഖാരി. 5. 57. 7)

1892. അബുഹുറൈറ(റ) പറയുന്നു: നബി(സ) അരുളി: നിങ്ങൾക്ക് മുമ്പ് ജീവിച്ച ഇസ്രാഈല്യരിൽ ചില പുരുഷന്മാരുണ്ടായിരുന്നു. അവർ നബിമാരായിരുന്നില്ല. എന്നിട്ടും അല്ലാഹു അവരോട് സംസാരിക്കാറുണ്ടായിരുന്നു. എന്റെ അനുയായികളിൽ അത്തരം ഒരാളുണ്ടെങ്കിൽ അതു ഉമർ മാത്രമാണ്. (ബുഖാരി. 5. 57. 38)

1893. അനസ്(റ) നിവേദനം: നബി(സ) ഇപ്രകാരം പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. മററുള്ള ഭക്ഷണത്തിന്റെ മേൽ ഇറച്ചിക്കറി ചേർത്ത പത്തിരിക്ക് ഉള്ള ശ്രേഷ്ഠതയാണ് ആയിശ:ക്ക് മററുള്ള സ്ത്രീകളുടെ മേൽ ഉള്ള ശ്രേഷ്ഠത. (ബുഖാരി. 5. 57. 114)

## 64. നബി(സ)യുടെ രോഗവും മരണവും

1894. ആയിശ:(റ) നിവേദനം: നബി(സ) മരണപ്പെട്ട രോഗത്തിൽ ഇപ്രകാരം പറഞ്ഞു: ആയിശ! ഖൈബറിൽ വെച്ച് ഞാൻ ഭക്ഷിച്ച വിഷം കലർത്തിയ മാംസത്തിന്റെ വേദന

ഇതുവരെ ഞാൻ അനുഭവിക്കുകയായിരുന്നു. ഇപ്പോൾ അത് അവസാനിക്കുന്നതിന്റെ സമയമാണ്. (ബുഖാരി. 5. 59. 713)

1895. ആയിശ(റ) പറയുന്നു: നബി(സ)ക്ക് മരണത്തിന്റെ രോഗം ബാധിച്ചപ്പോൾ അവിടുന്ന് ഇപ്രകാരം പ്രാർത്ഥിച്ചു. അല്ലാഹുവേ! ഉന്നത സുഹൃത്തുക്കളുടെ കൂട്ടത്തിൽ എത്തിക്കേണമേ. (ബുഖാരി. 5. 59. 722)

1896. ആയിശ(റ) നിവേദനം: നബി(സ) മരണവേളയിൽ ഇപ്രകാരം പ്രാർത്ഥിച്ചു. അല്ലാഹുവേ! നീ എനിക്ക് മാപ്പ് തരികയും എനിക്ക് കരുണ ചെയ്യുകയും ചെയ്യണമേ. (ബുഖാരി. 5. 59. 724)

1897. ഇബ്നു അബ്ബാസ്(റ) നിവേദനം: നബി(സ) മരണപ്പെട്ട രോഗാവസരത്തിൽ അലി(റ) അവിടുത്തെയടുക്കൽ നിന്നും പുറത്തുവന്നപ്പോൾ ജനങ്ങൾ ചോദിച്ചു: അബുൽഹസ്സൻ! നബിക്കെങ്ങനെയുണ്ട്? അല്ലാഹുവിന്റെ അനുഗ്രഹത്താൽ നബി(സ)ക്ക് സുഖമാണ്. അബ്ബാസ്(റ) അദ്ദേഹത്തിന്റെ കൈ പിടിച്ച് പറഞ്ഞു: അല്ലാഹു സത്യം! മൂന്നു ദിവസം കഴിഞ്ഞാൽ നീ വടിയുടെ അടിമയായിരിക്കും (നിസ്സഹായനായിരിക്കും) ഈ രോഗത്തിൽ നബി(സ) മരണപ്പെടുമെന്ന് ഞാൻ വിചാരിക്കുന്നു. അബ്ദുൽമുത്തലിബ് പരമ്പരയിൽപ്പെട്ടവരുടെ മരണവേളയിലുള്ള മുഖലക്ഷണം എനിക്കു നന്നായറിയാം. നമുക്കൊരുമിച്ച് നബി(സ)യുടെയടുക്കലേക്ക് പോയി നബി(സ)ക്ക് ശേഷം ഭരണകാര്യം ആരാണ് ഏറ്റെടുക്കേണ്ടതെന്ന് ചോദിയ്ക്കാം. ഭരണം ഏറ്റെടുക്കേണ്ടത് നാമാണെങ്കിൽ അതു നാം അറിഞ്ഞിരിക്കണം. അങ്ങനെയെങ്കിൽ നബി(സ) നമ്മുടെ കാര്യത്തിൽ അവരോട് വസീയത്ത് ചെയ്യുമല്ലോ. അലി പറഞ്ഞു. അല്ലാഹു സത്യം. നബി(സ)യോട് നാം അത് അന്വേഷിക്കുമ്പോൾ അവിടുന്ന് നമുക്ക് തരികയില്ലെന്ന് അരുളിയെന്ന് വെയ്ക്കുക. പിന്നീട് ജനങ്ങളും അതു നമുക്ക് തരികയില്ല. അല്ലാഹു സത്യം. ഞാൻ നബി(സ) യോടന്വേഷിക്കുകയേയില്ല. (ബുഖാരി. 5. 59. 728)

1898. ആയിശ(റ) നിവേദനം: എന്റെ ഊഴദിവസം വീട്ടിൽവെച്ച് എന്റെ നെഞ്ചിൽകിടന്നുകൊണ്ട് നബി(സ) മരണപ്പെട്ടത് അല്ലാഹു എനിക്ക് ചെയ്തുതന്ന അനുഗ്രഹങ്ങളിൽപ്പെട്ടതാണ്. അല്ലാഹു എന്റെയും നബി(സ)യുടെയും തുപ്പുനീരുകൾ കൂട്ടിച്ചേർത്തു. കയ്യിൽ ഒരു മിസ്വാക്കുമായി അബ്ദുർറഹ്മാൻ കടന്നുവന്നു. ഞാൻ നബി(സ)യെ താങ്ങിയിരിക്കുകയായിരുന്നു. നബി(സ) അബ്ദുർ റഹിമാന്റെ നേരെ നോക്കിയപ്പോൾ അവിടുന്ന് പല്ല് തേയ്ക്കാനാഗ്രഹിക്കുന്നുണ്ടെന്ന് എനിയ്ക്ക് മനസ്സിലായി. ഞാൻ ചോദിച്ചു. താങ്കൾക്കുവേണ്ടി ഞാനത് സ്വീകരിക്കട്ടെയോ? നബി(സ) സമ്മതഭാവത്തിൽ തലയാട്ടി. ഞാനതു വാങ്ങി. അതു കൂടുതൽ കടുപ്പമുള്ളതായിരുന്നു. ഞാൻ പറഞ്ഞു. താങ്കൾക്കുവേണ്ടി ഞാനതു ചതച്ച് മൃദുലമാക്കട്ടയോ? അപ്പോഴും നബി(സ) സമ്മതഭാവത്തിൽ തലയാട്ടി. ഞാനതു മൃദുവാക്കിക്കൊടുത്തു. നബി(സ) അതുകൊണ്ട് പല്ലുതേച്ചു. നബി(സ)യുടെ ഒരു വെള്ളപ്പാത്രമുണ്ടായിരുന്നു. അവിടുന്ന് ആ പാത്രത്തിൽ കയ്യിട്ട് മുഖത്ത് തടവിക്കൊണ്ട് ഇങ്ങനെ അരുളി: ലാ ഇലാഹ ഇല്ലല്ലാഹു. മരണത്തിന് ചില വെപ്രാളങ്ങളുണ്ട്. ശേഷം അവിടുന്ന് തന്റെ കൈ ഉയർത്തിക്കൊണ്ട് പ്രാർത്ഥിച്ചു. അല്ലാഹുവേ! ഉന്നതരായ സുഹൃത്തുക്കളുടെ കൂട്ടത്തിൽ എന്നെയെത്തിക്കേണമേ. അവസാനം അവിടുന്ന് മരണപ്പെട്ടു: കൈ തളർന്നു ചാഞ്ഞു. (ബുഖാരി. 5. 59. 730)

1899. ആയിശ(റ) നിവേദനം: നബി(സ) മരണപ്പെട്ടപ്പോൾ അബൂബക്കർ അദ്ദേഹത്തെ ചുംബിച്ചു. (ബുഖാരി. 5. 59. 734)

1900. ആയിശ(റ) നിവേദനം: രോഗം പിടിച്ച് കിടക്കുമ്പോൾ ഞങ്ങൾ മരുന്ന് തൊട്ടുകൊടുത്തു. നിങ്ങൾ എന്നെ നിർബന്ധിച്ച് മരുന്ന് കുടിപ്പിക്കേണ്ടതില്ലെന്ന് നബി(സ) ആംഗ്യം കാണിച്ചു. ഞങ്ങൾ പറഞ്ഞു. രോഗിക്ക് മരുന്നിനോടുള്ള വെറുപ്പ്

കൊണ്ടാണ് അങ്ങിനെ അരുളുന്നത്. നബി(സ)ക്ക് ബോധം വന്നപ്പോൾ അവിടുന്ന് അരുളി: നിങ്ങളെന്നെ നിർബന്ധിച്ച് മരുന്ന് കുടിപ്പിക്കേണ്ടതില്ലെന്ന് ഞാൻ പറഞ്ഞിട്ടില്ലേ. ഞങ്ങൾ പറഞ്ഞു. രോഗി മരുന്ന് വെറുക്കും. അത് സ്വാഭാവികമാണ്. നബി(സ) അരുളി: ഞാൻ നോക്കി നില്ക്കവേ നിർബന്ധിച്ച് മരുന്ന് കുടിപ്പിച്ചാലല്ലാതെ ഈ വീട്ടിലുള്ള ഒരാളെയും ഞാൻ വിടുകയില്ല. അബ്ബാസിനെ മാത്രം ഒഴിവാക്കും. അദ്ദേഹം നിങ്ങളോടൊപ്പമുണ്ടായിരുന്നില്ല. (ബുഖാരി. 5. 59. 735)

1901. അനസ്(റ) പറയുന്നു: നബി(സ)ക്ക് രോഗം മൂർച്ഛിച്ച സന്ദർഭത്തിൽ ഇടയ്ക്കിടെ ബോധക്ഷയം ഉണ്ടായിക്കൊണ്ടിരുന്നു. അപ്പോൾ ഫാത്തിമ(റ) പറഞ്ഞു: ഹാ ഹോ! എന്റെ പിതാവിന്റെ കഷ്ടപ്പാട്. നബി(സ) അരുളി: ഈ ദിവസത്തിനുശേഷം നിന്റെ പിതാവിന് കഷ്ടപ്പാടുകളൊന്നും ഉണ്ടാവില്ല. നബി(സ) മരണപ്പെട്ടപ്പോൾ ഫാത്തിമ(റ) പറഞ്ഞു: എന്റെ പിതാവിന്റെ കഷ്ടപ്പാട്: അദ്ദേഹത്തിന്റെ പ്രാർത്ഥനയ്ക്ക് രക്ഷിതാവ് ഉത്തരം നല്കിയല്ലോ. (ബുഖാരി. 5. 59. 739)

1902. ആയിശ(റ) പറയുന്നു: നബി(സ) ആരോഗ്യവാനായിരുന്ന സന്ദർഭത്തിൽ ഇപ്രകാരം പറഞ്ഞു: സ്വർഗ്ഗത്തിൽ തനിക്കുള്ള സ്ഥാനം കാണിച്ചു കൊടുക്കപ്പെടാതെ ഒരു നബിയും മരണപ്പെട്ടിട്ടില്ല. നബി(സ)ക്ക് മരണത്തിന്റെ രോഗം ബാധിച്ചപ്പോൾ അവിടുന്ന് എന്റെ മേൽ ചാരിക്കിടന്നു. അങ്ങിനെ അബോധാവസ്ഥ അദ്ദേഹത്തെ ബാധിച്ചു. അതിൽ നിന്ന് തെളിഞ്ഞപ്പോൾ വീട്ടിന്റെ മേൽപ്പുരയിലേക്ക് തുറിച്ചുനോക്കി ക്കൊണ്ട് ഇപ്രകാരം പ്രാർത്ഥിച്ചു: അല്ലാഹുവേ! ഉന്നത സുഹൃത്തുക്കളുടെ കൂട്ടത്തിൽ എത്തിക്കേണമേ. അപ്പോൾ ഞാൻ പറഞ്ഞു: എങ്കിൽ ഞങ്ങളെ അദ്ദേഹം തിരഞ്ഞെടുക്കുകയില്ല. (ബുഖാരി. 5. 59. 740)

1903. ബറാഅ്(റ) പറയുന്നു: നബി(സ)യുടെ കൂടെ ഞാൻ 15 യുദ്ധത്തിൽ പങ്കെടുത്തിട്ടുണ്ട്. (ബുഖാരി. 5. 59. 748)

1904. ഇബ്നുബുർദ്ദ(റ) പറയുന്നു:അദ്ദേഹത്തിന്റെ പിതാവ് നബി(സ)യുടെ കൂടെ 16 യുദ്ധം ചെയ്തിട്ടുണ്ട്. (ബുഖാരി. 5. 59. 749)

## 65. ഖുർആൻ വ്യാഖ്യാനം

1905. ഇബ്നുഅബ്ബാസ്(റ) നിവേദനം: നബി(സ) അരുളി: അല്ലാഹു പറഞ്ഞു: മനുഷ്യൻ എന്നെ നിഷേധിച്ചു. അവന് അതിന്നധികാരമില്ല. അവൻ എന്നെ ശകാരിച്ചു. അവന് അതിന്നും അധികാരമുണ്ടായിരുന്നില്ല. അവൻ എന്നെ നിഷേധിച്ചതു അവനെ മരണത്തിനുമുമ്പുള്ള രൂപത്തിൽ പുനർജ്ജീവിപ്പിക്കുവാൻ എനിക്ക് സാധ്യമല്ലെന്ന് അവൻ വാദിച്ചതാണ്. എന്നെ ശകാരിച്ചുവെന്ന് പറഞ്ഞത് എനിക്ക് സന്താനമുണ്ടെന്ന അവന്റെ വാദവും. സഹധർമ്മിണിയെയും സന്താനത്തേയും സ്വീകരിക്കുന്നതിൽ നിന്നും എത്രയോ പരിശുദ്ധനാണ് ഞാൻ. (ബുഖാരി. 6. 60. 9)

1906. അബുഹുറൈറ(റ) പറയുന്നു: വേദക്കാർ തൗറാത്ത് മുസ്ലിംകൾക്ക് ഹിബ്രു ഭാഷയിൽ വായിച്ചുകേൾപ്പിച്ച് അറബിഭാഷയിൽ വിശദീകരിച്ചു കൊടുക്കാറുണ്ട്. അപ്പോൾ നബി(സ) പറഞ്ഞു: വേദക്കാരുടെ ഒരു വാക്കും നിങ്ങൾ വിശ്വസിക്കരുത്. നിഷേധിക്കുകയുമരുത്. അല്ലാഹുവിലും ഞങ്ങൾക്കവതരിപ്പിക്കപ്പെട്ടതിലും വിശ്വസിച്ചിരിക്കുന്നുവെന്ന് മാത്രം പറഞ്ഞുകൊള്ളുക. (ബുഖാരി. 6. 60. 12)

1907. ഹുദൈഫ:(റ) പറയുന്നു: അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങൾ ചിലവ് ചെയ്യുവീൻ. നിങ്ങളുടെ കരങ്ങളെ നാശത്തിലേക്ക് നിങ്ങൾ ഇടരുത് (2:195) എന്ന സൂക്തം യുദ്ധത്തിൽ ചിലവ് ചെയ്യുന്നതിനെ സംബന്ധിച്ച് അവതരിപ്പിക്കപ്പെട്ടതാണ്. (ബുഖാരി. 6. 60. 41)

1908. ഇബ്നുഅബ്ബാസ്(റ) പറയുന്നു: നബി(സ) ഒരു ദിവസം സഫാ മല മേൽ കയറി നിന്ന് പ്രഭാതത്തിൽ വന്നു ഭവിച്ച വിപത്തേ എന്ന് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. ഖുറൈശികൾ ഓടിയെത്തി ചുററുംകൂടി പരിഭ്രാന്തിയോടെ ചോദിച്ചു: നിങ്ങൾക്കെന്തുപററി? നബി(സ) അരുളി: നിങ്ങളൊന്ന് ചിന്തിച്ചുനോക്കുക. നാളെ രാവിലെ അല്ലെങ്കിൽ വൈകുന്നേരം ശത്രുക്കൾ ആക്രമിക്കാൻ വരുന്നുണ്ടെന്ന് ഞാൻ പറഞ്ഞാൽ നിങ്ങൾ എന്നെ വിശ്വസിക്കുമോ? അതെയെന്നവർ മറുപടി പറഞ്ഞു. നബി(സ) അരുളി: ശരി, എങ്കിൽ അല്ലാഹുവിൽ നിന്നുള്ള കഠിനശിക്ഷയെക്കുറിച്ച് താക്കീതുചെയ്യാൻ വന്നവനാണ് ഞാൻ. ഉടനെ അബൂലഹബ് പറഞ്ഞു: നിനക്ക് നാശം. ഇതിന് വേണ്ടിയാണോ നീ ഞങ്ങളെ ഇവിടെ വിളിച്ചു വരുത്തിയത്. ആ സന്ദർഭത്തിലാണ്'' അബൂലഹബിന്റെ ഇരു കൈകളും നശിച്ചിരിക്കുന്നു''വെന്ന് ഖുർആൻ സൂക്തം അവതരിപ്പിക്കപ്പെട്ടത്. (111: 1, 5 (ബുഖാരി. 6. 60. 293)

1909. അബ്ദുല്ല(റ) പറയുന്നു: നബി(സ) ഒരിക്കൽ പ്രസംഗത്തിനിടയിൽ സാലിഹ് നബി (അ) യുടെ ഒട്ടകത്തെയും അതിനെ അറുത്തവനേയും കുറിച്ച് അരുളുന്നതു അദ്ദേഹം കേട്ടു. ആ സമൂഹത്തിലെ അങ്ങേയററത്തെ ദുഷ്ടൻ എഴുന്നേററു പുറപ്പെട്ടപ്പോൾ എന്ന വാക്കിന് അബൂസംഅതിനെപ്പോലെ തന്റെ ജനതയിൽ ശക്തനും സുരക്ഷിതനും ദുഷ്ടനുമായി ജീവിച്ചിരുന്ന ഒരു പുരുഷൻ ആ ഒട്ടകത്തിന്റെ നേരെ എഴുന്നേററു പുറപ്പെട്ടപ്പോൾ എന്നാണർത്ഥമെന്ന് നബി(സ) അരുളി. തുടർന്ന് നബി(സ) സ്ത്രീകളെക്കുറിച്ചു അരുളുകയുണ്ടായി. നിങ്ങളിലൊരാൾ അടിമയെ അടിക്കും പോലെ സ്വപത്നിയെ അടിക്കും. അതേ ദിവസം അവളോടൊപ്പം ശയിക്കുകയും ചെയ്യും. തുടർന്ന് കൊണ്ട് മററുള്ളവർക്ക് കീഴ്വായു പോകുന്ന ശബ്ദം കേൾക്കുമ്പോൾ ചിരിക്കുന്നവരേയും നബി(സ) ഉപദേശിച്ചു. തങ്ങളിൽ നിന്ന് സംഭവിക്കാറുള്ള കാര്യത്തെക്കുറിച്ച് എന്തിനാണ് ചിരിക്കുന്നതെന്ന് നബി(സ) ചോദിച്ചു. സുബൈറിബ്നുൽ അഖാമിന്റെ പിതൃവ്യൻ അബൂസംഅതിനെപ്പോലെ എന്നാണ് മറെറാരു നിവേദനത്തിൽ വന്നിട്ടുള്ളത്. (ബുഖാരി. 6. 60. 466)

1910. ആയിശ(റ) നിവേദനം: നിനക്ക് നാം കൗസർ നൽകിയിരിക്കുന്നുവെന്ന ഖുർആൻ വാക്യത്തെക്കുറിച്ച് അവരോട് ചോദിക്കപ്പെട്ടു. അവർ പറഞ്ഞു: നബിക്ക് പരലോകത്തുവെച്ച് നൽകപ്പെടുന്ന നദിയാണ്. അതിന്റെ ഇരു കരകളിലും ഉള്ള് ഓട്ടയായ മുത്തുകളുണ്ടായിരിക്കും. ആകാശത്തിലെ നക്ഷത്രങ്ങളുടെ അത്രയെണ്ണം പാത്രങ്ങളുണ്ടായിരിക്കും അവിടെ. (ബുഖാരി. 6. 60. 489)

## ഭാഗം 3 ( ഹദീസ് നമ്പർ 1912 മുതൽ 2892 വരെ)

## 66. ഖുർആനിന്റെ ശ്രേഷ്ഠത

1911. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: മനുഷ്യരിൽ വിശ്വാസം ഉണ്ടാക്കുവാൻ പര്യാപ്തമായ ദൃഷ്ടാന്തങ്ങൾ നൽകപ്പെടാത്ത ഒരു പ്രവാചകനും ഉണ്ടായിട്ടില്ല. എനിക്ക് ലഭിച്ചത് അല്ലാഹുവിങ്കൽ നിന്നുള്ള ബോധനം (വഹ്യ്) അത്രെ. അതുകൊണ്ട് പരലോകദിനത്തിൽ അവരുടെ കൂട്ടത്തിൽ കൂടുതൽ അനുയായികൾ എനിക്കായിരിക്കും ഉണ്ടായിരിക്കുകയെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. (ബുഖാരി. 6. 61. 504)

1912. അനസ്(റ) നിവേദനം: നബി(സ) യുടെ മരണത്തിന് അൽപം മുമ്പ് മുതൽ അല്ലാഹു അവിടുത്തേക്ക് കൂടുതലായി വഹ്യ് നൽകിക്കൊണ്ടിരുന്നു. അവിടുന്ന് മരിക്കും വരേക്കും ആ അവസ്ഥ തുടർന്നുകൊണ്ടിരുന്നു. (ബുഖാരി. 6. 61. 505)

1913. ഇബ്നുമസ്ഊദ്(റ) പറയുന്നു: അല്ലാഹു സത്യം. നബി(സ)യുടെ നാവിൽ നിന്ന് എഴുപതിൽ പരം അധ്യായങ്ങൾ ഞാൻ കേട്ടുപഠിച്ചിട്ടുണ്ട്. അല്ലാഹു സത്യം. നബി(സ)യുടെ അനുചരന്മാർ തീർച്ചയായും ഞാനാണ് അവരിൽ ഖുർആൻ എനിക്ക് ഏററവും പഠിച്ചവനെന്ന് മനസ്സിലാക്കിയിട്ടുണ്ട്. ഞാൻ അവരിൽ ശ്രേഷ്ഠൻ അല്ലെങ്കിലും. (ബുഖാരി. 6. 61. 522)

1914. അൽഖമ:(റ) പറയുന്നു: ഞങ്ങൾ സിറിയയിലെ ഹിംസിലായിരുന്നു. അപ്പോൾ ഇബ്നുമസ്ഊദ്(റ) സൂറത്തു യൂസ്ഫ് ഓതി. അപ്പോൾ ഒരു മനുഷ്യൻ പറഞ്ഞു. ഇപ്രകാരമല്ല അവതരിച്ചിട്ടുള്ളത്. ഇബ്നുമസ്ഊദ്(റ) പറഞ്ഞു: നബി(സ)ക്ക് ഞാൻ ഈ അധ്യായം ഓതി കേൾപ്പിച്ചപ്പോൾ വളരെ നന്നായിരിക്കുന്നുവെന്നാണ് അരുളിയത്. ആ മനുഷ്യന്റെ വായിൽ നിന്ന് കള്ളിന്റെ ദുർഗന്ധം വരുന്നുണ്ടായിരുന്നു. ഇബ്നു മസ്ഊദ്(റ) പറഞ്ഞു: നീ അല്ലാഹുവിന്റെ കിതാബിന്റെ പേരിൽ കള്ളം പറയുകയും മദ്യപാനം നടത്തുകയും കൂടി ചെയ്യുകയാണോ? അദ്ദേഹം അയാളെ മദ്യപിച്ചതിന്റെ പേരിൽ ശിക്ഷിച്ചു. (ബുഖാരി. 6. 61. 523)

1915. അബ്ദുല്ല(റ) നിവേദനം: ആരാധനക്ക് അവകാശപ്പെട്ട അല്ലാഹു സത്യം. പരിശുദ്ധ ഖുർആനിലെ ഓരോ സൂറത്തും എവിടെ അവതരിപ്പിച്ചു എന്നും ഓരോസൂക്തവും ആരിൽ അവതരിപ്പിച്ചുവെന്നും എനിക്കറിയാം. പരിശുദ്ധ ഖുർആനിനെക്കുറിച്ച് എന്നെക്കാൾ അറിവുള്ളവർ ആരെങ്കിലും ഉണ്ടെങ്കിൽ ഞാനവന്റെ അടുക്കലേക്ക് വാഹനം കയറുക തന്നെ ചെയ്യും. എന്റെ ഒട്ടകത്തിന് അവിടെക്ക് എത്താൻ സാധിക്കുമെങ്കിൽ. (ബുഖാരി. 6. 61. 524)

1916. അബൂസഈദ്(റ) പറയുന്നു: ഒരു മനുഷ്യൻ രാത്രി നമസ്കാരത്തിൽ 'കുൽഹുവല്ലാഹു അഹദ്'' ഓതുന്നത് മറെറാരു മനുഷ്യൻ കേട്ടു. അതയാൾ ആവർത്തിച്ചോതിക്കൊണ്ടിരിക്കുകയാണ്. പ്രഭാതമായപ്പോൾ കേട്ട മനുഷ്യൻ നബിയുടെ അടുക്കൽ ചെന്ന് ഈ വിവരം ഉണർത്തി. അയാളുടെ ദൃഷ്ടിയിൽ ഈ സൂറത്തു വളരെ ചെറുതായിരിന്നു. നബി(സ) അരുളി: എന്റെ ആത്മാവിനെ നിയന്ത്രിക്കുന്ന അല്ലാഹു സത്യം. ഖുർആനിന്റെ മൂന്നിലൊരു ഭാഗത്തിന് തുല്യമാണ് ഈ അധ്യായം. (ബുഖാരി. 6. 61. 533)

1917. അബൂസഈദ്(റ) നിവേദനം: നബി(സ) ഒരിക്കൽ തന്റെ അനുചരന്മാരോട് ചോദിച്ചു: ഖുർആനിന്റെ മൂന്നിലൊരു ഭാഗം വീതം രാത്രി ഓതിക്കൊണ്ട് നമസ്കരിക്കുവാൻ നിങ്ങൾക്ക് കഴിവില്ലേന്നോ? ഇതവർക്ക് വളരെ വിഷമമായി അനുഭവപ്പെട്ടു. അവർ പറഞ്ഞു: പ്രവാചകരേ! ഞങ്ങളിലാർക്കാണതിന് കഴിയുക? നബി(സ) അരുളി: 'ഖുൽഹുവല്ലാഹുഅഹദ്' എന്ന അധ്യായം ഖുർആന്റെ മൂന്നിലൊന്നാണ്. (ബുഖാരി. 6. 61. 534)

1918. ആയിശ(റ) പറയുന്നു: നബി(സ) എല്ലാ രാത്രിയും തന്റെ വിരിപ്പിൽ ചെന്നുകിടന്നുകഴിഞ്ഞാൽ രണ്ട് കൈപ്പത്തികളും ചേർത്തുപിടിച്ച് ഖുൽഹുവല്ലാഹുഅഹദ് എന്ന സൂറത്തും ഖുൽ അഊദുബിറബ്ബിൽ ഫലക് എന്ന സൂറത്തും ഖുൽ അഊദുബിറബ്ബിന്നാസ് എന്ന സൂറത്തും ഓതി അതിൽ ഊതും ആ കൈപത്തികളും കൊണ്ട് ശരീരത്തിൽ സൗകര്യപ്പെട്ട സ്ഥലങ്ങളിലെല്ലാം തടവും. തലയിൽ നിന്ന് തുടങ്ങി മുഖം ശരീരത്തിന്റെ മുൻവശം എന്നിവയെല്ലാം തടവും. അതു മൂന്നുവട്ടം ആവർത്തിക്കും. (ബുഖാരി. 6. 61. 536)

1919. ഉസൈദ് ബ്നുഹുളൈർ(റ) നിവേദനം: തന്റെ കുതിരയെ സമീപത്ത് കെട്ടിക്കൊണ്ട് രാത്രി അദ്ദേഹം അൽബഖറ സൂറത്തു ഓതി നമസ്കരിക്കുവാൻ തുടങ്ങി. അപ്പോൾ കുതിര ചാടാൻ തുടങ്ങി. ഓത്തു നിറുത്തിയപ്പോൾ കുതിരയും അടങ്ങി. വീണ്ടും ഓത്തു തുടങ്ങിയപ്പോൾ കുതിര ചാടാൻ തുടങ്ങി. അദ്ദേഹം മൗനം

പാലിച്ചു. കുതിരയും അടങ്ങി. വീണ്ടും അതുപോലെ ആവർത്തിച്ചു. അവസാനം നമസ്കാരത്തിൽ നിന്ന് വിരമിച്ചു. അടുത്തിരിക്കുന്ന മകൻ യഹ്യായെ കുതിര ഉപദ്രവിച്ചേക്കുമോ എന്ന് അദ്ദേഹം ഭയപ്പെട്ടു. നമസ്കാരാനന്തരം കുട്ടിയെ അവിടെനിന്നും എടുത്ത് മാററി. ആകാശത്തേക്ക് തലയുയർത്തി നോക്കിയപ്പോൾ ആകാശം കാണാൻ സാധിക്കുന്നില്ല. നേരം പുലർന്നപ്പോൾ അദ്ദേഹം നബിയുടെ അടുക്കൽ ചെന്ന് ഈ വർത്തമാനം പറഞ്ഞു. നബി(സ) കല്പിച്ചു: ഹുളൈറിന്റെ പുത്രാ! ഇനിയും പാരായണം ചെയ്തുകൊള്ളുക. ഹുളൈറിന്റെ പുത്രാ! നീ ഇനിയും ഖുർആൻ ഓതികൊള്ളുക. ഹുളൈർ പറഞ്ഞു: പ്രവാചകരേ! എന്റെ കുട്ടി യഹ്യായെ കുതിര ചവിട്ടുമോ എന്നായിരുന്നു എന്റെ ഭയം. അവൻ അതിന്റെ അടുത്തായിരുന്നു. ഞാനെന്റെ തല ഉയർത്തി. മേലോട്ടു നോക്കിയപ്പോൾ അവിടെ കുട പോലൊരു വസ്തു. വിളക്കുകൾ പോലുള്ള എന്തോ അതിൽ കാണ്മാനുണ്ട്. അവിടെ നിന്നും ഞാൻ പോന്നു കഴിഞ്ഞപ്പോൾ ഞാൻ അതിനെ കണ്ടില്ല. നബി(സ) ചോദിച്ചു. അതെന്താണെന്ന് നിനക്കറിയുമോ? ഇല്ലെന്ന് ഞാൻ പ്രത്യുത്തരം നല്കി. നബി(സ) അരുളി: അതു മലക്കുകളാണ്. നിന്റെ ഖുർആൻ പാരായണശബ്ദം കേട്ടു അടുത്തു വന്നതാണവർ. നീ തുടർന്നും ഓതിക്കൊണ്ടിരുന്നെങ്കിൽ വിട്ടുപോകാതെ അവർ അവിടെത്തന്നെ നില്ക്കുകയും ജനങ്ങൾ പ്രഭാതത്തിൽ നോക്കിക്കൊണ്ടിരിക്കുകയും ചെയ്യുമായിരുന്നു. അവരിൽ നിന്നും അവർ അപ്രത്യക്ഷമാകുമായിരുന്നില്ല. (ബുഖാരി. 6. 61. 536)

1920. അബൂമൂസ(റ) നിവേദനം: ഖുർആൻ ഓതുന്നവന്റെ ഉപമ ഓറഞ്ച് പോലെയാണ്. അതിന്റെ രുചിയും വാസനയും നല്ലതാണ്. ഖുർആൻ പാരായണം ചെയ്യാത്ത വിശ്വാസിയുടെ ഉദാഹരണം ഈത്തപ്പഴം പോലെയാണ്. അതിന്റെ രുചി നല്ലതാണ് എന്നാൽ അതിന് വാസനയില്ല. ഖുർആൻ ഓതുന്ന ദുർമാർഗ്ഗിയുടെ ഉപമ തുളസിച്ചെടി പോലെയാണ്. അതിന്റെ വാസന നല്ലതും രുചി കയ്പുള്ളതുമാണ്. ഖുർആൻ ഓതുക പോലും ചെയ്യാത്ത ദുർമാർഗ്ഗിയുടെ ഉപമ ആട്ടങ്ങ പോലെയാണ്. അതിന്റെ രുചി കയ്പുള്ളതാണ്. അതിന് നല്ല വാസനയുമില്ല. ഇപ്രകാരം നബി(സ) അരുളി: (ബുഖാരി. 6. 61. 538)

1921. അബൂഹുറൈറ(റ) നിവേദനം: ഖുർആൻ കൊണ്ട് ഐശ്വര്യമാകുവാൻ നബിക്ക് അനുമതി നൽകിയതു പോലെ മറെറാന്നിനും നൽകിയിട്ടില്ല. (ബുഖാരി. 6. 61. 541)

1922. ഇബ്നുഉമർ(റ) നിവേദനം: നബി(സ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. രണ്ട് കാര്യത്തിൽ അല്ലാതെ അസൂയയില്ല. ഒരാൾക്ക് അല്ലാഹു ഖുർആൻ മന: പ്പാഠമാക്കി നൽകിയിട്ടുണ്ട്. അയാൾ അതുമായി രാത്രിയുടെ യാമങ്ങളിൽ എഴുന്നേററ് നമസ്കരിക്കുന്നു. മറെറാരുപുരുഷൻ അയാൾക്ക് അല്ലാഹു ധനം നൽകിയിട്ടുണ്ട്. അയാൾ അതു രാത്രിയിലും പകലിലും ധർമ്മം ചെയ്യുന്നു. (ബുഖാരി. 6. 61. 543)

1923. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: രണ്ടാളുകളുടെ നിലപാടിൽ മാത്രമാണ് അസൂയാർഹം. ഒരാൾക്ക് അല്ലാഹു ഖുർആൻ പഠിപ്പിച്ചു. അവൻ രാത്രിയിലും പകൽ സമയങ്ങളിലും അതുപാരായണം ചെയ്തുകൊണ്ടിരിക്കുന്നു. അങ്ങനെ തന്റെ അയൽവാസി അതു കേൾക്കുമ്പോൾ ഇവന്ന് ലഭിച്ചത് പോലെയുള്ള അറിവ് എനിക്കും ലഭിച്ചിരുന്നെങ്കിൽ എന്ന് പറയും. മറെറാരുപുരുഷൻ, അല്ലാഹു അവന്ന് കുറെ ധനം നൽകിയിട്ടുണ്ട്. അവനതു സത്യമാർഗ്ഗത്തിൽ ചിലവ് ചെയ്യുന്നു. മറെറാരുവൻ അതുകാണുമ്പോൾ പറയും ഇന്നവന് ലഭിച്ചപോലെയുള്ള ധനം എനിക്ക് ലഭിച്ചെങ്കിൽ നന്നായിരുന്നേനെ. അവൻ പ്രവർത്തിച്ചതുപോലെ എനിക്കും പ്രവർത്തിക്കാമായിരുന്നുവല്ലോ. (ബുഖാരി. 6. 61. 544)

1924. ഉസ്മാൻ(റ) നിവേദനം: നബി(സ) അരുളി: നിങ്ങളിൽ ഉത്തമൻ ഖുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനാണ്. (ബുഖാരി. 6. 61. 545)

1925. ഇബ്നുഉമർ(റ) പറയുന്നു: നബി(സ) അരുളി: ഖുർആൻ മന: പാഠമാക്കിയവന്റെ ഉപമ കെട്ടിയിട്ട ഒട്ടകത്തിന്റെ ഉടമസ്ഥന്റേതു പോലെയാണ്. അതിനെ ശരിക്കു പാലിക്കുന്ന പക്ഷം എപ്പോഴും അവന്റെ നിയന്ത്രണത്തിലായിരിക്കും. കയർ അഴിച്ചുവിട്ടാലോ അതിന്റെ വഴിക്ക് പോവുകയും ചെയ്യും. (ബുഖാരി. 6. 61. 549)

1926. അബ്ദുല്ല(റ) നിവേദനം: നബി(സ) അരുളി: ഇന്നിന്ന ആയത്തുകൾ ഞാൻ മറന്നുപോയി. ഇപ്രകാരം നിങ്ങളിൽ ആർക്കെങ്കിലും പറയുവാനിട വരുന്നത് വളരെ മോശമാണ്. ഞാൻ മറപ്പിക്കപ്പെട്ടുവെന്ന് അവൻ പറയട്ടെ. നിങ്ങൾ ഖുർആനിനെക്കുറിച്ചുള്ള ഓർമ്മ പുതുക്കിക്കൊണ്ടിരിക്കുവിൻ. ഉടമസ്ഥനെ വിട്ടു ഓടിപ്പോകുന്ന നാൽക്കാലികളെക്കാളും മനുഷ്യഹൃദയങ്ങളിൽ നിന്ന് ഖുർആൻ കൂടുതൽ വേഗത്തിൽ ഓടിപ്പോയിക്കൊണ്ടിരിക്കും. (ബുഖാരി. 6. 61. 550)

1927. അബൂമൂസാ(റ) നിവേദനം: നബി(സ) അരുളി: നിങ്ങൾ ഖുർആനുമായി ബന്ധം പുലർത്തിക്കൊണ്ടിരിക്കുവീൻ. എന്റെ ആത്മാവിനെ നിയന്ത്രിക്കുന്നവൻ തന്നെയാണ് സത്യം. കയർ മുറിച്ച് ചാടിപ്പോകുന്ന ഒട്ടകത്തേക്കാളും ശക്തിയോടെ ചാടിപ്പോകുന്നവനാണ് ഖുർആൻ. (ബുഖാരി. 6. 61. 552)

1928. ഇബ്നുഅബ്ബാസ്(റ) നിവേദനം: നബി(സ) മരിച്ചപ്പോൾ എനിക്ക് പത്തു വയസ്സാണ്. ഞാൻ ഖുർആനിലെ മുഹ്കമ് (മുഫസ്വല്) ആയ അധ്യായങ്ങൾ മന: പ്പാഠമാക്കിയിരുന്നു. (ബുഖാരി. 6. 61. 554)

1929. ഖതാദ(റ) പറയുന്നു: നബി(സ) എപ്രകാരമാണ് ഖുർആൻ പാരായണം ചെയ്യാറുണ്ടായിരുന്നതെന്ന് ഞാൻ അനസ്(റ) നോട് ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു; അവിടുന്ന് നീട്ടിയാണ് ഓതിയിരുന്നത്. (ബുഖാരി. 6. 61. 565)

1930. ജുൻദുബ്(റ) നിവേദനം: നബി(സ) അരുളി: മനസ്സിന് ഉന്മേഷം തോന്നുന്ന സമയങ്ങളിൽ നിങ്ങൾ ഖുർആൻ പാരായണം ചെയ്യുക. മനസ്സ് അങ്ങോട്ടുമിങ്ങോട്ടും മാറാൻ തുടങ്ങിയാലോ അതു നിറുത്തി എഴുന്നേററ് പോവുക. (ബുഖാരി. 6. 61. 581)

## 67. വിവാഹം

1931. അനസ്(റ) പറയുന്നു: മൂന്നുപേർ നബി(സ)യുടെ ആരാധനാ സമ്പ്രദായങ്ങളന്വേഷിച്ചുകൊണ്ട് നബി(സ)യുടെ ഭാര്യമാരുടെ വീട്ടിൽ വന്നു. നബി(സ)യുടെ ആരാധനയെക്കുറിച്ച് കേട്ടപ്പോൾ അവർക്കതു വളരെ കുറഞ്ഞു പോയെന്ന് തോന്നി. അവർ പറഞ്ഞു: നാമും നബിയും എവിടെ? നബി(സ) ക്ക് ആദ്യം ചെയ്തുപോയതും പിന്നീട് ചെയ്തു പോയതുമായ എല്ലാ പാപങ്ങളും അല്ലാഹു പൊറുത്തുകൊടുത്തിട്ടുണ്ടല്ലോ. അങ്ങിനെ മറെറാരാൾ പറഞ്ഞു: ഞാൻ എന്നും രാത്രി മുഴുവൻ നമസ്കരിക്കും. മറെറാരാൾ പറഞ്ഞു: എല്ലാ ദിവസവും ഞാൻ നോമ്പ് പിടിക്കും. ഒരു ദിവസവും നോമ്പ് ഉപേക്ഷിക്കുകയില്ല. മൂന്നാമൻ പറഞ്ഞു: ഞാൻ സ്ത്രീകളിൽ നിന്നകന്ന് നിൽക്കും. ഒരിക്കലും വിവാഹം കഴിക്കുകയില്ല. നബി(സ) അവിടെ വന്നു. വിവരം അറിഞ്ഞപ്പോൾ അരുളി: നിങ്ങൾ ഇന്നതെല്ലാം പറഞ്ഞുവല്ലോ. അല്ലാഹു സത്യം. നിങ്ങളെക്കാളെല്ലാം അല്ലാഹുവിനെ ഭയപ്പെടുന്നവരും അവനെ സൂക്ഷിക്കുന്നവനുമാണ് ഞാൻ. ഞാൻ ചിലപ്പോൾ നോമ്പനുഷ്ഠിക്കുകയും ചിലപ്പോൾ നോമ്പ് ഉപേക്ഷിക്കുകയും ചെയ്യും. രാത്രി നമസ്കരിക്കുകയും ഉറങ്ങുകയും ചെയ്യും. സ്ത്രീകളെ വിവാഹം കഴിക്കുകയും ചെയ്യും. വല്ലവനും എന്റെ നടപടി ക്രമങ്ങളെ വെറുക്കുന്ന പക്ഷം അവൻ എന്റെ സമൂഹത്തിൽപ്പെട്ടവനല്ല തന്നെ. (ബുഖാരി. 7. 62. 1)

1932. ആയിശ:(റ) നിവേദനം: അനാഥകളുടെ കാര്യത്തിൽ നിങ്ങൾക്കു നീതി പാലിക്കാനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുകയാണെങ്കിൽ ( മററു ) സ്ത്രീകളിൽ നിന്ന്

നിങ്ങൾ ഇഷ്ടപ്പെടുന്ന രണ്ടോ, മൂന്നോ, നാലോ പേരെ വിവാഹം ചെയ്തുകൊള്ളുക. എന്നാൽ ( അവർക്കിടയിൽ ) നീതിപുലർത്താനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുകയാണെങ്കിൽ ഒരുവളെ മാത്രം ( വിവാഹം കഴിക്കുക) അല്ലെങ്കിൽ നിങ്ങളുടെ അധീനത്തിലുള്ള അടിമസ്ത്രീയെ ( ഭാര്യയെപ്പോലെ സ്വീകരിക്കുക) നിങ്ങൾ അതിരുവിട്ട് പോകാതിരിക്കാൻ അതാണ് കൂടുതൽ അനുയോജ്യമായിട്ടുള്ളത്. (4:3). ഈ ആയത്തിനെക്കുറിച്ച് ആയിശ(റ)യോട് ചോദിക്കപ്പെട്ടു. അപ്പോൾ ആയിശ(റ) പറഞ്ഞു: എന്റെ സഹോദരിയുടെ പുത്രാ! ഒരു അനാഥയായ പെൺകുട്ടി അവളുടെ അധികാരിയുടെ കീഴിൽ ജീവിക്കുകയായിരിക്കും. അയാൾ അവളുടെ ധനത്തിലും സൗന്ദര്യത്തിലും ആഗ്രഹിക്കുകയും അവളെ വിവാഹം ചെയ്യുവാൻ ഉദ്ദേശിക്കുകയും ചെയ്യും. എന്നാൽ അവളെപ്പോലെയുള്ള സ്ത്രീകൾക്ക് ലഭിക്കുന്ന മഹ്ർ അവൾക്ക് നൽകുവാൻ അവൻ ഉദ്ദേശിക്കുകയുമില്ല. അപ്പോൾ അല്ലാഹു ആ പെൺകുട്ടികളെ വിവാഹം ചെയ്യുന്നതിനെ അവരോട് വിരോധിക്കുകയും മററു സ്ത്രീകളെ വിവാഹം കഴിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. (ബുഖാരി. 7. 62. 2)

1933. അൽഖമ:(റ) പറയുന്നു: ഞാൻ അബ്ദുല്ലയുടെ കൂടെയായിരുന്നു. അപ്പോൾ മിനയിൽവെച്ച് ഉസ്മാൻ അദ്ദേഹത്തെ കണ്ടുമുട്ടി. അദ്ദേഹം പറഞ്ഞു: അബാ അബ്ദുറഹ്മാൻ! നിങ്ങളിലേക്ക് എനിക്കൊരു ആവശ്യമുണ്ട്. അങ്ങിനെ അവർ ഇരുപേരും ഒഴിവായി നിന്നു. ഉസ്മാൻ(റ) പറഞ്ഞു: അല്ലയോ അബാഅബ്ദുഹ്മാൻ! നിനക്ക് ഞാനൊരു കന്യകയെ വിവാഹം ചെയ്തുതരട്ടെയോ? നിന്റെ പഴയ ബന്ധത്തെ അവൾ ഓർമ്മിപ്പിക്കും. അബ്ദുല്ലക്ക് വിവാഹത്തിന് താൽപര്യമില്ലെന്ന് കണ്ടപ്പോൾ എന്നോട് ഉസ്മാൻ പറഞ്ഞു: നബി(സ) ഞങ്ങളോട് പറയാറുണ്ട്. അല്ലയോ യുവ സമൂഹമേ! നിങ്ങളിൽ വിവാഹത്തിന് സാധ്യതയുള്ളവർ വിവാഹം ചെയ്യുവീൻ. സാധിക്കാത്തവൻ നോമ്പനുഷ്ഠിക്കണം. നിശ്ചയം അതു അവനൊരു പരിചയാണ്. (ബുഖാരി. 7. 62. 3)

1934. അത്വാഅ്(റ) പറയുന്നു: സറഫ് എന്ന സ്ഥലത്ത് മൈമൂന:(റ) യുടെ ജനാസയിൽ പങ്കെടുക്കുവാൻ ഇബ്നുഅബ്ബാസ്(റ) ന്റെ കൂടെ ഞങ്ങൾ പങ്കെടുത്തു. അപ്പോൾ ഇബ്നുഅബ്ബാസ്(റ) പറഞ്ഞു. ഇവർ നബി(സ)യുടെ പത്നിയാണ്. അതിനാൽ അവരുടെ കട്ടിൽ ഉയർത്തുമ്പോൾ നിങ്ങൾ ഇളക്കുകയോ ചലിപ്പിക്കുകയോ ചെയ്യരുത്. സൗമ്യത കാണിക്കുക. നിശ്ചയം നബി(സ) ക്ക് 9 പത്നിമാർ ഉണ്ടായിരുന്നു. അവർക്കെല്ലാം നബി(സ) ദിവസങ്ങൾ ഭാഗിച്ചിരുന്നു. ഒരുത്തിക്ക് ഒഴികെ. (ബുഖാരി. 7. 62. 5)

1935. സഈദ്(റ) പറയുന്നു: ഇബ്നുഅബ്ബാസ്(റ) എന്നോട് പറഞ്ഞു: നീ വിവാഹം ചെയ്തിട്ടുണ്ടോ? ഇല്ലെന്ന് ഞാൻ പറയുന്നു: ഇബ്നുഅബ്ബാസ്(റ) പറഞ്ഞു: നീ വിവാഹം ചെയ്തുകൊള്ളുക. നിശ്ചയം ഈ സമൂഹത്തിൽ ഏററവും ശ്രേഷ്ഠൻ കൂടുതൽ ഭാര്യമാരുണ്ടായിരുന്നവൻ (പ്രവാചകൻ) ആണ്. (ബുഖാരി. 7. 62. 7)

1936. സഅ്ദ്(റ) പറയുന്നു: ഉസ്മാന്ബ്നുമള്ഊൻ(റ) ബ്രഹ്മചര്യമനുഷ്ഠിക്കുവാൻ അനുമതി ചോദിച്ചപ്പോൾ നബി(സ) അതിനെ വിരോധിച്ചു. നബി(സ) അദ്ദേഹത്തിന് അനുമതി നൽകിയിരുന്നുവെങ്കിൽ ഞങ്ങൾ ഷണ്ഡീകരണ നടപടി സ്വീകരിക്കുമായിരുന്നു. (ബുഖാരി. 7. 62. 11)

1937. അബ്ദുല്ല(റ) പറയുന്നു: ഞങ്ങൾ നബി(സ)യുടെ കൂടെ യുദ്ധം ചെയ്യാറുണ്ട്. ഞങ്ങളുടെ കൂടെ ഭാര്യമാർ ഉണ്ടാവാറില്ല. അപ്പോൾ ഞങ്ങൾ ചോദിച്ചു: ഞങ്ങൾ വികാരത്തെ നശിപ്പിക്കുന്ന പരിപാടി സ്വീകരിക്കട്ടെയോ? അതു നബി(സ) ഞങ്ങളോട് വിരോധിച്ചു. താൽക്കാലിക വിവാഹം അനുവദിച്ചു. ശേഷം അവിടുന്നു ഓതി (അല്ലയോ വിശ്വാസികളെ, അല്ലാഹു നിങ്ങൾക്ക് അനുവദിച്ച നല്ലതു നിങ്ങൾ നിഷിദ്ധമാക്കരുത്). (ബുഖാരി. 7. 62. 13)

1938. അബൂഹുറൈററ(റ) പറയുന്നു: പ്രവാചകരേ! ഞാനൊരു യുവാവാണ്. ലൈംഗികവ്യതിചലനം ഞാൻ ഭയപ്പെടുന്നു. എനിക്കാണെങ്കിൽ വിവാഹം കഴിക്കുവാൻ സാമ്പത്തിക ശേഷിയില്ല. നബി(സ) അപ്പോൾ മൗനം പാലിച്ചു. ഞാൻ വീണ്ടും അതുപോലെ പറഞ്ഞു. അപ്പോഴും അവിടുന്ന് മൗനം പാലിച്ചു. ഞാൻ വീണ്ടും അതുപോലെ പറഞ്ഞു. അപ്പോഴും അവിടുന്ന് മൗനം പാലിച്ചു. ഞാൻ ചോദ്യം ആവർത്തിച്ചു. വീണ്ടും മൗനം. വീണ്ടും ചോദ്യം ആവർത്തിച്ചു. നബി(സ)അരുളി: അബൂ ഹുറൈററ(റ) നിങ്ങൾക്ക് അനുഭവപ്പെടാനിരിക്കുന്ന കാര്യങ്ങൾ തീരുമാനിക്കപ്പെട്ടുകഴിഞ്ഞു. നിങ്ങൾ ഷണ്ഡീകരണ നടപടി സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ എന്തുചെയ്താലും ശരി. (ബുഖാരി. 7. 62. 13)

1939. ഉർവ്വ:(റ) പറയുന്നു: നബി(സ) അബൂബക്കർ(റ) നോട് ആയിശയെ വിവാഹം കഴിക്കാൻ ആലോചന നടത്തി. അബൂബക്കർ പറഞ്ഞു: ഞാൻ താങ്കളുടെ സഹോദരനാണ്. നബി(സ) അരുളി: അല്ലാഹുവിന്റെ ദീനും അവന്റെ നിയമവുമനുസരിച്ച് താങ്കൾ എന്റെ സഹോദരൻ തന്നെ. എങ്കിലും ആയിശയെ ഞാൻ വിവാഹം ചെയ്യൽ അനുവദനീയമാണ്. (ബുഖാരി. 7. 62. 18)

1940. സഹ്ല്(റ) നിവേദനം: ഒരിക്കൽ ഒരു സ്ത്രീ ചെന്ന് തന്നെ വിവാഹം കഴിക്കണമെന്ന് നബി(സ)യോട് പറഞ്ഞു. സഹ്ല് പറയുന്നു. അദ്ദേഹത്തിന് ആ ഉടുത്തമുണ്ടല്ലാതെ മേൽ മുണ്ടുകൂടി ഉണ്ടായിരുന്നില്ല. നബി(സ) അരുളി: നിങ്ങൾ മുണ്ടുകൊണ്ട് എന്തൊക്കെ ചെയ്യും: നിങ്ങൾ അതു ധരിച്ചാൽ അവൾക്ക് ഉപയോഗിക്കുവാൻ കഴിയുകയില്ല. അവൾ ധരിച്ചാൽ നിങ്ങൾക്കും ഉപയോഗിക്കുവാൻ കഴിയുകയില്ല. ആ മനുഷ്യൻ അവിടെത്തന്നെയിരിപ്പായി. കുറെ കഴിഞ്ഞപ്പോൾ അവിടെ നിന്നെഴുന്നേററു. അവിടുന്ന് അദ്ദേഹത്തെവിളിച്ചുചോദിച്ചു. നിങ്ങൾ ഖുർആൻ വല്ല ഭാഗവും പഠിച്ചിട്ടുണ്ടോ? പഠിച്ചിട്ടുണ്ട്. ഇന്നസൂറ: ഇന്ന സൂറ. ചില സൂറകൾ അദ്ദേഹം എണ്ണിപ്പറഞ്ഞു. നബി(സ) അരുളി: നിങ്ങൾ പഠിച്ചുവെച്ച ഖുർആനെ മഹ്റായി പരിഗണിച്ച് അവളെ നിങ്ങൾക്ക് ഞാനിതാ വിവാഹം ചെയ്തു തന്നിരിക്കുന്നു. നീ അതു നിന്റെ മനസ്സിൽ നിന്ന് അവൾക്ക് ഓതിക്കൊടുക്കുക. (ബുഖാരി. 7. 62. 24)

1941. അബൂഹുറൈററ(റ) നിവേദനം: നബി(സ) അരുളി: നാല് കാര്യങ്ങൾക്ക് വേണ്ടിയാണ് ഒരു സ്ത്രീയെ വിവാഹം ചെയ്യപ്പെടാറുള്ളത്. എന്നാൽ നീ മതമുള്ളവളെ കരസ്ഥമാക്കിക്കൊള്ളുക. അല്ലാത്ത പക്ഷം നിനക്ക് നാശം. (ബുഖാരി. 7. 62. 27)

1942. സഹ്ല്(റ)പറയുന്നു: ഒരു സമ്പന്നൻ നബി(സ)യുടെ കൂടെ അടുത്തുകൂടി നടന്നുപോയി. നബി(സ) ചോദിച്ചു. ഈ മനുഷ്യനെ സംബന്ധിച്ച് എന്താണഭിപ്രായം? അവർ പറഞ്ഞു: അദ്ദേഹം ഒരുതറവാട്ടിൽ വിവാഹാലോചന നടത്തിയാൽ അദ്ദേഹത്തിന് വിവാഹം ചെയ്തുകൊടുക്കും. വല്ല ശുപാർശയും ചെയ്താൽ അതു സ്വീകരിക്കപ്പെടും. വല്ലതും സംസാരിച്ചാൽ മററുള്ളവരെല്ലാം അതു അനുസരിക്കും. അല്പസമയം നബി(സ) മൗനം പാലിച്ചു. അപ്പോൾ ഒരു മുസ്ലിം ദരിദ്രൻ അതിലെ നടന്നുപോയി. നബി(സ) ചോദിച്ചു: ഇദ്ദേഹത്തെപ്പററി നിങ്ങളുടെ അഭിപ്രായമെന്താണ്? അവർ പറഞ്ഞു: അദ്ദേഹം വിവാഹാലോചന നടത്തിയാൽ ആരും വിവാഹം കഴിച്ചുകൊടുക്കില്ല. ശുപാർശ ചെയ്താൽ തന്നെ ആരും സ്വീകരിക്കുകയില്ല. എന്തെങ്കിലും പറഞ്ഞാൽ ആരും ശ്രദ്ധിക്കുകയില്ല. നബി(സ) അരുളി: ആദ്യം പോയവനെപ്പോലുള്ളവർ ഭൂമി നിറയെ ഉണ്ടെങ്കിലും അവരെക്കാളെല്ലാം ഉത്തമൻ ഇവനാണ്. (ബുഖാരി. 7. 62. 28)

1943. ഇബ്നുഉമർ(റ) പറയുന്നു: നബി(സ)യുടെ അടുത്തുവെച്ച് ദുശ്ശകുനത്തെ സംബന്ധിച്ച് പറയപ്പെട്ടു. അപ്പോൾ നബി(സ) പറഞ്ഞു. ദുശ്ശകുനം എന്നതു ഉണ്ടാകുമായിരുന്നുവെങ്കിൽ അതു വീട്, സ്ത്രീ, കുതിര എന്നിവയിലാണ് ഉണ്ടാവേണ്ടിയിരുന്നത് (പക്ഷേ അങ്ങിനെയൊന്ന് ഇല്ലതന്നെ). (ബുഖാരി. 7. 62. 30)

1944. ഉസാമ:(റ) പറയുന്നു: നബി(സ)അരുളി: പുരുഷന്മാർക്ക് സ്ത്രീകളിൽ നിന്ന് അനുഭവിക്കേണ്ടിവരുന്നതിനേക്കാൾ കൂടുതൽ ഉപദ്രവകരമായ മററൊരു നാശം എനിക്ക് ശേഷം ഞാൻ ഉപേക്ഷിക്കുന്നില്ല. (ബുഖാരി. 7. 62. 33)

1945. ആയിശ(റ) പറയുന്നു: ഒരിക്കൽ നബി(സ) അവരുടെ അടുക്കൽ ചെല്ലുമ്പോൾ അവിടെ മററൊരുപുരുഷൻ ഉണ്ടായിരുന്നു. നബി(സ)യുടെ മുഖത്തു ഭാവവ്യത്യാസമുണ്ടായി. അവിടുത്തേക്ക് അതിഷ്ടപ്പെട്ടില്ലെന്ന് തോന്നി. അപ്പോൾ ആയിശ(റ) പറഞ്ഞു: ഇദ്ദേഹം എന്റെ സഹോദരനാണ്. നബി(സ) അരുളി: ആരാണ് നിങ്ങളുടെ സഹോദരി അല്ലെങ്കിൽ സഹോദരൻ എന്ന് നല്ലവണ്ണം ശ്രദ്ധിച്ചു നോക്കിക്കൊളളണം. ശിശു പാൽ മാത്രം കുടിച്ച് ജീവിക്കുന്ന പ്രായത്തിൽ മുലകുടിച്ചാൽ മാത്രമേ മുലകുടിബന്ധം സ്ഥാപിതമാവുകയുള്ളൂ. (ബുഖാരി. 7. 62. 39)

1946. അലി(റ) നിവേദനം: അദ്ദേഹം ഇബ്നുഅബ്ബാസിനോട് പറഞ്ഞു: തീർച്ചയായും നബി(സ) മുത്അ (താൽക്കാലിക) വിവാഹവും നാടൻ കഴുതയുടെ മാംസവും ഖൈബർ യുദ്ധക്കാലത്തു വിരോധിക്കുകയുണ്ടായി. (ബുഖാരി. 7. 62. 50)

1947. അബുഹുറൈറ(റ) നിവേദനം: നബി(സ)അരുളി: വിധവയെ അവളുമായി ആലോചിച്ചല്ലാതെ വിവാഹം ചെയ്തുകൊടുക്കരുത്. കന്യകയെയും അവളുടെ സമ്മതം വാങ്ങിയ ശേഷമല്ലാതെ വിവാഹം ചെയ്തുകൊടുക്കരുത്. അനുചരന്മാർ ചോദിച്ചു. പ്രവാചകരേ! അവളുടെ സമ്മതം എങ്ങിനെയാണ്? നബി(സ) അരുളി: അവൾ മൗനം പാലിക്കൽ. (ബുഖാരി. 7. 62. 67)

1948. ആയിശ(റ) പറയുന്നു: ഞാൻ ചോദിച്ചു. പ്രവാചകരെ! കന്യക ലജ്ജിക്കുകയില്ലേ? നബി(സ) അരുളി: അവളുടെ തൃപ്തി അവളുടെ സമ്മതമാണ്. (ബുഖാരി. 7. 62. 68)

1949. ഇബ്നുഉമർ(റ) പറയുന്നു: ഒരാൾ വില പറഞ്ഞുകൊണ്ടിരിക്കുന്ന വസ്തു മററൊരാൾ വിലപറയുന്നത് നബി(സ) വിരോധിച്ചിരിക്കുന്നു. തന്റെ സഹോദരൻ വിവാഹാലോചന നടത്തിക്കൊണ്ടിരിക്കുന്ന ഒരു സ്ത്രീയെ അയാൾ ഒഴിയുകയോ അനുവാദം നൽകുകയോ ചെയ്യാതെ മററൊരാൾ വിവാഹാലോചന നടത്തുന്നതും നബി(സ) വിരോധിച്ചിരിക്കുന്നു. (ബുഖാരി. 7. 62. 73)

1950. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: ഊഹത്തെ നിങ്ങൾ സൂക്ഷിക്കുവിൻ. നിശ്ചയം ഊഹം വർത്തമാനങ്ങളിൽ ഏററവും വ്യാജം നിറഞ്ഞതാണ്. നിങ്ങൾ തെററുകൾ രഹസ്യമായി അന്വേഷിക്കരുത്. പരസ്പരം അസൂയപ്പെടരുത്. പരസ്പരം കോപിക്കരുത്. നിങ്ങൾ പരസ്പരം സഹോദരന്മാരാകുവിൻ. (ബുഖാരി. 7. 62. 74)

1951. അനസ്(റ) പറയുന്നു: നബി(സ) സൈനബ: യെ വിവാഹം ചെയ്ത സന്ദർഭത്തിൽ നൽകിയതുപോലെയുള്ള വിവാഹസദ്യ മററൊരു സ്ത്രീയെ വിവാഹം ചെയ്ത സന്ദർഭത്തിൽ നൽകിയിട്ടില്ല. ഒരു ആടിനെ അറുത്താണ് അവർക്ക് വിവാഹസദ്യ നൽകിയത്. (ബുഖാരി. 7. 62. 97)

1952. ഇബ്നുഉമർ(റ) നിവേദനം: നബി(സ) അരുളി: നിങ്ങളിൽ വല്ലവരേയും ഒരു വിവാഹ സദ്യയിലേക്ക് ക്ഷണിച്ചാൽ ആ ക്ഷണം സ്വീകരിക്കുവിൻ. (ബുഖാരി. 7. 62. 102)

1953. അബൂഹുറൈറ(റ) നിവേദനം: ദരിദ്രന്മാരെ ഉപേക്ഷിക്കുകയും മുതലാളിമാരെ മാത്രം ക്ഷണിക്കുകയും ചെയ്യുന്ന വിവാഹസദ്യയാണ് ഏററവും ചീത്തയായത്. ക്ഷണത്തെ വല്ലവനും വർജ്ജിച്ചാൽ അവൻ അല്ലാഹുവിനും ദൂതനും എതിർപ്രവർത്തിച്ചു. (ബുഖാരി. 7. 62. 106)

1954. ഇബ്നുഉമർ(റ) പറയുന്നു: നോമ്പ്കാരനായിരുന്നാലും വിവാഹ സദ്യയിലേക്കും മററു സദ്യയിലേക്കും ക്ഷണിച്ചാൽ ഇബ്നുഉമർ(റ) പോകാറുണ്ട്. (ബുഖാരി. 7. 62. 108)

1955. സഹ്ല്(റ) പറയുന്നു: അബൂഉസൈദ്(റ) വിവാഹം ചെയ്ത സന്ദർഭം. നബി(സ)യേയും സഹാബി വര്യന്മാരേയും സദ്യയ്ക്ക് ക്ഷണിച്ചു. അവർക്കുവേണ്ടി ഭക്ഷണം ഉണ്ടാക്കിയതും അത് അവർക്ക് കൊണ്ടുപോയി നല്കിയതും ഉമ്മുഉസൈദ് ആയിരുന്നു. (ബുഖാരി. 7. 62. 111)

1956. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: സ്ത്രീകൾ വാരിയെല്ലുപോലെയാണ്. നീ ശക്തി ഉപയോഗിച്ചു അതിനെ നേരെയാക്കുവാൻ ഉദ്ദേശിച്ചാൽ നീ അതിനെ പൊട്ടിക്കും. എന്നാൽ അവളുമായി നീ സുഖിക്കുകയാണെങ്കിൽ ആ വളവ് ഉളള അവസ്ഥയിൽ നീ സുഖിക്കും. (ബുഖാരി. 7. 62. 113)

1957. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: വല്ലവനും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നെങ്കിൽ അവൻ തന്റെ അയൽവാസിയെ ഉപദ്രവിക്കാതിരിക്കട്ടെ. (ബുഖാരി. 7. 62. 114)

1958. ഇബ്നുഉമർ(റ) നിവേദനം: നബി(സ) യുടെ കാലത്ത് ഭാര്യമാരോട് വിശാലമായി സംസാരിക്കുന്നതും വിനോദിക്കുന്നതും ഞങ്ങൾ സൂക്ഷിച്ചിരുന്നു. അതിനെ വിരോധിച്ച് ഖുർആൻ അവതരിപ്പിക്കപ്പെടുമോ എന്ന ഭയം കാരണം. നബി(സ) മരണപ്പെട്ടശേഷം ഞങ്ങൾ അപ്രകാരം ചെയ്യുവാൻ തുടങ്ങി. (ബുഖാരി. 7. 62. 115)

1959. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: ഒരു സ്ത്രീക്ക് അവളുടെ ഭർത്താവിന്റെ സാന്നിദ്ധ്യത്തിൽ അയാളുടെ അനുമതിയില്ലാതെ സുന്നത്ത് നോമ്പനുഷ്ഠിക്കുവാൻ പാടില്ല. അദ്ദേഹത്തിന്റെ അനുവാദം കൂടാതെ ഒരു അന്യപുരുഷനെ വീട്ടിൽ പ്രവേശിപ്പിക്കുവാനും പാടില്ല. അദ്ദേഹത്തിന്റെ അനുമതി കൂടാതെ അവൾ ചിലവഴിച്ച ഏതൊന്നിന്റെയും പ്രതിഫലത്തിൽ പകുതി അദ്ദേഹത്തിന് ലഭിക്കും. (ബുഖാരി. 7. 62. 120)

1960. ഉസാമ(റ) നിവേദനം: നബി(സ) അരുളി: ഞാൻ സ്വർഗ്ഗത്തിന്റെ കവാടത്തിൽ നിന്ന് നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ അതിൽ പ്രവേശിക്കുന്നവരിൽ ഭൂരിഭാഗവും അഗതികളായിരുന്നു. മുതലാളിമാരെ സ്വർഗ്ഗത്തിൽ പ്രവേശിക്കാനനുവദിക്കാതെ അല്ലാഹു തടഞ്ഞു നിർത്തിയിരിക്കുകയായിരുന്നു. അതിനിടക്ക് നരകവാസികളെ നരകത്തിലേക്ക് അയക്കാൻ കല്പനയായി. ഞാൻ നരകകവാടത്തിൽ ചെന്നു നിന്നു. അപ്പോൾ അതിൽ പ്രവേശിക്കുന്നവരിൽ ഭൂരിപക്ഷവും സ്ത്രീകളാണ്. (ബുഖാരി. 7. 62. 124)

1961. ആയിശ(റ) നിവേദനം: ഒരു അൻസാരി സ്ത്രീ തന്റെ പുത്രിയെ ഒരാൾക്ക് വിവാഹം ചെയ്തു കൊടുത്തു. എന്നാൽ അവളുടെ തലമുടി കൊഴിഞ്ഞുപോയി. അപ്പോൾ അവൾ നബി(സ)യുടെ അടുത്തുവന്ന് വിവരം പറഞ്ഞു. ശേഷം ഇപ്രകാരം പറഞ്ഞു: അവളുടെ ഭർത്താവ് അവളോട് കൃത്രിമമുടി ചേർത്തു ബന്ധിപ്പിക്കാൻ കല്പിക്കുന്നു. നബി(സ) അരുളി: പാടില്ല. ഇപ്രകാരം ചെയ്യുന്ന സ്ത്രീകൾ ശപിക്കപ്പെട്ടിരിക്കുന്നു. (ബുഖാരി. 7. 62. 133)

1962. ജാബിർ(റ) പറയുന്നു: നബി(സ)യുടെ കാലത്ത് ഞങ്ങൾ അസൽ (സംയോഗം ചെയ്യുന്ന സന്ദർഭം ബീജം തെററിക്കൽ) ചെയ്യാറുണ്ടായിരുന്നു. (ബുഖാരി. 7. 62. 135)

1963. ആയിശ(റ) പറയുന്നു: നബി(സ) ഒരു യാത്ര ഉദ്ദേശിച്ചാൽ തന്നോടൊപ്പം പോകേണ്ടതാരാണെന്ന് തീരുമാനിക്കാൻ ഭാര്യമാരുടെ ഇടയിൽ നറുക്കിടുക പതിവാണ്. ഒരിക്കൽ ആയിശായുടെയും ഹഫ്സായുടെയും പേരിലാണ് നറുക്ക് വീണത്. നബി(സ) രാത്രിയാത്ര പോകുമ്പോൾ ആയിശയെയും കൂട്ടി സംസാരിച്ചു പോകുക പതിവാണ്. ഒരു ദിവസം ഹഫ്സ: ആയിശയോട് പറഞ്ഞു: ഇന്ന് നിങ്ങൾക്ക് എന്റെ ഒട്ടകപ്പുറത്ത് സഞ്ചരിക്കാം. ഞാൻ നിങ്ങളുടെ ഒട്ടകപ്പുറത്തും. എങ്ങിനെയുണ്ടെന്ന് നോക്കാമല്ലോ. അങ്ങിനെയാവട്ടെ എന്ന് ആയിശ ഹഫ്സ: യുടെ ഒട്ടകപ്പുറത്തുകയറി. നബി(സ) ആയിശയുടെ ഒട്ടകത്തിന്റെ മുമ്പിൽ വന്ന് ആയിശായെ ഉദ്ദേശിച്ച് സലാം ചൊല്ലി. ഒട്ടകപ്പുറത്തിരുന്നത് ഹഫ്സായായിരുന്നു. ഒട്ടകപ്പുറത്ത് കയറി മുമ്പോട്ട് യാത്ര പുറപ്പെട്ടു. ഉദ്ദിഷ്ടസ്ഥാനത്തെത്തിയപ്പോൾ എല്ലാവരുമിറങ്ങി. നോക്കുമ്പോൾ ആയിശ നബിയെ കാണുന്നില്ല. ആയിശ രണ്ടുകാലും ഇദ്ഖർ പുല്ലിലേക്ക് തിരുകിവെച്ചിട്ടുപറഞ്ഞു: അല്ലാഹുവേ! എന്റെ കാലിൽ തേളോ പാമ്പോകടിക്കട്ടെ. നബി(സ)യോട് എനിക്കൊന്നും മറുപടി പറയാൻ സാധിക്കുകയില്ല. (ബുഖാരി. 7. 62. 138)

1964. അസ്മാഅ്(റ) നിവേദനം: നബി(സ) പറയുന്നത് ഞാൻ കേട്ടു. അല്ലാഹുവിനേക്കാൾ അഭിമാനരോഷമുള്ള ആരും തന്നെയില്ല. (ബുഖാരി. 7. 62. 149)

1965. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: അല്ലാഹുവും അഭിമാനരോഷം കൊള്ളും. അല്ലാഹു നിഷിദ്ധമാക്കിയത് അവനിൽ വിശ്വസിക്കുന്ന ഒരാൾ പ്രവർത്തിക്കുമ്പോഴാണ് അവനിൽ അഭിമാനരോഷം ഉണ്ടാവുക. (ബുഖാരി. 7. 62. 150)

1966. ആയിശ(റ) പറയുന്നു: നബി(സ) എന്നോട് അരുളി: നിനക്ക് എന്നെക്കുറിച്ച് സംതൃപ്തിയോ കോപമോഎന്താണുള്ളതെന്ന് നിന്റെ ഭാവത്തിൽ നിന്ന് ഞാൻ ഗ്രഹിക്കാറുണ്ട്. അതെങ്ങിനെയാണ് ഗ്രഹിക്കുകയെന്ന് ഞാൻ ചോദിച്ചു. നബി(സ) അരുളി: നിനക്ക് എന്നെക്കുറിച്ച് സംതൃപ്തിയാണുള്ളതെങ്കിൽ അല്ല, മുഹമ്മദിന്റെ നാഥനെക്കൊണ്ട് സത്യം എന്നാണ് നീ പറയുക. എന്നോട് കോപിച്ചിരിക്കുകയാണെങ്കിൽ അല്ല, ഇബ്രാഹിമിന്റെ നാഥനെക്കൊണ്ട് സത്യം എന്നാണ് നീ പറയുക. ഞാൻ പറഞ്ഞു: പ്രവാചകരേ! അല്ലാഹു സത്യം. താങ്കൾ പറഞ്ഞതു ശരിതന്നെയാണ്. എങ്കിലും അങ്ങയുടെ നാമം മാത്രമെ ഞാനപേക്ഷിക്കാറുള്ളൂ. (സ്നേഹം എന്റെ മനസ്സിലുണ്ടായിരിക്കും). (ബുഖാരി. 7. 62. 155)

1967. ഉഖ്ബ:(റ) നിവേദനം നബി(സ) അരുളി; നിങ്ങൾ അന്യ സ്ത്രീകളുടെയടുക്കൽ പ്രവേശിക്കുന്നതിനെ സൂക്ഷിക്കുവിൻ. അപ്പോൾ ഒരു അൻസാരി പറഞ്ഞു: ഭർത്താവിന്റെ അടുത്ത കുടുംബങ്ങളെക്കുറിച്ച് താങ്കൾ എന്തുപറയുന്നു? നബി(സ) പ്രത്യുത്തരം നൽകി. അതു നാശമാണ്. (ബുഖാരി. 7. 62. 159)

1968. ഇബ്നു മസ്ഊദ്(റ) നിവേദനം: നബി(സ) അരുളി: ഒരു സ്ത്രീ മറെറാരു സ്ത്രീയുമായി സഹവസിച്ചശേഷം ആ സ്ത്രീയെ നേരിൽ കാണും വിധം സ്വഭർത്താവിന് അവൾ ചിത്രീകരിച്ച് കൊടുക്കരുത്. (ബുഖാരി. 7. 62. 167)

1969. ജാബിർ(റ) നിവേദനം ചെയ്തു: അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു. നിങ്ങൾക്ക് ഒരു സ്ത്രീയെ വിവാഹം ആലോചിക്കുമ്പോൾ നിങ്ങളെ അതിലേക്ക് പ്രേരിപ്പിച്ചതേതോ, അതിനെ കുറിച്ച് ശരിയായി അറിയുന്നതിന് നിങ്ങൾക്കു കഴിവുണ്ടെങ്കിൽ അത് ചെയ്യണം. (അബൂദാവൂദ്)

1970. മുഗീറ(റ) നിവേദനം ചെയ്തു: അദ്ദേഹം ഒരു സ്ത്രീയോട് വിവാഹത്തിനാലോചിച്ചു: പ്രവാചകൻ(സ) പറഞ്ഞു: അവളെ കാണുക. എന്തുകൊണ്ടെന്നാൽ നിങ്ങൾ തമ്മിൽ രമ്യതയ്ക്കു ഇതു ഇടയാക്കിയേക്കും. (തിർമിദി)

1971. ആയിഷ(റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: നിങ്ങളുടെ വിവാഹത്തിന് വേണ്ടി (സ്വഭാവഗുണമുള്ള ശരിയായ) സ്ത്രീകളെ തെരെഞ്ഞെടുക്കുകയും (നിങ്ങളുടെ) സമമായിട്ടുള്ളവരെ വിവാഹം ചെയ്യുകയും (നിങ്ങളുടെ പുത്രിമാരെ) അവർക്കു വിവാഹം ചെയ്ത് കൊടുക്കുകയും ചെയ്യുക. (ഇബ്നുമാജാ)

1972. ആയിശ(റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: വിവാഹം പരസ്യമായിട്ടറിയിക്കുക, അതുപള്ളിയിൽവച്ച് നടത്തുകയും ആ അവസരത്തിൽ ദഫ്ഫ് മുട്ടുകയും ചെയ്യുക. (തിർമിദി)

1973. അബൂറാഫിഇ(റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ(സ) ഹസൻ ഇബ്നുഅലിയുടെ ചെവിയിൽ, അദ്ദേഹത്തെ ഫാത്തിമ പ്രസവിച്ചപ്പോൾ നമസ്ക്കാരത്തിനുള്ള അസാൻ വിളിക്കുന്നത് ഞാൻ കണ്ടു. (തിർമിദി)

1974. ഉമ്മുകുറ്സ്(റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ(സ) പറയുന്നതു ഞാൻ കേട്ടു. ആൺകുട്ടിയുടെ കാര്യത്തിൽ രണ്ട് ആടും, പെൺകുട്ടിയുടെ കാര്യത്തിൽ ഒരു ആടും അറുക്കണം. (തിർമിദി)

1975. ഇബ്നു അബ്ബാസ്(റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ(സ) ഹസ്സന്റെയും, ഹുസ്സന്റേയും കാര്യത്തിൽ ഓരോ മുട്ടാടു വീതം ബലികൊടുത്തു. (അബൂദാവൂദ്)

## 68. വിവാഹമോചനം

1976. ഇബ്നുഉമർ(റ) നിവേദനം: നബി(സ)യുടെ കാലത്ത് തന്റെ ഭാര്യയെ ആർത്തവഘട്ടത്തിൽ അദ്ദേഹം അവളുമായുള്ള വിവാഹ ബന്ധം വേർപെടുത്തി. ഉമർ(റ) ഇതിനെക്കുറിച്ച് നബി(സ)യോട് ചോദിച്ചപ്പോൾ അവിടുന്ന് അരുളി: അബ്ദുല്ലയോടു അവളെ തിരിച്ചെടുക്കാനും കൂടെ താമസിപ്പിക്കുവാനും പറഞ്ഞേക്കുക. ആർത്തവം കഴിഞ്ഞ് അവൾ ശുദ്ധിപ്രാപിക്കുകയും വീണ്ടും ആർത്തവമുണ്ടായി ശുദ്ധിപ്രാപിക്കുകയും ചെയ്യട്ടെ. അതിനുശേഷം ഉദ്ദേശിക്കുന്നുവെങ്കിൽ വിവാഹ മോചനം ചെയ്യട്ടെ. അല്ലെങ്കിൽ വെച്ചുകൊണ്ടിരിക്കട്ടെ. വിവാഹമോചനം ചെയ്യുന്നപക്ഷം ശുദ്ധിയുടെ ഘട്ടത്തിൽ അവൻ അവളെ സ്പർശിച്ചിട്ടുണ്ടാവരുത്. സ്ത്രീകളുമായുള്ളവിവാഹ ബന്ധം അവളുടെ ഇദ്ദയുടെ ഘട്ടത്തിലായിരിക്കണം എന്ന് ഖുർആൻ കൽപ്പിച്ചത് നടപ്പിൽ വരുന്നത് ഇപ്രകാരമാണ്. (ബുഖാരി. 7. 63. 178)

1977. ഇബ്നുഉമർ(റ) പറയുന്നു: അദ്ദേഹം തന്റെ ഭാര്യ ആർത്തവകാരിയായിരിക്കുമ്പോൾ ത്വലാഖ് പിരിച്ചു. ഉമർ(റ) ഈ വിവരം നബിയോട് പറഞ്ഞപ്പോൾ അവൻ അവളെ തിരിച്ചു കൊണ്ടുവരട്ടെ എന്ന് നബി(സ) കൽപ്പിച്ചു. ഞാൻ ചോദിച്ചു: (ഇബ്നുസീറിൻ) അതു ത്വലാഖായി പരിഗണിക്കപ്പെട്ടുവോ? അദ്ദേഹം പറഞ്ഞു: ഛേ! മറ്റൊരു നിവേദനത്തിൽ പറയുന്നു. അവൻ അശക്തനാവുകയും വിഡ്ഢിത്തം പ്രവർത്തിക്കുകയും ചെയ്താലോ?. (ബുഖാരി. 7. 63. 179)

1978. ആയിശ(റ) പറയുന്നു: ജൗനിന്റെ പുത്രിയെ വിവാഹം കഴിച്ചശേഷം വീട്ടിൽ കൂടാൻ നബി(സ)യുടെ മുറിയിലേക്ക് അയക്കുകയും നബി(സ) അവളെ സമീപിപ്പിക്കുകയും ചെയ്തപ്പോൾ താങ്കളിൽ നിന്ന് എന്നെ രക്ഷിക്കുവാനായി

അല്ലാഹുവിൽ ഞാൻ അഭയം തേടുന്നുവെന്ന് അവൾ പറഞ്ഞു: നബി(സ) പറഞ്ഞു: വളരെ വലിയവനെയാണ് നീ അഭയം പ്രാപിച്ചത്. നീ സ്വകുടുംബത്തിലേക്ക് പോകുക. (ബുഖാരി. 7. 63. 181)

1979. അബൂഉസൈദ്(റ) പറയുന്നു: ഞങ്ങൾ നബി(സ)യുടെ കൂടെ പുറപ്പെട്ടു. ശൗത് എന്ന ഒരു തോട്ടത്തിൽ ഞങ്ങൾ എത്തിച്ചേർന്ന് രണ്ടു തോട്ട മതിലുകൾക്കിടയിൽ എത്തിയപ്പോൾ ഇവിടെ നമുക്ക് ഇരിക്കാമെന്ന് നബി(സ) പറഞ്ഞു: അപ്പോൾ ജൗനിയുടെ പുത്രിയെ കൊണ്ടുവരപ്പെട്ടു. ഉമൈമത്തിന്റെ വീട്ടിലേക്കാണ് ആനയിക്കപ്പെട്ടത്. അവളുടെ കൂടെ അവളെ ശുശ്രൂഷിച്ച് വളർത്തിപ്പോന്ന ആയയുമുണ്ടായിരുന്നു. നീ നിന്നെ എനിക്ക് സമർപ്പിച്ചുകൊള്ളുകയെന്ന് നബി(സ) അരുളി: ഒരു രാജ്ഞി അവളെ അങ്ങാടിയിൽ ചുററിത്തിരിയുന്നവർക്ക് സമർപ്പിക്കുമോ? അവൾ ചോദിച്ചു. അവൾ ശാന്തത പ്രാപിക്കുവാൻ നബി(സ) തന്റെ കൈ അവളുടെ ശരീരത്തിൽ വെക്കാൻ നീട്ടിയപ്പോൾ താങ്കളിൽ നിന്ന് രക്ഷപ്രാപിക്കുവാനായി അല്ലാഹുവിനെ ഞാൻ അഭയം തേടുന്നുവെന്ന് അവൾ പറഞ്ഞു. അഭയം പ്രാപിക്കേണ്ട സ്ഥാനത്തു തന്നെയാണ് നീ അഭയം പ്രാപിച്ചത് എന്ന് നബി(സ) പറഞ്ഞശേഷം ഇറങ്ങിവന്ന് ഇപ്രകാരം അരുളി: അബൂഉസൈദ്! അവൾക്ക് ഇന്ന ഇനത്തിലുള്ളവസ്ത്രം കൊടുത്തു സ്വകുടുംബത്തിലേക്ക് എത്തിക്കുക. (ബുഖാരി. 7. 63. 182)

1980. ആയിശ(റ) നിവേദനം: ഒരാൾ തന്റെ ഭാര്യയെ മൂന്ന് പ്രാവശ്യം ത്വലാഖ് പിരിച്ചു. അവൾ മററൊരുപുരുഷനെ വിവാഹം ചെയ്തു മോചിതയായി. അവൾ ആദ്യം ഭർത്താവിന് അനുവദനീയമാകുമോ എന്ന് നബി(സ)യോട് ചോദിക്കപ്പെട്ടു. നബി(സ) പറഞ്ഞു: പാടില്ല. അവൻ അവളുടെ മധു നുകരുന്നതുവരെ. ആദ്യഭർത്താവ് നുകർന്നതു പോലെ. (ബുഖാരി. 7. 63. 187)

1981. ആയിശ(റ) നിവേദനം: നബി(സ) ഞങ്ങൾക്ക് വിവാഹ മോചനം തിരഞ്ഞെടുക്കുവാൻ സ്വാതന്ത്ര്യം നൽകി. . അപ്പോൾ ഞങ്ങൾ അല്ലാഹുവിനെയും ദൂതനെയും തിരഞ്ഞെടുത്തു. അതു ത്വലാഖായി പരിഗണിക്കപ്പെടുകയുണ്ടായില്ല. (ബുഖാരി. 7. 63. 188)

1982. ഇബ്നുഅബ്ബാസ്(റ) പറയുന്നു: ഒരാൾ തന്റെ ഭാര്യയെ നിഷിദ്ധമാക്കിയാൽ അതു ത്വലാഖായി യാതൊന്നും സംഭവിക്കുകയില്ല. നിങ്ങൾക്ക് നബി(സ) യിൽ മാതൃകയുണ്ട്. (ബുഖാരി. 7. 63. 191)

1983. ഇബ്നു അബ്ബാസ്(റ) പറയുന്നു: സാബിത്തുബ്നു ഖൈസിന്റെ ഭാര്യ നബി(സ)യുടെ അടുത്ത് വന്ന് പറഞ്ഞു: സാബിത്ബ്നു ഖൈസിന്റെ സ്വഭാവത്തേയോ നടപടിയേയോ ഞാനാക്ഷേപിക്കുന്നില്ല. പക്ഷേ, ഇസ്ലാമിൽ ജീവിക്കുമ്പോൾ സത്യനിഷേധം വെച്ച് കൊണ്ടിരിക്കുവാൻ ഞാനിഷ്ടപ്പെടുന്നില്ല. നബി(സ) ചോദിച്ചു: അദ്ദേഹം നിനക്ക് തന്ന തോട്ടം തിരിച്ചുകൊടുക്കാമോ? അതെയെന്നവൾ പറഞ്ഞു: അപ്പോൾ തോട്ടം തിരിച്ചുവാങ്ങി അവൾക്ക് ത്വലാഖ് നൽകുകയെന്ന് നബി(സ) നിർദ്ദേശിച്ചു. (ബുഖാരി. 7. 63. 197)

1984. സഹ്ല്(റ) പറയുന്നു: നബി(സ) തന്റെ ചൂണ്ടാണി വിരലും നടുവിരലും അല്പമൊന്നകററിപ്പിടിച്ചിട്ട് അനാഥകുട്ടിയെ പരിപാലിക്കുന്നവനും ഞാനും സ്വർഗ്ഗത്തിൽ ഇങ്ങിനെയാണ് ജീവിക്കുക എന്ന് അരുളി. (ബുഖാരി. 7. 63. 224)

1985. അബൂഹുറൈറ(റ) നിവേദനം: ഒരാൾ നബി(സ)യുടെ അടുക്കൽ വന്ന് പറഞ്ഞു: പ്രവാചകരേ! എനിക്ക് ഒരു കറുത്ത കുട്ടി ജനിച്ചിരിക്കുന്നു. (അവൻ എന്റേതല്ല) നബി(സ) ചോദിച്ചു: നിനക്ക് ഒട്ടകങ്ങളുണ്ടോ? അയാൾ പറഞ്ഞു: അതെ. നബി(സ) ചോദിച്ചു. അവയുടെ നിറമെന്ത്? അയാൾ പറഞ്ഞു: ചുവപ്പ്. നബി(സ): കറുപ്പ്

കലർന്ന വെള്ളനിറത്തിലുള്ള ഒട്ടകങ്ങളുണ്ടോ അക്കൂട്ടത്തിൽ? അയാൾ പറഞ്ഞു: അതെ. നബി(സ) അതെങ്ങിനെയെന്ന് ചോദിച്ചു. അയാൾ പറഞ്ഞു: വല്ല ഞരമ്പും ആ വർണ്ണത്തെ പിടിച്ചെടുത്തതായിരിക്കും. നബി(സ) അരുളി; എങ്കിൽ നിന്റെ പുത്രന്റെ സ്ഥിതിയും അങ്ങനെയാവാമല്ലോ. (ബുഖാരി. 7. 63. 225)

1986. സഈദ്(റ) പറയുന്നു: സ്വപത്നിയെക്കുറിച്ച് വ്യഭിചാരം ആരോപിക്കുന്നവനെ സംബന്ധിച്ച് ഞാൻ ഇബ്നുഉമർ(റ)യോട് ചോദിച്ചു. അദ്ദേഹം പറഞ്ഞു: ബനൂഅജ്‌ലാൻകാരിൽപെട്ട രണ്ടു സഹോദരന്മാരുടെ ഇടയിൽ നബി(സ) വേർപെടുത്തിക്കൊണ്ട് പറഞ്ഞു: നിങ്ങളിൽ ഒരാൾ കളളവാദിയാണെന്ന് അല്ലാഹുവിനറിയാം. നിങ്ങളിൽ ആരെങ്കിലും തൗബ ചെയ്യുവാൻ തയ്യാറുണ്ടോ? അപ്പോൾ രണ്ടുപേരും വിസമ്മതിച്ചു. മൂന്ന് പ്രാവശ്യവും നബി(സ) ഇതു ആവർത്തിച്ചപ്പോൾ അവർ ഇരുപേരും വിസമ്മതിച്ചു. അങ്ങിനെ നബി(സ) അവരെ വേർപെടുത്തി. പുരുഷൻ പറഞ്ഞു; എനിക്കെന്റെ ധനം തിരിച്ചുകിട്ടേണ്ടിയിരിക്കുന്നു. നബി(സ) അരുളി; നിനക്കിനി ആ ധനം തിരിച്ചുകിട്ടുകയില്ല. അവളെക്കുറിച്ച് നീ പറഞ്ഞത് സത്യമാണെങ്കിൽ അവളിൽ നിന്ന് നീയനുഭവിച്ച സുഖത്തിന് പ്രതിഫലമാണ് നീ കൊടുത്ത ധനം. നീ കളളം പറഞ്ഞതാണെങ്കിലോ ആ ധനം തിരിച്ചുകിട്ടാൻ പ്രത്യേകിച്ചു നിനക്കവകാശമില്ല. കുടൂതൽ വിദൂരമാണ്. (ബുഖാരി. 7. 63. 231)

1987. ഇബ്നുഉമർ(റ) നിവേദനം: ഞാനവളെ മൂന്ന് ഘട്ടമായി ത്വലാഖ് ചൊല്ലിയിരുന്നുവെങ്കിൽ എനിക്കവൾ നിഷിദ്ധമാകുമായിരുന്നു. മററൊരാൾ വിവാഹം ചെയ്യുന്നത് വരെ എന്ന് ഇബ്നുഉമർ ( റ) പറയാറുണ്ട്. ഒരുപ്രാവശ്യമോ രണ്ടുപ്രാവശ്യമോ ആണെങ്കിൽ കുഴപ്പമില്ല. ഇതാണ് അല്ലാഹു എന്നോട് കൽപ്പിച്ചത്. (ബുഖാരി. 7. 63. 249)

1988. ഉമ്മുസലമ(റ) നിവേദനം: ഒരു സ്ത്രീയുടെ ഭർത്താവ് മരണപ്പെട്ടു. അപ്പോൾ ആ സ്ത്രീയുടെ ഇരുകണ്ണിനും രോഗം ബാധിച്ചു. കുടുംബത്തിനു ഭയമായി. അവർ നബി(സ)യുടെ അടുക്കൽ വന്നു. കണ്ണിൽ സുറുമയിടാൻ അനുമതി ചോദിച്ചു. നബി(സ) അരുളി: അവൾ സുറുമയിടരുത്. മുമ്പ് അജ്ഞാനകാലത്ത് ഭർത്താവ് മരിച്ചാൽ താഴ്ന്ന വസ്ത്രം ധരിച്ചുകൊണ്ട് വളരെ മോശമായ നിലക്കുളള വീട്ടിലാണ് സ്ത്രീ ജീവിക്കുക. അങ്ങനെ ഒരുകൊല്ലം കഴിയുകയും ഒരു നായ ആ വഴിക്കു നടന്നു പോവുകയും ചെയ്താൽ നാൽക്കാലികളുടെ കാഷ്ഠത്തിന്റെ ഒരുതുണ്ടെടുത്ത് അവൾ എറിയും. ശരി ഇവൾക്ക് നാലുമാസവും പത്തുദിവസവും കഴിയുംവരെ സുറുമ ഉപയോഗിക്കുവാൻ പാടില്ല. (ബുഖാരി. 7. 63. 252)

1989. ഉമ്മു അത്വിയ്യ(റ) പറയുന്നു: ഭർത്താവിന് ഒഴികെ മററുളള വ്യക്തികളുടെ മേൽ മൂന്ന് ദിവസത്തിലധികം ഇദ്ദ ഇരിക്കുന്നത് ഞങ്ങളോട് വിരോധിക്കപ്പെട്ടിട്ടുണ്ട്. (ബുഖാരി. 7. 63. 253)

1990. ഇബ്നു ഉമർ(റ) നിവേദനം ചെയ്തു. പ്രവാചകൻ(സ) പറഞ്ഞു: അനുവദിക്കപ്പെട്ട കാര്യങ്ങളിൽ അല്ലാഹുവിന് ഏററവും വെറുപ്പുളളതു വിവാഹമോചനമാകുന്നു. (അബൂദാവൂദ്)

1991. സൗബാൻ(റ) പറഞ്ഞു. അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു. യാതൊരുകുററവും കൂടാതെ ഏതൊരു സ്ത്രീ തന്റെ ഭർത്താവിൽ നിന്നു വിവാഹ മോചനത്തിനാവശ്യപ്പെടുന്നുവോ, അവൾക്ക് സ്വർഗ്ഗത്തിലെ സൗരഭ്യം നിഷേധിക്കപ്പെടുന്നതാണ്. (അഹ്മദ്)

1992. ഇബ്നു അബ്ബാസ്(റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂത(സ) ന്റെയും അബൂബക്കറുടേയും കാലത്തും ഉമർ ഇബ്നു അൽ ഖത്താബിന്റെ ഖിലാഫത്തു

കാലത്തു രണ്ടു കൊല്ലവും വിവാഹമോചനത്തിന്റെ നടപടി, (ഒരുതവണ) മൂന്ന് പ്രാവശ്യം ചൊല്ലപ്പെടുന്ന തലാഖ്, ഒരു തലാഖായി പരിഗണിക്കപ്പെട്ടിരുന്നു. പിന്നീട്, ഉമർ പറഞ്ഞു: ജനങ്ങൾ, തങ്ങൾക്കു മിതത്വമുണ്ടായിരുന്ന ഒരുകാര്യത്തിൽ തിടുക്കം കൂട്ടി: അതിനാൽ അവരെ സംബന്ധിച്ചു ബാധകമാക്കത്തക്ക വണ്ണം നാം അതിനെ ആക്കുന്നു: അതിനാൽ നാം അവരെ സംബന്ധിച്ചിടത്തോളം അതു നടപ്പിൽ വരുത്തി . (അഹ്മദ്)

1993. റുകാന ഇബ്നു അബ്ദിയസീദ്(റ) നിവേദനം ചെയ്തു: അദ്ദേഹം തന്റെ ഭാര്യയായ സുഹൈമയെ തലാഖു ചൊല്ലുകയും അതിനെക്കുറിച്ച് പ്രവാചക(സ) നെ അറിയിക്കുകയും പറയുകയും ചെയ്തു: ഞാൻ അല്ലാഹുവിനെ സാക്ഷ്യമാക്കുന്നു. ഞാൻ ഒററ (തലാഖു) മാത്രമെ ഉദ്ദേശിച്ചുള്ളു. അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു. നിങ്ങൾ ഒററ (തലാഖു) മാത്രമെ ഉദ്ദേശിച്ചുള്ളുവെന്നു അല്ലാഹുവിനെ സാക്ഷ്യമാക്കുന്നോ? അദ്ദേഹം പറഞ്ഞു. ഉവ്വ്. ഞാൻ അല്ലാഹുവിനെ സാക്ഷ്യമാക്കുന്നു. ഞാൻ ഒററ (തലാഖു) അല്ലാതെ ഉദ്ദേശിച്ചിട്ടില്ല. അതിനാൽ അല്ലാഹുവിന്റെ ദൂതൻ(സ) അവളെ അദ്ദേഹത്തിന് മടക്കിക്കൊടുത്തു; അദ്ദേഹമാവട്ടെ ഉമറിന്റെ കാലത്തു അവളെ രണ്ടാമതു തലാഖുചൊല്ലുകയും ഉസ്മാനിന്റെ കാലത്തു മൂന്നാമതും (ചൊല്ലുകയും) ചെയ്തു. (അബൂദാവൂദ്)

1994. മുനർറിഫ്(റ) നിവേദനം ചെയ്തു: ഭാര്യയെ തലാഖുചൊല്ലുകയും പിന്നീട് അവളുമായി സംയോഗമുണ്ടാകയും തലാഖുചൊല്ലിയ അവസരത്തിലോ അവളെ തിരികെ സ്വീകരിച്ചപ്പോഴോ ആരെയും സാക്ഷിനിർത്താതിരിക്കയും ചെയ്ത ഒരാളെക്കുറിച്ചു ഇംറാൻ ചോദിക്കപ്പെട്ടു. ഇംറാൻ പറഞ്ഞു: നിങ്ങൾ സുന്നയ്ക്ക് എതിരായി തലാഖുചൊല്ലി, സുന്നയ്ക്ക് എതിരായി തിരികെ സ്വീകരിക്കയും ചെയ്തു; തലാഖു ചൊല്ലുമ്പോഴും അവളെ വീണ്ടും സ്വീകരിക്കുമ്പോഴും സാക്ഷികൾ ഉണ്ടായിരിക്കട്ടെ. (ഇബ്നുമാജാ)

## 69. ചിലവ് ചെയ്യൽ

1995. അബൂമസ്ഊദ്(റ) നിവേദനം: നബി(സ) അരുളി: അല്ലാഹുവിന്റെ പ്രതിഫലം കാംക്ഷിച്ചുകൊണ്ട് തന്റെ കുടുംബത്തിന് വേണ്ടി ഒരാൾ ധനം ചെലവ് ചെയ്താൽ അതവന്റെ പുണ്യദാന ധർമ്മമായി പരിഗണിക്കും. (ബുഖാരി. 7. 64. 263)

1996. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: വിധവകളുടേയും അഗതികളുടെയും സ്ഥിതി സുഖകരമാക്കുവാൻ വേണ്ടി പരിശ്രമിക്കുന്നവൻ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്യുന്നവനെപ്പോലെയാണ്. അല്ലെങ്കിൽ രാത്രി നമസ്കരിക്കുകയും പകലിൽ നോമ്പനുഷ്ഠിക്കുകയും ചെയ്യുന്നവനെപ്പോലെ. (ബുഖാരി. 7. 64. 265)

1997. അബൂഹുറൈറ(റ) പറയുന്നു: നബി(സ) അരുളി: ഏററവും നല്ല ദാനധർമ്മം സമ്പത്തിന്മേൽ സ്ഥിതിചെയ്യുന്ന നിലക്ക് നൽകുന്നതാണ്. നിനക്ക് ചിലവ് കൊടുക്കുവാൻ ബാധ്യതയുള്ളവരുടെ മേൽ നീ ആരംഭിക്കുക. (ബുഖാരി. 7. 64. 269)

1998. ഉമർ(റ) നിവേദനം: നബി(സ) ബനൂനളിർ ഗോത്രക്കാരുടെ തോട്ടം വിൽക്കുകയും തന്റെ കുടുംബത്തിന്റെ ഒരു വർഷത്തെ ചിലവിലേക്ക് അതു നീക്കിവെക്കുകയും ചെയ്തിരുന്നു. (ബുഖാരി. 7. 64. 270)

## 70. ആഹാരങ്ങൾ

1999. അബൂഹുറൈറ(റ) നിവേദനം: മൂന്ന് ദിവസം തുടർച്ചയായി മുഹമ്മദിന്റെ കുടുംബം വയർ നിറച്ചിട്ടില്ല. അദ്ദേഹം മരിക്കുന്നതുവരേക്കും. (ബുഖാരി. 7. 65. 287)

2000. അബൂഹുറൈറ(റ) പറയുന്നു: ഒരിക്കൽ എന്നെ കഠിന വിശപ്പ് ബാധിച്ചു. ഞാൻ ഉമർ(റ) നെ കണ്ടുമുട്ടി. അദ്ദേഹത്തോട് ഖുർആനിലെ ഒരു സൂക്തം ഓതിത്തരാൻ ഞാനാവശ്യപ്പെട്ടു. അദ്ദേഹം വീട്ടിൽ കയറി എനിക്ക് പ്രവേശിക്കുവാൻ വാതിൽ തുറന്നു തന്നു. വിദൂരമല്ലാത്ത നിലക്ക് ഞാൻ നടന്നു. വിശപ്പിന്റെ കാഠിന്യം മൂലം കമിഴ്ന്നു വീണുപോയി. ഉടനെ നബി(സ) വന്നു എന്റെ തലക്കരികിൽ നിൽക്കുന്നു! അവിടുന്നു വിളിച്ചു: അബൂഹുറൈറ! പ്രവാചകരേ! ഞാനിതാ താങ്കൾക്കുത്തരം നൽകുന്നുവെന്ന് ഞാൻ പറഞ്ഞു. നബി(സ) എന്റെ കൈ പിടിച്ച് എഴുന്നേൽപ്പിച്ചു. എന്നെ ബാധിച്ച അവശത അവിടുന്ന് മനസ്സിലാക്കി. എന്നെ അവിടുത്തെ വീട്ടിലേക്ക് കൊണ്ടുപോയി. എനിക്ക് ഒരു വലിയ കോപ്പ പാൽ തരാൻ കൽപ്പിച്ചു. ഞാനതുകുടിച്ചു കഴിഞ്ഞപ്പോൾ പിന്നെയും കുടിക്കാൻ കൽപ്പിച്ചു. ഞാൻ വീണ്ടും കുടിച്ചു. മൂന്നാമതും കുടിക്കാനുപദേശിച്ചു. ഞാൻ കുടിച്ചു. അവസാനം ചുളിവെല്ലാം നിവർന്ന് വയറ് ഒരു കോപ്പ പോലെയായി. അനന്തരം ഞാൻ ഉമറിനെ കണ്ടു. അപ്പോൾ എന്റെ കഥ അദ്ദേഹത്തെ ഉണർത്തി. ഞാൻ പറഞ്ഞു: അക്കാര്യം നിറവേററാൻ താങ്കളേക്കാൾ അർഹനായ ഒരാളെ അല്ലാഹു എനിക്ക് സൗകര്യപ്പെടുത്തിത്തന്നു. അല്ലാഹു സത്യം! ഒരായത്തോതാൻ ഞാനാവശ്യപ്പെട്ടപ്പോൾ ആ ആയത്തോതാൻ താങ്കളേക്കാൾ എനിക്കറിവുണ്ടായിരുന്നു. (എന്റെ വിശപ്പിന്റെ കാര്യം താങ്കളെ ഗ്രഹിപ്പിക്കുവാൻ വേണ്ടി മാത്രമാണ് ഞാൻ അപ്രകാരം ആവശ്യപ്പെട്ടത്) ഉമർ പറഞ്ഞു: നിങ്ങളെ എന്റെ വീട്ടിൽ വരുത്തി ആഹാരം നൽകുന്നത് ചുവന്ന ഒട്ടകങ്ങൾ ലഭിക്കുന്നതിനേക്കാൾ എനിക്ക് പ്രിയം നിറഞ്ഞതാണ്. (ബുഖാരി. 7. 65. 287)

2001. ഉമറ്ബ്നു അബീസലമ(റ) പറയുന്നു: ഞാൻ നബി(സ)യുടെ സംരക്ഷണത്തിൽ ഒരു കുട്ടിയായിരുന്നു. ഭക്ഷണം കഴിക്കുമ്പോൾ എന്റെ കൈ പാത്രത്തിൽ അങ്ങുമിങ്ങും നീങ്ങിക്കൊണ്ടിരിക്കും. അപ്പോൾ നബി(സ) പറഞ്ഞു: കുട്ടീ! നീ ഭക്ഷിക്കുമ്പോൾ ബിസ്മിചൊല്ലുക. നിന്റെ വലംകൈ കൊണ്ട് നിന്റെ പാത്രത്തിൽ അടുത്ത ഭാഗത്തുള്ളത് നീ തിന്നുക. ഇതിനുശേഷം എന്റെ ഭക്ഷണരീതി ഇപ്പറഞ്ഞതുപോലെ മാത്രമായിരുന്നു. (ബുഖാരി. 7. 65. 288)

2002. അനസ്(റ) നിവേദനം: ഒരുതുന്നൽക്കാരൻ നബി(സ)യെ ഒരു സദ്യക്ക് ക്ഷണിച്ചു. ഞാനും നബി(സ)യുടെ കൂടെ പുറപ്പെട്ടു. നബി(സ) പാത്രത്തിന്റെ ഭാഗങ്ങളിൽ നിന്ന് ചുരക്ക നോക്കി എടുത്തു തിന്നുന്നത് ഞാൻ കണ്ടു. (ബുഖാരി. 7. 65. 291)

2003. ആയിശ(റ) പറയുന്നു: ഈത്തപ്പഴവും വെള്ളവും കഴിച്ച് ഞങ്ങൾ വയറ് നിറച്ചിരുന്ന കാലത്താണ് തിരുമേനി(സ) മരണപ്പെട്ടത്. (ബുഖാരി. 7. 65. 295)

2004. ഖതാദ(റ) നിവേദനം: ഞങ്ങൾ അനസിന്റെ അടുത്തു ഇരിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ അടുത്ത് അദ്ദേഹത്തിന് റൊട്ടി ചുടുന്ന ഒരു ഭൃത്യൻ ഉണ്ടായിരുന്നു. അപ്പോൾ അനസ്(റ) പറഞ്ഞു: നബി(സ) മരണം വരെ മൃദുവായ റൊട്ടിയോ പ്രായം കുറഞ്ഞ ആട്ടിൻകുട്ടിയെ അറുത്തു ചൂടുവെള്ളത്തിൽ മുക്കി രോമം കളഞ്ഞു വേവിച്ച് പാകപ്പെടുത്തിയ മാംസമോ കഴിച്ചിരുന്നില്ല. (ബുഖാരി. 7. 65. 297)

2005. അനസ്(റ) നിവേദനം: നബി(സ) ചെറിയ പിഞ്ഞാണങ്ങൾ നിരത്തിവെച്ച് തിന്നുകയോ മൃദുലമായ റൊട്ടി നബിക്ക് വേണ്ടി തയ്യാറാക്കുകയോ വലിയ പാത്രത്തിൽ തിന്നുകയോ ചെയ്തതായി എനിക്കറിവില്ല. അപ്പോൾ ഖതാദ(റ) പറഞ്ഞു: സുപ്രയിലാണ് ഭക്ഷിച്ചിരുന്നത്. (ബുഖാരി. 7. 65. 298)

2006. അബൂഹുറൈറ(റ) പറയുന്നു: നബി(സ) അരുളി: രണ്ടു പേരുടെ ഭക്ഷണം മൂന്നുപേർക്കും മൂന്നുപേരുടെ ഭക്ഷണം നാലു പേർക്കും മതിയാകുന്നതാണ്. (ബുഖാരി. 7. 65. 304)

2007. നാഫിഅ്(റ) പറയുന്നു: തന്റെ കൂടെ ഭക്ഷിക്കുവാൻ ഒരു ദരിദ്രനെ ക്ഷണിച്ചുകൊണ്ട് വരുന്നതുവരെ ഇബ്നുഉമർ(റ) ഭക്ഷണം കഴിക്കാറുണ്ടായിരുന്നില്ല. ഒരു ദിവസം ആഹാരം കഴിക്കുവാൻ ഒരു മനുഷ്യനെ വിളിച്ചുകൊണ്ട് വന്നു. അയാൾ അമിതമായി ആഹാരം കഴിച്ചത് കണ്ടപ്പോൾ ഇബ്നുഉമർ(റ) പറഞ്ഞു: അല്ലയോ നാഫിഅ്! ഈ മനുഷ്യനെ മേലിൽ എന്റെയടുക്കലേക്ക് ക്ഷണിച്ചുകൊണ്ടുവരരുത്. നബി(സ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. സത്യവിശ്വാസി ഒരു വയറ് കൊണ്ടാണ് തിന്നുക. സത്യനിഷേധി ഏഴു വയർ കൊണ്ടും. (ബുഖാരി. 7. 65. 305)

2008. അബൂഹുറൈറ(റ) നിവേദനം: ഒരു മനുഷ്യൻ ധാരാളം ഭക്ഷിക്കുന്നവനായിരുന്നു. അങ്ങിനെ അയാൾ മുസ്ലീമായി. അപ്പോൾ കുറച്ച് ഭക്ഷിക്കുവാൻ തുടങ്ങി. ഈ വിവരം നബി(സ)യോട് പറയപ്പെട്ടു. അപ്പോൾ നബി(സ) പറഞ്ഞു: നിശ്ചയം. വിശ്വാസി ഒരു ആമാശയം കൊണ്ടും സത്യനിഷേധി ഏഴ് ആമാശയം കൊണ്ടും ഭക്ഷിക്കുന്നതാണ്. (ബുഖാരി. 7. 65. 309)

2009. അബൂജുഹൈഫ(റ) നിവേദനം: നബി(സ) അരുളി: ഞാനൊരിക്കലും ചാരിയിരുന്നു കൊണ്ട് ഭക്ഷിക്കുകയില്ല. (ബുഖാരി. 7. 65. 310)

2010. അബൂഹുറൈറ(റ) നിവേദനം: നബി(സ) ഒരു ആഹാരത്തേയും ആക്ഷേപിക്കാറില്ല. ആഗ്രഹമുണ്ടെങ്കിൽ അവിടുന്ന് അതു ഭക്ഷിക്കും. ആഗ്രഹമില്ലെങ്കിൽ ഉപേക്ഷിക്കും. (ബുഖാരി. 7. 65. 320)

2011. സഹ്ല്(റ) നിവേദനം: നബി(സ) യുടെ കാലത്ത് നിങ്ങൾ നേർമ്മയുള്ള വെളുത്ത മാവ് കണ്ടിരുന്നോ? എന്ന് അദ്ദേഹത്തോട് അബൂഹാസിം ചോദിച്ചു. അപ്പോൾ സഹ്ല്(റ) ഇല്ലെന്ന് മറുപടി പറഞ്ഞു. നിങ്ങൾ അന്ന് ബാർലി അരിപ്പയിലിട്ട് അരിച്ചെടുക്കാറുണ്ടായിരുന്നോ എന്ന് വീണ്ടും ചോദിച്ചു. ഇല്ല. ബാർലിയിൽ നിന്ന് നീക്കം ചെയ്യേണ്ട സാധനങ്ങൾ ഞങ്ങൾ ഊതി പ്പറപ്പിക്കുകയാണ് ചെയ്തിരുന്നത് എന്ന് അദ്ദേഹം പ്രത്യുത്തരം നൽകി. (ബുഖാരി. 7. 65. 321)

2012. അബൂഹുറൈറ(റ) നിവേദനം: നബി(സ) ഒരിക്കൽ സഹാബിമാരുടെ ഇടയിൽ ഈത്തപ്പഴം ഭാഗിച്ചുകൊടുത്തപ്പോൾ ഓരോരുത്തർക്കും ഏഴ് എണ്ണം വീതം കൊടുത്തു. എനിക്കും ഏഴെണ്ണം തന്നു. അതിലൊന്നു കേട് വന്നതായിരുന്നു. ആ ഈത്തപ്പഴത്തേക്കാൾ എനിക്കിഷ്ടപ്പെട്ടത് അക്കൂട്ടത്തിലുണ്ടായിരുന്നില്ല. വളരെ നേരം പ്രയാസപ്പെട്ടാണ് ഞാനത് ചവച്ചിറക്കിയത്. (ബുഖാരി. 7. 65. 322)

2013. അബൂഹുറൈറ(റ) നിവേദനം: അദ്ദേഹം ഒരു വിഭാഗം ജനങ്ങളുടെ മുമ്പിലൂടെ നടന്നുപോയി. അവരുടെ മുമ്പിൽ വേവിച്ച് പാകപ്പെടുത്തിയ ഒരാടുണ്ടായിരുന്നു. അവർ ക്ഷണിച്ചപ്പോൾ അദ്ദേഹം ക്ഷണം സ്വീകരിച്ചില്ല. നബി(സ) മരിക്കുന്നവരേക്കും ബാർലിയുടെ റൊട്ടി വയറ് നിറയെ ഒരിക്കലും കഴിച്ചിരുന്നില്ല എന്ന് അദ്ദേഹം അവരെ ഉണർത്തി. (ബുഖാരി. 7. 65. 325)

2014. ആയിശ(റ) നിവേദനം: മദീനയിൽ വന്നശേഷം നബി(സ) മരിക്കുന്നതുവരേക്കും അവിടുത്തെ കുടുംബം ഗോതമ്പിന്റെ ആഹാരം തുടർച്ചയായി മൂന്നു ദിവസം വയറുനിറയെ കഴിച്ചിട്ടില്ല. (ബുഖാരി. 7. 65. 327)

2015. ആയിശ(റ) നിവേദനം: അവരുടെ കുടുംബത്തിൽ വല്ലവരും മരണപ്പെടുകയും സ്വന്തം കുടുംബങ്ങളും അടുത്ത സ്നേഹിതന്മാരുമൊഴിച്ച് ബാക്കിയുള്ളവരെല്ലാം പിരിഞ്ഞുപോവുകയും ചെയ്തുകഴിഞ്ഞാൽ ആയിശ ഒരുകൽച്ചട്ടി വരുത്തി തൽബീൻ (മാവ്, തേൻ മുതലായവ ചേർത്തഒരുതരം ലേഹ്യം) തയ്യാർ ചെയ്യാൻ കൽപ്പിക്കും. പിന്നീട് റൊട്ടി ചുട്ടിട്ട് അതിന്മേൽ തൽബീന ഒഴിക്കും. അനന്തരം

എല്ലാവരേയും അതു തിന്നാനുപദേശിക്കും. തൽബീന രോഗിയുടെ ഹൃദയത്തിന് ശാന്തിയും സമാധാനവും ഉണ്ടാക്കും. ദുഃഖത്തെ ദുരീകരിക്കുകയും ചെയ്യുമെന്ന് നബി(സ)അരുളിയത് ഞാൻ കേട്ടിട്ടുണ്ടെന്ന് ആയിശ(റ) പറയുകയും ചെയ്യും. (ബുഖാരി. 7. 65. 328)

2016. ഇബ്നുഅബ്ബാസ്(റ) പറയുന്നു: ഇത് ഉള്ഹിയ്യത്തിന്റെ മാംസം മൂന്നു ദിവസത്തിലധികം ഭക്ഷിക്കുന്നതിനെ നബി(സ) വിരോധിച്ചിരുന്നുവോ എന്ന് ഞാൻ ആയിശ(റ)യോട് ചോദിച്ചു. അവർ പറഞ്ഞു: ജനങ്ങൾ വിശന്നിരുന്ന ഒരു വർഷം അപ്രകാരം വിരോധിച്ചിരിക്കുന്നു. മുതലാളിമാർ ദരിദ്രന്മാരെ തീററിക്കുവാൻ വേണ്ടി. തീർച്ചയായും ഞങ്ങൾ ഒരു കാൽ സൂക്ഷിച്ചുവെയ് ക്കാം. പതിനഞ്ച് ദിവസത്തോളം ഞങ്ങളതിൽ നിന്ന് ഭക്ഷിക്കാറുണ്ട്. നിങ്ങൾ അതിന് നിർബന്ധിതരായിരുന്നോ? എന്ന് ഞാൻ ചോദിച്ചു. അപ്പോൾ ആയിശ(റ) പുഞ്ചിരിച്ചു. ശേഷം അവർ പറഞ്ഞു; മുഹമ്മദിന്റെ കുടുംബം ഗോതമ്പിന്റെ റൊട്ടി മൂന്ന് ദിവസം തുടർച്ചയായി അദ്ദേഹം മരിക്കുന്നതുവരെ ഭക്ഷിക്കുകയുണ്ടായില്ല. (ബുഖാരി. 7. 65. 334)

2017. അബ്ദുറഹ്മാൻ(റ) പറയുന്നു: അവർ ഒരിക്കൽ ഹുദൈഫ:(റ)യുടെ അടുക്കൽ ഇരിക്കുകയാണ്. അദ്ദേഹം വെള്ളത്തിന് ആവശ്യപ്പെട്ടു. അപ്പോൾ ഒരു മജൂസി അദ്ദേഹത്തെ കുടിപ്പിച്ചു. കോപ്പ അദ്ദേഹത്തിന്റെ മുന്നിൽ വെച്ച സന്ദർഭം അദ്ദേഹം അതെടുത്ത് എറിഞ്ഞു. ശേഷം പറഞ്ഞു; ഞാൻ പല പ്രാവശ്യം നിന്നോട് ഇത് പാടില്ലെന്ന് പറഞ്ഞിട്ടില്ലായിരുന്നെങ്കിൽ ഇപ്രകാരം എറിയുമായിരുന്നില്ല. നിശ്ചയം. പ്രവാചകൻ ഇപ്രകാരം പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. നിങ്ങൾ പട്ട് ധരിക്കരുത്. സ്വർണ്ണത്തിന്റെയും വെള്ളിയുടെയും പാത്രങ്ങൾ ആഹാര പാനീയാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തരുത്. ഈ സാധനങ്ങൾ ഇഹലോകത്ത് സത്യനിഷേധികൾക്കും പരലോകത്ത് നമുക്കും ഉപയോഗിക്കാനുള്ളതാണ്. (ബുഖാരി. 7. 65. 337)

2018. അബ്ദുല്ല(റ) നിവേദനം: നബി(സ) ഈത്തപ്പഴവും വെള്ളരിയും ചേർത്തു ഭക്ഷിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. (ബുഖാരി. 7. 65. 351)

2019. ഇബ്നുഅബ്ബാസ്(റ) പറയുന്നു: നബി(സ)അരുളി: നിങ്ങളിൽ വല്ലവനും ആഹാരം കഴിച്ചാൽ ആഹാരത്തിന്റെ അംശങ്ങൾ വായ കൊണ്ട് തുടച്ച് എടുത്ത ശേഷമല്ലാതെ കൈ തുടച്ച് വൃത്തിയാക്കരുത്. (ബുഖാരി. 7. 65. 366)

2020. ജാബിർ(റ) നിവേദനം; അദ്ദേഹത്തോട് അഗ്നികൊണ്ട് പാകം ചെയ്ത ഭക്ഷണം കഴിച്ചാൽ വുളു എടുക്കണമോ എന്ന് ചോദിക്കപ്പെട്ടു. അപ്പോൾ ജാബിർ(റ)പറഞ്ഞു: നബി(സ) യുടെ കാലത്തു ഞങ്ങളുടെ കൈപ്പടവും കൈത്തണ്ടയും പാദങ്ങളുമല്ലാതെ ആഹാരം കഴിച്ചാൽ (ശുചീകരിക്കാൻ) കർച്ചീഫോ മറേറാ ഉണ്ടായിരുന്നില്ല. ശേഷം ഞങ്ങൾ നമസ്കരിക്കും. വുളു എടുക്കാറില്ല. (ബുഖാരി. 7. 65. 367)

2021. അബുഉമാമ:(റ) പറയുന്നു: നബി(സ)യുടെ മുമ്പിലുള്ള സുപ്ര എടുത്തു കൊണ്ട് പോകുകയോ അവിടുന്നു ഭക്ഷണത്തിൽ നിന്ന് വിരമിക്കുകയോ ചെയ്താൽ ഇപ്രകാരം പറയും: അല്ലാഹുവിന് സർവ്വ സ്തുതിയും. അവനെ വളരെയേറെ സ്തുതിക്കേണ്ടിയിരിക്കുന്നു. അവൻ പരിശുദ്ധനും വളരെയേറെ നന്മകളുള്ളവനുമാണ്. അവന്റെ അനുഗ്രഹങ്ങളെ തിരസ്കരിക്കാനും അവനെ കൈവിടാനും ആർക്കും കഴിയുകയില്ല. രക്ഷിതാവേ! നിന്നെ ആശ്രയിക്കാതെ ആർക്കും ജീവിക്കുക സാധ്യവുമല്ല. (ബുഖാരി. 7. 65. 369)

2022. ജാബിർ(റ) പറഞ്ഞു: ദൈവദൂതൻ(സ) പറഞ്ഞു: ഏതു സാധനത്തിന്റെ വലിയ പരിമാണം ലഹരിയുണ്ടാക്കുന്നുവോ അതിന്റെ ലഘുപരിമാണംപോലും വിലക്കപ്പെട്ടിരിക്കുന്നു. (അബൂദാവൂദ്)

2023. സൽമാൻ(റ) നിവേദനം ചെയ്തു, ദൈവദൂതൻ(സ) പറഞ്ഞു: ആഹാരത്തിനുമുമ്പും അതിനുശേഷവും കൈകൾ കഴുകുന്നതു ആഹാരത്തിന്റെ അനുഗ്രഹമാണ്. (തിർമിദി)

2024. അബൂസഈദുൽഖുദ്രി(റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ ഭക്ഷണം കഴിയുമ്പോൾ പറയും: നമുക്ക് ആഹാരം കഴിക്കുന്നതിനും കുടിക്കുന്നതിനും നൽകിയവനും നമ്മെ മുസ്ലീംകൾ ആക്കിയവനുമായ അല്ലാഹുവിന് സർവസ്തോത്രവും . (തിർമിദി)

2025. അബ്ദുല്ല ഇബ്നുഉമർ(റ) പറഞ്ഞു: അല്ലാഹുവിന്റെ ദുതൻ പറഞ്ഞു: ഒരാൾ ആഹാരത്തിനു ക്ഷണിക്കപ്പെടുകയും സ്വീകരിക്കാതിരിക്കയും (അല്ലെങ്കിൽ മറുപടികൊടുക്കാതിരിക്കയും) ചെയ്യുമ്പോൾ, അയാൾ അല്ലാഹുവിനെയും ദൂതനെയും അനുസരിക്കാതിരിക്കുന്നു. ക്ഷണിക്കാതെ (ഒരു സദ്യക്ക്) പോകുന്നവനാരോ അവൻ കള്ളനെപ്പോലെ പ്രവേശിക്കയും കൊള്ളക്കാര നെപ്പോലെ ഇറങ്ങിപ്പോകുകയും ചെയ്യുന്നു. (അബൂദാവൂദ്)

2026. ഉമർ(റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ പറഞ്ഞു: ഒന്നിച്ചിരുന്നു ഭക്ഷിക്കുക: ഒററ തിരിഞ്ഞിരുന്നു ഭക്ഷിക്കരുത്; എന്തുകൊണ്ടെന്നാൽ, സമൂഹത്തിലാണ് അനുഗ്രഹം. (ഇബ്നുമാജാ)

2027. ഇബ്നുഉമർ(റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ പറഞ്ഞു: (സദസ്സിൽ) ആഹാരം വെച്ചാൽ, ആഹാരം നീക്കം ചെയ്യാതെ ആരും എഴുന്നേൽക്കരുത്. ഒരാൾ തന്റെ വിശപ്പടക്കിക്കഴിഞ്ഞാലും, ഒഴിവുകഴിവുപറഞ്ഞ് ആളുകൾ പൂർത്തിയാക്കുന്നതുവരെ (ആഹാരത്തിൽ നിന്നും) കൈ ഉയർത്തു അയാൾക്കു ആഹാരം വേണമെന്നുണ്ടെങ്കിലും അയാൾ കൈ പിൻവലിക്കുവാൻ ഇടയാകുന്നു. (ഇബ്നുമാജാ)

2028. അബുഹുറയ്റാ(റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ പറഞ്ഞു: അതിഥിയെ വീട്ടുവാതിൽ വരെ അനുഗമിക്കുന്നത് സുന്നത്താണ്. (ഇബ്നുമാജാ)

2029. ആയിശ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു. വല്ലവരും ഭക്ഷിക്കുന്നുവെങ്കിൽ അല്ലാഹുവിന്റെ നാമം (ബിസ്മി) അവൻ ഉച്ചരിക്കട്ടെ. പ്രാരംഭത്തിൽ അല്ലാഹുവിന്റെ പേര് (ബിസ്മി) പറയാൻ അവൻ മറന്നാൽ ആദ്യവും അവസാനവും ഞാൻ അല്ലാഹുവിന്റെ പേര് പറഞ്ഞുകൊണ്ടാണ് ഭക്ഷിക്കുന്നതെന്ന് പറഞ്ഞുകൊള്ളട്ടെ. (അബൂദാവൂദ്, തിർമിദി)

2030. ഹുദൈഫ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) യൊന്നിച്ച് ഞങ്ങൾ ഭക്ഷണത്തിനു പങ്കെടുക്കേണ്ടിവന്നാൽ അവിടുന്ന് ഭക്ഷിച്ചുതുടങ്ങുന്നതു വരെ ഞങ്ങൾ കൈ ഭക്ഷണത്തളികയിൽ വെക്കാറില്ല. ഞങ്ങളൊരിക്കൽ തിരുദൂതരൊന്നിച്ച് ഒരു സദ്യയിൽ പങ്കെടുത്തു. അപ്പോഴൊരു യുവതി അവളെ ആരോ പിടിച്ചുന്തിയതുപോലെ ഓടിവന്ന് ഭക്ഷണത്തിൽ കൈവെക്കാൻ ശ്രമിച്ചു. റസൂൽ(സ) അവളുടെ കൈക്കു പിടിച്ചു. (ഭക്ഷിക്കാനനുവദിച്ചില്ല) പിന്നീടൊരു ഗ്രാമീണനായ അറബി അവനെയും ആരോ പിടിച്ചുന്തിയതു പോലെ ഓടിവന്നു. റസൂൽ(സ) അവന്റെയും കൈപിടിച്ചു. എന്നിട്ട് പറഞ്ഞു. നിശ്ചയം, അല്ലാഹുവിന്റെ നാമം (ബിസ്മി) ഉച്ചരിച്ചിട്ടില്ലെ ങ്കിൽ ആഹാരത്തിൽ പിശാച് പങ്കെടുക്കും. അത് തനിക്ക് ഉപയോഗിക്കാൻ വേണ്ടിയാണ് ഈ യുവതിയെ അവൻ കൊണ്ടുവന്നത്. അപ്പോഴാണ് ഞാനവളുടെ കൈപിടിച്ചത്. പിന്നീട് ഈ ഗ്രാമീണനായ അറബിയെ അവൻ കൊണ്ടുവന്നു. അപ്പോഴും അവന്റെ കൈ ഞാൻ പിടിച്ചു. എന്റെ ആത്മാവ് ആരുടെ കയ്യിലാണോ, അവനെക്കൊണ്ട് സത്യം! നിശ്ചയം പിശാചിന്റെ കൈ അവർ

രണ്ടാളുകളുടെ കയ്യോടുകൂടി എന്റെ കയ്യിൽ അകപ്പെട്ടിരുന്നു. അതിനു ശേഷം അല്ലാഹുവിന്റെ പേര് പറഞ്ഞുകൊണ്ട് റസൂൽ(സ) ഭക്ഷിച്ചു. (മുസ്ലിം)

2031. ഉമയ്യത്തി(റ) വിൽ നിന്ന് നിവേദനം: ഒരിക്കൽ റസൂൽ(സ) ഒരിടത്തിരിക്കുകയായിരുന്നു. ഒരാൾ അവിടെ ബിസ്മി ചൊല്ലാതെ ആഹാരം കഴിച്ചുകൊണ്ടിരുന്നു. അവസാനം ബാക്കിവന്ന ഒരുപിടി തന്റെ വായിലേക്ക് അയാളുയർത്തിയപ്പോൾ പറഞ്ഞു. ബിസ്മില്ലാഹി അവ്വലഹു വആഖിറഹു (ഭക്ഷണത്തിന്റെ ആദ്യം മതുൽ അവസാനംവരെ ബിസ്മിയുടെ ബർക്കത്തുണ്ടാകട്ടെ) നബി(സ) ചിരിച്ചുകൊണ്ട് പറഞ്ഞു. പിശാച് അവനൊന്നിച്ച് ഭക്ഷിക്കുകയായിരുന്നു. ബിസ്മി ചൊല്ലിയപ്പോൾ പിശാച് അവന്റെ വയററിലുള്ളതൊക്കെ ഛർദ്ദിച്ചുകളയുകയുണ്ടായി. (അബൂദാവൂദ്, നസാഈ)

2032. ആയിശ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) തന്റെ സന്തതസഹചാരികളിൽ ആറു പേരൊന്നിച്ച് ഭക്ഷണം കഴിക്കുകയായിരുന്നു. അന്നേരം ഒരു ഗ്രാമീണനായ അറബി വന്ന് അത് രണ്ടുപിടിയായി തിന്നുകളഞ്ഞു. റസൂൽ(സ) പറഞ്ഞു. അവൻ ബിസ്മി ചൊല്ലിയിരുന്നുവെങ്കിൽ നിങ്ങൾക്കത് മതിയാകുമായിരുന്നു. (തിർമിദി)

2033. മുആദി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു. ഭക്ഷണം കഴിച്ചു. എന്നിട്ടവൻ പറഞ്ഞു. അൽഹംദുലില്ലാ (എന്റെ യാതൊരുകഴിവും യുക്തിയും കൂടാതെ എനിക്കിത് തരികയും എന്നെ ഭക്ഷിപ്പിക്കുകയും ചെയ്ത അല്ലാഹുവിനെ ഞാൻ സ്തുതിച്ചുകൊള്ളുന്നു) എങ്കിൽ മുൻകഴിഞ്ഞ പാപങ്ങളൊക്കെ അവനു പൊറുക്കപ്പെടും. (അബൂദാവൂദ്, തിർമിദി)

2034. ജാബിർ(റ) വിൽ നിന്ന് നിവേദനം: നബി(സ) അവിടുത്തെ വീട്ടുകാരോട് കറിയാവശ്യപ്പെട്ടു. വീട്ടുകാർ പറഞ്ഞു: ഞങ്ങളുടെ പക്കൽ സുർക്കയല്ലാതെ മറെറാന്നുമില്ല. അപ്പോൾ അതുകൊണ്ടുവരാൻ നബി(സ) കല്പിച്ചു. എന്നിട്ട് അവിടുന്നത് ഭക്ഷിക്കുകയും സുർക്ക നല്ല കറിയാണെന്ന് പറയുകയും ചെയ്തു. (മുസ്ലിം)

2035. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: നിങ്ങളിൽ വല്ലവനും ക്ഷണിക്കപ്പെട്ടാൽ ക്ഷണം സ്വീകരിക്കട്ടെ. നോമ്പുകാരനാണ് അവനെങ്കിൽ ക്ഷണിച്ചവനു വേണ്ടി പ്രാർത്ഥിക്കുകയും നോമ്പില്ലാത്തവനാണെങ്കിൽ ഭക്ഷിക്കുകയും ചെയ്യട്ടെ. (മുസ്ലിം) (ഈ രണ്ടവസ്ഥയിലും ക്ഷണം സ്വീകരിക്കേണ്ടതാണ്)

2036. വഹ്ശിയ്യി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) യുടെ അനുചരൻമാർ ഒരിക്കൽ പറഞ്ഞു: പ്രവാചകരേ! ഞങ്ങൾ ഭക്ഷിക്കും. വയർ നിറയാറില്ല. നബി(സ) ചോദിച്ചു: നിങ്ങൾ ഒററക്കാണോ ഭക്ഷിക്കാറ്? അവർ പറഞ്ഞു: അതെ, നബി(സ) പറഞ്ഞു: എന്നാൽ, ഭക്ഷണത്തിനുവേണ്ടി നിങ്ങൾ സംഘടിക്കുകയും ബിസ്മി ചൊല്ലുകയും ചെയ്യുക. എന്നാൽ നിങ്ങൾക്കതിൽ ബക്കർത്ത് ലഭിക്കും. (അബൂദാവൂദ്)

2037. ഇബ്നു അബ്ബാസി(റ)ൽ നിന്ന് നിവേദനം: നബി(സ) അരുളി: ഭക്ഷണത്തിന്റെ നടുവിലാണ് ബർക്കത്തിറങ്ങുക. അതുകൊണ്ട് നിങ്ങൾ അതിന്റെ അരികിൽ നിന്ന് ഭക്ഷിക്കുക. നടുവിൽ ഭക്ഷിക്കരുത്. (അബൂദാവൂദ്, തിർമിദി)

2038. അബ്ദുല്ല(റ)യിൽ നിന്ന് നിവേദനം: ഗർറാഅ് എന്നു അറിയപ്പെടുന്ന ഒരു ഭക്ഷണത്തളിക നബി(സ) ക്കുണ്ടായിരുന്നു. നാലാളുകളാണ് അതേററിക്കൊണ്ടുവരാറ്. ളുഹാനമസ്കാരം കഴിഞ്ഞാൽ ആ തളിക കൊണ്ടുവരുമായിരുന്നു. അതിൽ ചാറുപകർന്ന പത്തിരിയായിരിക്കും. ആളുകൾ അതിനുചുററും തടിച്ചുകൂടിയിരുന്നു. ഒരിക്കൽ ആളുകൾ അധികരിച്ചപ്പോൾ നബി(സ) മുട്ടുകുത്തിയിരുന്നു. ഒരുഗ്രാമീണനായ അറബി ചോദിച്ചു.

എന്തിരുത്തമാണിത്? അവിടുന്ന് പറഞ്ഞു. അല്ലാഹു എന്നെ മാന്യനാക്കിയിരിക്കുന്നു. അഹങ്കാരിയും ധിക്കാരിയുമാക്കിയിട്ടില്ല. പിന്നീട് അവിടുന്ന് അരുളി: ആ ഭക്ഷണത്തളികയുടെ ചുററുപാടുനിന്നും നിങ്ങൾ ഭക്ഷിക്കുകയും അതിന്റെ ഉച്ചിയെ നിങ്ങളുപേക്ഷിക്കുകയും ചെയ്യുക. എന്നാൽ നിങ്ങൾക്ക് അതിൽ അഭിവൃദ്ധിലഭിക്കും. (അബൂദാവൂദ്)

2039. അനസി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) നായ ഇരിക്കും വിധം ഇരുന്നു കൊണ്ട് കാരക്കതിന്നുന്നത് ഞാൻ കാണുകയുണ്ടായി. (മുസ്ലിം) (ചന്തി ഭൂമിയോട് ചേർത്തുവെക്കുകയും കാല്പാദം കുത്തിനിറുത്തുകയും ചെയ്തു കൊണ്ടിരിക്കുന്നതാണ് നായ ഇരുത്തം)

2040. കഅ്ബ്(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) മൂന്ന് വിരലുകൾകൊണ്ട് ഭക്ഷിക്കുന്നത് ഞാൻ കണ്ടു. ഭക്ഷിച്ചുകഴിഞ്ഞാൽ വിരലുകൾ അവിടുന്ന് നക്കിയിരുന്നു. (മുസ്ലിം)

2041. ജാബിറി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) വിരലും തളികയും നക്കിവൃത്തിയാക്കാൻ കല്പിച്ചു. പ്രവാചകൻ(സ) പറയാറുണ്ട്. നിങ്ങളുടെ ആഹാരത്തിൽ ഏതിലാണ് ബർക്കത്തെന്ന് നിങ്ങൾക്കറിഞ്ഞുകൂടാ (മുസ്ലിം) (ദഹനമുണ്ടാക്കുകയും ഇബാദത്തിനും സഹായിക്കുകയും ചെയ്യുന്നത് എന്നാണ് ബർക്കത്തുകൊണ്ടുള്ള വിവക്ഷ)

2042. ജാബിറി(റ)ൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു. ആരുടെയെങ്കിലും ഒരുപിടി ഭക്ഷണം താഴെ വീണാൽ അതെടുത്ത് അഴുക്ക് നീക്കി അവൻ ഭക്ഷിച്ചുകൊള്ളട്ടെ. പിശാചിനു വേണ്ടി അതവൻ ഉപേക്ഷിച്ചിടരുത്. വിരൽ നക്കിത്തോർത്താതെ ഉറുമാൽ കൊണ്ട് കൈ തുടച്ച് വൃത്തിയാക്കരുത്. ഏതു ഭക്ഷണത്തിലാണ് ബർക്കത്തെന്ന് അവനറിയുകയില്ല. (മുസ്ലിം) (ഭക്ഷിച്ചതിലോ പാത്രത്തിലും കയ്യിലും അവശേഷിച്ചതിലോ എന്നൊന്നും അയാളറിയുകയില്ല)

2043. ജാബിറി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു. നിങ്ങളുടെ എല്ലാകാര്യങ്ങളിലും പിശാച് പങ്കെടുക്കും. ഭക്ഷണസമയത്തും കൂടി അവൻ പങ്കെടുക്കും. അങ്ങനെ നിങ്ങളിലാരുടെയെങ്കിലും ഒരുപിടി ഭക്ഷണം താഴെ വീണുപോയാൽ അത് പെറുക്കിയെടുത്ത് അഴുക്ക് നീക്കി ഭക്ഷിച്ചുകൊള്ളട്ടെ! പിശാചിനു വേണ്ടി അവനത് ഉപേക്ഷിച്ചിടരുത്. ഭക്ഷണം കഴിച്ചുകഴിഞ്ഞാൽ അവൻ വിരലുകൾ നക്കി വൃത്തിയായയണം. അവന്റെ ഏത് ഭക്ഷണത്തിലാണ് ബർക്കത്ത് ഉള്ളതെന്ന് അവനറിയുകയില്ല. (മുസ്ലിം)

2044. അനസി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) ആഹാരം കഴിച്ചാൽ മൂന്നു വിരലുകൾ നക്കാറുണ്ടായിരുന്നു. പ്രവാചകൻ പറഞ്ഞിട്ടുണ്ട്. ഒരാളുടെ ഒരു പിടി ഭക്ഷണം വീണുപോയാൽ അഴുക്ക് നീക്കി അയാളത് ഭക്ഷിക്കണം. പിശാചിനുവേണ്ടി അതുപേക്ഷിച്ചിടരുത്. തളിക തുടച്ചു വൃത്തിയാക്കാൻ ഞങ്ങളോട് കൽപ്പിച്ചുകൊണ്ട് പ്രവാചകൻ(സ) പറഞ്ഞു. ഏത് ഭക്ഷണത്തിലാണ് ബർക്കത്തുള്ളതെന്ന് നിങ്ങളറിയുകയില്ല. (മുസ്ലിം)

2045. ജാബിറി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു. ഒരാളുടെ ഭക്ഷണം രണ്ടാൾക്കും രണ്ടാളുടേത് നാലാൾക്കും നാലാളുടേത് എട്ടാൾക്കും മതിയാകുന്നതാണ്. (മുസ്ലിം) (ആളുകൾ അധികരിക്കുന്നതനുസരിച്ച് ബർക്കത്ത് വർദ്ധിച്ചുകൊണ്ടിരിക്കും)

2046. ഇബ്നു അബ്ബാസ്(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) അരുൾ ചെയ്തു. ഒട്ടകം കുടിക്കുന്നതുപോലെ ഒററ പ്രാവശ്യമായിക്കൊണ്ട് നിങ്ങൾ പാനം ചെയ്യരുത്. രണ്ടോ മൂന്നോ പ്രാവശ്യമായിട്ടായിരിക്കണം നിങ്ങൾ പാനം ചെയ്യേണ്ടത്. അങ്ങനെ

പാനം ചെയ്യുമ്പോൾ ബിസ്മി ചൊല്ലുകയും പാത്രം എടുത്തുമാററുമ്പോൾ അല്ലാഹുവിനെ സ്തുതിക്കുകയും വേണം. (തിർമിദി)

2047. ഉമ്മുസാബിതി(റ)ൽ നിന്ന് നിവേദനം: ഒരിക്കൽ റസൂൽ(സ) എന്റെ അടുത്ത് കടന്നുവന്നു. തൂക്കിയിട്ടിരുന്നതോൽ പാത്രത്തിന്റെ വായയിൽ കൂടി നിന്നുകൊണ്ടുപാനം ചെയ്യുകയുണ്ടായി. തത്സമയം ഞാൻ അതിനുനേരെ എഴുന്നേററുനിന്ന് വായ മുറിച്ചെടുത്തു. (തിർമിദി)

2048. അബൂസഈദി(റ)ൽ നിന്ന് നിവേദനം: തീർച്ചയായും പാനീയത്തിൽ ശ്വാസം കഴിക്കുന്നത് നബി(സ) വിലക്കി. ഒരാൾ ചോദിച്ചു. പാത്രത്തിൽ കരട് കണ്ടാലോ? അവിടുന്ന് പറഞ്ഞു. നീ അത് ചിന്തുക. അദ്ദേഹം പറഞ്ഞു. ഒററവലിക്ക് ശ്വാസം കഴിക്കാതെ എനിക്ക് ദാഹം തീരുകയില്ലല്ലോ! അവിടുന്ന് പറഞ്ഞു. അപ്പോൾ നീ പാത്രം വായിൽ നിന്നു അകററിപ്പിടിക്കുക. (എന്നാൽ, വിഷ വായുപാത്രത്തിൽ പ്രവേശിക്കുകയില്ല) (തിർമിദി)

2049. ഇബ്നു അബ്ബാസി(റ)ൽ നിന്ന് നിവേദനം: തീർച്ചയായും പാത്രത്തിൽ ശ്വസിക്കുന്നതും ഊതുന്നതും നബി(സ) വിലക്കിയിട്ടുണ്ട്. (മുസ്ലിം)

2050. അനസി(റ)ൽ നിന്ന് നിവേദനം: നിന്നു കൊണ്ട് കുടിക്കുന്നത് നബി(സ) വിലക്കി. ഖത്താദത്ത്(റ) പറഞ്ഞു: അപ്പോൾ ഞങ്ങൾ അനസി(റ) നോട് ചോദിച്ചു: (നിന്നുകൊണ്ട്) ഭക്ഷിക്കലോ? അവിടുന്ന് പറഞ്ഞു: അതേററവും ചീത്തയാണ്. (മുസ്ലിം)

2051. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: നബി(സ) അരുൾ ചെയ്തു: നിങ്ങളാരും നിന്നുകൊണ്ട് കുടിക്കരുത്. വല്ലവനും മറന്ന് കുടിച്ചെങ്കിലോ? അവൻ അത് ഛർദ്ദിച്ചുകൊള്ളട്ടെ. (മുസ്ലിം)

2052. അബൂഖതാദ(റ)യിൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു: ജനങ്ങളെ കുടിപ്പിക്കുന്നവൻ അവരിൽ അവസാനമാണ് കുടിക്കേണ്ടത്. (തിർമിദി)

## 71. മുടികളയൽ

2053. അബൂമൂസ(റ) നിവേദനം: എനിക്കൊരുകുട്ടി ജനിച്ചു. ഞാനവരെ നബി(സ)യുടെ സന്നിധിയിൽ കൊണ്ട് വന്നു. അവിടുന്ന് കുട്ടിക്ക് ഇബ്രാഹിം എന്ന് പേരിടുകയും ഈത്തപ്പഴത്തിന്റെ നീര് വായിൽ തൊട്ടുകൊടുക്കുകയും നന്മക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. ശേഷം എനിക്ക് തിരിച്ചു നൽകി. അബൂമൂസായുടെ ഏററവും വലിയ കുട്ടി അവനായിരുന്നു. (ബുഖാരി. 7. 66. 376)

2054. സൽമാൻ(റ) പറയുന്നു: നബി(സ) അരുളി: കുട്ടിക്ക് അഖീഖ അറുക്കേണ്ടതാണ്. അതിനാൽ അവന്നു വേണ്ടി ബലിമൃഗത്തിന്റെ രക്തം ഒഴുക്കുവീൻ. ശരീരത്തിൽ നിന്ന് അസംസ്കൃത സാധനങ്ങൾ (മുടിപോലെയുള്ള) നീക്കം ചെയ്യുകയും ചെയ്യുവിൻ. (ബുഖാരി. 7. 66. 380)

## 72. അറുക്കലും വേട്ടയാടലും

2055. അനസ്(റ) നിവേദനം: കുറെ യുവാക്കന്മാർ ഒരു പിടക്കോഴിയെ ബന്ധിച്ച് അമ്പെയ്തു ശീലിക്കുന്നത് അദ്ദേഹം കണ്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു. മൃഗങ്ങളെ ബന്ധിപ്പിച്ച് വധിക്കുന്നത് നബി(സ) വിരോധിച്ചിട്ടുണ്ട്. (ബുഖാരി. 6. 67. 421)

2056. ഇബ്നുഉമർ(റ) നിവേദനം: അദ്ദേഹം യഹ്യബ്നുസഅ്ദ് ന്റെ അടുത്ത് പ്രവേശിച്ചു. യഹ് യായുടെ ഒരു മകൻ ഒരു കോഴിയെ ബന്ധിച്ച് അമ്പെയ്ത്

ശീലിക്കുന്നത് അദ്ദേഹം കണ്ടു. ഉടനെ ഇബ്നു ഉമർ(റ)അതിന്റെ നേരെ നടന്ന് ചെന്ന് അതിനെ മോചിപ്പിച്ചു. ശേഷം അദ്ദേഹം പറഞ്ഞു: നിങ്ങളുടെ സന്താനങ്ങളെ നിങ്ങൾ ശാസിക്കുവീൻ. ജീവികളെ ബന്ധിപ്പിച്ച് വധിക്കുന്നതിന് സംബന്ധിച്ച്. (ബുഖാരി. 6. 67. 422)

2057. അബൂമൂസ(റ) നിവേദനം: നബി(സ) കോഴിമാംസം ഭക്ഷിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. (ബുഖാരി. 6. 67. 426)

2058. ജാബിർ(റ) നിവേദനം: നബി(സ) ഖൈബർ ദിവസം കഴുതയുടെ മാംസം വിരോധിച്ചു. കുതിരയുടെ മാംസത്തിൽ ഇളവ് പ്രഖ്യാപിക്കുകയും ചെയ്തു. (ബുഖാരി. 6. 67. 429)

2059. ഇബ്നുഅബ്ബാസ്(റ) പറയുന്നു: നബി(സ) ഒരു ആടിന്റെ ശവത്തിന്നരികിലൂടെ നടന്നുപോയി. അവിടുന്നു അരുളി: ഇതിന്റെ ഉടമസ്ഥന്ന് ഇതിന്റെ തോല് ഉപയോഗപ്പെടുത്തുന്നതിന് എന്തു തടസ്സമാണുള്ളത്?! (യാതൊരുതടസ്സവുമില്ല). (ബുഖാരി. 6. 67. 439)

2060. ഇബ്നുഉമർ(റ) നിവേദനം: നബി(സ) അരുളി: ഉടുമ്പിനെ ഞാൻ നിഷിദ്ധമാക്കുന്നില്ല. ഞാനതു ഭക്ഷിക്കുകയുമില്ല. (ബുഖാരി. 6. 67. 444)

2061. ഇബ്നുഉമർ(റ) നിവേദനം: ഏതു ജീവിയുടേയും മുഖത്തടിക്കുന്നത് നബി(സ) വിരോധിച്ചിരിക്കുന്നു. (ബുഖാരി. 6. 67. 449)

## 73. ഉള്ഹിയ്യത്ത്

2062. അനസ്(റ) നിവേദനം: നബി(സ) അരുളി: വല്ലവനും നമസ്കാരത്തിനുമുമ്പ് ഉള്ഹിയ്യത്ത് അറുത്താൽ അതവൻ തന്റെ ശരീരത്തിനു വേണ്ടി അറുത്തതാണ്. വല്ലവനും നമസ്കാരത്തിനുശേഷം അറുത്താൽ അവന്റെ ബലികർമ്മം സമ്പൂർണ്ണമാവുകയും മുസ്ലിംകളുടെ ചര്യ അവൻ കരസ്ഥമാക്കുകയും ചെയ്തു. (ബുഖാരി. 7. 68. 454)

2063. ഇബ്നുഉമർ(റ) നിവേദനം: നബി(സ) ബലിമൃഗത്തെ അറുത്തിരുന്നത് നമസ്കാരസ്ഥലത്തുവെച്ചായിരുന്നു. (ബുഖാരി. 7. 68. 459)

2064. അനസ്(റ) പറയുന്നു: നബി(സ) രണ്ട് വെളുത്ത് തടിച്ചയാടുകളെ ഉള്ഹിയ്യത്തറുക്കുകയുണ്ടായി. ഞാനും അപ്രകാരം നിർവ്വഹിക്കും. (ബുഖാരി. 7. 68. 460)

2065. അനസ്(റ) നിവേദനം: ബിസ്മിയും തക്ബീറും ചൊല്ലി നബി(സ) തന്റെ കൈ കൊണ്ട് ഉളുഹിയ്യത്തറുക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. (ബുഖാരി. 7. 68. 465)

2066. സലമ:(റ) നിവേദനം: നബി(സ)അരുളി: നിങ്ങളിൽ ആരെങ്കിലും ഒരു മൃഗത്തെ ബലികഴിച്ചാൽ അതിന്റെ മാംസം മൂന്നു ദിവസത്തിൽ കൂടുതൽ സൂക്ഷിക്കരുത്. അടുത്തവർഷം വന്നപ്പോൾ പ്രവാചകരേ! കഴിഞ്ഞ കൊല്ലം ചെയ്തപോലെതന്നെയാണോ ഞങ്ങൾ ചെയ്യേണ്ടത്? എന്ന് അനുചരന്മാർ ചോദിച്ചു. നബി(സ) അരുളി: നിങ്ങൾ ഭക്ഷിക്കുകയും മററുള്ളവർക്കു ഭക്ഷിക്കാൻ കൊടുക്കുകയും മിച്ചമുള്ളത് സൂക്ഷിക്കുകയും ചെയ്തുകൊള്ളുക. അക്കൊല്ലം വലിയ ഭക്ഷണക്ഷാമം ജനങ്ങൾക്ക് ഉണ്ടായിരുന്നു. തന്നിമിത്തം ബലിയുടെ മാംസം മുഖേന നിങ്ങളിൽ നിന്ന് അവർക്ക് സഹായം ലഭിക്കട്ടെയെന്ന് ഞാൻ വിചാരിച്ചു. (ബുഖാരി. 7. 68. 476)

2067. അബൂഉബൈദ്(റ) നിവേദനം: ശേഷം അലി(റ)യിന്റെ കൂടെയും ഞാൻ പങ്കെടുത്തു. ഖുതുബ: ക്ക് മുമ്പായി അദ്ദേഹവും പ്രസംഗിച്ചു. ശേഷം ഇപ്രകാരം പ്രസംഗിച്ചു. നബി(സ) ഉളുഹിയ്യത്തിന്റെ മാംസം മൂന്ന് ദിവസത്തിലധികം തിന്നുന്നതിനെ നിങ്ങളോട് വിരോധിച്ചിട്ടുണ്ട്. (ബുഖാരി. 7. 68. 478)

## 74. പാനീയങ്ങൾ

2068. ആയിശ(റ) നിവേദനം: തേൻകൊണ്ട് തയ്യാർ ചെയ്ത ബീറിനെ സംബന്ധിച്ച് നബി(സ)യോട് ചോദിക്കപ്പെട്ടു. അവിടുന്ന് അരുളി. ലഹരിയുണ്ടാക്കുന്ന എല്ലാ പാനീയവും നിഷിദ്ധമാണ്. (ബുഖാരി. 7. 69. 491)

2069. ജാബിർ(റ) പറയുന്നു: നബി(സ) ചില പാത്രങ്ങൾ വിരോധിച്ചപ്പോൾ അൻസാരികൾ പറഞ്ഞു: ഞങ്ങൾക്ക് അതു അനിവാര്യമാണല്ലോ. അപ്പോൾ നബി(സ) പറഞ്ഞു; എങ്കിൽ വിരോധമില്ല. (ബുഖാരി. 7. 69. 496)

2070. അബ്ദുല്ല(റ) നിവേദനം: തിരുമേനി(സ) ചില പാത്രങ്ങൾ വിരോധിച്ചപ്പോൾ (മദ്യമുണ്ടാക്കുവാൻ ഉപയോഗിച്ചിരുന്ന)എല്ലാവരുടെ കയ്യിലും തോൽപ്പാത്രങ്ങളുണ്ടായിരിക്കുകയില്ലെന്ന് ചിലർ നബി(സ) യോട് ഉണർത്തി. അപ്പോൾ താറിടാത്ത തൊട്ടി ഉപയോഗിക്കുവാൻ നബി(സ) അനുമതി നൽകി. (ബുഖാരി. 7. 69. 497)

2071. ജാബിർ(റ) പറയുന്നു: മുന്തിരിയും ഈത്തപ്പഴവും മൂപ്പ് എത്തിയതും എത്താത്തതും തമ്മിൽ കൂട്ടിക്കലർത്തിയുണ്ടാക്കുന്ന പാനീയം കുടിക്കുന്നത് നബി(സ) വിരോധിച്ചിരിക്കുന്നു. (ബുഖാരി. 7. 69. 506)

2072. അബൂഖത്താദ(റ) പറയുന്നു: ഉണങ്ങിയ ഈത്തപ്പഴവും പഴുത്ത ഈത്തപ്പഴവും അപ്രകാരം തന്നെ ഉണങ്ങിയ ഈത്തപ്പഴവും ഉണങ്ങിയ മുന്തിരിയും ചേർത്ത് വെള്ളത്തിലിട്ട് അവയുടെ നീരെടുത്ത് കുടിക്കുന്നതിനെ നബി(സ) വിരോധിച്ചിരിക്കുന്നു. അവയിലൊന്നും വെവ്വേറെ വെള്ളത്തിലിട്ട് നീരെടുത്ത് കൊള്ളട്ടെയെന്നാണ് നബി(സ) നിർദ്ദേശിച്ചത്. (ബുഖാരി. 7. 69. 507)

2073. ജാബിർ(റ) നിവേദനം: 'നകീഅ്' എന്ന സ്ഥലത്തു നിന്ന് ഒരു പാത്രത്തിൽ കുറച്ച് പാലുമായി അബൂഹുമൈദ്(റ) വന്നു. നബി(സ) അദ്ദേഹത്തെ ഉപദേശിച്ചു. നിങ്ങളെന്തു കൊണ്ട് ഇതു മൂടിക്കൊണ്ട് വന്നില്ല? ഒരു പലകക്കഷ്ണമെങ്കിലും മീതെ വെക്കാമായിരുന്നില്ലേ? (ബുഖാരി. 7. 69. 510)

2074. അബൂഹുറൈറ(റ) നിവേദനം: നബി(സ)അരുളി: ധാരാളം പാലുള്ള ഒട്ടകവും ധാരാളം പാലുള്ള ആടും ദാനം ചെയ്യുന്നത് ഒരുത്തമ ദാനമത്രെ. അവ പ്രഭാതത്തിലും സായാഹ്നത്തിലും ഓരോ പാത്രം പാൽ പ്രദാനം ചെയ്യും. (ബുഖാരി. 7. 69. 513)

2075. ജാബിർ(റ) പറയുന്നു: നബി(സ)ഒരു അൻസാരിയുടെയടുക്കൽ ചെന്നു. കൂടെ നബി(സ)യുടെ ഒരു അനുചരനും ഉണ്ടായിരുന്നു. നബി(സ) അരുളി: ഇക്കഴിഞ്ഞ രാത്രി മുഴുവനും തോൽപ്പാത്രത്തിലിരുന്ന വെള്ളമുണ്ടെങ്കിൽ കൊണ്ട് വരിക. അതില്ലെങ്കിലോ ഈ ഒഴുകുന്ന വെള്ളം ഞങ്ങളെടുത്തു കുടിച്ചുകൊള്ളാം. റാവി പറയുന്നു: ആ വീട്ടുകാരൻ തോട്ടം നനച്ചുകൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹം പറഞ്ഞു: പ്രവാചകരേ! എന്റെയടുക്കൽ തണുത്ത വെള്ളമുണ്ട്. അങ്ങുന്ന് പന്തലിലേക്ക് വന്നാലും. അവർ രണ്ടു പേരെയും അദ്ദേഹം പന്തലിലേക്ക് കൂട്ടിക്കൊണ്ടു പോയി. ഒരു കോപ്പയിൽ അല്പം വെള്ളമൊഴിച്ചു. അനന്തരം തന്റെ ഒരാടിനെ കറന്നു ആ പാൽ അതിൽ കുറച്ചൊഴിച്ചു. നബിയും സ്നേഹിതനും അതുകുടിച്ചു. (ബുഖാരി. 7. 69. 517)

2076. നിസ്സാർ(റ) പറയുന്നു: അലി(റ) വാതിലിന്റെ അടുത്തുളള ഒരു വിശാലസ്ഥലത്തു ഇരിക്കുമ്പോൾ ഒരുപാത്രത്തിൽ കുറച്ച് വെള്ളം അദ്ദേഹത്തിന്റെ അടുത്ത് കൊണ്ട് വരപ്പെട്ടു. അദ്ദേഹം അത് നിന്നുകൊണ്ട് കുടിച്ചു. ശേഷം ഇപ്രകാരം പറഞ്ഞു: നിന്ന് കുടിക്കുന്നതിനെ ചിലർ വെറുക്കുന്നു. അപ്രകാരം ഒരുകറാഹത്തില്ല. തീർച്ചയായും നബി(സ) ഇപ്രകാരം ചെയ്യുകയുണ്ടായി. (ബുഖാരി. 7. 69. 519)

2077. നിസ്സാർ(റ) പറയുന്നു: ഇരിക്കുകയായിരുന്നു അലി(റ) താൻ വുളു എടുക്കുന്നതിന്റെ ബാക്കിവെള്ളം നിന്ന് കൊണ്ട് കുടിച്ചു. ശേഷം പറഞ്ഞു: നിന്ന് കുടിക്കുന്നത് ചിലർ വെറുക്കുന്നു. വാസ്തവത്തിലോ ഞാൻ ചെയ്തത് പോലെ നബി(സ) ചെയ്തത് ഞാൻ കണ്ടിട്ടുണ്ട്. (ബുഖാരി. 7. 69. 520)

2078. ഇബ്നുഅബ്ബാസ്(റ) നിവേദനം: നബി(സ) സംസം വെള്ളം നിന്നുകൊണ്ട് കുടിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. (ബുഖാരി. 7. 69. 521)

2079. അബൂസഈദിൽ ഖുദ്രി(റ) പറയുന്നു: വെള്ളം നിറച്ച തോൽപ്പാത്രം തലകീഴായിപ്പിടിച്ച് വെള്ളം കുടിക്കുന്നത് നബി(സ) വിരോധിച്ചിരിക്കുന്നു. (ബുഖാരി. 7. 69. 529)

2080. അബൂഹുറൈറ(റ) നിവേദനം: വെള്ളം നിറച്ച തോൽപ്പാത്രത്തിന്റെ വായ തുറന്ന് അതിൽ നിന്ന് വെള്ളം കുടിക്കുന്നത് നബി(സ) വിരോധിച്ചിരിക്കുന്നു. അപ്രകാരം തന്നെ തന്റെ വളപ്പിൽ തന്റെ അയൽവാസി പന്തലിന്റെയോ മറേറാ ആവശ്യത്തിന് ഒരുകാൽ കുഴിച്ചിടുന്നത് തടയരുതെന്നും നബി(സ) നിർദ്ദേശിച്ചിരിക്കുന്നു. (ബുഖാരി. 7. 69. 531)

2081. സുമാമ:(റ) നിവേദനം: അനസ്(റ) വെള്ളം കുടിക്കുമ്പോൾ രണ്ടോ മൂന്നോ പ്രാവശ്യം പുറത്തേക്ക് ശ്വാസം വിടാറുണ്ട്. ശേഷം നബി(സ) അപ്രകാരം ചെയ്യാറുണ്ടെന്ന് അദ്ദേഹം പറയുന്നു. (ബുഖാരി. 7. 69. 535)

2082. ഉമ്മുസലമ:(റ) നിവേദനം: വെള്ളിയുടെ പാത്രത്തിൽ കുടിക്കുന്നവൻ തന്റെ വയററിൽ അഗ്നിയാണ് നിറക്കുന്നതെന്ന് നബി(സ) അരുളി. (ബുഖാരി. 7. 69. 538)

## 75. രോഗികൾ

2083. ആയിശ(റ) നിവേദനം: നബി(സ)അരുളി: ഒരു മുസ്ലിമിന് ഏതുതരം വിപത്തു ബാധിച്ചാലും അതുമൂലം അല്ലാഹു അവന്റെ പാപങ്ങളിൽ നിന്ന് മാപ്പ് ചെയ്തുകൊടുക്കാതിരിക്കില്ല. അവൻ ആവലാതിപ്പെട്ടുകൊണ്ടിരിക്കുന്ന മുളളുവരെ. (ബുഖാരി. 7. 70. 544)

2084. അബുസഈദ്(റ) അബൂഹുറൈറ(റ) എന്നിവർ നിവേദനം: നബി(സ) അരുളി: ഒരു മുസ് ലിമിനെ ക്ഷീണമോ രോഗമോ ദു:ഖമോ അസുഖമോ ബാധിച്ചു. അല്ലെങ്കിൽ അവന്റെ ശരീരത്തിൽ മുളള് കുത്തുകയെങ്കിലും ചെയ്തു. എങ്കിൽ അവന്റെ തെററുകളിൽ ചിലത് അല്ലാഹു മാച്ച് കളയാതിരിക്കുകയില്ല. (ബുഖാരി. 7. 70. 545)

2085. കഅ്ബ്(റ) നിവേദനം: സത്യവിശ്വാസിയുടെ ഉപമ പുതുതായി മുളച്ചുവന്ന ഒരു ചെടിയുടേതുപോലെയാണ്. കാററു തട്ടുമ്പോൾ അതങ്ങോട്ടുമിങ്ങോട്ടും ആടിക്കൊണ്ടിരിക്കും. അമിതമായ കാററില്ലാതിരിക്കുമ്പോഴോ നിവർന്നു നിൽക്കും. അങ്ങിനെ പ്രതികൂലാവസ്ഥകളെ നേരിടും. എന്നാൽ കപടവിശ്വാസിയുടെ ഉപമ 'ഉറുസത്ത്' ചെടിയുടേതാണ്. അത് ചായുകയും ചരിയുകയും ചെയ്യാതെ ഉറച്ച് നിവർന്ന് തന്നെ നിൽക്കും. അവസാനം അല്ലാഹു ഉദ്ദേശിക്കുമ്പോൾ അതിനെ കടപുഴക്കി എറിഞ്ഞുകളയും. (ബുഖാരി. 7. 70. 546)

2086. അബൂഹുറൈറ(റ) നിവേദനം: നബി(സ)അരുളി: അല്ലാഹു വല്ലവനും നന്മചെയ്യാൻ ഉദ്ദേശിച്ചാൽ അവനെ ആപത്തിൽ അകപ്പെടുത്തും. (ബുഖാരി. 7. 70. 548)

2087. ആയിശ(റ) പറയുന്നു: നബി(സ)യേക്കാൾ കൂടുതൽ രോഗവേദനയനുഭവിച്ച ഒരാളെയും ഞാൻ കണ്ടിട്ടില്ല. (ബുഖാരി. 7. 70. 549)

2088. അബ്ദുല്ല(റ) നിവേദനം: നബി(സ)ക്ക് കഠിനജ്വരം ബാധിച്ച് കിടക്കുന്ന അവസരത്തിൽ ഞാൻ നബി(സ)യുടെയടുക്കൽ പ്രവേശിച്ചു. ഞാൻ പറഞ്ഞു. തീർച്ചയായും താങ്കൾക്ക് കഠിനജ്വരം ബാധിച്ചിരിക്കുന്നത് അങ്ങേക്ക് ഇരട്ടി പുണ്യം ലഭിക്കാൻ വേണ്ടിയായിരിക്കാം. നബി(സ) അരുളി: അതെ, ഏതൊരു മുസ്ലീമിനാവട്ടെ വല്ല അസുഖവും അവന് ബാധിച്ചാൽ മരത്തിന്റെ ഇല ഉണങ്ങിവീഴും പോലെ അവന്റെ പാപങ്ങൾ അവനിൽ നിന്ന് ഉണങ്ങി വീണുപോയിക്കൊണ്ടിരിക്കും. (ബുഖാരി. 7. 70. 550)

2089. അത്വാഅ്(റ) നിവേദനം: എന്നോട് ഒരിക്കൽ ഇബ്നുഅബ്ബാസ്(റ) പറഞ്ഞു: സ്വർഗ്ഗാവകാശിയായ ഒരു സ്ത്രീയെ ഞാൻ നിനക്ക് കാണിച്ചുതരട്ടെയോ? അതെയെന്ന് ഞാനുത്തരം നൽകി. അപ്പോൾ ഇബ്നുഅബ്ബാസ്(റ) പറഞ്ഞു: ഈ കറുത്ത സ്ത്രീയാണത്. നബി(സ)യുടെ അടുക്കൽ വന്നിട്ട് അവൾ പറഞ്ഞു. ഞാൻ ചിലപ്പോൾ അപസ്മാരമിളകി നിലത്തു വീഴും. എന്റെ വസ്ത്രം നീങ്ങി ശരീരം വെളിപ്പെടും. അവിടുന്ന് എനിക്കുവേണ്ടി പ്രാർത്ഥിച്ചാലും. നബി(സ) അരുളി: നീ ക്ഷമ കൈക്കൊള്ളുന്ന പക്ഷം സ്വർഗ്ഗം കരസ്ഥമാക്കാം. നിനക്ക് വേണമെങ്കിൽ നിന്റെ രോഗശാന്തിക്കായി ഞാനല്ലാഹുവിനോട് പ്രാർത്ഥിക്കുകയും ചെയ്യാം. അവൾ പറഞ്ഞു: ഞാൻ ക്ഷമ കൈകൊള്ളാം. പക്ഷെ, അബോധാവസ്ഥയിൽ എന്റെ നഗ്നത വെളിപ്പെട്ടുപോകുന്നു. അങ്ങിനെ സംഭവിക്കാതിരിക്കാൻ പ്രാർത്ഥിച്ചാലും. അപ്പോൾ നബി(സ) അവൾക്ക് വേണ്ടി പ്രാർത്ഥിച്ചു. (ബുഖാരി. 7. 70. 555)

2090. അനസ്(റ) നിവേദനം: നബി(സ) അരുളുന്നത് ഞാൻ കേട്ടിട്ടുണ്ട്. അല്ലാഹു പറയും ഞാൻ എന്റെ ദാസനെ അവന്ന് ഏററവും പ്രിയപ്പെട്ട രണ്ട് കാമുകിമാരെ നശിപ്പിച്ചു പരീക്ഷിച്ചു. അപ്പോൾ അവൻ ക്ഷമ കൈക്കൊണ്ടു. എങ്കിൽ അവരണ്ടിനും പകരമായി അവന്നു നാം സ്വർഗ്ഗം നൽകും. പ്രിയപ്പെട്ട രണ്ട് കാമുകിമാർ എന്നതുകൊണ്ട് അല്ലാഹുവിവക്ഷിക്കുന്നത് അവന്റെ രണ്ടു കണ്ണുകളാണ്. (ബുഖാരി. 7. 70. 557)

2091. ജാബിർ(റ) പറയുന്നു: നബി(സ) എന്റെ രോഗം കാണാൻ വന്നത് കോവർ കഴുതയുടെ പുറത്തോ തുർക്കിക്കുതിരയുടെ പുറത്തോ ആയിരുന്നില്ല. (ബുഖാരി. 7. 70. 568)

2092. ആയിശ(റ) പറയുന്നു: എന്നെ തലവേദന പിടികൂടിയപ്പോൾ ഹാ! എന്റെ തല തകർന്നല്ലോ എന്ന് ഞാൻ വിലപിച്ചു. നബി(സ) അരുളി: ഞാൻ ജീവിച്ചിരിക്കുന്ന സന്ദർഭത്തിലാണ് നിന്നെ മരണം ബാധിച്ചതെങ്കിൽ ഞാൻ നിനക്ക് പാപമോചനത്തിനായി അപേക്ഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യും. ആയിശ(റ) പറയുന്നു: ആഹാ! സങ്കടം. അല്ലാഹു സത്യം. താങ്കൾ ഞാൻ മരിക്കാനാഗ്രഹിക്കുന്നുവെന്ന് ഞാൻ ഊഹിക്കുന്നു. അപ്രകാരം സംഭവിക്കുന്നപക്ഷം താങ്കൾ അന്ന് വൈകുന്നേരം തന്നെ താങ്കളുടെ മറെറാരു ഭാര്യയുമായി കൂടിക്കഴിയും! നബി(സ) അരുളി: യഥാർത്ഥത്തിൽ എന്റെ തലക്കാണ് കേട്. ആളുകൾ അതുമിതും പറയാതിരിക്കുവാനും അതിമോഹികൾ ഭരണകാര്യത്തിൽ കണ്ണുവെക്കാതിരിക്കാനും വേണ്ടി അബൂബക്കറിന്റെയും അദ്ദേഹത്തിന്റെ പുത്രന്റെയുമടുക്കലേക്ക് ആളെ നിയോഗിക്കുവാൻ വരെ ഞാനുദ്ദേശിച്ചു. പിന്നീട് എനിക്ക് തോന്നി. അതല്ലാഹുവിന്

സമ്മതമാവുകയില്ല. സത്യവിശ്വാസികൾ അതു നിരസിക്കുകയും ചെയ്തേക്കും. (ബുഖാരി. 7. 70. 570)

2093. അനസ്(റ) നിവേദനം: നബി(സ)അരുളി: നിങ്ങളെ ബാധിച്ച ഒരു വിപത്തുകാരണം ആരും തന്നെ മരിക്കാനാഗ്രഹിക്കരുത്. അതല്ലാതെ മററു മാർഗ്ഗമില്ലെങ്കിൽ അവൻ ഇപ്രകാരം പ്രാർത്ഥിക്കട്ടെ. അല്ലാഹുവേ ! ജീവിതമാണെനിക്കുത്തമമെങ്കിൽ നീ എന്നെ ജീവിപ്പിക്കേണമേ! മരണമാണെങ്കിൽ എന്നെ നല്ല നിലക്ക് മരിപ്പിക്കുകയും ചെയ്യേണമേ! (ബുഖാരി. 7. 70. 575)

2094. ഖബ്ബാബ്(റ) നിവേദനം: അദ്ദേഹത്തിന്റെ ശരീരത്തിൽ ഏഴു സ്ഥലങ്ങളിൽ ചൂട് വെച്ചിട്ടുണ്ടായിരുന്നു. ഖബ്ബാബ്(റ) പറയുന്നു: എന്റെ പൂർവ്വസുഹൃത്തുക്കളെല്ലാം എന്നെ വിട്ടുപിരിഞ്ഞുപോയി. ഐഹികസൗകര്യങ്ങൾ അനുഭവിച്ച് അവരുടെ പ്രതിഫലത്തിൽ നിന്ന് യാതൊന്നും കുറവ് വരികയുണ്ടായില്ല. എന്നാൽ ഇപ്പോൾ ഞങ്ങൾക്കിതാ വമ്പിച്ച സമ്പത്തുകൾ കൈവന്നിരിക്കുന്നു. മണ്ണിലല്ലാതെ അത് സൂക്ഷിക്കുവാൻ മറെറാരിടവും കാണുന്നില്ല. മരണത്തിനുവേണ്ടി പ്രാർത്ഥിക്കുന്നത് നബി(സ) വിരോധിച്ചിട്ടുണ്ടായിരുന്നില്ലെങ്കിൽ തീർച്ചയായും ഞാനതുചെയ്യുമായിരുന്നു. നിവേദകൻ (ഖൈസ്) പറയുന്നു: മറെറാരിക്കൽ ഞങ്ങൾ ഖബ്ബാബിനെ സന്ദർശിച്ചു. അപ്പോൾ അദ്ദേഹം തന്റെ തോട്ടത്തിൽ ഒരു വീട് നിർമ്മിക്കുകയാണ്. അദ്ദേഹം ഞങ്ങളെ ദർശിച്ചപ്പോൾ ഇപ്രകാരം പറഞ്ഞു: തീർച്ചയായും ഒരു മുസ്ലിം ചിലവ് ചെയ്യുന്ന എല്ലാററിനും അവന്ന് പ്രതിഫലം ലഭിക്കപ്പെടും. മണ്ണിൽ (വീട് നിർമ്മാണത്തിൽ) അവൻ ചിലവ് ചെയ്യുന്നതിന് ഒഴികെ. (ബുഖാരി. 7. 70. 576)

2095. ആയിശ(റ) പറയുന്നു: നബി(സ) ഒരു രോഗിയെ സന്ദർശിച്ചു അല്ലെങ്കിൽ അവിടുത്തെ അടുക്കൽ ഒരു രോഗിയെ കൊണ്ട് വരപ്പെട്ടു. എങ്കിൽ ഇപ്രകാരം അവന്ന് വേണ്ടി പ്രാർത്ഥിക്കും. മനുഷ്യരുടെ നാഥാ! ഈ അവശതയെ ദുരീകരിക്കുകയും ഇദ്ദേഹത്തിന്റെ രോഗം സുഖപ്പെടുത്തുകയും ചെയ്യണമേ. യഥാർത്ഥത്തിൽ രോഗശമനം നൽകുന്നവൻ നീയാണ്. നിന്റെ ശമനം ഒരു രോഗത്തെയും സുഖപ്പെടുത്താതെ ഉപേക്ഷിക്കുകയില്ല. (ബുഖാരി. 7. 70. 579)

2096. സൗബാൻ(റ)ൽ നിന്ന് നിവേദനം: നബി(സ) അരുൾ ചെയ്തു. നിശ്ചയം, ഒരു മുസ്ലിം സഹോദരനെ സന്ദർശിച്ചാൽ താൻ തിരിച്ചുവരുന്നവരെ സ്വർഗ്ഗത്തിന്റെ ഖുർഫത്തിലാണവൻ നിലകൊള്ളുന്നത്. ചോദിക്കപ്പെട്ടു. പ്രവാചകരെ! ഖുർഫത്തുൽ ജന്ന എന്നാൽ എന്താണ്? അവിടുന്ന് മറുപടി പറഞ്ഞു. അത് അതിൽ നിന്നും പറിച്ചെടുക്കപ്പെട്ട പഴവർഗ്ഗങ്ങളാണ്. (മുസ്ലിം)

2097. അലി(റ)വിൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു. പ്രഭാതത്തിൽ മുസ്ലിമിനെ സന്ദർശിച്ചാൽ വൈകുന്നേരം വരെ എഴുപതിനായിരം മലക്കുകൾ അവനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കും. ഇനി വൈകീട്ടാണ് അവൻ സന്ദർശിച്ചതെങ്കിലോ, നേരം പുലരുന്നതുവരെ എഴുപതിനായിരം മലക്കുകൾ അവനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കും. തന്നിമിത്തം സുഖസമൃദ്ധമായ സ്വർഗ്ഗം അവനു ലഭിക്കും. (തിർമിദി)

2098. സഅ്ദുബിൻ അബീവഖാസി(റ)ൽ നിന്ന് നിവേദനം: ഒരിക്കൽ റസൂൽ(സ) എന്നെ സന്ദർശിച്ചു. അന്നേരം അവിടുന്ന് പ്രാർത്ഥിച്ചു. അല്ലാഹുവേ! സഅ്ദിന്ന് നീ ആശ്വാസം നല്കേണമേ! മൂന്നുപ്രാവശ്യം അതാവർത്തിച്ചു. (മുസ്ലിം)

2099. ഉസ്മാനുബിൻ അബിൽ ആസ്(റ)ൽ നിന്ന് നിവേദനം: അദ്ദേഹം തന്നെ ബാധിച്ചിട്ടുള്ള ഒരു വേദനയെപ്പററി നബി(സ)യോടുപരാതിപ്പെട്ടു. അന്നേരം റസൂൽ(സ) പറഞ്ഞു. നിന്റെ ശരീരത്തിൽ വേദനയുള്ള ഭാഗത്ത് കൈവച്ചുകൊണ്ട്

ബിസ്മില്ലാഹി എന്ന് മൂന്നും ഞാൻ അനുഭവിക്കുന്ന വേദനയെത്തൊട്ടും ഭയപ്പെടുന്ന രോഗത്തെത്തൊട്ടും അല്ലാഹുവിന്റെ കഴിവിന്റെ പേരിലും പ്രതാപത്തിന്റെ പേരിലും ഞാൻ അവനിൽ അഭയം പ്രാപിക്കുന്നു. എന്ന് ഏഴ് പ്രാവശ്യവും നീ പ്രാർത്ഥിക്കൂ!. (മുസ്ലിം)

2100. ഇബ്നുഅബ്ബാസ്(റ)ൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു. മരണാസന്നനല്ലാത്ത രോഗിയെ വല്ലവനും സന്ദർശിക്കുകയും, അവന്റെ അടുത്തുവെച്ച് നിനക്ക് രോഗശമനം നൽകാൻ മഹോന്നതനായ അർശിന്റെ നാഥനായ അല്ലാഹുവിനോട് ഞാൻ ആവശ്യപ്പെടുന്നുവെന്ന് അവൻ പ്രാർത്ഥിക്കുകയും ചെയ്താൽ രോഗത്തിൽ നിന്ന് അവനു മുക്തിലഭിക്കും തീർച്ച! (അബൂദാവൂദ്)

2101. അബൂസഈദ്(റ)വിൽ നിന്ന് നിവേദനം: ജിബ്രീൽ (അ) ഒരിക്കൽ നബി(സ)യുടെ അടുത്ത് വന്ന് ചോദിച്ചു. മുഹമ്മദെ! അങ്ങ് രോഗിയാണോ? അതെ! എന്നവിടുന്ന് മറുപടി പറഞ്ഞു. ജീബ്രീൽ പറഞ്ഞു. അല്ലാഹുവിന്റെ തിരുനാമത്തിൽ അങ്ങയെ ബുദ്ധിമുട്ടിക്കുന്നു. എല്ലാവരെത്തൊട്ടും അസൂയാലുക്കളുടെ കണ്ണിനെത്തൊട്ടും അങ്ങയെ ഞാൻ മന്ത്രിക്കുന്നു. വാസ്തവത്തിൽ അങ്ങയെ സുഖപ്പെടുത്തുന്നവൻ അല്ലാഹുവാണ്. അല്ലാഹുവിന്റെ തിരുനാമത്തിൽ ഞാൻ അങ്ങയെ മന്ത്രിക്കുന്നു. (മുസ്ലിം)

2102. അബൂസഈദി(റ)ൽ നിന്നും അബൂഹുറയ്റ(റ)യിൽ നിന്നും നിവേദനം: റസൂൽ(സ) പറഞ്ഞതായി അവരിരുവരും സാക്ഷ്യം വഹിച്ചിരിക്കുന്നു – അല്ലാഹുവല്ലാതെ മററാരാധ്യനില്ല; അല്ലാഹുവാണ് വലിയവൻ എന്ന് ആരെങ്കിലും പറയുന്നപക്ഷം അവനെ തന്റെ നാഥൻ സത്യവാനാക്കിക്കൊണ്ട് പറയും. ഞാൻ അല്ലാതെ മററാരാധ്യനില്ല; ഞാനാണ് വലിയവൻ. അല്ലാഹുവല്ലാതെ മററാരാധ്യനില്ല, അവൻ ഏകനാണ്, അവനൊരുകൂട്ടുകാരനില്ല, എന്നവൻ പറയുമ്പോൾ അല്ലാഹു പറയും: ഞാനല്ലാതെ ആരാധ്യനില്ല, ഞാനേകനാണ്, എനിക്ക് ഒരുപങ്കാളിയുമില്ല. അല്ലാഹുവല്ലാതെ ആരാധ്യനില്ല, അധീശാധികാരം അവന്നാണ്, അവന് മാത്രമാണ് സർവ്വസ്തുതിയും എന്ന് അവൻ പറഞ്ഞാൽ, അല്ലാഹു പറയും ഞാനല്ലാതെ (സത്യത്തിൽ) ആരാധ്യനില്ല; സ്തുതിക്കർഹൻ ഞാനാണ്; രാജാധികാരവും എനിക്കാണ്. അല്ലാഹു അല്ലാതെ (യഥാർത്ഥത്തിൽ) ആരാധ്യനില്ല, പാപങ്ങളിൽ നിന്നും അകന്ന് നില്ക്കലും ആരാധനയിൽ ശുഷ്കാന്തിയും ശേഷിയും കരഗതമാവലും അല്ലാഹുവിൽ നിന്ന് മാത്രമാണ് എന്നവൻ പറഞ്ഞാൽ അല്ലാഹു പറയും. ഞാൻ തന്നെയാണ് (സാക്ഷാൽ) ആരാധ്യൻ; പാപത്തിൽ നിന്നുള്ള വ്യതിചലനവും, ആരാധനാശേഷിയും എന്നിൽ നിന്നു മാത്രമാണ്. നബി(സ) പറയാറുണ്ടായിരുന്നു. വല്ലവനും രോഗശയ്യയിലായാൽ ഇത് ചൊല്ലിക്കൊണ്ട് മരണപ്പെട്ടുവെങ്കിൽ അവൻ നരകത്തിൽ പ്രവേശിക്കുകയില്ല. (തിർമിദി)

2103. ആയിശ(റ)യിൽ നിന്ന് നിവേദനം: മരണത്തോട് മല്ലിട്ടുകൊണ്ടിരിക്കെ റസൂൽ(സ)യെ ഞാൻ കണ്ടു. ഒരുപാത്രം വെള്ളം അവിടുത്തെ അരികിലുണ്ടായിരുന്നു. അവിടുന്ന് കൈ പാത്ര ത്തിൽ മുക്കി വെള്ളം കൊണ്ട് മുഖം തടവി. എന്നിട്ടുപ്രാർത്ഥിച്ചു. അല്ലാഹുവേ! മരണത്തിലും വേദനകളിലും എന്നെ നീ സഹായിക്കേണമെ! (തിർമിദി)

2104. മുആദി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു. ആരുടെയെങ്കിലും ഒടുവിലത്തെ സംസാരം ലാഇലാഹ ഇല്ലല്ലാഹു എന്നായിത്തീർന്നാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കും. (അബൂദാവൂദ്) (ലാ ഇലാഹ ഇല്ലല്ലാഹു എന്നുപറഞ്ഞുകൊണ്ട് മരണപ്പെട്ടുപോകുന്നവൻ സത്യവിശ്വാസിയത്രെ. സത്യവിശ്വാസി സ്വർഗ്ഗത്തിൽ പ്രവേശിക്കും. തീർച്ച)

2105. അബൂസഈദി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു. നിങ്ങളിൽ മരണമാസന്നമായവർക്ക് ലാ ഇലാഹ ഇല്ലല്ലാഹു എന്ന് നിങ്ങൾ ചൊല്ലിക്കൊടുക്കുക. (മുസ്ലിം)

2106. ഉമ്മുസലമ(റ)യിൽ നിന്ന് നിവേദനം: മരണാനന്തരം അബൂസലമയുടെ അടുത്ത് നബി(സ) കയറിവന്നു. അദ്ദേഹത്തിന്റെ കണ്ണ് തുറന്നിരിക്കുകയായിരുന്നു. നബി(സ) ആ കണ്ണ് അടച്ചുകൊണ്ട് പറഞ്ഞു. നിശ്ചയം, ആത്മാവ് പിടിക്കപ്പെടുമ്പോൾ കണ്ണ് അതിനെ പിന്തുടരും, ഇതു കേട്ടമാത്രയിൽ തന്റെ കുടുംബത്തിൽ പെട്ട ചിലർ അത്യുച്ചത്തിൽ അട്ടഹസിച്ചു. അന്നേരം നബി(സ) പറഞ്ഞു. നിങ്ങൾ നന്മ കൊണ്ടല്ലാതെ നിങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കരുത്. നിങ്ങളുടെ പ്രാർത്ഥനകൾക്ക് മലക്കുകൾ ആമീൻ ചൊല്ലും. അനന്തരം അവിടുന്ന് പ്രാർത്ഥിച്ചു. അല്ലാഹുവേ! അബൂസലമക്ക് നീ പൊറുത്തുകൊടുക്കേണമെ! സന്മാർഗ്ഗികളുടെ നിലയിലേക്ക് അദ്ദേഹത്തിന്റെ പദവി നീ ഉയർത്തണമേ. ഇദ്ദേഹത്തിനുശേഷം സന്മാർഗ്ഗികളിൽപ്പെട്ട പ്രതിനിധിയെ നീ ഏർപ്പെടുത്തിക്കൊടുക്കേണമേ! സർവ്വലോകപരിപാലകാ! ഞങ്ങൾക്കും അദ്ദേഹത്തിനും നീ പൊറുത്തു തരേണമേ! അദ്ദേഹത്തിന്റെ ഖബറ് വിശാലപ്പെടുത്തുകയും പ്രകാശപൂരിതമാക്കുകയും ചെയ്യേണമേ. (മുസ്ലിം)

## 76. ചികിത്സ

2107. അബൂഹുറൈറ(റ) നിവേദനം: നബി(സ)അരുളി: ഔഷധമില്ലാത്ത ഒരു രോഗവും അല്ലാഹു സൃഷ്ടിച്ചിട്ടില്ല. (ബുഖാരി. 7. 71. 582)

2108. മുഅബ്ബദിന്റെ പുത്രി റുബയ്യീഅ്(റ) പറയുന്നു; ഞങ്ങൾ നബി(സ)യുടെ കൂടെ യുദ്ധം ചെയ്യാറുണ്ട്. ഞങ്ങൾ ജനങ്ങളെ ചികിത്സിക്കും. അവർക്ക് വേല ചെയ്തുകൊടുക്കും. വധിക്കപ്പെട്ടവരെ യുദ്ധക്കളത്തിൽ നിന്ന് നീക്കും. മുറിവ് പററിയവരെയും. മദീനയിലേക്ക്. (ബുഖാരി. 7. 71. 583)

2109. ഇബ്നുഅബ്ബാസ്(റ) പറയുന്നു: നബി(സ)അരുളി: രോഗശമനം മൂന്ന് സംഗതികളിൽ ഉണ്ട്. തേൻ കുടിക്കുക, കൊമ്പ് വെയ്ക്കുക, ചൂടുവെക്കുക എന്നിവയാണവ. എന്റെ അനുയായികളോട് ചൂട് വെക്കരുതെന്ന് ഞാനിതാനിർദ്ദേശിക്കുന്നു. (ബുഖാരി. 7. 71. 584)

2110. അബൂസഈദ്(റ) പറയുന്നു: ഒരു മനുഷ്യൻ നബി(സ)യോട് പറഞ്ഞു: എന്റെ സഹോദരന്റെ വയറിന്ന് സുഖമില്ല. നബി(സ)അരുളി: നീ അദ്ദേഹത്തെ തേൻ കുടിപ്പിക്കുക ആ മനുഷ്യൻ രണ്ടാമതും നബി(സ)യുടെ അടുത്തുവന്നു ആവലാതിപ്പെട്ടു. നബി(സ) അരുളി: നീ അദ്ദേഹത്തെ തേൻ കുടിപ്പിക്കുക. മൂന്നാമതും വന്നു. അപ്പോഴും നീ അദ്ദേഹത്തെ തേൻ കുടിപ്പിക്കുകയെന്ന് നബി(സ) അരുളി: വീണ്ടും അയാൾ വന്നുപറഞ്ഞു; ഞാനിങ്ങനെ ചെയ്തിട്ടും സുഖം കാണുന്നില്ല. നബി(സ) അരുളി: അല്ലാഹു പറഞ്ഞത് സത്യം തന്നെ. നിന്റെ സഹോദരന്റെ വയറ് കളവാക്കി നീ തേൻ തന്നെ കുടിപ്പിക്കുക. അദ്ദേഹത്തിന് വീണ്ടും തേൻ കൊടുത്തപ്പോൾ രോഗം സുഖപ്പെട്ടു. (ബുഖാരി. 7. 71. 588)

2111. ഖാലിദ്(റ) പറയുന്നു: ഞങ്ങൾ ഒരു യാത്രപുറപ്പെട്ടു. ഞങ്ങളുടെ കൂട്ടത്തിൽ ഗാലിബ്(റ) ഉണ്ടായിരുന്നു. അദ്ദേഹം വഴിയിൽ വെച്ച് രോഗിയായി. മദീനയിൽ വന്ന സന്ദർഭത്തിലും അദ്ദേഹം രോഗിതന്നെയാണ്. ഇബ്നു അബീഅതീഖ്(റ) അദ്ദേഹത്തെ സന്ദർശിച്ചു. അദ്ദേഹം ഞങ്ങളോട് പറഞ്ഞു. നിങ്ങൾ ഈ കരിഞ്ചീരകം ഉപയോഗിക്കുക. അഞ്ചോ ഏഴോളണ്ണം എടുത്ത് പൊടിക്കുക. ശേഷം സൈത്തൂൺ എണ്ണ ചേർത്ത് അദ്ദേഹത്തിന്റെ മൂക്കിലും ഇന്നഭാഗങ്ങളിലും ഒഴുക്കുക. തീർച്ചയായും ആയിശ(റ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. നബി(സ) അരുളി: തീർച്ചയായും

കരിഞ്ചീരകം മരണമൊഴിച്ചുള്ള എല്ലാ രോഗങ്ങൾക്കും ശമനൗഷധമാണ്. (ബുഖാരി. 7. 71. 591)

2112. ഇബ്നുഅബ്ബാസ്(റ) നിവേദനം: നബി(സ) കൊമ്പ് വെയ്ക്കുകയും കൊമ്പ് വെച്ചവ്യക്തിക്ക് വേതനം നൽകുകയും ചെയ്തു. അവിടുന്ന് മൂക്കിൽ മരുന്നു ഉററിക്കുകയും ചെയ്യാറുണ്ട്. (ബുഖാരി. 7. 71. 595)

2113. ഉമ്മുകൈസ്(റ) പറയുന്നു: നബി(സ)അരുളി: നിങ്ങൾ ഈ ഊദുൽഹിന്ദി (അകിൽ) ഉപയോഗിച്ചുകൊള്ളുക. അതിന് ഏഴ് തരം രോഗങ്ങൾക്ക് ശമനമുണ്ട്. ഉദ്റത്തു (തൊണ്ടയിലുണ്ടാകുന്ന ഒരുതരം രോഗം) ന്നും ഇതുകൊണ്ട് മൂക്കിൽ ഉററിക്കാം. ദാത്തുൽജമ്പി (പ്ലൂരസി) ഇതുകുടിക്കാൻ കൊടുക്കുകയും ചെയ്യാം. (ബുഖാരി. 7. 71. 596)

2114. ഇബ്നുഅബ്ബാസ്(റ) നിവേദനം: നബി(സ)അരുളി: പൂർവ്വിക സമുദായങ്ങളെയെല്ലാം എന്റെ മുമ്പിൽ പ്രദർശിപ്പിക്കപ്പെട്ടു. ഓരോനബിമാരും ഈരണ്ടു നബിമാരും ഓരോസംഘം അനുചരന്മാരോടുകൂടി നടന്നുകൊണ്ടിരിക്കുന്നു. ചില പ്രവാചകരന്മാരോടൊപ്പം ആരുമുണ്ടായിരുന്നില്ല. അവസാനം ഒരു വലിയ സംഘം ആളുകൾ എന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. ഞാൻ ചോദിച്ചു. ഈ സമുദായം ഏതാണ്? ഇതെന്റെ സമുദായമാണോ? ഇതു മൂസാ (അ)യും അദ്ദേഹത്തിന്റെ ജനതയുമാണെന്ന് എന്നോട് പറയപ്പെട്ടു. അപ്പോൾ ചക്രവാളം നിറയെ ഒരു ജനസമൂഹം നിൽക്കുന്നു. അങ്ങോട്ടുമിങ്ങോട്ടും നോക്കുക എന്ന് ചക്രവാളത്തിലേക്ക് ചൂണ്ടിക്കൊണ്ട് ത്തിൽ പ്രവേശിക്കും. ഇത്രയുമരുളിയിട്ട് വിശദീകരിക്കാതെ നബി(സ) വീട്ടിനുള്ളിലേക്ക് പോയി. ജനങ്ങൾ അതിനെക്കുറിച്ചുള്ള ചർച്ചയിൽ മുഴുകി. അവർ പറഞ്ഞു: ഞങ്ങളാണു അല്ലാഹുവിൽ വിശ്വസിക്കുകയും അവന്റെ ദൂതനെ പിൻതുടരുകയും ചെയ്തവർ. ഞങ്ങളാണ് ആ വിചാരണ കൂടാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്ന എഴുപതിനായിരം അല്ലെങ്കിൽ ഇസ്ലാമിൽ ജനിച്ച ഞങ്ങളുടെ സന്തതികൾ. നാം അജ്ഞാനകാലത്ത് ജനിച്ചവരാണല്ലോ. നബി(സ) പുറത്തുവന്ന് അരുളി: മന്ത്രിച്ചൂതാത്തവരും ശകുനം നോക്കാത്തവരും ചൂട് വെക്കാത്തവരും (ഹോമം ഇടാത്തവരും) തങ്ങളുടെ രക്ഷിതാവിൽ എല്ലാം അർപ്പിക്കുന്നവരുമായിരിക്കും, വിചാരണ ചെയ്യാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്ന ആ എഴുപതിനായിരം. ഉക്കാശ(റ) ചോദിച്ചു: പ്രവാചകരേ! ഞാനാകൂട്ടത്തിൽപെടുമോ? അതെയെന്ന് അവിടുന്ന് അരുളി. മറെറാരാൾ ചോദിച്ചു. ഞാൻ അവരിൽപ്പെടുമോ? നബി(സ) അരുളി: ഉക്കാശ നിന്റെ മുമ്പിൽ കടന്നുകഴിഞ്ഞു. (ബുഖാരി. 7. 71. 606)

2115. അസ്മാഅ്(റ) നിവേദനം: പനി പിടിച്ച ഒരു സ്ത്രീയെ എന്റെയടുക്കൽ കൊണ്ടു വന്നാൽ ആദ്യം അവൾക്ക് വേണ്ടി പ്രാർത്ഥിക്കും. എന്നിട്ട് തണുത്ത വെള്ളമെടുത്ത് അതു അവളുടെ മാറിടത്തിലൊഴിക്കും. പനിയെ വെള്ളം കൊണ്ട് തണുപ്പിക്കുവാൻ നബി(സ) ഞങ്ങളെ ഉപദേശിക്കാറുണ്ടായിരുന്നുവെന്ന് പറയുകയും ചെയ്യും. (ബുഖാരി. 7. 71. 620)

2116. അനസ്(റ) നിവേദനം: നബി(സ) അരുളി: പ്ലേഗുകാരണമുള്ള മരണം എല്ലാ മുസ്ലീമിനും രക്തസാക്ഷിത്വമാണ്. (ബുഖാരി. 7. 71. 628)

2117. സാബിതു(റ) പറയുന്നു: ഞാൻ അനസ്(റ)ന്റെ അടുത്ത് പ്രവേശിച്ച് എനിക്ക് അസുഖം ബാധിച്ചിട്ടുണ്ടെന്ന് പറഞ്ഞു. അപ്പോൾ അനസ്(റ)പറഞ്ഞു: നബി(സ)യുടെ മന്ത്രം ഞാൻ നിനക്ക് മന്ത്രിക്കട്ടെയോ? അതെയെന്ന് ഞാൻ പ്രത്യുത്തരം നൽകി. അപ്പോൾ അനസ്(റ) പ്രാർത്ഥിച്ചു. അല്ലാഹുവേ! ജനങ്ങളുടെ രക്ഷിതാവേ! പീഡനം ഇല്ലാതാക്കുന്നവനേ! നീ ശമനം നൽകേണമേ!. . . . . . (ബുഖാരി. 7. 71. 638)

2118. ആയിശ(റ) പറയുന്നു: നബി(സ) മന്ത്രിക്കാറുണ്ട്. അവിടുന്നുപറയും: ജനങ്ങളുടെ രക്ഷിതാവേ! നീ പീഡനം ഇല്ലാതാക്കണമേ. . . . . . (ബുഖാരി. 7. 71. 640)

2119. ആയിശ(റ) നിവേദനം: അല്ലാഹുവിന്റെ നാമത്തിൽ നമ്മുടെ നാഥന്റെ അനുമതിയോടെ, നമ്മുടെ ഭൂമിയിലെ മണ്ണ് നമ്മിൽ ചിലരുടെ തുപ്പ്നീരോട് കൂടി നമ്മുടെ രോഗിയുടെ രോഗത്തെ ശമിപ്പിക്കട്ടെ എന്ന് നബി(സ) രോഗിയെ നോക്കിക്കൊണ്ട് പ്രാർത്ഥിക്കും. (ബുഖാരി. 7. 71. 642)

2120. അബൂഹുറൈറ(റ) നിവേദനം: നബി(സ)അരുളി: ശകുനം ശരിയല്ല. ഏററവും ഉത്തമമായ ശുഭലക്ഷണം ഫഅ്ലാണ്. ഫഅ്ല് എന്താണെന്ന് അനുചരന്മാർ ചോദിച്ചപ്പോൾ നബി(സ) അരുളി: നിങ്ങളിലൊരാൾ ഒരുകാര്യത്തിന് പുറപ്പെടുമ്പോൾ കേൾക്കുന്ന നല്ല വാക്ക് തന്നെ. (ബുഖാരി. 7. 71. 650)

2121. അനസ്(റ) പറയുന്നു: നബി(സ)അരുളി: ശകുനത്തിലുള്ളവിശ്വാസം ശരിയല്ല. എന്നാൽ നല്ല വാക്കുകൾ എന്നെ അത്ഭുതപ്പെടുത്തും. (ബുഖാരി. 7. 71. 652)

2122. അബൂഹുറൈറ(റ) പറയുന്നു: ഹുദൈൽ ഗോത്രത്തിലെ രണ്ട് സ്ത്രീകൾക്കിടയിൽ ഉണ്ടായ ഒരു തർക്കത്തിൽ നബി(സ) വിധി പറഞ്ഞു: അവർ ശണ്ഠയായപ്പോൾ ഒരുത്തി മററവളെ കല്ലെടുത്തെറിഞ്ഞു. അതു ഗർഭിണിയായ അവളുടെ വയററിനു തട്ടി. ഗർഭത്തിലിരിക്കുന്ന അവളുടെ ശിശുവിനെ അങ്ങിനെ മററവൾ വധിച്ചുകളഞ്ഞു. നബി(സ)യുടെ മുന്നിൽ ആവലാതിയുമായി അവൾ വന്നു. ഒരു അടിമയെ അല്ലെങ്കിൽ ഒരു അടിമസ്ത്രീയെ നഷ്ടപരിഹാരമായി നൽകുവാൻ നബി(സ) കൽപ്പിച്ചു. നഷ്ടപരിഹാരം നൽകേണ്ട സ്ത്രീയുടെ രക്ഷിതാവ് പറഞ്ഞു: പ്രവാചകരേ! തിന്നുകയും കുടിക്കുകയും സംസാരിക്കുകയും മാത്രമല്ല ശബ്ദിക്കുകപോലും ചെയ്തിട്ടില്ലാത്തഒരുകുട്ടിക്ക് നഷ്ടപരിഹാരം നൽകാൻ ഞാനങ്ങനെയാണുത്തരവാദിയാകുക? അത്തരം നടപടികൾ പരിഗണിച്ച് ശിക്ഷിക്കുവാൻ പാടില്ല. നബി(സ) അരുളി: ഇവൻ പ്രശ്നം വെയ്ക്കുന്നവരുടെ കൂട്ടത്തിൽപ്പെട്ടവനാണെന്ന് തോന്നുന്നു. (ബുഖാരി. 7. 71. 654)

2123. അബൂഹുറൈറ(റ) നിവേദനം: നബി(സ)അരുളി: നിങ്ങൾ മഹാപാപങ്ങൾ വർജ്ജിക്കുവിൻ, അല്ലാഹുവിൽ പങ്കു ചേർക്കലും സിഹ്റ് ചെയ്യലും. (ബുഖാരി. 7. 71. 659)

2124. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: വല്ലവനും ഒരു മലയുടെ മുകളിൽ നിന്ന് ചാടി ആത്മഹത്യ ചെയ്തു. എങ്കിൽ അവന്റെ വാസസ്ഥലം നരകമായിരിക്കും. ശാശ്വതമായി അവനതിൽ വീണുകൊണ്ടിരിക്കും. വല്ലവനും വിഷം കഴിച്ച് ആത്മഹത്യ ചെയ്താൽ ശാശ്വതനായി നരകത്തിൽ വെച്ച് വിഷം കഴിച്ചുകൊണ്ടേയിരിക്കും. ഒരായുധം പ്രയോഗിച്ചു ഒരാൾ ആത്മഹത്യ ചെയ്താൽ ശാശ്വതനായി നരകത്തിൽ വെച്ച് കത്തി കയ്യിൽ പിടിച്ച് അവൻ തന്റെ വയറ് കുത്തിക്കീറിക്കൊണ്ടേയിരിക്കും. (ബുഖാരി. 7. 71. 670)

2125. സുഹ്രി(റ) പറയുന്നു: മുസ്ലിംകൾ ഒട്ടകത്തിന്റെ മൂത്രം കൊണ്ട് ചികിത്സിക്കാറുണ്ട്. പെൺകഴുതയുടെ പാലിനെ സംബന്ധിച്ച് നബി(സ)അതിന്റെ മാംസം വിരോധിച്ചതായി നമുക്ക് ലഭിച്ചിട്ടുണ്ട്. അതിന്റെ പാലിനെ സംബന്ധിച്ച് കൽപനയോ വിരോധമോ ഞങ്ങൾക്ക് ലഭിച്ചിട്ടില്ല. എന്നാൽ മൃഗങ്ങളുടെ പിത്തകോശത്തെ സംബന്ധിച്ച് നബി(സ) അതിന്റെ മാംസം വിരോധിച്ചത് നമുക്ക് ലഭിച്ചിട്ടുണ്ട്. നബി(സ) അരുളി: കോമ്പല്ലുള്ളവന്യമൃഗങ്ങൾ നിഷിദ്ധമാണ്. (ബുഖാരി. 7. 71. 672)

## 77. വസ്ത്രധാരണം

2126. ഇബ്നുഉമർ(റ) പറയുന്നു: നബി(സ) അരുളി: വല്ലവനും അഹങ്കാരത്തോട് കൂടി തന്റെ വസ്ത്രം നിലത്തു വലിച്ചാൽ അന്ത്യദിനത്തിൽ അല്ലാഹു അവന്റെ നേരെ നോക്കുകയില്ല. അപ്പോൾ അബൂബക്കർ(റ) പറഞ്ഞു: പ്രവാചകരേ! എന്റെ തുണിയുടെ ഒരു ഭാഗം നിലത്ത് പതിക്കാറുണ്ട്. ഞാൻ ജാഗ്രത പുലർത്തിയാൽ ഒഴികെ. നബി(സ)അരുളി: നീയത് അഹങ്കാരത്തോട് കൂടിചെയ്യുന്നവരിൽ പെട്ടവനല്ല. (ബുഖാരി. 7. 72. 675)

2127. അബൂഹുറൈറ(റ) നിവേദനം: നബി(സ)അരുളി: രണ്ട് നെരിയാണിവിട്ട് താഴേക്ക് ഇറങ്ങിയ വസ്ത്രം നരകത്തിലാണ്. (ബുഖാരി. 7. 72. 678)

2128. ഖതാദ: പറയുന്നു: നബി(സ)ക്ക് ഏററവും തൃപ്തികരമായ വസ്ത്രം മാത്രം ഏതാണെന്ന് ഞാൻ അനസിനോട് ചോദിച്ചു. അപ്പോൾ അനസ്(റ) പറഞ്ഞു: യമനിൽ നെയ്ത ഒരുതരം പച്ചപ്പുതപ്പ്. (ബുഖാരി. 7. 72. 703)

2129. ആയിശ(റ) നിവേദനം: നബി(സ) മരിച്ചപ്പോൾ യമനിൽ നെയ്ത ഒരുപച്ചപ്പുതപ്പ് കൊണ്ടാണ് മൂടിയിരുന്നത്. (ബുഖാരി. 7. 72. 705)

2130. അബൂഉസ്മാൻ(റ) പറയുന്നു: ഞങ്ങൾ ഉത്ബ: യുടെ കൂടെ ആദർബീച്ചാനിൽ ഇരിക്കുമ്പോൾ ഉമർ(റ)ന്റെ എഴുത്ത് ഞങ്ങൾക്ക് ലഭിച്ചു. തീർച്ചയായും നബി(സ) പട്ടുവിരോധിച്ചിട്ടുണ്ട്. തന്റെ ചൂണ്ടുവിരലും നടുവിരലും ചൂണ്ടിക്കൊണ്ട് ഇത്രയും വീതിയുള്ളതാണെങ്കിൽ വിരോധമില്ലെന്ന് അരുളിയിട്ടുണ്ട്. അപ്പോൾ അദ്ദേഹം ഉദ്ദേശിച്ചത് വരകൾ ആണെന്ന് ഞങ്ങൾ മനസ്സിലാക്കി. (ബുഖാരി. 7. 72. 718)

2131. അബൂഉസ്മാൻ(റ) നിവേദനം: ഉമർ(റ) എനിക്ക് ഇപ്രകാരം എഴുതി. നബി(സ) അരുളി; വല്ലവനും പട്ട് ദുൻയാവിൽ ധരിച്ചാൽ പരലോകത്ത് അതിൽ നിന്ന് അൽപം പോലും അവൻ ധരിക്കുകയില്ല. (ബുഖാരി. 7. 72. 719)

2132. ഇബ്നുസുബൈർ(റ) പ്രസംഗിച്ചുപറഞ്ഞു: മുഹമ്മദ്(സ) പറഞ്ഞു: വല്ലവനും ദുൻയാവിൽ പട്ടു ധരിച്ചാൽ പരലോകത്ത് അതു ധരിക്കുകയില്ല. (ബുഖാരി. 7. 72. 724)

2133. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: നിങ്ങൾ ചെരിപ്പ് ധരിക്കുമ്പോൾ ആദ്യം വലത്തേത് ധരിക്കട്ടെ. അഴിക്കുമ്പോൾ ഇടത്തേതഴിക്കട്ടെ. അതായത് അവൻ ആദ്യം ധരിക്കുന്നതും അവസാനം അഴിക്കുന്നതും വലത്തേതായിരിക്കണം. (ബുഖാരി. 7. 72. 747)

2134. അനസ്(റ) പറയുന്നു: നബി(സ)യുടെ ചെരിപ്പിന് രണ്ടു വാർ ഉണ്ടായിരുന്നു. (ബുഖാരി. 7. 72. 748)

2135. അബൂഹുറൈറ(റ) നിവേദനം: നബി(സ)സ്വർണ്ണത്തിന്റെ മോതിരം വിരോധിച്ചിട്ടുണ്ട്. (ബുഖാരി. 7. 72. 754)

2136. ഇബ്നുഉമർ(റ) നിവേദനം: നബി(സ) സ്വർണ്ണം കൊണ്ട് ഒരു മോതിരം നിർമ്മിച്ചു. മോതിരക്കല്ല് കൈപടത്തിന്റെ ഭാഗത്തുമാക്കി. അപ്പോൾ ജനങ്ങളും അപ്രകാരം ചെയ്തു. ശേഷം നബി(സ) എറിഞ്ഞുകളഞ്ഞു. പിന്നീട് വെള്ളിയുടെ മോതിരം നിർമ്മിച്ചു. അപ്പോൾ ജനങ്ങളും വെള്ളിയുടെ മോതിരം നിർമ്മിച്ചു. ഇബ്നുഉമർ(റ) പറയുന്നു: നബി(സ)ക്ക് ശേഷം അബൂബക്കർ, ഉമർ, ഉസ്മാൻ മുതലായവരും മോതിരം ധരിക്കുകയുണ്ടായി. ഉസ്മാന്റെ മോതിരം അരീസ് കിണററിൽ വീഴുന്നതുവരെ. നബി(സ) സ്വർണ്ണത്തിന്റെ മോതിരം നിർമ്മിച്ചു അതു ധരിച്ചു. ശേഷം ഞാനിതു ഒരിക്കലും ധരിക്കുകയില്ലെന്ന് പ്രഖ്യാപിച്ചുകൊണ്ട് അതിനെ

ദൂരെയെറിഞ്ഞു. അപ്പോൾ ജനങ്ങളും അവരുടെ മോതിരം ഊരിയെറിഞ്ഞു. (ബുഖാരി. 7. 72. 756)

2137. അനസ്(റ) പറയുന്നു: നബി(സ)യുടെ ചെറുവിരലിൽ ഉണ്ടായിരുന്ന മോതിരത്തിന്റെ തിളക്കം ഞാൻ ഇപ്പോഴും ദർശിക്കുന്നു. (ബുഖാരി. 7. 72. 758)

2138. അനസ്(റ) നിവേദനം: നബി(സ)യുടെ മോതിരം വെള്ളിയായിരുന്നു. അതിന്റെ മോതിരക്കല്ലും അപ്രകാരം തന്നെ വെള്ളിയായിരുന്നു. (ബുഖാരി. 7. 72. 759)

2139. ഇബ്നുഅബ്ബാസ്(റ) പറയുന്നു: സ്ത്രീ വേഷം ധരിച്ചവരെ നിങ്ങൾ വീടുകളിൽ നിന്ന് പുറത്താക്കുവീൻ എന്ന് നബി(സ) അരുളി: അങ്ങിനെ നബി(സ) ഒരാളെയും ഉമർ ഒരു സ്ത്രീയെയും വീട്ടിൽ നിന്ന് പുറത്താക്കി. (ബുഖാരി. 7. 72. 774)

2140. ഇബ്നുഉമർ(റ) നിവേദനം: മീശവെട്ടൽ പ്രകൃതിയിൽപെട്ടതാണ്. (ബുഖാരി. 7. 72. 776)

2141. അബൂഹുറൈറ(റ) നിവേദനം: അഞ്ച് കാര്യങ്ങൾ പ്രകൃതിയിൽപെട്ടതാണ്. ചേലാകർമ്മം, ഗുഹ്യസ്ഥാനത്തെ മുടികളയൽ, കക്ഷത്തെ മുടി നീക്കൽ, നഖം മുറിക്കൽ, മീശവെട്ടൽ (ബുഖാരി. 7. 72. 779)

2142. ഇബ്നുഉമർ(റ) പറയുന്നു: നബി(സ)അരുളി: നിങ്ങൾ മുശ്രിക്കുകൾക്ക് എതിരാകുവീൻ. താടി നീട്ടുകയും മീശവെട്ടുകയും ചെയ്യുക. (ബുഖാരി. 7. 72. 780)

2143. അനസ്(റ) നിവേദനം: നബി(സ)യുടെ മുടി പററെ ചുരുണ്ടതോ പററെ നീണ്ടുകിടക്കുന്നതോ ആയിരുന്നില്ല. ചുരുണ്ടതായിരുന്നു. അവിടുത്തെ ചെവിക്കും പിരടിക്കും ഇടക്കായി അവ നീണ്ടുകിടക്കുമായിരുന്നു. (ബുഖാരി. 7. 72. 791)

2144. അനസ്(റ) നിവേദനം: നബി(സ) ഇരുകൈകളും പാദങ്ങളും മുഴുത്ത ഒരാളായിരുന്നു. കൈപ്പടങ്ങൾ വളരെ വിശാലങ്ങളായിരുന്നു. (ബുഖാരി. 7. 72. 792)

2145. ഇബ്നുഉമർ(റ) പറയുന്നു: തലമുടിയുടെ ഒരു ഭാഗം വടിക്കുകയും കുറെ ഭാഗം വളർത്തുകയും ചെയ്യുന്നത് നബി(സ)വിരോധിച്ചത് ഞാൻ കേട്ടിട്ടുണ്ട്. (ബുഖാരി. 7. 72. 796)

2146. ആയിശ(റ) പറയുന്നു: നബി(സ)ക്ക് എന്റെ കൈകൊണ്ട് സുഗന്ധം പുരട്ടിക്കൊടുത്തു. അദ്ദേഹം ഇഹ്റാം കെട്ടുന്ന സന്ദർഭത്തിൽ അതുപോലെ ത്വവാഫുൽ ഇഫളൗക്ക് മുമ്പായി മിനയിൽ വെച്ചും. (ബുഖാരി. 7. 72. 805)

2147. സഹ്ല്(റ) നിവേദനം: നബി(സ) ഒരു ചീർപ്പുകൊണ്ട് മുടി ചീകിക്കൊണ്ടിരിക്കുമ്പോൾ ഒരാൾ നബി(സ)യുടെ വീട്ടിലേക്ക് എത്തിനോക്കി. നബി(സ) പറഞ്ഞു: നോക്കിയതു ഞാനറിഞ്ഞിരുന്നുവെങ്കിൽ ഇതുകൊണ്ട് നിന്റെ കണ്ണിന് കുത്തുമായിരുന്നു. സമ്മതം ചോദിക്കൽ കണ്ണിന്റെ കാരണത്താലാണ് നിശ്ചയിച്ചതുതന്നെ. (ബുഖാരി. 7. 72. 807)

2148. ആയിശ(റ) പറയുന്നു: നബി(സ)ഹജ്ജിൽ പ്രവേശിക്കുമ്പോൾ നാട്ടിൽ കിട്ടാവുന്നതിൽ വെച്ച് ഏററവും മേത്തരം സുഗന്ധം നബിക്ക് ഞാൻ പൂശിക്കാറുണ്ട്. (ബുഖാരി. 7. 72. 812)

2149. അനസ്(റ) നിവേദനം: നബി(സ) സുഗന്ധദ്രവ്യം സമ്മാനിച്ചാൽ അതു നിരസിക്കാറില്ല. അനസും അപ്രകാരം ചെയ്യും. (ബുഖാരി. 7. 72. 813)

2150. ആയിശ(റ) പറയുന്നു: ഹജ്ജത്തുൽ വദാഇൽ ഹജ്ജിന് ഇഹ്റാം കെട്ടുമ്പോഴും ഹജ്ജിൽ നിന്ന് വിരമിച്ചപ്പോഴും നബി(സ)ക്ക് ഞാൻ 'ദരീറ'' എന്ന സുഗന്ധം പൂശിക്കൊടുത്തു. (ബുഖാരി. 7. 72. 814)

2151. അബ്ദുല്ല(റ) പറയുന്നു: നബി(സ)അരുളി: പരലോകത്ത് ജനങ്ങളിൽ കൂടുതൽ ശിക്ഷ അനുഭവിക്കപ്പെടുന്നവരാണ് ചിത്രം വരക്കുന്നവർ. (ബുഖാരി. 7. 72. 834)

2152. ആയിശ(റ) നിവേദനം: ആയിശ(റ) പറയുന്നു: കുരിശിന്റെ ചിത്രമുള്ള യാതൊന്നും തന്നെ നബി(സ) തന്റെ വീടുകളിൽ ഉപേക്ഷിച്ചിടുകയില്ല. (ബുഖാരി. 7. 72. 836)

2153. അബൂസുർഅ(റ) പറയുന്നു: അബൂഹുറൈറ(റ)യുടെ കൂടെ മദീനയിലെ ഒരു വീട്ടിൽ ഞാൻ കയറി. അപ്പോൾ ചുമരിന് മുകളിൽ ഒരാൾ ചിത്രം വരക്കുന്നത് അദ്ദേഹം കണ്ടു. ഉടനെ അബൂഹുറൈറ(റ) പറഞ്ഞു: തിരുമേനി(സ) അരുളിയതു ഞാൻ കേട്ടിട്ടുണ്ട്. ഞാൻ സൃഷ്ടിക്കും പോലെ സൃഷ്ടിക്കുവാൻ മുതിരുന്നവനേക്കാൾ അക്രമി ആരുണ്ട്?. അവർക്ക് കഴിവുണ്ടെങ്കിൽ ഒരു ധാന്യമണി സൃഷ്ടിക്കട്ടെ. വേണ്ട ഒരണുവെങ്കിലും സൃഷ്ടിക്കട്ടെ. ശേഷം അദ്ദേഹം ഒരുപാത്രത്തിൽ വെള്ളം കൊണ്ടുവരാൻ ആവശ്യപ്പെട്ടു. എന്നിട്ട് വുളു എടുത്തു. (ബുഖാരി. 7. 72. 837)

2154. ആയിശ(റ) നിവേദനം: ഞാൻ ചിത്രങ്ങൾ ഉള്ള ഒരുതലയിണ വിലക്ക് വാങ്ങി. നബി(സ) വീട്ടിൽ പ്രവേശിക്കാതെ വാതിന്മേൽ ഇരുന്നു. ഞാൻ പറഞ്ഞു: ഞാൻ അല്ലാഹുവിനോട് പാപമോചനം തേടുന്നു. എന്തുതെററാണ് ഞാൻ ചെയ്തതു? നബി(സ)അരുളി: ഈ തലയിണ തന്നെ. ഞാൻ പറഞ്ഞു: പ്രവാചകരേ! താങ്കൾക്ക് ഇരിക്കാനും തല വെയ്ക്കുവാനും വേണ്ടി ഞാൻ വാങ്ങിയതാണിത്. നബി(സ)അരുളി: തീർച്ചയായും ഈ ചിത്രങ്ങൾ വരക്കുന്നവർ പരലോകത്ത് ശിക്ഷിക്കപ്പെടും. അവരോട് പറയും. നിങ്ങൾ വരച്ചതിനെ ജീവിപ്പിക്കുവീൻ, തീർച്ചയായും മലക്കുകൾ ചിത്രമുള്ളവീടുകളിൽ പ്രവേശിക്കുകയില്ല. (ബുഖാരി. 7. 72. 840)

2155. അബൂജുഹൈഫ(റ) പറയുന്നു: നബി(സ) പലിശ തിന്നുന്നവനേയും തീററിക്കുന്നവനേയും പച്ചകുത്തുന്നവനേയും അതിന് ആവശ്യപ്പെടുന്നവനേയും ചിത്രം വരക്കുന്നവനേയും ശപിച്ചിരിക്കുന്നു. (ബുഖാരി. 7. 72. 845)

2156. മിസ്വർ(റ) പറഞ്ഞു: ഞാൻ ഭാരമുള്ള ഒരു കല്ലെടുത്ത് നടന്നുപോയപ്പോൾ എന്റെ വസ്ത്രം വീണുപോയി. അല്ലാഹുവിന്റെ ദൂതൻ പറഞ്ഞു: വസ്ത്രം ധരിക്കുക. നഗ്നമായി നടക്കരുത്. (അബൂദാവൂദ്)

2157. ഉമ്മുസൽമ(റ) പറഞ്ഞു: ഞാൻ സ്വർണ്ണാഭരണങ്ങൾ ധരിക്കുക പതിവായിരുന്നു. ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരെ, ഇതുപൂഴ്ത്തിവെക്കലാണോ? അവിടുന്ന് പറഞ്ഞു: സക്കാത്തിന്റെ സീമയിൽ എത്തുന്നതേതോ, അതിന്നും സക്കാത്തുകൊടുത്താൽ അതുപൂഴ്ത്തിവെയ് ക്കലല്ല. (അബൂദാവൂദ്)

2158. ഇബ്നു അബ്ബാസി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) തറപ്പിച്ചുപറഞ്ഞു: നിങ്ങൾ വെള്ള വസ്ത്രം ധരിക്കുക. അതാണ് നിങ്ങളുടെ വസ്ത്രങ്ങളിലുത്തമം. നിങ്ങളിൽ നിന്ന് മരണപ്പെട്ടവരെ അതുകൊണ്ട് കഫനും ചെയ്യുക. (അബൂദാവൂദ്, തിർമിദി)

2159. സമുറ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) അരുളി: നിങ്ങൾ വെള്ള വസ്ത്രം ധരിക്കുക, അതാണ് നിങ്ങൾക്കേററവും അഭികാമ്യവും ശുദ്ധവുമായത്. മരണപ്പെട്ടവരെ അതിൽ കഫനും ചെയ്യുക. (നസാഈ). (വെള്ളവസ്ത്രത്തിൽ അഴുക്കുകൾ തെളിഞ്ഞ് കാണുന്നതുകൊണ്ട് കഴുകി വൃത്തിയാക്കാൻ സാധിക്കുന്നു.

വർണ്ണപ്പകിട്ടാർന്നവസ്ത്രം ധരിക്കുന്നതുകൊണ്ട് അഹന്തയും പൊങ്ങച്ചവും വന്നുചേരുന്നു. വെള്ളവസ്ത്രം ധരിക്കുമ്പോൾ അവയൊന്നും നേരിടുകയില്ല)

2160. ജാബിറി(റ)ൽ നിന്ന് നിവേദനം: മക്കാവിജയദിവസം ഒരുകറുത്ത തലപ്പാവു ധരിച്ചുകൊണ്ട് നബി(സ) കയറിവന്നു. (മുസ്ലിം)

2161. അബൂസഈദി(റ)ൽ നിന്ന് നിവേദനം: അവിടുത്തെ രണ്ടു ചുമലുകൾക്കിടയിൽ താഴ്ത്തിയിട്ടുകൊണ്ട് കറുത്ത തലപ്പാവ് ധരിച്ച നബി(സ) യെ ഞാനിപ്പോഴും കാണുംപോലെയുണ്ട്. (മുസ്ലിം)

2162. ആയിശ(റ)ൽ നിന്ന്: ഒരു സുപ്രഭാതത്തിൽ നബി(സ) വീടുവിട്ടുപുറത്തിറങ്ങി. റഹ്ലി (ഒട്ടകക്കട്ടിലി) ന്റെ ചിത്രമുള്ള കറുത്ത രോമംകൊണ്ടുള്ള ഒരു വസ്ത്രമായിരുന്നു അവിടുന്നപ്പോൾ ധരിച്ചിരുന്നത്. (മുസ്ലിം)

2163. ഉമ്മുസലമ(റ)യിൽ നിന്ന് നിവേദനം: വസ്ത്രങ്ങളിൽവെച്ച് നബി(സ) യ്ക്ക് ഏററവും ഇഷ്ടപ്പെട്ടത് ഖമീസ് (കുപ്പായം) ആയിരുന്നു. (അബൂദാവൂദ്, തിർമിദി)

2164. അസ്മാഅ്(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) യുടെ കുപ്പായക്കൈ ഭുജം വരെയായിരുന്നു. (അബൂദാവൂദ്, തിർമിദി)

2165. അബൂദർറി(റ)ൽ നിന്ന് നിവേദനം: നബി(സ) അരുൾ ചെയ്തു: മൂന്നു തരക്കാർ! അന്ത്യ ദിനത്തിൽ അല്ലാഹു അവരോട് സംസാരിക്കുകയോ അവരിലേക്ക് തിരിഞ്ഞുനോക്കുകയോ അവരെ ശുദ്ധീകരിക്കുകയോ ഇല്ല. വേദനാജനകമായ ശിക്ഷ അവർക്ക് ലഭിക്കുകയും ചെയ്യും. നിവേദകർ പറയുന്നു: റസൂൽ(സ) ഇത് മൂന്ന് പ്രാവശ്യം ഓതി കേൾപ്പിച്ചു. അബൂദർറ് പറഞ്ഞു: അവർ പരാജിതരാണല്ലോ, അല്ലാഹുവിന്റെ പ്രവാചകരെ ആരാണവർ? റസൂൽ(സ) പറഞ്ഞു: 1 വസ്ത്രം വലിച്ചിഴക്കുന്നവൻ 2 തന്റെ നന്മകൾ എടുത്തുപറയുന്നവൻ (പ്രത്യുപകാരമോ വിധേയത്വമോ പ്രതീക്ഷിക്കുകയും അതിന്റെ അഭാവത്തിലോ മറേറാനന്മ കിട്ടിയവരെ ബുദ്ധിമുട്ടിക്കുക) 3 കള്ളസത്യം വഴി ചരക്ക് വിററഴിക്കുന്നവൻ (മുസ്ലിം)

2166. ഇബ്നു ഉമറി(റ) വിൽ നിന്ന് നിവേദനം: നബി(സ) അരുളി: അരയുടുപ്പിലും ഖമീസിലും തലപ്പാവിലും ഇസ്ബാലുണ്ട്. അവയിൽ നിന്ന് വല്ലതും അഹന്തകൊണ്ട് വലിച്ചിഴക്കുന്ന പക്ഷം അന്ത്യദിനത്തിൽ അല്ലാഹു അവനെ നോക്കുകയില്ല. (അബൂദാവൂദ്, നസാഈ)

2167. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: ഒരാൾ തന്റെ വസ്ത്രം താഴ്ത്തിയിട്ട് നമസ്കരിക്കെ റസൂൽ(സ) അയാളോട് പറഞ്ഞു: നീ പോയി വുളുചെയ്യുക. അയാൾ പോയി വുളുചെയ്തു വന്നപ്പോൾ റസൂൽ(സ) വീണ്ടും പറഞ്ഞു: നീ പോയി വുളുചെയ്യൂ. തൽക്ഷണം മറെറാരാൾ ചോദിച്ചു: പ്രവാചകരേ! അയാളോട് വുളുചെയ്യാൻ കൽപിച്ചുവെങ്കിലും പിന്നീട് അങ്ങ് മൗനമവലംബിച്ചുവല്ലോ. (അതെന്താണെന്ന് മനസ്സിലായില്ല) അവിടുന്ന് പറഞ്ഞു: അവൻ വസ്ത്രം താഴ്ത്തിയിട്ടാണ് നമസ്കരിച്ചത്. വസ്ത്രം താഴ്ത്തിയിടുന്നവന്റെ നമസ്കാരം അല്ലാഹു സ്വീകരിക്കുകയില്ല. (അബൂദാവൂദ്)

2168. അബൂസഈദി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പ്രസ്താവിച്ചു: മുസൽമാന്റെ മുണ്ട് തണ്ടങ്കാൽ പകുതിവരെയാണ്. മടമ്പസ്ഥിവരെ അതെത്തുന്നത് കൊണ്ട് തെററില്ല. മടമ്പുംവിട്ട് താഴ്ന്നുകിടക്കുന്നത് നരകത്തിലാണ്. അഹന്തമൂലം മുണ്ട് വലിച്ചിഴക്കുന്നവനെ അല്ലാഹു നോക്കുകപോലുമില്ല. (അബൂദാവൂദ്)

2169. ഇബ്നുഉമറി(റ)ൽ നിന്ന് നിവേദനം: ഞാൻ ഒരിക്കൽ റസൂൽ(സ)യുടെ അരികിൽ നടന്നുചെന്നു. എന്റെ മുണ്ട് അല്പം താഴ്ന്നിരുന്നു. അപ്പോൾ പ്രവാചകൻ പറഞ്ഞു.

അബ്ദുല്ലാ! നിന്റെ മുണ്ട് പൊക്കിയുടുക്കൂ. ഞാൻ അത് പൊക്കിയുടുത്തു. പിന്നീട് തിരുദൂതൻ(സ) പറഞ്ഞു. അല്പം കൂടിപൊക്കൂ. അപ്പോഴും ഞാൻ അങ്ങിനെ പൊക്കിയുടുത്തു. അതിനു ശേഷം ഞാനക്കാര്യം വളരെ ശ്രദ്ധിച്ചുപോന്നു. എത്രത്തോളമെന്ന് ചിലർ ചോദിച്ചപ്പോൾ, ഈ തണ്ടൻകാലുകളുടെ പകുതിവരെ എന്ന് ഞാൻ മറുപടികൊടുത്തു. (മുസ്ലിം)

2170. ഇബ്നുഉമറി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) അരുളി: അഹങ്കാരത്തോടുകൂടി വസ്ത്രം വലിച്ചിഴക്കുന്നവനെ അന്ത്യദിനത്തിൽ അല്ലാഹു നോക്കുകയില്ല. ഉമ്മുസലമ(റ) ചോദിച്ചു. സ്ത്രീകൾ വസ്ത്രാഗ്രം എന്തുചെയ്യണം. ? തിരുദൂതൻ(സ) അരുളി: അവർ ഒരു ചാൺ താഴ്ത്തിയിടട്ടെ! ഉമ്മുസലമ(റ) പറഞ്ഞു. അവരുടെ പാദങ്ങൾ വെളിവായാലോ? അപ്പോൾ അവിടുന്ന് പറഞ്ഞു. എന്നാലവർ ഒരു മുഴം താഴ്ത്തണം. അതിൽ കൂടതൽ വേണ്ട. (അബൂദാവൂദ്, തിർമിദി)

2171. മുആദി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) തറപ്പിച്ചുപറഞ്ഞു. കഴിവുണ്ടായിരിക്കെ അല്ലാഹുവോടുള്ള വിനയത്തിന്റെ പേരിൽ വസ്ത്രാലങ്കാരമുപേക്ഷിച്ചവനെ ജനമദ്ധ്യത്തിൽ ക്ഷണിച്ചുവരുത്തി സത്യവിശ്വാസികളുടെ വസ്ത്രങ്ങളിൽവെച്ച് അവൻ തിരഞ്ഞെടുക്കുന്നത് ധരിക്കുവാൻ ഖിയാമത്തുനാളിൽ അല്ലാഹു അനുമതി നല്കുന്നതാണ്. (തിർമിദി)

2172. അംറ്(റ) തന്റെ പിതാവിൽ നിന്നും പിതാവ് തന്റെ പിതാമഹനിൽ നിന്നും നിവേദനം: റസൂൽ(സ) പറഞ്ഞു. അല്ലാഹു അവന്റെ ദാസന് ചെയ്തിട്ടുള്ള അനുഗ്രഹങ്ങൾ ദർശിക്കുവാൻ അവനിഷ്ടപ്പെടും. (തിർമിദി)

2173. അലി(റ)യിൽ നിന്ന് നിവേദനം: ഒരിക്കൽ വലതുകയ്യിൽ പട്ടും ഇടതുകയ്യിൽ സ്വർണ്ണവും എടുത്തുവെച്ചുകൊണ്ട് നബി(സ) പറയുകയുണ്ടായി നിശ്ചയം, ഇവരണ്ടും എന്റെ സമുദായത്തിലെ പുരുഷന്മാർക്ക് നിഷിദ്ധമാണ്. (അബൂദാവൂദ്)

2174. അബൂമൂസ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) അരുളി: പട്ടും സ്വർണ്ണവും അണിയൽ എന്റെ സമുദായത്തിലെ പുരുഷൻമാർക്ക് നിഷിദ്ധവും സ്ത്രീകൾക്ക് അനുവദനീയവുമാണ്. (തിർമിദി)

2175. മുആവിയ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) അരുളി: പട്ടും പുലിത്തോലും നിങ്ങൾ വാഹനമാക്കരുത്. (ഇരിക്കാൻ ഉപയോഗിക്കരുത്) (അബൂദാവൂദ്)

2176. അബുൽമലീഹ്(റ) തന്റെ പിതാവിൽ നിന്ന് നിവേദനം: വന്യമൃഗങ്ങളുടെ തോലുപയോഗിക്കുന്നത് നബി(സ) നിരോധിച്ചു. (അബൂദാവൂദ്, തിർമിദി, നസാഈ)

2177. അബൂസഈദി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പുതുവസ്ത്രം ധരിക്കുമ്പോൾ തലപ്പാവ്, ഷർട്ട്, രണ്ടാംമുണ്ട് അന്നിങ്ങനെ പേര് പറഞ്ഞുകൊണ്ട് റസൂൽ(സ) പ്രാർത്ഥിക്കാറുണ്ട്. അല്ലാഹുവേ! നിനക്കാണ് സർവ്വസ്തുതിയും. നീയാണ് അതെന്നെ ധരിപ്പിച്ചത്. അതുകൊണ്ടുള്ള മേന്മയും അതെന്തിനു വേണ്ടി നിർമ്മിക്കപ്പെട്ടുവോ, അതിന്റെ മേന്മയും ഞാൻ നിന്നോട് ചോദിക്കുന്നു. അതുകൊണ്ടുള്ള അനർത്ഥത്തിൽ നിന്നും അതെന്തിനുവേണ്ടി നിർമ്മിക്കപ്പെട്ടുവോ, അതിന്റെ അനർത്ഥത്തിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു. (അബൂദാവൂദ്, തിർമിദി)

## 78. മര്യാദകൾ

2178. അബൂഹുറൈറ(റ) നിവേദനം: ഒരാൾ വന്ന് നബി(സ) യോട് ചോദിച്ചു. പ്രവാചകരേ! എന്നിൽ നിന്ന് നല്ല പെരുമാററം ലഭിക്കുവാൻ ഏററവും അവകാശപ്പെട്ടതാരാണ്? നിന്റെ മാതാവ് എന്ന് നബി(സ) അരുളി. പിന്നെ ആരാണ് ?

നിന്റെ മാതാവ്. പിന്നെയാരാണ്? നിന്റെ മാതാവ്. പിന്നെയാരാണ്? നിന്റെ പിതാവ് എന്ന് നബി(സ) പ്രത്യുത്തരം നൽകി. (ബുഖാരി. 8. 73. 2)

2179. ജുബൈർ(റ) നിവേദനം: നബി(സ)അരുളി: കുടുംബബന്ധം മുറിക്കുന്നവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. (ബുഖാരി. 8. 73. 13)

2180. അബൂഹുറൈറ(റ) പറയുന്നു: നബി(സ)അരുളി: വല്ലവനും തന്റെ ആഹാരത്തിൽ വിശാലത ലഭിക്കുവാനും തന്റെ അവധി പിന്തിപ്പിച്ചുകിട്ടുവാനും (ദീർഘായുസ്സ് ലഭിക്കുവാനും)ആഗ്രഹിക്കുന്നുവെങ്കിൽ അവൻ കുടുംബബന്ധം പുലർത്തട്ടെ. (ബുഖാരി. 8. 73. 14)

2181. അബൂഹുറൈറ(റ) പറയുന്നു: നബി(സ) അരുളി: തീർച്ചയായും കുടുംബബന്ധം പരമകാരുണികന്റെ വേരുകളാണ്. അല്ലാഹു പറയും. നിന്നോട് ബന്ധം പുലർത്തിയവനോട് ഞാനും ബന്ധം പുലർത്തും. നീയുമായി ബന്ധം മുറിച്ചവനോട് ഞാനും ബന്ധം മുറിക്കും. (ബുഖാരി. 8. 73. 17)

2182. അംറ്ബ്നുൽ ആസ്വി(റ) നിവേദനം: നബി(സ) രഹസ്യമായിട്ടല്ല പരസ്യമായിട്ടുതന്നെ അരുളുന്നതു ഞാൻ കേട്ടു. ഇന്നവന്റെ കുടുംബങ്ങൾ എന്റെ മിത്രങ്ങളല്ല. എന്റെ മിത്രങ്ങൾ അല്ലാഹുവും സദ്‌വൃത്തരായ വിശ്വാസികളുമാണ്. എന്നാൽ അവരും ഞാനുമായി കുടുംബബന്ധമുണ്ട്. ആ ബന്ധം മുൻനിർത്തി അവർ പെരുമാറും പോലെ ഞാൻ പെരുമാറും. (ബുഖാരി. 8. 73. 19)

2183. അബ്ദുല്ല(റ) നിവേദനം: നബി(സ)അരുളി: ഇങ്ങോട്ട് ചെയ്ത ഉപകാരത്തിന് പ്രത്യുപകാരം ചെയ്യുന്നവനല്ല കുടുംബബന്ധം പുലർത്തുന്നവൻ. പിന്നെയോ മുറിഞ്ഞുപോയ ബന്ധം പുനസ്ഥാപിക്കുന്നവനാണ്. (ബുഖാരി. 8. 73. 20)

2184. അബൂഹുറൈറ(റ) നിവേദനം: നബി(സ) അലിയുടെ പുത്രൻ ഹസ്സൻ(റ)നെ ചുംബിച്ചു. നബി(സ)യുടെ അടുത്തു അഖ്റഅ്(റ) ഇരിക്കുന്നുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: എനിക്ക് പത്തു സന്താനങ്ങളുണ്ട്. ഞാൻ അവരിൽ ഒരാളേയും ചുംബിച്ചിട്ടില്ല. അപ്പോൾ നബി(സ) അദ്ദേഹത്തിലേക്ക് ഒന്നു നോക്കി. ശേഷം പറഞ്ഞു: കരുണചെയ്യാത്തവനോട് അല്ലാഹുവും കരുണചെയ്യുകയില്ല. (ബുഖാരി. 8. 73. 26)

2185. ആയിശ(റ) നിവേദനം: ഒരുഗ്രാമീണൻ വന്ന് നബി(സ)യോട് പറഞ്ഞു: നിങ്ങൾ കുട്ടികളെ ചുംബിക്കാറുണ്ടോ? ഞങ്ങൾ ചുംബിക്കാറില്ല. നബി(സ) അരുളി: അല്ലാഹു നിന്റെ മനസ്സിൽ കാരുണ്യം എടുത്തുകളഞ്ഞെങ്കിൽ എനിക്ക് എന്തുചെയ്യാൻ കഴിയും? (ബുഖാരി. 8. 73. 27)

2186. ഉമർ(റ) നിവേദനം: നബി(സ)യുടെ അടുക്കൽ ഒരു സംഘം യുദ്ധത്തടവുകാരെ കൊണ്ടുവന്നു. കൂട്ടത്തിൽ ഒരു സ്ത്രീയുമുണ്ടായിരുന്നു. മുലപ്പാൽ കുടിക്കുവാൻ കുട്ടിയില്ലാത്തതിനാൽ അവൾ തന്റെ മുലപ്പാൽ കറന്നെടുത്തുകൊണ്ടിരുന്നു. അപ്പോൾ ബന്ധികളുടെ കൂട്ടത്തിൽ മരിച്ചുപോയിയെന്ന് അവൾ വിചാരിച്ചിരുന്ന അവളുടെ കുട്ടിയെ അവൾ കണ്ടു. ഉടനെ അവനെ വാരിയെടുത്തു മാറോട് ചേർത്തി മുലകൊടുക്കുവാൻ തുടങ്ങി. നബി(സ) ഞങ്ങളോട് ചോദിച്ചു. ഇവൾ തന്റെ കുഞ്ഞിനെ തീയിലെറിയുമെന്ന് നിങ്ങൾക്ക് അഭിപ്രായമുണ്ടോ ? ഞങ്ങൾ പറഞ്ഞു: ഒരിക്കലുമില്ല. വല്ല മാർഗ്ഗവുമുണ്ടായാൽ അവൾ എറിയുകയില്ല. നബി(സ) പ്രത്യുത്തരം നൽകി. എങ്കിൽ ഇവൾക്ക് തന്റെ ശിശുവിനോടുള്ളതിനേക്കാൾ കൂടുതൽ കൃപ അല്ലാഹുവിന് തന്റെ ദാസന്മാരോടുണ്ടെന്ന് നിങ്ങളോർക്കണം. (ബുഖാരി. 8. 73. 28)

2187. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: അല്ലാഹു തന്റെ കാരുണ്യത്തെ നൂറ് ഓഹരിയാക്കി ഭാഗിച്ചു. 99 ഭാഗവും അവന്റെയടുക്കൽതന്നെ സൂക്ഷിച്ചു. ഒരു ഭാഗം മാത്രം ഭൂമിയിലേക്കയച്ചു. സൃഷ്ടികൾ പരസ്പരം കാണിക്കുന്ന കൃപ ആ ഒരംശത്തിൽ പെട്ടതാണ്. തന്റെ കുട്ടിക്ക് ആപത്തുപററാതിരിക്കുവാനായി ഒരുകുതിര കുളമ്പ് ഉയർത്തുന്നതുപോലും ആ കാരുണ്യത്തിൽപ്പെട്ടതാണ്. (ബുഖാരി. 8. 73. 29)

2188. സഹ്ല്(റ) പറയുന്നു: നബി(സ)തന്റെ നടുവിരലും ചൂണ്ടാണിവിരലും ചേർത്തിക്കൊണ്ട് പറഞ്ഞു. ഞാനും അനാഥയെ സംരക്ഷിക്കുന്നവനും സ്വർഗ്ഗത്തിൽ ഇതുപോലെയാണ്. (ബുഖാരി. 8. 73. 34)

2189. അബൂഹുറൈറ(റ) പറയുന്നു: വിധവയുടെയും ദരിദ്രന്റെയും ജീവിതം സുഖകരമാക്കുവാൻ വേണ്ടി പ്രാർത്ഥിക്കുന്നവൻ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുന്നയോദ്ധാവിന് തുല്യമാണ്. (ബുഖാരി. 8. 73. 36)

2190. അബൂഹുറൈറ(റ) പറയുന്നു: നബി(സ) നമസ്കരിക്കുവാൻ നിന്നു. ഞങ്ങൾ അവിടുത്തെ പുറകിലും. അപ്പോൾ നമസ്കരിച്ചുകൊണ്ടിരുന്ന ഒരു ഗ്രാമീണൻ പ്രാർത്ഥിച്ചു: അല്ലാഹുവേ! എനിക്കും മുഹമ്മദിനും നീ കരുണചെയ്യേണമേ! ഞങ്ങളോടൊപ്പം മററാർക്കും കരുണചെയ്യരുതേ! നമസ്കാരത്തിൽ നിന്നും വിരമിച്ചപ്പോൾ നബി(സ) ഗ്രാമീണനോട് പറഞ്ഞു: വിശാലമായ ഒന്നിനെ ( അല്ലാഹുവിന്റെ കൃപയെ) നീ വളരെ സങ്കുചിതമാക്കിയല്ലോ! (ബുഖാരി. 8. 73. 39)

2191. ആയിശ(റ) പറയുന്നു: നബി(സ)അരുളി: ജിബ്രീൽ എന്നോട് അയൽവാസിക്ക് നന്മചെയ്യുവാൻ ഉപദേശിച്ചുകൊണ്ടിരുന്നു. അനന്തരസ്വത്തിൽ അവനെ പങ്കാളിയാക്കുവാൻ നിർദ്ദേശമോ എന്ന് ഞാൻ വിചാരിക്കുന്നതുവരെ. (ബുഖാരി. 8. 73. 43)

2192. അബൂശുറൈഹ്(റ) നിവേദനം: നബി(സ)അരുളി: അല്ലാഹു സത്യം ഒരാൾ വിശ്വാസിയല്ല. (മൂന്ന് പ്രാവശ്യം ആവർത്തിച്ചു) ആരാണ് പ്രവാചകരേ! ആ മനുഷ്യനെന്ന് ചോദിക്കപ്പെട്ടു. നബി(സ) അരുളി: തന്റെ ഉപദ്രവത്തിൽ നിന്ന് അയൽവാസി നിർഭയനാകാത്തവൻ. (ബുഖാരി. 8. 73. 45)

2193. അബൂശുറൈഹ്(റ) പറയുന്നു: നബി(സ) ഇപ്രകാരം പറയുന്നതായി എന്റെ രണ്ടുചെവി കേൾക്കുകയും ഇരു നേത്രങ്ങൾ കാണുകയും ചെയ്തു. അല്ലാഹുവിലും പരലോകത്തും വിശ്വസിക്കുന്നവൻ തന്റെ അയൽവാസിയെ ആദരിക്കട്ടെ. അതിഥിയെ ബഹുമാനിക്കട്ടെ. അവന്റെ സൽക്കാരം നന്നാകട്ടെ. പ്രവാചകരേ! എന്നാണ് അവന്റെ സൽക്കാരം എന്ന് ചോദിക്കപ്പെട്ടു. നബി(സ) അരുളി: ഒരുപകലും രാത്രിയും. അതിഥിയുടെ സൽക്കരിക്കൽ മൂന്ന് ദിവസമാണ്. അതിൽ വർദ്ധിച്ചത് ഒരു ദാനധർമ്മവും. അല്ലാഹുവിലും പരലോകത്തും വിശ്വസിക്കുന്നവൻ നല്ലതുപറയട്ടെ. അല്ലെങ്കിൽ മൗനം ദീക്ഷിക്കട്ടെ. (ബുഖാരി. 8. 73. 48)

2194. ജാബിർ(റ) പറയുന്നു: നബി(സ)അരുളി: എല്ലാ നല്ല സംഗതികളും ദാനധർമ്മമാണ്. (ബുഖാരി. 8. 73. 50)

2195. അനസ്(റ) പറയുന്നു: നബി(സ) മററുള്ളവരെ ശകാരിക്കുകയോ വഷളായ വാക്കുകൾ പറയുകയോ കോപിക്കുകയോ ചെയ്യുന്ന ആളായിരുന്നില്ല. ഞങ്ങളിൽ വല്ലവരേയും ആക്ഷേപിക്കുന്ന സന്ദർഭത്തിൽ അവിടുന്നു അരുളും. അവനെന്തുപററി? അവന്റെ നെററിയിൽ മണ്ണുപുരണ്ടുപോകട്ടെ (മനസ്സിൽ കൂടുതൽ സ്നേഹമുള്ളവരെ ആക്ഷേപിക്കുമ്പോൾ അറബികൾ പറയുന്നവാക്കാണിത്). (ബുഖാരി. 8. 73. 58)

2196. ആയിശ(റ) പറയുന്നു: ഒരു മനുഷ്യൻ നബി(സ)യോട് പ്രവേശനത്തിന് അനുമതി ചോദിച്ചു. നബി(സ) ആ മനുഷ്യനെ കണ്ടപ്പോൾ ഇപ്രകാരം പറഞ്ഞു:

കുടുംബത്തിന്റെ സ്നേഹിതൻ എത്ര ചീത്ത! സമൂഹത്തിന്റെ പുത്രൻ എത്ര ചീത്ത. അങ്ങിനെ അയാൾ വന്ന് ഇരുന്നപ്പോൾ നബി(സ) പ്രസന്ന മുഖത്തോട് കൂടി അയാളെ സ്വീകരിച്ചു. അയാൾ പിരിഞ്ഞുപോയപ്പോൾ ഞാൻ പറഞ്ഞു: പ്രവാചകരേ! ആ മനുഷ്യനെ താങ്കൾ കണ്ടപ്പോൾ ഇപ്രകാരമെല്ലാം പറഞ്ഞുവല്ലോ. ശേഷം താങ്കൾ അയാളെ പുഞ്ചിരിച്ചുകൊണ്ട് സ്വീകരിച്ചു! നബി(സ) അരുളി: ആയിശാ! നീ എന്നെ എപ്പോഴാണ് വഷളനായി കണ്ടത്? തീർച്ചയായും മനുഷ്യരിൽ ഏററവും ചീത്തയായവൻ പരലോകത്ത് മനുഷ്യർ തിന്മയെ ഭയന്ന് ഉപേക്ഷിക്കപ്പെട്ടവരാണ്. (ബുഖാരി. 8. 73. 59)

2197. ജാബിർ(റ) പറയുന്നു: നബി(സ)യോട് ഒരു സാധനം ആവശ്യപ്പെട്ടപ്പോൾ ഇല്ല എന്ന് അവിടുന്ന് ഒരിക്കലും അരുളിയിട്ടില്ല. (ബുഖാരി. 8. 73. 60)

2198. അനസ്(റ) പറയുന്നു: നബി(സ)ക്ക് പത്തുവർഷം ഞാൻ പരിചരിച്ചിട്ടുണ്ട്. അതിനിടക്ക് ഒരിക്കലും അവിടുന്ന് എന്നോട് ഛേ! എന്നോ നീ എന്തിനതുചെയ്തു? നിനക്ക് ഇപ്രകാരം ചെയ്യാമായിരുന്നില്ലേ? എന്നോ പറഞ്ഞിട്ടില്ല. (ബുഖാരി. 8. 73. 64)

2199. അബ്ദുല്ല(റ) നിവേദനം: ഒരു മുസ്ലീമിനെ ചീത്തപറയൽ ദുർമാർഗ്ഗമാണ്. അവനോട് യുദ്ധം ചെയ്യൽ അവിശ്വാസവും എന്ന് നബി(സ) അരുളി. (ബുഖാരി. 8. 73. 70)

2200. അബൂദർറ്(റ) പറയുന്നു: നബി(സ)അരുളി: ഒരാൾ മറെറാരാളുടെ പേരിൽ ദുർമാർഗ്ഗം ആരോപിച്ചു. അല്ലെങ്കിൽ അവന്റെ പേരിൽ കുഫ്റ് ആരോപിച്ചു. യഥാർത്ഥത്തിൽ ആ ആരോപണം അടിസ്ഥാനരഹിതവുമാണ്. എങ്കിൽ ആ ആരോപണത്തിനും ഇവൻ തന്നെ ഉത്തരവാദിയാകും. അവനിലേക്ക് അതു മടങ്ങും. (ബുഖാരി. 8. 73. 71)

2201. ഹമ്മാമ്(റ) പറയുന്നു: ഞങ്ങൾ ഒരിക്കൽ ഹുദൈഫ:(റ)യുടെ അടുത്ത് ഇരിക്കുകയാണ്. അപ്പോൾ അദ്ദേഹത്തോട് പറയപ്പെട്ടു. തീർച്ചയായും ഇന്ന മനുഷ്യൻ വർത്തമാനം ഉസ്മാൻ(റ)നിലേക്ക് ഉയർത്താറുണ്ട്. അപ്പോൾ ഹുദൈഫ:(റ) പറഞ്ഞു: നബി(സ) അരുളുന്നത് ഞാൻ കേട്ടു. ഏഷണിക്കാരൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. (ബുഖാരി. 8. 73. 82)

2202. അബൂമൂസ:(റ) നിവേദനം: ഒരാൾ മറെറാരാളെ മുഖസ്തുതി പറയുന്നത് നബി(സ) കേട്ടു. അപ്പോൾ നബി(സ) പറഞ്ഞു: നിങ്ങൾ അയാളുടെ മുതുകിനെ മുറിച്ചുകളഞ്ഞു. (ബുഖാരി. 8. 73. 86)

2203. അബൂബക്കറ(റ) നിവേദനം: തിരുമേനി(സ)യുടെ സന്നിധിയിൽ വെച്ച് ഒരു വ്യക്തിയെ ക്കുറിച്ച് പരാമർശനമുണ്ടായി. അനുചരന്മാരിൽ ഒരാൾ അദ്ദേഹത്തെ സ്തുതിച്ചു. നബി(സ) അരുളി: കഷ്ടം! നീ എന്റെ സ്നേഹിതന്റെ കഴുത്ത് മുറിച്ചുകളഞ്ഞു. അവിടുന്ന് ഈ വാചകം പല പ്രാവശ്യം ആവർത്തിച്ചശേഷം തുടർന്നു. നിങ്ങളിൽ വല്ലവർക്കും മറെറാരുത്തരെ സ്തുതിച്ചേ തീരൂ എന്നുണ്ടെങ്കിൽ അവനെക്കുറിച്ച് എന്റെ അഭിപ്രായം ഇങ്ങിനയാണെന്നു മാത്രം പറഞ്ഞുകൊളളട്ടെ. യഥാർത്ഥത്തിൽ അങ്ങിനെയെല്ലാമാണെന്ന് ഇവന്ന് അഭിപ്രായമുണ്ടായാൽ. സ്തുതിക്കപ്പെട്ടവന്റെ യഥാർത്ഥ കണക്കുകൾ അല്ലാഹു പരിശോധിച്ചുകൊളളും. അല്ലാഹുവിനെ കവച്ച് വെച്ച് ഒരാളും മറെറാരാളെ പരിശുദ്ധപ്പെടുത്തരുത്. (ബുഖാരി. 8. 73. 87)

2204. അനസ്(റ) നിവേദനം: നബി(സ)അരുളി: നിങ്ങൾ പരസ്പരം പകയും അസൂയയും വെച്ച് പുലർത്തരുത്. ബന്ധം മുറിച്ച് അന്യോന്യം തിരിഞ്ഞുകളയരുത്. അല്ലാഹുവിന്റെ ദാസന്മാരും സഹോദരന്മാരുമായി ജീവിച്ചുകൊളളുക. ഒരു

മുസ്ലീമിന് മൂന്ന് ദിവസത്തിലധികം തന്റെ സഹോദരനെ വെടിഞ്ഞിരിക്കാൻ പാടില്ല. (ബുഖാരി. 8. 73. 91)

2205. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: എന്റെ സമുദായത്തിലെ എല്ലാവരുടെയും തെററുകൾ അല്ലാഹു മാപ്പ് ചെയ്യും. പക്ഷെ പരസ്യമായി തെററ് ചെയ്യുന്നവൻ അതിൽപ്പെടുകയില്ല. ഒരു മനുഷ്യൻ രാത്രി ഒരു ദുഷ്കൃത്യം ചെയ്യുന്നു. പ്രഭാതമാകുമ്പോൾ എടോ! ഞാൻ ഇന്നലെ രാത്രി ഇന്നിന്നതെല്ലാം ചെയ്തുവെന്ന് മറെറാരാളോട് പറയുന്നു. ഈ നടപടി പരസ്യമായി തെററുചെയ്യുന്നതിൽ ഉൾപ്പെട്ടതാണ്. വാസ്തവത്തിൽ തന്റെ രക്ഷിതാവ് ഇവന്റെ തെററുകൾ മൂടിവെച്ചിരിക്കുകയായിരുന്നു. പ്രഭാതമായപ്പോൾ ഇവൻ തന്നെ അതു പരസ്യമാക്കി. (ബുഖാരി. 8. 73. 95)

2206. അബൂഅയ്യൂബ്(റ) പറയുന്നു: നബി(സ)അരുളി: മൂന്ന് ദിവസത്തിലധികം ഒരാൾ തന്റെ സഹോദരനുമായി പിണങ്ങി നിൽക്കുവാൻ പാടില്ല. അവർ രണ്ടു പേരും കണ്ടുമുട്ടും. ഇവൻ അവനിൽ നിന്ന് മുഖം തിരിച്ചുകളയും. അവൻ ഇവനിൽ നിന്നും. അവർ രണ്ടുപേരിൽ ആദ്യം സലാം ആരംഭിക്കുന്നവനാണ് ഉത്തമൻ. (ബുഖാരി. 8. 73. 100)

2207. അബ്ദുല്ല(റ) നിവേദനം: സത്യം പറയൽ നന്മയിലേക്കും സ്വർഗ്ഗത്തിലേക്കും നയിക്കും. ഒരു മനുഷ്യൻ സത്യം പറയുന്ന ശീലം വളർത്തുന്നപക്ഷം അല്ലാഹുവിങ്കൽ അവൻ തികഞ്ഞ സത്യസന്ധനായിത്തീരും. കളളം പറയുന്നശീലം ദുർവൃത്തിയിലേക്കും ദുർവൃത്തി നരകത്തിലേക്കുമാണ് നയിക്കുക. ഒരു മനുഷ്യൻ കളളം പറയാൻ തുടങ്ങിയാൽ അവസാനം ഏററവുമധികം കളളം പറയുന്നവനായി അവന്റെ പേർ അല്ലാഹുവിങ്കൽ രേഖപ്പെടുത്തും. (ബുഖാരി. 8. 73. 116)

2208. അബ്ദുല്ല(റ) പറയുന്നു: നല്ല വർത്തമാനം പരിശുദ്ധ ഖുർആനാണ്. ഏററവും നല്ല വഴി മുഹമ്മദിന്റെ വഴിയും. (ബുഖാരി. 8. 73. 120)

2209. അബൂമൂസ(റ) നിവേദനം: നബി(സ)അരുളി: തന്നെപ്പററിയുളള ആക്ഷേപങ്ങൾ കേട്ടിട്ട് അല്ലാഹുവിനേക്കാൾ കൂടുതൽ ക്ഷമ കൈകൊളളുന്ന ഒരാളും ഇല്ലതന്നെ. ചിലർ അവന്ന് സന്താനങ്ങളുണ്ടെന്ന് വാദിക്കുന്നു. എന്നിട്ടുകൂടി അവൻ അവരുടെ തെററുകൾക്ക് മാപ്പുചെയ്യുകയും അവർക്ക് ഭക്ഷണം നൽകുകയും ചെയ്യുന്നു. (ബുഖാരി. 8. 73. 121)

2210. ആയിശ(റ) പറയുന്നു: നബി(സ) ചിലതുപ്രവർത്തിച്ചു. അതിൽ ഇളവുകൾ പ്രഖ്യാപിക്കുകയും ചെയ്തു. ചിലർ പരിശുദ്ധി നേടുവാൻ അതിൽ നിന്ന് അകന്നു നിന്നു. ഈ വിവരം നബി(സ) ക്ക് ലഭിച്ചു. അവിടുന്ന് പ്രസംഗിച്ചുകൊണ്ട് പറഞ്ഞു: ചില ആളുകളുടെ അവസ്ഥ വിചിത്രം തന്നെ. ഞാൻ ചെയ്ത സംഗതികളിൽ നിന്നാണ് സൂക്ഷ്മതയുടെ അടിസ്ഥാനത്തിൽ അവർ അകന്നുനിൽക്കുന്നത്. നിശ്ചയം. അവരെക്കാൾ അല്ലാഹുവിനെക്കുറിച്ച് കൂടുതൽ അറിവുളളവനും ഭയപ്പെടുന്നവനും ഞാൻ തന്നെയാണ്. (ബുഖാരി. 8. 73. 123)

2211. അബൂഹുറൈറ(റ) പറയുന്നു: ഒരാൾ തന്റെ സ്നേഹിതനെ കാഫിർ എന്ന് വിളിച്ചാൽ അവരിൽ ഒരാൾ അതിന്ന് നിർബന്ധിതനായിത്തീരുന്നു. ആ പദവുമായി ഒരാൾ മടങ്ങി. (ബുഖാരി. 8. 73. 125)

2212. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: ഗുസ്തിപിടിച്ച് എതിരാളിയെ മറിച്ചിടുന്നവനല്ല. പിന്നെയോ കോപമുണ്ടാകുമ്പോൾ ആത്മനിയന്ത്രണം പാലിക്കുന്നവനാണ് ശക്തൻ. (ബുഖാരി. 8. 73. 135)

2213. അബൂഹുറൈറ(റ) പറയുന്നു: ഒരാൾ എന്നെ ഇവിടുന്ന് ഉപദേശിച്ചാലുമെന്ന് നബി(സ) യോട് പറഞ്ഞു: നബി(സ) അരുളി: നീ കോപിക്കരുത്. അദ്ദേഹം വീണ്ടും ഉപദേശിക്കുവാൻ ആവശ്യപ്പെട്ടു. അപ്പോഴെല്ലാം നീ കോപിക്കരുത് എന്നു മാത്രമാണ് നബി(സ) പ്രത്യുത്തരം നൽകിയത്. (ബുഖാരി. 8. 73. 137)

2214. ഇംറാൻ(റ) നിവേദനം: നബി(സ) അരുളി: ലജ്ജാശീലം നന്മയല്ലാതെ കൊണ്ടുവരികയില്ല. ബഷീർ പറയുന്നു: ലിഖിതമായ തത്വമാണ്. തീർച്ചയായും ലജ്ജയിൽപ്പെട്ടതാണ് ഗാംഭീര്യം. ലജ്ജയിൽ പെട്ടതാണ് ശാന്തത. ഇംറാൻ പറഞ്ഞു: ഞാൻ നബി(സ)യിൽ നിന്ന് ഉദ്ധരിക്കുമ്പോൾ നീ നിന്റെ ഏടിൽ നിന്ന് ഉദ്ധരിക്കുകയോ? (ബുഖാരി. 8. 73. 138)

2215. അബൂസഈദ്(റ) നിവേദനം: നബി(സ) മണിയറയിൽ ഇരിക്കുന്ന കന്യകയേക്കാൾ ലജ്ജാശീലമുള്ളവനായിരുന്നു. (ബുഖാരി. 8. 73. 140)

2216. അനസ്(റ) നിവേദനം: നബി(സ) ഞങ്ങളുമായി ഇടകലർന്നുകൊണ്ട് ജീവിച്ചിരുന്നു. ചിലപ്പോൾ അവിടുന്ന് എന്റെ കൊച്ചു സഹോദരനോട് ചോദിക്കും. അബൂഉമൈർ! നിന്റെ കുരുവി എങ്ങനെയുണ്ട്? (ബുഖാരി. 8. 73. 150)

2217. ആയിശ(റ) നിവേദനം: പെൺകുട്ടികളുടെ രൂപത്തിലുള്ള കളിപ്പാവയുമായി നബി(സ) യുടെ അടുത്തിരുന്നു ഞാൻ കളിക്കാറുണ്ടായിരുന്നു. എന്റെ കൂടെ കളിക്കുന്ന സ്നേഹിതകളും എനിക്കുണ്ടായിരുന്നു. നബി(സ) വന്നാൽ അവർ മറക്ക് പിന്നിൽ ഒളിച്ച് കളിക്കും. അവരെ നബി ( സ) എന്റെ അടുക്കലേക്ക് അയക്കും. അങ്ങിനെ അവർ എന്റെ കൂടെ കളിക്കും. (ബുഖാരി. 8. 73. 151)

2218. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: ഒരു സത്യവിശ്വാസിയെ ഒരേ മാളത്തിൽ നിന്ന് രണ്ടുപ്രാവശ്യം തേൾ കുത്തുകയില്ല. (ബുഖാരി. 8. 73. 154)

2219. അനസ്(റ) പറയുന്നു: നബി(സ) തന്റെ ഭാര്യമാരുടെ കൂടെ പുറപ്പെട്ടു. അവരുടെ കൂടെ ഉമ്മുസുലൈമും ഉണ്ടായിരുന്നു. നബി(സ)പറഞ്ഞു: അല്ലയോ അൻജശ! നിനക്ക് നാശം. സാവധാനം നീ വാഹനം ഓടിക്കുക. പളുങ്കുപാത്രങ്ങളോട് നീ സൗമ്യത കാണിക്കുക. (ബുഖാരി. 8. 73. 170)

2220. ആയിശ(റ) പറയുന്നു: നബി(സ) അരുളി: നിങ്ങൾ ഒരിക്കലും ആത്മാവ് ചീത്തയായി എന്ന് പറയരുത്. എന്റെ ആത്മാവ് തെററിലേക്ക് വ്യതിചലിച്ചു എന്ന് പറയുക. (ബുഖാരി. 8. 73. 198)

2221. അബൂഹുറൈറ(റ) പറയുന്നു: നബി(സ) അരുളി: നിങ്ങൾ മുന്തിരിങ്ങക്ക് കറം (ഔദാര്യം) എന്ന് പേർ പറയരുത്. യഥാർത്ഥത്തിൽ സത്യവിശ്വാസിയുടെ മനസ്സാണ് കറം (ഔദാര്യം). (ബുഖാരി. 8. 73. 201)

2222. മുസയ്യബ്(റ) നിവേദനം: നബി(സ) യുടെ അടുത്ത് ഒരാൾ വന്നു. നിന്റെ നാമം എന്താണെന്ന് ചോദിച്ചപ്പോൾ ഹസൻ (കഠിനൻ) എന്ന് അയാൾ മറുപടി നൽകി. നബി(സ) നിർദ്ദേശിച്ചു. നിന്റെ നാമം സഹ്ൽ (മാർദ്ദവമുള്ളവൻ) എന്ന് ആക്കിയിരിക്കുന്നു. അയാൾ പറഞ്ഞു: എന്റെ പിതാവ് നൽകിയ പേര് ഞാൻ മാററുകയില്ല. അതിന് ശേഷം അയാളിൽ പരുക്കൻസ്വഭാവം ഞങ്ങൾ ദർശിച്ചുകൊണ്ടേയിരുന്നു. (ബുഖാരി. 8. 73. 209)

2223. സഹ്ല്(റ) പറയുന്നു: ഒരാളുടെ പേര് മുൻദിർ എന്നാക്കി നബി(സ) മാററി. (ബുഖാരി. 8. 73. 211)

2224. അബുഹുറൈറ(റ) നിവേദനം: ആദ്യം സൈനബ(റ)യുടെ നാമം ബർറ (പുണ്യാവതി) എന്നായിരുന്നു. അവർ ആത്മപ്രശംസ ചെയ്യുന്നുവെന്ന് നബി(സ)യോട് ചിലർ പറഞ്ഞപ്പോൾ നബി(സ) അവർക്ക് സൈനബ എന്ന് പേര് നൽകി. (ബുഖാരി. 8. 73. 212)

2225. ഇബ്നുഅബീഔഫ:(റ) നിവേദനം: നബി(സ)യുടെ പുത്രൻ ഇബ്രാഹിം ചെറുപ്പത്തിൽ തന്നെ മരണപ്പെട്ടു. നബി(സ)ക്ക് ശേഷം മററൊരു നബി(സ) ഉണ്ടാകുമായിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ മകൻ ഇബ്രാഹിം ജീവിക്കുമായിരുന്നു. എന്നാൽ നബി(സ)ക്ക് ശേഷം മററൊരു നബിയില്ല. (ബുഖാരി. 8. 73. 214)

2226. അബൂഹുറൈറ(റ) പറയുന്നു: നബി(സ)അരുളി: പരലോകദിനം അല്ലാഹുവിന്റെ അടുക്കൽ ഏററവും താഴ്ന്നവൻ രാജാധിരാജൻ എന്ന് പേർ വിളിക്കപ്പെടുന്നവനായിരിക്കും. (ബുഖാരി. 8. 73. 224)

2227. അനസ്(റ) നിവേദനം: നബി(സ)യുടെ സന്നിധിയിൽവെച്ച് രണ്ട് മനുഷ്യന്മാർ തുമ്മി. അവരിൽ ഒരാൾക്ക് വേണ്ടി നബി(സ) അനുഗ്രഹത്തിനുവേണ്ടി പ്രാർത്ഥിച്ചു മററവന് വേണ്ടി പ്രാർത്ഥിച്ചതുമില്ല. അതിനെ സംബന്ധിച്ച് ഉണർത്തിയപ്പോൾ നബി(സ) അരുളി: ഇവൻ അല്ലാഹുവിനെ സ്തുതിച്ചു. ഇവൻ അല്ലാഹുവിനെ സ്തുതിച്ചില്ല. (ബുഖാരി. 8. 73. 240)

2228. അബുഹുറൈറ(റ) നിവേദനം: നബി(സ)അരുളി: നിങ്ങളിൽ വല്ലവനും തുമ്മി എന്നാൽ അവൻ അൽഹംദുലില്ലാഹി എന്ന് പറയട്ടെ. അപ്പോൾ അവന്റെ സ്നേഹിതൻ അവന്ന് വേണ്ടി യർഹമുകല്ലാഹു എന്ന് പ്രത്യുത്തരം നൽകണം. അവൻ അപ്രകാരം പറഞ്ഞാൽ തുമ്മിയവൻ ഇപ്രകാരം ചൊല്ലണം. യഹ്ദീകുമുല്ലാഹു വയുസ്ലീഹ് ബാലകും. (ബുഖാരി. 8. 73. 242)

2229. ഇബ്നുഅബ്ബാസ്(റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു; നമ്മുടെ കുഞ്ഞുങ്ങളോടു കാരുണ്യം കാണിക്കാത്തവനും നമ്മുടെ മഹാന്മാരെ ബഹുമാനിക്കാത്തവനും നമ്മളിൽപ്പെട്ടവനല്ല. (തിർമിദി)

2230. സഹൽ(റ) പറഞ്ഞു: വളരെ മെലിഞ്ഞ ഒരു ഒട്ടകത്തിന്റെ സമീപത്തുകൂടി അല്ലാഹുവിന്റെ ദൂതൻ(സ) പോയി. അപ്പോൾ അവിടുന്നുപറഞ്ഞു: ഈ മൂകമൃഗങ്ങളെ സംബന്ധിച്ചു നിങ്ങൾക്കു അല്ലാഹുവിനോടുള്ള കടമയെ സൂക്ഷിക്കുക. നല്ല നിലയിലിരിക്കുമ്പോൾ അവയെ ഭക്ഷിക്കുകയും ചെയ്യുക. (അബൂദാവൂദ്)

2231. അലി(റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: ഒരു മുസ്ലീം മററൊരു മുസ്ലീമിന് ആറ് (കർത്തവ്യങ്ങൾ) ലോഭമന്യെ നൽകുവാൻ ബാദ്ധ്യസ്ഥനാണ് – അവൻ അവനെ കാണുമ്പോൾ സലാം പറയണം. ; അവൻ അവനെ ക്ഷണിച്ചാൽ അവൻ സ്വീകരിക്കണം; അവൻ തുമ്മുമ്പോൾ അവനു വേണ്ടി പ്രാർത്ഥിക്കണം; അവൻ രോഗിയായി കിടക്കുമ്പോൾ അവനെ സന്ദർശിക്കണം; അവൻ മരിക്കുമ്പോൾ അവന്റെ ജനാസയെ പിന്തുടരണം; അവൻ തനിക്കുവേണ്ടി ഇഷ്ടപ്പെടുന്നതു അവനുവേണ്ടിയും ഇഷ്ടപ്പെടണം. (തിർമിദി)

2232. ആയിശ(റ) പറഞ്ഞു: സയ്ദ് ഇബ്നു ഹാരിദ മദീനയിൽ വരികയും. . . . അല്ലാഹുവിന്റെ ദൂതൻ(സ) അദ്ദേഹത്തെ സ്വീകരിക്കുന്നതിന് എഴുന്നേൽക്കുകയും . . . . . . അദ്ദേഹത്തെ ആലിംഗനം ചെയ്കയും ചുംബിക്കുകയും ചെയ്തു. (തിർമിദി)

2233. ആയിശ(റ) നിവേദനം ചെയ്തു. അബുബക്കറുടെ പുത്രി അസ്മാഅ്, അല്ലാഹുവിന്റെ ദൂത(സ)ന്റെ അടുത്തു വന്നു; (അപ്പോൾ) അവർ നേരിയ വസ്ത്രം ധരിച്ചിരുന്നു. അല്ലാഹുവിന്റെ ദൂതൻ(സ) അവരിൽ നിന്നു തന്റെ മുഖം

തിരിച്ചുകളയുകയും പറയുകയും ചെയ്തു: അല്ലയോ അസ്മാ, സ്ത്രീ പ്രായപൂർത്തി എത്തിയാൽ, അവളുടെ ഇതും ഇതും ഒഴിച്ചും മററു ശരീരഭാഗം കാണുന്നതുശരിയല്ല. അവിടുന്നു തന്റെ മുഖവും കയ്യുകളും ചൂണ്ടിക്കാണിച്ചു. (അബൂദാവൂദ്)

2234. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) തറപ്പിച്ചുപറഞ്ഞു. നിങ്ങളിലൊരാൾ ഇരിപ്പിടത്തിൽ നിന്ന് എഴുന്നേററുപോയി (താമസംവിനാ) അവിടെ തന്നെ മടങ്ങിവന്നാൽ അവൻ തന്നെയാണ് ആ ഇരിപ്പിടത്തിന് അർഹൻ. (മുസ്ലിം)

2235. ജാബിറി(റ)ൽ നിന്ന് നിവേദനം: ഞങ്ങൾ നബി(സ)യുടെ അടുക്കൽ ചെന്നാൽ ഓരോരുത്തരും ചെന്നെത്തിയ സ്ഥലത്താണ് ഇരിക്കാറ്. (അബൂദാവൂദ്, തിർമിദി) (മററുള്ളവരെ എഴുന്നേൽപ്പിച്ചുകൊണ്ട് അവരുടെ ഇരിപ്പിടങ്ങളിൽ ഇരിക്കാൻ ശ്രമിക്കാറില്ല. അങ്ങനെ ചെയ്യുന്നത് അനീതി കൂടിയാണ്)

2236. അംറ്(റ) തന്റെ പിതാവിൽ നിന്നും അദ്ദേഹം തന്റെ പിതാമഹനിൽ നിന്നും നിവേദനം: റസൂൽ(സ) ഊന്നിപ്പറഞ്ഞു. അനുവാദം കൂടാതെ രണ്ട് പേരുടെ ഇടയിൽ വിട്ടുപിരിക്കാൻ ആർക്കും പാടുള്ളതല്ല (അബൂദാവൂദ്, തിർമിദി) (സമ്മതം കൂടാതെ രണ്ടാളുടെ ഇടയിൽ ഇരിക്കാനും അവരെ ഭേദിച്ചു നടക്കാനും പാടുള്ളതല്ല)

2237. ഹുദൈഫ(റ)യിൽ നിന്ന് നിവേദനം: സദസ്സിന്റെ നടുവിൽ കയറിയിരിക്കുന്നവരെ നബി(സ)ശപിച്ചിരിക്കുന്നു. (അബൂദാവൂദ്)

2238. അബൂസഈദി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു. സദസ്സുകളിൽ ഉത്തമമായത് അവയിൽ വെച്ച് ഏററവും വിശാലതയുള്ളതാണ്. (അബൂദാവൂദ്)

2239. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു. ഒരു സദസ്സിലിരുന്ന് ധാരാളം ശബ്ദമുണ്ടാക്കിയവൻ അതേ സദസ്സിൽ നിന്ന് പിന്തിരിയുന്നതിനുമുമ്പ് അല്ലാഹുവേ! നീ പരിശുദ്ധനാണ്. നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. നീയല്ലാതെ മററാരാദ്ധ്യനില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു നിന്നോട് ഞാൻ പാപമോചനമാവശ്യപ്പെടുന്നു. നിന്നിലേക്ക് ഞാൻ മടങ്ങുകയും ചെയ്യുന്നു. എന്ന് പറയുന്നപക്ഷം ആ സദസ്സിൽ വെച്ചുണ്ടായ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്. (തിർമിദി)

2240. അബൂബുർസ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) സദസ്സിൽ നിന്ന് എഴുന്നേൽക്കാനുദ്ദേശിച്ചാൽ അവസാനമായി പറഞ്ഞിരുന്നു. അല്ലാഹുവേ! നീ പരിശുദ്ധനാണ്. നിന്നെ ഞാൻ സ്തുതിക്കുന്നു. നീയല്ലാതെ ആരാദ്ധ്യനില്ലെന്ന് ഞാൻ സാക്ഷ്യം വഹിച്ചു. ഞാൻ നിന്നോട് പാപമോചനം ആവശ്യപ്പെടുന്നു. നിന്നിലേക്ക് മടങ്ങുകയും ചെയ്യുന്നു. അന്നേരം ഒരാൾ ചോദിച്ചു. പ്രവാചകരെ! മുമ്പൊന്നും പറയാത്തവാക്കുകളാണല്ലോ അങ്ങിപ്പോൾ പറയുന്നത്. നബി(സ) പറഞ്ഞു. സദസ്സിലുണ്ടാകുന്ന പാപങ്ങളെ പൊറുപ്പിക്കുന്ന വാക്കുകളാണത്. (അബൂദാവൂദ്)

2241. ഇബ്നുഉമറി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) ഇപ്രകാരം പ്രാർത്ഥിക്കാതെ അപൂർവ്വമായേ സദസ്സിൽ നിന്ന് എഴുന്നേററ് പോകാറുള്ളൂ. അല്ലാഹുവേ! ഞങ്ങളുടെയും നിന്നോടുള്ള ധിക്കാരത്തിന്റെയും മദ്ധ്യേ തടസ്സം സൃഷ്ടിക്കുവാൻ കഴിയാറുള്ള ഭക്തി അല്പം ഞങ്ങൾക്ക് വീതിച്ചു തരിക! നിന്റെ സ്വർഗ്ഗം ഞങ്ങൾക്ക് ലഭ്യമാക്കത്തക്ക വണ്ണം നിന്റെ ത്വാഅത്ത് അല്പവും (ഞങ്ങൾക്ക് നീ വീതിച്ചുതരിക) ദുൻയാവിലെ വിപത്തുകളെ നിസ്സാരമാക്കത്തക്കവണ്ണം ഞങ്ങൾക്ക് നീ മനോധൈര്യം (വീതിച്ചുതരിക) അല്ലാഹുവേ! നീ ഞങ്ങളെ ജീവിപ്പിക്കുന്നേടത്തോളം ആരോഗ്യവും കാഴ്ചയും കേൾവിയും കൊണ്ട് ഞങ്ങളെ അനുഗ്രഹിക്കേണമേ! അവയെ ഞങ്ങളുടെ പിൻഗാമിയാക്കൂ! (ഞങ്ങളുടെ മരണസമയത്ത് അവശേഷിക്കുന്നതാക്കൂ)

ഞങ്ങളെ ആക്രമിച്ചവരോട് നീ പ്രതികാരനടപടികൈക്കൊള്ളൂ! ഞങ്ങളോട് മല്ലിട്ടവർക്കെതിരെ ഞങ്ങളെ നീ സഹായിക്കൂ! ഞങ്ങളുടെ മതനടപടികളിൽ അനർത്ഥങ്ങൾ വെയ്ക്കരുതേ! ഞങ്ങളുടെ മുഖ്യപ്രശ്നവും ഞങ്ങളുടെ വിജ്ഞാനത്തിന്റെ ലക്ഷ്യവും ദുൻയാവാക്കരുതേ! ഞങ്ങളോട് കനിവ് കാണിക്കാത്തവരെ നീ ഞങ്ങളുടെ അധികാരികളാക്കരുതേ! (തിർമിദി)

2242. അബൂഹൂറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) അരുൾ ചെയ്തു: അല്ലാഹുവിനെ സ്മരിക്കാതെ സദസ്സിൽ നിന്ന് എഴുന്നേററു പോകുന്നവൻ കഴുതയുടെ ശവത്തിനരികിൽ നിന്ന് എഴുന്നേററ് പോകുന്നതിന് തുല്യരാണ്. ആ സദസ്സ് അവർക്ക് നഷ്ടപ്പെട്ടതു തന്നെ (അബൂദാവൂദ്)

## 79. സമ്മതം ചോദിക്കൽ

2243. അബൂഹുറൈറ(റ) പറയുന്നു: നബി(സ) അരുളി: ചെറിയവർ വലിയവർക്കും നടക്കുന്നവർ ഇരിക്കുന്നവർക്കും ചെറിയസംഘം വലിയസംഘത്തിനും സലാം പറയണം. (ബുഖാരി. 8. 74. 250)

2244. അബൂഹുറൈറ(റ) നിവേദനം: നബി(സ)അരുളി: വാഹനത്തിൽ സഞ്ചരിക്കുന്നവൻ നടക്കുന്നവനും നടക്കുന്നവൻ ഇരിക്കുന്നവനും സലാം ചൊല്ലണം. (ബുഖാരി. 8. 74. 251)

2245. അബ്ദുല്ല(റ) നിവേദനം: ഒരാൾ നബി(സ)യോട് ചോദിച്ചു: ഇസ്ലാമിലെ നടപടികളിലേതാണ് ഏററവും ഉൽകൃഷ്ടം? നബി(സ) അരുളി: വിശക്കുന്നവർക്ക് ആഹാരം നൽകുകയും നിനക്ക് പരിചയമുള്ളവർക്കും പരിചയമില്ലാത്തവർക്കും സലാം ചൊല്ലുകയും ചെയ്യൽ. (ബുഖാരി. 8. 74. 253ഃ)

2246. സഹ്ല്(റ) പറയുന്നു: ഒരിക്കൽ ഒരു മനുഷ്യൻ നബി(സ)യുടെ വീട്ടിലേക്ക് ചുമരിലെ ഒരു പൊത്തിലൂടെ എത്തിനോക്കി. നബി(സ) ഒരു ഇരുമ്പിന്റെ ചീർപ്പുകൊണ്ട് തല ചൊറിഞ്ഞുകൊണ്ടിരിക്കുകയാണ്. നബി(സ)അരുളി: നീ എത്തിനോക്കുന്നത് ഞാൻ ഗ്രഹിച്ചിരുന്നുവെങ്കിൽ ഇതുകൊണ്ട് നിന്റെ കണ്ണിൽ ഞാൻ കുത്തുമായിരുന്നു. സമ്മതം ചോദിക്കാൻ നിശ്ചയിച്ചിരിക്കുന്നത് തന്നെ നോട്ടത്തിന്റെ കാരണമാണ്. (ബുഖാരി. 8. 74. 258)

2247. അബൂഹുറൈറ(റ) നിവേദനം: നബി(സ)അരുളി: ആദമിന്റെ സർവ്വസന്താനങ്ങളുടെ മേലും വ്യഭിചാരത്തിൽ നിന്നുള്ളവരു ഓഹരി അല്ലാഹു നിശ്ചയിച്ചിരിക്കുന്നു. അതവൻ കരസ്ഥമാക്കുകതന്നെ ചെയ്യും. അതിൽ അസംഭവ്യതയില്ല. കണ്ണിന്റെ വ്യഭിചാരം (വികാരപരമായ) നോട്ടമാണ്. നാവിന്റെ വ്യഭിചാരം സംസാരമാണ്. മനസ്സ് അഭിലഷിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നു. ഗുഹ്യസ്ഥാനം അവയെ സത്യപ്പെടുത്തുകയും കളവാക്കുകയും ചെയ്യുന്നു. ഇബ്നുഅബ്ബാസ് ( റ) പറയുന്നു: ചെറുപാപത്തിന് ഏററവും ഉദാഹരണമായി ഞാൻ കാണുന്നത് അബൂഹൂറൈറ ( റ)യുടെ ഈ ഹദീസാണ്. (ബുഖാരി. 8. 74. 260)

2248. അനസ്(റ) നിവേദനം: നബി(സ)ഒരു സംഘം കുട്ടികളുടെ അടുത്തുകൂടി നടന്നുപോയപ്പോൾ അവർക്ക് സലാം പറഞ്ഞു. അനസും അപ്രകാരം ചെയ്തു. (ബുഖാരി. 8. 74. 264)

2249. അബ്ദുല്ല(റ) നിവേദനം: നബി(സ)അരുളി: യഹൂദികൾ നിങ്ങൾക്ക് സലാം പറയുമ്പോൾ അസ്സാമുഅലൈക്കും (നിനക്ക് മരണം) എന്നാണ് പറയുക. അതിനാൽ നിങ്ങൾ ‘‘വ അലൈക്ക എന്ന് പറയുക’’. (ബുഖാരി. 8. 74. 274)

2250. ഖതാദ(റ) പറയുന്നു: പരസ്പരം കൈ കൊടുക്കൽ നബി(സ)യുടെ കാലത്തുണ്ടായിരുന്നുവോ എന്ന് ഞാൻ അനസിനോട് ചോദിച്ചു; അതെയെന്ന് അദ്ദേഹം പ്രത്യുത്തരം നൽകി. (ബുഖാരി. 8. 74. 279)

2251. ഇബ്നുഉമർ(റ) നിവേദനം: നബി(സ) കഅ്ബ: യുടെ മുററത്ത് കൈകൾ മുട്ടിൻ കാലിന്മേൽ പിടിച്ച് ഇരിക്കുന്നത് ഞാൻ കണ്ടു. (ബുഖാരി. 8. 74. 289)

2252. അനസ്(റ) പറയുന്നു: ഉമ്മുസുലൈം(റ) നബി(സ) ക്ക് കിടക്കുവാൻ ഒരു വിരിപ്പ് വിരിച്ച് കൊടുക്കാറുണ്ട്. നബി(സ) ഉറങ്ങിയാൽ അവർ നബി(സ) യുടെ വിയർപ്പ് എടുക്കും. അതുപോലെ മുടിയും. ശേഷം ഒരു കുപ്പിയിൽ ശേഖരിക്കും. പിന്നീട് അതു സുഗന്ധത്തിൽ കലർത്തും. നബി(സ) ഉറങ്ങുകയായിരിക്കും. അനസ്(റ) മരണസന്ദർഭത്തിൽ തന്റെ കഫൻ പുടവയിൽ പുരട്ടുന്ന സുഗന്ധത്തിൽ ആ സുഗന്ധത്തിൽ നിന്ന് കലർത്തുവാൻ ഉപദേശിക്കുകയുണ്ടായി. (ബുഖാരി. 8. 74. 298)

2253. അബ്ദുല്ല(റ) നിവേദനം: നബി(സ) അരുളി: നിങ്ങൾ മൂന്ന് പേർ ആയിരിക്കുമ്പോൾ രണ്ടാളുകൾ രഹസ്യസംഭാഷണം ചെയ്യരുത്-മൂന്നാമത്തെ വ്യക്തിയെ ഒഴിവാക്കിക്കൊണ്ട്. (ബുഖാരി. 8. 74. 303)

2254. അനസ്(റ) നിവേദനം: നബി(സ) എന്നോട് ഒരു രഹസ്യം പറഞ്ഞു. ഞാനതു ഇതുവരെ ഒരു മനുഷ്യനോടും പറഞ്ഞിട്ടില്ല. ഉമ്മുസുലൈമ്(റ) ചോദിച്ചിട്ടു പോലും. ഞാനത് അവരോട് പറഞ്ഞിട്ടില്ല. (ബുഖാരി. 8. 74. 304)

2255. ഇബ്നുഉമർ(റ) പറയുന്നു: നിങ്ങൾ ഉറങ്ങുമ്പോൾ വീട്ടിൽ തീ കെടുത്താതെ അവശേഷിപ്പിക്കരുത് എന്ന് നബി(സ)അരുളി. (ബുഖാരി. 8. 74. 308)

2256. അബൂമൂസ:(റ) പറയുന്നു: രാത്രിയിൽ ഒരു വീട് അതിലെ മനുഷ്യന്മാർ ഉൾപ്പെടെ അഗ്നിക്കിരയായി. മദീനയിൽ നടന്ന ഈ സംഭവം നബി(സ)യോട് പറയപ്പെട്ടു. അപ്പോൾ നബി(സ) അരുളി: ഈ അഗ്നി നിങ്ങളുടെ ശത്രുവാണ്. അതിനാൽ നിങ്ങൾ ഉറങ്ങുമ്പോൾ അതുകെടുത്തുവീൻ. (ബുഖാരി. 8. 74. 309)

2257. ഇബ്നുഉമർ(റ) പറയുന്നു: നബി(സ)യുടെ കാലത്ത് എന്റെ വീട് എന്റെ കൈ കൊണ്ട് തന്നെയാണ് ഞാൻ നിർമിച്ചത്. മഴയിൽ നിന്ന് അതു എന്നെ സംരക്ഷിക്കും. വെയിലിൽ നിന്ന് എനിക്ക് നിഴൽ നൽകും. (അത്രമാത്രം) ഒരു മനുഷ്യനും ഈ വീട് നിർമ്മാണത്തിൽ എന്നെ സഹായിക്കുകയുണ്ടായില്ല. (ബുഖാരി. 8. 74. 315)

2258. ഇബ്നുഉമർ(റ) പറയുന്നു: അല്ലാഹു സത്യം! ഒരു ഇഷ്ടികക്കു മുകളിൽ മറെറാരു ഇഷ്ടിക ഞാൻ വെച്ചിട്ടില്ല. ഒരു ഈത്തപ്പനപോലും ഞാൻ കൃഷിചെയ്തിട്ടില്ല. നബി(സ) മരിച്ചതു മുതൽ. (ബുഖാരി. 8. 74. 316)

## 80. പ്രാർത്ഥനകൾ

2259. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: ഓരോ നബിക്കും ഉത്തരം ലഭിക്കുന്ന പ്രാർത്ഥനയുണ്ട്. അതു അദ്ദേഹം പ്രാർത്ഥിക്കും. എന്റെ പ്രാർത്ഥന പരലോകത്ത് എന്റെ സമുദായത്തിന് ശഫാഅത്തു ലഭിക്കുവാൻ വേണ്ടി ഞാൻ സൂക്ഷിച്ചു വെച്ചിരിക്കുകയാണ്. (ബുഖാരി. 8. 75. 317)

2260. ശദ്ദാദ്(റ) നിവേദനം: പാപമോചനത്തിന്റെ നേതാവ് അല്ലാഹുമ്മഅൻത റബീ ലാഇലാഹ ഇല്ലാ അൻത ഖലത്തനീ വഅനഅബ്ദുക വഅന അലാ അഹ്ദിക്ക വ വഅദിക്ക മസ്തതഉതു, അഊദുബിക മിൻശർരി മാ സനഅ്തു അബൂഉ ലക ബി നിഅ്മതിക അലയ്യ വ അബൂഉ ലക ബിദൻബീ ഫഗ്ഫിർലീ ഇന്നഹൂ ലാ

യഗ്ഫിറുദ്ദുനൂബ ഇല്ലാ അൻത. എന്ന് ചൊല്ലലാണെന്ന് നബി(സ) അരുളി: വല്ലവനും പകൽസമയത്ത് തന്റെ മനസ്സിൽ ഉറപ്പിച്ചു കൊണ്ട് ഇപ്രകാരം ചൊല്ലി. ശേഷം രാത്രിയാകുന്നതിനുമുമ്പ് അവൻ മരിച്ചാൽ അവൻ സ്വർഗ്ഗത്തിലെ ആളുകളിൽ ഉൾപ്പെടും. രാത്രിയിലാണെങ്കിലും അപ്രകാരം തന്നെ. (ബുഖാരി. 8. 75. 318)

2261. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: അല്ലാഹു സത്യം! തീർച്ചയായും ഞാൻ ഒരു ദിവസം എഴുപതിൽ അധികം പ്രാവശ്യം അല്ലാഹുവിനോട് പാപമോചനം തേടാറുണ്ട്. (ബുഖാരി. 8. 75. 319)

2262. അബ്ദുല്ല(റ) നിവേദനം: അദ്ദേഹമൊരിക്കൽ രണ്ടു വാർത്തകൾ എടുത്തുപറഞ്ഞു. ഒന്നു നബി(സ)യിൽ നിന്നുദ്ധരിച്ചതും മറേറത് സ്വന്തം വകയും. അദ്ദേഹം പറഞ്ഞു: ഒരു മലയുടെ താഴ്ഭാഗത്തിരിക്കുന്നവനെപ്പോലെയാണ് സത്യവിശ്വാസിയായ മനുഷ്യൻ തന്റെ പാപങ്ങളെ ദർശിക്കുക. താഴെയിരിക്കുന്നവനെ മല അവന്റെ മീതെ വീണേക്കുമോയെന്ന് ഭയമായിരിക്കും. ദുർമാർഗ്ഗികൾ അവന്റെ പാപങ്ങളെ ദർശിക്കുക മൂക്കിന്റെ മുമ്പിലൂടെ പാറിപ്പോകുന്ന ഈച്ചയെ പോലെയായിരിക്കും. ഇതുപറഞ്ഞിട്ട് ഇബ്നുമസ്ഊദ് കൈ കൊണ്ട് ആംഗ്യം കാണിച്ചു. അദ്ദേഹം തുടർന്നു. ഒരു മനുഷ്യൻ യാത്രാ മധ്യേ ഒരുതാവളത്തിലിറങ്ങി. അവന്ന് ജീവഹാനി വരുത്താൻ പര്യാപ്തമായ ഒരു സ്ഥലമാണ്. അവനോടൊപ്പം അവന്റെ ഒട്ടകവുമുണ്ട്. അതിന്മേൽ ആഹാരപാനീയങ്ങളും. അവിടെയിറങ്ങി അവൻ അല്പമൊന്ന് കിടന്നുറങ്ങിപ്പോയി. ഉണർന്ന് നോക്കുമ്പോൾ ഒട്ടകം അവിടെനിന്നും പോയിക്കഴിഞ്ഞിരുന്നു. ചൂടും ദാഹവും കഠിനമായപ്പോൾ അവൻ വിശ്രമിച്ച് സ്ഥലത്തേക്ക് തന്നെ തിരിച്ചുപോകുവാൻ തീരുമാനിച്ചു. വീണ്ടും ഉറങ്ങിപ്പോയി. ഉണർന്നുനോക്കുമ്പോൾ ഒട്ടകമതാ മുമ്പിൽ നിൽക്കുന്നു. ഈ മനുഷ്യനുണ്ടായതിനേക്കാൾ സന്തോഷം അല്ലാഹുവിന് അവന്റെ ദാസൻ തൗബ ചെയ്യുമ്പോൾ ഉണ്ടാകുന്നതാണ്. (ബുഖാരി. 8. 75. 320)

2263. അനസ്(റ) പറയുന്നു: നബി(സ) അരുളി: മുരുഭൂമിയിൽ വെച്ച് നഷ്ടപ്പെട്ട ഒട്ടകം ഒരാൾക്ക് തിരിച്ചുകിട്ടിയാൽ ഉണ്ടാകുന്നതിനേക്കാൾ സന്തോഷം അല്ലാഹുവിന് അവന്റെ ദാസൻ തൗബ ചെയ്യുമ്പോൾ ഉണ്ടാകുന്നതാണ്. (ബുഖാരി. 8. 75. 321)

2264. ഹുദൈഫ(റ) നിവേദനം: നബി(സ) തന്റെ വിരിപ്പിനെ സമീപിച്ചാൽ ഇപ്രകാരം ചൊല്ലും *ബിസ്മിക അമൂതു വ അഹ്യാ* (നിന്റെ നാമത്തിൽ ഞാൻ മരിക്കുകയും ജീവിക്കുകയും ചെയ്യുന്നു). ഉറക്കത്തിൽ നിന്ന് എഴുന്നേററാൽ ഇപ്രകാരം ചൊല്ലും അൽഹംദുലില്ലാഹില്ലതീ അഹ്യാനാ ബഅ്ദ മാ അമാതനാ വ ഇലൈഹിന്നുശൂർ (ഞങ്ങളെ മരിപ്പിച്ചശേഷം ജീവിപ്പിച്ച അല്ലാഹുവിന് സർവ്വ സ്തുതിയും) അവനിലേക്കാണ് പുനർജന്മം. (ബുഖാരി. 8. 75. 324)

2265. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: നിങ്ങളിലാരെങ്കിലും രാത്രി കിടക്കാൻ വിരിപ്പിലേക്ക് ചെന്നാൽ താൻ ധരിച്ച തുണിയുടെ ഉൾഭാഗം കൊണ്ട് ആ വിരിപ്പ് ഒന്നു തട്ടി വൃത്തിയാക്കട്ടെ. എഴുന്നേററു പോയശേഷം ആ വിരിപ്പിൽ എന്തെല്ലാമാണ് കടന്നുവന്നതെന്ന് അവനറിയുകയില്ല. അനന്തരം അവൻ ഇപ്രകാരം പ്രാർത്ഥിക്കട്ടെ. *ബിസ്മിക റബ്ബീ വദഅതു ജൻബീ വ ബിക അർഫഅഹു, ഇൻ അംസക്ത നഫ്സീ ഫർഹംഹാ വ ഇൻ അർസൽതഹാ ഫഹ്ഫൾഹാ ബിമാ തഹ്ഫളു ബിഹീ ഇബാദിക്ക സ്വാലിഹീൻ* (രക്ഷിതാവേ! നിന്റെ നാമത്തിൽ എന്റെ ശരീരത്തെ ഞാനിതാ താഴെ കിടത്തുന്നു. ഇനി ഈ വിരിപ്പിൽ നിന്ന് എന്റെ ശരീരത്തെ എഴുന്നേൽപ്പിക്കുന്നതും നിന്റെ നാമത്തിൽ തന്നെയായിരിക്കും. നീ എന്റെ ജീവനെ പിടിച്ച് വെക്കുന്ന പക്ഷം അതിനോട് നീ കാരുണ്യം കാണിക്കേണമേ! പിടിച്ചുവെക്കാതെ വിട്ടയക്കുകയാണെങ്കിലോ നല്ലവരായ നിന്റെ ദാസന്മാരെ

സംരക്ഷിക്കുന്ന രൂപത്തിൽ എന്റെ ആത്മാവിനെ നീ സംരക്ഷിക്കുകയും ചെയ്യേണമേ!) (ബുഖാരി. 8. 75. 332)

2266. ഇബ്നുഅബ്ബാസ്(റ) ഇക്‌രിമ: യോട് പറഞ്ഞു: എല്ലാ വെള്ളിയാഴ്ചയും ഒരുപ്രാവശ്യം ജനങ്ങളെ ഉപദേശിക്കുക. അതിന് നീ വിസമ്മതം കാണിക്കുകയാണെങ്കിൽ രണ്ടുപ്രാവശ്യം. അതിലുപരി നീ വർദ്ധിപ്പിച്ചാൽ മൂന്ന് പ്രാവശ്യം. ഈ ഖുർആൻ ജനങ്ങളെ നീ വെറുപ്പിക്കരുത്. അവർ പ്രധാനകാര്യം സംസാരിച്ച് കൊണ്ടിരിക്കുമ്പോൾ അവരുടെ സംസാരത്തെ മുറിപ്പിച്ച് കൊണ്ട് നീ ഉപദേശിക്കുന്നതായി നിന്നെ ഞാൻ ഒരിക്കലും ദർശിക്കരുത്. അപ്പോൾ നീ അവരെ വെറുപ്പിക്കും. അവൻ നിന്നോട് ആഗ്രഹിച്ച്കൊണ്ട് ആവശ്യപ്പെടുമ്പോൾ നീ അവരെ ഉപദേശിക്കുക. നീ പ്രാർത്ഥനയിൽ പ്രാസം യോജിപ്പിക്കൽ ഉപേക്ഷിക്കുക. നബി(സ)യും അനുചരന്മാരും പ്രാർത്ഥനയിൽ പ്രാസം യോജിപ്പിക്കുന്നതിനെ വർജ്ജിച്ചവരായിട്ടാണ് ഞാൻ കണ്ടിട്ടുള്ളത്. (ബുഖാരി. 8. 75. 349)

2267. അനസ്(റ) നിവേദനം: നബി(സ) അരുളി: നിങ്ങളിൽ ആരെങ്കിലും പ്രാർത്ഥിക്കുകയാണെങ്കിൽ അല്ലാഹുവേ! നീ ഉദ്ദേശിക്കുന്ന പക്ഷം എനിക്ക് പൊറുത്തുതരേണമേ! നീ ഉദ്ദേശിക്കുന്ന പക്ഷം എനിക്ക് നൽകേണമേ എന്ന് പറയരുത്. ഉറപ്പിച്ച് തന്നെചോദിക്കുക. നിർബന്ധിച്ച് അല്ലാഹുവിനെ കൊണ്ട് ഒരുകാര്യം ചെയ്യിപ്പിക്കുവാൻ ആർക്കും സാധിക്കുകയില്ല. (ബുഖാരി. 8. 75. 350)

2268. അബൂഹുറൈറ(റ) പറയുന്നു: നബി(സ) അരുളി: ഞാൻ പ്രാർത്ഥിച്ചു. എന്നിട്ടെന്റെ പ്രാർത്ഥന സ്വീകരിക്കപ്പെട്ടില്ല എന്ന് ആവലാതിപ്പെടാത്ത കാലം വരെ നിങ്ങളുടെ പ്രാർത്ഥന സ്വീകരിക്കപ്പെടുകതന്നെ ചെയ്യും. (ബുഖാരി. 8. 75. 352)

2269. ഇബ്നുഅബ്ബാസ്(റ) നിവേദനം: നബി(സ)ക്ക് ദു:ഖം ബാധിക്കുമ്പോൾ ഇപ്രകാരം പ്രാർത്ഥിക്കാറുണ്ടായിരുന്നു. മഹാനും ക്ഷമാശീലനുമായ അല്ലാഹുവല്ലാതെ ഒരു ഇലാഹില്ല. മഹത്തായ സിംഹാസനത്തിന് നാഥനായ അല്ലാഹുവല്ലാതെ ഒരു ദൈവവുമില്ല. ആകാശഭൂമികളുടെ നാഥനും ആദരണീയമായ സിംഹാസനത്തിന്റെ അധിപനുമായ അല്ലാഹുവല്ലാതെ ഒരു ഇലാഹുമില്ല. (ബുഖാരി. 8. 75. 356)

2270. അബൂഹുറൈറ(റ) നിവേദനം: ആപത്തുകൾ മൂലം അനുഭവപ്പെടുന്ന പ്രയാസങ്ങളിൽ നിന്നും പരാജയം അനുഭവപ്പെടുന്നതിൽ നിന്നും വിധിയുടെ തിന്മ ബാധിക്കുന്നതിൽ നിന്നും ശത്രുക്കൾ സന്തുഷ്ടരാകുന്ന സാഹചര്യങ്ങൾ ഉടലെടുക്കുന്നതിൽ നിന്നും കാത്തു രക്ഷിക്കുവാനായി നബി(സ) അല്ലാഹുവിനോട് പ്രാർത്ഥിക്കാറുണ്ടായിരുന്നു. ഈ ഹദീസിന്റെ നിവേദകന്മാരിൽ ഒരാളായ സുഫ്യാൻ പറയുന്നു. മൂന്നുകാര്യങ്ങളിൽ നിന്ന് രക്ഷിക്കാൻ നബി പ്രാർത്ഥിച്ചിരുന്നതായി മാത്രമാണ് ഹദീസിലുള്ളത്. അതിലൊന്ന് ഞാൻ കൂട്ടിച്ചേർത്തതാണ്. പക്ഷെ ആ ഒന്ന് ഏതെന്ന് എനിക്കിപ്പോൾ ഓർമ്മയില്ല. (ബുഖാരി. 8. 75. 358)

2271. അബൂഹുറൈറ(റ) നിവേദനം: നബി(സ) പ്രാർത്ഥിക്കുന്നത് ഞാൻ കേട്ടു. അല്ലാഹുവേ! വല്ല മുസ്‌ലീമിനേയും ഞാൻ ശകാരിച്ചിട്ടുണ്ടെങ്കിൽ അതുപരലോകദിനത്തിൽ അദ്ദേഹത്തിന് നിന്നെ സമീപിക്കാനുള്ള ഒരുപുണ്യ കർമ്മമാക്കിക്കൊടുക്കേണമേ!. (ബുഖാരി. 8. 75. 372)

2272. ആയിശ(റ) നിവേദനം: നബി(സ) ഇപ്രകാരം പ്രാർത്ഥിക്കാറുണ്ടായിരുന്നു. അല്ലാഹുവേ! അലസത, വാർദ്ധക്യത്തിന്റെ പാരമ്യതയിലുണ്ടാകുന്ന അവശത, പാപകൃത്യങ്ങൾ, കടബാധ്യത, ഖബറിലെ ശിക്ഷ, നരകശിക്ഷ, ധനത്തിൽ നിന്നുണ്ടാകുന്ന പരീക്ഷണം, ദാരിദ്ര്യത്തിൽ നിന്നുണ്ടാകുന്ന പരീക്ഷണം,

ലോകത്ത് ചുററിനടക്കുന്ന ദജ്ജാലിന്റെ പരീക്ഷണങ്ങൾ എന്നിവയിൽ നിന്ന് രക്ഷ നേടുവാനായി ഞാനിതാ നിന്നെ അഭയം പ്രാപിക്കുന്നു. (ബുഖാരി. 8. 75. 379)

2273. അബൂമൂസ:(റ) നിവേദനം: നബി(സ) ഇപ്രകാരം പ്രാർത്ഥിക്കാറുണ്ടായിരുന്നു. റബ്ബിഗ്ഫിർലീ ഖതീഅതീ വ ജഹ്‌ലീ വ ഇസ്‌റാഫീ ഫീ അംരീ കുല്ലിഹീ, വമാ അൻത അഅ്‌ലമു ബിഹീ മിന്നീ. അല്ലാഹുമ്മഗ്ഫിർലീ ഖഥായാ വ അംദീ വ ജഹ്‌ലീ വ ജിദ്ദീ, വ കുല്ലു ധലൈക ഇൻതീ. അല്ലാഹുമ്മഗ്ഫിർലീ മാ ഖദ്ദംതു വ മാ അഖ്ഖർതു വമാ അസ്‌റർതു വ മാ അഅ്‌ലൻതു അൻതൽ മുഖദ്ദിമു വ അൻതൽ മുഅഖ്ഖിറു വ അൻത അലാ കുല്ലി ശൈഇൻ ഖദീർ!. (അല്ലാഹുവേ! എന്റെ തെററുകളും എന്റെ അജ്ഞതയും എന്റെ അതിര് കവിയലും എന്നേക്കാൾ നിനക്കറിവുള്ള എന്റെ മററുപിഴവുകളും എനിക്ക് പൊറുത്ത് തരേണമെ! അല്ലാഹുവേ! ഞാൻ ഗൗരവഭാവത്തിലും വിനോദമായും പറയുന്നവാക്കുകളും മന:പൂർവ്വവും അല്ലാതെയും ചെയ്യുന്ന തെററുകളും എനിക്ക് നീ പൊറുത്തു താ. അതെല്ലാം എന്നിലുള്ളതു തന്നെയാണ്. അല്ലാഹുവേ! ഞാൻ പ്രവർത്തിച്ചതും വീഴ്ച വരുത്തിയതും ഞാൻ രഹസ്യമാക്കിയതും പരസ്യമാക്കിയതും നീ എനിക്ക് പൊറുത്തു തരേണമേ. നീയാണ് ആദ്യത്തേതും അവസാനത്തേതും. നീ എല്ലാററിനും കഴിവുള്ളവനാണ്) (ബുഖാരി. 8. 75. 407)

2274. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: വല്ലവനും സുബ്ഹാനല്ലാഹി വബിഹംദിഹി എന്ന് ഒരു ദിവസം നൂറ് പ്രാവശ്യം ചൊല്ലിയാൽ അവന്റെ പാപങ്ങൾ പൊറുക്കപ്പെടും. സമുദ്രത്തിലെ നുര കണക്കിൽ ഉണ്ടായിരുന്നാലും. (ബുഖാരി. 8. 75. 414)

2275. അബൂഹുറൈറ(റ) പറയുന്നു: നബി(സ) അരുളി: രണ്ട് പദങ്ങൾ നാവിന് ലഘുവാണെങ്കിലും തുലാസിൽ ഭാരം കൂടിയതാണ്. പരമകാരുണികന് ഇഷ്ടപ്പെട്ടത്. സുബ്ഹാനല്ലാഹിൽ അളിം, സുബ്ഹാനല്ലാഹി വബി ഹംദിഹീ. (ബുഖാരി. 8. 75. 415)

2276. അബൂമൂസ(റ) നിവേദനം: നബി(സ) അരുളി: തങ്ങളുടെ രക്ഷിതാവിനെ സ്മരിക്കുകയും വിസ്മരിക്കുകയും ചെയ്യുന്നവരുടെ സ്ഥിതി ജീവിച്ചിരിക്കുന്നവനും മരിച്ചവനും തമ്മിലുള്ള സ്ഥിതിപോലെയാണ്. (ബുഖാരി. 8. 75. 416)

2277. അനസി(റ)ൽ നിന്ന് നിവേദനം: നബി(സ) ഉറങ്ങാൻ വേണ്ടി വിരിപ്പിൽ വരുമ്പോൾ പറയുമായിരുന്നു. നമ്മെ തീററുകയും കുടിപ്പിക്കുകയും ആവശ്യം നിർവ്വഹിച്ചു തരികയും രക്ഷ നൽകുകയും ചെയ്ത അല്ലാഹുവിന്നാണ് സർവ്വസ്തുതിയും. ആവശ്യം നിറവേററിക്കൊടുക്കുവാനോ അഭയം നൽകുവാനോ ആരുമില്ലാത്ത എത്ര ആളുകളാണ്. (മുസ്‌ലിം)

2278. ഹുദൈഫ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) ഉറങ്ങാനുദ്ദേശിച്ചാൽ അവിടുത്തെ വലതുകൈ കവിളിനുതാഴെ വെച്ചുകൊണ്ട് പറയുമായിരുന്നു: എന്റെ നാഥാ! നിന്റെ അടിമകളെ ഉയർത്തെഴുന്നേൽപ്പിക്കുന്ന ദിവസം നിന്റെ ശിക്ഷയിൽ നിന്നും എന്നെ രക്ഷിക്കേണമേ! (തിർമിദി)

2279. നുഅ്മാനി(റ)ൽ നിന്ന് നിവേദനം: ദുആ ഇബാദത്ത് തന്നെയാണ്. (അത് അല്ലാഹുവിനോട് മാത്രമെ പാടുള്ളു) (അബൂദാവൂദ്, തിർമിദി)

2280. ആയിശ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) വിവിധ ആശയങ്ങൾ ഉൾക്കൊള്ളുന്ന ക്രോഡീകൃതമായ പ്രാർത്ഥന ഇഷ്ടപ്പെടുകയും മററുള്ളവ ഉപേക്ഷിക്കുകയും ചെയ്തിരുന്നു. (അബൂദാവൂദ്)

2281. ത്വാരിഖി(റ)ൽ നിന്ന് നിവേദനം: ഒരാൾ ഇസ്ലാം സ്വീകരിച്ചാൽ നബി(സ) അദ്ദേഹത്തിന് നമസ്കാരം പഠിപ്പിച്ചുകൊടുക്കുകയും എന്നിട്ട് ഈ വചനങ്ങൾ

പറഞ്ഞു പ്രാർത്ഥിക്കാൻ കല്പിക്കുകയും ചെയ്യുമായിരുന്നു: നാഥാ, നീ എനിക്ക് പൊറുത്തുതരികയും കരുണ ചെയ്യുകയും എന്നെ നേർമാർഗ്ഗത്തിലാക്കുകയും ആരോഗ്യം പ്രദാനം ചെയ്യുകയും ആഹാരം നൽകുകയും ചെയ്യേണമേ ! (മുസ്ലിം)

2282. ഇബ്നു അംറി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പ്രാർത്ഥിച്ചു: ഹൃദയത്തെ ചലിപ്പിച്ചുകൊണ്ടിരിക്കുന്ന അല്ലാഹുവേ! നിന്റെ ത്വാഅത്തിലേക്ക് ഞങ്ങളുടെ ഹൃദയങ്ങളെ നീ തിരിച്ചുവിടേണമേ! (മുസ്ലിം)

2283. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പ്രാർത്ഥിക്കാറുണ്ട്. അല്ലാഹുവേ! എന്റെ പ്രശ്നങ്ങൾക്ക് ഏകാവലംബമായ എന്റെ ദീനിനെ എനിക്ക് നീ വെട്ടിത്തെളിയിച്ചുതരേണമേ! എന്റെ ജീവിതം നിലക്കൊള്ളുന്ന ദുനിയാവ് എനിക്ക് നീ ശരിപ്പെടുത്തി തരേണമേ! ഞാൻ മടങ്ങിച്ചെല്ലുന്ന പരലോകത്തെ നീ നന്നാക്കിത്തീർക്കേണമേ! നല്ലതായ കാര്യങ്ങളിൽ എനിക്ക് ദീർഘായുസ്സും ചീത്ത കാര്യങ്ങളിൽ നിന്ന് മരണം എനിക്ക് ഒരു വിശ്രമവുമാക്കേണമേ! (മുസ്ലിം)

2284. അലി(റ)യിൽ നിന്ന് നിവേദനം: നബി(സ) എനിക്ക് പറഞ്ഞുതന്നു: അല്ലാഹുവേ! എന്നെ നീ ഹിദായത്തിലാക്കുകയും എനിക്ക് നീ തൗഫീഖ് നൽകുകയും ചെയ്യേണമേ! എന്ന് നീ പറയുക. (മുസ്ലിം)

2285. അനസി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പ്രാർത്ഥിച്ചിരുന്നു: അല്ലാഹുവേ! അശക്തിയിൽ നിന്നും ഉദാസീനതയിൽ നിന്നും ഭീതിയിൽ നിന്നും വാർദ്ധക്യത്തിൽ നിന്നും ലുബ്ധിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു. ശിക്ഷയിൽ നിന്നും ജിവിതത്തിലും മരണത്തിലും നേരിടുന്ന ഫിത്നയിൽ നിന്നും ഞാൻ രക്ഷതേടുന്നു. (മുസ്ലിം)

2286. ആയിശ(റ)യിൽ നിന്ന് നിവേദനം: നബി(സ) ദുആ ഇരക്കുമ്പോൾ പറയാറുണ്ട്. അല്ലാഹുവേ! എന്റെ പ്രവൃത്തി മൂലമുണ്ടാകുന്ന നാശത്തിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു. (മുസ്ലിം)

2287. ഇബ്നുഉമറി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) യുടെ പ്രാർത്ഥനയിൽപ്പെട്ടതാണ്. അല്ലാഹുവേ! നീ തന്നിട്ടുള്ള അനുഗ്രഹങ്ങൾ നീങ്ങിപ്പോകുന്നതിൽ നിന്നും നീ തന്നിട്ടുള്ള സൗഖ്യം അകന്ന് പോകുന്നതിൽ നിന്നും ആകസ്മികമായി ഭവിക്കുന്ന നിന്റെ ശിക്ഷയിൽ നിന്നും നിന്റെ എല്ലാ കോപത്തിൽ നിന്നും നിന്നിൽ ഞാൻ അഭയം തേടുന്നു. (മുസ്ലിം)

2288. സൈദുബ്നു അർഖമി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പ്രാർത്ഥിക്കാറുണ്ട്. അല്ലാഹുവേ! അശക്തിയിൽ നിന്നും ഉദാസീനതയിൽ നിന്നും പിശുക്കിൽ നിന്നും ശേഷിയററ വാർദ്ധക്യ രോഗത്തിൽ നിന്നും ഖബർശിക്ഷയിൽ നിന്നും ഞാൻ നിന്നോട് അഭയം തേടുന്നു. അല്ലാഹുവേ! എനിക്ക് നീ ഭക്തി പ്രദാനം ചെയ്യുകയും അതിനെ കുററമററതാക്കുകയും ചെയ്യേണമെ. മനസ്സിനെ ശുദ്ധമാക്കുന്നതിൽ നീയാണ് ഏററവും ഉത്തമൻ. നീയാണതിന്റെ ഉടമസ്ഥനും രക്ഷാധികാരിയും. അല്ലാഹുവേ! പ്രയോജനമില്ലാത്ത വിദ്യയിൽ നിന്നും ഭക്തിയില്ലാത്ത ഹൃദയത്തിൽ നിന്നും വയർ നിറയാത്ത ശരീരത്തിൽ നിന്നും ഉത്തരം ലഭിക്കാത്ത പ്രാർത്ഥനയിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു. (മുസ്ലിം)

2289. ആയിശ(റ)യിൽ നിന്ന് നിവേദനം: നബി(സ) ഇങ്ങനെ പ്രാർത്ഥിക്കാറുണ്ട്. അല്ലാഹുവേ! നരകത്തിലേക്ക് വഴിതെളിയിക്കുന്ന ഫിത്നയിൽ നിന്നും നരകശിക്ഷയിൽ നിന്നും ഐശ്വര്യം നിമിത്തവും ദാരിദ്ര്യം നിമിത്തവും വന്നു ഭവിക്കുന്ന ആപത്തിൽ നിന്നും ഞാൻ നിന്നോട് അഭയം തേടുന്നു. (മുസ്ലിം)

2290. സിയാദി(റ)ൽ നിന്ന് നിവേദനം: നബി(സ) പ്രാർത്ഥിക്കാറുണ്ട്. അല്ലാഹുവേ! ദുസ്സ്വഭാവങ്ങളിൽ നിന്നും ദുഷ്കൃത്യങ്ങളിൽ നിന്നും ദേഹേഛകളിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു. (തിർമിദി)

2291. ശക്‌ലി(റ)ൽ നിന്ന് നിവേദനം: ഞാൻ പറഞ്ഞു: പ്രവാചകരേ! എനിക്ക് ഒരു ദുആ പഠിപ്പിച്ചുതന്നാലും! അവിടുന്ന് പറഞ്ഞു: നീ പ്രാർത്ഥിക്കൂ! അല്ലാഹുവേ! എന്റെ കേൾവി നിമിത്തവും കാഴ്ച നിമിത്തവും സംസാരം നിമിത്തവും ഹൃദയത്തിലെ വിചാരം നിമിത്തവും ഉണ്ടാകുന്നദോഷത്തിൽ നിന്നും ഇന്ദ്രിയത്തിന്റെ ദോഷത്തിൽ നിന്നും നിന്നോട് ഞാൻ രക്ഷ തേടുന്നു. (അബൂദാവൂദ്, തിർമിദി)

2292. അനസി(റ)ൽ നിന്ന് നിവേദനം: നബി(സ) പ്രാർത്ഥിച്ചിരുന്നു: വെള്ളപ്പാണ്ഡിൽ നിന്നും ഭ്രാന്തിൽ നിന്നും കുഷ്ഠരോഗത്തിൽ നിന്നും മററുവെറുക്കപ്പെട്ട രോഗങ്ങളിൽ നിന്നും നിന്നോട് ഞാൻ രക്ഷ തേടുന്നു. (അബൂദാവൂദ്)

2293. അബുഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പ്രാർത്ഥിക്കുമായിരുന്നു: അസഹനീയമായ വിശപ്പിൽ നിന്ന് നിന്നോട് ഞാൻ രക്ഷതേടുന്നു. ചീത്തയായ കൂട്ടുകാരനത്രെ അത്. വഞ്ചനയിൽ നിന്ന് ഞാൻ നിന്നോട് രക്ഷതേടുന്നു. തീർച്ചയായും അതു മോശമായ സഹചാരിയാണ്. (അബൂദാവൂദ്)

2294. അലി(റ)യിൽ നിന്ന് നിവേദനം: മോചനപത്രം എഴുതപ്പെട്ട ഒരടിമ എന്റെ അടുത്ത് വന്നുപറഞ്ഞു: ഞാൻ കരാർ പാലിക്കാൻ അശക്തനായിരിക്കുന്നു. എന്നെ സഹായിക്കണം. ഞാൻ പറഞ്ഞു: റസൂൽ(സ) പഠിപ്പിച്ചുതന്ന ചില വാക്കുകൾ നിന്നെ ഞാൻ പഠിപ്പിക്കട്ടെയോ? (ആ വാക്കുകൾ പതിവായി ചൊല്ലിവരുന്ന പക്ഷം) ഒരുപർവ്വതത്തിന്റെ അത്രയും വലിയ കടം നിനക്കുണ്ടെങ്കിലും അല്ലാഹു നിനക്കത് വീട്ടിത്തരും. നീ പറയൂ! അല്ലാഹുവേ! ഹലാലുകൊണ്ട് നിന്റെ ഹറാമിൽ നിന്ന് എനിക്ക് നീ മതിയാക്കേണമേ! നിന്റെ ഔദാര്യംകൊണ്ട് നീയല്ലാത്തവരെ ആശ്രയിക്കാൻ എനിക്കിടയാക്കരുതേ. (തിർമിദി)

2295. ഇംറാനി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) എന്റെ പിതാവ് ഹുസൈനിന്ന് പ്രാർത്ഥിക്കാൻ വേണ്ടി രണ്ട് വാക്ക് പഠിപ്പിച്ചു കൊടുത്തു. അല്ലാഹുവേ! നീ എനിക്ക് നല്ല മാർഗ്ഗം കാണിച്ചുതരേണമേ! എന്നിൽ നിന്നുണ്ടാകുന്ന ശർറിൽ നിന്ന് എന്നെ നീ രക്ഷിക്കേണമേ! (തിർമിദി)

2296. അബ്ബാസി(റ)ൽ നിന്ന് നിവേദനം: പ്രവാചകരേ! അല്ലാഹുവിനോട് ഞാൻ പ്രാർത്ഥിക്കേണ്ടത് എനിക്ക് പഠിപ്പിച്ചുതന്നാലും. അവിടുന്ന് പറഞ്ഞു: ആഫിയത്തിനുവേണ്ടി പ്രാർത്ഥിക്കുക. കുറച്ചു ദിവസങ്ങൾക്കു ശേഷം വീണ്ടും ഞാൻ ചെന്ന് പറഞ്ഞു. പ്രവാചകരേ! ഞാൻ അല്ലാഹുവിനോട് ചോദിക്കേണ്ടത് എനിക്ക് പഠിപ്പിച്ചുതന്നാലും. അപ്പോഴും പറഞ്ഞു. അബ്ബാസേ, റസൂലിന്റെ പിതൃസഹോദരാ! ഇഹത്തിലും പരത്തിലും ആഫിയത്തിനുവേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിച്ചു കൊള്ളുക. (തിർമിദി)

2297. ശഹ്റി(റ)ൽ നിന്ന് നിവേദനം: ഉമ്മുസൽമ(റ) യോട് ഞാൻ ചോദിച്ചു: മുഅ്മിനുകളുടെ മാതാവേ! നബി(സ) നിങ്ങളുടെ അടുത്താകുമ്പോൾ അവിടുന്ന് കൂടുതൽ പ്രാർത്ഥിച്ചിരുന്നത് എന്തായിരുന്നു? അവർ പറഞ്ഞു: അവിടുത്തെ പ്രാർത്ഥനയിൽ കൂടുതലും ഇപ്രകാരമായിരുന്നു: ഹൃദയങ്ങൾ മാററിമറിച്ചുകൊണ്ടിരിക്കുന്ന അല്ലാഹുവേ! എന്റെ ഹൃദയത്തെ നിന്റെ ദീനിൽ മാത്രം നീ നിലയുറപ്പിക്കേണമേ! (തിർമിദി)

2298. അബുദ്ദർദാഇ(റ)ൽ നിന്ന് നിവേദനം: നബി(സ) പ്രസ്താവിച്ചു: ദാവൂദ് (അ) ന്റെ ദുആയിൽ പെട്ടതായിരുന്നു: അല്ലാഹുവേ! നിന്റെ സ്നേഹത്തേയും നിന്നെ

സ്നേഹിക്കുന്നവരുടെ സ്നേഹത്തേയും നിന്നോടുള്ള സ്നേഹത്തെ ഉണ്ടാക്കിത്തരുന്ന പ്രവർത്തനത്തെയും ഞാൻ നിന്നോട് ചോദിക്കുന്നു. അല്ലാഹുവേ! നിന്റെ സ്നേഹത്തെ എന്നേക്കാളും എന്റെ കുടുംബത്തേക്കാളും (ദാഹമുള്ളപ്പോൾ) തണുത്ത വെള്ളത്തേക്കാളും എനിക്ക് ഏററവും പ്രിയങ്കരമാക്കിത്തീർക്കേണമേ! (തിർമിദി)

2299. അനസി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) അരുൾചെയ്തു: യാദൽജലാലി വൽ ഇക്റാം എന്ന് നിങ്ങൾ പതിവായിചൊല്ലുക. (തിർമിദി)

2300. അബുഉമാമ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) ഉരുവിട്ട ധാരാളം പ്രാർത്ഥനകൾ ഉണ്ട്. അതിൽ നിന്നൊന്നും നമ്മൾ മനഃപാഠമാക്കിയിരുന്നില്ല. അങ്ങനെ ഞങ്ങൾ പറഞ്ഞു. പ്രവാചകരേ! അങ്ങ് ധാരാളം പ്രാർത്ഥിച്ചു. അതിൽ നിന്നൊന്നും ഞങ്ങൾ മനഃപാഠമാക്കിയിട്ടില്ലല്ലോ. അവിടുന്ന് പറഞ്ഞു. അവയെല്ലാം ഉൾക്കൊള്ളിക്കുന്ന പ്രാർത്ഥന ഞാൻ നിങ്ങൾക്ക് അറിയിച്ചു തരട്ടെയോ? നീ പറയൂ. അല്ലാഹുവേ! മുഹമ്മദ് നബി(സ) നിന്നോട് ചോദിച്ച നല്ല കാര്യങ്ങളിൽ നിന്ന് ഞാനും നിന്നോട് ചോദിക്കുന്നു. അപ്രകാരം തന്നെ മുഹമ്മദ് നബി(സ) അഭയം തേടിയിട്ടുള്ളവയിൽ നിന്ന് ഞാനും. നിന്നോട് അഭയം തേടുന്നു. സഹായം അഭ്യർത്ഥിക്കപ്പെടുന്നവൻ നീയാണ്. ലക്ഷ്യം പ്രാപിക്കലും നിന്റെ പക്കലാണ്. പാപത്തിൽ നിന്ന് പിന്മാറലും ഇബാദത്തിന്നുള്ള ശേഷിയും അല്ലാഹുവിനെക്കൊണ്ട് മാത്രമാണ്. (തിർമിദി)

2301. അബുദ്ദർദാഇ(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് അദ്ദേഹം കേട്ടു. മുസ്ലിമായ ഒരാളും തന്റെ സഹോദരനുവേണ്ടി അവന്റെ അഭാവത്തിൽ പ്രാർത്ഥിക്കുകയില്ല. മലക്ക് പ്രാർത്ഥിച്ചിട്ടല്ലാതെ: അതുപോലുള്ളത് നിനക്കുമുണ്ടാകട്ടെ. (മുസ്ലിം)

2302. ഉസാമ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: ആർക്കെങ്കിലും നന്മ ലഭിച്ചാൽ നന്മ ചെയ്തു കൊടുത്തവനു വേണ്ടി അല്ലാഹു നിനക്ക് നന്മ തരട്ടെ ! എന്ന് പ്രാർത്ഥിച്ചാൽ അവനെ മുക്തകണ്ഠം വാഴ്ത്തിയവനായി. (തിർമിദി)

2303. ജാബിറി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) നിർദ്ദേശിച്ചു: നിങ്ങൾ തന്നെ നിങ്ങൾക്ക് ദോഷമായി പ്രാർത്ഥിക്കരുത്. നിങ്ങളുടെ സന്താനങ്ങൾക്കും കേടായി നിങ്ങൾ പ്രാർത്ഥിക്കരുത്. നിങ്ങളുടെ ധനത്തിന് നാശമുണ്ടാകുവാനും നിങ്ങൾ പ്രാർത്ഥിക്കരുത്. നിങ്ങളുടെ ചോദ്യങ്ങൾക്ക് അല്ലാഹുവിങ്കൽ നിന്ന് ഉത്തരം ലഭിക്കുന്ന സമയവുമായി നിങ്ങളെത്തിമുട്ടാതിരിക്കാൻ വേണ്ടി. (മുസ്ലിം)

2304. അബൂഉമാമ(റ)യിൽ നിന്ന് നിവേദനം: ഒരിക്കൽ നബി(സ) യോട് ചോദിക്കപ്പെട്ടു: ഏത് പ്രാർത്ഥനയാണ് കൂടുതൽ സ്വീകാര്യമായത്? നബി(സ) പ്രതിവചിച്ചു. രാത്രിയിലെ അന്ത്യയാമത്തിലെ പ്രാർത്ഥനയും ഫർള് നമസ്കാരങ്ങൾക്ക് ശേഷമുള്ള പ്രാർത്ഥനയുമാണത്. (തിർമിദി)

2305. ഉബാദത്തി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: ഭൂലോകത്തുവെച്ച് അല്ലാഹുവിനോട് വല്ല മുസ്ലിമും പ്രാർത്ഥിച്ചാൽ ചോദിച്ചത് അല്ലാഹു അവന് നല്കുകയോ അത്രയും ആപത്ത് അവനിൽ നിന്ന് എടുത്തുകളയുകയോ ചെയ്യാതിരിക്കുകയില്ല. അന്നേരം സദസ്സിലൊരാൾ പറഞ്ഞു: എന്നാൽ ഞങ്ങൾ ധാരാളം പ്രാർത്ഥിക്കും. അവിടുന്ന് പറഞ്ഞു: അല്ലാഹു അതിൽ കൂടുതൽ ഗുണം ചെയ്യുന്നവനാണ്. (തിർമിദി) (നിങ്ങളുടെ പ്രാർത്ഥന നിമിത്തം അവന് യാതൊരുകുറവും സംഭവിക്കുകയില്ല)

## 81. ലളിതമായ ആശയങ്ങൾ

2306. ഇബ്നുഅബ്ബാസ്(റ) പറയുന്നു: നബി(സ) അരുളി: രണ്ട് മഹത്തായ അനുഗ്രഹങ്ങൾ. മിക്ക മനുഷ്യരും അതിൽ വഞ്ചിതരാണ്. ആരോഗ്യവും വിശ്രമവും. (ബുഖാരി. 8. 76. 421)

2307. അബ്ദുല്ല(റ) നിവേദനം: നബി(സ) എന്റെ ചുമല് പിടിച്ച് കൊണ്ട് പറഞ്ഞു: നീ ഈ ദുൻയാവിൽ ഒരു അപരിചിതനെപ്പോലെയാകുക. അല്ലെങ്കിൽ ഒരു വഴിയാത്രക്കാരനെപ്പോലെ. ഇബ്നുഉമർ(റ) പറയാറുണ്ട്. നീ വൈകുന്നേരത്തിൽ പ്രവേശിച്ചാൽ പ്രഭാതത്തെയും പ്രഭാതത്തിൽ പ്രവേശിച്ചാൽ വൈകുന്നേരവും പ്രതീക്ഷിക്കരുത്. നിന്റെ ആരോഗ്യത്തിൽ നിന്റെ രോഗത്തിനുവേണ്ടി നീ സമ്പാദിക്കുക. നിന്റെ ജീവിതത്തിൽ നിന്റെ മരണത്തിനു വേണ്ടിയും. (ബുഖാരി. 8. 76. 425)

2308. അബ്ദുല്ല(റ) നിവേദനം: നബി(സ) ചതുരത്തിലുള്ള ഒരു കള്ളിവരച്ചു. അതിന്റെ നടുവിലൂടെ ഒരു വരയും. ആ വര ചതുരക്കള്ളിയിൽ നിന്ന് പുറത്തേക്ക് കടന്നു നിന്നിരുന്നു. ഇവക്ക് പുറമെ നടുവിലുള്ള വരയിലേക്ക് എത്തുന്നവിധം കുറെ ചെറിയ വരകളും വരച്ചു. ശേഷം നബി(സ) അരുളി: ഇതാണ് (നടുവിലുള്ള നീണ്ട രേഖ) മനുഷ്യൻ ഇതാണ് – ചതുരത്തിലുള്ള ഈ വരയാണ് അവന്റെ ആയുസ്സ് അതവനെ വലയം ചെയ്തിരിക്കുന്നു. പുറത്തേക്ക് കവിഞ്ഞു നിൽക്കുന്നവര അവന്റെ വ്യാമോഹമാണ്. ഈ ചെറിയ വരകൾ ചില ആപത്തുകളാണ്. ആ ആപത്തുകളിൽ ഒന്നിൽ നിന്ന് അവൻ രക്ഷപ്പെട്ടാൽ മറേറത് അവനെ ബാധിക്കും. മറേറതിൽ നിന്ന് രക്ഷപ്പെട്ടാലോ അവനെ ഇതു ബാധിക്കും. (ബുഖാരി. 8. 76. 426)

2309. അനസ്(റ) പറയുന്നു: നബി(സ) കുറെ വരകൾ വരച്ചശേഷം അവിടുന്ന് അരുളി. ഇതാണ് മനുഷ്യന്റെ വ്യാമോഹം. ഇതു അവന്റെ ആയുസും. ഈ വ്യാമോഹത്തിലിരിക്കുന്നതിനിടക്ക് തന്നെ മരണം അവന് വന്നെത്തുന്നു. (ബുഖാരി. 8. 76. 427)

2310. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: അറുപതു വയസ്സുവരെ ആയുസ്സ് നീട്ടിയിട്ടു കൊടുത്ത ഒരാളുടെ തെററിന്നുള്ള ഒഴികഴിവുകൾ അല്ലാഹു സ്വീകരിക്കുകയില്ല. (ബുഖാരി. 8. 76. 428)

2311. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: രണ്ടു കാര്യങ്ങളിൽ കിഴവന്റെ ഹൃദയം എപ്പോഴും നിലനിർത്തിക്കൊണ്ടേയിരിക്കും. ദുൻയാവിനോടുള്ള സ്നേഹം. ദീർഘായുസ്സിനുള്ള മോഹം. (ബുഖാരി. 8. 76. 429)

2312. അനസ്(റ) പറയുന്നു: നബി(സ) അരുളി: ആദമിന്റെ മക്കൾ വലുതായികൊണ്ടിരിക്കും. അവന്റെ രണ്ട് കാര്യങ്ങളും വലിയതായിക്കൊണ്ടിരിക്കും. ധനത്തോടുള്ള സ്നേഹവും വയസ്സിനോടുള്ള വ്യാമോഹവും. (ബുഖാരി. 8. 76. 430)

2313. ഇത്ബാൻ(റ) നിവേദനം: നബി(സ) അരുളി: അല്ലാഹുവിന്റെ പ്രീതി തേടിക്കൊണ്ട് ലാ ഇലാഹ ഇല്ലല്ലാഹു എന്നുപറഞ്ഞ ഏതൊരു മുസ്ലീമും പരലോകദിവസം വന്നെത്തുമ്പോൾ അല്ലാഹു അവന് നരകം ഹറാമാക്കാതിരിക്കുകയില്ല. (ബുഖാരി. 8. 76. 431)

2314. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: അല്ലാഹു പറയുന്നു. എന്റെ സത്യവിശ്വാസിയായ ഒരു ദാസന് കൂടുതൽ ഇഹലോകത്ത് പ്രിയപ്പെട്ടൊരു സാധനം ഞാൻ പിടിച്ചെടുത്തു. എന്റെ പക്കൽ നിന്നുള്ള പുണ്യമോർത്ത് അവൻ ക്ഷമിച്ചു. എങ്കിൽ അതിനോടുള്ള പ്രതി ഫലം സ്വർഗ്ഗമല്ലാതെ മറെറാന്നുമായിരിക്കുകയില്ല. (ബുഖാരി. 8. 76. 432)

2315. മിർദാസ് അസ്‌ലമി(റ) നിവേദനം: നബി(സ) അരുളി: നല്ലവരായ മനുഷ്യന്മാർ ആദ്യമാദ്യം മരണമടഞ്ഞുകൊണ്ടിരിക്കും. പിന്നീട് ബാർലിയുടെതുപോലെയുള്ള ഉമി മാത്രമാണ് അവശേഷിക്കുക. അല്ലെങ്കിൽ ഈത്തപ്പഴത്തിന്റെതു പോലെയുള്ള തൊലി അവശേഷിക്കും. അല്ലാഹു അവരെ ആദരിക്കുകയില്ല. (ബുഖാരി. 8. 76. 442)

2316. ഇബ്നുഅബ്ബാസ്(റ) പറയുന്നു: നബി(സ) അരുളി: രണ്ട് താഴ്വര നിറയെ ധനം ഒരു മനുഷ്യന് ലഭിച്ചാലും മൂന്നാമതൊരു താഴ്വരകൂടി ലഭിക്കുവാൻ അവൻ ആഗ്രഹിക്കും. മനുഷ്യന്റെ വയറ് നിറക്കാൻ മണ്ണിനല്ലാതെ കഴിയുകയില്ല. പശ്ചാത്തപിക്കുന്നവരുടെ പശ്ചാത്താപം അല്ലാഹു സ്വീകരിക്കും. (ബുഖാരി. 8. 76. 444)

2317. അബ്ദുല്ല(റ) നിവേദനം: നബി(സ) ചോദിച്ചു. നിങ്ങളിലാരാണ് തന്റെ ധനത്തേക്കാൾ തന്റെ അനന്തരാവകാശിയുടെ ധനത്തോട് കൂടുതൽ പ്രേമം കാണിക്കുക? അനുചരന്മാർ പറഞ്ഞു: പ്രവാചകരേ! തന്റെ സ്വന്തം ധനത്തെ സ്നേഹിക്കുന്നവരല്ലാതെ ഞങ്ങളിൽ ആരും തന്നെ അനന്തരാവകാശിയുടെ ധനത്തെ സ്നേഹിക്കുന്നവരായി ഇല്ലതന്നെ. നബി(സ) അരുളി: താൻ മുമ്പ് ചിലവ് ചെയ്തതാണ് തന്റെ ധനം. ചെലവ് ചെയ്യാതെ ബാക്കിവെച്ചിരിക്കുന്നത് അവന്റെ അവകാശിയുടെ ധനവും. (ബുഖാരി. 8. 76. 449)

2318. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: ധനം എന്നതു ഭൗതിക വിഭവത്തിന്റെ വർദ്ധനവല്ല. എന്നാൽ ധനം എന്നതു മനസ്സിന്റെ സംതൃപ്തിയാണ്. (ബുഖാരി. 8. 76. 453)

2319. ആയിശ(റ) നിവേദനം: മുഹമ്മദിന്റെ കുടുംബം ഒരു ദിവസം രണ്ട് നേരം ഭക്ഷിച്ചാൽ ഒരു നേരത്തെ ഭക്ഷണം ഈത്തപ്പഴമല്ലാതെ ഭക്ഷിച്ചിട്ടില്ല. (ബുഖാരി. 8. 76. 462)

2320. ആയിശ(റ) പറയുന്നു: നബി(സ)യുടെ വിരിപ്പ് തോലും അതിൽ നിറച്ചതു ഈത്തപ്പന യുടെ ചകിരിയുമായിരുന്നു. (ബുഖാരി. 8. 76. 463)

2321. ആയിശ(റ) പറയുന്നു: അടുപ്പിൽ തീ കത്തിക്കാത്ത മാസങ്ങൾ ഞങ്ങൾക്ക് ഉണ്ടാവാറുണ്ട്. പച്ചവെള്ളവും കാരക്കയും ഞങ്ങൾ ഭക്ഷിക്കും. അല്പം മാംസം ലഭിച്ചാൽ ഒഴികെ. (ബുഖാരി. 8. 76. 465)

2322. അബൂഹുറൈറ(റ) നിവേദനം: നബി(സ) ഇപ്രകാരം പ്രാർത്ഥിക്കും. അല്ലാഹുവേ! നീ മുഹമ്മദിന്റെ കുടുംബത്തിന് കഷ്ടിച്ച് ജീവിക്കാനുള്ള ഭക്ഷണം നൽകേണമേ. (ബുഖാരി. 8. 76. 467)

2323. ആയിശ(റ) നിവേദനം: പ്രവൃത്തിയിൽ നബി(സ)ക്ക് ഏററവും ഇഷ്ടപ്പെട്ടത് അതിന്റെ ഉടമസ്ഥന്ന് (വയസ്സ് കാലത്തും) പതിവാക്കുവാൻ സാധിക്കുന്ന വിധം അനുഷ്ഠിക്കുന്നതാണ്. (ബുഖാരി. 8. 76. 469)

2324. ആയിശ(റ) നിവേദനം: നബി(സ) അരുളി: നിങ്ങൾ ശരിയായ മാർഗ്ഗം സ്വീകരിക്കുക. ദൈവസാമീപ്യം പ്രാപിക്കാൻ ശ്രദ്ധിക്കുക. നിങ്ങൾ മനസ്സിലാക്കുക. തീർച്ചയായും അല്ലാഹുവിന് ഏററവും പ്രിയംകരമായ കർമ്മം പതിവായി അനുഷ്ഠിക്കുന്ന സൽകർമ്മങ്ങളാണ്. അതുകുറഞ്ഞാലും ശരി. (ബുഖാരി. 8. 76. 471)

2325. ആയിശ(റ) പറയുന്നു: നബി(സ) ഒരുകർമ്മം (സുന്നത്ത്) അനുഷ്ഠിച്ചാൽ അതിനെ പതിവാക്കും. എന്നാൽ അതു പോലെ നിങ്ങൾക്ക് സാധിക്കണമെന്നില്ല. (ബുഖാരി. 8. 76. 473)

2326. സഹ്ല്(റ) നിവേദനം: നബി(സ) അരുളി: തന്റെ രണ്ട് താടിയെല്ലുകൾക്കിടയിൽ സ്ഥിതിചെയ്യുന്നത് അപ്രകാരം തന്നെ രണ്ടു കാലുകൾക്കിടയിൽ സ്ഥിതിചെയ്യുന്നത് എന്നിവയെ നിയന്ത്രിച്ച് നിർത്താമെന്ന് വല്ലവനും എനിക്ക് ഉറപ്പ് തരുന്നപക്ഷം അവന്ന് സ്വർഗ്ഗം ലഭിക്കുമെന്ന് ഞാൻ ഏററുകൊള്ളാം. (ബുഖാരി. 8. 76. 481)

2327. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: ഒരു മനുഷ്യൻ ഒരു വാക്ക് പറയും. അതിന്റെ അനന്തരഫലം അവൻ ചിന്തിക്കുകയില്ല. അങ്ങനെ അതു മൂലം അവൻ നരകത്തിൽ പതിക്കും. (ബുഖാരി. 8. 76. 484)

2328. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: മനുഷ്യൻ അല്ലാഹുവിന് തൃപ്തിപ്പെട്ട ഒരു വാക്ക് പറയും. പ്രാധാന്യം കല്പിച്ചു കൊണ്ടല്ല അതുപറയുക. ആ വാക്ക് കാരണം അല്ലാഹു അവനെ പല പടികൾ ഉയർത്തും. വേറൊരു മനുഷ്യൻ ദൈവകോപത്തിന് കാരണമായ ഒരു വാക്ക് പറയും. അതിന് അവൻ പ്രാധാന്യം കൽപ്പിക്കുകയില്ല. ആ വാക്ക് കാരണം അല്ലാഹു അവനെ നരകത്തിൽ വീഴ്ത്തും. (ബുഖാരി. 8. 76. 485)

2329. അബൂമൂസ(റ) നിവേദനം: നബി(സ) അരുളി: എന്റെയും എന്നോടൊപ്പം അയച്ചിരിക്കുന്ന സന്ദേശങ്ങളുടെയും സ്ഥിതി ഒരു പുരുഷന്റെ സ്ഥിതിപോലെയാണ്. അവൻ ഒരു ജനതയുടെ അടുത്ത് ചെന്ന് വിളിച്ചുപറഞ്ഞു: എന്റെ കണ്ണുകൾകൊണ്ട് ഒരു സൈന്യത്തെ ഞാൻ കണ്ടു. ഞാനിതാ നിങ്ങളെ താക്കീതുചെയ്യുന്നു. നഗ്നനായിക്കൊണ്ട് (വളരെ ഗൗരവഭാവത്തിൽ തന്നെ) അതുകൊണ്ട് ഇതാ രക്ഷക്കുള്ള മാർഗ്ഗം കൈകൊള്ളുവീൻ. ഇതു കേട്ടപ്പോൾ ഒരു വിഭാഗം ആളുകൾ അയാളുടെ വാക്ക് അനുസരിച്ച് പ്രഭാതാരംഭത്തിൽ തന്നെ ശാന്തതയോടെ അവിടെ നിന്നുപുറപ്പെട്ടു. അങ്ങിനെ അവർ രക്ഷപ്പെട്ടു. മറെറാരു വിഭാഗക്കാർ അദ്ദേഹത്തെ നിഷേധിച്ചു. അവസാനം പ്രഭാതവേളയിൽ സൈന്യം അവരുടെ മുന്നിൽ വന്നിറങ്ങി അവരെ നശിപ്പിച്ചു. (ബുഖാരി. 8. 76. 489)

2330. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: ഞാൻ ഗ്രഹിച്ചിരുന്നതുപോലെ യാഥാർത്ഥ്യം നിങ്ങൾ ഗ്രഹിച്ചിരുന്നുവെങ്കിൽ നിങ്ങൾ അല്പം ചിരിക്കുകയും കൂടുതൽ കരയുകയും ചെയ്യും. (ബുഖാരി. 8. 76. 492)

2331. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: നരകത്തെ ഇച്ഛകൾകൊണ്ടും സ്വർഗ്ഗത്തെ അനിഷ്ട കാര്യങ്ങൾ ക്കൊണ്ടും മൂടിപ്പൊതിഞ്ഞിരിക്കുകയാണ്. (ബുഖാരി. 8. 76. 494)

2332. അബ്ദുല്ല(റ) നിവേദനം: നബി(സ) അരുളി: നിങ്ങളുടെ ചെരിപ്പിന്റെ വാറിനേക്കാൾ നിങ്ങളോട് കൂടുതൽ അടുത്തിട്ടാണ് സ്വർഗ്ഗം സ്ഥിതിചെയ്യുന്നത്. നരകവും അങ്ങിനെതന്നെ. (ബുഖാരി. 8. 76. 495)

2333. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: നിങ്ങളെക്കാൾ ധനവും ശരീരവും കൊണ്ട് ശ്രേഷ്ഠത നൽകപ്പെട്ടവനിലേക്ക് നിങ്ങൾ നോക്കിക്കഴിഞ്ഞാൽ നിങ്ങളേക്കാൾ താഴെയുള്ള വരിലേക്ക് നിങ്ങൾ നോക്കുവീൻ. (ബുഖാരി. 8. 76. 497)

2334. ഇബ്നുഅബ്ബാസ്(റ) പറയുന്നു: നബി(സ) അരുളി: അല്ലാഹു നന്മകളെയും തിന്മകളെയും നിർണ്ണയിച്ചു. എന്നിട്ടത് വിശദീകരിച്ചു. അപ്പോൾ ഒരാൾ നന്മ പ്രവർത്തിക്കാനുദ്ദേശിച്ചു. പക്ഷെ പ്രവർത്തിച്ചില്ല. എങ്കിൽ അവന്റെ ഉദ്ദേശത്തെഒരുപൂർണ്ണ പുണ്യകർമ്മമായി അല്ലാഹു രേഖപ്പെടുത്തും. ഇനി ആ പുണ്യകർമ്മം പ്രവർത്തിക്കാനുദ്ദേശിക്കുകയും അതുപ്രവർത്തിക്കുകയും ചെയ്താൽ ആ പുണ്യകർമ്മത്തെ അല്ലാഹു തന്റെയടുക്കൽ പത്തുമുതൽ എഴുനൂറ് ഇരട്ടിയായും അതിന് മേൽപ്പോട്ട് എത്രയോ ഇരട്ടിയായും രേഖപ്പെടുത്തിവെക്കും. മറിച്ച്, ഒരു

ദുഷ്കൃത്യം ചെയ്യുവാൻ ഉദ്ദേശിച്ചു. പക്ഷെ പ്രവർത്തിച്ചില്ല. എങ്കിൽ അതു ഒരുപൂർണ്ണമായ സൽക്കർമ്മമായി അവന്റെ പേരിൽ അല്ലാഹു രേഖപ്പെടുത്തും. പ്രവർത്തിച്ചാൽ മറെറാരു ദുഷ്കൃത്യം അവൻ ചെയ്തതായി മാത്രമെ അല്ലാഹു രേഖപ്പെടുത്തുകയുള്ളൂ. (ബുഖാരി. 8. 76. 498)

2335. അനസ്(റ) നിവേദനം: നിങ്ങൾ ചില പ്രവൃത്തികൾ ചെയ്യും. നിങ്ങളുടെ ദൃഷ്ടിയിൽ അതു ഒരു മുടിയെക്കാൾ നിസ്സാരമായിരിക്കും. എന്നാൽ ഞങ്ങൾ (സഹാബിമാർ) നബി(സ)യുടെ കാലത്തു അതിനെ മഹാപാപമായിട്ടാണ് ദർശിച്ചിരുന്നത്. (ബുഖാരി. 8. 76. 499)

2336. ജുൻദുബ്(റ) നിവേദനം: നബി(സ) അരുളി: കേൾവിയും കീർത്തിയും നേടാൻ വല്ലവനും പ്രവർത്തിച്ചാൽ അല്ലാഹു അവന്ന് കേൾവിയും കീർത്തിയും കൈവരുത്തിക്കൊടുക്കും. ജനങ്ങളെ കാണിക്കാൻ ഒരു കാര്യം ചെയ്താൽ അതേ നിലക്ക് അവനോട് അല്ലാഹുവും പെരുമാറും. (ബുഖാരി. 8. 76. 506)

2337. ഉബാദത്ത്(റ) നിവേദനം: നബി(സ) അരുളി: അല്ലാഹുവിനെ കാണാൻ വല്ലവനും ഇഷ്ടപ്പെട്ടാൽ അവനെ കാണാൻ അല്ലാഹുവും ഇഷ്ടപ്പെടും. അല്ലാഹുവിനെ കാണാൻ വല്ലവനും ഇഷ്ടപ്പെടുന്നില്ലെങ്കിലോ അവനെ കാണാൻ അല്ലാഹുവും ഇഷ്ടപ്പെടുകയില്ല. അന്നേരം ആയിശ ( റ) അല്ലെങ്കിൽ തിരുമേനിയുടെ മറെറാരു പത്നി പറഞ്ഞു. ഞങ്ങൾ മരണം ഇഷ്ടപ്പെടുന്നില്ല. നബി(സ) അരുളി: ഞാൻ പറഞ്ഞതിന്റെ സാരം അതല്ല. സത്യവിശ്വാസിക്ക് മരണം ആസന്നമായാൽ അല്ലാഹുവിനുള്ള ബഹുമാനത്തെയും സംതൃപ്തിയെയും കുറിച്ചുള്ള സന്തോഷവാർത്ത അവനെ അറിയിക്കും. അപ്പോൾ തന്റെ മുമ്പിലുള്ളതിനേക്കാൾ (മരണത്തേക്കാൾ) പ്രിയങ്കരമായി അവന്റെ പക്കൽ ഒന്നുമുണ്ടായിരിക്കുകയില്ല. അപ്പോൾ അല്ലാഹുവിനെ കാണാൻ അവനിഷ്ടപ്പെടും. അവനെ കാണാൻ അല്ലാഹുവും. സത്യനിഷേധിക്കു മരണം ആസന്നമായാൽ അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ചുള്ള സന്തോഷവാർത്തയാണ് അവനെ അറിയിക്കുക. അന്നേരം തന്റെ മുമ്പിലുള്ള മരണത്തേക്കാൾ വെറുക്കപ്പെട്ട ഒരുകാര്യവും അവന്റെ പക്കലുണ്ടായിരിക്കുകയില്ല. അല്ലാഹുവിനെ കാണുന്നതിൽ അവന്ന് വെറുപ്പ് തോന്നും. അവനെ കാണുന്നതിൽ അല്ലാഹുവിനും വെറുപ്പ് തോന്നും. (ബുഖാരി. 8. 76. 514)

2338. ആയിശ(റ) നിവേദനം: കഠിനസ്വഭാവക്കാരായ ചില ഗ്രാമീണർ നബി(സ)യുടെ അടുക്കൽ വന്ന് അന്ത്യദിനം എപ്പോഴെന്ന് ചോദിക്കാറുണ്ട്. അവരിൽ ഏററവും പ്രായം കുറഞ്ഞവന്റെ നേരെ നോക്കി നബി(സ) അരുളും. ഇവൻ ജീവിച്ചെങ്കിൽ ഇവനെ വാർദ്ധക്യം ബാധിക്കുന്നതിനു മുമ്പ് തന്നെ നിങ്ങളുടെ അന്ത്യദിനം സംഭവിക്കുന്നതാണ്. (ബുഖാരി. 8. 76. 518)

2339. അബൂഖതാദ(റ) പറയുന്നു: നബി(സ)യുടെ അടുത്തുകൂടി ഒരു മയ്യിത്തുകൊണ്ടുപോയി. അവിടുന്നു അരുളി: വിശ്രമിക്കുന്നവൻ അല്ലെങ്കിൽ മററുള്ളവർക്ക് ശ്രമം ലഭിക്കുന്നവൻ. അനുചരന്മാർ ചോദിച്ചു: പ്രവാചകരേ! എന്താണ് ഇതിന്റെ വിവക്ഷ? നബി(സ) പ്രത്യുത്തരം നൽകി. സത്യവിശ്വാസിയായ ഒരു മനുഷ്യൻ മരിച്ചാൽ അവൻ ദുൻയാവിന്റെ ക്ലേശങ്ങളിൽ നിന്ന് മോചിതനായി. അതിലെ ഉപദ്രവങ്ങളിൽ നിന്ന് അല്ലാഹുവിന്റെ കാരുണ്യത്തിലേക്ക് അവൻ നീക്കപ്പെട്ടു. ദുർമാർഗ്ഗി മരിച്ചാൽ അവനിൽ നിന്ന് മനുഷ്യർക്കും രാജ്യത്തിനും മരങ്ങൾക്കും മൃഗങ്ങൾക്കും വിശ്രമം ലഭിക്കും. (ബുഖാരി. 8. 76. 519)

2340. അനസ്(റ) നിവേദനം: ഒരു മയ്യിത്തിനെ മൂന്നു സംഗതികൾ പിൻതുടരും. രണ്ടെണ്ണം തിരിച്ചു പോരും. ഒന്ന് അവന്റെ കൂടെ അവശേഷിക്കും. കുടുംബം, ധനം,

പ്രവർത്തനം എന്നിവയാണത്. കുടുംബവും ധനവും മടങ്ങും. പ്രവർത്തനം അവശേഷിക്കും. (ബുഖാരി. 8. 76. 521)

2341. അബൂസഈദ്(റ) നിവേദനം: നബി(സ) അരുളി: അന്ത്യദിനത്തിൽ ഭൂമി പരമാധികാരിയായ അല്ലാഹുവിന്റെ കയ്യിലായിരിക്കും. നിങ്ങളിലൊരാൾ യാത്രാവേളയിൽ റൊട്ടി തിരിച്ചും മറിച്ചും ഇടുംപോലെ സ്വർഗ്ഗവാസികൾക്കുള്ളൊരു സൽക്കാരവിഭവമായിക്കൊണ്ട് അല്ലാഹു അതിനെ (ഭൂമിയെ) ഒരു റൊട്ടിപോലെ അങ്ങോട്ടുമിങ്ങോട്ടും തിരിച്ചും മറിച്ചും ഇട്ടുകൊണ്ടിരിക്കും. ഒരു ജൂതൻ വന്നിട്ടു നബി(സ)യോട് പറഞ്ഞു. അബുൽകാസിം, അല്ലാഹു താങ്കളെ അനുഗ്രഹിക്കട്ടെ. പരലോകദിവസം സ്വർഗ്ഗവാസികളുടെ സൽക്കാരവിഭവമെന്തായിരിക്കുമെന്ന് ഞാൻ താങ്കളെ അറിയിക്കട്ടെയോ? നബി(സ) അരുളി: അതെ, ജൂതൻ പറഞ്ഞു: അന്ന് ഭൂമി ഒരു റൊട്ടി പോലെയായിരിക്കും. നബി(സ) അരുളിയതുപോലെതന്നെ. അപ്പോൾ നബി(സ)യുടെ അണപ്പല്ലുകൾ കാണുംവിധം അവിടുന്ന് ചിരിച്ചു. അവിടുന്ന് അരുളി: റൊട്ടിയിലേക്ക് അവർക്ക് കറി എന്തായിരിക്കുമെന്ന് ഞാൻ നിന്നെ അറിയിക്കട്ടെയോ? അവരുടെ കറി ബലാമും നൂനുമായിരിക്കും. സഹാബിമാർ ചോദിച്ചു: എന്താണത്? അവിടുന്ന് അരുളി: കാളയും മീനും. അതിന്റെ കരളിന്മേൽ വളർന്നു നിൽക്കുന്ന മാംസം എഴുപതിനായിരം പേർക്ക് തിന്നാനുണ്ടാവും. (ബുഖാരി. 8. 76. 527)

2342. സഹ്ല്(റ) നിവേദനം: നബി(സ) അരുളി: പരലോകദിവസം വെളുത്ത മിനുസമുള്ളതും പത്തിരിപോലെയുള്ളതുമായ ഒരു ഭൂമിയിൽ മനുഷ്യരെ സമ്മേളിപ്പിക്കും. സഹ്ല് അല്ലെങ്കിൽ മറെറാരു നിവേദകൻ പറയുന്നു. ആ മൈതാനത്തു ആർക്കും പ്രത്യേകം അടയാളങ്ങളൊന്നും സ്ഥാപിച്ചിട്ടുണ്ടായിരിക്കുകയില്ല. (ബുഖാരി. 8. 76. 528)

2343. ആയിശ(റ) നിവേദനം: നബി(സ) അരുളി: പരലോകത്തു സമ്മേളിപ്പിച്ചിരിക്കുമ്പോൾ നിങ്ങൾ നഗ്നരും പാദരക്ഷ ധരിക്കാത്തവരും ചേലാകർമ്മം ചെയ്തിട്ടില്ലാത്തവരുമായിരിക്കും. ഞാൻ ചോദിച്ചു. പ്രവാചകരേ! സ്ത്രീകളും പുരുഷന്മാരും അപ്പോൾ പരസ്പരം നോക്കുകയില്ലേ? നബി(സ) അരുളി: അവിടത്തെ സ്ഥിതി അത്തരം ചിന്തകൾക്കെല്ലാം അതീതമായിരിക്കും. (ബുഖാരി. 8. 76. 534)

2344. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: പരലോകദിവസം മനുഷ്യരുടെ വിയർപ്പ് കൂടുതൽ ഒലിച്ചിട്ട് എഴുപതു മുഴം ആഴത്തിൽ കെട്ടിനിൽക്കും. അവരുടെ വായവരെ അല്ലാത്തവരുടെ ചെവിവരെത്തന്നെ അതെത്തും. (ബുഖാരി. 8. 76. 539)

2345. അബ്ദുല്ല(റ) പറയുന്നു: നബി(സ) അരുളി: പരലോകത്തുവെച്ച് ഏററവുമാദ്യം വിധികൽപ്പിക്കുക കൊലക്കുററങ്ങളുടെ കാര്യത്തിലാണ്. (ബുഖാരി. 8. 76. 540)

2346. ഇബ്നുഉമർ(റ) പറയുന്നു: നബി(സ) അരുളി: സ്വർഗ്ഗവാസികൾ സ്വർഗ്ഗത്തിലും നരകവാസികൾ നരകത്തിലും പ്രവേശിച്ചുകഴിഞ്ഞാൽ ഒരു വിളിച്ചുപറയുന്നവൻ ഇപ്രകാരം വിളിച്ച് പറയും. നരകവാസികളെ! മരണമില്ല, സ്വർഗ്ഗവാസികളെ! മരണമില്ല. നിങ്ങൾക്ക് ശാശ്വതം. (ബുഖാരി. 8. 76. 552)

2347. അബൂസഈദ്(റ) നിവേദനം: നബി(സ) അരുളി: അല്ലാഹു സ്വർഗ്ഗവാസികളെ വിളിക്കും. സ്വർഗ്ഗവാസികളെ, എന്ന്. അപ്പോൾ നാഥാ! നിന്റെ വിളി ഞങ്ങളിതാ ഉത്തരം നൽകുന്നുവെന്ന് അവർ പറയും. നിങ്ങൾ അതൃപ്തരാണോ? അല്ലാഹു ചോദിക്കും. അവർ പറയും. ഞങ്ങൾ എങ്ങനെ സംതൃപ്തരാകാതിരിക്കും! നിന്റെ സൃഷ്ടികളിൽ ആർക്കും കൊടുത്തിട്ടില്ലാത്തതു നീ ഞങ്ങൾക്ക് നൽകിയിട്ടുണ്ടല്ലോ! അല്ലാഹു പറയും: അതിനേക്കാളും ഉൽകൃഷ്ടമായതു ഞാൻ നിങ്ങൾക്ക് നൽകുന്നതാണ്. അവർ ചോദിക്കും. ഇതിനേക്കാൾ ഉൽകൃഷ്ടമായത് എന്തുണ്ട്.

അല്ലാഹു പറയും. എന്റെ സംതൃപ്തി നിങ്ങൾക്ക് മീതെ ഇതാ ചൊരിഞ്ഞ് തരും. ഒരിക്കലും ഞാൻ നിങ്ങളോട് കോപിക്കുകയില്ല. (ബുഖാരി. 8. 76. 557)

2348. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: പരലോകദിനം സത്യനിഷേധിയുടെ രണ്ടു ചുമലുകൾക്കിടയിൽ ധൃതിയിൽ പോകുന്ന ഒരു വാഹനയാത്രക്കാരന് മൂന്ന് ദിവസം സഞ്ചരിക്കുവാനുള്ള ദൂരമുണ്ടായിരിക്കും. (ബുഖാരി. 8. 76. 559)

2349. സഹ്ല്(റ) നിവേദനം: നബി(സ) അരുളി: സ്വർഗ്ഗത്തിൽ ഒരു മരമുണ്ട്. അതിന്റെ നിഴലിലൂടെ ഒരു നല്ല കുതിരപ്പുറത്ത് ഒരാൾ യാത്ര ചെയ്താൽ നൂറ് വർഷം ആ യാത്ര തുടർന്നാലും നിഴലിനെ അയാൾ മുറിച്ച് കടക്കുകയില്ല. (ബുഖാരി. 8. 76. 559)

2350. ജാബിർ(റ) പറയുന്നു: നബി(സ) അരുളി: ശുപാർശ കൊണ്ട് നരകത്തിൽ നിന്ന് ഒരു വിഭാസത്തെ പുറത്തു കൊണ്ടുവരും. അവർ പാലുണ്ണി പോലെയുണ്ടായിരിക്കും. (ബുഖാരി. 8. 76. 563)

2351. അനസ്(റ) പറയുന്നു: നബി(സ) അരുളി: അഗ്നി തട്ടിക്കരിഞ്ഞ അടയാളത്തോട് കൂടി നരകത്തിൽ നിന്ന് ഒരു ജനത പുറത്തുവരും. എന്നിട്ടവർ സ്വർഗ്ഗത്തിൽ പ്രവേശിക്കും. അപ്പോൾ നരകക്കാർ എന്ന് സ്വർഗ്ഗവാസികൾ അവരെ വിളിക്കും. (ബുഖാരി. 8. 76. 564)

2352. നുഅ്മാൻ(റ) പറയുന്നു: നബി(സ) അരുളി: നരകവാസികളിൽ ഏററവും ലഘുവായ ശിക്ഷ അനുഭവിക്കുന്നവൻ ഒരാളായിരിക്കും. അവന്റെ പാദങ്ങൾക്കിടയിൽ രണ്ട് തീക്കട്ട വെക്കും. അതുകാരണം ചട്ടിയിലോ വായ കുടുസ്സായ പാത്രത്തിലോ കിടന്ന് അതിലൊഴിച്ച സാധനം തിളച്ച് പൊങ്ങും പോലെ അവന്റെ തലച്ചോറ് തിളച്ചുപൊങ്ങിക്കൊണ്ടിരിക്കും. (ബുഖാരി. 8. 76. 567)

2353. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: സ്വർഗ്ഗത്തിൽ പ്രവേശിച്ചുകഴിഞ്ഞാലും കുററം ചെയ്തെങ്കിൽ അവന്ന് നരകത്തിൽ നൽകുമായിരുന്ന സീററ് കാണിച്ചുകൊടുക്കാതിരിക്കുകയില്ല. അവൻ അല്ലാഹുവിനോട് കൂടുതൽ നന്ദിയുള്ളവനായിരിക്കുവാനാണ് അങ്ങിനെ ചെയ്യുന്നത്. ഇപ്രകാരം തന്നെ ഒരാൾ നരകത്തിൽ പ്രവേശിച്ചുകഴിഞ്ഞാലും നന്മചെയ്തതെങ്കിൽ സ്വർഗ്ഗത്തിൽ ലഭിക്കുമായിരുന്ന സീററ് അവന് കാണിച്ചു കൊടുക്കാതിരിക്കുകയില്ല. അവൻ ഖേദിക്കുവാൻ വേണ്ടിയാണ് ഇപ്രകാരം ചെയ്യുന്നത്. (ബുഖാരി. 8. 76. 573)

2354. അബ്ദുല്ല(റ) പറയുന്നു: നബി(സ) അരുളി: നരകത്തിൽ നിന്ന് അവസാനമായി മോചിതനായി സ്വർഗ്ഗത്തിൽ അവസാനമായി പ്രവേശിക്കുന്നവൻ ആരാണെന്ന് എനിക്കറിയാം. അയാൾ ഒരു മനുഷ്യനാണ്. മുട്ടുകുത്തിക്കൊണ്ട് അയാൾ നരകത്തിൽ നിന്ന് പുറത്തുകയറും. അല്ലാഹു പറയും. നീ പോയി സ്വർഗ്ഗത്തിൽ പ്രവേശിക്കുക. അയാൾ അങ്ങനെ സ്വർഗ്ഗത്തിൽ കടക്കും. അതു മുഴുവൻ സ്വർഗ്ഗമാണെന്ന് അയാൾ ഊഹിക്കും. അയാൾ തിരിച്ച് വന്ന് അല്ലാഹുവിനോട് പറയും: എന്റെ രക്ഷിതാവേ! ഞാനതു സമ്പൂർണ്ണമായി ദർശിച്ചു. അല്ലാഹു പറയും: നീ പോവുക സ്വർഗ്ഗത്തിൽ കടക്കുക. ആദ്യത്തേതു പോലെ അയാൾ പറയും. അതുപോലെ അല്ലാഹു മറുപടിയും നൽകും. ശേഷം അല്ലാഹു പറയും: പത്തു ദുൻയാവ് പോലെയുള്ളത് നിനക്കുണ്ട്. അപ്പോൾ അയാൾ ചോദിക്കും. നീ എന്നെ പരിഹസിക്കുകയാണോ? അതല്ല എന്റെ നേരെ ചിരിക്കുകയാണോ? നീ രാജാവാണ്. ഇതുപറഞ്ഞു നബി(സ) തന്റെ പല്ലുകൾ കാണുന്നവിധം ചിരിച്ചു. (ബുഖാരി. 8. 76. 575)

2355. ഇബ്നുഉമർ(റ) നിവേദനം: നബി(സ) അരുളി: നിങ്ങളുടെ മുമ്പിൽ എന്റെ ഹൗള് പ്രത്യക്ഷപ്പെടാൻ പോകുന്നുണ്ട്. ജർബാഇന്നും അദ്റൂഹിന്നും ഇടക്കുള്ളത്രയുണ്ടായിരിക്കും അതിന്റെ അകലം. (ബുഖാരി. 8. 76. 579)

2356. ഇബ്നുഅബ്ബാസ്(റ) പറയുന്നു: നബി(സ)ക്ക് നൽകിയ ധാരാളം നന്മകൾക്കാണ് കൗസർ എന്ന് പറയുന്നത്. (ബുഖാരി. 8. 76. 580)

2357. അബ്ദുല്ല(റ) പറയുന്നു: നബി(സ) അരുളി: എന്റെ ഹൗളിന്റെ വിസ്താരം ഒരു മാസത്തെ യാത്രാദൂരമാണ്. അതിലെ വെള്ളം പാലിനെക്കാൾ വെളുത്തതും കസ്തൂരിയേക്കാൾ സുഗന്ധമുള്ള തുമായിരിക്കും. ആ വെള്ളം നിറക്കാനുള്ള കൂജകൾ നക്ഷത്രങ്ങൾ പോലെയായിരിക്കും. അതു ആരെങ്കിലും കുടിച്ചാൽ പിന്നീട് ഒരിക്കലും അവൻ ദാഹിക്കുന്നവനല്ല. (ബുഖാരി. 8. 76. 581)

2358. അനസ്(റ) നിവേദനം: നബി(സ) അരുളി: എന്റെ ഹൗളിന് ഐലക്കും യമനിലെ സൻആഇന്നും ഇടക്കുള്ളത്ര വിസ്താരമുണ്ടായിരിക്കും. അതിലെ ജലം നിറക്കാൻ നക്ഷത്രങ്ങളുടെ എണ്ണത്തോളം വരുന്ന കൂജകളുണ്ടായിരിക്കും. (ബുഖാരി. 8. 76. 582)

2359. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: പരലോകദിവസം എന്റെ ഹൗളിൽ നിന്ന് ചിലരെ തട്ടിമാററും. അപ്പോൾ ഞാൻ പറയും: എന്റെ രക്ഷിതാവേ! അവർ എന്റെ അനുയായികളാണ്. അപ്പോൾ അവൻ പറയും. നിനക്ക് ശേഷം അവർ പുതിയതായി നിർമ്മിച്ചതിനെ സംബന്ധിച്ച് നിനക്ക് യാതൊരു അറിവുമില്ല. അവർ പിന്നിലേക്ക് പോയിക്കൊണ്ടിരുന്നു. (ബുഖാരി. 8. 76. 584)

## 82. വിധി

2360. ഇംറാൻ(റ) നിവേദനം: ഒരാൾ ചോദിച്ചു. പ്രവാചകരെ! സ്വർഗവാസികളെയും നരകവാസികളെയും വേർതിരിച്ചറിയാൻ കഴിയുമോ? അതെയെന്ന് അവിടന്നരുളി: അയാൾ വീണ്ടും ചോദിച്ചു: പ്രവർത്തിക്കുന്നവർ എന്തിന് പ്രവർത്തിക്കണം? നബി(സ) അരുളി: ഏത് ലക്ഷ്യത്തെ മുൻ നിർത്തിക്കൊണ്ടാണോ തങ്ങളെ സൃഷ്ടിച്ചിരിക്കുന്നത്. ആ ലക്ഷ്യം നിറവേററാനായിരിക്കും ഓരോ മനുഷ്യനും സ്വതവേ പ്രവർത്തിക്കുക. അല്ലെങ്കിൽ തനിക്ക് സൗകര്യപ്പെട്ടത് പ്രവർത്തിക്കാനാണ് ഓരോ മനുഷ്യനും ശ്രമിക്കുക. (ബുഖാരി. 8. 77. 595)

2361. ഹുദൈഫ(റ) നിവേദനം: നബി(സ) ഞങ്ങളെ അഭിമുഖീകരിച്ച് ഒരു പ്രസംഗം നടത്തി. അന്ത്യദിനം വരേയുണ്ടാകുന്ന ഒരുകാര്യവും അതിൽ എടുത്ത് പറയാതെ നബി(സ) വിട്ടില്ല. ഓർമ്മിക്കാൻ താല്പര്യമുള്ളവരെല്ലാം അതു ഓർമ്മിച്ചു. താല്പര്യമില്ലാത്തവർ വിസ്മരിച്ചു. ഒരാൾക്ക് മറെറാരാളെ പരിചയമുണ്ടായിരിക്കും അയാൾ കൺമുമ്പിൽ നിന്ന് പോയാൽ ഇവന്റെ വിസ്മൃതിപഥത്തിൽ നിന്നും അയാൾ വിട്ടു പോവുക സ്വാഭാവികമാണ്. പിന്നീട് കണ്ടുമുട്ടുമ്പോൾ ഓർമ്മ വരികയും ചെയ്യും. ഇതു പോലെ ചില സംഗതികൾ ഓർമ്മയിൽ നിന്ന് വിട്ടുപോവുകയും പിന്നീടതിനെക്കുറിച്ച് ഓർക്കേണ്ട സന്ദർഭം വരുമ്പോൾ ഓർമ്മ വരികയും അല്ലാത്തപക്ഷം മറന്നുപോകുകയും ചെയ്യും. (ബുഖാരി. 8. 77. 601)

2362. ഇബ്നുഉമർ(റ) നിവേദനം: നബി(സ) നേർച്ചയെ വിരോധിച്ചിരിക്കുന്നു. അവിടുന്ന് അരുളിയിട്ടുണ്ട്. തീർച്ചയായും നേർച്ച യാതൊരു ഉപകാരവും കൊണ്ട് വരില്ല. പിശുക്കന്മാരിൽ നിന്ന് അതു ധനം പുറത്തെടുക്കും (അത്രമാത്രം). (ബുഖാരി. 8. 77. 605)

2363. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: അല്ലാഹു പറയുന്നു: ഞാൻ നിശ്ചയിച്ചുവെച്ചതല്ലാതെ അതിന്നപ്പുറം ഒരു നേട്ടവും നേർച്ച മൂലം ആദമിന്റെ

സന്താനങ്ങൾക്ക് ലഭിക്കുകയില്ല. എന്നാൽ വിധി അവനെ കണ്ടുമുട്ടും. പിശുക്കിൽ നിന്ന് അതു ധനത്തെ പുറത്തെടുക്കും. (ബുഖാരി. 8. 77. 606)

2364. അബൂസഈദ്(റ) നിവേദനം: നബി(സ) അരുളി: രണ്ട് രഹസ്യോപദേഷ്ടാക്കൾ ഉപദേശം നൽകിക്കൊണ്ടിരിക്കാത്ത ഒരൊററ ഖലീഫയും അധികാരത്തിലിരുന്നിട്ടില്ല. ഒരു ഉപദേഷ്ടാവ് അവനോട് നന്മ ഉപദേശിക്കുകയും അതിന് പ്രേരിപ്പിക്കുകയും ചെയ്യും. മറേറ ഉപദേഷ്ടാവോ തിന്മ ഉപദേശിക്കും. അതിന് പ്രേരിപ്പിച്ചുകൊണ്ടിരിക്കും. അല്ലാഹു ആരെ കാത്തു രക്ഷിച്ചോ അവനെത്രെ സുരക്ഷിതൻ. (ബുഖാരി. 8. 77. 608)

2365. അബ്ദുല്ല(റ) നിവേദനം: അങ്ങിനെയല്ല. ഹൃദയങ്ങളെ മാററി മറിച്ചുകൊണ്ടിരിക്കുന്ന അല്ലാഹുവിനെക്കൊണ്ട് സത്യം എന്ന് നബി(സ) പലപ്പോഴും പറയാറുണ്ടായിരുന്നു. (ബുഖാരി. 8. 77. 614)

## 83. പ്രതിജ്ഞകളും നേർച്ചകളും

2366. അബ്ദുറഹ്മാൻ ബിൻ സമുറ(റ) നിവേദനം: നബി(സ) അരുളി: അല്ലയോ അബ്ദുറഹ്മാൻ! നീ അധികാരം ചോദിച്ചു വാങ്ങരുത്. ആവശ്യപ്പെട്ടിട്ട് നിനക്കതു ലഭിച്ചാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം നിനക്കായിരിക്കും. ആവശ്യപ്പെടാതെ നിനക്കാസ്ഥാനം ലഭിച്ചാൽ അധികാരസ്ഥാനത്തു നിനക്ക് സഹായസഹകരണങ്ങൾ ലഭിച്ച് കൊണ്ടിരിക്കും. ഇപ്രകാരം നീ ഒരു സത്യം ചെയ്തു. ആ പ്രതിജ്ഞ ലംഘിക്കുന്നതാണ് കൂടുതൽ പ്രയോജനമെന്ന് നിനക്ക് തോന്നി. എങ്കിൽ പ്രായശ്ചിത്തം നൽകി നിന്റെ പ്രതിജ്ഞ ലംഘിക്കുകയും കൂടുതൽ ഉത്തമമായ നടപടി സ്വീകരിക്കുകയും ചെയ്തുകൊള്ളുക. (ബുഖാരി. 8. 78. 619)

2367. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: നാം കാലം കൊണ്ട് അവസാനത്തെ സമുദായമാണെങ്കിലും പുനരുത്ഥാന ദിവസം സ്ഥാനം കൊണ്ട് മുൻകടക്കുന്നവരാണ്. തന്റെ ഭാര്യയുടെ കാര്യത്തിൽ താൻ സ്വീകരിച്ച പ്രതിജ്ഞയുടെ മേൽ ശഠിച്ച് നിൽക്കുന്നതാണ് പ്രതിജ്ഞ ലംഘിച്ചിട്ട് അല്ലാഹു നിശ്ചയിച്ച പ്രായശ്ചിത്തം നൽകുന്നതിനേക്കാളും വലിയ പാപം. (ബുഖാരി. 8. 78. 621)

2368. അബൂദർറ്(റ) നിവേദനം: ഞാൻ നബി(സ)യുടെ അടുക്കൽ ചെന്നപ്പോൾ കഅ്ബ:യുടെ നാഥനെക്കൊണ്ട് സത്യം. അവർ അങ്ങേയററം നഷ്ടപ്പെട്ടവരായിപ്പോയി. കഅ്ബ:യുടെ നാഥനെക്കൊണ്ട് സത്യം. അവർ അങ്ങേയററം നഷ്ടപ്പെട്ടവരായിപ്പോയി എന്ന് കഅ്ബ:യുടെ നിഴലിൽ ഇരുന്നുകൊണ്ട് അവിടുന്ന് പറയുന്നുണ്ട്. അവിടുന്ന് എന്നിൽ എന്തെങ്കിലും കാണുന്നുണ്ടോ എന്ന് ഞാൻ ചിന്തിച്ചു. ഞാൻ അവിടുത്തെ മുമ്പിൽ ചെന്നിരുന്നു. അപ്പോഴും അവിടുന്ന് അങ്ങിനെ അരുളിക്കൊണ്ടിരുന്നു. എനിക്ക് മൗനം ദീക്ഷിക്കുവാൻ കഴിഞ്ഞില്ല. എന്നെവളരെയേറെ ദു:ഖം ബാധിച്ചു. ഞാൻ ചോദിച്ചു: പ്രവാചകരേ! എന്റെ മാതാപിതാക്കൾ അങ്ങേക്ക് വേണ്ടി ബലി. ആരെക്കുറിച്ചാണ് താങ്കൾ അരുളിക്കൊണ്ടിരിക്കുന്നത്? നബി(സ) അരുളി: കൂടുതൽ ധനമുള്ളവർ തന്നെ. പക്ഷെ, ആ ധനം കൊണ്ട് ഇങ്ങിനെയും ഇങ്ങിനെയും ഇങ്ങിനെയും ചെയ്തവർ അതിലുൾപ്പെടുകയില്ല. (ബുഖാരി. 8. 78. 633)

2369. അബ്ദുല്ല(റ) നിവേദനം: അല്ലാഹുവിൽ പങ്കു ചേർക്കുക, മാതാപിതാക്കളെ ഉപദ്രവിക്കുക, അന്യായമായി മനുഷ്യരെ വധിക്കുക, കള്ളസത്യം ചെയ്യുക മുതലായവ മഹാപാപത്തിൽ പെട്ടതാണെന്ന് നബി(സ) അരുളി. (ബുഖാരി. 8. 78. 667)

2370. ആയിശ(റ) നിവേദനം: നബി(സ) അരുളി: അല്ലാഹുവിനെ അനുസരിക്കാൻ വല്ലവനും നേർച്ചയാക്കിയാൽ അവൻ അനുസരിച്ച് കൊള്ളട്ടെ. അല്ലാഹുവിന്റെ

കൽപന ലംഘിക്കുവാനാണ് ഒരാൾ നേർച്ചയാക്കിയതെങ്കിൽ കൽപന ലംഘിച്ചുകൊണ്ടുള്ള ആ നേർച്ച അവൻ ഒരിക്കലും പൂർത്തിയാക്കരുത്. (ബുഖാരി. 8. 78. 687)

2371. ഇബ്നുഅബ്ബാസ്(റ) പറയുന്നു: നബി(സ) പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ സദസ്സിന്റെ ഒരു ഭാഗത്തു ഒരു മനുഷ്യൻ നിൽക്കുന്നതു കണ്ടു. നബി(സ) അദ്ദേഹത്തെക്കുറിച്ച് അന്വേഷിച്ചു. അതു അബുഇസ്രാഈൽ ആണെന്നും അദ്ദേഹം ഇരിക്കുകയോ സംസാരിക്കുകയോ തണലിൽ ചെന്നിരിക്കുകയോ ചെയ്യുകയില്ലെന്നും നോമ്പ് അനുഷ്ഠിച്ചു കൊണ്ടേയിരിക്കുമെന്നും നേർച്ചയാക്കിയിരിക്കുകയാണെന്ന് സദസ്യർ പറഞ്ഞു. നബി(സ) അരുളി: അയാളോട് സംസാരിക്കുവാനും ഇരിക്കുവാനും തണൽ ഉപയോഗിക്കുവാനും പറയുക. നോമ്പ് പൂർത്തിയാക്കുകയും ചെയ്തുകൊള്ളട്ടെ. (ബുഖാരി. 8. 78. 695)

## 84. പ്രതിജ്ഞക്കുള്ള പ്രായശ്ചിത്തങ്ങൾ

2372. സാഇബ് ബിൻ യസീദ്(റ) പറയുന്നു: നബി(സ)യുടെ കാലത്തെ ഒരു സ്വാഅ് നിങ്ങളുടെ ഇന്നത്തെ ഒരു മുദ്ദും അതിന്റെ മൂന്നിൽ രണ്ടു ഭാഗവുമായിരുന്നു. ഉമറ്ബനുൽ അബദിൽ അസീസ്(റ) ന്റെ കാലത്ത് അതിൽ വർദ്ധനവ് ഉണ്ടാക്കി. (ബുഖാരി. 8. 79. 703)

2373. നാഫിഅ്(റ) പറയുന്നു. ഇബ്നുഉമർ(റ) ഫിത്വ്ർ സകാത്ത് നൽകാറുണ്ടായിരുന്നത് നബി(സ)യുടെ മുദ്ദിനെ പരിഗണിച്ചായിരുന്നു. പ്രായശ്ചിത്തം അപ്രകാരം തന്നെ. (ബുഖാരി. 8. 79. 704)

2374. ഹമ്മാദ്(റ) പറയുന്നു: നബി(സ) അരുളി: ഞാനൊരു സംഗതിചെയ്യുകയില്ലെന്ന് സത്യം ചെയ്തു. ശേഷം അതിനേക്കാൾ ഉത്തമമായതു കണ്ടാൽ സത്യം ലംഘിച്ച് പ്രായശ്ചിത്തം നൽകും. (ബുഖാരി. 8. 79. 710)

## 85. അനന്തരാവകാശം

2375. ആയിശ(റ) നിവേദനം: നബി(സ) അരുളി: ഞങ്ങൾ അനന്തരമെടുക്കപ്പെടുകയില്ല. ഞങ്ങൾ ഉപേക്ഷിച്ചിടുന്നത് ദാനധർമ്മമാണ്. (ബുഖാരി. 8. 80. 719)

2376. ഇബ്നുഅബ്ബാസ്(റ) നിവേദം: നബി(സ) അരുളി: അനന്തരാവകാശികൾക്ക് അവരുടെ ഓഹരികൾ നൽകിയശേഷം ബാക്കിയുള്ളത് കുടുംബത്തിൽ ഏററവും അടുത്ത ബന്ധമുള്ള പുരുഷന് അവകാശപ്പെട്ടതാണ്. (ബുഖാരി. 8. 80. 724)

2377. മുആദ്(റ) നിവേദനം: ഒരാൾ മരിച്ച് അയാൾക്ക് പെൺകുട്ടിയും സഹോദരിയും ഉണ്ടായാൽ പെൺകുട്ടിക്ക് പകുതിയും സഹോദരിക്കു പകുതിയും ലഭിക്കും. (ബുഖാരി. 8. 80. 726)

2378. ഹുസൈൽ(റ) പറയുന്നു: മരിച്ചവ്യക്തിക്ക് ഒരു പുത്രിയും മകന്റെ ഒരുപുത്രിയും ഒരു സഹോദരിയുമുണ്ട്. എങ്കിൽ അവരുടെ അവകാശം എങ്ങിനെയാണെന്ന് അബൂമൂസ(റ)യോട് ഒരാൾ ചോദിച്ചു. സ്വന്തം പുത്രിക്ക് പകുതിയും സഹോദരിക്കുപകുതിയും ലഭിക്കുമെന്ന് മറുപടി അദ്ദേഹം നൽകി. ശേഷം പറഞ്ഞു: നിങ്ങൾ ഇബ്നുമസ്ഊദിന്റെയടുക്കൽ പോയി അദ്ദേഹത്തോട് ചോദിച്ചുകൊള്ളുക. അദ്ദേഹം എന്റെ അഭിപ്രായത്തെ അനുകൂലിക്കുമെന്ന് അബൂമൂസ പറഞ്ഞു. ഇബ്നുമസ്ഊദിന്റെ യടുക്കൽ ചെന്ന് അബൂമൂസായുടെ തീരുമാനം അറിയിച്ചപ്പോൾ അദ്ദേഹം പറഞ്ഞു. അങ്ങിനെ വിധി കൽപ്പിക്കുന്നപക്ഷം ഞാൻ നേർമാർഗ്ഗം പ്രാപിച്ചവനായിരിക്കുകയില്ല. വഴി പിഴച്ചവനായിരിക്കും. നബി(സ) കൽപ്പിച്ചതനുസരിച്ചാണ് ഈ വിഷയത്തിൽ ഞാൻ തീരുമാനം കൽപ്പിക്കുക. സ്വന്തം

പുത്രിക്ക് പകുതി ലഭിക്കും. മകന്റെ മകൾക്ക് ആറിലൊരംശവും. ബാക്കിയുള്ളത് സഹോദരിക്ക് ലഭിക്കും. അബൂമൂസയെ വിവരമറിയിച്ചപ്പോൾ ഈ മഹാപണ്ഡിതൻ നിങ്ങൾക്കിടയിൽ ജീവിക്കുന്ന കാലമത്രയും ഇത്തരം വിഷയങ്ങളെക്കുറിച്ച് നിങ്ങളെന്നോട് ചോദിക്കാൻ വരരുത് എന്നദ്ദേഹം ഉപദേശിച്ചു. (ബുഖാരി. 8. 80. 728)

2379. അസ്‌വദ്(റ) പറയുന്നു: മുആദ്(റ) നബി(സ)യുടെ കാലത്ത് പുത്രിക്ക് പകുതിയും സഹോദരിക്ക് പകുതിയും അവകാശം നൽകി. സുലൈമാൻ (നിവേദകൻ) ശേഷം പറഞ്ഞു: നബി(സ) യുടെ കാലത്ത് എന്നുപറയുന്നില്ല. (ബുഖാരി. 8. 80. 733)

2380. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: നിങ്ങൾ നിങ്ങളുടെ പിതാക്കളെ വെറുക്കരുത്. വല്ലവനും തന്റെ പിതാവിനെ വെറുക്കുന്ന പക്ഷം അവൻ നന്ദികെട്ടവനത്രെ. (ബുഖാരി. 8. 80. 759)

2381. അബൂ ഉമാമ(റ) പറഞ്ഞു: ഹജ്ജത്തുൽ വദായിലെ പ്രഭാഷണത്തിൽ (ഖുത്തുബ) പ്രവാചകൻ(സ) പറയുന്നതു ഞാൻ കേട്ടു: നിശ്ചയമായും അല്ലാഹു ഓരോരുത്തർക്കും അവനു അവകാശപ്പെട്ട് പങ്കു നൽകിയിരിക്കുന്നു. അതിനാൽ പിന്തുടർച്ചാവകാശി യാകുന്നവരുവനു വേണ്ടി മരണശാസനം വേണ്ട (അബൂദാവൂദ്)

2382. ബുറൈദ(റ) പറഞ്ഞു: കസാഅയിൽപെട്ട ഒരാൾ മരിക്കയും അയാളുടെ പിന്തുടർച്ചാവകാശം പ്രവാചക(സ) ന്റെ അടുക്കൽ കൊണ്ടുവരപ്പെടുകയും ചെയ്തു. അവിടുന്നു പറഞ്ഞു: അയാളുടെ അവകാശിയെ അല്ലെങ്കിൽ പെൺവഴിക്കു അയാളുമായി ബന്ധമുള്ള ഒരാളെ അന്വേഷിക്കുക . എന്നാൽ അയാൾക്കു ഒരു അവകാശിയേയോ, പെൺവഴിയിൽ ബന്ധമുള്ള ഒരാളെയോ കാണുവാൻ അവർക്കു സാധിച്ചില്ല. അതിനാൽ അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: അയാളുമായി പ്രപിതാമഹൻ മൂലം ഏററവും അടുത്ത ബന്ധമുള്ള കസാഅയിൽ പെട്ടവർക്ക് കൊടുക്കുക. (അബൂദാവൂദ്)

2383. ഇബ്നു അബ്ബാസ്(റ) നിവേദനം ചെയ്തു. ഒരാൾ മരിക്കയും അയാൾ സ്വതന്ത്രനാക്കപ്പെട്ട ഒരു അടിമയല്ലാതെ മററു അവകാശികൾ അയാൾക്കു അവശേഷിക്കാതിരിക്കയും ചെയ്തു. പ്രവാചകൻ(സ) പറഞ്ഞു. അയാൾക്ക് (പിൻതുടർച്ചാവകാശപ്പെടുത്തുന്നതിന്) ആരെങ്കിലും ഉണ്ടോ? അവർ പറഞ്ഞു: സ്വതന്ത്രനാക്കിയ ഒരടിമയല്ലാതെ അയാൾക്കു മററാരും ഇല്ല. അതിനാൽ പ്രവാചകൻ(സ) അയാളുടെ പിൻതുടർച്ചാവകാശം അയാൾക്ക് (അടിമക്ക്) കൊടുത്തു. (അബൂദാവൂദ്)

2384. മിഖ്ദാം(റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: ഞാൻ ഓരോ വിശ്വാസിയോടും അവനവനെത്തന്നെയെക്കാൾ അടുത്താണ്. അതുകൊണ്ട് ഒരുകടത്തെയോ പുലർത്തേണ്ട കുട്ടികളേയോ ആരൊരുവൻ ശേഷിപ്പിക്കുന്നുവോ, അതു നമ്മുടെ ചുമതലയിലാണ്; ആരൊരുവൻ സ്വത്തു ശേഷിപ്പിക്കുന്നുവോ, അത് അവന്റെ പിൻഗാമികൾക്കുമാണ്. അവാകാശികളില്ലാത്ത ആളിന്റെ അവകാശി ഞാനാകുന്നു. ഞാൻ അയാളുടെ സ്വത്തിനു അവകാശിയായിത്തീരുകയും അവന്റെ ബാദ്ധ്യസ്ഥതയെ വിമോചിക്കയും ചെയ്യുന്നു. (അബൂദാവൂദ്)

2385. അബുഹുറയ്റാ(റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: ഘാതകൻ പിന്തുടർച്ചാവകാശിയാകുന്നില്ല. (തിർമിദി)

2386. അംറ് ഇബ്നു ഷുഅയ്ബ്(റ) നിവേദനം ചെയ്തു: പ്രവാചകൻ(സ) പറഞ്ഞു: സ്വതന്ത്രയായ ഒരു സ്ത്രീയുമായോ ഒരു അടിമസ്ത്രീയായോ വ്യഭിചാരം നടത്തി (അപ്രകാരം ജനിക്കുന്ന) ശിശു നിയമാനുസൃതമല്ല. അവൻ

പിൻതുടർച്ചാവകാശിയാകുന്നില്ല. അവനെ പിൻതുടർച്ചാവകാശപ്പെടുത്തുന്നുമില്ല. (തിർമിദി)

## 86. ശിക്ഷാവിധികൾ

2387. അനസ്(റ) നിവേദനം: നബി(സ) കള്ള് കുടിയനെ ചെരിപ്പുകൾ കൊണ്ടും ഈത്തപ്പനയുടെ മടൽകൊണ്ടും അടിക്കുവാൻ കൽപ്പിച്ചു. അബൂബക്കർ(റ) നാൽപതു അടിയാണ് അവന്ന് നൽകിയിരുന്നത്. (ബുഖാരി. 8. 81. 764)

2388. അലി(റ) പറയുന്നു: ഞാൻ ഒരാളുടെ മേൽ ശിക്ഷാനടപടികൾ നടപ്പാക്കുമ്പോൾ അവൻ മരിച്ചാൽ ദു: ഖിക്കുകയില്ല. മദ്യപാനി ഒഴികെ കാരണം അവന്റെ മേൽ നിർണ്ണിതമായ ശിക്ഷാനടപടി പ്രവാചകൻ മതപരമാക്കിയിട്ടില്ല. അതിനാൽ അവൻ മരിച്ചാൽ ഞാൻ പ്രായശ്ചിത്തം നൽകുന്നതാണ്. (ബുഖാരി. 8. 81. 769)

2389. സാഇബ്(റ) നിവേദനം: നബി(സ)യുടെയും അബൂബക്കർ(റ)ന്റെയും ഉമർ(റ)ന്റെയും ഭരണകാലത്ത് ആരംഭത്തിലും മദ്യപാനികളെ ഞങ്ങൾ കൈകൾ കൊണ്ടും ചെരിപ്പുകൾകൊണ്ടും വസ്ത്രംകൊണ്ടും അടിക്കുകയാണ് ചെയ്തിരുന്നത്. ഉമർ(റ) ഭരണത്തിന്റെ അവസാനഘട്ടം നാൽപതു അടി നടപ്പിലാക്കി. പക്ഷെ, മദ്യപാനികൾ വർദ്ധിക്കുകയും അവർ ദുർമാർഗ്ഗം ചെയ്യുവാൻ തുടങ്ങുകയും ചെയ്തപ്പോൾ ഉമർ(റ) ശിക്ഷ 80 അടിയായി വർധിപ്പിച്ചു. (ബുഖാരി. 8. 81. 770)

2390. ഉമർ(റ) നിവേദനം: നബി(സ)യുടെ കാലത്ത് അബ്ദുല്ല എന്നു പേരുള്ള ഒരാളുണ്ടായിരുന്നു. ജനങ്ങൾ അയാളെ കഴുത (ഹിമാർ) എന്നാണ് വിളിച്ചിരുന്നത്. അയാൾ നബി(സ)യെ തമാശ പറഞ്ഞ് ചിരിപ്പിക്കാറുണ്ടായിരുന്നു. ഒരിക്കൽ മദ്യപിച്ച കാരണം നബി(സ) അയാളെ അടിച്ചു. വീണ്ടും മദ്യപിച്ചതുമൂലം അയാളെ നബിയുടെ മുന്നിൽ കൊണ്ടു വന്നു. അപ്പോഴും നബിയുടെ കല്പനപ്രകാരം അനുചരന്മാർ അയാളെ അടിച്ചു. കൂട്ടത്തിലൊരാൾ പറഞ്ഞു. അല്ലാഹു നിന്നെ ശപിക്കട്ടെ. എത്ര പ്രാവശ്യമായി അവനെ മദ്യപിച്ച നിലക്ക് പിടിച്ചുകൊണ്ടുവരുന്നു. നബി(സ) അരുളി: നിങ്ങളയാളെ ശപിക്കരുത്. അല്ലാഹു സത്യം! അയാൾ അല്ലാഹുവിനെയും അവന്റെ ദൂതനെയും സ്നേഹിക്കുന്നുവെന്ന് തന്നെയാണ് എന്റെ അറിവ്. (ബുഖാരി. 8. 81. 771)

2391. അബൂഹുറൈറ(റ) നിവേദനം: ഒരിക്കൽ കള്ള് കുടിച്ച ഒരാളെ നബി(സ)യുടെ അടുക്കൽ കൊണ്ടു വന്നു. നബി(സ) അരുളി: നിങ്ങൾ അവനെ അടിക്കുവീൻ. ഞങ്ങളിൽ ചിലർ കൈകൊണ്ടും ചിലർ ചെരിപ്പുകൊണ്ടും ചിലർ വസ്ത്രം കൊണ്ടും അവനെ അടിച്ചു. അവൻ വിട്ടുപോയപ്പോൾ ചിലർ പറഞ്ഞു: അല്ലാഹു നിന്നെ അപമാനിക്കട്ടെ. ഉടനെ നബി(സ) അരുളി: അങ്ങിനെ പറയരുത്, അത് അവന്ന് അനുകൂലമായി പിശാചിനെ സഹായിക്കലായിരിക്കും. (ബുഖാരി. 8. 81. 772)

2392. ഇബ്നുഅബ്ബാസ്(റ) നിവേദനം: നബി(സ) അരുളി: ശരിയായ വിശ്വാസിയായിക്കൊണ്ട് ഒരാൾ വ്യഭിചരിക്കുകയോ മോഷ്ടിക്കുകയോ ചെയ്യുകയില്ല. (ബുഖാരി. 8. 81. 773)

2393. ആയിശ(റ) നിവേദനം: നബി(സ) അരുളി: കാൽ സ്വർണ്ണനാണയമോ അതിലധികമോ മോഷ്ടിക്കുന്നപക്ഷം ശിക്ഷയായി കൈ മുറിക്കേണ്ടതാണ്. (ബുഖാരി. 8. 81. 780)

2394. ആയിശ(റ) പറയുന്നു: ഒരു പരിചയുടെ വില വരുന്ന സാധനം മോഷ്ടിച്ചാലല്ലാതെ നബി(സ)യുടെ കാലത്ത് മോഷ്ടാവിന്റെ കൈ മുറിക്കാറുണ്ടായിരുന്നില്ല. (ബുഖാരി. 8. 81. 783)

2395. ഇബ്നുഉമർ(റ) നിവേദനം: ഒരിക്കൽ മൂന്ന് ദിർഹം വിലക്കുള്ള ഒരു പരിച മോഷ്ടിക്കുക കാരണം നബി(സ) ഒരാളുടെ കൈ മുറിച്ചു. (ബുഖാരി. 8. 81. 787)

2396. സഹ്ല്(റ) പറയുന്നു: നബി(സ) അരുളി: വല്ലവനും രണ്ട് കാലുകൾക്കും താടിയെല്ലുകൾക്കും ഇടയിലുള്ളതിനെ സംരക്ഷിക്കാമെന്ന് എനിക്ക് ജാമ്യം നിൽക്കുന്ന പക്ഷം സ്വർഗ്ഗം അവനുണ്ടെന്ന് ഞാനും ജാമ്യം നിൽക്കാം. (ബുഖാരി. 8. 82. 799)

2397. അനസ്(റ) പറയുന്നു: ഒരു മനുഷ്യൻ വന്ന് നബി(സ)യോട് പറഞ്ഞു. ഒരു സ്ത്രീയെ ഞാൻ സംയോഗം ചെയ്യുന്നത് ഒഴിച്ച് ബാക്കിയുള്ളതെല്ലാം ചെയ്തു. എന്നെ താങ്കൾ ശിക്ഷിച്ചാലും. നബി(സ) മറുപടിയൊന്നും പറഞ്ഞില്ല. ഉടനെ നമസ്കാരത്തിന്റെ സമയമായി. അയാളും നബി(സ)യുടെ കൂടെ നമസ്കരിച്ചു. നമസ്കാരശേഷം അയാൾ ഈ ആവശ്യം ഉന്നയിച്ചു. നബി(സ) ചോദിച്ചു: നീ എന്റെ കൂടെ നമസ്കരിച്ചുവോ? അതെയെന്ന് അയാൾ പ്രത്യുത്തരം നൽകി. നബി(സ) അരുളി: നിന്റെ പാപം അല്ലാഹു നിനക്ക് മാപ്പ് ചെയ്തു തന്നിരിക്കുന്നു. (ബുഖാരി. 8. 82. 812)

2398. അബൂബുർദ(റ) നിവേദനം: നബി(സ) അരുളി: മര്യാദ പഠിപ്പിക്കുവാൻ പത്തിലധികം അടിക്കുവാൻ പാടില്ല. അല്ലാഹുവിന്റെ ശിക്ഷാനടപടികളിൽ അല്ലാതെ. (ബുഖാരി. 8. 82. 831)

2399. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: വല്ലവനും നരപരാധിയായ തന്റെ അടിമയെക്കുറിച്ച് കുററാരോപണം നടത്തിയാൽ പരലോകത്ത് അല്ലാഹു അവനെ ശിക്ഷിക്കും. (ബുഖാരി. 8. 82. 841)

## 87. നഷ്ടപരിഹാരം

2400. ഇബ്നുഉമർ(റ) പറയുന്നു: നബി(സ) അരുളി: ആദരണീയ രക്തം ഒഴുക്കാത്ത കാലമത്രയും സത്യവിശ്വാസിക്ക് തന്റെ മതത്തിന്റെ വിട്ടുവീഴ്ചകളും ഒഴികഴിവുകളും ലഭിച്ചുകൊണ്ടേയിരിക്കും. (ബുഖാരി. 9. 83. 2)

2401. ഇബ്നുഉമർ(റ) പറയുന്നു: നബി(സ) അരുളി: പ്രവർത്തിച്ചാൽ രക്ഷാമാർഗ്ഗമില്ലാത്ത നാശമാണ് നിരപരാധിയുടെ രക്തം ഒഴുക്കൽ. അവകാശമില്ലാതെ. (ബുഖാരി. 9. 83. 3)

2402. ഇബ്നുഅബ്ബാസ്(റ) പറയുന്നു: നബി(സ) മിഖ്ദാദിനോട് പറഞ്ഞു: സത്യവിശ്വാസിയായൊരു മനുഷ്യൻ സത്യനിഷേധികൾക്കിടയിൽ സ്വവിശ്വാസം മറച്ച് വെച്ച് ജീവിക്കുന്നതിനിടയിൽ ഒരിക്കൽ തന്റെ വിശ്വാസത്തെ വെളിപ്പെടുത്തി. അവന്റെ ആത്മാർത്ഥതയെ ചോദ്യം ചെയ്തുകൊണ്ട് നീ അവനെ വധിച്ചുകളഞ്ഞു എങ്കിൽ ആ നടപടി പാപമാണ്. മുമ്പ് മക്കായിൽ ജീവിച്ചിരുന്ന കാലം നിങ്ങളും വിശ്വാസം മറച്ച് വെച്ചുകൊണ്ട് ജീവിച്ചിരുന്നവരായിരുന്നല്ലോ. . . . (ബുഖാരി. 9. 83. 5)

2403. അബ്ദുല്ല(റ) പറയുന്നു: നബി(സ) അരുളി: ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദൻ റസൂലുല്ലാഹി എന്ന്. ഒരു മനുഷ്യൻ പറഞ്ഞാൽ മൂന്നിലൊരു കാരണമില്ലാതെ അവന്റെ രക്തം ഒഴുകുവാൻ പാടില്ല ഒരാളെ വധിക്കൽ, വിവാഹിതനായ വ്യഭിചാരി, ഇസ്ലാമിനെ വെടിഞ്ഞു സമൂഹത്തിൽ കുഴപ്പമുണ്ടാക്കുന്നവൻ. (ബുഖാരി. 9. 83. 17)

2404. ഇബ്നുഅബ്ബാസ്(റ) നിവേദനം: നബി(സ) പറഞ്ഞു: ഇതും ഇതും നഷ്ടപരിഹാരത്തിൽ സമമാണ്. ചെറുവിരലും പെരുവിരലുമാണ് നബി(സ) ചോദിച്ചത്. (ബുഖാരി. 9. 83. 33)

## 88. സ്വപ്നവ്യാഖ്യാനം

2405. അനസ്(റ) നിവേദനം: നബി(സ) അരുളി: സദ്‌വൃത്തനായ മനുഷ്യൻ കാണുന്ന നല്ല സ്വപ്നങ്ങൾ പ്രവാചകത്വത്തിന്റെ നാൽപ്പത്തിയാറിൽ ഒരംശമാണ്. (ബുഖാരി. 9. 87. 112)

2406. അബൂസഈദ്(റ) പറയുന്നു: നബി(സ) അരുളി: നിങ്ങളിൽ വല്ലവനും താനിഷ്ടപ്പെടുന്ന രീതിയിലുള്ള സ്വപ്നം കണ്ടാൽ തീർച്ചയായും അതു അല്ലാഹുവിൽ നിന്നുള്ളതാണ്. അവൻ അല്ലാഹുവിനെ സ്തുതിക്കുകയും അതിനെ സംബന്ധിച്ച് മററുള്ളവരോട് പറയുകയും ചെയ്യട്ടെ. വല്ലവനും താൻ വെറുക്കുന്നതരത്തിലുള്ള സ്വപ്നം കണ്ടാൽ തീർച്ചയായും അതു പിശാചിൽ നിന്നുള്ളതാണ്. അതിന്റെ നാശത്തിൽ നിന്ന് അവൻ അല്ലാഹുവിനോട് അഭയം തേടുകയും അതു പറയാതിരിക്കുകയും ചെയ്യട്ടെ. അത് അവന് യാതൊരു ഉപദ്രവവും ചെയ്യുകയില്ല. (ബുഖാരി. 9. 87. 114)

2407. അബൂഹുറൈറ(റ) പറയുന്നു: നബി(സ) അരുളി: പ്രവാചകത്വത്തിന്റെ അംശങ്ങളിൽ സന്തോഷ വാർത്തകളല്ലാതെ ഒന്നും അവശേഷിച്ചിട്ടില്ല. അനുചരന്മാർ ചോദിച്ചു: എന്താണ് സന്തോഷ വാർത്തകൾ. ഉത്തമസ്വപ്നങ്ങൾ തന്നെയെന്ന് നബി(സ) പ്രത്യുത്തരം നൽകി. (ബുഖാരി. 9. 87. 119)

2408. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: അന്ത്യദിനം അടുത്തുകഴിഞ്ഞാൽ സത്യവിശ്വാസിയുടെ സ്വപ്നം കള്ളമാവുകയില്ല. സത്യവിശ്വാസിയുടെ സ്വപ്നമാവട്ടെ നുബുവ്വത്തിന്റെ നാൽപത്തിയാറിന്റെ ഒരംശമാണ്. നുബുവ്വത്തിന്റെ അംശമായത് കള്ളമായിരിക്കുകയില്ല. മുഹമ്മദ് ബ്നുസിറീൻ പറയുന്നു: സ്വപ്നം മൂന്ന് തരമാണ്. മനസ്സിന്റെ വർത്തമാനം, പിശാചിന്റെ ഭയപ്പെടുത്തൽ, അല്ലാഹുവിൽ നിന്നുള്ള സന്തോഷവാർത്ത. ഉറക്കത്തിൽ കഴുത്തിൽ ആമം വെച്ചത് കാണുന്നത് അവർ വെറുത്തിരുന്നു. കാൽബന്ധിച്ചത് അവർ ഇഷ്ടപ്പെട്ടിരുന്നു. കാരണം അതിന്റെ അർത്ഥം മതത്തിൽ ഉറച്ച് നിൽക്കലാണ്. (ബുഖാരി. 9. 87. 144)

2409. ഇബ്നുഅബ്ബാസ്(റ) നിവേദനം: നബി(സ) അരുളി: വല്ലവനും താൻ കണ്ടിട്ടില്ലാത്ത സ്വപ്നം കണ്ടുവെന്ന് വാദിക്കുന്നപക്ഷം (പരലോക ദിവസം) രണ്ട് ബാർലിമണികളെ തമ്മിൽ പിടിച്ച് കെട്ടി ബന്ധിപ്പിക്കാൻ അവനെ നിർബന്ധിക്കും. വാസ്തവത്തിലോ അവനത് ചെയ്യുവാൻ സാധിക്കുകയില്ല. വല്ലവനും ഒരു കൂട്ടരുടെ സംസാരം ശ്രദ്ധിച്ചുകേട്ടു. അവനത് കേൾക്കുന്നത് അവരിഷ്ടപ്പെടുകയില്ല. എങ്കിൽ പരലോകത്ത് അവന്റെ ചെവിയിൽ ഈയം ഉരുക്കി ഒഴിക്കും. വല്ലവനും ഒരു രൂപമുണ്ടാക്കിയാൽ അതിൽ ജീവനൂതാൻ അവനെ നിർബന്ധിക്കും. എന്നാൽ അവന് അതിൽ ജീവനിടാൻ കഴിയുകയില്ല. (ബുഖാരി. 9. 87. 165)

## 89. കുഴപ്പങ്ങൾ

2410. ഇബ്നുഅബ്ബാസ്(റ) നിവേദനം: നബി(സ) അരുളി: വല്ലവനും തന്റെ ഭരണാധികാരിയിൽ വെറുക്കപ്പെട്ടത് കണ്ടാൽ അവൻ ക്ഷമ കൈക്കൊള്ളട്ടെ. കാരണം വല്ലവനും ഭരണാധിപനെ അനുസരിക്കാതെ ഒരു ചാൺ അകന്ന് നിന്നാൽ ജാഹിലിയ്യാ മരണമാണ് അവൻ വരിക്കുക. (ബുഖാരി. 9. 88. 176)

2411. ഇബ്നുഅബ്ബാസ്(റ) പറയുന്നു: നബി(സ) അരുളി: ആരെങ്കിലും തന്റെ ഭരണാധികാരിയിൽ അനിഷ്ടകരമായത് കണ്ടാൽ അവൻ ക്ഷമ കൈക്കൊള്ളട്ടെ. കാരണം ഇസ്ലാമിക സമൂഹ ത്തിൽ നിന്നും ഒരു ചാൺ ആരെങ്കിലും അകന്നു നിന്നാൽ അവൻ ജാഹിലിയ്യാ മരണമാണ് വരിക്കുന്നത്. (ബുഖാരി. 9. 88. 177)

2412. അബൂമൂസ(റ) പറയുന്നു: നബി(സ) അരുളി: അന്ത്യദിനത്തിന്റെ മുമ്പ് ചില ദിവസങ്ങളുണ്ട്. അറിവില്ലായ്മ അന്ന് പ്രചരിക്കും. വിജ്ഞാനം നശിക്കും. വധം വർദ്ധിക്കും. (ബുഖാരി. 9. 88. 185)

2413. അബ്ദുല്ല(റ) നിവേദനം: നബി(സ) അരുളി: അന്ത്യദിനത്തിൽ ജീവിച്ചിരിക്കുന്നവർ ജനങ്ങളിൽ വെച്ചേററവും ദുഷ്ടരായിരിക്കും. (ബുഖാരി. 9. 88. 187)

2414. സുബൈർ(റ) പറയുന്നു: നിങ്ങൾ അനസി(റ)ന്റെ അടുത്ത് ചെന്ന് ഹജ്ജാജിൽ നിന്നും ഏൽക്കുന്ന ആക്രമണങ്ങളെക്കുറിച്ച് ആവലാതിപ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: നിങ്ങൾ ക്ഷമ കൈക്കൊള്ളുക. പിന്നീട് വരുന്ന കാലങ്ങൾ ആദ്യമാദ്യം വരുന്ന കാലത്തേക്കാൾ ദുഷിച്ചുകൊണ്ട് തന്നെയാണ് പോവുക. നിങ്ങളുടെ നാഥനെ കണ്ടുമുട്ടുംവരെ. നിങ്ങൾ ഈ അവസ്ഥ തുടരും. ഞാനിതു നിങ്ങളുടെ നബി(സ)യിൽ നിന്നും കേട്ടതുതന്നെയാണ്. (ബുഖാരി. 9. 88. 188)

2415. അബൂഹുറൈറ(റ) പറയുന്നു: നബി(സ) അരുളി: നിങ്ങളാരും തന്റെ സഹോദരന്റെ നേരെ വാൾ ചൂണ്ടിക്കാട്ടരുത് (കൈക്ക് പകരമായി) ഒരുപക്ഷെ പിശാച് അവന്റെ കയ്യിൽ നിന്ന് ആ വാൾ പിടിച്ചെടുക്കുകയും അവസാനം അവൻ നരകക്കുഴിയിൽ വീഴാനിടയാവുകയും ചെയ്തെങ്കിലോ. (ബുഖാരി. 9. 88. 193)

2416. ഇബ്നുഉമർ(റ) നിവേദനം: നബി(സ) അരുളി: അല്ലാഹു ഒരു ജനതയെ ശിക്ഷിക്കുമ്പോൾ ആ ശിക്ഷ അവരിലുള്ള എല്ലാവരേയും ബാധിക്കും. പിന്നീട് അവരിൽ ഓരോരുത്തരേയും അവരുടെ കർമ്മങ്ങളുടെ അടിസ്ഥാനത്തിൽ പുനർജീവിപ്പിക്കും. (ബുഖാരി. 9. 88. 224)

2417. ഹുദൈഫ(റ) പറയുന്നു: നബി(സ)യുടെ കാലത്ത് ഉണ്ടായിരുന്ന മുനാഫിഖുകളെക്കാൾ ചീത്തയാണ് ഇന്നുള്ള മുനാഫിക്കുകൾ. അവർ അന്ന് രഹസ്യമാക്കിവെച്ചു. ഇവർ ഇന്ന് പരസ്യമാക്കുന്നു. (ബുഖാരി. 9. 88. 229)

2418. ഹുദൈഫ:(റ) നിവേദനം: നബി(സ)യുടെ കാലത്തായിരുന്നു കാപട്യം (നിഫാക്ക്) ഉണ്ടായിരുന്നത് . ഇന്നുള്ളത് വിശ്വസിച്ചശേഷം കാഫിറായി മാറുന്ന സ്വഭാവമാണ്. (ബുഖാരി. 9. 88. 230)

2419. അബൂഹുറൈറ(റ) പറയുന്നു: നബി(സ) അരുളി: ദൗസിലെ സ്ത്രീകൾ ദുൽഖുലൈസ്വത്തിന് ചുററും പ്രദക്ഷിണം ചെയ്യുന്നതുവരെ അന്ത്യദിനം സംഭവിക്കുകയില്ല. ദുൽഖുലൈസ്വ: എന്നാൽ കിരാത യുഗത്തിൽ ആരാധിച്ചിരുന്ന വിഗ്രഹമാണ്. (ബുഖാരി. 9. 88. 232)

2420. അബൂഹുറൈറ(റ) പറയുന്നു: നബി(സ) അരുളി: ഹിജാസിൽ നിന്ന് ഒരു അഗ്നിപുറപ്പെട്ടു. ബുസ്റാ: യിലെ ഒട്ടകങ്ങളുടെ പിരടിയെ പ്രകാശിപ്പിക്കുംവരെ അന്ത്യദിനം സംഭവിക്കുകയില്ല. (ബുഖാരി. 9. 88. 234)

2421. അബൂഹുറൈറ(റ)നിവേദനം: നബി(സ) അരുളി: അടുത്തുതന്നെ യൂപ്രട്ടീസ് നദിയിൽ നിന്ന് ഒരു സ്വർണ്ണനിധി പുറത്തുവന്നേക്കാം. വല്ലവനും അപ്പോൾ അവിടെയുണ്ടെങ്കിൽ അതിൽ നിന്നും എടുത്തു പോകരുത്. മറെറാരു നിവേദനത്തിൽ സ്വർണ്ണത്തിന്റെ പർവ്വതമാണെന്ന് പറയുന്നു. (ബുഖാരി. 9. 88. 235)

2422. അബൂഹുറൈറ(റ) പറയുന്നു: നബി(സ) അരുളി: രണ്ടു വലിയ സമൂഹത്തിന്റെ ഇടയിൽ ഒരു വലിയ യുദ്ധം നടക്കുന്നതുവരേക്കും അന്ത്യദിനം സംഭവിക്കുകയില്ല. ആ രണ്ടു വിഭാഗത്തിന്റെയും ആദർശം ഒന്നു തന്നെയായിരിക്കും. അപ്രകാരം തന്നെ കള്ളവാദികളായ മുപ്പതോളം ദജ്ജാലുകൾ പുറത്തു വരും. അവരിലോരോരുത്തരും താൻ പ്രവാചകനാണെന്ന് വാദിച്ചുകൊണ്ടിരിക്കും. ജ്ഞാനം നശിച്ചുപോകുകയും

ഭൂചലനം വർദ്ധിക്കുകയും സമയം കുറയുകയും കുഴപ്പങ്ങൾ വർദ്ധിക്കുകയും കൊല വർദ്ധിക്കുകയും ചെയ്യുന്നതുവരേക്കും അന്ത്യദിനം ഉണ്ടാവുകയില്ല. നിങ്ങളിൽ സമ്പത്ത് അധികമായി വർദ്ധിച്ച് വെള്ളം പോലെ ഒഴുകാൻ തുടങ്ങും. അവസാനം ദാനധർമ്മം സ്വീകരിക്കുവാൻ ആരെയാണ് കിട്ടുകയെന്ന ചിന്ത ഉടമസ്ഥനെ അലട്ടാൻ തുടങ്ങും. അവൻ തന്റെ ധനം ചിലർക്ക് വെച്ച് കെട്ടുമ്പോൾ എനിക്കതാവശ്യമില്ലെന്ന് മററവൻ പറയും. കെട്ടിടങ്ങൾ കെട്ടിപ്പൊക്കുന്നതിൽ ജനങ്ങൾ കിടമത്സരം നടത്തും. ഒരാൾ മറെറാരാളുടെ ഖബറിന്റെ അരികിലൂടെ നടന്നുപോകുമ്പോൾ ഇവന്റെ സ്ഥാനത്ത് ഖബറിൽ കിടക്കുന്നത് ഞാനായിരുന്നുവെങ്കിൽ നന്നായിരുന്നേനെയെന്ന് അവൻ ആശിച്ചു പോകും. സൂര്യൻ അതിന്റെ അസ്തമന സ്ഥാനത്തു ഉദിച്ചു ഉയരും. അങ്ങിനെ അതു ഉദിക്കുകയും മനുഷ്യർ കാണുകയും ചെയ്താൽ എല്ലാ മനുഷ്യരും സത്യത്തിൽ വിശ്വസിക്കും. പക്ഷെ പുതിയ വിശ്വാസം പ്രയോജനം ലഭിക്കാത്ത സമയമായിരിക്കും അത്. രണ്ടാളുകൾ കച്ചവടം നടത്തുവാൻ അവരുടെ മുണ്ട് നിവർത്തി കയ്യിമേൽ ഇട്ടിട്ടുണ്ടായിരിക്കും. പക്ഷേ അവർക്ക് വ്യാപാരം നടത്തുവാനോ ആ തുണി ചുരുട്ടാനോ സമയം ലഭിക്കുകയില്ല. ഒരാൾ ഒട്ടകത്തെക്കറന്ന പാലും കൊണ്ട് പോകുന്നുണ്ടാകും. അവനതുകുടിക്കാൻ കഴിഞ്ഞിട്ടുണ്ടാവുകയില്ല. മറെറാരാൾ നാൽക്കാലികൾക്ക് കുടിക്കാനുള്ള വെള്ളം സ്ഥലം ശുചീകരിക്കുന്നുണ്ടാവും. പക്ഷെ നാൽക്കാലികളെ വെള്ളം കുടിപ്പിക്കാൻ സമയം കിട്ടിയിരിക്കയില്ല. ഒരാൾ ഭക്ഷണം എടുത്ത് വായിലേക്ക് പൊക്കിക്കൊണ്ടു പോകും. പക്ഷെ അത് തിന്നാൻ അവന്ന് കഴിഞ്ഞിട്ടുണ്ടായിരിക്കുകയില്ല. (ബുഖാരി. 9. 88. 237)

2423. അനസ്(റ) നിവേദനം: നബി(സ) അരുളി: ഉണങ്ങിയ മുന്തിരിങ്ങ പോലെയുള്ള ശിരസ്സോടുകൂടിയ ഒരു നീഗ്രോ അടിമ നിങ്ങളുടെ ഭരണാധികാരിയെങ്കിൽ പോലും അദ്ദേഹത്തിന്റെ കൽപനകൾ നിങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്യുവീൻ. (ബുഖാരി. 9. 89. 256)

2424. അബ്ദുല്ല(റ) നിവേദനം: നബി(സ) അരുളി: ഒരു മുസ്ലീമായ മനുഷ്യൻ അവന്ന് ഇഷ്ടകരവും അനിഷ്ടകരവുമായ സംഗതികളിൽ ഭരണാധികാരിയെ അനുസരിക്കണം. തെററ് കൽപ്പിക്കപ്പെടുന്നത് വരെ. തെററ് ഭരണാധികാരി കൽപ്പിച്ചാൽ കേൾവിയും അനുസരണവുമില്ല. (ബുഖാരി. 9. 89. 258)

2425. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: നിങ്ങൾ ഭരണാധികാരം കിട്ടാൻ കൊതിച്ചുകൊണ്ടിരിക്കും. പരലോകദിനം നിങ്ങൾക്ക് ഖേദത്തിന് കാരണമായിത്തീരുകയും ചെയ്യും. മുല കൊടുത്തവൾ എത്ര നല്ലവൾ! മുല കുടി നിർത്തുന്നവൾ എത്ര മോശപ്പെട്ടവൾ! (ബുഖാരി. 9. 89. 262)

2426. മഅ്ഖൽ(റ) പറയുന്നു: നബി(സ) അരുളി: ഒരു മനുഷ്യനെ ഒരു വിഭാഗത്തിന്റെ ഭരണാധികാരിയായി അല്ലാഹു നിശ്ചയിച്ചു. എന്നിട്ട് ഗുണകാംക്ഷയോട് കൂടി അവരെ അവൻ പരിപാലിച്ചില്ല. എങ്കിൽ അത്തരത്തിലുള്ള ഒരൊററ മനുഷ്യനും സ്വർഗ്ഗത്തിന്റെ സുഗന്ധം ആസ്വദിക്കാൻ കഴിയുകയില്ല. (ബുഖാരി. 9. 89. 264)

2427. മഅ്ഖൽ(റ) നിവേദനം: നബി(സ) അരുളി: ഒരാൾ മുസ്ലിംകളിൽ ഒരു വിഭാഗത്തിന്റെ അധികാരം ഏറെറടുത്തു. അവരെ വഞ്ചിച്ചുകൊണ്ടാണ് അവൻ മൃതിയടഞ്ഞതെങ്കിൽ അല്ലാഹു അവന് സ്വർഗ്ഗം ഹറാമാക്കാതിരിക്കുകയില്ല. (ബുഖാരി. 9. 89. 265)

2428. ജൂൻദുബ്(റ) പറയുന്നു: നബി(സ) അരുളി: വല്ലവനും കേൾവിക്കു വേണ്ടി വല്ല സൽപ്രവൃത്തിയും ചെയ്താൽ പരലോകദിവസം അല്ലാഹു അവന് പ്രസിദ്ധിയുണ്ടാക്കിക്കൊടുക്കും. വല്ലവനും ജനങ്ങളെ പ്രയാസങ്ങൾക്ക് വിധേയരാക്കുന്ന പക്ഷം പരലോകദിവസം അല്ലാഹു അവനെ പ്രയാസപ്പെടുത്തും.

സഹാബിമാർ പറഞ്ഞു: താങ്കൾ ഞങ്ങളെ കൂടുതൽ ഉപദേശിച്ചാലും. നബി(സ) അരുളി: മനുഷ്യന്റെ ശരീരത്തിൽ നിന്ന് ആദ്യമായി ചീഞ്ഞു പോകുക അവന്റെ വയറാണ്. അതുകൊണ്ട് വല്ലവനും ശുദ്ധമായ വസ്തുക്കൾ മാത്രം ഭക്ഷിക്കാൻ സാധിക്കുന്ന പക്ഷം അങ്ങിനെ ചെയ്തുകൊള്ളട്ടെ. വല്ലവനും താൻ ചിന്തിയ ഒരു കൈക്കുമ്പിൾ നിറയെയുള്ള രക്തവും കൊണ്ട് തനിക്കും സ്വർഗ്ഗത്തിനുമിടയിൽ ഒരു മറയുണ്ടാക്കാതെ കഴിക്കാൻ കഴിഞ്ഞെങ്കിൽ അപ്രകാരം അവൻ ചെയ്തുകൊള്ളട്ടെ. (ബുഖാരി. 9. 89. 266)

2429. അനസ്(റ) പറയുന്നു: ഖൈസ്ബ്നു സഅദിന്ന് നബി(സ)യുടെ അടുത്ത് ഭരണാധികാരിയുടെ അടുത്തു ഒരു പോലീസ്കാരനു ഉണ്ടായിരിക്കുന്ന പരിഗണനയായിരുന്നു. (ബുഖാരി. 9. 89. 269)

2430. ഇബ്നുഉമർ(റ) പറയുന്നു: ഭരണാധികാരിയുടെ മുന്നിൽ വെച്ച് ഒന്നുപറയുക. പുറത്തു വന്നാൽ മറെറാന്നും പറയുക. ഇത് നബി(സ)യുടെ കാലത്ത് കാപട്യമായിട്ടാണ് ദർശിച്ചിരുന്നത്. (ബുഖാരി. 9. 89. 289)

2431. സൈദ്(റ) പറയുന്നു: നബി(സ) അദ്ദേഹത്തോട് ജൂതന്മാരുടെ എഴുത്തിന്റെ ഭാഷ പഠിക്കുവാൻ കൽപ്പിച്ചു. അങ്ങിനെ നബിയുടെ എഴുത്ത് ഞാൻ എഴുതും. അവരുടെ എഴുത്ത് അദ്ദേഹത്തിന് വായിച്ച് കേൾപ്പിക്കുകയുംചെയ്യും. (ബുഖാരി. 9. 89. 301)

2432. ഇബാദത്തു(റ) പറയുന്നു: ഞങ്ങൾ എവിടെയായിരുന്നാലും സത്യം പറയുവാനും അതിന് വേണ്ടി നിലകൊള്ളുവാനും അല്ലാഹുവിന്റെ പ്രശ്നത്തിൽ ഒരാക്ഷേപകന്റെയും ആക്ഷേപത്തെ ഒട്ടും ഭയപ്പെടാതിരിക്കുവാനും നബി(സ) പ്രതിജ്ഞ ചെയ്യുകയുണ്ടായി. (ബുഖാരി. 9. 89. 307)

2433. ഇബ്നുഉമർ(റ) നിവേദനം: ഞങ്ങൾ നബി(സ)യോട് കേൾക്കുകയും അനുസരിക്കുകയും ചെയ്യുമെന്ന് പറയുമ്പോൾ അവിടുന്ന് പറയും. നിങ്ങൾക്ക് സാധിക്കുന്നതിൽ (ബുഖാരി. 9. 89. 309)

2434. ഇബ്നദീനാർ(റ) പറയുന്നു: അബ്ദുൽ മലികിന്റെ മേൽ ജനങ്ങൾ ഒരുമിച്ച് കൂടിയപ്പോൾ ഇബ്നുഉമർ(റ)ന്റെ അടുത്ത് ഞാൻ ഉണ്ടായിരുന്നു. ഞാൻ അബ്ദുൾ മാലിക്കിന് കേൾവിയും അനുസരണവും സമ്മതിക്കുന്നു. അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും ചര്യയുടെ അടിസ്ഥാനത്തിൽ. നിശ്ചയം, എന്റെ സന്താനങ്ങളും അതു പോലെ അംഗീകരിക്കുന്നു എന്ന് അദ്ദേഹം എഴുതി. (ബുഖാരി. 9. 89. 310)

2435. ഇബ്നുഉമർ(റ) പറയുന്നു: താങ്കൾ ഖലീഫയെ നിശ്ചയിക്കുന്നില്ലയോ എന്ന് ഉമർ(റ) നോട് ചോദിക്കപ്പെട്ടു. അദ്ദേഹം പറഞ്ഞു: ഞാൻ ഖലീഫയെ നിശ്ചയിച്ചാൽ എന്നെക്കാൾ ശ്രേഷ്ഠനായ അബൂബക്കർ അപ്രകാരം ചെയ്തിട്ടുണ്ട്. ഉപേക്ഷിച്ചാൽ ഉത്തമനായ നബി(സ) ഉപേക്ഷിച്ചിട്ടുണ്ട്. അപ്പോൾ ജനങ്ങൾ അദ്ദേഹത്തെ പ്രശംസിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു. ആഗ്രഹിക്കുന്നവനും ഭയപ്പെടുന്നവനും. ഭരണത്തിന്റെ നന്മയിൽ നിന്നും തന്മയിൽ നിന്നും ഞാൻ രക്ഷപ്രാപിച്ചുവെന്നു ഞാൻ ആഗ്രഹിച്ചു. ഇല്ല. ജീവിക്കുന്ന സന്ദർഭത്തിലും മരിച്ചാലും ഞാൻ അതിന്റെ ബാധ്യത ഏറെറടുക്കുകയോ? (ബുഖാരി. 9. 89. 325)

2436. അനസ്(റ) പറയുന്നു: ഉമർ(റ) ന്റെ ഖുതൂബ: അദ്ദേഹം കേൾക്കുകയുണ്ടായി നബി(സ) മരണപ്പെട്ട ദിവസമായിരുന്നു അത്. അദ്ദേഹം തശഹുദ് ചൊല്ലി. അബൂബക്കർ മൗനമായി ഇരിക്കുന്നു. നമുക്ക് ശേഷം അവസാനമായി നബി(സ) മരിക്കുവാനായിരുന്നു ഞാൻ ആഗ്രഹിച്ചിരുന്നത്. എന്നാൽ മുഹമ്മദ് മരിച്ചു. അല്ലാഹു നമുക്ക് മുന്നിൽ ഒരു പ്രകാശത്തെ നിശ്ചയിച്ചിട്ടുണ്ട്. അതുമൂലം നമുക്ക് മാർഗ്ഗദർശനം ലഭിക്കും. മുഹമ്മദിന് അല്ലാഹു മാർഗ്ഗദർശനം നൽകിയതും അതുകൊണ്ടാണ്. നിശ്ചയം അബൂബക്കർ പ്രവാചകന്റെ സ്നേഹിതനാണ്. രണ്ടിൽ

ഒരുത്തനും. നമ്മുടെ കാര്യത്തിന് ഏററവും അവകാശപ്പെട്ടത് അദ്ദേഹമാണ്. നിങ്ങൾ എഴുന്നേററ് അദ്ദേഹത്തിന് പ്രതിജ്ഞ ചെയ്യുവീൻ. ഈ പ്രസംഗത്തിനു മുമ്പ് തന്നെ ഒരു സംഘം അദ്ദേഹത്തിന് ബനൂസാഇദ:യുടെ നടപ്പന്തലിൽ വെച്ച് ബൈഅത്തുചെയ്തിരുന്നു. മിമ്പറിൽ വെച്ചാണ് പൊതുവായ ബൈഅത്തു നടന്നത്. ഉമർ(റ) പറഞ്ഞു: താങ്കൾ മിമ്പറിൽ കയറുക. പല പ്രാവശ്യം ആവർത്തിച്ചപ്പോൾ അദ്ദേഹം കയറുകയും ജനങ്ങൾ പൊതുവായ ബൈഅത്തുചെയ്യുകയും ചെയ്തു. (ബുഖാരി. 9. 89. 326)

## 90. ഖുർആനും സുന്നത്തും മുറുകെ പിടിക്കൽ

2437. അബൂഹുറൈറ(റ) പറയുന്നു: നബി(സ) അരുളി: എന്റെ അനുയായികളെല്ലാവരും സ്വർഗ്ഗത്തിൽ പ്രവേശിക്കും. നിരസിച്ചവർ പ്രവേശിക്കുകയില്ല. അവർ ചോദിച്ചു: പ്രവാചകരേ! ആരാണ് നിരസിക്കുന്നവർ?. നബി(സ) അരുളി: എന്നെ വല്ലവനും അനുസരിച്ചാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കും. എന്റെ കൽപന ലംഘിച്ചവൻ നിരസിച്ചവനാണ്. (ബുഖാരി. 9. 92. 384)

2438. ജാബിർ(റ) പറയുന്നു: ഒരു സംഘം മലക്കുകൾ നബി(സ)യുടെ അടുക്കൽ വന്നു. നബി(സ) ഉറങ്ങുകയായിരുന്നു. ചിലർ പറഞ്ഞു: അദ്ദേഹം ഉറങ്ങുകയാണ്. മററുചിലർ പറഞ്ഞു: കണ്ണു ഉറങ്ങിയിട്ടുണ്ടെങ്കിലും മനസ്സുറങ്ങിയിട്ടില്ല. അവരിൽ ചിലർ പറഞ്ഞു: നിങ്ങളുടെ ഈ സ്നേഹിതന് ഒരു ഉപമയുണ്ട്. അദ്ദേഹത്തിന്റെ ഉപമ വിവരിക്കുക. അപ്പോൾ ചിലർ പറഞ്ഞു: അദ്ദേഹം ഉറങ്ങുകയാണ് മററു ചിലർ പറഞ്ഞു: കണ്ണ് ഉറങ്ങുകയാണെങ്കിലും മനസ്സുറങ്ങിയിട്ടില്ല. അപ്പോൾ അവർ പറഞ്ഞു: ഒരു മനുഷ്യൻ ഒരു വീട് നിർമ്മിച്ചു. എന്നിട്ട് അതിൽ ഒരു വിരുന്നു തയ്യാറാക്കി. ആളുകളെ ക്ഷണിക്കാൻ ആളയച്ചു. ക്ഷണം സ്വീകരിച്ചവർ വീട്ടിൽ പ്രവേശിക്കുകയും വിരുന്നിലെ വിഭവങ്ങൾ ഭക്ഷിക്കുകയും ചെയ്തു. ക്ഷണം സ്വീകരിക്കാത്തവർ വീട്ടിൽ പ്രവേശിക്കുകയോ സൽക്കാരവിഭവങ്ങൾ ഭക്ഷിക്കുകയോ ചെയ്തില്ല. തുടർന്ന് അവർ പറഞ്ഞു; ഈ ഉപമ നിങ്ങളദ്ദേഹത്തിന് വിവരിച്ചുകൊടുക്കുക. അദ്ദേഹം അതു ശരിക്കും ഗ്രഹിക്കട്ടെ. അവരിൽ ചിലർ പറഞ്ഞു: അദ്ദേഹം ഉറങ്ങുകയാണ്. ചിലർ പറഞ്ഞു: കണ്ണ് ഉറങ്ങിയിട്ടുണ്ടെങ്കിലും മനസ്സുറങ്ങിയിട്ടില്ല. അവർ പറഞ്ഞു: ആ പറഞ്ഞ വീട് സ്വർഗ്ഗമാണ്. വിരുന്നിന്ന് ക്ഷണിച്ചയാൾ മുഹമ്മദും. അതുകൊണ്ട് മുഹമ്മദിനെ വല്ലവനും അനുസരിച്ചാൽ അവൻ അല്ലാഹുവിനെ അനുസരിച്ചു. മുഹമ്മദിന്റെ കൽപന ലംഘിച്ചു. മുഹമ്മദാണ് ജനങ്ങളെ വിശ്വാസിയും അവിശ്വാസിയുമായി വേർതിരിക്കുന്നത്. (ബുഖാരി. 9. 92. 385)

2439. ഹുദൈഫ(റ) പറയുന്നു: അല്ലയോ ഓത്തുകാരേ! നിങ്ങൾ നേർക്കുനേരെ ജീവിക്കുക. നിങ്ങൾ തീർച്ചയായും വിജയത്തിൽ ഒരു വലിയ മുൻകടക്കൽ കടന്നിട്ടുണ്ട്. നിങ്ങൾ വലത്തോട്ടും ഇടത്തോട്ടും തിരിഞ്ഞാൽ വിദൂരമായ വഴികേടിൽ നിങ്ങൾ വീഴുന്നതാണ്. (ബുഖാരി. 9. 92. 386)

2440. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: ഞാൻ ഉപേക്ഷിച്ച വിഷയങ്ങളിൽ നിങ്ങൾ എന്നെ വിട്ടേക്കുവീൻ. പൂർവ്വിക സമുദായങ്ങൾ നശിച്ചത് അവരുടെ നബിമാർക്ക് അവർ എതിർപ്രവർത്തിച്ചതുകൊണ്ടും കൂടുതൽ ചോദ്യങ്ങൾ ഉന്നയിച്ചതു കൊണ്ടുമാണ്. ഞാൻ നിങ്ങളോട് എന്തെങ്കിലും വിരോധിച്ചാൽ അതിനെ നിങ്ങൾ പൂർണ്ണമായും വർജ്ജിക്കുവീൻ. എന്തെങ്കിലും കൽപ്പിച്ചാൽ നിങ്ങൾക്ക് സാധിക്കും പ്രകാരം അത് അനുഷ്ഠിക്കുവീൻ. (ബുഖാരി. 9. 92. 391)

2441. സഅ്ദ്(റ) നിവേദനം: നബി(സ) അരുളി: ഹറാമ് അല്ലാത്ത ഒരുകാര്യം (അനാവശ്യമായ) ചോദ്യം കാരണം നിഷിദ്ധമാക്കപ്പെട്ടാൽ ആ ചോദ്യ കർത്താവാണ് മുസ്ലിംകളിൽ ഏററവും വലിയ പാപി. (ബുഖാരി. 9. 92. 392)

2442. അനസ്(റ) നിവേദനം: ഞങ്ങൾ ഒരിക്കൽ ഉമർ(റ)യുടെ അടുത്ത് ഇരിക്കുകയാണ്. അപ്പോൾ അദ്ദേഹം പറഞ്ഞു: മനസ്സിൽ ഇല്ലാത്തതു സാഹസപ്പെട്ടു ചെയ്യുന്നതിനെ ഞങ്ങൾ വിരോധിക്കപ്പെട്ടിട്ടുണ്ട്. (ബുഖാരി. 9. 92. 396)

2443. അനസ്(റ) പറയുന്നു: നബി(സ) അരുളി: മനുഷ്യർ ഓരോന്നു ചോദിച്ചു കൊണ്ടേയിരിക്കും. അവസാനം അവർ ചോദിക്കും. ഇതു അല്ലാഹുവാണ്. എല്ലാസൃഷ്ടികളുടെയും കർത്താവ്. എന്നാൽ അല്ലാഹുവിനെ ആരാണ് സൃഷ്ടിച്ചത്? (ബുഖാരി. 9. 92. 399)

2444. അബ്ദുല്ല(റ) നിവേദനം: നബി(സ) അരുളി: മനുഷ്യരിൽ നിന്ന് അറിവ് അല്ലാഹു ഒററയടിക്ക് പിടിച്ചെടുക്കുകയില്ല. പണ്ഡിതന്മാരെ മരണപ്പെടുത്തുക വഴിക്കാണ് വിദ്യയെ മനുഷ്യരിൽ നിന്ന് അവൻ പിടിച്ചെടുക്കുക. അവസാനം കുറെ മൂഢന്മാർ അവശേഷിക്കും. അവരോട് മനുഷ്യർ മതവിധി ചോദിക്കും. അപ്പോൾ സ്വന്തം അഭിപ്രായമനുസരിച്ച് അവർ വിധി കൽപ്പിക്കും. അങ്ങിനെ അവർ സ്വയം വഴി പിഴക്കുകയും മററുള്ളവരെ പിഴപ്പിക്കുകയും ചെയ്യും. (ബുഖാരി. 9. 92. 410)

2445. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: പൂർവ്വീക തലമുറകളുടെ സമ്പ്രദായങ്ങളെ ചാൺ ചാണായും മുഴം മുഴമായും എന്റെ അനുയായികൾ പിൻപററുന്നതുവരേക്കും അന്ത്യ ദിനം സംഭവിക്കുകയില്ല. പ്രവാചകരേ! പേർഷ്യക്കാരെയും റോമക്കാരെയുമാണോ താങ്കൾ ഉദ്ദേശിക്കുന്നതെന്ന് ചിലർ ചോദിച്ചു: അവരല്ലാതെ മററാരാണ്? നബി(സ) പ്രത്യുത്തരം നൽകി. (ബുഖാരി. 9. 92. 421)

2446. ആയിശ(റ) നിവേദനം: അവർ അബ്ദുല്ലാഹിബ്നു സുബൈർ(റ) നോട് പറഞ്ഞു: ഞാൻ മരിച്ചാൽ എന്നെ എന്റെ സ്നേഹിതകളുടെ കൂടെ ഖബറടക്കം ചെയ്യുക. നിങ്ങൾ നബി(സ)യുടെ കൂടെ എന്നെ ഖബറടക്കം ചെയ്യരുത്. തീർച്ചയായും സ്വയം പരിശുദ്ധപ്പെടുത്തുന്നതിനെ ഞാൻ വെറുക്കുന്നു. ഉർവ്വ(റ) പറയുന്നു: ഉമർ(റ) ആയിശ(റ)യുടെ അടുക്കലേക്ക് ഇപ്രകാരം ആവശ്യപ്പെട്ടുകൊണ്ട് ആളെ അയച്ചു. എന്റെ രണ്ടു സ്നേഹിതന്മാരുടെ കൂടെ എന്നെ കബറടക്കം ചെയ്യുവാൻ നിങ്ങൾ അനുമതി നൽകിയാലും. അവർ പറഞ്ഞു: അതെ! അല്ലാഹു സത്യം. സഹാബിമാരെക്കാൾ ഞാൻ ആരെയും മുൻഗണന നൽകുകയില്ലെന്ന് ആയിശ(റ) പറയും. (ബുഖാരി. 9. 92. 428)

2447. അംറ്(റ) പറയുന്നു: നബി(സ) അരുളി: ഒരു ന്യായാധിപൻ ചിന്തിച്ചശേഷം ഒരു വിധി നൽകി. ആ വിധി സത്യമായിരിക്കുകയും ചെയ്തു. എന്നാൽ അവന്ന് ഇരട്ടപ്രതിഫലമുണ്ട്. ഇനി ശരിക്ക് ചിന്തിച്ച ശേഷം തെററായ വിധിയാണ് നൽകിയതെങ്കിലോ അവന് ഒരുപ്രതിഫലമുണ്ട്. (ബുഖാരി. 9. 92. 450)

2448. ജാബിർ(റ) നിവേദനം: ഇബ്നുസ്സയ്യാദ് തന്നെയാണ് ദജ്ജാലെന്ന് അദ്ദേഹം സത്യം ചെയ്തു ഉറപ്പിച്ച് പറയാറുണ്ടായിരുന്നു. കൂടുതലായി നിങ്ങൾ അല്ലാഹുവിനെ മുൻനിർത്തി സത്യം ചെയ്തുറപ്പിച്ചുപറയുകയാണോ എന്നു ഞാൻ (നിവേദകൻ) ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: നബി(സ) യുടെ മുമ്പിൽ വെച്ച് ഉമർ(റ) ഇക്കാര്യം ഉറപ്പിച്ചുപറഞ്ഞുകൊണ്ട് സത്യം ചെയ്യുന്നത് ഞാൻ കേട്ടിട്ടുണ്ട്. നബി(സ) അതു നിഷേധിക്കുകയുണ്ടായില്ല. (ബുഖാരി. 9. 92. 453)

## 91. തൗഹീദ് (ഏകദൈവവിശ്വാസം)

2449. ആയിശ(റ) പറയുന്നു: നബി(സ) ഒരുപട്ടാളസംഘത്തിന്റെ നേതാവായിക്കൊണ്ട് ഒരാളെ അയച്ചു. അദ്ദേഹം ജനങ്ങൾക്ക് ഇമാമായി നമസ്കരിക്കുമ്പോൾ ഖുർആൻ ഓതിയിട്ട് ഖുൽഹുവല്ലാഹു അഹദ് എന്ന അധ്യായത്തിലാണ് ഓത്ത്

അവസാനിപ്പിക്കുക. തിരിച്ചുവന്നപ്പോൾ ഇതുകൂട്ടുകാർ നബി(സ)യെ ഉണർത്തി. അങ്ങിനെ ചെയ്യാൻ കാരണമെന്താണെന്ന് ചോദിക്കുവാൻ കൂട്ടുകാരെ നബി(സ) ഉപദേശിച്ചു. അവർ ചോദിച്ചു. അദ്ദേഹം പറഞ്ഞു: ആ അധ്യായം അല്ലാഹുവിന്റെ ഗുണങ്ങളെ വർണ്ണിക്കുന്നവന്നാണ്. തന്നിമിത്തം അതു നമസ്കാരത്തിലോതാൻ ഞാനിഷ്ടപ്പെടുന്നു. നബി(സ) അരുളി: അല്ലാഹു ഇദ്ദേഹത്തെ സ്നേഹിക്കുന്നുവെന്ന് നിങ്ങൾ അറിയിച്ചുകൊള്ളുവീൻ. (ബുഖാരി. 9. 93. 472)

2450. ഇബ്നുഅബ്ബാസ്(റ) പറയുന്നു: നബി(സ) ഇപ്രകാരം പ്രാർത്ഥിക്കാറുണ്ട്. അല്ലാഹുവേ! നീയല്ലാതെ ഒരു ആരാധ്യനുമില്ല. നിന്റെ പ്രതാപത്തെ ഞാനിതാ അഭയം പ്രാപിക്കുന്നു. നിനക്ക് മരണമില്ല. ജിന്നും ഇൻസുമെല്ലാം മരണമടയുകതന്നെ ചെയ്യും. (ബുഖാരി. 9. 93. 480)

2451. അബൂഹുറൈറ(റ) പറയുന്നു: നബി(സ) അരുളി: അല്ലാഹു സൃഷ്ടികളെ സൃഷ്ടിച്ചപ്പോൾ തന്റെ പക്കലുള്ള ഒരുഗ്രന്ഥത്തിൽ താൻ സ്വീകരിച്ച തത്വങ്ങളെല്ലാം സിംഹാസനത്തിന്മേൽ വെച്ചു. എന്റെ കാരുണ്യം എന്റെ കോപത്തെ അതിര് കവിയും എന്നതാണത്. (ബുഖാരി. 9. 93. 501)

2452. അബൂഹുറൈറ(റ) പറയുന്നു: നബി(സ) അരുളി: അല്ലാഹു പറയും: എന്നെക്കുറിച്ച് എന്റെ അടിമക്കുള്ള ധാരണ എവിടെയാണോ അവിടെയായിരിക്കും ഞാൻ. എന്നെ അവൻ സ്മരിക്കുമ്പോൾ ഞാനവനോടൊപ്പമുണ്ടായിരിക്കും. എന്നെ സ്മരിച്ചതു അവന്റെ മനസ്സുകൊണ്ടാണെങ്കിൽ എന്റെ മനസ്സുകൊണ്ട് ഞാനവനെയും സ്മരിക്കും. ഒരു സദസ്സിൽ വെച്ച് അവൻ എന്നെ സ്മരിച്ചെങ്കിൽ അവരേക്കാളുന്നതരായ ഒരു സമൂഹത്തിൽവെച്ച് ഞാനവനെയും സ്മരിക്കും. അവൻ എന്നിലേക്ക് ഒരു ചാൺ അടുത്താൽ ഒരു മുഴം ഞാനങ്ങോട്ടടുക്കും. ഒരു മുഴം അവൻ എന്നിലേക്കടുത്താൽ ഒരുകൈ ഞാനങ്ങോട്ടടുക്കും. അവൻ എന്റെയടുക്കലേക്ക് നടന്നു വന്നാൽ ഞാൻ അവന്റെയടുക്കലേക്ക് ഓടിച്ചെല്ലും. (ബുഖാരി. 9. 93. 502)

2453. അബ്ദുല്ല(റ) പറയുന്നു: ഒരു ജൂതപണ്ഡിതൻ നബി(സ)യുടെ അടുത്തുവന്ന് പറഞ്ഞു: മുഹമ്മദേ! അല്ലാഹു തീർച്ചയായും ആകാശത്തെ ഒരു വിരലിലും ഭൂമി ഒരു വിരലിലും പർവ്വതം ഒരു വിരലിലും മരങ്ങളും നദികളും ഒരു വിരലിലും മററുള്ള സൃഷ്ടികൾ ഒരു വിരലിലും വെയ്ക്കുന്നതാണ്. ശേഷം അവൻ പറയും. ഞാനാണ് രാജാവ്. അപ്പോൾ നബി(സ) ചിരിച്ചു. ശേഷം ഇപ്രകാരം ഓതി: അവർ അല്ലാഹുവിനെ പരിഗണിക്കേണ്ടത് പോലെ പരിഗണിച്ചില്ല. (ബുഖാരി. 9. 93. 510)

2454. അബൂഹുറൈറ(റ) നിവേദനം: നബി(സ) അരുളി: അല്ലാഹു പറയുന്നു: എന്റെ അടിമ ഒരുതിന്മ ചെയ്യുവാൻ ഉദ്ദേശിച്ചാൽ അവനതു പ്രവർത്തിക്കുന്നതുവരെ അവന്റെ പേരിൽ അതു നിങ്ങൾ (മലക്കുകൾ) എഴുതരുത്. പ്രവർത്തിച്ചുകഴിഞ്ഞാലോ ഒരുതിന്മ മാത്രം പ്രവർത്തിച്ചതായി രേഖപ്പെടുത്തിക്കൊള്ളുക. പ്രവർത്തിക്കാൻ തീരുമാനിച്ചശേഷം എന്നെ ഓർമ്മിച്ചു ആ തിന്മയെ അവർ വിട്ടുകളഞ്ഞാലോ അതവന്റെ പേരിൽ ഒരു നന്മയായി രേഖപ്പെടുത്തിക്കൊള്ളുക. എന്നും ഞാൻ നിർദ്ദേശിക്കും. (ബുഖാരി. 9. 93. 592)

2455. അബൂഹുറൈറ(റ) നിവേദനം: എന്റെ അടിമ എന്നെ കണ്ടുമുട്ടുവാൻ ഉദ്ദേശിച്ചാൽ ഞാൻ അവനെയും കണ്ടുമുട്ടുവാൻ ആഗ്രഹിക്കും. വെറുത്താൽ ഞാൻ അവനെയും വെറുക്കും എന്ന് അല്ലാഹു പറഞ്ഞതായി നബി(സ) അരുളി. (ബുഖാരി. 9. 93. 595)

2456. അബൂഹുറൈറ(റ) പറയുന്നു: നബി(സ) അരുളി: ഒരു മനുഷ്യൻ ഒരു തെററ് ചെയ്തിട്ട് രക്ഷിതാവേ! ഞാനൊരു തെററ് ചെയ്തിരിക്കുന്നു. എനിക്ക് നീ മാപ്പ്

ചെയ്തുതരേണമേ എന്ന് പറഞ്ഞു. അപ്പോൾ രക്ഷിതാവ് ചോദിച്ചു: തനിക്കൊരു രക്ഷിതാവുണ്ടെന്നും അവൻ ശിക്ഷിക്കുകയും പാപങ്ങൾ പൊറുത്തുകൊടുക്കുകയും എന്റെ അടിമ ഗ്രഹിച്ചിരിക്കുന്നു. എന്റെ ദാസന് ഞാനിതാ മാപ്പ് ചെയ്തിരിക്കുന്നു. കുറേക്കാലം കഴിഞ്ഞ് വീണ്ടും അവനൊരു തെററുചെയ്തു. അപ്പോഴും രക്ഷിതാവേ! ഞാൻ മറെറാരു തെററ് ചെയ്തിരിക്കുന്നു. എനിക്ക് നീ പൊറുത്ത് തരേണമേ! എന്നവൻ പ്രാർത്ഥിക്കും. പാപങ്ങൾ പൊറുത്തു കൊടുക്കുകയും ശിക്ഷിക്കുകയും ചെയ്യുന്ന ഒരു രക്ഷിതാവ് തനിക്കുണ്ടെന്ന് എന്റെ ദാസൻ മനസിലാക്കിയിട്ടുണ്ട്. എന്റെ ദാസന് ഞാനിതാ മാപ്പ് ചെയ്യുന്നു. അപ്പോഴും അല്ലാഹു പറയും. കുറെ കാലങ്ങൾക്കുശേഷം ഇതുപോലെ വീണ്ടും അവൻ ആവർത്തിക്കും. അല്ലാഹു പറയും: ഞാനിതാ മൂന്ന് പ്രാവശ്യം ദാസന് പൊറുത്തുകൊടുത്തിരിക്കുന്നു. അതുകൊണ്ട് തനിക്ക് ഇഷ്ടമുള്ളത് അവൻ ചെയ്തുകൊള്ളട്ടെ എന്ന് മൂന്ന് പ്രാവശ്യം അല്ലാഹു അന്നേരം ആവർത്തിച്ചുപറയും. (ബുഖാരി. 9. 93. 598)

2457. അബൂഹുറൈറ(റ) പറയുന്നു: നബി(സ) അരുളി: രണ്ട് വാക്യങ്ങൾ പരണകാരുണികന് വളരെ ഇഷ്ടപ്പെട്ടവയാണ്. അവ നാവുകൊണ്ട് ഉച്ചരിക്കാൻ വളരെ ലഘുവാണ്. എന്നാൽ തുലാസിൽ വളരെ ഭാരം തൂങ്ങും. സുബ്ഹാനല്ലാഹി വബിഹംദിഹീ (അല്ലാഹുവിന്റെ പരിശുദ്ധതയേയും അവന്റെ മഹത്വത്തേയും ഞാനിതാ പ്രകീർത്തനം ചെയ്യുന്നു) സുബ്ഹാനല്ലാഹിൽ അളിം (മഹാനായ അല്ലാഹു പരിശുദ്ധനാണ്) എന്നീ രണ്ടു വാക്യങ്ങളാണവ. (ബുഖാരി. 9. 93. 652)

## 92. ഭരണം

2458. അബൂസഈദു(റ) പറഞ്ഞു, അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: അനീതിമാനായ ഒരു ഭരണാധികാരിയുടെ മുമ്പിൽ, സത്യം പറയുന്നതാണ് അത്യുത്തമമായ ജിഹാദ്. (തിർമിദി)

2459. ആയിശ(റ)യിൽ നിന്ന് നിവേദനം: എന്റെ ഈ ഭവനത്തിൽവെച്ച് റസൂൽ(സ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. അല്ലാഹുവേ! എന്റെ പ്രജകളുടെ വല്ല പ്രശ്നവും ആരെങ്കിലും ഏറെറടുത്തു. എന്നിട്ടവർ അവരെ ശല്യപ്പെടുത്തി. എങ്കിൽ നീ അവനെയും ശല്യപ്പെടുത്തേണമേ! എന്റെ പ്രജകളുടെ കാര്യങ്ങൾ വല്ലവനും ഏറെറടുത്തു. എന്നിട്ടവൻ അവർക്ക് നന്മചെയ്തു. എങ്കിൽ നീ അവനെ അനുഗ്രഹിക്കേണമേ! (മുസ്ലിം)

2460. അബൂമറിയമി(റ) വിൽ നിന്ന് നിവേദനം: ഞാനൊരിക്കൽ മുആവിയ(റ)യോട് പറഞ്ഞു. റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു. മുസ്ലിംകളുടെ വല്ല കാര്യവും അല്ലാഹു ഒരാളെ ചുമതലപ്പെടുത്തി, എന്നിട്ടവരുടെ ദാരിദ്ര്യത്തിന്റെയും മററാവശ്യങ്ങളുടെയും മുമ്പിലവൻ വിലങ്ങായാൽ അന്ത്യദിനത്തിൽ അല്ലാഹു അവന്റെ ആവശ്യത്തിനുമുമ്പിൽ തടസ്സം സൃഷ്ടിക്കുന്നതാണ്. ഇതുകൊണ്ടാണ് മുആവിയ(റ) ജനങ്ങളുടെ ആവശ്യങ്ങളന്വേഷിച്ചറിയുവാൻ ഒരാളെ നിശ്ചയിച്ചിരുന്നത്. (അബൂദാവൂദ്, തിർമിദി)

2461. അബ്ദുല്ലാ(റ) വിൽ നിന്ന് നിവേദനം: റസൂൽ(സ) പ്രവചിച്ചു. സ്വന്തം കുടുംബത്തിലും തങ്ങളെ ഏൽപ്പിക്കപ്പെട്ടതിലും നീതി പുലർത്തുന്നവർ അല്ലാഹുവിങ്കൽ പ്രകാശത്തിലുള്ള സ്റ്റേജുകളിലാണ്. (മുസ്ലിം) (മഹത്തായ പ്രതിഫലമാണ് അല്ലാഹുവിങ്കൽ അവർക്കുള്ളത്).

2462. ഔഫി(റ) വിൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു: നിങ്ങൾ ഇഷ്ടപ്പെടുകയും നിങ്ങളെ ഇഷ്ടപ്പെടുകയും നിങ്ങൾ പ്രാർത്ഥിക്കുകയും നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നവരാണ് നിങ്ങളുടെ ഉത്തമരായ

ഇമാമുകൾ. മറിച്ച്, നിങ്ങൾ കോപിക്കുകയും നിങ്ങളോട് കോപിക്കയും നിങ്ങൾ ശപിക്കുകയും നിങ്ങളെ ശപിക്കുകയും ചെയ്യുന്നവരാണ് നിങ്ങളുടെ നീചരായ ഇമാമുകൾ. ഞങ്ങൾ ചോദിച്ചു: അല്ലാഹുവിന്റെ പ്രവാചകരെ ! ഞങ്ങളവരെ നിരാകരിച്ചാലോ? അവർ നമസ്കാരം നിർവ്വഹിച്ചുകൊണ്ടിരിക്കുമ്പോഴൊക്കെ നിങ്ങളിത് ചെയ്യരുത്. (മറിച്ച്, അംഗീകരിക്കുകയും നിങ്ങളുടെ കടമ നിങ്ങൾ നിറവേററുകയും വേണം) (മുസ്ലിം)

2463. ഇയാളി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) അരുൾ ചെയ്യുന്നത് ഞാൻ കേട്ടു. മൂന്നാളുകളാണ് സ്വർഗ്ഗവാസികൾ. 1. നീതിമാനായ ഭരണകർത്താവ്. 2. കുടുംബത്തോടും പൊതുവെ മുസ്ലീംകളോടും ദയാദാക്ഷിണ്യമുള്ളവർ 3. അന്തസ്സ് പാലിക്കുന്ന പ്രാരബ്ധക്കാരനായ മാന്യൻ. (മുസ്ലിം)

2464. ഇബ്നു ഉമറി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു: വല്ലവനും ഭരണാധിപനെ ധിക്കരിച്ചാൽ അന്ത്യദിനത്തിൽ അല്ലാഹുവിനെ സമീപിക്കുമ്പോൾ അവനുകാരണം പറഞ്ഞൊഴിവാകുക സാദ്ധ്യമല്ല. (ഭരണകർത്താവ്) അനുസരണ പ്രതിജ്ഞചെയ്യാതെ വല്ലവനും മരണപ്പെടുന്നപക്ഷം ജാഹിലിയ്യ മരണമാണ് അവൻ മരിക്കുക. (മുസ്ലിം) മത സ്വാതന്ത്ര്യങ്ങൾ നിലനില്ക്കുന്ന കാലത്തൊന്നും ഭരണ കർത്താക്കളെ ധിക്കരിക്കാവതല്ല)

2465. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: നബി(സ) പ്രഖ്യാപിച്ചു: നിന്റെ ദാരിദ്ര്യത്തിലും ഐശ്വര്യത്തിലും സന്തോഷത്തിലും സന്താപത്തിലും നിന്നെ മറികടന്ന് അനർഹരെ തെരെഞ്ഞെടുക്കുമ്പോഴും നീ അയാൾ (ഭരണകർത്താക്കളുടെ വാക്ക്) പറയുന്നത് കേൾക്കുകയും അനുസരിക്കുകയും വേണം. (മുസ്ലിം)

2466. വാഇലി(റ)വിൽ നിന്ന് നിവേദനം: തിരുദൂതനോട്(സ) ഒരിക്കൽ സലമത്ത്(റ) ചോദിച്ചു: പ്രവാചകരെ! പറഞ്ഞുതന്നാലും. തങ്ങളുടെ അവകാശം ചോദിച്ചുവാങ്ങുകയും ഞങ്ങളോടുള്ള ബാദ്ധ്യത നിറവേററാതിരിക്കുകയും ചെയ്യുന്ന ഭരണകർത്താക്കൾ നിലവിൽവന്നാൽ ഞങ്ങൾ എന്തുചെയ്യണം? നബി(സ) അയാളിൽ നിന്നു തിരിഞ്ഞുകളഞ്ഞു (മറുപടി നല്കിയില്ല) വീണ്ടും ചോദിച്ചപ്പോൾ അവിടുന്ന് പറഞ്ഞു: നിങ്ങൾ കേട്ട് അനുസരിച്ചുകൊള്ളുക. അവരിൽ അർപ്പിക്കപ്പെട്ടത് അവരുടെ ബാദ്ധ്യതയും നിങ്ങളിൽ അർപ്പിക്കപ്പെട്ടത് നിങ്ങളുടെ ബാദ്ധ്യതയുമാകുന്നു. (മുസ്ലിം) (ഭരണകർത്താക്കൾ തങ്ങളുടെ കടമ നിർവ്വഹിക്കുന്നില്ലെങ്കിലും സ്വന്തം കടമ നിങ്ങൾ നിർവ്വഹിച്ചേ മതിയാകൂ)

2467. അബൂബക്കറി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു: ഭരണമേധാവിയെ അവഗണിക്കുന്നവൻ അല്ലാഹുവിനെയും അവഗണിച്ചവനാണ്. (തിർമിദി) (മതസ്വാതന്ത്ര്യം നിലനില്ക്കുന്നിടത്തോളം ഭരണമേധാവികളെ ധിക്കരിക്കാൻ പാടുള്ളതല്ല)

2468. അബൂദർറി(റ)ൽ നിന്ന് നിവേദനം: ഒരിക്കൽ റസൂൽ(സ) പറഞ്ഞു: അബൂദർറേ! ഞാൻ നിന്നെ (ഭരണകാര്യത്തിൽ ) ബലഹീനനായി കാണുന്നുവല്ലോ? എന്നാൽ, എനിക്ക് ഞാനിഷ്ടപ്പെടുന്നത് നിനക്കും ഞാനിഷ്ടപ്പെടുന്നു. നീ രണ്ടാളുടെ ഭരണാധികാരിയാവുകയും അനാഥരുടെ ധനം കൈകാര്യം ചെയ്യുകയും ചെയ്യരുത്. (മുസ്ലിം) (ഭരണത്തിൽ പാകത സിദ്ധിച്ചിട്ടില്ലാത്തവൻ ഭരണമേറെറടുക്കുന്നതുകൊണ്ട് പല അപാകതകളും സംഭവിക്കാനിടയുണ്ട്. തന്നിമിത്തം അതേൽക്കാതിരിക്കുന്നതാണുത്തമം)

2469. അബൂദർറി(റ)ൽ നിന്ന് നിവേദനം: ഞാൻ ചോദിച്ചു: പ്രവാചകരെ! എന്നെ ഒരു ഉദ്യോഗസ്ഥനാക്കി നിയമിച്ചുകൂടെ? അന്നേരം അവുടുത്തെ കൈ എന്റെ ചുമലിൽ തല്ലിക്കൊണ്ട് പറഞ്ഞു: അബൂദർറേ! നീ ബലഹീനനാണ്. അതൊരു

അമാനത്തുമാണ്. അർഹിക്കും വിധം കൈകാര്യം ചെയ്യാത്തവന് അന്ത്യദിനത്തിൽ നിന്ദ്യതക്കും ഖേദത്തിനും അതുകാരണമായിത്തീരും. (മുസ്‌ലിം)

2470. ആയിശ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പ്രസ്താവിച്ചു; അമീറിന് അല്ലാഹു നന്മ ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ സത്യസന്ധനായ ഒരുകൂട്ടുകാരനെ അവന് അല്ലാഹു ഉണ്ടാക്കിക്കൊടുക്കും. അവൻ വിസ്മരിച്ചാൽ ഉണർത്തുകയും ഓർമ്മയുള്ളവനാണെങ്കിൽ സഹായിക്കുകയും ചെയ്യുന്നവൻ, മറിച്ച് മററു വല്ലതുമാണ് (തിന്മയാണ്) അവനുദ്ദേശിച്ചതെങ്കിൽ ചീത്ത കൂട്ടുകാരനെയാണ് അല്ലാഹു അവനു നിശ്ചയിച്ചുകൊടുക്കുക. അവൻ മറന്നാൽ അനുസരിപ്പിക്കുകയോ അനുസ്മരിച്ചാൽ സഹായിക്കുകയോ ചെയ്യാത്ത കൂട്ടുകാരനായിരിക്കും. (അബൂദാവൂദ്)

## 93. പശ്ചാത്താപം

2471. അഗർറ്(റ)ൽ നിന്ന്: റസൂൽ(സ) പറഞ്ഞു. ജനങ്ങളെ ! നിങ്ങൾ അല്ലാഹുവിങ്കലേക്ക് മടങ്ങുകയും അവനോട് പാപമോചനത്തിന്നഭ്യർത്ഥിക്കുകയും ചെയ്യുക: കാരണം ഞാൻ ദിവസവും നൂറുപ്രാവശ്യം മടങ്ങുന്നു. (മുസ്‌ലിം)

2472. മുസ്ലിമിന്റെ റിപ്പോർട്ടിലുണ്ട്: യാത്രാമദ്ധ്യേമരുഭൂമിയിൽവെച്ച് ഭക്ഷണവും വെള്ളവും ചുമന്നിരുന്ന ഒട്ടകം നിങ്ങളിലൊരാൾക്ക് നഷ്ടപ്പെട്ടു. തെരഞ്ഞുപിടിക്കുന്നതിനുള്ള ശ്രമങ്ങളെല്ലാം പരാജയപ്പെട്ട് ഒരു വൃക്ഷച്ചുവട്ടിലിരിക്കുമ്പോഴതാ ഒട്ടകം അവന്റെ മുന്നിൽ പ്രത്യക്ഷപ്പെടുന്നു. മൂക്കുകയർ പിടിച്ച് അതിരററ സന്തോഷത്താൽ അവൻ പറഞ്ഞുപോയി. അല്ലാഹുവേ! നീ എന്റെ ദാസനും ഞാൻ നിന്റെ നാഥനുമാണ്. സന്തോഷാധിക്യത്താൽ അദ്ദേഹം മാറി പറഞ്ഞു. അയാളേക്കാൾ ഉപരിയായി തന്റെ ദാസന്റെ പശ്ചാത്താപത്തിൽ സന്തോഷിക്കുന്നവനാണ് അല്ലാഹു.

2473. അബൂമൂസൽ അശ്അരി(റ)യിൽ നിന്ന്: നബി(സ) പറഞ്ഞു: പകലത്തെ കുററവാളികളുടെ തൗബ രാത്രിയിലും രാത്രിയിലെ കുററവാളികളുടെ തൗബ പകലും സ്വീകരിക്കുവാൻ അല്ലാഹു തയ്യാറാകുന്നു. ഈ പ്രക്രിയ സൂര്യൻ പശ്ചിമഭാഗത്തു നിന്നും ഉദിക്കുന്നതുവരെ (അന്ത്യനാൾ വരെ) തുടരും. (മുസ്‌ലിം)

2474. അബ്ദുല്ലാഹിബ്നു ഉമറി(റ)ൽ നിന്ന് നബി(സ) പറയുകയുണ്ടായി: റൂഹ് തൊണ്ടക്കുഴിയിലെത്തുന്നതുവരെ ദാസന്റെ തൗബ അല്ലാഹു സ്വീകരിക്കുന്നതാണ്. (തിർമിദി)

2475. അഗർറി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: എന്റെ ആത്മാവിനെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നവനെ ത്തന്നെയാണെ, നിങ്ങൾ പാപംചെയ്യുന്നില്ലെങ്കിൽ ഈ ഭൂലോകത്ത് നിന്ന് അല്ലാഹു നിങ്ങളെ എടുത്തുമാററുകയും പകരം പാപം പ്രവർത്തിക്കുകയും ഇസ്തിഗ്ഫാർ ചെയ്യുകയും അനന്തരം അല്ലാഹു പൊറുത്തു കൊടുക്കുകയും ചെയ്യുന്ന ഒരു ജനവിഭാഗത്തെ അവനിവിടെ കൊണ്ടുവരികയും ചെയ്യും. (മുസ്‌ലിം)

2476. ഇബ്നുഉമറി(റ)ൽ നിന്ന് നിവേദനം: ഒരേ സദസ്സിൽവെച്ച് നാഥാ! എനിക്കു നീ പൊറുത്തുതരേണമേ! എന്റെ പശ്ചാത്താപം നീ സ്വീകരിക്കേണമേ! നിശ്ചയം നീ പശ്ചാത്താപം സ്വീകരിക്കുന്നവനും ദയാലുവുമാകുന്നു. എന്ന് 100 പ്രാവശ്യം റസൂൽ(സ) പ്രാർത്ഥിച്ചിരുന്നത് ഞങ്ങൾ എണ്ണി കണക്കാക്കിയിരുന്നു. (അബൂദാവൂദ്, തിർമിദി)

2477. ഇബ്നുഅബ്ബാസി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: വല്ലവനും പതിവായി ഇസ്തിഗ്ഫാർ ചെയ്താൽ എല്ലാ വിഷമങ്ങളിൽ നിന്നും അല്ലാഹു അവന്ന്

രക്ഷ നല്കുന്നതും എല്ലാ ദുഃഖത്തിൽ നിന്നും സമാധാനം നൽകുന്നതും അവനുദ്ദേശിക്കാത്ത ഭാഗത്തിലൂടെ അവന് ആഹാരം നൽകുന്നതുമാകുന്നു. (അബൂദാവൂദ്)

2478. ഇബ്നുമസ്ഊദി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: ഞാൻ അല്ലാഹുവിനോട് പാപമോചനം തേടുന്നു. എന്നെന്നും ജീവിച്ചിരിക്കുന്നവനും നിയന്താവുമായ അല്ലാഹുവല്ലാതെ മററാരാധ്യനില്ല. ഞാൻ അവനിലേക്ക് പശ്ചാത്തപിച്ച് മടങ്ങുകയും ചെയ്യുന്നു എന്ന് വല്ലവനും പറഞ്ഞാൽ അവന്റെ പാപങ്ങൾ പൊറുക്കപ്പെടും. അവൻ രണാങ്കണത്തിൽ നിന്ന് ഓടിപ്പോയവനാണെങ്കിലും. (അബൂദാവൂദ്, തിർമിദി, ഹാകിം)

2479. സൗബാനി(റ)ൽ നിന്ന് നിവേദനം: നമസ്കരിച്ചതിനുശേഷം റസൂൽ(സ) മൂന്ന് പ്രാവശ്യം ഇസ്തിഗ്ഫാർ ചെയ്തിട്ട് പറയുമായിരുന്നു. അല്ലാഹുവേ! നീ രക്ഷ മാത്രമാണ്. നിന്നിൽ നിന്ന് മാത്രമാണ് രക്ഷ. മഹാനും പ്രതാപിയുമായവനേ! നീ ഗുണാഭിവൃദ്ധിയുള്ളവനാണ്. ഇതിന്റെ നിവേദകരിൽപ്പെട്ട വൗസാഇ(റ) യോട് ചോദിക്കപ്പെട്ടു. ഇസ്തിഗ്ഫാർ എങ്ങനെയായിരുന്നു. അദ്ദേഹം പറഞ്ഞു: നബി(സ) പറഞ്ഞിരുന്നത് "അസ്തഗ്ഫിറുല്ലാ" എന്നായിരുന്നു. (മുസ്ലിം)

2480. ഇബ്നുഉമറി(റ)ൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു: സ്ത്രീ സമൂഹമേ! നിങ്ങൾ ദാനധർമ്മം പെരുപ്പിക്കണം. ധാരാളമായി ഇസ്തിഗ്ഫാറും ചെയ്യണം. നിശ്ചയം നരകവാസികളിൽ കൂടുതലും നിങ്ങളെയാണ് ഞാൻ കണ്ടിട്ടുള്ളത്. അന്നേരം അവരിൽപെട്ട ഒരു സ്ത്രീ ചോദിച്ചു. എന്തുകൊണ്ടാണ് നരകവാസികളിൽ അധികവും ഞങ്ങളായത്? അവിടുന്ന് പറഞ്ഞു: നിങ്ങൾ ലഅ്നത്ത് പെരുപ്പിക്കുകയും ഭർത്താക്കളോട് നന്ദികേട് പ്രവർത്തിക്കുകയും ചെയ്യും. ബുദ്ധി കുറഞ്ഞവരായിട്ടും ബുദ്ധിയുള്ള പുരുഷന്മാരെ കീഴടക്കുന്നവരായും ചിന്താമണ്ഡലത്തിലും ദീനീരംഗത്തും നിങ്ങളേക്കാൾ കഴിവുകുറഞ്ഞവരായും മററാരെയും ഞാൻ കണ്ടില്ല. അവർ ചോദിച്ചു: ദീനും അഖലും അപര്യാപ്തമായത് എന്തുകൊണ്ടാണ്? അവിടുന്ന് അരുൾചെയ്തു: ഒരു പുരുഷൻ സാക്ഷി നിൽക്കുന്നേടത്ത് രണ്ട് സ്ത്രീകൾ സാക്ഷി നില്ക്കണം. അനേക ദിവസം (പുരുഷനെ അപേക്ഷിച്ച്) അവൾ (സ്ത്രീ) നമസ്കാരം കൂടാതെ കഴിക്കും. (മുസ്ലിം)

## 94. സ്വഭാവ ഗുണങ്ങൾ

2481. ജാബിർ(റ) പറയുന്നു: ഞങ്ങൾ ഒരു യുദ്ധത്തിൽ (തബൂക്ക്) നബി(സ) യൊന്നിച്ചുണ്ടായിരുന്നു. അവിടുന്നിപ്രകാരം പറഞ്ഞു: മദീനയിൽ ചിലരുണ്ട്. പർവ്വതപ്രാന്തത്തിലൂടെ സഞ്ചരിച്ച നിങ്ങളുടെ പ്രതിഫലത്തിൽ പങ്കാളികളാണവർ. കാരണം രോഗം അവരെ തടഞ്ഞുവെച്ചു. (മുസ്ലിം)

2482. അബൂമൂസ(റ)ഉദ്ധരിക്കുന്നു: റസൂൽ അരുൾ ചെയ്തു: തീർച്ചയായും അല്ലാഹു (ത) നിങ്ങളുടെ സൗന്ദര്യമോ ശരീരപ്രകൃതിയോ അല്ല പരിഗണിക്കുന്നത്. നിങ്ങളുടെ ഹൃദയങ്ങളിലേക്കത്രെ അവന്റെ നോട്ടം. (മുസ്ലിം)

2483. അബൂമാലിക്കി(റ)ൽ നിന്ന്: റസൂൽ(സ) പ്രസ്താവിച്ചു. ശുചിത്വം ഈമാന്റെ പകുതിയാകുന്നു. 'അൽഹംദുലില്ലാ' മീസാൻ നിറക്കും. 'സുബ്ഹാനല്ലാഹി വൽഹംദുലില്ലാ' ആകാശഭൂമി കൾക്കിടയെ നിറക്കും. നമസ്കാരം ഖുർആൻ നിനക്ക് അനുകൂലമോ പ്രതികൂലമോ ആയിരിക്കും. ഓരോരുത്തരും പ്രഭാതത്തിൽ പുറത്തുപോയി പണിയെടുക്കുന്നു. അതുവഴി തന്നെ അവൻ രക്ഷിക്കുകയോ അപകടപ്പെടുത്തുകയോ ചെയ്യുന്നു. (മുസ്ലിം)

2484. സുഹൈബ്(റ)ൽ നിന്ന്: നബി(സ) പറഞ്ഞു: സത്യവിശ്വാസിയുടെ നില അത്ഭുതം! എല്ലാം അവനു ഗുണകരമാണ്. ഈ പ്രത്യേകത സത്യവിശ്വാസിക്കല്ലാതെ മററാർക്കുമില്ല. സന്തുഷ്ടനാകുമ്പോൾ നന്ദി പ്രകടിപ്പിക്കും. ദുഃഖിതനാകുമ്പോൾ ക്ഷമ പാലിക്കും. അപ്പോൾ അത് (സുഖദുഃഖം) അവന് ഗുണകരമായിത്തീരുന്നു. (മുസ്ലിം)

2485. മുആദി(റ)ൽ നിന്ന്: റസൂൽ(സ) പറഞ്ഞു: പ്രതികാരത്തിന് കഴിവുണ്ടായിരിക്കെ വല്ലവനും കോപമടക്കിയാൽ ജനമദ്ധ്യത്തിൽ വെച്ച് തനിക്കിഷ്ടപ്പെട്ട സുന്ദരികളെ അല്ലാഹു അവന് സമ്മാനിക്കും. (അബൂദാവൂദ്, തിർമിദി)

2486. അബൂഹുറയ്റ(റ)യിൽ നിന്ന്: റസൂൽ(സ) പറഞ്ഞു: സത്യവിശ്വാസിക്ക് തന്റെ ശരീരത്തിലും സന്താനങ്ങളിലും സമ്പത്തിലും പരീക്ഷണമുണ്ടായിക്കൊണ്ടിരിക്കും. അവസാനം അവൻ പാപരഹിതനായി സ്വർഗ്ഗത്തിൽ പ്രവേശിക്കും. (തിർമിദി)

2487. സഹൽ ബിൻ ഹുനൈഫി(റ)ൽ നിന്ന്: (ബദറിൽ പങ്കെടുത്തവ്യക്തിയാണദ്ദേഹം) നബി(സ) പറഞ്ഞു. രക്തസാക്ഷിയാകാൻ ആത്മാർത്ഥമായി അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നവൻ തന്റെ വിരിപ്പിൽ കിടന്നു മരണപ്പെട്ടാലും രക്തസാക്ഷിയുടെ പദവി അല്ലാഹു അവന് പ്രദാനം ചെയ്യുന്നതാണ്. (മുസ്ലിം)

2488. ശദ്ദാദി(റ)ൽ നിന്ന്: നബി(സ) പ്രഖ്യാപിച്ചു: തന്നെ മതത്തിന്റെ ചട്ടക്കൂട്ടിൽ ഒതുക്കി നിർത്തുന്നവനും മരണാനന്തരജീവിതത്തിനു വേണ്ടി പ്രവർത്തിക്കുന്നവനുമാണ് ബുദ്ധിമാൻ. ദേഹേച്ഛക്ക് വശംവദനായി ജീവിക്കുന്നതോടുകൂടി അല്ലാഹുവിൽ നിന്ന് മോക്ഷമാഗ്രഹിക്കുന്നവൻ അതിന് അപ്രാപ്തനായിത്തീരുന്നു. (തിർമിദി)

2489. അബൂഹുറയ്റ(റ)യിൽ നിന്ന്: നബി(സ) പറഞ്ഞു: അനാവശ്യങ്ങളിൽ നിന്ന് മാറിനില്ക്കൽ ഇസ്ലാമിന്റെ പരിപൂർണ്ണതയിൽപ്പെട്ടതാണ്. (തിർമിദി)

2490. തിരുമേനി(സ) അരുളിയതായി അബൂസഈദിൽ നിന്ന്: ഇഹലോകം മധുരവും അലങ്കാര പ്രദവുമാണ്. അതിൽ നിങ്ങളെ അല്ലാഹു പ്രതിനിധികളാക്കി നിശ്ചയിച്ചിരിക്കുകയാണ്. നിങ്ങളെന്തു ചെയ്യുന്നുവെന്ന് അവൻ വീക്ഷിക്കുന്നുണ്ട്. (മുസ്ലിം)

2491. ഇബ്നു മസ്ഊദി(റ)ൽ നിന്ന്: നബി(സ) പതിവായി പ്രാർത്ഥിക്കാറുണ്ട്: അല്ലാഹുവേ! ക്ഷേമവും പവിത്രതയും തഖ്വയും സന്മാർഗ്ഗവും എനിക്ക് പ്രദാനം ചെയ്യേണമേ! (മുസ്ലിം)

2492. അദിയ്യിബ്നു ഹാത്തിമി(റ)ൽ നിന്ന്: നബി(സ) പറയുന്നത് ഞാൻ കേട്ടു. ഒരാൾ ശപഥം ചെയ്തു. പിന്നീട് അതിനേക്കാൾ മെച്ചപ്പെട്ടത് കണ്ടാൽ അതവൻ കൊണ്ട് വരട്ടെ. (മുസ്ലിം)

2493. സുദിയ്യ്ബ്നു അജ്ലാനിൽ നിന്ന്: ഹജ്ജത്തുൽവദാഇൽ നബി(സ) പ്രസംഗിക്കുന്നത് ഞാൻ കേട്ടു: നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും അഞ്ചുനേരത്തെ നമസ്കാരം നിർവ്വഹിക്കുകയും റംസാൻ മാസത്തിൽ നോമ്പനുഷ്ടിക്കുകയും ധനത്തിനു സകാത്തുകൊടുക്കുകയും ഭരണകർത്താക്കളെ അനുസരിക്കുകയും ചെയ്താൽ നിങ്ങൾക്ക് സ്വർഗ്ഗത്തിൽ പ്രവേശിക്കാം. (തിർമിദി)

2494. അബൂഹുറയ്റ(റ)യിൽ നിന്ന്: നബി(സ) പറഞ്ഞു: പറവകൾക്ക് സമാനം നിഷ്കളങ്കരായവർ സ്വർഗ്ഗം പൂകുന്നതാണ്. (മുസ്ലിം)

2495. മുഅ്മിനീങ്ങളുടെ മാതാവ് ഉമ്മുസൽമ ഉദ്ധരിക്കുന്നു: നബി(സ) തന്റെ വീട്ടിൽ നിന്ന് പുറത്ത് പോകാൻ ഉദ്ദേശിക്കുമ്പോൾ പറയാറുണ്ട്: അല്ലാഹുവിന്റെ നാമത്തിൽ ഞാൻ യാത്രയാരംഭിക്കുന്നു. എല്ലാം ഞാൻ അല്ലാഹുവിനെ ഭരമേല്പിച്ചിരിക്കുന്നു. ഞാൻ അലഞ്ഞുതിരിയുകയോ വഴിതെററിക്കപ്പെടുകയോ അബദ്ധത്തിൽ ചാടുകയോ തെററുചെയ്യിക്കപ്പെടുകയോ അക്രമിക്കയോ അക്രമിക്കപ്പെടുകയോ വിഢ്ഢിത്തം ചെയ്തുപോവുകയോ അവിവേകം പ്രവർത്തിക്കപ്പെടുകയോ ചെയ്യുന്നതിൽ നിന്നെല്ലാം അല്ലാഹുവേ! നിന്നോട് ഞാൻ കാവൽ തേടുന്നു. (അബൂദാവൂദ്, തിർമിദി)

2496. അനസി(റ)ൽ നിന്ന്: നബി(സ) പ്രസ്താവിച്ചു: വല്ലവരും തന്റെ വീട്ടിൽ നിന്ന് പുറപ്പെടുമ്പോൾ അല്ലാഹുവേ! നിന്റെ നാമത്തിൽ ഞാൻ പുറപ്പെടുന്നു. എല്ലാം ഞാൻ അല്ലാഹുവിൽ ഭരമേല്പിച്ചിരിക്കുന്നു. അല്ലാഹുവിന്റെ സഹായം കൊണ്ടേ പാപകർമ്മത്തിൽ നിന്ന് പിൻമാറുവാനും ഇബാദത്ത് നിർവ്വഹിക്കുവാനും സാധ്യമാവൂ. – ഇപ്രകാരം പറഞ്ഞാൽ (മലക്കുകൾ വഴി ) പറയപ്പെടും. നീ സന്മാർഗ്ഗം പ്രാപിച്ചിരിക്കുന്നു. നീ (സ്വയം) പര്യാപ്തനായിത്തീർന്നു. നീ രക്ഷപ്പെട്ടു എന്തു കൊണ്ടെന്നാൽ പിശാച് അവനിൽ നിന്ന് അകന്നുപോയിരിക്കുന്നു. (അബൂദാവൂദ്, തിർമിദി)

2497. നബി(സ) പറഞ്ഞതായി അനസി(റ)ൽ നിന്ന്: നബി(സ) യുടെ കാലത്ത് രണ്ട് സഹോദരന്മാരുണ്ടായിരുന്നു. അവരിലൊരാൾ നബി(സ) യുടെ സവിധത്തിൽ ചെന്ന് പഠിക്കുകയും മറെറയാൾ തൊഴിലിലേർപ്പെടുകയും ചെയ്തു. തൊഴിലാളി, സഹോദരനക്കുറിച്ച് നബി(സ)യോട് ആവലാതിപ്പെട്ടു. നബി(സ) പറഞ്ഞു: അവന്റെ പേരിൽ നീ അനുഗ്രഹിക്കപ്പെട്ടേക്കാം. (അതിനാൽ അവൻ പഠിച്ചു കൊള്ളട്ടെ. (തിർമിദി)

2498. സുഫ്യാനുബ്നു അബ്ദില്ല(റ)യിൽ നിന്ന്: പ്രവാചകരേ! മററാരോടും ചോദിച്ചു പഠിക്കേണ്ട ആവശ്യം നേരിടാത്തത്രയും വ്യക്തവും സമ്പൂർണ്ണവുമായ ഒരു വചനം എനിക്ക് പഠിപ്പിച്ചുതരണം. അവിടുന്ന് പറഞ്ഞു: ഞാൻ അല്ലാഹുവിൽ പരിപൂർണ്ണമായി വിശ്വസിച്ചിരിക്കുന്നു എന്ന് നീ പറയുകയും സത്യമാർഗ്ഗത്തിൽ അടിയുറച്ച് നിൽക്കുകയും ചെയ്യുക. (മുസ്ലിം)

2499. അബൂഹുറയ്റ(റ)യിൽ നിന്ന്: നിങ്ങൾ സന്മാർഗ്ഗം സ്വീകരിക്കുകയും അതിൽ അടിയുറച്ചു നില്ക്കുകയും ചെയ്യുക. നിങ്ങളറിയണം: ആരും തന്നെ തന്റെ സൽപ്രവൃത്തികൊണ്ടുമാത്രം രക്ഷപ്പെടുകയില്ല. ഇതു കേട്ടപ്പോൾ അനുചരന്മാർ ചോദിച്ചു. പ്രവാചകരേ! അങ്ങും രക്ഷപ്പെടുകയില്ലേ? അവിടുന്ന് പറഞ്ഞു: അല്ലാഹുവിന്റെ ഔദാര്യവും അനുഗ്രഹവും എന്നെ ആവരണം ചെയ്തിട്ടു ണ്ടായിരുന്നില്ലെങ്കിൽ ഞാനും രക്ഷപ്പെടുകയില്ലായിരുന്നു. (മുസ്ലിം)

2500. അബൂഹുറയ്റ(റ)വിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു. തീർച്ചയായും അന്ത്യദിനത്തിൽ അല്ലാഹു ചോദിക്കും. എന്നെ മാനിച്ചുകൊണ്ട് പരസ്പരം സ്നേഹിച്ചവരെവിടെ? എന്റേതല്ലാത്ത മറെറാരു നിഴലും ഇല്ലാത്ത ഈ ദിവസം ഞാനവർക്ക് നിഴലിട്ടുകൊടുക്കുന്നതാണ്. (മുസ്ലിം)

2501. അബൂഹുറയ്റ(റ)വിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു. എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവനെത്തന്നെയാണ്, സത്യവിശ്വാസികളാകുന്നതുവരെ നിങ്ങൾ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. പരസ്പരം സ്നേഹിക്കുന്നതു വരെ നിങ്ങളാരും സത്യവിശ്വാസികളാവുകയില്ല. ഞാനൊരു കാര്യം നിങ്ങളെ അറിയിക്കാം. അതു കൈക്കൊണ്ടാൽ നിങ്ങൾ പരസ്പരം സ്നേഹിക്കുന്നവരാകും. നിങ്ങൾക്കിടയിൽ സലാം വ്യാപിപ്പിക്കലാണത്. (മുസ്ലിം)

2502. മുആദി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു. അല്ലാഹു പ്രഖ്യാപിച്ചിരിക്കുന്നു എന്നെ ആദരിച്ചുകൊണ്ട് പരസ്പരം സ്നേഹിക്കുന്നവർക്ക് നാളെ പ്രകാശത്താലുള്ള സ്റ്റേജുകളുണ്ടായിരിക്കും. നബിമാരും ശുഹദാക്കളും കൂടി ആ സമുന്നത പദവി ആഗ്രഹിക്കുന്നവരാണ്. (തിർമിദി)

2503. മിഖ്ദാദ്(റ) വിൽ നിന്ന് നിവേദനം: നബി(സ) അരുൾ ചെയ്തു. ഒരാൾ തന്റെ സഹോദരനെ സ്നേഹിക്കുന്നുവെങ്കിൽ അക്കാര്യം അവനെ അറിയിച്ചുകൊള്ളട്ടെ. (അബൂദാവൂദ്, തിർമിദി)

2504. മുആദ്(റ) വിൽ നിന്ന് നിവേദനം: റസൂൽ(സ) എന്റെ കൈ പിടിച്ചുപറഞ്ഞു അല്ലാഹുവാണ, ഞാൻ നിന്നെ സ്നേഹിക്കുന്നു. നിന്നോട് വസിയ്യത്ത് ചെയ്യുന്നു. മുആദേ! നമസ്കാരത്തിനു ശേഷം ഇങ്ങനെ പ്രാർത്ഥിക്കുവാൻ നീ ഒരിക്കലും വിട്ടുപോകരുത് – അല്ലാഹുവേ! നിന്നെ സ്മരിക്കുന്നതിനും നിന്റെ അനുഗ്രഹങ്ങൾക്ക് നന്ദിചെയ്യുന്നതിനും ക്രമാനുസൃതം നിന്നെ ആരാധിക്കുന്നതിനും എന്നെ നീ സഹായിക്കേണമേ!. (അബൂദാവൂദ്, നസാഈ)

2505. നവാസി(റ) വിൽ നിന്ന് നിവേദനം: നബി(സ) അരുൾ ചെയ്തു: നന്മയിൽ പ്രധാന ഭാഗം സൽസ്വഭാവമാണ്. നിന്റെ ഹൃദയത്തിൽ ഹലാലോ ഹറാമോ എന്ന് സംശയമുളവാകുകയും ജനങ്ങളറിയുന്നത് നിനക്കിഷ്ടമില്ലാതിരിക്കുകയും ചെയ്യുന്നതേതോ അതാണ് (യഥാർത്ഥത്തിൽ) പാപം. (ജനങ്ങളറിയുന്നത് നിനക്കിഷ്ടമില്ലെങ്കിൽ അത് നിഷിദ്ധമാണെന്നതിന് വ്യക്തമായ തെളിവാണ്). (മുസ്ലിം)

2506. വാബിസത്തി(റ)ൽ നിന്ന് നിവേദനം: ഞാൻ ഒരിക്കൽ റസൂൽ(സ) യുടെ അടുത്ത് ചെന്നപ്പോൾ എന്നോട് ചോദിച്ചു. നന്മയെ സംബന്ധിച്ച് ചാദിച്ചു പഠിക്കാനാണോ നീ ഇപ്പോഴിവിടെ വന്നത്? അതെ എന്ന് ഞാൻ പ്രത്യുത്തരം നല്കിയപ്പോൾ അവിടുന്ന് എന്നോടാജ്ഞാപിച്ചു. എന്നാൽ നിന്റെ ഹൃദയത്തോട് നീ വിധി തേടിക്കൊള്ളുക. ഹൃദയത്തിന് ശാന്തിയും സമാധാനവും ലഭിക്കുന്നതേതോ അതാണ് (യഥാർത്ഥത്തിൽ) നന്മ. മറിച്ച് ഹൃദയത്തിൽ സംശയവും പരിഭ്രാന്തിയും ഉളവാക്കുന്നതേതോ അതാണ് (സത്യത്തിൽ) പാപം. ജനങ്ങളൊക്കെ (അത് അനുവദനീയമാണെന്ന്) നിനക്ക് വിധി നല്കുന്നുവെങ്കിലും. (അഹ്മദ്, ദാരിമി)

2507. അത്വിയ്യത്തി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) അരുളി: ദോഷമുള്ള കാര്യങ്ങൾ സൂക്ഷിക്കാൻവേണ്ടി (അതിലേക്ക് ചേർക്കാൻ സാദ്ധ്യതയുള്ള) തെററില്ലാത്ത കാര്യം പോലും ഉപേക്ഷിക്കാതെ ആർക്കും ഭക്തന്മാരിൽ ഉൾപ്പെടുവാൻ സാദ്ധ്യമല്ല. (തിർമിദി)

2508. സഅ്ദി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു: നിശ്ചയം, അല്ലാഹു ഭക്തനും നിരാശ്രയനും അപ്രശസ്തനുമായ വ്യക്തിയെ ഇഷ്ടപ്പെടും. (പേരിനും പ്രശസ്തിക്കും വേണ്ടി പ്രവർത്തിക്കുന്നവൻ സത്യത്തിൽ അല്ലാഹുവിനെയല്ല ധ്യാനിക്കുന്നത്; ജനങ്ങളാണവന്റെ ലക്ഷ്യം). (മുസ്ലിം)

2509. അബൂഹുറൈറ(റ)ൽ നിന്ന്: റസൂൽ(സ) ഖണ്ഡിതമായി പറഞ്ഞു. യുദ്ധത്തിലേക്കു വിളികേൾക്കുമ്പോഴൊക്കെ ശത്രുക്കളെ വധിക്കുവാനോ യുദ്ധക്കളത്തിൽ രക്തസാക്ഷിയാകാനോ ഉദ്ദേശിച്ചുകൊണ്ട് തന്റെ കുതിരപ്പുറത്തുകയറി അതിന്റെ കടിഞ്ഞാൺ പിടിച്ചുകൊണ്ട് പറക്കുന്നവനോ, നമസ്കാരം നിലനിർത്തുകയും സക്കാത്ത് കൊടുക്കുകയും മരണം വരെ തന്റെ നാഥനെ ആരാധിക്കുകയും ജനങ്ങൾക്ക് നന്മമാത്രം നല്കുകയും ചെയ്തുകൊണ്ട് താഴ്വരകളിലോ പർവ്വതനിരകളിലോ ആടുമേച്ച് ജീവിതം നയിക്കുന്നവനോ ആണ് ജനങ്ങളിൽ ഉത്തമൻ. (മുസ്ലിം)

2510. ഇയാളി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു. നിങ്ങൾ പരസ്പരം വിനയമുള്ളവരാകണം. ആരും അഹങ്കരിക്കരുത്. അപ്രകാരം ആരും മററാരെയും ആക്രമിക്കുകയുമരുത് എന്ന് അല്ലാഹു എനിക്ക് ദൗത്യം നല്കിയിരിക്കുന്നു. (മുസ്ലിം)

2511. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) തറപ്പിച്ചുപറഞ്ഞു. ധനം ധർമ്മം കൊണ്ട് ഒരിക്കലും ചുരുങ്ങുകയില്ല. മാപ്പ് ചെയ്യുന്നതുകൊണ്ട് പ്രതാപം വർദ്ധിക്കുന്നു. അല്ലാഹുവിനോട് താഴ്മ കാണിക്കുന്നവനെ അവൻ ഉയർത്തുന്നു. (മുസ്ലിം)

2512. അബൂരിഫാഅത്തി(റ)ൽ നിന്ന് നിവേദനം: നബി(സ) പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ ഞാനൊരിക്കൽ അടുത്തു ചെന്നുകൊണ്ട് പറഞ്ഞു. അല്ലാഹുവിന്റെ പ്രവാചകരെ! ഞാനൊരു വിദേശിയാണ്. മതനടപടികളെ സംബന്ധിച്ച് ചോദിച്ച് പഠിക്കാൻ വേണ്ടി വന്നതാണ്. ദീൻ എന്താണെന്ന് എനിക്കറിഞ്ഞുകൂടാ. അന്നേരം റസൂൽ(സ) ഖുത്തുബ ഉപേക്ഷിച്ചുകൊണ്ട് എന്റെ നേരെ തിരിഞ്ഞു. അവസാനം എന്റെ സമീപത്ത് എത്തിച്ചേർന്നപ്പോൾ ഒരുകസേര കൊണ്ടുവരപ്പെട്ടു. അതിന്മേൽ ഇരുന്നുകൊണ്ട് അവിടുത്തേക്ക് അല്ലാഹു പഠിപ്പിച്ചുകൊടുത്തതിൽ നിന്ന് എന്നെ പഠിപ്പിക്കാൻ തുടങ്ങി. അതിനുശേഷം പ്രസംഗിച്ചിരുന്ന സ്ഥലത്ത് മടങ്ങിച്ചെന്ന് ഖുത്തുബ പൂർത്തികരിച്ചു. (മുസ്ലിം)

2513. അനസി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) ഭക്ഷണം കഴിച്ചാൽ മൂന്നു വിരലുകളും നക്കാറുണ്ട്. അനസ്(റ) പറയുന്നു. നബി(സ) പറയുകയുണ്ടായി. നിങ്ങളിൽ ആരുടെയെങ്കിലും ഭക്ഷണപ്പിടി താഴെ വീണാൽ അതിൽ നിന്ന് അഴുക്കുകൾ നീക്കം ചെയ്ത് അവൻ തിന്നുകൊള്ളട്ടെ. പിശാചിനു വേണ്ടി അതുപേക്ഷിച്ചിടരുത്. ഭക്ഷണത്തളിക തുടച്ചുവൃത്തിയാക്കാൻ കൽപ്പിച്ചു കൊണ്ട് തിരുദൂതൻ(സ)പറയാറുണ്ട്. നിങ്ങളുടെ ഏതു ഭക്ഷണത്തിലാണ് ബർക്കത്തെന്ന് നിങ്ങൾക്കറിയുകയില്ല. (മുസ്ലിം)

2514. അബ്ദുല്ലാഹിബ്നു മസ്ഊദി(റ)ൽ നിന്ന് നിവേദനം: നബി(സ) അരുൾ ചെയ്തു. ഹൃദയത്തിൽ ഒരണുമണിത്തൂക്കം അഹംഭാവമുള്ളവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. അന്നേരം ഒരാൾ ചോദിച്ചു. നിശ്ചയം, ഒരു വ്യക്തി തന്റെ വസ്ത്രവും പാദരക്ഷയും കൗതുകമുള്ളതാകാൻ ആഗ്രഹിക്കാറുണ്ടല്ലോ? തിരുദൂതൻ(സ)പറഞ്ഞു. നിശ്ചയം, അല്ലാഹു അഴകുള്ളവനും അഴകിഷ്ട പ്പെടുന്നവനുമാണ്. അതുകൊണ്ട് അതൊരു അഹങ്കാരമല്ല. സത്യത്തെ ധിക്കരിക്കലും ജനങ്ങളെ അവഗണിക്കലുമാണ് യഥാർത്ഥത്തിൽ അഹങ്കാരം. (മുസ്ലിം)

2515. സലമത്തി(റ)ൽ നിന്ന് നിവേദനം: നിശ്ചയം, ഒരാൾ നബി(സ)യുടെ സമീപത്തുവെച്ച് ഇടതു കൈകൊണ്ട് ഭക്ഷിച്ചു. അന്നേരം നബി(സ) അവനോട് നിർദ്ദേശിച്ചു. നിന്റെ വലതുകൈകൊണ്ട് നീ തിന്നുക. അയാൾ പറഞ്ഞു. എനിക്കതിന് കഴിയുകയില്ല. നബി(സ) പറഞ്ഞു. എന്നാൽ നിനക്കൊരിക്കലും കഴിയാതിരിക്കട്ടെ. അഹങ്കാരം മാത്രമായിരുന്നു അവനെ അതിൽ നിന്നും തടുത്തുനിർത്തിയത്. റാവി പറയുന്നു. പിന്നീടൊരിക്കലും ആ (വലതു) കൈ തന്റെ വായിലേക്കുയർത്താൻ അവന് സാധിച്ചിട്ടില്ല. (മുസ്ലിം)

2516. അബൂഹുറൈറ(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: അന്ത്യദിനത്തിൽ മൂന്നാളുകളോട് അല്ലാഹു സംസാരിക്കുകയോ അവരെ ശുദ്ധിയാക്കുകയോ ശ്രദ്ധിക്കുകയോ ചെയ്യുകയില്ല. മാത്രമല്ല, വേദനാജനകമായ ശിക്ഷയും അവർക്കുണ്ട്. 1. വൃദ്ധനായ വ്യഭിചാരി 2. കള്ളം പറയുന്ന രാജാവ് 3. അഹങ്കാരിയായ ദരിദ്രൻ (മുസ്ലിം)

2517. അബൂഹുറൈറ(റ)ൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ പ്രവാചകൻ(സ) അരുളിയിരിക്കുന്നു. അല്ലാഹു പറയുകയുണ്ടായി: പ്രതാപം എന്റെ അരയുടുപ്പും അഹങ്കാരം എന്റെ രണ്ടാംമുണ്ടും ആകുന്നു. അതുകൊണ്ട് ഇക്കാര്യത്തിൽ എന്നോടാരെങ്കിലും മത്സരിച്ചാൽ ഞാനവനെ ശിക്ഷിക്കുന്നതാണ്. (മുസ്ലിം)

2518. സലമത്തി(റ) വിൽ നിന്ന് നിവേദനം: റസൂൽ(സ) പ്രവചിച്ചു. ഒരാൾ തന്നെ വാഴ്ത്തിക്കൊണ്ടേയിരിക്കും. അവസാനം ധിക്കാരികളുടെ കൂട്ടത്തിൽ അവൻ എഴുതപ്പെടുകയും അനന്തരം അവർക്കെത്തിയത് ഇവനെ ബാധിക്കുകയും ചെയ്യും. (തിർമിദി)

2519. നവാസി(റ)ൽ നിന്ന് നിവേദനം: നന്മ-തിന്മയെ സംബന്ധിച്ച് ഒരിക്കൽ നബി(സ) യോട് ഞാൻ ചോദിച്ചപ്പോൾ അവിടുന്ന് പറഞ്ഞു. സൽസ്വഭാവമാണ് യഥാർത്ഥത്തിൽ നന്മ. നിന്റെ ഹൃദയത്തിൽ സംശയമുളവാക്കുകയും ജനങ്ങളറിയൽ നിനക്ക് വെറുപ്പുണ്ടാവുകയും ചെയ്യുന്നതേതോ അതാണ് തിന്മ. (മുസ്ലിം)

2520. അബുദ്ദർദാഅ്(റ) നിവേദനം ചെയ്യുന്നു: നബി(സ) പ്രഖ്യാപിച്ചു: അന്ത്യദിനത്തിൽ സത്യവിശ്വാസിയുടെ തുലാസിൽ സൽസ്വഭാവത്തേക്കാൾ ഘനംതൂങ്ങുന്ന മറ്റൊന്നുമില്ല. നിശ്ചയം നീച വാക്കുകൾ പറയുന്ന ദുസ്വഭാവിയോട് അല്ലാഹു കോപിക്കുക തന്നെ ചെയ്യും. (തിർമിദി)

2521. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: മനുഷ്യരെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുന്ന മിക്കകാര്യങ്ങളെ സംബന്ധിച്ചും റസൂൽ(സ) ചോദിക്കപ്പെടുകയുണ്ടായി. അവിടുന്ന് മറുപടി പറഞ്ഞു. സൽസ്വഭാവവും അല്ലാഹുവിനോടുള്ള ഭക്തിയുമാണത്. മനുഷ്യരെ നരകത്തിൽ പ്രവേശിപ്പിക്കുന്ന ഒരുപാട് കാര്യങ്ങളെ സംബന്ധിച്ചും അവിടുന്ന് ചോദിക്കപ്പെട്ടു. വായയും ഗുഹ്യസ്ഥാനവുമാണത്. എന്ന് തിരുദൂതൻ(സ) അപ്പോൾ മറുപടി പറഞ്ഞു. (തിർമിദി)

2522. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) അരുളി: അവരിൽ വെച്ച് ഏററവും സ്വഭാവ വൈശിഷ്ട്യമുള്ളവരാണ് സത്യവിശ്വാസികളിൽ പരിപൂർണ്ണർ. നിങ്ങളിലുത്തമൻ തന്റെ സഹധർമ്മിണിയോട് നല്ലനിലയിൽ വർത്തിക്കുന്നവനുമാകുന്നു. (തിർമിദി)

2523. ആയിശ(റ)യിൽ നിന്ന് നിവേദനം: തിരുദൂതൻ(സ) പറയുന്നത് ഞാൻ കേട്ടു. ഒരു സത്യവിശ്വാസിക്ക് തന്റെ സൽസ്വഭാവം കൊണ്ട് (സദാ) വ്രതമനുഷ്ഠിക്കുകയും നമസ്കരിക്കുകയും ചെയ്യുന്നവന്റെ പദവികളാർജ്ജിക്കാൻ കഴിയും. (അബൂദാവൂദ്) (ഉത്തമസ്വഭാവംകൊണ്ട് നമസ്കരിക്കുന്നവന്റെയും നോമ്പനുഷ്ഠിക്കുന്നവന്റെയും പ്രതിഫലം നേടാൻ കഴിയും)

2524. അബൂഉമാമ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) അരുൾ ചെയ്തു. തർക്കം കൈവെടിയുന്നവന് സ്വർഗ്ഗത്തിന്റെ ഒരു ഭാഗത്ത് ഒരു ഭവനം നൽകാമെന്ന് ഞാനേൽക്കുന്നു. യഥാർത്ഥത്തിൽ അവൻ സത്യത്തിനുവേണ്ടി വാദിക്കുന്നവനാണെങ്കിലും. അപ്രകാരം തന്നെ കള്ളം ഉപേക്ഷിക്കുന്നവന് സ്വർഗ്ഗത്തിന്റെ നടുവിൽ ഒരു ഭവനം നൽകാമെന്നും ഞാനേൽക്കുന്നു. അവൻ (കളവ് പറയാറുണ്ട്) തമാശരൂപത്തിലാണെങ്കിലും. ഉത്തമസ്വഭാവിക്ക് സ്വർഗ്ഗത്തിന്റെ ഉപരിഭാഗത്ത് ഒരു ഭവനം നൽകാമെന്നും ഞാനേൽക്കുന്നു. (അബൂദാവൂദ്)

2525. ജാബിർ(റ) വിൽ നിന്ന് നിവേദനം: റസൂൽ(സ) പ്രവചിച്ചു. അന്ത്യദിനത്തിൽ നിങ്ങളിൽ വെച്ച് എനിക്ക് ഏററവും ഇഷ്ടപ്പെട്ടവരും സ്ഥാനം കൊണ്ട് എന്നോട് കൂടുതലടുത്തവരും നിങ്ങളിൽ വെച്ച് ഏററവും ഉത്തമ സ്വഭാവികളാണ്. അന്ത്യദിനത്തിൽ നിങ്ങളിൽ വെച്ച് എന്നോട് ഏററവും കോപമുള്ളവരും

എന്നോടടുപ്പമില്ലാത്തവരും ധാരാളം സംസാരിക്കുന്നവരും ജനങ്ങളുടെമേൽ കുററാരോപണം ചുമത്തുന്നവരും മുതഫയ്ഹിഖീങ്ങളുമാകുന്നു. അവർ ചോദിച്ചു. പ്രവാചകരെ! സർസാറും മുതശദ്ദിഖും ഞങ്ങൾക്കറിയാം. മുതഫയ്ഹിഖുകൊണ്ടുള്ള വിവക്ഷയെന്താണ്? തിരു ദൂതൻ(സ) പറഞ്ഞു. മുതകബ്ബിറൂൻ എന്നാണ് അതുകൊണ്ടുള്ള വിവക്ഷ. (തിർമിദി)

2526. ഇബ്നു അബ്ബാസി(റ)ൽ നിന്ന് നിവേദനം: അശജ്ജ് അബ്ദുൽ ഖൈസിനോട് ഒരിക്കൽ നബി(സ) പറഞ്ഞു. അല്ലാഹുവിനിഷ്ടമുള്ള രണ്ട് സ്വഭാവങ്ങൾ നിന്നിലുണ്ട്. 1. സഹിഷ്ണുത 2. സൗമ്യത. (മുസ്ലിം)

2527. ആയിശ(റ)യിൽ നിന്ന് നിവേദനം: നിശ്ചയം, നബി(സ) അരുൾ ചെയ്തു. അല്ലാഹു ദയയുള്ളവനും ദയ ഇഷ്ടപ്പെടുന്നവനുമത്രെ. മാത്രമല്ല, പരുഷസ്വഭാവത്തിനോ, മറേറതെങ്കിലും കാര്യങ്ങൾക്കോ നൽകാത്ത പ്രതിഫലം കാരുണ്യത്തിന് അവൻ നല്കുന്നതുമാണ്. (മുസ്ലിം)

2528. ആയിശ(റ)യിൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു. ഏതൊരുകാര്യത്തിലും ദയ അലങ്കാരമാണ്. അത് നീക്കം ചെയ്യപ്പെട്ടാൽ ഏതും വികൃതമാണ്. (മുസ്ലിം)

2529. ജരീർ(റ) വിൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു. വല്ലവനും കാരുണ്യം സ്വയം വിലങ്ങിയാൽ സർവ്വനന്മകളും അവനും വിലക്കപ്പെട്ടു. (മുസ്ലിം) (കരുണയില്ലാത്തവൻ എന്തുമാത്രം സദ്വൃത്തനാണെങ്കിലും അവൻ നല്ലവനായി ഗണിക്കപ്പെടുകയില്ല)

2530. അബൂയഅ്ല(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പ്രഖ്യാപിച്ചു. എല്ലാകാര്യങ്ങളിലും അല്ലാഹു ഇഹ്സൻ നിശ്ചയിച്ചിട്ടുണ്ട്. അതുകൊണ്ട് നിങ്ങൾ വധിക്കുമ്പോൾ നന്നായി വധിക്കുകയും അറുക്കുമ്പോൾ നല്ല വിധത്തിൽ അറുക്കുകയും ചെയ്യുക. അഥവാ നിങ്ങളോരോരുത്തരും തന്റെ അറവുകത്തി മൂർച്ച കൂട്ടുകയും മൃഗത്തിന് സുഖം നല്കുകയും ചെയ്യുക. (മുസ്ലിം)

2531. ഇബ്നുമസ്ഊദ്(റ) വിൽ നിന്ന് നിവേദനം: റസൂൽ(സ) അരുളി: നരകം നിഷിദ്ധമായവനോ നരകത്തിന് നിഷിദ്ധമായവനോ ആരെന്ന് ഞാൻ പറഞ്ഞുതരട്ടെയോ? ജനങ്ങളോട് അടുപ്പവും സൗമ്യശീലവും സഹിഷ്ണുതയും വിട്ടുവീഴ്ചാ മനഃസ്ഥിതിയുമുള്ളവർക്കെല്ലാം അത് നിഷിദ്ധമാണ്. (തിർമിദി) (ശാശ്വതമായി അവർ നരകത്തിൽ താമസിക്കേണ്ടിവരികയില്ല)

2532. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: ഒരാൾ പറഞ്ഞു അല്ലാഹുവിന്റെ പ്രവാചകരേ! എനിക്ക് ചില കുടുംബങ്ങളുണ്ട്. ഞാൻ അവരെ ചേർക്കുകയും അവരെന്റെ ബന്ധം മുറിക്കുകയും ചെയ്യുന്നു. ഞാനവരോട് നന്നായി വർത്തിക്കുന്നു. എന്നാൽ, അവരാവട്ടെ എന്നോട് മോശമായി പെരുമാറുന്നു. ഞാനവർക്കുവേണ്ടി സഹനമവലംബിക്കുന്നു. അവരെന്നോട് അവിവേകമായി പെരുമാറുന്നു. അപ്പോൾ തിരുദൂതൻ(സ) പറഞ്ഞു. നീ പറഞ്ഞതുപോലെത്തന്നെയാണ് നീയെങ്കിൽ ചൂടുള്ള വെണ്ണീർ നീ അവരെ തീററിയതുപോലെയാണ്. (അതുകൊണ്ടവർ നശിക്കുക തന്നെ ചെയ്യും) നീ ഈ നില തുടരുമ്പോൾ ഒക്കെ നിനക്ക് അല്ലാഹുവിൽ നിന്ന് ഒരു സഹായി നിന്നോടൊന്നിച്ചുണ്ടായിരിക്കും. (മുസ്ലിം)

2533. അബൂസഈദി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) അരുളി: ഭാര്യയും ഭർത്താവും സംയോഗം നടത്തുകയും എന്നിട്ട് അവളുടെ രഹസ്യം പരസ്യപ്പെടുത്തുകയും ചെയ്യുന്നവൻ അന്ത്യദിനത്തിൽ അല്ലാഹുവിങ്കൽ ഏററവും താഴ്ന്ന പദവിയിലായിരിക്കും. (മുസ്ലിം)

2534. അബൂദർറി(റ)ൽ നിന്ന് നിവേദനം: ഒരിക്കൽ നബി(സ) എന്നോട് പറഞ്ഞു: പുണ്യകർമ്മങ്ങളിലൊന്നിനെയും നീ നിസ്സാരമാക്കി തള്ളരുത്. അത് നിന്റെ സഹോദരനുമായി മുഖപ്രസന്നതയോടെ കണ്ടുമുട്ടുക എന്നതാണെങ്കിലും. (മുസ്‌ലിം)

2535. ആയിശ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) യുടെ വാക്കുകൾ ശ്രോതാക്കൾക്ക് ഗ്രാഹ്യമാകുംവിധം സ്പഷ്ടമായിരുന്നു. (അബൂദാവൂദ്)

2536. അമ്മാറി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു. ഒരു വ്യക്തിയുടെ നമസ്കാരം നീളലും ഖുത്തുബ ചുരുങ്ങലും തന്റെ വിജ്ഞാനത്തിന്റെ ലക്ഷണമാണ്. അതുകൊണ്ട് നിങ്ങൾ നമസ്കാരം ദീർഘിപ്പിക്കുകയും ഖുത്തുബ ചുരുക്കുകയും ചെയ്യുക. (മുസ്‌ലിം)

2537. ഉമർ(റ)വിൽ നിന്ന് നിവേദനം: ഞാനൊരിക്കൽ ഉംറ ചെയ്യാൻ നബി(സ)യുടെ അനുവാദം തേടി. അനുവാദം നൽകിക്കൊണ്ട് പറഞ്ഞു. സഹോദരാ! നിന്റെ പ്രാർത്ഥനാ വേളയിൽ എന്നെ നീ മറക്കരുത്. ഉമർ(റ) പറഞ്ഞു. ചില വാക്കുകളാണ് നബി(സ) പറഞ്ഞത്. ഇഹലോകം മുഴുവൻ എനിക്ക് ലഭിക്കുകയാണെങ്കിൽതന്നെ അതെന്നെ ആഹ്ലാദിപ്പിക്കുകയില്ല. മറ്റൊരു റിപ്പോർട്ടിലുണ്ട്. എന്റെ സഹോദരാ! നിന്റെ പ്രാർത്ഥനയിൽ എന്നെയും ഭാഗമാക്കാക്കുക. (അബൂദാവൂദ്, തിർമിദി)

2538. സാലിം(റ) വിൽ നിന്ന് നിവേദനം: നിശ്ചയം, അബ്ദുല്ലാഹിബ്നു ഉമർ(റ) യാത്ര ഉദ്ദേശിക്കുന്നവ്യക്തിയോട് പറയാറുണ്ടായിരുന്നു. നീ ഇങ്ങോട്ടു അടുത്തുവരൂ! നബി(സ) ഞങ്ങളോട് യാത്ര പറയാറുള്ളതുപോലെ ഞാൻ നിന്നോട് യാത്ര പറയട്ടെ. എന്നിട്ടദ്ദേഹം പറഞ്ഞു. നിന്റെ ദീനും അമാനത്തും നിന്നിലർപ്പിതമായ ബാധ്യതകളും നിന്റെ പ്രവർത്തനങ്ങളുടെ പര്യവസാനവും സുരക്ഷിതമാക്കാൻ ഞാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു. (തിർമിദി)

2539. അബ്ദുല്ല(റ)യിൽ നിന്ന് നിവേദനം: നബി(സ) പട്ടാളത്തെ യാത്ര അയക്കാനുദ്ദേശിച്ചാൽ പറയാറുണ്ട്. നിങ്ങളുടെ മത നടപടികളും അമാനത്തും അമലുകളുടെ പര്യവസാനവും സുരക്ഷിതമാക്കാൻ ഞാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു. (അബൂദാവൂദ്)

2540. അനസി(റ)ൽ നിന്ന് നിവേദനം: ഒരിക്കൽ ഒരാൾ നബി(സ)യുടെ സവിധത്തിൽ ചെന്ന് പറഞ്ഞു. തിരുദൂതരേ! ഞാനൊരു യാത്ര ഉദ്ദേശിക്കുന്നു. എനിക്കെന്തെങ്കിലും പാരിതോഷികം നല്കിയാലും. തിരുദൂതൻ(സ) പ്രാർത്ഥിച്ചു. നിനക്ക് അല്ലാഹു ഭക്തി പ്രദാനം ചെയ്യട്ടെ! അദ്ദേഹം പറഞ്ഞു. സ്വല്പം കൂടി അവിടുന്ന് പ്രാർത്ഥിച്ചു. നിന്റെ പാപം അല്ലാഹു പൊറുക്കുകയും ചെയ്യട്ടെ. അപ്പോഴും അദ്ദേഹം പറഞ്ഞു. അല്പവും കൂടി. അവിടുന്ന് അപ്പോൾ പ്രാർത്ഥിച്ചു. നീ എവിടെയായാലും അല്ലാഹു നിനക്ക് നന്മ എളുപ്പമാക്കിത്തരട്ടെ! (തിർമിദി)

## 95. വിവിധ സൽക്കർമ്മങ്ങൾ

2541. ഹദീസുകളിൽ ആദ്യത്തേത് അബൂഹുറൈറ(റ)യുടേതാണ്. റസൂൽ(സ) പ്രഖ്യാപിച്ചു: നിങ്ങൾ സൽ കർമ്മങ്ങൾകൊണ്ട് മുന്നേറുക. ഇരുൾമുററിയ രാത്രിയെപ്പോലെ ഫിത്നകൾ ഉണ്ടായിക്കൊണ്ടിരിക്കും. പ്രഭാതത്തിലെ സത്യവിശ്വാസി പ്രദോഷത്തിൽ സത്യനിഷേധിയും ആയിത്തീരുന്നു. തന്റെ ദീൻ ഐഹികനേട്ടങ്ങൾക്ക് വേണ്ടി വിൽക്കുന്നതു കൊണ്ടാണത്. (മുസ്‌ലിം)

2542. അബൂഹുറയ്റ(റ)യിൽ നിന്ന്: റസൂൽ(സ) ആജ്ഞാപിച്ചു: വരാനിരിക്കുന്ന ഏഴുകാര്യങ്ങൾക്കു മുമ്പായി നിങ്ങൾ സൽക്കർമ്മങ്ങളിൽ ജാഗരൂകരാവുക. വിസ്മൃതിയിലകപ്പെടുന്ന ദാരിദ്ര്യമോ, അധർമ്മത്തിലേക്കു നയിക്കുന്ന സമ്പത്തോ,

ആപത്തിലാഴ്ത്തുന്ന രോഗമോ, പിച്ചും പേയും പറയുന്ന വാർദ്ധക്യമോ, ആകസ്മിക മരണമോ, വരാനിരിക്കുന്നതിൽ വെച്ചു ഏററവും ക്രൂരനായ ദജ്ജാലോ കയ്പേറിയതും അപ്രതിരോധ്യവുമായ അന്ത്യദിനമോ അല്ലാത്ത വല്ലതും നിങ്ങൾക്ക് പ്രതീക്ഷിച്ചിരിക്കാനുണ്ടോ? (തിർമിദി)

2543. റബീഅത്ത്(റ) നിവേദനം ചെയ്യുന്നു: ഞാൻ നബി(സ) യൊന്നിച്ച് രാത്രി താമസിക്കാറുണ്ട്. തിരുമേനിക്ക് വുളുചെയ്യാനുള്ള വെള്ളവും മററ് അത്യാവശ്യസാധനങ്ങളും ഞാൻ എടുത്ത് കൊടുക്കാറുണ്ടായിരുന്നു. നിനക്കാവശ്യമുള്ളത് ചോദിച്ചുകൊള്ളുക എന്ന് പ്രവാചകൻ അരുളിയപ്പോൾ സ്വർഗ്ഗത്തിൽ അങ്ങുമായുള്ള സഹവാസമാണ് ഞാനഭ്യർത്ഥിക്കുന്നതെന്ന് പറഞ്ഞു. തിരുമേനി പറഞ്ഞു: മററൊന്നും നിനക്ക് ചോദിക്കാനില്ലേ? ഞാൻ പറഞ്ഞു: അതു തന്നേയുള്ളൂ. അവിടുന്ന് പറഞ്ഞു: എന്നാൽ നീ ധാരാളം സുജൂദ് ചെയ്തുകൊണ്ട് എന്നെ സഹായിക്കണം. (മുസ്ലിം)

2544. സൗബാനി(റ)ൽ നിന്ന്: റസൂൽ തിരുമേനി(സ) പറയുന്നത് ഞാൻ കേട്ടു: നീ ധാരാളം സുജൂദ് ചെയ്യണം . എന്തുകൊണ്ടെന്നാൽ അല്ലാഹുവിനുവേണ്ടി നീ ചെയ്യുന്ന ഒരു സുജൂദിന് പകരം അല്ലാഹു നിന്നെ ഒരുപടി ഉയർത്തുകയും അതുകൊണ്ട് തന്നെ ഒരുപാപം നിനക്ക് പൊറുത്തുതരികയും ചെയ്യും. (മുസ്ലിം)

2545. അബൂസഫ്വാൻ അബ്ദുല്ലയിൽ നിന്ന്: റസൂൽ(സ) പ്രസ്താവിച്ചു: സദ്വൃത്തിയോടൊപ്പം ദീർഘായുസ് ലഭിച്ചിട്ടുള്ളവനാണ് മഹോന്നതൻ. (തിർമിദി)

2546. അബൂദർറി(റ)ൽ നിന്ന്: പ്രവാചകൻ പ്രസ്താവിച്ചിരിക്കുന്നു: നിങ്ങളോരോരുത്തർക്കും തന്റെ അവയവ സന്ധികളുടെ കണക്കനുസരിച്ചുള്ള ധർമ്മം അനിവാര്യമാണ്. എന്നാൽ ഓരോ തസ്ബീഹും ഹംദും ദിക്റും തക്ബീറും നല്ലത് ഉപദേശിക്കലും ചീത്ത നിരോധിക്കലും എല്ലാമെല്ലാം ഓരോ സദഖയാണ്. അതിനെല്ലാം പകരമായി രണ്ട് റക്അത്ത് സുഹാ നമസ്കരിച്ചാലും മതി. (മുസ്ലിം)

2547. അബൂദർറി(റ)ൽ നിന്ന് നബി വിവരിക്കുന്നു: എന്റെ പ്രജകളുടെ നല്ലതും ചീത്തയുമായ അമലുകൾ എനിക്ക് വ്യക്തമാക്കപ്പെടുകയുണ്ടായി. വഴികളിൽ നിന്നുള്ള ഉപദ്രവങ്ങൾ നീക്കം ചെയ്യുന്നത് സൽക്കർമ്മവും പള്ളികളിൽ കാണപ്പെടുന്ന കാർക്കിച്ച കഫം നീക്കം ചെയ്യാതിരിക്കുന്നത് ദുഷ്കർമ്മവുമായാണ് എനിക്ക് അപ്പോൾ കാണാൻ കഴിഞ്ഞത്. (മുസ്ലിം)

2548. അബൂദർറി(റ)യിൽ നിന്ന്: നബി(സ) ഒരവസരത്തിൽ പറഞ്ഞു: പുണ്യകർമ്മങ്ങളിലൊന്നിനേയും നീ നിസ്സാരമാക്കി തള്ളരുത്: നിന്റെ സഹോദരനുമായി മുഖപ്രസന്നതയോടെ കണ്ടുമുട്ടുക എന്നതാണെങ്കിലും (മുസ്ലിം)

2549. അബൂഹുറൈറ(റ)ൽ നിന്ന്: നബി(സ) പറയുകയുണ്ടായി: മുസ്ലീംകളെ ശല്യപ്പെടുത്തിയിരുന്ന വഴിവക്കിലെ ഒരു വൃക്ഷം മുറിച്ചുനീക്കിയതിന്റെ പേരിൽ സ്വർഗ്ഗത്തിൽ സഞ്ചരിക്കാൻ കഴിഞ്ഞ ഒരാളെ ഞാൻ കാണാനിടയായി. (മുസ്ലിം)

2550. അബൂഹുറൈറ(റ)ൽ നിന്ന്: റസൂൽ(സ) പറഞ്ഞു: ഒരാൾ ക്രമപ്രകാരം വുളുചെയ്തു. എന്നിട്ടവർ ജുമുഅ നമസ്കരിക്കാൻ (പള്ളിയിൽ) പോയി. ഖുത്തുബ ശ്രദ്ധാപൂർവ്വം കേട്ടു. എങ്കിൽ അതിന് മുമ്പത്തെ ജുമുഅവരേയും കൂടുതൽ മൂന്ന് ദിവസവും അവന്റെ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്. അവിടെ ആരെങ്കിലും കല്ലുവാരിക്കളിച്ചാൽ അവന്റെ പ്രവൃത്തി വിഫലമായി. (മുസ്ലിം)

2551. അബൂഹുറൈറ(റ) നിവേദനം ചെയ്യുന്നു: റസൂൽ(സ) പറഞ്ഞു: വൻപാപങ്ങളിൽ നിന്ന് അകന്നുനിന്നാൽ അഞ്ചു സമയങ്ങളിലെ നിസ്കാരങ്ങളും ഒരു ജുമുഅ

അടുത്ത ജുമുഅ വരെയും ഒരു റംസാൻ അടുത്ത റംസാൻ വരെയുമുള്ള പാപങ്ങളെ പൊറുപ്പിക്കുന്നതാകുന്നു. (മുസ്‌ലിം)

2552. ജാബിർ(റ) നിവേദനം ചെയ്തിരിക്കുന്നു: റസൂൽ(സ) പ്രഖ്യാപിച്ചു: ഒരു മുസ്ലീമിന്റെ കൃഷിയിൽ നിന്ന് കട്ടുപോകുന്നതും തിന്നുനശിപ്പിക്കപ്പെടുന്നതും മററേതെങ്കിലും വിധത്തിൽ നഷ്ടപ്പെട്ട് പോകുന്നതും അവന് സദഖയായിത്തീരുന്നു. (മുസ്‌ലിം)

2553. ജാബിർ(റ) നിവേദനം ചെയ്യുന്നു: ബനൂസലമ ഗോത്രക്കാർ പള്ളിയുടെ സമീപത്തേക്ക് മാറിത്താമസിക്കാൻ തീരുമാനിച്ചു. വിവരം റസൂലി(സ) ന് ലഭിച്ചപ്പോൾ അവിടുന്ന് പറഞ്ഞു: നിങ്ങൾ പള്ളിയുടെ സമീപത്തേക്ക് മാറിത്താമസിക്കാൻ തീരുമാനിച്ച വിവരം ഞാനറിഞ്ഞിരിക്കുന്നു. അവർ പറഞ്ഞു: അതെ, പ്രവാചകരെ! ഞങ്ങളത് ഉദ്ദേശിച്ചിരിക്കുന്നു. ഉടനെത്തന്നെ അവിടുന്ന് പറഞ്ഞു: നിങ്ങളുടെ വീട്ടിൽ തന്നെ നിങ്ങൾ താമസിച്ചുകൊള്ളുക. അത് നിങ്ങൾ കൈവിടേണ്ട! കാരണം പള്ളിയിലേക്ക് നടക്കുമ്പോഴുള്ള നിങ്ങളുടെ ചവിട്ടടി നിങ്ങൾക്കെഴുതപ്പെടുകതന്നെ ചെയ്യും. (മുസ്‌ലിം) (ചവിട്ടടിയുടെ എണ്ണം കണ്ട് പ്രതിഫലം കൂടുന്നതാണ്).

2554. ഉബയ്യുബ്നുകഅ്ബി(റ)ൽ നിന്ന്: പള്ളിയുമായി ഏററവുമകലെ ഒരാൾ താമസിച്ചിരുന്നു. അയാളെപ്പോലെ ദൂരെ താമസിച്ചിരുന്ന ആരെയും എനിക്കറിയാൻ കഴിഞ്ഞിട്ടില്ല. എങ്കിലും അദ്ദേഹത്തിന് ഒരൊററ ജമാഅത്തും പാഴായിരുന്നില്ല. ഒരവസരത്തിൽ അദ്ദേഹത്തോട് പറയപ്പെടുകയോ ഞാൻ പറയുകയോ ഉണ്ടായി: കൂരിരുട്ടിലും അത്യുഷ്ണത്തിലും യാത്ര ചെയ്യാൻ പററിയ ഒരു കഴുതയെ നിങ്ങൾ മേടിച്ചാലും. അദ്ദേഹം പറഞ്ഞു: എന്റെ വീട് പള്ളിയുടെ സമീപത്താകുന്നത് എനിക്കിഷ്ടമുള്ള കാര്യമല്ല. കാരണം പള്ളിയിലേക്കുള്ള എന്റെ പോക്കും വരവും ധാരാളം എഴുതപ്പെടാൻ ഞാനാഗ്രഹിക്കുന്നു. അപ്പോൾ റസൂൽ(സ) അദ്ദേഹത്തോട് ഇങ്ങനെ പറഞ്ഞു: നിന്റെ ആഗ്രഹമെല്ലാം അല്ലാഹു സഫലീകരിക്കട്ടെ (മുസ്‌ലിം)

2555. ഉമറി(റ)ൽ നിന്ന്: റസൂൽ(സ) അരുൾ ചെയ്തിരിക്കുന്നു: ഒരാൾ രാത്രി പതിവായി ഓതിക്കൊണ്ടിരിക്കുന്നത് മുഴുവനോ ഭാഗികമായോ വെടിഞ്ഞ് ഉറങ്ങുകയും (പിറെറ ദിവസം) സുബ്ഹിന്റെയും ളുഹ്റിന്റെയും ഇടയിൽ ഓതുകയും ചെയ്താൽ, രാത്രിതന്നെ അവനത് ഓതിയതായി രേഖപ്പെടുത്തപ്പെടുന്നതാണ്. (മുസ്‌ലിം)

2556. ആയിശ(റ)യിൽ നിന്ന്: രോഗത്താലോ മറേറാനബി(സ) ക്ക് രാത്രിയിലെ (സുന്നത്ത്) നമസ്കാരം പാഴായിപ്പോയാൽ പകൽ 12 റക്അത്ത് നമസ്കരിക്കുമായിരുന്നു. (മുസ്‌ലിം)

2557. അനസ്(റ) വിൽ നിന്ന് നിവേദനം: ഇസ്ലാമിന്റെ പേരിൽ റസൂൽ(സ) യോട് വല്ലതും ചോദിക്കപ്പെട്ടാൽ അവിടുന്ന് അത് കൊടുക്കാതിരിക്കയില്ല. ഒരവസരത്തിൽ ഒരാൾ നബി(സ) യുടെ അടുത്തുവന്നപ്പോൾ രണ്ടുപർവ്വതത്തിനിടയിലുള്ളത്രയും ആടുകളെ അയാൾക്ക് സമ്മാനിച്ചു. അയാൾ കുടുംബത്തിൽ മടങ്ങിച്ചെന്നുകൊണ്ട് പറഞ്ഞു: ഹേ ജനങ്ങളെ ! നിങ്ങൾ മുസ്ലീം കളായിക്കൊള്ളുക. നിശ്ചയം, മുഹമ്മദ്(സ) ദാരിദ്ര്യം ഭയപ്പെടാത്തവനെപ്പോലെ ധർമ്മം ചെയ്യുന്നു. ചിലയാളുകൾ ഐഹിക നേട്ടം മാത്രം ഉദ്ദേശിച്ചുകൊണ്ട് മുസ്ലീമാകും. എന്നിട്ടോ? താമസംവിനാ ഇഹലോകത്തേക്കാളും അതിലുള്ളതിനേക്കാളും ഇസ്ലാം അവനുകൂടുതൽ പ്രിയങ്കരമായിത്തീരും. (മുസ്‌ലിം)

2558. ഉമർ(റ)വിൽ നിന്ന് നിവേദനം: ഒരിക്കൽ റസൂൽ(സ) കുറെ ധനം ഭാഗിച്ചുകൊടുത്തു. അന്നേരം ഞാൻ പറഞ്ഞു. വേറൊരുകൂട്ടരാണ് ഇവരേക്കാൾ ഇതിന് അർഹതയുള്ളവർ. തിരു ദൂതൻ(സ) പറഞ്ഞു. ഒന്നുകിൽ ഇവർ ചോദിച്ചു

ബുദ്ധിമുട്ടിക്കുമ്പോൾ ഞാൻ അവർക്ക് കൊടുക്കേണ്ടിവരും. അതല്ലെങ്കിൽ എന്നെ ലുബ്ധനാണെന്ന് അവർ ആരോപിക്കും. ഞാൻ പിശുക്കനല്ലതാനും. (മുസ്‌ലിം)

2559. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) തറപ്പിച്ചുപറഞ്ഞു. ധർമ്മം ധനത്തെ കുറക്കുകയില്ല. ആർക്കും സഹിഷ്ണുത നിമിത്തം പ്രതാപത്തെയല്ലാതെ അല്ലാഹു വർദ്ധിപ്പിക്കുകയില്ല. വിനയം കാണിക്കുന്നവരെ അവൻ ഉയർത്തുകതന്നെ ചെയ്യും. (മുസ്‌ലിം)

2560. അംറുബ്നു സഅ്ദ്(റ) വിൽ നിന്ന് നിവേദനം: തിരുദൂതൻ(സ) പറയുന്നത് അദ്ദേഹം കേട്ടു. ഞാൻ നിങ്ങളോട് സത്യം ചെയ്തുപറയുന്ന മൂന്ന് കാര്യം നിങ്ങൾ ഹൃദിസ്ഥമാക്കിക്കൊള്ളുക. 1. ധർമ്മം നിമിത്തം ധനം കുറയുകയില്ല. 2. മർദ്ദനത്തിന്റെ പേരിൽ ക്ഷമ പാലിച്ച മർദ്ദിതന് അല്ലാഹു ശ്രേഷ്ഠത വർദ്ധിപ്പിക്കുന്നതാണ്. 3. യാചനയുടെ കവാടം ആർ തുറന്നാലും അല്ലാഹു അവന് ദാരിദ്ര്യത്തിന്റെ വാതിൽ തുറന്ന് കൊടുക്കുന്നതാണ്. ഇതേ ആശയം ഉൾക്കൊള്ളുന്ന വാക്കുകളാണ് പ്രവാചകൻ പറഞ്ഞത്. അതിനും പുറമെ ഞാൻ നിങ്ങളോട് പറയുന്ന പ്രസ്താവനയും നിങ്ങൾ ഹൃദിസ്ഥമാക്കുക. നിശ്ചയം, ഇഹലോകം നാലുതരം ആളുകൾക്കാണ്. 1. അല്ലാഹു സമ്പത്തും വിജ്ഞാനവും പ്രദാനം ചെയ്തു. എന്നിട്ട് തന്റെ നാഥന്റെ വിധിവിലക്കുകൾ കൈകൊണ്ട്, ചാർച്ചയെ ചേർത്തു: അല്ലാഹുവിനോടുള്ള ബാധ്യത അറിഞ്ഞുപ്രവർത്തിച്ചു: ഇങ്ങനെയുള്ളവൻ ഉത്തമ പദവിയിലാണ്. 2. അല്ലാഹു ജ്ഞാനം നല്കി. ധനം അവന് നൽകിയതുമില്ല. എന്നാൽ, ഉദ്ദേശ ശുദ്ധിയുള്ളവനായിരുന്നു അവൻ. തന്നിമിത്തം അവൻ പറഞ്ഞു. എനിക്ക് ധനം ലഭിച്ചിരുന്നെങ്കിൽ ഇന്നവനെപ്പോലെ ഞാനും പ്രവർത്തിക്കുമായിരുന്നു. തന്റെ സദുദ്ദേശം നിമിത്തം അവരിരുവർക്കും ലഭിക്കുന്ന പ്രതിഫലം സമമത്രെ. 3. അല്ലാഹു ധനം നല്കിയവൻ. ജ്ഞാനം അവന് നൽകിയതുമില്ല. അജ്ഞതയോടെ തനിക്കു ലഭിച്ച ധനത്തിൽ അവൻ കൈകാര്യം ചെയ്തു. തന്റെ നാഥനെ അവൻ സൂക്ഷിച്ചില്ല. കുടുംബബന്ധം സംഘടിപ്പിച്ചതുമില്ല. അല്ലാഹുവിനോടുള്ള ബാധ്യത അവൻ അറിഞ്ഞു പ്രവർത്തിച്ചതുമില്ല. ഇവനോ ഏററവും താഴ്ന്ന പടിയിലത്രെ. 4. അല്ലാഹു ജ്ഞാനവും ധനവും നൽകാത്തവൻ. എനിക്ക് ധനം ലഭിച്ചിരുന്നെങ്കിൽ ഇന്നവനെ പ്പോലെ തെററ് ഞാനും പ്രവർത്തിക്കുമായിരുന്നു. തന്റെ ദുരുദ്ദേശം കാരണം അവരിരുവരുടെയും പാപം സമമത്രെ. (തിർമിദി)

2561. ആയിശ(റ)യിൽ നിന്ന് നിവേദനം: നബി(സ) യുടെ വീട്ടുകാർ ഒരാടിനെ അറുത്ത് ധർമ്മം ചെയ്തു. റസൂൽ(സ) ചോദിച്ചു: ഇനി അതിൽ നിന്ന് വല്ലതും ശേഷിച്ചിരിപ്പുണ്ടോ? ആയിശ(റ) പറഞ്ഞു. അതിന്റെ തോളല്ലാതെ മറെറാന്നും മിച്ചമില്ല. തിരുദൂതൻ(സ) പറഞ്ഞു. അതിന്റെ തോളൊഴിച്ച് മററുള്ളതൊക്കെ അവശേഷിച്ചു. (തിർമിദി)

## 96. സ്ത്രീകൾക്ക് ഭർത്താവിനോടുള്ള കടമ

2562. ത്വൽഖുബ്നു അലി(റ)യിൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു: ഒരാൾ ഭാര്യയെ തന്റെ ആവശ്യത്തിനു വേണ്ടി ക്ഷണിച്ചാൽ അടുക്കളപ്പണിയിലാണെങ്കിലും അവൾ അവന്റെ അടുത്തുചെല്ലണം. (തിർമിദി, നസാഈ)

2563. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: നബി(സ) അരുളി: ജനങ്ങളിൽ ആർക്കെങ്കിലും സുജൂദ് ചെയ്യാൻ ഞാൻ കല്പിക്കുമായിരുന്നെങ്കിൽ ഭർത്താവിന് സുജൂദ് ചെയ്യാൻ സ്ത്രീയോട് ഞാൻ കല്പിക്കുമായിരുന്നു. (തിർമിദി)

2564. മുആദുബ്നു ജബലി(റ)ൽ നിന്ന് നിവേദനം:: നബി(സ) പ്രസ്താവിച്ചു: ഒരു സ്ത്രീ ഇഹലോകത്തുവെച്ച് ഭർത്താവിനെ ശല്യപ്പെടുത്തിയാൽ അയാളുടെ സ്വർഗ്ഗസഖി

ഇങ്ങനെ പറയാതിരിക്കുകയില്ല. അദ്ദേഹത്തെ നീ ശല്യപ്പെടുത്തരുതേ! അല്ലാഹു നിന്നെ ശപിക്കട്ടെ! നിന്റെ അടുക്കൽ ഒരു അതിഥി മാത്രമാണ് അദ്ദേഹം. നീയുമായി വിട്ടുപിരിഞ്ഞ് അദ്ദേഹം എന്റെ അടുത്ത് വരാനായിട്ടുണ്ട്. (തിർമുദി)

## 97. സ്ത്രീകളെക്കുറിച്ചുള്ള വസിയ്യത്ത്

2565. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: നബി(സ) പ്രസ്താവിച്ചു: സത്യവിശ്വാസി സത്യവിശ്വാസിനിയോട് കോപിക്കരുത്. അവളിൽ നിന്ന് ഒരു സ്വഭാവം അവൻ വെറുത്താൽ തന്നെയും മററുപലതും അവൻ തൃപ്തിപ്പെട്ടേക്കാനിടയുണ്ട്. (മുസ്ലിം)

2566. മുആവിയ(റ)യിൽ നിന്ന് നിവേദനം: ഞാൻ ചോദിച്ചു: പ്രവാചകരേ! ഞങ്ങൾക്ക് ഭാര്യയോടുള്ള കടമ എന്താണ്? അവിടുന്ന് പറയുകയുണ്ടായി. നീ ഭക്ഷിക്കുമ്പോൾ അവളെ ഭക്ഷിപ്പിക്കുകയും നീ വസ്ത്രം ധരിക്കുമ്പോൾ അവളെ ധരിപ്പിക്കുകയുമാണ്. എന്നാൽ നീ അവളുടെ മുഖത്തടിക്കുകയോ ഇവളെന്ത് മാത്രം ദുസ്സ്വഭാവി എന്ന് പറഞ്ഞ് മാനം കെടുത്തുകയോ കിടപ്പറയിലല്ലാതെ വെടിയുകയോ ചെയ്യാൻ പാടില്ല. (അബൂദാവൂദ്)

2567. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: നബി(സ) പ്രസ്താവിച്ചു: മുഅ്മിനുകളിൽ പരിപൂർണ്ണൻ നല്ല സ്വഭാവമുള്ളവനാകുന്നു. നിങ്ങളിൽവെച്ചേററവും ഉത്തമൻ ഭാര്യമാരോട് നല്ല നിലയിൽ വർത്തിക്കുന്നവനാണ്. (തിർമിദി)

2568. അബ്ദുല്ലാഹിബിൻ അംറിബിൻ ആസി(റ)യിൽ നിന്ന്: നബി(സ) പ്രസ്താവിച്ചു: ഇഹലോകം ചില ഉപകരണങ്ങളാണ്. ഐഹികവിഭവങ്ങളിൽ ഉത്തമമായത് സത്യസന്ധയായ സ്ത്രീയാകുന്നു. (മുസ്ലിം)

## 98. മാതാപിതാക്കളോടുള്ള കർത്തവ്യവും ചാർച്ചയെ ചേർക്കലും

2569. അബൂഹുറയ്റ(റ) വിൽ നിന്ന് നിവേദനം: റസൂൽ(സ) പ്രസ്താവിച്ചു. ഒരൊററ സന്താനവും പിതാവിനോടുള്ള കടമ നിർവ്വഹിച്ചവനാവുകയില്ല. മറെറാരാളുടെ അധീനതയിൽ അദ്ദേഹത്തെ (പിതാവിനെ) കാണാനിടയായൽ വിലക്കുവാങ്ങി മോചിപ്പിച്ചാലല്ലാതെ. (മുസ്ലിം)

2570. അബൂഹുറയ്റ(റ) വിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: വാർദ്ധക്യം ബാധിച്ച മാതാപിതാക്കളെയോ അവരിൽ ഒരാളെയോ ലഭിച്ചിട്ടും സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ കഴിയാത്തവന്റെ മൂക്ക് നിലംപതിക്കട്ടെ. (മുസ്ലിം) (അഥവാ അവൻ നീചനും നിന്ദ്യനുമാവട്ടെ)

2571. അബൂഹുറയ്റ(റ) വിൽ നിന്ന് നിവേദനം: ഒരാൾ നബി(സ)യോട് പറഞ്ഞു. അല്ലാഹുവിന്റെ ദൂതരെ! എനിക്ക് ചില കുടുംബ ബന്ധുക്കളുണ്ട്. ഞാൻ അവരോട് ബന്ധം ചേർക്കുന്നു. അവർ ബന്ധം മുറിക്കുന്നു. ഞാൻ അവർക്ക് നന്മ ചെയ്യുന്ന. അവരെന്നോട് മോശമായി പെരുമാറുന്നു. ഞാനവർക്കുവേണ്ടി ക്ഷമിക്കുന്നു. അവർ എന്നോട് അവിവേകമായി പെരുമാറുന്നു. അപ്പോൾ നബി(സ) പറഞ്ഞു. നീ ഇപ്പറയുന്നതുപോലെ തന്നെയാണ് നിന്റെ സ്ഥിതിയെങ്കിൽ ചൂടുള്ള വെണ്ണീർ നീ അവരെ തീററിയതു പോലെയാണ്. ഈ നില നീ കൈക്കൊള്ളുമ്പോഴെല്ലാം അല്ലാഹുവിങ്കൽ നിന്ന് ഒരു സഹായി നിന്നോടൊന്നിച്ചുണ്ടായിരിക്കും. . (മുസ്ലിം)

2572. അബൂദർറി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) ഒരിക്കൽ പ്രസ്താവിച്ചു. നിശ്ചയം (ഒരു തൂക്കത്തിന്റെ പേരായ) ഖീറാത് വ്രചാരത്തിലുള്ള ഒരു നാട് നിങ്ങൾ പിടിച്ചടക്കും. മറെറാരു റിപ്പോർട്ടിലുള്ളത്, നിങ്ങൾ ഈജിപ്ത് ജയിച്ചടക്കും. (ഒരു തൂക്കത്തിന്റെ പേരായ) ഖീറാത്ത് പ്രചാരമുള്ള ഒരു സ്ഥലമാണത്. ആ സന്ദർഭത്തിൽ ആ നാട്ടുകാരോട് നിങ്ങൾ നന്മ ഉപദേശിക്കണം, കാരണം നമുക്കവരോട്

ഉത്തരവാദിത്തവും രക്ത ബന്ധവുമുണ്ട്. വേറൊരു റിപ്പോർട്ടിലുള്ളത്. നിങ്ങളാ നാട് കീഴടക്കിയാൽ നിങ്ങളവർക്ക് നന്മ ചെയ്യണം. കാരണം, നമുക്കവരോട് ചില ബാദ്ധ്യതകളും, കുടുംബ ബന്ധവുമുണ്ട്. അല്ലെങ്കിൽ സംരക്ഷണ ബാദ്ധ്യതയും വൈവാഹികബന്ധവുമുണ്ട്. (മുസ്ലിം)

2573. അബൂഹുറയ്റ(റ)വിൽ നിന്ന് നിവേദനം:: നീ നിന്റെ അടുത്ത ബന്ധുക്കളെ താക്കീത് ചെയ്യുക. എന്ന ഖുർആൻ ആയത്ത് അവതരിച്ചപ്പോൾ റസൂൽ(സ) ഖുറൈശികളെ വിളിച്ചുവരുത്തി. അവരെല്ലാം ഒരിടത്ത് സമ്മേളിച്ചപ്പോൾ അവരെ പൊതുവിലും ചിലരെ പ്രത്യേകിച്ചും അഭിസംബോധന ചെയ്തു. ബനൂ അബ്ദുശംസേ, ബനൂ കഅ്ബേ! നരകാഗ്നിയിൽ നിന്ന് നിങ്ങൾ സ്വയം രക്ഷിക്കുക. ബനൂ അബ്ദിമനാഫേ! നരകാഗ്നിയിൽ നിന്ന് നിങ്ങൾ സ്വയം രക്ഷിക്കുക. ബനൂഹാശിമേ! നിങ്ങൾ നരകാഗ്നിയിൽ നിന്ന് സ്വയം രക്ഷിക്കുക. ബനൂഅബ്ദിൽ മുത്തലിബേ! നരകത്തെതൊട്ട് നിങ്ങൾ തന്നെ കാക്കുക. ഫാത്തിമ! നിന്നെ നരകത്തെതൊട്ട് നീ കാത്തുകൊള്ളുക. അല്ലാഹുവിൽ നിന്നുള്ള യാതൊന്നും നിങ്ങൾക്കു വേണ്ടി തടയാൻ എനിക്ക് കഴിവില്ല. പക്ഷേ നിങ്ങളുമായി എനിക്ക് കുടുംബന്ധമുണ്ട്. അതു ഞാൻ നിലനിർത്തും. (മുസ്ലിം)

2574. സൽമാനുബ്നു ആമിർ(റ) വിൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു. നിങ്ങളിൽ നിന്നാരെങ്കിലും നോമ്പു തുറക്കുമ്പോൾ കാരക്കകൊണ്ട് അവൻ നോമ്പ് മുറിച്ചുകൊള്ളട്ടെ. അതിൽ ബർക്കത്തുണ്ട്. ഇനി കാരക്ക അവനു ലഭിച്ചില്ലെങ്കിൽ വെള്ളം കൊണ്ട്. അതവന്റെ ബാഹ്യവും ആന്തരികവുമായ അഴുക്കുകളെ നീക്കം ചെയ്യുന്നതാണ്. നബി(സ) വീണ്ടും പ്രഖ്യാപിച്ചു. ദരിദ്രന് ധർമ്മം ചെയ്യുന്നതു കൊണ്ട് ധർമ്മത്തിന്റെ കൂലി മാത്രം ലഭിക്കും. എന്നാൽ, കുടുംബത്തിൽ ചെലവഴിക്കുന്നതുകൊണ്ട് ധർമ്മം ചെയ്തതിന്റെയും കുടുംബന്ധം ചേർത്തതിന്റെയും രണ്ടു പ്രതിഫലമാണ് ലഭിക്കുക. (തിർമിദി)

2575. ഇബ്നുഉമർ(റ) വിൽ നിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു. എന്റെ അധീനതയിൽ ഒരു സ്ത്രീ ഉണ്ടായിരുന്നു. ഞാൻ അവളെ ഇഷ്ടപ്പെടുകയും ഉമർ(റ) അത് വെറുക്കുകയും ചെയ്തിരുന്നു. ത്വലാഖ് ചൊല്ലി ഒഴിവാക്കണമെന്ന ആജ്ഞ ഞാൻ നിരസിച്ചപ്പോൾ ഉമർ(റ) നബി(സ)യുടെ അടുത്തുചെന്ന് സംഭവം വിവരിച്ചു. തദവസരം എന്നോട് ത്വലാഖ് ചൊല്ലി ഒഴിവാക്കാൻ നബി(സ) നിർദ്ദേശിച്ചു. (അബൂദാവൂദ്, തിർമിദി)

2576. അബുദ്ദർദാഇ(റ)ൽ നിന്ന് നിവേദനം:: ഒരാൾ എന്നോട് പറഞ്ഞു. എനിക്കൊരു ഭാര്യയുണ്ട്. അവളെ ത്വലാഖ് ചൊല്ലാൻ മാതാവ് ആജ്ഞാപിക്കുന്നു. ഞാൻ പറഞ്ഞു. നബി(സ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. സ്വർഗ്ഗകവാടങ്ങളിൽ കേന്ദ്രസ്ഥാനം മാതാപിതാക്കളാകുന്നു. അവരെ കയ്യൊഴിക്കുകയോ കരസ്ഥമാക്കുകയോ ചെയ്തുകൊള്ളൂ. (തിർമിദി)

2577. ഇബ്നുഉമർ(റ) വിൽ നിന്ന് നിവേദനം: നബി(സ) അരുളി: തന്റെ പിതാവിന്റെ സ്നേഹിതന്മാരോട് നല്ല നിലയിൽ വർത്തിക്കലാണ് (പിതാവിന്റെ മരണശേഷം അദ്ദേഹത്തോട് ചെയ്യുന്ന) നന്മയിൽ ഏററവും വലുത്. (മുസ്ലിം)

2578. ഇബ്നുഉമർ(റ) വിൽ നിന്ന് ഇബ്നു ദീനാർ(റ) നിവേദനം ചെയ്യുന്നു. ഇബ്നു ഉമർ(റ) മക്കയിലേക്ക് യാത്ര തിരിക്കുമ്പോൾ ഒട്ടകപ്പുറത്തുള്ള യാത്ര മടുത്താൽ വിശ്രമിക്കാൻ വേണ്ടി ഒരു കഴുതയെക്കൂടി കൊണ്ടുപോയിരുന്നു. തലയിൽ ചുററാൻ ഒരു തലപ്പാവും. ഒരവസരത്തിൽ കഴുതപ്പുറത്ത് വിശ്രമിച്ചുകൊണ്ടിരിക്കെ ഒരുഗ്രാമീണ അറബി അതിലൂടെ നടന്നുപോയി. അദ്ദേഹത്തോട് നീ ഇന്ന ആളുടെ മകനല്ലെ? എന്ന് ചോദിച്ചു. അതെ എന്നയാൾ മറുപടി പറഞ്ഞപ്പോൾ ആ കഴുതയെ അയാൾക്ക് കൊടുത്തുകൊണ്ട് ഇതിൽ നീ സവാരിചെയ്യുക എന്നദ്ദേഹം പറഞ്ഞു.

അതിനുപുറമെ തന്റെ തലപ്പാവ് സമ്മാനിച്ചുകൊണ്ട് ഇത് താങ്കളുടെ തലയിൽ ചുററിക്കൊള്ളുക എന്നുപറഞ്ഞു. ഇബ്നു ഉമറിനോട് ചില കൂട്ടുകാർ പറഞ്ഞു. നിനക്ക് അല്ലാഹു പൊറുത്ത് തരട്ടെ. വിശ്രമിക്കാനുള്ള കഴുതയും തലയിൽ അണിയാനുള്ള തലപ്പാവും ഈ ഗ്രാമീണന് നിങ്ങൾ കൊടുത്തുവല്ലോ! ഇബ്നുഉമർ(റ) പറഞ്ഞു. റസൂൽ(സ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട് – ഒരു വ്യക്തി തന്റെ പിതാവിന്റെ സ്നേഹിതന്മാരെ ചേർക്കലാണ് മരണശേഷം പിതാവിനോട് ചെയ്യുന്ന ഗുണത്തിൽ ഏററവും പുണ്യമായത്. അയാൾ എന്റെ പിതാവ് ഉമർ(റ) വിന്റെ സ്നേഹിതനായിരുന്നു. (മുസ്ലിം)

2579. മാലിക്കുബ്ൻ റബീഅത്തി(റ)ൽ നിന്ന് നിവേദനം: പ്രവാചകസന്നിധിയിൽ ഞങ്ങൾ ഇരിക്കുമ്പോൾ ബനൂസലമത്തിൽ പെട്ട ഒരാൾ വന്ന് പറഞ്ഞു. പ്രവാചകരെ! മാതാപിതാക്കൾ മരണപ്പെട്ടതിന് ശേഷം അവർക്ക് ചെയ്യേണ്ട വല്ല നന്മയും എന്റെ മേൽ അവശേഷിക്കുന്നുണ്ടോ? അതെ എന്ന് തിരുദൂതർ മറുപടി നൽകി. അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും, അവരുടെ പാപമോചനത്തിനു വേണ്ടി ദുആ ഇരക്കുകയും, അവരുടെ വാഗ്ദത്തങ്ങൾ നിറവേററുകയും അവർ രണ്ടു പേരുടെയും കുടുംബങ്ങളെ സംഘടിപ്പിക്കുകയും അവരുടെ സ്നേഹിതന്മാരെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുകയാണത്. (അബൂദാവൂദ്)

## 99. അനാഡംബര ജീവിതത്തിന്റെ മേന്മ

2580. മുസ്തൗരിദി(റ) വിൽ നിന്ന് നിവേദനം: പരലോകത്തെ അപേക്ഷിച്ച് ഇഹലോകത്തെ അവസ്ഥ നിങ്ങളൊരാൾ സ്വന്തം വിരൽ സമുദ്രത്തിൽ മുക്കിയെടുത്തതു പോലെയാണ്. (അതിൽ നിന്ന്) അവൻ എന്തുമായി മടങ്ങിയെന്ന് അവൻ നോക്കട്ടെ. (മുസ്ലിം)

2581. ജാബിർ(റ) വിൽ നിന്ന് നിവേദനം: നിശ്ചയം, റസൂൽ(സ) ഒരിക്കൽ അങ്ങാടിയിലൂടെ നടന്നുപോയി. അവിടുത്തെ ഇരുപാർശ്വങ്ങളിലും കുറെ ജനങ്ങളുമുണ്ട്. അങ്ങനെ ചെവി മുറിക്കപ്പെട്ട ഒരു ചത്ത ആടിന്റെ അരികിലൂടെ നടന്നുപോകാനിടയായി. അതിന്റെ ചെവി പിടിച്ചു കൊണ്ട് (പ്രവാചകൻ) പറഞ്ഞു. നിങ്ങളിലാരാണ് ഒരു ദിർഹമിന് ഇത് മേടിക്കാനിഷ്ടപ്പെടുന്നത്? അവർ പറഞ്ഞു. യാതൊന്നും കൊടുത്ത് അതു വാങ്ങാൻ ഞങ്ങളിഷ്ടപ്പെടുന്നില്ല. അതുകൊണ്ട് ഞങ്ങൾ എന്തുചെയ്യാനാണ്? വീണ്ടും നബി(സ) ചോദിച്ചു. എന്നാൽ ഒരുപ്രതിഫലവും കൂടാതെ നിങ്ങൾക്കത് ലഭിക്കുന്നത് നിങ്ങളിഷ്ടപ്പെടുമോ? അവർ പറഞ്ഞു. അല്ലാഹുവാണ് അത് ചെവി മുറിക്കപ്പെട്ടതു കൊണ്ട് ജിവനുള്ളപ്പോൾ തന്നെ ന്യൂനതയുള്ളതാണല്ലോ. ചത്തു കഴിഞ്ഞാൽ പിന്നെ പറയാനുമുണ്ടോ? അപ്പോൾ നബി(സ) പറഞ്ഞു. ഇത് നിങ്ങൾക്ക് എത്ര നിസ്സാരമാണോ അതിലുപരി ഇഹലോകം അല്ലാഹുവിങ്കൽ നിസ്സാരമാണ്. (മുസ്ലിം)

2582. അബൂഹുറയ്റ(റ) വിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: ഇഹലോകം സത്യവിശ്വാസിയുടെ ബന്ധനാലയവും സത്യനിഷേധിയുടെ സ്വർഗ്ഗാരാമവുമാണ്. (മുസ്ലിം) (സത്യവിശ്വാസിക്കു ഇഹലോകത്ത് അനവധിയനവധി നിയന്ത്രണങ്ങളുണ്ട്. നിഷേധികൾക്ക് ഇവിടെ സർവ്വസ്വാതന്ത്ര്യങ്ങളും നിലനിൽക്കുന്നു)

2583. സഹ്ൽ(റ) വിൽ നിന്ന് നിവേദനം: ഒരാൾ നബി(സ)യുടെ സന്നിധിയിൽ വന്നുപറഞ്ഞു. പ്രവാചകരെ! എനിക്കൊരു അമൽ അവിടുന്ന് പഠിപ്പിച്ചുതരണം. ഞാനത് പ്രവർത്തിച്ചാൽ അല്ലാഹുവും മനുഷ്യരും എന്നെ ഇഷ്ടപ്പെടണം. റസൂൽ(സ) പറഞ്ഞു. ഐഹികാഡംബരങ്ങളെ നീ കൈവെടിയുക. എന്നാൽ, അല്ലാഹു നിന്നെ ഇഷ്ടപ്പെടും. ജനങ്ങളുടെ പക്കലുള്ളത് നീ മോഹിക്കാതിരിക്കു. എന്നാൽ, ജനങ്ങളും നിന്നെ തൃപ്തിപ്പെടും. (ഇബ്നുമാജ)

2584. നുഅ്മാൻ(റ) വിൽ നിന്ന് നിവേദനം: ജനങ്ങൾ സമ്പാദിച്ച ഐഹികാഡംബരങ്ങളെക്കുറിച്ച് നബി(സ) ഒരിക്കൽ സംസാരിക്കുകയുണ്ടായി. റസൂൽ(സ) ദിവസം മുഴുവൻ വിശന്നു വലയുന്ന ആളായി എനിക്ക് കാണാൻ കഴിഞ്ഞു. വളരെ മോശപ്പെട്ട കാരക്കപോലും വയർ നിറക്കാൻ അവിടുത്തേക്ക് ലഭിച്ചിരുന്നില്ല. (മുസ്ലിം)

2585. സഹ്ല്(റ) വിൽ നിന്ന് നിവേദനം: തിരുദൂതൻ(സ) അരുളി: ഇഹലോകം അല്ലാഹുവിങ്കൽ ഒരു കൊതുകിന്റെ ചിറകിന്റെയത്രയും വിലയുള്ളതായിരുന്നെങ്കിൽ ധിക്കാരികൾക്ക് അതിൽ നിന്ന് ഒരു മുറുക്ക് വെള്ളം കൂടി കുടിപ്പിക്കുകയില്ലായിരുന്നു. (തിർമിദി) (അത്രയും നിസ്സാരമായതുകൊണ്ടാണ് ധിക്കാരികൾക്ക് അല്ലാഹു അത് പ്രദാനം ചെയ്യുന്നത്)

2586. അബൂഹുറയ്റ(റ) വിൽ നിന്ന് നിവേദനം: തിരുദൂതൻ(സ) പറയുന്നത് ഞാൻ കേട്ടു. നിങ്ങൾ അറിയണം – നിശ്ചയം, ഇഹലോകം ശപിക്കപ്പെട്ടതാണ്. അല്ലാഹുവിന്റെ സ്മരണയും അതിനോടനുബന്ധിച്ചതും പണ്ഡിതനും വിദ്യാർത്ഥിയും ഒഴിച്ച് അതിലുള്ളതെല്ലാം ശപിക്കപ്പെട്ടതാണ്. (തിർമിദി) (സത്യവിശ്വാസിയുടെ ജീവിതലക്ഷ്യം പാരത്രികമോക്ഷമാണ്. അതിനു സഹായകമല്ലാത്ത ഐഹികനേട്ടങ്ങളൊക്കെ അവനെ നരകത്തിലേക്കു നയിക്കും)

2587. അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) വിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു. നിങ്ങൾ കൂടുതൽ വയലുകൾ സംഭരിച്ചുവെക്കരുത്. അങ്ങനെ വരുമ്പോൾ ഐഹികജീവിതം കൊണ്ടുമാത്രം നിങ്ങൾ സംതൃപ്തരാകും (മുസ്ലിം)

2588. അബ്ദുല്ല(റ) വിൽ നിന്ന് നിവേദനം: റസൂൽ(സ) ഒരിക്കൽ ഞങ്ങളുടെ അരികിലൂടെ നടന്നുപോയി, തൽസമയം ഞങ്ങളുടെ കൂര ഞങ്ങൾ റിപ്പയർ ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. തിരുദൂതൻ(സ) ചോദിച്ചു. ഇതെന്താണ്? ഞങ്ങൾ പറഞ്ഞു. അതു തകർന്നു വീഴാൻ അടുത്തിരിക്കുന്നതുകൊണ്ട് ഞങ്ങളത് പുനരുദ്ധരിക്കുകയാണ്. അപ്പോൾ അവിടുന്നു പറഞ്ഞു. ഈ പുനരുദ്ധാരണത്തേക്കാൾ വേഗതയുള്ളതാണ് മരണമെന്നു എനിക്കു തോന്നുന്നു. (അബൂദാവൂ ദ്, തിർമിദി) (ഇതൊക്കെ ഇങ്ങനെ പുനരുദ്ധരിച്ചുകൊണ്ട് ജീവിക്കാനുള്ള ദീർഘായുസ്സ് ലഭിക്കുമെന്നെനിക്കുറപ്പില്ല)

2589. കഅ്ബുബ്നു ഇയാള്(റ) വിൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു. ഓരോസമുദായത്തിനും ഓരോ പരീക്ഷണം നേരിട്ടിട്ടുണ്ട്. എന്നാൽ ധനമാണ് എന്റെ ജനതയുടെ പരീക്ഷണത്തിന് നിദാനമായിട്ടുള്ളത്. (തിർമിദി)

2590. ഉസ്മാനുബ്നു അഫ്ഫാൻ(റ) വിൽ നിന്ന് നിവേദനം: നബി(സ) തറപ്പിച്ചുപറഞ്ഞു. ആദം സന്തതികൾക്ക് തങ്ങൾ താമസിക്കുന്നതിനുള്ള ഭവനം, നഗ്നത മറക്കാനുള്ള വസ്ത്രം, ഉണങ്ങിയ ഒരു റൊട്ടി, അല്പം വെള്ളം എന്നിവയ്ക്കല്ലാതെ അവകാശമില്ല. (തിർമിദി) (വയറിനുവേണ്ടി ജീവിതം നയിക്കാനല്ല ഈ ലോകത്ത് ജനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. അത്യാവശ്യത്തിനുമാത്രം ദുൻയാവ് ഉപയോഗപ്പെടുത്തിയെങ്കിൽ മാത്രമേ പാരത്രികസൗഭാഗ്യം നേടാൻ കഴിയുകയുള്ളൂ)

2591. അബ്ദുല്ല(റ) വിൽ നിന്ന് നിവേദനം: അൽഹാകുമു തക്കാസുർ എന്ന സൂറത്ത് ഓതിക്കൊണ്ടിരിക്കുമ്പോൾ ഞങ്ങളൊരിക്കൽ നബി(സ)യുടെ അടുത്ത് ചെന്നു. അന്നേരം നബി(സ) പറഞ്ഞു. ആദം സന്തതികളൊക്കെ എന്റെ ധനം, എന്റെ ധനം എന്നുപറഞ്ഞുകൊണ്ടിരിക്കുന്നു. (അവരുടെ ശ്രദ്ധ മുഴുവനും ധനത്തിൽ ലയിച്ചിരിക്കുന്നു) എന്നാൽ, ആദമിന്റെ മകനേ! നീ തിന്നു തീർത്തതും ധരിച്ചു

ദ്രവിപ്പിച്ചതും ധർമ്മം ചെയ്തുകഴിഞ്ഞതും അല്ലാതെ നിന്റെ ധനത്തിൽ നിന്ന് നിനക്ക് വല്ലതും നേടാൻ കഴിയുമോ? (മുസ്ലിം)

2592. അബ്ദുല്ലാഹിബ്നുമുഗ്ഫലിൽ നിന്ന് നിവേദനം: ഒരാൾ ഒരിക്കൽ നബി(സ)യോട് പറഞ്ഞു: അല്ലാഹുവിന്റെ പ്രവാചകരെ! അങ്ങയെ ഞാനിഷ്ടപ്പെടുന്നു. തിരുദൂതർ(സ) പറഞ്ഞു. നീ പറയുന്നതെന്താണെന്ന് നല്ലവണ്ണം ചിന്തിക്കൂ! അപ്പോഴും അദ്ദേഹം പറഞ്ഞു അല്ലാഹുവാണ്, അങ്ങയെ ഞാനിഷ്ടപ്പെടുന്നു. മൂന്നുപ്രാവശ്യം അതാവർത്തിച്ചു. തിരുനബി(സ) പറഞ്ഞു. അങ്ങനെ എന്നെ സ്നേഹിക്കുന്നുവെങ്കിൽ ദാരിദ്ര്യത്തെ നേരിടാനുള്ള സഹനശക്തി നീ സംഭരിക്കണം. കാരണം, മലവെള്ളം അതിന്റെ ലക്ഷ്യസ്ഥാനത്ത് എത്തുന്നതിനേക്കാളുപരി വേഗതയിലാണ്. എന്നെ സ്നേഹിക്കുന്നവരെ ദാരിദ്ര്യം പിടികൂടുന്നത്. (തിർമിദി)

2593. കഅ്ബുബ്നു മാലിക്(റ) വിൽ നിന്ന് നിവേദനം: ആട്ടിൻപററങ്ങളിലേക്ക് അഴിച്ചുവിട്ട വിശന്ന രണ്ട് ചെന്നായ്ക്കളുണ്ടാക്കുന്ന നാശത്തേക്കാൾ കൊടുംക്രൂരമാണ് സമ്പത്തിനോടും പ്രശസ്തിയോടുമുള്ള മനുഷ്യന്റെ അത്യാഗ്രഹം അവന്റെ ദീനിനോട് ചെയ്യുന്നത്. (തിർമിദി)

2594. അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) വിൽ നിന്ന് നിവേദനം: ഒരവസരത്തിൽ റസൂൽ(സ) ഒരുപായയിൽ കിടന്നുറങ്ങി. എഴുന്നേററു. ആ പായ തിരുദൂതന്റെ ശരീരത്തിൽ അടയാളങ്ങളുണ്ടാക്കിയിരുന്നു. ഞങ്ങളപ്പോൾ അവിടുത്തോട് ചോദിച്ചു. അല്ലാഹുവിന്റെ പ്രവാചകരേ! അങ്ങേക്ക് ഞങ്ങളൊരു മാർദ്ദവമേറിയ വിരിപ്പുണ്ടാക്കിത്തന്നാലോ? അന്നേരം തിരുദൂതൻ(സ) പറഞ്ഞു. ദുൻയാവുമായി എനിക്കെന്ത് ബന്ധമാണ്? ഒരു വൃക്ഷച്ചുവട്ടിൽ കുറച്ചു സമയം നിഴലററു വിശ്രമിച്ചു. പിന്നീട് അതുപേക്ഷിച്ചുപോയ ഒരു യാത്രക്കാരനെപ്പോലെ മാത്രമാണ് ഞാനീ ലോകത്തിൽ. (മുസ്ലിം)

2595. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) അരുളി: സമ്പന്നരേക്കാൾ അഞ്ഞൂറു വർഷം മുമ്പ് നിർദ്ധനർ സ്വർഗ്ഗത്തിൽ പ്രവേശിക്കും. (ദരിദ്രരേക്കാൾ ധനവാന്മാർ ധാരാളം വിചാരണക്ക് വിധേയരാകേണ്ടി വരുന്നതു കൊണ്ട്) (തിർമിദി)

## 100. വിശപ്പിന്റെ വിശേഷത

2596. നുഅ്മാൻ(റ) വിൽ നിന്ന് നിവേദനം: ഞാൻ നിങ്ങളുടെ പ്രവാചകനെ കണ്ടുമുട്ടുകയുണ്ടായി. വയർ നിറക്കാൻ താഴ്ന്നതരം കാരക്കയും കൂടി അവിടുത്തേക്ക് ലഭിച്ചിരുന്നില്ല. (മുസ്ലിം)

2597. ഇബ്നുഉമർ(റ) വിൽ നിന്ന് നിവേദനം: ഞങ്ങൾ നബി(സ)യൊന്നിച്ച് ഒരിടത്ത് ഇരിക്കുകയായിരുന്നു. അപ്പോൾ അൻസാരികളിൽ പെട്ട ഒരാൾ അവിടെ വന്ന് അവിടുത്തോട് സലാം ചൊല്ലിയതിനുശേഷം അല്പം പുറകോട്ടുമാറി. റസൂൽ(സ) ചോദിച്ചു. ഹേ, അൻസാറുകളുടെ സഹോദരാ! എന്റെ സഹോദരൻ സഅ്ദിന്റെ സ്ഥിതിയെന്താണ്? അയാൾ പറഞ്ഞു. നല്ലതുതന്നെ. നിങ്ങളിലാരാണ് അദ്ദേഹത്തെ സന്ദർശിക്കാനാഗ്രഹിക്കുന്നത് എന്ന് ചോദിച്ചുകൊണ്ട് നബി(സ) അവിടെനിന്ന് എഴുന്നേററപ്പോൾ, ഞങ്ങളും അവിടുത്തോടൊപ്പം എഴുന്നേററു. ഞങ്ങളപ്പോൾ പത്തിൽപരം ആളുകളുണ്ടായിരുന്നു. ഞങ്ങളിലാർക്കും ചെരിപ്പോ ഷൂസോ തൊപ്പിയോ കുപ്പായമോ ഉണ്ടായിരുന്നില്ല. ആ ഉപ്പുഭൂമിയലൂടെ ഞങ്ങൾ നടന്നു നീങ്ങിക്കൊണ്ട് സഅ്ദ്(റ)വിന്റെ അടുത്തെത്തി ച്ചേർന്നു. തന്റെ ചുററുമുണ്ടായിരുന്നവരെല്ലാം മാറിക്കൊടുത്തു. അങ്ങനെ തിരുദൂതരും ഒന്നിച്ചുണ്ടായിരുന്ന സഹാബികളും അദ്ദേഹത്തിന്റെ അടുത്തെത്തിച്ചേരുകയുണ്ടായി. (മുസ്ലിം)

2598. അബൂഉമാമത്ത്(റ) വിൽ നിന്ന് നിവേദനം: തിരുദൂതൻ(സ) പറഞ്ഞു. ഹേ മനുഷ്യാ! മിച്ചമുള്ള ധനം ധർമ്മം ചെയ്യുന്നതാണ് നിനക്കുത്തമം. അത് സൂക്ഷിച്ചു സംഭരിച്ചുവെക്കൽ നിനക്ക് അനർത്ഥവുമാണ്. കഷ്ടിച്ച് ജീവിക്കാനുള്ള ധനം ആക്ഷേപാർഹമല്ല. ആശ്രിതരായ കുടുംബക്കാർക്ക് കൊടുത്തുകൊണ്ടാണ് നീ ധർമ്മം തുടങ്ങേണ്ടത്. (മിച്ചം വരുന്നത് മററുള്ളവർക്കും) (തിർമിദി)

2599. ഉബൈദുല്ല(റ) വിൽ നിന്ന് നിവേദനം: റസൂൽ(സ) അരുളി: നിങ്ങളിലാരെങ്കിലും തന്റെ കുടുംബങ്ങളിൽ നിർഭയനും ആരോഗ്യവാനും അതാത് ദിവസത്തെ ആഹാരം കൈവശമുള്ളവനുമാണെങ്കിൽ, ഐഹിക സുഖങ്ങളാകമാനം അവനു സ്വായത്തമായതുപോലെയാണ്. (തിർമിദി)

2600. അബ്ദുല്ല(റ) വിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു. അല്ലാഹു പ്രദാനം ചെയ്തതിൽ സംതൃപ്തിയും ഉപജീവനത്തിന് മാത്രം ആഹാരവുമുള്ള സത്യവിശ്വാസി വിജയം വരിച്ചവനത്രെ. (അവനത്രെ സൗഭാഗ്യവാൻ) (മുസ്ലിം)

2601. ഫളാലത്ത്(റ) വിൽ നിന്ന് നിവേദനം: തിരുദൂതൻ(സ) പറയുന്നത് ഞാൻ കേട്ടു. ഇസ്ലാമിലേക്ക് മാർഗ്ഗദർശനം ചെയ്യപ്പെടുകയും ആഹാരം ഉപജീവനത്തിനുമാത്രം ലഭിക്കുകയും ഉള്ളതു കൊണ്ടു തൃപ്തിപ്പെടുകയും ചെയ്യുന്നവന് ഞാൻ ആശംസ നേരുന്നു. (തിർമിദി)

2602. ഇബ്നുഅബ്ബാസ്(റ) വിൽ നിന്ന് നിവേദനം: തിരുദൂതരും അവിടുത്തെ കുടുംബവും നിരന്തരമായി പട്ടിണി കിടക്കാറുണ്ടായിരുന്നു. അത്താഴം അവർക്ക് ലഭിച്ചിരുന്നില്ല. അവരുടെ റൊട്ടികളിൽ മിക്കതും ബാർലിയുടേതായിരുന്നു. (തിർമിദി)

2603. ഫളാലത്ത്(റ)വിൽ നിന്ന് നിവേദനം: റസൂൽ(സ) ജനങ്ങളോടൊപ്പം നമസ്കാരം നിർവ്വഹിച്ചുകൊണ്ടിരിക്കുമ്പോൾ ചിലയാളുകൾ കഠിനമായ വിശപ്പുനിമിത്തം നിലംപതിക്കാറുണ്ട്. സുഫ്ഫത്തുകാരാണവർ. കുഗ്രാമവാസികളായ അറബികൾ ഇവരൊക്കെ ഭ്രാന്തന്മാരാണെന്ന് പറയാറുണ്ട്. തിരുദൂതൻ നമസ്കരിച്ചുകഴിഞ്ഞാൽ, അവരോടഭിമുഖമായി പറയും. നിങ്ങൾക്ക് അല്ലാഹുവിങ്കലുള്ള പ്രതിഫലം നിങ്ങളറിയുന്ന പക്ഷം, കൂടുതൽ കൂടുതൽ ദാരിദ്ര്യം നിങ്ങൾക്കുണ്ടാകാൻ നിങ്ങളാഗ്രഹിക്കുമായിരുന്നു. (തിർമിദി)

2604. മിഖ്ദാദ്(റ) വിൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു. തന്റെ വയറിനേക്കാൾ അനർത്ഥമായ ഒരുപാത്രവും മനുഷ്യരാരും നിറച്ചിട്ടില്ല. മനുഷ്യന് തന്റെ മുതുകിനെ നിവർത്തിനിർത്തുന്ന ഭക്ഷണം മതി. ഇനി കൂടിയേ കഴിയൂ എങ്കിൽ വയറിന്റെ മൂന്നിലൊരു ഭാഗം ഭക്ഷണത്തിനും മൂന്നിലൊന്ന് വെള്ളത്തിനും മൂന്നിലൊരംശം ശ്വാസോച്ഛ്വാസത്തിനും ആയിക്കൊള്ളട്ടെ. (മൂന്നിലൊരംശത്തിൽ കൂടുതൽ ഭക്ഷണം കഴിക്കുന്നതുകൊണ്ട് ദൂരവ്യാപകമായ ധാരാളം വൈഷമ്യങ്ങളുണ്ടാകും) (തിർമിദി)

2605. അബൂഉമാമത്ത്(റ) വിൽ നിന്ന് നിവേദനം: ഒരിക്കൽ തിരുദൂതന്റെ(സ) സന്നിധിയിൽവെച്ച് അവിടുത്തെ സന്തതസഹചാരികൾ ദുൻയാവിനെ സംബന്ധിച്ച് ചർച്ച ചെയ്യുകയുണ്ടായി. അപ്പോൾ തിരുദൂതൻ(സ) പറഞ്ഞു. നിങ്ങൾ കേട്ടിട്ടില്ലേ? കേട്ടിട്ടില്ലേ? ലഘുജീവിതം ഈമാനിൽപ്പെട്ടതാണ്. ലഘുജീവിതം ഈമാനിൽ പെട്ടതാണ്. എന്ന്! (അബൂദാവൂദ്)

2606. അസ്മാഅ്(റ)യിൽ നിന്ന്: റസൂൽ(സ)യുടെ കുപ്പായക്കൈ മണികണ്ഠം വരെയായിരുന്നു. (അബൂദാവൂദ്, തിർമിദി)

## 101. സലാം പറയൽ

2607. ജാബിറി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: നിങ്ങളാരെങ്കിലും താൻ വെറുക്കുന്ന തരത്തിൽ സ്വപ്നം കണ്ടുവെങ്കിൽ ഇടതുഭാഗത്ത് മൂന്ന് പ്രാവശ്യം തുപ്പുകയും പിശാചിനെത്തൊട്ട് അല്ലാഹുവിങ്കൽ അഭയം തേടുകയും അവൻ കിടന്നുറങ്ങിയിരുന്ന പാർശ്വത്തിൽ നിന്നു തെററുകയും ചെയ്തുകൊള്ളട്ടെ. (മുസ്ലിം)

2608. അബൂഹൂറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) അരുളി: നിങ്ങൾ സത്യവിശ്വാസികളാകാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. പരസ്പരം സ്നേഹമില്ലാതെ സത്യവിശ്വാസികളാവുകയില്ല. പരസ്പരം സ്നേഹമുണ്ടാകുന്ന കാര്യം ഞാൻ നിങ്ങളെ അറിയിക്കട്ടെയോ ? നിങ്ങൾക്കിടയിൽ സലാം പരത്തലാണ്. (മുസ്ലിം)

2609. അബ്ദുല്ല(റ) വിൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു: മനുഷ്യരേ! നിങ്ങൾ സലാം പരത്തുകയും ആഹാരം നൽകുകയും ചാർച്ചയെ ചേർക്കുകയും ജനങ്ങൾ നിദ്രയിലാണ്ടിരിക്കുമ്പോൾ നമസ്കരിക്കുകയും ചെയ്തുകൊള്ളുക. എന്നാൽ സുരക്ഷിതരായി നിങ്ങൾ സ്വർഗ്ഗത്തിൽ പ്രവേശിക്കും. (തിർമിദി)

2610. ഇംറാനി(റ)ൽ നിന്ന് നിവേദനം: ഒരിക്കൽ ഒരാൾ നബി(സ) യുടെ സവിധത്തിൽ വന്ന് അസ്സലാമു അലൈക്കും എന്നുപറഞ്ഞു. അയാൾക്കു സലാം മടക്കിക്കൊണ്ട് അവിടുന്ന് അവിടെയിരുന്ന് പറഞ്ഞു: പ്രതിഫലം പത്ത്. പിന്നീട് വേറൊരാൾ വന്ന് അസ്സലാമു അലൈക്കും വറഹ്മ ത്തുല്ലാഹി എന്നു സലാം പറഞ്ഞപ്പോൾ അവിടുന്ന് സലാം മടക്കിയിട്ടുപറഞ്ഞു: പ്രതിഫലം ഇതുപത്. മൂന്നാമത് വേറൊരാൾ വന്ന് അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹി വബറകാത്തുഹു എന്നു സലാം പറഞ്ഞപ്പോൾ അവിടുന്ന് സലാം മടക്കി ഒരിടത്തിരുന്ന് പറഞ്ഞു: പ്രതിഫലം മുപ്പത്. (അബൂദാവൂദ്, തിർമിദി) (സലാം, റഹ്മത്ത്, ബക്കർത്ത് ഇവകളോരോന്നും ഓരോ ഹസനത്താണ്. ഓരോ ഹസനത്തിനും ചുരുങ്ങിയത് പത്ത് പ്രതിഫലം ലഭിക്കും)

2611. മിഖ്ദാദ്(റ) സുദീർഘമായ ഹദീസിലൂടെ നിവേദനം ചെയ്യുന്നു: പാലിന്റെ ഓഹരി ഞങ്ങൾ നബി(സ) ക്ക് എടുത്തുവച്ചിരുന്നു. അവിടുന്ന് രാത്രി കടന്നുവരുമ്പോൾ ഉണർന്നിട്ടുള്ളവരെ ഉണർത്താതെയുമാണ് സലാം പറയാറ്. അങ്ങനെ ഒരിക്കൽ നബി(സ) വന്നപ്പോൾ സലാം പറയാറുള്ളതുപോലെ (ഉറങ്ങുന്നവരെ ഉണർത്താതെ) സലാം പറഞ്ഞുകൊണ്ടാണ് പ്രവേശിച്ചത്. (മുസ്ലിം)

2612. അസ്മാഉ(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) ഒരിക്കൽ മസ്ജിദുന്നബവിയിലൂടെ നടന്നുപോയി. ഒരുകൂട്ടം സ്ത്രീകൾ അവിടെയിരിപ്പുണ്ടായിരുന്നു. നബി(സ) അവരോട് സലാം പറഞ്ഞത് കൈകൊണ്ട് ആംഗ്യം കാണിച്ചുകൊണ്ടായിരുന്നു. (തിർമിദി) (ആംഗ്യം കാണിക്കുകയും സലാം പറയുകയും ചെയ്തു)

2613. അബൂഉമാമ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: ജനങ്ങളിൽ വെച്ച് അല്ലാഹുവിനോട് ഏററവും അടുത്തവൻ അവരോട് സലാം തുടങ്ങുന്നവനാണ്. (അബൂദാവൂദ്, തിർമിദി)

2614. അബൂജുറയ്യി(റ)ൽ നിന്ന് നിവേദനം: ഒരിക്കൽ റസൂൽ(സ) യുടെ അടുത്തുചെന്ന് ഞാൻ പറഞ്ഞു: പ്രവാചകരേ! അലൈക്കസ്സലാം. നബി(സ) പറഞ്ഞു: അലൈക്കസ്സലാം എന്ന് നീ പറയരുത്. അലൈക്കസ്സലാം എന്നത് മരണപ്പെട്ടവരോടുള്ള അഭിവാദ്യമാണ്. (അബൂദാവൂദ്, തിർമിദി)

2615. അബൂഹുറൈറ(റ)ൽ നിന്ന് നിവേദനം: നബി(സ) അരുളി: നിങ്ങളാരെങ്കിലും കൂട്ടുകാരനെ കണ്ടുമുട്ടിയാൽ അവനോട് സലാം പറഞ്ഞുകൊള്ളട്ടെ!

അവർക്കിടയിൽ വൃക്ഷമോ മതിലോ കല്ലോ മറയിട്ടതിനുശേഷം വീണ്ടും കണ്ടുമുട്ടിയാലും സലാം പറയണം. (അബൂദാവൂദ്)

2616. അനസി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) എന്നോട് പറഞ്ഞു: പ്രിയ മകനേ! കുടുംബക്കാരുടെ അടുത്ത് നീ ചെല്ലുമ്പോൾ അവരോട് സലാം പറയൂ. നിനക്കും വീട്ടുകാർക്കും അഭിവൃദ്ധിക്ക് കാരണമാണത്. (തിർമിദി)

2617. ഉമ്മുഹാനിഇ(റ)ൽ നിന്ന് നിവേദനം: മക്കാ ഫത്ത്ഹ്ദിവസം ഞാൻ നബി(സ)യുടെ അടുത്ത് കടന്നുചെന്നു. അവിടുന്നപ്പോൾ കുളിക്കുകയായിരുന്നു. മകൾ ഫാതിമ(റ) ഒരു വസ്ത്രംകൊണ്ട് നബി(സ)ക്ക് മറയുണ്ടാക്കിയിരുന്നു. ഞാൻ സലാം പറഞ്ഞു. ഉമ്മുഹാനിഅ്(റ) ഈ ഹദീസ് വിവരിച്ചിട്ടുണ്ട്. (മുസ്ലിം)

2618. അസ്മാഇ(റ)ൽ നിന്ന് നിവേദനം: നബി(സ) കുറേ സ്ത്രീകളുടെ അടുത്തുകൂടി നടന്നുപോയപ്പോൾ ഞങ്ങളോട് സലാം പറഞ്ഞു. (അബൂദാവൂദ്, തിർമിദി)

2619. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: നിശ്ചയം റസൂൽ(സ) അരുളി: ജൂത–കൃസ്ത്യാനികളോട് നിങ്ങൾ സലാം പറയരുത്. വഴിയിൽവെച്ച് അവരാരെയെങ്കിലും കണ്ടു മുട്ടിയാൽ ഇടുങ്ങിയ ഭാഗത്ത് അവരെ കൊണ്ടാക്കണം. (മുസ്ലിം)

2620. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) അരുളി: നിങ്ങളാരെങ്കിലും ഏതെങ്കിലും സദസ്സിലെത്തിച്ചേരുമ്പോഴും അവിടെനിന്ന് എഴുന്നേററുപോകുമ്പോഴും സലാം പറയണം. എന്നാൽ ആദ്യത്തേത് അവസാനത്തേതിനേക്കാൾ കടമപ്പെട്ടതല്ല. (അബൂദാവൂദ്, തിർമിദി) (ആദ്യത്തേതും രണ്ടാമത്തേതും തുല്യപ്രതിഫലമുള്ളതാണ്)

## 102. നിഷിദ്ധങ്ങൾ

2621. ബിലാലി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) അരുൾ ചെയ്തു. മനുഷ്യൻ അല്ലാഹുവിന്നിഷ്ടമുള്ള വാക്ക് സംസാരിക്കും. അതു എന്തുമാത്രം നേട്ടമുള്ളതാണെന്ന് അവൻ വിചാരിച്ചിട്ടുണ്ടായിരിക്കുകയില്ല. അതുവഴി അല്ലാഹു അന്ത്യനാൾവരെ തന്റെ തൃപ്തി അവന് നൽകുന്നതാണ്. അപ്രകാരംതന്നെ മനുഷ്യൻ അല്ലാഹുവിന്നിഷ്ടമില്ലാത്തത് സംസാരിക്കുന്നു. അതെന്തുമാത്രം കുററകരമാണെന്ന് അവൻ ചിന്തിച്ചിട്ടുണ്ടായിരിക്കുകയില്ല. തന്നിമിത്തം അന്ത്യനാൾവരെ അല്ലാഹു അവനോട് കോപിക്കുന്നതാകുന്നു. (തിർമിദി)

2622. സുഫ്യാനി(റ)ൽ നിന്ന് നിവേദനം: ഞാൻ പറഞ്ഞു: പ്രവാചകരേ! ഞാൻ അവലംബിക്കേണ്ട ഒരുകാര്യം എനിക്ക് പറഞ്ഞുതരിക. എന്റെ നാഥൻ അല്ലാഹുവാണെന്ന് നീ പറയുകയും അതനുസരിച്ച് ജീവിതം നയിക്കുകയും ചെയ്യൂ. ഞാൻ ചോദിച്ചു. പ്രവാചകരേ! ഞാൻ ഏററവും കൂടുതൽ ഭയപ്പെടേണ്ടതെന്താണ്? സ്വന്തം നാവ് കാണിച്ചിട്ട് നബി(സ) പറഞ്ഞു: ഇതിനെയാണ്. (തിർമിദി)

2623. ഇബ്നുഉമറി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: ദിക്റ് ചൊല്ലാതെ നിങ്ങൾ അധികം സംസാരിക്കരുത്. ദിക്റ് ചൊല്ലാതെയുള്ള അധിക സംസാരം ഹൃദയത്തെ കഠിനമാക്കും. കഠിനഹൃദയനാണ് ജനങ്ങളിൽവെച്ച് അല്ലാഹുവിനോട് ഏററവും അകന്നവൻ. (തിർമിദി)

2624. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) അരുൾചെയ്തു: അല്ലാഹു വല്ലവനേയും തന്റെ താടിയെല്ലുകൾക്കിടയിലുള്ളതിന്റെ ശർറിൽ നിന്നും കാലുകൾക്കിടയിലുള്ളതിന്റെ ശർറിൽ നിന്നും രക്ഷിച്ചാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കും. (തിർമിദി)

2625. ഉഖ്ബത്തി(റ)ൽ നിന്ന് നിവേദനം: ഞാൻ ചോദിച്ചു: പ്രവാചകരേ! മോക്ഷ മാർഗ്ഗമേതാണ്? അവിടുന്ന് പറഞ്ഞു: നിന്റെ നാവിനെ പിടിച്ചുവെക്കുക, വീട് നിനക്ക് വിശാലമാക്കുക, പാപമോചനത്തിനായി കരയുകയും ചെയ്യുക. (തിർമിദി)

2626. അബൂസഈദി(റ)ൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു: നേരം പുലർന്നാൽ മനുഷ്യന്റെ അവയവങ്ങളെല്ലാം (വിനയത്തോടെ) നാവിനോട് അപേക്ഷിക്കും. ഞങ്ങൾക്കുവേണ്ടി നീ അല്ലാഹുവിനെ സൂക്ഷിക്കണേ! പാപങ്ങളിൽ ഞങ്ങളെ നീ അകപ്പെടുത്തരുതേ! ഞങ്ങൾ നിന്നോട് കൂടെയുള്ളവയാണ്. നീ നന്നാവുന്നപക്ഷം ഞങ്ങളും നന്നായി. നീ ചീത്തയായാലോ ഞങ്ങളും ചീത്തയായി. (തിർമിദി)

2627. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) ചോദിച്ചു: പരദൂഷണം കൊണ്ടുള്ള വിവക്ഷ എന്താണെന്ന് നിങ്ങൾക്കറിയാമോ? അല്ലാഹുവും പ്രവാചകനുമാണ് കൂടുതൽ അറിയുന്നവർ എന്നദ്ദേഹം മറുപടി പറഞ്ഞു. അവിടുന്നരുളി: നിന്റെ സഹോദരനെപ്പററി അവന് ഇഷ്ടമില്ലാത്തത് പറയലാണത്. അന്നേരം ചോദിക്കപ്പെട്ടു: ഞാൻ പറയുന്നത് ഉള്ളതാണെങ്കിലോ? അവിടുന്ന് പറഞ്ഞു: നീ പറയുന്നത് ഉള്ളതാണെങ്കിൽ നീ പരദൂഷണം പറഞ്ഞു. നീ പറയുന്നത് ഇല്ലാത്തതാണെങ്കിൽ നീ കളവും പറഞ്ഞു. (മുസ്ലിം)

2628. ആയിശ(റ)യിൽ നിന്ന് നിവേദനം: നബി(സ) യോട് ഞാൻ പറഞ്ഞു: സഫിയ്യ(റ) യുടെ ഇന്നിന്ന ന്യൂനതതന്നെ മതിയല്ലോ. റിപ്പോർട്ടർമാരിൽ ചിലർ പറഞ്ഞു: കുറിയവളാണെന്നതാണ് ആയിശ(റ) ഉദ്ദേശിച്ചത്. നബി(സ) പറഞ്ഞു: കുററകരമായ വാക്കാണ് നീ സംസാരിച്ചത്. സമുദ്രത്തിലെ വെള്ളത്തിൽ അത് ലയിപ്പിച്ചാൽ അതിനെ കലക്കിക്കളയും. ആയിശ(റ) പറഞ്ഞു. നബി(സ)ക്ക് ഞാൻ ഒരാളെ ഉദ്ധരിച്ചുകൊടുത്തു. അന്നേരം അവിടുന്ന് പറഞ്ഞു. എനിക്ക് ഇന്നിന്നതൊക്കെ ലഭിക്കുമെങ്കിലും ഒരാളെ ഹികായത്ത് ചെയ്യാൻ എനിക്കിഷ്ടമില്ല. (അബൂദാവൂദ്, തിർമിദി)

2629. അനസി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: എനിക്ക് മിഅ്റാജുണ്ടായപ്പോൾ ചെമ്പിന്റെ നഖങ്ങളെക്കൊണ്ട് മുഖവും നെഞ്ചും മാന്തുന്ന ചിലയാളുകളുടെ അടുക്കലൂടെ ഞാൻ നടന്നുപോയി. ഞാൻ ചോദിച്ചു: ആരാണവർ ജിബ്രീലേ? ജിബ്രീൽ (അ) പറഞ്ഞു: ജനങ്ങളുടെ മാംസം തിന്നുകയും (പരദൂഷണം പറയുകയും) അവരുടെ അഭിമാനത്തിന് ക്ഷതം വരുത്തുകയും ചെയ്തവരാണവർ. (അബൂദാവൂദ്)

2630. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) അരുളി: മുസ്ലിമിന്റെ സർവ്വതും മറെറാരു മുസ്ലിമിന്ന് നിഷിദ്ധമാണ്. അഥവാ, അവന്റെ രക്തവും അവന്റെ അഭിമാനവും ധനവും. (മുസ്ലിം)

2631. അബുദ്ദർദാഇ(റ)ൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു: വല്ലവനും തന്റെ സഹോദരന്റെ അഭിമാനത്തെ ക്ഷതം വരുത്തുന്നത് തടുത്താൽ അന്ത്യദിനത്തിൽ അവന്റെ മുഖത്തുനിന്ന് അല്ലാഹു നരകാഗ്നിയെതടുക്കുന്നതാണ്. (തിർമിദി)

2632. ഇബ്നുമസ്ഊദി(റ)ൽ നിന്ന് നിവേദനം: നബി(സ) ഒരിക്കൽ ചോദിച്ചു:'അള്ഹ്' എന്താണെന്ന് ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ? ജനങ്ങൾക്കിടയിൽ പ്രചരിച്ചുകൊണ്ടിരിക്കുന്ന ഏഷണിയാണത്. (മുസ്ലിം) (അപവാദം, അസത്യം എന്നൊക്കെയാണ് അള്ഹിന്റെ ഭാഷാർത്ഥം)

2633. ഇബ്നുമസ്ഊദി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: എന്റെ അസ്ഹാബികളിലാരും യാതൊന്നും ഒരാളെപ്പററിയും എന്നെ ധരിപ്പിക്കേണ്ട.

നിഷ്കളങ്ക ഹൃദയനായി നിങ്ങളുടെ അടുത്തേക്ക് പുറപ്പെടാൻ ഞാൻ ഇഷ്ടപ്പെടുന്നു. (അബൂദാവൂദ്, തിർമിദി)

2634. സമുറ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: കള്ളമാണെന്ന് ബോദ്ധ്യപ്പെട്ടത് ഞാൻ പറഞ്ഞതായി പ്രചരിപ്പിക്കുന്നവൻ കള്ളം പറയുന്നവരിൽ പെട്ടവൻ തന്നെ. (മുസ്ലിം) (കളവാണെന്ന് ബോദ്ധ്യം വന്നത് പ്രചരിപ്പിക്കുന്നത് കള്ളം പറയുന്നതിന് തുല്യമാണെന്ന് സാരം)

2635. അബുദ്ദർദാഇ(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: ' ലഅ്നത്ത് ' ചെയ്യുന്നവർ അന്ത്യനാളിൽ ശഫാഅത്തിനോ സാക്ഷിക്കോ പററുന്നവരല്ല. (മുസ്ലിം)

2636. സമുറ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) അരുൾചെയ്തു. അല്ലാഹുവിന്റെ ലഅ്നത്തുണ്ടാകട്ടെ. അവന്റെ കോപമുണ്ടാകട്ടെ. നരകം നിങ്ങൾക്കുണ്ടാകട്ടെ. അന്നിങ്ങനെ നിങ്ങൾ പ്രാർത്ഥിക്കരുത്. (അബൂദാവൂദ്, തിർമിദി)

2637. ഇബ്നുമസ്ഊദി(റ)ൽ നിന്ന് നിവേദനം: അധിക്ഷേപിക്കുന്നവനും ലഅ്നത്ത് ചെയ്യുന്നവനും നീചവും നികൃഷ്ടവുമായി സംസാരിക്കുന്നവനും സത്യവിശ്വാസിയല്ല. (തിർമിദി)

2638. അബുദ്ദർദാഇ(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: മനുഷ്യൻ ഏതെങ്കിലുമൊന്നിനെ ലഅ്നത്ത് ചെയ്യുന്നപക്ഷം ആ ലഅ്നത്ത് വാനലോകത്തേക്ക് കയറിച്ചെല്ലും. പക്ഷെ ആകാശത്തിന്റെ കവാടം അടക്കപ്പെടും. ഭൂമിയിലേക്ക് തിരിച്ചുവന്നാൽ അതിന്റെ കവാടവും അടക്കപ്പെടും. പിന്നീട് അത് വലതുഭാഗത്തും ഇടതുഭാഗത്തും ചെന്നു നോക്കും. അവസാനം ഒരു വഴിയും കണ്ടെത്താതെ വന്നാൽ ലഅ്നത്ത് ചെയ്യപ്പെട്ട ആളുടെ അടുത്തുവന്ന് നോക്കും. അയാളതിന്ന് അർഹനല്ലെങ്കിൽ അതിന്റെ വക്താവിൽ തന്നെ മടങ്ങിയെത്തും. (അബൂദാവൂദ്)

2639. ഇംറാനി(റ)ൽ നിന്ന് നിവേദനം: നബി(സ) ഏതോ യാത്രയിലായിരിക്കെ ഒരു അൻസാരി വനിത ഒട്ടകപ്പുറത്ത് കയറിവന്നു. (യാത്രാക്ഷീണം നിമിത്തം) ഒട്ടകം മടുപ്പ് കാണിച്ചപ്പോൾ അവൾ അതിനെ ശപിച്ചത് റസൂൽ(സ) കേട്ടു. ഉടനെ അവിടുന്ന് പറഞ്ഞു: അതിന്മേലുള്ളത് എടുത്തിട്ട് നിങ്ങൾ അതിനെ വിട്ടേക്കൂ! നിശ്ചയം, അത് ശാപമേററതാണ്. ഇംറാൻ പറഞ്ഞു: ജനങ്ങൾക്കിടയിലൂടെ അത് അലഞ്ഞുതിരിയുന്നത് ഞാൻ ഇപ്പോഴും ഓർക്കുന്നു. ആരും അതിനെ ശ്രദ്ധിക്കാറേയില്ല. (മുസ്ലിം)

2640. അബൂബർസത്തി(റ)ൽ നിന്ന് നിവേദനം: ഒരിക്കൽ ജനതയുടെ ഏതാനും ചരക്കുമായി ഒട്ടകപ്പുറത്ത് ഒരു സ്ത്രീ വരികയായിരുന്നു: പർവ്വതനിരകളിൽ ആൾത്തിരക്കേറിയിരുന്നു. നബി(സ) യെ കണ്ടമാത്രയിൽ അവൾ പറഞ്ഞു: 'ഹൽ' (നടക്കൂ) അല്ലാഹുവേ! നീ അതിനെ ശപിക്കേണമേ! നബി(സ) പറഞ്ഞു: ശപിക്കപ്പെട്ട ഒട്ടകം നമ്മോട് സഹവസിക്കരുത്. (മുസ്ലിം)

2641. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: പരസ്പരം കുററപ്പെടുത്തുന്നവരുടെ ശിക്ഷ അത് തുടങ്ങിവെച്ചവന്നാണ്. മസ്ലൂം പരിധിലംഘിച്ചിട്ടില്ലെങ്കിൽ. (മുസ്ലിം)

2642. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു: വ്യാഴാഴ്ചയും തിങ്കളാഴ്ചയും സ്വർഗ്ഗത്തിന്റെ കവാടങ്ങൾ തുറക്കപ്പെടും. അന്നേരം മുശ്രിക്കല്ലാത്തവന്റെ പാപം പൊറുക്കപ്പെടും. പരസ്പരം വൈരാഗ്യമുള്ളവരുടേതൊഴികെ. അവർ സുൽഹാകുന്നതുവരെ അവരുടെ കാര്യം നീട്ടിവെക്കാൻ മലക്കുകളോട് ഉത്തരവാകും. (മുസ്ലിം)

2643. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു: നിങ്ങൾ അസൂയ സൂക്ഷിക്കണം. നിശ്ചയം തീ വിറകിനെ എരിച്ചുകളയുമ്പോലെയോ പുല്ലിനെ കരിച്ചുകളയുമ്പോലെയോ ആണ് അസൂയ ഹസനാത്തിനെ നശിപ്പിക്കുന്നത്. (അബൂദാവൂദ്)

2644. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) അരുൾ ചെയ്തു: തെററിദ്ധാരണ നിങ്ങൾ സൂക്ഷിക്കണം. നിശ്ചയം, തെററിദ്ധരിച്ചുള്ള സംസാരം ഏററവും വലിയ കളവാണ്. നിങ്ങൾ ചാരവൃത്തി നടത്തരുത്. പരസ്പരം മത്സരിക്കരുത്. നിശ്ചയം നിങ്ങളുടെ ശരീരത്തേയോ രൂപത്തേയോ പ്രവർത്തനങ്ങളേയോ അല്ല അല്ലാഹു നോക്കുന്നത്. പിന്നെയോ നിങ്ങളുടെ ഹൃദയങ്ങളിലേക്കാണ്. (മുസ്ലിം) (ഹൃദയശുദ്ധി, ആത്മാർത്ഥത, അർപ്പണബോധം മുതലായവയാണ് അല്ലാഹു നോക്കുന്നത്)

2645. മുആവിയ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു: മുസ്ലിംകളുടെ ന്യൂനതകളെ നീ തെരഞ്ഞുപിടിക്കുന്നപക്ഷം അവരെ നീ നശിപ്പിക്കുകയോ നാശത്തിലേക്കടുപ്പിക്കുകയോ ചെയ്യും. (അബൂദാവൂദ്) (കുററം തെരഞ്ഞുപിടിക്കൽ ഒരു ഭരണകർത്താവിന്റേയും ചുമതലയിൽ പെട്ടതല്ല)

2646. ഇബ്നുമസ്ഊദി(റ)ൽ നിന്ന് നിവേദനം: (കള്ള് കുടിയനായ) ഒരാൾ ഹാജറാക്കപ്പെട്ടു. ഇയാളുടെ താടിയിൽ നിന്ന് കള്ള് ഇററ് വീഴുന്നു (എന്ന് മററുള്ളവർ പറഞ്ഞു) അദ്ദേഹം പറഞ്ഞു: അന്യരുടെ രഹസ്യങ്ങൾ ചികഞ്ഞുനോക്കുന്നത് ഞങ്ങളെ നിരോധിച്ചിട്ടുണ്ട്. പക്ഷേ ഞങ്ങൾക്ക് വല്ലതും വെളിപ്പെട്ടാൽ ഞങ്ങൾ അത് കൈക്കൊള്ളും. (അതനുസരിച്ച് ശിക്ഷാനടപടി സ്വീകരിക്കും) (അബൂദാവൂദ്)

2647. വാസില(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) അരുൾചെയ്തു. നിന്റെ സഹോദരന്റെ കഷ്ടപ്പാടിൽ നീ സന്തോഷം പ്രകടിപ്പിക്കരുത്. അങ്ങനെ ചെയ്താൽ അല്ലാഹു അവനെ അനുഗ്രഹിക്കുകയും നിന്നെ ക്ലേശിപ്പിക്കുകയും ചെയ്യും. (തിർമിദി)

2648. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) അരുൾചെയ്തു: മനുഷ്യരിലുള്ള രണ്ടുകാര്യങ്ങൾ ജാഹിലിയ്യാ സ്വഭാവങ്ങളാണ്. 1. പാരമ്പര്യത്തെ കുററപ്പെടുത്തൽ, 2. മരണപ്പെട്ടവന്റെ പേരിൽ അലറിക്കരയൽ. (മുസ്ലിം)

2649. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) അരുൾചെയ്തു: നമുക്കെതിരിൽ ആയുധങ്ങളേന്തിയവൻ നമ്മളിൽ പെട്ടവനല്ല. അപ്രകാരം നമ്മളെവഞ്ചിച്ചവനും നമ്മളിൽ പെട്ടവനല്ല. (ഒരു യഥാർത്ഥ മുഅ്മിനല്ല) (മുസ്ലിം)

2650. അബുഹുറയ്റ(റ)യിൽ നിന്ന്: റസൂൽ(സ) പറഞ്ഞു: അന്യന്റെ ഭാര്യയേയോ ഉടമയിലുള്ളവനേയോ വഞ്ചിക്കുന്നവൻ നമ്മളിൽ പെട്ടവനല്ല. (അബൂദാവൂദ്)

2651. അബൂസഈദി(റ)ൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു: എല്ലാ വഞ്ചകർക്കും അന്ത്യ നാളിൽ തങ്ങളുടെ മലദ്വാരത്തിങ്കൽ ഓരോ പതാക നാട്ടപ്പെടും. വഞ്ചനയുടെ സ്ഥിതിയനുസരിച്ചായിരിക്കും ആ പതാക ഉയർത്തപ്പെടുന്നത്. അറിയണം, ഒരു ഭരണ മേധാവിയുടെ വഞ്ചനയേക്കാൾ കടുത്തവഞ്ചനയില്ല. (മുസ്ലിം)

2652. ഇയാളി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: നിങ്ങൾ പരസ്പരം അതിക്രമം കാണിക്കാതെയും പരസ്പരം കിടമത്സരം നടത്താതെയും വിനയത്തോടെ വർത്തിക്കേണ്ടതാണെന്ന് എനിക്ക് അല്ലാഹു ദൗത്യം നൽകിയിരിക്കുന്നു. (മുസ്ലിം)

2653. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: ആ ജനങ്ങൾ നശിച്ചുപോയി എന്ന് വല്ലവരും (പൊങ്ങച്ചത്തോടെ) തട്ടിവിട്ടാൽ അവൻ തന്നെയായിരിക്കും ജനങ്ങളിൽവെച്ച് ഏററവും നശിച്ചവൻ. (മുസ്ലിം)

2654. ജാബിറി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു: അറേബ്യൻ ഭൂഖണ്ഡത്തിൽവെച്ച് മുസ്ലിംകൾ തന്നെ ആരാധിക്കുകയില്ല എന്നതിനാൽ പിശാച് നിരാശരാണ്. പക്ഷേ, അവർക്കിടയിൽ കുഴപ്പമുണ്ടാക്കുന്നതിലാണവൻ (ഏർപ്പെട്ടിട്ടുള്ളത്) (മുസ്ലിം)

2655. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: മൂന്ന് ദിവസത്തിൽ കൂടുതൽ തന്റെ സഹോദരനുമായി പിണങ്ങിനിൽക്കൽ അനുവദനീയമല്ല. വല്ലവനും മൂന്നുദിവസത്തിൽ കൂടുതലുള്ള പിണക്കത്തിൽ മരിച്ചുപോയാൽ അവൻ നരകത്തിൽ പ്രവേശിക്കും. (അബൂദാവൂദ്)

2656. ഹദ്റദി(റ)ൽ നിന്ന് നിവേദനം: നബി(സ) പറയുന്നത് അദ്ദേഹം കേട്ടു. തന്റെ സഹോദരനുമായി വല്ലവനും ഒരുകൊല്ലം പിണങ്ങിനിന്നാൽ അതവന്റെ രക്തം ചിന്തുന്നതിന് തുല്യമാണ്. (അബൂദാവൂദ്)

2657. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: സത്യവിശ്വാസികൾ തമ്മിൽ മൂന്നു ദിവസത്തിൽ കൂടുതൽ പിണങ്ങിനിൽക്കൽ അനുവദനീയമല്ല. ഇനി അങ്ങനെ മൂന്നുദിവസം കടന്നുപോയാലോ അവനെ സമീപിച്ച് സലാം പറയണം. സലാം മടക്കിയാൽ അവർ രണ്ടുപേർക്കും തുല്യ പ്രതിഫലം ലഭിക്കും. മടക്കിയിട്ടില്ലെങ്കിൽ കുററംകൊണ്ട് അവൻ മടങ്ങി. സലാം ചൊല്ലിയവനോ കുററത്തിൽ നിന്ന് രക്ഷപ്പെട്ടു. (അബൂദാവൂദ്)

2658. സുവൈദി(റ)ൽ നിന്ന് നിവേദനം: മുഖർറിൻ കുടുംബത്തിലെ ഏഴാമത്തവനായിരുന്നു ഞാൻ. ഒരുപരിചാരികയല്ലാതെ മററു ഭൃത്യന്മാർ ഞങ്ങൾക്കുണ്ടായിരുന്നില്ല. ഞങ്ങളിൽ ചെറിയവൻ ഒരിക്കൽ അവളുടെ മുഖത്ത് അടിച്ചപ്പോൾ അവളെ സ്വതന്ത്രയാക്കാൻ നബി(സ) ഞങ്ങളോട് കല്പിക്കുകയുണ്ടായി. (മുസ്ലിം)

2659. അബൂമസ്ഊദി(റ)ൽ നിന്ന് നിവേദനം: ഞാൻ എന്റെ ഭൃത്യനെ ചാട്ടവാർ കൊണ്ട് അടിക്കുമായിരുന്നു. ഒരിക്കൽ പിന്നിൽ നിന്ന് ഒരു ശബ്ദം കേട്ടു. അബൂമസ്ഊദേ! നീ ഓർത്തുകൊള്ളണം. ദേഷ്യംകൊണ്ട് ഞാൻ ആ ശബ്ദം ശ്രദ്ധിച്ചില്ല. എന്റെ അടുത്തെത്തിയപ്പോൾ റസൂൽ(സ)യായിരുന്നു അത്. ആ സന്ദർഭത്തിൽ റസൂൽ(സ) ഇപ്രകാരം പറയുന്നുണ്ടായിരുന്നു: അബൂമസ്ഊദേ! മനസ്സിലാക്കണം, ഈ ഭൃത്യനെ നീ ശിക്ഷിക്കുന്നതിനേക്കാൾ ഉപരിയായി നിന്നെ ശിക്ഷിക്കുവാൻ ശക്തനാണ് അല്ലാഹു. ഞാൻ പറഞ്ഞു: ഇനി മുതൽ ഒരിക്കലും ഒരു ഭൃത്യനേയും ഞാൻ അടിക്കുകയില്ല. മറെറാരു റിപ്പോർട്ടിലുണ്ട്: നബി(സ) യുടെ ഗാംഭീര്യത്താൽ എന്റെ കയ്യിൽ നിന്ന് ആ ചാട്ടവാർ വീണുപോയി. വേറൊരു റിപ്പോർട്ടിലുണ്ട്: ഞാൻ പറഞ്ഞു: പ്രവാചകരേ! അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി അവനെ ഞാൻ സ്വതന്ത്രനാക്കിയിരിക്കുന്നു. തൽസമയം അവിടുന്ന് പ്രതിവചിച്ചു. അറിഞ്ഞുകൊള്ളുക, നീ ഇത് ചെയ്തിട്ടില്ലെങ്കിൽ നരകം നിന്നെ കരിച്ചുകളയുമായിരുന്നു. (ഈ റിപ്പോർട്ടുകളെല്ലാം മുസ്ലിം ഉദ്ധരിച്ചിട്ടുണ്ട്)

2660. ഇബ്നുഉമറി(റ)ൽ നിന്ന് നിവേദനം: നബി(സ) തറപ്പിച്ചുപറഞ്ഞു: വല്ലവനും തന്റെ ദാസനെ അന്യായമായി പ്രഹരിക്കുകയോ മുഖത്തടിക്കുകയോ ചെയ്താൽ അവനെ ഇത്ഖ് ചൊല്ലലാണ് അതിന്റെ കഫ്ഫാറത്ത്. (മുസ്ലിം)

2661. ഹിശാമി(റ)ൽ നിന്ന് നിവേദനം: ഒരിക്കൽ അദ്ദേഹം വെയിലിൽ നിറുത്തി തലക്കുമീതെ എണ്ണ ഒഴിക്കപ്പെടുന്ന (സിറിയയിലെ) കുറേ കർഷകത്തൊഴിലാളികളുടെ അടുക്കൽക്കൂടി നടന്നുപോയി. ഇതെന്താണെന്ന് അദ്ദേഹം ചോദിച്ചപ്പോൾ നികുതി അടക്കാത്തതുകൊണ്ടാണ് അവർ ശിക്ഷിക്കപ്പെടുന്നതെന്ന് അവർ മറുപടി പറഞ്ഞു. ഹിശാം(റ) പറഞ്ഞു. ഞാൻ സാക്ഷ്യം വഹിക്കുന്നു: ദുനിയാവിൽവെച്ച് മനുഷ്യരെ പീഡിപ്പിക്കുന്നവരെ തീർച്ചയായും അല്ലാഹു ശിക്ഷിക്കുന്നതാണെന്ന് നബി(സ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. അമീറിന്റെ സവിധത്തിൽചെന്ന് ഇത് പറഞ്ഞപ്പോൾ നിങ്ങൾ അവരെ വെറുതെ വിട്ടേക്കൂ! എന്ന് അദ്ദേഹം (അമീർ) പറഞ്ഞു. (മുസ്ലിം)

2662. ഇബ്നുഅബ്ബാസി(റ)ൽ നിന്ന് നിവേദനം: ചുട്ടുപഴുപ്പിച്ച ഇരുമ്പ് വെച്ച് മുഖം പൊള്ളിച്ച ഒരു കഴുതയെ കണ്ടപ്പോൾ റസൂൽ(സ) അതിൽ പ്രതിഷേധിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു. മുഖത്തുനിന്നും വളരെ അകന്ന സ്ഥലത്തല്ലാതെ അല്ലാഹുവാണ, ഞാൻ ഇനി മുദ്ര ചെയ്യുന്നതല്ല. തന്റെ കഴുതയെ കൊണ്ടുവന്ന് അതിന്റെ ചന്തിയിൽ ചൂടുവെയ്ക്കാൻ അദ്ദേഹം കല്പിച്ചു. ആദ്യമായി ചന്തിയിൽ ചൂടുവെച്ചത് അദ്ദേഹമാണ്. (മുസ്ലിം)

2663. ഇബ്നുഅബ്ബാസി(റ)ൽ നിന്ന് നിവേദനം: മുഖത്ത് ഇരുമ്പുകൊണ്ട് പൊള്ളിച്ച് അടയാളപ്പെടുത്തിയ ഒരുകഴുത നബി(സ) യുടെ സമീപത്തുകൂടി നടന്നുപോയപ്പോൾ 'ചുട്ട ഇരുമ്പുകൊണ്ട് അതിനെ മുഖത്തു മുദ്രവെച്ചവനെ അല്ലാഹു ശപിക്കട്ടെ' എന്ന് നബി(സ) പറഞ്ഞു. (മുസ്ലിം)

2664. ഇബ്നുമസ്ഊദി(റ)ൽ നിന്ന് നിവേദനം: ഒരു യാത്രയിൽ ഞങ്ങൾ റസൂൽ(സ) യൊന്നിച്ചുണ്ടായിരുന്നു. അവിടുന്ന് വെളിക്കിരിക്കാൻ പോയപ്പോൾ രണ്ട് കുഞ്ഞുങ്ങളുള്ള ഒരു ചുകന്ന പക്ഷിയെ ഞങ്ങൾ കണ്ടു. ഞങ്ങൾ അതിന്റെ കുഞ്ഞുങ്ങളെ എടുക്കുമ്പോഴേക്കും ആ പക്ഷി വന്നിട്ട് ഉപരിഭാഗത്ത് വട്ടമിട്ട് പറക്കാൻ തുടങ്ങി. നബി(സ) തിരിച്ചു വന്നപ്പോൾ കുഞ്ഞിന്റെ പേരിൽ തള്ളയെ ആരാണ് ശല്യപ്പെടുത്തിയത് എന്ന് ചോദിച്ചിട്ട് പറഞ്ഞു: കുഞ്ഞിനെ അതിന് തിരിച്ചുകൊടുക്കൂ! അപ്രകാരം തീയിട്ട് കരിച്ച ഒരു ഉറുമ്പിന്റെ മാളത്തെ അവിടുന്ന് കാണുകയുണ്ടായി. ഉടനെ ചോദിച്ചു: ആരാണിത് കരിച്ചത്? ഞങ്ങളാണെന്ന് മറുപടി പറഞ്ഞു. അവിടുന്ന് പറഞ്ഞു: തീ കൊണ്ട് ശിക്ഷിക്കൽ തീയിന്റെ സ്രഷ്ടാവിനല്ലാതെ ഭൂഷണമല്ല. (അബൂദാവൂദ്)

2665. ഇബ്നുമസ്ഊദി(റ)ൽ നിന്ന് നിവേദനം: പലിശ തിന്നുന്നവനെയും തീററിപ്പിക്കുന്നവനെയും പ്രവാചകൻ ശപിച്ചിരിക്കുന്നു. (മുസ്ലിം) 'അതിന്റെ സാക്ഷികളെയും എഴുത്തുകാരനെയും ശപിച്ചിട്ടുണ്ട് . ' എന്ന് തിർമിദിയിലും മററുമുണ്ട്.

2666. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു. അല്ലാഹു പ്രഖ്യാപിച്ചിട്ടുണ്ട്. പങ്കുകാരെ ആവശ്യമില്ലാത്തവനാണ് ഞാൻ. ശിർക്ക് ആരെങ്കിലും ചെയ്താൽ അവനെയും അവന്റെ ശിർക്കിനെയും ഞാൻ തള്ളിക്കളയുന്നതാണ്. (മുസ്ലിം)

2667. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: ഭൗതികമായ നേട്ടം കരസ്ഥമാക്കാൻ വേണ്ടി അല്ലാഹുവിന്റെ പ്രീതി നേടാനുതകുന്ന വിദ്യ അഭ്യസിച്ചവന്ന് അന്ത്യദിനത്തിൽ സ്വർഗ്ഗത്തിന്റെ വാസനപോലും ഏൽക്കാൻ സാദ്ധ്യമല്ല. (അബൂദാവൂദ്)

2668. അബൂദർറി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) യോട് ചോദിക്കപ്പെട്ടു: ചില നല്ല പ്രവർത്തികൾ ചെയ്യുകയും അക്കാരണത്താൽ ജനങ്ങൾ പ്രശംസിക്കുകയും

ചെയ്യുന്നവനെ സംബന്ധിച്ച് അവിടുത്തെ അഭിപ്രായം എന്താണ്? (റിയാഇനുവേണ്ടി പ്രവർത്തിച്ചവനാകുമോ അവൻ) അവിടുന്നരുളി. സത്യവിശ്വാസിക്ക് ഇഹത്തിൽവെച്ച് ലഭിക്കുന്ന സന്തോഷങ്ങളാണ് അവ. (മുസ്ലിം)

2669. അബൂത്വൽഹ(റ)യിൽ നിന്ന് നിവേദനം: ഞങ്ങൾ ഒരിക്കൽ വീട്ടുമുററത്ത് സംസാരിച്ചുകൊണ്ടിരിക്കവെ റസൂൽ(സ) ഞങ്ങളുടെ അടുത്തുവന്നു നിന്ന് ചോദിച്ചു: നിങ്ങളെന്തിന് വഴിവക്കിലിരിക്കുന്നു? നിങ്ങൾ അത് വെടിയണം. ഞങ്ങൾ പറഞ്ഞു: കുററക്കാരല്ലാത്ത കാര്യത്തിന് വേണ്ടിയാണല്ലോ ഞങ്ങളിവിടെ ഇരിക്കുന്നത്. സംസാരിക്കുവാനും ചർച്ചചെയ്യുവാനും വേണ്ടിയാണിവിടെ ഇരിക്കുന്നത്. നബി(സ) പറഞ്ഞു: നിങ്ങൾക്ക് ഇരുന്നേ പററുവെങ്കിൽ നിങ്ങൾ വഴിയോടുള്ള ബാദ്ധ്യത നിറവേററണം. നിഷിദ്ധങ്ങളുടെ നേരെ കണ്ണ് ചിമ്മുക, സലാം മടക്കുക, നല്ലത് സംസാരിക്കുക എന്നിവയാണ്. (മുസ്ലിം)

2670. ജരീരി(റ)ൽ നിന്ന് നിവേദനം: അവിചാരിതമായ നോട്ടത്തെപ്പററി ഒരിക്കൽ നബി(സ) യോട് ഞാൻ ചോദിച്ചു. അവിടുന്നരുളി. വേഗത്തിൽ നിന്റെ ദൃഷ്ടി തിരിച്ചുകളയൂ. (മുസ്ലിം)

2671. ഉമ്മുസൽമ(റ)യിൽ നിന്ന് നിവേദനം: മൈമൂന(റ)യുടെ സാന്നിദ്ധ്യത്തിൽ ഞാൻ ഒരിക്കൽ റസൂൽ(സ)യുടെ അടുത്തുണ്ടായിരുന്നു. അന്നേരം ഇബ്നു ഉമ്മിമഖ്തൂം അവിടെ ആഗതനായി. ഹിജാബ് കൊണ്ടുള്ള കല്പനക്കുശേഷമായിരുന്നു. അത്. നബി(സ) പറഞ്ഞു: നിങ്ങൾ രണ്ടുപേരും അദ്ദേഹത്തിൽ നിന്ന് മറഞ്ഞുനിൽക്കൂ! ഞങ്ങൾ പറഞ്ഞു: പ്രവാചകരേ! ഞങ്ങളെ കാണാനും മനസ്സിലാക്കാനും കഴിയാത്ത അന്ധനല്ലേ അദ്ദേഹം. നബി(സ) ചോദിച്ചു. നിങ്ങൾ രണ്ടുപേരും അന്ധരാണോ? നിങ്ങൾക്ക് അദ്ദേഹത്തെ കാണാൻ കഴിയുകയില്ലേ? (അബൂദാവൂദ്, തിർമിദി)

2672. അബൂസഈദി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) ഖണ്ഡിതമായി പറഞ്ഞു. പുരുഷൻ മററുപുരുഷന്റെ ഔറത്തിലേക്കും സ്ത്രീ സ്ത്രീയുടെ ഔറത്തിലേക്കും നോക്കാൻ പാടില്ല. ഒരേ ഒരു വസ്ത്രത്തിൽ പുരുഷൻ പുരുഷനൊന്നിച്ച് ശയിക്കാൻ പാടില്ല. അപ്രകാരം ഒരു സ്ത്രീ സ്ത്രീയൊന്നിച്ച് ശയിക്കലും പാടുള്ളതല്ല. (മുസ്ലിം)

2673. ബുറൈദ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: യുദ്ധത്തിൽ പങ്കെടുക്കാത്തവർക്ക് ഭടന്മാരുടെ ഭാര്യമാർ ഉമ്മമാരെപ്പോലെ നിഷിദ്ധമാണ്. യുദ്ധത്തിന് പോകാത്തവർ യുദ്ധത്തിൽ പങ്കെടുത്ത ഭടൻമാരുടെ കുടുംബത്തിൽ പ്രതിനിധിയായിട്ട് അവരെ വഞ്ചിച്ചാൽ അവന് തൃപ്തിയാകുവോളം വഞ്ചകന്റെ നന്മയിൽ നിന്ന് പിടിച്ചെടുക്കാൻ വേണ്ടി അന്ത്യനാളിൽ അവനെ കൊണ്ടുവന്ന് നിറുത്തപ്പെടാതിരിക്കില്ല. പിന്നീട് റസൂൽ(സ) ഞങ്ങളുടെ അടുത്തേക്ക് തിരിഞ്ഞിട്ട് ചോദിച്ചു. അങ്ങനെ വരുമ്പോൾ നിങ്ങൾ എന്ത് വിചാരിക്കുന്നു. (ഇഷ്ടാനുസരണം മതിയാകുവോളം അവൻ പിടിച്ചെടുക്കുകയില്ലേ?) (മുസ്ലിം)

2674. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: സ്ത്രീവേഷം അണിയുന്നവനെയും പുരുഷവേഷം ധരിക്കുന്നവളെയും റസൂൽ(സ) ശപിച്ചിരിക്കുന്നു. (അബൂദാവൂദ്)

2675. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പ്രവചിച്ചിരിക്കുന്നു. രണ്ട് ഇനം നരകവാസികളുണ്ട്. അവരെ ഞാൻ കണ്ടിട്ടില്ല. ഒന്ന് പശുവിന്റെ വാലുപോലുള്ള വടികളേന്തിക്കൊണ്ട് ജനങ്ങളെ മർദ്ദിക്കും. മറെറാരിനം ചാഞ്ഞും ചെരിഞ്ഞും നടക്കുന്ന ഒട്ടകങ്ങളുടെ പൂഞ്ഞപോലുള്ള തലയുള്ളവരും ചാഞ്ഞും ചെരിഞ്ഞുകൊണ്ട് നടക്കുന്നവരും അന്യരെ (വ്യഭിചാരത്തിലേക്ക്) ആകർഷിക്കുന്നവരും നഗ്നകളും (പേരിനുമാത്രം) വസ്ത്രധാരിണികളുമായ സ്ത്രീകളാണ്. സ്വർഗ്ഗത്തിൽ അവർ പ്രവേശിക്കുകയോ അതിന്റെ വാസന

അവരനുഭവിക്കുകയോ ചെയ്യുകയില്ല. അതിന്റെ വാസനയാണെങ്കിലോ ഇത്രയിത്ര വഴിയകലെ നിന്നുതന്നെ അനുഭവിക്കാൻ കഴിയുന്നതാണ്. (മുസ്‌ലിം)

2676. ജാബിറി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു. ഇടതുകൈകൊണ്ട് നിങ്ങൾ ഭക്ഷിക്കരുത്. നിശ്ചയം, പിശാച് ഇടതുകൈകൊണ്ടാണ് ഭക്ഷിക്കുക (അതുകൊണ്ട് നിങ്ങളത് വർജ്ജിക്കണം). (മുസ്‌ലിം)

2677. ഇബ്നുഉമറി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) ശഠിച്ചുപറഞ്ഞു. നിങ്ങളാരും തന്നെ ഇടതു കൈകൊണ്ട് ഭക്ഷിക്കുകയോ കുടിക്കുകയോ ചെയ്യരുത്. നിശ്ചയം, പിശാച് അവന്റെ ഇടതു കൈകൊണ്ടാണ് തിന്നുകയും കുടിക്കുകയും ചെയ്യുന്നത്. (മുസ്‌ലിം)

2678. ജാബിറി(റ)ൽ നിന്ന് നിവേദനം: മക്കാ ഫത്ഹിൽ അബൂബക്കർ സിദ്ദിഖ്(റ) വിന്റെ പിതാവ് അബൂ ഖുഹാഫ തടവുകാരനായി ഹാജരാക്കപ്പെട്ടു. അന്നേരം തന്റെ തലയും താടിയും വെള്ളവർണ്ണത്തിൽ സത്ആമത്തിനോട് തുല്യമായിരുന്നു. റസൂൽ(സ) പറയുകയുണ്ടായി. നിങ്ങളതിന് ചായം കൊടുക്കൂ! പക്ഷെ, കറുപ്പ് ചായം നിങ്ങൾ വെടിയണം. (മുസ്‌ലിം)

2679. ഇബ്നുഉമറി(റ)ൽ നിന്ന് നിവേദനം: ഒരിക്കൽ റസൂൽ(സ) തലമുടി അല്പം കളഞ്ഞ് ബാക്കിഭാഗം ഉപേക്ഷിച്ച ഒരുകുട്ടിയെ കണ്ടപ്പോൾ, മുടി അപ്രകാരം വെട്ടുന്നത് നിരോധിച്ചുകൊണ്ട് പറഞ്ഞു: മുടി മുഴുവനും കളയുകയോ മുഴുവനും ഉപേക്ഷിക്കുകയോ ചെയ്യണം. (അബൂദാവൂദ്)

2680. അബ്ദുല്ല(റ)യിൽ നിന്ന് നിവേദനം: (ജഅ്ഫറിന്റെ മരണാനന്തരം) സന്തതികൾക്ക് കരയാൻ നബി(സ) മൂന്ന് ദിവസംവരെ താമസം നൽകിയിരുന്നു. പിന്നീട് അവരുടെ അടുത്ത് ചെന്നിട്ട് പറഞ്ഞു: ഈ ദിവസത്തിനുശേഷം എന്റെ സഹോദരന്റെ (ജഅ്ഫറിന്റെ) പേരിൽ നിങ്ങൾ കരയരുത്. എന്റെ സഹോദരന്റെ മക്കളെ ഇങ്ങോട്ട് വിളിക്കൂ. അങ്ങനെ ഞങ്ങൾ ആഗതരായി. ഞങ്ങളപ്പോൾ പക്ഷിക്കുഞ്ഞുങ്ങൾക്ക് സമാനമായിരുന്നു. അവിടുന്ന് പറഞ്ഞു: ക്ഷുരകനെ വിളിക്കൂ. നബി(സ) യുടെ ആജ്ഞയനുസരിച്ച് അയാൾ ഞങ്ങളുടെ തല (മുടി) വെട്ടിക്കളഞ്ഞു. (അബൂദാവൂദ്)

2681. അലി(റ)യിൽ നിന്ന് നിവേദനം: സ്ത്രീ തലമുടി കളയുന്നത് നബി(സ) നിരോധിച്ചിരിക്കുന്നു. (നസാഈ)

2682. അംറുബിൻ ശുഐബ്(റ) തന്റെ പിതാവിൽ നിന്ന് (ശുഐബിൽ നിന്നും) അദ്ദേഹം തന്റെ പിതാമഹനിൽ നിന്നും നിവേദനം: നബി(സ) പറഞ്ഞു: നിങ്ങൾ നര പറിച്ചുനീക്കരുത്. അന്ത്യ ദിനത്തിൽ മുസ്ലിമിന്റെ പ്രകാശമാണത്. (അബൂദാവൂദ്, തിർമിദി)

2683. ആയിശ(റ)യിൽ നിന്ന് നിവേദനം: നമ്മുടെ അനുവാദില്ലാതെ വല്ലതും പ്രവർത്തിച്ചാൽ മർദൂദാണ്. (അല്ലാഹുവിങ്കൽ അസ്വീകാര്യമാണ്) (മുസ്‌ലിം)

2684. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു. നിങ്ങളുടെ ഒരു ചെരുപ്പിന്റെ വാർ പൊട്ടിയാൽ അത് ശരിയാക്കാതെ മറേറ ചെരുപ്പിൽ മാത്രം നടക്കരുത്. (മുസ്‌ലിം)

2685. ജാബിറി(റ)ൽ നിന്ന് നിവേദനം: നിന്നുകൊണ്ട് ചെരുപ്പ് ധരിക്കൽ റസൂൽ(സ) നിരോധിച്ചിരിക്കുന്നു. (അബൂദാവൂദ്)

2686. ജാബിറി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: നിങ്ങൾ പാത്രം അടച്ചുവെക്കുകയും തോൽപാത്രം കെട്ടിവെക്കുകയും വിളക്ക് അണക്കുകയും ചെയ്യണം. അപ്പോൾ തോൽപാത്രം കെട്ടഴിക്കാനോ വാതിൽ തുറക്കാനോ പാത്രം

തുറക്കാനോ പിശാചിന് ഒരിക്കലും സാദ്ധ്യമല്ല. ബിസ്മിചൊല്ലി പാത്രത്തിൻമേൽ ഒരുകൊള്ളി എടുത്തുവെക്കാൻ മാത്രമേ കഴിഞ്ഞുള്ളുവെങ്കിലോ? അവൻ അത് ചെയ്തുകൊള്ളട്ടെ. കാരണം, വീട്ടുകാരുൾപ്പെടെ ഭവനത്തെ എലി അഗ്നിക്കിരയാക്കിത്തീർക്കും. (മുസ്ലിം)

2687. അബൂമാലികി(റ)ൽ നിന്ന് നിവേദനം: റസൂൽ (സ ) പറഞ്ഞു: അലറിക്കരയുമ്പോൾ തന്റെ മരണത്തിനുമുമ്പെ പശ്ചാത്തപിച്ചുമടങ്ങിയിട്ടില്ലെങ്കിൽ, കത്രാൻ കൊണ്ടുള്ള ഒരുകുപ്പായവും ചൊറിച്ചിലുണ്ടാക്കുന്ന ഒരുതരം വസ്ത്രവും ധരിപ്പിച്ചുകൊണ്ട് അന്ത്യനാളിൽ അവളെ നിറുത്തപ്പെടുന്നതാണ്. (മുസ്ലിം)

2688. ബൈഅത്തിൽ പങ്കെടുത്ത ഒരു സ്ത്രീയിൽ നിന്ന് ഉസൈദ്(റ) നിവേദനം ചെയ്യുന്നു: അവർ പറഞ്ഞു. (ആപൽഘട്ടത്തിൽ) മുഖം മാന്തിപ്പൊളിക്കുകയോ ആപത്തിനു വേണ്ടി പ്രാർത്ഥിക്കുകയോ കുപ്പായക്കഴുത്ത് കീറിപ്പൊളിക്കുകയോ മുടി പാറിപ്പറത്തുകയോ ചെയ്യുകയില്ലെന്ന് ഞങ്ങൾ റസൂൽ(സ) യോട് പ്രതിജ്ഞ ചെയ്തിട്ടുള്ളതാണ്. (അബൂദാവൂദ്)

2689. അബൂമൂസ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) തറപ്പിച്ചുപറഞ്ഞു: ഏതെങ്കിലും ഒരാൾ മരണപ്പെട്ടതിന്റെ പേരിൽ വാജബലാ! വാസയ്യിദാ അന്നിങ്ങനെ വിലപിച്ചാൽ രണ്ട് മലക്കിന് അവനെ ഏൽപിക്കപ്പെടും. അവർ കഠിനമായി മർദ്ദിച്ചുകൊണ്ട് അവനോട് ചോദിക്കും. നീ ഇപ്രകാരമായിരുന്നോ? (തിർമിദി)

2690. സഫിയ്യ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: ജ്യോത്സ്യന്റെ അടുത്തുചെന്ന് അവന്റെ നിർദ്ദേശം സ്വീകരിക്കുന്നവന്റെ നാല്പത് ദിവസത്തെ നമസ്കാരം സ്വീകരിക്കപ്പെടുകയില്ല. (മുസ്ലിം)

2691. ഖബീസ(റ)യിൽ നിന്ന് നിവേദനം: ഞാൻ റസൂൽ(സ) പറഞ്ഞു കേട്ടു: ഇയാഫത്തും (വരശ്ശകുനം) ത്വിയറത്തും (ദുശ്ശകുനം) ത്വർഖും (പക്ഷിശകുനം) പൈശാചികമാണ്. (അബൂദാവൂദ്)

2692. ഇബ്നുഅബ്ബാസി(റ)ൽ നിന്ന് നിവേദനം: വല്ലവനും രാശി നോക്കുന്നവിദ്യ കരസ്ഥമാക്കിയാൽ സിഹ്റിൽ പെട്ട ഒരു ഇനം അവൻ കരസ്ഥമാക്കി. കൂടുതൽ അവനത് അഭ്യസിച്ചുകൊണ്ടിരിക്കുമ്പോഴൊക്കെ സിഹ്റും കൂടുതൽ അഭ്യസിച്ചവനായി. (അബൂദാവൂദ്)

2693. ഉർവ(റ)യിൽ നിന്ന് നിവേദനം: ഒരിക്കൽ നബി(സ) യുടെ സന്നിധിയിൽ ത്വിയറത്തിനെ (ശകുനത്തെ) പററി പറയപ്പെട്ടപ്പോൾ അവിടുന്ന് പറഞ്ഞു: അതിൽവെച്ച് ഏററവും നല്ലത് ശുഭലക്ഷണമാണ്. മുസ്ലിമിനെ (തന്റെ ലക്ഷ്യത്തിൽ നിന്ന്) അത് തടുക്കുകയില്ല. ഇനി നിങ്ങളാരെങ്കിലും തനിക്കിഷ്ടമില്ലാത്തത് കണ്ടാൽ അവൻ പറഞ്ഞുകൊള്ളട്ടെ. അല്ലാഹുവേ, നീയല്ലാതെ നന്മ കൊണ്ടുവരുന്നില്ല. നീയല്ലാതെ തിന്മ തടുക്കുന്നില്ല. പാപങ്ങളിൽ നിന്ന് പിന്മാറാനും ഇബാദത്തിനുമുള്ള കഴിവ് നിന്നിൽ നിന്ന് മാത്രമാണ്. (അബൂദാവൂദ്)

2694. ആയിശ(റ)യിൽ നിന്ന് നിവേദനം: ഒരിക്കൽ നബി(സ) യുടെ അടുത്ത് ചെല്ലാമെന്ന് ജിബ്രീൽ (അ) വാഗ്ദത്തം ചെയ്തിരുന്നുവെങ്കിലും പറഞ്ഞ സമയത്ത് ചെല്ലുകയുണ്ടായില്ല. ആയിശ(റ) പറഞ്ഞു: നബി(സ) യുടെ കയ്യിലുണ്ടായിരുന്ന വടി (താഴെ) ഇട്ടുകൊണ്ട് അല്ലാഹുവും പ്രവാചകനും കരാർ ലംഘിക്കുകയില്ല. എന്ന് പറഞ്ഞു തിരിഞ്ഞുനോക്കിയപ്പോൾ കട്ടിലിന്നു താഴെ ഒരു നായക്കുട്ടി. അവിടുന്ന് ചോദിച്ചു. എപ്പോഴാണ് ഈ നായക്കുട്ടി ഇവിടെ കടന്നുവന്നത്? ഞാൻ പറഞ്ഞു: അല്ലാഹുവാണ, എനിക്കറിയില്ല. ഉടനെ അവിടുത്തെ ഉത്തരവ് പ്രകാരം അതിനെ എടുത്തുമാററിയപ്പോൾ ജിബ്രീൽ (അ) കടന്നുവന്നു. നബി(സ) ചോദിച്ചു: നിങ്ങൾ വാഗ്ദത്തം ചെയ്തതനുസരിച്ച് ഞാൻ ഇവിടെ കാത്തിരുന്നു. നിങ്ങൾ

വന്നില്ല. ജിബ്‌രീൽ (അ) പറഞ്ഞു: അങ്ങയുടെ വീട്ടിലെ നായ മൂലമാണ് ഞാൻ വരാതിരുന്നത്. നിശ്ചയം, നായയും രൂപവുമുള്ള വീട്ടിൽ ഞങ്ങൾ പ്രവേശിക്കുകയില്ല. (മുസ്‌ലിം)

2695. ഹയ്യാനി(റ)ൽ നിന്ന് നിവേദനം: അലി(റ) എന്നോട് പറഞ്ഞു: റസൂൽ(സ) എന്നെ നിയോഗിച്ച ലക്ഷ്യത്തിൽ നിങ്ങളെ ഞാനും നിയോഗിക്കട്ടെ. രൂപം മായിക്കാതെയും ഉയർന്ന ഖബറ് തട്ടിനിരത്താതെയും ഒന്നുപോലും നീ ഒഴിച്ചിടരുത്. (മുസ്‌ലിം)

2696. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: നായയും കിങ്കിണിയും കൂടെയുള്ള ഒരു യാത്രാസംഘത്തിൽ മലക്കുകൾ സഹവസിക്കുകയില്ല. (മുസ്‌ലിം)

2697. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു: മണി പിശാചിന്റെ പുല്ലാങ്കുഴലാണ്. (അബൂദാവൂദ്)

2698. ഇബ്നുഉമറി(റ)ൽ നിന്ന് നിവേദനം: കാഷ്ഠം ഭക്ഷിക്കുന്ന ഒട്ടകത്തിന്മേൽ സവാരിചെയ്യൽ നബി(സ) നിരോധിച്ചിരുന്നു. (അബൂദാവൂദ്)

2699. അനസി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: നിശ്ചയം, ഈ പള്ളി മൂത്രിക്കാനോ വൃത്തികേടാക്കാനോ പററുകയില്ല. നിശ്ചയം, അല്ലാഹുവിനെ സ്മരിക്കാനും ഖുർആൻ പാരായണത്തിനുമുള്ളതാണ് ഇത്. (മുസ്‌ലിം)

2700. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞത് ഞാൻ കേട്ടു. നഷ്ടപ്പെട്ടുപോയ സാധനം പള്ളിയിൽവെച്ച് വല്ലവനും അന്വേഷിക്കുന്നത് കേട്ടാൽ അല്ലാഹു നിനക്കത് മടക്കിത്തരാതിരിക്കട്ടെ എന്ന് പ്രാർത്ഥിക്കണം. കാരണം, പള്ളികൾ ഇതിനു വേണ്ടി നിർമ്മിക്കപ്പെട്ടതല്ല. (മുസ്‌ലിം)

2701. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: പള്ളിയിൽ വെച്ച് വിൽക്കുകയോ വാങ്ങുകയോ ചെയ്യുന്നതു കണ്ടാൽ നിങ്ങൾ പ്രാർത്ഥിക്കണം. നിന്റെ കച്ചവടത്തിൽ അല്ലാഹു ലാഭം നൽകാതിരിക്കട്ടെ. അപ്രകാരംതന്നെ കളഞ്ഞുപോയ സാധനം പള്ളിയിൽവെച്ച് അന്വേഷിക്കുന്നത് കണ്ടാലും നിങ്ങൾ പ്രാർത്ഥിക്കണം: അല്ലാഹു നിനക്കത് തിരിച്ചുതരാതിരിക്കട്ടെ. (തിർമിദി)

2702. ബുറൈദ(റ) വിൽ നിന്ന് നിവേദനം: കളഞ്ഞുപോയ സാധനം പള്ളിയിൽവെച്ച് അന്വേഷിച്ചുകൊണ്ട് ഒരാൾ പറഞ്ഞു: എന്റെ ചുവന്ന ഒട്ടകത്തെപ്പററി ആരാണ് വിവരം തരിക? ഉടനെ റസൂൽ(സ) പ്രാർത്ഥിച്ചു: നിനക്കത് ലഭിക്കാതിരിക്കട്ടെ. നിശ്ചയം, ചില പ്രത്യേക കാര്യങ്ങൾക്ക് വേണ്ടിയാണ് പള്ളി നിർമ്മിക്കപ്പെട്ടിട്ടുള്ളത്. (വീണുപോയ സാധനം തെരഞ്ഞുപിടിക്കാനുള്ളതല്ല) (മുസ്‌ലിം)

2703. അംറുബിൻ ശുഐബ്(റ) തന്റെ പിതാവിൽ നിന്നും, പിതാവ് പിതാമഹനിൽ നിന്നും നിവേദനം ചെയ്തിരിക്കുന്നു: പള്ളിയിൽ നിന്ന് വിൽക്കുന്നതും മേടിക്കുന്നതും റസൂൽ(സ) നിരോധിച്ചു. അപ്രകാരം പള്ളിയിൽ കളഞ്ഞുപോയ സാധനം അന്വേഷിക്കുന്നതും പദ്യമാലപിക്കുന്നതും നിരോധിച്ചു. (അബൂദാവൂദ്, തിർമിദി)

2704. ഉമറി(റ)ൽ നിന്ന് നിവേദനം: ഒരു വെള്ളിയാഴ്ച ഖുത്തുബയിൽ അദ്ദഹം പ്രസംഗിച്ചു: ജനങ്ങളേ! നിങ്ങൾ ഈ രണ്ട് ചെടി ഭക്ഷിക്കുന്നു. അവ രണ്ടും ചീത്തയായിട്ടാണ് ഞാൻ കാണുന്നത്. അഥവാ ചുവന്നുള്ളിയും വെള്ളുള്ളിയും. പള്ളിയിൽവെച്ച് അതിന്റെ വാസന ആരിൽ നിന്നെങ്കിലും നബി(സ) ക്കെത്തിയാൽ അവിടുത്തെ നിർദ്ദേശമനുസരിച്ച് ബഖീഇ (ശ്മശാനത്തി) ലേക്ക് അവനെ

പുറംതള്ളുന്നതായി എനിക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്. ഇനി അവ ആരെങ്കിലും തിന്നുന്നപക്ഷം അവൻ പുഴുങ്ങി ദുർഗന്ധം അകററിക്കൊള്ളട്ടെ. (മുസ്‌ലിം)

2705. മുആദി(റ)ൽ നിന്ന് നിവേദനം: ഇമാം പ്രസംഗിക്കുമ്പോൾ മുട്ടുകെട്ടി ഇരിക്കൽ റസൂൽ(സ) നിരോധിച്ചിട്ടുണ്ട്. ഉറക്കവും അലസതയും എളുപ്പത്തിൽ നേരിടുന്നതുകൊണ്ടാണ് അത് നിരോധിച്ചത്. (അബൂദാവൂദ്, തിർമിദി)

2706. ഉമ്മുസൽമ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: അറുത്തുകൊടുക്കാനുള്ള മൃഗം വല്ലവരുടേയും പക്കലുണ്ടെങ്കിൽ ദുൽഹജ്ജ് മാസത്തിൽ അവൻ ബലിചെയ്യുന്നതുവരെ സ്വന്തം മുടിയും നഖവും നീക്കംചെയ്യാൻ പാടില്ല. (മുസ്‌ലിം)

2707. അബ്ദുർറഹ്മാൻ(റ) വിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: സ്വന്തം പിതാക്കളെക്കൊണ്ടോ ബിംബങ്ങളെക്കൊണ്ടോ നിങ്ങൾ സത്യം ചെയ്യരുത്. (മുസ്‌ലിം)

2708. ബുറൈദ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: മതനടപടികൾകൊണ്ട് സത്യം ചെയ്യുന്നവൻ നമ്മളിൽപ്പെട്ടവനല്ല. (അബൂദാവൂദ്)

2709. ബുറൈദ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: വല്ലവനും ഞാൻ ഇസ്ലാമിൽ നിന്ന് തെററിയവനാണ് എന്ന് സത്യം ചെയ്തു. അവൻ പറഞ്ഞതോ കള്ളമാണുതാനും, എങ്കിൽ അവൻ പറഞ്ഞതുപോലെ തന്നെയായിരിക്കും. ഇനി സത്യവാനാണെങ്കിൽ തന്നെ സുരക്ഷിതമായി ഇസ്ലാമിലേക്ക് അവൻ മടങ്ങിവരികയില്ല. (അബൂദാവൂദ്)

2710. ഇബ്നുഉമറി(റ)ൽ നിന്ന് നിവേദനം: കഅ്ബയെ തന്നെയാണ, എന്ന് ഒരാൾ സത്യം ചെയ്യുന്നത് അദ്ദേഹം കേട്ടു. അന്നേരം ഇബ്നുഉമർ(റ) പറഞ്ഞു. അല്ലാഹുവല്ലാത്തവരെക്കൊണ്ട് നീ സത്യംചെയ്യരുത്. റസൂൽ(സ) പറഞ്ഞത് ഞാൻ കേട്ടിട്ടുണ്ട്. അല്ലാഹുവല്ലാത്തവരെക്കൊണ്ട് വല്ലവനും സത്യം ചെയ്താൽ അവൻ കാഫിറോ മുശ്രികോ ആയിപ്പോകും. (തിർമിദി)

2711. അബൂഉമാമ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: കള്ളസത്യംചെയ്തുകൊണ്ട് ഒരു മുസ്ലിമിന്റെ ധനം വല്ലവനും പങ്കിട്ടെടുത്താൽ അല്ലാഹു അവന് നരകം സ്ഥിരപ്പെടുത്തുകയും സ്വർഗ്ഗം നിഷിദ്ധമാക്കുകയും ചെയ്യും. തദവസരം ഒരാൾ ചോദിച്ചു: അത് എത്രയും നിസ്സാരമാണെങ്കിലോ? പ്രവാചകരേ! അവിടുന്ന് പറഞ്ഞു: അത് ഒരു ഉകവൃക്ഷത്തിന്റെ കൊമ്പാണെങ്കിലും! (മുസ്‌ലിം)

2712. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: വല്ലവനും ഒരു കാര്യത്തിൽ സത്യം ചെയ്യുകയും അതല്ലാത്തത് അതിനേക്കാൾ ഉത്തമമായി കാണുകയും ചെയ്താൽ അവൻ സത്യത്തിന് കഫ്ഫാറത്ത് കൊടുക്കുകയും നന്മയുള്ളത് പ്രവർത്തിക്കുകയും ചെയ്തുകൊള്ളട്ടെ. (മുസ്‌ലിം)

2713. ഖത്താദ(റ) വിൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് അദ്ദേഹം കേട്ടു: കച്ചവടത്തിൽ ധാരാളം സത്യം ചെയ്യുന്നത് നിങ്ങൾ സൂക്ഷിക്കണം. അത് ചരക്കുകൾ ചിലവഴിക്കുമെങ്കിലും അഭിവൃദ്ധി നശിപ്പിക്കുന്നതാണ്. (മുസ്‌ലിം)

2714. ജാബിറി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: സ്വർഗ്ഗമല്ലാത്ത മററൊന്നും അല്ലാഹുവിനെ മുൻനിർത്തി ചോദിക്കാൻ പാടില്ല. (അബൂദാവൂദ്)

2715. ഇബ്നുഉമറി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: അല്ലാഹുവിന്റെ പേരിൽ വല്ലവനും കാവലപേക്ഷിച്ചാൽ നിങ്ങളവന് അഭയം നൽകണം. അപ്രകാരംതന്നെ അല്ലാഹുവിന്റെ പേരിൽ വല്ലവനും ചോദിച്ചാൽ അവന് നിങ്ങൾ

ദാനം കൊടുക്കണം. നിങ്ങളെവല്ലവരും ക്ഷണിച്ചാൽ നിങ്ങൾ ഉത്തരം ചെയ്യണം. നിങ്ങൾക്ക് പ്രത്യുപകാരം ചെയ്യാൻ സാധ്യമല്ലെങ്കിൽ തുല്യമായി എന്ന് നിങ്ങൾക്ക് ബോധ്യം വരുവോളം നിങ്ങൾ അവനുവേണ്ടി പ്രാർത്ഥിക്കണം. (അബൂദാവൂദ്, നസാഈ)

2716. ബുറൈദ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: മുനാഫിഖിനെ 'സയ്യിദ് ' എന്ന് നിങ്ങൾ അഭിസംബോധന ചെയ്യരുത്. കാരണം, യഥാർത്ഥത്തിൽ അവൻ ഒരു നേതാവാണെങ്കിൽ (നിങ്ങൾ അവനെ ബഹുമാനിക്കുന്നതിന്റെ പേരിൽ) തങ്ങളുടെ റബ്ബിനെ നിങ്ങൾ ദേഷ്യപ്പെടുത്തുകയാണ്. (അബൂദാവൂദ്)

2717. ജാബിറി(റ)ൽ നിന്ന് നിവേദനം: നിശ്ചയം റസൂൽ(സ) ഒരിക്കൽ ഉമ്മുസ്സാഇബിന്റെ അടുത്തോ ഉമ്മുൽമുസയ്യിബിന്റെ അടുത്തോ കടന്നുചെന്ന് ചോദിച്ചു: ഉമ്മുസ്സാഇബേ, അല്ലെങ്കിൽ ഉമ്മുൽമുസയ്യിബേ, നിനക്കെന്തുപററി, വിറക്കുന്നല്ലോ? അവർ പറഞ്ഞു: പനി പിടിപെട്ടിരിക്കുന്നു. അല്ലാഹു അതിനെ അനുഗ്രഹിക്കാതിരിക്കട്ടെ. അന്നേരം നബി(സ) പറഞ്ഞു: നീ പനിയെ കുററപ്പെടുത്തരുത്. നിശ്ചയം അത് ഉല ഇരുമ്പിന്റെ തുരുമ്പ് നീക്കം ചെയ്യുന്നതുപോലെ മനുഷ്യരുടെ പാപങ്ങളെ നീക്കം ചെയ്യും. (മുസ്ലിം)

2718. ഉബയ്യി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: നിങ്ങൾ കാററിനെ ആക്ഷേപിക്കരുത്. നിങ്ങൾക്ക് വിഷമമുള്ള കാററ് കണ്ടാൽ നിങ്ങൾ പ്രാർത്ഥിച്ചുകൊള്ളണം. അല്ലാഹുവേ, ഈ കാററിൽ നിന്നുണ്ടാകുന്ന ഗുണവും അതിനെ തുടർന്നുണ്ടാകുന്ന നന്മയും അതിനോട് കല്പിക്കപ്പെട്ടിട്ടുള്ള നന്മയും നിന്നോട് ഞാൻ ചോദിക്കുന്നു. ഈ കാററിന്റെ ഉപദ്രവത്തിൽ നിന്നും അതിനാലുണ്ടാകാവുന്നതിന്റെ ഉപദ്രവത്തിൽ നിന്നും അതിനോട് കല്പിക്കപ്പെട്ടിട്ടുള്ളതിന്റെ ഉപദ്രവത്തിൽ നിന്നും ഞങ്ങൾ നിന്നോട് രക്ഷതേടുന്നു. (തിർമിദി)

2719. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു. കാററ് അല്ലാഹുവിന്റെ അനുഗ്രഹത്തിൽപെട്ടതാണ്. അത് റഹ്മത്തിനെയും അദാബിനെയും കൊണ്ടു വരും. കാററ് കണ്ടാൽ നിങ്ങളതിനെ ആക്ഷേപിക്കരുത്. അതിന്റെ നന്മയെ ആവശ്യപ്പെടുകയും അതിന്റെ ഉപദ്രവത്തിൽ നിന്ന് രക്ഷതേടുകയും വേണം. (അബൂദാവൂദ്)

2720. സൈദുബ്നു ഖാലിദി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു. നിങ്ങൾ കോഴിയെ ചീത്തപറയരുത്. നമസ്കാരത്തിനുവേണ്ടി അത് വിളിച്ചുണർത്തും. (അബൂദാവൂദ്)

2721. ഇബ്നുമസ്ഊദി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു. (നസബിനെ) കുററപ്പെടുത്തുന്നവനും ധാരാളം ശപിക്കുന്നവനും ചീത്ത പറയുന്നവനും സത്യവിശ്വാസിയല്ല. (തിർമിദി)

2722. അനസി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു. ദു:ഖ സ്വഭാവിയെ ആ സ്വഭാവം വഷളാക്കാതിരിക്കില്ല. ലജ്ജയുള്ളവന് അത് അലങ്കാരമാവാതിരിക്കുകയുമില്ല. (തിർമിദി)

2723. ഇബ്നുമസ്ഊദി(റ)ൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു: മുത്നത്വിഉകൾ (കെട്ടിച്ചമച്ച് സംസാരിക്കുന്നവർ) നശിക്കട്ടെ. മൂന്നുപ്രാവശ്യം നബി അതാവർത്തിച്ചു. (മുസ്ലിം)

2724. അബ്ദുല്ല(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു. പശുക്കൾ അയവിറക്കും പോലെ നാവു കൊണ്ട് അയവിറക്കി വായാടിത്തത്തോടെ

സംസാരിക്കുന്നവനോട് അല്ലാഹു കോപിക്കും. (അബൂദാവൂദ്, തിർമിദി) (സാഹിത്യകാരനാണെന്ന് അഭിനയിച്ചുകൊണ്ട് സംസാരിക്കൽ അല്ലാഹു ഇഷ്ടപ്പെടുന്നതല്ല)

2725. വാഇലി(റ)ൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു നിങ്ങൾ (മുന്തിരിങ്ങക്ക്) കറമ് എന്ന് പറയരുത്. ഇനബ് എന്നോ ഹബ്ലത്ത് എന്നോ ആണ് പറയേണ്ടത്. (മുസ്ലിം)

2726. ഹുദൈഫ(റ)യിൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു. അല്ലാഹുവും ഇന്നവ്യക്തിയും ഉദ്ദേശിച്ചത് എന്ന് പറയരുത്. അല്ലാഹു ഉദ്ദേശിച്ചതിന് ശേഷം ഇന്നവ്യക്തി ഉദ്ദേശിച്ചത് എന്ന് നിങ്ങൾക്ക് പറയാം. (അബൂദാവൂദ്)

2727. ആയിശ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു. ഭക്ഷണം ഹാജറുള്ളപ്പോഴോ, മലമൂത്ര വിസർജ്ജനത്തിന് മുട്ടുമ്പോഴോ (പരിപൂർണ്ണമായ) സമസ്കാരമില്ല. (മുസ്ലിം)

2728. അനസി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: നമസ്കാരത്തിൽ തിരിഞ്ഞുനോക്കുന്നത് നിങ്ങൾ സൂക്ഷിക്കണം. നമസ്കാരത്തിൽ തിരിഞ്ഞുനോക്കൽ നാശത്തിന് കാരണമാണ്. അങ്ങനെ തിരിഞ്ഞുനോക്കിയേ കഴിയൂ എങ്കിൽ സുന്നത്ത് നമസ്കാരത്തിലാവാം. ഫർള് നമസ്കാരത്തിലത് പററുകയില്ല. (തിർമിദി)

2729. അബൂമർസദി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു: നിങ്ങൾ ഖബറിലേക്ക് തിരിഞ്ഞു നമസ്കരിക്കുകയോ അതിൻമുകളിൽ ഇരിക്കുകയോ ചെയ്യരുത്. (മുസ്ലിം)

2730. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു: നമസ്കാരത്തിന് ഇഖാമത്ത് കൊടുക്കപ്പെട്ടാൽ (ഇഖാമത്ത് കൊടുക്കപ്പെട്ടിട്ടുള്ള) ഫർളല്ലാത്ത നമസ്കാരമില്ല. (മുസ്ലിം)

2731. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു: നിങ്ങൾ രാത്രിയുടെ കൂട്ടത്തിൽ നിന്ന് വെള്ളിയാഴ്ച രാത്രി പ്രത്യേകം നമസ്കരിക്കുകയോ ദിവസങ്ങളുടെ കൂട്ടത്തിൽ നിന്ന് വെള്ളിയാഴ്ച ദിവസം പ്രത്യേകം നോമ്പനുഷ്ഠിക്കുകയോ ചെയ്യാൻ പാടില്ല. നിങ്ങൾ ഓരോരുത്തരും നോററു പോരുന്നനോമ്പുമായി അതൊത്തുകൂടിയാലൊഴികെ. (മുസ്ലിം)

2732. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: നിങ്ങൾ ഓരോരുത്തരും തീക്കട്ടയുടെ മുകളിലിരുന്ന് തൊലിയും വസ്ത്രവും കത്തിക്കരിയലാണ് ഖബറിന്റെമേൽ ഇരിക്കുന്നതിനേക്കാൾ ഉത്തമം. (മുസ്ലിം)

2733. ജാബിറി(റ)ൽ നിന്ന് നിവേദനം: ഖബർ ചെത്തിത്തേക്കുന്നതും അതിന്റെമേൽ ഇരിക്കുന്നതും അതിന്റെ മേൽ കെട്ടിടങ്ങൾ ഉണ്ടാക്കുന്നതും നബി(സ) നിരോധിച്ചിരിക്കുന്നു. (മുസ്ലിം)

2734. ജരീറി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: വല്ല അടിമയും സയ്യിദിന്റെ അനുവാദം കൂടാതെ ഒളിച്ചോടിപ്പോകുന്നപക്ഷം അല്ലാഹുവിന്റെ സംരക്ഷണ ഉത്തരവാദിത്തം അവ നിൽ നിന്ന് ഒഴിവാകുന്നതാണ്. (മുസ്ലിം)

2735. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: നബി(സ) അരുൾ ചെയ്തു: ശാപം ഏൽക്കുന്ന രണ്ടുകാര്യം നിങ്ങൾ സൂക്ഷിക്കണം. അവർ ചോദിച്ചു: ഏതാണ് ആ രണ്ട് കാര്യം? അവിടുന്ന് പറഞ്ഞു: ജനങ്ങളുടെ വഴിയിലും അവരുടെ നിഴലിലും വിസർജ്ജനം ചെയ്യലാണവ. (മുസ്ലിം)

2736. ജാബിറി(റ)ൽ നിന്ന് നിവേദനം: കെട്ടിനിൽക്കുന്ന വെള്ളത്തിൽ മൂത്രമൊഴിക്കൽ നബി(സ) നിരോധിച്ചിരിക്കുന്നു . (മുസ്‌ലിം)

2737. ഉഖ്ബ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: സത്യവിശ്വാസി സത്യവിശ്വാസിയുടെ സഹോദരനാണ്. സ്വന്തം സഹോദരന്റെ കച്ചവടത്തിനെതിരെ കച്ചവടം ചെയ്യരുത്. അപ്രകാരം തന്നെ തന്റെ സഹോദരന്റെ വിവാഹാലോചനക്കെതിരിൽ വിവാഹാലോചന നടത്തരുത്. അവൻ വേണ്ടെന്ന് വെച്ചാൽ ഒഴികെ. (മുസ്‌ലിം)

2738. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: അല്ലാഹു നിങ്ങളുടെ മൂന്ന് കാര്യം ഇഷ്ടപ്പെടുകയും മൂന്ന് കാര്യം വെറുക്കുകയും ചെയ്യുന്നു. നിങ്ങൾ അവനെ മാത്രം ആരാധിക്കുക, യാതൊന്നിനെയും അവനോട് പങ്ക് ചേർക്കാതിരിക്കുക, നിങ്ങൾ ഭിന്നിക്കാതെ അല്ലാഹുവിന്റെ പാശത്തെ മുറുകെപിടിക്കുക. ഇവ അവൻ ഇഷ്ടപ്പെട്ടിരിക്കുന്നു. കണ്ടതും കേട്ടതും പുലമ്പുക, കൂടുതൽ കൂടുതൽ ചോദ്യം ചെയ്യുക, ധനം നഷ്ടപ്പെടുത്തുക എന്നിവ അവൻ വെറുക്കുകയും ചെയ്തിരിക്കുന്നു . (മുസ്‌ലിം))

2739. ജാബിറി(റ)ൽ നിന്ന് നിവേദനം: ഊരിയ വാളുമായി നടക്കുന്നത് നബി(സ) നിരോധിച്ചിരിക്കുന്നു . (അബൂദാവൂദ്, തിർമിദി)

2740. അബുശ്ശഹ്സാഇ(റ)ൽ നിന്ന് നിവേദനം: ഒരിക്കൽ അബൂഹുറയ്റ(റ) യോടൊപ്പം ഞങ്ങൾ പള്ളിയിൽ ഇരിക്കവെ മുഅദ്ദിൻ ബാങ്ക് വിളിച്ചു. തദവസരം ഒരാൾ എഴുന്നേററു നടന്നു. അയാൾ പള്ളിയിൽ നിന്ന് പുറത്തു പോകുവോളം അബൂഹുറയ്റ അയാളെ ഉററു നോക്കിയിട്ട് പറഞ്ഞു: ഇദ്ദേഹം അബുൽഖാസിമി(സ) നോട് വിപരീതം ചെയ്തിരിക്കുന്നു . (മുസ്‌ലിം)

2741. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: വല്ലവനും യർജാൻ കാണിക്കപ്പെട്ടാൽ അവൻ അത് തിരസ്കരിക്കരുത്. നിശ്ചയം, അത് ഘനമില്ലാത്തതും സുഗന്ധമുള്ളതുമാകുന്നു. (മുസ്‌ലിം)

2742. മിഖ്ദാദി(റ)ൽ നിന്ന് ഹമ്മാമ്(റ) നിവേദനം ചെയ്യുന്നു: ഒരിക്കൽ ഉസ്മാൻ(റ) വിനെപ്പററി ഒരാൾ മുഖസ്തുതി പറയാൻ തുടങ്ങിയപ്പോൾ മിഖ്ദാദ്(റ) തന്റെ കാൽമുട്ട് നിലത്ത് കുത്തി ഇരുന്നുകൊണ്ട് അവന്റെ മുഖത്ത് ചരൽപ്പൊടി വാരി എറിയാൻ തുടങ്ങി . തദവസരം നീ എന്താണ് കാണിക്കുന്ന തെന്ന് ഉസ്മാൻ(റ) ആരാഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: റസൂൽ(സ) പറഞ്ഞിട്ടുണ്ട് നിങ്ങൾ മുഖസ്തുതി പറയുന്നവരുടെ മുഖത്ത് മണൽ വാരി എറിഞ്ഞു കൊള്ളുക. (മുസ്‌ലിം)

2743. അബ്ദുല്ല(റ)യിൽ നിന്ന് നിവേദനം: ഞാൻ ചെന്താമരവർണ്ണം മുക്കിയ വസ്ത്രം ധരിച്ചത് നബി(സ) കണ്ടപ്പോൾ അവിടുന്ന് ചോദിച്ചു: ഇത് നിന്റെ മാതാവാണോകൽപ്പിച്ചത്? ഞാനത് കഴുകട്ടെയോ? എന്ന് ചോദിച്ചു. അവിടുന്ന് പറഞ്ഞു: നീ അത് കരിച്ചുകളയൂ! മറെറാരു റിപ്പോർട്ടിലുണ്ട് . നബി(സ) പറഞ്ഞു: ഒരിക്കലും നീ അത് ധരിച്ചുപോകരുത്. (മുസ്‌ലിം) ലുണ്ട്. നബി(സ) പറഞ്ഞു: ഒരിക്കലും നീ അത് ധരിച്ചുപോകരുത്. (മുസ്‌ലിം)

2744. അലി(റ)യിൽ നിന്ന് നിവേദനം: നബി(സ) യിൽ നിന്ന് ഞാൻ ഹൃദിസ്ഥമാക്കി: ഇന്ദ്രിയസ്ഖലനത്തിന് (പ്രായപൂർത്തിക്ക്) ശേഷം അനാഥത്വമില്ല. പകൽ മുഴുവനും മൗനം പാലിക്കാൻ പാടില്ല. (അബൂദാവൂദ്)

## 103. വിവിധ വിഷയങ്ങൾ

2745. ഇബ്നുമസ്ഊദ്(റ) പറയുന്നു: ഒരു മനുഷ്യൻ ചോദിച്ചു: പ്രവാചകരേ! ജാഹിലിയ്യാകാലത്തു ഞങ്ങൾ ചെയ്ത കുററങ്ങൾക്ക് ഞങ്ങളെ ശിക്ഷിക്കുമോ? നബി(സ) അരുളി: ഇസ്ലാമിൽ പ്രവേശിച്ചശേഷം ഒരാൾ തന്റെ പ്രവർത്തനങ്ങൾ നന്നാക്കിത്തീർത്തെങ്കിൽ കിരാതയുഗത്തിൽ പ്രവർത്തിച്ച തെററുകൾക്ക് അവനെ ശിക്ഷിക്കുകയില്ല. ഇസ്ലാമിൽ പ്രവേശിച്ചശേഷം ഒരാൾ തെററ് പ്രവർത്തിച്ചുകൊണ്ടിരുന്നെങ്കിലോ മുമ്പ് ചെയ്ത തെററുകൾക്കും പിൽക്കാലങ്ങളിൽ ചെയ്ത തെററുകൾക്കും അല്ലാഹു അവനെ ശിക്ഷിക്കുന്നതാണ്. (ബുഖാരി. 6921)

2746. നാഫിഅ്(റ) പറയുന്നു: സ്വഫിയ്യ: അദ്ദേഹത്തോട് പറഞ്ഞു: ഖലീഫ ഉമർ(റ)ന്റെ ഒരു അടിമ യുദ്ധത്തിൽ പെട്ട ഒരു അടിമസ്ത്രീയെ നിർബന്ധിച്ച് അവളുടെ കന്യകത്വം നഷ്ടപ്പെടുത്തി. ഉമർ(റ) അവനെ ശിക്ഷിക്കുകയും നാട് കടത്തുകയും ചെയ്തു. എന്നാൽ സ്ത്രീയെ അദ്ദേഹം ശിക്ഷിക്കുകയുണ്ടായില്ല. (ബുഖാരി. 6949)

2747. അബൂഹുറൈറ(റ) പറയുന്നു: നബി(സ) അരുളി: നിങ്ങളാരും മരിക്കാൻ കൊതിക്കരുത്. സുകൃതം ചെയ്യുന്നവനാണെങ്കിൽ അവന്ന് കൂടുതൽ സുകൃതം ചെയ്യുവാൻ അവസരം ലഭിക്കും. പാപം ചെയ്യുന്നവനാണെങ്കിൽ പശ്ചാത്തപിച്ച് മടങ്ങാനും അവസരം ലഭിക്കും. (ബുഖാരി. 7235)

2748. ഇബ്നു മസ്ഊദി(റ)ൽ നിന്ന്: നബിതിരുമേനി(സ) മൂന്ന് പ്രാവശ്യം പ്രഖ്യാപിക്കുകയുണ്ടായി. (ഇബാദത്തിൽ) അമിതമായ നിലപാട് കൈക്കൊള്ളുന്നവർ പരാജയത്തിലാണ്. (മുസ്ലിം)

2749. ജാബിറി(റ)ൽ നിന്ന്: ഞാൻ നബി(സ)യൊന്നിച്ച് നിസ്കരിക്കാറുണ്ട്. അപ്പോഴെല്ലാം അവിടുത്തെ നിസ്കാരവും ഖുത്തുബയും മദ്ധ്യനിലയിലായിരുന്നു. (മുസ്ലിം)

2750. സൽമത്ത്ബ്നു അംറി(റ)ൽ നിന്ന്: പ്രവാചകസന്നിധിയിൽവെച്ച് ഒരാൾ ഇടതുകൈകൊണ്ട് ഭക്ഷിച്ചു. അവിടുന്നരുളി: വലതുകൈകൊണ്ട് ഭക്ഷിക്കുക. അയാൾ പറഞ്ഞു: എനിക്കതിന് കഴിവില്ല. നബി(സ) പ്രാർത്ഥിച്ചു: എന്നാൽ നിനക്കതിന് കഴിയാതിരിക്കട്ടെ! അഹന്ത മാത്രമായിരുന്നു അവനെ തടഞ്ഞത്. പിന്നീടയാൾക്ക് തന്റെ കൈ വായിലേക്കുയർത്താൻ സാധിച്ചിട്ടില്ല. (മുസ്ലിം)

2751. ജാബിർ(റ) വിൽ നിന്ന്: ഒരവസരത്തിൽ റസൂൽ(സ) ഇങ്ങനെ പറയുകയുണ്ടായി: എന്റെയും നിങ്ങളുടെയും സ്ഥിതി തീ കത്തിച്ച് അതിൽ വണ്ടുകളും പാററകളും വീഴാൻ തുടങ്ങിയപ്പോൾ അതിനെ ആട്ടിയോടിച്ചുകൊണ്ടിരിക്കുന്ന ഒരാളെപ്പോലെയാണ്. നരകത്തിൽ നിന്ന് നിങ്ങളെ ഞാൻ തടഞ്ഞു നിർത്തുന്നു. നിങ്ങളാണെങ്കിൽ എന്റെ കയ്യിൽ നിന്ന് വഴുതിപ്പോവുകയും ചെയ്യുന്നു. (മുസ്ലിം)

2752. ജാബിർ(റ)ൽ നിന്ന്: (ആഹാരം കഴിക്കുമ്പോൾ) ഭക്ഷണത്തളികയും വിരലുകളും (വൃത്തിയാകും വരെ) തുടച്ച് നക്കുവാൻ അല്ലാഹുവിന്റെ പ്രവാചകൻ(സ) അരുളിയിരിക്കുന്നു. ഏതിലാണ് ബർക്കത്തെന്ന് നിങ്ങൾക്കറിയുകയില്ല എന്നും നബി(സ) പ്രസ്താവിച്ചിട്ടുണ്ട്. (മുസ്ലിം)

2753. ഉഖ്ബത്തുബ്നു അംറ്(റ) നിവേദനം ചെയ്യുന്നു: റസൂൽ(സ) പറഞ്ഞു: നല്ലത് കാണിച്ച് കൊടുക്കുന്നവന് അത് പ്രവർത്തിച്ചവന്റെ തുല്യപ്രതിഫലം ലഭിക്കുന്നതാണ്. (മുസ്ലിം)

2754. അബൂഹുറയ്റ(റ)യിൽ നിന്ന്: റസൂൽ(സ) പ്രസ്താവിച്ചു: നല്ല മാർഗ്ഗത്തിലേക്ക് ക്ഷണിക്കുന്നവന് തന്നെ അനുഗമിച്ച് പ്രവർത്തിച്ചവനുള്ള തുല്യപ്രതിഫലം ലഭിക്കുന്നതാണ്. അത് നടപ്പാക്കിയവന് ഒരു കുറവും വരുകയില്ല.

അനാചാരത്തിലേക്ക് ക്ഷണിച്ചവന് അനുകരിച്ചവന്റെ തുല്യ ശിക്ഷ ഉണ്ടായിരിക്കുന്നതാണ്. അതുകൊണ്ട് അവർക്ക് ഒരു കുറവും വരുന്നില്ല. (മുസ്‌ലിം)

2755. അബൂസഈദ് നിവേദനം: നബി(സ) പറയുന്നത് ഞാൻ കേട്ടു. നിങ്ങളിൽ ആരെങ്കിലും ഒരു നിഷിദ്ധകർമ്മം കണ്ടാൽ തന്റെ കൈകൊണ്ട് അവനത് തടഞ്ഞ് കൊള്ളട്ടെ. അതിന് കഴിഞ്ഞില്ലെങ്കിൽ താൻ അതിനെ കുററപ്പെടുത്തികൊള്ളട്ടെ അതിനും സാധിച്ചില്ലെങ്കിൽ തന്റെ ഹൃദയംകൊണ്ട് വെറുത്തു കൊള്ളട്ടെ. അതാകട്ടെ, ഈമാന്റെ ഏററവും താഴ്ന്ന പടിയാണ്. (മുസ്‌ലിം)

2756. ഇബ്നു മസ്ഊദ്(റ)ൽ നിന്ന്: നബി(സ) ഊന്നിപ്പറഞ്ഞു: എനിക്ക് മുമ്പ് അല്ലാഹു നിയോഗിച്ചയച്ച ഏത് നബിക്കും തന്റെ ജനതയിൽ ആത്മമിത്രങ്ങളും സ്വന്തം ചര്യ പിൻപററുന്നവരും ആജ്ഞാനുവർത്തികളും ഉണ്ടാകാതിരുന്നിട്ടില്ല. അവർക്കു ശേഷം പ്രവർത്തിക്കാത്തത് പറയുകയും കല്പിക്കപ്പെടാത്തത് പ്രവർത്തിക്കുകയും ചെയ്യുന്ന പിൻഗാമികൾ അചിരേണ അവരെ പ്രതിനിധികരിച്ചു. അവരോട് കൈകൊണ്ട് ജിഹാദ് ചെയ്തവനാരോ, അവനത്രെ സത്യവിശ്വാസി. വാക്കുകളിലൂടെ എതിർത്തവനും സത്യവിശ്വാസിയാണ്. ഹൃദയം കൊണ്ട് വെറുത്തവനും സത്യവിശ്വാസി തന്നെ. പക്ഷെ അതിനപ്പുറം ഒരുകടുകിട ഈമാൻ അവശേഷിക്കുന്നില്ല. (മുസ്‌ലിം)

2757. ഉമ്മുസൽമ(റ)യിൽ നിന്ന് നിവേദനം: നബി(സ) തറപ്പിച്ചുപറഞ്ഞു: നിങ്ങൾക്ക് അംഗീകരിക്കാവുന്ന ചില കാര്യങ്ങളും അംഗീകരിക്കാനാവാത്ത മററു ചിലതും കൽപ്പിക്കുന്ന കൈകാര്യ കർത്താക്കൾ നിങ്ങളിൽ നിയോഗിക്കപ്പെടുന്നതാണ്. (എന്നാൽ ദുഷ്പ്രവർത്തികളിൽ) വെറുപ്പ് പ്രകടിപ്പിച്ചവൻ രക്ഷ പ്രാപിച്ചവനായി. അതിനെ നിരാകരിച്ചവൻ പാപരഹിതനുമായി. അവർ ചോദിച്ചു: മറിച്ച് അതിൽ സംതൃപ്തി പൂണ്ട് അനുധാവനം ചെയ്തവനോ ? പ്രവാചകരെ, ഞങ്ങൾക്ക് അവരോട് യുദ്ധം ചെയ്തുകൂടെയോ? പ്രവാചകൻ(സ) അരുളി: അവൻ നമസ്കാരം നിലനിർത്തുന്നേടത്തോളം അത് പാടുള്ളതല്ല. (മുസ്‌ലിം)

2758. ഹുദൈഫ(റ)യിൽ നിന്ന് നിവേദനം: നബി(സ) അരുൾചെയ്തിരിക്കുന്നു: എന്റെ ആത്മാവ് ആരുടെ കയ്യിലാണോ, അവനെക്കൊണ്ട് സത്യം. നിങ്ങൾ നല്ലത് കല്പിക്കുകയും ചീത്ത നിരോധിക്കുകയും വേണം. അല്ലാത്തപക്ഷം അല്ലാഹു നിങ്ങളുടെ മേൽ കടുത്ത ശിക്ഷ ഏർപ്പെടുത്തും. നിങ്ങൾ പ്രാർത്ഥിക്കും. ഉത്തരം ലഭിക്കില്ല. (തിർമിദി)

2759. അബൂസഈദിൽ ഖുദ്രി(റ)ൽ നിന്ന് നിവേദനം: നബി(സ) പ്രഖ്യാപിച്ചിരിക്കുന്നു: ധിക്കാരിയായ ഭരണാധിപന്റെ മുമ്പിൽ ന്യായം പറയലാണ് ഏററവും വലിയ ജിഹാദ്. (അബൂദാവൂദ്, തിർമിദി)

2760. ത്വാരിഖുബിൻ ശിഹാബ് നിവേദനം ചെയ്തിരിക്കുന്നു: നബി(സ) കാൽ (ഒട്ടകത്തിന്റെ) കാലണിയിൽ വെച്ചിട്ടും യാത്ര പുറപ്പെടാൻ ഒരുങ്ങിയിരിക്കെ ധർമ്മ സമരത്തിൽ വെച്ചേററവും ഉത്തമം ഏതാണെന്ന് ഒരാൾ ചോദിച്ചു. തിരുമേനി(സ) പറഞ്ഞു: ദുഷ്ടനായ ഭരണാധിപന്റെ മുമ്പിൽ നീതിപൂർവ്വം സംസാരിക്കലാണ്. (നസാഈ)

2761. ജാബിർ(റ) നിവേദനം ചെയ്യുന്നു: റസൂൽ(സ) ആജ്ഞാപിച്ചിരിക്കുന്നു: നിങ്ങൾ അക്രമം സൂക്ഷിക്കണം. അക്രമം അന്ത്യദിനത്തിൽ ഇരുളുകളായിരിക്കും. ലുബ്ധിനെ നിങ്ങൾ സൂക്ഷിക്കണം. ലുബ്ധാണ് നിങ്ങൾക്ക് മുമ്പുള്ളവരെ നശിപ്പിച്ചത്. രക്തം ചിന്താനും നിഷിദ്ധമായത് അനുവദനീയമാക്കാനും അതവരെ പ്രേരിപ്പിച്ചിരിക്കുന്നു. (മുസ്‌ലിം)

2762. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: തിരുദൂതൻ(സ) പറഞ്ഞു: ബാദ്ധ്യതകൾ അന്ത്യ ദിനത്തിൽ തിരിച്ചേല്പിക്കപ്പെടുന്നതാണ്. കൊമ്പില്ലാത്ത ആടിനുപോലും കൊമ്പുള്ള ആടിനോട് പ്രതികാരം ചെയ്യാൻ സാധിക്കും. (മുസ്ലിം)

2763. ഇയാസുബ്നു സഅ്ലബത്തിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: മുസ്ലീമിന്റെ ധനം കള്ളസത്യം വഴി അപഹരിച്ചെടുക്കുന്നവന് അല്ലാഹു നരകം അനിവാര്യവും സ്വർഗം നിഷിദ്ധവുമായിരിക്കുന്നു. തിരെ നിസ്സാരമായ വല്ലതുമാണെങ്കിലോ പ്രവാചകരേ ! ഒരാൾ ചോദിച്ചു. ഉകമരത്തിന്റെ ഒരു കൊമ്പായിരുന്നാലും മതിയെന്നു പ്രവാചകൻ പറഞ്ഞു. (മുസ്ലിം)

2764. ഉമറി(റ)ൽ നിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു: ഖൈബർ യുദ്ധത്തിൽ നബി(സ) യുടെ ചില അനുചരന്മാർ വന്ന് ഇന്നവനും രക്തസാക്ഷിയായി എന്ന് പറഞ്ഞു. അതിനിടയിൽ ഒരാൾ രക്തസാക്ഷിയായെന്ന് പറഞ്ഞപ്പോൾ, നബി(സ) പറഞ്ഞു: അങ്ങനെയല്ല, ഒരു പുതപ്പോ കരിമ്പടമോ വഞ്ചിച്ചെടുത്ത കാരണത്താൽ ഞാൻ അവനെ നരകത്തിൽ കണ്ടിരിക്കുന്നു. (മുസ്ലിം)

2765. ജുന്തുബി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പ്രഖ്യാപിച്ചു: സുബ്ഹി നമസ്കരിച്ചവൻ അന്ന് അല്ലാഹുവിന്റെ സംരക്ഷണത്തിലാണ്. നിങ്ങളെ ഏൽപിച്ചിട്ടുള്ളവയിൽ നിന്നൊന്നും അവൻ നിങ്ങളോട് അന്വേഷിക്കാൻ ഇടവരാതിരിക്കട്ടെ! അന്വേഷിക്കുന്ന പക്ഷം അവനെ അല്ലാഹു പിടികൂടി മുഖം കുത്തി വീഴുമാറ് നരകത്തിലേക്ക് വലിച്ചെറിയും. (മുസ്ലിം)

2766. അബൂഹൂറയ്റ(റ)യിൽ നിന്ന് നിവേദനം: നബി(സ) അരുളി: ഇഹത്തിൽ ഒരു ദാസൻ മററൊരു ദാസന്റെ ന്യൂനതകൾ മറച്ചുവെച്ചാൽ, പരത്തിൽ അല്ലാഹു അവന്റെ ന്യൂനതയും മറച്ചുവെക്കുന്നതാണ്. (മുസ്ലിം)

2767. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: തിരുദൂതൻ(സ) പറയുകയുണ്ടായി: തന്റെയോ അന്യന്റെയോ അനാഥയെ സംരക്ഷിക്കുന്നവനും ഞാനും സ്വർഗ്ഗത്തിൽ ഇവ രണ്ടും പോലെയാണ്. റാവിയയെ മാലിക്കുബ്നു അനസ് ചൂണ്ടുവിരലും നടുവിരലും കൊണ്ട് ആംഗ്യം കാണിച്ചു. (മുസ്ലിം)

2768. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: നബി(സ) അരുളുകയുണ്ടായി: ആവശ്യമുള്ളവൻ തടയപ്പെടുകയും ആവശ്യമില്ലാത്തവൻ ക്ഷണിക്കപ്പെടുകയും ചെയ്യുന്ന വിരുന്നാണ് ഭക്ഷണങ്ങളിൽവെച്ച് ഏററവും മോശമായത്. ക്ഷണം നിരസിക്കുന്നവൻ അല്ലാഹുവിനോടും റസൂലിനോടും അനാദരവ് കാണിച്ചവനാണ്. (മുസ്ലിം)

2769. അനസി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: രണ്ട് പെൺകുട്ടികളെ പ്രായപൂർത്തിവരെ സംരക്ഷിച്ചവനും ഞാനും അന്ത്യനാളിൽ ഇതുപോലെയായിരിക്കും. നബി(സ) തന്റെ വിരലുകൾ ചേർത്തുകാണിച്ചു. (മുസ്ലിം)

2770. ആയിശ(റ)യിൽ നിന്ന് നിവേദനം: രണ്ടു പെൺകുട്ടികളെ ചുമന്നുകൊണ്ട് ഒരു ദരിദ്ര സ്ത്രീ എന്റെ അടുക്കൽ വന്നു. മൂന്നുകാരക്ക ഞാനവർക്ക് ഭക്ഷിക്കാൻ കൊടുത്തു. ഓരോരുത്തർക്കും ഓരോന്നു വീതം അവൾ പങ്കിട്ടുകൊടുത്തു. ഒന്ന് അവൾ തിന്നാൻ വേണ്ടി വായിലേക്കുയർത്തി. അപ്പോഴേക്കും ആ കുട്ടികൾ വീണ്ടും ഭക്ഷണമാവശ്യപ്പെട്ടു. ഭക്ഷിക്കാൻ ഉദ്ദേശിച്ചിരുന്ന കാരക്ക അവൾ രണ്ടായി ചീന്തി അവർക്കു രണ്ടുപേർക്കുമായി വീതിച്ചുകൊടുത്തു. അവളുടെ കാര്യം എന്നെവല്ലാതെ ആശ്ചര്യപ്പെടുത്തി. വിവരം നബി(സ) യോട് പറഞ്ഞു. ആ കുട്ടികൾ വഴി അല്ലാഹു അവർക്ക് സ്വർഗ്ഗം അനിവാര്യമാക്കുമെന്നോ അതല്ല,

അതുകൊണ്ടുതന്നെ അവളെ നരകത്തിൽ നിന്നു മോചിപ്പിക്കുമെന്നോനബി(സ) തറപ്പിച്ചുപറഞ്ഞു. (മുസ്ലിം)

2771. ഖുവൈലിദ്(റ) വിൽ നിന്ന് നിവേദനം: നബി(സ) അരുൾ ചെയ്തു: അല്ലാഹുവേ! അനാ ഥർ സ്ത്രീകൾ എന്നീ അബലരുടെ അവകാശം അവഗണിക്കുന്നവരെ ഞാൻ പാപികളായിക്കാണുന്നു. (നസാഈ)

2772. ഉവൈമിറി(റ)ൽ നിന്ന് നിവേദനം: നബി(സ) പറയുന്നത് ഞാൻ കേട്ടു. എനിക്കു വേണ്ടി നിങ്ങൾ അബലരെ തേടിപ്പിടിക്കുക. (ഞാനവരുടെ പേരിൽ അല്ലാഹുവിനോട് സഹായം അപേക്ഷിക്കാം) നിങ്ങൾക്ക് സഹായം ലഭിക്കുന്നതും ഭക്ഷണം കിട്ടുന്നതും ബലഹീനരുടെ പേരിലാണ്. (അബൂദാവൂദ്)

2773. അബൂഹുറയ്റ(റ) വിൽ നിന്ന് നിവേദനം: നബി(സ) പ്രവചിച്ചിരിക്കുന്നു: ഒരു ദീനാർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നീ ചെലവഴിക്കും. ഒരു ദീനാർ അടിമത്തവിമോചനത്തിലും ചെലവഴിക്കും. ഒരു ദീനാർ ദരിദ്രന് ധർമ്മമായും ചെലവഴിക്കും. ഒരു ദീനാർ നിന്റെ കുടുംബത്തിലും നീ ചെലവഴിക്കും. എന്നാൽ അവയിൽ കൂടുതൽ പ്രതിഫലമുള്ളത് സ്വന്തം കുടുംബത്തിനുവേണ്ടിചെലവഴിച്ചതിനാണ്. (മുസ്ലിം)

2774. സൗബാനി(റ)ൽ നിന്ന് നിവേദനം:: തിരുമേനി(സ) പറയുകയുണ്ടായി: ഒരു വ്യക്തി ചെലവഴിക്കുന്നതിൽവെച്ച് ഏററവും ഉത്തമമായ ദീനാർ കുടുംബത്തിനു വേണ്ടി ചെലവഴിക്കുന്നതും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തന്റെ വാഹനത്തിൽ ചെലവഴിക്കുന്നതും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തന്റെ കൂട്ടുകാർക്കു വേണ്ടി ചെലവഴിക്കുന്നതുമാകുന്നു. (മുസ്ലിം)

2775. സബുറത്തുബിൻ മഅ്ബദി(റ)ൽ നിന്ന്: റസൂൽ(സ) അരുളി: ഏഴു വയസ്സായ കുട്ടികൾക്ക് നിങ്ങൾ നമസ്കാരം പഠിപ്പിക്കണം. പത്ത് വയസ്സായാൽ അതുപേക്ഷിച്ചതിന് അവരെ അടിക്കണം. (അബൂദാവൂദ്, തിർമിദി)

2776. അബൂശുറൈഹ്(റ) വിൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു: അല്ലാഹുവിലും അന്ത്യ ദിനത്തിലും വിശ്വസിക്കുന്നവനാരോ അവൻ അയൽവാസിക്ക് നന്മ ചെയ്തുകൊള്ളട്ടെ. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ അതിഥിയെ മാനിച്ചുകൊള്ളട്ടെ. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ നല്ലത് പറയുകയോ മൗനമവലംബിക്കുകയോ ചെയ്യട്ടെ. (മുസ്ലിം)

2777. ഇബ്നു ഉമറി(റ)ൽ നിന്ന് നിവേദനം: പ്രവാചകൻ(സ) പ്രസ്താവിച്ചു: അല്ലാഹുവിങ്കൽ കൂട്ടുകാരിൽ ഉത്തമൻ അവരിൽവെച്ച് സുഹൃത്തിനോട് നല്ല നിലയിൽ വർത്തിക്കുന്നവനാണ്. അയൽവാസികളിൽ ഗുണവാൻ അയൽവാസിയോട് നല്ല നിലയിൽ പെരുമാറുന്നവനുമാണ്. (തിർമി ദി)

2778. ഉഖ്ബ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) അരുൾ ചെയ്തു. ജനങ്ങൾക്ക് ഇമാമാകേണ്ടത് അവരിൽ ധാരാളം ഖുർആൻ മനഃപാഠമുള്ളവരാണ്. ഖുർആൻ പാണ്ഡിത്യത്തിൽ അവരെല്ലാം സമന്മാരാണെങ്കിലോ, ഹദീസിൽ കൂടുതൽ പാണ്ഡിത്യമുള്ളവരാണ്. ഹദീസ് വിജ്ഞാനത്തിലും അവരെല്ലാം സമന്മാരായാലോ ആദ്യമാദ്യം ഹിജ്റ ചെയ്തവരാണ്. അതിലും സമന്മാരാണെങ്കിൽ താരതമ്യേന കൂടുതൽ പ്രായമുള്ളവരാണ്. മററൊരാളുടെ അധികാരസ്ഥലത്ത് അനുവാദം കൂടാതെ ഇമാമാകുകയോ, അയാളുടെ പ്രത്യേകമായ ഇരിപ്പിടത്തിൽ ഇരിക്കുകയോ ചെയ്യരുത്. (മുസ്ലിം)

2779. ഉഖ്ബ(റ)യിൽ നിന്ന് നിവേദനം: നമസ്കാരത്തിൽ തിരുദൂതൻ(സ) ഞങ്ങളുടെ ചുമലുകൾ നേരെയാക്കാറുണ്ടായിരുന്നു. നിങ്ങൾ നേരെ നിൽക്കൂ. വളഞ്ഞ് നിൽക്കരുത്. ഹൃദയങ്ങൾ ഭിന്നിച്ചേക്കും. എന്ന് പ്രവാചകൻ(സ) പറഞ്ഞിരുന്നു. ബുദ്ധിമാന്മാരും പ്രായം എത്തിയവരുമാണ് എന്നോടടുത്ത് നില്ക്കേണ്ടത്. പിന്നീട് അവരോടടുത്തവരും അതിനുശേഷം അവരോടടുത്തവരുമാണ്. (മുസ്ലിം)

2780. റസൂൽ(സ) പറഞ്ഞു: നമസ്കാരസ്ഥലങ്ങളിൽ അങ്ങാടിയിലേതുപോലെ ശബ്ദ കോലാഹ ലണ്ടളുണ്ടാക്കാതെ സൂക്ഷിക്കണം. (മുസ്ലിം)

2781. ഇബ്നു ഉമർ(റ) വിൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു. ഞാൻ പല്ല് ബ്രഷ് ചെയ്യുന്നതായും, തദവസരത്തിൽ രണ്ടാളുകൾ എന്റെയടുത്ത് വന്നതായും സ്വപ്നം കാണുകയുണ്ടായി. ഒരാൾ മറേറയാളെക്കാൾ പ്രായം ചെന്നവനാണ്. ഞാൻ ആ മിസ്വാക്ക് ചെറിയ ആൾക്ക് കൊടുത്തപ്പോൾ വലിയവന് മുൻഗണന നൽകൂ എന്ന് എന്നോട് പറയപ്പെട്ടു. ഞാൻ പ്രായം ചെന്നവന് അത് തിരിച്ചുവാങ്ങിക്കൊടുത്തു. (മുസ്ലിം)

2782. അബൂമൂസ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) അരുൾ ചെയ്തു. പ്രായമെത്തിയ മുസ്ലിമിനേയും ഖുർആന്റെ നടപടികളിൽ അതിരുകവിയാത്തവരും അതിൽ നിന്ന് ഒഴിഞ്ഞു മാറാത്തവരുമായ ഖുർആൻ പണ്ഡിതരേയും നീതിമാന്മാരായ ഭരണകർത്താക്കളെയും മാനിക്കുന്നത് അല്ലാഹുവിനെ മാനിക്കുന്നതിൽ പെട്ടതാണ്. (അബൂദാവൂദ്)

2783. അബ്ദുല്ലാഹിബ്നു അംറി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: ചെറിയവരോട് കരുണയില്ലാത്തവരും പ്രായം ചെന്നവരുടെ മഹിമ മനസ്സിലാക്കാത്തവരും നമ്മിൽ പെട്ടവരല്ല. (അബൂദാവൂദ്, തിർമിദി)

2784. മൈമൂൻ ബിൻ അബീശബീബി(റ)ൽ നിന്ന് നിവേദനം: ആയിശ(റ)യുടെ അടുത്തുകൂടി ഒരു യാചകൻ കടന്നുപോയി. ആ മഹതി ആയാൾക്ക് ഒരു പത്തിരിക്കഷണം കൊടുത്തു. നല്ല വസ്ത്രങ്ങൾ ധരിച്ച സുന്ദരനായ വ്യക്തി അതിലേ കടന്നുപോയി. അവരയാളെ സ്വീകരിച്ചിരുത്തുകയും അയാൾ അവിടെനിന്നു ഭക്ഷണം കഴിക്കുകയും ചെയ്തു. ഇക്കാര്യത്തെ സംബന്ധിച്ച് ആയിശ(റ)യോട് ചോദിച്ചപ്പോൾ പറഞ്ഞു. ജനങ്ങൾക്ക് അവരർഹിക്കുന്ന പദവി നല്കണമെന്ന് നബി(സ) പറഞ്ഞിട്ടുണ്ട്. (അബൂദാവൂദ്)

2785. അനസി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) അരുൾ ചെയ്തു: വൃദ്ധനെ പ്രായത്തിന്റെ പേരിൽ ആദരിക്കുന്ന യുവാവ് തന്റെ വാർദ്ധക്യകാലത്ത് മററുള്ളവരാൽ ആദരിക്കപ്പെടും. (തിർമിദി)

2786. അനസ്(റ) വിൽ നിന്ന് നിവേദനം: റസൂൽ(സ)യുടെ വിയോഗാനന്തരം അബൂബക്കർ(റ), ഉമർ(റ)നോട് പറഞ്ഞു. നമുക്ക് ഉമ്മുഅയ്മൻ(റ)യുടെ അടുത്ത് പോകാം. റസൂൽ(സ) അവരെ സന്ദർശിച്ചിരുന്നതുപോലെ നമുക്കും സന്ദർശിക്കാം. രണ്ടുപേരും അവരുടെ അടുത്ത് എത്തിച്ചേർന്നപ്പോൾ ആ മഹതി കരയാൻ തുടങ്ങി. അല്ലാഹുവിങ്കലുള്ളത് റസൂൽ(സ)ക്ക് ഖയ്റാണെന്ന് നിങ്ങൾക്കറിയാമല്ലോ എന്നവർ ചോദിച്ചപ്പോൾ ഗുണമാണെന്ന് എനിക്കറിയാഞ്ഞിട്ടല്ല കരയുന്നത്. വഹ്യ് നിലച്ചുപോയല്ലോ എന്നോർത്താണ് എന്ന് ആ മഹതി മറുപടി നല്കി. അവർ പ്രചോദിപ്പിച്ചതിനാൽ അവരിരുവരും കൂടി കരയാൻ തുടങ്ങി. (മുസ്ലിം)

2787. അബൂഹുറയ്റ(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: രോഗിയെ സന്ദർശിക്കുകയോ അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി തന്റെ സ്നേഹിതനെ സന്ദർശിക്കുകയോ ചെയ്യുന്നവനെ വിളിച്ചുകൊണ്ട് മലക്കുപറയും. നീ തൃപ്തനാകൂ,

നിന്റെ നടത്തം തൃപ്തികരമാണ: സ്വർഗ്ഗത്തിൽ നിനക്കൊരു വീട് നീ തയ്യാർ ചെയ്തിരിക്കുന്നു. (തിർമിദി)

2788. അബൂസഈദ്(റ) വിൽ നിന്ന് നിവേദനം: നബി(സ) അരുൾ ചെയ്തു. സത്യവിശ്വാസിയോടല്ലാതെ നീ സഹവസിക്കരുത്. മുത്തഖിയല്ലാതെ നിന്റെ ഭക്ഷണം തിന്നരുത്. (അബൂദാവൂദ്, തിർമിദി)

2789. അബൂഹുറയ്റ(റ)വിൽ നിന്ന് നിവേദനം: നബി(സ) പ്രസ്താവിച്ചു. സ്വർണ്ണത്തിന്റെയും വെള്ളിയുടെയും ഖനികളെപ്പോലെ മനുഷ്യൻ (വിവിധ സ്വഭാവ സംസ്കാരങ്ങളുടെ) ഖനികളാണ്. ഇസ്ലാമിനു മുമ്പേ ഉത്തമ സ്വഭാവമുള്ളവർ മതവിജ്ഞാനം കരസ്ഥമാക്കുന്ന പക്ഷം ഇസ്ലാമിലും ഉന്നതന്മാർ തന്നെ. ആത്മാക്കൾ സംഘടിപ്പിക്കപ്പെടുന്ന ഒരു വ്യൂഹമാണ്. അതിൽ നിന്ന് പരസ്പരം പരിചിതർ ഒന്നിക്കുകയും അപരിചിതർ ഭിന്നിക്കുകയും ചെയ്യും. (മുസ്ലിം)

2790. ഉമർ(റ) വിൽ നിന്ന് നിവേദനം: അദ്ദേഹം പറയുന്നു: ഞാനൊരിക്കൽ ഉംറ നിർവ്വഹിക്കുവാൻ നബി(സ)യോട് അനുവാദം ചോദിച്ചപ്പോൾ, എനിക്ക് അനുവാദം തന്നുകൊണ്ട് ഇങ്ങനെ പറഞ്ഞു. പ്രിയ സഹോദരാ! നിന്റെ വിലയേറിയ പ്രാർത്ഥനയിൽ നമ്മളെ മറക്കുരതേ! ഉമർ(റ) പറയുന്നു. റസൂൽ(സ) പറഞ്ഞ ആ ഒരു വാക്കിനുപകരം ഇഹലോകമൊട്ടുക്കും എനിക്കുണ്ടായിരുന്നാലും എന്നെ സംതൃപ്തനാക്കുകയില്ല. മററൊരു റിപ്പോർട്ടിലുള്ളത്. എന്റെ പ്രിയ സഹോദരാ! നിന്റെ വിലയേറിയ പ്രാർത്ഥനയിൽ നമ്മളെയും പങ്കുചേർക്കണേ! (അബൂദാവൂദ്, തിർമിദി)

2791. അബൂഅബ്ദില്ല താരിഖ്(റ) വിൽ നിന്ന്: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു: അല്ലാഹുവല്ലാതെ മററാരാധ്യനില്ലെന്ന് പറയുകയും അല്ലാഹുവല്ലാത്ത മററാരാധ്യ വസ്തുക്കളിൽ അവിശ്വസിക്കുകയും ചെയ്യുന്നവന്റെ സമ്പത്തും രക്തവും (അന്യായമായി കൈകാര്യം ചെയ്യൽ) നിഷിദ്ധമാണ്. അവന്റെ വിചാരണ അല്ലാഹുവിങ്കലാണ്. (മുസ്ലിം)

2792. ഇബ്നു മസ്ഊദ്(റ) നിന്ന് നിവേദനം: റസൂൽ(സ) പ്രവചിച്ചു: അന്നേ ദിവസം (അന്ത്യ ദിനത്തിൽ) നരകം ഹാജരാക്കപ്പെടും. എഴുപതിനായിരം കടിഞ്ഞാൺ അതിനുണ്ടായിരിക്കും. ഓരോ വട്ടക്കയറിലും എഴുപതിനായിരം മലക്കുകൾ അതിനെ വലിച്ചുപിടിച്ചു കൊണ്ടിരിക്കും. (മുസ്ലിം)

2793. സമുറ(റ)യിൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു: നരകവാസികളിൽ ചിലരുടെ (അന്ത്യദിനത്തിൽ) കണങ്കാലസ്ഥിവരെയും മററുചിലരുടെ മുട്ടുകാൽവരെയും ചിലരുടെ അരക്കെട്ടുവരെയും വേറെ ചിലരുടെ തൊണ്ടക്കുഴി വരെയും നരകാഗ്നി ബാധിക്കുന്നതാണ്. (മുസ്ലിം)

2794. മിഖ്ദാദ്(റ) വിൽ നിന്ന്: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു. അന്ത്യദിനത്തിൽ ഒരു മീൽ അകലത്തിൽ സൂര്യൻ സൃഷ്ടികളോടടുപ്പിക്കപ്പെടും. റിപ്പോർട്ടറായ സുലൈം(റ) പറയുന്നു. അല്ലാഹുവാണ്, മീൽ കൊണ്ട് ഭൂമിയിലെ ദൂരമാണോ, അതല്ല സുറുമക്കോലാണോ ഉദ്ദേശിക്കപ്പെട്ടതെന്ന് എനിക്കറിയില്ല. ഈ അവസരത്തിൽ ജനങ്ങൾ സ്വന്തം പ്രവർത്തനമനുസരിച്ചുള്ള വിയർപ്പിലായിരിക്കും. കണങ്കാലസ്ഥിവരെ ആ വിയർപ്പ് ബാധിക്കുന്നവരും അവരിലുണ്ടായിരിക്കും. രണ്ടുകാൽമുട്ടു വരെ ബാധിക്കുന്നവരും അരക്കെട്ടുവരെ ബാധിക്കുന്നവരും വിയർപ്പു കൊണ്ടു കടിഞ്ഞാണിട്ടതു പോലെ അനുഭവപ്പെടുന്നവരും അവരിലുണ്ടായിരിക്കും. (കടിഞ്ഞാൺ പോലെ എന്നതുകൊണ്ടുള്ള ഉദ്ദേശ്യം) നബി(സ) അവിടുത്തെ ഇരുകൈകൊണ്ടും വായിലേക്കു ചൂണ്ടിക്കാണിച്ചുകൊണ്ടു വ്യക്തമാക്കിക്കൊടുത്തു. (മുസ്ലിം)

2795. അബൂഹുറയ്റ(റ)വിൽ നിന്ന് നിവേദനം: ഞങ്ങളൊരിക്കൽ റസൂൽ(സ)യുടെ സമീപത്തുണ്ടായിരുന്നു. അപ്പോൾ നബി(സ)ക്ക് ഒരു ശബ്ദം കേൾക്കാനിടയായി. ഉടനെത്തന്നെ ഇതെന്താണ് എന്ന് നിങ്ങൾക്കറിയാമോ? എന്ന് അവിടുന്ന് ചോദിച്ചു. അല്ലാഹുവും അവന്റെ പ്രവാചകനുമാണ് അതറിയുക – ഞങ്ങൾ പറഞ്ഞു. അപ്പോൾ അവിടുന്ന് പറഞ്ഞു. 70 വർഷം മുമ്പെ നരകത്തിലൊരു കല്ലെറിയപ്പെട്ടു. ഇതുവരെ അത് നരകത്തിലാണ്ടു കൊണ്ടിരിക്കുകയായിരുന്നു. ഇപ്പോഴതിന്റെ ആഴത്തിൽ അതെത്തിയ ശബ്ദമാണ് നിങ്ങൾ കേട്ടത്. (മുസ്‌ലിം)

2796. അബൂദർദ്(റ) വിൽ നിന്ന് നിവേദനം: റസൂൽ(സ) പ്രസ്താവിച്ചു. നിങ്ങൾക്കറിയാത്ത പലതും എനിക്കറിയാം. ആകാശം ശബ്ദിച്ചു കൊണ്ടിരിക്കുന്നു. എന്നാലതിന് ശബ്ദിക്കാൻ അർഹതയുണ്ട്. കാരണം നാലു വിരലുകൾക്കുള്ള സ്ഥലം അതിലില്ല – അവിടെയെല്ലാം ഒരു മലക്ക് അല്ലാഹുവിന് സുജൂദിലായിക്കൊണ്ട് നെററിവെച്ചിട്ടല്ലാതെ. അല്ലാഹുവാണ് ഞാനറിയുന്നതെല്ലാം നിങ്ങളറിയുമെങ്കിൽ അല്പം മാത്രമെ നിങ്ങൾ ചിരിക്കുകയുള്ളു. പിന്നെയോ, ധാരാളമായി നിങ്ങൾ കരയുകതന്നെ ചെയ്യും. മാത്രമല്ല (മാർദ്ദവമേറിയ) വിരിപ്പുകളിൽ സ്ത്രീകളുമായി നിങ്ങൾ സല്ലപിക്കുകയുമില്ല. നേരെമറിച്ച് അല്ലാഹുവിനോട് കാവലപേക്ഷിച്ചുകൊണ്ട് മരുഭൂമികളിലേക്ക് നിങ്ങൾ ഓടി രക്ഷപ്പെടുമായിരുന്നു. (തിർമിദി)

2797. അബൂബർസത്ത്(റ) വിൽ നിന്ന് നിവേദനം: റസൂൽ(സ) അരുൾ ചെയ്തു. തന്റെ ആയുസ്സ് എന്തിലാണ് നശിപ്പിച്ചതെന്നും എന്തെന്തുപ്രവർത്തനത്തിലാണ് തന്റെ അറിവു വിനിയോഗിച്ചതെന്നും തന്റെ സമ്പത്ത് എവിടെ നിന്നു സമ്പാദിച്ചെന്നും എന്തിനുവേണ്ടിയാണ് ചെലവഴിച്ചതെന്നും തന്റെ ശരീരം എന്തൊന്നിലാണ് ഉപയോഗപ്പെടുത്തിയതെന്നും ചോദ്യം ചെയ്യപ്പെടാതെ അന്ത്യദിനത്തിൽ ഒരടിമയ്ക്കും സ്വന്തം പാദങ്ങൾ എടുത്തു മാററുക സാദ്ധ്യമല്ല. (തിർമിദി)

2798. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) (ഭൂമി അതിന്റെ വർത്തമാനം അന്നേ ദിവസം വിളിച്ച് പറയും) എന്ന ഖുർആൻ വാക്യം ഓതിക്കേൾപ്പിച്ചുകൊണ്ട് ചോദിച്ചു. അതിന്റെ അഖ്ബാർ എന്താണെന്ന് നിങ്ങൾക്കറിയാമോ? അല്ലാഹുവും അവന്റെ റസൂലുമാണ് അതറിയുന്നതെന്ന് അവർ പറഞ്ഞപ്പോൾ അതിന്റെ ബഹിർഭാഗത്തുവെച്ച് പ്രവർത്തിച്ചതിനെക്കുറിച്ചെല്ലാം ഓരോ സ്ത്രീപുരുഷന്റെ പേരിലും പ്രവർത്തനങ്ങൾക്ക് ആ ഭൂമി സാക്ഷി നില്ക്കലാണത് എന്ന് നബി പറഞ്ഞു. അതായത് ഇന്നിന്ന സമയത്ത് ഇന്നിന്ന പ്രവർത്തനങ്ങൾ നീ പ്രവർത്തിച്ചു എന്ന് ഭൂമി വിളിച്ചുപറയും. ഇതാണ് അതിന്റെ അഖ്ബാർ എന്നതുകൊണ്ടുള്ള വിവക്ഷ. (തിർമിദി)

2799. അബൂസഈദിൽ ഖുദ്രിയ്യി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: അന്ത്യദിനത്തിന്റെ കാഹളം ഏല്പിക്കപ്പെട്ട മലക്ക് (ഇസ്റാഫിൽ) കാഹളത്തിൽ ഊതുന്നതിനുള്ള ഉത്തരവും ചെവിപാർത്ത് കാഹളം വായിൽ വെച്ച്കൊണ്ടിരിക്കെ ഞാനെങ്ങിനെ സുഖലോലുപനായി ജീവിക്കും? ഈ വാക്ക് റസൂൽ(സ) യുടെ അനുചരൻമാർക്ക് വളരെയധികം പ്രയാസങ്ങളുണ്ടാക്കി. അപ്പോൾ അവിടുന്ന് അരുൾ ചെയ്തു: നമുക്ക് അല്ലാഹു മതി. നാം ഭരമേല്പിച്ചവൻ ഉത്തമൻ എന്ന് നിങ്ങൾ പറഞ്ഞുകൊള്ളുക. (തിർമിദി)

2800. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) അരുളി: ആരെങ്കിലും അർദ്ധരാത്രിയിലെ അപകടം ഭയപ്പെടുന്ന പക്ഷം അവൻ രാത്രിയുടെ അന്ത്യയാമത്തിൽ തന്നെ യാത്ര പുറപ്പെടും. കാരണം ആദ്യയാമത്തിൽ യാത്ര പുറപ്പെടുന്നവൻ (അപകടം കൂടാതെ) തന്റെ ഭവനത്തിലെത്തിച്ചേരുന്നു. അറിയുക:

നിശ്ചയം, അല്ലാഹുവിന്റെ കച്ചവടച്ചരക്ക് വിലപിടിച്ചതാണ്. അറിയണം. അല്ലാഹുവിന്റെ ചരക്ക് സ്വർഗ്ഗമാണ്. (തിർമിദി).

2801. അബൂദർറ്(റ) വിൽ നിന്ന് നിവേദനം: അല്ലാഹു അരുൾ ചെയ്തതായി റസൂൽ(സ) പ്രസ്താവിച്ചിരിക്കുന്നു. നന്മ ചെയ്തവന് പത്തിരട്ടിയോ അതിൽ കൂടുതലോ പ്രതിഫലം ലഭിക്കും. വല്ലവനും തിന്മ പ്രവർത്തിച്ചാൽ പ്രതിഫലം തിന്മക്ക് തുല്യമായതായിരിക്കും. അതുമല്ലെങ്കിൽ ഞാൻ അവനു പൊറുത്തുകൊടുക്കും. വല്ലവനും എന്നോടൊരു ചാൺ അടുത്താൽ ഞാൻ ഒരു മുഴം അവനോടടുക്കും. വല്ലവനും ഒരു മുഴം എന്നോടടുത്താൽ ഒരു മാറ് ഞാനവനോടടുക്കും. വല്ലവനും എന്റെ അടുത്ത് നടന്നു വന്നാൽ ഞാൻ അവന്റെയടുത്ത് ഓടിച്ചെല്ലും. എന്നോട് എന്തിനെയെങ്കിലും പങ്കുചേർക്കാതെ ഭൂമി നിറയെ പാപങ്ങളുമായി ആരെങ്കിലും എന്റെ അടുത്ത് വരുന്നപക്ഷം അത്രയും മഗ്ഫിറത്തുമായി ഞാനവനെ സമീപിക്കും. (മുസ്ലിം)

2802. ജാബിർ(റ) വിൽ നിന്ന് നിവേദനം: ഒരുഗ്രാമീണനായ അറബി നബി(സ)യുടെ സന്നിധിയിൽ വന്ന് ചോദിച്ചു. പ്രവാചകരെ! (സ്വർഗ്ഗ–നരകങ്ങളെ) അനിവാര്യമാക്കുന്ന രണ്ടുകാര്യങ്ങളെന്താണ്? അവിടുന്ന് പറഞ്ഞു. അല്ലാഹുവിനോട് യാതൊന്നിനെയും പങ്കുചേർക്കാതെ മരണപ്പെട്ടവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കും. അവനോടു വല്ലതിനെയും പങ്കുചേർത്തുകൊണ്ട് മരണപ്പെട്ടവൻ നരകത്തിലും പ്രവേശിക്കും. (മുസ്ലിം)

2803. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: തിരുദൂതൻ(സ) അരുൾ ചെയ്തു. എന്റെ ആത്മാവ് ആരുടെ അധീനതയിലാണോ അവനെക്കൊണ്ട് സത്യം! നിങ്ങളാരും പാപം ചെയ്യുന്നില്ലെങ്കിൽ അല്ലാഹു നിങ്ങളെ ഇവിടെ നിന്ന് തുടച്ചുമാററും: പാപം ചെയ്ത് അല്ലാഹുവിനോട് പൊറുക്കലിനെ തേടുകയും പൊറുക്കപ്പെടുകയും ചെയ്യുന്ന ഒരു വിഭാഗത്തെ അവൻ ഇവിടെ കൊണ്ടുവരികയും ചെയ്യും. (മുസ്ലിം)

2804. അബൂഅയ്യൂബ്(റ) വിൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ ദൂതൻ പറയുന്നത് ഞാൻ കേട്ടു നിങ്ങളാരും പാപം ചെയ്യുന്നില്ലെങ്കിൽ പാപം ചെയ്യുകയും പൊറുക്കലിനെ തേടുകയും പൊറുക്കപ്പെടുകയും ചെയ്യുന്ന ഒരു വിഭാത്തെ അല്ലാഹു സൃഷ്ടിക്കുകതന്നെ ചെയ്യും. (മുസ്ലിം)

2805. ജാബിർ(റ) വിൽ നിന്ന് നിവേദനം: തിരുദൂതൻ(സ) പറഞ്ഞു: അഞ്ചു ഫർളു നമസ്കാരങ്ങളുടെ സ്ഥിതി നിങ്ങളോരോരുത്തരുടെയും കവാട പരിസരത്തിലൂടെ ഒഴുകുന്ന നദിയിൽ നിന്ന് ഓരോ ദിവസവും അഞ്ചുപ്രാവശ്യം കുളിച്ചു വൃത്തിയാവുന്നതിന്റെ സ്ഥിതിയാണ്. (മുസ്ലിം)

2806. ഇബ്നു അബ്ബാസ്(റ) വിൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു. വല്ല മുസ്ലിമും മരണപ്പെടുകയും ബഹുദൈവവിശ്വാസികളല്ലാത്ത 40 സത്യവിശ്വാസികൾ അവന്റെ ജനാസ നമസ്കരിക്കുകയും ചെയ്താൽ അല്ലാഹു ആ ശുപാർശ സ്വീകരിക്കാതിരിക്കുകയില്ല. (മുസ്ലിം)

2807. അബൂമൂസ(റ) വിൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ തിരുദൂതൻ(സ) പ്രവചിച്ചു. അന്ത്യ ദിനമായാൽ അല്ലാഹു ഓരോ മുസ്ലിമിനും ഒരു ജൂതനെയോ കൃസ്ത്യാനിയെയോ കൊടുത്തുകൊണ്ട് പറയും. ഇവനാണ് നരകത്തിൽ നിന്ന് നിന്നെമോചിപ്പിച്ചത് (അഥവാനരകത്തിലെ അംഗസംഖ്യ ഇവനെ ക്കൊണ്ടാണ് പൂർത്തികരിക്കപ്പെട്ടത്) മറെറാരു റിപ്പോർട്ടിലുള്ളത്. നബി(സ) പറഞ്ഞു. അന്ത്യദിനത്തിൽ മുസ്ലിംകളിൽ ചിലർ പർവ്വത തുല്യങ്ങളായ പാപങ്ങളുമായി വരും. അല്ലാഹു അവരുടെ പാപങ്ങൾ പൊറുത്തുകൊടുക്കുന്നു. (മുസ്ലിം)

2808. അനസ്(റ) വിൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ തിരുദൂതൻ(സ) പ്രവചിച്ചു. നിശ്ചയം, ഒരു ദാസൻ ഏതെങ്കിലും ഭക്ഷണം കഴിച്ചിട്ട് അതിന്റെ പേരിൽ അല്ലാഹുവിനെ സ്തുതിക്കുകയോ ഏതെങ്കിലും പാനീയം കുടിച്ച് അതിന്റെ പേരിൽ അവനെ സ്തുതിക്കുകയോ ചെയ്യുന്നത് അല്ലാഹുവിന് തൃപ്തിയുള്ള കാര്യമാണ്. (മുസ്ലിം)

2809. അബൂമൂസ(റ) വിൽ നിന്ന് നിവേദനം: റസൂൽ(സ) അരുൾ ചെയ്തു: പകൽ കുററകൃത്യം ചെയ്തവന്റെ പശ്ചാത്താപം സ്വീകരിക്കാൻ വേണ്ടി രാത്രി അല്ലാഹു കൈനീട്ടി കാണിക്കും. അപ്രകാരം തന്നെ രാത്രി കുററം ചെയ്യുന്നവന്റെ പശ്ചാത്താപം സ്വീകരിക്കാൻവേണ്ടി പകലിലും കൈ നീട്ടിക്കാണിക്കാം. സൂര്യൻ പശ്ചിമഭാഗത്തുനിന്ന് ഉദിക്കുന്നതുവരെ ഇത് തുടരും. (മുസ്ലിം)

2810. അബൂമൂസൽ അശ്അരി(റ)യിൽ നിന്ന് നിവേദനം: നബി(സ) പ്രവചിച്ചു. അല്ലാഹു ഒരു സമുദായത്തെ അനുഗ്രഹിക്കാനുദ്ദേശിച്ചാൽ ആ സമുദായത്തിനുമുമ്പ് അവരുടെ നബിയെ അല്ലാഹു മരണപ്പെടുത്തുന്നതും അദ്ദേഹത്തെ അവരുടെ ആതിഥേയനാക്കുന്നതുമാണ്. മറിച്ച് ഒരു സമുദായത്തെ നശിപ്പിക്കാൻ അല്ലാഹു ഉദ്ദേശിച്ചാൽ അവരുടെ നബി ജീവിച്ചിരിക്കെ, അദ്ദേഹത്തിന്റെ കൺമുമ്പിൽവെച്ച് അവനവരെ ശിക്ഷിക്കും. തന്നെ നിഷേധിക്കുകയും തന്റെ ആജ്ഞകൾ ധിക്കരിക്കുകയും ചെയ്തപ്പോൾ അവർക്കുഭവിച്ച നാശങ്ങൾ ആ നബി കണ്ടാസ്വദിക്കുന്നതുമാണ്. (മുസ്ലിം)

2811. ജാബിർ(റ) വിൽ നിന്ന് നിവേദനം: നബി(സ) ഇഹലോകവാസം വെടിയുന്നതിന് മൂന്നു ദിവസം മുമ്പ് പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. നിങ്ങളിലൊരാളും അല്ലാഹുവിൽ നല്ല പ്രതീക്ഷ വെച്ചുകൊണ്ടല്ലാതെ മരണപ്പെട്ടുപോകരുത്. (മുസ്ലിം) (എത്ര വലിയ പാപിയാണെങ്കിലും അതൊക്കെ പൊറുക്കാൻ കഴിവുള്ളവനാണ് അല്ലാഹു)

2812. അനസ്(റ) വിൽ നിന്ന് നിവേദനം: തിരുദൂതൻ(സ) പറയുന്നത് ഞാൻ കേട്ടു. അല്ലാഹു അരുൾ ചെയ്തു. ആദമിന്റെ സന്താനമേ! നിന്നിൽ നിന്നു എന്തുമാത്രം പാപങ്ങളുണ്ടായാലും നീ എന്നോട് പ്രാർത്ഥിക്കുകയും എന്റെ അനുഗ്രഹങ്ങളെ പ്രതീക്ഷിക്കുകയും ചെയ്യുമ്പോഴൊക്കെ ഞാൻ നിനക്ക് പൊറുത്തുതരുന്നതാണ്. (നിന്റെ പാപങ്ങളൊന്നും) എനിക്കൊരുപ്രശ്നമേയല്ല. ആദമിന്റെ മകനേ! നിന്റെ പാപങ്ങൾ ഉപരിലോകത്തുള്ള മേഘപടലത്തോളം വലുതായി എന്നിട്ട് നീ എന്നോട് പാപമോചനത്തിന്നർത്ഥിച്ചു. എന്നാലും നിന്റെ പാപങ്ങളൊക്കെ നിനക്ക് ഞാൻ പൊറുത്തുതരും. ആദമിന്റെ മകനേ! ഭൂമി നിറയെ പാപങ്ങളുമായി നീ എന്റെ അടുത്തു വന്നു. (എന്നിൽ) യാതൊന്നിനെയും നീ പങ്കുചേർത്തിട്ടുമില്ല. എന്നാൽ ആ ഭൂമി നിറയെ പാപമോക്ഷം ഞാൻ നിനക്ക് സമ്മാനിക്കും. (തിർമിദി)

2813. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു. അല്ലാഹുവിങ്കലുള്ള ശിക്ഷ സത്യവിശ്വാസി അറിയുന്നപക്ഷം ഒരാളും സ്വർഗ്ഗം ആഗ്രഹിക്കുകയില്ല. (ആ ശിക്ഷ കിട്ടാതിരുന്നാൽ മാത്രം മതിയായിരുന്നു എന്ന് തോന്നിപ്പോവും) അപ്രകാരം സത്യ നിഷേധി അല്ലാഹുവിങ്കലുള്ള കാരുണ്യം അറിയുന്നപക്ഷം ഒരാളും അവന്റെ സ്വർഗ്ഗത്തെത്തൊട്ട് നിരാശപ്പെടുകയില്ല. (മുസ്ലിം)

2814. ഇബ്നുമസ്ഊദ്(റ) വിൽ നിന്ന് നിവേദനം: റസൂൽ(സ) പ്രസ്താവിച്ചു. സ്വർഗ്ഗം നിങ്ങളോരോരുത്തരോടും സ്വന്തം ചെരിപ്പിന്റെ വാറിനേക്കാൾ ഏററവും അടുത്തതാണ്. അപ്രകാരം തന്നെയാണ് നരകവും. (മുസ്ലിം)

2815. അബൂഹുറയ്റ(റ) വിൽ നിന്ന് നിവേദനം: കറന്നെടുത്ത പാൽ അകിടുകളിലേക്ക് മടങ്ങിപ്പോയാലും, അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ട് കരഞ്ഞവൻ നരകത്തിൽ പ്രവേശിക്കുകയില്ല. അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള (രണാങ്കണത്തിലുള്ള) പൊടിയും നരകത്തിന്റെ പുകയും ഒരുമിച്ചുകൂടുകയില്ല. (തിർമിദി)

2816. അബ്ദുല്ല(റ)യിൽ നിന്ന് നിവേദനം: നമസ്കരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരിക്കൽ ഞാൻ നബി(സ)യുടെ അടുത്തുചെന്നു. അന്നേരം കരച്ചിൽ നിമിത്തം അവിടുത്തെ ഹൃദയം തിളച്ചുപൊങ്ങുന്ന ചട്ടി പോലെയായിരുന്നു. (അബൂദാവൂദ്)

2817. അബൂഉമാമ(റ)യിൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു. രണ്ടു തുള്ളിയേക്കാളും രണ്ടടയാളത്തേക്കാളും അല്ലാഹുവിനിഷ്ടപ്പെട്ട മറ്റൊന്നും തന്നെയില്ല. 1 അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ടുള്ള കണ്ണുനീർത്തുള്ളി. 2. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചിന്തുന്ന രക്തത്തുള്ളി രണ്ടടയാളത്തിലൊന്ന് രണാങ്കണത്തിൽ വെച്ചുള്ള പരിക്ക്, രണ്ടാമത്തേത് അല്ലാഹുവിന്റെ ഫർളുകൾ നിർവ്വഹിച്ചതിലുള്ള തഴമ്പ്. (തിർമിദി)

2818. മുആവിയയിൽ നിന്ന് നിവേദനം: റസൂൽ(സ) അരുളി: നിങ്ങൾ ചോദിച്ചു വിഷമിപ്പിക്കരുത്. അല്ലാഹുവാണെ, നിങ്ങളാരെങ്കിലും എന്നിൽ നിന്ന് യാചിച്ചുകൊണ്ട് സംതൃപ്തി കൂടാതെ വല്ലതും നേടിയെടുത്താൽ ഞാനവന് നല്കിയതിൽ അവനൊരിക്കലും ബർക്കത്തുണ്ടായിരിക്കുകയില്ല. (ബലമായി പിടിച്ചെടുത്താലോ അഭിവൃദ്ധിലഭിക്കുകയില്ല. ഏതോ വിധത്തിൽ അത് പ്രയോജനപ്പെടാതെ നഷ്ടപ്പെട്ടുപോകും) (മുസ്ലിം)

2819. ഇബ്നു ഔഫി(റ) വിൽ നിന്ന് നിവേദനം: ഞങ്ങൾ ഏഴോ എട്ടോ ഒമ്പതോ ആളുകൾ തിരുദൂതന്റെ(സ) സന്നിധിയിൽ ഉണ്ടായിരുന്നു. അന്നേരം അവിടുന്ന് പറഞ്ഞു; നിങ്ങൾ അല്ലാഹുവിന്റെ പ്രവാചകനോട് പ്രതിജ്ഞ ചെയ്യുന്നില്ലേ ? ഞങ്ങളാണെങ്കിൽ പ്രതിജ്ഞ ചെയ്തിട്ട് അധിക കാലമായിരുന്നില്ല. ഉടനെ ഞങ്ങൾ പറഞ്ഞു: അല്ലാഹുവിന്റെ പ്രവാചകരെ! ഞങ്ങൾ അങ്ങയോട് പ്രതിജ്ഞ ചെയ്യുന്നു. പിന്നേയും അവിടുന്ന് ചോദിച്ചു: അല്ലാഹുവിന്റെ പ്രവാചകനോട് നിങ്ങൾ പ്രതിജ്ഞചെയ്യുന്നില്ലേ? ഞങ്ങളപ്പോൾ കൈ നീട്ടിക്കൊണ്ട് പറഞ്ഞു. പ്രവാചകരെ! ഞങ്ങൾ അങ്ങയോടിതാ ബൈഅത്ത് ചെയ്യുന്നു. ഞങ്ങളെന്തിന്മേലാണ് അങ്ങയോട് ബൈഅത്ത് ചെയ്യേണ്ടത്? അവിടുന്ന് അരുളി: അല്ലാഹുവിനെ നിങ്ങൾ ആരാധിക്കുക, അവനോട് മറ്റൊന്നിനെയും നിങ്ങൾ പങ്കുചേർക്കരുത്, അഞ്ചു സമയങ്ങളിലെ നമസ്കാരം നിങ്ങൾ നിർവ്വഹിക്കുക, നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുകയും ചെയ്യുക. ഒരു ചെറിയ വാക്ക് രഹസ്യം പറഞ്ഞു: നിങ്ങൾ ജനങ്ങളോട് ഒന്നും യാചിക്കരുത്. (റാവി പറയുന്നു) അവരിൽ ചിലരെ ഞാൻ കണ്ടു. തങ്ങളുടെ വടി താഴെ വീഴും. എന്നാലത് എടുത്തുകൊടുക്കുന്നതിനു കൂടി ആരോടും ആവശ്യപ്പെടുകയില്ലായിരുന്നു. (മുസ്ലിം)

2820. അബൂഹൂറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: ഉള്ളത് വർദ്ധിപ്പിക്കാൻ വേണ്ടി വല്ലവനും ജനങ്ങളോട് യാചിക്കുന്നപക്ഷം നിശ്ചയം, തീക്കട്ടയാണ് അവൻ യാചിക്കുന്നത്. അതുകൊണ്ട് അതവൻ ചുരുക്കുകയോ അധികരിപ്പിക്കുകയോ ചെയ്തുകൊള്ളട്ടെ. (മുസ്ലിം)

2821. സമുറത്ത്(റ) വിൽ നിന്ന് നിവേദനം: റസൂൽ(സ) അരുൾ ചെയ്തു: നിശ്ചയം, യാചന ഒരു പരിക്കാണ്. യാചകൻ അതുകൊണ്ട് അവന്റെ മുഖത്ത് പരിക്കേല്പിക്കുന്നു. ഭരണകർത്താവിനോടോ അത്യാവശ്യകാര്യത്തിലോ യാചിച്ചാലൊഴികെ. (അഭിമാനത്തിന് ക്ഷതം വരുത്തുന്നവന്നാണ് യാചന). (തിർമിദി)

2822. സൗബാൻ(റ) വിൽ നിന്ന് നിവേദനം: റസൂൽ(സ) പ്രവചിച്ചു: ജനങ്ങളോട് യാതൊന്നും യാചിക്കുകയില്ലെന്ന് ആരെങ്കിലും എനിക്കുറപ്പ് തന്നാൽ അവന് സ്വർഗ്ഗം നല്കാമെന്ന് ഞാനേല്ക്കാം. ഞാനുണ്ടെന്ന് സൗബാൻ പറഞ്ഞു. പിന്നീടദ്ദേഹം ആരോടും യാചിക്കാറില്ല. (അബൂദാവൂദ്)

2823. ഖബീസത്തി(റ)ൽ നിന്ന് നിവേദനം: ഞാനൊരു ചുമതല ഏററെടുത്തു. അതിലേക്ക് എന്തെങ്കിലും ചോദിക്കാൻ വേണ്ടി തിരുസന്നിധിയിൽ ചെന്നപ്പോൾ അവിടുന്ന് പറഞ്ഞു: നീ ഇവിടെ താമസിക്കൂ! സകാത്തിന്റെ ധനം വന്നാൽ ഞാൻ നിനക്കു തരാൻ കല്പിക്കാം. എന്നിട്ടവിടുന്ന് പറഞ്ഞു: ഹേ, ഖബീസത്തേ! മൂന്നിലൊരാൾക്കല്ലാതെ ഭിക്ഷാടനം അനുവദനീയമല്ല. 1. ഏതെങ്കിലും ഭാരമേററടുക്കുന്നവർ താനത് പരിഹരിക്കുന്നതുവരെ യാചിക്കാം. പിന്നീട് അവനതിൽ നിന്ന് പിന്മാറണം. 2. തന്റെ ധനം മുഴുവനും നശിപ്പിക്കുമാറുള്ള വിപത്ത് നേരിട്ടവൻ തനിക്കേതെങ്കിലും ജീവിതമാർഗ്ഗം കൈവരുന്നത് വരെ ഭിക്ഷയാചിക്കൽ അനുവദനീയമാണ്. 3. തന്റെ നാട്ടുകാരിൽ നിന്ന് മൂന്ന് നായകൻമാർ കടുത്ത ക്ഷാമം നേരിട്ടിരിക്കുന്നുവെന്ന്, സാക്ഷ്യം വഹിക്കുവോളം ദാരിദ്ര്യം ബാധിച്ചവൻ, അവനും ഏതെങ്കിലും ജീവിതമാർഗ്ഗം കണ്ടെത്തുന്നതുവരെ യാചിക്കൽ അനുവദനീയമാണ്. ഖബീസത്തേ! അതല്ലാത്ത യാചനകളെല്ലാം നിഷിദ്ധമാണ്. അവനത് ഭക്ഷിക്കുന്നത് ചീത്ത ധനസമ്പാദനമാർഗ്ഗത്തിലൂടെയാണ്. (മുസ്ലിം)

2824. അബൂഹൂറയ്റ(റ)യിൽ നിന്ന് നിവേദനം: നബി(സ) തറപ്പിച്ചുപറഞ്ഞു; സകരിയ്യ നബി (അ) ഒരു മരപ്പണിക്കാരനായിരുന്നു (മുസ്ലിം)

2825. അബൂസഈദിൽ ഖുദ്രിയ്യി(റ)ൽ നിന്ന് നിവേദനം: ഞങ്ങളൊരിക്കൽ നബി(സ) യൊന്നിച്ച് യാത്രയിലായിരിക്കെ, ഒരാൾ തന്റെ വാഹനത്തിലേറി പ്രത്യക്ഷപ്പെട്ടു. എന്നിട്ടയാൾ വലതുവശത്തേക്കും ഇടതുവശത്തേക്കും തന്റെ ദൃഷ്ടി തെററിച്ചുകൊണ്ടിരുന്നു. അന്നേരം നബി(സ) പറഞ്ഞു: ആരുടെയെങ്കിലും പക്കൽ കൂടുതൽ വാഹനമുണ്ടെങ്കിൽ വാഹനമില്ലാത്തവർക്ക് കൊടുത്തുകൊള്ളട്ടെ. അപ്രകാരം തന്നെ കൂടുതൽ ഭക്ഷണം കയ്യിലിരിപ്പുള്ളവർ ഇല്ലാത്തവനും കൊടുത്തുകൊള്ളട്ടെ. അങ്ങനെ മുതലിന്റെ പല വകുപ്പുകളെ സംബന്ധിച്ചും നബി(സ) ഇതുതന്നെ പറഞ്ഞു. അവസാനം മിച്ചം വരുന്ന യാതൊന്നിലും ഞങ്ങൾക്ക് അർഹതയില്ലെന്ന് ഞങ്ങൾ വിചാരിച്ചുപോയി. (മുസ്ലിം)

2826. ബുറൈദത്ത്(റ) വിൽ നിന്ന് നിവേദനം: റസൂൽ(സ) അരുൾ ചെയ്തു: ഖബർ സിയാറത്ത് (ഒരുകാലത്ത്) ഞാൻ നിരോധിച്ചിരുന്നു. എന്നാൽ ഇപ്പോൾ നിങ്ങൾ സിയാറത്ത് ചെയ്തുകൊള്ളുക. (മുസ്ലിം)

2827. ആയിശ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) എന്നോടൊപ്പം ശയിക്കാറുള്ള രാത്രിയിലെ അന്ത്യയാമത്തിൽ സാധാരണ ബഖീഉൽ അർഖദ് എന്ന ശ്മശാനത്തിലേക്ക് പുറപ്പെടാറുണ്ടായിരുന്നു. എന്നിട്ട് അവിടുന്ന് പറയാറുണ്ട്: മുഅ്മിനുകളുടെ ഭവനത്തിൽ വസിക്കുന്നവരേ! നിങ്ങൾക്ക് അല്ലാഹുവിന്റെ രക്ഷ സദാ വർഷിക്കുമാറാകട്ടെ! നിങ്ങളോട് വാഗ്ദത്തം ചെയ്യപ്പെട്ടത് നിങ്ങൾക്കിതാ വന്നു കഴിഞ്ഞു. പക്ഷേ, നാളേക്ക് നിങ്ങൾ പിന്തിക്കപ്പെട്ടിരിക്കുകയാണ്. അല്ലാഹു ഉദ്ദേശിച്ചെങ്കിൽ നമ്മളും നിങ്ങളോട് വന്നുചേരുന്നതാണ്. അല്ലാഹുവേ! ബഖീഉൽ അർഖദിന്റെ നിവാസികൾക്ക് നീ പൊറുത്തുകൊടുക്കേണമേ. (മുസ്ലിം)

2828. ബുറൈദത്ത്(റ) വിൽ നിന്ന് നിവേദനം: സന്തതസഹചാരികൾ ശ്മശാനത്തിലേക്ക് പുറപ്പെടുമ്പോൾ അവരിൽ നിന്നാരെങ്കിലും അസ്സലാമു അലൈക്കും എന്ന് പറയാൻ നബി(സ) അവരെ പഠിപ്പിച്ചിരുന്നു. മുഅ്മിനുകളും മുസ്ലീംകളുമായ ഖബറാളികളെ! നിങ്ങളിൽ അല്ലാഹുവിന്റെ രക്ഷ സദാ വർഷിക്കുമാറാകട്ടെ. അല്ലാഹു ഉദ്ദേശിക്കുന്നപക്ഷം (അടുത്തുതന്നെ) ഞങ്ങളും നിങ്ങളോടൊപ്പം

വന്നുചേരുന്നതാണ്. നമ്മൾക്കും അഭയമുണ്ടാകട്ടെ! എന്ന് അല്ലാഹുവിനോട് ഞാൻ പ്രാർത്ഥിച്ചുകൊള്ളുന്നു. (മുസ്‌ലിം)

2829. ഇബ്നു അബ്ബാസ്(റ) വിൽ നിന്ന് നിവേദനം: മദീനയിലെ ചില ശ്മശാനങ്ങളിലൂടെ ഒരിക്കൽ റസൂൽ(സ) നടന്നുപോയി. അന്നേരം ശ്മശാനവാസികൾക്ക് അഭിമുഖമായിക്കൊണ്ട് അവിടുന്ന് പറഞ്ഞു: ഹേ, ഖബറാളികളേ! നിങ്ങളിൽ അല്ലാഹുവിന്റെ രക്ഷ സദാ വർഷിക്കുമാറാകട്ടെ. മാത്രമല്ല, നമ്മൾക്കും നിങ്ങൾക്കും അവൻ പൊറുത്തുതരികയും ചെയ്യട്ടെ! നിങ്ങളാണെങ്കിൽ ഞങ്ങളുടെ മുൻഗാമികളും ഞങ്ങൾ നിങ്ങളുടെ പിൻഗാമികളുമാണ്. (അടുത്തുതന്നെ മരണപ്പെടുന്നവരുമാണ്) (തിർമിദി)

2830. ആയിശ(റ)യിൽ നിന്ന് നിവേദനം: നബി(സ) യുടെ വലതുകൈ അവിടുത്തെ ശുചീകരണത്തിനും ഭക്ഷണത്തിനുമായിരുന്നു. ഇടതുകൈ ശൗചത്തിനും മററഴുക്കുകൾ നീക്കം ചെയ്യുന്നതിനുമായിരുന്നു. (അബൂദാവൂദ്)

2831. ഹഫ്സ്വ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) വലതുകൈ ആഹാര പാനീയങ്ങൾക്കും വസ്ത്രത്തിനുമായിരുന്നു ഉപയോഗിച്ചിരുന്നത്. മററാവശ്യങ്ങൾക്കാണ് ഇടതുകൈ ഉപയോഗിക്കാറ്. ( അബൂദാവൂദ്)

2832. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) അരുളി: നിങ്ങൾ വസ്ത്രം ധരിക്കുമ്പോഴും വുളുചെയ്യുമ്പോഴും വലതുഭാഗത്തുനിന്ന് ആരംഭിക്കേണ്ടതാണ്. (അബൂദാവൂദ്)

2833. യഈശി(റ)ൽ നിന്ന് നിവേദനം: എന്റെ പിതാവ് – ത്വിഖ്ഫത്ത്(റ)– പറഞ്ഞു: ഞാൻ ഒരിക്കൽ പള്ളിയിൽ കമിഴ്ന്നുകിടന്നപ്പോൾ ഒരാൾ കാലുകൊണ്ട് എന്നെ തട്ടി വിളിച്ചുകൊണ്ട് പറഞ്ഞു. ഇത് അല്ലാഹുവിന് കോപമുള്ള കിടത്തമാണ്. ഞാൻ തിരിഞ്ഞുനോക്കിയപ്പോൾ അത് റസൂൽ(സ) ആയിരുന്നു. (അബൂദാവൂദ്)

2834. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു. ഒരിടത്ത് ഇരുന്നവൻ അവിടെവെച്ച് അല്ലാഹുവിനെ സ്മരിച്ചില്ലെങ്കിൽ അവന് അല്ലാഹുവിന്റെ ഭാഗത്തുനിന്നുള്ള നാശനഷ്ടങ്ങൾ ഉണ്ടായിരിക്കുന്നതാണ്. അപ്രകാരം ഒരിടത്ത് കിടന്നുറങ്ങിയവൻ അല്ലാഹുവിനെ സ്മരിച്ചിട്ടില്ലെങ്കിൽ അവന് അല്ലാഹുവിങ്കൽ നിന്ന് നാശനഷ്ടം സംഭവിക്കുന്നതാണ്. (അബൂദാവൂദ്) (വിലമതിപ്പുള്ള സമയം നഷ്ടപ്പെടുത്തിയതു കൊണ്ടാണത്)

2835. ജാബിറി(റ)ൽ നിന്ന് നിവേദനം: നബി(സ) സുബ്ഹി നമസ്കാരം നിർവ്വഹിച്ചുകഴിഞ്ഞാൽ സൂര്യൻ പൂർണ്ണമായി ഉദിച്ചുയരുന്നതുവരെ അവിടുന്ന് തൽസ്ഥാനത്തു തന്നെ ചമ്രം പടിഞ്ഞ് ഇരിക്കുകയായിരുന്നു. (അബൂദാവൂദ്)

2836. ഖൈല(റ)യിൽ നിന്ന് നിവേദനം: ഒരിക്കൽ നബി(സ) മുട്ടുകെട്ടിയിരിക്കുന്നത് ഞാൻ കണ്ടു. അന്നേരം ഭക്തിനിർഭരമായി അവിടുന്ന് ഇരിക്കുന്നത് കണ്ടപ്പോൾ ഭയം നിമിത്തം ഞാൻ ഞെട്ടിവിറച്ചുപോയി. (അബൂദാവൂദ്, തിർമിദി)

2837. ശരീദി(റ)ൽ നിന്ന് നിവേദനം: ഞാൻ ഒരിക്കൽ ഇടതുകൈ പിന്നിൽ വെച്ചു കൊണ്ട് (കൈപ്പത്തിയിൽ) ചാരിയിരിക്കെ, നബി(സ) എന്റെ അരികിലൂടെ നടന്നുപോയി. അന്നേരം അവിടുന്ന് ചോദിച്ചു. നീ ക്രോധിക്കപ്പെട്ടവരെ (ജൂതരെ) പ്പോലെയിരിക്കുകയാണോ? (അബൂദാവൂദ്) (ഇസ്ലാമികദൃഷ്ട്യാ നല്ലതല്ലാത്തതേതും, അതാരിൽ നിന്നുണ്ടായതാണോ അവരോട് ചേർത്ത് പറയാവുന്നതാണ്)

2838. കിൽദ(റ)യിൽ നിന്ന് നിവേദനം: ഒരിക്കൽ ഞാൻ നബി(സ)യുടെ അടുക്കൽ സലാം പറയാതെ കടന്നുചെന്നു. അപ്പോൾ നബി(സ) പറഞ്ഞു. നീ തിരിച്ചുപോയി,

അസ്സലാമു അലൈക്കും അ അദ്ഖുലു എന്ന് പറഞ്ഞു കൊണ്ടനുവാദം ചോദിക്കൂ. (അബൂദാവൂദ്, തിർമിദി) (എന്നിട്ട് അനുമതിലഭിച്ചെങ്കിൽ മാത്രം കടന്നുവരൂ. ഇല്ലെങ്കിൽ തിരിച്ചുപോകൂ!)

2839. അബൂമൂസ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു. നിങ്ങളാരെങ്കിലും തുമ്മുകയും അനന്തരം അല്ലാഹുവിനെ സ്തുതിക്കുകയും ചെയ്താൽ നിങ്ങൾ അവനു വേണ്ടി പ്രാർത്ഥിക്കുക. ഇനി അവൻ അല്ലാഹുവിന് ഹംദ് ചെയ്തിട്ടില്ലെങ്കിൽ നിങ്ങളവന് പ്രാർത്ഥിക്കേണ്ടതില്ല. (മുസ്ലിം)

2840. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) തുമ്മുമ്പോൾ കയ്യോ വസ്ത്രമോ വായിൽവെച്ചുകൊണ്ട് ശബ്ദം കുറച്ചിരുന്നു. (അബൂദാവൂദ്, തിർമിദി)

2841. അബൂമൂസ(റ)യിൽ നിന്ന് നിവേദനം: യർഹമുകല്ലാ എന്ന് റസൂൽ(സ) പ്രാർത്ഥിക്കുമെന്ന് ആഗ്രഹിച്ചുകൊണ്ട് ജൂതന്മാർ റസൂൽ(സ) ന്റെ അടുത്ത് വന്ന് തുമ്മാറുണ്ട്. എന്നാൽ നബി(സ) യഹ്ദീകമുല്ലാഹു വയുസ്ലിഹു ബാലകം എന്നാണ് പ്രാർത്ഥിക്കാറ്. (അബൂദാവൂദ്, തിർമിദി)

2842. അബൂസഈദി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) അരുളി: നിങ്ങളാരെങ്കിലും കോട്ടുവായ് ഇടുകയാണെങ്കിൽ സ്വന്തം കൈകൊണ്ട് വായ പൊത്തണം! കാരണം പിശാച് അതിൽ കടന്നുകൂടും. (മുസ്ലിം) (വായിൽ കൈ വെക്കുന്നത് കൊണ്ട് അവന്റെ പ്രവേശനം തടുക്കാൻ കഴിയും)

2843. അനസ്(റ)വിൽ നിന്ന് നിവേദനം: ഒരിക്കൽ യമൻ നിവാസികൾ വന്നപ്പോൾ റസൂൽ(സ) പറഞ്ഞു. യമൻകാരാണ് നിങ്ങളുടെ അടുത്ത് വന്നിട്ടുള്ളവർ, അവരത്രെ ആദ്യമായി ഹസ്തദാനം നടപ്പിൽ വരുത്തിയത്. (അബൂദാവൂദ്)

2844. ബറാഅ്(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: രണ്ടു മുസ്ലിംകൾ കണ്ടുമുട്ടുമ്പോൾ ഹസ്തദാനം ചെയ്യുകയാണെങ്കിൽ അവർ രണ്ടുപേരും വിട്ടുപിരിയുന്നതിനുമുമ്പ് തങ്ങളുടെ പാപം പൊറുക്കപ്പെടുന്നതാണ്. (അബൂദാവൂദ്)

2845. അനസി(റ)ൽ നിന്ന് നിവേദനം: ഒരാൾ ചോദിച്ചു. അല്ലാഹുവിന്റെ പ്രവാചകരേ, ഞങ്ങളാരെങ്കിലും സഹോദരനെയോ, സ്നേഹിതനെയോ കണ്ടുമുട്ടുമ്പോൾ അവനുവേണ്ടി (തല) കുനിക്കാൻ പാടുണ്ടോ? റസൂൽ(സ) പറഞ്ഞു. ഇല്ല. വീണ്ടും അയാൾ ചോദിച്ചു. അവനെ അണച്ചുപൂട്ടി ആലിംഗനം ചെയ്യാൻ പാടുണ്ടോ? അവിടുന്ന് പറഞ്ഞു. വേണ്ട, വീണ്ടും അയാൾ ചോദിച്ചു. എന്നാൽ അവന്റെ കൈ പിടിച്ച് ഹസ്തദാനം ചെയ്യട്ടെയോ? അവിടുന്ന് മറുപടി പറഞ്ഞു. അതെ. (തിർമിദി)

2846. സഫ്വാനി(റ)ൽ നിന്ന് നിവേദനം: ഒരു ജൂതൻ സ്നേഹിതനോട് പറഞ്ഞു. നമുക്ക് നബി(സ)യുടെ അടുത്തേക്ക് പോകാം. അങ്ങനെ അവർ രണ്ടുപേരും റസൂൽ(സ) യുടെ അടുക്കൽ ചെന്നുകൊണ്ട് ഒമ്പത് ദൃഷ്ടാന്തങ്ങളെ സംബന്ധിച്ചു ചോദിച്ചു. റിപ്പോർട്ടർ ആ ഹദീസ് അവസാനം വരെ നിവേദനം ചെയ്തിട്ടുണ്ട്. അപ്പോൾ അവർ നബി(സ)യുടെ കൈകാൽ ചുംബിച്ചുകൊണ്ട് പറഞ്ഞു. നിങ്ങൾ ഒരു യഥാർത്ഥ നബി തന്നെയാണെന്ന് ഞങ്ങൾ ഉറപ്പിക്കുന്നു. (തിർമിദി)

2847. അബൂദർറി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു. സൽക്കർമ്മങ്ങളിൽ ഒന്നും തന്നെ നീ നിസ്സാരമാക്കിത്തള്ളരുത്. അത് മുഖപ്രസന്നതയോടെ സഹോദരനെ സമീപിക്കുക എന്ന എത്രയും ചെറിയ കാര്യമാണെങ്കിലും. (മുസ്ലിം)

2848. സഖ്റ്(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പ്രാർത്ഥിച്ചു. അല്ലാഹുവേ! എന്റെ ജനതക്ക് അവരുടെ പ്രഭാതത്തിൽ ബർക്കത്ത് നൽകേണമേ! ഒരു സൈന്യത്തെ അവിടുന്ന് അയക്കുമ്പോൾ പകലിന്റെ ആദ്യസമയത്താണ് അയക്കാറ് പതിവ്, സഖ്റ്

ഒരു കച്ചവടക്കാരനായിരുന്നു. പകലിന്റെ ആദ്യത്തിലാണ് അദ്ദേഹത്തിന്റെ ചരക്ക് അയക്കാറ്. അങ്ങനെ അദ്ദേഹം വളരെ വലിയ സമ്പന്നനായി മാറി. (അബൂദാവൂദ്, തിർമിദി)

2849. അംറുബിൻ ശുഐബ്(റ) തന്റെ പിതാവിൽ നിന്നും അദ്ദേഹം തന്റെ പിതാമഹനിൽ നിന്നും നിവേദനം: റസൂൽ(സ) പറയുന്നു: ഒററക്ക് യാത്ര ചെയ്യുന്നവൻ ശൈത്താനാണ്. രണ്ടുപേരുള്ള യാത്രക്കാരും ശൈത്താന്മാരാണ്. മൂന്നാളുകൾ ഒരു സംഘമാണ്. (പരസ്പര സഹായങ്ങൾക്ക് അവർക്കേ കഴിയൂ). (അബൂദാവൂദ്, തിർമിദി, നസാഈ)

2850. അബൂസഈദിൽ നിന്നും അബൂഹുറയ്റ(റ)യിൽ നിന്നും നിവേദനം: റസൂൽ(സ) പറയുന്നു: മൂന്നാളുകൾ കൂടി ഒരു യാത്ര പുറപ്പെട്ടാൽ തങ്ങളിൽ നിന്ന് ഒരാളെ അവർ അമീറായി നിശ്ചയിക്കണം. (അബൂദാവൂദ്)

2851. ഇബ്നു അബ്ബാസി(റ)ൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു: നാലുപേരുള്ള സുഹൃൽ സംഘമാണ് നല്ലത്. ചെറിയ സൈന്യങ്ങളിൽ ഉത്തമമായത് 400 ആളുകൾ ഉള്ളതും വലിയ സൈന്യങ്ങളിൽ ബൃഹത്തായത് 4000 ആളുകളുള്ളതുമാണ്. 12000 വരുന്ന ജനസംഖ്യ കുറവുകൊണ്ട് ഒരിക്കലും പരാജയപ്പെടുകയില്ല. (അബൂദാവൂദ്, തിർമിദി)

2852. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) അരുൾ ചെയ്തു: ക്ഷേമകാലത്ത് യാത്ര ചെയ്യുമ്പോൾ ഒട്ടകത്തിന് ഭൂമിയിൽ നിന്നുള്ള അവകാശത്തെ നിങ്ങൾ വകവെച്ചുകൊടുക്കണം. മന്ദം മന്ദം മേച്ചുകൊണ്ട് യാത്ര തുടരണം. മറിച്ച് ക്ഷാമകാലത്താണ് നിങ്ങൾ യാത്ര പോകുന്നതെങ്കിൽ ദ്രുതഗതിയിൽ യാത്ര തുടരേണ്ടതാണ്. (മന്ദം മന്ദം യാത്രചെയ്യുമ്പോൾ പുല്ലും വെള്ളവും കിട്ടാതെ ഒട്ടകം കഷ്ടപ്പെടേണ്ടിവരും) ഒരിടത്ത് ഇറങ്ങിത്താമസിക്കുമ്പോൾ സഞ്ചാരപാത നിങ്ങൾ ഒഴിഞ്ഞുമാറണം. കാരണം അത് ഇഴജന്തുക്കളുടേയും വിഷജന്തുക്കളുടേയും രാത്രിയിലെ സഞ്ചാരമാർഗ്ഗമാണ്. (മുസ്ലിം)

2853. അബൂഖത്താദ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) യാത്രക്കിടയിൽ ഇറങ്ങിത്താമസിക്കേണ്ടി വന്നാൽ വലതുഭാഗത്ത് തിരിഞ്ഞുകിടക്കും. സുബ്ഹിനു അല്പം മുമ്പാണ് ഇറങ്ങിത്താമസിക്കുന്നതെങ്കിൽ മുഴംകൈ നാട്ടിക്കൊണ്ട് തല പടം കയ്യിൽ വെക്കുമായിരുന്നു. (മുസ്ലിം)

2854. അനസി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: നിങ്ങൾ രാത്രിയാത്ര ചെയ്യുക. നിശ്ചയം രാത്രി ഭൂമി ചുരുട്ടപ്പെടും. (അബൂദാവൂദ്)

2855. അബൂസഹ്ലബ(റ)യിൽ നിന്ന് നിവേദനം: യാത്രാമദ്ധ്യേ ഒരിടത്ത് ഇറങ്ങിത്താമസിക്കുമ്പോൾ ചുരങ്ങളിലും താഴ്വരകളിലും ജനങ്ങൾ ചിന്നിച്ചിതറിയിരുന്നു. റസൂൽ(സ) പറഞ്ഞു: ഈ പർവ്വതനിരകളിലും താഴ്വരകളിലും നിങ്ങൾ ചിന്നിച്ചിതറുകയാണെങ്കിൽ നിസ്സംശയം അത് പിശാചിൽ നിന്നുള്ളതാണ്. പിന്നീട് അവർ ഒരിടത്തും ഇറങ്ങിയിട്ടില്ല. അന്യോന്യം കൂടിച്ചേർന്നിട്ടല്ലാതെ. (അബൂദാവൂദ്)

2856. ഇബ്നുൽഹൻളലിയ്യ(റ)യിൽ നിന്ന് നിവേദനം: (അദ്ദേഹം ബൈഅത്തുറിള്വാന്റെ ആളുകളിൽപെട്ട ആളാണ്) റസൂൽ(സ) ഒരിക്കൽ ഒരു ഒട്ടകത്തിന്റെ അരികിലൂടെ നടന്നുപോയി. അതിന്റെ വയറ് ഒട്ടി മുതുകിനോട് ചേർന്നിട്ടുണ്ടായിരുന്നു. അപ്പോൾ അവിടുന്ന് പറഞ്ഞു: ഈ മിണ്ടാപ്രാണികളുടെ കാര്യത്തിൽ നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടണം. അതുകൊണ്ട് നല്ല നിലയിൽ നിങ്ങൾ അതിൽ സവാരി ചെയ്യുകയും നല്ല രീതിയിൽ നിങ്ങൾ അതിനെ അറുത്ത് ഭക്ഷിക്കുകയും ചെയ്യുക. (അബൂദാവൂദ്)

2857. അബ്ദുല്ലാഹിബിൻ ജഅ്ഫരി(റ)ൽ നിന്ന് നിവേദനം: ഒരു ദിവസം റസൂൽ(സ) എന്നെ പിന്നിൽ ഇരുത്തിക്കൊണ്ട് യാത്ര ചെയ്തു. അന്നേരം എന്നോട് ഒരു രഹസ്യം പറഞ്ഞു. ഒരാളോടും ഞാനത് പറയുകയില്ല. കുന്നുകളോ ഈന്തപ്പനത്തോട്ടങ്ങളോ ആയിരുന്നു (വിസർജ്ജനവേളയിൽ) നബി(സ) മറയായി ഇഷ്ടപ്പെട്ടിരുന്നത്. ഈ ഹദീസ് സംക്ഷിപ്തമായി മുസ്ലീം(റ) ഇപ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബർക്കാനി(റ) മുസ്ലിമിന്റെ ഇതേ സനദിൽതന്നെ ഹാഇശുൻ നഹ്ല് എന്നതിന്റെ ശേഷം ഈ വിധം വർദ്ധിപ്പിച്ചിരിക്കുന്നു. അങ്ങനെ അൻസാരികളിൽപെട്ട ഒരാളുടെ തോട്ടത്തിൽ നബി(സ) പ്രവേശിച്ചു. അപ്പോൾ അവിടെയുണ്ടൊരൊട്ടകം. നബി(സ) യെ കണ്ടതോടെ അതിന്റെ കണ്ണുകൾ നിറഞ്ഞൊഴുകുകയും അത് അയവിറക്കുകയും ചെയ്തു. തൽക്ഷണം അരികിൽചെന്ന് നബി(സ) അതിന്റെ പൂഞ്ഞയും ചെവിയുടെ പിൻഭാഗവും തൊട്ടുതടവിയപ്പോൾ അത് ശാന്തമായി. അങ്ങനെ നബി(സ) അന്വേഷിച്ചു. ആരുടേതാണ് ഈ ഒട്ടകം? അപ്പോൾ അൻസാറുകളിൽപ്പെട്ട ഒരാൾ വന്നുപറഞ്ഞു. പ്രവാചകരേ! ഇത് എന്റേതാണ്. നബി(സ) ചോദിച്ചു. നിനക്ക് ഉടമയാക്കിത്തന്നിട്ടുള്ള ഈ കാലിയുടെ കാര്യത്തിൽ നീ അല്ലാഹുവിനെ ഭയപ്പെടുന്നില്ലേ? നീ പട്ടിണിയിടുകയും ബുദ്ധിമുട്ടിക്കുകയും ചെയ്യുന്നുവെന്ന് എന്നോട് ഇത് ആവലാതിപ്പെട്ടിരിക്കുന്നു. (അബൂദാവൂദ്)

2858. ജാബിർ(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) യുദ്ധത്തിനുപുറപ്പെടാനുദ്ദേശിച്ചാൽ പറയാറുണ്ട്. ഹേ! മുഹാജിറുകളുടെയും അൻസാരികളുടേയും സമൂഹമേ! നിശ്ചയമായും നിങ്ങളുടെ സഹോദരൻമാരിൽ ധനവും കുടുംബവും ഇല്ലാത്തവരുണ്ട്. അതുകൊണ്ട് നിങ്ങളിൽ ഓരോരുത്തരും രണ്ടോ മൂന്നോ ആളുകളെ തന്നിലേക്ക് ചേർത്തുകൊള്ളട്ടെ. തന്നിമിത്തം ഞങ്ങളിൽ ഓരോരുത്തർക്കും കൈമാറി കൈമാറിക്കിട്ടുന്ന വാഹനമല്ലാതെ ഉണ്ടായിരുന്നില്ല. (കുറച്ചുസമയം അവരും കുറച്ചുസമയം ഞങ്ങളും കൈമാറിയിട്ടായിരുന്നു ഞങ്ങൾ വാഹനപ്പുറത്ത് ഏറിയിരുന്നത്) റിപ്പോർട്ടർ പറയുന്നു: രണ്ടോ, മൂന്നോ ആളുകളെ ഞാൻ എന്നിലേക്ക് കൂട്ടി. എന്റെ ഒട്ടകത്തിൽ അവർക്കുള്ള ഊഴം തന്നെയായിരുന്നു എനിക്കും ലഭിച്ചിരുന്നത്. (അബൂദാവൂദ്) (ഒട്ടകം ഞങ്ങളും അവരും സമാസമം കൈമാറിക്കൊണ്ടാണ് സഞ്ചരിച്ചിരുന്നത്)

2859. ജാബിറി(റ)ൽ നിന്ന് നിവേദനം: നബി(സ) പിന്നിലായിരിക്കും (രാത്രിയിൽ) നടക്കുക. അബലരെ നയിച്ചുകൊണ്ടും സ്വന്തം വാഹനത്തിലേററിക്കൊണ്ടും അവർക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടുമാണ് പിന്തുടരുന്നത് (അബൂദാവൂദ്)

2860. ഇബ്നുഉമർ(റ) വിൽ നിന്ന് നിവേദനം: റസൂൽ(സ) ഒട്ടകപ്പുറത്ത് കയറി ശരിയായി ഇരുന്നുകഴിഞ്ഞാൽ മൂന്നുപ്രാവശ്യം തക്ബീർ ചൊല്ലിക്കൊണ്ട് പറയും. ഇത് എനിക്ക് കീഴ്പ്പെടുത്തിത്തന്നവൻ പരിശുദ്ധനാണ്. നമുക്ക് അതിന് കഴിവുണ്ടായിരുന്നില്ല. നിശ്ചയം റബ്ബിങ്കലേക്ക് നമ്മൾ മടങ്ങിച്ചെല്ലുന്നതാണ്. അല്ലാഹുവേ! ഞങ്ങളുടെ ഈ യാത്രയിൽ നന്മയും ഭക്തിയും നീ തൃപ്തിപ്പെടുന്ന പ്രവൃത്തിയും നിന്നോട് ഞങ്ങൾ ആവശ്യപ്പെടുന്നു. അല്ലാഹുവേ? ഞങ്ങളുടെ ഈ യാത്ര ഞങ്ങൾക്ക് നീ എളുപ്പമാക്കിത്തരേണമേ! അതിന്റെ വിദൂരതയെ ഞങ്ങൾക്ക് നീ ചുരുക്കിത്തരേണമേ! അല്ലാഹുവേ! നീയാണ് ഈ യാത്രയിൽ ഞങ്ങളുടെ കൂട്ടുകാരനും കുടുംബ ത്തിലെ പ്രതിനിധിയും. അല്ലാഹുവേ! ഈ യാത്രയിലെ വിഷമത്തിൽ നിന്നും ദുഃഖകരമായ കാഴ്ചയിൽ നിന്നും കുടുംബത്തിലും ധനത്തിലുമുള്ള ചീത്തയായ പരിണാമത്തിൽ നിന്നും നിന്നോട് ഞാൻ കാവലിനപേക്ഷിക്കുന്നു. യാത്രകഴിഞ്ഞ് തിരിച്ചുവരുമ്പോൾ അതും ഉപരിയായി ഇങ്ങനെയും അവിടുന്ന് പറയുമായിരുന്നു. ഞങ്ങൾ പാപത്തിൽ നിന്ന് മടങ്ങിയവരും ഞങ്ങളുടെ നാഥനെ ആരാധിക്കുന്നവരും അവനെ സ്തുതിക്കുന്നവരുമാണ്. (മുസ്ലിം)

2861. അബ്ദുല്ലാഹിബ്ൻ സർജീസി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) യാത്ര പുറപ്പെടുമ്പോൾ യാത്രയിലെ വിഷമത്തിൽ നിന്നും ദുഃഖാകുലമായ തിരിച്ചുവരവിൽ നിന്നും സന്തോഷത്തിനു ശേഷം സന്താപത്തിൽ നിന്നും മർദ്ദിതന്റെ പ്രാർത്ഥനയിൽ നിന്നും കുടുംബത്തിലും ധനത്തിലുമുള്ള മോശമായ രംഗത്തിൽ നിന്നും കാവലിന് അപേക്ഷിക്കാറുണ്ട്. (മുസ്ലിം)

2862. അലിയ്യുബിൻ റബീഅ്(റ)ൽ നിന്ന് നിവേദനം: ഞാൻ അലിയ്യുബിൻ അബീതാലിബിന്റെ സന്നിധിയിൽ ഹാജരായി. അദ്ദേഹത്തിന് സവാരിചെയ്യാൻ വാഹനം (അവിടെ) കൊണ്ടുവന്ന് (നിറുത്തിയി) ട്ടുണ്ടായിരുന്നു. അങ്ങനെ കാലണിയിൽ അദ്ദേഹം കാല് വെച്ചപ്പോൾ ബിസ്മില്ലാ എന്നുപറഞ്ഞു. അതിന്റെ പുറത്തുകയറി ശരിയായി കഴിഞ്ഞപ്പോൾ പറഞ്ഞു: ഇതു ഞങ്ങൾക്ക് കീഴ്പ്പെടുത്തിത്തന്ന അല്ലാഹുവിന് സ്തുതി ഞങ്ങൾക്ക് അതിന് കഴിവുണ്ടായിരുന്നില്ല. നിശ്ചയം, ഞങ്ങളുടെ നാഥനിലേക്ക് ഞങ്ങൾ മടങ്ങിച്ചെല്ലുന്നവരാണ്. മൂന്ന് പ്രാവശ്യം അൽഹംദുലില്ലാഹി എന്നും മൂന്നുപ്രാവശ്യം അല്ലാഹു അക്ബർ എന്നും പറഞ്ഞശേഷം അദ്ദേഹം ഇങ്ങനെ പ്രാർത്ഥിച്ചു. നീ പരിശുദ്ധനാണ്. ഞാൻ എന്നോടുതന്നെ അക്രമം പ്രവർത്തിച്ചിരിക്കുന്നു. അതുകൊണ്ട് എനിക്ക് നീ പൊറുത്തുതരേണമേ! നീയല്ലാതെ പാപങ്ങൾ പൊറുക്കുന്നവനില്ല. അനന്തരം അദ്ദേഹം ചിരിച്ചപ്പോൾ ചോദിക്കപ്പെട്ടു. അമീറുൽ മുഅ്മിനീൻ! നിങ്ങൾ എന്തുകൊണ്ട് ചിരിച്ചു? അദ്ദേഹം പറഞ്ഞു: ഞാൻ ചെയ്തതുപോലെ റസൂൽ(സ) ചെയ്യുകയും അതിനുശേഷം ചിരിക്കുകയും ചെയ്യുന്നത് ഞാൻ കണ്ടിട്ടുണ്ട്. അന്നേരം ഞാൻ ചോദിച്ചു: പ്രവാചകരേ! അങ്ങ് എന്തുകൊണ്ട് ചിരിച്ചു? എന്റെ പാപം നീ പൊറുത്തു തരേണമേ എന്നൊരു ദാസൻ പറയുമ്പോൾ നിന്റെ രക്ഷിതാവ് അത്ഭുതപ്പെട്ടുകൊണ്ട് പറയും: ഞാനല്ലാതെ പാപം പൊറുക്കുന്നവനില്ലെന്ന് അവൻ ഗ്രഹിച്ചു. (അബൂദാവൂദ്, തിർമിദി) (അതുകൊണ്ടാണ് ഞാൻ ചിരിച്ചത്)

2863. ഇബ്നുഉമറി(റ)ൽ നിന്ന് നിവേദനം: നബി(സ) യും സൈന്യവും ചുരം കയറുമ്പോൾ തക്ബീറും അവിടെനിന്ന് ഇറങ്ങുമ്പോൾ തസ്ബീഹും ചൊല്ലുമായിരുന്നു. (അബൂദാവൂദ്)

2864. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: ഒരാൾ പറഞ്ഞു: പ്രവാചകരേ! ഞാൻ യാത്ര ചെയ്യാനുദ്ദേശിക്കുന്നു. അതുകൊണ്ട് എന്നെ അങ്ങ് ഉപദേശിച്ചാലും, നബി(സ) പറഞ്ഞു: നീ അല്ലാഹുവിന് തഖ്വാ ചെയ്യുകയും ചുരം കയറുമ്പോൾ തക്ബീർ ചൊല്ലുകയും ചെയ്യുക. അങ്ങനെ അയാൾ പിന്നിട്ടുപോയപ്പോൾ അവിടുന്ന് പ്രാർത്ഥിച്ചു. അല്ലാഹുവേ! ഇയാൾക്ക് വഴി ദൂരത്തെ നീ ചുരുക്കിക്കൊടുക്കേണമേ! യാത്ര എളുപ്പമാക്കിക്കൊടുക്കേണമേ! (തിർമിദി)

2865. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) അരുൾ ചെയ്തു: നിസ്സംശയം മൂന്ന് പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കും. 1. മർദ്ദിതന്റെ പ്രാർത്ഥന, 2. മുസാഫിറിന്റെ പ്രാർത്ഥന, 3. സന്താനങ്ങൾക്കുവേണ്ടി (മാതാ) പിതാവിന്റെ പ്രാർത്ഥന. (അബൂദാവൂദ്, തിർമിദി)

2866. അബൂമൂസ(റ)യിൽ നിന്ന് നിവേദനം: നിശ്ചയം, റസൂൽ(സ) വല്ല ആളുകളെയും ഭയപ്പെട്ടാൽ പ്രാർത്ഥിക്കുമായിരുന്നു: അല്ലാഹുവേ! നിന്നെ അവരുടെ ഹൃദയങ്ങളിൽ ഞങ്ങൾ നിക്ഷേപിക്കുന്നു. (അങ്ങനെ അവരുടെ കുതന്ത്രങ്ങളെ നീ പരാജയപ്പെടുത്തും) അവരുടെ ഉപദ്രവത്തിൽ നിന്ന് നിന്നോട് ഞങ്ങൾ കാവൽതേടുകയും ചെയ്യുന്നു. (അബൂദാവൂദ്)

2867. ഖൗല(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു: വല്ലവനും ഒരിടത്തിറങ്ങി. എന്നിട്ട് അവൻ പറഞ്ഞു: അല്ലാഹുവിന്റെ പരിശുദ്ധമായ

വാക്യങ്ങളുടെ പേരിൽ അവന്റെ സൃഷ്ടികളുടെ ഉപദ്രവത്തിൽ നിന്ന് ഞാൻ കാവലപേക്ഷിക്കുന്നു. എങ്കിൽ തൽസ്ഥാന ത്തുനിന്ന് അവൻ യാത്ര തിരിക്കുന്നതുവരെ യാതൊന്നും അവനെ ശല്യപ്പെടുത്തുകയില്ല. (മുസ്ലിം) (ദേഹേച്ഛകളോ പിശാചോ അവനെ പിടികൂടുകയില്ല)

2868. ഇബ്നുഉമറി(റ)ൽ നിന്ന് നിവേദനം: യാത്രയിൽ രാത്രിയാകുമ്പോൾ നബി(സ) പറയാറുണ്ട്. ഹേ, ഭൂമീ! എന്റെയും നിന്റെയും റബ്ബ് അല്ലാഹുവാണ്. നിന്നിലുള്ളതിന്റെയും (ഉപദ്രജീവിയുടേയും) നിന്നിൽ സൃഷ്ടിക്കപ്പെട്ട (മണൽ, കല്ല്, പാറ, മിനുസമുള്ളത്, പരുത്തത് എന്നി) വയുടേയും ഉപദ്രവത്തിൽ നിന്നും നിന്നിൽ ഇഴഞ്ഞു നടക്കുന്ന ജന്തുക്കളുടെ ഉപദ്രവത്തിൽ നിന്നും ഞാൻ അല്ലാഹുവിനോട് കാവൽ തേടുന്നു. സിംഹം, മനുഷ്യൻ, പാമ്പ്, തേൾ, കരയിൽ താമസിക്കുന്നത് (ജിന്ന്) എന്നിവയുടേയും വാലിദി (ഇബ്ലീസി) ന്റെയും വലിദിന്റെ (ശൈത്താൻ) യും ഉപദ്രവത്തിൽ നിന്നും നിന്നോടു ഞാൻ കാവലപേക്ഷിക്കുന്നു. (അബൂദാവൂദ്)

2869. അനസി(റ)ൽ നിന്ന് നിവേദനം: (ഖൈബർ യുദ്ധത്തിൽ നിന്ന്) നബി(സ) യൊന്നിച്ച് ഞങ്ങൾ യാത്ര തിരിച്ചു. നോക്കിയാൽ മദീന കാണാവുന്ന സ്ഥലത്തെത്തിയപ്പോൾ നബി(സ) പറഞ്ഞു: പശ്ചാത്തപിക്കുകയും സ്വന്തം നാഥനെ ആരാധിക്കുകയും സ്തുതിഗീതങ്ങൾ അർപ്പിക്കുകയും ചെയ്തുകൊണ്ട് ഞങ്ങൾ സ്വദേശത്തേക്ക് മടങ്ങുന്നവരാണ്. ഞങ്ങൾ മദീനയിലെത്തിച്ചേരുന്നതുവരെ നബി(സ) അത് പറഞ്ഞുകൊണ്ടിരുന്നു. (മുസ്ലിം)

2870. അനസി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: മക്കയും മദീനയും ഒഴികെയുള്ള ഏത് സ്ഥലവും ദജ്ജാൽ ചവിട്ടാതിരിക്കുകയില്ല. അവ രണ്ടും സംരക്ഷിച്ചുകൊണ്ട് അവയുടെ വാതിലിൽ മലക്കുകൾ അണിനിരക്കും. എന്നാൽ (മദീനയോടടുത്തുള്ള) ഒരു ഉപ്പ് ഭൂമിയിലാണ് അവനിറങ്ങുക. തന്നിമിത്തം മൂന്നുപ്രാവശ്യം മദീനക്ക് പ്രകമ്പനമേല്ക്കും. (ദജ്ജാലിനെ സംബന്ധിച്ച് പല കിംവദന്തികളും പ്രചരിക്കുകവഴി മദീനാവാസികൾക്ക് കുറഞ്ഞ ഭീതിയും അസ്വസ്ഥതയും അനുഭവപ്പെടും) എല്ലാസത്യനിഷേധികളേയും കപടവിശ്വാസികളേയും തദ്വാരാ അല്ലാഹു അതിൽ നിന്ന് പുറപ്പെടുവിക്കും. (മുസ്ലിം)

2871. അനസി(റ)ൽ നിന്ന് നിവേദനം: ഇസ്ബഹാനിലെ യഹൂദികളിൽ നിന്ന് എഴുപതിനായിരം ആളുകൾ ദജ്ജാലിനെ അനുഗമിക്കും. അവർ ത്വയലിസാൻ ധരിക്കുന്നവരാണ്. (വസ്ത്രത്തിന്റെ മീതെ പണ്ഡിതന്മാരും മററും ധരിക്കുന്ന മേൽ വസ്ത്രം ) (മുസ്ലിം)

2872. ഉമ്മുശരീകി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു: ദജ്ജാലിന്റെ ഉപദ്രവത്തിൽ നിന്ന് പർവ്വതങ്ങളിലേക്ക് ജനങ്ങൾ ഓടി രക്ഷപ്പെടും. (മുസ്ലിം)

2873. ഇംറാനുബ്നു ഹുസ്വൈനി(റ)ൽ നിന്ന് നിവേദനം: റസൂൽ(റ) പറയുന്നത് ഞാൻ കേട്ടു: ആദം നബി (അ) സൃഷ്ടിക്കപ്പെട്ടതു മുതൽ അന്ത്യദിനം വരെ ദജ്ജാലിനേക്കാൾ വലിയ പ്രശ്നം ഉണ്ടായിട്ടില്ല. (മുസ്ലിം)

2874. അബൂസഈദി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: കാലം അവസാനിക്കുമ്പോൾ നിങ്ങളുടെ ഭരണ കർത്താക്കളിലൊരാൾ സമ്പത്ത് വാരിക്കൂട്ടും. അത് എണ്ണിത്തിട്ടപ്പെടുത്താൻ കഴിയാതാകും. (മുസ്ലിം)

2875. അബൂമൂസാ(റ)യിൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു: ജനങ്ങൾക്ക് ഒരുകാലം വരാനുണ്ട്. അക്കാലത്ത് ഒരാൾ സ്വർണ്ണത്തിന്റെ സകാത്തുമായി ചുററിനടക്കും. അത് സ്വീകരിക്കാൻ ആരുമുണ്ടാവുകയില്ല. നാല്പത് സ്ത്രീകൾ ഒരേ പുരുഷനിൽ അഭയം

തേടുന്നതായി കാണാൻ കഴിയും. പുരുഷന്മാരുടെ കുറവും സ്ത്രീകളുടെ ആധിക്യവുമാണതിന് കാരണം. (മുസ്‌ലിം)

2876. അബൂഹുറയ്‌റ(റ)യിൽ നിന്ന് നിവേദനം: സ്ഥലങ്ങളിൽ അല്ലാഹുവിന് ഏററവും ഇഷ്ടപ്പെട്ടത് പള്ളിയും അല്ലാഹുവിന് ഏററവും കോപമുള്ളത് അങ്ങാടിയുമാകുന്നു. (മുസ്‌ലിം)

2877. സൽമാനി(റ)ൽ നിന്ന് നിവേദനം: കഴിവതും അങ്ങാടിയിൽ ആദ്യം പ്രവേശിക്കുന്നവനും അവിടെ നിന്ന് അവസാനം പുറപ്പെടുന്നവനും നീ ആകരുത്. നിശ്ചയം, പിശാചിന്റെ ആസ്ഥാനമാണിത്. അവിടെയാണ് അവൻ തന്റെ പതാക നാട്ടുന്നത്. (മുസ്‌ലിം)

2878. ആസ്വിമി(റ)ൽ നിന്ന് നിവേദനം: ഞാൻ റസൂൽ(സ) യോട് പറഞ്ഞു: പ്രവാചകരേ! അങ്ങയ്ക്ക് അല്ലാഹു പൊറുത്തുതരട്ടെ! അവിടുന്ന് പറഞ്ഞു: നിനക്കും! ആസ്വിം പറഞ്ഞു: ഞാൻ അബ്ദുല്ലയോട് ചോദിച്ചു: റസൂൽ(സ) നിനക്ക് പൊറുക്കലിനെ തേടിയോ? അദ്ദേഹം മറുപടി പറഞ്ഞു: അതെ, നിനക്കും, പിന്നീട് അദ്ദേഹം ഈ സൂക്തം ഓതിക്കേൾപ്പിച്ചു. 'നിന്റെയും സത്യവിശ്വാസികളുടെയും സത്യവിശ്വാസിനികളുടെയും പാപമോചനത്തിനുവേണ്ടി നീ പ്രാർത്ഥിക്കണം. ' (മുസ്‌ലിം)

2879. ആയിശ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: പ്രകാശംകൊണ്ടാണ് മലക്കുകൾ സൃഷ്ടിക്കപ്പെട്ടത്. കത്തിജ്ജ്വലിക്കുന്ന അഗ്നിയിൽ നിന്നാണ് ജിന്ന് വംശം സൃഷ്ടിക്കപ്പെട്ടത്. ആദം നബി (അ) സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് നിങ്ങൾക്ക് വ്യക്തമാക്കപ്പെട്ടിട്ടുള്ള വസ്തുക്കളാലാണ്. (മുസ്‌ലിം)

2880. ആയിശ(റ)ൽ നിന്ന് നിവേദനം: ഖുർആൻ വിശേഷിപ്പിച്ച സ്വഭാവമാണ് നബി(സ)യുടെ സ്വഭാവം. (മുസ്‌ലിം) സുദീർഘമായ ഒരു ഹദീസിന്റെ കൂട്ടത്തിൽ മുസ്ലിം അത് റിപ്പോർട്ട് ചെയ്തിരിക്കുന്നു.

2881. ആയിശ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: അല്ലാഹുവുമായുള്ള കൂടിക്കാഴ്ച വല്ലവനും ഇഷ്ടപ്പെട്ടാൽ അവനുമായുള്ള കൂടിക്കാഴ്ച അല്ലാഹു ഇഷ്ടപ്പെടും. മറിച്ച് അല്ലാഹുവിന്റെ ലിഖാഇനെ വല്ലവനും വെറുത്താൽ അല്ലാഹു അവന്റെ ലിഖാഇനെയും വെറുക്കും. ഞാൻ ചോദിച്ചു: പ്രവാചകരേ! മരണത്തെ വെറുക്കലാണോ? (അതുകൊണ്ടുദ്ദേശം) എന്നാൽ ഞങ്ങളെല്ലാവരും മരണത്തെ വെറുക്കുന്നവരാണല്ലോ. അവിടുന്ന് പറഞ്ഞു: അപ്രകാരമല്ല മുഅ്മിനിന് അല്ലാഹുവിന്റെ റഹ്മത്തുകൊണ്ടും പ്രീതികൊണ്ടും സ്വർഗ്ഗംകൊണ്ടും സന്തോഷ വാർത്ത അറിയിക്കപ്പെട്ടാൽ അല്ലാഹുവിന്റെ ലിഖാഇനെ അവനിഷ്ടപ്പെടും. അനന്തരം അല്ലാഹു അവന്റെ ലിഖാഇനെയും ഇഷ്ടപ്പെടും. സത്യനിഷേധിക്ക് അല്ലാഹുവിന്റെ ശിക്ഷകൊണ്ടും കോപംകൊണ്ടും അറിയിക്കപ്പെട്ടാൽ അല്ലാഹുവിന്റെ ലിഖാഇനെ അവൻ വെറുക്കും. അന്നേരം അവന്റെ ലിഖാഇനെ അല്ലാഹുവും വെറുക്കും. (മുസ്‌ലിം)

2882. അബൂഹുറയ്‌റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: ജനങ്ങളേ! അല്ലാഹു പരിശുദ്ധനാണ്. നല്ലത് മാത്രമേ അവൻ സ്വീകരിക്കുകയുള്ളു. മുർസലുകളോട് ആജ്ഞാപിക്കപ്പെട്ടത്, അല്ലാഹു മുഅ്മിനുകളോടും ആജ്ഞാപിച്ചിട്ടുണ്ട്. അല്ലാഹു പറഞ്ഞു: പ്രവാചകരേ! നിങ്ങൾ നല്ലത് തിന്നുകയും നല്ലത് പ്രവർത്തിക്കുകയും വേണം. അല്ലാഹു പറയുന്നു: നിങ്ങൾക്ക് നാം പ്രദാനം ചെയ്ത നല്ലതിൽ നിന്ന് ഭക്ഷിക്കുക. പിന്നീട് അവിടുന്ന് പറഞ്ഞു: ദീർഘയാത്രചെയ്ത് മുടി ജടകുത്തുകയും പൊടിപുരളുകയും ചെയ്ത ഒരാൾ ഇരുകയ്യും ആകാശത്തേക്ക് ഉയർത്തിക്കൊണ്ട് എന്റെ റബ്ബേ! എന്റെ റബ്ബേയെന്ന്

പ്രാർത്ഥിക്കും. അവന്റെ ആഹാരം ഹറാം, പാനീയം ഹറാം, അവന്റ ഉൽഭവം ഹറാം എന്നിരിക്കെ അവന്റെ പ്രാർത്ഥനക്ക് എങ്ങനെ ഉത്തരം ലഭിക്കും. (മുസ്‌ലിം)

2883. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: സയ്ഹാനും ജയ്ഹാനും ഫുറാത്തും നീലും സ്വർഗ്ഗത്തിലെ പുഴകളിൽപ്പെട്ടതാണ്. (മുസ്‌ലിം)

2884. അംറുബ്നു അഖ്ത്തബി(റ)ൽ നിന്ന് നിവേദനം: ഒരിക്കൽ ഞങ്ങളെയും കൊണ്ട് സുബ്ഹി നമസ്കരിച്ചതിനുശേഷം മിമ്പറിൽ കയറിയിട്ട് സുഹ്ർ വരെ നബി(സ) പ്രസംഗിച്ചു. ളുഹർ നമസ്കാരം നിർവ്വഹിച്ചതിനുശേഷം വീണ്ടും മിമ്പറിൽ കയറി അസർവരെ പ്രസംഗിക്കുകയുണ്ടായി. അസർ നമസ്കാരാനന്തരം വീണ്ടും മിമ്പറിൽ കയറിക്കൊണ്ട് ഉണ്ടായിട്ടുള്ളതും ഉണ്ടാകാൻ പോകുന്നതുമായ കാര്യങ്ങളെപ്പററി മഗ്രിബ് വരെ സംസാരിച്ചു. ആ കാര്യം ഹൃദിസ്ഥമാക്കിയവരാണ് ഞങ്ങളിൽ ഏററവും വലിയ പണ്ഡിതന്മാർ. (മുസ്‌ലിം)

2885. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) അരുളി: വല്ലവനും ഗൗളിയെ ആദ്യത്തെ അടിയിൽത്തന്നെ കൊന്നുകളഞ്ഞാൽ അവന്ന് ഇന്നിന്ന പ്രതിഫലമുണ്ട്. രണ്ടാമത്തെ അടിയിലാണ് കൊന്നതെങ്കിൽ ആദ്യത്തേതിനേക്കാൾ താഴെയുള്ള പ്രതിഫലമുണ്ട്. മൂന്നാമത്തേതിലാണ് കൊന്നതെങ്കിലോ? ഇന്നിന്ന പ്രതിഫലം അവന് ലഭിക്കും. മറെറാരു റിപ്പോർട്ടിലുണ്ട്: വല്ലവനും ആദ്യത്തെ അടിയിൽതന്നെ ഗൗളിയെ കൊലപ്പെടുത്തിയാൽ 100 ഹസനത്ത് അവന് എഴുതപ്പെടും. രണ്ടാമത്തേതിന് അതിന് താഴെയും, മൂന്നാമത്തേതിന് അതിന് താഴെയുള്ള ഹസനത്തും ലഭിക്കും. (മുസ്‌ലിം)

2886. ജാബിറി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: സ്വർഗ്ഗവാസികൾ അവിടെ തിന്നുകയും കുടിക്കുകയും ചെയ്യും. അവർ വെളിക്കിരിക്കുകയോ മൂക്ക് പിഴിയുകയോ മൂത്രമൊഴിക്കുകയോ ചെയ്യുകയില്ല. പക്ഷേ അവർ കഴിക്കുന്ന ആഹാരം കസ്തൂരിമണം വീശുന്ന ഏമ്പക്കമായി രൂപാന്തരപ്പെടും. ശ്വാസോഛ്വാസംപോലെ (നിഷ്പ്രയാസം അവർ തസ്ബീഹും തഹ്ലീലും നിർവ്വഹിക്കുന്നതാണ്) (മുസ്‌ലിം)

2887. മുഗീറ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: മൂസാനബി (അ) ഒരിക്കൽ തന്റെ റബ്ബിനോട് ചോദിച്ചു: സ്വർഗ്ഗവാസികളിൽ താഴ്ന്ന പദവിയിലുള്ളവനാരാണ്? റബ്ബ് പറഞ്ഞു: സ്വർഗവാസികൾക്ക് സ്വർഗ്ഗത്തിൽ പ്രവേശനം നൽകപ്പെട്ടതിനുശേഷം വന്നുചേരുന്ന ഒരാളായിരിക്കും അത്. നീ സ്വർഗ്ഗത്തിൽ പ്രവേശിച്ചുകൊള്ളൂ എന്ന് അയാളോട് പറയപ്പെടുമ്പോൾ അവൻ പറയും. നാഥാ! ജനങ്ങൾ തങ്ങളുടെ ഇരിപ്പിടങ്ങളിൽ സ്ഥലം പിടിച്ചിരിക്കെ ഞാനെങ്ങനെ പ്രവേശിക്കും? തദവസരത്തിൽ അദ്ദേഹത്തോട് ചോദിക്കപ്പെടും: ഇഹലോകത്തെ രാജാക്കന്മാരിൽ ഒരു രാജാവിന്റെ അധീനത്തിലുള്ളത്ര വിസ്തൃതി നിനക്കുണ്ടായാൽ നീ തൃപ്തിപ്പെടുമോ? അന്നേരം അവൻ പറയും: നാഥാ! ഞാൻ അതുകൊണ്ട് തൃപ്തിപ്പെടും. അല്ലാഹു പറയും: എന്നാൽ അതും അതിന്റെ നാലിരട്ടിയും നിനക്കുണ്ട്. അഞ്ചാംപ്രാവശ്യം അവൻ പറയും. നാഥാ! ഞാൻ തൃപ്തിപ്പെട്ടു. അല്ലാഹു പറയും. എന്നാൽ ഇതും ഇതിന്റെ പത്തിരട്ടിയും നീ ആഗ്രഹിക്കുന്നതും നിന്റെ കണ്ണ് ആസ്വദിക്കുന്നതും നിനക്കുള്ളതാണ്. അവൻ പറയും. നാഥാ! ഞാൻ തൃപ്തിപ്പെട്ടു. മൂസാനബി (അ) ചോദിച്ചു: നാഥാ, സ്വർഗ്ഗവാസികളിൽ ആരാണ് ഉന്നതന്മാർ? അവൻ പറയും: എന്റെ കൈകൊണ്ട് ഞാൻതന്നെ പ്രതാപം നട്ടുവളർത്തുകയും അതിനെ മുദ്രചെയ്യുകയും ചെയ്തിട്ടുള്ളവരാണവർ. കണ്ണുകൾക്ക് കാണാനോ കാതുകൾക്ക് കേൾക്കാനോ മനുഷ്യഹൃദയങ്ങൾക്ക് ഊഹിക്കാനോ കഴിയാത്തതാണ് നാം അവർക്കുവേണ്ടി തയ്യാർ ചെയ്തിട്ടുള്ളവ. (മുസ്‌ലിം)

2888. അനസി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: നിശ്ചയം സ്വർഗ്ഗത്തിൽ ചില അങ്ങാടികളുണ്ട്. വെള്ളിയാഴ്ച തോറും ജനങ്ങളവിടെ ചെല്ലും. അന്നേദിവസം വടക്കു നിന്ന് അടിച്ചുവീശുന്ന കാററ് അവരുടെ വസ്ത്രങ്ങളിലും മുഖത്തും മണ്ണുവാരി വിതറും. ഉടനെ അവർ കൂടുതൽ സൗന്ദര്യവും കൗതുകവുമുള്ളവരായിത്തീരുന്നു. അവരുടെ ബന്ധുക്കൾ അവരോട് പറയും. നിശ്ചയം നിങ്ങൾക്ക് കൂടുതൽ സൗന്ദര്യവും സന്തോഷവും ലഭിച്ചിട്ടുണ്ട്. അവർ മറുപടി പറയും. അല്ലാഹുവാണ, ഞങ്ങൾ പോയശേഷം നിങ്ങളും സൗന്ദര്യമുള്ളവരും സുമുഖന്മാരുമായി മാറിയിട്ടുണ്ട്. (മുസ്ലിം)

2889. അബൂസഈദും(റ) അബൂഹുറയ്റ(റ) യും നിവേദനം ചെയ്യുന്നു: റസൂൽ(സ) പറഞ്ഞു: സ്വർഗ്ഗവാസികൾ സ്വർഗ്ഗത്തിൽ പ്രവേശിച്ചാൽ ഒരാൾ വിളിച്ചുപറയും: നിങ്ങൾ എന്നെന്നും മരണപ്പെടാതെ ജീവിക്കുന്നവരാണ്. മാത്രമല്ല, നിങ്ങൾ എന്നും ആരോഗ്യമുള്ളവരായിരിക്കും. നിങ്ങൾ ഒരിക്കലും വൃദ്ധരാവുകയില്ല. സുഖലോലുപന്മാരായിരിക്കും. നിങ്ങളൊരിക്കലും ക്ലേശം അനുഭവിക്കുകയില്ല. (മുസ്ലിം)

2890. അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: സ്വർഗ്ഗത്തിൽ നിങ്ങളിലേററവും താഴെ നിലയിലുള്ളവനെപ്പററി അല്ലാഹു ഇപ്രകാരം പറയുന്നതായിരിക്കും. നിങ്ങൾക്കാവശ്യമുള്ളത് നിങ്ങൾ ആഗ്രഹിച്ചുകൊള്ളൂ. അപ്പോൾ അതും ഇതും അവൻ ആഗ്രഹിക്കും. നിനക്ക് ആവശ്യമുള്ളതെല്ലാം നീ ആഗ്രഹിച്ച് കഴിഞ്ഞോ? എന്നവനോട് ചോദിച്ചാൽ അവൻ അതെ എന്ന് മറുപടി പറയും. തത്സമയം അല്ലാഹു പറയും. നീ ആഗ്രഹിച്ചതും അതിന്റത്രയുള്ളതും നിനക്കുണ്ട്. (മുസ്ലിം)

2891. സുഹൈബി(റ)ൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: സ്വർഗ്ഗവാസികൾ സ്വർഗ്ഗത്തിൽ പ്രവേശിച്ചതിനു ശേഷം അല്ലാഹു ചോദിക്കും. കൂടുതൽ വല്ലതും നിങ്ങൾ ആഗ്രഹിക്കുന്നുവോ? അന്നേരം അവർ പറയും. ഞങ്ങളുടെ മുഖത്തെ നീ പ്രകാശിപ്പിച്ചില്ലേ? സ്വർഗ്ഗത്തിൽ നീ ഞങ്ങളെ പ്രവേശിപ്പിക്കുകയും നരകത്തിൽ നിന്ന് നീ രക്ഷിക്കുകയും ചെയ്തില്ലേ? (അതിൽ കൂടുതൽ മറെറാന്നും ഞങ്ങൾ ആഗ്രഹിക്കുന്നില്ല) തൽസമയം അല്ലാഹു ഹിജാബിനെ നീക്കം ചെയ്യും. (അപ്പോൾ അവർക്ക് റബ്ബിനെ കാണാൻ കഴിയും) തങ്ങളുടെ നാഥനിലേക്ക് നോക്കുന്നതിലുപരി ഇഷ്ടപ്പെട്ട മറെറാന്നും അവർക്ക് കൊടുക്കപ്പെട്ടിട്ടുണ്ടായിരിക്കുകയില്ല. (മുസ്ലിം)

---

നാഥാ! ഇതിൽ എന്തെങ്കിലും തെററുകുററങ്ങൾ പററിയിട്ടുണ്ടെങ്കിൽ വിട്ടുപൊറുത്തു മാപ്പാക്കിത്തരണേ! (ആമീൻ)

---